www.malankaralibrary.com

സൊക്രാട്ടസ്

# സഭാചരിത്രം



www.malankaralibrary.com

## സോക്രാട്ടസ്

# സഭാചരിത്രം

വിവർത്തനം

പ്രൊഫ. കെ. വി. ജോസഫ്
എം.എ. (മലയാളം), എം.എ. (ഹിന്ദി), എം.എ. (ഇംഗ്ലീഷ്)

എഡിററർ

റവ. ഡോ. ഗീവർഗീസ് ചേടിയത്ത്

No. 142

കോട്ടയം
1990

www.malankaralibrary.com

**SOCRATES, SABHACARITRAM** (a translation)
A Publication of the Oriental Institute of Religious Studies
P.B.No. 1, Vadavathoor, Kottayam-686 010, Kerala, India.

Copyright : G. Chediath, 1990
Price : Rs. 50.00

Printed at the Pro Sanctity Printers, Manganam.
Cover: Hagia Sophia, Constantinople.

www.malankaralibrary.com

# ഉള്ളടക്കം

പേജ്

ആമുഖം 13

## പുസ്തകം I

അധ്യായം

1 ആമുഖം 17
2 കോൺസ്റ്റൻറയിൻ എങ്ങനെ ക്രിസ്ത്യാനിയായി 18
3 കോൺസ്റ്റൻറയിൻ ക്രിസ്ത്യാനികളെ പിൻതുണച്ചപ്പോൾ ലിചീനിയൂസ് അവരെ പീഡിപ്പിക്കുന്നു 21
4 ക്രിസ്ത്യാനികളെപ്രതി കോൺസ്റ്റൻറയിനും ലിചീനിയൂസും തമ്മിൽ യുദ്ധം ആരംഭിക്കുന്നു 22
5 ആരിയൂസും മെത്രാനായ അലക്സാണ്ഡറും തമ്മിലുണ്ടായ വിവാദം 23
6 സഭയിൽ ഭിന്നത - ആരിയൂസും അനുയായികളും സഭയിൽനിന്നു പുറത്താക്കപ്പെടുന്നു 24
7 കോൺസ്റ്റൻറയിൻ ചക്രവർത്തി ഇടപെടുന്നു 32
8 നിഖ്യാസൂനഹദോസും വിശ്വാസപ്രമാണവും 37
9 നിഖ്യായിൽ സംബന്ധിച്ച പിതാക്കൻമാർ അലക്സാൺഡ്രിയൻ സഭയ്ക്കയച്ച സിനഡൽ ലേഖനം 49
10 നൊവേഷ്യൻ മെത്രാൻ അചേസ്യൂസിനെ ചക്രവർത്തി സിനഡിലേയ്ക്കു ക്ഷണിക്കുന്നു 64
11 പഫ്നൂഷ്യസ് മെത്രാൻ 65
12 സൈപ്രസിലെ മെത്രാനായ സ്പീരിദോൻ 67
13 സന്യാസിയായ എവുതീക്കിയൻ 69
14 ബഹിഷ്കൃതമെത്രാന്മാർ വീണ്ടും സ്വീകരിക്കപ്പെടുന്നു 72
15 അലക്സാൺഡറുടെ മരണം അത്തനാസ്യോസ് അലക്സാൺഡ്രിയാ മെത്രാൻ 74
16 കോൺസ്റ്റാൻറിനോപ്പിൾ പട്ടണം 75
17 രാജമാതാ ഹെലേനായും സ്ലീബായും 76

www.malankaralibrary.com




| അദ്ധ്യായം | | പേജ് |
|---|---|---|
| 18 | ചക്രവത്തി പേഗൻമതം നിരോധിക്കുന്നു പല സ്ഥലത്തും പള്ളികരം പണിയിക്കുന്നു | 79 |
| 19 | എത്യോപ്യയുടെ മാനസാന്തരം | 82 |
| 20 | ഇബേരിയരുടെ മാനസാന്തരം | 85 |
| 21 | സന്യാസിയായ അന്തോണിയോസ് | 88 |
| 22 | മാനിയും മാനിക്കേയൻ പാഷണ്ഡതയും | 89 |
| 23 | എവുസേബിയസിൻെറയും തെയോഗ്നീസിൻെറയും കപടപ്രവൃത്തികരം | 92 |
| 24 | അന്ത്യോക്യൻ സിനഡ് | 94 |
| 25 | ആരിയൂസിനെ തിരിച്ചുവിളിക്കുന്നു | 97 |
| 26 | ആരിയൂസ് വിശ്വാസപ്രമാണം സ്വീകരിക്കുന്നതായി നടിക്കുന്നു | 99 |
| 27 | ആരിയൂസും അത്തനാസ്യോസും | 100 |
| 28 | ടയറിലെ സിനഡ് | 105 |
| 29 | അർസേനിയൂസിൻെറ കയ്യ് | 106 |
| 30 | കുററാരോപകരുടെ പലായനം | 107 |
| 31 | മക്കാരിയൂസിൻെറ പ്രശ്നം | 108 |
| 32 | അത്തനാസ്യോസിനെ സ്ഥാനഭ്രഷ്ടനാക്കുന്നു | 109 |
| 33 | ആരിയൂസും അനുയായികളും സ്വീകരിക്കപ്പെടുന്നു | 110 |
| 34 | ചക്രവർത്തിയുടെ കത്ത് | 111 |
| 35 | അത്തനാസ്യോസ് നാടുകടത്തപ്പെടുന്നു | 113 |
| 36 | മർസെല്ലൂസും അസ്തേരിയൂസും | 114 |
| 37 | ആരിയൂസ് കോൺസ്റ്റാൻറിനോപ്പിളിൽ | 116 |
| 38 | ആരിയൂസിൻെറ മരണം | 118 |
| 39 | ചക്രവർത്തിയുടെ മരണം | 120 |
| 40 | കോൺസ്റ്റൻറയിൻ ചക്രവത്തിയുടെ ശവസംസ്കാരം | 121 |


## പുസ്തകം 2


| | | |
|---|---|---|
| 1 | ആമുഖം | 122 |
| 2 | ആര്യൻ പാഷണ്ഡത പ്രചരിപ്പിക്കാൻ എവുസേബിയസിൻെറയും കൂട്ടരുടെയും ശ്രമം | 123 |
| 3 | കോൺസ്റ്റൻൈറൻ രണ്ടാമൻെറ കത്ത് | 125 |
| 4 | എവുസേബിയസ് പംഫീലിയുടെ മരണം | 127 |

www.malankaralibrary.com




| അധ്യായം | | പേജ് |
|---|---|---|
| 5 | കോൺസ്റ്റന്റൈൻ രണ്ടാമന്റെ മരണം | 126 |
| 6 | അലക്സാണ്ഡർ മെത്രാന്റെ മരണവും അനന്തര ഫലങ്ങളും | 128 |
| 7 | കോൺസ്റ്റാൻസ്യൂസ് ചക്രവർത്തി ഇടപെടുന്നു | 129 |
| 8 | എവുസേബിയസിന്റെ പ്രവർത്തനങ്ങൾ | 130 |
| 9 | എമേസായിലെ എവുസേബിയസ് | 131 |
| 10 | അന്ത്യോക്യൻ സമ്മേളനത്തിന്റെ തീരുമാനങ്ങൾ | 133 |
| 11 | ഗ്രിഗറി അലക്സാൺഡ്രിയായിൽ | 137 |
| 12 | പൗലോസും മാസിഡോണിയസും | 138 |
| 13 | കോൺസ്റ്റാൻസ്യൂസ് ചക്രവർത്തി ഇടപെടുന്നു | 139 |
| 14 | ഗ്രിഗറിയും ജോർജ്ജും | 140 |
| 15 | അത്തനാസ്യോസും പൗലോസും റോമിൽ | 141 |
| 16 | കോൺസ്റ്റാൻസ്യൂസ് മാസിഡോണിയസിനെ സഹായിക്കുന്നു | 143 |
| 17 | അത്തനാസ്യോസ് റോമിലേയ്ക്ക് | 145 |
| 18 | കിഴക്കുനിന്നുള്ള മെത്രാന്മാർ | 147 |
| 19 | നീണ്ടവിശ്വാസപ്രമാണം | 149 |
| 20 | സാർദിക്കാ സിനഡ് | 155 |
| 21 | എവുസേബിയസ് പംഫീലി | 158 |
| 22 | ചക്രവർത്തിമാർ തമ്മിലിടയുന്നു | 163 |
| 23 | കോൺസ്റ്റാൻസ്യൂസ് അത്തനാസ്യോസിനെ ക്ഷണിക്കുന്നു | 164 |
| 24 | ജറുസലേമിലെ സമ്മേളനം | 174 |
| 25 | മാഗ്നെൻസ്യൂസ്, വെത്രാനിയോ എന്നീ നുഴഞ്ഞുകയററക്കാർ | 175 |
| 26 | പൗലോസിനും അത്തനാസ്യോസിനും വീണ്ടും ദുഷ്കാലം | 177 |
| 27 | മാസിഡോണിയസിന്റെ ക്രൂരകൃത്യങ്ങൾ | 179 |
| 28 | ആര്യൻ ജോർജ്ജിന്റെ അക്രമങ്ങൾ | 181 |
| 29 | പാഷണ്ഡിയായ ഫൊതീനൂസ് | 184 |
| 30 | സിർമിയം വിശ്വാസപ്രമാണങ്ങൾ | 185 |
| 31 | കൊർദോവാ മെത്രാനായ ഹോസിയസ് | 193 |
| 32 | മാഗ്നെൻസ്യൂസിന്റെ അന്ത്യം | 193 |
| 33 | ദിയോ ചെസറിയായിലെ യഹൂദർ | 195 |

www.malankaralibrary.com




| അധ്യായം | | പേജ് |
|---|---|---|
| 34 | ഗാല്ലൂസ് സീസർ | 195 |
| 35 | എവുണോമിയസിന്റെ ഗുരുവായ ഏസ്യൂസ് | 197 |
| 36 | മിലാനിലെ സിനഡ് | 199 |
| 37 | റിമിനിയിലെ സിനഡ് | 200 |
| 38 | മാസിഡോണിയസിന്റെ ക്രൂരതകൾ | 215 |
| 39 | സെലൂഷ്യയിലെ സിനഡ് | 221 |
| 40 | അകാചിയൂസ് അവതരിപ്പിച്ച വിശ്വാസപ്രമാണം | 224 |
| 41 | കോൺസ്റ്റാൻറിനോപ്പിൾ സിനഡ് | 231 |
| 42 | സ്ഥാനഭ്രഷ്ടരാക്കപ്പെട്ട മെത്രാന്മാർ | 235 |
| 43 | സെബസ്തിയായിലെ എവുസ്താത്യോസ് | 236 |
| 44 | അന്ത്യോക്യയിലെ മെത്രാനായ മെലീഷ്യസ് | 239 |
| 45 | മാസിഡോണിയസിന്റെ പാഷണ്ഡത | 240 |
| 46 | അപ്പൊല്ലിനാരിയൻ പാഷണ്ഡത | 243 |
| 47 | കോൺസ്റ്റാൻസ്യൂസിന്റെ അന്ത്യം | 245 |


## പുസ്തകം 3


| | | |
|---|---|---|
| 1 | ജൂലിയൻ ചക്രവർത്തിയുടെ പൂർവചരിത്രം | 246 |
| 2 | അലക്സാൺഡ്രിയായിലുണ്ടായ കലാപം | 254 |
| 3 | അക്രമം സംബന്ധിച്ച് ചക്രവർത്തിയുടെ കത്ത് | 255 |
| 4 | അത്തനാസ്യോസിന്റെ പ്രത്യാഗമനം | 259 |
| 5 | ലൂസിഫറും എവുസേബിയസും | 260 |
| 6 | ലൂസിഫറും പൗളീനൂസും | 261 |
| 7 | അലക്സാൺഡ്രിയൻ സിനഡ് | 262 |
| 8 | അത്തനാസ്യോസിന്റെ പലായനത്തിനു നീതീകരണം | 265 |
| 9 | അന്ത്യോക്യയിലെ സംഭവങ്ങൾ | 271 |
| 10 | മെത്രാനായ ഹിലരി | 273 |
| 11 | ജൂലിയൻ ക്രിസ്ത്യാനികളെ ഞെക്കിപ്പിഴിയുന്നു | 275 |
| 12 | മെത്രാനായ മാരീസ്<br>ജൂലിയന്റെ വിചിത്രമായ ഒരു കല്പന | 276 |

www.malankaralibrary.com




| അധ്യായം | | പേജ് |
|---|---|---|
| 13 | അക്രൈസ്തവർ നടത്തിയ അതിക്രമങ്ങൾ | 277 |
| 14 | അത്തനാസ്യോസിന്റെ പലായനം | 279 |
| 15 | ഫ്രീജിയായിലെ രക്തസാക്ഷികൾ | 280 |
| 16 | അപ്പൊള്ളിനാരിസുമാരുടെ സാഹിത്യസേവനം | 282 |
| 17 | ചക്രവർത്തി അന്ത്യോക്യയിൽ | 286 |
| 18 | ബാബിലാസ് രക്തസാക്ഷിയുടെ ശരീരം | 288 |
| 19 | വിശ്വാസസാക്ഷിയായ തിയഡോർ | 288 |
| 20 | ജറുസലേം ദേവാലയത്തിന്റെ പുനർനിർമ്മാണം | 290 |
| 21 | ചക്രവർത്തിയുടെ പേർഷ്യൻ ആക്രമണവും മരണവും | 292 |
| 22 | ജോവിയൻ ചക്രവർത്തിയാകുന്നു | 294 |
| 23 | ലിബാനിയൂസിന് ഒരു പ്രത്യാഖ്യാനം | 296 |
| 24 | മെത്രാന്മാർ ജോവിയനെ വലയം ചെയ്യുന്നു | 305 |
| 25 | നിഖ്യാവിശ്വാസപ്രമാണം വീണ്ടും | 306 |
| 26 | ജോവിയൻ ചക്രവർത്തിയുടെ മരണം | 309 |


## പുസ്തകം 4


| | | |
|---|---|---|
| 1 | വലെൻറീനിയൻ ചക്രവർത്തി | 311 |
| 2 | വാലെൻസിന്റെ ചെയ്തികൾ | 313 |
| 3 | പ്രൊക്കോപ്പിയൂസും ഭൂകമ്പവും | 314 |
| 4 | ലംപ്സാക്കസിലെ സിനഡ് | 315 |
| 5 | പ്രൊക്കോപ്പിയൂസിന്റെ അന്ത്യം | 316 |
| 6 | ആര്യൻമതം സ്വീകരിക്കാൻ വാലെൻസ് എല്ലാവരെയും നിർബന്ധിക്കുന്നു | 317 |
| 7 | എവുണോമിയസ് മെത്രാൻ | 318 |
| 8 | കാൽസിഡൺ നഗരഭിത്തികൾ തകർക്കപ്പെടുന്നു | 320 |
| 9 | വാലെൻസ് നൊവേഷ്യരെ പീഡിപ്പിക്കുന്നു | 323 |
| 10 | കൊച്ചുവലെൻറീനിയൻ | 324 |
| 11 | ആലിപ്പഴം വീഴ്ചയും ഭൂകമ്പവും | 325 |
| 12 | മാസിഡോണിയർ റോമാമെത്രാനെ സമീപിക്കുന്നു | 326 |

www.malankaralibrary.com




| അധ്യായം | | പേജ് |
|---|---|---|
| 13 | എവുണോമിയസ്, എവുഡോക്സിയസ്, അത്തനാസ്യോസ് | 334 |
| 14 | ഡെമോഫിലസും എവാഗ്രിയസും | 335 |
| 15 | ചക്രവർത്തി ഇടപെടുന്നു ആര്യന്മാർ സത്യവിശ്വാസികളെ പീഡിപ്പിക്കുന്നു | 336 |
| 16 | വൈദികർ ദഹിപ്പിക്കപ്പെടുന്നു | 337 |
| 17 | വാലെൻസ് ചക്രവർത്തി പീഡനം തുടരുന്നു | 338 |
| 18 | എഡേസ്സായിലെ സംഭവങ്ങൾ ഭക്തസ്ത്രീയുടെ ധൈര്യം | 339 |
| 19 | ചക്രവർത്തിയുടെ ഒരു മൂഢകൃത്യം | 340 |
| 20 | അത്തനാസ്യോസിന്റെ നിര്യാണം | 341 |
| 21 | അലക്സാൺഡ്രിയാ ആര്യൻ അധീനതയിൽ | 342 |
| 22 | ഈജിപ്തിലെ ദുരന്തസംഭവങ്ങൾ | 343 |
| 23 | ഏകാന്തവാസികളായ ചില സന്യാസിമാർ | 344 |
| 24 | ചക്രവർത്തി സന്യാസിമാരെ പീഡിപ്പിക്കുന്നു | 354 |
| 25 | അന്ധനായ ദിദീമൂസ് | 356 |
| 26 | കൈസറിയായിലെ ബേസിലും ഗ്രിഗറി നസ്യാൻസനും | 358 |
| 27 | അത്ഭുതപ്രവർത്തകനായ ഗ്രിഗോറിയസ് | 361 |
| 28 | നൊവാത്തുസും നൊവേഷ്യരും | 362 |
| 29 | ദമാസൂസും ഉർസീനൂസും | 365 |
| 30 | ഗവർണ്ണർ മെത്രാനാകുന്നു | 366 |
| 31 | വലെൻറീനിയന്റെ മരണവും അനന്തരസംഭവങ്ങളും | 367 |
| 32 | വാലെൻസിന്റെ പീഡനത്തിനു ശമനം | 370 |
| 33 | ഗോത്യരുടെ മാനസാന്തരം | 371 |
| 34 | ഗോത്യർ റോമാസാമ്രാജ്യത്തിൽ സാമ്രാജ്യത്തിന്റെ തകർച്ച | 372 |
| 35 | മതപീഡനത്തിനു ശമനം | 373 |
| 36 | സാരസന്മാരുടെ മാനസാന്തരം | 374 |
| 37 | ലൂഷ്യസ് ബഹിഷ്കൃതനാകുന്നു | 375 |
| 38 | വാലെൻസിന്റെ അന്ത്യം | 376 |

www.malankaralibrary.com



## പുസ്തകം 5


| അധ്യായം | | പേജ് |
|---|---|---|
| 1 | വീണ്ടും ഗോത്യരുടെ ആക്രമണം | 379 |
| 2 | ഗ്രേഷ്യനും തിയഡോഷ്യസും | 380 |
| 3 | അക്കാലത്തെ പ്രമുഖമെത്രാന്മാർ | 381 |
| 4 | മാസിഡോണിയർ | 381 |
| 5 | പൗളീനൂസും മെലീഷ്യസും | 382 |
| 6 | തിയഡോഷ്യസിൻെറ മാമോദീസാ | 383 |
| 7 | ഗ്രിഗറി, ഡെമോഫീലൂസ് | 385 |
| 8 | കോൺസ്റ്റാൻറിനോപ്പിൾ സിനഡ് | 386 |
| 9 | പൗലോസിൻെറ ഭൗതികാവശിഷ്ടം മെലീഷ്യസിൻെറ മരണം | 389 |
| 10 | ചക്രവത്തി ചെയ്ത മററു ചില കാര്യങ്ങൾ | 390 |
| 11 | ഗ്രേഷ്യൻെറ വധം | 395 |
| 12 | തിയഡോഷ്യസ് മാക്സിമൂസിനെതിരെ | 396 |
| 13 | കോൺസ്റ്റാൻറിനോപ്പിളിലെ ആര്യൻകലാപം | 398 |
| 14 | ചതിയനായ മാക്സിമൂസിൻെറ അന്ത്യം | 399 |
| 15 | അന്ത്യോക്യൻ മെത്രാൻ ഫ്ളാവിയൻ | 400 |
| 16 | അലക്സാന്ത്രിയായിലെ ക്ഷേത്രധ്വംസനം | 401 |
| 17 | സെറാപ്പിസ് ക്ഷേത്രത്തിലെ ലിഖിതങ്ങൾ | 403 |
| 18 | തിയഡോഷ്യസ് ചക്രവത്തിയുടെ രണ്ടുസത്കൃത്യങ്ങൾ | 405 |
| 19 | പരസ്യകമ്പസാരം നിത്തലാക്കുന്നു | 407 |
| 20 | പാഷണ്ഡികളുടെയിടയിലെ ഭിന്നതകൾ | 409 |
| 21 | നൊവേഷ്യരുടെയിടയിലെ ഒരു ശീശ്മ | 410 |
| 22 | സഭാസംബന്ധമായ ചില വിഷയങ്ങളെക്കുറിച്ച് ഗ്രന്ഥകാരൻെറ നിരീക്ഷണങ്ങൾ | 413 |
| 23 | ആര്യൻപക്ഷത്തു ഭിന്നത | 425 |
| 24 | എവുണോമിയരുടെ ചേരിതിരിവുകൾ | 427 |
| 25 | എവുജേനിയുസും തിയഡോഷ്യസും | 428 |
| 26 | തിയഡോഷ്യസിൻെറ മരണം | 431 |

www.malankaralibrary.com



## പുസ്തകം 6


| അധ്യായം | | പേജ് |
|---|---|---|
| | ആമുഖം | 432 |
| 1 | തിയഡോഷ്യസിൻെറ ചരമത്തിനുശേഷം | 434 |
| 2 | നെക്താരിയുസിൻെറ മരണവും ജോണിൻെറ അഭിഷേകവും | 435 |
| 3 | ജോണിൻെറ ജനനവും വിദ്യാഭ്യാസവും | 437 |
| 4 | ജോൺ വൈദികരുടെ വെറുപ്പു സമ്പാദിക്കുന്നു | 439 |
| 5 | ജോൺ പ്രമാണികളുടെ അപ്രീതി നേടുന്നു | 441 |
| 6 | ഗയ്നാസിൻെറ കുത്സിതവൃത്തികളും അന്ത്യവും | 443 |
| 7 | തെയോഫിലസ് മെത്രാനും മരുഭൂമിയിലെ സന്യാസിമാരും | 448 |
| 8 | ആര്യന്മാരും ഹോമോഉസിയൻ വിശ്വാസികളും തമ്മിൽ ഒരേറ്റുമുട്ടൽ | 453 |
| 9 | ഇസിദോർ തെയോഫിലസിനെതിരെ | 455 |
| 10 | എപ്പിഫാനിയസും ജോണും | 457 |
| 11 | സെവേരിയനും അന്തിയോക്കസും | 459 |
| 12 | എപ്പിഫാനിയസിൻെറ അനധികൃതകൃത്യങ്ങൾ | 462 |
| 13 | ഒരിജനെ ന്യായീകരിക്കൽ | 463 |
| 14 | എപ്പിഫാനിയസ് കോൺസ്റ്റാൻറിനോപ്പിൾ വിടുന്നു | 465 |
| 15 | ജോൺ ബഹിഷ്കൃതനാകുന്നു | 466 |
| 16 | ജോൺ ക്രിസസ്തോം തിരിച്ചു വിളിക്കപ്പെടുന്നു | 469 |
| 17 | കോൺസ്റ്റാൻറിനോപ്പിൾകാരും അലക്സാൺഡ്രിയക്കാരും തമ്മിൽ മത്സരം | 471 |
| 18 | എവുഡോക്സ്യായുടെ രജതപ്രതിമ | 472 |
| 19 | അർസാചിയുസും സിറീന്യസും | 475 |
| 20 | അർസാചിയുസിൻെറ ചരമം അററിക്കുസിൻെറ അഭിഷേകം | 477 |
| 21 | ജോണിൻെറ ചരമം | 478 |
| 22 | സിസിന്നിയുസ് മെത്രാൻെറ ഉടനുത്തരചാതുര്യം | 479 |
| 23 | അർക്കേഡിയസ് ചക്രവർത്തിയുടെ മരണം | 482 |

www.malankaralibrary.com



## പുസ്തകം 7


| അധ്യായം | | പേജ് |
|---|---|---|
| 1 | അന്തേമിയുസിൻെറ ഭരണം | 484 |
| 2 | കോൺസ്റ്റാൻറിനോപ്പിൾ മെത്രാൻ അററിക്കുസ് | 485 |
| 3 | സിന്നാദായിലെ മെത്രാന്മാരായ തിയഡോഷ്യസും അഗാപ്പീററസും | 486 |
| 4 | അററിക്കുസ് തളർവാതക്കാരനായ യഹൂദനെ സുഖപ്പെടുത്തുന്നു | 488 |
| 5 | വൈദികനായ സബ്ബാത്തിയൂസ് | 489 |
| 6 | ഇക്കാലത്തെ ആര്യൻനേതാക്കൾ | 490 |
| 7 | തെയോഫിലസിൻെറ പിൻഗാമി സിറിൽ | 492 |
| 8 | പേർഷ്യയിലെ ക്രിസ്തുമതപ്രചാരം | 493 |
| 9 | അന്ത്യോക്യയിലെയും റോമായിലെയും മെത്രാന്മാർ | 495 |
| 10 | അലാറിക്കിൻെറ റോമാആക്രമണം | 496 |
| 11 | റോമിലെ മെത്രാന്മാർ | 497 |
| 12 | നൊവേഷ്യൻമെത്രാൻ ക്രിസാന്തുസ് | 498 |
| 13 | അലക്സാൺഡ്രിയായിലെ ക്രൈസ്തവയഹൂദമത്സരം | 500 |
| 14 | സന്യാസിമാർ പ്രീഫെക്ടിനെതിരെ | 503 |
| 15 | ദാർശനികയായ ഹിപാസ്യ | 505 |
| 16 | യൂദന്മാർ ചെയ്ത മറെറാരതിക്രമം | 506 |
| 17 | ഒരു ജ്ഞാനസ്നാനത്തട്ടിപ്പുകാരൻ | 507 |
| 18 | റോമൻ – പേർഷ്യൻ യുദ്ധം | 509 |
| 19 | സന്ദേശവാഹകനായ പല്ലാഡിയസ് | 512 |
| 20 | വീണ്ടും പേർഷ്യൻ പരാജയം | 513 |
| 21 | തടവുകാരോടു കാരുണ്യം | 516 |
| 22 | ഇളയ തിയഡോഷ്യസ് ചക്രവർത്തിയുടെ ഗുണഗണങ്ങൾ | 517 |
| 23 | കയ്യേററക്കാരൻ ജോൺ | 521 |
| 24 | വാലെൻറീനിയൻ ചക്രവർത്തി | 523 |
| 25 | അററിക്കുസ് മെത്രാൻെറ വിശിഷ്ടഗുണങ്ങൾ | 524 |

www.malankaralibrary.com




| അധ്യായം | | പേജ് |
|---|---|---|
| 26 | അററിക്ക്ലസിൻെറ പിൻഗാമി സിസിന്നിയൂസ് | 528 |
| 27 | ഫിലിപ്പിൻെറ വൃഥാസ്ഥൂല രചനകൾ | 530 |
| 28 | സിസിക്ക്ലസിലെ മെത്രാന്മാർ | 531 |
| 29 | കോൺസ്റ്റാൻറിനോപ്പിളിലെ മെത്രാനായ നെസ്തോറിയൂസ് | 532 |
| 30 | ബുർഗുൺഡിയിൽ ക്രിസ്തുമതപ്രചാരം | 534 |
| 31 | നെസ്തോറിയൂസ് മാസിഡോണിയക്കെതിരെ | 536 |
| 32 | വൈദികനായ അനസ്താസിയൂസ് | 537 |
| 33 | ഒളിച്ചോടിയ അടിമകളുടെ അതിക്രമം | 540 |
| 34 | എഫേസോസ് സൂനഹദോസ് നെസ്തോറിയൂസിൻെറ പതനം | 541 |
| 35 | മാക്സിമിയൻ കോൺസ്റ്റാൻറിനോപ്പിൾ മെത്രാൻ | 544 |
| 36 | മെത്രാന്മാരുടെ സ്ഥലം മാററത്തെക്കുറിച്ച് | 544 |
| 37 | സിൽവാനൂസ് പ്രവർത്തിച്ച അത്ഭുതം | 547 |
| 38 | ക്രീററിലെ യഹൂദർ | 549 |
| 39 | നൊവേഷ്യരുടെ പള്ളി | 551 |
| 40 | പ്രോക്ലൂസ് കോൺസ്റ്റാൻറിനോപ്പിൾ മെത്രാൻ | 552 |
| 41 | പ്രോക്ലൂസിൻെറ വിശിഷ്ടഗുണങ്ങൾ | 553 |
| 42 | ഇളയ തിയോഡോഷ്യസ് ചക്രവർത്തി | 554 |
| 43 | കിരാതവർഗ്ഗക്കാർക്ക് നേരിട്ട വിപത്തുകൾ | 555 |
| 44 | വാലെൻറീനിയൻ – എവുഡോക്സ്യാ വിവാഹം | 556 |
| 45 | ക്രിസസ്തോമിൻെറ ശരീരം കോൺസ്റ്റാൻറിനോപ്പിളിലേയ്ക്ക് | 557 |
| 46 | നൊവേഷ്യൻ മെത്രാൻ മാർസിയൻ | 558 |
| 47 | എവുഡോസ്യാ ചക്രവർത്തിനി ജറുസലേമിൽ | 560 |
| 48 | തലാസ്സിയൂസ് കൈസറിയാമെത്രാൻ | 561 |

www.malankaralibrary.com



# ആമുഖം

ക്രി. വ. 380നോടടുത്തു് കോൺസ്റ്റാൻറിനോപ്പിളിലാണ് സഭാചരിത്രകാരനായ സൊക്രാട്ടസ് ജനിച്ചതു്. ഹെല്ലാഡിയുസ്, അമ്മോണിയുസ് എന്നീ വ്യാകരണ പണ്ഡിതന്മാരുടെ കീഴിൽ വിദ്യ അഭ്യസിച്ചു. അവസാനം ഒരു അഭിഭാഷകനായിത്തീർന്നു. ഏതോ ഒരു തിയഡോറിൻെറ പ്രേരണയാൽ ഏഴു പുസ്തകങ്ങളിലായി സൊക്രാട്ടസ് ഒരു സഭാചരിത്രം രചിച്ചു. അതു് എവുസേബിയസിൻെറ *സഭാചരിത്രത്തിൻെറ* തുടർച്ചയാണെന്നു് ആമുഖത്തിൽ തന്നെ അദ്ദേഹം പറയുന്നു. ഡയോക്ലീഷൻ ചക്രവർത്തി സ്ഥാനത്യാഗം ചെയ്തതു മുതൽ (305), തിയഡോഷ്യസ് ചക്രവർത്തിയുടെ പതിനേഴാം കോൺസുളേററുവരെയുള്ള (439) കാര്യങ്ങളാണ് സൊക്രാട്ടസ് വിവരിക്കുന്നതു്. എവുസേബിയസിൻെറ സഭാചരിത്രത്തിനു് പലരും തുടർച്ച എഴുതി എങ്കിലും സൊക്രാട്ടസിൻേറതാണ് ഏററം മെച്ചം. എവുസേബിയസിനേക്കാൾ മെച്ചമായി സംഭവങ്ങൾ വസ്തുനിഷ്ഠമായും ആത്മാർത്ഥമായും അദ്ദേഹം വിവരിക്കുന്നു. എന്നാൽ പ്രതിപാദനത്തിനു് നിറപ്പകിട്ടോ ദൈവശാസ്ത്രതാല്പര്യമോ ഇല്ല. സഭയിലുണ്ടായ കോളിളക്കങ്ങളാണ് അദ്ദേഹത്തിൻെറ താല്പര്യവിഷയം. എന്നാൽ ലോകചരിത്രം പാടെ വിസ്മരിച്ചിട്ടില്ല. കോൺസ്റ്റാൻറിനോപ്പിളുമായി ബന്ധപ്പെട്ട കാര്യങ്ങളിലാണ് അദ്ദേഹത്തിനു് ഏറെ താല്പര്യം. നൊവേഷ്യൻ വിഭാഗക്കാരോടു് പ്രത്യേക പ്രതിപത്തി കാണിക്കുന്നുണ്ടു്. താൻ ആധാരമാക്കിയിട്ടുള്ള ഗ്രന്ഥങ്ങളെ സൂക്ഷ്മമായി പരിശോധിക്കുന്ന പതിവു് അദ്ദേഹത്തിനുണ്ടു്. റുഫീനൂസ്, എവുസേബിയസ്, അത്തനാസ്യോസ്, കൈസറിയായിലെ ജലാസിയുസ്, എവുത്രോപ്പിയുസ്, മെത്രാന്മാരുടെ പട്ടികകൾ, സബീനൂസിൻെറ കൺസീലിയർ സമാഹാരം, രാജാക്കന്മാരുടെയും മെത്രാന്മാരുടെയും കത്തുകൾ എന്നിവയാണ് സൊക്രാട്ടസ് ആശ്രയിച്ചിട്ടുള്ള രേഖകൾ. പലയിടങ്ങളിലും ഉറവിടങ്ങളെ പദാനുപദം ഉദ്ധരിക്കുന്നു.

സൊക്രാട്ടസ് അൽമായനായിരുന്നു. ഒരു വൈദികനോ സന്യാസിയോ ആയ തിയഡോറിനാണ് ഗ്രന്ഥം സമർപ്പിച്ചിരിക്കുന്നതു്. വൈദികരോടും സന്യാസിമാരോടും അദ്ദേഹത്തിനു മതിപ്പായിരുന്നു. എന്നാൽ ഉന്നതസ്ഥാനീയരായ ചില

www.malankaralibrary.com



വൈദികമേലധ്യക്ഷന്മാരുടെ പോരായ്കകരം അദ്ദേഹം ചൂണ്ടി ക്കാണിക്കുന്നുണ്ട്: ജോൺ, സിറിൾ, തെയോഫിലസ് എന്നി വരുടെ സ്വഭാവത്തിലെ ചില വശങ്ങളെ നിശിതമായി അദ്ദേഹം വിമർശിക്കുന്നു.

## സഭാചരിത്രം

സൊക്രാട്ടസിനു സഭാചരിത്രരചനയ്ക്കു മാതൃക എവുസേ ബിയസാണ്. സീദിലെ ഫിലിപ്പ്, ഫിലൊസ്റ്റോർജീയുസ്, ഹെസീക്കിയുസ് എന്നിവർ എവുസേബിയസിനെ അനുക രിച്ച് ചരിത്രമെഴുതിയെങ്കിലും അവ ഭാഗികമായോ പൂർണ്ണ മായോ നഷ്ടപ്പെട്ടുപോയി. എന്നാൽ തിയഡൊറെറ്റ്, സൊസൊമെൻ, സൊക്രാട്ടസ് എന്നിവർ എഴുതിയ സഭാചരി ത്രങ്ങരം നമുക്കു ലഭിച്ചിട്ടുണ്ട്. ആര്യനിസത്തിന്റെ ആരംഭം മുതൽ തിയഡോറിന്റെ മരണം വരെയുള്ള (428) കാര്യങ്ങ ളാണ് തിയഡൊറെറ്റ് ചർച്ചാവിഷയമാക്കിയിരിക്കുന്നതു്. ക്രി. വ. 323നും 423നും ഇടയ്ക്കുള്ള സംഭവങ്ങരം സൊസൊമെൻ വിവരിക്കുന്നു. എന്നാൽ സൊക്രാട്ടസിന്റെ ചരിത്രം എവുസേ ബിയസിന്റെ ചരിത്രത്തിന്റെ തുടർച്ച എന്നു മററുള്ളവയേ ക്കാരം ന്യായമായി കരുതാവുന്നതാണ്. നിഖ്യാ (325), കോൺസ്റ്റാൻറിനോപ്പിരം (381), എഫേസോസ് (431) എന്നീ കൗൺസിലുകരം ഇതിൽ ഉരംപ്പെടുന്നു.

സൊക്രാട്ടസ് പൗരസ്ത്യസഭാകാര്യങ്ങളിലാണ് കൂടുതൽ ശ്രദ്ധിക്കുന്നതു്. ഏതാണ്ടു് 140 വർഷത്തെ പൗരസ്ത്യ സഭാ ചരിത്രം ചുരുക്കമായി ഇതിൽ കാണാം. എട്ടു റോമൻ ചക്ര വർത്തിമാരുടെ കാലത്തെ ചരിത്രമാണ് ഏഴു പുസ്തകങ്ങളി ലായി കൊടുത്തിരിക്കുന്നതു്. ജൂലിയൻ (361_3), ജോവിയൻ (363_4) എന്നിവരുടെ ചരിത്രം ഒററ പുസ്തകത്തിലാണ്. ഒന്നാം പുസ്തകം കോൺസ്ററൻൈറൻറിന്റെ ഭരണകാലം (306 _ 337); രണ്ടാം പുസ്തകം, കോൺസ്ററാൻസ്യൂസ് (337_360); മൂന്നാം പുസ്തകം, ജൂലിയനും ജോവിയനും (361_4); നാലാം പുസ്തകം, വലെൻസ് (364_378); അഞ്ചാം പുസ്തകം, മഹാനായ തിയഡോഷ്യസ് (379_395); ആറാം പുസ്തകം അർക്കേഡിയസ് (395 _ 408); ഏഴാം പുസ്തകം, തിയഡോ ഷ്യസ് രണ്ടാമൻ (408_439).

ക്രി. വ. 398 വരെയുള്ള തീയതികരം മിക്കവാറും ശരി യായി കൊടുക്കുന്നു. എന്നാൽ അതു കഴിഞ്ഞുള്ളവയിൽ പിശ കുകരം കാണാം. കെട്ടുകഥകളിലുള്ള വിശ്വാസം സമകാലീ

www.malankaralibrary.com



നരെക്കാരം സൊക്രാട്ടസിൽ കുറവാണെങ്കിലും അതിൽനിന്നു് അദ്ദേഹം വിമുക്തനല്ല. ആരിയനിസത്തിൻെറ വളർച്ചയിലെ ചില സുപ്രധാന സംഭവങ്ങരം ഗ്രഹിക്കാൻ ഈ കൃതി വളരെ സഹായകമാണ്. അതുപോലെ 140 വർഷത്തെ ചരിത്രം മനസ്സിലാക്കാൻ ഈ കൃതി ഉപകരിക്കും.

താഴെപ്പറയുന്ന ഗ്രന്ഥമാണ് ഈ മലയാള വിവർത്തനത്തിനു് ആധാരം: A Select Library of Nicene and Post Nicene Fathers of the Christian Church, Second Series, Vol. 2.Grand Rapids, 1952, p. 1-178 *(The Ecclesiastical History of Socrates Scholasticus).*

നമ്മുടേതിൽനിന്നു് വളരെ വ്യത്യസ്തമായ സാംസ്കാരിക പശ്ചാത്തലത്തിൽ വിരചിതമായ ഈ കൃതി ഭംഗിയായി വിവർത്തനം ചെയ്ത ബ. പ്രൊഫ. കെ. വി. ജോസഫ് സാറിനു് കൃതജ്ഞതയുടെ പൂച്ചെണ്ടുകരം. ഈ ഗ്രന്ഥം മലയാളത്തിനു് ഒരു മുതൽക്കൂട്ടായിരിക്കും. ഇതിൻെറ അച്ചടി ഭംഗിയായി നിർവഹിച്ച പ്രോസാങ്ങ്ടിററി പ്രിൻേറഴ്സിലെ അധികാരികരംക്കും എല്ലാ പ്രവർത്തകർക്കും കൃതജ്ഞതയുടെ കൂപ്പുകൈ.

പ്രൊഫ. ഡോ. ചേടിയത്ത്

പൗരസ്ത്യ വിദ്യാപീഠം
കോട്ടയം
20-6-1990

www.malankaralibrary.com

# പുസ്തകം 1

## അധ്യായം 1

## ആമുഖം

പാംഫീലൃസ് എന്നു് ഇരട്ടപ്പേരുള്ള എവുസേബിയസ്[1] പത്തു പുസ്തകങ്ങളിലായി സഭയുടെ ചരിത്രം എഴുതി. കോൺസ്റ്റൻറയിൻ ചക്രവർത്തിയുടെ കാലഘട്ടത്തിലാണ് അദ്ദേഹം തൻെറ ചരിത്രം സമാപിപ്പിച്ചിട്ടുള്ളതു്.[2] ആ ഘട്ടമായപ്പോഠം ഡയോക്ലീഷൻ ആരംഭിച്ച ക്രൈസ്തവപീഡനം അവസാനിച്ചിരുന്നു. കോൺസ്റ്റൻറയിൻെറ ജീവിതചരിത്രം പ്രതിപാദിക്കുന്ന സന്ദർഭത്തിൽ എവുസേബിയസ് ആരിയൂസിൻെറ ചരിത്രം ലഘുവായി പരാമർശിച്ചിട്ടുണ്ടു്. തൻെറ ചരിത്രകഥനം യുക്തിഭദ്രമായ ഒരു സമാപനത്തിൽ എത്തിക്കുന്നതിലും ചക്രവർത്തിയെ പ്രകീർത്തിക്കുന്നതിലുമാണ് അദ്ദേഹം കൂടുതലായി മനസ്സുവച്ചതു്. വസ്തുതകളെല്ലാം സൂക്ഷ്മമായി പ്രസ്താവിക്കുന്ന കാര്യത്തിൽ അദ്ദേഹം അത്രതന്നെ താല്പര്യം കാണിച്ചില്ല.

കോൺസ്റ്റൻറയിൻെറ കാലംമുതൽ ഇന്നുവരെ സഭകളിൽ സംഭവിച്ചിട്ടുള്ള കാര്യങ്ങളെല്ലാം വിശദമായി രേഖപ്പെടുത്താനാണ് ഞാൻ ഉദ്യമിക്കുന്നതു്. അതിനാൽ, എവുസേബിയസ് വിട്ടുകളഞ്ഞ വിശദാംശങ്ങഠം ആദ്യമായി ഞാൻ പ്രതിപാദിക്കാം. വാക്കുകളെ അണിനിരത്തി പ്രദർശിപ്പിക്കുക എന്നതായിരിക്കുകയില്ല എൻെറ ലക്ഷ്യം; വസ്തുതകഠം വായനക്കാരുടെ മുമ്പിൽ അണിനിരത്തുക എന്നതായിരിക്കും. ഈ വസ്തുതകളിൽ ചിലതു് ഞാൻ രേഖകളിൽനിന്നു മനസ്സിലാക്കിയതും ചിലതു് സംഭവങ്ങളോടു നേരിട്ടു ബന്ധമുള്ളയാളുകഠം പറഞ്ഞു

---

1. പംഫീലൃസുമായുള്ള അടുപ്പത്തിൽനിന്നു് 'പംഫീലൃസിൻെറ പുത്രൻ' എന്ന അർത്ഥത്തിൽ 'ഹോ ത്തു പംഫീലു' എന്നു് എവുസേബിയസ് സ്വയം വിശേഷിപ്പിച്ചിരുന്നു.

2. ലിചീനിയുസിൻെറ മരണം (323) വരെയുള്ള കാര്യങ്ങളാണ് അദ്ദേഹം തൻെറ ചരിത്രത്തിൽ വിവരിച്ചിരിക്കുന്നതു്.

www.malankaralibrary.com



മനസ്സിലാക്കിയതുമാകുന്നു. കോൺസ്റ്റൻറയിൻ ക്രിസ്തുമതത്തിലേക്കു പരിവർത്തനം ചെയ്യപ്പെട്ട ചരിത്രം പ്രതിപാദിച്ചുകൊണ്ടു് ആരംഭിക്കാം. അതു നമ്മുടെ ചരിത്രവിഷയത്തോടു് അവഗാഢം ബന്ധപ്പെട്ട വസ്തുതയത്രേ.

## അധ്യായം 2

## കോൺസ്ററൻറയിൻ എങ്ങനെ ക്രിസ്ത്യാനിയായി

ഡയോക്ലിഷനും ഹെർക്കുലിയസ് എന്നു് ഇരട്ടപ്പേരുള്ള മാക്സിമിയനും[3] ഉഭയസമ്മതപ്രകാരം അവരുടെ ചക്രവർത്തി പദവികരം വച്ചൊഴിഞ്ഞു. ഭരണത്തിൽ അവരോടു് പങ്കാളിത്തമുള്ള ഒരാളായിരുന്ന ഗലേറിയസ് എന്നു് ഇരട്ടപ്പേരുള്ള മാക്സിമിയൻ, അയാരം ഇററലിയിൽവന്നു് രണ്ടുപേരെ സീസർമാരായി നിയമിച്ചു: മാക്സിമിൻ എന്നയാളെ സാമ്രാജ്യത്തിൻെറ കിഴക്കൻ പ്രദേശത്തും സെവേരുസ് എന്നയാളെ ഇററാലിയൻ പ്രദേശത്തും. ബ്രിട്ടനിൽ ചക്രവർത്തിയായി പ്രഖ്യാപിക്കപ്പെട്ടതു് കോൺസ്റ്റൻറയിനായിരുന്നു. ഇരുന്നൂററി എഴുപത്തിയൊന്നാം ഒളിമ്പ്യാഡിൻെറ ആദ്യവർഷത്തിൽ ജൂലൈ 25-ാം തീയതി[4] നിര്യാതനായ അദ്ദേഹത്തിൻെറ പിതാവു് കോൺസ്റ്റാൻസ്യൂസിൻെറ സ്ഥാനത്താണു് ഈ നിയമനം നടന്നതു്. പ്രേറോറിയൻ യോദ്ധാക്കരം, മാക്സിമിയൻ ഹെർക്കുലിയസിൻെറ പുത്രൻ മാക്സെൻസ്യൂസിനെ റോമിലെ ഏകാധിപതിയായി ഉയർത്തി. ഈ അവസരത്തിൽ ഹെർക്കുലിയസ് തൻെറ പുത്രൻെറ അധികാരം തകർത്തു് വീണ്ടും ഭരണം കയ്യടക്കാൻ ഒരു ശ്രമം നടത്തി നോക്കി. എന്നാൽ സൈന്യത്തിൻെറ എതിർപ്പുമൂലം ആ ഉദ്യമം സഫലമായില്ല. താമസിയാതെ സിലിഷ്യായിലെ തർസോസിൽ വച്ചു് ഹെർക്കുലിയസ് ചരമഗതി പ്രാപിക്കുകയും ചെയ്തു. ഈ ഘട്ടത്തിൽ മാക്സെൻസ്യൂസിനെ ബന്ധനസ്ഥനാക്കുന്നതിനുവേണ്ടി സെവെരുസ് സീസറിനെ ഗലേറിയസ് മാക്സിമിയൻ റോമിലേക്കയച്ചു.

---

3. സൊക്രാട്ടസിൻെറ പ്രസ്താവന ശരിയല്ല. മാക്സിമിയൻ ഹെർക്കുലിയസ് ഗാള്ളിയായിൽവച്ചു് 310-ൽ കൊല്ലപ്പെട്ടു. മാക്സിമിയൂസ് സീസർ തർസോസിൽ വച്ചു് 312-ൽ മരിച്ചു.
4. ക്രി. വ. 305/6.

www.malankaralibrary.com



എന്നാൽ അദ്ദേഹം സ്വന്തം സൈനികരുടെ ചതിവുമൂലം വധിക്കപ്പെടുകയാണുണ്ടായത്. പ്രധാന അധികാരപ്രയോക്താവായിരുന്ന [5] ഗലേറിയസ് മാക്സിമിയനും ഒടുവിൽ മരിച്ചു. എന്നാൽ അദ്ദേഹം മരിക്കുന്നതിനുമുമ്പ് തന്റെ സഹയോദ്ധാവും ജനനംകൊണ്ട് ഡേഷ്യാക്കാരനുമായിരുന്ന ലിചീനിയുസിനെ തന്റെ പിൻഗാമിയായി നിയമിച്ചിരുന്നു.

മാക്സെൻസ്യൂസ് റോമിലെ ജനതയോട് വളരെ നീചമായി പെരുമാറി. പ്രഭുജനങ്ങളിൽ പലരുടെയും ഭാര്യമാരെ അയാൾ ബലാത്സംഗം ചെയ്തു. നിരപരാധരായ അനേകരെ വധിച്ചു. ഇതുപോലുള്ള പല നൃശംസകൃത്യങ്ങളും അയാൾ പ്രവർത്തിച്ചു. ഇക്കാര്യങ്ങളെല്ലാം കേട്ടറിഞ്ഞ കോൺസ്റ്റന്റയിൻ ചക്രവർത്തി മാക്സെൻസ്യൂസിന്റെ ക്രൂരതകളിൽനിന്നു റോമൻ ജനതയെ മോചിപ്പിക്കാൻ തീരുമാനിച്ചു. ക്രൂരനായ ആ ഏകാധിപതിയെ നിഷ്കാസനം ചെയ്യാനെന്താണു മാർഗ്ഗമെന്ന് അദ്ദേഹം ആലോചിച്ചുകൊണ്ടിരിക്കുകയായിരുന്നു. ഏതു ദൈവത്തെ ആശ്രയിച്ചാലാണ് മാക്സെൻസ്യൂസിനെതിരായിട്ടുള്ള യുദ്ധത്തിൽ തനിക്കു വിജയം ലഭിക്കുക എന്നദ്ദേഹം തലപുകഞ്ഞു ചിന്തിച്ചു. ഡയോക്ലീഷനും കൂട്ടരും റോമൻ ദൈവങ്ങളെ പ്രീണിപ്പിച്ചിട്ടും അവക്കു വിജയം ലഭിച്ചില്ല എന്നദ്ദേഹം ഓർത്തു. ഗ്രീക്കുകാരുടെ ദൈവങ്ങളെയെല്ലാം അവഗണിച്ചുകൊണ്ടു മുന്നോട്ടുപോയ തന്റെ പിതാവായ കോൺസ്റ്റാൻസ്യൂസിന്റെ ജീവിതം കൂടുതൽ പ്രശാന്തവും ഐശ്വര്യപൂർണ്ണവും ആയിരുന്നുവെന്നും അദ്ദേഹം അനുസ്മരിച്ചു. ഇങ്ങനെ വിവിധ ചിന്താപര്യാകുലനായി സൈന്യത്തെയും നയിച്ചു യാത്രചെയ്യുന്ന അദ്ദേഹം ആകസ്മികമായി, തീർത്തും പ്രകൃത്യതീതവും അവർണ്ണനീയവുമായ ഒരു കാഴ്ച കണ്ടു. സൂര്യൻ മദ്ധ്യാഹ്നരേഖ പിന്നിട്ട് പശ്ചിമദിക്കിലേക്ക് ചാഞ്ഞിറങ്ങുന്ന സമയത്ത് ആകാശത്ത് അതാ ഒരു പ്രകാശസ്തംഭം പ്രത്യക്ഷപ്പെട്ടിരിക്കുന്നു. അത് ഒരു കുരിശിന്റെ ആകൃതിയിലുള്ളതായിരുന്നു. 'ഈ അടയാളത്തിൽ വിജയം നേടുക'[6] എന്ന് അതിൽ എഴുതപ്പെട്ടിരുന്നു. ചക്രവർത്തി ആശ്ചര്യഭരിതനായി. അദ്ദേഹത്തിനു സ്വന്തം കണ്ണുകളെ വിശ്വസിക്കാൻ കഴിഞ്ഞില്ല. ആ കാഴ്ച അവരും കണ്ടോ എന്ന് തന്റെ ചുററും നിന്നവരോട് അദ്ദേഹം ചോദിച്ചു. 'ഞങ്ങളും കണ്ടു' എന്ന് അവരെല്ലാം ഏകകണ്ഠമായി പ്രഖ്യാപിച്ചപ്പോൾ ദിവ്യവും അത്ഭുതാവഹവുമായ ഈ ദർശനത്താൽ ചക്രവർത്തിയുടെ മനസ്സു ശക്തമാക്കപ്പെട്ടു.

5. സീനിയർ അഗസ്റ്റസ് എന്ന അർത്ഥമേയുള്ളു.

6. 'എൻ തുതോ നിക്കാ' (En touto nika)

www.malankaralibrary.com



എന്നാൽ അദ്ദേഹം സ്വന്തം സൈനികരുടെ ചതിവുമൂലം വധിക്കപ്പെടുകയാണുണ്ടായത്. പ്രധാന അധികാരപ്രയോക്താവായിരുന്ന [5] ഗലേറിയസ് മാക്സിമിയനും ഒടുവിൽ മരിച്ചു. എന്നാൽ അദ്ദേഹം മരിക്കുന്നതിനുമുമ്പ് തന്റെ സഹയോദ്ധാവും ജനനം കൊണ്ട് ഡേഷ്യാക്കാരനുമായിരുന്ന ലിചിനിയുസിനെ തന്റെ പിൻഗാമിയായി നിയമിച്ചിരുന്നു.

മാക്സെൻസ്യൂസ് റോമിലെ ജനതയോട് വളരെ നീചമായി പെരുമാറി. പ്രഭുജനങ്ങളിൽ പലരുടെയും ഭാര്യമാരെ അയാൾ ബലാത്സംഗം ചെയ്തു. നിരപരാധരായ അനേകരെ വധിച്ചു. ഇതുപോലുള്ള പല നൃശംസകൃത്യങ്ങളും അയാൾ പ്രവർത്തിച്ചു. ഇക്കാര്യങ്ങളെല്ലാം കേട്ടറിഞ്ഞ കോൺസ്റ്റൻറയിൻ ചക്രവർത്തി മാക്സെൻസ്യൂസിന്റെ ക്രൂരതകളിൽനിന്നു റോമൻ ജനതയെ മോചിപ്പിക്കാൻ തീരുമാനിച്ചു. ക്രൂരനായ ആ ഏകാധിപതിയെ നിഷ്കാസനം ചെയ്യാനെന്താണു മാർഗ്ഗമെന്ന് അദ്ദേഹം ആലോചിച്ചുകൊണ്ടിരിക്കുകയായിരുന്നു. ഏതു ദൈവത്തെ ആശ്രയിച്ചാലാണ് മാക്സെൻസ്യൂസിനെതിരായിട്ടുള്ള യുദ്ധത്തിൽ തനിക്കു വിജയം ലഭിക്കുക എന്നദ്ദേഹം തലപുകഞ്ഞു ചിന്തിച്ചു. ഡയോക്ലീഷനും കൂട്ടരും റോമൻ ദൈവങ്ങളെ പ്രീണിപ്പിച്ചിട്ടും അവർക്കു വിജയം ലഭിച്ചില്ല എന്നദ്ദേഹം ഓർത്തു. ഗ്രീക്കുകാരുടെ ദൈവങ്ങളെയെല്ലാം അവഗണിച്ചുകൊണ്ടു മുന്നോട്ടുപോയ തന്റെ പിതാവായ കോൺസ്റ്റാൻസ്യൂസിന്റെ ജീവിതം കൂടുതൽ പ്രശാന്തവും ഐശ്വര്യപൂർണ്ണവും ആയിരുന്നുവെന്നും അദ്ദേഹം അനുസ്മരിച്ചു. ഇങ്ങനെ വിവിധ ചിന്താപര്യാകുലനായി സൈന്യത്തെയും നയിച്ചു യാത്രചെയ്യുന്ന അദ്ദേഹം ആകസ്മികമായി, തീർത്തും പ്രകൃത്യതീതവും അവർണ്ണനീയവുമായ ഒരു കാഴ്ച കണ്ടു. സൂര്യൻ മദ്ധ്യാഹ്നരേഖ പിന്നിട്ട് പശ്ചിമദിക്കിലേക്ക് ചാഞ്ഞിറങ്ങുന്ന സമയത്ത് ആകാശത്ത് അതാ ഒരു പ്രകാശസ്തംഭം പ്രത്യക്ഷപ്പെട്ടിരിക്കുന്നു. അത് ഒരു കുരിശിന്റെ ആകൃതിയിലുള്ളതായിരുന്നു. 'ഈ അടയാളത്തിൽ വിജയം നേടുക'[6] എന്ന് അതിൽ എഴുതപ്പെട്ടിരുന്നു. ചക്രവർത്തി ആശ്ചര്യഭരിതനായി. അദ്ദേഹത്തിനു സ്വന്തം കണ്ണുകളെ വിശ്വസിക്കാൻ കഴിഞ്ഞില്ല. ആ കാഴ്ച അവരും കണ്ടോ എന്ന് തന്റെ ചുററും നിന്നവരോട് അദ്ദേഹം ചോദിച്ചു. 'ഞങ്ങളും കണ്ടു' എന്ന് അവരെല്ലാം ഏകകണ്ഠമായി പ്രഖ്യാപിച്ചപ്പോൾ ദിവ്യവും അത്ഭുതാവഹവുമായ ഈ ദർശനത്താൽ ചക്രവർത്തിയുടെ മനസ്സു ശക്തമാക്കപ്പെട്ടു.

---

5. സീനിയർ അഗസ്റ്റസ് എന്ന അർത്ഥമേയുള്ളു.

6. 'എൻ തുതോ നിക്കാ' (En touto nika)

www.malankaralibrary.com



അടുത്ത രാത്രിയിലെ ഉറക്കത്തിൽ ചക്രവർത്തി ക്രിസ്തുവിനെ ദർശിച്ചു. താൻ കണ്ട ദർശനത്തിലെ കുരിശിന്റെ ആകൃതിയിൽ ഒരു പതാകയ്ക്കു രൂപം കൊടുക്കുവാൻ ക്രിസ്തു അദ്ദേഹത്തിനു നിർദ്ദേശം നൽകി. ആ പതാക ശത്രുക്കളുടെമേലുള്ള വിജയത്തിന് സുനിശ്ചിതമായ അടയാളമായിരിക്കുമെന്ന് അവിടുന്ന് ഉറപ്പു കൊടുക്കുകയും ചെയ്തു. ഈ ദിവ്യനിർദ്ദേശമനുസരിച്ചുള്ള ഒരു പതാക കോൺസ്റ്റന്റയിൻ നിർമ്മിപ്പിച്ചു. (അത് ഇന്നും ചക്രവർത്തിയുടെ കൊട്ടാരത്തിൽ സൂക്ഷിക്കപ്പെട്ടിട്ടുണ്ട്). പതാകയുമായി മുന്നോട്ടു പോവുകയും വളരെ ശ്രദ്ധയോടും ഉത്സാഹത്തോടുംകൂടെ യുദ്ധം ചെയ്യുകയും ചെയ്ത് മിൽവിയൻ പാലത്തിനു സമീപമുള്ള നഗരകവാടത്തിൽവച്ച് ശത്രുവിനെ നിശ്ശേഷം പരാജയപ്പെടുത്തി. മാക്സെൻസ്യൂസ് നദിയിൽ മുങ്ങി മരിച്ചു. കോൺസ്റ്റന്റയിന്റെ ഭരണത്തിന്റെ ഏഴാം വർഷത്തിലാണ്[7] അദ്ദേഹത്തിന് ഈ വിജയം സിദ്ധിച്ചത്.

ഈ വിജയത്തിന് അദ്ദേഹം ദൈവത്തിനു നന്ദി പ്രകാശിപ്പിക്കുകയും ക്രിസ്ത്യാനികൾക്കെതിരായുള്ള സകല നടപടികളും പിൻവലിക്കുകയും ചെയ്തു. നാടു കടത്തപ്പെട്ടിരുന്ന സകല ക്രിസ്ത്യാനികളെയും അദ്ദേഹം തിരിച്ചു വിളിച്ചു. തടവിലായിരുന്ന ക്രിസ്ത്യാനികളെയെല്ലാം മോചിപ്പിച്ചു. ക്രൈസ്തവരുടെ കണ്ടുകെട്ടിയ വസ്തുക്കളെല്ലാം തിരിച്ചുകൊടുത്തു. നശിപ്പിക്കപ്പെട്ട ക്രൈസ്തവദേവാലയങ്ങളെല്ലാം പുനർനിർമ്മിച്ചു. അധികാരമൊഴിഞ്ഞു കഴിഞ്ഞിരുന്ന ഡയോക്ലീഷൻ ഈ ഘട്ടത്തിൽ ഡൽമേഷ്യായിലെ സലോണായിൽവച്ചു നിര്യാതനായി[8].

7. ക്രി. വ. 312.

8. സൊസോമൻ 1.3 കാണുക.

www.malankaralibrary.com



## അധ്യായം 3

# കോൺസ്റ്റൻറൈൻ ക്രിസ്ത്യാനികളെ പിൻതുണച്ചപ്പോൾ സഹപ്രവർത്തകനായ ലിചീനിയൂസ് അവരെ പീഡിപ്പിക്കുന്നു

കോൺസ്റ്റൻറയിൻ ക്രൈസ്തവദേവാലയങ്ങൾ നിർമ്മിക്കുകയും അവയ്ക്കു പലവിധ സമ്പത്തുകൾ പ്രദാനം ചെയ്യുകയും അക്രൈസ്തവ ദേവാലയങ്ങൾ നശിപ്പിക്കുകയും ചെയ്തുകൊണ്ടിരുന്നു. അക്രൈസ്തവങ്ങളായ ആരാധനാബിംബങ്ങളെ പരസ്യമായ അവഹേളനത്തിനു പാത്രമാക്കി. എന്നാൽ അദ്ദേഹത്തിൻെറ സഹപ്രവർത്തകനായിരുന്ന ലിചീനിയൂസ് അയാളുടെ പഴയ റോമൻ വിശ്വാസങ്ങളിൽ ഉറച്ചുനിന്നു. അയാൾ ക്രിസ്ത്യാനികളെ ദ്വേഷിച്ചിരുന്നു. കോൺസ്റ്റൻൈറനെ ഭയന്നു് അയാൾ പരസ്യമായി ക്രിസ്ത്യാനികളെ പീഡിപ്പിക്കുന്നതിൽ നിന്നു വിട്ടു നിന്നെങ്കിലും രഹസ്യമായി അവക്കെതിരായി പല നടപടികളും കൈക്കൊണ്ടിരുന്നു. ഒടുവിൽ ഈ നടപടികൾ പ്രകടമായിത്തീരുകയും ചെയ്തു. താമസിയാതെ അവ കോൺസ്റ്റൻൈറൻെറ ശ്രദ്ധയ്ക്കു വിഷയമായി. അപ്പോൾ ലിചീനിയൂസ് അദ്ദേഹത്തോടു മാപ്പു പറയാൻ തയാറായി. തൻെറ വിദ്വേഷ നടപടികൾ തുടരുകയില്ലെന്നു് ഉറപ്പു കൊടുക്കുകയും ചെയ്തു. എന്നാൽ അയാൾ തൻെറ യഥാർത്ഥ നടപടിക്രമത്തിൽ യാതൊരു മാററവും വരുത്തിയില്ല. മെത്രാന്മാർ അക്രൈസ്തവരെ സന്ദർശിക്കുന്നതു് അയാൾ നിയമംകൊണ്ടു തടയുകപോലും ചെയ്തു. അതു മൂലം അവർ മാനസാന്തരപ്പെട്ടെങ്കിലോ എന്നു ഭയന്നാണ് ഇതു ചെയ്തതു്. ലിചീനിയൂസിൻെറ പ്രാതികൂല്യത്തിനിരയായ ക്രിസ്ത്യാനികൾക്കു വളരെ യാതനകൾ സഹിക്കേണ്ടി വന്നു.

www.malankaralibrary.com



## അധ്യായം 4

# ക്രിസ്ത്യാനികളെപ്രതി കോൺസ്റ്റന്റൈനും ലിചീനിയൂസും തമ്മിൽ യുദ്ധം ആരംഭിക്കുന്നു

കോൺസ്റ്റന്റയിന് ലിചീനിയൂസിന്റെ പേരിൽ കഠിനമായ അസംതൃപ്തിയുണ്ടായി. താമസിയാതെ അവർ പ്രഖ്യാപിതശത്രുക്കളായിത്തീരുകയും യുദ്ധരംഗത്ത് ഏറ്റുമുട്ടുകയും ചെയ്തു. കടലിലും കരയിലും വച്ച് ഏറ്റുമുട്ടലുകളുണ്ടായി. ഒടുവിൽ കാൽസിഡോണിയായിലെ ക്രിസോപ്പോലീസ് എന്ന സ്ഥലത്തുവച്ച് തീർത്തും പരാജിതനായ ലിചീനിയൂസ് കോൺസ്റ്റന്റൈന്റെ കീഴടങ്ങി. കോൺസ്റ്റന്റൈൻ അയാളെ വധിക്കാതെ തെസലോനിക്കായിൽ പോയി സമാധാനമായി ജീവിക്കാനനുവദിച്ചു. അയാൾ അവിടെ കുറെക്കാലം സമാധാനമായി ജീവിച്ചു. അതിനുശേഷം അപരിഷ്കൃതരായ കുറെ കൂലിപ്പട്ടാളക്കാരെ സംഘടിപ്പിച്ചു കോൺസ്റ്റന്റൈനെതിരേ പടനീക്കം നടത്താനൊരുങ്ങി. കോൺസ്റ്റന്റയിൻ ഈ വിവരം അറിഞ്ഞു. അദ്ദേഹം ആ ശത്രുവിനെ വധിക്കാൻ തന്റെ അനുയായികളെ നിയോഗിക്കുകയും അവർ ആ നിയോഗം അനുഷ്ഠിക്കുകയും ചെയ്തു. അങ്ങനെ കോൺസ്റ്റന്റൈൻ ആ പ്രദേശങ്ങളുടെ എല്ലാം അധിപതിയായിത്തീരുകയും ചെയ്തു.

ക്രിസ്ത്യാനികളെ തുണയ്ക്കാനുള്ള തന്റെ ഉദ്യമങ്ങൾ കോൺസ്റ്റന്റൈൻ അഭംഗുരം തുടർന്നു. ക്രിസ്ത്യാനികൾ ദീർഘനാൾ സമാധാനത്തിൽ കഴിഞ്ഞു. എന്നാൽ ശാന്തമായ ഈ അവസ്ഥയ്ക്ക് ആഭ്യന്തരഭിന്നതമൂലം ഭംഗം നേരിട്ടു. ആ വിഷയത്തെക്കുറിച്ച് അടുത്തതായി പ്രതിപാദിക്കാം.

www.malankaralibrary.com



## അധ്യായം 5

# ആരിയൂസും മെത്രാനായ അലക്സാണ്ഡറും തമ്മിലുണ്ടായ വിവാദം.

അലക്സാൺഡ്രിയായിലെ മെത്രാനായിരുന്ന പീററർ, ഡയോക്ലീഷൻെറ കാലത്തു രക്തസാക്ഷിത്വം വരിച്ചു. അക്കിലൈസ് അദ്ദേഹത്തിൻെറ പിൻഗാമിയായി. അദ്ദേഹത്തിനു ശേഷം മുകളിൽ പറഞ്ഞ സമാധാനത്തിൻെറ കാലഘട്ടത്തിൽ അലക്സാൺഡ്രിയായിലെ മെത്രാനായിരുന്നതു് അലക്സാൺഡർ ആണ്. സഭയെ ഭരിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്ന വിഷയത്തിൽ അദ്ദേഹം വളരെ ധീരമായിത്തന്നെ പെരുമാറി. 'പരിശുദ്ധത്രിത്വത്തിൻെറ ഐക്യം' എന്ന വിഷയത്തെക്കുറിച്ചു് തൻെറ പ്രെസ്ബിററർമാരുടെയും മററു വൈദികസമൂഹത്തിൻെറയും സാന്നിധ്യത്തിൽ ഒരിക്കൽ അദ്ദേഹം പ്രസംഗിക്കുകയായിരുന്നു. അദ്ദേഹത്തിൻെറ ഭരണാധികാരത്തിൻ കീഴിലുള്ള വിദഗ്ധ താർക്കികനായ ഒരു വൈദികനായിരുന്നു ആരിയൂസ്. ലിബിയാക്കാരനായ സബെല്ലിയൂസിൻെറ [9] തദ്വിഷയകമായ സിദ്ധാന്തങ്ങളാം മെത്രാൻ തന്ത്രപരമായി അവതരിപ്പിക്കുകയാണെന്നു് ആരിയൂസിനു തോന്നി. തർക്കപ്രിയനായ ആരിയൂസ് ലിബിയാക്കാരൻെറ ആശയത്തിനു കടകവിരുദ്ധമായ ഒന്നു മുന്നോട്ടുവച്ചു. അതിനാൽ അദ്ദേഹം മെത്രാൻെറ അഭിപ്രായങ്ങളെ ശക്തിയായി എതിർത്തു. ആരിയൂസ് പറഞ്ഞു, "പിതാവു് പുത്രനെ ജനിപ്പിച്ചെങ്കിൽ, ജനിപ്പിക്കപ്പെട്ടവൻെറ അസ്തിത്വത്തിനു് ആരംഭമുണ്ടായിരിക്കണം. പുത്രൻ ഇല്ലാതിരുന്ന ഒരവസ്ഥ ഉണ്ടായിരുന്നു എന്നു് ഇതിൽ നിന്നു വ്യക്തമാണ്. അവൻെറ സത്ത ഇല്ലായ്മയിൽനിന്നാണ് എന്നു് ഇതിൽനിന്നു് അവശ്യം അനുമാനിക്കാം".

---

9. 'പുത്രനും പരിശുദ്ധാത്മാവും പിതാവിനേക്കാരം താഴ്ന്ന പടികളിലാണ്' എന്ന അബദ്ധപ്രബോധനം സബെല്ലിയൂസ് പഠിപ്പിച്ചു. സബോർഡിനേഷനിസം (സബെല്ലിയനിസം) എന്നു് ഇതു് അറിയപ്പെടുന്നു.

www.malankaralibrary.com



## അധ്യായം 6

# സഭയിൽ ഭിന്നത - ആരിയൂസും അനുയായികളും സഭയിൽനിന്നു പുറത്താക്കപ്പെടുന്നു.

ആരിയൂസിന്ന് അനേകം ആളുകളെ തന്റെ ചിന്താഗതിയിലേയ്ക്കു് ആനയിക്കാൻ കഴിഞ്ഞു. അങ്ങനെ, ചെറിയൊരു തീപ്പൊരിയിൽ നിന്നു വലിയൊരഗ്നിപ്രളയം രൂപംകൊണ്ടു. ഈ ചിന്താക്കുഴപ്പം അലക്സാൺഡ്രിയായിൽ നിന്നു് ഈജിപ്തിന്റെ മററു ഭാഗങ്ങളാം, ലിബ്യ, തേബൈസ് തുടങ്ങിയ പ്രദേശങ്ങളിലേയ്ക്കെല്ലാം വ്യാപിച്ചു. സഭയിലെ പല പണ്ഡിതന്മാരും ഈ വീക്ഷണം അംഗീകരിച്ചു. ബെറീത്തുസിലെ (കൈസറിയായിലെയല്ല) മെത്രാനായിരുന്ന എവുസേബിയസും അക്കൂട്ടത്തിൽപ്പെടും. ബിത്തീനിയായിലുള്ള നിക്കൊമേദിയായിലെ മെത്രാൻസ്ഥാനവും അദ്ദേഹം ഏതു വിധേനയോ കൈവശപ്പെടുത്തിയിരുന്നു.

ഈ വിവരങ്ങളെല്ലാം അറിഞ്ഞപ്പോൾ അലക്സാൺഡർ മെത്രാൻ ആകെ അസ്വസ്ഥനായിത്തീർന്നു. അദ്ദേഹം മെത്രാന്മാരുടെ ഒരു സമ്മേളനം വിളിച്ചുകൂട്ടി. ആ സമ്മേളനം ആരിയൂസിനെയും അയാളുടെ പാഷണ്ഡതയെ അനുകൂലിച്ച മററാളുകളെയും സഭയിൽനിന്നു ബഹിഷ്കരിച്ചു. തുടർന്നു് സമീപ നഗരങ്ങളിലെ മെത്രാന്മാർക്കു് അലക്സാൺഡർ മെത്രാൻ ഇങ്ങനെയൊരു കത്തെഴുതി:

''എല്ലായിടങ്ങളിലുമുള്ള കത്തോലിക്കാ സഭയിലെ ഏററം പൂജ്യരും പ്രിയപ്പെട്ടവരും സഹശുശ്രൂഷകരുമായ മെത്രാന്മാക്കു് അലക്സാൺഡർ നമ്മുടെ കർത്താവിൽ അഭിവാദനങ്ങൾ അർപ്പിക്കുന്നു.

കത്തോലിക്കാസഭ ഏകശരീരമാണല്ലോ. 'ഐക്യത്തിന്റെയും സമാധാനത്തിന്റെയും ബന്ധം' നിലനിത്താൻ വി. ലിഖിതത്തിൽ നമ്മോടു് ആജ്ഞാപിക്കപ്പെട്ടിട്ടുണ്ടു് (എഫേ. 4:3). അതിനാൽ നമ്മുടെയിടയിൽ സംഭവിക്കുന്ന കാര്യങ്ങളെക്കുറിച്ചു് പരസ്പരം എഴുതിയറിയിക്കുക എന്നതു നമുക്കു യുക്ത

www.malankaralibrary.com



മാകുന്നു. 'ഒരവയവത്തിനു് സന്തോഷമോ ദുഃഖമോ ഉണ്ടാവുകയാണെങ്കിൽ മററു് അംഗങ്ങളും അതിൽ പങ്കുചേരേണ്ടതു് ആവശ്യം' ആണല്ലോ (1 കൊറി 12:26). അതിനാൽ അടുത്ത കാലത്തു് എൻെറ ദ്രുപതയിൽ നിയമരഹിതരും ക്രിസ്തുവിരുദ്ധരുമായ ചിലയാളുകൾ തലയുയർത്തിയിട്ടുള്ള വിവരം നിങ്ങൾ അറിഞ്ഞിരിക്കുക. അവർ പഠിപ്പിക്കുന്ന വിശ്വാസ വിരുദ്ധ കാര്യങ്ങൾ പരിഗണിക്കുമ്പോൾ അവർ അന്തിക്രിസ്തുവിൻെറ മുൻഗാമികളാണെന്നു തീർച്ചയാക്കാം.

ഈ കലഹം അമർച്ചചെയ്യണമെന്നു് ഞാൻ ആഗ്രഹിച്ചു; ഇതിൻെറ വക്താക്കളുടെയിടയിൽ മാത്രം ഈ തിന്മ ഒതുക്കി നിർത്തണമെന്നായിരുന്നു താൽപര്യം. മററു സ്ഥലങ്ങളിലേയ്ക്കു വ്യാപിപ്പിച്ചു്, സാധാരണ ജനങ്ങളെക്കൂടി വഴി തെററിക്കാതിരിക്കട്ടെ എന്നും ഇച്ഛിച്ചു. എന്നാൽ ഇപ്പോൾ നിക്കൊമേദിയായിലെ മെത്രാനായിരിക്കുന്ന എവുസേബിയസ് സഭാകാര്യങ്ങൾ തൻെറ നിയന്ത്രണത്തിൽ ആണെന്നു് ചിന്തിക്കുകയും ആ വിശ്വാസഘാതകരുടെ നേതൃത്വം ഏറ്റെടുക്കുകയും അവരെപ്പററി നാനാ ഭാഗങ്ങളിലേയ്ക്കും ശിപാർശക്കത്തുകൾ അയയ്ക്കുകയും ചെയ്തു. അയാൾ ബെറീത്തുസിലുള്ള സഭയുടെ ചുമതല ഉപേക്ഷിച്ചിട്ടാണു് നിക്കൊമേദിയായിക്കു് പോയതു്. ഈ നടപടി തികച്ചും തെററാണു്. ക്രിസ്തുവിനു വിരോധമായ ഈ കൊടിയ പാഷണ്ഡതയിലേക്കു് അജ്ഞരായ കുറെ ജനങ്ങളെക്കൂടി അയാൾ വശീകരിച്ചു കൊണ്ടുപോയി ദുഷിപ്പിക്കാതിരിക്കാൻ, നിയമത്തിൽ എഴുതപ്പെട്ടിരിക്കുന്നതുപോലെ, നിശ്ശബ്ദത പാലിക്കുന്നതു് ഉചിതമല്ലെന്നു് എനിക്കു ബോധ്യപ്പെട്ടു. അതുകൊണ്ടു് ഈ സംഗതികളെക്കുറിച്ചു നിങ്ങളെ അറിയിക്കാനും ആ വിശ്വാസധ്വംസകർ ആരൊക്കെയാണെന്നും അവരുടെ കൊടിയ പാഷണ്ഡതയുടെ സ്വഭാവം എന്താണെന്നും അറിഞ്ഞു് എവുസേബിയസ് നിങ്ങൾക്കെഴുതുന്ന യാതൊന്നും ശ്രദ്ധിക്കാതിരിക്കാനും, ഞാൻ നിങ്ങൾക്കു് എഴുതുന്നു. കാലപ്പഴക്കത്തിൽ വിസ്മൃതിയിൽ ആണ്ടുപോയി എന്നു കരുതപ്പെട്ട അവൻെറ മുൻകാല ദുഷ്ടത പുനർജീവിപ്പിക്കാൻ ആഗ്രഹിച്ചുകൊണ്ടു് അവൻ അവർക്കുവേണ്ടി എഴുത്തുകൾ എഴുതുകയാണു്; എന്നാൽ തൻെറ ഉദ്ദേശ്യങ്ങൾ സാധിക്കുന്നതിനാണു് അയാളിപ്രകാരം ചെയ്യുന്നതു്. ഇതു പകൽ പോലെ വ്യക്തമാണു്.

താഴെപ്പറയുന്നവരാണു വിശ്വാസധ്വംസകർ ആയിത്തീർന്നതു്: ആരിയൂസ്, അക്കില്ലാസ്, ഐത്താലെസ്, കാർപോണെസ്, മറെറാരു ആരിയൂസ്, സർമാത്തെസ് (ഇവരെല്ലാം മുൻപു് പ്രെസ്ബിററർമാരായിരുന്നു) എവുസോയിയുസ്

www.malankaralibrary.com



ലൂചിയുസ്, മേനാസ്, ഹെല്ലാഡിയുസ്, ഗായുസ് (ഇവരെല്ലാം മുൻപ് ഡീക്കന്മാരായിരുന്നു) മുൻപ് മെത്രാന്മാർ എന്ന് വിളിക്കപ്പെട്ടിരുന്ന സെക്കൻഡുസ്, തെയോനാസ് എന്നിവരും ഇവരുടെ ഗണത്തിൽ ഉംപ്പെടുന്നു. വി. ഗ്രന്ഥത്തിനു കടകവിരുദ്ധമായി അവർ ജൽപിക്കുന്നതു് ഇപ്രകാരമാണ്: ദൈവം എപ്പോഴും പിതാവായിരുന്നില്ല; അവിടുന്ന് പിതാവല്ലാതിരുന്ന അവസ്ഥ ഉണ്ടായിരുന്നു; വചനമായ ദൈവം നിത്യത്വം മുതലില്ല, പിന്നെയോ, ഇല്ലായ്മയിൽ നിന്നു് ഉണ്ടാക്കപ്പെട്ടതാണ്. എന്നും സ്ഥിതിചെയ്യുന്ന ദൈവം മുൻപ് ഇല്ലാതിരുന്നവനെ ഇല്ലായ്മയിൽനിന്നു് ഉണ്ടാക്കി'. അതുകൊണ്ടു് 'അവൻ ഇല്ലാതിരുന്ന ഒരവസ്ഥ ഉണ്ടായിരുന്നു'. അതായതു്, തത്ത്വശാസ്ത്രപ്രകാരം 'പുത്രൻ ഒരു സൃഷ്ടിയും നിർമ്മിക്കപ്പെട്ട ഒരു വസ്തുവുമാണ്. അവൻ സത്തയിൽ പിതാവിനു് സമനല്ല; സ്വഭാവത്താലെ പിതാവിന്റെ യഥാർത്ഥവചനമോ യഥാർത്ഥ വിജ്ഞാനമോ അല്ല. പിന്നെയോ പിതാവിന്റെ സൃഷ്ടികളിൽ ഒന്നും, പ്രവൃത്തികളിലൊന്നും മാത്രമാണ്. ദൈവത്തിൽ വസിക്കുന്ന ദൈവവിജ്ഞാനവും ദൈവവചനവും വഴി അവൻ യാഥാർത്ഥ്യത്തിലേക്കു വന്നതിനാൽ ഭാഷയുടെ വൈകല്യംകൊണ്ടു വചനമെന്നും വിജ്ഞാനമെന്നും വിളിക്കപ്പെടുന്നു. എല്ലാ വസ്തുക്കളെയും അവനെയും പിതാവു് സൃഷ്ടിച്ചതു അതു വഴിയാണ്''. അതുകൊണ്ടു മററു ബുദ്ധിജീവികളെപ്പോലെ അവനും സ്വഭാവത്താലെ വ്യതിയാനവിധേയനാണ്. മാററമുള്ളവനുമാണ്. വചനം, ദൈവിക സത്തയ്ക്കു് അന്യമാണ്; അതിൽ നിന്നു് അകലത്താണ്; അതിനു പുറത്താണ്; പിതാവു് പുത്രനു് അദൃശ്യനാണ്. പുത്രൻ പൂർണ്ണമായും കൃത്യമായും പിതാവിനെ അറിയുന്നില്ല; പൂർണ്ണമായി അവനെ ദർശിക്കാനും പുത്രനു് സാധിക്കയില്ല. തന്റെ തന്നെ സത്ത എന്താണെന്നു പോലും പുത്രനറിയില്ല; ഒരുപകരണം കണക്കെ അവനിലൂടെ നാം സൃഷ്ടിക്കപ്പെടുവാൻ ദൈവം തിരുമനസ്സായില്ലായിരുന്നെങ്കിൽ അവൻ അസ്തിത്വത്തിലെത്തുകപോലുമില്ലായിരുന്നു'. ദൈവവചനം മാററത്തിനു വിധേയമാണോ എന്നു് ആരോ അവരോടു് ചോദിച്ചപ്പോഠ, ഭയലേശമെന്യേ അവർ ഉത്തരം നൽകി: 'അതേ, തീർച്ചയായും മാററത്തിനു വിധേയനാണ്; ജനിച്ചവനും സൃഷ്ടിക്കപ്പെട്ടവനുമാകയാൽ അവന്റെ സ്വഭാവം മാററത്തിനു വിധേയമാണ്.' അതുകൊണ്ടു് ഈജിപ്തിലും ലിബിയായിലുമുള്ള നൂറോളം മെത്രാന്മാർ ഒന്നിച്ചുകൂടി ഈ മ്ലേച്ഛമായ പാഷണ്ഡതകഠ പഠിപ്പിക്കുന്നതു നിമിത്തം ആരിയൂസിനെയും അയാളെ പിൻതുണയ്ക്കുന്നവരെയും മുടക്കി. എങ്കിലും എവുസേബിയസിന്റെ പക്ഷക്കാർ അവരെ അംഗീകരിച്ചിരിക്കുകയാണ്. അവർ അസത്യത്തെ സത്യത്തോടും അഭക്തിയെ

www.malankaralibrary.com



വിശുദ്ധമായവയോടും കൂട്ടിക്കലർത്തുന്നു. എന്നാൽ അവർ വിജയം നേടാൻ പോകുന്നില്ല; സത്യമാണല്ലോ വിജയിക്കേണ്ടതു്. വെളിച്ചത്തിനു് ഇരുളിനോടു സഖ്യമില്ല. ക്രിസ്തുവിനു് ബലിയാലുമായും പൊരുത്തമില്ല' (2 കൊറി. 6:14).

ഇത്തരം ദൈവദൂഷണങ്ങൾ ആരെങ്കിലും കേട്ടിട്ടുണ്ടോ? ഭക്തിയുള്ള ഏതു മനുഷ്യനാണ് ഇത്തരം ബീഭത്സവാദങ്ങൾ കേട്ടാൽ ഞെട്ടിപ്പോകാത്തതു്? ഈ മലിനവചനങ്ങൾ തന്റെ ശ്രവണശക്തിയെ ദൂഷിതമാക്കാതിരിക്കുന്നതിനുവേണ്ടി അവർ കാതു പൊത്താതിരിക്കുകയില്ല! 'ആദിയിൽ വചനമുണ്ടായിരുന്നു' എന്നു് വി. യോഹന്നാൻ രേഖപ്പെടുത്തിയിരിക്കുന്നു. (1: 1-3). അതു വായിക്കുകയോ കേൾക്കുകയോ ചെയ്തിട്ടുള്ള ഒരാൾക്കു് 'വചനം ഇല്ലാതിരുന്ന ഒരവസ്ഥ ഉണ്ടായിരുന്നു' എന്ന പ്രസ്താവത്തെ നിരാകരിക്കാതിരിക്കാൻ പററുമോ? ദൈവത്തിന്റെ 'ഏകജാതൻ' 'എല്ലാവസ്തുക്കളും അവനാൽ സൃഷ്ടിക്കപ്പെട്ടു' എന്നിങ്ങനെയുള്ള സുവിശേഷവചനങ്ങൾ പഠിച്ചിട്ടുള്ള ഒരാൾക്കു് ഉണ്ടാക്കപ്പെട്ട വസ്തുക്കളിൽ ഒന്നു മാത്രമാണ് പുത്രൻ എന്ന വാദത്തെ വെറുക്കാതിരിക്കാൻ പററുമോ? താൻ നിർമ്മിച്ച വസ്തുക്കളിൽ ഒന്നായിയിരിക്കാൻ പുത്രനു കഴിയുന്നതെങ്ങനെ? അവൻ സൃഷ്ടവസ്തുക്കളിൽ ഒന്നുമാത്രമാണെങ്കിൽ ഏകജാതനായിരിക്കാൻ കഴിയുന്നതെങ്ങനെ? 'എന്റെ ഹൃദയം ഉദാത്തമായ ഒന്നിനു രൂപംകൊടുത്തിരിക്കുന്നു' (സങ്കീ. 45:1) എന്നും 'ഉഷസ്സിനുമപ്പുറം എന്റെ ഹൃദയത്തിൽനിന്നു നിനക്കു ഞാൻ ജന്മം നൽകി' എന്നും പിതാവായ ദൈവം പറയുന്നു. എന്നിരിക്കെ ആ പുത്രൻ ഇല്ലായ്മയിൽ നിന്നു് അസ്തിത്വത്തിലേക്കു വന്നു എന്നു പറയാൻ കഴിയുന്നതെങ്ങനെ? ''പിതാവിന്റെ പരിപൂർണ്ണസാദൃശ്യവും'' (കൊളോ 1:15) 'തന്റെ മഹത്വത്തിന്റെ പ്രകാശവും' (എബ്രാ 1: 3) ആയവൻ എങ്ങനെ സത്തയിൽ പിതാവിൽ നിന്നു വിഭിന്നനായിരിക്കും? 'എന്നെ കാണുന്നവൻ എന്റെ പിതാവിനെ കാണുന്നു' എന്നു് അവിടുന്നു് അരുളിച്ചെയ്തിട്ടില്ലേ? പുത്രൻ പിതാവായ ദൈവത്തിന്റെ വചനവും ജ്ഞാനവുമാണെങ്കിൽ ആ പുത്രൻ ഇല്ലാത്ത ഒരവസ്ഥ പിതാവിനെ സംബന്ധിച്ച സാദ്ധ്യമാകുന്നതെങ്ങനെ? അങ്ങനെ പറയുന്നതിനർത്ഥം ദൈവത്തിനു് ബോധവും വചനവും ഇല്ലാത്ത ഒരവസ്ഥ ഉണ്ടായിരുന്നുവെന്നല്ലേ? 'ഞാൻ എന്റെ പിതാവിലും, പിതാവ് എന്നിലും ആകുന്നു' എന്നും യോഹ 14:10) 'ഞാനും പിതാവും ഒന്നാകുന്നു' എന്നും (യോഹ 10: 30) പറയുന്നയാളിനു് പരിണാമങ്ങൾക്കധീനനാകാൻ എങ്ങനെ സാധിക്കും? 'കണ്ടാലും, ഇതാ ഞാൻ; എനിക്കു് മാററമില്ല' എന്നു് ദൈവം പ്രവാചകൻവഴി നമ്മെ അറിയിക്കുന്നു.

www.malankaralibrary.com



(മാലാ 3:6). ആ വാക്കുകൾ പിതാവായ ദൈവത്തെ ഉദ്ദേശിച്ച് ആരെങ്കിലും പറഞ്ഞാൽതന്നെയും അതു പൂർണ്ണമായും പുത്രനെ സംബന്ധിച്ചും പരമാർത്ഥംതന്നെ. ''ഈശോമിശിഹാ ഇന്നലെയും ഇന്നും എന്നും ഒരാൾതന്നെ'' എന്ന് വി. അപ്പസ്തോലൻ പറയുന്നു. അവിടുന്നു മനുഷ്യനായപ്പോൾ മാററത്തിനു വിധേയനായില്ല. എല്ലാം അവനുവേണ്ടിയും അവൻ മൂലവും ആകുന്നു'' എന്നു ശ്ലീഹാ സ്പഷ്ടമായി പ്രഖ്യാപിച്ചിരിക്കെ (എബ്രാ 2: 10) പുത്രൻ നമുക്കുവേണ്ടി നിർമ്മിക്കപ്പെട്ടവനാണെന്നു പറയാൻ ഇക്കൂട്ടരെ എന്താണു പ്രേരിപ്പിച്ചത്? 'പുത്രൻ പിതാവിനെ പൂർണ്ണമായി അറിയുന്നില്ല' എന്നു ഇക്കൂട്ടർ ദൈവദൂഷണം വിളിച്ചുപറയുന്നതിൽ നാം ആശ്ചര്യപ്പെടേണ്ടതില്ല. ക്രിസ്തുവിനെതിരായി പൊരുതാൻ ഇറങ്ങിത്തിരിച്ചിരിക്കുന്നവർ കർത്താവിന്റെ വചനങ്ങളെയും നിരാകരിക്കും. 'പിതാവ് എന്നെ അറിയുന്നതുപോലെ ഞാൻ പിതാവിനെയും അറിയുന്നു' എന്ന് അവിടുന്ന് അരുൾചെയ്തിരിക്കുന്നു (യോഹ10:15). പുത്രൻ പിതാവിനെ അറിയുന്നതു് അപൂർണ്ണമായിട്ടാണെങ്കിൽ പിതാവു പുത്രനെ അറിയുന്നതു് അപൂർണ്ണമായിട്ടായിരിക്കണമല്ലോ. അങ്ങനെ പറയുന്നതു് ഏതായാലും അനുചിതംതന്നെ. അതിനാൽ പുത്രൻ പിതാവിനെ പൂർണ്ണമായി അറിയുന്നു എന്നു വ്യക്തം. പിതാവ് തന്റെ വചനത്തെ അറിയുന്നു; വചനം പിതാവിനെയും അറിയുന്നു. അവൻ അവിടുത്തെ വചനമാണല്ലോ. ഞങ്ങൾ ഇക്കാര്യങ്ങൾ പറഞ്ഞുകൊണ്ടും ദിവ്യലിഖിതങ്ങൾ വിശദീകരിച്ചുകൊണ്ടും മുൻപറഞ്ഞ പാഷണ്ഡവാദങ്ങളെ നിരാകരിക്കാൻ ശ്രമിച്ചിട്ടുണ്ട്. എന്നാൽ അപ്പോഴെല്ലാം ഓന്തുകളെപ്പോലെ നിറം മാറിക്കൊണ്ട് സ്വന്തം വാദങ്ങൾക്കു ന്യായീകരണം കണ്ടെത്താനാണ് അവർ ശ്രമിച്ചതു്. ''ദൈവവിരോധിയായിട്ടുള്ളവൻ ദുഷ്ടതയുടെ അഗാധതയിലെത്തിച്ചേരുമ്പോൾ അവൻ ഗർഹണീയനായിത്തീരുന്നു'' എന്ന സുഭാഷിതഭാഗം (18: 3) തങ്ങളെക്കുറിച്ചുള്ളതാക്കാൻ അവർ ശ്രമിക്കുകയാണെന്നു തോന്നും. ഇവക്കു മുമ്പും പാഷണ്ഡതകൾ പലതും തല ഉയർത്തിയിട്ടുണ്ട്. അതിരററ സാഹസികതത്വത്തിലേയ്ക്കു കുതിച്ചുചാടിയിട്ടു് അവയെല്ലാം മതിമോഹത്താൽ ആണ്ടുമുങ്ങി. എന്നാൽ ഇക്കൂട്ടർ ദൈവവചനത്തിന്റെ ദൈവത്വം ഇല്ലാതാക്കാൻ ശ്രമിക്കുകയാണല്ലോ. അന്തിക്രിസ്തുവിനോട് ഏററവും അധികമായ സാമീപ്യം നേടിയതു് ഇവരാണ്. ഇവരുടെ വാദങ്ങളോടു താരതമ്യപ്പെടുത്തുമ്പോൾ മുൻ പാഷണ്ഡതകളുടെ നിന്ദനീയത നിസ്സാരമായിത്തോന്നുന്നു. അതിനാൽ സഭ അവരുടെ ആശയങ്ങളെ പരസ്യമായി നിരാകരിക്കുകയും ശപിക്കുകയും ചെയ്തു. ഈ വ്യക്തികളുടെ നാശത്തെ

www.malankaralibrary.com



ക്കറിച്ചു ചിന്തിക്കമ്പോഠം നമുക്ക യഥാർത്ഥത്തിൽ ദുഃഖ മുണ്ട്. അവർ സഭയുടെ തത്ത്വങ്ങളിൽ പരിശീലിപ്പിക്കപ്പെട്ട തിനുശേഷം ഇപ്പോഠം അവയിൽനിന്നു അകന്നുപോയിരിക്കുന്നു. എന്നാൽ ഇക്കാര്യത്തിൽ വലിയ ആശ്ചര്യത്തിനൊന്നും വകയില്ല. എന്തെന്നാൽ ഹിമേനെയോസു, ഫിലേത്തോസും മുമ്പ് ഇതേരീതിയിൽ അധഃപതിച്ചവരാണ് (2തിമോ 2:17). അതിനുമുമ്പ് യൂദാസിനു് ഇതേരീതിയിലുള്ള വീഴ്ച സംഭവിച്ചു. അയാഠം ആദ്യം നമ്മുടെ രക്ഷകന്റെ അനുയായി ആയിരുന്നല്ലോ. പിന്നീട് അവിടുത്തെ ഉപേക്ഷിക്കുകയും ഒററുകാരനായിത്തീരുകയും ചെയ്തു.

ഇത്തരം ആളുകളെക്കുറിച്ച് നമുക്ക് മുൻകൂട്ടി അറിയിപ്പു കിട്ടാതിരുന്നിട്ടുമില്ല. നമ്മുടെ കർത്താവുതന്നെ പറഞ്ഞിട്ടുണ്ടല്ലോ: ''നിങ്ങളെ ആരും വഞ്ചിക്കാതിരിക്കാൻ ശ്രദ്ധിച്ചുകൊള്ളുക. എന്തെന്നാൽ, ഞാൻ ക്രിസ്തുവാണെന്നു പ്രഖ്യാപിച്ചുകൊണ്ടു പലരും വരും, അനേകരെ വഞ്ചിക്കുകയും ചെയ്യും'' (മത്താ. 24:4). ''കാലം സമീപിച്ചിരിക്കുന്നു; നിങ്ങഠം അവരെ അനുഗമിക്കരുത്'' എന്നു് അവിടുന്നു് അരുഠംചെയ്തിട്ടുണ്ട് (ലൂക്കാ. 21:8). നമ്മുടെ കർത്താവിൽനിന്നു് ഇക്കാര്യങ്ങഠം മനസ്സിലാക്കിയിട്ടു് പൗലോസ് ഇങ്ങനെയെഴുതി: ''അന്ത്യനാളുകളിൽ ചിലർ വിശ്വാസത്തിൽനിന്നു വ്യതിചലിച്ച് വഞ്ചകരുടെയും പൈശാചികോപദേഷ്ടാക്കളുടെയും പിന്നാലെ പോകും'' (1 തിമോ. 4:1; തീത്തോ. 1:14). നമ്മുടെ കർത്താവും രക്ഷകനുമായ ഈശോമിശിഹാതന്നെ ഇത്തരക്കാരെക്കുറിച്ചു നമുക്കു മുന്നറിയിപ്പു നൽകുകയും വി. പൗലോസിനെപ്പോലുള്ള പ്രവാചകരെക്കൊണ്ടു നമ്മെ അനുസ്മരിപ്പിക്കുകയും ചെയ്തിട്ടുള്ളതിനാൽ നാം അവരുടെ വിശ്വാസവിരുദ്ധതയെക്കുറിച്ചറിയുകയും അവരെ ശപിക്കുകയും ചെയ്തു. നേരത്തെ സൂചിപ്പിച്ചതുപോലെ കത്തോലിക്കാസഭയിലും വിശ്വാസത്തിലും നിന്നു് അവരെ നാം ബഹിഷ്കൃതരായി പ്രഖ്യാപിച്ചിട്ടുമുണ്ട്. ഈ കാര്യങ്ങഠം ഭക്തിയും വിശ്വാസവുമുള്ള ബഹുമാന്യരായ നിങ്ങളുടെ ശുശ്രൂഷകരെ അറിയിക്കുകയും ചെയ്തു. പാഷണ്ഡികഠം നിങ്ങളെ സമീപിക്കാനുള്ള ധാർഷ്ട്യം കാണിച്ചാലുംനിങ്ങഠം അവരെ തിരസ്കരിക്കാൻ വേണ്ടിയാണിതു്. എവുസേബിയസോ മററാരെങ്കിലുമോ അവരെ അനുകൂലിച്ചുകൊണ്ടുനിങ്ങഠംക്കെഴുതിയാലും നിങ്ങഠം അവരെ സ്വീകരിക്കുകയുമരുതു്. ക്രിസ്തുവിനെതിരായി സംസാരിക്കുകയോ ചിന്തിക്കുകയോ ചെയ്യുന്നവരിൽനിന്നു് അകന്നുനില്ക്കുകയും അവരെ എതിർക്കുകയും ചെയ്യുക ക്രിസ്ത്യാനികഠം എന്ന നിലയിൽ നമ്മുടെ അവശ്യകർത്തവ്യമാകുന്നു. ദൈവത്തെ ധിക്കരിക്കാനും മനുഷ്യ

www.malankaralibrary.com



രുടെ ആത്മാക്കളെ നാശത്തിലേയ്ക്കു നയിക്കാനും ശ്രമിക്കുന്നവരായിത്തന്നെ അവരെ കണക്കാക്കണം. അത്തരക്കാരെ അഭിവാദനം ചെയ്യുന്നതുപോലും നമുക്കു യുക്തമല്ല (2 യോഹ. 10–11). നാം അങ്ങനെ ചെയ്താൽ അവരുടെ പാപത്തിൽ നാം പങ്കാളികളായിത്തീരും എന്നാണല്ലോ അനുഗ്രഹീതനായ യോഹന്നാൻ എഴുതിയിരിക്കുന്നതു്. നിങ്ങളോടൊപ്പമുള്ള സഹോദരന്മാർക്കു് എൻെറ അഭിവാദനങ്ങൾ. എന്നോടൊപ്പമുള്ളവരും നിങ്ങളെ അഭിവാദനം ചെയ്യുന്നു.''

അലക്സാണ്ഡർ എല്ലാ നഗരങ്ങളിലുമുള്ള മെത്രാന്മാർക്കു് ഇപ്രകാരം എഴുതിയതുകൊണ്ടു് സ്ഥിതി കൂടുതൽ വഷളാവുകയേ ചെയ്തുള്ളു. എഴുത്തു കിട്ടിയ ആളുകൾ മത്സരരംഗത്തിറങ്ങാൻ അതു സാഹചര്യമൊരുക്കി. കുറെപ്പേർ അദ്ദേഹത്തിൻെറ വികാരങ്ങളോടും വീക്ഷണങ്ങളോടും പൂർണ്ണമായി യോജിച്ചപ്പോൾ വേറെ ചിലർ അവയെ രൂക്ഷമായി എതിർത്തു. നിക്കൊമേദിയായിലെ മെത്രാൻ എവുസേബിയസാണ് ഏററവും അധികമായി മത്സരോദ്യുക്തനായതു്; അലക്സാണ്ഡർ തൻെറ കത്തിൽ അദ്ദേഹത്തെ വ്യക്തിപരമായിത്തന്നെ കുററപ്പെടുത്തിയിരുന്നല്ലോ. ഇക്കാലത്തു് എവുസേബിയസിനു നല്ല ജനസ്വാധീനമുണ്ടായിരുന്നു; കാരണം അന്നു് ചക്രവർത്തി നിക്കൊമേദിയായിലായിരുന്നു വസിച്ചിരുന്നതു്. ഡയോക്ലീഷൻ ചക്രവർത്തി കുറച്ചുകാലം മുമ്പു് അവിടെയൊരു കൊട്ടാരം പണികഴിപ്പിച്ചിരുന്നു. അതിനാൽ പല മെത്രാന്മാരും അദ്ദേഹത്തെ സന്ദർശിക്കുകയും അദ്ദേഹത്തിൻെറ പ്രീതി സമ്പാദിക്കാൻ ശ്രമിക്കുകയും ചെയ്തിരുന്നു. അലക്സാണ്ഡർക്കു എവുസേബിയസ് വീണ്ടും വീണ്ടും കത്തയച്ചുകൊണ്ടിരുന്നു. തർക്കങ്ങളിൽനിന്നു വിരമിക്കണമെന്നും ആരിയൂസിനെയും അനുയായികളെയും സഭയുടെ ഐക്യത്തിലേക്കു വീണ്ടും സ്വീകരിക്കണമെന്നുമായിരുന്നു കത്തുകളുടെ താല്പര്യം. അലക്സാണ്ഡരുടെ നടപടികളിൽ സഹകരിക്കരുതെന്നാവശ്യപ്പെട്ടുകൊണ്ടു് മററു മെത്രാന്മാർക്കും അദ്ദേഹം എഴുതി. ഈ നടപടികൾമൂലം എല്ലായിടത്തും ചിന്താക്കുഴപ്പം പരന്നു. വൈദികാധികാരികൾ മാത്രമല്ല, മററു വിശ്വാസികളും രണ്ടു പക്ഷത്തുമായി നിലകൊണ്ടു. ഈ വാദകോലാഹലങ്ങൾ കാരണം ക്രിസ്തുമതം തീയേററുകളിൽപോലും പരിഹാസത്തിനു വിഷയമായി. ഏററം ഉന്നതമായ ദൈവശാസ്ത്രതത്വങ്ങളെ സംബന്ധിച്ചു് അലക്സാണ്ഡിയായിലുണ്ടായിരുന്നവർ രൂക്ഷമായ വാദപ്രതിവാദങ്ങളിലേർപ്പെട്ടു; അവർ പല രൂപതകളിലെയും മെത്രാന്മാരുടെ പക്കൽ നിവേദകസംഘങ്ങളെ അയച്ചു. എതിർകക്ഷിയിൽപ്പെട്ടവരും ഇപ്രകാരം തന്നെ പ്രവർത്തിച്ചു.

www.malankaralibrary.com



കുറേനാരം മുമ്പ് സഭയിൽനിന്നു പുറത്താക്കപ്പെട്ട മെലീഷ്യർ എന്നൊരു കൂട്ടരും ആരിയൂസിൻെറ അനുയായികളോടു ചേർന്നു. ഈ മെലീഷ്യർ ആരാണെന്നു് ഇവിടെ വിശദമാക്കേണ്ടതുണ്ടല്ലോ.

ഡയോക്ലീഷൻെറ ഭരണകാലത്തു് രക്തസാക്ഷിയായ പീററർ അലക്സാന്ത്രിയായിലെ മെത്രാനായിരുന്ന കാലത്തു്, ഈജിപ്ററിലെ ഒരു നഗരത്തിൽ മെത്രാനായിരുന്ന മെലീഷ്യസ് എന്നയാളിനെ അദ്ദേഹം സ്ഥാനഭ്രഷ്ടനാക്കിയിരുന്നു. മെലീഷ്യസിൻെറ പേരിൽ പല പരാതികളും നേരത്തേ ലഭിച്ചിരുന്നതാണ്. കൂടാതെ മതപീഡനകാലത്തു് അയാൾ വിശ്വാസം തള്ളിപ്പറഞ്ഞു് വിഗ്രഹങ്ങൾക്കു ബലിയർപ്പിച്ചു. ഈ മെലീഷ്യസ് സ്ഥാനഭ്രഷ്ടനായെങ്കിലും അയാൾക്കു് അനുയായികൾ വളരെയുണ്ടായിരുന്നു. മെലീഷ്യർ എന്നു് അയാളിൽനിന്നു് ഈജിപ്തു മുഴുവൻ ഇന്നുവരെ വിളിക്കപ്പെടുന്ന പാഷണ്ഡരുടെ നേതൃസ്ഥാനം അയാൾ ഏറ്റെടുത്തു. സഭയിൽനിന്നു പുറത്താക്കപ്പെട്ടതിനു യുക്തിഗമ്യമായ നീതീകരണമൊന്നും പറയാനില്ലാതിരുന്നതുകൊണ്ടു്, പീററർ വ്യക്തിവിദ്വേഷംകൊണ്ടു് അങ്ങനെ ചെയ്തതാണെന്നു് അയാൾ പറഞ്ഞുപരത്തി. പീറററിനെക്കുറിച്ചു ധാരാളം അപവാദങ്ങളും പ്രചരിപ്പിച്ചു. മതപീഡനകാലത്തു പീററർ രക്തസാക്ഷിത്വം വരിച്ചു. പീറററിനുശേഷം അലക്സാന്ത്രിയായിലെ മെത്രാനായ അക്കില്ലാസിൻെറ നേരെയും അദ്ദേഹത്തിൻെറ അനന്തരഗാമിയായ അലക്സാണ്ടറുടെ നേരെയും മെലീഷ്യസ് തൻെറ അപവാദവ്യവസായം തിരിച്ചുവിട്ടു. ഈ ഘട്ടത്തിലാണ് ആരിയൂസിനെ സംബന്ധിച്ച തർക്കം ഉയർന്നുവന്നതു്. മെലീഷ്യസ് അയാളുടെ അനുയായികളോടൊപ്പം ആരിയൂസിൻെറ പക്ഷത്തു ചേർന്നു.[10] അലക്സാണ്ടർ മെത്രാനെതിരായി അവർ ഗൂഢാലോചന നടത്തി. ആരിയൂസിൻെറ ആശയങ്ങൾ ന്യായവിരുദ്ധമാണെന്നു ബോദ്ധ്യമുള്ളവർ, അയാൾക്കെതിരായി അലക്സാണ്ടർ സ്വീകരിച്ച നടപടികളെ ന്യായീകരിച്ചു. എന്നാൽ നിക്കൊമേദിയായിലെ എവുസേബിയസും കൂട്ടരും ആരിയൂസിനും കൂട്ടർക്കുമെതിരായി സ്വീകരിക്കപ്പെട്ട സഭാബഹിഷ്കരണ നടപടികൾ പിൻവലിക്കണമെന്നു് കത്തുമൂലം ആവശ്യപ്പെട്ടു. ഇങ്ങനെ രണ്ടു പക്ഷത്തുമുള്ളവർ അലക്സാന്ത്രിയായിലെ

10. സൊക്രാട്ടസിൻെറ ഈ പ്രസ്താവന ശരിയല്ല എന്നു് കരുതുന്നവരുണ്ടു്. ആരിയൂസ് മെലീഷ്യൻ വിഭാഗത്തിൽപെട്ട ആളായിരുന്നു എന്നു അവർ കരുതുന്നു.

www.malankaralibrary.com



മെത്രാന് കത്തുകൾ എഴുതി. ആരിയൂസ് തനിക്കനുകൂലമായ കത്തുകളെല്ലാം ശേഖരിച്ചു; അലക്സാണ്ടർ തനിക്കനുകൂലമായവയും. ഈ കത്തുകൾ ഇന്ന് വ്യത്യസ്തചിന്താഗതിക്കാരായ ആളുകൾ ആശ്രയിക്കുന്ന രേഖകളായി പരിണമിച്ചിരിക്കുന്നു. ആര്യർ, എവുണോമിയർ, മാസിഡോണിയർ എന്നിവരെല്ലാം ഈ കത്തുകളെ രേഖകളായി ഉപയോഗപ്പെടുത്തുന്നുണ്ട്.

## അധ്യായം 7

# കോൺസ്റ്റൻറയിൻ ചക്രവർത്തി ഇടപെടുന്നു

ഈ കുഴപ്പങ്ങളെക്കുറിച്ച് അറിവു കിട്ടിയപ്പോൾ കോൺസ്റ്റൻറയിൻ ചക്രവർത്തി വളരെ ദുഃഖിതനായി. തനിക്കു സംഭവിച്ച വ്യക്തിപരമായ ഒരു നിർഭാഗ്യമായിത്തന്നെ അദ്ദേഹം അതിനെ കണക്കാക്കി. കഴിയുന്നതും വേഗം ആ അഗ്നി ശമിപ്പിക്കാൻ അദ്ദേഹം ആഗ്രഹിച്ചു. സ്പെയിനിലുള്ള കൊർദോവായിലെ മെത്രാനും തൻെറ വിശ്വസ്ത സുഹൃത്തും ആയ ഹോസിയൂസ് വശം അലക്സാണ്ടർക്കും ആരിയൂസിനും അദ്ദേഹം കത്തുകൾ കൊടുത്തയച്ചു. ആ കത്തിൻെറ പൂർണ്ണരൂപം കോൺസ്റ്റൻറയിൻെറ ജീവചരിത്രത്തിൽ എവുസേബിയസ് കൊടുത്തിട്ടുണ്ട്. അതിൻെറ ഒരു ഭാഗം ഇവിടെ ചേർക്കുന്നതു് അനുചിതമാകയില്ലെന്നു കരുതുന്നു:

വിക്ടർ കോൺസ്റ്റൻൈൻറൻ മാക്സിമൂസ് ആഗസ്റ്റസ്, അലക്സാൺഡറിനും ആരിയൂസിനും എഴുതുന്നതു്.

നിങ്ങളുടെ ഇപ്പോഴത്തെ വാദവിവാദങ്ങൾ താഴെ പറയുന്ന വിധത്തിൽ ആരംഭിച്ചു എന്നാണ് ഞാൻ അറിയുന്നതു്: വിശുദ്ധ ലിഖിതത്തിലെ വിശദീകരണകഠിനമായ ഒരു ഭാഗത്തെക്കുറിച്ച് അലക്സാണ്ടർ വൈദികരുടെ അഭിപ്രായം ആരാഞ്ഞു. ആ വിഷയത്തെക്കുറിച്ചു പരസ്യമായ ഒരു ചച്ച് നടത്തുന്നതുതന്നെ ഉചിതമല്ല. അപ്പോൾ അതിനെ സംബന്ധിച്ച് ആരിയൂസ് അനുചിതമായ ഒരഭിപ്രായ പ്രകടനം നടത്തുകയും ചെയ്തു. അത്തരം ഒരഭിപ്രായം ചിന്തയിൽ വന്നതുതന്നെ സമീചീനമല്ല; അഥവാ അങ്ങനെ ഒരു ചിന്ത ഉയർന്നുവന്നെങ്കിൽ അതിനെ മനസ്സിൽത്തന്നെ കുഴിച്ചു മൂടേണ്ടതുമായിരുന്നു. ഏതായാലും

www.malankaralibrary.com



തക്കം വ്യാപിച്ചു. ചിലക്ക് സഭയോടുള്ള ഐക്യം നിഷേധിക്കപ്പെട്ടു; ദൈവത്തിൻെറ അതിവിശുദ്ധജനം രണ്ടു വിഭാഗങ്ങളായി വിഭജിക്കപ്പെട്ടു. ഏകശരീരം എന്നുള്ള ഒരുമയുടെ ഭാവം നഷ്ടപ്പെട്ടു. അതിനാൽ നിങ്ങൾ രണ്ടുകൂട്ടരും പരസ്പരം പരിഗണനാ പ്രദർശിപ്പിക്കുകയും നിങ്ങളുടെ ഒരു സഹശുശ്രൂഷകനായ എൻെറ നിഷ്പക്ഷമായ അഭ്യർത്ഥന സ്വീകരിക്കുകയും ചെയ്യുക. എനിക്കു തരാനുള്ള ഉപദേശം എന്താണെന്നോ? മുൻപറഞ്ഞ വിധത്തിലുള്ള ഒരു പ്രശ്നം ഉണ്ടായതുതന്നെ അനുചിതമായിപ്പോയി; അതിനു അപ്രകാരമുള്ള ഒരു പ്രതികരണം നല്കിയതും അനുചിതമായി. അത്തരം വിഷയങ്ങളെക്കുറിച്ച് ഗവേഷണം നടത്തണമെന്നു ഒരു നിയമവും അനുശാസിക്കുന്നില്ല. വെറുതെയിരിക്കുന്നവരുടെ അലസസംഭാഷണങ്ങളിൽ നിന്നാണു് അത്തരം ആശയങ്ങൾ ഉയൻ്നു വരുന്നതു്. മാനസികമായ കഴിവുകൾക്കു് അഭ്യാസം നൽകുന്നതിനു് അത്തരം വിവാദങ്ങൾ ആകാമെങ്കിൽത്തന്നെ അവ സ്വകാര്യപരിഗണനകളിൽ ഒതുക്കിനിറുത്തേണ്ടതാണ്; കരുതലില്ലാത്ത വിധത്തിൽ പരസ്യ സമ്മേളനങ്ങളിൽ കൊണ്ടുവരാൻ പാടില്ല. വിവേചനാരഹിതമായ വിധത്തിൽ സകലരുടെയും കാതുകളിലേക്കു് അവയെ ആനയിക്കാനും പാടില്ല. ഇത്രയേറെ ആഴവും പരപ്പുമുള്ള കാര്യങ്ങളെക്കുറിച്ചെല്ലാം പര്യാപ്തമായ വിധം ചർച്ച ചെയ്യാനും കേട്ടു ഗ്രഹിക്കാനും കഴിവുള്ളവർ എത്രയോ വിരളമാണു്!

ഇനി, ആക്കെങ്കിലും ആ വിഷയം തൃപ്തികരമായി വിശദീകരിക്കാൻ കഴിയുമെന്നു വയ്ക്കുക. സാധാരണജനങ്ങളിൽ എത്രപേരെ അതു പറഞ്ഞു ബോദ്ധ്യപ്പെടുത്താൻ അയാൾക്കു കഴിയും? തെററിൽ വീഴാനുള്ള അപകടത്തിൽ നിന്നൊഴിവായി ഇത്തരം കാര്യങ്ങളെക്കുറിച്ച് അന്വേഷണം നടത്താൻ കഴിവുള്ളതു് ആർക്കാണ്? അതിനാൽ ഇത്തരം വിഷയങ്ങളെക്കുറിച്ചു വാചാലതയ്ക്കു കടിഞ്ഞാണിടുകയാണ് നമുക്കു യുക്തമായിട്ടുള്ളതു്. വിഷയം വേണ്ട വിധത്തിൽ കൈകാര്യം ചെയ്യാൻ നമ്മുടെ ബുദ്ധിപരമായ പരിമിതികൾ തടസ്സമായെന്നു വരാം. ശ്രോതാക്കളുടെ ഗ്രഹണശക്തിയുടെ ദൗർബല്യം മൂലം, പറയുന്ന കാര്യങ്ങൾ അവർ വേണ്ടവിധം ഗ്രഹിച്ചില്ലെന്നും വരാം. എങ്ങനെ വന്നാലും അതിൽ ഇടപെടുന്നവർ ദൈവദൂഷണത്തിലോ പാഷണ്ഡതയിലോ പങ്കാളികളാകാനുള്ള അപകടമുണ്ടു്. അതിനാൽ പരസ്പരം ക്ഷമിക്കാൻ നിങ്ങൾ ഇരുവരും ബാദ്ധ്യസ്ഥരത്രേ. ഒരാൾ കരുതലില്ലാത്ത ചോദ്യം ചോദിച്ചു. അപരൻ പരിഗണനയില്ലാത്ത മറുപടി പറഞ്ഞു. അടിസ്ഥാന വിശ്വാസസത്യങ്ങളെ സംബന്ധിച്ചിട

www.malankaralibrary.com



ത്തോളം നിങ്ങൾ രണ്ടുപേരുടെയും നിലപാട് ഒന്നുതന്നെ. ആ നിലയ്ക്ക് ഇത്ര നിസ്സാരമായ കാര്യങ്ങളെക്കുറിച്ച് ഇത്ര ഘോരമായ തർക്കങ്ങൾ നടത്തുന്ന നിങ്ങൾ അസംഖ്യം ദൈവ ജനങ്ങളുടെ ചുമതലക്കാരായിരിക്കുവാൻ യോഗ്യരാണോ? പരസ്പരം കലഹിക്കുന്നവർ ദൈവജനത്തിന്റെ ചുമതലക്കാരായിരിക്കുക എന്നത് അനുചിതം മാത്രമല്ല, നിയമവിരുദ്ധവുമാണ്.

കുറെക്കൂടെ താഴ്ന്ന തരത്തിലുള്ള ഒരുദാഹരണം വഴി ഈ വിഷയത്തിലുള്ള നിങ്ങളുടെ ചുമതല ഞാൻ അനുസ്മരിക്കാം. തത്ത്വജ്ഞാനികളും ചില വിഭാഗങ്ങളായി സംഘടിച്ചു നിൽക്കാറുണ്ടെന്നു നിങ്ങൾക്കറിയാമല്ലോ. അവരുടെ സിദ്ധാന്തങ്ങൾ സംബന്ധിച്ച ചില വിശദാംശങ്ങളിൽ അവർ തമ്മിൽ മതഭേദം ഉണ്ടാകാറുണ്ട്. വളരെ പ്രധാനപ്പെട്ട കാര്യങ്ങളിൽ മതഭേദം ഉണ്ടാകാറുണ്ടെങ്കിലും ഒടുവിൽ അവർ ഒത്തുതീർപ്പിൽ എത്തിച്ചേരും. അവർ അങ്ങനെ ചെയ്യുന്നെങ്കിൽ, അത്യുന്നതനായ ദൈവത്തിന്റെ ശുശ്രൂഷയ്ക്കു സ്വയം പ്രതിഷ്ഠിതരായ നിങ്ങൾ പരസ്പരം ഐക്യത്തിൽ വർത്തിക്കാൻ എത്രയോ കൂടുതൽ ബാദ്ധ്യസ്ഥരാണ്.

മുമ്പുപറഞ്ഞ വിഷയം തന്നെ കുറെക്കൂടെ സൂക്ഷ്മവും അഗാധവുമായ വിധത്തിൽ നമുക്ക് ഒന്നു പരിശോധിക്കാം. വാക്കുകളെക്കുറിച്ചു നിങ്ങൾ തമ്മിലുണ്ടായ അന്തസ്സാരമില്ലാത്ത ഒരു വിവാദത്തിന്റെ പേരിൽ സഹോദരന്മാരുടെ ഒരു ഗണത്തെ വേറൊരു ഗണത്തിനെതിരായി അണിനിരത്തുന്നതു ശരിയാണോ? സഭയുടെ ആദരണീയമായ ഐക്യത്തിൽ അവിശുദ്ധമായ മത്സരബുദ്ധികൊണ്ടു ഭംഗം വരുത്തുന്നത് ആശാസ്യമാണോ? ഇത്ര അപ്രധാനമായ കാര്യങ്ങളുടെ പേരിൽ കലഹങ്ങൾ ഉണ്ടാകുന്നതു ശരിയാണോ? ഇത്തരം കലഹങ്ങൾ ചപലബുദ്ധികളും വിവേകശൂന്യരുമായ മനുഷ്യർക്കല്ലാതെ വൈദികർക്കും വിവേകശാലികളായ മനുഷ്യർക്കും യോജിച്ചതല്ല. പിശാചിന്റെ പ്രലോഭനങ്ങളിൽ നിന്നു നാം സ്വാഭാവികമായി തന്നെ അകന്നുമാറണം. നമ്മുടെ രക്ഷകനായ കർത്താവ് നമുക്കെല്ലാവർക്കും പൊതുവായി ഒരു വെളിച്ചം പകർന്നുതന്നിട്ടുണ്ട്. അവിടുത്തെ സംരക്ഷണത്തിൻ കീഴിൽ ഈ പ്രശ്നത്തിനു തൃപ്തികരമായ ഒരു പരിഹാരമുണ്ടാക്കാൻ നിങ്ങൾ എന്നെ അനുവദിക്കുക. എന്റെ അർത്ഥനയും ശുശ്രൂഷയും ആത്മാർത്ഥമായ തിരുത്തലുകളും കൊണ്ട് അവിടുത്തെ ജനമായ നിങ്ങളെ വീണ്ടും സ്നേഹത്തിന്റെ ഐക്യത്തിലേയ്ക്കു നയിക്കാൻ ഇടവരട്ടെ. നമ്മുടെയിടയിൽ ഉള്ളത് ഒരേ വിശ്വാസമാണ്. മതത്തെ സംബ

www.malankaralibrary.com



ന്ധിച്ച നമുക്കുള്ള ധാരണയും ഒന്നുതന്നെ. നമ്മുടെ നിയമസംഹിതയും ആത്മാവിനെ സംബന്ധിച്ച ഏകലക്ഷ്യത്തിലേക്കു നമ്മെ നയിക്കുന്നു. ഇപ്പോഴത്തെ തർക്കവിഷയം നമ്മുടെ വിശ്വാസസംഹിതയെ ആഴത്തിൽ ബാധിക്കുന്നതല്ല. അതു നമ്മുടെ ഐക്യം തകർക്കാൻ ഒരിക്കലും കാരണമായിത്തീരാതിരിക്കട്ടെ. ഈ തർക്കവിഷയത്തിൽ നിങ്ങളെല്ലാവരും ഒരേ കാഴ്ചപ്പാടിൽ എത്തിച്ചേരണമെന്നു ഞാൻ നിർബ്ബന്ധിക്കുകയാണെന്നു കരുതരുതു്. അപ്രധാന കാര്യങ്ങളെ സംബന്ധിച്ചു് വീക്ഷണങ്ങളിൽ കുറെ അസമാനതകൾ നിലനിന്നാലും സഭയുടെ ഐക്യത്തിന്റെ അന്തസ്സ് നിലനിൽക്കും; എല്ലാവരുടെയും പരസ്പര സഹകരണം സംരക്ഷിക്കാൻ കഴിയുകയും ചെയ്യും. എല്ലാ വിഷയത്തിലും നമ്മളെല്ലാം ഒരേ കാര്യം തന്നെയല്ലല്ലോ ആഗ്രഹിക്കുന്നതു്. എല്ലാവരും എല്ലാ കാര്യങ്ങളെയും വിലയിരുത്തുന്നതു് ഒരേ മാനദണ്ഡങ്ങൾ വച്ചല്ലതാനും. ദൈവത്തെ സംബന്ധിച്ചു് നമുക്കെല്ലാവർക്കും ഒരേ വിശ്വാസവും ഒരേ ധാരണയും ഒരേ നിയമ സംഹിതയും ഉണ്ടായിരിക്കട്ടെ. അപ്രധാന കാര്യങ്ങളുടെ വിശദാംശങ്ങളെക്കുറിച്ചു നിങ്ങൾ വിചിന്തനങ്ങളോ അന്വേഷണങ്ങളോ ഒക്കെ നടത്തിക്കൊള്ളുക. അതിൽ നിന്നു നിങ്ങൾക്കു ലഭിക്കുന്ന നിഗമനങ്ങൾ വ്യത്യസ്തങ്ങളാണെന്നു വരാം. അവ മനസ്സിന്റെ ഉള്ളറകളിൽത്തന്നെ സൂക്ഷിച്ചു വച്ചുകൊള്ളുക. എന്നാൽ സുശക്തവും വിവരണാതീതവുമായ ഒരു സൗഹൃദം നമ്മുടെയിടയിൽ നിലനിൽക്കണം. സത്യത്തിൽ നമുക്കു വിശ്വാസമുണ്ടായിരിക്കണം. ദൈവത്തോടു സ്നേഹാദരങ്ങൾ വേണം. അവിടുത്തെ നിയമങ്ങൾ താല്പര്യപൂർവ്വം പാലിക്കണം.

പരസ്പര സൗഹൃദം പുനസ്ഥാപിക്കുക. ദൈവജനത്തിനു മുഴുവൻ അവർക്കു പരിചിതമായ സ്നേഹാശ്ലേഷങ്ങൾ തിരിച്ചു കിട്ടുമാറാകുക. നിങ്ങളും ആത്മാക്കളെ വിശുദ്ധീകരിച്ചതിന്റെ ബലത്തിൽ പരസ്പരം അംഗീകരിക്കുക. ശത്രുഭാവം നീങ്ങിക്കഴിയുമ്പോൾ സൗഹൃദം കൂടുതൽ മധുരമായി അനുഭവപ്പെടുന്നു. പ്രശാന്തതനിറഞ്ഞ പകലുകളും ആകുലതകളിൽനിന്നു വിമുക്തമായ രാത്രികളും എനിക്കു തിരിച്ചു തരുക, എന്റെ അവശേഷിക്കുന്ന ആയുഷ്ക്കാലത്തു് സന്തോഷപൂർണ്ണമായ സമാധാനം അനുഭവപ്പെടട്ടെ. അങ്ങനെയല്ലെങ്കിൽ എന്റെ ജീവിതം കണ്ണീരിൽ കുതിർന്നതായിത്തീരും. ദൈവജനം ഉപദ്രവകരവും അനുചിതവുമായ മത്സരത്താൽ ഭിന്നിച്ചുനിൽക്കുമ്പോൾ എനിക്കു് പഴയതുപോലെ മനശ്ശാന്തിയോടെ കഴിയാൻ എങ്ങനെ സാധിക്കും?

ദൈവത്തിന്റെ ജനം (എന്റെ സഹശുശ്രൂഷകരെപ്പറ്റിയാണു ഞാൻ പറയുന്നതു്) കഥയില്ലാത്തതും ഉപദ്രവകരവുമായ

www.malankaralibrary.com



കലഹത്താൽ പരസ്പരം അകന്നുകഴിയുമ്പോൾ സാധാരണ സമനില എങ്ങനെ പാലിക്കാൻ എനിക്കു സാധിക്കും? ഈ ദുഃഖകരമായ അഭിപ്രായവ്യത്യാസം മൂലം എനിക്കുണ്ടായിട്ടുള്ള അഗാധദുഃഖത്തെപ്പററി ഒരാശയം കിട്ടുന്നതിന്, ഞാൻ പറയാൻ പോകുന്നതു ശ്രദ്ധിക്കുക. അടുത്തകാലത്തു ഞാൻ നിക്കൊമെദിയാ സന്ദർശിച്ചപ്പോൾ, ഉടൻതന്നെ പൗരസ്ത്യ രാജ്യങ്ങളിലേയ്ക്കു നീങ്ങണം എന്നതായിരുന്നു എൻെറ ഉദ്ദേശ്യം. എന്നാൽ നിങ്ങളുടെ അടുത്തേയ്ക്കു വന്നുകൊണ്ടിരുന്നപ്പോൾ ഈ കലഹത്തെക്കുറിച്ചുള്ള വാർത്ത എൻെറ ചെവിയിലെത്തി. ഞാൻ എൻെറ പരിപാടി മാററി. ശ്രവിക്കുന്നതുതന്നെ ദുസ്സഹമായിരിക്കുന്ന ചില രംഗങ്ങൾ നേരിട്ടു കാണേണ്ടിവന്നെങ്കിലോ എന്ന ഭയംകൊണ്ടാണു ഞാൻ അങ്ങനെ ചെയ്തതു്. അതിനാൽ, നിങ്ങളുടെ അനുരഞ്ജനംകൊണ്ടു് എനിക്കു പൗരസ്ത്യദേശത്തേയ്ക്കു പോകുന്നതിനുള്ള തടസ്സം നീക്കിത്തരുക. നിങ്ങളും നിങ്ങളുടെ ജനങ്ങളും ഒരുമിച്ചു് ആഹ്ലാദിക്കുന്ന രംഗം കാണാൻ എനിക്കവസരം തരുക. നിങ്ങളുടെ ഐക്യത്തിൻെറയും സ്വാതന്ത്ര്യത്തിൻെറയും പേരിൽ ദൈവത്തിനു നന്ദി പറയാൻ എന്നെ അനുവദിക്കുക. എൻെറ കൃതജ്ഞതാസ്തോത്രത്തോടു് നിങ്ങളുടെ ദൈവസ്തുതിഗാനങ്ങളും ഒന്നുചേരട്ടെ. [11]

11. വചനത്തെക്കുറിച്ച് ആരിയൂസ് പഠിപ്പിച്ചതു് പാഷാണ്ഡതയാണ്. അതല്ല ശ്ലീഹന്മാർ കൈമാറിയതു്. ഈ സത്യം പൂർണ്ണമായി ഗ്രഹിക്കാൻ കോൺസ്റ്റൻറയിനു് സാധിച്ചില്ല. മതപരമായ ഐക്യത്തിലൂടെ സാമ്രാജ്യത്തിൻെറ രാഷ്ട്രീയൈക്യം കൈവരുത്താം എന്നാണ് ചക്രവർത്തി കരുതിയതു്. സൊക്രാട്ടസിനും ആഴമായ ദൈവശാസ്ത്രപരിശീലനം ലഭിച്ചിരുന്നില്ല എന്നു് ഇതിൽനിന്നു മനസ്സിലാക്കാം. ഉപരിപ്ലവ ചിന്താഗതിക്കാർക്കു സ്വീകാര്യമായ ഉപദേശമാണ് നാമിവിടെ കാണുക.

www.malankaralibrary.com



## അധ്യായം 8

## നിഖ്യാസൂനഹദോസും വിശ്വാസപ്രമാണവും [12]

ഇപ്രകാരം വളരെ ആദരണീയവും വിവേകപൂർണ്ണവുമായ ഉപദേശങ്ങളാണ് ചക്രവർത്തിയുടെ കത്തിൽ അടങ്ങിയിരുന്നത്. എന്നാൽ ആരിയൂസിന്റെയും അലക്സാണ്ഡറുടെയും വാശിയും വാദപ്രതിവാദങ്ങളും ഇതുകൊണ്ടൊന്നും ശമിക്കാത്ത വിധത്തിൽ വളരെ മുമ്പോട്ടു പോയിരുന്നു. ആളുകളുടെയിടയിലും വളരെ തർക്കങ്ങളും കലഹങ്ങളും ഉണ്ടായിക്കൊണ്ടിരുന്നു. ഇതിനുപുറമേ അശാന്തിക്കു കാരണമായ മറ്റൊരു ഘടകം കൂടെ അവിടെയുണ്ടായിരുന്നു. പെസഹാ ആചരണം സംബന്ധിച്ച ഒരു തർക്കമാണത്. ക്രിസ്ത്യാനികളുടെ പെസഹാ ആചരണം യഹൂദരുടേതിനോട് സർവ്വഥാ സമാനമാക്കണം എന്ന് ഒരു കൂട്ടർ വാദിച്ചു; ക്രിസ്ത്യാനികൾ ലോകം മുഴുവൻ പൊതുവായ ഒരു രീതിയിൽ പെസഹാ ആചരിക്കണമെന്ന് വേറൊരു കൂട്ടരും.[13] ഇത് വിശ്വാസികളിൽ കലഹവും ഭിന്നതയും ഉളവാക്കുന്ന രൂക്ഷതയിലേയ്ക്കു വളന്നില്ലെങ്കിലും അവരുടെ പരസ്പര സൗഹൃദത്തിന്റെ ശക്തി കുറയ്ക്കാൻ കാരണമാകാതിരുന്നില്ല. ഈ കാര്യങ്ങൾ രണ്ടും പരിഗണിച്ച് ഒരു സാർവ്വത്രിക സൂനഹദോസ് വിളിച്ചുകൂട്ടാൻ ചക്രവത്തി തീരുമാനിച്ചു. അതിനായി ബിത്തീനിയായിലെ നിഖ്യായിൽ എല്ലാ മെത്രാന്മാരും സമ്മേളിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് അദ്ദേഹം കത്തുകൾ അയച്ചു. അതനുസരിച്ച് മെത്രാന്മാർ സമ്മേളിച്ചു. ഇതിനെക്കുറിച്ച് എവുസേബിയൂസ് പാംഫീലി കോൺസ്റ്റന്റയിന്റെ ജീവചരിത്രം മൂന്നാം പുസ്തകത്തിൽ പദാനുപദം ഇങ്ങനെ എഴുതുന്നു:

---

12. സൊസോമെൻ, സഭാചരിത്രം, 1.17 മായി താരതമ്യപ്പെടുത്തുക.

13. യഹൂദർ പെസഹാ ആചരിക്കുന്ന നീസാൻമാസം 14-ാം തീയതി തന്നെ ക്രിസ്ത്യാനികൾ പെസഹാ ആചരിക്കണമോ, അതോ ഒരു നിശ്ചിതദിവസം തന്നെ ആയിരിക്കണമോ എന്നതു സംബന്ധിച്ചായിരുന്നു തക്കം: കൂടുതൽ വിവരങ്ങൾക്ക്, ജി.ചേടിയത്ത്, ആദിമസഭയുടെ സന്ദേശം, പേ. 32-3; 162;—, സഭാപിതാക്കൻമാർ 1, പേ. 50.

www.malankaralibrary.com



''അതനുസരിച്ച്' യൂറോപ്പിലും ഏഷ്യയിലും ആഫ്രിക്കയിലുമുള്ള സഭകളിലെ പ്രമുഖരായ ശുശ്രൂഷകരെല്ലാം ഒരുമിച്ചുകൂടി. സിറിയ, സിലിഷ്യ, ഫിനീഷ്യാ, അറേബ്യ, പലസ്തീനാ ഈജിപ്റ്റ്, തേബസ്, ലിബിയ, മെസോപ്പൊട്ടേമിയാ, പേർഷ്യാ, ഷിതിയാ, പോന്തൂസ്,ഗലാത്തിയാ, പാംഫീലിയ, കപ്പദോഷ്യാ, ഫ്രീജിയാ, ത്രേസ്, മാസിഡോണിയ, അക്കായിയാ, എന്നിവിടങ്ങളിൽ നിന്നെല്ലാം അവർ വന്നു. സ്പെയിനിലെ മെത്രാന്മാരുടെ കൂട്ടത്തിൽ ഏറ്റം പ്രമുഖനായ വ്യക്തിയും[14] വന്നു ചേർന്നിരുന്നു. ഇമ്പീരിയൻ നഗരത്തിലെ വൈദികാദ്ധ്യക്ഷൻ[15] പ്രായാധിക്യം കാരണം അസന്നിഹിതനായിരുന്നു. എന്നാൽ അദ്ദേഹത്താൽ നിയുക്തരായ വൈദികർ പങ്കെടുത്തിരുന്നു. രക്ഷകനായ ക്രിസ്തുവിനെ ഇത്ര മഹത്തായ സ്നേഹത്തിന്റെ ഒരു കിരീടം കോൺസ്റ്റന്റയിൻ ചക്രവർത്തി മാത്രമേ അണിയിച്ചിട്ടുള്ളു. ശത്രുക്കളുടെമേൽ താൻ വരിച്ച വിജയത്തിനു കൃതജ്ഞതയായിട്ടാണിത്'. നടപടിപുസ്തകത്തിൽ പരാമർശിക്കുന്ന ആ അപ്പസ്തോലിക സമ്മേളനത്തെ (2:5–11) അനുകരിക്കുന്നതായിരുന്നു ഈ സമ്മേളനം. ''ആകാശത്തിൻ കീഴിലുള്ള എല്ലാ ജനതകളിൽ നിന്നും ഉള്ള ഭക്തരായ മനുഷ്യർ'' അവിടെ സമ്മേളിച്ചു എന്നു പറയപ്പെടുന്നു. ''പാർത്ഥ്യരും, മേദ്യരും, ഏലാമ്യരും, മെസൊപ്പൊട്ടേമിയാ, യൂദയാ, കപ്പദോഷ്യാ, പോന്തൂസ്, ഏഷ്യാ, ഫ്രീജിയാ, പംഫീലിയാ, ഈജിപ്ത്, സൈറീനോടടുത്തുള്ള ലിബിയായുടെ ഭാഗം എന്നിവിടങ്ങളിലെ നിവാസികളും റോമിൽ നിന്നുള്ള പരദേശികളും, യൂദരും യൂദമതം സ്വീകരിച്ചവരും ക്രേത്യരും അറബികളും. ആ സമ്മേളനത്തിൽ പങ്കെടുത്തവരെല്ലാം ദൈവത്തിന്റെ ശുശ്രൂഷകരായിരുന്നില്ല എന്നതിനാൽ അത് ഇതിനേക്കാൾ താണ നിലയിലുള്ളതായിരുന്നു; ഈ സമ്മേളനത്തിൽ പങ്കെടുത്ത മെത്രാന്മാരുടെ സംഖ്യ മുന്നൂറിൽ കവിയും[16]. അവരെ ശുശ്രൂഷിച്ച വൈദികരുടെയും ഡീക്കന്മാരുടെയും അക്കൊലീതരുടെയും എണ്ണം ഏതാണ്ട് സംഖ്യാതീതമായിരുന്നു. ഈ ദൈവശുശ്രൂഷകരിൽ ചിലർ വിജ്ഞാനത്തിലും ചിലർ ജീവിതവിശുദ്ധിയിലും ചിലർ മതപീഡനകാലത്തു പ്രകടിപ്പിച്ച വിശ്വാസധീരതയിലും സുവിഖ്യാതരായിരുന്നു. ചിലരിൽ ഈ വിശിഷ്ടഗുണങ്ങളെല്ലാം സമ്മേളിച്ചിരുന്നു. ചിലർ പ്രായാധിക്യം കൊണ്ട് ആദരണീയരായിരുന്നെങ്കിൽ ചിലർ യൗവനസഹജ

---

14. കൊർദോബായിലെ ഹോസിയസ്

15. റോമിലെ

16 'മുന്നൂറ്'' ഒരലങ്കാരിക സംഖ്യയാണ് എന്നു കരുതുന്നവരുണ്ട്.

www.malankaralibrary.com



മായ ഊർജ്ജസ്വലതയാൽ ശ്രദ്ധേയരായിരുന്നു. ചിലരാകട്ടെ തങ്ങളുടെ ശുശ്രൂഷയുടെ രംഗത്തു നവാഗതരും. സമ്മേളിച്ച എല്ലാവർക്കും സുഭിക്ഷമായ ഭക്ഷണത്തിനുള്ള സംവിധാനങ്ങൾ ചക്രവർത്തി ഏർപ്പെടുത്തിയിരുന്നു''.

തദവസരം സമ്മേളിച്ചവരെപ്പററി എവുസേബിയസിന്റെ വിവരണം ഇതായിരുന്നു. ലിചീനിയൂസിന്റെ മേൽ താൻ വിജയം നേടിയതു സംബന്ധിച്ച ആഘോഷങ്ങൾ കഴിഞ്ഞ് ചക്രവർത്തിയും നിഖ്യായിൽ വന്നെത്തി.

മെത്രാന്മാരുടെ കൂട്ടത്തിൽ അസാധാരണ വൈശിഷ്ട്യമുള്ള രണ്ടുപേർ ഉണ്ടായിരുന്നു. ഒരാൾ ഉത്തരതേബായിസിലെ പാഫ്നൂസിയസ്; മറെറയാൾ സൈപ്രസ്സിലെ സ്പീരിദോൻ. ഈ രണ്ടുപേരുടെ കാര്യം പ്രത്യേകം എടുത്തു പറയുന്നത് എന്തുകൊണ്ടാണെന്നു പിന്നീടു വ്യക്തമാകും. തർക്കശാസ്ത്രത്തിൽ വിദഗ്ദരായ അനേകം അൽമായരും ഉണ്ടായിരുന്നു. തന്റെ പക്ഷത്തിനുവേണ്ടി വാദിക്കാൻ ആവേശം പൂണ്ടു വന്നവരായിരുന്നു അവരിൽ ഓരോരുത്തരും. നിക്കൊമേദിയായിലെ മെത്രാനായിരുന്ന എവുസേബിയസ് ആരിയൂസിനെ അനുകൂലിച്ചിരുന്നു എന്നു മുമ്പു പറഞ്ഞിട്ടുണ്ടല്ലോ. തിയോഗ്നീസ്, മാരിസ്, എന്നിവരും അദ്ദേഹത്തോടൊപ്പമുണ്ടായിരുന്നു. തെയോഗ്നീസ് നിഖ്യായിലെയും, മാരിസ് ബിത്തീനിയായിലുള്ള കൽക്കദോനിയായിലെയും മെത്രാന്മാരായിരുന്നു. അലക്സാണ്ഡ്രിയൻ സഭയിലെ ഡീക്കനായിരുന്ന അത്തനാസ്യോസ് ഇവരെ ശക്തിയായി എതിർത്തു. അലക്സാൺഡ്രിയയിലെ അലക്സാൺഡർ മെത്രാനു അദ്ദേഹത്തോടു വലിയ മതിപ്പുണ്ടായിരുന്നതുകൊണ്ട് അദ്ദേഹം പലരുടെയും അസൂയയ്ക്കു പാത്രമായിത്തീർന്നിരുന്ന വിവരം പിന്നീടു വ്യക്തമാകും.

മെത്രാന്മാരുടെ പൊതുസമ്മേളനം ചേരുന്നതിനുമുമ്പ് രണ്ടു പക്ഷത്തുമുള്ള പ്രമുഖ വാഗ്മികൾ പൊതുജനങ്ങളുടെ മുമ്പിൽ വച്ച് അവരവരുടെ വാദമുഖങ്ങൾ വിശദീകരിച്ചുകൊണ്ട് ഉജ്ജ്വലപ്രഭാഷണങ്ങൾ നടത്തി. പ്രസംഗങ്ങൾ കേട്ട് ജനങ്ങൾ വളരെ രസിച്ചു. തടിച്ചുകൂടിയ ജനങ്ങളുടെ കൂട്ടത്തിൽ വിശ്വാസസാക്ഷിയായ ഒരുത്മായനുണ്ടായിരുന്നു; വലിയ പരിഷ്കാരമൊന്നുമില്ലെങ്കിലും നല്ല സാമാന്യബോധമുള്ള ഒരു നല്ലമനുഷ്യൻ. ഈ തർക്കവിശാരദന്മാരെ അദ്ദേഹം കുററപ്പെടുത്തി. ക്രിസ്തുവും തന്റെ ശിഷ്യന്മാരും നമ്മെ പഠിപ്പിച്ചതു തർക്കശാസ്ത്രമോ പ്രഭാഷണകലയോ സൂക്ഷ്മമായ വിശദാംശങ്ങൾ അവതരിപ്പിക്കുന്ന പൊങ്ങച്ചമോ അല്ലെന്നും

www.malankaralibrary.com



ലളിതമനോഭാവമാണെന്നും അതാകട്ടെ വിശ്വാസത്തിലും സൽപ്രവൃത്തികളിലുമാണ് അടങ്ങിയിരിക്കുന്നതെന്നും അദ്ദേഹം പ്രസ്താവിച്ചു. ഇതു പറഞ്ഞ സഹോദരനെ ശ്രോതാക്കളെല്ലാം അഭിനന്ദിച്ചു. അദ്ദേഹത്തിന്റെ വചനങ്ങൾ വളരെ യുക്തിയുള്ളതാണെന്ന് എല്ലാവർക്കും ബോദ്ധ്യമായി. അതിനുശേഷം പ്രസംഗിച്ച താർക്കികരെല്ലാം തങ്ങളുടെ ഭാഷയിലും ആവേശത്തിലും മിതത്വം പാലിച്ചു. താർക്കികചർച്ചകൾവഴി ഉടലെടുത്ത ചർച്ചകൾക്ക് താല്കാലിക വിരാമമിട്ടതു് ഇങ്ങനെയായിരുന്നു.

അടുത്ത ദിവസം മെത്രാന്മാരെല്ലാം ഒരു സ്ഥലത്തു സമ്മേളിച്ചു. താമസിയാതെ ചക്രവർത്തിയും എത്തിച്ചേർന്നു. അദ്ദേഹം അവരുടെ മധ്യത്തിൽ വന്നുനിന്നു. മെത്രാന്മാരെല്ലാവരും ചേർന്ന് ആവശ്യപ്പെട്ടതിനുശേഷം മാത്രമാണ് അദ്ദേഹം ഇരുന്നതു്. വൈദികാധികാരികളോട് അദ്ദേഹത്തിനുള്ള ആദരാതിരേകം ഇത്തരത്തിലുള്ളതായിരുന്നു. സന്ദർഭത്തിനനുഗുണമായ ഒരു മൗനാചരണത്തിനുശേഷം ചക്രവർത്തി ഒരു പ്രസംഗം നടത്തി. അനുരഞ്ജനത്തിന്റെയും ഐക്യത്തിന്റെയും പ്രാധാന്യമാണ് അദ്ദേഹം ഊന്നിപ്പറഞ്ഞതു്. വ്യക്തിപരമായ വാശികൾ ഉപേക്ഷിക്കണമെന്ന് അഭ്യർത്ഥിക്കയും ചെയ്തു. തലേദിവസം പലയാളുകളും എതിർപക്ഷത്തുള്ളവരെക്കുറിച്ച് ചക്രവർത്തിയുടെ പക്കൽ പരാതികളും ആരോപണങ്ങളും ഉന്നയിച്ചിരുന്നു. തങ്ങളുടെ മുമ്പിലുള്ള പ്രധാനപ്രശ്നത്തിലേയ്ക്ക് എല്ലാവരുടെയും ശ്രദ്ധ ആകർഷിച്ചതിനുശേഷം ആ പരാതികളും ആരോപണങ്ങളുമെല്ലാം അദ്ദേഹം അഗ്നിക്കിരയാക്കി. 'ക്ഷമിക്കപ്പെടുവാൻ ആഗ്രഹിക്കുന്നവൻ ക്ഷമിക്കണം എന്നു് നമ്മുടെ കർത്താവു കല്പിച്ചിരിക്കുന്നു' എന്നു് അദ്ദേഹം ചൂണ്ടിക്കാണിക്കുകയും ചെയ്തു. ഐക്യം പാലിക്കാൻ ശക്തിയായി ഉദ്ബോധിപ്പിച്ചതോടൊപ്പം തന്നെ തർക്കവിഷയത്തെക്കുറിച്ചു കൂടുതൽ സൂക്ഷ്മമായ ഒരു പരിചിന്തനം നടത്തണമെന്ന അവരുടെ ആവശ്യം അദ്ദേഹം അംഗീകരിക്കുകയും ചെയ്തു. ഈ പരിചിന്തനത്തിന്റെ നിർവ്വഹണത്തെക്കുറിച്ച് എവുസേബിയസ് *കോൺസ്റ്റന്റൈന്റെ ജീവചരിത്രത്തിന്റെ* മൂന്നാം പുസ്തകത്തിൽ (13) രേഖപ്പെടുത്തിയിട്ടുള്ളതു് ഇവിടെ ഉദ്ധരിക്കാം:

'ഓരോ ഗ്രൂപ്പും വിവിധ വിഷയങ്ങൾ അവിടെ അവതരിപ്പിച്ചു. ആരംഭം മുതൽതന്നെ അന്തരീക്ഷം വിവാദപ്രക്ഷുബ്ധമായിരുന്നു. ചക്രവർത്തി ക്ഷമാപൂർവ്വകമായ അവധാനത്തോടുകൂടി എല്ലാം കേട്ടു. എല്ലാ അഭിപ്രായങ്ങളെയും നിഷ്പ

www.malankaralibrary.com



ക്ഷമായും സശ്രദ്ധമായും അദ്ദേഹം വിലയിരുത്തി. രണ്ടു പക്ഷത്തുമുള്ളവരുടെ വാദമുഖങ്ങളെ അദ്ദേഹം ഭാഗികമായി അനുകൂലിച്ചു. വളരെ വാശിയോടെ പരസ്പരം എതിർത്തിരുന്നവരുടെ എതിർപ്പിന്റെ മൂർച്ച തന്റെ ശാന്തതകൊണ്ടും സദ്ഗുണംകൊണ്ടും സാവകാശമായി അദ്ദേഹം ശമിപ്പിക്കുകയും അവരെ യോജിപ്പിക്കുകയും ചെയ്തു. തുടർന്ന് ഗ്രീക്കുഭാഷയിൽ അദ്ദേഹം അവരോടു പ്രസംഗിച്ചു. അദ്ദേഹത്തിനു് ആ ഭാഷ അപരിചിതമായിരുന്നില്ല. ആ പ്രസംഗം രസകരവും പ്രേരണാദായകവുമായിരുന്നു. ചിലരിൽ അതു ബോദ്ധ്യം ഉളവാക്കി ചിലരെ അതു് അഭ്യർത്ഥനകൊണ്ടു വശീകരിച്ചു. നന്നായി സംസാരിച്ചവരെ അദ്ദേഹം അനുമോദിച്ചു. ഒടുവിൽ പ്രധാനപ്പെട്ട വിഷയങ്ങളിലെല്ലാം എല്ലാവരെയും അഭിപ്രായയൈക്യത്തിലേക്കു് അദ്ദേഹം പ്രേരിപ്പിച്ചു. വിശ്വാസ പ്രഖ്യാപനത്തിൽ ഐക്യമുണ്ടായെന്നു മാത്രമല്ല, രക്ഷയുടെ തിരുനാൾ ആഘോഷിക്കേണ്ട കാലത്തെക്കുറിച്ചും ഏതാണ്ടു് ഒരഭിപ്രായയൈക്യമുണ്ടായി. എല്ലാവർക്കും അംഗീകരിക്കാവുന്ന തത്വങ്ങളെല്ലാം എഴുതി അതിനടിയിൽ എല്ലാവരും കയ്യൊപ്പു വയ്ക്കുകയും ചെയ്തു''.

പ്രസ്തുത സംഭവത്തെക്കുറിച്ചു് എവുസേബിയസ് സ്പഷ്ടമായി രേഖപ്പെടുത്തിയിരിക്കുന്ന കാര്യങ്ങൾ ഇവയാണ്. ഈ ചരിത്രത്തിന്റെ വിശ്വസ്തത വ്യക്തമാക്കാൻ വേണ്ടിയാണ്. ഈ വാക്കുകൾ ഇവിടെ ഉദ്ധരിച്ചതു്. നിഖ്യായിൽ പ്രഖ്യാപിക്കപ്പെട്ട വിശ്വാസപ്രമാണങ്ങൾ തെററാണെന്നു് ആരെങ്കിലും അഭിപ്രായപ്പെട്ടാൽ നമുക്കു് അതു് നിഷ്പ്രയാസം തള്ളിക്കളയാൻ സാധിക്കണം.

നിഖ്യാസൂനഹദോസിൽ പങ്കെടുത്തവരെല്ലാം അജ്ഞന്മാരും ഭോഷന്മാരുമാണെന്നു് മാസിഡോണിയനായ സബീനൂസ് എന്നയാൾ എഴുതിയിരിക്കുന്നു[17]. ഈ സബീനൂസ് ത്രേസിലെ ഹെരാക്ലിയായിൽ മെത്രാനായിരുന്നു. മെത്രാന്മാരുടെ വിവിധ സമ്മേളനങ്ങൾ പ്രസിദ്ധീകരിച്ച ഡിക്രികളുടെ ഒരു സമാഹാരം ഈ സബീനൂസ് ഉണ്ടാക്കിയിട്ടുണ്ടു്. നിഖ്യായിലെ കൗൺസിലിൽ പങ്കെടുത്തവരെക്കുറിച്ചു് സവിശേഷമായ അവജ്ഞയോടും പരിഹാസത്തോടും കൂടെയാണ് ഇയാൾ സംസാരിക്കുന്നതു്. വളരെ കൃത്യമായ പരിശോധനയ്ക്കുശേഷം ഇതുപോ

17. മാസിഡോണിയുസിന്റെ അനുയായി. മാസിഡോണിയാക്കാരൻ എന്നല്ല അർത്ഥം.

www.malankaralibrary.com



ലൊരു വിശ്വാസപ്രഖ്യാപനം നടത്തിയ എവുസേബിയസിനെയും അതുവഴി അജ്ഞനാക്കുകയാണെന്ന് അയാൾ മനസ്സിലാക്കുന്നില്ല. ചരിത്രത്തിലെ പല വസ്തുതകളും അയാൾ മന:പൂർവ്വം വിട്ടുകളഞ്ഞു. പലതും വളച്ചൊടിച്ചു, വേറെ പലതും അയാൾക്ക് ഇഷ്ടമുള്ളവിധം രൂപാന്തരപ്പെടുത്തി. എങ്കിലും, എവുസേബിയസ് പാംഫിലി വിശ്വസിക്കാവുന്ന ഒരു സാക്ഷിയാണെന്ന് അയാൾ പറയുന്നുമുണ്ട്. ക്രിസ്തീയ തത്ത്വങ്ങൾ വിവരിക്കാൻ കഴിവുററയാളാണ് ചക്രവർത്തിയെന്ന് അയാൾ സ്തുതിച്ചു പറയുകയും ചെയ്യുന്നു. എന്നാൽ അതേ സമയം നിഖ്യായിൽ പ്രഖ്യാപിച്ച വിശ്വാസം പാമരന്മാരുടെതാണെന്നും ഈ കാര്യത്തിൽ അവർക്ക് അറിവില്ലായിരുന്നെന്നും അയാൾ ജൽപ്പിക്കുന്നു. അങ്ങനെ, വിജ്ഞാനിയും സത്യവാനും ആയ ഒരാൾ എന്ന് അയാൾ തന്നെ പറഞ്ഞ ഒരാളിന്റെ വാക്കുകളെ സ്വേച്ഛയാ അയാൾ തന്നെ കുററം വിധിക്കുന്നു. നിഖ്യായിലെ കൗൺസിലിൽ പങ്കെടുത്ത പിതാക്കന്മാരിൽ ചിലർ വളരെ വിജ്ഞാനമുള്ളവരും ചിലർ ജീവിതവിശുദ്ധിയുള്ളവരും ആയിരുന്നുവെന്ന് എവുസേബിയസ് പ്രഖ്യാപിക്കുന്നു. ചക്രവർത്തിതന്നെ കൗൺസിലിൽ സന്നിഹിതനാവുകയും എല്ലാവരെയും ഐക്യത്തിലേയ്ക്കു നയിക്കുകയും ചെയ്തു. അദ്ദേഹം അവിടെ ആശയൈക്യവും അഭിപ്രായൈക്യവും ഉണ്ടാക്കി. ഇനിയും സന്ദർഭമുണ്ടാകുന്നതനുസരിച്ച് സബെല്യൂസിനെക്കുറിച്ചു കൂടുതലായി പറയുന്നതാണ്.

ഉച്ചസ്വരത്തിലുള്ള അനുമോദനത്തോടുകൂടി നിഖ്യാസുനഹദോസ് അംഗീകരിച്ച വിശ്വാസപ്രമാണം താഴെ ചേർക്കുന്നു: ''സർവശക്തിയുള്ള പിതാവും ദൃശ്യാദൃശ്യങ്ങളുടെ നിർമ്മാതാവുമായ ഏകദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു. ദൈവത്തിന്റെ പുത്രനും പിതാവിൽനിന്നു ജനിച്ചവനും ഏകജാതനും അതായത് പിതാവിന്റെ സത്തയിൽ നിന്നുള്ളവനും ദൈവത്തിൽ നിന്നുള്ള ദൈവവും പ്രകാശത്തിൽ നിന്നുള്ള പ്രകാശവും സത്യദൈവത്തിൽനിന്നുള്ള സത്യദൈവവും ജനിച്ചവനും സൃഷ്ടിയല്ലാത്തവനും സത്തയിൽ പിതാവിനോട് സമത്വമുള്ളവനും തന്നാൽ ആകാശത്തിലും ഭൂമിയിലുമുള്ള സകലവും നിർമ്മിക്കപ്പെട്ടവനും ആയ ഏക കർത്താവീശോമിശിഹായിലും ഞങ്ങൾ വിശ്വസിക്കുന്നു. അവൻ മനുഷ്യരായ നമുക്കും നമ്മുടെ രക്ഷയ്ക്കും വേണ്ടി താഴേയ്ക്കിറങ്ങി, ശരീരമെടുത്ത് മനുഷ്യനായി. അവൻ കഷ്ടപ്പെട്ട് മരിക്കുകയും, വീണ്ടും മൂന്നാം നാൾ ഉയിർത്തെഴുന്നേല്ക്കുകയും, സ്വർഗത്തിലേക്ക് കരേറുകയും ചെയ്തു. ജീവനുള്ളവരെയും മരിച്ചവരെയും വിധിക്കാൻ അവൻ വീണ്ടും വരും. പരിശുദ്ധാത്മാവിലും ഞങ്ങൾ വിശ്വസിക്കുന്നു. 'അവൻ ഇല്ലായി

www.malankaralibrary.com



രുന്ന ഒരു സമയം ഉണ്ടായിരുന്നു' എന്നോ, 'ജനിക്കുന്നതിനു മുമ്പ് അവൻ ഇല്ലായിരുന്നു' എന്നോ, ഇല്ലാതിരുന്ന അവസ്ഥയിൽ നിന്നു് അവൻ നിർമ്മിക്കപ്പെട്ടു എന്നോ, അവൻ മറെറാരു സാരാംശത്തിൽ അഥവാ, സത്തയിൽനിന്നാണു്' എന്നോ, 'അവൻ ഒരു സൃഷ്ടിയാണു്' എന്നോ 'മാററത്തിനും വ്യതിയാനത്തിനും വിധേയനാണു്' എന്നോ ദൈവപുത്രനെപ്പററി പറയുന്ന എല്ലാവരെയും കാതോലികവും ശ്ലൈഹികവുമായ സഭ പുറന്തള്ളുന്നു'.

അവിടെ സമ്മേളിച്ചിരുന്ന മുന്നൂററിപ്പതിനെട്ടു മെത്രാന്മാരും ഈ വിശ്വാസപ്രമാണം അംഗീകരിച്ചുറപ്പിച്ചു. ഈ അംഗീകാരം ഏകകണ്ഠമായിരുന്നുവെന്നു് എവുസേബിയസ് രേഖപ്പെടുത്തിയിരിക്കുന്നു. *'ഹോമോഉസിയോസ്'*, അതേ സത്ത അഥവാ സമസത്ത എന്ന പ്രയോഗത്തെ എതിർത്തുകൊണ്ടു് അഞ്ചു മെത്രാന്മാർ ഇതംഗീകരിച്ചില്ല: നിക്കൊമേദിയായിലെ എവുസേബിയസ്സ്, നിഖ്യായിലെ തെയോഗ്നീസ്സ്, കൽക്കദോനിയായിലെ മാരിസ്സ്, മർമറിക്കായിലെ തെയോനാസ്സ്, തോളെമായിസിലെ സെക്കൻഡ്രസ്സ് എന്നിവരായിരുന്നു അവർ. അവർ ഇപ്രകാരം പറഞ്ഞു: മറെറാന്നിൽ നിന്നുള്ള സമസത്ത വിഭജനം വഴിയോ, ഉല്പാദനം വഴിയോ, ബീജാങ്കുരണം വഴിയോ ഉണ്ടാകുന്നു. വേരിൽ നിന്നു് മുള ഉണ്ടാകുന്നതാണു് ബീജാങ്കുരണം അഥവാ മുളയ്ക്കൽ; മാതാപിതാക്കളിൽ നിന്നു് കുട്ടികൾ ഉണ്ടാകുന്നതാണു് ഉല്പാദനം; ഒരു പിണ്ഡത്തിൽ നിന്നു് രണ്ടോ മൂന്നോ സ്വർണപ്പാത്രങ്ങൾ ഉണ്ടാകുന്നതാണു് വിഭജനം. പുത്രൻ പിതാവിൽ നിന്നുണ്ടാകുന്നതു് ഈ വിധമൊന്നുമല്ല. അതുകൊണ്ടു് ഈ വിശ്വാസപ്രമാണം അംഗീകരിക്കാൻ സാധ്യമല്ല എന്നു് അവർ പ്രഖ്യാപിച്ചു. ഇപ്രകാരം *ഒരേ സത്ത* എന്ന പദത്തെ അവർ പുച്ഛിച്ചു തള്ളിക്കളഞ്ഞു. ആരിയൂസിനെ സ്ഥാനഭ്രഷ്ടനാക്കിയതു് അവർ അംഗീകരിച്ചില്ല. അതിനാൽ കൗൺസിൽ ആരിയൂസിനെയും അനുയായികളെയും ശപിച്ചു. ആരിയൂസ് അലക്സാൺഡ്രിയയിൽ പ്രവേശിക്കരുതെന്നു് നിരോധനവും പുറപ്പെടുവിച്ചു. ചക്രവർത്തി ആരിയൂസിനെ നാടുകടത്തുന്ന കല്പന പുറപ്പെടുവിച്ചു. എവുസേബിയസ്സ്, തെയോഗ്നീസ്സ് എന്നിവരെയും അവരുടെ അനുയായികളെയും ചക്രവർത്തി നാടുകടത്തി. എന്നാൽ എവുസേബിയസും തെയോഗ്നീസും തങ്ങൾക്കു മാനസാന്തരമുണ്ടായെന്നും പിതാവുമായി പുത്രൻ സമസത്തയാണു് എന്ന പ്രയോഗം സ്വീകാര്യമാണെന്നും അധികനാൾ കഴിയുന്നതിനു മുൻപു് എഴുതിക്കൊടുത്ത കാര്യം തുടർന്നു നാം വിവരിക്കുന്നതാണു്.

www.malankaralibrary.com



കൗൺസിലിന്റെ ഈ ഘട്ടത്തിൽ പലസ്തീനായിലെ കൈസറിയായിലെ മെത്രാനും പാംഫിലൂസ് എന്നും അപരനാമമുള്ളയാളുമായ എവുസേബിയസ് കൗൺസിലിൽ നിന്നു അല്പ സമയത്തേക്കു വിട്ടുമാറി നിന്നു. അദ്ദേഹം പിന്നീട് പര്യാപ്തമായ പരിചിന്തനത്തിനു ശേഷം കൗൺസിലിന്റെ വിശ്വാസപ്രഖ്യാപനം അംഗീകരിക്കാമെന്നു തീരുമാനിച്ചു. കൗൺസിൽ അംഗീകരിച്ച വിശ്വാസപ്രമാണം *ഒരേ സത്ത (ഹോമോ ഉസിയോസ്)* എന്ന വാക്കിന് ഒരർത്ഥവിശദീകരണത്തോടു കൂടി തന്റെ കീഴിലുള്ള ജനങ്ങളുടെ അറിവിലേയ്ക്കായി അദ്ദേഹം അയച്ചുകൊടുത്തു. ഇടക്കാലത്തു താൻ പ്രകടിപ്പിച്ച വൈമനസ്യത്തിന്റെ പേരിൽ പിന്നീടാരും ദുരാരോപണം പുറപ്പെടുവിക്കാതിരിക്കാൻ വേണ്ടിയായിരുന്നിതു്. എവുസേബിയസിന്റെ വാക്കുകൾ താഴെ ഉദ്ധരിക്കുന്നു.

'പ്രിയപ്പെട്ടവരേ, സഭാവിശ്വാസം സംബന്ധിച്ച് നിഖ്യായിൽ കൂടിയ സിനഡിൽ വച്ചു ചർച്ച ചെയ്ത സംഗതികൾ ഒരുപക്ഷേ മററാളുകളിൽ നിന്നു് ഇതിനോടകം നിങ്ങൾ ഗ്രഹിച്ചു കാണും; ഇവിടെ നടക്കുന്ന സംഗതികളെക്കുറിച്ചുള്ള കൃത്യമായ വിവരത്തിനു മുമ്പേ ഊഹാപോഹങ്ങൾ പരക്കാനാണിട. സംഗതികളുടെ നിജസ്ഥിതി പ്രസ്തുത റിപ്പോർട്ടുകളിൽ കോട്ടിമാട്ടി ചിത്രീകരിക്കപ്പെടാതിരിക്കാൻ, ആദ്യമായി നാം തന്നെ അവിടെ സമർപ്പിച്ച വിശ്വാസപ്രഖ്യാപനവും അതിനു ശേഷം പിതാക്കന്മാർ അതിനോട് ചില വാക്കുകൾ കൂട്ടിച്ചേർത്തുണ്ടാക്കിയ വിശ്വാസപ്രമാണവും എഴുതിച്ചേർക്കാൻ നാം നിർബന്ധിതനായിരിക്കയാണ്. ഏററം ഭക്തനായ ചക്രവർത്തിയുടെ മുൻപാകെ നാം വായിക്കുകയും, നല്ലതും സ്വീകരിക്കത്തക്കതുമെന്നു് അദ്ദേഹം പ്രഖ്യാപിക്കുകയും ചെയ്ത നമ്മുടെ പ്രബന്ധം ഇപ്രകാരമാണ്:

നമുക്കു മുമ്പേ പോയ മെത്രാന്മാരിൽനിന്നു് നാം സ്വീകരിച്ചതുപോലെയും വിശുദ്ധ സ്നാനം സ്വീകരിച്ചപ്പോൾ നമ്മുടെ ആദ്യമതപഠനത്തിൽ നിന്നും വി. ഗ്രന്ഥത്തിൽ നിന്നും നാം പഠിച്ചതുപോലെയും നാം വിശ്വസിച്ചതുപോലെയും, വൈദിക ജീവിതത്തിലും മെത്രാനെന്ന നിലയിലും പഠിപ്പിച്ചതുപോലെയും ഇപ്പോഴും നാം വിശ്വസിക്കുന്ന നമ്മുടെ വിശ്വാസപ്രമാണം നാമിവിടെ അവതരിപ്പിക്കുന്നു. അതിപ്രകാരമാണ്:

''സർവശക്തിയുള്ള പിതാവും ദൃശ്യാദൃശ്യങ്ങളുടെ നിർമ്മാതാവുമായ ഏക ദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു. ദൈവ

www.malankaralibrary.com



വചനവും ദൈവത്തിൽ നിന്നുള്ള ദൈവവും പ്രകാശത്തിൽ നിന്നുള്ള പ്രകാശവും ജീവനിൽ നിന്നുള്ള ജീവനും ഏകജാതനായ പുത്രനും എല്ലാ സൃഷ്ടികളുടെയും ആദ്യജാതനും യുഗങ്ങൾക്ക മുൻപ് പിതാവിൽ നിന്നും ജനിച്ചവനും തന്നാൽ സകലവും നിർമ്മിക്കപ്പെട്ടവനുമായ ഏക കർത്താവീശോമിശിഹായിലും (ഞങ്ങൾ വിശ്വസിക്കുന്നു). അവിടുന്ന് നമ്മുടെ രക്ഷയ്ക്കുവേണ്ടി ജഡം ധരിച്ച് മനുഷ്യരുടെ ഇടയിൽ ജീവിച്ചു. അവിടുന്നു കഷ്ടത സഹിച്ചു മരിച്ചു. മൂന്നാംനാൾ ഉയിർത്തെഴുന്നേററ് തന്റെ പിതാവിങ്കലേക്ക കരേറി. ജീവനുള്ളവരെയും മരിച്ചവരെയും വിധിക്കാൻ അവിടുന്ന് മഹത്വത്തോടെ വീണ്ടും വരും. ഏക പരിശുദ്ധാത്മാവിലും ഞങ്ങൾ വിശ്വസിക്കുന്നു''. പിതാവ് യഥാർത്ഥത്തിൽ പിതാവാണെന്നും പുത്രൻ യഥാർത്ഥത്തിൽ പുത്രനാണെന്നും പരിശുദ്ധാത്മാവ് യഥാർത്ഥത്തിൽ പരിശുദ്ധാത്മാവാണെന്നും അവർ സ്ഥിതിചെയ്യുന്നെന്നും നാം വിശ്വസിക്കുന്നു. പ്രസംഗിപ്പാൻ തന്റെ ശിഷ്യരെ അയച്ചുകൊണ്ട് നമ്മുടെ കർത്താവ് ഇപ്രകാരം പറഞ്ഞു: ''നിങ്ങൾ പോയി സകല ജാതികളെയും പഠിപ്പിച്ച് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവരെ സ്നാനപ്പെടുത്തുവിൻ (മത്താ.28:19). അവനെ സംബന്ധിച്ച് നാം ഇപ്രകാരം വിശ്വസിക്കുന്നു എന്ന് ആത്മധൈര്യത്തോടെ പ്രഖ്യാപിക്കുന്നു; ഇപ്രകാരം നാം ചിന്തിക്കുന്നു; മുമ്പ് ഇപ്രകാരം തന്നെ വിശ്വസിച്ചിരുന്നു. മരണംവരെ ഈ വിശ്വാസം നാം പാലിക്കുകയും ചെയ്യും. അതോടൊപ്പം എല്ലാ കൊടിയ പാഷണ്ഡതകളെയും നാം പരിത്യജിക്കുന്നു. ഓർമ്മവച്ച നാൾ മുതൽ ഇങ്ങനെ തന്നെ എപ്പോഴും നമ്മുടെ ആത്മാവിലും മനസ്സിലും നാം ചിന്തിച്ചിരുന്നു; ഇപ്പോഴും ഇപ്രകാരംതന്നെ ചിന്തിക്കയും സംസാരിക്കുകയും സർവശക്തനായ ദൈവത്തിന്റെ മുമ്പാകെ സാക്ഷ്യപ്പെടുത്തുകയും നമ്മുടെ കർത്താവീശോമിശിഹായെ സാക്ഷിയായി നാം പ്രഖ്യാപിക്കുകയും ചെയ്യുന്നു. മുൻപും ഇതു തന്നെയായിരുന്നു നമ്മുടെ വിശ്വാസവും പ്രബോധനവും എന്ന് തെളിവുകൾകൊണ്ട് നിങ്ങളെ കാണിക്കാനും ബോദ്ധ്യപ്പെടുത്താനും നമുക്ക സാധിക്കും.

നാം പരസ്യമായി പ്രഖ്യാപിച്ച വിശ്വാസപ്രമാണത്തിൽ പരസ്പരവിരുദ്ധമായി ഒന്നും ഇല്ലായിരുന്നു; പിന്നെയോ ഏററം സത്യവിശ്വാസപരമായ പ്രസ്താവനകളാണ് ഇതിലുള്ളതെന്ന് നമ്മുടെ ഏററം ഭക്തനായ ചക്രവർത്തി എല്ലാവരെക്കാളും മുമ്പേ സാക്ഷ്യപ്പെടുത്തി. താനും ഇപ്രകാരം തന്നെയാണ് ചിന്തിക്കുന്നതെന്ന് അദ്ദേഹം ഏററുപറയുകകൂടി ചെയ്തു. ഇതോടും ഇതിന്റെ പ്രഖ്യാപനങ്ങളോടും *ഒരേ സത്ത* (ഹോമോഉസിയോസ്)

www.malankaralibrary.com



എന്ന ഏകപദം മാത്രം കൂട്ടിച്ചേർത്ത് ഇതംഗീകരിക്കാൻ അദ്ദേഹം സന്നിഹിതരായവരെ ഉപദേശിച്ചു. 'ജഡങ്ങളുടെ ബന്ധം' എന്നയർത്ഥത്തിലല്ല പുത്രൻ പിതാവുമായി ഏകസത്തയായിരിക്കുന്നതു് എന്നു് അദ്ദേഹം വ്യാഖ്യാനിച്ചതു്. വിഭജനം വഴിയോ മറേറതെങ്കിലും വേർതിരിക്കൽ വഴിയോ പുത്രൻ പിതാവിൽ നിന്നു് ജനിച്ചു എന്ന അർത്ഥത്തിലല്ല; കാരണം പദാർത്ഥരഹിതവും ബൗദ്ധികവും അശരീരവുമായ സ്വഭാവത്തിനു് ശാരീരിക വേദനകൾക്കു് വിധേയമാകാൻ സാദ്ധ്യമല്ലല്ലോ? അത്തരം സംഗതികളെ ദൈവികവും അവാച്യവുമായ രീതിയിലാണു് നാം പരിഗണിക്കുന്നതു്. ഏററം ബുദ്ധിമാനും ഭക്തിനിറഞ്ഞവനുമായ നമ്മുടെ ചക്രവർത്തിയുടെ പരാമർശനങ്ങൾ ഇങ്ങനെ ഒക്കെ ആയിരുന്നു. 'സത്തയിൽ ഒന്നു്' എന്ന പ്രയോഗം ചേർത്തു് അവർ താഴെപ്പറയുന്ന ഫോർമുല ഉണ്ടാക്കി.

''സർവശക്തിയുള്ള പിതാവും ദൃശ്യാദൃശ്യങ്ങളുടെ നിർമ്മാതാവുമായ ഏകദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു. ദൈവത്തിൻെറ പുത്രനും പിതാവിൽനിന്നു ജനിച്ചവനും ഏകജാതനും അതായതു് പിതാവിൻെറ സത്തയിൽനിന്നുള്ളവനും ദൈവത്തിൽനിന്നുള്ള ദൈവവും പ്രകാശത്തിൽനിന്നുള്ള പ്രകാശവും സത്യദൈവത്തിൽനിന്നുള്ള സത്യദൈവവും ജനിച്ചവനും സൃഷ്ടിയല്ലാത്തവനും സത്തയിൽ പിതാവിനോടു് സമത്വമുള്ളവനും തന്നാൽ ആകാശത്തിലും ഭൂമിയിലുമുള്ള സകലവും നിർമ്മിക്കപ്പെട്ടവനും ആയ ഏക കർത്താവീശോമിശിഹായിലും ഞങ്ങൾ വിശ്വസിക്കുന്നു. അവൻ മനുഷ്യരായ നമുക്കും നമ്മുടെ രക്ഷയ്ക്കുംവേണ്ടി താഴേക്കിറങ്ങി, ശരീരമെടുത്തു് മനുഷ്യനായി. അവൻ കഷ്ടപ്പെട്ടു് മരിക്കുകയും, വീണ്ടും മൂന്നാംനാൾ ഉയിർത്തെഴുന്നേൽക്കുകയും, സ്വർഗ്ഗത്തിലേക്കു് കരേറുകയും ചെയ്തു. ജീവനുള്ളവരെയും മരിച്ചവരെയും വിധിക്കാൻ അവൻ വീണ്ടും വരും. പരിശുദ്ധാത്മാവിലും ഞങ്ങൾ വിശ്വസിക്കുന്നു. 'അവൻ ഇല്ലായിരുന്ന ഒരു സമയം ഉണ്ടായിരുന്നു' എന്നോ, 'ജനിക്കുന്നതിനു മുൻപു് അവൻ ഇല്ലായിരുന്നു' എന്നോ, 'ഇല്ലാതിരുന്ന അവസ്ഥയിൽനിന്നു് അവൻ നിർമ്മിക്കപ്പെട്ടു' എന്നോ, 'അവൻ മറെറാരു സാരാംശത്തിൽ അഥവാ, സത്തയിൽനിന്നാണു്' എന്നോ, 'അവൻ ഒരു സൃഷ്ടിയാണു്' എന്നോ 'മാററത്തിനും വ്യതിയാനത്തിനും വിധേയനാണു്' എന്നോ ദൈവപുത്രനെപ്പററി പറയുന്ന എല്ലാവരെയും കാതോലികവും ശ്ലൈഹികവുമായ സഭ പുറന്തള്ളുന്നു.'

'പിതാവിൻെറ സത്തയിൽ നിന്നു്' 'പിതാവിനോടു കൂടെ ഏകസത്ത' എന്നീ ഫോർമുലകൾ ഏതർത്ഥത്തിലാണവർ ഉപയോഗിച്ചതെന്നു് ചർച്ച് ചെയ്യാതെയല്ല ഞങ്ങൾ സ്വീക

www.malankaralibrary.com



രിച്ചിരിക്കുന്നതു്. തദനുസരണം പദങ്ങളെപ്രതി ചോദ്യോത്തരങ്ങളും നടന്നു. 'സത്തയിൽ നിന്നു്' എന്നതു്, 'യഥാർത്ഥത്തിൽ പിതാവിൽ നിന്നാണു് പുത്രന്റെ അസ്തിത്വം എന്നും അങ്ങനെയാണെങ്കിലും പിതാവിന്റെ ഭാഗമല്ലെന്നും സൂചിപ്പിക്കുന്നു.' ഈ അർത്ഥത്തിൽ പുത്രൻ പിതാവിൽ നിന്നാണെന്നും എങ്കിലും പിതാവിന്റെ സത്തയുടെ ഭാഗമല്ലെന്നും മററുമുള്ള മതതത്ത്വത്തിന്റെ സാരസത്ത അംഗീകരിക്കുന്നതു് യുക്തമാണെന്നു് ഞങ്ങൾക്കു തോന്നി. സമാധാനം കാംക്ഷിക്കുന്നതിനാലും സത്യവിശ്വാസത്തിൽ സ്ഥിരതയോടിരിക്കാൻ താൽപര്യമുള്ളതിനാലും 'സത്തയിൽ നിന്നു്' എന്ന പദപ്രയോഗം തള്ളിക്കളയാതെ, നാമും ഇതെല്ലാം അംഗീകരിച്ചു.

അതുപോലെ, 'ജനിച്ചവനും സൃഷ്ടിയല്ലാത്തവനും' എന്നതും നാം അംഗീകരിച്ചു. 'സൃഷ്ടിക്കപ്പെട്ട' എന്നതു് പുത്രനിലൂടെ സൃഷ്ടിക്കപ്പെട്ട സൃഷ്ടികൾക്കുള്ള പൊതുവായ പ്രയോഗമാണു്. പുത്രനു് അവയോടു് സാദൃശ്യം ഇല്ല. അതുകൊണ്ടു് അവർ പറയുന്നു, അവനിലൂടെ സൃഷ്ടിക്കപ്പെട്ട വസ്തുക്കളെപ്പോലെ അവൻ ഒരു വസ്തുവല്ല; മറിച്ചു് എല്ലാ സൃഷ്ടികളെക്കാളും ഉപരിസ്ഥമായ സത്തയാണു് അവനുള്ളതു്. 'അവൻ പിതാവിൽനിന്നു ജനിച്ചു' എന്നു് ദിവ്യപ്രബോധനം പഠിപ്പിക്കുന്നു. എന്നാൽ ജനനരീതി സൃഷ്ടിക്കപ്പെട്ട എല്ലാ സ്വഭാവത്തിനും വിശകലനാതീതവും അവാച്യവുമാണു്.

'പുത്രൻ പിതാവിനോടു് സത്തയിൽ ഒന്നാണു്' എന്നു് പറയുന്നതിനു് അടിസ്ഥാനമുണ്ടെന്നു് വിശകലനത്തിൽ നമുക്കു് മനസ്സിലായി. പദാർത്ഥങ്ങളെപ്പോലെയല്ല; നശ്വരവസ്തുക്കളെപ്പോലെയുമല്ല; കാരണം അവൻ അങ്ങനെ സത്ത വിഭജിച്ചോ, വേർപെട്ടോ, മറെറന്തെങ്കിലും ബന്ധംകൊണ്ടോ വ്യതിയാനംകൊണ്ടോ പിതാവിന്റെ സത്തയും ശക്തിയും മാറിയോ ഉണ്ടായതല്ല. (ഉത്ഭവമില്ലാത്ത പിതൃസ്വഭാവം ഇവയിൽനിന്നെല്ലാം അന്യമാണു്). മറിച്ചു്, 'സത്തയിൽ പിതാവുമായി ഒന്നു്' എന്നതു് സൃഷ്ടവസ്തുക്കളുമായി ദൈവപുത്രനു് 'സാദൃശ്യം' ഇല്ലെന്നു് സൂചിപ്പിക്കുന്നു. തന്നെ ജനിപ്പിച്ച പിതാവിനോടാണു് അവൻ എല്ലാവിധേനയും സദൃശ്യനായിരിക്കുന്നതു്. അവനു് പിതാവിനോടല്ലാതെ മററു യാതൊരു സത്തയുമായും 'ഹ്യൂപ്പോസ്റ്റസിസുമായും' സാമ്യമില്ല. ഇപ്രകാരം വ്യാഖ്യാനിക്കപ്പെട്ട ഈ പദവും അംഗീകരിക്കുന്നതു് യുക്തമാണെന്നു തോന്നി; കാരണം, പ്രാചീനരുടെ ഇടയിൽ പണ്ഡിതരും പ്രശസ്തരുമായ ചില മെത്രാന്മാരും എഴുത്തുകാരും 'സത്തയിൽ ഒന്നു്' എന്നു് പിതാവിനെയും പുത്രനെയും പററി അവരുടെ ദൈവ

www.malankaralibrary.com



ശാസ്ത്രപ്രബോധനത്തിൽ പ്രയോഗിച്ചിട്ടുണ്ടെന്നു് നമുക്കു് അറിവുള്ളതുമാണ്.

ഏററം ഭക്തനായ ചക്രവത്തിയുടെ മുൻപാകെ പ്രസിദ്ധീകൃതമായ വിശ്വാസം ചർച്ചചെയ്യാതെയല്ല. വിശകലനത്തിനു ശേഷം മാത്രം ഞങ്ങളെല്ലാവരും അംഗീകരിച്ചു. പിന്നെയോ, മുകളിൽ പറഞ്ഞ ന്യായങ്ങളാലാണ് അതു് സ്വീകരിക്കപ്പെട്ടതു്. അതേപ്പററി ഇത്രയും മതി. വിശ്വാസപ്രമാണത്തോടു കൂടി പ്രസിദ്ധീകൃതമായ ശാപങ്ങളെപ്പററി: "അതു് ഞങ്ങളെ വേദനിപ്പിച്ചില്ല; കാരണം, വി. ഗ്രന്ഥത്തിലില്ലാത്ത വാക്കുകൾ ഉപയോഗിക്കുന്നതു് അതു വിലക്കി; സഭയിലെ എല്ലാ കലക്കവും പ്രശ്നങ്ങളും അതിൽനിന്നാണല്ലോ ഉളവായതു്. ദിവ്യപ്രചോദിത ഗ്രന്ഥങ്ങളൊന്നും 'ഇല്ലായ്മയിൽനിന്നു്' 'ഒരിക്കൽ അവൻ ഇല്ലായിരുന്നു'. എന്നിത്യാദി പദങ്ങളൊന്നും ഉപയോഗിക്കാഞ്ഞതിനാൽ, അവ ഉപയോഗിക്കുവാനോ പഠിപ്പിക്കുവാനോ ഒരു ന്യായീകരണവും കണ്ടില്ല. അതു് ഒരു നല്ല തീരുമാനമായി കണ്ടതിനാൽ ഞങ്ങൾ അംഗീകരിച്ചു. ഈ പദങ്ങൾ ഉപയോഗിക്കുക ഇതുവരെ നമ്മുടെ പതിവായിരുന്നില്ല.

'തൻെറ ജനനത്തിനുമുൻപു് അവനില്ലായിരുന്നു' എന്ന പ്രസ്താവനയെ ശപിച്ചതു് തെററായി തോന്നിയില്ല; കാരണം, ശാരീരികമായ തൻെറ ജനനത്തിനു മുൻപ് ദൈവപുത്രനുണ്ടായിരുന്നു എന്നതു് എല്ലാവരും പ്രഖ്യാപിക്കുന്ന സംഗതിയത്രേ.

'യുഗങ്ങൾക്കു് മുമ്പുള്ള തൻെറ ദൈവികജനനമനുസരിച്ച് അവനുണ്ടായിരുന്നു' എന്നു് ഏററം ഭക്തനായ നമ്മുടെ ചക്രവർത്തിതന്നെ തദവസരം ഒരു പ്രസംഗത്തിൽ പറയുകയുണ്ടായി. ശക്തിയിൽ അവൻ ജനിപ്പിക്കപ്പെടുന്നതിനു മുൻപ് ജനനം കൂടാതെ അവൻ പിതാവിലായിരുന്നു; പിതാവു് സദാ പിതാവാണ്; സദാ രാജാവാണ്; സദാ രക്ഷകനാണ്; അതുപോലെ എല്ലാ കാര്യങ്ങളിലും എല്ലാ വിധത്തിലും ഒരുപോലെയാണ്.

പ്രിയരേ, ഞങ്ങളുടെ ചർച്ചയുടെയും തീരുമാനത്തിൻെറയും ഫലങ്ങൾ ഇവയാണ്. നമ്മുടേതിൽനിന്നു് വ്യത്യസ്തമായ പ്രസ്താവനകൾ എത്ര ന്യായമായി അവസാനനിമിഷംവരെ നാം എതിർത്തുകൊണ്ടിരുന്നു എന്നും വാക്കുകളുടെ കൃത്യമായ അത്ഥം വിശകലനം ചെയ്തിട്ടു്, നമുക്കു് ബുദ്ധിമുട്ടില്ലാത്തവ ചർച്ചകളൊന്നും കൂടാതെ എത്രവേഗം നാം അംഗീകരിച്ചെന്നും നാം പ്രസംഗിച്ചതും പ്രഖ്യാപിക്കുന്നതുമായ നമ്മുടെ വിശ്വാസപ്രമാണവുമായി എത്രമാത്രം ഒത്തുപോകുന്നെന്നും നിങ്ങളെ അറിയിക്കാൻ നാം ബാദ്ധ്യസ്ഥനായിരിക്കയാണ്.

www.malankaralibrary.com



ഇതാണ് എവുസേബിയസ് പാംഫിലി പലസ്തീനായിലെ കൈസറിയായിലുള്ള ക്രിസ്ത്യാനികൾക്കുവേണ്ടി എഴുതിയ കത്ത്. ഇതേസമയം കൗൺസിലിൽ സംബന്ധിച്ചിരുന്ന പിതാക്കന്മാർ ഏകകണ്ഠമായി അലക്സാണ്ഡ്രിയായിലെ സഭയെയും ഈജിപ്ത്, ലിബിയ, പെൻറാപ്പൊലീസ് എന്നീ സ്ഥലങ്ങളിലെ വിശ്വാസികളെയും സംബോധന ചെയ്ത് താഴെ കാണുംപ്രകാരം ഒരു ലേഖനം അയച്ചു.

## അധ്യായം 9

# നിഖ്യായിൽ സംബന്ധിച്ച പിതാക്കന്മാർ അലക്സാണ്ഡ്രിയൻ സഭയ്ക്ക് അയച്ച സിനഡൽ ലേഖനം

ദൈവകൃപയാൽ വിശുദ്ധവും മഹനീയവുമായ അലക്സാൺഡ്രിയൻ സഭയ്ക്കും; ഈജിപ്ത്, പെൻറാപ്പൊളീസ്, ലിബിയാ എന്നിവിടങ്ങളിലും ആകാശത്തിൻകീഴിൽ ഉള്ള എല്ലാ രാജ്യങ്ങളിലുംപെട്ട ഞങ്ങളുടെ ഏററം പ്രിയപ്പെട്ട സഹോദരന്മാരും സത്യവിശ്വാസികളുമായ വൈദികർക്കും ജനങ്ങൾക്കും:

നിഖ്യായിൽ സമ്മേളിച്ച മെത്രാന്മാരുടെ ഈ പരിശുദ്ധവും ശ്രേഷ്ഠവുമായ സിനഡ് കർത്താവിൽ ആയുരാരോഗ്യങ്ങൾ ആശംസിക്കുന്നു.

ക്രിസ്തുവിൻെറ കൃപയാൽ അതിശ്രേഷ്ഠനായ കോൺസ്റ്റൻറൈൻ ചക്രവർത്തി വിവിധ പ്രോവിൻസുകളിൽനിന്നും നഗരങ്ങളിൽനിന്നും ഞങ്ങളെ ക്ഷണിച്ച് പരിശുദ്ധവും മഹനീയവുമായ ഈ സിനഡ് നിഖ്യായിൽ വിളിച്ചുകൂട്ടി. സഭയുടെ വിശ്വാസം സംബന്ധിച്ച സംഗതികൾ ഞങ്ങൾ ചർച്ചചെയ്തു. ചില സംഗതികൾ നിങ്ങളെ എഴുതി അറിയിക്കുന്നതു് അത്യാവശ്യമാണെന്നു ഞങ്ങൾക്കു തോന്നി. ചർച്ചചെയ്തു വിശകലന വിധേയമാക്കിയവയും, തീരുമാനിച്ചുറപ്പിച്ചവയും ഏവയാണെന്നു് അറിയുവാൻ നിങ്ങൾക്കു് ഇതുവഴി സൗകര്യം ലഭിക്കും.

ആദ്യമായി ആരിയൂസിൻേറയും അയാളുടെകൂടെ നില്ക്കുന്നവരുടേയും അഭക്തി, വഴിപിഴച്ചിൽ എന്നിവ സംബന്ധിച്ച്

www.malankaralibrary.com



അതിശ്രേഷ്ഠനായ കോൺസ്റ്റൻടൈൻ ചക്രവർത്തിയുടെ മുമ്പിൽ വച്ച് അന്വേഷണം നടന്നു; ആരിയൂസിനെയും അയാളുടെ ഭക്തിരഹിതമായ അഭിപ്രായത്തെയും, ദൈവദൂഷണം നിറഞ്ഞ വാക്കുകളെയും ചിന്തകളെയും ശപിച്ചുതള്ളണമെന്ന് ഐക കണ്ഠ്യേന തീരുമാനിക്കപ്പെട്ടു: 'ഇല്ലായ്മയിൽനിന്നാണ്' ദൈവ പുത്രൻ; അവൻ ജനിപ്പിക്കപ്പെടുന്നതിനു മുമ്പ് അവനില്ലായി രുന്നു; ദൈവപുത്രൻ സ്വാതന്ത്ര്യേച്ഛയാൽ സുകൃതത്തിനും തിന്മ യ്ക്കും കഴിവുള്ളവനാണ്"; അവൻ ഒരു സൃഷ്ടിയാണ്'' എന്നിങ്ങ നെ ദൈവപുത്രനെപ്പററി അവൻ ദൈവദൂഷണം നടത്തി. അവൻെറ ഭക്തിരഹിതമായ പ്രബോധനവും, ഭ്രാന്തും, ദൈവദൂ ഷണം നിറഞ്ഞ വാക്കുകളും കേട്ട് അസഹ്യമായപ്പോഠം വിശുദ്ധ സിനഡ് ഇവയെല്ലാം ശപിച്ചു. അവനെതിരെയുള്ള ആരോപ ണങ്ങളും അതിൻെറ മറുപടിയും നിങ്ങഠം ഇതിനോടകം കേട്ടു കാണുമല്ലോ; വിശദവിവരങ്ങഠം പിന്നാലെ നിങ്ങഠംക്കു കേഠം ക്കാൻ സാധിക്കും. അവനു തൻെറ പാപത്തിനു തക്ക ശിക്ഷ കിട്ടി. ഞങ്ങഠം അവനെ കൂടുതൽ പീഡിപ്പിക്കുന്നു എന്ന തോന്നൽ കൊടുക്കാതിരിക്കുവാൻ കൂടുതലൊന്നും പറയുന്നില്ല. മർമറിക്കായിലെ തെയോനാസ്, തൊളേമായിസിലെ സെ ക്കൻഡസ് എന്നിവരെ നശിപ്പിക്കത്തക്കവിധം അവൻെറ അഭ ക്തി ശക്തമായി; അവരും അവനെപ്പോലെയുള്ള വിധി സമ്പാ ദിച്ചു.

ദൈവകൃപയാൽ ഈ പാഷണ്ഡതയിൽനിന്നും ദൈവദൂഷ ണത്തിൽനിന്നും, സമാധാനത്തിൽ വർത്തിച്ച ജനങ്ങളുടെ ഇട യിൽ കലഹവും പിളർപ്പും ഉണ്ടാക്കാൻ മുതിർന്ന ആളുകളിൽ നിന്നും, ഈജിപ്ററ് വിമോചിതയായി. പിന്നെ അവശേ ഷിച്ചത് മെലീഷ്യസിൻെറ അഹങ്കാരവും അവൻ പട്ടംകൊടു ത്തവരുടെ കാര്യവുമായിരുന്നു. പ്രിയ സഹോദരരേ, തൽസംബ ന്ധമായി സിനഡിൻെറ ഡിക്രികഠം നിങ്ങളെ ഞങ്ങഠം അറി യിക്കാൻ പോകയാണ്. മെലീഷ്യസിനോടു ശാന്തമായി പെരു മാറാൻ സിനഡ് തീരുമാനിച്ചു. അയാഠം തൻെറ പട്ടണത്തിൽ വസിക്കണമെന്നും, മറെറാരിടത്തും പട്ടം കൊടുക്കാനോ, ഭരി ക്കാനോ, നിയമനം നടത്താനോ പാടില്ലെന്നും കല്പിച്ചു. ഈ കാര്യങ്ങഠംക്കായി പട്ടണത്തിലോ നാട്ടിൻപുറത്തോ കാണപ്പെ ടാൻ പാടില്ല; ഈ സ്ഥാനത്തിൻെറ സംജ്ഞ മാത്രം ഉണ്ടായി രിക്കും. അയാഠം പട്ടം കൊടുത്തവർക്ക് വീണ്ടും കുറേക്കൂടി പാവ നമായ ഒരു കൈവെപ്പ് നല്കി താഴെപ്പറയുന്ന നിബന്ധനകഠംക്കു വിധേയമായി സഭാസംസർഗത്തിൽ ഉഠംപ്പെടുത്താം: അവർക്കു അവരുടെ സ്ഥാനത്തിൽ തുടരാം. കർമ്മങ്ങഠം നടത്താനുള്ള അവകാശവും ഉണ്ടായിരിക്കാം. എന്നാൽ ഏതെങ്കിലും പള്ളി

യിലോ, ഇടവകയിലോ പേർ രജിസ്റ്റർ ചെയ്തിട്ടുള്ള മററാളുകൾ
ഉണ്ടെങ്കിൽ അവരുടെയും നമ്മുടെ ബഹുമാന്യസഹോദരനായ
അലക്സാണ്ഡറിനാൽ നിയമിക്കപ്പെട്ടവരുടെയും കൂട്ടത്തിൽ അവ
സാന സ്ഥാനമേ ഇവർക്കുണ്ടായിരിക്കൂ.

നമ്മുടെ സഹപ്രവർത്തകനായ അലക്സാണ്ഡറിൻെറ കീഴിൽ
സേവനം അനുഷ്ഠിക്കുന്നവരും കാതോലികവും അപ്പസ്തോലി
കവും ആയ സഭയിലെ മെത്രാന്മാരും ആയവരുടെ സമ്മതം
കൂടാതെ തങ്ങൾക്ക് ഇഷ്ടമുള്ളവരെ നിയമിക്കുന്നതിനോ,
നാമനിർദ്ദേശം ചെയ്യുന്നതിനോ, മറെറന്തെങ്കിലും ചെയ്യുന്ന
തിനോ ഈ ആളുകൾക്ക് ഒരധികാരവും ഇല്ല. നിയമനങ്ങൾ
നടത്താനും, വൈദികരുടെ ഇടയിൽനിന്നു യോഗ്യരായവരെ
നാമനിർദ്ദേശം നടത്താനും, എന്നുവേണ്ട, സഭയുടെ നിയമവും ചട്ട
ങ്ങളുമനുസരിച്ച് എല്ലാം പ്രവർത്തിക്കുന്നതിനു് അർഹതയുള്ളവർ,
ദൈവകൃപയാലും നിങ്ങളുടെ പ്രാർത്ഥനയാലും ഒരു ശീശ്മയിലു
ഉൾപ്പെടാത്തവരും, കാതോലികവും ശ്ലൈഹികവുമായ സഭ
യിലെ കളങ്കരഹിതരായ മെത്രാന്മാരുമായ ആളുകളാണ്.
എന്നാൽ ഇപ്പോൾ സഭയിലുള്ള വൈദികഗണത്തിലാരെങ്കിലും
മരിച്ചാൽ, പുതുതായി സഭയിൽ സ്വീകരിക്കപ്പെട്ട ആളെ പിൻ
ഗാമിയായി നിയമിക്കാം; എന്നാൽ അവർ യോഗ്യരായിരി
ക്കണം; ജനങ്ങൾ തെരഞ്ഞെടുക്കണം, അലക്സാണ്ഡ്രിയാ
യിലെ മെത്രാൻ അതു് അംഗീകരിച്ചുറപ്പിക്കണം. ഇതു്
എപ്പോഴും പാലിക്കപ്പെടണം. ഈ സൗജന്യം എല്ലാവർക്കും
അനുവദിച്ചിരിക്കുന്നു; എന്നാൽ തൻെറ ക്രമരഹിതമായ നട
പടി മൂലവും സ്വഭാവത്തിൽ കാണുന്ന എടുത്തുചാട്ടവും സാഹ
സികതയും നിമിത്തവും. ഈ ഡിക്രി മെലീഷ്യസിനു് ബാധ
കമല്ല. ആദ്യം കാണിച്ച ക്രമരാഹിത്യം ആവർത്തിക്കപ്പെടാൻ
ഇടയുള്ളതിനാൽ ഒരധികാരവും അവകാശവും അയാൾക്ക് അനു
വദിക്കുന്നില്ല.

ഈജിപ്തിനും അലക്സാണ്ഡ്രിയയിലെ അതിവിശുദ്ധ
സഭയ്ക്കും താത്പര്യമുള്ള വിശദാംശങ്ങൾ ഇവയൊക്കെയാണ്;
എന്നാൽ അതിശ്രേഷ്ഠനും ഞങ്ങളുടെ സഹപ്രവർത്തകനും സഹോ
ദരനുമായ അലക്സാണ്ഡറിൻെറ സാന്നിദ്ധ്യത്തിൽ കാനൻ ആയോ
ഡിക്രിയായോ മററു് എന്തെങ്കിലും ഞങ്ങൾ ഉണ്ടാക്കിയാൽ
വിശദമായി അദ്ദേഹം അതു് നിങ്ങൾക്കു വിവരിച്ചുതരും; നടന്ന
സംഗതികളിലൊക്കെ അദ്ദേഹം ഒരു മാർഗദർശിയും സഹപ്രവർ
ത്തകനുമായിരുന്നു. വിശുദ്ധ ഉയിർപ്പിനെ സംബന്ധിച്ച് ധാര
ണയിലെത്തി എന്ന സദ്വാർത്തയും നിങ്ങളെ ഞങ്ങൾ അറി
യിക്കുന്നു: നിങ്ങളുടെ പ്രാർത്ഥനമൂലം ഈ സംഗതിയെക്കുറിച്ചും

www.malankaralibrary.com



ശരിയായ തീരുമാനമുണ്ടായി. മുമ്പ് യൂദക്രമമനുസരിച്ച് ഉയിർപ്പു കൊണ്ടാടിയിരുന്ന കിഴക്കുള്ള സഹോദരന്മാർ ഇനിമേൽ റോമാക്കാരുടെയും, നിങ്ങളുടെയും, ആരംഭം മുതൽ ഉയിർപ്പ് കൊണ്ടാടിയിരുന്നവരുടെയും രീതി അനുസരിച്ച് ഈ അതി ശ്രേഷ്ഠമായ ഉയിർപ്പ് ആചരിക്കണം.

ഈ സദ്ഫലങ്ങളിലും നമ്മുടെ പൊതുവായ സമാധാനത്തിലും ഐകമത്യത്തിലും സന്തോഷിച്ചുകൊണ്ടും, എല്ലാ പാഷണ്ഡതകളും വെട്ടിമാററിക്കൊണ്ടും നിങ്ങളുടെ മെത്രാനും ഞങ്ങളുടെ സഹപ്രവർത്തകനുമായ അലക്സാണ്ഡറെ, കൂടുതൽ ബഹുമാനത്തോടും വർദ്ധമാനമായ സ്നേഹത്തോടും കൂടെ സ്വീകരിക്കുവിൻ. അദ്ദേഹം തന്റെ സാന്നിദ്ധ്യംകൊണ്ട് ഞങ്ങളെ സന്തുഷ്ടരാക്കി. നിങ്ങളുടെയിടയിലും നമ്മുടെ എല്ലാവരുടേയും മദ്ധ്യത്തിലും സമാധാനം ഉണ്ടാകുവാനായി തന്റെ വാർദ്ധക്യത്തെ വകവയ്ക്കാതെ വളരെയധികം ക്ഷീണത്തിനും യാത്രയ്ക്കും വിധേയനായി. ഞങ്ങൾ തീരുമാനിച്ചവ നടപ്പായി കാണാൻ ഞങ്ങൾക്കുവേണ്ടിയും പ്രാർത്ഥിക്കുവിൻ. സർവശക്തനായ ദൈവത്തിന്റെയും തന്റെ ഏകജാതനും നമ്മുടെ കർത്താവുമായ ഈശോമിശിഹായുടെയും പരിശുദ്ധാത്മാവിന്റെയും മഹത്വത്തിനായിട്ടാണ് ഞങ്ങൾ ഇപ്രകാരം പ്രവർത്തിച്ചതെന്നു ഞങ്ങൾ വിശ്വസിക്കുന്നു. അവന് എന്നും മഹത്വമുണ്ടായിരിക്കട്ടെ. ആമെൻ.

സിനഡിന്റെ ഈ കത്തിൽനിന്നു ചില കാര്യങ്ങൾ വ്യക്തമാകുന്നുണ്ട്: അവർ ആരിയൂസിനെയും അനുയായികളേയും അവരുടെ പഠനങ്ങളേയും ശപിച്ചു; ഉയിർപ്പുതിരുനാളാഘോഷത്തെക്കുറിച്ച് അഭിപ്രായൈക്യത്തിൽ എത്തിച്ചേർന്നു; പാഷണ്ഡിയായിരുന്ന മെലീഷ്യസിനെ സഭയുടെ സമൂഹത്തിലേക്ക് അവർ സ്വീകരിച്ചു. മെലീഷ്യസിന്റെ മെത്രാൻ സ്ഥാനം നിലനിർത്തിയെങ്കിലും മെത്രാനടുത്ത അധികാരങ്ങൾ പ്രയോഗിക്കുന്നതിൽനിന്ന് അദ്ദേഹത്തെ തടഞ്ഞു. ഇന്നും മെലീഷ്യസിന്റെ അനുയായികൾ ഈജിപ്തിലെ സഭയിൽ നിന്ന് വേർപെട്ടാണു കഴിയുന്നത്. സിനഡ് അദ്ദേഹത്തിന്റെ അധികാരം എടുത്തുകളഞ്ഞതാകാം ഇതിനു കാരണം. ആരിയൂസ് തന്റെ വാദഗതികൾ സമർത്ഥിച്ചുകൊണ്ട് താലിയാ എന്നപേരിൽ ഒരു പ്രബന്ധമെഴുതി എന്ന കാര്യം ശ്രദ്ധേയമാണ്. വളരെ അവ്യവസ്ഥിത ശൈലിയാണ് ആ ഗ്രന്ഥത്തിനുള്ളത്. സൊതാദെസിന്റെ പാട്ടുകളുടെ ശൈലിയോടും താളത്തോടും ഒത്തുപോകുന്നതാണിത്. ഈ പ്രബന്ധത്തെയും കൗൺസിൽ ശപിച്ചു.

www.malankaralibrary.com



കൗൺസിൽ പിതാക്കന്മാരെന്നപോലെ കോൺസ്ററൻറ യിൻ ചക്രവർത്തിയും കൗൺസിൽ തീരുമാനങ്ങളെ സംബ ന്ധിച്ച് അലക്സാന്ത്രിയൻ സഭയെ സംബോധനചെയ്ത് ഒരു കത്തെഴുതി.

## ചക്രവർത്തിയുടെ കത്ത്

കോൺസ്ററൻറയിൻ അഗസ്ററസ്, അലക്സാന്ത്രിയാ യിലെ കത്തോലിക്കാസഭയ്ക്ക് എഴുതുന്നത്. പ്രിയ സഹോദ രരേ, സ്വസ്തി. ദൈവപരിപാലനയാൽ, തെററുകളിൽനിന്നു വിമുക്തരായിരിക്കുന്നതിനുള്ള അമൂല്യമായ ദാനം നമുക്കു ലഭി ച്ചിരിക്കുന്നു. ഒരേ വിശ്വാസത്തിൻെറ പ്രഖ്യാപനത്തിൽ നാം യോജിച്ചിരിക്കുകയും ചെയ്യുന്നു. പിശാചിനു് നമുക്കെ തിരെ ഇനി ഒരു ശക്തിയും ഉണ്ടായിരിക്കുകയില്ല; എന്തുകൊ ണ്ടെന്നാൽ നമ്മുടെ വിനാശത്തിനുവേണ്ടി അവൻ ദുരുദ്ദേശ്യ ത്തോടെ കെട്ടിപ്പടുത്ത ക്രമീകരണങ്ങളെല്ലാം പാടേ തകർ ത്തെറിയപ്പെട്ടിരിക്കുന്നു. ദൈവകല്പനയാൽ സത്യത്തിൻെറ മഹത്വം ഭിന്നതകളെയും പാഷണ്ഡതകളെയും കലാപങ്ങളെ യും വിഷമയങ്ങളായ എല്ലാ അനൈക്യങ്ങളെയും നിമ്മാജ്ജനം ചെയ്തിരിക്കുന്നു. നാമെല്ലാവരും ഏകസത്യദൈവത്തെ ആരാ ധിക്കുന്നു. അവിടുത്തെ അസ്തിത്വത്തിൽ നാം വിശ്വസി ക്കുന്നു. യഥാർത്ഥദൈവത്തിൻെറ ആരാധന നിലനിൽക്കുന്ന തിനുവേണ്ടി, ദൈവനിശ്ചയത്താൽ, മെത്രാന്മാരിൽ മിക്കവ രെയും ഞാൻ നിഖ്യാനഗരത്തിൽ വിളിച്ചുകൂട്ടി. നിങ്ങളിൽ ഒരുവനും നിങ്ങളോടൊപ്പം ദൈവശുശ്രൂകനായിരിക്കുന്നതിൽ അഭിമാനിക്കുന്നവനുമായ ഈയുള്ളവനും അവരോടൊപ്പം സത്യാ ന്വേഷണ വിചിന്തനങ്ങളിൽ പങ്കുകൊണ്ടു. അവ്യക്തതമൂലം അഭിപ്രായഭേദത്തിനു സൗകര്യം നൽകുന്നതായി തോന്നിയ എല്ലാകാര്യങ്ങളും അവിടെ വിശദമായി ചർച്ചചെയ്യുകയും നിഷ്കൃഷ്ടമായി പരിശോധിക്കുകയും ചെയ്തു. നമ്മുടെ ജീവനും പ്രതീക്ഷയുമായ ശക്തനായ രക്ഷകനെക്കുറിച്ച് ചിലയാളുകൾ ചൊരിഞ്ഞ ദൂഷണങ്ങളുടെ വൈപുല്യത്തിന് ദൈവംതന്നെ മാപ്പു കൊടുക്കട്ടെ. ദൈവികപ്രചോദനമുള്ള വിശുദ്ധ ലിഖി തങ്ങളിൽ പ്രതിപാദിതങ്ങളായ ആശയങ്ങൾക്കു വിരുദ്ധമായ കാര്യങ്ങൾ വിശ്വസിക്കുന്നുവെന്നു പ്രഖ്യാപിക്കാൻ അവക്കു ലജ്ജയില്ലായിരുന്നു. മിതവാദിത്വത്തിനും ബുദ്ധികൂമ്മതയ്ക്കും പ്രഖ്യാതരായ മുന്നൂറിലധികം മെത്രാന്മാർ അവരുടെ വിശ്വാസ പ്രഖ്യാപനത്തിൽ ഏകാഭിപ്രായക്കാരായിരുന്നു. സത്യവും വിശ്വാസത്തിൻെറ നിയമാനുസൃതമായ ക്രമീകരണവും അനു സരിച്ച് അതു മാത്രമേ യഥാത്ഥസത്യവിശ്വാസമാകൂ. വിശ്വാ

www.malankaralibrary.com



സത്തിനെതിരായുള്ള ഈ കുഴപ്പങ്ങളെല്ലാം കുത്തിപ്പൊക്കാൻ പിശാചിന്റെ കൊടിയ കൗശലത്താൽ പ്രേരിതനായി പ്രവർത്തിച്ചതു് ആരിയൂസ് മാത്രമാണെന്നു് അന്നു വ്യക്തമായി. അയാൾ ആദ്യം പ്രസ്തുത വികല തത്വങ്ങൾ നിങ്ങളുടെയിടയിലും പിന്നീടു് അവിശുദ്ധമായ ലക്ഷ്യങ്ങളോടുകൂടി മററുള്ളവരുടെയിടയിലും പ്രചരിപ്പിച്ചു. അതിനാൽ സർവ്വശക്തൻ നമുക്കു വെളിപ്പെടുത്തിത്തന്നിരിക്കുന്ന സത്യവിശ്വാസത്തെ നമുക്കു മുറുകെ പിടിക്കാം. പിശാചിന്റെ അനാദരണീയനായ ഒരു കിങ്കരൻ ആരിൽനിന്നാണോ നമ്മെ അകററിക്കളഞ്ഞതു്, നമ്മുടെ ആ യഥാർത്ഥ സഹോദരന്മാരുടെ പക്കലേയ്ക്കു നമുക്കു പിന്തിരിയാം. കഴിയുന്നത്ര വേഗത്തിൽ നമുക്കു് നമ്മുടെ പൊതുവായ ശരീരത്തിലേയ്ക്കും സ്വാഭാവികമായ അവയവങ്ങളിലേയ്ക്കും തിരിച്ചുചെല്ലാം. അതാണു് നിങ്ങളുടെ ഉൾക്കാഴ്ചയ്ക്കും വിശ്വാസത്തിനും വിശുദ്ധിക്കും യുക്തമായിട്ടുള്ളതു്. സത്യത്തിന്റെ ശത്രുവായിട്ടുള്ളവനിൽനിന്നാണു് തെററു വന്നിട്ടുള്ളതെന്നു തെളിഞ്ഞിരിക്കുന്നതിനാൽ നിങ്ങൾ ദൈവപ്രീതിയിലേയ്ക്കു പിന്തിരിയണം. മുന്നൂറു മെത്രാന്മാരുടെ പിന്തുണ ലഭിച്ച ഒരാശയം ദൈവത്തിനു് അഭിമതമായ തത്വമല്ലാതിരിക്കുകയില്ല. ഉന്നതന്മാരായ അത്രയും വ്യക്തികളുടെ മനസ്സുകളെ പ്രകാശിപ്പിച്ച പരിശുദ്ധാത്മാവു് ദൈവഹിതം അവർക്കു വെളിപ്പെടുത്തിയിരിക്കും. അതിനാൽ ആരും ചഞ്ചലപ്പെടുകയോ സംശയിച്ചു നിൽക്കുകയോ അരുതു്. എല്ലാവരും സംശയാതീതമായ കർത്തവ്യത്തിന്റെ മാർഗ്ഗത്തിലേക്കു് താല്പര്യപൂർവ്വം തിരിച്ചു വരട്ടെ. കഴിയുന്നതും വേഗത്തിൽ ഞാൻ നിങ്ങളുടെ മദ്ധ്യത്തിലേയ്ക്കു വരും. അപ്പോൾ എല്ലാകാര്യങ്ങളുടെയും പരിശോധകനായ ദൈവത്തിനു് നിങ്ങളോടൊപ്പം നന്ദി പ്രകാശിപ്പിക്കുവാൻ എനിക്കു കഴിയട്ടെ. കലർപ്പററ സത്യം വെളിപ്പെടുത്തിത്തന്നതിനും നിങ്ങൾ പ്രാർത്ഥിച്ചുകൊണ്ടിരുന്ന ആ സ്നേഹത്തിലേയ്ക്കു നിങ്ങളെ പ്രത്യാനയിച്ചതിനുമാണു് ദൈവത്തിനു നന്ദിപറയേണ്ടതു്. പ്രിയ സഹോദരരേ, ദൈവം നിങ്ങളെ രക്ഷിക്കട്ടെ''.

ഇങ്ങനെ ചക്രവർത്തി അലക്സാന്ത്രിയായിലെ ക്രിസ്ത്യാനികൾക്കെഴുതി. വിശ്വാസപ്രഖ്യാപനം രൂപീകരിച്ചതു് തിടുക്കത്തിലോ അശ്രദ്ധമായിട്ടോ അല്ല എന്നും വളരെ അന്വേഷണങ്ങൾക്കും കൃത്യമായ ഗവേഷണങ്ങൾക്കും ശേഷമാണു് അതു രൂപീകരിച്ചതെന്നും അദ്ദേഹം അവർക്കു് ഉറപ്പു നൽകി. ചില കാര്യങ്ങൾ ചർച്ച് ചെയ്യുകയും മററുചില കാര്യങ്ങൾവിട്ടുകളയുകയും ചെയ്തില്ലെന്നും എല്ലാ വിഷയങ്ങളെക്കുറിച്ചും അനുകൂലമായും പ്രതികൂലമായും ഉന്നയിക്കാനുള്ള സകല വാദമുഖ

www.malankaralibrary.com



ങ്ങളും കേട്ടതിനുശേഷമാണ് തീരുമാനങ്ങൾ എടുത്തതെന്നും അദ്ദേഹം വ്യക്തമാക്കി. അവിടെ സമ്മേളിച്ചവർ പ്രകടിപ്പിച്ച ചിന്തകളെല്ലാം ദൈവീകചിന്തകളായിരുന്നുവെന്നും മെത്രാന്മാർ എത്തിച്ചേർന്ന അഭിപ്രായൈക്യം പരിശുദ്ധാത്മാവിന്റെ ദാനമാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. മാസിഡോണിയൻ പാഷണ്ഡതയുടെ പ്രമുഖവക്താവായിരുന്ന സബീനൂസ് ഈ ആധികാരികതയെ പൂർണ്ണമായി നിഷേധിക്കുകയാണു ചെയ്യുന്നത്. അവിടെ സമ്മേളിച്ചിരുന്നവരെല്ലാം അജ്ഞരും നിരക്ഷരരും ആയിരുന്നുവെന്ന് അയാൾ ആക്ഷേപിക്കുന്നു. കൈസറിയായിലെ എവുസേബിയസിനെപ്പോലും അജ്ഞനെന്നു വിശേഷിപ്പിക്കാൻ അയാൾ മടിക്കുന്നില്ല. കൗൺസിലിൽ പങ്കെടുത്തവരെല്ലാം അറിവു കുറഞ്ഞവരായിരുന്നെങ്കിൽപ്പോലും ദൈവദത്തമായ വെളിച്ചംകൊണ്ടും പരിശുദ്ധാത്മാവിന്റെ കൃപകൊണ്ടും സത്യത്തിൽനിന്നു വ്യതിചലിക്കുക അവർക്ക് അസാദ്ധ്യമായിരിക്കും എന്ന വസ്തുത അയാൾ അവഗണിക്കുന്നു.

ആരിയൂസിനും അനുയായികൾക്കും എതിരായി ചക്രവർത്തി പുറപ്പെടുവിച്ച മറ്റൊരു കല്പന നമുക്കിനി പരിഗണിക്കാം. ഇതു് എല്ലാ സ്ഥലത്തുമുള്ള മെത്രാന്മാർക്കും ജനങ്ങൾക്കും അദ്ദേഹം അയച്ചുകൊടുത്തു.

## ചക്രവർത്തിയുടെ മറ്റൊരു കത്ത്

''വിക്ടർ കോൺസ്റ്റന്റൈൻ മാക്സിമൂസ് അഗസ്റ്റസ്" മെത്രാന്മാർക്കും ജനങ്ങൾക്കും എഴുതുന്നതു്: ആരിയൂസ് അനുകരിച്ചതു് ദുഷ്ടന്മാരും ഭക്തിശൂന്യരും ആയ ആളുകളെയാണ്. അതിനാൽ അവരുടെ തുല്യമായ അപമാനം അയാൾക്കും ഉണ്ടാകണം. ഭക്തിയുടെ വൈരിയായ പൊർഫീരി മതത്തിനു വിരുദ്ധമായി തോന്ന്യാസങ്ങൾ നിറഞ്ഞ ലിഖിതങ്ങൾ ചമച്ചു. അയാൾക്ക് അതിനു യോജിച്ച പ്രായശ്ചിത്തം ലഭിച്ചു. അയാൾക്കു് തന്റെ ദുഷ്കൃത്യങ്ങൾക്കനുസൃതമായ ദുഷ്കീർത്തിയും ഭർത്സനങ്ങളും നൽകപ്പെട്ടു. അയാളുടെ ദുഷ്ടത നിറഞ്ഞ ലിഖിതങ്ങളെല്ലാം നശിപ്പിക്കപ്പെട്ടു. അതുപോലെ ആരിയൂസിനെയും അയാളുടെ അഭിപ്രായങ്ങൾ അംഗീകരിക്കുന്നവരെയും പൊർഫീരിയന്മാരായി വകയിരുത്തണം. ആരുടെ പെരുമാററമാണോ അവർ അനുകരിക്കുന്നതു്, അതനുസരിച്ചുള്ള വിശേഷണങ്ങൾ അവർക്കു നൽകണം. ആരിയൂസിന്റെ ഏതെങ്കിലും ലിഖിതങ്ങൾ കണ്ടെത്തിയാൽ അവ ഉടൻ അഗ്നിക്കിരയാക്കണം. അയാളുടെ നീചതത്ത്വങ്ങൾ അടിച്ചമർത്തപ്പെടണമെന്നു മാത്രമല്ല, അയാളെ സംബന്ധിച്ച സ്മാരകങ്ങളൊന്നും അവശേഷിക്കുകയുമരുതു്. അതി

www.malankaralibrary.com



നാൽ ഞാൻ ഇപ്രകാരം ആജ്ഞാപിക്കുന്നു: ആരെങ്കിലും ആരിയൂസ് രചിച്ച ഏതെങ്കിലും പുസ്തകം ഒളിച്ചുവച്ചിരിക്കുന്നതായി കണ്ടെത്തിയാൽ, അഥവാ ഉള്ള പുസ്തകം അയാാം ഉടൻ കൊണ്ടുവന്നു് പരസ്യമായി അഗ്നിക്കിരയാക്കിയില്ലെങ്കിൽ അയാാംക്കു് വധശിക്ഷ ലഭിക്കും. കുററം തെളിഞ്ഞാൽ ഉടൻ തന്നെ അയാളുടെ ശിരച്ഛേദം നടത്തേണ്ടതാണ്. ദൈവം നിങ്ങളെ സംരക്ഷിക്കട്ടെ.''

## മറെറാരു കത്ത്

''കോൺസ്റ്റൻറയിൻ അഗസ്റ്റസ് സഭകാംക്കു് എഴുതുന്നതു്:

രാജ്യകാര്യങ്ങളിൽ അനുഭവപ്പെടുന്ന പ്രവൃദ്ധമായ ക്ഷേമം മൂലം ദൈവാനുഗ്രഹത്തിൻെറ ശക്തി എത്രയാണെന്നനുഭവിച്ചറിഞ്ഞുകൊണ്ടു് ഒരു കാര്യം ഞാൻ തീർച്ചയാക്കിയിരിക്കുന്നു: കത്തോലിക്കാ സഭയുടെ എല്ലാ സ്ഥലത്തെയും സമൂഹങ്ങളിൽ ഒരേ വിശ്വാസവും ആത്മാർത്ഥമായ സ്നേഹവും സർവ്വശക്തനായ ദൈവത്തോടു് ഒരേ തരത്തിലുള്ള ഭക്തിയും നിലനിൽക്കുന്നതിനാവശ്യമായതെല്ലാം ചെയ്യുന്നതിൽ മറെറന്തിലുമുപരിയായി ഞാൻ ശ്രദ്ധിക്കും. എല്ലാ മെത്രാന്മാരുമല്ലെങ്കിൽ മെത്രാന്മാരിൽ ബഹുഭൂരിപക്ഷം പേരെങ്കിലും ഒരു സ്ഥലത്തു സമ്മേളിച്ചു കാര്യങ്ങാം ചർച്ച ചെയ്തു തീരുമാനിക്കാതെ ഇക്കാര്യം പ്രായോഗികമാവുകയില്ലെന്നും എനിക്കു തോന്നി. അവർ ഒരു കൗൺസിലായി ചേർന്നു് ഏററവും പരിശുദ്ധമായ നമ്മുടെ മതത്തിൻെറ കാര്യങ്ങാം എല്ലാ വശങ്ങളും വിശദമായി ചർച്ച ചെയ്യണം. അതിനാൽ കഴിയുന്നത്ര മെത്രാന്മാരെ ഇതിനായി വിളിച്ചുകൂട്ടി. നിങ്ങളിൽ ഒരുത്തനായി ഞാനും ആ സമ്മേളനത്തിൽ സന്നിഹിതനായിരുന്നു. നിങ്ങളുടെ ഒരു സഹശുശ്രൂഷകനായിരിക്കുന്നതാണ് എനിക്കു് ഏററവും ഇഷ്ടമുള്ള കാര്യം എന്നു് ഏററുപറഞ്ഞുകൊള്ളട്ടെ. വിശ്വാസത്തെ സംബന്ധിച്ച സകല കാര്യങ്ങളും വളരെ സൂക്ഷ്മമായി അവിടെ ചർച്ച ചെയ്തു. സകലവും പരിശോധിച്ചറിയുന്നവനായ ദൈവത്തിനു സ്വീകാര്യമായ തീരുമാനങ്ങാം സ്വീകരിക്കപ്പെട്ടു. മതവിശ്വാസത്തിൻെറയും ആചരണത്തിൻെറയും ഏകരൂപതയ്ക്കുവേണ്ടി അവയെല്ലാം പ്രസിദ്ധീകരിക്കപ്പെടുകയും ചെയ്തു. വിശ്വാസകാര്യങ്ങളിൽ ഭാവിയിൽ അഭിപ്രായഭിന്നതകളോ വാദവിവാദങ്ങളോ ഉണ്ടാകാതിരിക്കുന്നതിനു വേണ്ടിയാണങ്ങനെ ചെയ്തതു്.

ഏററവും പരിശുദ്ധ ദിനമായ ഉയിർപ്പുതിരുനാളിൻെറ കാര്യവും പരിഗണനാവിഷയമായി. എല്ലാ സ്ഥലത്തുമുള്ള

www.malankaralibrary.com



ക്രിസ്ത്യാനികൾ ഒരേ ദിവസംതന്നെ ഈ തിരുനാൾ ആഘോഷി ക്കേണ്ടതാണെന്ന് അവിടെ തീരുമാനിക്കപ്പെട്ടു. അമർത്യത യുടെ പ്രതീക്ഷ നമുക്ക് ഏതിൽനിന്നാണോ ലഭ്യമാകുന്നത്, ആ ഉയിർപ്പുതിരുനാൾ എല്ലായിടത്തും ഒരേ രീതിയിൽ ആഘോ ഷിക്കപ്പെടുന്നതിലധികം ഉചിതവും ഉദാത്തവുമായി മറെറന്താ ണുള്ളത്! അത്യുന്നതമായ ഈ തിരുനാൾ യൂദന്മാരുടെ ആചാര മനുസരിച്ച് ആഘോഷിക്കുന്നത് വളരെ മോശമാണെന്ന് ആദ്യ മായിത്തന്നെ തീരുമാനിക്കപ്പെട്ടു. ഏററവും ഹീനമായ ഒരു ദുഷ്കർമ്മത്തിൽ പങ്കാളികളായവരാണല്ലോ അവർ. അതു വഴി അവർ സ്വന്തം ആത്മാക്കളെ പാപപങ്കിലമാക്കി, ശരിക്കും അന്ധരായിത്തീർന്നു. അതിനാൽ അവരുടെ ആചാരങ്ങളെ യെല്ലാം വലിച്ചെറിഞ്ഞിട്ട് നമ്മുടെ കർത്താവിൻെറ പീഡാനു ഭവം മുതൽ ഇന്നുവരെ നാം അനുവർത്തിച്ചുവന്ന രീതിതന്നെ നാം പിന്തുടരുന്നതാണ് ഏററവും യുക്തമായിട്ടുള്ളത്.

യഹൂദന്മാരുടെതിൽനിന്നു വളരെ വ്യത്യസ്തമായ ഒരു രീതി യാണ് നമ്മുടെ രക്ഷകനിൽനിന്നു നമുക്കു ലഭിച്ചിട്ടുള്ളത്. മതാ ചരണത്തെ സംബന്ധിച്ച് വളരെ കണിശവും നിയമാനുസൃത വുമായ രീതികൾ നമുക്കു ലഭിച്ചിട്ടുണ്ട്. നമുക്ക് അവയെ ഏകാഭിപ്രായത്തോടെ പിന്തുടരുകയും യഹൂദരോടുള്ള നികൃഷ്ട സമ്പർക്കത്തിൽനിന്നു വിട്ടുനിൽക്കുകയും ചെയ്യാം. ഞങ്ങളുടെ ബോധനമില്ലാതെ നിങ്ങൾക്ക് ഇക്കാര്യങ്ങളൊന്നും ശരിയായി നിർവഹിക്കാൻ സാദ്ധ്യമല്ലെന്നു യഹൂദന്മാർ അവകാശപ്പെടു ന്നതു് ശുദ്ധ അസംബന്ധംതന്നെ. തങ്ങളുടെ കർത്താവിനെ കൊന്നതുമൂലം യൂദന്മാർ സുബോധം നശിച്ച ഒരു ജനതയായി ത്തീർന്നിരിക്കുകയാണ്. യുക്തിപരമായ ചിന്തകൾ കൊണ്ടല്ല, അനിയന്ത്രിതമായ ആവേശംകൊണ്ടാണ് അവർ നയിക്കപ്പെ ടുക. അങ്ങനെയുള്ളവർക്ക് ഏതു കാര്യത്തെക്കുറിച്ചാണ് ഉചി തമായ ഒരു തീരുമാനം സ്വീകരിക്കാൻ പ്രാപ്തിയുണ്ടാവുക? അതിനാൽ ഈ വിഷയത്തിലും സത്യം കണ്ടെത്താൻ അവർക്കു കഴിയുകയില്ല. എപ്പോഴും തെററായ വഴിയിലൂടെ നീങ്ങുന്ന അവർ ഈ വിഷയത്തിലും തെററുതിരുത്താനാകാതെ പെസഹാ ത്തിരുനാൾ ഒരേ വർഷം രണ്ടു പ്രാവശ്യം ആഘോഷിക്കുന്നു. വലിയ തെററിൽ ഉൾപ്പെട്ടവരെന്ന് അംഗീകരിക്കപ്പെട്ടവരുടെ മാതൃക പിന്നെ നാം എന്തിനാണ് പിൻചെല്ലുന്നത്? തീർച്ച യായും ഒരേ വർഷം രണ്ടുപ്രാവശ്യം പെസഹാ ആചരിക്കാൻ പാടില്ല. ഈ വക ന്യായങ്ങളൊന്നും ഞാൻ നിങ്ങളുടെ പരി ചിന്തനത്തിനു സമർപ്പിക്കുന്നില്ല എന്നു വരുക. എങ്കിൽപ്പോലും അത്ര അധഃപതിച്ച ജനതയായ യഹൂദരുടെ സമ്പ്രദായങ്ങളോട് യാതൊരുവിധത്തിലും സമ്പർക്കം പുലർത്താൻ പാടുള്ളതല്ല

www.malankaralibrary.com



എന്നു് സാമാന്യബോധംകൊണ്ടു് നിങ്ങൾക്ക മനസ്സിലാക്കാൻ കഴിയുന്നതാണ്. ഒരു വസ്തുതകൂടെ നാം പരിഗണിക്കേണ്ടതുണ്ടു്: ഇത്ര സുപ്രധാനമായ ഒരു വിഷയത്തിൽ ചെറുതായ മതഭേദം പോലും അനാചാരപരമായിരിക്കും.

നമ്മുടെ രക്ഷയുടെ അനുസ്മരണ ദിനമായി നമ്മുടെ രക്ഷകൻ നിർദ്ദേശിച്ചിട്ടുള്ളതു് ഒരു ദിവസം മാത്രമാകുന്നു. തന്റെ പരിശുദ്ധതമമായ പീഡാനുഭവത്തിന്റെ ദിവസം. തന്റെ കത്തോലിക്കാസഭ ഏകമായിരിക്കണമെന്നും അവിടുന്നു് ആഗ്രഹിച്ചു. ആ സഭയുടെ അംഗങ്ങൾ പരസ്പരം എത്ര അകലെയുള്ള സ്ഥലങ്ങളിൽ ചിതറിയാണു വസിക്കുന്നതെങ്കിലും ഒരേ ചൈതന്യത്താൽ – ദൈവത്തിന്റെ തിരുമനസ്സിനാൽ – സംരക്ഷിക്കപ്പെടുന്നു. ആ നിലയ്ക്കു് തന്റെ സഭയിലെ ചില അംഗങ്ങൾ ഉപവാസം അനുഷ്ഠിക്കുമ്പോൾ വേറെ ചില അംഗങ്ങൾ ആഘോഷപൂർവ്വം തിരുനാൾ ആചരിക്കുന്നതിലെ, അല്ലെങ്കിൽ ഉയിർപ്പിനുശേഷം ചിലർ ആഘോഷങ്ങളിലും സന്തോഷങ്ങളിലും മുഴുകുമ്പോൾ മററുള്ളവർ നിശ്ചിത ഉപവാസം അനുഷ്ഠിക്കുന്നതിലെ, അനൗചിത്യവും വൈരുദ്ധ്യവും എത്ര വലുതാണെന്നു് നിങ്ങൾ ആലോചിച്ചു നോക്കുക. അതിനാൽ ഇത്തരം സുപ്രധാനകാര്യങ്ങളിൽ ഐകരൂപ്യമുണ്ടാകത്തക്ക വിധത്തിൽ ദൈവം നമ്മുടെ പ്രബോധനങ്ങളെ നയിക്കുകയും നിയന്ത്രിക്കുകയും ചെയ്തു. നിങ്ങൾക്കു് ഈ കാര്യങ്ങൾ അറിവുള്ളതാണെന്നു ഞാൻ കരുതുന്നു.

പിതൃഹന്താക്കളുടെയും രക്ഷകന്റെ ഘാതകരുടെയും വർഗ്ഗവുമായി നമുക്കു പൊതുവായി ഒന്നുമില്ലാത്ത വിധത്തിൽ കാര്യങ്ങൾ നമുക്കു ക്രമീകരിക്കണം എന്നതാണു് കാമ്യമായിട്ടുള്ളതു്. പടിഞ്ഞാറും തെക്കും വടക്കുമുള്ള സഭകൾ ആചരിച്ചു വരുന്ന ക്രമം ഉചിതമായിട്ടുള്ള ഒന്നാണു്. പൗരസ്ത്യ സഭകളിലെയും നല്ലൊരു ഭാഗം അതു് അംഗീകരിക്കുന്നുണ്ടു്. റോമാനഗരത്തിലും ഇററലി മുഴുവനിലും ഈജിപ്തു്, സ്പെയിൻ, ഫ്രാൻസ്, ബ്രിട്ടൻ, ലിബിയ, ഗ്രീസ് എന്നീ രാജ്യങ്ങളിലും ഏഷ്യാ, പോന്തൂസ്, സിലീഷ്യാ എന്നിവിടങ്ങളിലെ രൂപതകളിലും ഏകമനസ്സോടു കൂടി അനുവർത്തിക്കപ്പെടുന്ന കാര്യങ്ങൾ നിങ്ങളും അംഗീകരിക്കുന്നതു ബുദ്ധിപൂർവ്വകമായിരിക്കുമെന്നു് എല്ലാവരും കരുതി. ഞാൻ അതിനെ അനുകൂലിക്കുകയും ചെയ്തു. മുൻപറഞ്ഞ സ്ഥലങ്ങളിൽ വളരെയധികം സഭകളുണ്ടു്. യുക്തിബോധം ആവശ്യപ്പെടുന്ന കാര്യം നടപ്പാക്കാൻ ഈ സഭകളെല്ലാം ഉത്സാഹിക്കണം. യഹൂദരോടു ബന്ധപ്പെട്ടിട്ടുള്ള കാര്യങ്ങളൊന്നും നമുക്കു വേണ്ടതാനും.

www.malankaralibrary.com



കാര്യങ്ങൾ ഒന്നുകൂടെ ചുരുക്കി പറയാനാണെങ്കിൽ ഇങ്ങനെ പറയാം: ഏററവും പ്രധാന തിരുനാളായ ഉയിർപ്പുതിരുനാൾ എല്ലാവരും ഒരേദിവസം ആഘോഷിക്കണമെന്ന് എല്ലാവരും ചേർന്ന് തീരുമാനിച്ചു. അതുപോലെ പാവനമായ ഒരു കാര്യത്തിൽ തർക്കവിതർക്കങ്ങൾ ഉണ്ടാവുക ഒട്ടും ആശാസ്യമല്ല. തെററുകളുടെ കലർപ്പില്ലാത്ത അഭിപ്രായങ്ങളാണ നാം സ്വീകരിക്കേണ്ടതു്. ശരിയായ തത്ത്വങ്ങളിൽ നിന്നു വ്യതിചലിക്കുകയുമരുതു്.

ഇങ്ങനെയെല്ലാം തീരുമാനിക്കപ്പെട്ടു. ശരിക്കും ദൈവികമായ ഈ നിർദ്ദേശം നിങ്ങളെല്ലാവരും സ്വീകരിക്കുക. മെത്രാന്മാരുടെ വിശുദ്ധ സമ്മേളനങ്ങളിൽ ചെയ്യുന്ന തീരുമാനങ്ങളെല്ലാം ദൈവഹിതത്തിനനുസരിച്ചുള്ളതായിരിക്കും. അതിനാൽ മുകളിൽ കൊടുത്തിട്ടുള്ള പ്രസ്താവങ്ങളെല്ലാം നിങ്ങൾ പരസ്യപ്പെടുത്തണം. ഉയിർപ്പുതിരുനാളിനെ സംബന്ധിച്ചു മുകളിൽ പറഞ്ഞ തീരുമാനങ്ങൾ നടപ്പാക്കണം. ദീർഘകാലമായിട്ടുള്ള എൻെറ പ്രതീക്ഷ അനുസരിച്ചു ഞാൻ നിങ്ങളെ സന്ദർശിക്കാൻ വരുമ്പോൾ പവിത്രമായ ആ തിരുനാൾ നിങ്ങൾ എല്ലാവരും ഒററദിവസം ആചരിക്കുന്നതിൽ പങ്കുകൊള്ളാൻ എനിക്കാഗ്രഹമുണ്ടു്. എല്ലാകാര്യങ്ങൾക്കും വേണ്ടി നിങ്ങളോടൊപ്പം ആഹ്ലാദിക്കാനും എനിക്കു താല്പര്യമുണ്ടു്. ദൈവികശക്തി സാത്താൻെറ ക്രൂരതയെ തരിപ്പണമാക്കിയതു കാണുന്നതാണ് ഏററം ആഹ്ലാദകരം. നിങ്ങളുടെ വിശ്വാസവും സമാധാനവും ഐക്യവും എല്ലായിടത്തും തഴച്ചുകാണുന്നതും ആഹ്ലാദകരം തന്നെ. പ്രിയ സഹോദരരേ, ദൈവം നിങ്ങളെ സംരക്ഷിക്കട്ടെ.

## എവുസേബിയസിനുള്ള മറെറാരു കത്ത്

''വിക്ടർ കോൺസ്റ്റൻറയിൻ മാക്സിമൂസ് അഗസ്റ്റസ് എവുസേബിയസിനെഴുതുന്നതു്:

മതവിരുദ്ധമായ ലക്ഷ്യങ്ങളുള്ള ഒരു സ്വേച്ഛാധിപതി നമ്മുടെ രക്ഷകനായ ദൈവത്തിൻെറ ദാസന്മാരെ അടുത്തകാലം വരെ പീഡിപ്പിച്ചിരുന്നല്ലോ. ഏററവും പ്രിയപ്പെട്ട സഹോദരാ, അതിനാൽ നമ്മുടെ വിശുദ്ധ മന്ദിരങ്ങളെല്ലാം താറുമാറായിപ്പോയതായി ഞാൻ അറിയുന്നു. പലതും അവഗണനയുടെ ഫലമായി നശിച്ചുപോയി. പലതും സമീപസ്ഥമായ വിപത്തിനെക്കുറിച്ചുള്ള ഭീതിയാൽ വേണ്ടവിധം അലങ്കരിക്കപ്പെട്ടില്ല. എന്നാൽ ഇന്നു സ്വാതന്ത്ര്യം പുനസ്ഥാപിതമായിരിക്കു

www.malankaralibrary.com



കയാണല്ലോ. ലിചീനിയൂസ് എന്ന ആ പീഡകനായ സർപ്പം ദൈവതിരുമനസ്സിനാലും എൻെറ പരിശ്രമം മൂലവും ഭരണാധികാരത്തിൽ നിന്നു നീക്കപ്പെട്ടിരിക്കുന്നു. ഈ വിധത്തിൽ ദൈവതിരുമനസ്സ് എല്ലാവക്കും വെളിപ്പെടുത്തപ്പെട്ടിരിക്കുകയാണെന്നു ഞാൻ കരുതുന്നു. ഭയംകൊണ്ടോ അവിശ്വാസംകൊണ്ടോ പാപമാർഗ്ഗത്തിൽ വീണുപോയവർ, ജീവിക്കുന്ന ദൈവത്തെ ഏററുപറഞ്ഞുകൊണ്ടു് ശരിയായ ജീവിതമാർഗ്ഗത്തിലേയ്ക്കു വരുമെന്നും ഞാൻ വിശ്വസിക്കുന്നു. അതിനാൽ അങ്ങയുടെ അധികാര സീമയിൽപ്പെട്ട സഭകളോടും മററു മെത്രാന്മാരോടും അങ്ങേയ്ക്കറിയാവുന്ന വൈദികരോടും ഡീക്കന്മാരോടും ദേവാലയങ്ങളുടെ നിർമ്മിതിയിലും സംരക്ഷണത്തിലും ഉത്സാഹപൂർവ്വം ഏർപ്പെടാൻ ആവശ്യപ്പെടുക. നിലനിൽക്കുന്നവയെ നന്നാക്കുകയോ വലുതാക്കുകയോ ചെയ്യണം. പള്ളികൾ ഇല്ലാത്ത സ്ഥലങ്ങളിൽ ആവശ്യാനുസൃതം പുതിയവ നിർമ്മിക്കണം. പ്രോവിൻസുകളിലെ ഗവർണ്ണർമാരോടും പ്രെത്തോറിയൻ പ്രീഫെക്ചറുകളിലെ ഉദ്യോഗസ്ഥന്മാരോടും നിർമ്മാണത്തിനാവശ്യമായ വിഭവങ്ങൾ ആവശ്യപ്പെട്ടു വാങ്ങുക. അങ്ങേയ്ക്കു് ആവശ്യമുള്ളവ അങ്ങു നേരിട്ടും മററുള്ളവർ അങ്ങു വഴിയും ആണ് ആവശ്യപ്പെടേണ്ടതു്. അങ്ങു് ആവശ്യപ്പെടുന്ന എല്ലാ കാര്യങ്ങളും ഉടനടൻ സാധിച്ചുകൊടുത്തുകൊള്ളണമെന്ന കല്പന പ്രസ്തുത ഉദ്യോഗസ്ഥന്മാർക്കെല്ലാം അയച്ചുകൊടുത്തു കഴിഞ്ഞിട്ടുണ്ടു്. പ്രിയ സഹോദരാ, ദൈവം അങ്ങയെ സംരക്ഷിക്കട്ടെ''.

പള്ളികളുടെ നിർമ്മാണത്തെ സംബന്ധിച്ച നിർദ്ദേശങ്ങൾ എല്ലാ പ്രോവിൻസുകളിലെയും മെത്രാന്മാർക്ക് ചക്രവർത്തി അയച്ചുകൊടുത്തു. എന്നാൽ വി. ലിഖിതത്തിൻെറ ചില പകർപ്പുകളെ സംബന്ധിച്ച് അദ്ദേഹം പലസ്തീനായിലെ എവുസേബിയസിനു് എഴുതി അയച്ച കാര്യങ്ങൾ ആ കത്തുകളിൽനിന്നു തന്നെ നമുക്കു മനസ്സിലാക്കാം:

## എവുസേബിയസിനുള്ള മറെറാരു കത്തു്

''വിക്ടർ കോൺസ്റ്റൻറയിൻ മാക്സിമൂസ് അഗസ്ററസ് കൈസറിയായിലെ എവുസേബിയസിനെഴുതുന്നതു്:

എൻെറ പേരിലുള്ള നഗരത്തിൽ ദൈവികസംരക്ഷണത്തിൻെറ സഹായത്താൽ അസംഖ്യം ജനങ്ങൾ പരിശുദ്ധ സഭയോടു് ഐക്യപ്പെട്ടിരിക്കുന്നു. അതിനാൽ അവിടെ കൂടുതൽ പള്ളികൾ ഉണ്ടാകേണ്ടതാവശ്യമാണ്. അവയ്ക്കാവശ്യമായ സജ്ജീകരണങ്ങളും ഉണ്ടാകണം. ഈ വിഷയത്തിലുള്ള എൻെറ ഒരാശയം ഞാൻ അങ്ങയെ അറിയിക്കാം. ഇക്കാര്യം അങ്ങയുടെ മേൽനോട്ടത്തിൽ നടക്കുന്നതു നന്നായിരിക്കുമെന്നു് എനിക്കു

www.malankaralibrary.com



തോന്നുന്നു. വി. ലിഖിതങ്ങളുടെ അമ്പതു പകർപ്പുകൾ തയാറാക്കണം. നന്നായി തയാറാക്കിയ പാർച്ച്മെൻറിലാണ് എഴുതേണ്ടതു്. ഈ വിഷയത്തിൽ തികച്ചും വിദഗ്ധരായ എഴുത്തുകാരെക്കൊണ്ടു വേണം എഴുതിക്കാൻ. കൊണ്ടുനടക്കാൻ സൗകര്യമുള്ള വലിപ്പത്തിലാണ് ഗ്രന്ഥങ്ങൾ തയാറാക്കേണ്ടതു്. സഭയുടെ ഉദ്ബോധനത്തിനു് ഇതിൻെറ ആവശ്യം അങ്ങേക്കറിയാമല്ലോ. ഈ വിഷയത്തിൽ ആവശ്യമുള്ള എല്ലാ സഹായങ്ങളും അങ്ങയുടെ നിർദ്ദേശമനുസരിച്ചു ചെയ്തുതരണമെന്നു് അവിടുത്തെ "രൂപതയിലെ" [18] സാമ്പത്തികകാര്യോദ്യോഗസ്ഥനു് നിർദ്ദേശം അയച്ചിട്ടുണ്ടു്.

മുകളിൽ പറഞ്ഞ വി. ലിഖിതപകർപ്പുകൾ തയാറാക്കിക്കുന്ന പ്രവർത്തനം അങ്ങയുടെ മേൽനോട്ടത്തിൽത്തന്നെ നടത്തണം. അവ വേണ്ട സ്ഥലങ്ങളിൽ ഏല്പിക്കാൻ സർക്കാർ വക രണ്ടു വാഹനങ്ങൾ ഉപയോഗപ്പെടുത്താവുന്നതാണ്. ഈ കത്തുവഴിതന്നെ അതിനുള്ള അനുവാദം തന്നിരിക്കുന്നു. കോപ്പികൾ എനിക്കു നേരിട്ടു പരിശോധിക്കുന്നതിനായി ഇങ്ങോട്ടു കൊടുത്തയക്കണം. അങ്ങയുടെ സഭയിലെ ഒരു ഡീക്കനെ അതിൻെറ ചുമതല ഏല്പിക്കുക. അയാൾ ഇവിടെ വന്നുകഴിയുമ്പോൾ എൻെറ ഔദാര്യം അനുഭവിച്ചറിയുന്നതാണ്. ദൈവം അങ്ങയെ സംരക്ഷിക്കട്ടെ.

## മക്കാരിയൂസിനുള്ള മറെറാരു കത്ത്

വിക്ടർ കോൺസ്റ്റൻറയിൻ മാക്സിമൂസ് അഗസ്റ്റസ് ജറുസലേമിലെ മക്കാരിയൂസിനു് എഴുതുന്നതു്:

ദൈവം നമ്മോടു കാണിച്ചിട്ടുള്ള കാരുണ്യം വാക്കുകൾ കൊണ്ടു വർണ്ണിക്കാൻ കഴിയുന്നതല്ല. അവിടുത്തെ *പീഡാനുഭവത്തിൻെറ പരിശുദ്ധമായ സ്മാരകം* [19] വളരെക്കാലമായി മണ്ണിനടിയിൽ മറഞ്ഞുകിടക്കുകയായിരുന്നു. ഇപ്പോൾ നമ്മുടെ എല്ലാവരുടെയും ശത്രുവിൻെറ [20] നാശത്തിനുശേഷം ദൈവത്തിൻെറ ശുശ്രൂഷകരായ നമുക്കു് ഉപകാരപ്പെടത്തക്ക വിധം അതു് വെളിപ്പെട്ടു ശോഭിക്കണം എന്നതു് സ്തുത്യർഹമായ ദൈവതിരുമനസ്സാകുന്നു. ലോകത്തെമ്പാടും വസിക്കുന്ന

---

18. സിവിൽ രൂപതയാണ് വിവക്ഷ.

19. കർത്താവിൻെറ കുരിശു്

20. ലിചീനിയൂസ്

www.malankaralibrary.com



മനുഷ്യരെല്ലാം വിവേകമുള്ളവരാണെന്നും അവരെല്ലാം ഏതെങ്കിലും ഒരു സ്ഥലത്തു സമ്മേളിച്ചു എന്നും കരുതുക. അവരെല്ലാം ചേർന്ന് മുകളിൽ പരാമർശിച്ച ദൈവാനുഗ്രഹത്തെ വാഴ്ത്തിക്കൊണ്ട് എന്തെങ്കിലും പറയാനുദ്യമിക്കുകയാണെങ്കിൽ പറയേണ്ടതിന്റെ ഒരു ചെറിയ അംശംപോലും പറഞ്ഞുതീർക്കാൻ അവർക്കാവുകയില്ല. അത്ഭുതാവഹമായ ഈ ദൈവാനുഗ്രഹത്തിന്റെ മഹത്ത്വം മനുഷ്യന്റെ ഗ്രഹണശക്തിക്കതീതമാകുന്നു.

ഈ വസ്തുതയുടെ യാഥാർത്ഥ്യം, അനുദിനം നടക്കുന്ന അത്ഭുതങ്ങളാൽ കൂടുതൽ കൂടുതൽ വ്യക്തമായി വരികയാണ്. പവിത്രമായ ആ സ്ഥലം മനോഹരമായ ഒരു ദേവാലയത്താൽ അലങ്കരിക്കണമെന്നതാണ് എന്റെ ഇപ്പോഴത്തെ പ്രധാന ലക്ഷ്യം. ആ സ്ഥലത്തുണ്ടായിരുന്ന ഒരു വിഗ്രഹദേവാലയം ആ ഭൂമിക്കു ഭാരമായി നിന്നിരുന്നതു ഞാൻ തകർത്തുകളഞ്ഞു.[21] ആദിമുതൽ ദൈവനിശ്ചയത്താൽ പവിത്രീകരിക്കപ്പെട്ടതാണ് ആ സ്ഥലം. നമ്മുടെ രക്ഷകന്റെ മരണത്താൽ അതു കൂടുതൽ പരിശുദ്ധമാക്കപ്പെട്ടു. അതിനാൽ ആ സ്ഥലത്ത് ഏററവും വിശിഷ്ടമായ ഒരു ദേവാലയം നിർമ്മിക്കുന്നതിന്റെ മേൽനോട്ടം വഹിക്കുന്ന ചുമതല ഞാൻ അങ്ങയെ ഏല്പിക്കുന്നു. അത് ലോകത്തിലെ മററെല്ലാ ദേവാലയങ്ങളെയും അതിവത്തിക്കണമെന്നുമാത്രമല്ല, അതിന്റെ ഓരോ ഭാഗവും ലോകത്തിലെ ഏതു വൻനഗരത്തിലെ മണിമന്ദിരങ്ങളുടെ ഭാഗങ്ങളെക്കാളും മനോഹരമായിരിക്കുകയും വേണം. അതിന്റെ ഭിത്തികളുടെ നിർമ്മിതിയെക്കുറിച്ചു പറഞ്ഞാൽ അതിന്റെ ചുമതല നമ്മുടെ സ്നേഹിതനായ ഡ്രാചീലിയനെ നാം ഏല്പിച്ചിരിക്കുകയാണ്. പ്രെത്തോറിയത്തിലെ ഏററം മഹനീയരായ പ്രീഫെക്കുമാരുടെ ഡെപ്യൂട്ടിയാണ് അദ്ദേഹം. ആ പ്രോവിൻസിലെ ഗവർണ്ണറെയും ഞാൻ കാര്യങ്ങൾ ചുമതലപ്പെടുത്തിയിട്ടുണ്ട്. ദേവാലയനിർമ്മിതിക്കാവശ്യമായ പണിക്കാർ, ശില്പികൾ, വസ്തുക്കൾ തുടങ്ങിയവ എത്രയെല്ലാമാണുവേണ്ടതെന്ന് അങ്ങ് അവരെ അറിയിച്ചാൽ ഉടൻ അവർ എത്തിച്ചുതരും. തൂണുകളെയും മാർബിളുകളെയും സംബന്ധിച്ചു പറയുകയാണെങ്കിൽ, നിർമ്മിതിക്കുള്ള പ്ലാൻ പരിശോധിച്ചിട്ട് ഓരോന്നിനും വേണ്ടത് എത്രമാത്രമെന്നു നിശ്ചയിച്ച് എന്നെ അറിയിക്കണം. അങ്ങനെ അറിയിച്ചു കഴിയുമ്പോൾ അവ എവിടെ നിന്നായാലും ഞാൻ എത്തിച്ചു തരാം. ലോകത്തിലെ ഏററവും മഹത്തായ സ്ഥലം അതിന്റെ

21. കാൽവരിയിൽ ഹഡ്രിയാൻ പണിയിച്ച വീനസ്സിന്റെ അമ്പലത്തെപ്പററിയാണ് പരാമർശം

www.malankaralibrary.com



അന്തസ്സിനനുസൃതമായവിധം അലങ്കരിക്കപ്പെടണമെന്നതാണ പ്രധാനം. ഒരുകാര്യം അങ്ങയിൽ നിന്നു മുൻകൂട്ടി അറിയാൻ എനിക്കു താല്പര്യമുണ്ട്. പ്രസ്തുത ബസിലിക്കയുടെ മേൽ കൂര കൊത്തുപണികൾകൊണ്ട് അലങ്കരിച്ചതായിരിക്കണമോ അതോ മറേറതെങ്കിലും പണികളാണോ അവിടെ വേണ്ടതു്? കൊത്തുപണികളാണെങ്കിൽ അതു് സ്വർണ്ണംകൊണ്ടലങ്കരിക്കു കയും ചെയ്യാം.

പണിക്കാർ, ശില്പികൾ, പണം എന്നിവയെല്ലാം എത്ര മാത്രം വേണ്ടിവരുമെന്നു് മുകളിൽ പറഞ്ഞിട്ടുള്ള ഉദ്യോഗസ്ഥ ന്മാരെ അങ്ങ് കഴിവതും വേഗം അറിയിക്കണം. എല്ലാകാര്യ ങ്ങളും കഴിയുന്നതും വേഗം എന്നെ അറിയിക്കാനും ശ്രദ്ധി ക്കണം. ദൈവം അങ്ങയെ സംരക്ഷിക്കട്ടെ.''

ആരിയൂസിനെയും അനുയായികളെയും എതിർത്തുകൊണ്ട് കൂടുതൽ വാശിതപൂർണ്ണമായ പല കത്തുകളും ചക്രവർത്തി എഴുതുകയും എല്ലാ നഗരങ്ങളിലും അവ പ്രസിദ്ധീകരിക്കുകയും ചെയ്തു. ആ കത്തുകളിൽ ആരിയൂസിനെ നിശിതമായി വിമർ ശിക്കുകയും പരിഹസിക്കുകയും ചെയ്തിരുന്നു. എവുസേബി യസ്, തെയോഗ്നീസ് എന്നിവർക്കെതിരേ നിക്കൊമേദിയക്കും അദ്ദേഹം എഴുതി. എവുസേബിയസിൻെറ തെററായ പെരു മാററത്തെ അദ്ദേഹം വിശേഷിച്ചും കുററപ്പെടുത്തുന്നുണ്ട്. ആദ്യം ചക്രവർത്തിയുടെ വലിയ സുഹൃത്തായിരുന്ന എവുസേബി യസ്[22] പിന്നീട് വഞ്ചനാപരമായ രീതിയിൽ അദ്ദേഹത്തി നെതിരേ ഗൂഢാലോചനകളിൽ ഏർപ്പെട്ടു. അതിനാൽ എവു സേബിയസിനു പകരം മറെറാരു മെത്രാനെ തെരഞ്ഞെടുക്കാൻ ചക്രവർത്തി ജനങ്ങളോട് ആവശ്യപ്പെട്ടു. എന്നാൽ അക്കാര്യ ങ്ങൾ സംബന്ധിച്ച കത്തുകളെല്ലാം ഇവിടെ ഉദ്ധരിച്ചാൽ ഗ്രന്ഥ ദൈർഘ്യം വളരെ വർദ്ധിക്കുമെന്നുള്ളതുകൊണ്ട് അവ ഞാൻ വിടുന്നു. താല്പര്യമുള്ളവക്കു് ആ കത്തുകൾ വായിക്കാൻ വേറെ മാർഗ്ഗങ്ങളുണ്ട്.

22. നിക്കൊമേദിയായിലെ എവുസേബിയസ്

www.malankaralibrary.com



## അധ്യായം 10

# നൊവേഷ്യൻ മെത്രാൻ അചേസ്യൂസിനെ ചക്രവർത്തി സിനഡിലേയ്ക്കു ക്ഷണിക്കുന്നു.

സഭയുടെകാര്യത്തിൽ ചക്രവർത്തിക്കുള്ള ശുഷ്കാന്തി, അദ്ദേഹത്തിൻെറ മനോഭാവം വ്യക്തമാക്കുന്ന ചില വസ്തുതകൾ കൂടെ രേഖപ്പെടുത്താൻ എന്നെ പ്രേരിപ്പിക്കുന്നു. അദ്ദേഹം എത്രയധികമായി സമാധാനം ആഗ്രഹിച്ചിരുന്നുവെന്നും അതു വ്യക്തമാക്കും. സഭാത്മകമായ യോജിപ്പിനുവേണ്ടി അദ്ദേഹം നൊവേഷ്യരുടെ വിഭാഗത്തിലെ ഒരു മെത്രാനായിരുന്ന അചേസ്യൂസിനെയും കൗൺസിലിലേയ്ക്കു ക്ഷണിച്ചിരുന്നു. വിശ്വാസപ്രമാണം രൂപീകൃതമാവുകയും സിനഡ് അതു് അംഗീകരിക്കുകയും ചെയ്തുകഴിഞ്ഞപ്പോൾ അതും ഉയിർപ്പുതിരുനാൾ ആഘോഷിക്കുന്ന ദിവസത്തെ സംബന്ധിച്ച തീരുമാനവും അചേസ്യൂസ് അംഗീകരിക്കുന്നുണ്ടോ എന്നു ചക്രവർത്തി ചോദിച്ചു. അദ്ദേഹം മറുപടി പറഞ്ഞു: ''രാജാവേ, സിനഡ് പുതുതായി ഒന്നും തീരുമാനിച്ചിട്ടില്ല. ശ്ലീഹന്മാരുടെ കാലംമുതൽ നിലനിന്നുവരുന്ന താരീ ഞാൻ മനസ്സിലാക്കിയിട്ടുള്ള വിശ്വാസകാര്യങ്ങളാണ് വിശ്വാസപ്രമാണത്തിൽ കാണുന്നതു്. ഉയിർപ്പുതിരുനാളിൻെറ കാര്യവും അതുപോലെതന്നെ''. അതുകേട്ടു് ചക്രവത്തി അദ്ദേഹത്തോടു വീണ്ടും ചോദിച്ചു. ''അങ്ങനെയെങ്കിൽ അങ്ങു സഭയുടെ ഐക്യത്തിൽനിന്നു വിട്ടുനിൽക്കാനുള്ള കാരണമെന്താണ്?'' അതിനു മറുപടിയായി ഡേഷ്യസിൻെറ മതപീഡനകാലത്തു് നടന്ന ചില സംഭവങ്ങൾ അദ്ദേഹം വിവരിച്ചു. അന്നു നിലവിലുണ്ടായിരുന്ന കഠിനമായ ഒരു നിയമത്തെയും അദ്ദേഹം പരാമർശിച്ചു. മരണകരമായ പാപമെന്നു് വി. ലിഖിതങ്ങൾ വകയിരുത്തുന്ന പാപങ്ങൾ ചെയ്തയാളുകളെ (1 യോഹ 5:16) കൂദാശകളിൽ സംബന്ധിപ്പിക്കരുതെന്നുള്ളതാണ് ആ നിയമം. അവരെ പശ്ചാത്താപത്തിനായി പ്രേരിപ്പിക്കേണ്ടതാണ്. എന്നാൽ ഏതെങ്കിലും ഒരു മനുഷ്യവ്യക്തിയിൽനിന്നു പാപമോചനം പ്രതീക്ഷിക്കുന്നതു ശരിയല്ല എന്നും, പാപങ്ങൾ ക്ഷമിക്കാൻ അധികാരവും കഴിവും ഉള്ള ദൈവത്തിൽനിന്നു മാത്രമേ അതു പ്രതീക്ഷിക്കാൻ പാടുള്ളു എന്നും അദ്ദേഹം പറഞ്ഞു. ഈ

www.malankaralibrary.com



മറുപടികേട്ട് ചക്രവർത്തി അദ്ദേഹത്തോടു പ്രതിവചിച്ചു: "അചേസിയൂസ്, ഒരു കോവണികൊണ്ടുവന്ന് അതിലൂടെ തനിയെ സ്വർഗ്ഗത്തിലേയ്ക്ക് കയറിപ്പോയ്ക്കൊള്ളുക". ഈ സംഭവങ്ങളെക്കുറിച്ച് എവുസേബിയസ് പാംഫിലിയോ മററാരെങ്കിലുമോ രേഖപ്പെടുത്തിയിട്ടില്ല. നുണപറയാൻ യാതൊരു പ്രവണതയുമില്ലാത്ത ഒരാളിൽ നിന്നാണ് ഞാനിതു കേട്ടതു്. വളരെ പ്രായമുള്ള ഒരാളുമാണ് അദ്ദേഹം. സംഭാഷണത്തിനിടയ്ക്കു യാദൃച്ഛികമായി പറഞ്ഞതുമാണ്. ഈ സംഭവം പറയാതെ വിട്ടുകളഞ്ഞവർക്കു പ്രേരകമായിട്ടുണ്ടായിരുന്നതു് മററു പല ചരിത്രകാരന്മാരെയും അതേരീതിയിൽ പ്രവർത്തിക്കാൻ പ്രേരിപ്പിച്ച ചില ലക്ഷ്യങ്ങടം തന്നെയെന്ന് ഞാൻ ഊഹിക്കുന്നു. അവർ ചിലർക്കു് എതിരായും ചിലർക്കു് അനുകൂലമായും ഉള്ള മുൻവിധികടം മൂലം പല വസ്തുതകളും ചരിത്രകഥനത്തിൽ നിന്നു വിട്ടുകളയുന്നു.

## അധ്യായം 11

## പഫ്നൂഷ്യസ് മെത്രാൻ

പഫ്നൂഷ്യസ്, സ്പീരീദോൻ, എന്നിവരെക്കുറിച്ച് ചില കാര്യങ്ങടം പറയാമെന്ന് മുമ്പു ഞാൻ പറഞ്ഞിരുന്നല്ലോ. ഇപ്പോടം അവരെക്കുറിച്ചു പറയാം. പഫ്നൂഷ്യസ് അപ്പർതേബെസിലെ ഒരു നഗരത്തിൽ മെത്രാനായിരുന്നു. അദ്ദേഹം ദൈവത്തിനു വളരെ പ്രിയപ്പെട്ടവനായിരുന്നു. അസാധാരണമായ പല അത്ഭുതങ്ങടം അദ്ദേഹം വഴി നടന്നിട്ടുണ്ട്. മതപീഡനകാലത്തു് അദ്ദേഹത്തിൻെറ ഒരു കണ്ണു നഷ്ടപ്പെട്ടു. ചക്രവർത്തി അദ്ദേഹത്തെ അതിയായി ബഹുമാനിച്ചിരുന്നു. പലപ്പോഴും ആളയച്ച് അദ്ദേഹത്തെ കൊട്ടാരത്തിൽ വരുത്തുകയും കണ്ണുപിഴുതെടുക്കപ്പെട്ട ഭാഗത്തു ചുംബിക്കുകയും ചെയ്യുമായിരുന്നു. പഫ്നൂഷ്യസിൻെറ മഹത്വം വ്യക്തമാക്കാൻ ഇക്കാര്യംതന്നെ മതിയാകും.

ഇനി വേറൊരു കാര്യം പറയാം. അദ്ദേഹത്തിൻെറ ഉപദേശംമൂലം സഭയ്ക്കു നന്മയും വൈദികർക്കു ബഹുമതിയും ലഭിച്ച ഒരു കാര്യമാണു പറയാനുള്ളതു്. അക്കാലത്തു് ആ പ്രദേശത്തെ മെത്രാന്മാർക്ക് സഭയിൽ ഒരു പുതിയ നിയമം

www.malankaralibrary.com



നടപ്പാക്കണമെന്നു തോന്നി. മെത്രാന്മാർ, വൈദികർ, ഡീക്കന്മാർ എന്നിവർ അത്മായരായിരുന്ന കാലത്തു വിവാഹം ചെയ്തവരായാലും മുൻപറഞ്ഞ വൈദികസ്ഥാനം ലഭിച്ചുകഴിഞ്ഞാൽ സ്വന്തം ഭാര്യമാരുമായി ദാമ്പത്യസംയോഗത്തിൽ ഏർപ്പെടാൻ പാടില്ല എന്നതായിരുന്നു നടപ്പാക്കാനുദ്ദേശിച്ച നിയമം. ഈ വിഷയത്തെക്കുറിച്ചു ചർച്ച നടക്കാൻ തുടങ്ങിയ ഘട്ടത്തിൽ മെത്രാന്മാരുടെ മദ്ധ്യത്തിൽ പഫ്നൂഷ്യസ് എഴുന്നേററുനിന്നു. സഭാശുശ്രൂഷകന്മാരുടെ മേൽ ഇത്ര ഭാരമേറിയ നുകം വയ്ക്കരുതെന്നു് അദ്ദേഹം അവരോടപേക്ഷിച്ചു. വിവാഹം അതിൽത്തന്നെ ബഹുമാന്യവും ദാമ്പത്യശയ്യ പാവനവും ആണെന്നു് (എബ്രാ 13: 4) അദ്ദേഹം തറപ്പിച്ചുപറഞ്ഞു. ആവശ്യത്തിലധികം കർശനമായ നിയമങ്ങൾ കൊണ്ടു് സഭയെ ഉപദ്രവിക്കരുതെന്നു് അദ്ദേഹം ദൈവമുമ്പാകെ അവരോടാവശ്യപ്പെട്ടു. അദ്ദേഹം പറഞ്ഞു: ''കടുത്ത ആത്മനിയന്ത്രണം പാലിക്കാൻ എല്ലാവർക്കും സാദ്ധ്യമല്ല. എല്ലാവരുടെയും ഭാര്യമാരുടെ ചാരിത്ര്യം രക്ഷിക്കപ്പെടണമെന്നുമില്ല. ഒരാൾ തന്റെ നിയമാനുസൃത ഭാര്യയുമായി നടത്തുന്ന സംയോഗം ചാരിത്ര്യമാണു്. അവിവാഹിതാവസ്ഥയിൽ പട്ടമേററവർ അവിവാഹിതരായിത്തന്നെ കഴിയട്ടെ; എന്നാൽ വൈദികനാകുന്നതിനുമുമ്പ് ആരെങ്കിലും ഒരു സ്ത്രീയോടു് വിവാഹം വഴി ബന്ധിതനായിട്ടുണ്ടെങ്കിൽ അവളെ അയാൾ ഉപേക്ഷിക്കാനും പാടില്ല''. ബാല്യം മുതൽ ഒരു സന്യാസാശ്രമത്തിൽ വളർത്തപ്പെട്ട അദ്ദേഹം വിവാഹിതനാവുകയോ ഒരിക്കലെങ്കിലും സ്ത്രീയെ അറിയുകയോ ചെയ്തിട്ടില്ലെന്നോർക്കണം. കറതീർന്ന ബ്രഹ്മചാരി എന്ന നിലയിൽ അദ്ദേഹം എല്ലാവരാലും ആദരിക്കപ്പെട്ടിരുന്നു.

സമ്മേളിച്ചിരുന്ന മെത്രാന്മാരും വൈദികരുമെല്ലാം പഫ്നൂഷ്യസിന്റെ വാദഗതികൾ അംഗീകരിച്ചു. ആ വിഷയത്തെക്കുറിച്ചു് പിന്നെയാരും ഒരു തർക്കവും ഉന്നയിച്ചില്ല. വിവാഹിതർ അവരുടെ ഭാര്യമാരുടെ സമ്മതത്തോടുകൂടി ഇന്ദ്രിയനിഗ്രഹം ചെയ്യാൻ ആഗ്രഹിക്കുന്നെങ്കിൽ മാത്രം അങ്ങനെ ചെയ്യട്ടെ എന്ന തീരുമാനമാണുണ്ടായതു്. പഫ്നൂഷ്യസിനെക്കുറിച്ചു് ഇത്രയും.

www.malankaralibrary.com



## അധ്യായം 12

# സൈപ്രസിലെ മെത്രാനായ സ്പീരീദോൻ

സ്പീരീദോൻ ഒരു ആട്ടിടയനായിരുന്നു. അദ്ദേഹത്തിൻെറ ജീവിതവിശുദ്ധി കണ്ടു് അദ്ദേഹത്തെ മനുഷ്യരുടെ ഇടയനാക്കുന്നതു യുക്തമായിരിക്കുമെന്നു് ആളുകൾ അഭിപ്രായപ്പെട്ടു. പിൽക്കാലത്തു് അദ്ദേഹം സൈപ്രസ്സിലെ ഒരു നഗരമായ ട്രിമിത്തുസിലെ മെത്രാനായി. മെത്രാനായിരിക്കുന്ന കാലത്തും തൻെറ വിനയത്തിൻെറ ആധിക്യം മൂലം അദ്ദേഹം ആടുകളെ മേയിച്ചിരുന്നു. അദ്ദേഹത്തെക്കുറിച്ചു് അസാധാരണമായ പല കാര്യങ്ങളും പറയപ്പെടുന്നുണ്ടു്. അവയിൽ ഒന്നുരണ്ടെണ്ണം മാത്രം ഇവിടെ പറയാം. ഒരു രാത്രിയിൽ കുറെ കള്ളന്മാർ അദ്ദേഹത്തിൻെറ ആടുകളെ സൂക്ഷിച്ചിരുന്ന സ്ഥലത്തു പ്രവേശിച്ചു് കുറെ ആടുകളെ മോഷ്ടിക്കാൻ ഒരു ശ്രമം നടത്തി. ആ കള്ളന്മാർ ഏതോ ഒരദൃശ്യശക്തിയാൽ ആ ആലയോടു ബന്ധിക്കപ്പെട്ടു. രാവിലെ ആടുകളെ നോക്കാൻ സ്പീരീദോൻ വന്നു. കൈകൾ പിന്നിൽ കെട്ടപ്പെട്ട കള്ളന്മാരെ അദ്ദേഹം കണ്ടു. സംഭവിച്ച കാര്യം അദ്ദേഹത്തിനു മനസ്സിലായി. പ്രാർത്ഥിച്ചതിനുശേഷം അദ്ദേഹം കള്ളന്മാരെ കെട്ടഴിച്ചു വിട്ടു. അദ്ദേഹം അവരെ കുററപ്പെടുത്തുകയും മേലാൽ മോഷ്ടിക്കരുതെന്നും സത്യസന്ധമായ പ്രയത്നം കൊണ്ടു് ഉപജീവനം കഴിക്കണമെന്നും ഉപദേശിക്കുകയും ചെയ്തു. ഒടുവിൽ ഒരു മുട്ടാടിനെ ദാനമായി കൊടുത്തിട്ടു് ഫലിതരൂപത്തിൽ അദ്ദേഹം പറഞ്ഞു, ''രാത്രി മുഴവൻ ഈ ആടുകളെ നോക്കിയതിനു് നിങ്ങൾക്കു് എന്തെങ്കിലും പ്രതിഫലം തന്നില്ലെങ്കിൽ മോശമാണല്ലോ.'' സ്പീരീദോൻ ചെയ്ത അത്ഭുതങ്ങളിൽ ഒന്നാണിതു്.

ഇനി മറെറാരു സംഭവം പറയാം. അദ്ദേഹത്തിനു് ഇരേനേ എന്നു പേരുള്ള കന്യകയായ ഒരു മകളുണ്ടായിരുന്നു. പിതാവിനെപ്പോലെ തന്നെ ഭക്തിയും വിശുദ്ധിയും നിറഞ്ഞവളായിരുന്നു അവൾ. നല്ല വിലയുള്ള ഒരാഭരണം ഒരു സുഹൃത്തു് അവളെ സൂക്ഷിക്കാനേല്പിച്ചു. അവൾ അതു് വളരെ സുരക്ഷിതമായിരിക്കുന്നതിനുവേണ്ടി ആരും അറിയാതെ മണ്ണിൽ കുഴിച്ചിട്ടു. പക്ഷെ അധികം താമസിയാതെ അവൾ ആകസ്മിക

www.malankaralibrary.com



മായി മരിക്കാനിടയായി. ആഭരണത്തിൻെറ ഉടമസ്ഥൻ താമസിയാതെ വന്നു് അതു് ആവശ്യപ്പെട്ടു. മകളെ കാണാഞ്ഞതിനാൽ അയാരം സ്പീരീദോനോട് ക്ഷോഭിച്ചു സംസാരിക്കുവാൻ തുടങ്ങി. തന്നെ കബളിപ്പിക്കാനുള്ള ഒരു ശ്രമമാണ് അവർ നടത്തിയതെന്നു് ചിലപ്പോരം ആരോപിക്കും; ചിലപ്പോരം, തൻെറ ആഭരണം തിരിച്ചുതരണമേ എന്നു് ദയനീയമായി അപേക്ഷിക്കും. വൃദ്ധനായ സ്പീരീദോൻ ആ മനുഷ്യൻെറ നഷ്ടവും തൻെറ നിർഭാഗ്യവും ഓർത്തു് മകളുടെ കുഴിമാടത്തിൽ ചെന്നിട്ടു് അന്ത്യവിധിനാളിലെ പുനരുത്ഥാനത്തിനു മുമ്പായി അവരംക്കു് ഒരു പുനരുത്ഥാനം കൂടെ നൽകണമേ എന്നു് ദൈവത്തോടു പ്രാർത്ഥിച്ചു. പെട്ടെന്നു തന്നെ ആ മകരം ആ പിതാവിൻെറ മുമ്പിൽ പ്രത്യക്ഷപ്പെട്ടു. ആഭരണം കുഴിച്ചിട്ടിരുന്ന സ്ഥലം ഏതാണെന്നു് അദ്ദേഹത്തോടു പറഞ്ഞുകൊടുത്തിട്ടു മറഞ്ഞുപോവുകയും ചെയ്തു. ഇതുപോലുള്ള ആളുകളാണ് കോൺസ്റ്റൻൈറയിൻ ചക്രവർത്തിയുടെ കാലത്തു സഭയെ അലങ്കരിച്ചിരുന്നതു്. മുകളിൽ പറഞ്ഞ കാര്യങ്ങരം സൈപ്രസ്സു് നിവാസികളിൽ നിന്നു ഞാൻ മനസ്സിലാക്കിയതാണ്. റുഫീനൂസ് എന്ന പുരോഹിതൻ ലത്തീനിൽ എഴുതിയ ഒരു പ്രബന്ധവും ഞാൻ കണ്ടിട്ടുണ്ടു്. മുകളിൽപറഞ്ഞ കാര്യങ്ങരം അതിൽ പ്രതിപാദിച്ചിട്ടുണ്ടു്. അതിൽ വേറെയും പല കാര്യങ്ങരം ഉണ്ടു്. അവയെക്കുറിച്ചു പിന്നീടു പറയുന്നതാണ്.

www.malankaralibrary.com



## അധ്യായം 13

# സന്യാസിയായ എവൃതീക്കിയൻ

ഇതേ കാലഘട്ടത്തിൽ ജീവിച്ചിരുന്ന എവൃതീക്കിയൻ എന്ന സന്യാസിയെക്കുറിച്ചും ഞാൻ പലതും കേട്ടിട്ടുണ്ട്. അദ്ദേഹം നോവേഷ്യൻ സഭയിലെ ഒരംഗമായിരുന്നു. അനേകം അത്ഭുതങ്ങൾ പ്രവർത്തിച്ച അദ്ദേഹത്തെ ജനങ്ങൾ വളരെ ബഹുമാനിച്ചിരുന്നു. അദ്ദേഹത്തെക്കുറിച്ചുള്ള വിവരങ്ങൾ എനിക്ക് അസന്നിഗ്ധമായി രേഖപ്പെടുത്തുവാൻ കഴിയും. അദ്ദേഹത്തെക്കുറിച്ച പറയുവാനുള്ള ചില കാര്യങ്ങൾ ചിലക്ക് അസുഖകരമായി തോന്നിയേക്കാം എങ്കിലും ഞാൻ ഒന്നും ഒളിച്ചുവയ്ക്കുന്നില്ല. നോവേഷ്യൻ സഭയിൽ ഔക്സാനോൻ എന്നു പേരുള്ള വയോവൃദ്ധനായ ഒരു പുരോഹിതനുണ്ടായിരുന്നു. അദ്ദേഹം തൻെറ ചെറുപ്പത്തിൽ നിഖ്യാസുനഹദോസിലേയ്ക്ക് അചേസ്യൂസിനെ അനുഗമിച്ചയാളാണ്. അചേസ്യൂസിനെ സംബന്ധിച്ച ഞാൻ രേഖപ്പെടുത്തിയിട്ടുള്ള കാര്യങ്ങൾ അദ്ദേഹം പറഞ്ഞറിഞ്ഞിട്ടുള്ളവയാണ്. അക്കാലം മുതൽ തിയൊഡോഷ്യസിൻെറ കാലം വരെ നീണ്ടുനിന്നതാണ് അദ്ദേഹത്തിൻെറ ജീവിതം. ഞാൻ യുവാവായിരുന്ന കാലത്തു് എവൃതീക്കിയൻെറ പ്രവർത്തനങ്ങളെക്കുറിച്ച് അദ്ദേഹം എന്നെ വിവരിച്ചുകേൾപ്പിച്ചിട്ടുണ്ട്. അദ്ദേഹത്തിലൂടെ പ്രത്യക്ഷപ്പെട്ട ദൈവാനുഗ്രഹങ്ങളെ അദ്ദേഹം വിശദീകരിക്കുകയുണ്ടായി.

കോൺസ്റ്റൻറയിൻ ചക്രവർത്തിയുടെ ഭരണകാലത്തുണ്ടായ ഒരു സംഭവം ഈ വിധത്തിൽ ഞാൻ മനസ്സിലാക്കിയതു് ഇവിടെ രേഖപ്പെടുത്താം. ചക്രവർത്തിയുടെ അംഗരക്ഷകന്മാരിൽ ഒരാൾ ഏതോ ഗൂഢാലോചനയിൽ പങ്കാളിയായി എന്നു സംശയിക്കപ്പെട്ടു. സംശയിക്കപ്പെടുന്നു എന്നറിഞ്ഞു സംഭീതനായ അയാൾ ഒളിച്ചോടി. കുപിതനായ ചക്രവർത്തി, അയാൾ എവിടെ വച്ചെങ്കിലും പിടിക്കപ്പെടുന്ന പക്ഷം അയാൾക്കു വധശിക്ഷ നൽകണമെന്നു കല്പന പുറപ്പെടുവിച്ചു. പട്ടാളക്കാർ ബിത്തീനിയൻ ഒളിംപസ്സിൽവച്ച് അയാളെ പിടികൂടി തടവിലാക്കി. വേദനാജനകമായ ഭാരിച്ച ചങ്ങലകൾകൊണ്ടു ബന്ധിച്ചാണ് അയാളെ തടവിൽ പാർപ്പിച്ചതു്. മനുഷ്യരുടെ ശരീര

www.malankaralibrary.com



ങ്ങളെയും ആത്മാക്കളെയും സുഖപ്പെടുത്തികൊണ്ടു് എവുതീക്കിയൻ ഏകാന്തവാസം നടത്തിയിരുന്നതു് അതിന്റെ സമീപത്തായിരുന്നു. യുവാവായ ഔസ്കാനോൻ അന്നു് അദ്ദേഹത്തിന്റെ കൂടെ ഉണ്ടായിരുന്നു. അദ്ദേഹം അന്നവിടെ സന്യാസജീവിതത്തിനുള്ള പരിശീലനം നേടുകയായിരുന്നു. പലയാളുകളും എവുതീക്കിയന്റെ അടുത്തുവന്നു്, പ്രസ്തുത തടവുകാരനുവേണ്ടി ചക്രവത്തിയുടെ പക്കൽ കാരുണ്യാഭ്യർത്ഥന നടത്തി. അയാളെ രക്ഷിക്കണമെന്നു് അദ്ദേഹത്തോടു് അഭ്യർത്ഥിച്ചു. എവുതീക്കിയന്റെ അത്ഭുതകൃത്യങ്ങളെക്കുറിച്ചു് ചക്രവർത്തി കേട്ടറിഞ്ഞിട്ടുണ്ടു് എന്നവർക്കറിയാമായിരുന്നു. ചക്രവർത്തിയുടെ പക്കൽ പോകാമെന്നു് അദ്ദേഹം സമ്മതിച്ചു. എന്നാൽ തടവുകാരനെ ബന്ധിച്ചിരിക്കുന്ന ചങ്ങലകളുടെ ഭാരം, ചക്രവർത്തിയുടെ പക്കൽ നിന്നു് എന്തെങ്കിലും തീരുമാനം വരുംമുമ്പു് തടവുകാരന്റെ മൃത്യുവിനിടയാക്കും എന്നു്, ശിപാശ് പറയാൻ വന്നവർ അദ്ദേഹത്തെ അറിയിച്ചു. അതിനാൽ തടവുകാരനെ മോചിപ്പിക്കാൻ ജയിലധികാരികളോടു് അഭ്യർത്ഥിച്ചുകൊണ്ടു് അദ്ദേഹം ആളയച്ചു. അങ്ങനെ ചെയ്താൽ തങ്ങളുടെ ജീവൻ അപകടത്തിലാകുമെന്നായിരുന്നു ജയിലധികാരികളുടെ മറുപടി. അതിനാൽ ഔസ്കാനോനാൽ അനുഗതനായി എവുതീക്കിയൻ തന്നെ കാരാഗൃഹത്തിലേയ്ക്കു ചെന്നു. കാവൽക്കാർ ജയിൽ തുറക്കാൻ വിസമ്മതിച്ചപ്പോൾ എവുതീക്കിയനു ലഭിച്ചിരുന്ന ദൈവിക ശക്തി കൂടുതൽ പ്രകടമായി. കാരാഗൃഹത്തിന്റെ കവാടങ്ങൾ സ്വയം തുറന്നു. എവുതീക്കിയനും ഔസ്കാനോനും കാരാഗൃഹത്തിനകത്തു കടന്നപ്പോൾ ബന്ധനസ്ഥനായ യുവാവിന്റെ ശരീരത്തിൽനിന്നു് ചങ്ങലകൾ സ്വയം ഊന്നുവീണു. ഔസ്കാനോനും എവുതീക്കിയനും ആ യുവാവിനോടുകൂടി ചക്രവർത്തിയുടെ അടുത്തേയ്ക്കു പുറപ്പെട്ടു. പണ്ടു് ബിസാൻസ്യം എന്നും പിന്നീടു് കോൺസ്റ്റാൻറിനോപ്പിൾ എന്നും അറിയപ്പെട്ട നഗരത്തിലായിരുന്നു ചക്രവത്തിയുടെ വാസം. അവർക്കു കൊട്ടാരത്തിൽ പ്രവേശനം ലഭിച്ചു; ആ യുവാവു് വധശിക്ഷയിൽനിന്നു രക്ഷപെടുകയും ചെയ്തു. കാരണം, എവുതീക്കിയനോടു് വളരെ ആദരവുണ്ടായിരുന്ന ചക്രവത്തി അദ്ദേഹത്തിന്റെ അഭ്യർത്ഥന സ്വീകരിച്ചു. നമ്മുടെ ചരിത്രത്തിന്റെ ഈ ഭാഗം കഴിഞ്ഞാണു് ഇതു സംഭവിച്ചതു്.

നിഖ്യായിൽ സൂനഹദോസിനുവേണ്ടി വിളിച്ചുകൂട്ടപ്പെട്ട മെത്രാന്മാർ കാനോനാകൾ എന്നു പറയപ്പെടുന്ന കുറെ നിയമങ്ങളും ക്രമീകരണങ്ങളും രൂപീകരിച്ചശേഷം അവരവരുടെ നഗരങ്ങളിലേക്കു മടങ്ങിപ്പോയി. വിജ്ഞാനകുതുകികൾക്കു സന്തോഷപ്രദമാകുമെന്നു തോന്നുന്നതുകൊണ്ടു് നിഖ്യായിൽ സമ്മേളിച്ച

www.malankaralibrary.com



മെത്രാന്മാരുടെ പേരുകരം അവർ ഭരിച്ച നഗരത്തിൻെറയും പ്രോവിൻസിൻെറയും പേരോടും സിനഡുകൂടിയ തീയതിയോടും കൂടി എനിക്കുള്ളാവുന്നിടത്തോളം ഞാൻ ഇവിടെ രേഖപ്പെടുത്താം. ഞാൻ നേരത്തെപറഞ്ഞതുപോലെ സ്പെയിനിലെ കൊർദോവായിൽ മെത്രാനായിരുന്ന ഹോസിയൂസ്, റോമിലെ പുരോഹിതരായ വിറേറായും വിചെൻസ്യൂസും, ഈജിപ്തിലെ മെത്രാനായ അലക്സാണ്ഡർ, വലിയ അന്ത്യോക്യായിലെ എവുസ്താത്യോസ്, ജറുസലേമിലെ മക്കാരിയൂസ്, സിനോപ്പോലീസിലെ ഹർപ്പോക്രാത്യോൻ. മെത്രാന്മാരുടെ പൂർണ്ണമായ വിവരം അലക്സാൺഡ്രിയായിലെ മെത്രാനായ അത്തനാസ്യോസ് 'സിനോഡിക്കോൺ' എന്ന പുസ്തകത്തിൽ കൊടുത്തിട്ടുണ്ട്.[23] പൗളിനൂസ്, ജൂലിയൻ എന്നിവരുടെ കോൺസുലേററുകാലത്തു്, മാസിഡോണിയായിലെ അലക്സാൺഡറുടെ ഭരണശേഷം 636-ാംവഷം മേയ്മാസം 20-ാം തീയതി മുതലാണ് സമ്മേളനം നടന്നതു്.[24] (സിനഡിൻെറ രേഖകരംക്ക് ആമുഖമായി ചേർത്തിരിക്കുന്ന നൊട്ടേഷനിൽ ഈ വിവരം ഉണ്ടു്). അങ്ങനെ കൗൺസിലിൻെറ പ്രവത്തനങ്ങരം പൂർത്തിയായി. അതിനുശേഷം ചക്രവർത്തി തൻെറ സാമ്രാജ്യത്തിൻെറ പടിഞ്ഞാറൻ ഭാഗങ്ങളിലേയ്ക്കു യാത്രയായി എന്ന കാര്യവും ഓർക്കേണ്ടതുണ്ടു്.

---

23. ഈ ഗ്രന്ഥം നമുക്കു ലഭിച്ചിട്ടില്ല.

24. 325 മെയ് 20

www.malankaralibrary.com



## അധ്യായം 14

## ബഹിഷ്കൃത മെത്രാന്മാർ വീണ്ടും സ്വീകരിക്കപ്പെടുന്നു

എവുസേബിയസും തെയോഗ്നീസും പശ്ചാത്താപവും കററ സമ്മതവും രേഖപ്പെടുത്തുന്ന കത്തുകൾ പ്രമുഖ മെത്രാന്മാരുടെ പേർക്കയച്ചു. അതനുസരിച്ചു ചക്രവർത്തി അവരെ നാടു കടത്തലിൽനിന്നു മോചിപ്പിച്ച് അവരവരുടെ സഭകളിൽ അധികാരത്തിലേററി. അവരുടെ സ്ഥാനത്തു നിയമിക്കപ്പെട്ടിരുന്നവരെ മാററുകയുംചെയ്തു. പകരം നിയമിക്കപ്പെട്ടിരുന്നത് ആംഫിയോൻ, ക്രെസ്റ്റുസ് എന്നിവരാണ്. എവുസേബിയസും തെയോഗ്നീസും സമർപ്പിച്ച കത്ത് താഴെ പറയും വിധമായിരുന്നു.

'നിങ്ങൾ കുറെക്കാലമായി ഞങ്ങളെ ശിക്ഷിച്ചിരിക്കുകയാണല്ലോ. ഔപചാരികമായ ഒരു വിചാരണകൂടാതെയാണു ശിക്ഷിച്ചത്. എങ്കിലും നിങ്ങളുടെ വിശുദ്ധമായ നിയമനടപടി പ്രതിഷേധം കൂടാതെയും നിശ്ശബ്ദമായും സഹിക്കാൻ ഞങ്ങൾ ബാദ്ധ്യസ്ഥരാണ്. എന്നാൽ ഞങ്ങൾ കേവലം നിശ്ശബ്ദത പാലിച്ചാൽ ഞങ്ങളെക്കുറിച്ച് അപവാദം പറയുന്നവർക്കു നീതീകരണം നൽകുകയായിരിക്കും ചെയ്യുന്നത്. അതിനാൽ ചില കാര്യങ്ങൾ സ്പഷ്ടമാക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. വിശ്വാസത്തിൽ ഞങ്ങൾ പൂർണ്ണമായും നിങ്ങളുടെ പക്ഷത്താണ്. ''ഒരേ സത്ത''[25] എന്ന പദപ്രയോഗത്തിന്റെ അർത്ഥത്തെക്കുറിച്ചു സൂക്ഷ്മമായി പഠിച്ചപ്പോൾ ഞങ്ങൾ ഒരിക്കലും പാഷണ്ഡതയുടെ പക്ഷത്തായിരുന്നില്ല എന്നു സമാധാനവുമുണ്ട്. സഭകളുടെ സുരക്ഷിതത്വത്തിന് ആവശ്യമെന്നു തോന്നിയ കാര്യങ്ങൾ വ്യക്തമാക്കുകയും ഞങ്ങളുടെ സ്വാധീനത്തിലുള്ളവർക്കു പൂർണ്ണമായ ഉറപ്പുകൊടുക്കുകയും ചെയ്തുകൊണ്ട് ഞങ്ങൾ വിശ്വാസപ്രമാണം അംഗീകരിച്ചു. എന്നാൽ ശാപത്തിൽ ഞങ്ങൾ സഹകരിച്ചില്ല. അത് വിശ്വാസപ്രമാണത്തോട് ആനുകൂല്യ

25. ഹോമോഉസിയോസ്

www.malankaralibrary.com



മില്ലാഞ്ഞിട്ടല്ല; കുററപ്പെടുത്തപ്പെട്ട വ്യക്തി അങ്ങനെയുള്ളയാളാണെന്നു ബോദ്ധ്യം വരാഞ്ഞിട്ടാണ്. സംഭാഷണത്തിലും കത്തുകളിലും കൂടെ കാര്യങ്ങൾ മനസ്സിലാക്കിയതിൻെറ പേരിലാണ് ഞങ്ങൾ അങ്ങനെയൊരു നിലപാടു സ്വീകരിച്ചതു്. കൗൺസിലിൻെറ തീരുമാനങ്ങളോടു ഞങ്ങൾ പൂർണ്ണമായി യോജിക്കുന്നു എന്നു് ഈ കത്തു വഴി വ്യക്തമാക്കിക്കൊള്ളുന്നു. നാടുകടത്തലിൽ കുറെക്കാലം കഴിച്ചുകൂട്ടിയതുകൊണ്ടു മടുത്തിട്ടല്ല, ഞങ്ങൾ പാഷണ്ഡതയിലാണെന്നു് ആളുകൾക്കുള്ള തെററായ ധാരണ നീക്കാനത്രേ ഞങ്ങൾ ഇങ്ങനെ ചെയ്യുന്നതു്. ഞങ്ങളെ നിങ്ങളുടെ സന്നിധിയിലേയ്ക്കു വീണ്ടും സ്വീകരിക്കുകയാണെങ്കിൽ ഞങ്ങൾ വിശ്വാസവിഷയങ്ങളിൽ ഒരുമിച്ചു നിൽക്കുന്നവരും നിങ്ങളുടെ കല്പനകൾ അനുസരിക്കുന്നവരും ആയിരിക്കും. പ്രധാന കുററവാളിയോടു് അനുഭാവപൂർവ്വം പെരുമാറുകയും അയാളെ തിരിച്ചു വിളിക്കുകയും ചെയ്തിരിക്കുകയാണല്ലോ. അതിനാൽ ഈ ഘട്ടത്തിൽ ഞങ്ങൾ നിഷ്ക്രീയരായിരിക്കുകയും ഞങ്ങൾക്കെതിരായി അടിസ്ഥാനരഹിതമായ അബദ്ധധാരണകൾക്കിടം നൽകുകയും ചെയ്യുന്നതു് മൂഢതയായിരിക്കും. അതിനാൽ ക്രിസ്തുവിനെ സ്നേഹിക്കുന്ന നിങ്ങളുടെ ആദ്ധ്യാത്മിക ചൈതന്യത്തിനനുസൃതമായവിധം മതതീക്ഷ്ണതയുള്ളവനായ നമ്മുടെ ചക്രവർത്തിയെ ഇക്കാര്യം ഓർപ്പിക്കാനും ഞങ്ങളുടെ നിവേദനം അദ്ദേഹത്തിനു സമർപ്പിക്കാനും ഞങ്ങളുടെ കാര്യത്തിൽ സത്വരമായ തീരുമാനം സ്വീകരിക്കാനും ദയവുണ്ടാകണമെന്നു് അഭ്യർത്ഥിക്കുന്നു.'

എവുസേബിയസിൻെറയും തെയോഗ്നീസിൻെറയും പിൻവലിക്കലിൻെറ ഭാഷ ഇപ്രകാരമുള്ളതായിരുന്നു.

ഈ കത്തിൽനിന്നു താഴെ പറയുന്ന കാര്യങ്ങൾ വ്യക്തമാകുന്നുണ്ടു്. വിശ്വാസപ്രമാണം അവർ അംഗീകരിച്ചിരുന്നു, എന്നാൽ ആരിയൂസിനെ ശപിക്കാൻ കൂട്ടാക്കിയില്ല. അവരെക്കാൾ മുമ്പേ ആരിയൂസിനെ തിരിച്ചുവിളിച്ചിരുന്നു എന്നു ധ്വനിക്കുന്നു. ആരിയൂസിനെ നാടുകടത്തലിൽനിന്നു തിരിച്ചു വിളിച്ചു എന്നതു് ശരിയായിരിക്കാമെങ്കിലും അയാളെ അലക്സാൺഡ്രിയായിൽ പ്രവേശിപ്പിച്ചില്ല. അലക്സാൺഡ്രിയായിലും സഭയിലും പ്രവേശനം ലഭിക്കാൻ അയാൾ പിൽക്കാലത്തു് ഒരു തന്ത്രം പ്രയോഗിച്ചതിൽനിന്നു് ഇതു വ്യക്തമാണല്ലോ. ഒരു കപട പശ്ചാത്താപ പ്രകടനം വഴിയാണ് അതു സാധിച്ചതു്. അക്കാര്യം അതിൻെറ സ്ഥാനത്തു പിന്നീടു വ്യക്തമാക്കിക്കൊള്ളാം.

www.malankaralibrary.com



## അധ്യായം 15

# അലക്സാണ്ഡറുടെ മരണം
# അത്തനാസ്യോസ് അലക്സാന്ത്രിയാ മെത്രാൻ

അധികനാൾ കഴിയുന്നതിനുമുൻപ് അലക്സാണ്ഡർ ദിവംഗതനായി.[26] അത്തനാസ്യോസ് തത്സ്ഥാനത്തു് അവരോധിക്കപ്പെട്ടു. അത്തനാസ്യോസിന്റെ ബാല്യകാലത്തെക്കുറിച്ചു റൂഫീനൂസ് രേഖപ്പെടുത്തിയിട്ടുണ്ടു്. അദ്ദേഹവും കൂട്ടുകാരും ചേർന്നു് അച്ചന്മാരും മെത്രാനും കളിക്കുമായിരുന്നത്രേ. അക്കൂട്ടത്തിൽ അത്തനാസ്യോസിനു് എപ്പോഴും മെത്രാന്റെ ഭാഗം തന്നെയാണു നല്കപ്പെട്ടിരുന്നതു്. മററുള്ളവർ വൈദികന്റെയും ഡീക്കന്റെയും റോൾ അഭിനയിച്ചു. രക്തസാക്ഷിയും മെത്രാനുമായ പത്രോസിന്റെ തിരുനാൾ ദിവസവും ഈ കളി നടന്നു. അന്നു് അതിലേ കടന്നുപോയ അലക്സാണ്ഡർ മെത്രാൻ ഈ സംഭവം കണ്ടു. അവരെ വിളിച്ചു കാര്യങ്ങൾ ചോദിച്ചു മനസ്സിലാക്കി. അവർ ഭാവിയിൽ വൈദികരാകേണ്ടവരാണെന്നു് അദ്ദേഹത്തിനു തോന്നി. അവരെ സഭയിൽ സ്വീകരിക്കുവാനുള്ള ഏർപ്പാടുകൾ അദ്ദേഹം ചെയ്തു. അവർക്കെല്ലാം മതബോധനം നൽകി. അത്തനാസ്യോസിന്റെ കാര്യത്തിൽ അദ്ദേഹം കൂടുതൽ ശ്രദ്ധ ചെലുത്തി. പ്രായപൂർത്തിയായപ്പോൾ ഡീക്കനായി അഭിഷേകം ചെയ്തു. നിഖ്യായിൽ സിനഡ് നടന്ന കാലത്തു് തന്റെ സഹായി ആയി അവിടെ കൊണ്ടുപോയി.

ഈ വിവരങ്ങളെല്ലാം റൂഫീനൂസ് തന്റെ സ്വന്തം ലിഖിതങ്ങളിൽ രേഖപ്പെടുത്തിയിട്ടുള്ളതാണു്.[27] അങ്ങനെയൊക്കെ സംഭവിച്ചിരിക്കാൻ വളരെ സാദ്ധ്യതയുള്ളതുമാണല്ലോ. ഇങ്ങനെയുള്ള സംഭവങ്ങളെല്ലാം ധാരാളം നടന്നിട്ടുണ്ടു്.

---

26. നിഖ്യാസൂനഹദോസ് കഴിഞ്ഞു് (325) അധികം വൈകാതെ അലക്സാണ്ഡർ മരിച്ചു; അത്തനാസ്യോസ് പിൻഗാമിയാകുകയും ചെയ്തു. (തിയഡൊറെററ്, സഭാചരിത്രം 1.26).
27. റൂഫീനൂസ്, സഭാചരിത്രം, 1.14.

www.malankaralibrary.com



## അധ്യായം 16

# കോൺസ്റ്റാൻറിനോപ്പിൾ പട്ടണം

സൂനഹദോസിനുശേഷം ചക്രവത്തി കുറേക്കാലം വിശ്രമത്തിൽ കഴിഞ്ഞു. തന്റെ സ്ഥാനാരോഹണത്തിന്റെ ഇരുപതാം വാർഷികം ആഘോഷിച്ചതിനു ശേഷം ഉടൻ തന്നെ പള്ളികളുടെ പുനരുദ്ധാരണത്തിൽ ഏർപ്പെട്ടു. മററു നഗരങ്ങളിലെന്നപോലെ കോൺസ്റ്റാൻറിനോപ്പിളിലും ഈ പ്രക്രിയ നടന്നു. കോൺസ്റ്റാൻറിനോപ്പിളിന്റെ ആദ്യത്തെ പേർ ബിസാൻസ്യം എന്നായിരുന്നു. അദ്ദേഹം ആ നഗരം വലുതാക്കി. അതിനുചുററും വലിയ കോട്ടകൾ നിർമ്മിച്ചു. വലിയ കെട്ടിടങ്ങൾ നിർമ്മിച്ച് അതിനെ അലംകൃതവുമാക്കി. അതിനെ റോമിനു തുല്യമാക്കിയതിനുശേഷമാണ് അതിനു *കോൺസ്റ്റാൻറിനോപ്പിൾ* എന്നു പേരിട്ടതു്. അതിനെ *പുതിയ റോമാ* എന്നു വിളിക്കണമെന്നു നിയമവും ഉണ്ടാക്കി. *സ്ത്രാറെജിയം*[28] എന്ന സ്ഥലത്തു് അശ്വാരൂഢനായ ചക്രവർത്തിയുടെ പ്രതിമയ്ക്കു സമീപം ഒരു സ്തംഭം സ്ഥാപിച്ചിട്ട് അതിൽ ഈ നിയമം കൊത്തി വച്ചു.[29] ആ നഗരത്തിൽ അദ്ദേഹം രണ്ടു പുതിയ പള്ളികളും പണിയിച്ചു. അവയിൽ ഒന്നിനു് *ഇറേനേ* എന്നും മറേറതിനു് *ശ്ളീഹൻമാർ* എന്നും പേരു കൊടുത്തു.

ചക്രവത്തി ക്രിസ്ത്യാനികളുടെ സ്ഥിതി മെച്ചപ്പെടുത്തുക മാത്രമല്ല ചെയ്തതു്; അക്രൈസ്തവരുടെ അന്ധവിശ്വാസങ്ങൾ തകർത്തു. അവരുടെ ദേവാലയങ്ങളിലെ പ്രതിമകൾ കൊണ്ടുവന്ന് കോൺസ്റ്റാൻറിനോപ്പിളിലെ പൊതുസ്ഥലങ്ങളിലെ അലങ്കരണങ്ങളായി വച്ചു. ഡെൽഫിക് ട്രിപ്പോട്ടുകൾ ഹിപ്പോഡ്രോമിൽ പരസ്യമായി വച്ചു. ഈ വക കാര്യങ്ങളെല്ലാം ഇപ്പോൾ പറയുന്നതു് അനാവശ്യമായി തോന്നിയേക്കാം. എന്തുകൊണ്ടെന്നാൽ ഈ കഥകൾ കേൾക്കും മുമ്പുതന്നെ ആ വസ്തുക്കൾ ആളുകൾ കണ്ടു കഴിഞ്ഞിരിക്കും. എന്നാൽ ക്രിസ്തുമതത്തിനു്

28. പ്രധാന ജഡ്ജിമാരുടെ ആസ്ഥാനം.
29. കോൺസ്റ്റാൻറിനോപ്പിളിനെ റോമാസാമ്രാജ്യത്തിന്റെ തലസ്ഥാനമായി ഔപചാരികമായി പ്രഖ്യാപിച്ചതു് 330 ലാണ്.

www.malankaralibrary.com



ഏററവും പ്രോത്സാഹനം കിട്ടിയതു കോൺസ്റ്റൻറയിൻെറ കാലത്താണ്. അക്കാലത്തു് ദൈവപരിപാലനയാൽ വേറെയും പല വസ്തുക്കളും സംരക്ഷിക്കപ്പെട്ടിട്ടുണ്ടു്. എവുസേബിയസ് പാംഫീലിയുടെ അത്യുജ്ജ്വലമായ വാക്കുകളിൽ ചക്രവർത്തിയുടെ അപദാനങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ടു്. അതിനാൽ അദ്ദേഹത്തെക്കുറിച്ച് ഞാൻ വളരെ ചുരുക്കിമാത്രം പ്രതിപാദിക്കുന്നതു് അനുചിതമാകയില്ലെന്നു കരുതുന്നു.

## അധ്യായം 17

## രാജമാതാ ഹെലേനായും സ്ലീബായും

ചക്രവർത്തിയുടെ അമ്മയുടെ പേരു് ഹെലേനാ എന്നായിരുന്നു. പണ്ടു് *ഡ്രെപാനം* എന്ന പേരിൽ അറിയപ്പെട്ടിരുന്ന ഗ്രാമത്തെ ചക്രവർത്തി ഒരു നഗരമാക്കി മാററുകയും അതിനു് ഹെലേനോപ്പോലിസ് എന്നു നാമകരണം നടത്തുകയും ചെയ്തു. ഹെലേനാ രാജ്ഞി സ്വപ്നത്തിലുണ്ടായ ദൈവികനിർദ്ദേശമനുസരിച്ചു് വി. സ്ലീബാ കണ്ടെടുക്കാനായി ജറൂസലെമിലെത്തി. ഒരു കാലത്തു് ജറൂസലെം നഗരമായിരുന്ന സ്ഥലം പ്രവാചകൻ പറയുന്നതുപോലെ വെള്ളരിത്തോട്ടത്തിലെ മാടം പോലെ[30] നഷ്ടാവശിഷ്ടങ്ങളുടെ ഒരു സങ്കേതമായിത്തീർന്നിരുന്നതാണ് അവർക്കു കാണാൻ കഴിഞ്ഞതു്. നമ്മുടെ കർത്താവിനെ അടക്കിയിരുന്ന കല്ലറ കണ്ടെത്താനുള്ള അന്വേഷണമാണ് അവർ ആദ്യം നടത്തിയതു്. അവിടെ നിന്നാണല്ലൊ തൻെറ അടക്കത്തിനുശേഷം അവിടുന്നു് ഉത്ഥാനം ചെയ്തതു്. വളരെ പ്രയത്നത്തിനുശേഷം ദൈവാനുഗ്രഹത്താൽ അവൾ അതു കണ്ടെത്തി. വളരെ കഷ്ടപ്പെടേണ്ടിവന്നതിൻെറ കാരണം ഞാൻ ചുരുക്കിപ്പറയാം. ക്രൈസ്തവവിശ്വാസം അംഗീകരിച്ചയാളുകൾ കർത്താവിൻെറ മരണത്തിനുശേഷം ഈ കല്ലറയെ വളരെ ബഹുമാനിച്ചിരുന്നു. എന്നാൽ ക്രിസ്ത്യാനികളെ വെറുത്തിരുന്നവർ ഇതു പരിഗണിക്കാതെ പിന്നീടു് ആ ഭാഗം മണ്ണിട്ടു മൂടിയതിനുശേഷം അതിനു മുകളിൽ വീനസു് ദേവതയുടെ ഒരു ക്ഷേത്രം പണിയിച്ചു. അതിൽ വീനസിൻെറ വിഗ്രഹം

30 ഏശ 1: 8

www.malankaralibrary.com



പ്രതിഷ്ഠിക്കുകയും ചെയ്തു. വളരെക്കാലം അതു് അങ്ങനെ കിടന്നു. ഇക്കാര്യം ഹെലേനാ രാജ്ഞിക്കു മനസ്സിലായി. അവർ വീനസിന്റെ പ്രതിമ തട്ടിത്താഴെയിടുവിക്കുകയും മണ്ണു മുഴുവൻ മാററിക്കുകയും ചെയ്തു. അവിടെ കല്ലറയിൽ മൂന്നു സ്ലീബാകൾ കണ്ടെത്തി. അവയിൽ ഒന്നു് നമ്മുടെ കർത്താവും മററുള്ളവ തന്നോടൊപ്പം രണ്ടു കള്ളന്മാരും തൂങ്ങിമരിച്ചതാണെന്നനുമാനിക്കപ്പെട്ടു. അതോടൊപ്പം 'യൂദന്മാരുടെ രാജാവായ നസ്രായൻ യേശു' എന്നു് വിവിധ ഭാഷകളിൽ എഴുതിയ ആ ഫലകയും കാണപ്പെട്ടു. മൂന്നു സ്ലീബാകളിൽ ഏതാണു് നമ്മുടെ കർത്താവു തൂങ്ങിമരിച്ചതു് എന്നു നിശ്ചയം വരാതെ ഹെലേനാ രാജ്ഞി കുഴങ്ങി. ഈ വിഷമസന്ധിയിൽ ജറൂസലെം മെത്രാനായ മക്കാരിയൂസ് അവരെ സഹായിച്ചു. വിശ്വാസംവഴി അദ്ദേഹം ഈ പ്രതിസന്ധി തരണം ചെയ്തു. സ്വർഗ്ഗത്തിൽ നിന്നു് ഒരടയാളമുണ്ടാകാൻ അദ്ദേഹം പ്രാർത്ഥിക്കുകയും ആ പ്രാത്ഥന ഫലിക്കുകയും ചെയ്തു. ഇതാണു് സംഭവിച്ച അടയാളം: അവിടെയടുത്തു് ദീർഘകാലമായി കഠിന രോഗബാധയിൽ കഴിഞ്ഞിരുന്ന ഒരു സ്ത്രീയുണ്ടായിരുന്നു. രോഗം മൂർച്ഛിച്ചു് അവൾ ആസന്നമരണയായി. അമൂല്യസ്ലീബായിൽ സ്പർശിക്കുമ്പോൾ അവൾ സുഖപ്പെടും എന്നു വിശ്വസിച്ചുകൊണ്ടു് മൂന്നു സ്ലീബാകളും അവളുടെയടുത്തു കൊണ്ടുവരാൻ മെത്രാൻ ഏർപ്പാടു ചെയ്തു. അതിൽ അദ്ദേഹത്തിനു നിരാശപ്പെടേണ്ടിവന്നില്ല. ഓരോന്നിലും തൊട്ടു പ്രാത്ഥിക്കാൻ അവളോടു് ആവശ്യപ്പെട്ടു. ആദ്യത്തെ രണ്ടെണ്ണത്തിലും തൊട്ടപ്പോൾ ഫലമൊന്നുമുണ്ടായില്ല. മൂന്നാമത്തേതു തൊട്ട നിമിഷത്തിൽ അവൾ സുഖം പ്രാപിച്ചു പൂർണ്ണാരോഗ്യവതിയായി. ഈ രീതിയിലാണു് കർത്തൃസ്ലീബാ തിരിച്ചറിയാൻ കഴിഞ്ഞതു്.

ചക്രവർത്തിയുടെ അമ്മ തിരുക്കല്ലറ നിന്ന ഭാഗത്തിനു മുകളിൽ അതിമനോഹരമായ ഒരു ദേവാലയം പണിയിച്ചു. തകർന്നടിഞ്ഞ പുരാതന ജറൂസലെം നഗരത്തിനഭിമുഖമായിട്ടാണു ദേവാലയം പണിയിച്ചതു്. അതിനു് 'പുതിയ ജറൂസലെം' എന്നു പേരും നൽകി. രാജ്ഞി, വിശുദ്ധ സ്ലീബായുടെ ഒരു ഭാഗം ഒരു വെള്ളിപ്പാത്രത്തിൽ അടക്കം ചെയ്തു്, കാണുവാൻ ആഗ്രഹമുള്ളവർക്കുവേണ്ടി ആ പള്ളിയിൽത്തന്നെ സ്ഥാപിച്ചു. ബാക്കിയുള്ള ഭാഗം കോൺസ്റ്റാൻറിനോപ്പിളിലേയ്ക്കു കൊണ്ടുപോയി. വി. സ്ലീബാ സൂക്ഷിക്കപ്പെടുന്ന നഗരം പൂർണ്ണമായും സുരക്ഷിതമായിരിക്കുമെന്നു് ചക്രവർത്തിക്കുറപ്പുണ്ടായിരുന്നു. കോൺസ്റ്റാൻറിനോപ്പിളിൽ "കോൺസ്റ്റൻറൈന്റെ ഫോറം" എന്നസ്ഥലത്തു സ്ഥിതിചെയ്യുന്ന സ്വന്തം പ്രതിമയ്ക്കുള്ളിൽ ചക്രവർത്തി അതു രഹസ്യമായി നിക്ഷേപിപ്പിച്ചു. പറഞ്ഞുകേട്ടുള്ള

www.malankaralibrary.com



അറിവുവച്ചാണ് ഞാൻ ഇതെഴുതുന്നതു്; കോൺസ്റ്റാൻറിനോപ്പിൾ നിവാസികൾ എല്ലാവരും അതു സത്യമാണെന്നു പറയുന്നുമുണ്ടു്. ക്രിസ്തുവിൻെറ കൈകൾ കുരിശിൽ തറയ്ക്കാൻ ഉപയോഗിച്ച ആണികളും ഹെലേനാ രാജ്ഞി തിരുക്കല്ലറയിൽ നിന്നു കണ്ടെടുത്തു കൊടുത്തയച്ചിരുന്നു. അവയും കൂടെചേർത്തു രുക്കി ചക്രവർത്തി യുദ്ധത്തിൽ തനിക്കുപയോഗിക്കാനുള്ള ലോഹത്തൊപ്പി ഉണ്ടാക്കി.

തിരുക്കല്ലറസ്ഥ മുകളിൽ പള്ളി പണിയാനുള്ള എല്ലാ സാധനങ്ങളും നൽകിയതു ചക്രവർത്തി തന്നെയാണ്. പണികൾ ത്വരിതപ്പെടുത്തുന്നതിനുവേണ്ടി മക്കാരിയൂസ് മെത്രാനു് എഴുത്തയയ്ക്കുകയും ചെയ്തു. 'പുതിയ ജറൂസലേം' പണി പൂർത്തിയായിക്കഴിഞ്ഞപ്പോൾ ബത്‌ലഹെമിൽ ക്രിസ്തു ശാരീരികമായി ജനിച്ച ഗുഹസ്ഥ മുകളിൽ അതുപോലെതന്നെ ബൃഹത്തായ ഒരു ദേവാലയം ഹെലേനാരാജ്ഞി പണിയിച്ചു. അവർ അതു കൊണ്ടു നിർത്തിയില്ല. സ്വർഗ്ഗാരോഹണമലയിലും അവർ ഒരു പള്ളി പണിയിച്ചു.

പിന്നീടുള്ള കാലം ഹെലേനാ രാജ്ഞി വിശുദ്ധനാട്ടിൽ ത്തന്നെയാണു ജീവിച്ചതു്. അവിടത്തെ ക്രിസ്ത്യാനികളായ സാധാരണ സ്ത്രീകളോടൊപ്പം അവർ ജീവിച്ചു. സഭാരജിസ്റ്ററിൽ പേരെഴുതപ്പെട്ട ക്രൈസ്തവകന്യകകളെയെല്ലാം ക്ഷണിച്ചു് അവർ സൽക്കാരങ്ങൾ നൽകിയിരുന്നു. മിക്കപ്പോഴും രാജ്ഞി തന്നെ അവർക്കു വിഭവങ്ങൾ വിളമ്പിക്കൊടുക്കും. പള്ളികൾക്കും പാവങ്ങൾക്കും ധനസഹായം ചെയ്യുന്ന കാര്യത്തിൽ ആ മഹതി വളരെ ഔദാര്യം കാണിച്ചു. അങ്ങനെ ഭക്തിനിർഭരമായ ഒരു ജീവിതം നയിച്ചിട്ടു് എൺപതാം വയസ്സിൽ അവർ ദിവംഗതയായി. അവരുടെ ഭൗതികാവശിഷ്ടങ്ങൾ കോൺസ്റ്റാൻറിനോപ്പിളിൽ കൊണ്ടുപോയി രാജകീയ ശവകുടീരത്തിൽ സ്ഥാപിച്ചു.

www.malankaralibrary.com



## അധ്യായം 18

# ചക്രവർത്തി പേഗൻമതം നിരോധിക്കുന്നു പല സ്ഥലത്തും പള്ളികൾ പണിയിക്കുന്നു

ഇതിനുശേഷം ചക്രവർത്തി ക്രിസ്ത്യാനികളുടെ കാര്യത്തിൽ കൂടുതൽ കൂടുതൽ ദത്താവധാനനായിത്തീർന്നു. പുറജാതികളുടെ ദുരാചാരങ്ങൾ നിർത്തലാക്കി. ദ്വന്ദയുദ്ധക്കാരുടെ പോരാട്ടം അദ്ദേഹം നിരോധിച്ചു. ക്ഷേത്രങ്ങളിൽ തന്റെ സ്വന്തം പ്രതിമകൾ സ്ഥാപിച്ചു. ഈജിപ്തിൽ ജലസേചനം നടക്കത്തക്ക വിധം നൈൽനദി ഒഴുക്കിക്കൊണ്ടു വരുന്നതു് സെറാപ്പിസ് ദേവനാണ് എന്നു ജനങ്ങൾ വിശ്വസിച്ചിരുന്നു. അതിനുവേണ്ടി ആ ദേവന്റെ ക്ഷേത്രത്തിൽ വഴിപാടുകൾ നടത്തുകയും ചെയ്തിരുന്നു. പ്രസ്തുത വഴിപാടുകൾ പള്ളികളിൽ നടത്തണം എന്നു ചക്രവർത്തി നിർദ്ദേശം നൽകി. ഇതുമൂലം സെറാപീസ് കോപിഷ്ടനായിത്തീരുകയും നൈൽനദിയിൽ വെള്ളം ഉയരാതിരിക്കുകയും ചെയ്യുമെന്നു് സെറാപ്പിസ് ഭക്തന്മാർ പ്രവചിച്ചെങ്കിലും തുടർന്നുള്ള വർഷങ്ങളിലും ക്രമമായി പതിവുപോലെ വെള്ളം ഉയർന്നു. ഇങ്ങനെ നൈൽ നദിയിൽ വെള്ളം ഒഴുക്കിക്കൊണ്ടുവരുന്നതു് സെറാപ്പിസിന്റെ ശക്തികൊണ്ടല്ലെന്നും ദൈവനിശ്ചയമനുസരിച്ചാണെന്നും വ്യക്തമായി.

ഇതേ കാലഘട്ടത്തിൽ സർമാത്യർ, ഗോത്യർ എന്ന രണ്ടു വിഭാഗം കാട്ടുജാതിക്കാർ റോമാസാമ്രാജ്യത്തിന്റെ ചില ഭാഗങ്ങളിൽ ആക്രമണം നടത്തി. അവരെ എതിരിടേണ്ടി വന്നപ്പോഴും സഭകളുടെ കാര്യത്തിലുള്ള ചക്രവർത്തിയുടെ താൽപര്യം ഒട്ടും കുറഞ്ഞില്ല. രണ്ടു വിഷയത്തിലും അദ്ദേഹം യഥാവിധി ശ്രദ്ധ ചെലുത്തുകയാണു ചെയ്തതു്. കുരിശടയാളമുള്ള പതാകയിൽ വിശ്വാസമർപ്പിച്ചുകൊണ്ടു്[31] അദ്ദേഹം ശത്രുക്കളെ നിശ്ശേഷം പരാജിതരാക്കി. മുൻ ചക്രവർത്തിമാർ കാട്ടുജാതിക്കാർക്കു പതിവായി കൊടുത്തുവന്ന തുകകൾ നിർത്തലാക്കാനും അതുമൂലം സാധിച്ചു. അപ്രതീക്ഷിതമായ വേഗതയിൽ പാടേ

31· tropaio (Christian banner)

www.malankaralibrary.com



പരാജയപ്പെട്ട ആക്രമണകാരികൾ സംഭീതരായി ക്രിസ്തുമതം സ്വീകരിച്ചു. കോൺസ്റ്റൻൈറനെ സംരക്ഷിച്ചതും ക്രിസ്തുമതമാണല്ലോ.

കോൺസ്റ്റൻറയിൻ വീണ്ടും പല പള്ളികൾ പണിയിച്ചു. അബ്രഹാം മാലാഖാമാരെ സത്കരിച്ചതായി വിശുദ്ധ ലിഖിതത്തിൽ പറയപ്പെടുന്ന മാംറെയിലെ ഓക്കിൻെറ അടുത്തായി അദ്ദേഹം ഒരു ദേവാലയം നിർമ്മിച്ചു. പ്രസ്തുത ഓക്കുവൃക്ഷത്തിൻെറ ചുവട്ടിൽ ബലിപീഠം നിർമ്മിച്ച് പുറജാതികൾ അവിടെ ബലി സമർപ്പിക്കുന്നു എന്നു കേട്ടറിഞ്ഞിട്ടാണ് അദ്ദേഹം പ്രസ്തുത ദേവാലയം നിർമ്മിക്കുന്നതിനുള്ള നിർദ്ദേശം നൽകിയത്. കൈസറിയായിലെ മെത്രാനായിരുന്ന എവുസേബിയസിനെ ഈ വിഷയത്തിൽ കുററപ്പെടുത്തിക്കൊണ്ട് ചക്രവർത്തി ഒരു കത്തെഴുതി. പുറജാതികളുടെ ബലിപീഠം തകർത്ത് ഓക്കിനടുത്ത് ഒരു പള്ളി പണിയണം എന്ന് അദ്ദേഹം ആജ്ഞ നൽകി. ഇതേ കാരണത്താൽ ഫിനീഷ്യായിലുള്ള ഹെലിയോപ്പോലീസ് എന്ന സ്ഥലത്തും ഒരു പള്ളി പണിയാൻ ചക്രവർത്തി കല്പന നൽകി.

ഹെലിയോപ്പോലീസിൽ വളരെ വികൃതമായ ഒരാചാരമുണ്ടായിരുന്നു. അവിടുത്തെ ജനങ്ങൾക്കുവേണ്ടി അതുണ്ടാക്കിയത് ആരാണെന്നു നിശ്ചയമില്ലെങ്കിലും അയാളുടെ സ്വഭാവവും ധാർമ്മികബോധ്യങ്ങളും വളരെ വിചിത്രമായിരുന്നു എന്നു വ്യക്തം. അവിടെയുള്ള സ്ത്രീകൾ പൊതുസ്വത്താണ് എന്ന് ആ നാട്ടിലെ നിയമം നിശ്ചയിച്ചിരുന്നു. അവിടെ ജനിക്കുന്ന കുട്ടികളുടെ പിതൃത്വത്തെപ്പററി സംശയമായിരുന്നു. പിതാക്കന്മാരും അവരുടെ മക്കളും തമ്മിൽ അവിടെ ഒരു വ്യത്യാസവുമില്ലായിരുന്നു. അവിടെ വരുന്ന സന്ദർശകർക്കായി തങ്ങളുടെ കന്യകകളെ വേശ്യകളായും അവർ നല്കിയിരുന്നു. ആ നാട്ടിൽ വളരെക്കാലമായി നിലനിന്നു വന്ന ഈ തിന്മ അവസാനിപ്പിക്കാൻ ചക്രവർത്തി സത്വരനടപടികൾ സ്വീകരിച്ചു. ലൈംഗിക വിശുദ്ധി സംബന്ധിച്ച സമ്പൂർണ്ണവും കർശനവുമായ ഒരു നിയമം അവർക്ക് അദ്ദേഹം നൽകി. അങ്ങനെ കുടുംബങ്ങളുടെ രൂപീകരണം അവിടെ സാധിതമാക്കി. ആ പ്രദേശത്ത് പള്ളികൾ നിർമ്മിച്ചതിനുശേഷം ഒരു മെത്രാനെയും കുറെ വൈദികരെയും വാഴിച്ച് അവിടെ നിയമിക്കുകയും ചെയ്തു. അങ്ങനെ ഹേലിയോപ്പോലീസിലെ ജനങ്ങളുടെ ദുഷിച്ച ആചാരം അദ്ദേഹം നിർത്തലാക്കി.

അതുപോലെ ലിബാനൂസ് മലയിൽ ആഫാക്കാ എന്ന സ്ഥലത്തുണ്ടായിരുന്ന വീനസ് ദേവിയുടെ ക്ഷേത്രം അദ്ദേഹം

www.malankaralibrary.com



തകർത്തു; അവിടെ നടന്നിരുന്ന ജുഗുപ്സാവഹമായ ആചാരങ്ങളെല്ലാം അവസാനിപ്പിക്കുകയും ചെയ്തു. സിലീഷ്യായിലുള്ള ഒരു നാഗപ്പിശാചിനെ അദ്ദേഹം ബഹിഷ്കരിച്ച കാര്യം അധികം വിസ്തരിക്കുന്നില്ല. അവന്റെ ആവാസകേന്ദ്രമായിരുന്ന സൗധം അടിത്തറയുംപ്പെടെ ഇളക്കി നശിപ്പിക്കാനുള്ള കല്പനയാണദ്ദേഹം നൽകിയതു്.

ക്രിസ്തുമതത്തിൽ ചക്രവർത്തിക്കു വലിയ വിശ്വാസമായിരുന്നു. ചക്രവർത്തിക്കു് ഒരിക്കൽ പേർഷ്യക്കാരോടു് യുദ്ധത്തിനു പോകേണ്ടിവന്നു. ആ അവസരത്തിൽ മോശ പണ്ടു് മരുഭൂമിയിലെ സഞ്ചാരകാലത്തു ചെയ്തതുപോലെ (പുറ.35-40) ഒരു കൂടാരമുണ്ടാക്കി. ചിത്രത്തയ്യൽ കൊണ്ടലങ്കരിച്ച തുണികൊണ്ടു് പള്ളിയുടെ ആകൃതിയിൽ നിർമ്മിച്ചതായിരുന്നു ആ കൂടാരം. ഒരു സ്ഥലത്തുനിന്നു മറെറാരു സ്ഥലത്തേയ്ക്കു നിഷ്പ്രയാസം കൊണ്ടുപോകാവുന്ന വിധത്തിലായിരുന്നു അതിന്റെ സംവിധാനം. ഏററവും വിജനമായ മരുപ്രദേശങ്ങളിൽ കഴിയുമ്പോഴും പ്രാർത്ഥനയ്ക്കു് ഒരു സങ്കേതം ഉണ്ടായിരിക്കണം എന്നു വച്ചിട്ടാണു് അദ്ദേഹം ഇപ്രകാരം ചെയ്തതു്. ഇങ്ങനെ തയ്യാറെടുപ്പുകൾ നടത്തിയെങ്കിലും ചക്രവർത്തിക്കു യുദ്ധം ചെയ്യേണ്ടി വന്നില്ല. എന്തുകൊണ്ടെന്നാൽ അദ്ദേഹത്തിന്റെ ശക്തിയെക്കുറിച്ചറിഞ്ഞു ഭയപ്പെട്ടു് പേർഷ്യാക്കാർ തിരിച്ചുപോയി.

നഗരങ്ങൾ പുനർനിർമ്മിക്കാനും ഗ്രാമങ്ങളെ നഗരങ്ങളായി പരിവർത്തിപ്പിക്കാനും ചക്രവർത്തി ചെയ്ത ശ്രമങ്ങൾ ഇവിടെ വിവരിക്കുന്നതു് അസ്ഥാനത്താകും എന്നു് എനിക്കു തോന്നുന്നു. ഡ്രെപ്പാനും എന്ന ഗ്രാമത്തെ ഹെലേനോപോലീസ് നഗരമാക്കിയതും പലസ്തീനായിൽ തന്റെ സഹോദരിയുടെ പേരിൽ കോൺസ്റ്റാൻസ്യാ എന്ന നഗരം സ്ഥാപിച്ചതും മററും ഉദാഹരണങ്ങൾ. ചക്രവർത്തിയുടെ എല്ലാ പ്രവർത്തനങ്ങളെയും വിവരിച്ചെഴുതുക എന്നുള്ളതല്ലല്ലോ എന്റെ ലക്ഷ്യം. പിന്നെയോ, ക്രിസ്തുമതവുമായി ബന്ധപ്പെട്ട കാര്യങ്ങൾ, പ്രത്യേകിച്ചു് പള്ളികളെ സംബന്ധിച്ചുള്ള കാര്യങ്ങൾ മാത്രമാണു് ഇവിടെ കുറിക്കുന്നതു്. അതുകൊണ്ടു് ചക്രവർത്തിയുടെ മഹനീയ നേട്ടങ്ങൾ തുടങ്ങിയ മററു കാര്യങ്ങൾ, മറെറാരു വിഷയമാകയാൽ, ഇത്തരം കാര്യങ്ങൾ കൈകാര്യം ചെയ്യാൻ കഴിവുള്ള മററുള്ളവർക്കായി മാററിവയ്ക്കുന്നു. സഭയിൽ അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടായില്ലായിരുന്നെങ്കിൽ എനിക്കു് അധികം വിസ്തരിച്ചൊന്നും എഴുതേണ്ടി വരികയില്ലായിരുന്നു. കാരണം, വിവരണത്തിനാവശ്യമായ വിഷയമില്ലെങ്കിൽ എഴുത്തുകാരന്റെ ആവശ്യമില്ലല്ലോ. എന്നാൽ അർത്ഥശൂന്യവും ക്ലിഷ്ടവുമായ തർക്ക

www.malankaralibrary.com



വിതർക്കങ്ങൾ ക്രിസ്തുമതത്തിന്റെ ശ്ലൈഹികവിശ്വാസത്തെ കലുഷിതമാക്കുകയും ഛിന്നഭിന്നമാക്കുകയും ചെയ്തതിനാൽ, സഭയിൽ നടന്ന സംഗതികളൊന്നും വിസ്മൃതിയിൽ ആണ്ടുപോകാതിരിക്കാൻ ഇതെല്ലാം എഴുതിവയ്ക്കുന്നതു് ഉചിതമെന്നു് എനിക്കു തോന്നി. ഈ കാര്യങ്ങളെ സംബന്ധിച്ചുള്ള കൃത്യമായ വിവരണം അനേകരുടെ ഇടയിൽ ഒരുവനെ പ്രശസ്തനാക്കുന്നു. അതേസമയം അവയുമായി പരിചയമുള്ളയാളെ തെറ്റിൽനിന്നു വിമുക്തനാക്കുന്നു. താൻ കേൾക്കാനിടയുള്ള താർക്കികരുടെ വാദങ്ങളുടെ ശുഷ്കസ്വരത്തിന്റെ കുത്തൊഴുക്കിൽ പെടാതിരിക്കാൻ അവനെ പ്രബോധിപ്പിക്കുകയും ചെയ്യുന്നു.

## അധ്യായം 19

## എത്യോപ്യയുടെ മാനസാന്തരം[32]

കോൺസ്റ്റന്റൈൻ ചക്രവർത്തിയുടെ കാലത്തു് ക്രിസ്തുമതം ഏതുവിധം പ്രചരിച്ചു എന്നാണു് ഇനി പറയാൻ പോകുന്നതു്. അദ്ദേഹത്തിന്റെ കാലത്താണു് ഇൻഡ്യയുടെ ഉൾപ്രദേശത്തുള്ളവരും[33] ഇബേരിയരും[34] ആദ്യമായി ക്രിസ്തുമതം ആശ്ലേഷിച്ചതു്. *ഉൾപ്രദേശം* എന്നു പറഞ്ഞതിന്റെ കാരണം ചുരുക്കി വിവരിക്കാം: അപ്പസ്തോലന്മാർ കുറിയിട്ടു നിശ്ചയിച്ചിട്ടാണല്ലോ വിവിധരാജ്യങ്ങളിലേയ്ക്കു മതപ്രചരണാൎത്ഥം പുറപ്പെട്ടതു്. തോമ്മാശ്ലീഹായ്ക്കു പാൎത്തിയന്മാരുടെ പക്കലേയ്ക്കു പോകാനാണു കുറി കിട്ടിയതു്. മത്തായിക്കു് എതോപ്യയും ബർത്തലോമിയോസ്സിനു് അതിനു സമീപമുള്ള ഇൻഡ്യയുടെ ഭാഗവും ലഭിച്ചു.

---

32. ''കോൺസ്റ്റൻടൈന്റെ കാലത്തു് ഇൻഡ്യയുടെ ഉൾപ്രദേശങ്ങൾ ക്രിസ്തീയമായ വിധം'' എന്നാണു് തലക്കെട്ടു്. 'ഇൻഡ്യ' എന്നാൽ എത്യോപ്യ എന്നാണു് ഇവിടെ വിവക്ഷ. കോൺസ്റ്റാൻസ്യസിന്റെ കാലത്താണു് ഇതു നടന്നതു്; കോൺസ്റ്റൻടൈന്റെ കാലത്തല്ല. ഈ അദ്ധ്യായത്തിൽ സൊക്രാട്ടസ് റുഫീനൂസിനെ (സഭാചരിത്രം 1:9) പദാനുപദം പകർത്തിവച്ചിരിക്കുകയാണു്. അങ്ങനെ റുഫീനൂസിന്റെ തെറ്റുകളും അപ്പാടെ പകൎത്തി.

33. എത്യോപ്യയിലുള്ളവർ

34. ജോർജിയായിലുള്ളവർ.

www.malankaralibrary.com



എന്നാൽ വിഭിന്നഭാഷകഠം സംസാരിക്കുന്ന അനേകം അപരിഷ്കൃത വർഗ്ഗക്കാർ താമസിച്ചിരുന്ന ഇൻഡ്യയുടെ ഉഠംപ്രദേശങ്ങളിൽ കോൺസ്റ്റൻൈറൈൻെറ കാലത്തിനുമുൻപ് ക്രിസ്തീയതത്ത്വങ്ങഠം എത്തിച്ചേർന്നിരുന്നില്ല. കോൺസ്റ്റൻറയിൻെറ കാലത്തു് അവർ ക്രിസ്ത്യാനികളായിത്തീർന്നതിൻെറ കാരണം ഞാൻ വിവരിക്കാം.

ടയർകാരനായി മെറോപ്പിയൂസ് എന്നൊരു താത്ത്വികനുണ്ടായിരുന്നു. ഇൻഡ്യയിലെ കാര്യങ്ങളെല്ലാം നേരിട്ടുകണ്ടു മനസ്സിലാക്കണമെന്നു് അദ്ദേഹം തീരുമാനിച്ചു. ഇക്കാര്യത്തിൽ ആദ്ദേഹത്തിനു പ്രചോദനം ലഭിച്ചതു് മെത്രോദോറസ് എന്ന താത്ത്വികനിൽ നിന്നായിരുന്നു. മെത്രോദോറസ് ഇൻഡ്യയിൽക്കൂടെ സഞ്ചരിച്ചിട്ടുണ്ടു്. ഗ്രീക്കഭാഷ പഠിച്ചവരും തൻെറ ബന്ധുക്കളുമായ രണ്ടു യുവാക്കളെ കൂട്ടിക്കൊണ്ടു് മെറോപ്പിയൂസ് കപ്പലിൽ കയറി ഇന്ത്യയിലേക്കു പുറപ്പെട്ടു. ഇന്ത്യയിലെത്തി പല സ്ഥലങ്ങളും സന്ദർശിച്ചു. ആവശ്യമുള്ള കുറെ സാധനങ്ങഠം വാങ്ങുന്നതിനായി ഒരു തുറമുഖനഗരത്തിലെത്തി. ആ സമയത്തിനു് അൽപ്പം മുമ്പു് ഇന്ത്യാക്കാരും റോമാക്കാരും തമ്മിലുള്ള ഒരുടമ്പടി ലംഘിക്കപ്പെട്ടിരുന്നു. അതിനാൽ മെറോപ്പിയൂസിൻെറ ബന്ധുക്കളായ ആ രണ്ടു യുവാക്കഠം ഒഴികെ ആ സംഘത്തിലുണ്ടായിരുന്ന റോമാക്കാരെ മുഴുവൻ ഇന്ത്യാക്കാർ വധിച്ചു. ചെറുപ്രായക്കാരെന്ന നിലയ്ക്കുള്ള സഹതാപം മൂലമാണ് ആ രണ്ടു പേരെ വധിക്കാതിരുന്നതു്. അവർ അവരെ അവിടുത്തെ രാജാവിനു് കാഴ്ചയായി സമർപ്പിച്ചു. രാജാവിനു് സുന്ദരന്മാരായ ആ യുവാക്കളെക്കണ്ടു് വളരെ പ്രീതിതോന്നി. അവരിൽ ഒരാളായ എഡേസിയൂസിനെ രാജാവു തൻെറ പാനപാത്ര വാഹകനാക്കി. ഫ്രുമെൻസ്യൂസ് എന്നു പേരുള്ള മറേറയാളിനെ രാജകീയരേഖകളുടെ ചുമതലക്കാരനായി നിയമിച്ചു. അധികം താമസിയാതെ ആ രാജാവു മരിച്ചതിനാൽ അവർ സ്വതന്ത്രരായി. രാജ്യഭരണം അദ്ദേഹത്തിൻെറ ഭാര്യയുടെയും ശിശുവായ പുത്രൻെറയും ചുമതലയിലായി. കുഞ്ഞിനു പ്രാപ്തിയാകുന്നതുവരെ രാജ്യഭരണത്തിൻെറ ചുമതല വഹിക്കണമെന്നു് രാജ്ഞി യുവാക്കളോടു് ആവശ്യപ്പെട്ടു. അവർ സമ്മതിച്ചു് ആ ചുമതല ഏറെറടുക്കുകയും ചെയ്തു. ഭരണച്ചുമതലകഠം പ്രധാനമായും കൈകാര്യം ചെയ്തിരുന്നതു ഫ്രുമെൻസ്യൂസാണ്. അവിടെ വ്യാപാരം നടത്തിയിരുന്ന റോമാക്കാരിൽ ക്രിസ്ത്യാനികഠം ആരെങ്കിലുമുണ്ടോ എന്നു് അദ്ദേഹം അന്വേഷണം നടത്തിച്ചു. ഏതാനും പേരെ കണ്ടുകിട്ടി. താനാരാണെന്നു് അവരെ അറിയിച്ചു. ക്രിസ്തീയമതകർമ്മാനുഷ്ഠാനങ്ങഠംക്കു യുക്തമായ ഒരു സ്ഥലം കണ്ടുപിടിക്കാൻ അദ്ദേഹം അവരോടാവശ്യപ്പെട്ടു. ചുരു

www.malankaralibrary.com



ങ്ങിയ സമയംകൊണ്ടു് അദ്ദേഹം ഒരു പ്രാർത്ഥനാലയം പണിതീർത്തു. ഇന്ത്യാക്കാരിൽ ചിലരെയും ക്രിസ്തീയ തത്വങ്ങൾ പരിശീലിപ്പിച്ചശേഷം പ്രാർത്ഥനാകർമ്മങ്ങളിൽ സഹകരിപ്പിച്ചു. ആരാധനയിൽ പങ്കെടുക്കാൻ അവരെ അദ്ദേഹം യോഗ്യരാക്കി.

രാജകുമാരനു് പ്രായപൂർത്തിയായപ്പോൾ റോമൻയുവാക്കൾ, തങ്ങൾ അതുവരെ വളരെ കാര്യക്ഷമമായി നിർവ്വഹിച്ചു പോന്ന രാജ്യഭരണം തിരിച്ചേല്പിച്ചു. തങ്ങളുടെ നാട്ടിലേയ്ക്കു തിരിച്ചു പോകാനുള്ള അനുവാദത്തിനുവേണ്ടി അപേക്ഷിച്ചു. അവർ അവിടെത്തന്നെ താമസിക്കണമെന്നു യുവരാജാവും രാജമാതാവും നിർബന്ധപൂർവ്വം ആവശ്യപ്പെട്ടെങ്കിലും സ്വന്തം നാടു സന്ദർശിക്കാനുള്ള ആഗ്രഹാധിക്യം കൊണ്ടു് അവർ ഒരുവിധം അനുവാദം വാങ്ങി പുറപ്പെട്ടു.

എഡേസിയൂസ് തന്റെ മാതാപിതാക്കളെയും ബന്ധുക്കളെയും കാണാനായി ടയറിലേയ്ക്കു പോയി. ഫ്രുമെൻസ്യൂസാകട്ടെ, അലക്സാൺഡ്രിയായിലെത്തി അവിടുത്തെ മെത്രാനായിരുന്ന അത്തനാസ്യോസിനെ ഇൻഡ്യയിലെ സ്ഥിതിഗതികൾ അറിയിച്ചു. അത്തനാസ്യോസ് മെത്രാനായിട്ടു് അന്നു് അധികകാലമായിരുന്നില്ല. ഫ്രുമെൻസ്യൂസ് തന്റെ യാത്രാനുഭവങ്ങളും ഇൻഡ്യയിലുള്ളവർക്കു ക്രിസ്തുമതം സ്വീകരിക്കുന്നതിനുള്ള താല്പര്യവും വിവരിച്ചു കേൾപ്പിച്ചു. ഒരു മെത്രാനെയും ഏതാനും വൈദികരെയും അങ്ങോട്ടയച്ചു കൊടുക്കണമെന്നും രക്ഷിക്കപ്പെടുവാൻ സാധ്യതയുള്ളവരുടെ കാര്യം അങ്ങനെ അവഗണിക്കപ്പെടാതിരിക്കും എന്നും അദ്ദേഹം അത്തനാസ്യോസിനോടു് അഭ്യർത്ഥിച്ചു. ഏററം പ്രയോജനപ്രദമാം വിധം എങ്ങനെ ഇതു കൈകാര്യം ചെയ്യാൻ കഴിയും എന്നതിനെപ്പററി അത്തനാസ്യോസ് പര്യാലോചിച്ചു, അദ്ദേഹത്തേക്കാൾ പററിയ ഒരാളെ കണ്ടുപിടിക്കാൻ തനിക്കു സാധിക്കയില്ല എന്നു പറഞ്ഞുകൊണ്ടു് ഫ്രുമെൻസ്യൂസ് തന്നെ മെത്രാനാകണമെന്നു് അദ്ദേഹം അഭ്യർത്ഥിച്ചു. അങ്ങനെ അപ്രകാരം ചെയ്തു. താമസിയാതെ ഫ്രുമെൻസ്യൂസ് മെത്രാനായി ഇൻഡ്യയിൽ തിരിച്ചെത്തി. അദ്ദേഹം അവിടെ സുവിശേഷം പ്രസംഗിക്കുകയും പല പള്ളികൾ പണിയിക്കുകയും ചെയ്തു. ദൈവാനുഗ്രഹം കൊണ്ടു് അദ്ദേഹം പല അത്ഭുതങ്ങൾ പ്രവർത്തിച്ചു; മാനസികവും ശാരീരികവുമായ രോഗങ്ങൾ അനുഭവിച്ചിരുന്ന അനേകരെ സുഖപ്പെടുത്തി. ടയറിൽവച്ചു് വൈദികനായി അവിടെത്തന്നെ താമസിച്ചിരുന്ന എഡേസിയൂസിൽ നിന്നാണു് താൻ ഈ വിവരങ്ങളെല്ലാം അറിഞ്ഞതെന്നു് റുഫീനൂസ് നമ്മോടു് ഉറപ്പിച്ചു പറയുന്നു.

www.malankaralibrary.com



## അധ്യായം 20

## ഇബേരിയരുടെ മാനസാന്തരം

ഇതേ കാലഘട്ടത്തിൽ ഇബേരിയർ ക്രിസ്തുമതത്തിലേയ്ക്ക് ആനയിക്കപ്പെട്ടതു് എങ്ങനെയെന്നു് ഇനി വിവരിക്കാം. ഭക്തിയും വിശുദ്ധിയും നിറഞ്ഞ ജീവിതം നയിച്ചിരുന്ന ഒരു സ്ത്രീ ദൈവപരിപാലനയാൽ ഇബേരിയന്മാരാൽ തടവുകാരിയായി പിടിക്കപ്പെട്ടു. ഈ ഇബേരിയർ എവുക്സിൻ കടലിനടുത്തു താമസിച്ചിരുന്നവരാണ്. സ്പെയിനിലെ ഇബേരിയരുടെ ഒരു കോളനിയായിരുന്നു അതു്.[35] അവരുടെയിടയിൽ അടിമത്തത്തിൽ ജീവിച്ചിരുന്ന കാലത്തു് ഏറ്റവും ശ്രദ്ധാപൂർവ്വകമായ സുകൃതജീവിതമാണ് അവ൪ നയിച്ചതു്. അവ൪ ഏററം കഠിനമായ ആത്മസംയമനം പാലിച്ചിരുന്നുവെന്നു മാത്രമല്ല; അധികസമയവും ഉപവാസത്തിലും പ്രാർത്ഥനയിലും ചെലവഴിക്കുകയും ചെയ്തു. അവളുടെ ജീവിതവും പെരുമാററവും നിരീക്ഷിച്ച ആ അപരിഷ്കൃതർ അത്ഭുതാധീനരായി. അങ്ങനെയിരിക്കെ ഒരു ശിശുവായിരുന്ന അവിടത്തെ രാജകുമാരനു് ഒരു രോഗം പിടിപെട്ടു. അവിടത്തെ രീതിയനുസരിച്ച രാജ്ഞി ആ രാജകുമാരനെ, ചികിത്സ നടത്തുന്നവരായ മററു സ്ത്രീകളുടെ പക്കൽ അയച്ചു. മറെറല്ലാ ചികിത്സകളുടെയും പരീക്ഷണത്തിനു ശേഷം രോഗിയായ രാജകുമാരൻ ഈ തടവുകാരി സ്ത്രീയുടെ പക്കൽ ആനയിക്കപ്പെട്ടു. അവ൪ക്കാകട്ടെ ചികിത്സ സംബന്ധിച്ച് യാതൊരറിവുമുണ്ടായിരുന്നില്ല. അവ൪ മരുന്നു് ഒന്നും ഉപയോഗിച്ചിരുന്നില്ല. പിന്നെയോ മററു സ്ത്രീക൪ കാൺകെ, കുഞ്ഞിനെ എടുത്തു് കുതിരത്തോൽ കൊണ്ടുണ്ടാക്കിയ തൻെറ കിടക്കയിൽ കിടത്തിയിട്ട പറഞ്ഞു, ''അനേകരെ സുഖപ്പെടുത്തിയ ക്രിസ്തു ഈ കുഞ്ഞിനെയും സുഖപ്പെടുത്തും''. അതിനു ശേഷം അവ൪ ദൈവത്തെ വിളിച്ച് തീക്ഷ്ണതയോടെ പ്രാർത്ഥിച്ചു. രാജകുമാരൻ പെട്ടെന്നു രോഗവിമുക്തനായി. തുടന്നു് നല്ല ആരോഗ്യവാനായി ജീവിക്കുകയും ചെയ്തു.

---

35. സൊക്രാട്ടസിൻെറ ഈ വിശദീകരണം സ്വീകാര്യമല്ല എന്നു കരുതുന്നവരുണ്ടു്.

www.malankaralibrary.com



ഈ അത്ഭുതത്തിന്റെ വാർത്ത അതിവേഗം ആ നാട്ടിലെ അപരിഷ്കൃതസ്ത്രീകളുടെ ഇടയിൽ പരന്നു. ആ വിവരം രാജ്ഞിയും പെട്ടെന്ന് അറിഞ്ഞു. ആ തടവുകാരി അങ്ങനെ പ്രശസ്തയായി. താമസിയാതെ രാജ്ഞിതന്നെ രോഗബാധിതയായപ്പോൾ പ്രസ്തുത തടവുകാരിസ്ത്രീയെ വിളിപ്പിച്ചു. വിനയാധിക്യം മൂലം അവൾ പോകാൻ വിസമ്മതിക്കയാൽ രാജ്ഞിയെ അവളുടെ പക്കലേയ്ക്കു കൊണ്ടുവന്നു. അവൾ മുൻ പറഞ്ഞ വിധത്തിൽത്തന്നെ രാജ്ഞിയെയും സുഖപ്പെടുത്തി. രാജ്ഞി നന്ദി പ്രകാശിപ്പിച്ചപ്പോൾ അവൾ പറഞ്ഞു, ''ഈ രോഗമോചനം നടത്തിയതു ഞാനല്ല. ലോകസ്രഷ്ടാവായ ദൈവത്തിന്റെ പുത്രനായ ക്രിസ്തുവാകുന്നു'. അതിനാൽ ക്രിസ്തുവിനെ വിളിച്ചപേക്ഷിക്കാനും സത്യദൈവമായി അവനെ ഏററു പറയുവാനും രാജ്ഞിയെ അവൾ ഉപദേശിച്ചു.

തന്റെ ഭാര്യ പെട്ടെന്ന് സുഖം പ്രാപിച്ചതിൽ ആനന്ദതുന്ദിലനായ ഇബേരിയൻ രാജാവ് അവൾക്കു സമ്മാനം കൊടുക്കാൻ ആഗ്രഹിച്ചു. ഈ സൗഖ്യം പ്രദാനം ചെയ്തതു് അവളാണെന്നാണ് രാജാവു കരുതിയതു്. തനിക്കു് സമ്പത്തൊന്നും ആവശ്യമില്ലെന്നും ദൈവം നൽകുന്ന അനുഗ്രഹങ്ങളും ആശ്വാസങ്ങളും മാത്രമാണ് താൻ ആഗ്രഹിക്കുന്ന സമ്പത്തെന്നുംഅവൾ അറിയിച്ചു, താൻ ആരാധിക്കുകയും പ്രഘോഷിക്കുകയും ചെയ്യുന്ന ദൈവത്തെ രാജാവും അംഗീകരിച്ചാൽ അതു തനിക്കുള്ള ഏററവും വലിയ പ്രതിസമ്മാനം ആയിരിക്കുമെന്നും അവൾ അറിയിച്ചു. ഇപ്രകാരം പറഞ്ഞുകൊണ്ടു്, തനിക്കു കൊടുത്തയച്ച സമ്മാനങ്ങൾ അവൾ തിരിച്ചയച്ചു. ഈ മറുപടി രാജാവ് തന്റെ ഉള്ളിൽ സംഗ്രഹിച്ചു വച്ചു. പിറേറ ദിവസം രാജാവ് വേട്ടയ്ക്കുപോയപ്പോൾ താഴെപ്പറയുന്ന സാഹചര്യം സംജാതമായി. അദ്ദേഹം വേട്ടയാടിക്കൊണ്ടിരുന്ന കാട്ടിലും മലമുകളിലുമെല്ലാം മൂടൽമഞ്ഞും കൂരിരുട്ടും വ്യാപിച്ചു. വേട്ട നടത്താനസാദ്ധ്യമായെന്നു മാത്രമല്ല, കാട്ടിൽനിന്നു പുറത്തു കടക്കാൻ നിവൃത്തിയില്ലാതെ രാജാവും കൂട്ടരും വിഷമിക്കുകയും ചെയ്തു. അവർ തങ്ങൾ ആരാധിച്ചിരുന്ന ദേവന്മാരെ വിളിച്ചു പ്രാർത്ഥിച്ചു. അതുകൊണ്ടു യാതൊരു ഫലവുമുണ്ടായില്ല. അവസാനം അടിമയുടെ ദൈവത്തെ വിളിച്ചു പ്രാർത്ഥിക്കാൻ രാജാവ് തീരുമാനിച്ചു. തൽക്ഷണം കാട്ടിലെ മൂടൽമഞ്ഞുമൂലമുണ്ടായ അന്ധകാരം പൂർണ്ണമായി നീങ്ങി. ആശ്ചര്യഭരിതനായ രാജാവു സന്തോഷപൂർവം കൊട്ടാരത്തിൽച്ചെന്നു് സംഭവിച്ച കാര്യങ്ങളെല്ലാം തന്റെ രാജ്ഞിയെ വിവരിച്ചു കേൾപ്പിച്ചു.

അവർ രണ്ടുപേരും ചേർന്നു് ഉടൻതന്നെ അടിമയെ വിളിച്ചു വരുത്തി. താൻ ആരാധിക്കുന്ന ദൈവത്തെക്കുറിച്ച് എല്ലാ

www.malankaralibrary.com



കാര്യങ്ങളും പറഞ്ഞുതരണമെന്നു രാജാവ് അവളോട് അഭ്യർത്ഥിച്ചു. അവൾ വന്ന് ഇബേരിയൻ രാജാവിനെ ക്രിസ്തുമതത്തിന്റെ ഒരു പ്രസംഗകനാക്കി. ഈ ഭക്തസ്ത്രീ വഴി ക്രിസ്തുവിൽ വിശ്വസിച്ചശേഷം അദ്ദേഹം തന്റെ അധീനതയിലുള്ള എല്ലാ ഇബേര്യരെയും വിളിച്ചുവരുത്തി. തന്റെ പുത്രനും ഭാര്യയ്ക്കും ഉണ്ടായ രോഗശാന്തിയുടെ വിവരങ്ങളും താൻ വേട്ടയാടാൻ പോയപ്പോഴുണ്ടായ അത്ഭുതസംഭവവും അദ്ദേഹം അവരെ വിവരിച്ചുകേൾപ്പിച്ചു. ആ അടിമസ്ത്രീ ആരാധിക്കുന്ന സത്യദൈവത്തെ എല്ലാവരും ആരാധിക്കണമെന്ന് അദ്ദേഹം അഭ്യർത്ഥിച്ചു. തുടർന്ന് രാജാവും രാജ്ഞിയും ആ നാട്ടുകാർക്ക് മതപ്രബോധകരായി. രാജാവ് പുരുഷന്മാരെയും രാജ്ഞി സ്ത്രീകളെയും ക്രിസ്തുമത തത്ത്വങ്ങൾ പഠിപ്പിക്കുകയും ഉപദേശങ്ങൾ നല്കുകയും ചെയ്തു.

കൂടാതെ, റോമാക്കാരുടെ ഇടയിൽ പള്ളികൾ പണിയുന്ന രീതി അവളിൽനിന്നു മനസ്സിലാക്കിയിട്ട്, ഒരു പള്ളി പണിയാൻ കല്പനയിട്ടു. അതിന്റെ നിർമ്മാണത്തിനുവേണ്ട സാമഗ്രികളെല്ലാം വേഗം നൽകി. പണി ആരംഭിച്ചു. എന്നാൽ അതിനുള്ള തൂണുകൾ നിവർത്താൻ തുടങ്ങിയപ്പോൾ ആ നാട്ടുകാരെ വിശ്വാസത്തിൽ ഉറപ്പിക്കാൻവേണ്ടി ദൈവപരിപാലന തടസ്സം ഉണ്ടാക്കി. തൂണുകളിലൊന്ന് അനക്കാൻ സാധിക്കാത്ത വിധം കിടന്നു. അതിനെ ഉയർത്തുവാനുള്ള പരിശ്രമമെല്ലാം പരാജയപ്പെട്ടു. അവരുടെ കയർ പൊട്ടുകയും ഉയർത്താൻ കൊണ്ടുവന്ന ഉപകരണങ്ങൾ ഒടിഞ്ഞു പോകുകയും ചെയ്തു. പണിക്കാർ ഹതാശയരായി പിന്തിരിഞ്ഞു. അപ്പോൾ താഴെപ്പറയും പ്രകാരം അടിമയുടെ വിശ്വാസത്തിന്റെ യാഥാർത്ഥ്യം തെളിയിക്കപ്പെട്ടു. ഈ വിവരം അറിഞ്ഞ് മററാരുമറിയാതെ അവൾ രാത്രിയിൽ ആ സ്ഥലത്തെത്തി. രാത്രി മുഴുവൻ അവിടെ പ്രാർത്ഥനയിൽ ചെലവഴിച്ചു. ദൈവശക്തിയാൽ ആ തൂണ് സ്വയം ഉയർന്ന് അതു നാട്ടേണ്ട സ്ഥാനത്തിനു മുകളിൽ വന്ന്, നിലത്തു തൊടാതെ നിന്നു. ബുദ്ധിമാനായ രാജാവ് പുലർച്ചയ്ക്ക് പണി പരിശോധിക്കാൻ എത്തിയപ്പോൾ ആ തൂണ് ആകാശത്തിൽ തൂങ്ങി നിൽക്കുന്നതു് കണ്ടു. രാജാവും അനുചരന്മാരും ഇതിൽ ആശ്ചര്യ പരതന്ത്രരായി. താമസിയാതെതന്നെ ആ തൂണ താഴ്ന്നുവന്ന് അതിനായി നിശ്ചയിച്ചിരുന്ന സ്ഥലത്തു് ഉറച്ചു. ഇതു കണ്ടപ്പോൾ രാജാവു പറഞ്ഞ കാര്യങ്ങൾ എല്ലാവരും അംഗീകരിക്കുകയും അടിമയുടെ ദൈവത്തിന് കീർത്തനങ്ങൾ ആലപിക്കുകയും ചെയ്തു. അവർ അപ്പോൾ മുതൽ വിശ്വസിക്കുകയും താല്പര്യപൂർവം മററു തൂണുകളെല്ലാം ഉയർത്തുകയും പള്ളിയുടെ പണി വേഗം പൂർത്തിയാക്കുകയും ചെയ്തു.

www.malankaralibrary.com



തുടന്നു് ആ രാജാവു് കോൺസ്റ്റൻറയിൽ ചക്രവത്തിയുടെ പക്കലേക്കു് ഒരു പ്രതിനിധിസംഘത്തെ അയച്ചു. തങ്ങഠം ഭാവിയിൽ എന്നും റോമാക്കാരോടു സഹകരണത്തിൽ വത്തിച്ചു കൊള്ളാമെന്നും തങ്ങഠം ക്രിസ്ശുവിൽ ആത്മാർത്ഥമായി വിശ്വസിക്കുന്നുവെന്നും ഒരു മെത്രാനെയും കുറെ വൈദികരെയും അയച്ചുകൊടുക്കണമെന്നും പ്രതിനിധിസംഘം കോൺസ്റ്റൻറയിനെ അറിയിച്ചു. ബാക്കുറിയസ് എന്ന വ്യക്തിയിൽ നിന്നാണു് താൻ ഈ വിവരങ്ങളെല്ലാം മനസ്സിലാക്കിയതെന്നു് റുഫീനൂസ് പറയുന്നു[36]. ബാക്കുറിയസ് ഇബേരിയരുടെ ഒരു മുൻ ഇടപ്രഭുവായിരുന്നു. പിന്നീടു് അദ്ദേഹം റോമൻ സൈന്യത്തിൽ ചേന്നു. ക്യാപ്റ്ററൻ എന്ന നിലയിൽ പലസ്തീനയിൽ സേവനം നിർവ്വഹിച്ചു. ഒടുവിൽ ഏകാധിപതിയായ മാക്സിമൂസിനെതിരെയുള്ള യുദ്ധത്തിൽ അദ്ദേഹം റോമൻസൈന്യത്തിൻെറ അധിപനായി തെയഡോഷ്യസ് ചക്രവത്തിയെ സഹായിച്ചു.

ഇങ്ങനെ കോൺസ്റ്റൻറയിൻെറ കാലത്തുതന്നെ ഇബേരിയർ ക്രിസ്തുമതത്തിലേയ്ക്കു് ആനയിക്കപ്പെട്ടു.

## അധ്യായം 21

# സന്യാസിയായ അന്തോണിയോസ്

ഇതേകാലത്തു് ഈജിപ്തിലെ മരുപ്രദേശങ്ങളിൽ ജീവിച്ചിരുന്ന സന്യാസിയായ അന്തോണിയോസ് എങ്ങനെയുള്ളയാളായിരുന്നു, പിശാചുക്കളുടെ തന്ത്രങ്ങളും ക്രൂരമായ രീതിയിലുള്ള പോരാട്ടങ്ങളും വ്യക്തമായി മനസ്സിലാക്കി, അദ്ദേഹം അവരോടു് എങ്ങനെ തുറന്ന പോരാട്ടം നടത്തിയിരുന്നു, എങ്ങനെ നിരവധി അത്ഭുതങ്ങഠം പ്രവത്തിച്ചിരുന്നു എന്നു തുടങ്ങിയ കാര്യങ്ങളെല്ലാം ഞാനിവിടെ വിസ്തരിച്ചു പറയേണ്ട കാര്യമില്ല. അലക്സാണ്ഡ്രിയായിലെ മെത്രാനായ അത്തനാസ്യോസ് ഒരു ഗ്രന്ഥം തന്നെ അദ്ദേഹത്തെക്കുറിച്ചു് എഴുതിയിട്ടുണ്ടു്.[37] കോൺസ്റ്റൻറയിൻ ചക്രവത്തിയുടെ കാലത്തു് അതുപോലുള്ള നല്ല ആളുകഠം ധാരാളമുണ്ടായിരുന്നു എന്നു മാത്രം ഇവിടെ പറഞ്ഞുകൊള്ളട്ടെ.

---

36. സഭാചരിത്രം, 1.10

37. ജീ.ചേടിയത്തു്, സന്യാസത്തിൻെറ അന്തർധാര, കോട്ടയം, 1985

www.malankaralibrary.com



## അധ്യായം 22

# മാനിയും മാനിക്കേയൻ പാഷണ്ഡതയും

നല്ല ഗോതമ്പുചെടികളുടെയിടയ്ക്കു് കളകളും മുളച്ചു വളർന്നു വരുമല്ലോ. അസൂയ എന്നും നന്മയ്ക്കെതിരായി ഗൂഢാലോചന നടത്തിക്കൊണ്ടിരിക്കും. അതുപോലെ, കോൺസ്റ്റൻറയിൻെറ കാലത്തിനു് അല്പം മുമ്പു് യഥാർത്ഥ ക്രിസ്തുമതത്തിനു സമാന്തര മായി ഒരു കപടക്രിസ്തുമതവിഭാഗവും തലപൊക്കി. യഥാർത്ഥ പ്രവാചകരുടെ മദ്ധ്യത്തിൽ കപടപ്രവാചകരും യഥാർത്ഥ ശ്ലീഹ ന്മാരുടെ മദ്ധ്യത്തിൽ കപടശ്ളീഹന്മാരും പ്രത്യക്ഷപ്പെട്ടു. എമ്പദോക്ലെസ് എന്ന അക്രൈസ്തവ ദാർശനികൻെറ ചില തത്ത്വങ്ങൾ മാനി എന്നയാളിലൂടെ ക്രൈസ്തവതത്ത്വങ്ങളുടെ രൂപത്തിൽ പ്രത്യക്ഷപ്പെട്ടു. എവുസേബിയസ് പാംഫീലി അദ്ദേഹത്തിൻെറ തിരുസഭാചരിത്രത്തിൻെറ ഏഴാം പുസ്തക ത്തിൽ ഈ വ്യക്തിയെക്കുറിച്ചു പറയുന്നുണ്ടു്;[38] എന്നാൽ വേണ്ടി ടത്തോളം വിശദാംശങ്ങൾ അദ്ദേഹം തരുന്നില്ല. അതിനാൽ അദ്ദേഹം വിട്ടുപോയ കുറെ കാര്യങ്ങൾ ഇവിടെ പ്രസ്താവിക്കേ ണ്ടതു് അത്യാവശ്യമാണെന്നു ഞാൻ കരുതുന്നു. ഈ മാനി ആരാ ണെന്നും എവിടെനിന്നു വന്നെന്നും അയാളുടെ പ്രബോധനത്തി ൻെറ സ്വഭാവം എന്താണെന്നും വ്യക്തമാക്കാം. ഷിതിയൻ എന്നു പേരുള്ള ഒരു സാരസൻ ഉത്തരതേബായിസിലുള്ള അടിമ യായ ഒരു സ്ത്രീയെ വിവാഹം ചെയ്തു. അവൾക്കുവേണ്ടി അയാൾ ഈജിപ്തിൽ താമസമാക്കി. ഈജിപ്തുകാരുടെ വിദ്യകൾ പലതും അയാൾ വശമാക്കി. അയാൾ എമ്പദോ ക്ലെസിൻെറയും പീത്തഗോറസിൻെറയും സിദ്ധാന്തങ്ങൾ പലതും ക്രൈസ്തവവിശ്വാസതത്ത്വങ്ങളിൽ കൂട്ടിക്കലർത്തി. എമ്പദോ ക്ലെസിനെപ്പോലെ നല്ലതും ചീത്തയുമായ രണ്ടു പ്രകൃതികൾ ഉണ്ടെന്നും നല്ലതിനെ സൗഹൃദമെന്നും തീയതിനെ ഭിന്നിപ്പെന്നും വിളിക്കാമെന്നും അയാൾ സിദ്ധാന്തിച്ചു. ആദ്യംതെരെബിന്തുസ് എന്നും പിന്നീടു് ബുദ്ധൻ എന്നും വിളിക്കപ്പെട്ട ഒരാൾ ഈ ഷിതിയൻെറ ശിഷ്യനായിത്തീർന്നു. അയാൾ പേർഷ്യാക്കാർ വസിക്കുന്ന ബാബിലോണിലെത്തി സ്വന്തം മാഹാത്മ്യത്തെ

38. VII. 31

www.malankaralibrary.com



സംബന്ധിച്ച് അതിശയോക്തിപരമായ പല പ്രസ്താവങ്ങളും പുറപ്പെടുവിച്ചു. താൻ കന്യകയിൽനിന്നു ജനിച്ചവനും പർവ്വത പ്രദേശങ്ങളിൽ വളർത്തപ്പെട്ടവനുമാണെന്നു് അയാൾ അവകാശപ്പെട്ടു. അയാൾ നാലു ഗ്രന്ഥങ്ങൾ രചിച്ചു: ഒന്നു്, രഹസ്യങ്ങൾ, മറെറാന്നു് സുവിശേഷം, മൂന്നാമത്തേതു് നിക്ഷേപം, നാലു് സംഗ്രഹങ്ങൾ. ചില മിസ്റ്റിക് കർമ്മങ്ങൾ കാണിക്കുന്നതായി അഭിനയിക്കുന്ന സമയത്തു് ഏതോ ഒരു അരൂപി[39] കിഴക്കാംതൂക്കായ ഒരു പാറയുടെ മുകളിൽനിന്നു് അയാളെ ഉരുട്ടി താഴെയിട്ടു. അങ്ങനെ അയാൾ നശിച്ചു. അയാൾ താമസിച്ചിരുന്ന വീട്ടിലെ സ്ത്രീ അയാളുടെ മൃതദേഹം സംസ്കരിക്കുകയും അയാളുടെ സമ്പത്തെല്ലാം കൈവശപ്പെടുത്തുകയും ചെയ്തു. കുബ്രിക്കുസ് എന്നു പേരുള്ള ഒരു ആൺകുട്ടിയെ അവൾ വിലയ്ക്കുവാങ്ങി. അവനെ അവൾ സ്വതന്ത്രനാക്കി. മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകുകയും ചെയ്തു. താമസിയാതെ അവൾ മരിച്ചപ്പോൾ സ്വതന്ത്രനായ കുബ്രീക്കുസ് ആ സമ്പത്തുമായി പേർഷ്യയിലേയ്ക്കു പോയി. തൻെറ പേരുമാററി മാനി എന്നാക്കി. ബുദ്ധൻെറ അഥവാ തെരെബിന്തുസിൻെറ പുസ്തകങ്ങൾ തൻേറതാണെന്നു പറഞ്ഞു് വഞ്ചിതരായ ജനങ്ങളുടെയിടയിൽ അയാൾ പ്രചരിപ്പിച്ചു. ഈ പുസ്തകത്തിലെ വിഷയങ്ങൾ ക്രൈസ്തവതത്ത്വങ്ങളോടു വളരെ സാമ്യമുള്ളവയാണ് എന്നു തോന്നും. എന്നാൽ ഉള്ളടക്കത്തിൽ അക്രൈസ്തവവുമാണ്.

നിരീശ്വരനായ മാനി ബഹുവിധ ദേവന്മാരെ അംഗീകരിക്കാൻ തൻെറ ശിഷ്യരെ പ്രേരിപ്പിച്ചു; സൂര്യനെ ആരാധിക്കാൻ അവരെ പഠിപ്പിച്ചു. വിധി അലംഘനീയമാണെന്ന തത്ത്വവും അയാൾ പഠിപ്പിച്ചു. മനുഷ്യൻെറ സ്വതന്ത്ര്യമനസ്സിനെ നിഷേധിച്ചു. ശരീരങ്ങൾക്കു രൂപാന്തരമുണ്ടാകുമെന്നു പ്രഖ്യാപിച്ചു. എമ്പദോക്ലെസ്, പിത്തഗോറസ്, ഈജിപ്തുകാർ എന്നിവരുടെ അഭിപ്രായങ്ങളാണ് ഈ കാര്യങ്ങളിൽ അയാൾ മാർഗ്ഗദർശകങ്ങളായി സ്വീകരിച്ചതു്.

ക്രിസ്തു ശരീരത്തിൽ ഈലോകത്തിൽ ജീവിച്ചിരുന്നു എന്ന വസ്തുത അയാൾ നിഷേധിച്ചു. ക്രിസ്തു വെറും ഒരു ഭ്രാമകദർശനമായിരുന്നുവെന്നാണ് അയാൾ വാദിച്ചതു്. ആശ്വാസദായകൻ എന്നു സ്വയം വിശേഷിപ്പിച്ച അയാൾ നിയമത്തെയും പ്രവാചകന്മാരെയും നിഷേധിച്ചു. സഭയുടെ ഔദ്യോഗികാദ്ധ്യാപനത്തിനു വിരുദ്ധമായ ആശയങ്ങളാണിവയെല്ലാം തൻെറ

39. കാററടിച്ചുതാഴെ വീണതാകാം.

www.malankaralibrary.com



ലേഖനങ്ങളിൽ അയാൾ സ്വയം അപ്പസ്തോലൻ എന്നു വിശേഷിപ്പിക്കുന്നുപോലുമുണ്ട്.

ഇത്തരം മര്യാദകെട്ട അഹന്തയ്ക്ക് അയാൾക്ക് ശരിയായ ശിക്ഷ ലഭിക്കുകതന്നെ ചെയ്തു. അത് എങ്ങനെ എന്ന് താഴെ പറയാം. പേർഷ്യയിലെ രാജാവിന്റെ പുത്രന് ഒരു വലിയ രോഗം പിടിപെട്ടു. രാജാവ് സ്വപുത്രന്റെ രോഗം ശമിപ്പിക്കാൻ തന്നാൽ കഴിവതെല്ലാം ചെയ്തു. ഒടുവിൽ, മാനി അത്ഭുത രോഗശാന്തികൾ നടത്തുന്നതായി കേട്ടറിഞ്ഞിട്ട് ഇത് യഥാർത്ഥ അത്ഭുതമാണെന്നു കരുതി ഒരു ശ്ലീഹായെ എന്നവണ്ണം അയാളെ വരുത്തി. അയാൾ തന്റെ മകനെ സൗഖ്യമാക്കും എന്ന് രാജാവ് വിശ്വസിച്ചു. കൊട്ടാരത്തിൽ വന്ന് തനിക്കു പരിചിതമായ അത്ഭുതപ്രവർത്തന നാട്യങ്ങളെല്ലാം പ്രകടിപ്പിച്ചു. എന്നാൽ രാജകുമാരൻ അയാളുടെ കൈകളിൽ വച്ച് മരിച്ചുപോവുകയാണുണ്ടായത്. രാജാവ് ആ കപടനാട്യക്കാരനെ തടവിലാക്കി. അയാളെ കൊല്ലാനാണ രാജാവ് നിശ്ചയിച്ചിരുന്നത്. പക്ഷെ അയാൾ തടവിൽ നിന്നു രക്ഷപെട്ടു മെസൊപ്പൊട്ടാമിയായിലേയ്ക്കു് ഒളിച്ചോടി. എന്നാൽ പേർഷ്യൻ രാജാവ് അയാളെ അവിടെനിന്നു പിടിപ്പിച്ചു കൊണ്ടുവന്നു തോലുരിച്ചുകൊന്നു. തോലിൽ ഉമിനിറച്ച് നഗരകവാടത്തിനു സമീപം കെട്ടിത്തൂക്കി. ഈ കാര്യങ്ങളെല്ലാം ഞാൻ സങ്കല്പിച്ചുണ്ടാക്കി എഴുതുന്നതല്ല. ''കശ്കാറിലെ[40] മെത്രാനായ അർക്കലൊവൂസിന്റെ വിവാദങ്ങൾ'' എന്ന പുസ്തകത്തിൽനിന്നു സ്വീകരിച്ചിട്ടുള്ളതാണ്. (കശ്കാർ മെസൊപ്പൊട്ടേമിയായിലെ ഒരു നഗരമത്രേ). താൻ മനിക്കേയൂസുമായി അഭിമുഖം വാദപ്രതിവാദങ്ങൾ നടത്തിയതായി അർക്കെലൊവൂസ് രേഖപ്പെടുത്തുന്നുണ്ട്. ഇതിനുമുമ്പു നാം പറഞ്ഞതായ മററു സംഭവങ്ങളും അദ്ദേഹം വിശദമായി പ്രതിപാദിക്കുന്നുണ്ട്. നാം നേരത്തെ സൂചിപ്പിച്ചതുപോലെ കാര്യങ്ങൾ നേരേചൊവ്വേ നിലനിൽക്കുന്ന സാഹചര്യത്തിൽ കുഴപ്പങ്ങൾ ഉണ്ടാക്കാൻ അസൂയ പരിശ്രമിക്കുന്നതായി ഇങ്ങനെ നാം കാണുന്നു. എന്നാൽ ദൈവിക നന്മ എന്തിനാണ് ഇത് അനുവദിക്കുന്നത്? സഭാതത്വങ്ങളുടെ മഹനീയത അതുവഴി വ്യക്തമാക്കാനാണോ? വിശ്വാസവുമായി കൂട്ടിക്കുഴയ്ക്കാൻ ശ്രമിക്കുന്ന സ്വാർത്ഥത പാടെ തകർക്കാനാണോ? മറെറന്തെങ്കിലും കാരണത്താലാണോ എന്നതു് പ്രയാസമേറിയ ചോദ്യമാണ്. ഇപ്പോഴത്തെ ചർച്ചയ്ക്കു് ആ വക കാര്യങ്ങൾക്കു് വലിയ പ്രസക്തിയില്ലല്ലോ. താത്വികവീക്ഷണങ്ങൾ ശരിയോ

40. കശ്കാർ അഥവാ കാറാ

www.malankaralibrary.com



തെറേറാ എന്നു പരിശോധിക്കുകയല്ല നമ്മുടെ ലക്ഷ്യം. ദൈവ പരിപാലനയുടെയും ദൈവവിധിയുടെയും രഹസ്യകാരണങ്ങൾ ആരായുകയല്ല നമ്മുടെ ഉദ്ദേശ്യം. സഭകളിൽ നടന്ന സംഗതികൾ കഴിവുള്ളിടത്തോളം വിശ്വസ്തതാപൂർവ്വം രേഖപ്പെടുത്തുകയാണ് നമ്മുടെ പദ്ധതി. കോൺസ്റ്റൻടൈൻെറ കാലത്തിനു തൊട്ടു് മുൻപ് മാനിക്കെയൻ പാഷണ്ഡത എങ്ങനെ മുളച്ചുവന്നു എന്നു് ഇവിടെ വിവരിക്കുകയുണ്ടായി. ഇനിയും ഈ ചരിത്രത്തിൻെറ വിഷയമായ സംഭവങ്ങളിലേക്കും കാലങ്ങളിലേക്കും തിരിയാം.

## അധ്യായം 23

## എവുസേബിയസിൻെറയും തെയോഗ്നീസിൻെറയും കപടവൃത്തികൾ

എവുസേബിയസിൻെറയും തെയോഗ്നീസിൻെറയും അനുയായികൾ വിപ്രവാസത്തിൽനിന്നു തിരികെ വന്നു. അവരിരുവരേയും അവരുടെ സഭകളിൽ പുന:പ്രതിഷ്ഠിച്ചു; അവർക്കു പകരം നിയമിച്ചിരുന്നവരെ അവിടെനിന്നു് തുരത്തി. ഈ കാര്യം നാം മുമ്പു പറഞ്ഞിട്ടുണ്ടല്ലോ. തെററിൽനിന്നു് പശ്ചാത്താപപൂർവ്വം നേരായ മാർഗ്ഗത്തിലേക്കു തിരിച്ചുവന്നവർ എന്ന നിലയിൽ ചക്രവർത്തിക്കു് അവരോടു വലുതായ സ്നേഹാദരങ്ങൾ ഉണ്ടാവുകയും ചെയ്തു. എന്നാൽ ഈ വിധത്തിൽ ലബ്ധമായ അനുകൂലസാഹചര്യം ദുരുപയോഗിക്കുകയാണ് അവർ ചെയ്തതു്. വിശ്വാസത്തിനെതിരായുള്ള ചിന്താക്കുഴപ്പങ്ങൾ ആളുകളുടെയിടയിൽ പരത്താൻ പണ്ടേക്കാളധികമായി അവർ പരിശ്രമിച്ചു. ഇതിനു് അവർക്കു പ്രേരകമായി രണ്ടു കാര്യങ്ങൾ ഉണ്ടായിരുന്നു. ആരിയൻ പാഷണ്ഡതയോടു് അവർക്കുണ്ടായിരുന്ന ആഭിമുഖ്യം ഒരുവശത്തു്; വിശ്വാസവിഷയങ്ങൾ ചർച്ച ചെയ്തപ്പോൾ സൂനഹദോസിൽവച്ചു് തങ്ങളെ ശക്തിയായി എതിർത്തു തോല്പിച്ച അത്തനാസ്യോസിനോടുള്ള ഒടുങ്ങാത്ത വിദ്വേഷം മറുവശത്തു്. അത്തനാസ്യോസിനു് മെത്രാനായിരിക്കാൻ അർഹതയില്ലെന്നും അദ്ദേഹത്തെ തെരഞ്ഞെടുത്തതു് അർഹതയില്ലാത്ത വ്യക്തികളാണെന്നും പറഞ്ഞ് ആദ്യമായിത്തന്നെ അവർ അത്തനാസ്യോസിൻെറ പട്ടത്തിനു്

www.malankaralibrary.com



എതിർനിന്നു. എന്നാൽ തനിക്കെതിരായ ആരോപണങ്ങൾ അയഥാർത്ഥമാണെന്ന് അത്തനാസ്യോസ് തൻെറ പ്രവർത്തനങ്ങൾകൊണ്ടു തെളിയിച്ചു. കാരണം അലക്സാന്ത്രിയൻ സഭയെ നിയന്ത്രണത്തിൽ കൊണ്ടുവന്ന ശേഷം നിഖ്യാവിശ്വാസപ്രമാണത്തിനുവേണ്ടി വളരെ ശക്തിയായി അദ്ദേഹം നിലകൊണ്ടു.

പിന്നീട് അത്തനാസ്യോസിനെ സ്ഥാനഭ്രഷ്ടനാക്കാനും ആരിയൂസിനെ അലക്സാൺഡ്രിയായിലേക്കു തിരികെ കൊണ്ടുവരാനും വേണ്ടി തനിക്കാവുന്ന തന്ത്രങ്ങളെല്ലാം എവുസേബിയസ് വളരെ ഹീനമായി പ്രയോഗിച്ചു. അങ്ങനെയാണെങ്കിൽ മാത്രമേ ''ഹോമോഉസിയോസ്'' (ഒരേസത്ത) എന്ന പ്രബോധനത്തെ നിരാകരിക്കാനും ആര്യനിസം പ്രചരിപ്പിക്കാനും സാദ്ധ്യമാവൂ എന്ന് അയാൾ കരുതി. ആരിയൂസിനെയും അനുയായികളെയും സഭയിലേയ്ക്കു സ്വീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് എവുസേബിയസ് അത്തനാസ്യോസിനെഴുതി. ആ കത്തിൻെറ സ്വരം അഭ്യർത്ഥനയായിരുന്നെങ്കിലും പുറമേ അയാൾ ഭീഷണികൾ പ്രയോഗിച്ചു. അത്തനാസ്യോസ് വഴങ്ങുകയില്ലെന്നു വ്യക്തമായപ്പോൾ ആരിയൂസിനു് ഒരു സന്ദർശനം അനുവദിക്കാൻ ചക്രവർത്തിയെ എവുസേബിയസ് പ്രേരിപ്പിച്ചു. ആരിയൂസിനു് അലക്സാൺഡ്രിയയിലെത്താൻ സൗകര്യമുണ്ടാക്കുകയായിരുന്നു ഇതിൻെറ ലക്ഷ്യം. അയാൾ ഏതു വിധത്തിൽ തൻെറ ലക്ഷ്യം സാധിച്ചുവെന്നു യഥാവസരം പറഞ്ഞുകൊള്ളാം.

ഇതിനിടയിൽ സഭയിൽ മറെറാരു കുഴപ്പം തലപൊക്കി. സഭയുടെ സന്താനങ്ങൾ തന്നെയാണ് അതിനു കാരണക്കാർ. നിഖ്യാസൂനഹദോസിനെത്തുടർന്ന് ഈജിപ്തു് മുഴുവൻ കലഹമുഖരിതമായിത്തീർന്നുവെന്നാണ് എവുസേബിയസ് പാംഫീലി പറയുന്നതു്. അദ്ദേഹം അതിൻെറ കാരണങ്ങൾ രേഖപ്പെടുത്തുന്നില്ല. അതിനാൽ കാപട്യത്തോടുകൂടെ അദ്ദേഹം വർത്തിച്ചു എന്ന ആരോപണം ഉണ്ടായി. നിഖ്യായിലെ നടപടികൾ താൻ അംഗീകരിക്കുന്നില്ല എന്ന തൻെറ തീരുമാനത്തിൽ നിന്നാകാം ഈ കലഹങ്ങളുടെ കാരണം വ്യക്തമാക്കാതിരുന്നതു്. എന്നാൽ സിനഡിനുശേഷം മെത്രാന്മാർ പരസ്പരം അയച്ച കത്തുകളിൽനിന്നു് *ഹോമോഉസിയോസ്* (ഒരേസത്ത) എന്ന പ്രയോഗം അവരിൽ ചിലരെ ചിന്താകുഴപ്പത്തിലാക്കി എന്നു് ഞാൻ കണ്ടുപിടിച്ചു. അതിൻെറ ഉള്ളടക്കത്തെ സംബന്ധിച്ച അതിസൂക്ഷ്മമായ ഗവേഷണങ്ങളിൽ ഏർപ്പെട്ടിരിക്കുമ്പോൾ അവർ പരസ്പരം കലഹം വർദ്ധിപ്പിക്കുകയാണു

www.malankaralibrary.com



ചെയ്തത്. ഇരുട്ടിൽ നടക്കുന്ന ഒരു യുദ്ധം പോലെയായിരുന്നു സംഭവം. അവർ പരസ്പരം എതിർക്കുകയും അധിക്ഷേപിക്കുകയും ചെയ്യുന്നതിന്റെ യഥാർത്ഥകാരണം എന്തെന്ന് അവർക്കു തന്നെ ശരിക്കു വ്യക്തമായിരുന്നില്ല. ഹോമോഉസിയോസ് (ഒരേ സത്ത) എന്ന പ്രയോഗത്തെ എതിർത്തിരുന്നവർ വിചാരിച്ചത് അതിനെ അനുകൂലിച്ചവർ സബെല്ലിയൂസിന്റെയും മൊന്താനൂസിന്റെയും സിദ്ധാന്തങ്ങളെ പിൻതാങ്ങുന്നു എന്നാണ്. ദൈവപുത്രന്റെ അസ്തിത്വം നിഷേധിക്കുന്നവർ എന്ന നിലയിൽ അവർ ദൈവദൂഷണം പറയുന്നവരാണെന്ന് ആക്ഷേപകർ കരുതി. പ്രസ്തുത പദപ്രയോഗത്തെ അനുകൂലിച്ചവർ എതിരാളികളെ ബഹുദൈവവിശ്വാസികൾ എന്നു കുറ്റപ്പെടുത്തി. അവർ പുറജാതികളുടെ അന്ധവിശ്വാസങ്ങൾ പ്രചരിപ്പിക്കുന്നു എന്ന ആരോപണവും നടത്തി. എവുസേബിയസ് പാംഫീലി നിഖ്യാവിശ്വാസപ്രമാണം വളച്ചൊടിക്കുന്നു എന്ന് അന്ത്യോക്യയിലെ മെത്രാനായ എവുസ്റ്റാത്യോസ് കുറ്റപ്പെടുത്തി. എവുസേബിയസ് പ്രസ്തുത ആരോപണം നിഷേധിക്കുകയും സബെല്ലിയൂസിന്റെ അനുയായിയാണ് എവുസ്റ്റാത്യോസ് എന്നു് കുറ്റപ്പെടുത്തുകയും ചെയ്തു. ഈ തെറ്റിദ്ധാരണകളുടെ ഫലമായി അവർ ശത്രുക്കളെപ്പോലെ പരസ്പരം ആക്രമിച്ചുകൊണ്ടു കത്തുകൾ എഴുതി. ദൈവപുത്രന് വ്യതിരിക്തമായ വ്യക്തിത്വവും അസ്തിത്വവും ഉണ്ടെന്നും മൂന്നാളുകളുള്ള ഏക ദൈവമുണ്ടെന്നും എല്ലാവരും സമ്മതിച്ചിരുന്നെങ്കിലും അവർക്കു് പരസ്പരം യോജിക്കാൻ കഴിഞ്ഞില്ല. അതിന്റെ കാരണം എനിക്കറിയില്ല. ഏതായാലും സമാധാനത്തിൽ ജീവിക്കാൻ അവരെക്കൊണ്ടു് കഴിഞ്ഞില്ല.

## അധ്യായം 24

# അന്ത്യോക്യൻ സിനഡ്

അതിനാൽ അവർ അന്ത്യോക്യയിൽ ഒരു സിനഡ് വിളിച്ചുകൂട്ടി. നിഖ്യാസിനഡിൽ രൂപീകരിച്ച തത്വങ്ങളുടെ പേരിലെന്നതിനേക്കാൾ സെബെല്ലിയൻ പാഷണ്ഡതയുടെ അനുകൂലി എന്ന നിലയിൽ എവുസ്റ്റാത്യോസിനെ സ്ഥാനഭ്രഷ്ടനാക്കി. വേറെ ചില കാരണങ്ങൾ മൂലമാണ് ഇങ്ങനെ ചെയ്തതെന്നും

www.malankaralibrary.com


അവ മതിയായ കാരണങ്ങളല്ലെന്നും വേറെ ചിലർ പറയുന്നു. എന്നാൽ കാരണമെന്താണെന്ന് ആരും പരസ്യമായി പറയുന്നില്ല. ഇങ്ങനെ സാധാരണ സംഭവിക്കുന്നതാണ്. മെത്രാന്മാർ എല്ലാ സന്ദർഭങ്ങളിലും ഇപ്രകാരമാണ് പ്രവർത്തിക്കുക. അവർ സ്ഥാനഭ്രഷ്ടരാക്കുന്നവർ അഭക്തരാണെന്ന് ആരോപിക്കും. എന്നാൽ അവരുടെ കുററമെന്താണെന്ന് സ്പഷ്ടമായി പറയുകയില്ല. *ഹോമോഉസിയോസ്* എന്ന പദത്തെ വെറുപ്പോടുകൂടി വീക്ഷിച്ചിരുന്നവരിൽ ഒരാളായ സിറിയായിലെ ലവൊദീഷ്യൻ മെത്രാൻ ജോർജ്ജ് ''എമേസയിലെ എവുസേബിയസിനെക്കുറിച്ചുള്ള സ്തുതിപ്രഭാഷണം'' എന്ന തന്റെ പുസ്തകത്തിൽ, തങ്ങൾ എവുസ്താത്യോസിനെ സ്ഥാനഭ്രഷ്ടരാക്കിയതു് ബേറോയാ മെത്രാനായ സൈറസിന്റെ ആരോപണമനുസരിച്ച്, അയാൾ സെബെല്ലിയൻ പാഷണ്ഡതയെ അനുകൂലിച്ചതുകൊണ്ടാണെന്നു വ്യക്തമാക്കിയിട്ടുണ്ട്. എമേസയിലെ എവുസേബിയസിനെക്കുറിച്ച് പിന്നീടു യഥാവസരം പറയുന്നതാണ്. എവുസ്താത്യോസിനെക്കുറിച്ച് ലവൊദീഷ്യായിലെ ജോർജ്ജ് കുറെയൊക്കെ അവ്യവസ്ഥിതമായി എഴുതിയിട്ടുണ്ട്. കാരണം, എവുസ്താത്യോസിനെ സൈറസ് സബെല്ലിയസ് അനുയായി എന്ന നിലയിൽ കുററപ്പെടുത്തി എന്നു പറയുന്ന ജോർജ്ജ് മറെറാരിടത്തു് സൈറസ് തന്നെ സബെല്ലിയനായിരുന്നുവെന്നും അതിന്റെ പേരിൽ തരം താഴ്ത്തപ്പെട്ടെന്നും പ്രസ്താവിക്കുന്നുണ്ട്. സൈറസു തന്നെ സബല്ലിയനിസത്തിലേക്കു് ചാച്ചിലുള്ള ആളായിരുന്നെങ്കിൽ അയാൾ എങ്ങനെ എവുസ്താത്യോസിനെ സബെല്ലിയൻ എന്നു കുററപ്പെടുത്തും? അതിനാൽ എവുസ്താത്യോസിനെ ശിക്ഷിച്ചതിനു മറെറന്തെങ്കിലും കാരണമുണ്ടാകും എന്നാണു കരുതേണ്ടതു്.

ഏതായാലും എവുസ്താത്തിയോസിന്റെ സ്ഥാനഭ്രംശം അന്ത്യോക്യായിൽ വലിയൊരു കലാപത്തിനു വഴിയൊരുക്കി. അദ്ദേഹത്തിനു് ഒരു പിൻഗാമിയെ തെരഞ്ഞെടുക്കാനുള്ള നടപടികൾ ആരംഭിച്ചപ്പോൾ നഗരത്തെ മുഴുവൻ നാശത്തിലാഴ്ത്തുമെന്നു് ആശങ്കിക്കത്തക്കവിധം അത്ര വലിയ അഭിപ്രായ സംഘട്ടനത്തിന്റെ അലമാലകൾ കുമിഞ്ഞുകൂടി. ആളുകൾ രണ്ടു ചേരികളായി തിരിഞ്ഞു. എവുസേബിയസ് പാംഫീലിയെ കൈസറിയായിൽനിന്നു് അന്ത്യോക്യായിലേയ്ക്കുകൊണ്ടുവരണമെന്നു് ഒരു കൂട്ടർ അതിശക്തിയായി ആവശ്യപ്പെട്ടു; എവുസ്താത്യോസിനെ പുനഃപ്രതിഷ്ഠിക്കണമെന്നു് മറേറ കൂട്ടർ അതുപോലെ തന്നെ ശക്തിയായി, വാദിച്ചു. നഗരത്തിലെ ജനങ്ങളെല്ലാം ശക്തിയായ കലഹപ്രിയത്തോടെ രണ്ടിലേതെങ്കിലും ഒരു പക്ഷത്തുചേർന്നു. രണ്ടു പക്ഷത്തും പട്ടാളക്കാരും സജ്ജരാ

www.malankaralibrary.com



ക്കപ്പെട്ടു. രക്തരൂഷിതമായ ഒരു കലാപം ഉണ്ടാകുമായിരുന്നു. എന്നാൽ ദൈവാനുഗ്രഹത്താൽ ചക്രവർത്തി ഈ വിഷയത്തിൽ ഇടപെട്ടു. അദ്ദേഹത്തിന്റെ കത്തുകൾമൂലം തന്നെ വികാരങ്ങളുടെ ചൂടു കുറഞ്ഞു. എവുസേബിയസ് സന്ദർഭോചിതമായ വിധത്തിൽ അന്ത്യോക്യയിലേയ്ക്കു വരാൻ വിസമ്മതം അറിയിക്കുകയും ചെയ്തു. ഇക്കാര്യത്തിൽ ചക്രവർത്തി അദ്ദേഹത്തെ അത്യധികമായി അഭിനന്ദിക്കുകയും ചെയ്തു. അദ്ദേഹം ഒരു പട്ടണത്തിലെ മാത്രമല്ല, ലോകത്തിന്റെ മുഴുവൻ മെത്രാനായിരിക്കാൻ യോഗ്യനാണെന്നു് ചക്രവർത്തി അഭിനന്ദനപൂർവ്വം അഭിപ്രായപ്പെട്ടു. ഏതായാലും ഇതിനെത്തുടർന്നു് എട്ടുവർഷം അന്ത്യോക്യായിലെ മെത്രാസനം ശൂന്യമായിക്കിടന്നു എന്നു പറയപ്പെടുന്നു.[41] ഒടുവിൽ നിഖ്യാവിശ്വാസപ്രമാണത്തെ അട്ടിമറിക്കാൻ ആഗ്രഹിച്ചിരുന്നവരുടെ ഉദ്യമഫലമായി എവുപ്രോണിയസ് എന്നൊരാൾ ആ സ്ഥാനത്തു പ്രതിഷ്ഠിതനായി. എവുസ്താത്യോസിനെ സംബന്ധിച്ചും അന്ത്യോക്യായിൽ നടന്ന സിനഡിനെ സംബന്ധിച്ചും എനിക്കറിയാവുന്ന കാര്യങ്ങൾ ഇത്രയൊക്കെയാണു്.

എവുസേബിയസ് നേരത്തേ ബെരീത്തുസ് വിട്ടുപോയിരുന്നു. ഈ സമയത്തു് അദ്ദേഹം നിക്കൊമേദിയായിലെ സഭയുടെ അദ്ധ്യക്ഷനായി വർത്തിക്കുകയായിരുന്നു. തന്റെ പക്ഷത്തുള്ളവർക്കുവേണ്ടി അദ്ദേഹം കഠിന പരിശ്രമം ചെയ്തു. ആരിയൂസിനെ അലക്സാൺഡ്രിയായിൽ തിരികെ കൊണ്ടുവരാൻ വളരെ ഉത്സാഹിച്ചു. അവർ ഇതെങ്ങനെ സാധിച്ചു എന്നും ചക്രവർത്തി ആരിയൂസിനെയും എവുസോയിയൂസിനെയും തന്റെ സന്നിധിയിലേയ്ക്കു വരാൻ അനുവദിക്കാനിടയായ സാഹചര്യം എന്തെന്നും ഇനി വിവരിക്കാം.

---

41. സൊക്രാട്ടസിന്റെ പ്രസ്താവന ശരിയല്ല. 329-ൽ എവുസ്താത്തിയോസിനെ സ്ഥാനഭ്രഷ്ടനാക്കിയ ഉടൻ തന്നെ ടയറിലെ പൗളീനൂസ് അന്ത്യോക്യൻ മെത്രാനായി നിയമിതനായി.

www.malankaralibrary.com



# അധ്യായം 25

## ആരിയൂസിനെ തിരിച്ചുവിളിക്കുന്നു[42]

കോൺസ്റ്റൻൈറൻ ചക്രവർത്തിയ്ക്കു് കോൺസ്റ്റാൻസ്യാ എന്നു പേരുള്ള ഒരു സഹോദരിയുണ്ടായിരുന്നു. അവളുടെ ഭർത്താവായ ലിചീനിയൂസ് കുറെക്കാലം കോൺസ്റ്റൻൈറനോടൊപ്പം ചക്രവർത്തിയുടെ അധികാരം കയ്യാളിയിരുന്നു. എന്നാൽ അയാൾ സ്വേച്ഛാപ്രമത്തത കാണിക്കാൻ ഒരുമ്പെടുകയും അതിന്റെ ഫലമായി വധിക്കപ്പെടുകയും ചെയ്തു. കോൺസ്റ്റാൻസ്യായുടെ ഗാർഹിക സമൂഹത്തിൽ അവൾക്കു വളരെ വിശ്വസ്തനായ ഒരു പുരോഹിതനുണ്ടായിരുന്നു. അയാൾക്കു് ആര്യനിസത്തിലേക്കു ചാച്ചിലുണ്ടായിരുന്നു. എവുസേബിയസിന്റെയും കൂട്ടരുടേയും പ്രേരണയനുസരിച്ച് അയാൾ സ്വകാര്യസംഭാഷണങ്ങളിലൂടെ സന്ദർഭം നോക്കി കോൺസ്റ്റാൻസ്യാക്കു് ആരിയൂസിനോടു സഹതാപം ജനിപ്പിക്കാൻ ശ്രമിച്ചു. സൂനഹദോസ് ആരിയൂസിനോടു് അനീതിയാണു ചെയ്തതെന്നും അയാളെക്കുറിച്ച് എല്ലാവരും പറയുന്ന കാര്യങ്ങൾ മുഴുവൻ ശരിയല്ലെന്നും പറഞ്ഞു. ആ വൈദികന്റെ വാക്കുകൾ അവൾ പൂർണ്ണമായി വിശ്വസിച്ചെങ്കിലും ചക്രവർത്തിയെ ഇക്കാര്യം അറിയിച്ചില്ല. ഇങ്ങനെയിരിക്കെ കോൺസ്റ്റാൻസ്യാ മരണകരമായി രോഗഗ്രസ്തയായി. സഹോദരനായ ചക്രവർത്തി അവളെ ദിവസവും സന്ദർശിച്ചിരുന്നു. രോഗം മൂർച്ഛിച്ച് താൻ മരണാസന്നയാണെന്നറിഞ്ഞപ്പോൾ അവൾ ഈ വൈദികനെ സഹോദരന്റെ പ്രീതിക്കും വിശ്വാസത്തിനും സവിശേഷമായി ശിപാർശ ചെയ്തു. അയാൾ വളരെ ജാഗ്രതയും വിശുദ്ധിയും രാജഭക്തിയുമുള്ളവനാണെന്നു് അവൾ സഹോദരനു് ഉറപ്പുകൊടുത്തു. താമസിയാതെ അവൾ മരിച്ചു. തുടർന്നു് പ്രസ്തുതവൈദികൻ ചക്രവർത്തിയുടെ പ്രധാന വിശ്വസ്തരിൽ ഒരാളായിത്തീർന്നു. അങ്ങനെ രാജസമക്ഷം തന്റെ സ്വാതന്ത്ര്യം

---

42. റൂഫീനൂസ്, സഭാചരിത്രം, 1.11 നെ ആധാരമാക്കിയാണിതു്. ഈ അദ്ധ്യായത്തിൽ വിവരിക്കുന്നവ വാസ്തവമാണോ എന്നു സംശയിക്കുന്നവരുണ്ടു്.

www.malankaralibrary.com



വർദ്ധിച്ചപ്പോഠം ആരിയൂസിനെക്കുറിച്ചു കോൺസ്ററാൻസ്യായോടു പറഞ്ഞിരുന്ന കാര്യങ്ങഠം അയാഠം ചക്രവർത്തിയോടും ഓതിത്തുടങ്ങി. സൂനഹദോസ് അംഗീകരിച്ച തത്വങ്ങഠം തന്നെയാണ് ആരിയൂസും വിശ്വസിക്കുന്നതെന്നും ചക്രവർത്തിയെ സന്ദർശിക്കാൻ അനുവാദം കിട്ടിയാൽ അക്കാര്യങ്ങളെല്ലാം അയാഠം വെളിപ്പെടുത്തുമെന്നും അറിയിച്ചു. അയാഠം അനീതിപരമായിട്ടാണ് ദൂഷണവിധേയനായിരിക്കുന്നതെന്നും ചക്രവത്തിയെ പറഞ്ഞു ധരിപ്പിച്ചു. ഈ വൈദികന്റെ വാക്കുകഠം പുതുമയുള്ളതായി ചക്രവർത്തിക്കു തോന്നി. ചക്രവത്തി പറഞ്ഞു: ''ആരിയൂസ് സീനഡിന്റെ വിശ്വാസങ്ങഠം എല്ലാം അംഗീകരിക്കുന്നുണ്ടെങ്കിൽ ഞാൻ അയാഠംക്കു സന്ദർശനം അനുവദിക്കാം. അലക്സാണ്ഡ്രിയായിലേയ്ക്കു ബഹുമാനപൂർവം തിരിച്ചയയ്ക്കുകയും ചെയ്യാം.'' ഇത്രയും പറഞ്ഞിട്ട് ചക്രവത്തി ആരിയൂസിനു് ഉടനെ ഇങ്ങനെയെഴുതി:

''വിക്ടർ കോൺസ്റ്റന്റൈൻ മാക്സിമൂസ് അഗസ്റ്റസ് ആരിയൂസിനെഴുതുന്നതു് :

''താങ്കഠം എന്റെ കൊട്ടാരത്തിൽ വന്നു് ഒരഭിമുഖ സംഭാഷണം നടത്തണമെന്നു ഞാൻ ആവശ്യപ്പെട്ടിരുന്നല്ലോ. താങ്കഠം ഉടനെതന്നെ അപ്രകാരം ചെയ്യാതിരുന്നതിൽ ഞാൻ ആശ്ചര്യപ്പെടുന്നു. അതിനാൽ ഒരു ഔദ്യോഗിക വാഹനത്തിൽ താങ്കഠം ഉടൻതന്നെ എന്റെ കൊട്ടാരത്തിൽ വന്നെത്തുക. എന്റെ കാരുണ്യവും എനിക്കു് താങ്കളോടുള്ള ആദരവും അപ്പോഠം വ്യക്തമാകും; അതിനുശേഷം സ്വന്തം സ്ഥലത്തേയ്ക്കു പോകുകയും ചെയ്യാം. ദൈവം താങ്കളെ രക്ഷിക്കട്ടെ. നവംബർ ഇരുപത്തഞ്ചാം തീയതി എഴുതിയതു്.''

ഇതാണു ചക്രവത്തി ആരിയൂസിനെഴുതിയ കത്തു്. മതത്തിന്റെ കാര്യത്തിൽ അദ്ദേഹം പ്രകടിപ്പിച്ച താല്പര്യാധിക്യം ആദരിക്കാതെ നിവൃത്തിയില്ല. ആരിയൂസ് തന്റെ അഭിപ്രായങ്ങഠം മാററണമെന്നാവശ്യപ്പെട്ടുകൊണ്ടു് അയാഠംക്കു് ഇതിനുമുമ്പും ചക്രവർത്തി കത്തുകഠം അയച്ചിരുന്നു. അദ്ദേഹം തന്നെ കൂടെക്കൂടെ എഴുതിയിട്ടും തന്റെ അഭിപ്രായങ്ങഠം തിരുത്താനും സത്യത്തിലേയ്ക്കു തിരിച്ചുവരാനും ആരിയൂസ് താമസിക്കുന്നതിനു് അയാളെ കുററപ്പെടുത്തുന്നതിൽനിന്നു് ഇതു വ്യക്തമാണ്.

ഏതായാലും ചക്രവർത്തിയുടെ ഈ കത്തുകിട്ടിയപ്പോഠം ആരിയൂസു് കോൺസ്റ്റാൻറിനോപ്പിളിൽ വന്നെത്തി. ആരി

www.malankaralibrary.com



യൂസിനോട്ട സഹകരിച്ചതിൻെറ പേരിൽ അലക്സാണ്ഡറിനാൽ ഡീക്കൻ സ്ഥാനത്തുനിന്ന നീക്കം ചെയ്യപ്പെട്ട എവുസോയി യൂസും ആരിയൂസിനോടൊപ്പം ഉണ്ടായിരുന്നു. ചക്രവർത്തി അവരെ സ്വീകരിച്ചു. വിശ്വാസപ്രമാണം സ്വീകരിക്കുന്നുണ്ടോ എന്ന് അവരോട്ട ചോദിച്ചു. അവർ സ്വീകരണസന്നദ്ധത വ്യക്തമാക്കി. അപ്പോഠം വിശ്വാസം സംബന്ധിച്ച ഒരു രേഖ എഴുതിക്കൊടുക്കാൻ ചക്രവർത്തി ആവശ്യപ്പെട്ടു.

## അധ്യായം 26

# ആരിയൂസ് വിശ്വാസപ്രമാണം സ്വീകരിക്കുന്നതായി നടിക്കുന്നു

ആരിയൂസും എവുസോയിയൂസും ചേർന്ന് താഴെപറയുന്ന വിശ്വാസപ്രഖ്യാപനം എഴുതി ചക്രവർത്തിക്കു സമർപ്പിച്ചു.

''ദൈവസ്നേഹിതനും ഭക്തിനിറഞ്ഞ നാഥനുമായ കോൺസ്റ്റൻൈറൻ ചക്രവർത്തിക്ക് ആരിയൂസും എവുസോയിയൂസും എഴുതുന്നത്. പരമാധികാരിയായ നാഥാ, അങ്ങയുടെ ശ്രേഷ്ഠമായ കല്പനാനുസരണം ഞങ്ങഠം ഞങ്ങളുടെ വിശ്വാസം പ്രഖ്യാപിക്കുകയും, ഞങ്ങളും ഞങ്ങളുടെ അനുഗാമികളും താഴെപറയും പ്രകാരം വിശ്വസിക്കുന്നു എന്ന് ദൈവമുൻപാകെ രേഖപ്പെടുത്തുകയും ചെയ്യുന്നു:

'സർവ്വശക്തിയുള്ള പിതാവായ ഏകദൈവത്തിൽ ഞങ്ങഠം വിശ്വസിക്കുന്നു. തൻെറ ഏകജാതനായ കർത്താവേശുമിശിഹായിൽ വിശ്വസിക്കുന്നു. അവൻ യുഗങ്ങഠംക്കെല്ലാം മുൻപ് പിതാവിൽ നിന്നു ജനിച്ചു. ആകാശത്തിലും ഭൂമിയിലുമുള്ള സമസ്തവും ദൈവവചനമായ അവൻവഴി സൃഷ്ടിക്കപ്പെട്ടു. അവൻ ഇറങ്ങിവന്ന് ശരീരം ധരിച്ചു. അവൻ കഷ്ടപ്പെട്ട് മരിക്കയും വീണ്ടും ഉയിർത്തെഴുന്നേൽക്കുകയും സ്വർഗത്തിലേക്കു കരേറുകയും ചെയ്തു. ജീവനുള്ളവരെയും മരിച്ചവരെയും വിധിക്കാൻ അവൻ വീണ്ടും വരാനിരിക്കുന്നു. പരിശുദ്ധാത്മാവിലും ശരീരത്തിൻെറ ഉയിർപ്പിലും നിത്യജീവിതത്തിലും ദൈവരാജ്യത്തിലും ലോകത്തിൻെറ ഒരററം മുതൽ മറേറ അററംവരെ വ്യാപിച്ചു കിടക്കുന്ന ഏക കത്തോലിക്കാസഭയിലും ഞങ്ങഠം വിശ്വസിക്കുന്നു.'

www.malankaralibrary.com



ഈ വിശ്വാസം വിശുദ്ധ സുവിശേഷങ്ങളിൽ നിന്നു ഞങ്ങൾക്കു ലഭിച്ചിട്ടുള്ളതാണ്. സുവിശേഷങ്ങളിൽ കർത്താവ് തന്റെ ശിഷ്യരോടു് ഇങ്ങനെ ആജ്ഞാപിച്ചിരിക്കുന്നു: ''നിങ്ങൾ പോയി എല്ലാ ജനതകളെയും പഠിപ്പിക്കുവിൻ; പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവരെ സ്നാനപ്പെടുത്തുകയും ചെയ്യുവിൻ'' (മത്താ.28:19) വി.കത്തോലിക്കാസഭയും വിശുദ്ധ ഗ്രന്ഥങ്ങളും പഠിപ്പിക്കുന്നതുപോലെ ഞങ്ങൾ വിശ്വസിക്കാതിരിക്കുകയും പിതാവിനെയും പുത്രനെയും പരിശുദ്ധാത്മാവിനെയും സത്യമായും സ്വീകരിക്കാതിരിക്കുകയും ചെയ്താൽ ഇപ്പോഴും വരാനിരിക്കുന്ന വിധിദിവസത്തിലും ദൈവം ഞങ്ങളുടെ വിധിയാളനായിരിക്കട്ടെ. അതിനാൽ ദൈവത്തിനേററം പ്രിയംകരനായ ചക്രവർത്തീ, അങ്ങയുടെ ഭക്തിയോട്ട് ഞങ്ങൾ അപേക്ഷിക്കുന്നതെന്തെന്നാൽ: ശുശ്രൂഷയ്ക്കായി പട്ടം കെട്ടപ്പെട്ടവരും സഭയുടെയും വി.ലിഖിതങ്ങളുടെയും വിശ്വാസവും മന:സ്ഥിതിയും ഉള്ളവരുമായ ഞങ്ങളെ അങ്ങയുടെ ശാന്തവും ഭക്തിനിറഞ്ഞതുമായ തിരുവുള്ളം സഭാമാതാവുമായി പുനരൈക്യപ്പെടുത്തണമെന്ന് അപേക്ഷിക്കുന്നു. എല്ലാ അനാവശ്യചർച്ചകളും കലഹങ്ങളും അവസാനിപ്പിക്കുകയും നാമും സഭ മുഴുവനും സമാധാനത്തിൽ വർത്തിക്കുകയും ചെയ്യുന്നതിനും അങ്ങയുടെ ശാന്തിയും ദൈവഭയവും നിറഞ്ഞ ഭരണത്തിനും അങ്ങയുടെ ഭവനം മുഴുവനും ഐശ്വര്യം ഉണ്ടാകുന്നതിനും നാം പ്രാർത്ഥിക്കുന്നതിന് ഇടയാകട്ടെ.''

## അധ്യായം 27

# ആരിയൂസും അത്തനാസ്യോസും

ഇപ്രകാരം ചക്രവർത്തിയെ തൃപ്തനാക്കിയിട്ട് ആരിയൂസ് അലക്സാൺഡ്രിയായിൽ തിരിച്ചെത്തി. എന്നാൽ സത്യം മറച്ചുവയ്ക്കാനുള്ള അയാളുടെ തന്ത്രം വിജയിച്ചില്ല. ആരിയൂസിനെ സ്വീകരിക്കാൻ അത്തനാസ്യോസ് തയാറായില്ല. ഒരു ദുഷ്കീടത്തെയെന്നപോലെ അയാളെ അകററിനിർത്തി. ആരിയൂസാകട്ടെ തന്റെ പാഷണ്ഡത പ്രചരിപ്പിച്ച് പുതുതായി ഒരു കലാപമുണ്ടാക്കാൻ ശ്രമിക്കുകയാണ് അപ്പോൾ ചെയ്തത്. അപ്പോൾ, ആരിയൂസിനെയും അനുയായികളെയും സഭയിൽ സ്വീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് അത്തനാസ്യോസിനു്

www.malankaralibrary.com



എവുസേബിയസ് എഴുതി. അതേ ആവശ്യത്തിനു ചക്രവർത്തിയെക്കൊണ്ടു് എഴുതിക്കുകയും ചെയ്തു. എന്നാൽ അത്തനാസ്യോസ് ഈ വിഷയത്തിൽ ഒട്ടും അയവില്ലാത്ത നിലപാടാണു സ്വീകരിച്ചതു്. ഒരിക്കൽ വിശ്വാസം ഉപേക്ഷിച്ചുപോവുകയും അതിൻെറ ഫലമായി ശപിക്കപ്പെടുകയും ചെയ്തവരെ പിന്നീടു സഭയിൽ സ്വീകരിക്കാൻ യാതൊരു നിവൃത്തിയുമില്ലെന്നു് അദ്ദേഹം ചക്രവർത്തിക്കെഴുതി. ഈ കത്തു് ചക്രവർത്തിയെ കുപിതനാക്കി. അദ്ദേഹം അത്തനാസ്യോസിനു് ഇങ്ങനെയെഴുതി:

''എൻെറ അഭിലാഷം എന്തെന്നു് അങ്ങേയ്ക്കു മനസ്സിലായല്ലോ. സഭയിൽ പ്രവേശിക്കാൻ ആത്മാർത്ഥമായി ആഗ്രഹിക്കുന്ന ആർക്കും ആ വിഷയത്തിൽ തടസ്സമുണ്ടാക്കാൻ പാടില്ല. അങ്ങനെ ആഗ്രഹിക്കുന്ന ആരെയെങ്കിലും അങ്ങു തടസ്സപ്പെടുത്തുന്നതായി എനിക്കു് അറിവു കിട്ടിയാൽ അങ്ങയെ സ്ഥാനഭ്രഷ്ടനാക്കുകയും നാടു കടത്തുകയും ചെയ്യുന്നതിനു് ഞാൻ ഉദ്യോഗസ്ഥന്മാരെ അയയ്ക്കുന്നതാണു്''.

പൊതുനന്മ ആഗ്രഹിച്ചതുകൊണ്ടും സഭയിൽ ഭിന്നതയുണ്ടാകരുതെന്നു് അഭിലഷിച്ചതുകൊണ്ടും മാത്രമാണു് ചക്രവർത്തി ഇങ്ങനെ ചെയ്തതു്. എല്ലാവരെയും ഐക്യത്തിലേയ്ക്കു കൊണ്ടുവരാൻ അദ്ദേഹം പരമാവധി ശ്രമിച്ചിരുന്നു. അത്തനാസ്യോസിനോടു് അതൃപ്തി തോന്നിയിരുന്ന എവുസേബിയർ തങ്ങൾക്കനുകൂലമായ ഒരു തക്കം വന്നുചേർന്നതായി കരുതി സന്തോഷിച്ചു. ചക്രവർത്തിയുടെ അതൃപ്തികൊണ്ടു മുതലെടുക്കാൻ അവർ വട്ടം കൂട്ടി. ഇതിൻെറ പേരിൽ അവർ അവിടെ ഒരു വലിയ കലക്കം ഉണ്ടാക്കി. അത്തനാസ്യോസിനെ സ്ഥാനഭ്രഷ്ടനാക്കാൻ ഈ സന്ദർഭം ഉപയോഗപ്പെടുത്തണമെന്നാണു് അവർ ആഗ്രഹിച്ചതു്. അത്തനാസ്യോസ് അവിടെ മെത്രാനായി തുടരുന്ന കാലത്തോളം ആര്യനിസത്തിനവിടെ വേരുറയ്ക്കാനാവുകയില്ലെന്നവർക്കറിയാമായിരുന്നു.

നിക്കൊമേദിയായിലെ മെത്രാനായിരുന്ന എവുസേബിയസായിരുന്നു ഗൂഢാലോചനക്കാരിൽ പ്രമാണി. നിഖ്യായിലെ തെയോഗ്നീസ് കല്ക്കദോനിയായിലെ മാരിസ്, ഉത്തര മേസിയായിൽ സിൻജിദുണമിലെ ഉർസാചിയൂസ്, ഉത്തര പന്നോണിയായിൽ മുർസായിലെ വാലെൻസ് എന്നിവരും കൂടെയുണ്ടായിരുന്നു. മെലിഷ്യൻ പാഷണ്ഡതയുടെ അനുയായികളായ ചിലരെ കൈക്കൂലി കൊടുത്തു വശത്താക്കി അത്തനാസ്യോസിനെതിരായി ചില കള്ളക്കഥകൾ കെട്ടിച്ചമച്ചു പ്രചരിപ്പിക്കുക

www.malankaralibrary.com



എന്ന തന്ത്രമാണ് അവർ ആവിഷ്കരിച്ചത്. ഈജിപ്തിലുള്ള വിശ്വാസികളെല്ലാം അലക്സാൺഡ്രിയൻ സഭയ്ക്ക് ഉപഹാരമായി ഓരോ വസ്ത്രം നൽകണമെന്ന് അത്തനാസ്യോസ് ആജ്ഞ പുറപ്പെടുവിച്ചു എന്നൊരു കഥയാണ് അവർ ആദ്യം പുറത്തിറക്കിയത്. ഇസിയോൻ, എവുദേമോൻ, കല്ലിനിക്കസ് എന്നീ മെലീഷ്യരാണ് ഈ ദുരാരോപണം നടത്തിയത്. എന്നാൽ അപ്പോൾ നിക്കൊമേദിയായിലുണ്ടായിരുന്ന അലക്സാൺഡ്രിയക്കാരായ അലിപ്പിയൂസെന്നും മക്കാരിയൂസെന്നും പേരുള്ള രണ്ടു വൈദികർ ഈ ദുഷ്പ്രചാരണം ഉടൻതന്നെ തെററെന്നു തെളിയിച്ചു. അത്തനാസ്യോസിനെക്കുറിച്ചുള്ള ഈ ആരോപണങ്ങൾ തീർത്തും അടിസ്ഥാനരഹിതമാണെന്ന് അവർ ചക്രവർത്തിയെ ബോദ്ധ്യപ്പെടുത്തി. അതിനാൽ അദ്ദേഹം ആരോപണകർത്താക്കളെ ഒരു കത്തുവഴി കർശനമായി കുററപ്പെടുത്തി. എന്നാൽ അത്തനാസ്യോസ് തന്നെ വന്നു സന്ദർശിക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു.

എന്നാൽ അത്തനാസ്യോസ് ചക്രവർത്തിയുടെ പക്കൽ ചെന്നെത്തുന്നതിനു മുമ്പായി എവുസേബിയൻ പക്ഷക്കാർ കൂടുതൽ ഗൗരവമുള്ള ഒരാരോപണം അദ്ദേഹത്തിൻെറ പേരിൽ കെട്ടിച്ചമച്ചു. അത്തനാസ്യോസ് ചക്രവർത്തിക്കെതിരായി ഒരു ഗൂഢാലോചനയിൽ ഏർപ്പെട്ടുവെന്നായിരുന്നു ആരോപണം. ഫിലൂമെനസ് എന്നയാളിൻെറ പക്കലേയ്ക്കു ഈ ആവശ്യത്തിനുവേണ്ടി ഒരു പെട്ടി നിറയെ സ്വർണ്ണനാണയങ്ങൾ അദ്ദേഹം കൊടുത്തയച്ചുവെന്നും അവർ പറഞ്ഞുണ്ടാക്കി. ഈ വിഷയത്തെക്കുറിച്ചു നിക്കൊമേദിയായുടെ സമീപപ്രദേശത്തുള്ള പ്സമാത്തിയിൽവച്ച് ചക്രവർത്തി സൂക്ഷ്മമായി അന്വേഷണം നടത്തുകയും ദുരാരോപണം അടിസ്ഥാനരഹിതമെന്നു തെളിയുകയും ചെയ്തു. അത്തനാസ്യോസ് നിരപരാധിയാണെന്നു ചക്രവർത്തിക്ക് വ്യക്തമായി. ചക്രവർത്തി ബഹുമാനപൂർവ്വം അദ്ദേഹത്തെ പറഞ്ഞയച്ചു. തങ്ങളുടെ മെത്രാൻെറമേൽ ആരോപണം നടത്തിയതായിരുന്നു എന്നു് ഉറപ്പു നൽകിക്കൊണ്ടു് അലക്സാണ്ഡ്രിയയിലെ സഭയ്ക്കു് സ്വന്തം കൈപ്പടയിൽ ഒരു കത്തയയ്ക്കുകയും ചെയ്തു.

അത്തനാസ്യോസിനെ അതിനുശേഷവും എവുസേബിയർ കടന്നാക്രമണം നടത്തിയ കാര്യം വിട്ടുകളയുകയായിരുന്നു വാസ്തവത്തിൽ കാമ്യവും ശരിയും ആയിട്ടുള്ളത്. എന്നാൽ സഭാതാല്പര്യങ്ങൾക്കെതിരായി നില്ക്കുന്നവർ ഈ സാഹചര്യങ്ങളിൽ നിന്നു് ക്രിസ്തുവിൻെറ സഭയെപ്പററി പന്തിയല്ലാത്ത രീതിയിൽ വിധിക്കാനിടയുള്ളതിനാൽ ഞാൻ വിട്ടുകളയുന്നില്ല. അവ

www.malankaralibrary.com



യെല്ലാം എഴുതപ്പെട്ടിരിക്കുന്നതിനാൽ എല്ലാവക്കും അറിവുള്ളതാണ്. അതുകൊണ്ടു് കഴിവുള്ളിടത്തോളം ഇവയെപ്പററി ഒരു പരാമശം നടത്തുന്നതു് ആവശ്യമാണെന്നു് എനിക്കു തോന്നുന്നു. വിശദാംശങ്ങാംക്കു് കൂടുതൽ വിവരണം ആവശ്യമായി വരുന്നു. എവിടെനിന്നാണ് ഈ പരദൂഷണം ഉത്ഭവിച്ചതെന്നും അതു് പറഞ്ഞുപരത്തിയവരുടെ സ്വഭാവം എന്താണെന്നും ചുരുക്കമായി വിവരിക്കാം.

മരെയോട്ടിസ് എന്നതു് അലക്സാൺഡ്രിയയിലെ ഒരു ജില്ലയാകുന്നു. അവിടെ ജനബഹുലമായ അനേകം ഗ്രാമങ്ങളും അനവധി മനോഹര ദേവാലയങ്ങളുമുണ്ടു്. ഈ സഭകളെല്ലാം അലക്സാൺഡ്രിയയിലെ മെത്രാന്റെ ഭരണാധികാരത്തിൻ കീഴിലത്രേ. ഇടവകകഠം എന്ന നിലയ്ക്കു് അദ്ദേഹത്തിന്റെ പട്ടണത്തിന്റെ കീഴിലാണ് അവയെല്ലാം. ഈ പ്രദേശത്തു് ഇസ്കീറാസ് എന്നു പേരുള്ള ഒരു മനുഷ്യനുണ്ടായിരുന്നു. അനവധി പ്രാവശ്യം വധശിക്ഷ ലഭിക്കാൻ തക്ക ഒരു കുററം ചെയ്തവനായിരുന്നു അയാഠം. ഒരിക്കലും വൈദികപട്ടം കിട്ടാത്ത അയാഠം വൈദികനായി അഭിനയിക്കുകയും വൈദികർ മാത്രം ചെയ്യേണ്ട തിരുക്കർമ്മങ്ങഠം നിർവ്വഹിക്കുകയും ചെയ്തു. എന്നാൽ ഈ ദൈവദൂഷകകൃത്യം കണ്ടുപിടിക്കപ്പെട്ടപ്പോഠം അയാഠം അവിടെ നിന്നൊളിച്ചോടി നിക്കൊമേദിയായിൽ എത്തി എവുസേബിയസിനെയും കൂട്ടരെയും അഭയം പ്രാപിച്ചു. അത്തനാസ്യോസിനോടുള്ള വിദ്വേഷം കാരണം അവർ അയാളെ വൈദികനായി സ്വീകരിക്കുക മാത്രമല്ല, അത്തനാസ്യോസിനെതിരെയുള്ള കള്ളപ്രചാരണങ്ങളിൽ സഹകരിക്കാമെങ്കിൽ അയാളെ മെത്രാനാക്കാമെന്നു വാഗ്ദാനം ചെയ്യുകയുംചെയ്തു. താൻ വളരെ ഭയങ്കരമായ രീതിയിൽ ആക്രമിക്കപ്പെട്ടു എന്നൊരു കഥ അയാഠം പറഞ്ഞുപരത്തി. താൻ ബലിയർപ്പിച്ചുകൊണ്ടിരുന്നപ്പോഠം മക്കാരിയൂസ് കോപാവിഷ്ടനായി തന്റെ നേരേ പാഞ്ഞടുക്കുകയും മേശ തട്ടി മറിക്കുകയും ദിവ്യപാനപാത്രം തകക്കുകയും ചെയ്തുവെന്നും കഥയുണ്ടാക്കി. വിശുദ്ധ ഗ്രന്ഥങ്ങഠം കത്തിച്ചു എന്നും അയാഠം കൂട്ടിച്ചേർത്തു. ഞാൻ നേരത്തെ പറഞ്ഞതുപോലെ ഈ പരദൂഷണത്തിനു പ്രത്യുപകാരമായി എവുസേബിയൻ വിഭാഗക്കാർ അയാഠംക്കു് മെത്രാൻസ്ഥാനം വാഗ്ദാനം ചെയ്തു. മക്കാരിയൂസിനെക്കുറിച്ചു് ഇങ്ങനെയൊരു കഥ പ്രചരിപ്പിച്ചാൽ അയാളുടെ മേലധികാരിയായ അത്തനാ

www.malankaralibrary.com



സ്യോസ് അതിനു പിന്നിലുണ്ടായിരുന്നുവെന്നു വരുത്തിത്തീ ക്കാമെന്നതായിരുന്നു ഗൂഢാലോചനക്കാരുടെ ചിന്ത.

എന്നാൽ ഈ കഥ പ്രചരിപ്പിക്കുന്നതിനു മുമ്പായി ഇതി നെക്കാളധികം ഹീനമായ മററൊരു കഥ അവർ പ്രചരിപ്പിച്ചു. അതേപ്പററി ഞാൻ ഇപ്പോൾ പറയാം. അവർ എങ്ങിനെയോ ഒരു മനുഷ്യൻെറ മുറിക്കപ്പെട്ട ഒരു കൈ സംഘടിപ്പിച്ചു. അതു് ഏതെങ്കിലും മൃതദേഹത്തിൽ നിന്നു വെട്ടിയെടുത്തതാണോ അതിനായി ആരെയെങ്കിലും കൊന്നിട്ടു കൈവെട്ടിയെടുത്ത താണോ എന്നു് ദൈവത്തിനും അതു പ്രവൃത്തിച്ചവർക്കും മാത്രം അറിയാം. ഏതായാലും ഒരു മെലീഷ്യൻ മെത്രാനായ അർസേ നിയൂസിൻെറ കയ്യാണെന്നു പറഞ്ഞുകൊണ്ടു് അവർ അതു പൊതു ജനമദ്ധ്യത്തിൽ പ്രദർശിപ്പിച്ചു. പ്രസ്തുത അർസേനിയൂസിനെ അവർ ഒളിപ്പിച്ചു താമസിപ്പിക്കുകയും ചെയ്തു. ചില മന്ത്രവാദ പ്രയോഗങ്ങൾ നടത്തുന്നതിനുവേണ്ടി അത്തനാസ്യോസ് ആ കൈ ഉപയോഗിച്ചുവെന്നും ആരോപണകർത്താക്കൾ പറഞ്ഞു പരത്തി. ഇതെല്ലാംകൂടെ ചേരുമ്പോൾ അത്തനാസ്യോസ് വളരെ വലിയ ഒരു കുററവാളിയാണെന്നു വരുത്താൻ കഴിയു മല്ലോ.

പലവിധ കാരണങ്ങളാൽ അത്തനാസ്യോസിനോടു് എന്തെങ്കിലും വിരോധം വച്ചുപുലർത്തിയിരുന്നവരെല്ലാം അദ്ദേഹ ത്തിനെതിരായി ഓരോതരം ആരോപണങ്ങളുമായി ഈ സന്ദർ ഭത്തിൽ മുന്നോട്ടു വന്നു. ചക്രവർത്തിക്കു് ഇക്കാര്യങ്ങളെക്കുറിച്ചു വിവരം ലഭിച്ചപ്പോൾ വേണ്ട നടപടികളെടുക്കാൻ തൻെറ അന ന്തരവനായ ഡൽമാത്യൂസിനെ ഉടൻ ചുമതലപ്പെടുത്തുകയാണ് അദ്ദേഹം ചെയ്തതു്. സെൻസർ ഉദ്യോഗം വഹിച്ചിരുന്ന അദ്ദേ ഹം അന്നു് സിറിയയിലെ അന്ത്യോക്യയിലായിരുന്നു വാസം. വേണ്ട അന്വേഷണങ്ങൾക്കുശേഷം ശരിയായ ശിക്ഷ കൊടുക്കു ന്നതിനുവേണ്ടി ആരോപണ വിധേയരെ തൻെറ പക്കൽ ഹാജ രാക്കണമെന്നതായിരുന്നു നിർദ്ദേശം. എവുസേബിയസ്,തെയോ ഗ്നിസു് എന്നിവരുടെ സാന്നിദ്ധ്യത്തിൽ കേസു് വിസ്താരം നടക്കട്ടെ എന്നു വിചാരിച്ചു അദ്ദേഹം അവരേക്കൂടി അങ്ങോട്ടു യച്ചു. തന്നെ സെൻസറിൻെറ പക്കലേയ്ക്കു വിളിക്കും എന്നു മനസ്സിലായപ്പോൾ അർസേനിയൂസിനെക്കുറിച്ചു് സൂക്ഷ്മമായ അന്വേഷണങ്ങൾ നടത്താൻ അത്തനാസ്യോസ് ഈജിപ്തി ലേക്കു് ആളുകളെ നിയോഗിച്ചു. അർസേനിയൂസിനെ എവി ടെയോ ഒളിപ്പിച്ചിരിക്കുകയാണെന്നു വ്യക്തമായി. പക്ഷെ എവിടെയാണ് ഒളിപ്പിച്ചിരിക്കുന്നതെന്നു വ്യക്തമായി മനസ്സി ലാക്കാൻ കഴിഞ്ഞില്ല. കാരണം, അർസേനിയൂസ് പല

www.malankaralibrary.com



സ്ഥലത്തും മാറിമാറിയാണു താമസിച്ചിരുന്നതു്. ഇതേസമയം സെൻസറിന്റെ മുൻപാകെ നടക്കേണ്ട ഈ കേസ്‌വിസ്താരം ചക്രവത്തി വേണ്ടെന്നു വച്ചു. അതിനുള്ള കാരണം താഴെ പറയുന്നു.

## അധ്യായം 28

# ടയറിലെ സിനഡ്

ചക്രവത്തി ജറുസലേമിൽ ഒരു ദേവാലയം നിർമ്മിച്ചിരുന്നല്ലോ. അതിന്റെ കൂദാശയോടനുബന്ധിച്ച് മെത്രാന്മാരുടെ ഒരു സിനഡ് കൂടണമെന്ന് ചക്രവത്തി കല്പന പുറപ്പെടുവിച്ചു. അവർ വരുന്ന വഴിക്ക് ആദ്യമായി ടയറിൽ സമ്മേളിക്കണമെന്നും അത്തനാസ്യോസിനെതിരായുള്ള ആരോപണങ്ങൾ പരിശോധിക്കണമെന്നും അദ്ദേഹം നിർദ്ദേശിച്ചു. അവിടെ വച്ച് പരസ്പരം ഉള്ള അഭിപ്രായഭേദങ്ങൾ നീക്കിയാൽ ജറുസലേമിലെ ദേവാലയത്തിന്റെ ഉദ്ഘാടനം സംബന്ധിച്ച കമ്മങ്ങളെല്ലാം സ്നേഹത്തോടും സമാധാനത്തോടുംകൂടെ നടത്താൻ പററുമല്ലോ എന്നാണ് ചക്രവത്തി കരുതിയതു്. അതു് കോൺസ്‌ററൻറയിന്റെ ഭരണത്തിന്റെ മുപ്പതാം വർഷമായിരുന്നു. വിവിധ സ്ഥലങ്ങളിൽനിന്നായി ടയറിൽ അറുപതു മെത്രാന്മാർ വന്നുചേന്നു. കോൺസുലായ ദിവന്നാസ്യോസാണ് അവരെ അവിടെ വിളിച്ചുകൂട്ടിയതു്. വൈദികനായ മക്കാരിയൂസിനെ ചങ്ങലയ്ക്കിട്ടു് പട്ടാളത്തിന്റെ മേൽനോട്ടത്തിൽ അലക്സാൺഡ്രിയയിൽനിന്നു കൊണ്ടുവരികയായിരുന്നു. അത്തനാസ്യോസിനു് അവിടെ പോകാൻ ഒട്ടും താല്പര്യമില്ലായിരുന്നു. അതു ഭയം കൊണ്ടായിരുന്നില്ല; താൻ നിരപരാധിയാണെന്ന ബോദ്ധ്യമുള്ള അദ്ദേഹത്തിനു് യാതൊരു ഭീതിയും ഉണ്ടായിരുന്നില്ല. മെത്രാന്മാർ സമ്മേളിച്ചിട്ടു് നിഖ്യാവിശ്വാസപ്രമാണത്തിൽ വല്ല മാററം മറിച്ചിലും വരുത്തുമോ എന്ന ആശങ്കയായിരുന്നു അദ്ദേഹത്തിനു്. എന്നാൽ ചക്രവർത്തി അയച്ച ഭീഷണിപരമായ കത്തുകൾ, പോകാൻ അദ്ദേഹത്തെ നിർബന്ധിതനാക്കി. സ്വയം ചെന്നില്ലെങ്കിൽ ബലമായി പിടിച്ചുകൊണ്ടു പോകും എന്നു് ചക്രവത്തി അദ്ദേഹത്തിനു് എഴുതിയിരുന്നു.

www.malankaralibrary.com



## അധ്യായം 29

# അർസേനിയൂസിൻെറ കയ്യ്

പ്രത്യേകമായൊരു ദൈവനിശ്ചയം അർസേനിയൂസിനെയും ടയറിൽ എത്തിച്ചു. അയാറംക്ക് കൈക്കൂലി കൊടുത്തു് ഒളിവിൽ താമസിപ്പിച്ചിരുന്ന ഗൂഢാലോചനക്കാരുടെ നിർദ്ദേശങ്ങറംക്ക വിരുദ്ധമായി, സംഭവഗതികളൊക്കെ കണ്ടറിയാനുള്ള താല്പര്യാധിക്യം മൂലം അയാറം വേഷപ്രച്ഛന്നനായി ടയറിൽ എത്തി. അവിടെ ഒരു വഴിയമ്പലത്തിൽ വച്ചു് രണ്ടാളുകറം അർസേനിയൂസിനെക്കുറിച്ചു രഹസ്യത്തിൽ സംസാരിക്കുന്നതു് ആ പ്രവിശ്യയിലെ ഗവർണ്ണരായ അക്കേലാവൂസിൻെറ ഭൃത്യന്മാർ കേറംക്കാനിടയായി. കൊല്ലപ്പെട്ടു എന്നു പറയുന്ന ആ നഗരത്തിൽ തന്നെയുള്ള ഒരു പൗരൻെറ ഭവനത്തിൽ അർസേനിയൂസ് രഹസ്യത്തിൽ വന്നെത്തിയിട്ടുണ്ടെന്നാണ് അവർ പറഞ്ഞതു്. ഇതു കേട്ട ഭൃത്യന്മാർ ഇതു പറഞ്ഞവരെ നോട്ടുചെയ്തുവച്ചു. അവരുടനെ വിവരം തങ്ങളുടെ യജമാനനെ അറിയിച്ചു. ഗവർണ്ണർ അയാളെപ്പററി കൃത്യമായി അന്വേഷിക്കുകയും കണ്ടെത്തുകയും അയാളെ പിടികൂടുകയും ചെയ്തു. ഭയത്തിനു് ഒരു കാര്യവുമില്ലെന്നും അർസേനിയൂസ് ജീവിച്ചിരിപ്പുണ്ടെന്നും ഇവിടെത്തന്നെ ഉണ്ടെന്നും അയാറം അത്തനാസ്യോസിനെ അറിയിച്ചു.

അർസേനിയൂസു്, താൻ അർസേനിയൂസാണെന്ന സത്യം നിഷേധിക്കാൻ ആദ്യം ശ്രമിച്ചു. എന്നാൽ ടയറിലെ മെത്രാനായ പൗലോസ് അർസേനിയൂസിനെ നേരത്തേ നന്നായി അറിയുന്നയാളായിരുന്നതുകൊണ്ടു് വിവരം സംശയാതീതമായി വെളിപ്പെടുത്തി. ദൈവപരിപാലന ഇപ്രകാരം കാര്യങ്ങറം ക്രമപ്പെടുത്തിയിരിക്കെ സിനഡ് അത്തനാസ്യോസിനെ വിസ്തരിക്കാൻ വിളിപ്പിച്ചു. അദ്ദേഹം എത്തിയ ഉടൻ തന്നെ എതിരാളികറം അവർ കൊണ്ടുവന്നിരുന്ന കയ്യ് പ്രദർശിപ്പിക്കുകയും അത്തനാസ്യോസിൻെറ പേരിൽ കുററാരോപണം നടത്തുകയും ചെയ്തു.

അത്തനാസ്യോസ് വളരെ ചാതുര്യത്തോടുകൂടിയാണ് ആ സന്ദർഭം കൈകാര്യം ചെയ്തതു്. ആ സഭയിൽ അർസേനിയൂ

www.malankaralibrary.com



സിനെ നേരിട്ടറിയുന്ന ആരെങ്കിലുമുണ്ടോ എന്ന് അദ്ദേഹം സന്നിഹിതരായവരോടും ആരോപണം ഉന്നയിച്ചവരോടും ചോദിച്ചു. അറിയുമെന്ന് അനേകം പേർ പറഞ്ഞു. അപ്പോൾ മേൽക്കുപ്പായം കൊണ്ടു് കൈ രണ്ടും മറച്ച വിധത്തിൽ അദ്ദേഹം അർസേനിയൂസിനെ സഭയുടെ മുന്നിലേയ്ക്കു് ആനയിച്ചു. എന്നിട്ട് അദ്ദേഹം ചോദിച്ചു: 'ഇതാണോ ഒരു കൈ നഷ്ടപ്പെട്ടതായി നിങ്ങൾ പറയുന്ന വ്യക്തി'? എവിടെ നിന്നാണ് കൈ വെട്ടിയതെന്ന് അറിയാമായിരുന്നവരും ഗൂഢാലോചനയിൽ പങ്കെടുത്തവരും ആയവരൊഴികെയുള്ളവരെല്ലാം അപ്രതീക്ഷിതമായ ഈ നടപടിയിൽ ആശ്ചര്യചകിതരായിപ്പോയി. അർസേനിയൂസിന്റെ ഒരു കയ്യ് സത്യമായും നഷ്ടപ്പെട്ടിട്ടുണ്ടു് എന്നാണ് അപ്പോൾ മററുള്ളവർക്കും തോന്നിയതു്. അത്തനാസ്യോസ് മറേറതെങ്കിലും വിധത്തിൽ തന്റെ നിലപാടു് ന്യായീകരിച്ചേക്കും എന്നാണ് അവർ കരുതിയതു്. അത്തനാസ്യോസ് മേൽക്കുപ്പായത്തിന്റെ ഒരു വശം നീക്കി അർസേനിയൂസിന്റെ ഒരു കൈ കാണിച്ചു. മറേറ കയ്യായിരിക്കും വെട്ടപ്പെട്ടതു് എന്നോർത്തു് ആളുകൾ ഇരിക്കുമ്പോൾ അവരെ അല്പനേരം സന്നിഗ്ദ്ധാവസ്ഥയിൽ ഇരുത്തിയശേഷം അത്തനാസ്യോസ് മേൽക്കുപ്പായത്തിന്റെ ഇതരഭാഗം നീക്കി മറേറക്കയ്യും കാണിച്ചു. അത്തനാസ്യോസു് സന്നിഹിതരായിരുന്നവരോടു് പറഞ്ഞു: ''അർസേനിയൂസിനുള്ള രണ്ടു കയ്യും നിങ്ങൾക്കു കാണാം. അദ്ദേഹത്തിന്റെ മൂന്നാമത്തെ കയ്യ് ഏതു ഭാഗത്തു നിന്നാണു വെട്ടിയതെന്ന് എന്റെ കുററാരോപകർ പറയട്ടെ''.

## അധ്യായം 30

## കുററാരോപകരുടെ പലായനം

അർസേനിയൂസിന്റെ കാര്യം ഇങ്ങനെ കലാശിച്ചപ്പോൾ അത്തനാസ്യോസിന്റെമേൽ കള്ളക്കഥകൾ കെട്ടിച്ചമച്ചവർ ആകെ സംഭീതരായി. അവരിൽ പ്രമാണിയായ, ജോൺ എന്നു വിളിക്കപ്പെട്ടിരുന്ന അക്കാബ്യ് [43] വിസ്താരരംഗത്തുനിന്നു്

43. അർക്കാഫ് എന്നാണ് ഇയാളെ അത്തനാസ്യോസ് വിളിക്കുന്നതു്. ആര്യക്കെതിരെയുള്ളഅപ്പോളജി, 65

www.malankaralibrary.com



ആ ബഹളത്തിനിടയിൽ ഒളിച്ചോടി രക്ഷപെട്ടു. അത്തനാസ്യോസിനു് വലിയ വിശദീകരണങ്ങളൊന്നും കൂടാതെതന്നെ ആരോപണവിമുക്തനാകാൻ കഴിഞ്ഞു. അർസേനിയൂസിനെ ജീവനോടെ കാണുമ്പോഴും തന്നെ അദ്ദേഹത്തെ വധിച്ചു എന്ന അപവാദം സ്വയം നിരാകൃതമാകും എന്നു് അത്തനാസ്യോസിനു് ആത്മധൈര്യം ഉണ്ടായിരുന്നു.

## അധ്യായം 31

# മക്കാരിയൂസിൻെറ പ്രശ്നം

എന്നാൽ മക്കാരിയൂസിനെ സംബന്ധിച്ച തെററായ ആരോപണങ്ങളും നിഷേധിക്കാൻ അദ്ദേഹം നിയമപരമായ നിലപാടുതന്നെ സ്വീകരിച്ചു. ഒന്നാമതായി എവുസേബിയസും കൂട്ടരും മക്കാരിയൂസിൻെറ എതിരാളികളായ സ്ഥിതിക്കു് അവർ അയാളെ വിസ്തരിക്കുന്നതിലുള്ള അനീതി അദ്ദേഹം ചൂണ്ടിക്കാണിച്ചു. രണ്ടാമതായി അദ്ദേഹം വാദിച്ചതു് മക്കാരിയൂസിൻെറമേൽ കുററാരോപണം നടത്തിയ ഇസ്ക്കീറാസ് യഥാർത്ഥത്തിൽ വൈദികനാണെന്നു തെളിയിക്കണമെന്നാണു്; കാരണം പരാതിയിൽ അയാൾ വൈദികനെന്നു് സ്വയം വിശേഷിപ്പിച്ചിരുന്നു.

ജഡ്ജിമാർ ഈ വാദങ്ങളൊന്നും സ്വീകരിക്കാതെ മക്കാരിയൂസിൻെറ കേസ് പരിഗണിക്കാൻ തുടങ്ങി. ആരോപണക്കാർക്കു വേണ്ടുവോളം തെളിവുകൾ ഹാജരാക്കാൻ സാധിക്കാതെവന്നതുകൊണ്ടു് കേസ്‌വിസ്താരം മാററിവച്ചു. മരെയോട്ടിസ് എന്ന സ്ഥലത്തുപോയി നേരിട്ടന്വേഷിച്ചു് സംശയമുള്ള കാര്യങ്ങളിലെല്ലാം നിശ്ചയം വരുത്തണമെന്നു നിശ്ചയിക്കപ്പെട്ടു. തൻെറ എതിരാളികളായിട്ടുള്ളവർ (തെയോഗ്നീസ്, മാരിസ്, തിയഡോറസ്, മാസിഡോണിയൂസ്, വാലെൻസ്, ഉർസാച്ചിയൂസ് എന്നിവർ) തന്നെയാണു് അന്വേഷണത്തിനു നിയുക്തരായിട്ടുള്ളതു് എന്നു മനസ്സിലായപ്പോൾ, വിസ്താരക്കോടതിയുടെ നടപടി വഞ്ചനാപരവും നിയമവിരുദ്ധവുമാണെന്നു് അത്തനാസ്യോസ് പ്രഖ്യാപിച്ചു. കേസിലെ ഒരു കക്ഷിയായ മക്കാരിയൂസിനെ തടവിലിട്ടിരിക്കുകയും മറുപക്ഷക്കാരെ ഭാഗികമായ ഒരു കേസന്വേഷണം

www.malankaralibrary.com



നടത്തി വിധി തീരുമാനിക്കാൻ ഏല്പിക്കുകയും ചെയ്തതാണ് അനീതിയെന്നു് അദ്ദേഹം ചൂണ്ടിക്കാട്ടിയതു്. സിനഡിന്റെയും ഗവണ്ണരായ ദിവന്നാസ്യോസിന്റെയും മുമ്പാകെ പ്രതിഷേധം അറിയിച്ചെങ്കിലും തന്റെ വാദഗതികൾ ആരും പരിഗണിക്കുന്നില്ല എന്നു കണ്ടു് അദ്ദേഹം രഹസ്യമായി സ്ഥലം വിട്ടു. അതിനാൽ അന്വേഷണത്തിനു നിയുക്തരായവർ ഏകപക്ഷീയമായ അന്വേഷണപ്രകടനം നടത്തി കുററാരോപണം ശരിയെന്നു വിധിച്ചു.

## അധ്യായം 32

## അത്തനാസ്യോസിനെ സ്ഥാനഭ്രഷ്ടനാക്കുന്നു

ചക്രവർത്തിയെ വിവരം അറിയിക്കാൻ അത്തനാസ്യോസ് സ്ഥലം വിട്ടതുകൊണ്ടു്, സിനഡ് ആദ്യമായി അദ്ദേഹത്തിന്റെ അഭാവത്തിൽ അദ്ദേഹത്തെ കുററവാളിയെന്നു വിധിച്ചു. മരെയോട്ടിസിൽ പോയി അന്വേഷണം നടത്താൻ നിയുക്തരായവർ അവരുടെ റിപ്പോർട്ടു സമർപ്പിച്ചപ്പോൾ അത്തനാസ്യോസിനെ സ്ഥാനഭ്രഷ്ടനാക്കണമെന്നു സിനഡ് തീരുമാനിക്കുകയും ചെയ്തു. ആ തീരുമാനം രേഖപ്പെടുത്തിയതിൽ വളരെ ലജ്ജാവഹങ്ങളായ വിശേഷണങ്ങളാണ് അദ്ദേഹത്തെക്കുറിച്ചു് ഉപയോഗിച്ചിരുന്നതു്. അദ്ദേഹത്തെ അധിക്ഷേപിക്കാൻ ശത്രുക്കൾ കെട്ടിച്ചമച്ച കൊലപാതക കള്ളക്കഥ അതിദയനീയമായി പൊളിഞ്ഞുപോയ കാര്യത്തെക്കുറിച്ചു് ഒരക്ഷരംപോലും രേഖപ്പെടുത്തിയുമില്ല. കൊല്ലപ്പെട്ടു എന്ന വാർത്തയ്ക്കു വിഷയമായിരുന്ന അർസേനിയൂസിനെ അവർ സഭാസംസർഗ്ഗത്തിലേയ്ക്കു സ്വീകരിക്കുകയും ചെയ്തു. മുമ്പു് മെലീഷ്യൻ പാഷണ്ഡതയിൽപ്പെട്ട മെത്രാനായിരുന്ന അർസേനിയൂസ് ഹിപ്സേലോപോലീസ് എന്ന സ്ഥലത്തെ മെത്രാൻ എന്ന നിലയിൽ അത്തനാസ്യോസിനെ സ്ഥാനഭ്രഷ്ടനാക്കുന്ന നടപടിയിൽ ഒപ്പുവച്ചു. ഇപ്രകാരം, അസാധാരണമായ ചില സാഹചര്യങ്ങളുടെ ഫലമായി, അത്തനാസ്യോസിനാൽ കൊല്ലപ്പെട്ടു എന്നു കരുതപ്പെട്ട ആൾ തന്നെ അത്തനാസ്യോസിനെ സ്ഥാനഭ്രഷ്ടനാക്കുന്നതിൽ പങ്കാളിയാകുവാൻ ജീവിച്ചിരുന്നു.

www.malankaralibrary.com



## അധ്യായം 33

# ആരിയൂസും അനുയായികളും സ്വീകരിക്കപ്പെടുന്നു

സിനഡിൽ സംബന്ധിച്ചിരുന്ന മെത്രാന്മാർ ഉടൻ 'പുതിയ ജറുസലെമി'ലേയ്ക്കു് നീങ്ങണമെന്നാവശ്യപ്പെടുന്ന ചക്രവർത്തിയുടെ കത്തു് ഇതിനിടെ വന്നുചേർന്നു. അതിനാൽ അവർ ഉടൻതന്നെ ടയർവിട്ടു് അതിവേഗം ജറുസലേമിലേയ്ക്കു നീങ്ങി. അവിടെ പുതിയദേവാലയത്തിന്റെ കൂദാശകർമ്മം ആഘോഷപൂർവ്വം നടന്നു. അതിനെത്തുടർന്നു് മെത്രാന്മാർ ആരിയൂസിനെയും അനുയായികളെയും സഭൈക്യത്തിലേയ്ക്കു സ്വീകരിച്ചു.[44] ചക്രവർത്തിയുടെ അഭിലാഷമനുസരിച്ചാണ് തങ്ങൾ അങ്ങനെ ചെയ്യുതെന്നു് അവർ അവകാശപ്പെട്ടു. ആരിയൂസിന്റെയും എവുസോയിയൂസിന്റെയും വിശ്വാസപ്രഖ്യാപനത്തിൽ താൻ പരിപൂർണ്ണസംതൃപ്തനാണെന്നു് ചക്രവർത്തി അവരെ അറിയിച്ചിരുന്നതാണല്ലോ. അലക്സാന്ത്രിയായിലെ സഭയ്ക്കു് അവർ ഒരു കത്തും എഴുതി.[45] അസൂയയെ നാടുകടത്തിയ അവസ്ഥയിൽ അലക്സാന്ത്രിയൻ സഭയിലെ കാര്യങ്ങളെല്ലാം സമാധാനപരമായി തീരുമാനിക്കപ്പെട്ടിരിക്കുന്നു എന്നും തന്റെ 'പിൻവലിക്കലിൽ' ആരിയൂസ് സത്യം അംഗീകരിച്ചിരിക്കുന്നതിനാൽ, അയാൾ മേലിൽ സഭയുടെ അംഗമാകയാൽ അയാളെ അവർ സ്വീകരിക്കണം എന്നും പറഞ്ഞുകൊണ്ടാണ് അവർ എഴുതിയതു്. അസൂയയെ നാടുകടത്തി എന്നതുകൊണ്ടു് അത്തനാസ്യോസിനെ സ്ഥാനഭ്രഷ്ടനാക്കി എന്നാണ് അവർ അർത്ഥമാക്കിയതു്.

ഇതേ സമയം ഏകദേശം ഇതേ വാക്കുകൾ ഉൾക്കൊള്ളുന്ന ഒരു കത്തുവഴി ചക്രവർത്തിയെയും അവർ വിവരങ്ങൾ അറിയിച്ചു. എന്നാൽ ഇതിനിടെ വളരെ അപ്രതീക്ഷിതമായി ചക്രവർത്തിയിൽ നിന്നുള്ള ഒരു കത്തു് അവർക്കു ലഭിച്ചു. അത്തനാസ്യോസ് സംരക്ഷണം ആവശ്യപ്പെട്ടുകൊണ്ടു് തന്റെ പക്കൽ അഭയം തേടിയിരിക്കുന്നുവെന്നും അതിനാൽ മെത്രാന്മാരെല്ലാം

44. ജറുസലേം സിനഡിനു മുൻപു് ആരിയൂസ് മരിച്ചുപോയിരുന്നു.

45. ഈ കത്തു് അത്തനാസ്യോസിന്റെ കൃതിയിൽ കാണാം: ദെ സിനൊദിസ് 21; ഉദ്ധൃതകൃതി, 84.

www.malankaralibrary.com



ഉടൻ കോൺസ്ററാൻറിനോപ്പിളിൽ എത്തണമെന്നുമായിരുന്നു കത്തിലെ ഉള്ളടക്കം. ചക്രവത്തിയിൽ നിന്നു വന്ന ആകസ്മി കമായ കത്തു് താഴെപ്പറയും പ്രകാരമാണ്.

## അധ്യായം 34

## ചക്രവർത്തിയുടെ കത്തു്

വിക്ടർ കോൺസ്റ്റൻറയിൻ മാക്സിമൂസ് അഗസ്റ്റസ്, ടയറിൽ സമ്മേളിച്ചിരിക്കുന്ന മെത്രാന്മാർക്കു് എഴുതുന്നതു്:

വലിയ കുഴപ്പങ്ങളോടും കോലാഹലങ്ങളോടും കൂടെ നടത്തപ്പെട്ട നിങ്ങളുടെ കൗൺസിലിൽ ഉണ്ടായ തീരുമാനങ്ങൾ എന്തൊക്കെയാണെന്നു് എനിക്കറിഞ്ഞുകൂടാ. എങ്കിലും കുഴപ്പം നിറഞ്ഞതും ക്രമരഹിതവുമായ നടപടികൾ മൂലം സത്യം വളച്ചൊടിക്കപ്പെട്ടിരിക്കാനാണു സാദ്ധ്യത എന്നു ഞാൻ കരുതുന്നു. പരസ്പരമത്സരം ശാശ്വതീകരിക്കാൻ നിങ്ങൾക്കു താല്പര്യമുള്ളതു പോലെ തോന്നുന്നു. അതിനാൽ ദൈവത്തിനു സ്വീകാര്യമായ പരിഗണനകളെ നിങ്ങൾ അവഗണിക്കുന്നതുപോലെയും തോന്നുന്നു. എന്നാൽ താമസിയാതെ തന്നെ, നിങ്ങളുടെ അസൂയാകലുഷിതമായ മത്സരബുദ്ധിയിൽ നിന്നു രൂപം കൊണ്ടു കൊള്ളരുതായ്കകൾ ദൈവാനുഗ്രഹത്താൽ വെളിപ്പെടുകയും നശിപ്പിക്കപ്പെടുകയും ചെയ്യുമെന്നു നാം പ്രത്യാശിക്കുകയാണ്. നിങ്ങളുടെ പരിഗണനയ്ക്കു സമർപ്പിക്കപ്പെട്ടിരുന്ന വസ്തുതകളെ നിങ്ങൾ സത്യസന്ധതയോടുകൂടിയാണോ അതോ പക്ഷപാതത്തോടും മുൻവിധികളോടും കൂടിയാണോ കൈകാര്യം ചെയ്തതു് എന്ന കാര്യവും ദൈവം വെളിപ്പെടുത്തുമെന്നു ഞാൻ ആശിക്കുന്നു. അതിനാൽ നിങ്ങളെല്ലാവരും ഉടൻ തന്നെ എൻെറ പക്കൽ ഹാജരാകുകയും നിങ്ങളുടെ നടപടികളെ സംബന്ധിച്ച കണിശമായ വിവരണം എനിക്കു നൽകുകയും ചെയ്യേണ്ടതു് ആവശ്യമാണ്.

ഞാൻ ഇങ്ങനെയൊരു കത്തു് എഴുതി നിങ്ങളെ വിളിപ്പിക്കാൻ ഇടയായതു് എന്തുകൊണ്ടാണെന്നു് ഇനി വ്യക്തമാക്കാം. ഒരു യാത്ര കഴിഞ്ഞു് ഞാൻ എൻെറ തലസ്ഥാന നഗരമായ

www.malankaralibrary.com



കോൺസ്റ്റാൻറിനോപ്പിളിലേക്ക പ്രവേശിക്കുന്ന സമയത്തു് കുതിരപ്പുറത്തു സവാരി ചെയ്താണ് ഞാൻ വന്നതു്. മെത്രാനായ അത്തനാസ്യോസ് ഏതാനും വൈദികരോടു കൂടി, തീർത്തും അപ്രതീക്ഷിതമായി എൻെറ മുമ്പിൽ പ്രത്യക്ഷപ്പെട്ടു. ഈ ആകസ്മികാഗമനം ഞങ്ങളിൽ അമ്പരപ്പു തന്നെ ഉളവാക്കി. ആദ്യനോട്ടത്തിൽ ഞാൻ അദ്ദേഹത്തെ തിരിച്ചറിഞ്ഞില്ല എന്നതിനു് സർവ്വജ്ഞനായ ദൈവം സാക്ഷിയാകുന്നു. എൻെറ അനുചരന്മാരിൽ ചിലർ പറഞ്ഞപ്പോഴാണ് എനിക്കു് ആളെ മനസ്സിലായതു്. അദ്ദേഹത്തിനു സംഭവിച്ച കാര്യങ്ങളും അവർ അന്വേഷിച്ചറിഞ്ഞു് എന്നെ അറിയിച്ചു. ആ സമയത്തു് ഞാൻ അദ്ദേഹത്തോടു യാതൊരു സംഭാഷണവും നടത്തിയില്ല. നിരന്തരമായി അഭ്യർത്ഥിച്ചിട്ടും ഞാൻ അദ്ദേഹത്തിനു സന്ദർശനം അനുവദിച്ചില്ല. ചക്രവർത്തിയും തൻെറ എതിരാളികളും ഉള്ള ഒരു സന്ദർഭത്തിൽ തനിക്കു പറയാനുള്ള കാര്യങ്ങൾ പറയാൻ ഒരവസരം നൽകണമെന്നുമാത്രമായിരുന്നു അദ്ദേഹത്തിൻെറ അഭ്യർത്ഥന. ഈ അഭ്യർത്ഥന വളരെ ന്യായമാണെന്നു് എനിക്കു തോന്നി. അതനുസരിച്ചു് നിങ്ങൾക്കു് ഈ കത്തയയ്ക്കുന്നതിനുള്ള നിർദ്ദേശം ഞാൻ നൽകുകയാണുണ്ടായതു്. അതിനാൽ ടയറിലെ സിനഡിൽ സംബന്ധിച്ച എല്ലാവരും ഏററവും വേഗം എൻെറ സന്നിധിയിൽ എത്തിച്ചേരണമെന്നു ഞാൻ ആജ്ഞാപിക്കുന്നു. എൻെറ സാന്നിദ്ധ്യത്തിൽ എല്ലാ കാര്യങ്ങളും നിങ്ങൾക്കു വിശദീകരിക്കാമല്ലോ. ഞാൻ ദൈവത്തിൻെറ യഥാർത്ഥ ദാസനാണെന്നുള്ള വസ്തുത നിങ്ങളാരും നിഷേധിക്കുമെന്നു തോന്നുന്നില്ല. ദൈവത്തിനു വേണ്ടിയുള്ള എൻെറ സേവനങ്ങളുടെ ഫലമായിട്ടാണ് ഇന്നു് എല്ലായിടത്തും സമാധാനം നിലനിൽക്കുന്നതു്. ഇപ്പോഴും സത്യം ഗ്രഹിക്കാത്ത കാട്ടുജാതിക്കാരായ ആളുകളുടെയിടയിൽപ്പോലും ദൈവനാമം ആദരപൂർവ്വം അനുസ്മരിക്കപ്പെടുന്നു. സത്യം അറിയാത്തവനു് ദൈവത്തെക്കുറിച്ചുള്ള യഥാർത്ഥമായ അറിവുമില്ല എന്നതു വ്യക്തമാണല്ലോ. അപരിഷ്കൃതർ പോലും ദൈവത്തെ ആരാധിക്കുന്നു എന്നു ഞാൻ പറഞ്ഞല്ലോ. ദൈവത്തിൻെറ ഒരു യഥാർത്ഥ ദാസനായ ഞാൻ കാരണമാണിതു്. ദൈവം അവിടുത്തെ ആരാധിക്കുന്നവനായ എന്നെ എല്ലായിടത്തും സംരക്ഷിക്കുന്നതു കണ്ടിട്ടാണ് അവർ അങ്ങനെ ചെയ്യുന്നതു്. ഒരു തരത്തിൽ പറഞ്ഞാൽ എന്നെക്കുറിച്ചുള്ള ഭയമാണ് സത്യദൈവത്തെക്കുറിച്ചുള്ള അവബോധത്തിലേയ്ക്കു് അവരെ നയിച്ചിട്ടുള്ളതു്. എന്നാൽ ദൈവത്തിൻെറ സഭയുടെ വിശുദ്ധരഹസ്യങ്ങളെക്കുറിച്ചു് ആദരമുണ്ടെന്നു ഭാവിക്കുന്ന നമ്മളാകട്ടെ, പരസ്പര മത്സരവും കലഹവും വളർത്താനുതകുന്നവയല്ലാത്ത ഒരു കാര്യവും ചെയ്യുന്നില്ല. തെളിച്ചു പറഞ്ഞാൽ മനുഷ്യവർഗ്ഗത്തിൻെറ വിനാശത്തിനു തന്നെ നാം കാര

www.malankaralibrary.com



ണക്കാരായിത്തീരുകയാണ്. അതിനാൽ ഞാൻ പറഞ്ഞതുപോലെ ഏററവും വേഗം ഇവിടെ വന്നെത്തുക. ദൈവകല്പനയനുസരിച്ചു കാര്യങ്ങൾ നിർവ്വഹിക്കുന്ന വിഷയത്തിൽ ഞാൻ യാതൊരുവിധമായ ഉത്സാഹക്കുറവും കാട്ടുകയില്ലെന്ന് ഉറപ്പായിരിക്കുക. ദൈവിക സത്യങ്ങൾക്ക് അപമാനമോ തടസ്സമോ ഉണ്ടാകാതെ ഞാൻ ശ്രദ്ധിച്ചു കൊള്ളാം. സഭയുടെ ശത്രുക്കൾ പരിശുദ്ധമായ സത്യപ്രഖ്യാപനങ്ങളുടെ മറവിൽ പലവിധ ദൈവദൂഷണങ്ങൾ പ്രചരിപ്പിക്കാൻ ഗൂഢയത്നം നടത്തുകയാണ്. അവരെ നാം തകർത്തു നാമാവശേഷമാക്കും.

## അധ്യായം 35

## അത്തനാസ്യോസ് നാടുകടത്തപ്പെടുന്നു[46]

ചക്രവർത്തിയുടെ കത്തു വായിച്ചപ്പോൾ സിനഡിൽ സംബന്ധിച്ചിരുന്ന മെത്രാന്മാർ സംഭീതരായിത്തീർന്നു. അവരിലധികംപേരും അവരവരുടെ നഗരങ്ങളിലേയ്ക്കു പലായനം ചെയ്തു. എവുസേബിയസ്, തെയോഗ്നീസ്, മാരിസ്, പത്രോഫിലൂസ്,ഉർസാചിയൂസ്, വാലെൻസ് എന്നിവർ കോൺസ്റ്റാൻറിനോപ്പിളിൽ എത്തിച്ചേർന്നു. എന്നാൽ പൊട്ടിയ തിരുപ്പാത്രത്തെക്കുറിച്ചോ, ദിവ്യകാരുണ്യമേശ മറിച്ചതിനെക്കുറിച്ചോ അർസേനിയൂസിൻെറ വധകഥയെക്കുറിച്ചോ എന്തെങ്കിലും അന്വേഷണം നടത്താൻ അവർ സമ്മതിച്ചില്ല. പുതുതായി ഒരു കള്ളക്കഥ കെട്ടിച്ചമയ്ക്കുകയാണ് അവർ ചെയ്തത്. അലക്സാൺഡ്രിയായിൽനിന്ന് കോൺസ്റ്റാൻറിനോപ്പിളിലേയ്ക്ക് പതിവായി ധാന്യം അയച്ചിരുന്നതു താൻ തടസ്സപ്പെടുത്തുമെന്ന് അത്തനാസ്യോസ് ഭീഷണിപ്പെടുത്തി എന്നായിരുന്നു കഥ. അദമാൻസ്യൂസ്, അന്തുബിയോൻ, അർബാത്തിയോൻ, പീററർ എന്നീ മെത്രാന്മാർ അത്തനാസ്യോസിൻെറ അധരങ്ങളിൽനിന്ന് ഈ ഭീഷണി നേരിട്ടു കേട്ടുവെന്ന് അവർ ഉറപ്പിച്ചുപറയുകയുംചെയ്തു. അപവാദം പറയുന്നയാൾ വിശ്വാസയോഗ്യനാണെങ്കിൽ കേൾക്കുന്നവർ വിശ്വസിച്ചുപോകുമല്ലോ. അങ്ങനെ ചക്രവർത്തി

46. തിയഡൊറെററ്, സഭാചരിത്രം, 1. 31.

www.malankaralibrary.com



വഞ്ചിതനായി. അമർഷത്താൽ അന്ധനായിത്തീന്ന അദ്ദേഹം അത്തനാസ്യോസിനെ ഉടനെ ഗാൾ പ്രദേശത്തേയ്ക്കു നാടു കട ത്താനുത്തരവായി.

സഭയിലെ കലഹം ശമിപ്പിക്കാനാണു ചക്രവർത്തി ഇങ്ങ നെ ചെയ്തതെന്നു് അഭിപ്രായപ്പെടുന്നവരുമുണ്ടു്. ആരിയൂസി നോടും അനുയായികളോടും പൊരുത്തപ്പെടുകയില്ലെന്ന നില പാടിൽ അത്തനാസ്യോസ് വല്ലാത്ത കടുംപിടുത്തമാണല്ലോ അവലംബിച്ചതു്. ചക്രവർത്തിയുടെ കല്പനയനുസരിച്ചു് അത്തനാസ്യോസു് ഗാൾപ്രദേശത്തെ ത്രേവെസ്സു്[47] എന്ന നഗര ത്തിലെത്തി വാസം തുടങ്ങി.

## അധ്യായം 36

## മർസെല്ലുസും അസ്തേരിയൂസും

കോൺസ്റ്റാൻറിനോപ്പിളിൽ സമ്മേളിച്ച മെത്രാന്മാർ ഗലാത്യാ മൈനറിലെ പട്ടണമായ അൻസീറായിലെ മെത്രാൻ മർസെല്ലുസിനെയും താഴെപ്പറയുന്ന കാരണത്താൽ സ്ഥാനഭ്രഷ്ട നാക്കി.

കപ്പദോഷ്യായിലെ ഒരു താക്കികനായിരുന്ന അസ്തേരി യൂസ്. അയാൾ തൻെറ കല ഉപേക്ഷിച്ചു് ക്രിസ്തുമതം സ്വീക രിച്ചു എന്നവകാശപ്പെട്ടുകൊണ്ടു് ചില പ്രബന്ധങ്ങളെല്ലാം എഴുതി. അവ ഇപ്പോഴുമുണ്ടു്. അവയിൽ അയാൾ ആരിയൂസി ൻെറ സിദ്ധാന്തങ്ങളെ അനുകൂലിച്ചിരിക്കുകയാണ്. വെട്ടുക്കി ളികളും കമ്പിളിപ്പുഴുക്കളും ദൈവത്തിൻെറ ശക്തികളാണെന്നു മോശ പറഞ്ഞിട്ടുണ്ടല്ലോ (യോവേൽ 2:25). ക്രിസ്തുവും അവ യെപ്പോലെ ദൈവത്തിൻെറ ഒരു ശക്തിയാണെന്നും മററുമാണ് അയാൾ വാദിച്ചതു്. ഈ അസ്തേരിയൂസ് പല മെത്രാന്മാ രുമായി നിരന്തര സമ്പക്കത്തിലായിരുന്നു; ആരിയൂസിൻെറ അഭിപ്രായങ്ങളോടു വലിയ വിരോധമില്ലാതിരുന്ന മെത്രാന്മാ രോടു വിശേഷിച്ചും. മെത്രാന്മാരുടെ സിനഡുകളിൽ അയാൾ

47. ആധുനിക ട്രിയർ (Trier) പട്ടണം.

www.malankaralibrary.com



സംബന്ധിക്കയും ചെയ്തിരുന്നു. ഏതെങ്കിലും ഒരു നഗരത്തിലെ മെത്രാനായി തന്നെ അംഗീകരിപ്പിക്കണം എന്ന ലക്ഷ്യത്തോടെയാണ് അയാൾ അങ്ങനെ ചെയ്തിരുന്നത്. എന്നാൽ മത പീഡനകാലത്തു വിഗ്രഹങ്ങൾക്ക് ബലിയർപ്പിച്ചയാളായതു കൊണ്ട് അയാളെ മെത്രാനാക്കാൻ ആരും തയാറായില്ല.

താൻ എഴുതിയ പ്രബന്ധങ്ങൾ ജനങ്ങളെ വായിച്ചുകേൾപ്പിച്ചുകൊണ്ടു അസ്തേരിയുസ് സിറിയയിലെ നഗരങ്ങളിലെല്ലാം ചുററി സഞ്ചരിച്ചു. ഇക്കാര്യം അറിഞ്ഞ മർസെല്ലുസ്, അയാളുടെ ആശയങ്ങൾ ജനങ്ങളിൽ ചെലുത്താവുന്ന സ്വാധീനത്തെ പ്രതിരോധിക്കുന്നതിനു പരിശ്രമിച്ചു. ആ പരിശ്രമത്തിനിടയിൽ അയാൾ അസ്തേരിയുസിൽനിന്നു നേരേ വിപരീതമായ അബദ്ധത്തിൽ നിപതിച്ചു. സമോസാട്ടാക്കാരൻ പൗലോസ് ചെയ്തതുപോലെ,[48] ക്രിസ്തു കേവലം ഒരു മനുഷ്യനാണെന്ന് പഠിപ്പിക്കുവാൻ അയാൾ ധൈര്യം കാട്ടി. ജറുസലെമിൽ സമ്മേളിച്ചിരുന്ന മെത്രാന്മാർ ഈ സംഭവവികാസങ്ങളെല്ലാം അറിയാനിടയായി. അസ്തേരിയുസിൻെറ അബദ്ധവാദങ്ങളെ അവർ അവഗണിച്ചു. കാരണം, വൈദികരുടെ പട്ടികയിൽപ്പോലും അയാളുടെ പേരു് ഉൾപ്പെടുത്തപ്പെട്ടിരുന്നില്ല. എന്നാൽ മർസെല്ലുസ് ഒരു വൈദികനായതുകൊണ്ട് താൻ എഴുതിയ പുസ്തകത്തെക്കുറിച്ച് ഒരു വിശദീകരണം നൽകണമെന്ന് അവർ നിർബന്ധമായി ആവശ്യപ്പെട്ടു. സമോസാട്ടാക്കാരൻ പൗലോസിൻെറ ആശയങ്ങൾ അയാൾ സ്വീകരിച്ചിട്ടുണ്ടെന്നു വ്യക്തമായപ്പോൾ അവയെ തള്ളിപ്പറയാൻ അവർ ആവശ്യപ്പെട്ടു. തന്നേപ്പററി പൂർണ്ണമായി ലജ്ജ തോന്നിയ മർസെല്ലുസ് തൻെറ പുസ്തകം കത്തിച്ചുകളയാൻ തയാറാണെന്ന് സമ്മതിച്ചു.

ഈ ഘട്ടത്തിലാണ് മെത്രാന്മാരെ കോൺസ്റ്റാൻറിനോപ്പിളിലേക്കു വിളിക്കുന്ന ചക്രവർത്തിയുടെ കത്തു കിട്ടിയതു്. അതിനാൽ അവർ ഉടൻ തലസ്ഥാന നഗരത്തിലേക്കു പുറപ്പെട്ടു. അവിടെ ചെന്നതിനുശേഷം എവുസേബിയന്മാർ ഈ വിഷയം വീണ്ടും പരിഗണനയ്ക്കെടുത്തു. പക്ഷെ ഇത്തവണ പുസ്തകം

---

48. യേശു സാധാരണ മനുഷ്യനായിരുന്നെന്നും സ്ഥാനാവസരം പിതാവ് ദത്തെടുത്തു ദൈവമാക്കിയെന്നും ഇയാൾ പഠിപ്പിച്ചു. 269-ൽ നടന്ന അന്ത്യോക്യൻ സിനഡ് ഇയാളെ സ്ഥാനഭ്രഷ്ടനാക്കി. എവുസേബിയസ്, സഭാചരിത്രം, 7.30: എപ്പിഫാനിയുസ്, പാഷണ്ഡതകൾ, 67.

www.malankaralibrary.com



കത്തിക്കാൻ മർസെല്ലസ് വിസമ്മതിക്കുകയാണുണ്ടായത്. അതിനാൽ സന്നിഹിതരായിരുന്ന മെത്രാന്മാർ അദ്ദേഹത്തെ സ്ഥാനഭ്രഷ്ടനാക്കുകയും ബേസിലിനെ ആ സ്ഥാനത്തേയ്ക്കു നിയമിക്കുകയും ചെയ്തു. കൂടാതെ മർസെല്ലസിൻെറ ഗ്രന്ഥത്തിലെ ആശയങ്ങളെ ഖണ്ഡിച്ചു കൊണ്ടു് എവുസേബിയസ് മൂന്നു വാല്യങ്ങളുള്ള ഒരു ഗ്രന്ഥം രചിച്ചു.

ഇങ്ങനെയാണെങ്കിലും പിന്നീടു് സാർഡിക്കായിൽ കൂടിയ സിനഡ് മർസെല്ലസിനെ പഴയസ്ഥാനത്തുതന്നെ പുനഃപ്രതിഷ്ഠിച്ചു. തൻെറ പുസ്തകം സമോസാട്ടാക്കാരൻ പൗലോസിനെ അനുകൂലിക്കുന്നതായി തെററിദ്ധരിക്കപ്പെട്ടുവെന്നു് അദ്ദേഹം നൽകിയ വിശദീകരണത്തെ തുടർന്നാണിതു സംഭവിച്ചതു്. ഈ വിഷയത്തെക്കുറിച്ചു കൂടുതൽ വിശദമായി പിന്നീടു പറയുന്നതാണു്.

## അധ്യായം 37

## ആരിയൂസ് കോൺസ്റ്റാൻറിനോപ്പിളിൽ

മുകളിൽപറഞ്ഞ കാര്യങ്ങൾ സംഭവിച്ചുകൊണ്ടിരിക്കെ, കോൺസ്റ്റൻൈറൻെറ ഭരണത്തിൻെറ മുപ്പതാം വർഷം പൂർത്തിയായി. എന്നാൽ തൻെറ അനുയായികളോടൊത്തു് അലക്സാൺഡ്രിയായിലെത്തിയ ആരിയൂസ് അവിടെ ആകെ കലക്കമുണ്ടാക്കി. തിരുത്തലിനു വിധേയനാകാത്ത പാഷണ്ഡിയായ ആരിയൂസിനെയും അനുയായികളെയും വീണ്ടും അങ്ങോട്ടു വിട്ടതിലും തങ്ങളുടെ മെത്രാനായ അത്തനാസ്യോസിനെ നാടുകടത്തിയതിലും അലക്സാൺഡ്രിയയിലെ ജനങ്ങൾക്കു് വളരെ അമർഷമുണ്ടായിരുന്നു. ആരിയൂസിൻെറ തലതിരിഞ്ഞ പ്രവർത്തനങ്ങളെക്കുറിച്ചു് അറിഞ്ഞപ്പോൾ, അയാൾ ഉടൻ കോൺസ്റ്റാൻറിനോപ്പിളിലെത്തി തൻെറ പ്രവർത്തനങ്ങളെ സംബന്ധിച്ചു വിശദീകരണം നൽകണമെന്നു ചക്രവർത്തി കല്പനയായി. ആ സമയത്തു് കോൺസ്റ്റാൻറിനോപ്പിളിലെ സഭയുടെ അദ്ധ്യക്ഷൻ അലക്സാൺഡർ ആയിരുന്നു. അദ്ദേഹം മെത്രോഫാനെസിൻെറ പിൻഗാമിയായിരുന്നു.

അലക്സാണ്ഡർ പരമഭക്തനും വിശ്വാസധീരനും ആയിരുന്നുവെന്നു് ആരിയൂസിനോടു് നടത്തിയ രൂക്ഷമായ വാദങ്ങൾ

www.malankaralibrary.com



കൊണ്ടു തെളിയിച്ചിരുന്നു. ആരിയൂസ് വന്നുചേർന്നപ്പോൾ ജനങ്ങൾ രണ്ടു ചേരികളായി തിരിഞ്ഞു. നഗരം മുഴുവൻ ചിന്താക്കുഴപ്പത്തിലായി. നിഖ്യാവിശ്വാസപ്രമാണത്തിനു യാതൊരു മാററവും വരുത്താൻ പാടില്ലെന്നായിരുന്നു ഒരു വിഭാഗത്തിന്റെ വാദം. ആരിയൂസിന്റെ വാദം യുക്തിസഹജമാണെന്നു മറേറക്കൂട്ടർ. ഈ സ്ഥിതി അലക്സാണ്ഡർക്കു വലുതായ മനോവേദനയുളവാക്കി. ആരിയൂസിനെയും അനുയായികളെയും സഭയിലേയ്ക്കു സ്വീകരിച്ചില്ലെങ്കിൽ അലക്സാണ്ഡറെ ഉടനെ സ്ഥാനഭ്രഷ്ടനാക്കാൻ താൻ ശ്രമിക്കുമെന്നു് നിക്കൊമേദിയായിലെ എവുസേബിയസ് രോഷാകുലനായി ഭീഷണിപ്പെടുത്തി. തന്റെ സ്ഥാനഭ്രംശത്തെപ്പററി അലക്സാണ്ഡർക്കു് ഒട്ടും ആകുലതയുണ്ടായിരുന്നില്ല; വിശ്വാസസംഹിതകൾക്കു് ഉണ്ടാകാനിടയുള്ള ആഘാതങ്ങളെക്കുറിച്ചായിരുന്നു അദ്ദേഹത്തിന്റെ ആകുലത. അതായിരുന്നു മററവരുടെ ലക്ഷ്യവും. നിഖ്യായിലെ അംഗീകൃതസത്യങ്ങളുടെ നിയമാനുസൃത സംരക്ഷകനെന്ന നിലയിൽ അവയ്ക്കു് യാതൊരു വിധമായ അവഗണനയും ഭ്രംശവും വരാതെ സൂക്ഷിക്കാൻ അദ്ദേഹം അതീവശ്രദ്ധാലുവായിരുന്നു. വല്ലാത്ത ഒരു വിഷമസ്ഥിതിയിൽ കാര്യങ്ങൾ എത്തിയിരിക്കുന്നു എന്നു കണ്ടപ്പോൾ അദ്ദേഹം തർക്കവാദങ്ങളുടെ മാർഗ്ഗം ഉപേക്ഷിച്ചു. നിരന്തര ഉപവാസത്തിന്റെയും പ്രാർത്ഥനയുടെയും മാർഗ്ഗം അവലംബിച്ചുകൊണ്ടു് അദ്ദേഹം ദൈവത്തിൽ തന്റെ പ്രത്യാശ വച്ചു. തന്റെ ലക്ഷ്യം എന്തെന്നു് ആരോടും പറയാതെ അദ്ദേഹം 'ഇരേനേ' എന്നു പേരുള്ള പള്ളിക്കകത്തു സ്വയം അടച്ചുപൂട്ടി. അദ്ദേഹം മദ്ബഹായുടെ അടുത്തുചെന്നു് വിശുദ്ധ ബലിപീഠത്തിന്റെ മുമ്പിൽ നിലത്തു സാഷ്ടാംഗപ്രണാമം ചെയ്തു. അവിടെ കിടന്നു കരഞ്ഞു കൊണ്ടു് അദ്ദേഹം ഉള്ളുരുകി പ്രാർത്ഥിച്ചു. ഈ വിധത്തിൽ അനേകം ദിനരാത്രങ്ങൾ അദ്ദേഹം കണ്ണുനീരോടെ പ്രാർത്ഥിച്ചു. അദ്ദേഹത്തിന്റെ പ്രാർത്ഥന ഇതായിരുന്നു: ''ആരിയൂസിന്റെ സിദ്ധാന്തം ശരിയാണെങ്കിൽ അതു ചർച്ചചെയ്യാൻ നിശ്ചയിച്ചിരിക്കുന്ന ദിവസം വരെ ഞാൻ ജീവിച്ചിരിക്കരുതു്. എന്നാൽ ആരിയൂസ് പറയുന്നതു തെററാണെങ്കിൽ സഭയിൽ ഇത്രയേറെ കലക്കം ഉണ്ടാക്കിയ അയാൾക്കു് തക്കതായ ശിക്ഷ ലഭിക്കണം.'' അലക്സാണ്ഡറുടെ ഈ പ്രാർത്ഥന ദൈവം സ്വീകരിച്ചു.

www.malankaralibrary.com



## അധ്യായം 38

# ആരിയൂസിന്റെ മരണം

അലക്സാണ്ഡറുടെ പ്രാർത്ഥന ഇത്തരത്തിലുള്ളതായിരുന്നു. ചക്രവർത്തിക്ക് ആരിയൂസിനെ നേരിട്ട് ചോദ്യം ചെയ്യണമെന്നുണ്ടായിരുന്നു. അതിനാൽ അദ്ദേഹം ആരിയൂസിനെ കൊട്ടാരത്തിലേയ്ക്കു വിളിപ്പിച്ചു; നിഖ്യാസൂനഹദോസിന്റെ തീരുമാനങ്ങളെല്ലാം താങ്കൾക്ക സ്വീകാര്യമാണോ എന്നു ചോദിച്ചു. യാതൊരു വൈമനസ്യവും കൂടാതെ അയാൾ സമ്മതം വെളിപ്പെടുത്തി. രാജസന്നിധിയിൽ വച്ചു തന്നെ വിശ്വാസപ്രഖ്യാപനം അംഗീകരിച്ചു. എന്നാൽ കാപട്യപൂർവ്വമാണ് ഇപ്രകാരം ചെയ്തതു്. ഈ സന്നദ്ധത കണ്ടു് ചക്രവർത്തി ആശ്ചര്യഭരിതനായി. വിശ്വാസപ്രമാണം സ്വീകരിക്കുന്നതായി സത്യപ്രതിജ്ഞ ചെയ്യാൻ ആവശ്യപ്പെട്ടു. അതും ആരിയൂസ് കാപട്യപൂർവ്വം അനുസരിച്ചു. ഇവിടെ ആരിയൂസ് ഒരു തന്ത്രം പ്രയോഗിച്ചതായി പറഞ്ഞു കേട്ടിട്ടുണ്ടു്. അയാൾ സ്വന്തം അഭിപ്രായങ്ങൾ ഒരു കടലാസ്സിൽ എഴുതി കയ്യിൽ ഒളിച്ചുവച്ചിരുന്നു. അതിനെ സ്മരിച്ചുകൊണ്ടു് താൻ എഴുതിയ കാര്യങ്ങളെല്ലാം താൻ യഥാർത്ഥത്തിൽ വിശ്വസിക്കുന്നവയാണെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. ഈ കബളിപ്പിക്കലിന്റെ കഥ കേട്ടുകേൾവിയിൽ നിന്നാണ് ഞാൻ എഴുതുന്നതു്. എന്നാൽ വിശ്വാസപ്രമാണത്തിന്റെ ചുവടെ അയാൾ സ്വന്തമായി ഒരു പ്രഖ്യാപനം കൂടെ എഴുതിച്ചേർത്തു എന്നതു് ചക്രവർത്തിയുടെ കത്തുകളിൽ നേരിട്ടു നോക്കി ഞാൻ മനസ്സിലാക്കിയതാണ്.

ചക്രവർത്തിക്ക് ഇപ്രകാരം കാര്യങ്ങൾ ബോദ്ധ്യമായപ്പോൾ, ആരിയൂസിനെ സഭയിലേയ്ക്കു സ്വീകരിക്കണമെന്ന് കോൺസ്റ്റാൻറിനോപ്പിൾ മെത്രാനായ അലക്സാണ്ഡർക്ക് അദ്ദേഹം നിർദ്ദേശം നല്കി. അതു് ഒരു ശനിയാഴ്ചയായിരുന്നു. ആരിയൂസ് അടുത്ത ദിവസം സഭയോടു ചേരുമെന്നു പ്രതീക്ഷിച്ചിരുന്നു. എന്നാൽ ദൈവത്തിന്റെ ശിക്ഷാനീതി അയാളുടെ കപടതന്ത്രങ്ങളെ കടത്തിവെട്ടി.

ആരിയൂസ് ചക്രവർത്തിയുടെ കൊട്ടാരത്തിൽ നിന്നു പുറത്തേയ്ക്കു വരികയായിരുന്നു. എവുസേബിയൻ പക്ഷക്കാരുടെ

www.malankaralibrary.com



ഒരുസംഘലം [illegible] അംഗരക്ഷകരെന്നപോലെ അയാൾക്കു ചുററും ഉണ്ടായിരുന്നു. ജനങ്ങളുടെയെല്ലാംശ്രദ്ധ ആകർഷിച്ചുകൊണ്ടു് അയാൾ നഗരവീഥിയിലൂടെ നീങ്ങി. പൊർഫീറിയുടെ സ്തംഭം സ്ഥാപിച്ചിരിക്കുന്ന കോൺസ്റ്റന്റൈന്റെ ഫോറം എന്ന സ്ഥലത്തെത്തിയപ്പോൾ മനസ്സാക്ഷിയുടെ അടിത്തട്ടിൽ നിന്നു യരുന്ന ഒരു വല്ലാത്ത ഭീതി അയാളെ പിടികൂടി. വയററിൽ വല്ലാത്ത വേദനയും ചലനവും അനുഭവപ്പെട്ടു. വയററിൽ നിന്നൊഴിയാൻ സൗകര്യമായ ഒരു സ്ഥലം അന്വേഷിച്ചു. കൂട്ടത്തിലുള്ളവർ സൗകര്യപ്രദമായ ഒരു സ്ഥലത്തേയ്ക്കു് അയാളെ ആനയിച്ചു. തുടർന്നു് ആരിയൂസിനു ബോധക്കേടുണ്ടായി. വിസർജ്ജനത്തോടൊപ്പം അയാളുടെ കുടലുകളെല്ലാം പുറത്തുചാടി. തുടർന്നു് വലുതായ രക്തപ്രവാഹത്തോടൊപ്പം ചെറുകുടലുകളും പുറത്തേക്കു വന്നു. അതോടൊപ്പം പ്ലീഹായുടെയും കരളിന്റെയും ഭാഗങ്ങളും രക്തത്തോടൊപ്പം പുറത്തു തള്ളപ്പെട്ടു. താമസിയാതെ അയാൾ അന്ത്യശ്വാസം വലിക്കുകയും ചെയ്തു. ഞാൻ പറഞ്ഞതുപോലെ ഈ ഭീകര ദുരന്തത്തിന്റെ രംഗം ഇന്നും കോൺസ്റ്റാൻറിനോപ്പിളിൽ സ്തൂപങ്ങൾക്കിടയിൽ ഉള്ള നഷ്ടക്കൂമ്പാരങ്ങൾക്കു് പിറകിൽ അടയാളപ്പെടുത്തിയിട്ടുണ്ടു്. അങ്ങനെ, അസാധാരണമാംവിധമുള്ള ആ മരണത്തിന്റെ നിത്യസ്മാരകം കാണാം. ഇന്ന സ്ഥലത്താണു് എന്നു് അവിടെ വരുന്നവർ ചൂണ്ടിക്കാണിക്കാറുണ്ടു്.

നിക്കൊമേദിയൻ മെത്രാനായ എവുസേബിയസിന്റെ പക്ഷക്കാർ ആരിയൂസിന്റെ ഭീകരമരണം കണ്ടു് സംഭ്രാന്തരായി. അതിനെക്കുറിച്ചുള്ള വർത്തമാനം നഗരത്തിലും ലോകം മുഴുവനും അതിവേഗം പരന്നു. ചക്രവർത്തി തന്നെ ക്രിസ്തുമതത്തിൽ കൂടുതൽ താല്പര്യം കാണിച്ചു. നിഖ്യാവിശ്വാസപ്രമാണത്തിനു ദൈവം തന്നെ പിന്തുണ നൽകിയതായി ചക്രവർത്തിക്കു ബോദ്ധ്യം വന്നു. ഇതിൽ അദ്ദേഹം വളരെ സന്തുഷ്ടനായി.

സീസർമാരായി താൻ അവരോധിച്ച തന്റെ മൂന്നു മക്കളെക്കുറിച്ചും അദ്ദേഹം വളരെ സന്തുഷ്ടനായിരുന്നു. തന്റെ ഭരണത്തിന്റെ ഓരോ പത്താം വർഷത്തിലും പുത്രന്മാരിൽ ഓരോരുത്തരെ സാമ്രാജ്യത്തിൽ ഓരോ വിഭാഗത്തിന്റെ ഭരണഭാരമേല്പിക്കുകയാണു് അദ്ദേഹം ചെയ്തുവന്നതു്. തന്നെപ്പോലെതന്നെ കോൺസ്റ്റന്റൈൻ എന്നു പേരുള്ള പ്രഥമപുത്രനെ സാമ്രാജ്യത്തിന്റെ പശ്ചിമഭാഗങ്ങളുടെ ഭരണം ആദ്യത്തെ ദശവത്സരപൂർത്തിയിൽ ഏല്പിച്ചിരുന്നു. രണ്ടാം ദശവത്സരാന്ത്യത്തിൽ തന്റെ പിതാവിന്റെ പേരുള്ള കോൺസ്റ്റാൻസ്യൂസ് എന്ന

www.malankaralibrary.com



ദ്വിതീയ പുത്രനെ പൗരസ്ത്യ പ്രദേശങ്ങളുടെ ഭരണാധികാരിയായി നിയമിച്ചു. മുപ്പതാം വർഷത്തിൽ കോൺസ്റ്റൻസ് എന്ന പേരുള്ള ഇളയ മകനെയും അധികാരിയായി നിയമിച്ചു.

## അധ്യായം 39

## ചക്രവർത്തിയുടെ മരണം

ഒരു വർഷം കൂടെ കടന്നുപോയി; ചക്രവർത്തി അറുപത്തഞ്ചാം വയസ്സിലെത്തി. അദ്ദേഹം രോഗബാധിതനായി. അദ്ദേഹം കോൺസ്റ്റാൻറിനോപ്പിളിൽ നിന്നു് ഹെലേനോപ്പോലീസ് എന്ന സ്ഥലത്തേയ്ക്കു പോയി. അതിനടുത്തുള്ളതും ഔഷധഗുണസമ്പന്നമെന്നു വിശ്വസിക്കപ്പെടുന്നതുമായ ചൂടുള്ള നീരുറവകളിൽ കുളിച്ചു പരീക്ഷണം നടത്തി നോക്കാമെന്നു കരുതിയാണ് അങ്ങോട്ടു പോയതു്. എന്നാൽ രോഗം മൂർച്ഛിക്കുന്നതു കണ്ടു് അവിടുത്തെ കുളിചികിത്സ നിർത്തി. ഹെലേനോപ്പോലീസിൽ നിന്നു് നിക്കൊമേദിയായിലേയ്ക്കു നീങ്ങി. അവിടെ നഗരപ്രാന്തത്തിൽ ഒരു വസതിയിൽ താമസമുറപ്പിച്ചു. അവിടെ വച്ചാണ് അദ്ദേഹം ക്രിസ്തീയ ജ്ഞാനസ്നാനം സ്വീകരിച്ചതു്[49]. അതിനെത്തുടർന്നു് അദ്ദേഹം വളരെ സന്തുഷ്ടനായിത്തീർന്നു. തുടർന്നു് തൻെറ വിൽപ്പത്രം എഴുതി. അതനുസരിച്ചു് നേരത്തേയുള്ള ക്രമീകരണപ്രകാരം ഓരോരോ പുത്രന്മാരെയും അതതു പ്രദേശത്തെ പരമാധികാരികളാക്കി. റോം, കോൺസ്റ്റാൻറിനോപ്പിൾ എന്നീ നഗരങ്ങൾക്കു പല ആനുകൂല്യങ്ങളും നൽകി. ആരിയൂസിനെ തിരികെ വിളിക്കാൻ പ്രേരണ നൽകിയ വൈദികനെ വിൽപ്പത്രം ഏല്പിച്ചു. അതു് തൻെറ പുത്രനായ കോൺസ്റ്റാൻസ്യൂസിൻെറ കയ്യിൽ മാത്രമേ ഏല്പിക്കാവൂ എന്നു പ്രത്യേകം ചുമതലപ്പെടുത്തി. കിഴക്കൻ പ്രദേശങ്ങളുടെ അധികാരിയായി അദ്ദേഹത്തെയാണല്ലോ നിയമിച്ചിരുന്നതു്. ഇതിനുശേഷം ഏതാനും ദിവസങ്ങൾക്കകം ചക്രവർത്തി ദിവംഗതനായി. മരണസമയത്തു് മക്കളാരും അടുത്തുണ്ടായിരുന്നില്ല. ഉടൻതന്നെ പിതാവിൻെറ മരണവാർത്ത അറിയിക്കാൻ പൗരസ്ത്യദേശത്തു് കോൺസ്റ്റാൻസ്യൂസിൻെറ പക്കലേക്കു് ഒരു സന്ദേശവാഹകൻ അയയ്ക്കപ്പെട്ടു.

---

49. മാമോദീസാ താമസിച്ചു സ്വീകരിക്കുന്ന രീതി ചിലയിടങ്ങളിൽ ഈ കാലഘട്ടത്തിൽ ഉണ്ടായിരുന്നു. എന്നാൽ അതു് ശ്ലൈഹിക പാരമ്പര്യമല്ല.

www.malankaralibrary.com



## അധ്യായം 40

# കോൺസ്റ്റൻറയിൻ ചക്രവർത്തിയുടെ ശവസംസ്കാരം

ചുമതലപ്പെട്ടവർ ചക്രവർത്തിയുടെ മൃതദേഹം സ്വർണ്ണം കൊണ്ടുള്ള ഒരു ശവപ്പെട്ടിയിലാക്കി കോൺസ്റ്റാൻറിനോപ്പിളിലേക്കു കൊണ്ടുപോയി. അവിടെ, കൊട്ടാരത്തിൽ ഉയർന്ന ഒരു സ്ഥാനത്തു് ജനങ്ങളുടെ ദർശനത്തിനായി അതു സ്ഥാപിക്കപ്പെട്ടു. അതിനുചുറ്റും പട്ടാളക്കാർ കാവൽനിന്നു. ജനങ്ങൾ വന്നു്, അദ്ദേഹം ജീവനോടിരുന്നപ്പോൾ അദ്ദേഹത്തോടു് കാണിച്ചരീതിയിലുള്ള അഭിവാദനങ്ങൾ അർപ്പിച്ചു. കിഴക്കു നിന്നു കോൺസ്റ്റാൻസ്യൂസ് വന്നുകഴിഞ്ഞപ്പോൾ, "അപ്പസ്തോലന്മാരുടെ ദേവാലയത്തിൽ", ചക്രവർത്തിക്കുചിതമായ ശവകുടീരത്തിൽ മൃതദേഹം അടക്കം ചെയ്തു. തൻെറയും കുടുംബാംഗങ്ങളുടെയും വൈദികാദ്ധ്യക്ഷന്മാരുടെയും ശവസംസ്കാര സ്ഥലമാകാൻവേണ്ടി ചക്രവർത്തിതന്നെ പണിയിച്ചിരുന്നതാണ് ആ ദേവാലയം. ചക്രവർത്തിമാരും മെത്രാന്മാരും, ബഹുമാനിക്കപ്പെടട്ടെ എന്നു കരുതിയാണ് അദ്ദേഹം ഇപ്രകാരം പണികഴിപ്പിച്ചതു്. എന്നാലതു് ശ്ലീഹന്മാരുടെ തിരുശേഷിപ്പുകൾക്കു നൽകിയിരുന്ന വണക്കത്തേക്കാൾ താഴ്ന്ന പടിയിലുള്ളതായിരിക്കണമെന്നും കരുതി.

കോൺസ്റ്റൻറയിൻ ചക്രവർത്തി അറുപത്തഞ്ചുകൊല്ലം ഈ ഭൂമിയിൽ ജീവിച്ചു, മുപ്പത്തൊന്നുകൊല്ലം ഭരണം നടത്തുകയും ചെയ്തു. ഫെലീഷ്യൻ, താസ്യൻ എന്നിവരുടെ കോൺസുളേററിൻെറ കാലത്തു് 278-ാം ഒളിമ്പ്യാടിൻെറ രണ്ടാംവർഷം മേയ്മാസം ഇരുപത്തിരണ്ടാംതീയതിയാണ് അദ്ദേഹം മരിച്ചതു്.[50] അതിനാൽ ഈ പുസ്തകം മുപ്പത്തൊന്നുകൊല്ലക്കാലത്തെ സംഭവങ്ങൾ ഉൾക്കൊള്ളുന്നു എന്നു പറയാം.

---

50. ക്രി. വ. 337 മെയ് 22-ാം തീയതി. ആ വർഷം പെന്തിക്കോസ്തിയായിരുന്നു.

www.malankaralibrary.com

# പുസ്തകം 2

## അധ്യായം 1

## ആമുഖം[1]

റുഫീനൂസ് ലത്തീൻ ഭാഷയിൽ ഒരു സഭാചരിത്രമെഴുതി. അദ്ദേഹം കാലാനുക്രമണികയിൽ[2] തെററുവരുത്തി. എന്തെന്നാൽ അത്തനാസ്യോസിനെതിരായി ചെയ്യപ്പെട്ട കാര്യങ്ങൾ കോൺസ്റ്റൻററയിൻ ചക്രവർത്തിയുടെ കാലത്തിനുശേഷം സംഭവിച്ചതായിട്ടാണ് അദ്ദേഹം രേഖപ്പെടുത്തിയിട്ടുള്ളത്. ഗാൾ പ്രദേശത്തേയ്ക്ക് അദ്ദേഹം നാടുകടത്തപ്പെട്ടതുൾപ്പെടെ പല കാര്യങ്ങളെക്കുറിച്ചും അദ്ദേഹം അജ്ഞനുമായിരുന്നു. ഞാൻ എൻെറ ചരിത്രത്തിലെ ആദ്യ പുസ്തകങ്ങൾ രണ്ടും റുഫീനൂസിനെ ആശ്രയിച്ചാണെഴുതിയത്. എന്നാൽ മൂന്നു മുതൽ ഏഴുവരെ പുസ്തകങ്ങൾ എഴുതിയപ്പോൾ ചില വസ്തുതകൾ റുഫീനൂസിൽനിന്നും മററു വസ്തുതകൾ മററു പല ഗ്രന്ഥകാരന്മാരിൽനിന്നും സ്വീകരിച്ചു. പല കാര്യങ്ങളും ഇന്നും ജീവിച്ചിരിക്കുന്ന ചില വ്യക്തികൾ നേരിട്ടു പറഞ്ഞു കേട്ടിട്ടു രേഖപ്പെടുത്തിയിട്ടുള്ളതുമാണ്. പിന്നീട് അത്തനാസ്യോസിൻെറ ലിഖിതങ്ങൾ വായിക്കാൻ എനിക്ക് ഇടയായി. അതിൽ അദ്ദേഹം സ്വന്തം കഷ്ടപ്പാടുകളെക്കുറിച്ച് രേഖപ്പെടുത്തിയിട്ടുണ്ട്. എവുസേബിയൻ പക്ഷക്കാരുടെ അപവാദങ്ങൾ കാരണമായി താൻ നാടുകടത്തപ്പെട്ട കാര്യവും മററു പല വസ്തുതകളും അദ്ദേഹം വിവരിക്കുന്നു. പീഡനങ്ങൾ അനുഭവിച്ചയാളും ദൃക്സാക്ഷികളും പറയുന്ന കാര്യങ്ങൾ, ഊഹിച്ചു കാര്യങ്ങൾ പറയുകയും അതുമൂലം തെററാൻ സാദ്ധ്യത ഉണ്ടായിരിക്കുകയും ചെയ്യുന്നവരുടെ പ്രസ്താവനകളെക്കാൾ വിശ്വാസ്യമാണെന്നു ഞാൻ തീരുമാനിച്ചു. എന്നു മാത്രമല്ല, അക്കാലത്തെ പ്രമുഖരായ പല വ്യക്തികളുടെയും കത്തുകൾ എനിക്കു കിട്ടിയിട്ടുണ്ട്. അവയുടെ സഹായത്തോടുകൂടി ശരിയായ വസ്തുതകൾ കണ്ടുപിടിക്കാൻ ഞാനൊരു ശ്രമം നടത്തി. അപ്പോൾ

1. ''ഒന്നും രണ്ടും പുസ്തകങ്ങൾ പരിഷ്കരിച്ചെഴുതേണ്ടിവന്ന സാഹചര്യം'' എന്നു തലക്കെട്ട്
2. Chronology.

www.malankaralibrary.com



ഈ ചരിത്രത്തിൻെറ ഒന്നും രണ്ടും പുസ്തകങ്ങഠം പരിഷ്കരിച്ചെഴുതാൻ ഞാൻ നിർബന്ധിതനായി. എന്നാൽ റൂഫീനൂസിനു് തെററുപററിയിരിക്കാനിടയില്ല എന്നു സ്പഷ്ടമായിട്ടുള്ള കാര്യങ്ങളിൽ ഞാൻ അദ്ദേഹത്തിൻെറ സാക്ഷ്യങ്ങഠം സ്വീകരിച്ചിട്ടുമുണ്ടു്.

ഒരു കാര്യംകൂടെ എടുത്തു പറയേണ്ടതായിട്ടുണ്ടു്. ഒന്നാമത്തെ പതിപ്പിൽ, ആരിയൂസിനെ നാടുകടത്താനുള്ള രാജകീയ കല്പനയോ ചക്രവർത്തിയുടെ കത്തുകളോ ചേർത്തിരുന്നില്ല. സംഭവങ്ങഠം അനുക്രമം പ്രതിപാദിക്കുക മാത്രമാണു ചെയ്തതു്. പുസ്തകം വളരെ വലുതാവുകയും അത്യാവശ്യമില്ലാത്ത വിശദാംശങ്ങഠംകൊണ്ടു് വായനക്കാക്കു മടുപ്പുണ്ടാവുകയും വേണ്ട എന്നു ഞാൻ കരുതി. എന്നാൽ ദൈവത്തിൻെറ വിശുദ്ധ മനുഷ്യനായ അല്ലയോ തിയഡോർ, ഈ പതിപ്പിൽ താങ്കഠംക്കുവേണ്ടി പല മാററങ്ങളും കൂട്ടിച്ചേർക്കലുകളും നടത്തിയിട്ടുണ്ടു്. രാജാക്കന്മാർ എന്തെല്ലാം എഴുതിയെന്നും മെത്രാന്മാർ അവരുടെ വിവിധ സിനഡുകളിൽ എന്തെല്ലാം തീരുമാനങ്ങഠം ചെയ്തുവെന്നും മററും താങ്കഠംക്കു വിശദമായി മനസ്സിലാകണമല്ലോ. മെത്രാന്മാർ അവരുടെ വിശ്വാസപ്രഖ്യാപനങ്ങഠം നിരന്തരം മാററിക്കൊണ്ടിരുന്നു. അതിനാൽ ഈ രണ്ടാം പതിപ്പിൽ ആവശ്യമെന്നു തോന്നിയ പലകാര്യങ്ങളും ഞാൻ കൂട്ടിച്ചേർത്തിട്ടുണ്ടു്. ഒന്നാം പുസ്തകത്തിൽ ചെയ്തതുപോലെ രണ്ടാം പുസ്തകത്തിലും അങ്ങനെ ചെയ്യുന്നതാണു്. ഇനി രണ്ടാം പുസ്തകത്തിലേയ്ക്കു പ്രവേശിക്കാം.

## അധ്യായം 2

# ആര്യൻ പാഷണ്ഡത പ്രചരിപ്പിക്കാൻ എവുസേബിയസിൻെറയും കൂട്ടരുടെയും ശ്രമം

കോൺസ്റ്റൻറയിൻ ചക്രവർത്തിയുടെ മരണത്തിനുശേഷം പററിയ അവസരം സമാഗതമായി എന്നു കരുതി, നിക്കൊമേദിയായിലെ മെത്രാൻ എവുസേബിയസും നിഖ്യായിലെ മെത്രാൻ തെയോഗ്നീസും ചേർന്നു്, ''ഹോമോഉസിയോസ്'' (ഒരേ സത്ത) എന്ന പ്രബോധനം സഭയിൽനിന്നു നിർമ്മാർജ്ജനം ചെയ്യുന്നതിനും അതിൻെറ സ്ഥാനത്തു് ആര്യൻ വിശ്വാസം

www.malankaralibrary.com



പ്രചരിപ്പിക്കുന്നതിനും സർവ്വ കഴിവും ഉപയോഗിച്ച് ഒരു ഗൂഢതന്ത്രത്തിൽ ഏർപ്പെട്ടു. അത്തനാസ്യോസ് അലക്സാൺഡ്രിയയിൽ തിരിച്ചെത്തിയാൽ തങ്ങളുടെ പരിപാടി നടക്കുകയില്ലെന്നു് അവർക്കു ഭീതിയുമുണ്ടായിരുന്നു. തങ്ങളുടെ പദ്ധതികൾ പ്രാവർത്തികമാക്കുന്നതിന്, ആരിയൂസിനെ നാടുകടത്തലിൽ നിന്നു തിരികെ വിളിപ്പിക്കാൻ സഹായിച്ച ആ വൈദികൻെറ തന്നെ സഹായം ഉപയോഗപ്പെടുത്താൻ അവർ തീരുമാനിച്ചു. ഈ പരിപാടി എങ്ങനെ പ്രാവർത്തികമായി എന്നു് ഇനി വിവരിക്കാം.

പ്രസ്തുത വൈദികൻ കോൺസ്റ്റൻൈറൻ ചക്രവർത്തിയുടെ വിൽപത്രവും അദ്ദേഹത്തിൻെറ അഭ്യർത്ഥനയും മകനായ കോൺസ്റ്റാൻസ്യൂസിനു സമർപ്പിച്ചു. കോൺസ്റ്റാൻസ്യൂസിനു പ്രിയങ്കരങ്ങളായ പല കാര്യങ്ങളും അതിലുണ്ടായിരുന്നു. സാമ്രാജ്യത്തിൻെറ കിഴക്കൻ ഭാഗങ്ങൾ വിൽപ്പത്രപ്രകാരം അദ്ദേഹത്തിനു നൽകപ്പെട്ടിരുന്നു. അതിനാൽ വിൽപ്പത്രം കൊണ്ടുവന്നു കൊടുത്ത ആ വൈദികനെ കോൺസ്റ്റാൻസ്യൂസ് വളരെയധികമായി ബഹുമാനിക്കാൻ തുടങ്ങി. അയാൾക്കു വളരെ ആനുകൂല്യങ്ങൾ ചെയ്തുകൊടുത്തു. ഏതു സമയത്തും കൊട്ടാരത്തിൽ വരാനും തന്നെ സമീപിക്കാനുമുള്ള അനുമതിയും നല്കി. ഈ സ്വാതന്ത്ര്യം കാരണം ചക്രവർത്തിനിയും അവരുടെ ഷണ്ഡന്മാരുമായി നിരന്തര സമ്പർക്കം പുലർത്താൻ അയാൾക്കു സൗകര്യം ലഭിച്ചു. ആ സമയത്തു് ചക്രവർത്തിയുടെ ഉറക്കറയുടെ മേൽനോട്ടക്കാരനായ ഒരു പ്രധാന ഷണ്ഡനുണ്ടായിരുന്നു. എവുസേബിയസ് എന്നായിരുന്നു അയാളുടെ പേരു്. ഈ ഷണ്ഡനെ നിരന്തരമായ ഉപദേശങ്ങൾകൊണ്ടു് പ്രസ്തുത വൈദികൻ ആര്യൻ വിശ്വാസിയാക്കി. അതിനെ തുടർന്നു് മററു ഷണ്ഡന്മാരെയും ആര്യൻ വിശ്വാസത്തിലേയ്ക്കാനയിക്കാൻ അയാൾക്കു സാധിച്ചു. താമസിയാതെ, അവരുടെ സ്വാധീനംമൂലം ചക്രവർത്തിനിയും പ്രസ്തുത വിശ്വാസം സ്വീകരിച്ചു. വിനാവിളംബം ഈ വിഷയം ചക്രവർത്തിയുടെ പരിഗണനയിലേയ്ക്കും ആനയിക്കപ്പെട്ടു. അങ്ങനെ ആര്യൻ ചിന്താഗതികൾ കൊട്ടാരത്തിലെങ്ങും വ്യാപിച്ചു. കൊട്ടാരത്തോടു ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരുടെ ഭവനങ്ങളിലെല്ലാം ആ വിശ്വാസം എത്തിച്ചേർന്നു; താമസിയാതെ തലസ്ഥാനനഗരി മുഴുവൻ വ്യാപിച്ചു. എല്ലാ ഭവനങ്ങളിലും ഇതു സംബന്ധിച്ച വാദപ്രതിവാദങ്ങളായി. ക്രമത്തിൽ ഈ കുഴപ്പം മററു പ്രവിശ്യകളിലേയ്ക്കും നഗരങ്ങളിലേക്കും കടന്നുചെന്നു. ആദ്യം ശ്രദ്ധിക്കപ്പെടാതെപോയ ഒരു തീപ്പൊരി ഒരു വലിയ അഗ്നിപ്രളയത്തിനു കളമൊരുക്കിയതുപോലെയായി അവസ്ഥ.

www.malankaralibrary.com



എല്ലായിടത്തും വാദപ്രതിവാദങ്ങളും പക്ഷം പിടുത്തവുമായി. രാജ്യത്തിലെ അച്ചടക്കത്തിനുതന്നെ ഇതു ഭംഗം വരുത്തി.

എന്നാൽ ഈ കുഴപ്പങ്ങളെല്ലാം പൗരസ്ത്യദേശത്തെ നഗരങ്ങളിൽ ഒതുങ്ങിനിന്നു എന്നൊരാശ്വാസമുണ്ട്. സാമ്രാജ്യത്തിന്റെ ഭാഗങ്ങളായ ഇല്ലീറിക്കം, പാശ്ചാത്യദേശങ്ങൾ എന്നിവ ശല്യങ്ങളിൽനിന്നു വിമുക്തമായി പ്രശാന്തമായിത്തന്നെ നില കൊണ്ടു. നിഖ്യാകൗൺസിലിന്റെ തീരുമാനങ്ങളിൽനിന്നു വ്യതിചലിക്കാൻ അവയൊന്നും ഒരുങ്ങിയില്ല.

ചിന്താക്കുഴപ്പവും തർക്കങ്ങളും വർദ്ധിച്ചുവരുന്നതു കണ്ട് തന്റെ നല്ല കാലം തെളിഞ്ഞുവരികയാണെന്ന് നിക്കൊമേദിയായിലെ എവുസേബിയസ് സന്തോഷിച്ചു. ഈ അവസ്ഥ പുരോഗമിക്കുകയാണെങ്കിൽ തങ്ങളുടെ പക്ഷക്കാരനായ ഒരാളെ അലക്സാൺഡ്രിയായിലെ മെത്രാനായി വാഴിക്കാൻ കഴിയുമെന്ന് അയാളും കൂട്ടരും പ്രതീക്ഷിച്ചു. എന്നാൽ ഈ ഘട്ടത്തിൽ സംഭവിച്ച അത്തനാസ്യോസിന്റെ തിരിച്ചുവരവ് അവരുടെ കണക്കുകൂട്ടലുകൾ ആകെ തെറ്റിച്ചു. അഗസ്റ്റസുമാരിൽ ഒരാളുടെ കത്തിനാൽ ബലപ്പെടുത്തപ്പെട്ടവനായിട്ടാണ് അദ്ദേഹം വന്നത്. കോൺസ്റ്റൻറയിൻ രണ്ടാമൻ അലക്സാൺഡ്രിയയിലെ ജനങ്ങളെ സംബോധന ചെയ്തു് ഗാൾപ്രദേശത്തെ ഒരു നഗരമായ ത്രെവെസിൽനിന്നു് എഴുതിയതായിരുന്നു ആ കത്തു്. ആ കത്തിന്റെ ഒരു പകർപ്പ് ഇവിടെ ചേർക്കുന്നു.

## അധ്യായം 3

# കോൺസ്റ്റൻറൈൻ രണ്ടാമന്റെ കത്തു്

'കോൺസ്റ്റൻറയിൻ സീസർ അലക്സാൺഡ്രിയായിലെ കത്തോലിക്കാസഭയിലെ അംഗങ്ങൾക്ക്:

ആദരണീയമായ സത്യനിയമത്തിന്റെ വ്യാഖ്യാതാവായ അത്തനാസ്യോസ് കുറേക്കാലത്തേയ്ക്കു് ഗാൾപ്രദേശത്തേയ്ക്കു് അയയ്ക്കപ്പെടുകയുണ്ടായി എന്നു് ഭക്തിയുള്ളവരായ നിങ്ങൾ അറിഞ്ഞിരിക്കുമെന്നു ഞാൻ കരുതുന്നു. അദ്ദേഹത്തിന്റെ രക്തത്തിനുവേണ്ടി ദാഹിച്ചിരുന്ന ശത്രുക്കളിൽ നിന്നു് അദ്ദേഹ

www.malankaralibrary.com



ത്തിന്ന് ഉപദ്രവമൊന്നും ഉണ്ടാകാതിരിക്കാൻവേണ്ടിയാണ് ഇങ്ങനെ ചെയ്യുന്നത്. ആ ശത്രുക്കളുടെ ക്രൂരത അദ്ദേഹത്തിന്റെ ജീവനെ അപകടപ്പെടുത്തുന്ന വിധത്തിലായിരുന്നു. അദ്ദേഹത്തെ അവിടെനിന്ന് എന്റെ അധികാരസീമയിൽപ്പെട്ട ഒരു പട്ടണത്തിലേക്കു മാററി. ദൈവികസഹായത്തിൽ ആശ്രയിച്ചു കൊണ്ടുള്ള അദ്ദേഹത്തിന്റെ സവിശേഷമായ സുകൃതം പ്രവാസജീവിതത്തിന്റെ കാഠിന്യം എളുപ്പമാക്കുമായിരുന്നിട്ടും, ഇവിടെയായിരുന്ന കാലത്തോളം അദ്ദേഹത്തിനു ദവേണ്ടതെല്ലാം നൽകപ്പെട്ടിരുന്നു. ഈ മെത്രാനെ അദ്ദേഹത്തിന്റെ രൂപതയിലേയ്ക്കു തിരിച്ചയയ്ക്കാൻ സാധിക്കുന്നതിനുമുമ്പുതന്നെ ഭാഗ്യസ്മരണാർഹനായ എന്റെ പിതാവു കോൺസ്റ്റന്റൈൻ ചക്രവർത്തി ദിവംഗതനായി. അദ്ദേഹത്തെ അങ്ങോട്ടു തിരിച്ചയയ്ക്കുക എന്ന വിഷയത്തിലുള്ള എന്റെ പിതാവിന്റെ അഭിലാഷം സഫലമാക്കുവാൻ ഞാൻ ഇപ്പോൾ ആഗ്രഹിക്കുകയാണ്. ഞാൻ അദ്ദേഹത്തിന്റെ ചുമതലകളുടെയും പിൻതുടർച്ചക്കാരനാണല്ലോ. അത്തനാസ്യോസ് മെത്രാനെ ഞങ്ങളെല്ലാം എത്രയധികമായി ആദരിച്ചിരുന്നുവെന്നതു് അദ്ദേഹം നിങ്ങളുടെ പക്കൽ എത്തുമ്പോൾ നിങ്ങൾക്കു മനസ്സിലാകും. ഞാൻ അദ്ദേഹത്തിനു നൽകുന്ന വലിയ ബഹുമാനത്തെക്കുറിച്ച് ആരും ആശ്ചര്യപ്പെടേണ്ടതായിട്ടില്ല. ഇത്രയും ഉത്കൃഷ്ടനായ ഒരു വ്യക്തി എത്രയധികമായ ബഹുമാനം അർഹിക്കുന്നു എന്നും നല്ലവരായ നിങ്ങൾ എത്രയധികമായി അദ്ദേഹത്തെ ബഹുമാനിച്ചിരുന്നു എന്നും എനിക്കറിയാം. പ്രിയ സഹോദരരേ, ദൈവത്തിന്റെ കാരുണ്യം നിങ്ങളെ സംരക്ഷിക്കട്ടെ.'

ചക്രവർത്തിയുടെ ഈ കത്തുമായി അത്തനാസ്യോസ് അലക്സാൺഡ്രിയായിലെത്തി. അവിടത്തെ ജനങ്ങൾ വളരെ സ്നേഹാദരങ്ങളോടെ അദ്ദേഹത്തെ സ്വീകരിച്ചു. എന്നാൽ ആര്യൻവിശ്വാസം സ്വീകരിച്ച കുറെയാളുകളും അവിടെയുണ്ടായിരുന്നു. അവർ അദ്ദേഹത്തിനെതിരായുള്ള ഗൂഢാലോചനകളിൽ ഏർപ്പെട്ടു. അതിന്റെ ഫലമായി അദ്ദേഹത്തിനെതിരായി ചില പ്രക്ഷോഭണങ്ങൾ നിരന്തരമായി നടന്നു. മെത്രാന്മാരുടെ പൊതുകൗൺസിലിന്റെ അഭിലാഷങ്ങൾക്കും തീരുമാനത്തിനും എതിരായി അദ്ദേഹം അലക്സാൺഡ്രിയൻ സഭയെ അധീനപ്പെടുത്തി എന്ന് എവുസേബിയൻ പക്ഷക്കാർ ചക്രവർത്തിയുടെ പക്കൽ നിരന്തരം പരാതിപ്പെടുകയും ചക്രവർത്തി അതു വിശ്വസിച്ച് അത്തനാസ്യോസിനെ വീണ്ടും അലക്സാൺഡ്രിയായിൽ നിന്നു പുറത്താക്കുകയും ചെയ്തു. ഇതെങ്ങനെ നടപ്പായെന്നു ഞാൻ പിന്നീടു പറയാം.

www.malankaralibrary.com



## അധ്യായം 4

# എവുസേബിയസ് പാംഫീലിയുടെ മരണം

പലസ്തീനായിലെ കൈസറിയായിൽ മെത്രാനായിരുന്ന എവുസേബിയസ് പാംഫീലി ഈ ഘട്ടത്തിൽ നിര്യാതനായി. അദ്ദേഹത്തിൻെറ ശിഷ്യനായിരുന്ന അകാചിയൂസ് അനന്തരം അവിടുത്തെ മെത്രാനായി. ഈ അകാചിയൂസ് പല പുസ്തകങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട് തൻെറ ഗുരുവിൻെറ ഒരു ജീവചരിത്രക്കുറിപ്പ് അക്കൂട്ടത്തിൽപ്പെടും.

## അധ്യായം 5

# കോൺസ്ററൈൻറൻ രണ്ടാമൻെറ മരണം

ഇതിനുശേഷം അധികകാലം കഴിയും മുമ്പ് കോൺസ്റ്റാൻസ്യൂസ് ചക്രവർത്തിയുടെ സഹോദരനും കോൺസ്റ്റൈൻറൻ ചക്രവർത്തിയുടെ പേരുകാരനുമായ കോൺസ്റ്റൈൻറൻ രണ്ടാമൻ ദിവംഗതനായി. യുദ്ധത്തിലാണു മരണം സംഭവിച്ചത്. അദ്ദേഹം തൻെറ സഹോദരനായ കോൺസ്ററൻസിൻെറ കീഴിലുള്ള പ്രദേശങ്ങൾ ആക്രമിച്ചു. ഈ ഉദ്യമത്തിനിടയിൽ കോൺസ്ററൻസിൻെറ സൈന്യങ്ങളുമായുള്ള ഒരു ഏററുമുട്ടലിൽ അദ്ദേഹം വധിക്കപ്പെടുകയാണുണ്ടായത്. അസിൻഡീനൂസും പ്രോക്ലൂസും കോൺസുൽമാരായിരിക്കുന്ന കാലത്താണ് ഇതു സംഭവിച്ചത്

www.malankaralibrary.com



## അധ്യായം 6

# അലക്സാണ്ഡർ മെത്രാന്റെ മരണവും അനന്തരസംഭവങ്ങളും

നാം രേഖപ്പെടുത്തിയവ കൂടാതെ ഇതേ കാലത്തു് അസുഖകരമായ മറെറാരു സംഭവം കോൺസ്ററാൻറിനോപ്പിളിൽ ഉണ്ടായി. ആരിയൂസിനെ ശക്തിയായി എതിർത്തിരുന്നയാളും ഇരുപത്തിമൂന്നുവർഷം കോൺസ്ററാൻറിനോപ്പിനു മെത്രാനുമായിരുന്ന അലക്സാൺഡർ തൊണ്ണൂറെറട്ടാം വയസ്സിൽ ഒരു പിൻഗാമിയെ വാഴിക്കാതെ നിര്യാതനായി.[3] പക്ഷേ ചുമതലപ്പെട്ടയാളുകൾക്കു് യുക്തമായ തെരഞ്ഞെടുപ്പു നടത്തത്തക്ക വിധത്തിൽ രണ്ടുപേരുടെ പേരും അദ്ദേഹം നിർദ്ദേശിച്ചിരുന്നു. പഠിപ്പിക്കാൻ പ്രാപ്തനും അതുല്യ ഭക്തനുമായ ഒരാളെയാണു് വേണ്ടതെങ്കിൽ പൗലോസ് എന്നയാളെ മെത്രാനാക്കണം. പൗലോസിനെ വൈദികനാക്കിയതു് അലക്സാൺഡർ തന്നെയായിരുന്നു. അദ്ദേഹം പ്രായംകുറഞ്ഞയാളായിരുന്നു. എന്നാൽ ബുദ്ധിയിലും വിവേകത്തിലും വളരെ മുതിർന്നവനും ആയിരുന്നു. ബഹുമാനം തോന്നിക്കുന്ന ബാഹ്യാകൃതിയും പുറമേ ഭക്തിപ്രകടനങ്ങളും ഒക്കെയുള്ള ഒരാളെയാണു വേണ്ടതെങ്കിൽ മാസിഡോണിയുസ് എന്നയാളിനെ അവക്കു മെത്രാനാക്കാം. മാസിഡോണിയുസ് വയോധികനും വളരെക്കാലം അവരുടെ സഭയിൽ ഡീക്കനായി സേവനം അനുഷ്ഠിച്ചയാളുമാണു്.

ഈ നിർദ്ദേശത്തിന്റെ ഫലമായി ആ സഭയിൽ വലിയ ഒരു മത്സരമുണ്ടായി. ആരെ മെത്രാനാക്കണം എന്ന വിഷയത്തെക്കുറിച്ചുള്ള ഈ മതഭേദം വലിയ അസ്വസ്ഥതയ്ക്കു കാരണമായി. സഭയിൽ നേരത്തേതന്നെ ഒരു ഭിന്നതയുണ്ടായിരു

---

3. അലക്സാണ്ഡർ 340-ൽ മരിച്ചു എന്ന സൊക്രാട്ടസിന്റെ വിവരണം ശരിയല്ല. അത്തനാസ്യോസിനെ ന്യായീകരിക്കാൻ 339-ൽ കൂടിയ സിനഡിൽ കോൺസ്ററാൻറിനോപ്പിൽ മെത്രാനായി ഒപ്പിട്ടിരിക്കുന്നതു് എവുസേബിയസാണു്. 339 നു മുൻപു് അലക്സാണ്ഡർ മരിച്ചു കാണും.

www.malankaralibrary.com



ന്നല്ലോ. ഒരു കൂട്ടർ ആരിയൂസിൻെറ പഠനങ്ങളെയും മറേറ കൂട്ടർ നിഖ്യാവിശ്വാസപ്രമാണത്തെയും അനുകൂലിച്ചിരുന്നു. അലക്സാണ്ഡർ സഭയെ ഭരിച്ചിരുന്നപ്പോഠം ഒരേ സത്ത (ഹോമോഉസിയോസ്) തത്വാനുകൂലികഠംക്ക് അനുകൂലമായ ഒരു കാലാവസ്ഥയാണുണ്ടായിരുന്നത്. ആര്യൻ വിഭാഗത്തിൽ പെട്ടവർ മതഭേദം പുലത്തുകയും പരസ്പരം കലഹിക്കുകയും ചെയ്തിരുന്നു. അലക്സാണ്ഡറുടെ ചരമത്തിനുശേഷം സംഗതികഠം ആകെ കുഴഞ്ഞു. സത്യവിശ്വാസം പുലത്തിയവർ പൗലോസിനെ വാഴിക്കണമെന്നാവശ്യപ്പെട്ടു. ആര്യൻ പക്ഷക്കാർ മാസിഡോണിയൂസിനെ അനുകൂലിച്ചു. ഇരേനേ എന്ന ദേവാലയത്തിൽ വച്ച് പൗലോസ് മെത്രാനായി അഭിഷിക്തനായി. സോഫിയ എന്ന വലിയ ദേവാലയത്തിനു സമീപമായിരുന്നു പ്രസ്തുത പള്ളി. പൗലോസിൻെറ തെരഞ്ഞെടുപ്പ് അലക്സാണ്ഡറുടെ അഭിമതത്തിന് കൂടുതൽ അനുകൂലമാണെന്നും തോന്നി.

## അധ്യായം 7

# കോൺസ്റ്റാൻസ്യൂസ് ചക്രവർത്തി ഇടപെടുന്നു

ഈ സംഭവം കഴിഞ്ഞു് അധികം താമസിയാതെ കോൺസ്റ്റാൻസ്യൂസ് ചക്രവർത്തി കോൺസ്ററാൻറിനോപ്പിളിൽ വന്നെത്തി. പൗലോസിൻെറ അഭിഷേകം അദ്ദേഹത്തിന് ഒട്ടും ഇഷ്ടപ്പെട്ടില്ല. ആര്യൻ അനുഭാവമുള്ള മെത്രാന്മാരുടെ ഒരു സമ്മേളനം അയാഠം വിളിച്ചുകൂട്ടി. പൗലോസിനെ സ്ഥാനഭ്രഷ്ടനാക്കുകയും നിക്കൊമേദിയായിലെ മെത്രാനായിരുന്ന എവുസേബിയസിനെ കൊണ്ടുവന്നു് കോൺസ്റ്റാൻറിനോപ്പിളിൽ മെത്രാനായി നിയമിക്കുകയും ചെയ്തു. ഇതിനുശേഷം ചക്രവർത്തി അന്ത്യോക്യായിലേയ്ക്കു പോയി.

www.malankaralibrary.com



## അധ്യായം 8

# എവുസേബിയസിൻെറ പ്രവർത്തനങ്ങൾ

എവുസേബിയസിനു് ഏതായാലും അടങ്ങിയിരിക്കാൻ കഴിഞ്ഞില്ല. പഴയ ചൊല്ലിൽ പറയും പോലെ അയാാം തൻെറ ഉദ്ദേശ്യം സാധിക്കാൻ ഒരു കല്ലും ഇളക്കാതെ വിട്ടില്ല. അയാാം സിറിയയിലെ അന്ത്യോക്യയിൽ ഒരു സിനഡു് വിളിച്ചുകൂട്ടി. അഗസ്റ്റസുമാരുടെ പിതാവു് നിർമ്മാണം ആരംഭിച്ചതും ശിലാസ്ഥാപനത്തിൻെറ പത്താം വർഷത്തിൽ അദ്ദേഹത്തിൻെറ പുത്രൻ കോൺസ്റ്റാൻസ്യസ് നിർമ്മാണം പൂർത്തിയാക്കിയതുമായ ദേവാലയത്തിൻെറ സമർപ്പണത്തോടനുബന്ധിച്ചു് ഈ കൗൺസിൽ വിളിച്ചു കൂട്ടിയെന്നാണു പുറമേ ഭാവിച്ചതു്. എന്നാൽ ഹോമോഉസിയോസ് (ഒരേ സത്ത) വിശ്വാസം തകർക്കുക എന്നതായിരുന്നു യഥാർത്ഥ ലക്ഷ്യം. വിവിധ നഗരങ്ങളിൽ നിന്നുള്ള തൊണ്ണൂറു മെത്രാന്മാർ ഈ സിനഡിൽ പങ്കെടുത്തു. എന്നാൽ മക്കാരിയൂസിനു ശേഷം ജറൂസലെമിലെ മെത്രാനായി വാണിരുന്ന മാക്സിമൂസ് ഈ സമ്മേളനത്തിൽ പങ്കെടുത്തില്ല. അത്തനാസ്യോസിനെ സ്ഥാനഭ്രഷ്ടനാക്കുന്നതിനുള്ള ഗൂഢാലോചനയിൽ തന്നെ കബളിപ്പിച്ചു പങ്കുകാരനാക്കിയ കാര്യം അദ്ദേഹം അനുസ്മരിച്ചു. വലിയ റോമായിലെ മെത്രാനായ ജൂലിയസും അതിൽ സംബന്ധിച്ചില്ല. അദ്ദേഹം അതിലേയ്ക്കു തൻെറ പ്രതിനിധിയെയും അയച്ചില്ല. റോമിലെ മെത്രാൻെറ അഭിപ്രായത്തിനു വിരുദ്ധമായി ഒരു തീരുമാനവും സഭയിൽ ഉണ്ടാക്കാൻ പാടില്ലെന്നു് ഒരു സഭാ കാനൻ അനുശാസിക്കുന്നു.

കോൺസ്റ്റാൻസ്യസ് ചക്രവർത്തിയുടെ സാന്നിദ്ധ്യത്തിൽ മർസെല്ലസിൻെറയും പ്രോബീനൂസിൻെറയും കോൺസുളേറു കാലത്തു് അഗസ്റ്റസുമാരുടെ പിതാവായ കോൺസ്റ്റൻറയിൻെറ മരണത്തിൻെറ അഞ്ചാം വർഷം ഈ സിനഡു കൂടി. എവുപ്രോണിയസിൻെറ പിൻഗാമിയും ഫ്ളാച്ചില്ലസ് എന്ന അപരനാമമുള്ളവനുമായ പ്ലാസിററസ് ആയിരുന്നു അക്കാലത്തു് അന്ത്യോക്യയിലെ സഭയുടെ അധ്യക്ഷൻ. എവുസേബിയസിൻെറ സഹകാരികാം അത്തനാസ്യോസിനെ അപകീർത്തിപ്പെടുത്തുവാൻ നേരത്തെതന്നെ പരിപാടി ഇട്ടിരുന്നു. അവർ

www.malankaralibrary.com



അപ്പോഠ ഒരു നിയമമുണ്ടാക്കിയിട്ട്, അദ്ദേഹം അതിനെതിരായി പ്രവത്തിച്ചു എന്നു് ആരോപിക്കുകയായിരുന്നു ഒരു പരിപാടി. മെത്രാന്മാരുടെ ഒരു പൊതുസിനഡിന്റെ അനുമതി കൂടാതെ ഒരാഠ മെത്രാൻസ്ഥാനം ഏറ്റെടുക്കാൻ പാടില്ല എന്നതായിരുന്നു അവരുണ്ടാക്കിയ നിയമം. നാടുകടത്തലിൽ നിന്നു തിരിച്ചു വന്നപ്പോഠ അദ്ദേഹം സ്വന്ത ഇഷ്ടപ്രകാരം സഭയുടെ അധികാരം കൈക്കലാക്കി എന്നായിരുന്നു ആരോപണം. അദ്ദേഹത്തിന്റെ പ്രത്യാഗമനത്തിൽ ഒരു കലാപമുണ്ടായെന്നും അതിൽ അനേകർ മരിക്കാനിടയായെന്നും അവർ പറഞ്ഞു പരത്തി. അദ്ദേഹം അനേകം പേരെ അടിച്ചെന്നും മററനേകരെ കോടതി കയററിയെന്നും ഒക്കെ പ്രചാരണവും ഉണ്ടായി. ഇതിനെല്ലാം പുറമേ അദ്ദേഹത്തിനെതിരായി ടയറിൽ വച്ചുണ്ടായ തീരുമാനവും അവർ നടപ്പാക്കി.

## അധ്യായം 9

## എമേസായിലെ എവുസേബിയസ്

ഈ കുററാരോപണങ്ങളുടെ അടിസ്ഥാനത്തിൽ അവർ അലക്സാൺഡ്രിയയ്ക്കു് മറെറാരു മെത്രാനെ നിർദ്ദേശിച്ചു. എമേസായിലെ എവുസേബിയസിനെയാണു് അവർ ആദ്യമായി നിർദ്ദേശിച്ചതു്. ആ സന്ദർഭത്തിൽ സന്നിഹിതനായിരുന്ന ലവോഡീഷ്യായിലെ മെത്രാനായ ജോർജ്ജ് ഈ വ്യക്തി ആരായിരുന്നുവെന്നു് രേഖപ്പെടുത്തുന്നുണ്ടു്. അദ്ദേഹം എഴുതിയ ജീവചരിത്രത്തിൽ ഇപ്രകാരം പറയുന്നു: 'എവുസേബിയസ്സ് മെസപ്പൊട്ടാമിയായിലെ എഡേസ്സായിലുള്ള ഒരു പ്രഭുകുടുംബത്തിൽ ജനിച്ചു. ചെറുപ്പം മുതൽ തന്നെ വി. ലിഖിതങ്ങഠ പഠിച്ചു. പിന്നീടു് എഡേസ്സായിൽ താമസിച്ചു പഠിപ്പിച്ചിരുന്ന ഒരധ്യാപകനിൽനിന്നു് ഗ്രീക്കസാഹിത്യം പഠിച്ചു. അതിനുശേഷം പത്രോഫിലൂസ്സ്, എവുസേബിയസ്സ് എന്നീ ഗുരുക്കന്മാരിൽ നിന്നു് വിശുദ്ധ ലിഖിതങ്ങളുടെ വ്യാഖ്യാനം ഗ്രഹിച്ചു. പത്രോഫിലൂസ്സ് ഷിതോപ്പൊലീസിലെയും എവുസേബിയസ്സ് കൈസറിയായിലെയും മെത്രാന്മാരായിരുന്നു. അതിനുശേഷം ഇയാഠ അന്ത്യോക്യയിൽ താമസിച്ചിരുന്ന കാലത്താണു് എവുസ്താത്തിയോസ്സ് സ്ഥാനഭ്രഷ്ടനാക്കപ്പെട്ടതു്. എവുസ്താത്തിയോസ്സ് സെബെല്ലിയൂസിന്റെ അഭിപ്രായങ്ങഠ പഠിപ്പിക്കുന്നു

www.malankaralibrary.com



എന്നു് ബേറോയായിലെ സൈറസു് ഉന്നയിച്ച ആരോപണത്തിൻെറ പേരിലായിരുന്നു ആ സ്ഥാനഭ്രംശം. എവുസേബിയസു് എവുസ്താത്തിയോസിൻെറ പിൻഗാമിയായ എവുഫ്രോണിയസുമായി സഹകരിച്ചു പ്രവർത്തിച്ചു. പിന്നീട്, വാഗ്ദാനം ചെയ്യപ്പെട്ട ഒരു മെത്രാൻസ്ഥാനം ഉപേക്ഷിച്ചുകൊണ്ടു് അലക്സാൺഡ്രിയായിലേയ്ക്കുപോയി, തത്ത്വശാസ്ത്രപഠനം തുടർന്നു. അവിടെനിന്നു് അന്ത്യോക്യയിൽ തിരിച്ചെത്തിയിട്ടു് എവുഫ്രോണിയസിൻെറ പിൻഗാമിയായ ഫ്ളാച്ചില്ലസുമായി (പ്ലാസിററസുമായി) അടുത്ത സൗഹൃദബന്ധം സ്ഥാപിച്ചു. പിന്നീടു് കോൺസ്റ്റാൻറിനോപ്പിൾ മെത്രാനായ എവുസേബിയസു് ഇയാളെ അലക്സാൺഡ്രിയയിലെ മെത്രാനായി വാഴിച്ചു. എങ്കിലും ആ നഗരത്തിലെ ജനങ്ങൾക്കു് അത്തനാസ്യോസിനോടുള്ള സ്നേഹാധിക്യം കാരണം അയാൾക്കു് അങ്ങോട്ടു പോകാൻ കഴിഞ്ഞില്ല. തുടർന്നു് അയാൾ എമേസായിലേയ്ക്കു് അയയ്ക്കപ്പെട്ടു. ഈ നിയമനത്തിനെതിരായി എമേസായിലെ ജനങ്ങൾ ബഹളമുണ്ടാക്കി. എവുസേബിയസു് ജ്യോതിഷം പഠിക്കുകയും പ്രയോഗിക്കുകയും ചെയ്തിരുന്നു എന്ന ആരോപണമായിരുന്നു ബഹളത്തിനു കാരണം. അതിനാൽ അയാൾ അവിടെനിന്നു പലായനം ചെയ്തു് ലവോഡിഷ്യായിലെ ജോർജ്ജിൻെറ അടുത്തെത്തി. ഈ ജോർജ്ജ് എവുസേബിയസിനെക്കുറിച്ചു് വളരെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ടു്. ജോർജ്ജ് ഇയാളെ അന്ത്യോക്യായിലേക്കു കൊണ്ടുപോവുകയും ഫ്ളാച്ചില്ലസു്, നർചീസുസ് എന്നിവരുടെ സഹായത്തോടു കൂടി എമേസായിൽ മെത്രാനായി പുന:പ്രതിഷ്ഠിക്കുകയും ചെയ്തു. എന്നാൽ എവുസേബിയസു് സെബെല്ലിയൻ ആശയങ്ങൾ വച്ചു പുലർത്തുന്നു എന്ന ആരോപണം ഉണ്ടായി.'

എവുസേബിയസിൻെറ അഭിഷേകത്തെ സംബന്ധിച്ച വിവരങ്ങൾ ജോർജ്ജ് വിശദമായി രേഖപ്പെടുത്തുന്നുണ്ടു്. കാട്ടുജാതിക്കാർക്കെതിരായി യുദ്ധത്തിനുപോയപ്പോൾ ചക്രവർത്തി ഇയാളെ കൂടെ കൊണ്ടുപോയ കാര്യവും അയാൾ അവിടെവച്ചു് പല അത്ഭുതങ്ങൾ പ്രവർത്തിച്ച കാര്യവും വിശദീകരിക്കുന്നു. ഇപ്രകാരം എമേസായിലെ എവുസേബിയസിനെക്കുറിച്ചു് ജോർജ്ജ് നല്കുന്ന വിവരങ്ങൾ ഇവിടെ വേണ്ടത്ര എടുത്തുചേർത്തു എന്നു കരുതുന്നു.

www.malankaralibrary.com



## അധ്യായം 10

# അന്ത്യോക്യൻ സമ്മേളനത്തിൻെറ തീരുമാനങ്ങൾ

എവുസേബിയസിനെ അലക്സാൺഡ്രിയയിലെ മെത്രാനാക്കണമെന്ന നിർദ്ദേശം ഈ കൗൺസിലിലുണ്ടായി. എന്നാൽ എവുസേബിയസ് അങ്ങോട്ടുപോകാൻ ഭയപ്പെട്ടതിനാൽ ആ സഭക്കാരനായ ഒരു ഗ്രിഗറിയെ സിനഡ് ആ സ്ഥാനത്തേയ്ക്കു നിശ്ചയിച്ചു. ഇതിനുശേഷം മെത്രാന്മാർ വിശ്വാസപ്രമാണം മാററിയെഴുതി. നിഖ്യാവിശ്വാസപ്രമാണത്തിലുള്ള ഏതെങ്കിലും ആശയത്തെ ശപിക്കുന്നതായിട്ടല്ല, പിന്നെയോ, 'ഹോമോ ഉസിയോസ്'' (ഒരേ സത്ത) എന്ന തത്ത്വത്തെ സാവകാശമായും തന്ത്രപരമായും ഇല്ലായ്മ ചെയ്യുക എന്നതായിരുന്നു ആ മെത്രാന്മാരുടെ ലക്ഷ്യം. ഇടയ്ക്കിടെ കൗൺസിലുകൾ കൂടിയും വിശ്വാസം സംബന്ധിച്ച പല ലേഖനങ്ങൾ പ്രസിദ്ധീകരിച്ചും സാവകാശമായി ആര്യൻ സിദ്ധാന്തങ്ങൾ ജനങ്ങളുടെയിടയിൽ പ്രചരിപ്പിക്കാമെന്ന് അവർ കരുതി. ഈ ലക്ഷ്യം പ്രാപിക്കാൻ അവർ ചെയ്ത ശ്രമങ്ങളെക്കുറിച്ചു യഥാവസരം പ്രതിപാദിച്ചുകൊള്ളാം. വിശ്വാസത്തെ സംബന്ധിച്ച് ഈ കൗൺസിൽ രൂപപ്പെടുത്തിയ ലേഖനം താഴെ കൊടുക്കുന്നു:

''ഞങ്ങൾ ആരിയൂസിൻെറ അനുയായികളായിത്തീർന്നിട്ടില്ല. - വെറും ഒരു വൈദികനായ ആരിയൂസിനെ മെത്രാന്മാരായ ഞങ്ങൾ എങ്ങനെ പിൻചെല്ലും? - ആദ്യംമുതൽ തന്നെ രൂപീകരിക്കപ്പെട്ട വിശ്വാസത്തിൽ നിന്നു ഭിന്നമായ വിശ്വാസമൊന്നും ഞങ്ങൾ ആശ്ലേഷിച്ചിട്ടുമില്ല. എന്നാൽ ആരിയൂസിൻെറ വീക്ഷണങ്ങൾ പരിശോധിക്കാൻ ഏൽപ്പെടുത്തപ്പെട്ടവർ എന്ന നിലയിൽ ആ വീക്ഷണങ്ങളുടെ സാധുത്വം ഞങ്ങൾ അംഗീകരിക്കുന്നു; ആ വിശ്വാസങ്ങൾ ഞങ്ങൾ അയാളിൽനിന്നു സ്വീകരിക്കുന്നു എന്നു പറയുന്നതു ശരിയല്ല. ഞങ്ങൾ ഇനി പറയാൻ പോകുന്ന കാര്യങ്ങളിൽനിന്ന് നിങ്ങൾക്കിതു വ്യക്തമാകുകയും ചെയ്യും.''[4]

---

4. ഈ വിശ്വാസപ്രമാണം അന്ത്യോക്യയിലെ (341) ആദ്യവിശ്വാസ പ്രമാണം എന്നറിയപ്പെടുന്നു. ഒന്നിനുപിറകെ ഒന്നായി നാലു വിശ്വാസപ്രമാണങ്ങൾ ഈ സിനഡ് പ്രസിദ്ധീകരിച്ചു. നാലിലും

www.malankaralibrary.com



''ദൃശ്യാദൃശ്യങ്ങളായ എല്ലാ വസ്തുക്കളുടെയും സ്രഷ്ടാവും നിയന്താവും പ്രപഞ്ചത്തിന്റെ ദൈവവുമായ ഏകദൈവത്തിലും, ദൈവത്തിന്റെ ഏകജാതനും തന്നെ ജനിപ്പിച്ച പിതാവിനോടുകൂടെ യുഗങ്ങൾക്കെല്ലാം മുൻപേ സ്ഥിതിചെയ്യുന്നവനും ഉണ്ടായിരുന്നവനും ആയ ഏക പുത്രനിലും വിശ്വസിക്കുവാൻ ആരംഭം മുതലേ ഞങ്ങൾ പ്രബോധിപ്പിക്കപ്പെട്ടിരിക്കുന്നു. ദൃശ്യാദൃശ്യങ്ങളായവയെല്ലാം അവനിലൂടെ യാഥാർത്ഥ്യവൽക്കരിക്കപ്പെട്ടു. അവൻ പിതാവിന്റെ നല്ല ഇഷ്ടത്താൽ അവസാന നാളുകളിൽ താഴേക്കിറങ്ങിവന്നു് കന്യകയിൽ നിന്നു ശരീരമെടുത്തു; തന്റെ പിതാവിന്റെ എല്ലാ തിരുവിഷ്ടവും നിവർത്തിയാക്കി. അവൻ കഷ്ടപ്പെട്ടു മരിക്കുകയും ഉത്ഥാനം ചെയ്യുകയും സ്വർഗത്തിലേക്കു് എടുക്കപ്പെടുകയും പിതൃവലഭാഗത്തു് ഉപവിഷ്ടനാകുകയും ചെയ്തു. അവൻ ജീവനുള്ളവരെയും മരിച്ചവരെയും വിധിക്കാൻ വീണ്ടും വരാനിരിക്കുന്നു. അവൻ യുഗങ്ങൾക്കെല്ലാം രാജാവും ദൈവവുമായി സ്ഥിതിചെയ്യുന്നു. പരിശുദ്ധാത്മാവിലും ഞങ്ങൾ വിശ്വസിക്കുന്നു. ഇനിയും എന്തെങ്കിലും കൂട്ടിച്ചേർക്കണമെങ്കിൽ, ശരീരത്തിന്റെ ഉയിർപ്പിലും നിത്യജീവിതത്തിലും ഞങ്ങൾ വിശ്വസിക്കുന്നു''. അവരുടെ ഈ ആദ്യ ലേഖനം അവർ എപ്രകാരം എഴുതി എല്ലാ നഗരങ്ങളിലുമുള്ള മെത്രാന്മാർക്കു് അയച്ചുകൊടുത്തു. എന്നാൽ അന്ത്യോക്യായിൽ കുറെ ദിവസം താമസിച്ചതിനുശേഷം, ആദ്യലേഖനത്തെ ഖണ്ഡിക്കുന്നതിനെന്നവിധം താഴെ കാണുംവിധം മറെറാരു ലേഖനം അവർ പ്രസിദ്ധീകരിച്ചു.

## മറെറാരു വിശ്വാസപ്രമാണം[5]

'സുവിശേഷപരവും അപ്പസ്തോലികവുമായ പാരമ്പര്യങ്ങളോടു് യോജിച്ചുകൊണ്ടു്, സർവശക്തനും പ്രപഞ്ചത്തിന്റെ സ്രഷ്ടാവും നിർമാതാവും നിയന്താവും പിതാവുമായ ഏക ദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു. തന്നിൽ നിന്നാണു് എല്ലാ

'ഹോമോഉസിയോസ്' (ഒരേസത്ത) എന്ന പദം മാത്രം ഇല്ലായിരുന്നു. അത്തനാസ്യോസ് ഈ വിശ്വാസപ്രമാണം ഉദ്ധരിക്കുന്നു: ദെ സിനൊദിസ്, 22.

5. അന്ത്യോക്യയിലെ (341) രണ്ടാം വിശ്വാസപ്രമാണം എന്നു് ഇതു് അറിയപ്പെടുന്നു. സിനഡിന്റെ ഔദ്യോഗിക വിശ്വാസപ്രമാണം ഇതു മാത്രമായിരുന്നു.

www.malankaralibrary.com



വസ്തുക്കളും. ദൈവത്തിന്റെ പുത്രനും, ഏകജാതനായ ദൈവവും ആയ ഏക കർത്താവീശോമിശിഹായിലും വിശ്വസിക്കുന്നു; എല്ലാം അവനിലൂടെയാകുന്നു. അവൻ യുഗങ്ങൾക്കു മുൻപ് പിതാവിൽ നിന്നു ജനിച്ചു; ദൈവത്തിൽനിന്നുള്ള ദൈവം, തികവിൽ നിന്നുള്ള തികവ്, ഏകനിൽനിന്നുള്ള ഏകൻ, പൂർണതയിൽനിന്നുള്ള പൂർണത, രാജാവിൽനിന്നുള്ള രാജാവ്, കർത്താവിൽനിന്നുള്ള കർത്താവ്, സജീവവചനം, സജീവ വിജ്ഞാനം, സത്യപ്രകാശം, വഴി, സത്യം, ഉത്ഥാനം, ഇടയൻ, വാതിൽ, മാററമില്ലാത്തവനും വ്യതിയാനരഹിതനും, ദൈവത്വത്തിന്റെ കൃത്യമായ സാദൃശ്യം, പിതാവിന്റെ മഹത്വവും ശാന്തിയും ഇച്ഛയും സത്തയും, എല്ലാ സൃഷ്ടികളുടെയും ആദ്യജാതൻ; 'അവൻ ആദിയിൽ ദൈവത്തോടുകൂടിയായിരുന്നു.' 'വചനം ദൈവമായിരുന്നു' എന്നു സുവിശേഷത്തിൽ പറയപ്പെട്ടിരിക്കുന്നതുപോലെ ദൈവവചനം; അവൻ വഴി എല്ലാം യാഥാർത്ഥ്യത്തിലെത്തിച്ചേർന്നു; എല്ലാം അവനിൽ നിലനില്ക്കുന്നു; അവൻ അവസാന നാളുകളിൽ മുകളിൽനിന്നു താഴേക്കിറങ്ങിവന്നു; വിശുദ്ധ ലിഖിതപ്രകാരം അവൻ കന്യകയിൽ നിന്നു ജനിച്ചു മനുഷ്യനായി. 'ഞാൻ സ്വർഗത്തിൽ നിന്നു വന്നതു് എന്റെ ഇഷ്ടമല്ല, എന്നെ അയച്ചവന്റെ ഇഷ്ടം ചെയ്യുവാനാണ്' എന്നു് അവൻ പറയുന്നതുപോലെ അവൻ ദൈവത്തിനും മനുഷ്യർക്കും ഇടയിലെ മധ്യസ്ഥനും, നമ്മുടെ വിശ്വാസത്തിന്റെ ശ്ലീഹായും ജീവന്റെ രാജകുമാരനുമാണ്. അവൻ നമുക്കുവേണ്ടി കഷ്ടപ്പെട്ടു മരിച്ചു. മൂന്നാം ദിവസം വീണ്ടും ഉത്ഥാനം ചെയ്തു, സ്വർഗത്തിലേക്കു് എടുക്കപ്പെട്ടു; പിതാവിന്റെ വലത്തു ഭാഗത്തിരുന്നു; ജീവനുള്ളവരെയും മരിച്ചവരെയും വിധിക്കാൻ അവൻ മഹത്ത്വത്തിലും ശക്തിയിലും വീണ്ടും വരും. പരിശുദ്ധാത്മാവിലും വിശ്വസിക്കുന്നു. വിശ്വാസികൾക്കു് ആശ്വാസത്തിനും വിശുദ്ധീകരണത്തിനും ക്രൈസ്തവാരംഭത്തിനും ആയി അവൻ നൽകപ്പെട്ടിരിക്കുന്നു. നമ്മുടെ കർത്താവ് തന്റെ ശിഷ്യരോടു് കൽപ്പിച്ചരുൾചെയ്തു: 'പോയി എല്ലാ ജനതകളെയും പഠിപ്പിക്കുവിൻ; പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവരെ സ്നാനപ്പെടുത്തുവിൻ'. അതായതു് സത്യമായും, പിതാവായ പിതാവിന്റെയും, സത്യമായും പുത്രനായ പുത്രന്റെയും, സത്യമായും പരിശുദ്ധാത്മാവായ പരിശുദ്ധാത്മാവിന്റെയും (നാമത്തിൽ). അർത്ഥമില്ലാതെയോ, ഫലരഹിതമായോ അല്ല ഈ നാമങ്ങൾ നൽകപ്പെട്ടിരിക്കുന്നതു്. പിന്നെയോ പേരു വിളിക്കപ്പെടുന്ന ഓരോരുത്തരുടെയും പ്രത്യേക അസ്തിത്വവും ക്രമവും, മഹത്വവും കൃത്യമായി അതു് സൂചിപ്പിക്കുന്നു. അങ്ങനെ അവർ മൂന്നു് ആളുകളുണ്ടു്, യോജിപ്പിൽ അവർ ഒന്നാണ്.

www.malankaralibrary.com



ഈ വിശ്വാസം പ്രഖ്യാപിച്ചുകൊണ്ടും, അതു് ആദ്യന്തം മുറുകെപ്പിടിച്ചുകൊണ്ടും, ദൈവത്തിൻെറയും ക്രിസ്തുവിൻെറയും മുമ്പാകെ എല്ലാ അബദ്ധ പാഷണ്ഡതകളെയും ഞങ്ങൾ ശപിച്ചു തള്ളുന്നു. വിശുദ്ധ ലിഖിതങ്ങളുടെ നേരായതും ശരിയായതുമായ വിശ്വാസത്തിനെതിരെ ആരെങ്കിലും പഠിപ്പിച്ചാൽ, ആ കാലത്തോ, സമയത്തോ, വയസ്സിലോ, പുത്രൻെറ ജനനത്തിനു മുൻപോ, പിൻപോ ആയിക്കൊള്ളട്ടെ, അവൻ ശപിക്കപ്പെട്ടവനാകുന്നു. പുത്രനെപ്പററി സൃഷ്ടികളിലൊരുവനായ സൃഷ്ടിയാണെന്നോ പ്രജകളെപ്പോലെ ഒരു പ്രജയാണെന്നോ, കർമ്മങ്ങളെപ്പോലെ ഒരു കർമ്മമാണെന്നോ, പറയുകയും, മുകളിൽ പറഞ്ഞ പ്രകാരം വിശുദ്ധ ലിഖിതം കൈമാറിയതുപോലെ പറയാതിരിക്കുകയും, നാം സ്വീകരിച്ചതുപോലെ പഠിപ്പിക്കാതെയും പ്രസംഗിക്കാതെയും ഇരിക്കുകയും ചെയ്താൽ അവനും ശപിക്കപ്പെട്ടവനാകട്ടെ.

വിശുദ്ധ പ്രവാചകരും വിശുദ്ധ ശ്ലീഹന്മാരും വഴി വിശുദ്ധ ഗ്രന്ഥത്തിൽ പകർന്നു തരുന്ന സകലതും ഞങ്ങൾ സത്യമായി ഭക്തിപൂർവ്വം വിശ്വസിക്കുകയും അനുധാവനം ചെയ്യുകയും ചെയ്യുന്നു.'

അന്ത്യോക്യയിൽ സമ്മേളിച്ച മെത്രാന്മാർ പ്രസിദ്ധീകരിച്ച വിശ്വാസപ്രഖ്യാപനം ഇപ്രകാരമുള്ളതായിരുന്നു. അലക്സാൺഡ്രിയയിൽ പ്രവേശിച്ചിരുന്നില്ലെങ്കിലും അവിടത്തെ മെത്രാനെന്നനിലയിൽ ഗ്രിഗറിയും ഇതിനെ അനുകൂലിച്ചു. ഇപ്രകാരമൊക്കെ ചെയ്തശേഷം ഏതാനും കാനോനാകൾ പാസ്സാക്കിയതിനുശേഷം കൗൺസിൽ പിരിഞ്ഞു.

ഈ ഘട്ടത്തിൽ രാഷ്ട്രകാര്യങ്ങളിലും വളരെ അസ്വസ്ഥതകൾ ഉണ്ടായി. ഫ്രാങ്കുകൾ എന്ന കൂട്ടർ റോമാസാമ്രാജ്യത്തിലെ ഗാൾപ്രദേശത്തു കടന്നാക്രമണം നടത്തി. സാമ്രാജ്യത്തിൻെറ കിഴക്കൻ പ്രദേശങ്ങളിൽ പ്രത്യേകിച്ചു് അന്ത്യോക്യയിൽ ഭയങ്കരമായ ഭൂമികുലുക്കം ഉണ്ടാവുകയും ചെയ്തു. അതു് ഇടവിട്ടു് ഒരു കൊല്ലക്കാലത്തോളം അനുഭവപ്പെട്ടുകൊണ്ടിരുന്നു.

www.malankaralibrary.com



## അധ്യായം 11

# ഗ്രിഗറി അലക്സാന്ഡ്രിയായിൽ

ഇതിനുശേഷം ഗ്രിഗറി അലക്സാൺഡ്രിയായിലേക്ക് ആനയിക്കപ്പെട്ടു. സിറിയൻ എന്ന പേരുള്ള സൈന്യാധിപൻ അയ്യായിരം ഭടന്മാരോടുകൂടെ അയാറംകൾ അകമ്പടി സേവിച്ചു. ആര്യൻ വിശ്വാസമുണ്ടായിരുന്ന ജനങ്ങളും അക്കൂട്ടത്തിൽകൂടി. അത്തനാസ്യോസിനെ സഭയിൽനിന്നു പുറത്താക്കിയശേഷം പിടികൂടാൻ ആഗ്രഹിച്ചവരിൽനിന്ന് അദ്ദേഹം രക്ഷപെട്ടതു് എങ്ങനെയെന്നു് ഇവിടെ വിവരിക്കുന്നതു് ഉചിതമായിരിക്കുമെന്നു കരുതുന്നു. സായാഹ്നസമയം ജനങ്ങൾ ദേവാലയത്തിൽ സമ്മേളിച്ചു് പതിവുള്ള ജാഗരണപ്രാർത്ഥനയിൽ ഏർപ്പെട്ടിരിക്കുകയാണ്. സൈന്യാധിപൻ വന്നു് പട്ടാളക്കാരെ പള്ളിക്കു ചുററും അണിനിരത്തി. അത്തനാസ്യോസ് സാഹചര്യത്തിൻെറ സ്വഭാവം മനസ്സിലാക്കി. തനിക്കുവേണ്ടി ജനങ്ങളാരും പീഡിപ്പിക്കപ്പെടരുതു് എന്നദ്ദേഹം നിശ്ചയിച്ചു. അടുത്ത പ്രാർത്ഥനയ്ക്കുള്ള അടയാളം കൊടുക്കാൻ ഡീക്കനോടു പറഞ്ഞിട്ട് ഒരു സങ്കീർത്തനം ആലപിക്കാൻ അദ്ദേഹം ജനങ്ങളോട് ആവശ്യപ്പെട്ടു. കീർത്തനാലാപനം നടക്കുന്ന ദേവാലയത്തിൻെറ ഒരു വാതിലിലൂടെ ആളുകൾ പുറത്തിറങ്ങിപ്പോകാൻ അദ്ദേഹം ആവശ്യപ്പെട്ടു. ആളുകൾ അതനുസരിച്ചു പ്രവർത്തിക്കുകയും ചെയ്തു. പട്ടാളക്കാർ ആളുകളുടെ നിഷ്ക്രമണം നോക്കി നിന്നു. ആളുകളോടൊപ്പം ഭടന്മാരുടെ ശ്രദ്ധയിൽപ്പെടാതെ അത്തനാസ്യോസ് രക്ഷപെട്ടു. രക്ഷപെട്ടശേഷം അദ്ദേഹം ഉടനെ റോമിലേക്കു പലായനം ചെയ്യുകയും ചെയ്തു. ഗ്രിഗറി പള്ളി അധീനത്തിലാക്കി. എന്നാൽ അയാളുടെയും പട്ടാളത്തിൻെറയും നടപടിയിൽ അമർഷം പൂണ്ട അലക്സാൺഡ്രിയായിലെ ജനങ്ങൾ പള്ളി കത്തിച്ചുകളഞ്ഞു. ഡയനീഷ്യസിൻെറ നാമത്തിലുള്ളതായിരുന്നു ആ പള്ളി. എവുസേബിയസ്, തൻെറ ഉദ്ദേശ്യം ഇത്രത്തോളം സാധിച്ചതിനുശേഷം റോമാമെത്രാനായ ജൂലിയസിൻെറ പക്കലേയ്ക്കു് ഒരു നിവേദകസംഘത്തെ അയച്ചു.[6] അത്തനാസ്യോസിൻെറ പേരിലുള്ള ആരോപ

6. സൊസോമൻ, സഭാചരിത്രം, 3.7: ഇവിടെ സൊക്രാട്ടസിനും സൊസോമനും തെററുപററി. 341 ലെ അന്ത്യോക്യൻ സിനഡിനു

www.malankaralibrary.com



ണങ്ങരം നേരിട്ട് പരിശോധിക്കണമെന്നും തന്റെ സാന്നിദ്ധ്യത്തിൽതന്നെ വിസ്താരം നടത്തണമെന്നും നിവേദനത്തിൽ ആവശ്യപ്പെട്ടിരുന്നു.

## അധ്യായം 12

# പൗലോസും മാസിഡോണിയസും

എന്നാൽ അത്തനാസ്യോസിനെ സംബന്ധിച്ച് ജൂലിയസിന്റെ തീരുമാനം എന്തെന്നറിയാൻ എവുസേബിയസ് ജീവിച്ചിരുന്നില്ല. കാരണം, സിനഡ് കഴിഞ്ഞ് അധികം താമസിയാതെ എവുസേബിയസ് മരിച്ചു. അപ്പോരം ജനങ്ങരം പൗലോസിനെ കോൺസ്റ്റാൻറിനോപ്പിളിലെ സഭയിലേക്ക വീണ്ടും ആനയിച്ചു. ആര്യർ പൗലോസിന്റെ നാമത്തിലുള്ള പള്ളിയിൽവച്ച് അതേസമയം മാസിഡോണിയസിനെ അഭിഷേകം ചെയ്തു. (സമാധാനധ്വംസകനായ) എവുസേബിയസിനെ അനുകൂലിച്ചിരുന്നയാളുകരം അദ്ദേഹത്തിന്റെ അധികാരമെല്ലാം സ്വായത്തമാക്കിയെന്ന വിധത്തിലാണിതു നിർവ്വഹിച്ചതു്. നിഖ്യായിലെ മെത്രാൻ തെയോഗ്നീസ്, കല്ക്കദോനിയായിലെ മാരിസ്, ത്രേസിലെ ഹെരാക്ളെയായിലെ തിയഡോർ, ഉത്തരമീസിയായിലെ സിംജിട്ടണും എന്ന നഗരത്തിലെ ഉർസാചിയൂസ്, മൂർസായിലെ വാലെൻസ് എന്നിവരാണ് ഇക്കാര്യത്തിൽ മുൻനിന്ന് ഉത്സാഹിച്ചതു്. ഉർസാചിയൂസും വാലെൻസും പിന്നീട് അവരുടെ അഭിപ്രായം മാററി. അക്കാര്യം അവർ ജൂലിയസ് മെത്രാനെ എഴുതി അറിയിക്കുകയും ചെയ്തു. അവർ ഹോമോഉസിയോസ് (ഒരേ സത്ത) എന്ന വിശ്വാസത്തെ അനുകൂലിച്ചതിനാൽ സഭൈക്യത്തിലേക്ക പുന:സ്വീകരിക്കപ്പെടുകയും ചെയ്തു. എന്നാൽ അക്കാലത്തു് അവർ ആര്യൻ അബദ്ധസിദ്ധാന്തത്തെ ഊററമായി അനുകൂലിച്ചിരുന്നു. അവർ സഭയിൽ രൂക്ഷമായ സംഘട്ടനങ്ങരം ഇളക്കിവിട്ടിരുന്നു. കോൺസ്റ്റാൻറിനോപ്പിളിൽ

---

മുൻപുതന്നെ എവുസേബിയസ് ഒരു ഡലഗേഷനെ അയച്ചു എന്ന് അത്തനാസ്യോസ് സാക്ഷിക്കുന്നു (ആര്യർക്കെതിരെയുള്ള അപ്പോളജി, 21).

www.malankaralibrary.com



മാസിഡോണിയസിനെ സംബന്ധിച്ചുണ്ടായ സംഘട്ടനം അവയിലൊന്നുമാത്രമായിരുന്നു. ക്രിസ്ത്യാനികളുടെയിടയിലുള്ള ഈ ആഭ്യന്തരകലഹം നഗരത്തിൽ നിരന്തരസംഘട്ടനങ്ങൾക്ക വഴിയൊരുക്കി. അവയുടെ ഫലമായി അനവധിയാളുകൾക്ക പ്രാണഹാനിയുണ്ടാവുകയും ചെയ്തു.

## അധ്യായം 13

# കോൺസ്റ്റാൻസ്യൂസ് ചക്രവർത്തി ഇടപെടുന്നു

അപ്പോൾ അന്ത്യോക്യയിൽ താമസിച്ചിരുന്ന കോൺസ്റ്റാൻസ്യൂസ് ചക്രവത്തി ഇതേപ്പററി അറിഞ്ഞു. തദവസരം ത്രേസിലേക്ക് നിയോഗിക്കപ്പെട്ട സൈന്യാധിപൻ ഹെർമോജനെ സിനോട്ട് കോൺസ്റ്റാൻറിനോപ്പിൾ വഴി പോയി പൗലോസിനെ പുറത്താക്കാൻ കല്പന പുറപ്പെടുവിച്ചു. മെത്രാന്മാരെ പുറത്താക്കാനുള്ള പരിശ്രമവുമായി അയാൾ പട്ടണത്തിലെത്തിയപ്പോൾ കോൺസ്റ്റാൻറിനോപ്പിളാകമാനം വലിയ ലഹളയായി. മെത്രാനെ സംരക്ഷിക്കാൻ വേണ്ടി അവർ സംഘടിച്ചു. സൈനികശക്തി ഉപയോഗിച്ച് പൗലോസിനെ പുറത്താക്കാനുള്ള ശ്രമം സൈന്യാധിപൻ തുടർന്നപ്പോൾ ജനങ്ങൾ കോപാകുലരായി. അത്തരം സന്ദർഭങ്ങളിൽ സംഭവിക്കാറുള്ളതുപോലെ ജനങ്ങൾ സൈന്യാധിപനെ ആക്രമിക്കുകയും അയാളുടെ വസതിക്ക തീ കൊളുത്തുകയും അയാളെ നഗരത്തിലൂടെ വലിച്ചിഴച്ചതിനുശേഷം തല്ലിക്കൊല്ലുകയും ചെയ്തു. കോൺസ്റ്റാൻസ്യൂസ് മൂന്നാം തവണയും കോൺസ്റ്റാൻസ് രണ്ടാം തവണയും കോൺസുൾമാരായിരിക്കുന്ന കാലത്താണ് ഈ സംഭവം നടന്നത്.[7] ഈ കാലത്ത് കോൺസ്റ്റൻസ് ഫ്രാങ്കുകളെ യുദ്ധത്തിൽ തോല്പിച്ചതിനുശേഷം റോമാക്കാരുമായി സന്ധി ചെയ്യാൻ അവരെ നിർബന്ധിതരാക്കിയിരുന്നു. ഹെർമോജനസ് വധിക്കപ്പെട്ട വിവരം അറിഞ്ഞപ്പോൾ കോൺസ്റ്റാൻസ്യൂസ് ചക്രവർത്തി അന്ത്യോക്യയിൽ നിന്നു് കുതിരപ്പുറത്തു പുറപ്പെട്ട് കോൺസ്റ്റാൻറിനോപ്പിളിൽ എത്തി ഉടനെതന്നെ പൗലോസിനെ പുറംതള്ളി. ജനങ്ങൾക്ക സൗജന്യമായി നൽകി

7. ക്രി. വ. 342 – ൽ

www.malankaralibrary.com



യിരുന്ന ഗോതമ്പിന്റെ വിതരണം വെട്ടിച്ചുരുക്കികൊണ്ടു് അയാറം ജനങ്ങളെ ശിക്ഷിച്ചു. അയാളുടെ പിതാവായ കോൺസ്റ്റന്റൈൻ ചക്രവർത്തിയുടെ കാലത്തു് ഏർപ്പെടുത്തപ്പെട്ട താണു് പ്രസ്തുത സൗജന്യവിതരണം. അലക്സാൺഡ്രിയയിൽ നിന്നു കൊണ്ടുവരുന്ന ഗോതമ്പു് ദിവസം എൺപതിനായിരം അളവുവീതം ജനങ്ങാംക്ക നൽകിയിരുന്നു. കോൺസ്റ്റാൻസ്യസ് ചക്രവർത്തി ശിക്ഷണനടപടിയായി അതിന്റെ അളവു പകുതി യാക്കി. ഇങ്ങനെയാണെങ്കിലും മാസിഡോണിയസിന്റെ നിയമനം അംഗീകരിക്കാൻ അയാറം കൂട്ടാക്കിയില്ല. തന്റെ അനുവാദം കൂടാതെയാണു് അയാളെ വാഴിച്ചതു് എന്നതായി രുന്നു ഒരു കാരണം. അയാളും പൗലോസും തമ്മിലുള്ള മത്സരം കാരണം തന്റെ സൈന്യാധിപനായ ഹെർമോജനസും മററു പലരും വധിക്കപ്പെടാനിടയായി എന്നതു മറെറാരു കാരണം. അഭിഷേകം നടന്ന പള്ളിയിൽ ശുശ്രൂഷ നിർവ്വഹിക്കവാൻ മാസിഡോണിയസിനെ അനുവദിച്ചിട്ടു് ചക്രവർത്തി അന്ത്യോ ക്യയിലേക്ക തിരിച്ചുപോയി.

## അധ്യായം 14

## ഗ്രിഗറിയും ജോർജ്ജും

ഇക്കാലത്തു് ആര്യൻപക്ഷക്കാർ ഗ്രിഗറിയെ അലക്സാ ണ്ഡ്രിയാ സിംഹാസനത്തിൽ നിന്നു ബഹിഷ്കരിച്ചു [8]. അദ്ദേ ഹത്തിനു ജനസമ്മതി കറവാണെന്നും അദ്ദേഹം ഒരു പള്ളി അഗ്നിക്കിരയാക്കി എന്നും [9] ആയിരുന്നു അവർ പറഞ്ഞ കാര ണങ്ങാം. അവരുടെ വിഭാഗത്തിന്റെ താല്പര്യങ്ങാം നടപ്പി ലാക്കാൻ ഗ്രിഗറി വേണ്ടത്ര ആത്മാർത്ഥമായി ശ്രമിച്ചില്ല എന്നതും കാരണമായിരുന്നു. [10] പകരം കപ്പദോഷ്യക്കാരൻ ജോർജ്ജിനെ അവർ മെത്രാനാക്കി. അയാറം ആര്യൻ പക്ഷ ക്കാരുടെ ശക്തനായ ഒരു വക്താവുമായിരുന്നു.

---

8. ഈ പ്രസ്താവന ഇതേപടി സൊസോമൻ ആവർത്തിക്കുന്നു. (സഭാചരിത്രം 3.7). എന്നാൽ അതു ശരിയല്ല, തിയഡൊറെററ് ഇതു തിരുത്തുന്നുണ്ടു് (സഭാചരിത്രം, 2:4.12). സാർദിക്കാ സിന ഡാണ് ഗ്രിഗറിയെ സ്ഥാനഭ്രഷ്ടനാക്കിയതു്.

9. ഡയനീഷ്യസിന്റെ പേരിലുള്ള പള്ളി.

10. പത്താം അധ്യായത്തിൽ കാണുന്നതു് ഈ ഗ്രിഗറിയാണ്.

www.malankaralibrary.com



## അധ്യായം 15

# അത്തനാസ്യോസും പൗലോസും റോമിൽ

ഇതേ കാലത്തു് അത്തനാസ്യോസ് നീണ്ട ഒരു യാത്രയ്ക്കു ശേഷം ഇററലിയിൽ എത്തിച്ചേർന്നു. അന്നു് റോമാസാമ്രാജ്യത്തിൻെറ പടിഞ്ഞാറേ ഭാഗം മുഴുവൻ കോൺസ്ററൻസ് ചക്രവർത്തിയുടെ പൂർണ്ണ നിയന്ത്രണത്തിലായിരുന്നു. കോൺസ്റ്റൻറയിൻെറ ഏററവും ഇളയമകനായിരുന്നു കോൺസ്റ്റൻസ്. സഹോദരന്മാരിൽ ഒരുവനായ കോൺസ്റ്റൻറയിൻ പട്ടാളക്കാരാൽ വധിക്കപ്പെട്ട കാര്യം ഇതിനുമുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. ഇതേ കാലഘട്ടത്തിൽ കോൺസ്റ്റാൻറിനോപ്പിളിലെ മെത്രാനായിരുന്ന പൗലോസ്, ഗാസ്സായിലെ ആസ്ക്ലേപ്പാസ്, ഗലാത്യാ മൈനറിലെ അൻസീറാമെത്രാൻ മർസെല്ലസ്, അഡ്രിയാനോപ്പിളിലെ ലൂഷ്യസ്, എന്നിവരും ഇമ്പീരിയൽ നഗരത്തിൽ[11] എത്തിച്ചേർന്നിരുന്നു. ഓരോരോ ആരോപണങ്ങളുടെ പേരിൽ അവരവരുടെ സഭകളിൽനിന്നു പുറത്താക്കപ്പെട്ടവരായിരുന്നു അവരെല്ലാം. അവർ ഓരോരുത്തരും റോമിലെ മെത്രാനായിരുന്ന ജൂലിയസിൻെറ പക്കൽ തങ്ങളുടെ പരാതികൾ സമർപ്പിച്ചു. ജൂലിയസാകട്ടെ, റോമാസഭയുടെ പ്രത്യേകാനുകൂല്യം അടിസ്ഥാനമാക്കി പ്രത്യേകം ശിപാർശക്കത്തുകൾ നൽകി ധൈര്യപ്പെടുത്തി അവർ ഓരോരുത്തരെയും അവരവരുടെ നഗരങ്ങളിലേയ്ക്കു തിരിച്ചയച്ചു. അവർക്കു് അവരുടെ രൂപതകൾ തിരികെ നൽകി. അവരെ സ്ഥാനഭ്രഷ്ടരാക്കിയ ആളുകളെ ശക്തിയായി കുററപ്പെടുത്തുകയും ചെയ്തിരുന്നു. ജൂലിയസ് മെത്രാൻെറ ഒപ്പിൻെറ ബലത്തിൽ മെത്രാന്മാർ റോമിൽനിന്നു് തിരികെ പോയി തങ്ങളുടെ സഭകൾ വീണ്ടും അധീനമാക്കുകയും കത്തുകൾ ആരെ സംബോധന ചെയ്തുള്ളവയായിരുന്നോ അവർക്കു നൽകുകയും ചെയ്തു. ജൂലിയസിൻെറ കത്തുകൾ മൂലം തങ്ങൾ അധിക്ഷിപ്തരായി എന്നു കരുതിയ അവരാകട്ടെ, ഒരു കൗൺസിലായി അന്ത്യോക്യയിൽ സമ്മേളിച്ചു് സിനഡിൻെറ ഏകകണ്ഠമായ വികാരപ്രകടനം എന്ന നിലയ്ക്കു് ജൂലിയ

11. റോമിൽ.

www.malankaralibrary.com



സിനു നൽകാൻ ഒരു മറുപടിക്കത്തു തയാറാക്കി. തങ്ങളുടെ സഭകളിൽനിന്നു് ആരെയെങ്കിലും പുറത്താക്കാൻ അവർ തീരുമാനിക്കുകയാണെങ്കിൽ ആ വിഷയത്തിൽ ഇടപെടുക എന്നതു് അദ്ദേഹത്തിൻെറ അധികാരപരിധിയിൽപെട്ട കാര്യമല്ല എന്നു് അവർ വ്യക്തമാക്കി. നൊവാത്തുസിനെ സഭയിൽനിന്നു ബഹിഷ്കരിച്ച സന്ദർഭത്തിൽ തങ്ങൾ ജൂലിയസിനെ എതിർത്തില്ല എന്ന വസ്തുതയും അവർ കത്തിൽ ചൂണ്ടിക്കാണിച്ചിരുന്നു. ഈ കാര്യങ്ങൾ പൗരസ്ത്യസഭയിലെ മെത്രാന്മാർ റോമൻ മെത്രാനായ ജൂലിയസിനെ അറിയിച്ചു.

അത്തനാസ്യോസ് അലക്സാന്ത്രിയയിൽ പ്രവേശിച്ചപ്പോൾ ആര്യനായ ജോർജ്ജിൻെറ പക്ഷക്കാരായ ജനങ്ങൾ വലിയ കലാപം ഉണ്ടാക്കി. അതിൻെറ ഫലമായി അനേകം ആളുകൾ കൊല്ലപ്പെട്ടു എന്നു പറയപ്പെടുന്നു. ഈ കഴപ്പങ്ങൾക്കു മുഴുവൻ പൂർണ്ണ ഉത്തരവാദി അത്തനാസ്യോസാണ് എന്നു് ആര്യൻ പക്ഷക്കാർ പറയുന്നതുകൊണ്ടു് ആ വിഷയത്തെക്കുറിച്ചു ചില കാര്യങ്ങൾ ഇവിടെ പറയേണ്ടിയിരിക്കുന്നു. കാര്യങ്ങളുടെ യഥാർത്ഥമായ അവസ്ഥയെന്തെന്നു ദൈവത്തിനു മാത്രമേ അറിയാവൂ. എന്നാൽ ജനങ്ങൾ അന്ധമായി പക്ഷം പിടിച്ചു പെരുമാറുന്നതു മൂലമാണ് ഇത്തരം ദുരദൃഷ്ടങ്ങൾ സാധാരണ സംഭവിക്കാറുള്ളതെന്നു് അല്പമെങ്കിലും പരിചയസമ്പത്തുള്ള ആക്കും അറിയാവുന്നതാണ്. അതിനാൽ എല്ലാ കുററവും അത്തനാസ്യോസിൻെറ മേൽ കെട്ടിവയ്ക്കാൻ ശ്രമിക്കുന്നവരുടെ, പ്രത്യേകിച്ചും മാസിഡോണിയൻ പാഷണ്ഡരുടെ പക്ഷത്തുള്ള മെത്രാനായ സബീനൂസിൻെറ, ശ്രമം നിരർത്ഥകമാണ്. അത്തനാസ്യോസും, അത്തനാസ്യോസിനെ പ്രതി കൂടിയിട്ടുള്ള സിനഡുകളിൽ ഈ കാര്യങ്ങളെപ്രതി ഉന്നയിക്കപ്പെട്ടിട്ടുള്ള നിരവധി പരാധികൾ ഓർത്താൽ 'ഹോമോ ഉസിയോസ്' (ഒരേസത്ത) വിശ്വാസം പുലത്തുന്ന മററുള്ളവരും, ആര്യൻമാരിൽനിന്നു സഹിച്ചിട്ടുള്ള പീഡനങ്ങളുടെ എണ്ണവും വലിപ്പവും പരിഗണിക്കുകയാണെങ്കിൽ മാസിഡോണിയസ് കുററക്കാരനാണെന്നു് സബീനൂസിനറിയാം. എന്നാൽ അയാളുടെ പാതകങ്ങൾ എല്ലാ രീതിയിലും മറച്ചുവയ്ക്കാൻ ആഗ്രഹിച്ചില്ലായെങ്കിൽ അഥവാ പാഷണ്ഡിപ്രമുഖനായ മാസിഡോണിയസ് സഭകളിലുടനീളം ചെയ്ത ഉപദ്രവങ്ങൾ കണക്കാക്കുകയാണെങ്കിൽ അയാൾ ഈ വിധമൊന്നും പറയുകയില്ലായിരുന്നു. അഥവാ പറയാൻ നിർബന്ധിതനായാൽ ഭർത്സനങ്ങൾക്കു പകരം കൂടുതൽ മൃദുവായ വചനങ്ങൾ ഉപയോഗിക്കുമായിരുന്നു. എന്നാൽ മേല്പറഞ്ഞവയെപ്പററി മനപ്പൂർവ്വം കണ്ണടച്ചിട്ടു് അയാൾ കാര്യങ്ങൾ തെററായ രീതിയിൽ

www.malankaralibrary.com



അവതരിപ്പിക്കുകയാണ്. ഈ പാഷണ്ഡിപ്രമുഖനെപ്പററി അയാൾ ഒരക്ഷരം മിണ്ടുന്നില്ല. അയാൾക്ക് ആര്യൻ വിശ്വാസങ്ങളോട് യാതൊരനുഭാവവുമില്ലാതിരുന്നിട്ടും ആര്യർക്ക ദോഷകരമായി അയാൾ ഒരു വാക്കുപോലും രേഖപ്പെടുത്തിയിട്ടില്ല എന്നതാണ് കൂടുതൽ വിചിത്രമായിരിക്കുന്നതു്; മാസിഡോണിയസിൻെറ മെത്രാഭിഷേകത്തെക്കുറിച്ചും അയാൾ ഒന്നും പറയുന്നില്ല. അയാളുടെ പാഷണ്ഡതാവീക്ഷണങ്ങൾ ഇയാൾ സ്വീകരിച്ചിട്ടുണ്ട്. — പറഞ്ഞിരുന്നെങ്കിൽ ആ അവസരം വ്യക്തമായി വെളിപ്പെട്ട അയാളുടെ അഭക്തകർമ്മങ്ങളെപ്പററിയും അവശ്യാവശ്യം അയാൾ സൂചിപ്പിക്കുമായിരുന്നു. ഇതേപ്പററി ഇത്രയും മതി.

## അധ്യായം 16

# കോൺസ്റ്റാൻസ്യൂസ് മാസിഡോണിയസിനെ സഹായിക്കുന്നു

അക്കാലത്തു് കോൺസ്റ്റാൻസ്യസ് ചക്രവത്തി അന്ത്യോക്യാ ആസ്ഥാനമാക്കി ഭരണം നടത്തിയിരുന്നു. പൗലോസ് വീണ്ടും മെത്രാസനം കൈവശപ്പെടുത്തിയെന്നറിഞ്ഞപ്പോൾ ചക്രവത്തി അത്യന്തം കോപാധീനനായി. പൗലോസിനെ സഭയിൽ നിന്നു് നിഷ്ക്കാസനം ചെയ്യാനും തത്സ്ഥാനത്തു മാസിഡോണിയസ്സിനെ പ്രതിഷ്ഠിക്കാനും ഫിലിപ്പ് എന്ന പ്രത്തോറിയൻ പ്രീഫെക്ടിനു് അയാൾ എഴുതി. പ്രോവിൻസുകളിലെ മററു് ഗവർണ്ണർമാരെക്കാൾ ഉയർന്ന ഒരു പദവിയാണ് ഫിലിപ്പിനുണ്ടായിരുന്നതു്. ചക്രവർത്തി കഴിഞ്ഞാൽ സാമ്രാജ്യത്തിൽ ഏററവും ഉന്നതസ്ഥാനമുള്ളയാളായി അയാളെ ചക്രവത്തി അംഗീകരിച്ചിരുന്നു.

ജനങ്ങൾ ക്ഷോഭിച്ചിളകിയെങ്കിലോ എന്ന ഭയമുണ്ടായിരുന്ന പ്രീഫെക്ട് ഫിലിപ്പ് തന്ത്രപരമായി കാര്യം സാധിക്കാൻ ശ്രമിച്ചു. അതിനാൽ ചക്രവത്തിയുടെ കല്പന രഹസ്യമായി വച്ചുകൊണ്ടു് അയാൾ സെവുക്സിപ്പസ് എന്ന പൊതുസ്നാനസ്ഥലത്തെത്തി. ഏതോ പൊതുചടങ്ങിൽ സംബന്ധിക്കാനെന്ന നാട്യത്തിൽ വളരെ ബഹുമാനപൂർവ്വം പൗലോസിനു്

www.malankaralibrary.com



ആളയച്ചു. അവിടെ നടക്കാൻ പോകുന്ന ചടങ്ങിനു് അദ്ദേഹത്തിൻെറ സാന്നിദ്ധ്യം അപരിത്യാജ്യമാണെന്നാണ് അറിയിച്ചതു്. ഉടനെതന്നെ ചക്രവത്തിയുടെ കല്പന പ്രീഫെക്‌ററ് അദ്ദേഹത്തെ കാണിച്ചു. വിശദീകരണങ്ങരം ഒന്നും ആവശ്യപ്പെടാതെ തന്നെ പൗലോസ് കല്പന അനുസരിച്ചു. പൊതുജനങ്ങരം അക്രമത്തിലേയ്ക്കു തിരിയും എന്നു് ഫിലിപ്പിനു ഭയമുണ്ടായിരുന്നു. എന്താണു സംഭവിക്കുന്നതു് എന്നറിയാൻ വളരെ ജനങ്ങരം അവിടെ തടിച്ചുകൂടിയിരുന്നു. ആയിടെ നഗരത്തിൽ പരന്നിരുന്ന ചില കിംവദന്തികരം കാരണമാണ് ആരംക്കൂട്ടം ഉണ്ടായതു്. കുളിസ്ഥലത്തുനിന്നു് ചക്രവത്തിയുടെ കൊട്ടാരത്തിലേയ്ക്കു പോകാവുന്ന ഒരു വാതിൽ തുറപ്പിച്ചിട്ടു് പൗലോസിനെ ആ വഴി കൊണ്ടുപോകാൻ പ്രീഫെക്‌ററ് നിദ്ദേശം നൽകി. തയാറാക്കി നിത്തിയിരുന്ന ഒരു കപ്പലിൽ കയററി അദ്ദേഹത്തെ ഉടനെ അകലേയ്ക്കു കൊണ്ടുപോയി. മാസിഡോണിയായിലെ പ്രമുഖ നഗരമായ തെസ്സലോനിക്കായിലേയ്ക്കാണു് അദ്ദേഹം ആനയിക്കപ്പെട്ടതു്. അദ്ദേഹത്തിൻെറ പൂർവ്വികരുടെ ജന്മസ്ഥലം അതായിരുന്നു. ആ നഗരത്തിൽ വസിച്ചുകൊള്ളണം എന്ന നിർദ്ദേശം പൗലോസിനു നൽകപ്പെട്ടു. ഇല്ലിറിക്കം പ്രദേശത്തെ മററു നഗരങ്ങരം സന്ദർശിക്കാൻ അദ്ദേഹത്തിനു് അനുവാദമുണ്ടായിരുന്നു. എന്നാൽ സാമ്രാജ്യത്തിൻെറ പൗരസ്ത്യഭാഗങ്ങളിലേയ്ക്കു കടക്കരുതെന്ന കർശനമായ വിലക്കു നൽകപ്പെട്ടു. ഇപ്രകാരം തൻെറ പ്രതീക്ഷകരംക്കു വിരുദ്ധമായ വിധത്തിൽ പൗലോസ് തൻെറ സഭയിൽ നിന്നും നഗരത്തിൽ നിന്നും പുറത്തായി.

ഫ്രീഫെക്റ്റു് ഫിലിപ്പു് സ്നാനസങ്കേതത്തിൽ നിന്നു് നേരേ ദേവാലയത്തിലേയ്ക്കാണു പോയതു്. ഏതോ യന്ത്രത്താൽ വിക്ഷേപിക്കപ്പെട്ടു് അവിടെ എത്തിയതുപോലെ മാസിഡോണിയസും അവിടെ പ്രത്യക്ഷപ്പെട്ടു. അയാരം ഫ്രീഫെക്റ്റിനോടൊപ്പം ഒരേ രഥത്തിലിരുന്നാണു യാത്ര ചെയ്തതു്. ഊരിപ്പിടിച്ച വാളുമായി പട്ടാളക്കാർ അവക്കു ചുററും നീങ്ങി. അപ്രതീക്ഷിതമായ ഈ കാഴ്ചയാൽ കാണികളെല്ലാം ആശ്ചര്യചകിതരായിപ്പോയി. ആര്യൻപക്ഷക്കാരും ഹോമോഉസിയൻ (ഒരേ സത്ത) വിശ്വാസക്കാരും ഒരുമിച്ചു പള്ളിയിലേയ്ക്കു നീങ്ങി. പള്ളിയകത്തു് എങ്ങനെയും കടന്നുകൂടാനുള്ള തത്രപ്പാടിലായിരുന്നു എല്ലാവരും. പ്രീഫെക്‌ററും മാസിഡോണിയസും പള്ളിയുടെ സമീപം എത്തിയപ്പോരം യുക്തിവിരുദ്ധമായ ഒരു വെപ്രാളം ജനക്കൂട്ടത്തേയും പട്ടാളക്കാരെയും ഗ്രസിച്ചു. പ്രീഫെക്റ്റിനും മാസിഡോണിയസിനും അകത്തേക്കു കടക്കാൻ നിവൃത്തിയില്ലാത്ത വിധത്തിലുള്ള വലിയ ആരംത്തിക്കലായി

www.malankaralibrary.com



രുന്നു. പട്ടാളക്കാർ ജനങ്ങളെ ബലം പ്രയോഗിച്ചു തള്ളിമാററാൻ ശ്രമിച്ചു. പക്ഷേ ആളുകൾക്കു പിൻവാങ്ങാൻ ഇടമുണ്ടായിരുന്നില്ല. ആളുകൾ ചെറുത്തുനിൽക്കുകയാണെന്നും മനപ്പൂർവ്വം അവർ വഴി തടഞ്ഞിരിക്കയാണെന്നും പട്ടാളക്കാർക്കു തോന്നി. അവർ കോപാക്രാന്തരായി അവിടെ നിന്നവരെ വെട്ടിവീഴ്ത്തി. 3150 ഓളം ആളുകൾ അങ്ങനെ അവിടെ വച്ചു കൊലചെയ്യപ്പെട്ടുവെന്നാണു കണക്ക്. അവരിൽ ഭൂരിഭാഗവും പട്ടാളക്കാരുടെ വെട്ടേററു മരിച്ചവരാണ്. പരിഭ്രാന്തരായ ജനക്കൂട്ടത്തിൻെറ പലായനത്തിൽ ചവിട്ടേററു മരിച്ചവരാണ് ബാക്കിയുള്ളവർ. ഈ ''എടുത്തു പറയപ്പെട്ട നേട്ടങ്ങൾക്കു'' ശേഷം പ്രീഫെക്ട് മാസിഡോണിയസിനെ സിംഹാസനത്തിൽ ഉപവിഷ്ടനാക്കി. ഈ കലഹത്തിനു കാരണം താനല്ല, നടന്ന ഹീനകൃത്യത്തിൽ താൻ കുററമററവനാണ് എന്നായിരുന്നു മാസിഡോണിയസിൻെറ ഭാവം. വൈദികാധികാരികൾ ചെയ്യേണ്ട പ്രവൃത്തിയാണ് ഇവിടെ പ്രീഫെക്ട് ചെയ്തത്. ഇപ്രകാരം അനേകം കൊലപാതകങ്ങളുടെ സഹായത്തോടു കൂടെ മാസിഡോണിയസും ആര്യൻ പക്ഷക്കാരും സഭയിൽ മുൻതൂക്കം നേടി.

ഏതാണ്ട് ഈ കാലത്താണ് ചക്രവർത്തി സോഫിയാ എന്ന വലിയ ദേവാലയത്തിൻെറ പണി പൂർത്തിയാക്കിയത്. ഇരേനേ എന്ന ദേവാലയത്തിൻെറ സമീപത്തായിരുന്നു അത്. ഇരേനേ ആദ്യം വളരെ ചെറിയ പള്ളിയായിരുന്നു. കോൺസ്റ്റൻൈറൻ ചക്രവർത്തി അതു വലുതാക്കുകയും അലങ്കരിക്കുകയും ചെയ്തു. ഈ പുസ്തകം എഴുതപ്പെടുന്ന കാലത്ത് അവ രണ്ടും ഒരേ മതിൽക്കെട്ടിനകത്തു തന്നെ നിൽക്കുന്നു. രണ്ടിൻെറയും പേരും ഒന്നു തന്നെ.

## അധ്യായം 17

## അത്തനാസ്യോസ് റോമിലേയ്ക്ക്

ഈ കാലത്ത് ആര്യൻ പക്ഷക്കാർ അത്തനാസ്യോസിനെ സംബന്ധിച്ച് മറെറാരു കുററാരോപണം കെട്ടിച്ചമച്ചു. കോൺസ്റ്റൻറയിൻ ചക്രവർത്തി അലക്സാൺഡ്രിയായിലെ സഭയ്ക്ക് നിശ്ചിത അളവു ധാന്യം സൗജന്യമായി കൊടുക്കാൻ ഏർപ്പാടു ചെയ്തിരുന്നു. പാവങ്ങൾക്കു വിതരണം ചെയ്യാൻ വേണ്ടി

www.malankaralibrary.com



ആയിരുന്നു ഇതു്. ഈ ധാന്യം വിററ് അത്തനാസ്യോസ് അതിൻെറ പണം തട്ടിയെടുത്തിരുന്നു എന്നായിരുന്നു ആര്യൻ പക്ഷക്കാരുണ്ടാക്കിയ ദുരാരോപണം. ചക്രവത്തി ഈ ആരോപണം നേരാണെന്നു വിശ്വസിച്ചിട്ട് അത്തനാസ്യോസിനു വധശിക്ഷ നല്കുമെന്നു ഭീഷണിപ്പെടുത്തി. അത്തനാസ്യോസ് ഈ വിവരമറിഞ്ഞു പലായനം ചെയ്യുകയും ഒരു ഒളിസങ്കേതത്തിൽ പാർപ്പുറപ്പിക്കുകയും ചെയ്തു. അത്തനാസ്യോസിനെതിരെ ആര്യർ കെട്ടിച്ചമച്ച പുതിയ ഗൂഢതന്ത്രങ്ങൾ ഗ്രഹിച്ച റോമാമെത്രാൻ ജൂലിയസ്, അത്തനാസ്യോസിൻെറ ഒളിസങ്കേതം എവിടെയാണെന്നു് അന്വേഷിച്ചറിഞ്ഞതിനുശേഷം, പീഡിപ്പിക്കപ്പെട്ട അദ്ദേഹത്തെ റോമിലേയ്ക്കു ക്ഷണിച്ചു. അപ്പോഴേയ്ക്കും ദിവംഗതനായിക്കഴിഞ്ഞിരുന്ന എവുസേബിയസിൻെറ ഒരു കത്തും ജൂലിയസിനു ലഭിച്ചിരുന്നു. അന്ത്യോക്യയിൽ സമ്മേളിച്ചു പിരിഞ്ഞ മെത്രാന്മാരുടെ കത്തും ഈ സമയമായപ്പൊഴേയ്ക്കും ജൂലിയസിനു ലഭിച്ചിരുന്നു. അത്തനാസ്യോസിൻെറ പേരിലുള്ള ആരോപണങ്ങൾ കെട്ടിച്ചമച്ച കഥകളാണെന്നു വ്യക്തമാക്കിക്കൊണ്ടു് ഈജിപ്തിലെ മെത്രാന്മാർ അയച്ച കത്തുകളും അദ്ദേഹത്തിനു കിട്ടി.

അന്ത്യോക്യയിൽ സമ്മേളിച്ച മെത്രാന്മാരുടെ കത്തുകൾക്കുള്ള മറുപടി ജൂലിയസ് ആദ്യമേ നൽകി. അവരുടെ കത്തിലെ പരുഷമായ ഭാഷയെത്തന്നെ ആദ്യമായി അദ്ദേഹം കുററപ്പെടുത്തി. കൗൺസിലിൽ അവർ തൻെറ സാന്നിദ്ധ്യം ആവശ്യപ്പെടാതിരുന്നതു സഭാനിയമങ്ങളുടെ ലംഘനമാണെന്നു് അദ്ദേഹം ചൂണ്ടിക്കാണിച്ചു. റോമാമെത്രാൻെറ അഭിപ്രായത്തിനു വിപരീതമായ യാതൊരു തീരുമാനവും സഭകൾ സ്വീകരിക്കാൻ പാടില്ല എന്ന സഭാനിയമം അനുശാസിക്കുന്ന കാര്യം അദ്ദേഹം അനുസ്മരിപ്പിച്ചു. തുടർന്നു്, സഭയുടെ വിശ്വാസങ്ങൾക്കു തുരങ്കം വയ്ക്കാൻ അവർ നടത്തിയ ഗൂഢശ്രമങ്ങളെ വളരെ രൂക്ഷമായ ഭാഷയിൽ അദ്ദേഹം കുററപ്പെടുത്തി. മരെയോട്ടിസിൽ നടന്ന സംഭവങ്ങളെക്കുറിച്ചു് അവർ നടത്തിയ അന്വേഷണം ഏകപക്ഷീയമായിരുന്നതിനാൽ ടയറിൽ ചേർന്ന അവരുടെ സമ്മേളനത്തിൻെറ നടപടികൾ വഞ്ചനാപരമായിരുന്നുവെന്നു് അദ്ദേഹം ചൂണ്ടിക്കാട്ടി. കൂടാതെ, അർസേനിയൂസിനെ സംബന്ധിച്ചുണ്ടായ കുററാരോപണങ്ങളെല്ലാം തീർത്തും അടിസ്ഥാനരഹിതമാണെന്നു തെളിഞ്ഞ കാര്യവും അദ്ദേഹം എടുത്തുപറഞ്ഞു. ഇതുപോലുള്ള പല ആശയങ്ങളും ജൂലിയസിൻെറ കത്തിലുണ്ടായിരുന്നു. ഇവയും ജൂലിയസിനയച്ച മററു കത്തുകളും ഗ്രന്ഥദൈർഘ്യം ഭയന്നു് ഇവിടെ ഉദ്ധരിക്കുന്നില്ല. മാസിഡോണിയൻ പാഷണ്ഡതയുടെ വക്താവായ സബീനൂസ്

www.malankaralibrary.com



തൻെറ *സിനഡൽ നടപടികളുടെ സമാഹാരത്തിൽ*[12] ജൂലിയസിൻെറ കത്തുകരം ഉരംപ്പെടുത്തിയിട്ടില്ല. അന്ത്യോക്യയിൽ സമ്മേളിച്ച മെത്രാന്മാർ ജൂലിയസിനയച്ച കത്തു് ഉരംപ്പെടുത്തിയിട്ടുണ്ടുതാനം. ഇതു് അയാളുടെ രീതിയാണ്. ഹോമോഉസിയൻ (ഒരേസത്ത) വിശ്വാസത്തിനെതിരായ കത്തുകരം ഉരംപ്പെടുത്താനം അനുകൂലമായവ ഉരംപ്പെടുത്താതിരിക്കാനം അയാരം എപ്പോഴും ശ്രദ്ധിച്ചിട്ടുണ്ടു്. ഈ വീക്ഷണത്തെപ്പററി ഇത്രയും മതി. അധികം താമസിയാതെ പൗലോസ് തെസ്സലോനിക്കയിൽനിന്നു കോരിന്തിലേക്കു് ഒരു യാത്ര പോവുകയാണെന്ന വ്യാജേന ഇററലിയിലെത്തി. അദ്ദേഹവും അത്തനാസ്യോസും ചേർന്നു് അവിടത്തെ ചക്രവർത്തിയുടെ പക്കൽ പരാതികരം സമർപ്പിച്ചു.

## അധ്യായം 18

# കിഴക്കുനിന്നുള്ള മെത്രാന്മാർ

പടിഞ്ഞാറൻ സാമ്രാജ്യവിഭാഗത്തിൻെറ ചക്രവത്തിക്കു് പൗലോസിൻെറയും അത്തനാസ്യോസിൻെറയും അനുഭവങ്ങരം കേട്ടപ്പോരം സഹതാപം തോന്നി. അവരെ സ്ഥാനഭ്രഷ്ടരാക്കാനുള്ള സാഹചര്യം വിശദീകരിക്കാൻ പ്രാപ്തരായ മൂന്നു മെത്രാന്മാരെ തൻെറ പക്കലേയ്ക്കു് അയയ്ക്കണം എന്നാവശ്യപ്പെട്ടുകൊണ്ടു് അദ്ദേഹം തൻെറ സഹോദരനായ കോൺസ്ററാൻസ്യൂസിനു് എഴുതി. ആ അഭ്യർത്ഥനയനുസരിച്ചു് സിലീഷ്യായിലെ നർചീസൂസ്, ത്രേസിലെ തിയഡോർ,കൽക്കദോനിയായിലെ മാരിസ്, സിറിയയിലെ മർക്കോസു് എന്നിവരെ കോൺസ്റ്റാൻസ്യൂസ് തൻെറ സഹോദരൻെറ പക്കലേക്കയച്ചു. അവർ വന്നിട്ടു് അത്തനാസ്യോസിനോടോ അദ്ദേഹത്തിൻെറ സുഹൃത്തുക്കളോടോ എന്തെങ്കിലും സംസാരിക്കാൻ തയാറായില്ല. അവർ അന്ത്യോക്യയിൽ രൂപീകൃതമായ വിശ്വാസപ്രമാണം മറച്ചുവച്ചുകൊണ്ടു്, താഴെ കാണുംവിധം ഒരു വിശ്വാസപ്രമാണം തയാറാക്കി കോൺസ്റ്റൻസു് ചക്രവത്തിക്കു സമർപ്പിച്ചു.

---

12. Collection of Synodical Transactions

www.malankaralibrary.com



## ഒരു വിശ്വാസപ്രമാണം

'സർവശക്തനായ പിതാവും എല്ലാവസ്തുക്കളുടെയും സ്രഷ്ടാവും നിർമാതാവുമായ ഏക ദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു. അവനിൽ നിന്നാണ് ആകാശത്തിലും ഭൂമിയിലുമുള്ള ഓരോ കുടുംബവും പേർ വിളിക്കപ്പെടുന്നത്. തൻെറ ഏകജാതനായ നമ്മുടെ കർത്താവീശോമിശിഹായിലും വിശ്വസിക്കുന്നു. അവിടുന്ന് എല്ലായുഗങ്ങൾക്കും മുമ്പേ പിതാവിൽനിന്നു ജനിച്ചവനും ദൈവത്തിൽ നിന്നുള്ള ദൈവവും പ്രകാശത്തിൽ നിന്നുള്ള പ്രകാശവും ആകുന്നു. ആകാശത്തിലും ഭൂമിയിലുമുള്ള ദൃശ്യാദൃശ്യവസ്തുക്കളെല്ലാം അവനിലൂടെ യാഥാർത്ഥ്യത്തിലെത്തിച്ചേർന്നു. അവൻ വചനവും വിജ്ഞാനവും ശക്തിയും ജീവനും സത്യപ്രകാശവുമാണ്; അവിടുന്ന് നമുക്കുവേണ്ടി അവസാന നാളുകളിൽ മനുഷ്യനായി, വിശുദ്ധ കന്യകയിൽനിന്നു ജനിച്ചു. അവൻ ക്രൂശിക്കപ്പെട്ടു, മരിച്ചു, സംസ്ക്കരിക്കപ്പെട്ടു, മൂന്നാം ദിവസം മരിച്ചവരിൽ നിന്നുയിർത്തു. സ്വർഗത്തിലേക്കെടുക്കപ്പെട്ടു, പിതാവിൻെറ വലത്തുഭാഗത്തിരിക്കുന്നു. ജീവനുള്ളവരെയും മരിച്ചവരെയും വിധിക്കാനും ഓരോരുത്തരുടെയും പ്രവൃത്തിക്കു തക്കവണ്ണം പ്രതിഫലം നൽകാനും യുഗാന്ത്യത്തിൽ വരും. അവിടുത്തെ രാജ്യം നിത്യവും യുഗങ്ങളോളം നിലനിൽക്കുന്നതുമാണ്. കാരണം, അവിടുന്ന് ഈ യുഗത്തിൽ മാത്രമല്ല, വരാനിരിക്കുന്ന യുഗത്തിലും പിതാവിൻെറ വലത്തുഭാഗത്ത് ഉപവിഷ്ടനായിരിക്കും. ആശ്വാസപ്രദനായ പരിശുദ്ധാത്മാവിലും (വിശ്വസിക്കുന്നു). എല്ലാ കാര്യങ്ങളും പഠിപ്പിക്കാനും അനുസ്മരിപ്പിക്കാനും, കർത്താവ് വാഗ്ദാനം ചെയ്തതുപോലെ താൻ സ്വർഗത്തിലേക്ക് എടുക്കപ്പെട്ടശേഷം ശ്ലീഹന്മാരുടെമേൽ പരിശുദ്ധാത്മാവിനെ അയച്ചു. തന്നിൽ ആത്മാർത്ഥമായി വിശ്വസിക്കുന്ന ആത്മാക്കൾ അവൻ വഴി പവിത്രീകരിക്കപ്പെടുന്നു. 'പുത്രൻ ഇല്ലായ്മയിൽ നിന്നാണ്, ദൈവത്തിൽ നിന്നല്ല, മറെറാരു സത്തയിൽ നിന്നാണ്, അവൻ ഇല്ലാതിരുന്ന ഒരു സമയം ഉണ്ടായിരുന്നു' എന്നു് പറയുന്നവരെ കത്തോലിക്കാസഭ അന്യരായി കരുതുന്നു.'

പ്രതിനിധികളായി വന്ന മെത്രാന്മാർ ഈ വിശ്വാസപ്രമാണം പലയാളുകളെയും കാണിച്ചശേഷം ചക്രവർത്തിക്കു സമർപ്പിച്ചിട്ട് മറെറാന്നും ചെയ്യാതെ തിരികെപോയി. പൗരസ്ത്യസഭകളും പാശ്ചാത്യസഭകളും തമ്മിൽ വിച്ഛേദിക്കാനാവാത്ത സംസർഗ്ഗമുണ്ടായിരുന്നു. ഇല്ലിരിക്കമിലെ സിർമിയം എന്ന സ്ഥലത്ത് പുതിയ ഒരു പാഷണ്ഡത രൂപമെടുത്തു. ആ പ്രദേശത്തെ സഭകളുടെ അദ്ധ്യക്ഷനായ ഫൊത്തീനൂസായിരുന്നു ഈ

www.malankaralibrary.com



പാഷണ്ഡതയുടെ പ്രണേതാവ്. ഗലാത്തിയാ മൈനർ ദേശക്കാരനും, സ്ഥാനഭ്രഷ്ടനായ മർസെല്ലൂസിൻെറ ശിഷ്യനുമായിരുന്ന ഇയാൾ തൻെറ ഗുരുവിൻെറ അഭിപ്രായങ്ങളെ പിൻതുടർന്നുകൊണ്ടു് ദൈവപുത്രൻ വെറുമൊരു മനുഷ്യനായിരുന്നുവെന്നു പഠിപ്പിച്ചു തുടങ്ങി. ഈ വിഷയത്തെക്കുറിച്ചു വിശദമായി പിന്നീട് പ്രതിപാദിക്കാം.

## അധ്യായം 19

## നീണ്ട വിശ്വാസപ്രമാണം[13]

മുകളിൽ രേഖപ്പെടുത്തിയ സംഭവങ്ങൾ കഴിഞ്ഞു് ഏതാണ്ടു മൂന്നു വർഷത്തിനുശേഷം പൗരസ്ത്യമെത്രാന്മാർ വീണ്ടും സിനഡുകൂടി. അവർ മറെറാരു രൂപത്തിലുള്ള വിശ്വാസപ്രമാണം എഴുതിയുണ്ടാക്കി. അന്നു ജർമ്മനീഷ്യായിൽ മെത്രാനായിരുന്ന എവുഡോക്സിയുസ്, മർതീരിയുസ്, മോപ്സുവെസ്ത്യായിൽ മെത്രാനായിരുന്ന മാസിഡോണിയസ് എന്നിവർ വശം ഈ വിശ്വാസപ്രമാണം ഇററലിയിലെ മെത്രാന്മാരുടെ പക്കൽ എത്തിച്ചു. മുൻ വിശ്വാസപ്രമാണങ്ങളോടുകൂടി നിരവധി കാര്യങ്ങൾ കൂട്ടിച്ചേർക്കപ്പെട്ടതാണ് കൂടുതൽ ദീർഘമായി എഴുതപ്പെട്ട ഈ വിശ്വാസപ്രമാണം. പ്രസ്തുത വിശ്വാസപ്രമാണം താഴെ ചേർക്കുന്നു:

''സർവ്വശക്തനായ പിതാവും എല്ലാ വസ്തുക്കളുടെയും സ്രഷ്ടാവും നിർമ്മാതാവുമായ ഏക ദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു. അവനിൽനിന്നാണ് ആകാശത്തിലും ഭൂമിയിലുമുള്ള എല്ലാ പിതൃത്വവും പേർവിളിക്കപ്പെടുന്നതു്. തൻെറ ഏകജാതനായ നമ്മുടെ കർത്താവീശോമിശിഹായിലും വിശ്വസിക്കുന്നു. അവിടുന്നു് എല്ലാ യുഗങ്ങൾക്കും മുമ്പ് പിതാവിൽ നിന്നു ജനിച്ചവനും ദൈവത്തിൽനിന്നുള്ള ദൈവവും പ്രകാശത്തിൽനിന്നുള്ള പ്രകാശവുമാകുന്നു. ആകാശത്തിലും ഭൂമിയിലുമുള്ള ദൃശ്യാദൃശ്യവസ്തുക്കളെല്ലാം അവനിലൂടെ യാഥാർത്ഥ്യത്തിലെത്തിച്ചേർന്നു. അവൻ വചനവും വിജ്ഞാനവും ശക്തിയും ജീവനും

13. Ecthesis Macrostichos (long lined Creed): അത്തനാസ്യോസ്, ദെ സിനൊദിസ്, 26.

www.malankaralibrary.com



സത്യപ്രകാശവുമാകുന്നു. അവിടുന്നു നമുക്കുവേണ്ടി അവസാന നാളുകളിൽ മനുഷ്യനായി, വിശുദ്ധ കന്യകയിൽനിന്നു പിറന്നു. അവൻ ക്രൂശിക്കപ്പെട്ടു, മരിച്ചു, സംസ്കരിക്കപ്പെട്ടു, മൂന്നാം ദിവസം മരിച്ചവരിൽനിന്ന് ഉയിർത്തു, സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടു. പിതാവിന്റെ വലത്തുഭാഗത്ത് ഇരിക്കുന്നു. യുഗങ്ങളുടെ അവസാനത്തിൽ ജീവനുള്ളവരെയും മരിച്ചവരെയും വിധിക്കുന്നതിനും ഓരോരുത്തരുടെയും പ്രവൃത്തിക്കു തക്കവണ്ണം പ്രതിഫലം നൽകുന്നതിനുമായി അവിടുന്ന് യുഗാന്ത്യത്തിൽ വരും. അവിടുത്തെ രാജ്യം നിത്യവും യുഗങ്ങളോളം നിലനിൽക്കുന്നതുമാണ്. കാരണം അവിടുന്ന് ഈ യുഗത്തിൽ മാത്രമല്ല വരാനിരിക്കുന്ന യുഗത്തിലും പിതാവിന്റെ വലത്തുഭാഗത്ത് ഉപവിഷ്ടനായിരിക്കും. ആശ്വാസപ്രദനായ പരിശുദ്ധാത്മാവിലും വിശ്വസിക്കുന്നു. എല്ലാ കാര്യങ്ങളും പഠിപ്പിക്കാനും അനുസ്മരിപ്പിക്കാനും, കർത്താവു വാഗ്ദാനം ചെയ്തതുപോലെ, താൻ സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടശേഷം ശ്ലീഹന്മാരുടെമേൽ പരിശുദ്ധാത്മാവിനെ അയച്ചു. തന്നിൽ ആത്മാർത്ഥമായി വിശ്വസിക്കുന്ന ആത്മാക്കൾ അവൻ വഴി പവിത്രീകരിക്കപ്പെടുന്നു. എന്നാൽ, 'പുത്രൻ ഇല്ലായ്മയിൽനിന്നാണ്, ദൈവത്തിൽനിന്നല്ല, മറ്റൊരു സത്തയിൽനിന്നാണ്, അവൻ ഇല്ലാതിരുന്ന ഒരു സമയം ഉണ്ടായിരുന്നു' എന്നു പറയുന്നവരെ കത്തോലിക്കാസഭ അന്യരായി കരുതുന്നു.[14] അതുപോലെ മൂന്നു ദൈവങ്ങളുണ്ടെന്നോ, ക്രിസ്തു എല്ലാ യുഗങ്ങൾക്കും മുമ്പു ദൈവമല്ലെന്നോ, അവിടുന്ന് ക്രിസ്തു അല്ലെന്നോ, ദൈവപുത്രനല്ലെന്നോ, പിതാവും പുത്രനും പരിശുദ്ധാത്മാവും ഒറ്റയാളാണെന്നോ, പുത്രൻ ജനിപ്പിക്കപ്പെട്ടതല്ലെന്നോ, പിതാവ് സ്വന്തം മനസ്സാലും ഇച്ഛയാലും പുത്രനെ ജനിപ്പിച്ചതല്ലെന്നോ പറയുന്നവരെയും വിശുദ്ധ കത്തോലിക്കാസഭ ശപിക്കുന്നു. അതുപോലെ, ഇല്ലായ്മയിൽനിന്നാണ് പുത്രന്റെ അസ്തിത്വം എന്നു പറയുന്നതും സുരക്ഷിതമല്ല; കാരണം ദൈവിക പ്രചോദിത ലിഖിതങ്ങളിലെങ്ങും അങ്ങനെയൊരു പരാമർശമില്ല. പിതാവിൽ നിന്നല്ലാതെ മുൻഅസ്തിത്വമുള്ള മറ്റെന്തിലെങ്കിലും നിന്നാണ് പുത്രന്റെ അസ്തിത്വം എന്ന് നാം പ്രബോധിപ്പിക്കപ്പെട്ടിട്ടില്ല. പിന്നെയോ അവിടുന്നു ദൈവത്തിൽനിന്നു മാത്രമാണ് ജനിച്ചത്. ക്രിസ്തുവിന്റെ പിതാവെന്ന ആരംഭമില്ലാത്തതും ജനിപ്പിക്കപ്പെടാത്തതുമായ ഏക തത്ത്വമാണുള്ളത് എന്നത്രേ ദൈവികവചനം പഠിപ്പിക്കുന്നത്. 'അവൻ ഇല്ലാ

14. ഇതുവരെയുള്ളഭാഗം അന്ത്യോക്യയിലെ നാലാം വിശ്വാസപ്രമാണത്തിൽനിന്നാണ്.

www.malankaralibrary.com



തിരുന്ന ഒരു സമയം ഉണ്ടായിരുന്നു' എന്നു് വിശുദ്ധ ലിഖിതങ്ങളുടെ പിൻബലമില്ലാതെ ധിക്കാരപൂർവ്വം പറയുന്നവർ ഏതെങ്കിലും മുൻസമയപരിധി ഉണ്ടായിരുന്നു എന്ന മുൻവിധി വച്ചുപുലർത്തേണ്ടതില്ല. സമയത്തിനു മുൻപേ ദൈവം അവനെ ജനിപ്പിച്ചു. കാരണം കാലങ്ങളും യുഗങ്ങളും അവനിലൂടെ ഉണ്ടാക്കപ്പെട്ടു. എങ്കിലും പുത്രനും പിതാവിനെപ്പോലെ ആരംഭരഹിതനും ജനിക്കാത്തവനും ആണ് എന്നു് ചിന്തിക്കാൻ പാടില്ല; എന്തുകൊണ്ടെന്നാൽ, ആരംഭരഹിതനും ജനിക്കാത്തവനും ആയവനു തുല്യനായി ഒരു പിതാവില്ല. എന്നാൽ പിതാവുമാത്രം ആരംഭരഹിതനും അപരിമേയനുമാണെന്നു് നമുക്കറിയാമല്ലോ. പിതാവു് അവാച്യവും അപരിമേയവുമായ രീതിയിൽ ജനിപ്പിച്ചു; യുഗങ്ങൾക്കുമുൻപ് പുത്രൻ ജനിച്ചു. എന്നാൽ അവൻ പിതാവിനെപ്പോലെ ജനനവിഹീനനല്ല; പിന്നെയോ അവനു് ആരംഭമുണ്ടു്. അതായതു്, അവനെ ജനിപ്പിച്ച പിതാവു്; കാരണം ക്രിസ്തുവിൻെറ ശിരസ്സു് പിതാവാണ്''. തിരുലിഖിതങ്ങളനുസരിച്ചു് നാം മൂന്നു വസ്തുക്കളെ, അഥവാ ആളുകളെ – അതായതു് പിതാവു്, പുത്രൻ പരിശുദ്ധാത്മാവു് – അംഗീകരിക്കുന്നെങ്കിലും, അതുകൊണ്ടു് മൂന്നു ദൈവങ്ങളെ ഉണ്ടാക്കുന്നില്ല. തന്നിൽതന്നെ പൂർണ്ണനും, ജനനവിഹീനനും, ഉത്ഭവം ഇല്ലാത്തവനും അദൃശ്യനും ആയി ഏകദൈവം മാത്രമേ ഉള്ളുവെന്നു നമുക്കറിയാമല്ലോ. അവൻ ഏകജാതൻെറ പിതാവും ദൈവവുമാണ്. തന്നിൽനിന്നു തന്നെ അസ്തിത്വം ഉള്ളതു് അവനു മാത്രമാണ്. മററെല്ലാ വസ്തുക്കൾക്കും സമൃദ്ധമായി അസ്തിത്വം നല്കുന്നതു് അവിടുന്നാണ്.

ഏകജാതനായ നമ്മുടെ കർത്താവേശുമിശിഹായുടെ പിതാവായ ദൈവം എന്ന ഏകദൈവം മാത്രമേയുള്ളു എന്നു നാം പറയുമ്പോൾ, സാമസോട്ടക്കാരൻ പൗലോസിൻെറ അനുയായികളെപ്പോലെ 'യുഗങ്ങൾക്കു മുൻപ് ക്രിസ്തു ദൈവമാണ്'' എന്നതു് ഞങ്ങൾ നിഷേധിക്കുന്നില്ല. 'മനുഷ്യാവതാരത്തിനു ശേഷം മഹത്വീകരണം വഴി അവൻ ദൈവമാക്കപ്പെട്ടു; സ്വഭാവത്താലെ അവൻ വെറുമൊരു മനുഷ്യനായിരുന്നു' എന്നാണ് അവർ പറയുന്നതു്. അവൻ തൻെറ പിതാവും ദൈവവുമായവനു് കീഴ്പ്പെട്ടിരുന്നു എന്നു നമുക്കറിയാമല്ലൊ: എങ്കിലും അവൻ ദൈവത്തിൽ നിന്നു ജനിച്ചവനാണ്; സ്വഭാവത്താലെ അവൻ സത്യദൈവവും പൂർണ(ദൈവവും) ആണ്; മനുഷ്യനിൽ നിന്നു് പിന്നീട് ദൈവമാക്കപ്പെട്ടവനല്ല. നമ്മെ പ്രതി ദൈവത്തിൽ നിന്നു മനുഷ്യനാക്കപ്പെട്ടവനാണ്. അവൻ ഒരിക്കലും ദൈവം അല്ലാതിരുന്നിട്ടില്ല. കൂടാതെ, മനസ്സിൽ രൂപീകരിച്ച വചനമായോ, സംസാരിക്കപ്പെട്ട വചനമായോ, മററൊ

www.malankaralibrary.com



ന്നിൽ മാത്രം അസ്തിത്വമുള്ള ദൈവത്തിന്റെ വെറും സത്താപരമല്ലാത്ത വചനം എന്ന് അവനെ തെററായി വിളിക്കുന്ന വരെയും യുഗങ്ങൾക്കു മുൻപ് അവൻ ക്രിസ്തുവോ ദൈവപുത്രനോ, മധ്യസ്ഥനോ, ദൈവത്തിന്റെ ഛായയോ അല്ലെന്നും നാനൂറ് വർഷം മുൻപ് കന്യകയിൽ നിന്നു നമ്മുടെ ജഡമെടുത്തപ്പോൾ മുതലാണ് അവൻ ക്രിസ്തുവും ദൈവപുത്രനും ആയിത്തീർന്നത് എന്നും കരുതുന്നവരെയും ഞങ്ങൾ നിരാകരിക്കുകയും ശപിക്കുകയും ചെയ്യുന്നു. 'ആ സമയം മുതൽ ക്രിസ്തുവിന്റെ സാമ്രാജ്യത്തിന് ആരംഭമുണ്ടായി എന്നും എല്ലാററിന്റെയും അന്ത്യത്തിൽ, വിധിയോടുകൂടെ അതിനവസാനം ഉണ്ടാകും' എന്നും അവർ പറയുന്നു. അവർ അൻസീറോ-ഗലേഷ്യന്മാരായ മർസെല്ലൂസിന്റെയും ഫൊത്തീനുസിന്റെയും അനുഗാമികളാണ്. അവർ യഹൂദരെപ്പോലെ അവന്റെ പരമാധികാരം ഉറപ്പിക്കാനെന്ന ഭാവേന ക്രിസ്തുവിന്റെ നിത്യമായ അസ്തിത്വവും ദൈവത്വവും തന്റെ രാജ്യത്തിന്റെ നിത്യതയും മാററിവയ്ക്കുന്നു. മാനസ്സിക വിചാരത്താലോ സംസാരത്താലോ വെറുതെ ദൈവവചനമായിട്ടല്ല ഞങ്ങൾ അവനെ അറിയുന്നത്; പിന്നെയോ, സ്വയംസ്ഥിതനായ സജീവവചനം എന്ന ദൈവമായിട്ടും ദൈവപുത്രനായിട്ടും ക്രിസ്തുവായിട്ടും ആണ്. യുഗങ്ങൾക്കു മുൻപേ തന്റെ പിതാവിനോടൊത്ത് സ്ഥിതിചെയ്യുകയും വ്യാപരിക്കുകയും ദൃശ്യാദൃശ്യങ്ങളായ എല്ലാവസ്തുക്കളുടെയും സൃഷ്ടിയിൽ അവനു ശുശ്രൂഷ ചെയ്യുകയും ചെയ്തത്, തന്റെ സാന്നിദ്ധ്യം കൊണ്ടു മാത്രമല്ല, പിന്നെയോ അവൻ പിതാവിന്റെ സത്താപരമായ വാക്കും ദൈവത്തിൽ നിന്നുള്ള ദൈവവുമാകുന്നു എന്നതിനാൽ കൂടിയാണ്. ''നമുക്കു മനുഷ്യനെ നമ്മുടെ ഛായയിലും സാദൃശ്യത്തിലും ഉണ്ടാക്കാം'' എന്ന് അവനോടാണ് പിതാവു പറഞ്ഞത്. അവൻ തന്റെ സ്വന്തം ആളത്തത്തിൽ പിതാക്കന്മാർക്കു കാണപ്പെടുകയും നിയമം നൽകുകയും പ്രവാചകന്മാർ വഴി സംസാരിക്കുകയും ചെയ്തു. അവസാനം അവൻ മനുഷ്യനായി, മനുഷ്യക്കെല്ലാം തന്റെ പിതാവിനെ വെളിപ്പെടുത്തുകയും അവസാനിക്കാത്ത യുഗങ്ങളോളം ഭരണം നടത്തുകയും ചെയ്യുന്നു. ക്രിസ്തു പുതിയ മഹത്വമൊന്നും പ്രാപിച്ചില്ല; ആരംഭം മുതലേ അവൻ തന്റെ പിതാവിനെപ്പോലെ പൂർണ്ണനായിരുന്നു; എല്ലാ കാര്യങ്ങളിലും തന്റെ പിതാവിനു തുല്യനായിരുന്നു.

'പിതാവ്', പുത്രൻ, പരിശുദ്ധാത്മാവ് എന്നീ മൂന്നു നാമങ്ങൾ ഒരേ ഒരു വസ്തുവിനെയും ആളിനെയും കുറിക്കുന്നു' എന്നു ഭക്തിരഹിതമായി കരുതി ഒരാളാണ് മൂന്നും എന്നു പറയുന്നവരെ സഭയിൽനിന്ന് അവർക്കർഹമാംവിധം ഞങ്ങൾ പുറന്ത

www.malankaralibrary.com



ള്ളന്നു. കാരണം, അഗ്രാഹ്യനും സഹനാതീതനുമായ പിതാവിനെ മനുഷ്യാവതാരം വഴി അവർ ഗ്രഹണത്തിനും സഹനത്തിനും വിധേയനാക്കുന്നു. അത്തരക്കാരെ റോമാക്കാർ *പിതൃഘാതകർ* എന്നും (പാത്രിപാസ്സിയെൻസ്) നാം *സബെല്ലിയർ* എന്നും വിളിക്കുന്നു. കാരണം, പുത്രനെ അയച്ച പിതാവ് തന്റെ മാററമില്ലാത്ത ദൈവത്വത്തിന്റെ പ്രത്യേക പ്രകൃതിയിൽ നിലനിന്നു എന്നു നമുക്കറിയാമല്ലോ. എന്നാൽ അയയ്ക്കപ്പെട്ട ക്രിസ്തു മനുഷ്യാവതാരവ്യാപാരം പൂർത്തിയാക്കി. 'ക്രിസ്തു തന്റെ പിതാവിന്റെ ഇച്ഛയാലും തിരുഹിതപ്രകാരവും അല്ല' ജനിപ്പിക്കപ്പെട്ടതു് എന്നു് അഭക്തമായി പറയുന്നവരും ഇപ്രകാരമാണ്. തന്റെ തന്നെ സ്വതന്ത്രമായ തെരഞ്ഞെടുപ്പാൽ അല്ലാതെ, നിർബന്ധപൂർവം പിതാവ് പുത്രനെ ജനിപ്പിച്ചു എന്ന മട്ടിൽ സ്വേച്ഛയാ അല്ലാത്തുള്ള നിർബന്ധം അവർ ദൈവത്തിലാരോപിക്കുന്നു. ഇതു് ഏററം അഭക്തവും സത്യവിരുദ്ധവുമാണ്. കാരണം, ദൈവത്തെപ്പററിയുള്ള നമ്മുടെ സാധാരണ ധാരണയ്ക്കു നിരക്കാത്ത തരത്തിലും ദിവ്യപ്രചോദിതലിഖിതങ്ങളുടെ അർത്ഥത്തിനു വിരുദ്ധവുമായിട്ടാണ് അവർ ദൈവത്തെപ്പററി തെററിച്ചു പറയുന്നതു്. ദൈവം സ്വയാശ്രിതനും സ്വകർത്താവും ആണെന്നറിഞ്ഞുകൊണ്ടു് തന്റെ സ്വന്ത ഇഷ്ടത്താലെയും തിരുഹിതപ്രകാരവും അവിടുന്നു പുത്രനെ ജനിപ്പിച്ചു എന്നു് ഭക്തിപൂർവം ഞങ്ങൾ പഠിപ്പിക്കുന്നു. ''തന്റെ കർമ്മങ്ങളെപ്രതി തന്റെ വഴികളുടെ ആരംഭത്തിൽ കർത്താവ് എന്നെ സൃഷ്ടിച്ചു'' എന്നു് അവനെപ്പററി പറഞ്ഞിരിക്കുന്നവ ബഹുമാനപൂർവം ഞങ്ങൾ വിശ്വസിക്കുന്നു. എങ്കിലും അവനുണ്ടാക്കിയ വസ്തുക്കളെപ്പോലെയോ സൃഷ്ടികളെപോലെയോ അവൻ ഉണ്ടാക്കപ്പെട്ടു എന്നു് ഞങ്ങൾ കരുതുന്നില്ല. കാരണം, സ്രഷ്ടാവിനെ താൻ സൃഷ്ടിച്ച വസ്തുക്കളുമായി താരതമ്യപ്പെടുത്തുന്നതും തന്നിൽ നിന്നു പൂർണമായും വ്യത്യസ്തമായ പ്രകൃതിയുള്ള വസ്തുക്കളുടെ ജനനം പോലെയാണ് തന്റെ ജനനം എന്നു് വിഭാവന ചെയ്യുന്നതും സഭാവിശ്വാസത്തിനു വിരുദ്ധവും അഭക്തവുമാണ്. 'ഏകജാതനായ പുത്രൻ യഥാർത്ഥമായും സത്യമായും ജനിച്ചു' എന്നു് വിശുദ്ധ ലിഖിതങ്ങൾ നമ്മെ പഠിപ്പിക്കുന്നു.

'തന്നാൽ തന്നെയാണ് പുത്രൻ, പിതാവിനെപ്പോലെ ജീവിക്കുകയും സ്ഥിതിചെയ്യുകയും ചെയ്യുന്നു' എന്നു നാം പറയുമ്പോൾ, പദാർത്ഥപരമായ രീതിയിൽ സ്ഥലകാലങ്ങളാൽ അകന്നിരിക്കുന്നതായി പിതാവിൽ നിന്നു് അവനെ നാം വേർതിരിക്കുന്നുണ്ടോ? കാരണം, മാധ്യമമോ ഇടവേളയോ കൂടാതെ അവർ ഐക്യപ്പെട്ടിരിക്കുന്നു എന്നും പരസ്പരം വേർ

www.malankaralibrary.com



പെടാൻ അവർക്കു കഴിവില്ലെന്നും ഞങ്ങൾ വിശ്വസിക്കുന്നു. പിതാവു മുഴുവനായി പുത്രനെ സ്നേഹിക്കുന്നു, പുത്രൻ മുഴുവനായി പിതാവിനെ സ്നേഹിക്കുകയും പിതൃമാർവിടത്തിൽ നിത്യമായി വിശ്രമിക്കുകയും ചെയ്യുന്നു.

അതുകൊണ്ട്, സർവ പ്രകാരേണയും പൂർണ്ണവും അതിവിശുദ്ധവും ആയ ത്രിത്വത്തിൽ വിശ്വസിച്ചുകൊണ്ടും പിതാവു ദൈവമാണെന്നും പുത്രനും ദൈവമാണെന്നും പ്രഖ്യാപിച്ചുകൊണ്ടും, നാം രണ്ടു ദൈവങ്ങളെയല്ല പിന്നെയോ, ദൈവത്വത്തിന്റെ മഹനീയതയാലും രാജ്യങ്ങളുടെ ഐക്യത്താലും സംയോജനത്താലും ഏകദൈവത്തെ അംഗീകരിക്കുന്നു. സാർവത്രികമായി എല്ലാററിന്മേലും, പുത്രന്മേൽക്കൂടിയും പിതാവ് ഭരണം നടത്തുന്നു. പുത്രൻ പിതാവിനു കീഴ്പ്പെട്ടിരിക്കുന്നു. അവൻ, പിതാവൊഴികെ, തനിക്കുശേഷവും തന്നിൽക്കൂടിയും ഉണ്ടാക്കപ്പെട്ട മററെല്ലാററിന്മേലും ഭരണം നടത്തുന്നു. അതുപോലെ പിതൃഹിതപ്രകാരം വിശുദ്ധരുടെമേൽ ധാരാളമായി പരിശുദ്ധാത്മാവിന്റെ കൃപ ചൊരിയുന്നു. ക്രിസ്തു പ്രയോഗിക്കുന്ന അധികാരത്തിന്റെ സ്വഭാവം ഇതിലടങ്ങിയിരിക്കുന്നു എന്ന് വിശുദ്ധ വചനങ്ങൾ നമ്മെ അറിയിക്കുന്നു.

ഞങ്ങളുടെ, നേരത്തെയുള്ള വിശ്വാസപ്രമാണത്തിന്റെ ചുരുക്കം പ്രസിദ്ധീകരിച്ചശേഷം, കൂടുതൽ വിപുലമായ ഇതു് പ്രസിദ്ധീകരിക്കാൻ ഞങ്ങൾ നിർബന്ധിതരായിരിക്കുകയാണ്. വ്യർത്ഥസ്തുതി കിട്ടാനല്ല, പിന്നെയോ, നമ്മുടെ യഥാർത്ഥ വികാരമെന്താണെന്ന് അറിയാൻ പാടില്ലാത്തവരുടെ ഇടയിൽ ഞങ്ങളുടെ വിശ്വാസത്തെപ്പററി ഉണ്ടായേക്കാവുന്ന സംശയങ്ങൾ പാടേ നീക്കുന്നതിനാണിതു്. അതുപോലെ പാഷണ്ഡവിഭാഗക്കാരുടെ ലജ്ജാരഹിതമായ തെററിദ്ധരിപ്പിക്കൽ പാശ്ചാത്യലോകത്തുള്ളവർ അറിയുന്നതിനും ക്രിസ്തുവിനെ സംബന്ധിച്ച് പൗരസ്ത്യമെത്രാന്മാരുടെ സഭാത്മകമായ അഭിപ്രായം അറിയുന്നതിനും വേണ്ടിയാണിതു്. ഇതു് ദിവ്യപ്രചോദിത ലിഖിതങ്ങളുടെ സാക്ഷ്യത്താൽ ഉറപ്പിച്ചിരിക്കുന്നു. ഋജുമാനസ്സർക്ക് ഇതു് സുഗ്രാഹ്യമാണ്.

www.malankaralibrary.com



# അധ്യായം 20

## സാർദിക്കാസിനഡ്

പാശ്ചാത്യമെത്രാന്മാരുടെ ഭാഷ വ്യത്യസ്തമായിരുന്നല്ലോ. അതിനാൽ ഈ വിശ്വാസപ്രമാണത്തിലെ വിശദീകരണങ്ങൾ അവക്കു പിടികിട്ടിയില്ല. അതുകൊണ്ടു് അവർ അതു് അംഗീകരിച്ചുമില്ല. നിഖ്യാവിശ്വാസപ്രമാണം പര്യാപ്തമാണെന്നും അതിനപ്പുറം ഒന്നിനുംവേണ്ടി സമയം കളയേണ്ട ആവശ്യമില്ലെന്നുമായിരുന്നു അവരുടെ നിലപാടു്. എന്നാൽ അത്തനാസ്യോസിനും പൗലോസിനും അവരുടെ ഭദ്രാസനങ്ങൾ തിരിച്ചുകൊടുക്കണം എന്നു് ആവശ്യപ്പെട്ടുകൊണ്ടു് ചക്രവർത്തി വീണ്ടും എഴുതി. ജനങ്ങളുടെ പ്രക്ഷോഭണം കാരണം അതു നടപ്പാക്കാൻ കഴിഞ്ഞുമില്ല. അപ്പോൾ മറെറാരു സൂനഹദോസ് വിളിച്ചുകൂട്ടണമെന്നു് ആ രണ്ടു മെത്രാന്മാരും ആവശ്യപ്പെട്ടു. അതുവഴി അവരുടെ പ്രശ്നവും വിശ്വാസം സംബന്ധിച്ച തർക്കപ്രശ്നങ്ങളും പൂർണ്ണമായി പരിഹരിക്കാമല്ലോ. വിശ്വാസസംബന്ധമായ കാര്യങ്ങൾ ദുർവ്യാഖ്യാനിക്കപ്പെടാൻ എളുപ്പമുള്ളതുകൊണ്ടാണ് തങ്ങൾ സ്ഥാനഭ്രഷ്ടരായതെന്നു് അവർ മററു മെത്രാന്മാരെ ബോദ്ധ്യപ്പെടുത്തി. അതനുസരിച്ചു് സാർദിക്കാ എന്ന സ്ഥലത്തു് ഒരു സാർവ്വത്രികസിനഡ് നടത്താൻ തീരുമാനമുണ്ടായി. ഇല്ലിറിക്കമിലുള്ള ഒരു നഗരമാണു സാർദിക്കാ. രണ്ടു ചക്രവർത്തിമാരുടെയും കൂട്ടുത്തരവാദിത്വത്തിൽ ഇതു നടത്തണമെന്നാണു തീരുമാനിക്കപ്പെട്ടതു്. ഇക്കാര്യം പാശ്ചാത്യചക്രവർത്തി ആവശ്യപ്പെടുകയും പൗരസ്ത്യചക്രവർത്തി അതു് അംഗീകരിക്കുകയും ചെയ്തു.

രണ്ടു് അഗസ്ററസുമാരുടെയും പിതാവിന്റെ ചരമം കഴിഞ്ഞിട്ടുള്ള 11-ാം വർഷമായിരുന്നു അതു്. റൂഫീനൂസ്, എവുസേബിയസ് എന്നിവരായിരുന്നു അന്നത്തെ കോൺസൂൾമാർ. അത്തനാസ്യോസ് രേഖപ്പെടുത്തിയിരിക്കുന്നതനുസരിച്ചു് പാശ്ചാത്യസാമ്രാജ്യത്തിൽനിന്നു് 300 മെത്രാന്മാർ സന്നിഹിതരായിരുന്നു. എന്നാൽ കിഴക്കൻ ഭാഗത്തുനിന്നു് 75 മെത്രാന്മാരേ വന്നുള്ളു എന്നാണ് സബീനൂസ് രേഖപ്പെടുത്തുന്നതു്. അവരിലൊരാൾ മരെയോട്ടിസിലെ ഇസ്കീരാസ് ആയിരുന്നു. അത്തനാസ്യോസിനെ സ്ഥാനഭ്രഷ്ടരാക്കിയവരായി

www.malankaralibrary.com



രുന്നു ആ മെത്രാനെ വാഴിച്ചതു്. വന്നെത്താത്ത മെത്രാന്മാരിൽ ചിലർ ദേഹാസ്വാസ്ഥ്യം അതിനുകാരണമായി ഉന്നയിച്ചു. മററു ചിലരാകട്ടെ, വേണ്ടത്ര നേരത്തേ അറിയിപ്പു കിട്ടിയില്ല എന്നു് ആക്ഷേപം പുറപ്പെടുവിച്ചു. ആ കുഴപ്പത്തിനു കാരണം റോമാമെത്രാനായ ജൂലിയസാണെന്നു് അവർ ആരോപിക്കുകയും ചെയ്തു. എന്നാൽ സമ്മേളനം ആരംഭിക്കുന്നതിനു് ഒന്നര വർഷം മുമ്പു് എല്ലാവർക്കും അറിയിപ്പു നൽകിയിരുന്നുവെന്നതാണു വസ്തുത. ഇക്കാലമത്രയും സിനഡ് കൂടുന്നതും പ്രതീക്ഷിച്ചു് അത്തനാസ്യോസ് റോമിൽത്തന്നെ താമസിക്കുകയായിരുന്നു. അത്തനാസ്യോസിനെയും പൗലോസിനെയും സിനഡിൽനിന്നു പുറത്താക്കാതെ, ഒന്നിച്ചുകൂടുകയോ പാശ്ചാത്യ മെത്രാന്മാരുമായി എന്തെങ്കിലും സംഭാഷണം നടത്തുകയോ ചെയ്കയില്ലെന്നു്, സാർദിക്കായിൽ സിനഡു കൂടിയപ്പോൾ പൗരസ്ത്യമെത്രാന്മാർ വ്യവസ്ഥവച്ചു. എന്നാൽ സാർദിക്കായിലെ മെത്രാനായ പ്രൊത്തോജെനസും സ്പെയിനിലെ നഗരമായ കൊർദോവായിലെ മെത്രാനായ ഹോസിയുസും ആ നിർദ്ദേശത്തെ ശക്തിയായി എതിർത്തു. അതിനാൽ പൗരസ്ത്യ മെത്രാന്മാർ ഉടൻതന്നെ സ്ഥലം വിട്ടു. അവർ ത്രേസിലുള്ള ഫിലിപ്പോപ്പോലീസ് എന്ന സ്ഥലത്തുചെന്നു മറെറാരു കൗൺസിൽ കൂടി. അവിടെവച്ചു് *ഹോമോഉസിയോസ്* എന്ന വാക്കിനെ അവർ പരസ്യമായി ശപിച്ചു. *അനോമൊയ്യോൻ* [15] അഭിപ്രായം ഉൾക്കൊള്ളുന്ന ഒരു കള്ളരേഖ തയാറാക്കി അതു് എല്ലാ സ്ഥലത്തേയ്ക്കും അവർ അയച്ചുകൊടുത്തു.

മറിച്ചു്, സാർദിക്കായിൽ സമ്മേളിച്ചവർ പൗരസ്ത്യമെത്രാന്മാരുടെ കൗൺസിൽ ബഹിഷ്കരണത്തെ കുററപ്പെടുത്തുന്ന തീരുമാനമാണു് ആദ്യം കൈക്കൊണ്ടതു്. പിന്നീടു് അത്തനാസ്യോസിൻെറ ആക്ഷേപകരെ അവരുടെ അധികാരത്തിൽനിന്നു ബഹിഷ്കരിക്കുന്ന പ്രമേയം പാസ്സാക്കി. തുടർന്നു് നിഖ്യാവിശ്വാസപ്രമാണത്തെ സ്ഥിരീകരിക്കുന്നതും *അനോമൊയ്യോൻ* എന്ന പദത്തെ നിരാകരിക്കുന്നതുമായ തീരുമാനം സ്വീകരിച്ചു. ഹോമോഉസിയോസ് വിശ്വാസം കൂടുതൽ സ്പഷ്ട

---

15. anomoion = different, unlike. 'പിതാവും പുത്രനും തമ്മിൽ സാമ്യമില്ല' എന്നു് അനോമയർ എന്ന ആരിയൻ വിഭാഗം പഠിപ്പിച്ചു. പിതാവും പുത്രനും തമ്മിലുള്ള വ്യത്യാസം പ്രഖ്യാപിക്കാൻ അവർ വെമ്പൽ പൂണ്ടു. ഏയസ്യൂസും എവുണോമിയുസുമായിരുന്നു ഇവരുടെ നേതാക്കന്മാർ. എവുണോമിയർ എന്നും ഇവർ അറിയപ്പെട്ടിരുന്നു.

www.malankaralibrary.com



മായി അംഗീകരിച്ചു. എല്ലാ സഭകൾക്കും അയച്ചുകൊടുത്ത രേഖയിൽ ആ വിശ്വാസം ഉൾപ്പെടുത്തുകയും ചെയ്തു.

തങ്ങൾ ചെയ്തത് ശരിയാണെന്നാണ് രണ്ടുകൂട്ടരും കരുതിയത്. തങ്ങൾ ബഹിഷ്കരിച്ചയാളെ പാശ്ചാത്യർ സ്വീകരിച്ചത് തെററാണെന്നു പൗരസ്ത്യർ കരുതി. അത്തനാസ്യോസിൻെറയും പൗലോസിൻെറയും കേസ്സ് പുന:പരിശോധിക്കാൻ അവസരം നൽകാതെ പൗരസ്ത്യർ സമ്മേളനം ബഹിഷ്കരിച്ചതും നിഖ്യാസമ്മേളനം സ്വീകരിച്ച വിശ്വാസപ്രമാണത്തിൽ മായം ചേർക്കുവാൻ അവർ ഉദ്യമിച്ചതും തെററാണെന്നു പാശ്ചാത്യരും കരുതി. അവർ അത്തനാസ്യോസിനും പൗലോസിനും അവരുടെ ഭ്രുപതകൾ തിരികെ നൽകി. ഗലാത്തിയാ മൈനറിലെ അൻസീറായിൽ മെത്രാനായിരുന്ന മാർസെല്ലുസിനും അദ്ദേഹത്തിൻെറ ഭ്രുപത തിരികെ കൊടുത്തു. അദ്ദേഹത്തെ നേരത്തേ സ്ഥാനഭ്രഷ്ടനാക്കിയിരുന്ന കാര്യം മുൻ പുസ്തകത്തിൽ പറഞ്ഞിട്ടുണ്ടല്ലോ.[16] തനിക്കെതിരെ ഉണ്ടായിരുന്ന വിധി മാററിക്കിട്ടാൻ അദ്ദേഹം ഈ അവസരത്തിൽ ആവുന്നതെല്ലാം ചെയ്തു. താൻ സമോസാട്ടാക്കാരൻ പൗലോസിൻെറ അബദ്ധപാഠനങ്ങൾ അംഗീകരിച്ചിരുന്നു എന്ന വിശ്വാസം തൻെറ ഗ്രന്ഥത്തിലെ ചില പ്രയോഗങ്ങൾ തെററിദ്ധരിച്ചതു മൂലം ഉണ്ടായതാണെന്ന് അദ്ദേഹം വെളിപ്പെടുത്തി. എവുസേബിയസ് പാംഫീലി മാർസെല്ലുസിനെതിരായി മൂന്നു പുസ്തകങ്ങൾ തന്നെ എഴുതി എന്ന വസ്തുത ഇവിടെ ശ്രദ്ധിക്കേണ്ടതാണ്. ലിബിയാക്കാരനായ സബെല്ലിയുസിൻെറയും സമോസാട്ടാക്കാരൻ പൗലോസിൻെറയും അഭിപ്രായങ്ങൾ അംഗീകരിച്ചുകൊണ്ട്, കർത്താവ് കേവലം മനുഷ്യനായിരുന്നെന്ന് മാർസെല്ലുസിൻെറ വാക്കുകൾ തന്നെ ഉദ്ധരിച്ചുകൊണ്ട് എവുസേബിയസ് പ്രസ്താവിക്കുന്നുണ്ട്.

16. 1.36

www.malankaralibrary.com



## അധ്യായം 21

# എവുസേബിയസ് പംഫീലി

എന്നാൽ എവുസേബിയസ് പംഫീലി തന്നെ തൻെറ രചനകളിൽ ആര്യൻ ആശയങ്ങളെ അനുകൂലിച്ചിട്ടുണ്ടെന്ന് ചിലയാളുകൾ ആരോപിക്കുന്നതിനാൽ അദ്ദേഹത്തെ സംബന്ധിച്ച ചിലകാര്യങ്ങൾ ഇവിടെ കുറിക്കുന്നത് അനുചിതമാവുകയില്ല എന്നു കരുതുന്നു. ഒന്നാമതായി പറയേണ്ടത് നിഖ്യാ സൂനഹദോസിൽ അദ്ദേഹം സന്നിഹിതനായിരുന്നു എന്ന വസ്തുതയത്രേ. ഹോമോഉസിയോസ് തത്വം നിർവചിക്കപ്പെട്ടത് അതിൽ വച്ചാണല്ലോ. അവിടുത്തെ തീരുമാനങ്ങളെ അദ്ദേഹം അംഗീകരിക്കുകയും ചെയ്തു. കോൺസ്റ്റൻറയിൻെറ ജീവചരിത്രം മൂന്നാം പുസ്തകത്തിൽ അദ്ദേഹം ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു: ''അഭിപ്രായൈക്യത്തിൽ വരാൻ ചക്രവർത്തി എല്ലാവരെയും പ്രേരിപ്പിച്ചു. അതിനാൽ നേരത്തേ എതിരഭിപ്രായം പുലർത്തിയിരുന്ന വിഷയങ്ങളിൽ അവർ ഏകാഭിപ്രായക്കാരായി. അതിനാൽ നിഖ്യായിൽ വച്ച് എല്ലാവരും വിശ്വാസകാര്യങ്ങളിൽ യോജിപ്പുള്ളവരായി.''

നിഖ്യാസൂനഹദോസിനെക്കുറിച്ചു പ്രസ്താവിക്കുന്ന ഈ ഘട്ടത്തിൽ, എല്ലാവരും അഭിപ്രായഭേദങ്ങൾ കൈവെടിഞ്ഞു എന്ന് എവുസേബിയസ് പ്രസ്താവിക്കുന്നുണ്ടല്ലോ. ആ നിലയ്ക്ക് അദ്ദേഹം ആര്യൻ വിശ്വാസി ആയിരുന്നു എന്നു പറയാൻ എന്തടിസ്ഥാനമാണുള്ളത്? അദ്ദേഹം തങ്ങളുടെ പക്ഷത്താണെന്നു കരുതിയതിൽ ആര്യന്മാർക്കു തീർച്ചയായും അബദ്ധം പററി. തൻെറ പ്രസംഗങ്ങളിൽ 'ക്രിസ്തുവിലൂടെ' എന്ന് അദ്ദേഹം സാധാരണ പ്രയോഗിച്ചിരുന്നു.[17] അതിനാൽ ആര്യൻ അഭിപ്രായങ്ങൾ അദ്ദേഹം സ്വീകരിച്ചിരുന്നു എന്നു ചിലർക്കു തോന്നിയേക്കാം, നമ്മുടെ രക്ഷകൻെറ മനുഷ്യാവതാരവ്യാപാരത്തെ സൂചിപ്പിക്കാൻ അത്തരം പല പദപ്രയോഗങ്ങളും സഭ

---

17. ''ജന്മവിഹീനനായ പിതാവിന് ഏകജാതനായ പുത്രനിലൂടെ സ്തുതി....'' എന്ന് അദ്ദേഹം പ്രസംഗത്തിൻെറ അവസാനം പറയുക പതിവായിരുന്നു.

www.malankaralibrary.com



യിലെ എഴുത്തുകാർ പ്രയോഗിക്കുക സാധാരണമായിരുന്നു എന്നുമാത്രമാണ് അതിനു മറുപടിയായി പറയാനുള്ളത്. ഇവയെല്ലാം മുൻപുതന്നെ പൗലോസ് അപ്പസ്തോലൻതന്നെ അത്തരം പദപ്രയോഗങ്ങൾ നടത്തിയിട്ടുണ്ട്.[18] അതിന്റെ പേരിൽ ആരും അദ്ദേഹത്തെ അബദ്ധപ്രബോധകൻ എന്നു വിളിച്ചിട്ടില്ല. 'പുത്രൻ സൃഷ്ടികളെപ്പോലെ ഒരു സൃഷ്ടിയാണ്' എന്നു പറയാൻ ആരിയൂസ് ധൈര്യപ്പെട്ടതിനെപ്പററി മാർസെല്ലുസിനെതിരായിട്ടുള്ള ആദ്യപുസ്തകത്തിൽ എവുസേബിയസ് എന്തുപറയുന്നു എന്നു നോക്കുക.

''മററാരുമല്ല, അവിടുന്നു മാത്രമാണ് ദൈവത്തിന്റെ ഏകജാതനായി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ളതും ആയിരിക്കുന്നതും. അതിനാൽ അവിടുന്ന് മററു സൃഷ്ടികളെപ്പോലെ ഇല്ലായ്മയിൽ നിന്ന് ഉരുവാക്കപ്പെട്ട ഒരു സൃഷ്ടി മാത്രമാണെന്നു പറയാൻ ധൈര്യപ്പെടുന്ന ആരെയും ന്യായമായി കുററപ്പെടുത്താവുന്നതാണ്; സൃഷ്ടിക്കപ്പെട്ടതാണെങ്കിൽ അവിടുത്തേയ്ക്ക് എങ്ങനെ പുത്രനായിരിക്കാൻ കഴിയും? മററു സൃഷ്ടികളുടെ സ്വഭാവമാണു തനിക്കു നൽകപ്പെട്ടതെങ്കിൽ .... അവൻ സൃഷ്ടിക്കപ്പെട്ട നിരവധി വസ്തുക്കളിൽ ഒന്നാണെങ്കിൽ, അവിടുത്തേയ്ക്ക് എങ്ങനെ ദൈവത്തിന്റെ ഏകജാതനായിരിക്കാൻ സാധിക്കും? കാരണം, അങ്ങനെയാണെങ്കിൽ അവനും അവയെപ്പോലെ ഇല്ലായ്മയിൽനിന്നു സൃഷ്ടിക്കപ്പെട്ടതായിരിക്കണമല്ലൊ. എന്നാൽ വിശുദ്ധ ലിഖിതങ്ങൾ നമ്മെ അങ്ങനെയല്ല പഠിപ്പിക്കുന്നത്.''

അല്പംകൂടെ കഴിഞ്ഞ് അദ്ദേഹം പറയുന്നു: 'മുമ്പ് അസ്തിത്വമില്ലാതിരുന്ന വസ്തുക്കളിൽനിന്നു സൃഷ്ടിക്കപ്പെട്ടയാളാണു പുത്രൻ എന്നു പറയുന്നയാൾ, അവിടുത്തേയ്ക്ക് പുത്രനെന്ന നാമം വകവെച്ചുകൊടുക്കുമ്പോൾത്തന്നെ യഥാർത്ഥത്തിൽ പുത്രനാണെന്ന വസ്തുത നിഷേധിക്കുകയാണു ചെയ്യുന്നത്. എന്തെന്നാൽ ഇല്ലായ്മയിൽ നിന്ന് ഉണ്ടാക്കപ്പെട്ടവന് ഉണ്ടാക്കപ്പെട്ട മററ് വസ്തുക്കളെപ്പോലെ അല്ലാതെ യഥാർത്ഥത്തിൽ ദൈവത്തിന്റെ പുത്രനായിരിക്കുക സാദ്ധ്യമല്ല. എന്നാൽ ദൈവത്തിന്റെ യഥാർത്ഥ പുത്രൻ പിതാവിനാൽ ജനിപ്പിക്കപ്പെട്ടവനാണെങ്കിൽ പിതാവിന്റെ പ്രിയപ്പെട്ട ഏകജാതനെന്നു വിളിക്കപ്പെടണം. അതിനാൽ പുത്രനും ദൈവം തന്നെ. ദൈവ

---

18. 1കൊറി.1; എഫേ. 3:9.

www.malankaralibrary.com



ത്തിൻെറ പുത്രന് തനിക്കു ജന്മം നൽകിയ ദൈവത്തിൻെറ പരിപൂർണ്ണ പ്രതിച്ഛായയല്ലാതെ മറെറന്തായിരിക്കാൻ കഴിയും.''

''ചക്രവർത്തി ഒരു നഗരം നിർമ്മിക്കുന്നു, അതിനെ ജനിപ്പിക്കുകയല്ല ചെയ്യുന്നത്. അദ്ദേഹം ഒരു മകനെ ജനിപ്പിക്കുന്നു, നിർമ്മിക്കുകയല്ല. ഒരു ശില്പിയെ തൻെറ കലാകൃതിയുടെ നിർമ്മാതാവ് എന്നല്ലാതെ പിതാവ് എന്നു പറയാൻ വയ്യ. അയാളെ അയാളുടെ പുത്രൻെറ നിർമ്മാതാവെന്നും പറയാൻ വയ്യ. അതുപോലെതന്നെ പ്രപഞ്ചത്തിൻെറ ദൈവം, പുത്രൻെറ പിതാവാകുന്നു. എന്നാൽ ലോകത്തിൻെറ നിർമ്മാതാവ് എന്നും ശില്പി എന്നും ശരിയായി അവിടുത്തെ വിളിക്കാം. വി. ലിഖിതത്തിൽ ഒരിടത്ത് നാം ഇങ്ങനെ കാണുന്നുണ്ട്: 'തൻെറ കമ്മങ്ങളേപ്രതി തൻെറ വഴികളുടെ ആരംഭത്തിൽ കർത്താവ് എന്നെ സൃഷ്ടിച്ചു.[19] ഈ പദപ്രയോഗത്തിൻെറ ശരിയായ ആശയമെന്ത് എന്നു നാം ശരിക്ക് ആലോചിക്കേണ്ടതാണ്. അതു ഞാൻ പിന്നീട് വിശദീകരിക്കാം. ഏതായാലും മർസെല്ലൂസ് ചെയ്തതുപോലെ ഒരൊററ വാക്യത്തിൻെറ അടിസ്ഥാനത്തിൽ സഭയുടെ ഏററവും പ്രധാനമായ ഒരു തത്ത്വത്തെ അപകടത്തിലാക്കാൻ ഞാൻ തയ്യാറില്ല.''

മർസെല്ലൂസിനെതിരായി എഴുതപ്പെട്ട ആദ്യത്തെ പുസ്തകത്തിൽ ഇതുപോലെ അനേകം കാര്യങ്ങൾ എവുസേബിയസ് രേഖപ്പെടുത്തിയിട്ടുണ്ട്. തൻെറ മൂന്നാം പുസ്തകത്തിൽ 'സൃഷ്ടി' എന്ന പദം ഏതത്ഥത്തിൽ എടുക്കണം എന്നു വിശദീകരിച്ചുകൊണ്ട് അദ്ദേഹം എഴുതുന്നു:[20] തദനുസരണം, ഈ കാര്യങ്ങൾ ഇപ്രകാരം ഉറപ്പിച്ചിട്ട്, 'തൻെറ കർമ്മങ്ങളെ പ്രതി തൻെറ വഴികളുടെ ആരംഭത്തിൽ കർത്താവ് എന്നെ സൃഷ്ടിച്ചു' എന്ന വാചകത്തിനു മുമ്പുള്ള വാചകവും അതേ അത്ഥത്തിൽ തന്നെയാണ് പറഞ്ഞിട്ടുള്ളതെന്ന് വ്യക്തമാണല്ലോ. 'അവൻ സൃഷ്ടിക്കപ്പെട്ടു' എന്നു പറയുന്നുണ്ടെങ്കിലും ഇല്ലായ്മയിൽ നിന്ന് ഉണ്മയിലേയ്ക്ക് ആനയിക്കപ്പെട്ടു എന്നല്ല അത്ഥമാക്കിയിട്ടുള്ളത്. ചിലയാളുകൾ തെററായി മനസ്സിലാക്കിയിട്ടുള്ളതുപോലെ താൻ മററു സൃഷ്ടികളെപ്പോലെ ഇല്ലായ്മയിൽ നിന്ന് നിർമ്മിക്കപ്പെട്ടു എന്നുമല്ല. പ്രപഞ്ചത്തിൻെറ സൃഷ്ടിക്കു മുമ്പ് നിലനില്ക്കുകയും സ്ഥിതിചെയ്യുകയും ജീവിച്ചിരിക്കുകയും ചെയ്തു

19 സദൃശ്യ. 8: 22

20 De Eccl. Theol. 3. 2.

www.malankaralibrary.com



വെന്നും പിതാവായ ദൈവത്താൽ ഈ പ്രപഞ്ചത്തെ ഭരിക്കാൻ നിയമിക്കപ്പെട്ടു എന്നുമാണ്. നിയമിക്കപ്പെട്ടു എന്ന അർത്ഥത്തിലാണ് സൃഷ്ടിക്കപ്പെട്ടു എന്ന പദം ഇവിടെ ഉപയോഗിച്ചിട്ടുള്ളത്.

മനുഷ്യരുടെയിടയിലെ ഭരണാധികാരികളെ പത്രോസ് ശ്ലീഹാ 'സൃഷ്ടി' എന്നു സ്പഷ്ടമായി വിളിച്ചിരിക്കുന്നു (1 പത്രോ 2: 13). അദ്ദേഹം എഴുതുന്നു: ''നിങ്ങൾ കർത്താവിനെ പ്രതി മനുഷ്യസൃഷ്ടികളെ അനുസരിക്കുവിൻ; പരമാധികാരിയെന്ന നിലയ്ക്കു രാജാവിനെയും രാജാവിനാൽ നിയോഗിക്കപ്പെട്ടവർ എന്ന നിലയ്ക്കു ഗവർണ്ണർമാർ മുതലായവരെയും.'' പ്രവാചകൻ പറയുന്നു[21] ''ഇസ്രായേൽ ജനമേ, നിന്റെ ദൈവത്തെ വിളിച്ചപേക്ഷിക്കാനൊരുങ്ങുക; അവിടുന്നു് ഇടിമുഴക്കത്തെ ഉറപ്പിക്കുകയും ആത്മാവിനെ സൃഷ്ടിക്കുകയും ക്രിസ്തുവിനെ മനുഷ്യരോടു പ്രഖ്യാപിക്കുകയും ചെയ്യുന്നു.'' ഇവിടെയും *സൃഷ്ടിക്കുക* എന്ന വാക്കു് ഇല്ലായ്മയിൽ നിന്നു രൂപം കൊടുക്കുക എന്ന അർത്ഥത്തിലല്ല ഉപയോഗിച്ചിട്ടുള്ളത്. ദൈവം 'ആത്മാവി'നെ സൃഷ്ടിക്കുകയല്ലല്ലോ ചെയ്തത്. കാരണം ''സൂര്യനു കീഴിൽ പുതിയതായി ഒന്നുമില്ല.''[22] ആത്മാവു സ്ഥിതിചെയ്തു; നേരത്തെ മുതൽ അസ്തിത്വമുണ്ടായിരുന്നു. അപ്പസ്തോലന്മാർ സമ്മേളിച്ചിരുന്ന സന്ദർഭത്തിൽ ഇടിമുഴക്കംപോലെ അവിടുന്നു് അയയ്ക്കപ്പെട്ടു. ''പെട്ടെന്നു കൊടുങ്കാററിന്റെ മുഴക്കം പോലുള്ള ഒരു ശബ്ദം ആകാശത്തു നിന്നുണ്ടായി. അവർ പരിശുദ്ധാത്മാവിനാൽ നിറഞ്ഞു.''[23] അങ്ങനെ ''ഇടിമുഴക്കത്തെ ഉറപ്പിക്കുന്നവനും ആത്മാവിനെ സൃഷ്ടിക്കുന്നവനും ജനങ്ങളോടു് ക്രിസ്തുവിനെ പ്രഖ്യാപിക്കുന്നവനും ആയിട്ടുള്ളവനെ കണ്ടാലും'' എന്ന പ്രവചനമനുസരിച്ച് അവർ ദൈവത്തിന്റെ ക്രിസ്തുവിനെ എല്ലാ മനുഷ്യരോടും പ്രഖ്യാപിച്ചു. 'അയയ്ക്കുക' എന്ന അർത്ഥത്തിലാണു 'സൃഷ്ടിക്കുക'എന്ന വാക്കു് ഇവിടെ പ്രയുക്തമായിട്ടുള്ളത്. 'ഇടിമുഴക്കം' എന്നതു് 'സുവിശേഷ പ്രഘോഷണത്തെ' സൂചിപ്പിക്കുന്നു.

''ദൈവമേ, വെടിപ്പുള്ള ഒരു ഹൃദയം എന്നിൽ സൃഷ്ടിക്കുക'' എന്നു പ്രാർത്ഥിച്ചയാൾ (സങ്കീ. 51:10) അങ്ങനെ പ്രാർത്ഥിച്ചതു് തന്റെ ശരീരത്തിനുള്ളിൽ ഹൃദയമില്ലാത്തതുകൊണ്ടു്

21 ആമോസ് 4: 12. 13
22 സഭാ. 1:9
23 നടപടി 2: 4

www.malankaralibrary.com



അങ്ങനെയൊന്നു കിട്ടാൻവേണ്ടിയിട്ടല്ല, തന്റെ ഹൃദയം ശുദ്ധീകൃതമാകണം എന്നു കരുതിയിട്ടാണ്. ''അവൻ ഇരുവരെയും ഒരു പുതിയ മനുഷ്യനായി സൃഷ്ടിക്കുന്നതിനുവേണ്ടി'' എന്ന് എഴുതപ്പെട്ടിട്ടുണ്ട് (എഫേ. 2:15). 'യോജിപ്പിക്കുന്നതിനുവേണ്ടി' എന്ന അർത്ഥത്തിലാണത്. താഴെ കാണുന്ന ഉദ്ധരണവും ഇതേ രീതിയിലുള്ളതല്ലേ എന്നു ചിന്തിച്ചുനോക്കുക: ''ദൈവാനുസൃതം സൃഷ്ടിക്കപ്പെട്ട പുതിയ മനുഷ്യനെ ധരിച്ചുകൊള്ളുവിൻ'' (എഫേ. 4:24). ''ക്രിസ്തുവിൽ ജീവിക്കുന്ന ഏതൊരാളും പുതിയ സൃഷ്ടിയാണ്'' (2 കൊറി. 5:17). എന്ന വാക്യവും പരിഗണിക്കുക. ദിവ്യപ്രചോദിത ലിഖിതങ്ങൾ ശ്രദ്ധാപൂർവ്വം പരിശോധിക്കുന്ന ഏതൊരാൾക്കും ഇതുപോലുള്ള പ്രയോഗങ്ങൾ വേറെയും കണ്ടെത്താൻ കഴിയും. അതിനാൽ 'കർത്താവു തന്റെ വഴികളുടെ ആരംഭത്തിൽ എന്നെ സൃഷ്ടിച്ചു' എന്നതിലെ ''സൃഷ്ടിച്ചു'' എന്ന പ്രയോഗം 'നിയമിച്ചു' എന്നോ 'ആക്കി' എന്നോ ഉള്ള അർത്ഥത്തിൽ ലാക്ഷണികമായ അർത്ഥം ഉൾക്കൊള്ളുന്നതാണ് എന്നതിൽ ഒട്ടും ആശ്ചര്യപ്പെടാനില്ല''.

എവുസേബിയസ് തന്റെ കൃതികളിൽ ഇത്തരം വാക്കുകളാണ് മർസെല്ലുസിനെതിരായി പ്രയോഗിച്ചിട്ടുള്ളത്. എവുസേബിയസിനെ കുററവാളിയായി ചിത്രീകരിക്കാനും അപകീർത്തിപ്പെടുത്താനും പലരും ശ്രമിച്ചിട്ടുള്ളതുകൊണ്ടാണ് അദ്ദേഹത്തിന്റെ രചനാഭാഗങ്ങൾ ഇത്രയുമൊക്കെ ഉദ്ധരിച്ചത്. ചേരുംപടിയുള്ള പദപ്രയോഗങ്ങൾ അദ്ദേഹം ഉപയോഗിക്കുന്നതായി പലപ്പോഴും കണ്ടേക്കാമെങ്കിലും ദൈവപുത്രന്റെ അസ്തിത്വത്തിന് ആരംഭമുണ്ടെന്ന് എവുസേബിയസ് അഭിപ്രായപ്പെട്ടതായി ആർക്കും തെളിയിക്കാനൊക്കുകയില്ല. പ്രത്യേകിച്ച് അദ്ദേഹം ഒരിജന്റെ കൃതികളുടെ ഒരു വലിയ ആരാധകനും സ്തുതിപാഠകനും ആയിരുന്നതിനാൽ ഇതു ശരിയാണ്. ഒരിജന്റെ കൃതികളുടെ ആഴം ഗ്രഹിക്കാൻ കഴിവുള്ളവർ, 'പുത്രൻ പിതാവിൽനിന്നു ജനിച്ചവനാണ്'' എന്ന് എല്ലായിടത്തും പറഞ്ഞിരിക്കുന്നതു കാണാൻ കഴിയും. എവുസേബിയസിനെ തെററായി ചിത്രീകരിച്ചവർക്കെതിരായിട്ടാണ് സാന്ദർഭികമായി ഈ പരാമർശം നടത്തിയത്.

www.malankaralibrary.com



## അധ്യായം 22

# ചക്രവർത്തിമാർ തമ്മിലിടയുന്നു

സാർദിക്കായിൽ നടന്ന സമ്മേളനത്തെപ്പററിയും അവരോടു ചേരാതെ പിണങ്ങിപ്പോയവർ ഫിലിപ്പോപ്പൊലീസിൽ കൗൺസിൽ കൂടിയതിനെപ്പററിയും ഇതിനുമുമ്പു പറഞ്ഞല്ലോ. രണ്ടു കൂട്ടരും അവരവക്കു യുക്തമെന്നു തോന്നിയ തീരുമാനങ്ങളെടുത്തശേഷം അവരവരുടെ നഗരങ്ങളിലേക്കു തിരിച്ചുപോയി. അന്നുമുതൽ പാശ്ചാത്യസഭ പൗരസ്ത്യസഭയിൽനിന്നു വേർപിരിഞ്ഞു എന്നു പറയാം.[24] ഇല്ലിറിക്കത്തെയും ത്രേസിനെയും വേർതിരിക്കുന്ന സൗചിസു്[25] പർവ്വതമായിരുന്നു രണ്ടു വിഭാഗത്തെയും യോജിപ്പിച്ചിരുന്ന അതിർത്തി. വിശ്വാസത്തിൽ അന്തരം ഉണ്ടായിരുന്നെങ്കിലും ഈ പർവ്വതം വരെ വിവേചനം കൂടാതെ കൂട്ടായ്മ ഉണ്ടായിരുന്നു. എന്നാൽ ഈ പർവ്വതത്തിനപ്പുറം അവർ പരസ്പരം സംസർഗം നടത്തിയിരുന്നില്ല. അന്നു് സഭകളുടെ കഴഞ്ഞുമറിഞ്ഞ അവസ്ഥ ഇത്തരത്തിലായിരുന്നു. ഇവയ്ക്കുശേഷം അധികം താമസിയാതെ പാശ്ചാത്യചക്രവർത്തി തൻെറ സഹോദരനായ കോൺസ്റ്റാൻസ്യൂസിനു് സാർദിക്കയിൽ നടന്ന കാര്യത്തെക്കുറിച്ചു് ഒരു കത്തെഴുതി. അത്തനാസ്യോസിനെയും പൗലോസിനെയും അവരവരുടെ രൂപതകളിൽ തിരിച്ചുനിയമിക്കണമെന്നു് അഭ്യർത്ഥിക്കുകയും ചെയ്തു. ഈ അഭ്യർത്ഥന നടപ്പിലാക്കാൻ കോൺസ്റ്റാൻസ്യൂസു് അമാന്തിച്ചു. ഒന്നുകിൽ പൗലോസിനെയും അത്തനാസ്യോസിനെയും അവരുടെ മുൻബഹുമാനത്തിൽ പുന:പ്രതിഷ്ഠിക്കുകയും അവരുടെ സഭകരം അവക്കു തിരിച്ചുകൊടുക്കുകയും ചെയ്യുക; അല്ലെങ്കിൽ, ഇപ്രകാരം പ്രവർത്തിക്കാതിരുന്നാൽ, തന്നെ ശത്രുവായി കരുതി ഉടൻതന്നെ ഒരു യുദ്ധം പ്രതീക്ഷിക്കുക എന്നു പാശ്ചാത്യചക്രവർത്തി തൻെറ സഹോദരനു് വീണ്ടും എഴുതി. അദ്ദേഹം തൻെറ സഹോദരനു് എഴുതിയ കത്തു് താഴെ ചേർക്കുന്നു:

''അത്തനാസ്യോസും പൗലോസും ഇവിടെ എൻെറ കൂടെയുണ്ടു്. ദൈവഭക്തിയുടെപേരിലാണു്അവർ പീഡിപ്പിക്കപ്പെടുന്ന

---

24. ഈ വേർപിരിയൽ താല്ക്കാലികമായിരുന്നു.

25. തിസൂക്കിസു്

www.malankaralibrary.com



തെന്നു് അന്വേഷണത്തിൽനിന്നു് എനിക്കു ബോധ്യമായി. അതുകൊണ്ടു് അവരെ അവരുടെ ഭ്രുപതകളിൽ പുന:പ്രതിഷ്ഠിക്കാനും അനീതിപരമായി അവരെ മുറിവേല്പ്പിച്ചവരെ ശിക്ഷിക്കാനും നീ തയാറായാൽ ഞാൻ അവരെ നിന്റെ പക്കലേക്കയയ്ക്കാം. ഇതു ചെയ്യാൻ നീ മടിച്ചാൽ ഞാൻ തന്നെ അവിടെ വന്നു് നിന്റെ എതിർപ്പു പരിഗണിക്കാതെ അവരെ അവരുടെ സിംഹാസനങ്ങളിൽ പുന:പ്രതിഷ്ഠിക്കും എന്നു് ധരിച്ചുകൊള്ളുക''.

## അധ്യായം 23

# കോൺസ്റ്റാൻസ്യൂസ് അത്തനാസ്യോസിനെ ക്ഷണിക്കുന്നു

ഈ കത്തുകിട്ടിയപ്പോഠം പൗരസ്ത്യചക്രവർത്തി ചിന്താക്കുഴപ്പത്തിലായി. അയാഠം പൗരസ്ത്യദേശത്തെ മെത്രാന്മാരിൽ മിക്കവരെയും ഉടൻ ക്ഷണിച്ചുവരുത്തി തന്റെ സഹോദരൻ നൽകിയിരിക്കുന്ന അന്ത്യശാസനത്തെക്കുറിച്ചു് അറിയിച്ചു. ഒരു യുദ്ധം ഉണ്ടാകാൻ അനുവദിക്കുന്നതിലും ഭേദം അത്തനാസ്യോസിനെ വീണ്ടും ഭ്രുപതയിൽ നിയമിക്കുന്നതായിരിക്കും എന്നു് അവർ അഭിപ്രായപ്പെട്ടു. അതനുസരിച്ചു ചക്രവർത്തി അത്തനാസ്യോസിനെയും കൂട്ടരെയും തന്റെ പക്കലേക്കു ക്ഷണിച്ചു.

ഇതേസമയം പാശ്ചാത്യചക്രവർത്തി പൗലോസിനെ കോൺസ്റ്റാൻറിനോപ്പിളിലേക്കയച്ചു. രണ്ടു മെത്രാന്മാരും മററു ബഹുമാന്യരായ അനുചരന്മാരും അദ്ദേഹത്തോടൊപ്പമുണ്ടായിരുന്നു. സാർദിക്കാ സിനഡിന്റെ കത്തിനോടൊപ്പം ചക്രവർത്തിയുടെ രണ്ടു കത്തുകളും അദ്ദേഹത്തിന്റെ കൈവശമുണ്ടായിരുന്നു.

അത്തനാസ്യോസിനാകട്ടെ, പൗരസ്ത്യചക്രവർത്തിയുടെ പക്കലേക്കു പോകാൻ അധൈര്യമായിരുന്നു. തന്റെ എതിരാളികളിൽനിന്നുണ്ടാകാവുന്ന ചതിപ്രയോഗങ്ങളെ അദ്ദേഹം ഭയപ്പെട്ടു. പൗരസ്ത്യചക്രവർത്തി അത്തനാസ്യോസിനു് മൂന്നു കത്തുകഠം അയച്ചു. കത്തുകഠം താഴെ കൊടുക്കുംവിധമാണ്:

www.malankaralibrary.com



## അത്തനാസ്യോസിന് കോൺസ്ററാൻസ്യൂസിന്റെ ഒന്നാം കത്ത്[26]

കോൺസ്റ്റാൻസ്യൂസ് വിക്ടർ അഗസ്റ്റസ്: അത്തനാസ്യോസ് മെത്രാന്:

കടലിലെ അലറുന്ന തിരകളാൽ എന്നപോലെ അങ്ങ് അങ്ങുമിങ്ങും എടുത്തു തട്ടപ്പെടുന്ന അവസ്ഥ കാരുണ്യവും സഹതാപവുമുള്ള നമ്മുടെ മനസ്സിനു അനുവദിക്കാൻ സാധിക്കുന്നില്ല. അങ്ങ് ജന്മനാട്ടിൽനിന്നു അകററപ്പെടുകയും സ്വന്തമായിട്ടുള്ളതെല്ലാം നഷ്ടമാകുകയും അജ്ഞാതദേശങ്ങളിൽ അലയുകയും ചെയ്യുന്ന അവസ്ഥ അവഗണിക്കാൻ എനിക്കു കഴിയുന്നില്ല. അങ്ങു സ്വയം ഇവിടെ വന്നു അങ്ങയുടെ ബുദ്ധിമുട്ടുകൾക്കു പരിഹാരമുണ്ടാക്കുവാൻ എന്റെ സഹായം തേടുമെന്നു വിചാരിച്ചു ഞാൻ കാത്തിരുന്നു. ഒരുപക്ഷേ അങ്ങനെ ചെയ്യുന്നതിനു ഭയം അങ്ങേയ്ക്കു തടസ്സമായിരുന്നിരിക്കാം. അതിനാൽ ഞാൻ അങ്ങേയ്ക്കു സ്നേഹം നിറഞ്ഞ കത്തുകൾ എഴുതുന്നു. നിർഭയം എന്റെ പക്കൽ വരാൻ അങ്ങേയ്ക്കു സാധിക്കാൻ വേണ്ടിയാണങ്ങനെ ചെയ്തതു്. എന്റെ സന്മനസ്സുപയോഗപ്പെടുത്തി അങ്ങയുടെ ആഗ്രഹങ്ങൾ സാധിതമാകുകയും അങ്ങയുടെ സ്ഥാനം തിരിച്ചു ലഭിക്കുകയും ചെയ്യുന്നതിനാണിതു്. ഇതിനായി എന്റെയടുത്തേയ്ക്കു വരാൻ അങ്ങയെ അനുവദിക്കണമെന്നു എന്റെ സഹോദരനായ കോൺസ്റ്റൻസ് വിക്ടർ അഗസ്റ്റസിനു ഞാൻ എഴുതിയിരുന്നു. ഞങ്ങളുടെ രണ്ടുപേരുടെയും അഭിമതമനുസരിച്ചു് അങ്ങേയ്ക്കു് സ്വദേശത്തു വീണ്ടും പ്രതിഷ്ഠിതനാകാൻ കഴിയും''.

## അത്തനാസ്യോസിനുള്ള രണ്ടാം കത്ത്

കോൺസ്ററാൻസ്യൂസ് വിക്ടർ അഗസ്ററസ്: അത്തനാസ്യോസ് മെത്രാന്:

അങ്ങ് ധൈര്യമായി എന്റെ കൊട്ടാരത്തിൽ വരണമെന്നു ഇതിനുമുമ്പ് അയച്ച ഒരു കത്തിൽ ഞാൻ വളരെ വിശദമായി അറിയിച്ചിട്ടുള്ളതാണല്ലോ. അങ്ങയെ അങ്ങയുടെ സ്വന്തം സ്ഥാനത്തു പ്രതിഷ്ഠിക്കാൻ എനിക്കു വളരെ താല്പര്യമുണ്ടു്. അതിനാൽ വീണ്ടും ഈ കത്തു് അയയ്ക്കുകയാണ്.

26. അത്തനാസ്യോസ്, ആര്യർക്കെതിരെയുള്ള അപ്പോളജി, 51.

www.malankaralibrary.com



യാതൊരു വിധമായ അവിശ്വാസമോ, അധൈര്യമോ കൂടാതെ, അതിവേഗം ഒരു പൊതുവാഹനത്തിലേറി അങ്ങ് ഇവിടെയെത്തണം എന്നു് ഞാൻ അഭ്യർത്ഥിക്കുന്നു. ഇവിടെ വന്നാൽ അങ്ങ് ആഗ്രഹിക്കുന്ന കാര്യം സാധിക്കുകയും ചെയ്യാം,

## അത്തനാസ്യോസിനുള്ള മറെറാരു കത്ത്

കോൺസ്ററാൻസ്യസ് വിക്ടർ അഗസ്ററസ്: അത്തനാസ്യോസ് മെത്രാനു്:

ഞാൻ എഡേസ്സായിൽ താമസിച്ചിരുന്ന അവസരം അങ്ങയുടെ വൈദികരിൽ ചിലർ അവിടെ സന്നിഹിതരായിരുന്നു. അങ്ങ് എൻെറ കൊട്ടാരത്തിലേയ്ക്കു വരുന്നതു ത്വരിതപ്പെടുത്തുന്നതിനുവേണ്ടി അവരിൽ ഒരാളെ ഞാൻ അങ്ങയുടെ പക്കലേയ്ക്കു് അയച്ചിരുന്നു. ഇവിടെ നമ്മുടെ പക്കൽ വന്നതിനു ശേഷം അങ്ങേയ്ക്കു് അലക്സാൺഡ്രിയായിലേയ്ക്കു പോകാം. എന്നാൽ എൻെറ കത്തു് അങ്ങേയ്ക്കു കിട്ടിയിട്ടു് ഇപ്പോഠം ഏറെനാളായിട്ടും അങ്ങ് ഇതുവരെ വരാത്തതിനാൽ ഇപ്പോഠം അക്കാര്യം വളരെ താല്പര്യപൂർവം ഒന്നുകൂടെ ഞാൻ ഓർമ്മിപ്പിക്കുന്നു. ഇവിടെ നമ്മുടെ പക്കൽ വന്നിട്ടു് അങ്ങേയ്ക്കു സ്വന്തം സ്ഥലത്തേയ്ക്കു പോകുകയും ആഗ്രഹം സാധിതമാക്കുകയും ചെയ്യാം. എൻെറ ആഗ്രഹം ശരിയായ വിധത്തിൽ അങ്ങയെ ഗ്രഹിപ്പിക്കുന്നതിനു് അക്കേത്താസ് എന്ന ഡീക്കനെ ഞാൻ അങ്ങോട്ടയയ്ക്കുന്നു. അങ്ങയെ സംബന്ധിച്ചു് എൻെറ മനോഭാവമെന്താണെന്നു് അദ്ദേഹം മനസ്സിലാക്കിത്തരും. അതുപോലെ അങ്ങയുടെ ആഗ്രഹങ്ങഠം സാധിച്ചു തരാൻ ഞാൻതയ്യാറാണെന്ന വിവരം അദ്ദേഹത്തിൽ നിന്നു ഗ്രഹിക്കാൻ അങ്ങേയ്ക്കു കഴിയും. അതായതു്, അങ്ങയുടെ മനസ്സിലുള്ള കാര്യങ്ങഠം സാധിതമാക്കാനുള്ള നമ്മുടെ സന്നദ്ധത.

അക്വീലെയായിൽവച്ചു് അത്തനാസ്യോസിനു് ഈ കത്തുകഠം കിട്ടിക്കഴിഞ്ഞപ്പോഠം –സാർദിക്കായിൽനിന്നു് പുറപ്പെട്ട അദ്ദേഹം അവിടെയാണു് പാർത്തിരുന്നതു്– ഒട്ടും താമസിയാതെ അദ്ദേഹം റോമിൽപ്പോയി ചക്രവർത്തിയുടെ കത്തുകഠം ജൂലിയസ്സ് മെത്രാനെ കാണിച്ചു. അതു റോമൻ സഭയിൽ വലിയ സന്തോഷത്തിനു കാരണമായി. അത്തനാസ്യോസിനെ തിരിച്ചു വിളിക്കാൻ പൗരസ്ത്യ ചക്രവർത്തി തയ്യാറായതുകൊണ്ടു് അയാളും തങ്ങളുടെ വിശ്വാസം അംഗീകരിച്ചു എന്നു് അവർ കരുതി. ജൂലിയസ് അത്തനാസ്യോസിനെ സംബ

www.malankaralibrary.com



ന്ധിച്ച് അലക്സാന്ത്രിയായിലെ വൈദികർക്കും വിശ്വാസികാംക്കും ഇങ്ങനെയെഴുതി:

## ജൂലിയസ് മെത്രാന്റെ കത്ത്

റോമാമെത്രാനായ ജൂലിയസ് അലക്സാൺഡ്രിയായിലെ വൈദികർക്കും ഡീക്കന്മാർക്കും വിശ്വാസികാംക്കും എഴുതുന്നത്: പ്രിയ സഹോദരരേ, കർത്താവിൽ അഭിവാദനങ്ങാം.

പ്രിയസഹോദരരേ, നിങ്ങളുടെ വിശ്വാസത്തിന്റെ സത്ഫലങ്ങാം ഒടുവിൽ നിങ്ങളുടെ കൺമുമ്പിൽ പ്രത്യക്ഷപ്പെട്ടിരിക്കുന്നതിൽ ഞാനും നിങ്ങളോടൊപ്പം സന്തോഷിക്കുന്നു. എന്റെ സഹോദരനും സഹമെത്രാനുമായ അത്തനാസ്യോസിനെ ദൈവം നിങ്ങളുടെ പക്കൽ തിരികെ എത്തിച്ചിരിക്കുന്നു. അദ്ദേഹത്തിന്റെ ജീവിത വിശുദ്ധിയുടെയും നിങ്ങളുടെ പ്രാർത്ഥനകളുടെയും ഫലമായിട്ടാണ് ഇതു സംഭവിച്ചിട്ടുള്ളതു്. നിങ്ങാം പരിശുദ്ധവും സ്നേഹം നിറഞ്ഞതുമായ ഹൃദയത്തോടുകൂടി ദൈവത്തോടു നിരന്തരം പ്രാത്ഥിച്ചിരുന്നു എന്നതാണ് ഇതിൽ നിന്നു വെളിപ്പെടുന്നതു്. ദൈവത്തിന്റെ വാഗ്ദാനങ്ങളെയും അവിടുത്തെ സ്നേഹത്തെയുംകുറിച്ച് എന്റെ സഹോദരൻ നിങ്ങളെ പഠിപ്പിച്ച കാര്യങ്ങാം തീച്ച്യായും നിങ്ങാംക്കറിയാമായിരുന്നു. നിങ്ങളുടെ സത്യവിശ്വാസം മൂലം, നിങ്ങളുടെ മെത്രാൻ എന്നേയ്ക്കുമായി നിങ്ങളിൽ നിന്നു് അകന്നിരിക്കുകയില്ലെന്നു നിങ്ങാം വ്യക്തമായി മനസ്സിലാക്കിയിരുന്നു. നിങ്ങളുടെ ഭക്തി നിറഞ്ഞ ഹൃദയങ്ങളിൽ അദ്ദേഹം എപ്പോഴും സന്നിഹിതൻ ആയിരുന്നു. അതിനാൽ എന്റെ ഈ കത്തു വളരെ ദീർഘിപ്പിക്കേണ്ട ആവശ്യമില്ല. എനിക്കു പറയാനുള്ള കാര്യങ്ങളെല്ലാം നിങ്ങളുടെ വിശ്വാസം പഠിപ്പിച്ചവതന്നെ. നിങ്ങളുടെ പൊതുപ്രാർത്ഥനകാം ക്രിസ്തുവിന്റെ കൃപയ്ക്കനുസൃതമായിട്ടാണ് നിർവഹിക്കപ്പെട്ടിട്ടുള്ളതു്. അതിനാൽ ഞാൻ നിങ്ങളോടൊപ്പം സന്തോഷിക്കുകയും, നിങ്ങാം സ്വന്തം ആത്മാക്കളെ വിശ്വാസത്തിൽ പ്രതിരോധ്യമായി കാത്തുസൂക്ഷിച്ചു എന്നു് ആവത്തിച്ചു പറയുകയും ചെയ്യുന്നു. എന്റെ സഹോദരനായ അത്തനാസ്യോസിനോടൊപ്പം ഞാനും സന്തോഷിക്കുന്നു. നിരവധി യാതനകാം അനുഭവിക്കുമ്പോഴും നിങ്ങളുടെ സ്നേഹവും അഭിലാഷങ്ങളും അദ്ദേഹം മറന്നില്ല. കുറെക്കാലത്തേക്കു് അദ്ദേഹം നിങ്ങളിൽ നിന്നു് അകററപ്പെട്ടു എന്നു തോന്നിയാലും ആത്മാവിൽ അദ്ദേഹം എന്നും നിങ്ങളോടുകൂടി ഉണ്ടായിരുന്നു. പ്രിയരേ, അദ്ദേഹം നേരിട്ട പരീക്ഷണങ്ങളൊന്നും മഹത്വമററവയായിരുന്നില്ല. അവ വഴി അദ്ദേഹത്തിന്റെയും നിങ്ങളുടെയും

www.malankaralibrary.com



വിശ്വാസം പരീക്ഷിക്കപ്പെടുകയും എല്ലാവരുടെയും മുമ്പിൽ വെളിവാക്കപ്പെടുകയും ചെയ്തു. അദ്ദേഹത്തിന് അത്രയേറെ ബുദ്ധിമുട്ടുകൾ ഉണ്ടായില്ലായിരുന്നെങ്കിൽ മഹാനായ ആ വൈദികാദ്ധ്യക്ഷനോട് നിങ്ങൾക്ക് ഇത്രയേറെ സ്നേഹാദരങ്ങൾ ഉണ്ടായിരുന്നെന്നും അദ്ദേഹം ഇത്രയേറെ സുകൃതപൂർണ്ണനാണെന്നും വെളിപ്പെടുകയില്ലായിരുന്നല്ലോ. ഇതിന്റെ ഫലമായി സ്വർഗ്ഗത്തെ സംബന്ധിച്ച അദ്ദേഹത്തിന്റെ പ്രത്യാശയും ഫലമണിയാതിരിക്കുമോ? ഇപ്രകാരം ഈ കാലത്തിലും വരാനിരിക്കുന്നതിലും എല്ലാവിധത്തിലും മഹത്ത്വപൂർണ്ണമായ വിശ്വാസപ്രഖ്യാപനത്തിന്റെ ഒരു സാക്ഷ്യം അദ്ദേഹം നേടിയിരിക്കുന്നു. കരയ്ക്കും കടലിലും എത്രയോ അസംഖ്യവും വൈവിധ്യപൂർണ്ണവുമായ വിഷമതകൾ അദ്ദേഹം സഹിച്ചിരിക്കുന്നു. ആര്യൻ പാഷണ്ഡതയുടെ എല്ലാ ഗൂഢാലോചനകളെയും അദ്ദേഹം നേരിട്ടു പരാജയപ്പെടുത്തി. അസൂയക്കാർ മൂലം അദ്ദേഹത്തിനു പലവിധ അപകടങ്ങളെ നേരിടേണ്ടി വന്നിട്ടുണ്ടെങ്കിലും അദ്ദേഹം മരണത്തെ തൃണവത്ഗണിക്കുകയാണു ചെയ്തത്. സർവശക്തനായ ദൈവവും നമ്മുടെ കർത്താവായ യേശുക്രിസ്തുവും അദ്ദേഹത്തെ സംരക്ഷിച്ചു. ആ സംരക്ഷണം മൂലം ശത്രുക്കളുടെ ഗൂഢാലോചനകളെ അതിജീവിക്കാനും നിങ്ങളുടെ സമാശ്വാസത്തിനുവേണ്ടി വീണ്ടും വന്നെത്താനും സാധിക്കുമെന്ന് അദ്ദേഹം കരുതിയിരുന്നു. ഈ അനുഭവങ്ങൾ മൂലം അദ്ദേഹം ലോകത്തിന്റെ അതിർത്തികൾ വരെ മഹത്ത്വമുള്ളവൻ എന്ന നിലയിൽ അറിയപ്പെടാൻ ഇടയായി. ജീവിതവിശുദ്ധിയും ലക്ഷ്യത്തിലുള്ള സ്ഥിരതയും സ്വർഗീയ പ്രബോധനത്തിലുള്ള സ്ഥിരതയും വഴി അദ്ദേഹത്തിന്റെ യോഗ്യത എല്ലാവരും അംഗീകരിച്ചു. അദ്ദേഹത്തോടു നിങ്ങൾക്കുള്ള അചഞ്ചല സ്നേഹത്താലും ബഹുമാനത്താലും ഇതു സാക്ഷ്യപ്പെടുത്തിയിട്ടുള്ളതുമാണല്ലോ.

അദ്ദേഹം ഇപ്പോൾ നിങ്ങളുടെ പക്കലേയ്ക്കു തിരിച്ചുവരികയാണ്. നിങ്ങളിൽനിന്നു പിരിഞ്ഞകാലത്തേക്കാളും അദ്ദേഹം മഹത്ത്വപൂർണ്ണനായിത്തീർന്നിരിക്കുന്നു. സ്വർണ്ണം, വെള്ളി തുടങ്ങിയ ലോഹങ്ങളെ അഗ്നി ശുദ്ധീകരിച്ച് കൂടുതൽ വിലയുററതാക്കുമെങ്കിൽ ഇദ്ദേഹത്തെപ്പോലെ വിശിഷ്ടനായ ഒരു വ്യക്തിയുടെ കാര്യം പറയാനുണ്ടോ? അനവധി അപകടങ്ങളും ദുരനുഭവങ്ങളുമാകുന്ന അഗ്നിപരീക്ഷകളെ തരണംചെയ്തശേഷം അദ്ദേഹമിപ്പോൾ വീണ്ടും നിങ്ങളുടെ പക്കൽ വന്നെത്തിയിരിക്കുന്നു. അദ്ദേഹത്തെ കുററമില്ലാത്തവനെന്നു പ്രഖ്യാപിച്ചിട്ടുള്ളത് ഞാൻ മാത്രമല്ല, മുഴുവൻ സൂനഹദോസും കൂടെയാണ്. അതിനാൽ പ്രിയസഹോദരരേ, നിങ്ങളുടെ മെത്രാനായ അത്തനാസ്യോ

www.malankaralibrary.com



സിനെയും പരീക്ഷണങ്ങളിൽ അദ്ദേഹത്തിൻെറ സഹചാരികളായിരുന്നവരെയും ദൈവികമായ ബഹുമാനത്തോടും സന്തോഷത്തോടുംകൂടെ സ്വീകരിക്കുവിൻ. നിങ്ങളുടെ പ്രാർത്ഥനകൾ ഫലമണിഞ്ഞതിൽ ആഹ്ലാദിക്കുക. നിങ്ങളുടെ ആദ്ധ്യാത്മികമായ നന്മയ്ക്കുവേണ്ടി വിശക്കുകയും ദാഹിക്കുകയും ചെയ്ത അദ്ദേഹത്തിനു ഭക്ഷണപാനീയങ്ങളും പ്രോത്സാഹജനകമായ കത്തുകളും നൽകി സംരക്ഷിച്ചവരാണല്ലോ നിങ്ങൾ. അപരിചിതമായ ഒരു ദേശത്തു പ്രവാസം അനുഭവിച്ചിരുന്ന കാലത്തു് നിങ്ങൾ അദ്ദേഹത്തിനു് ആശ്വാസമായിരുന്നു. അദ്ദേഹത്തിനെതിരായി ഗൂഢാലോചനകളും പീഡനങ്ങളും നടക്കുമ്പോൾ ഏററവും വിശ്വസ്തത നിറഞ്ഞ സ്നേഹത്തിൽ നിങ്ങൾ അദ്ദേഹത്തെ നിലനിർത്തി. എന്നെ സംബന്ധിച്ചാണെങ്കിൽ അദ്ദേഹത്തിൻെറ പ്രത്യാഗമനത്തിൽ നിങ്ങൾക്കു് ഓരോരുത്തർക്കും ഉണ്ടാകുന്ന ആഹ്ലാദം, ഭക്തജനങ്ങളുടെ ഭക്തിനിറഞ്ഞ ആശംസകൾ, അദ്ദേഹത്തെ സ്വീകരിക്കാൻ കൂടിയിരിക്കുന്നവരുടെ മഹനീയമായ ആഘോഷം, എൻെറ സഹോദരൻ നിങ്ങളുടെ പക്കലേക്കു് വീണ്ടും വരുന്ന ആ ദിവസം മുഴുവനുമുള്ള പരിപാടികൾ എന്നിവ ഭാവനയിൽ കാണുന്നതുതന്നെ സന്തോഷപ്രദമാണു്. അപ്പോൾ കഴിഞ്ഞുപോയ പീഡകൾ വിസ്മരിക്കപ്പെടും; അദ്ദേഹത്തിൻെറ വിലയേറിയതും കാത്തുകാത്തിരുന്നതുമായ തിരിച്ചുവരവു് സന്തോഷാധിക്യത്തിൽ ഹൃദയങ്ങളെ യോജിപ്പിക്കും. ഈ വികാരം വളരെ ആഴമായ രീതിയിൽ നമുക്കും ഉണ്ടായിരിക്കും. ഇത്രയും ഉന്നതനായ ഒരു വ്യക്തിയെ പരിചയപ്പെടാൻ സാധിച്ചതു തന്നെ ഒരു വലിയ ഭാഗ്യമായി ഞാൻ കരുതുന്നു. ഈ എഴുത്തു് ഒരു പ്രാർത്ഥനയോടുകൂടി അവസാനിപ്പിക്കുന്നതു യുക്തമായിരിക്കുമല്ലോ. സർവ്വശക്തനായ ദൈവവും അവിടുത്തെ പുത്രനും നമ്മുടെ രക്ഷകനും നാഥനുമായ യേശുക്രിസ്തുവും ഈ അനുഗ്രഹം നിങ്ങൾക്കു നിരന്തരമായി നൽകട്ടെ. മഹനീയസാക്ഷ്യത്താൽ നിങ്ങളുടെ മെത്രാനോടു് നിങ്ങൾ കാണിച്ച അനുമോദനാർഹമായ വിശ്വാസത്തിനു തക്കതായ പ്രതിസമ്മാനം നിങ്ങൾക്കു ലഭിക്കട്ടെ. ''ദൈവം തന്നെ സ്നേഹിക്കുന്നവർക്കായി തയ്യാറാക്കിയിരിക്കുന്ന, കണ്ണു കണ്ടിട്ടില്ലാത്തതും ചെവി കേട്ടിട്ടില്ലാത്തതും മനുഷ്യമനസ്സു വിഭാവനം ചെയ്തിട്ടില്ലാത്തതുമായ'' വിശിഷ്ടകാര്യങ്ങൾ പരലോകത്തിൽ നിങ്ങളെയും നിങ്ങളുടെ പ്രിയപ്പെട്ടവരെയും നമ്മുടെ കർത്താവായ ഈശോമിശിഹാവഴി കാത്തിരിക്കട്ടെ. അവിടുന്നുവഴി സർവശക്തനായ ദൈവത്തിനു എന്നും എന്നേയ്ക്കും മഹത്വമുണ്ടായിരിക്കട്ടെ. ആമ്മേൻ.

www.malankaralibrary.com



മുകളിൽ പറഞ്ഞ കത്തുകളെ ആശ്രയിച്ചുകൊണ്ട് അത്തനാസ്യോസ് പൗരസ്ത്യദേശത്ത് എത്തിച്ചേർന്നു. കോൺസ്റ്റാൻസ്യൂസ് ചക്രവർത്തി വിരോധമൊന്നും കൂടാതെ അദ്ദേഹത്തെ സ്വീകരിക്കുകയും ചെയ്തു. എന്നാൽ ആര്യൻപക്ഷക്കാരുടെ ഉപദേശമനുസരിച്ച് ചക്രവർത്തി പിന്നീട് അത്തനാസ്യോസിനെതിരായി ചില ഗൂഢതന്ത്രങ്ങൾ പ്രയോഗിക്കാൻ മുതിർന്നു. ചക്രവർത്തി അത്തനാസ്യോസിനു് ഇങ്ങനെയെഴുതി: 'സിനഡിന്റെ തീരുമാനമനുസരിച്ച് എന്റെ സമ്മതത്തോടുകൂടി അങ്ങ് സ്വന്തം ഭദ്രാസനത്തിൽ വീണ്ടും അധികാരത്തിൽ വന്നല്ലോ. എന്നാൽ അലക്സാണ്ഡ്രിയായിലെ ജനങ്ങളിൽ ചിലർ അങ്ങയോട് സംസർഗത്തിനു വിസമ്മതിക്കുന്നതിനാൽ നഗരത്തിൽ ഒരു ദേവാലയം അവർക്ക് അനുവദിച്ചുകൊടുക്കുക'. അത്തനാസ്യോസ് ഉടൻ ഇതിനു് മറുപടി കൊടുത്തു: ''എന്റെ പ്രിയ ചക്രവർത്തീ, അങ്ങേയ്ക്കു് ഏതുകാര്യവും കല്പിക്കാനും നടപ്പാക്കാനും അധികാരമുണ്ട്. അതിനാൽ അങ്ങയോട് ഒരു കാര്യം എനിക്കും അഭ്യർത്ഥിക്കാനുണ്ട്.'' അത്തനാസ്യോസിന്റെ ആവശ്യം സാധിച്ചുകൊടുക്കാമെന്നു് ചക്രവർത്തി സമ്മതിച്ചു. ചക്രവർത്തി തന്നോട് ആവശ്യപ്പെട്ട അതേകാര്യം, അതായത് ആര്യൻ പക്ഷക്കാരോട് സംസർഗത്തിനു തയാറില്ലാത്തവർക്കു വേണ്ടി എല്ലാ നഗരത്തിലും ഓരോപള്ളി വിട്ടുകൊടുക്കണം എന്നു് അത്തനാസ്യോസ് ഉടനെ മറുപടി കൊടുത്തു. അത്തനാസ്യോസിന്റെ ഈ ആവശ്യം തങ്ങളുടെ താല്പര്യത്തിനു വിരുദ്ധമാണെന്നു മനസ്സിലാക്കിയ ആര്യന്മാർ ഇതു സംബന്ധിച്ച തീരുമാനം മാററിവയ്ക്കണമെന്നു് ചക്രവർത്തിയെ ഉപദേശിച്ചു. എങ്കിലും ചക്രവർത്തിയുടെ ഇഷ്ടംപോലെ പ്രവർത്തിക്കാൻ അവർ സമ്മതിക്കുകയും ചെയ്തു. അതനുസരിച്ച് അത്തനാസ്യോസ്, പൗലോസ്, മർസെല്ലൂസ്, ഗാസ്സായിലെ മെത്രാനായിരുന്ന അസ്ക്ലെപ്പാസ്, അഡ്രിയാനോപ്പിളിലെ ലൂഷ്യസ് എന്നിവർ സ്വസ്ഥാനങ്ങളിൽ പുനരവരോധിക്കപ്പെട്ടു. ഇവരെയെല്ലാം സാർദിക്കാ സിനഡ് സ്വീകരിച്ചിരുന്നതാണ്. എവുസേബിയസ് പാംഫീലി, മററുപലരും ചേർന്നു് അന്വേഷണം നടത്തിയതിനുശേഷം തന്നെ പഴയപദവിയിലേയ്ക്കു് സ്വീകരിച്ചിരുന്നു എന്നു് അസ്ക്ലെപ്പാസ് രേഖകൾ സഹിതം സിനഡിനെ ബോദ്ധ്യപ്പെടുത്തിയിരുന്നു. ലൂഷ്യസിന്റെമേൽ കുററം ചുമത്തിയവർ പലായനം ചെയ്തുകഴിഞ്ഞിരുന്നു. മുൻപറഞ്ഞ മെത്രാന്മാരെ അവരവരുടെ ഭദ്രാസനങ്ങളിൽ തടസമൊന്നും കൂടാതെ സ്വീകരിക്കുന്നതിനാവശ്യമായ കല്പനകൾ ചക്രവർത്തി പുറപ്പെടുവിച്ചു. അൻസീറായിൽ ബേസിലിനെ പുറത്താക്കിയിട്ട് പകരം മർസെല്ലൂസിനെ അധികാരത്തിലേററിയപ്പോൾ കുറെ ബഹളമുണ്ടായി. മർസെല്ലൂസിനെ താറടിക്കാൻ അവസരമായി എതി

www.malankaralibrary.com



രാളികരം ഇതുപയോഗിച്ചു. എന്നാൽ ഗാസ്സായിലെ ജനങ്ങരം സന്തോഷത്തോടെ അസ്ക്ലേപ്പാസിനെ സ്വീകരിച്ചു. കോൺസ്റ്റാൻറിനോപ്പിളിൽ മാസിഡോണിയസ് കറേക്കാലത്തേയ്ക്കു സ്ഥാനം മാറിക്കൊടുത്തു. അയാരം സ്വന്തം പക്ഷക്കാരെ വേറിട്ടൊരു പള്ളിയിൽ സമ്മേളിപ്പിച്ചുവന്നു. അത്തനാസ്യോസിനെ സന്തോഷപൂർവം സ്വീകരിക്കണമെന്നു് ആവശ്യപ്പെട്ടുകൊണ്ടു് ചക്രവത്തി മെത്രാന്മാക്കും വൈദികർക്കും ജനങ്ങരംക്കും കത്തുകരം എഴുതി. അദ്ദേഹത്തിനെതിരായി കോടതികളിൽ എന്തെങ്കിലും നടപടികരം എടുത്തിട്ടുണ്ടെങ്കിൽ അവയെല്ലാം പിൻവലിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടും ചക്രവത്തി കല്പനകരം പുറപ്പെടുവിച്ചു. ഈ രണ്ടു കാര്യങ്ങളും സംബന്ധിച്ചുള്ള കത്തുകളും താഴെ ചേക്കുന്നു.

## അത്തനാസ്യോസിനുവേണ്ടി കോൺസ്റ്റൻസ്യൂസ് എഴുതിയ കത്ത്

വിക്ടർ കോൺസ്റ്റാൻസ്യൂസ് മാക്സിമസ് അഗസ്റ്റസ് കത്തോലിക്കാസഭയിലെ മെത്രാന്മാക്കും വൈദികക്കും എഴുതുന്നതു്: ഏററവും ആദരണീയനായ അത്തനാസ്യോസ് മെത്രാൻ ദൈവത്തിൻെറ അനുഗ്രഹത്താൽ ഉപേക്ഷിക്കപ്പെട്ടില്ല. കുറെക്കാലത്തേയ്ക്കു് മനുഷ്യർമൂലം അദ്ദേഹത്തിനു ചില ക്ലേശങ്ങരം ഉണ്ടായി. എന്നാൽ സർവ്വജ്ഞനായ ദൈവം അദ്ദേഹത്തിൻെറ നിരപരാധിത്വം വെളിപ്പെടുത്തി. ഇപ്പോരം അദ്ദേഹം ദൈവഹിതവും എൻെറ നിശ്ചയവും അനുസരിച്ചു് തൻെറ നാട്ടിലേയ്ക്കും ദൈവനിശ്ചയത്താൽ താൻ നയിച്ചിരുന്ന സഭയിലേയ്ക്കും പ്രത്യാനയിക്കപ്പെടുകയാണ്. അതിനാൽ ഇതിനുവേണ്ട കാര്യങ്ങരം എൻെറ അനുഭാവംകൊണ്ടു് വേണ്ടവിധം നിർവ്വഹിക്കപ്പെടണം എന്നതു് യുക്തമായിരുന്നു. അദ്ദേഹത്തോടു ബന്ധം പുലർത്തിയിരുന്ന ആളുകരംക്കെതിരെ നിലനിൽക്കുന്ന എല്ലാ നടപടികളും പിൻവലിക്കപ്പെടണം. അദ്ദേഹത്തിനെതിരായുള്ള സംശയങ്ങരം മുഴുവൻ നീങ്ങിക്കിട്ടാൻ അതുമൂലം ഇടയാകണം. അദ്ദേഹത്തിൻെറ അനുകൂലികളായ വൈദികർ പണ്ടു് അനുഭവിച്ചിരുന്ന സുരക്ഷിതത്വം, യുക്തമായ വിധത്തിൽ ത്തന്നെ, തുടന്നും അവക്കു് അനുഭവപ്പെടണം. അദ്ദേഹത്തിൻെറ പക്ഷത്തുള്ള മെത്രാന്മാർക്കും വൈദികർക്കും പൂർണ്ണമായ സംരക്ഷണം നൽകപ്പെടും എന്നു് സഭാഗാത്രം മുഴുവനും അറിഞ്ഞിരിക്കട്ടെ. അദ്ദേഹത്തോടുള്ള ഐക്യം ഓരോ വ്യക്തിയുടെയും സദുദ്ദേശ്യത്തിൻെറ ലക്ഷ്യമായിരിക്കും. കൂടുതൽ സാധുവായ അദ്ദേഹത്തിൻെറ അഭിപ്രായങ്ങളിലും പ്രസ്ഥാനത്തിലും പങ്കുചേരുകയും അദ്ദേഹവുമായി സമ്പർക്കം പുലത്തുകയും ചെയ്യുന്ന

www.malankaralibrary.com



വർക്കു്, ദൈവഹിതാനുസൃതമായി നാം ഇപ്പോഠം നൽകി യിരിക്കുന്ന ലാളനം അനുഭവിക്കാൻ സാധിക്കും എന്നു നാം കല്പിക്കുന്നു.

## അലക്സാൺഡ്രിയാക്കാർക്കയച്ച മറെറാരു കത്തു്[27]

വിക്ടർ കോൺസ്റ്റാൻസ്യൂസ് മാക്സിമസ് അഗസ്റ്റസ് അല ക്സാണ്ഡ്രിയായിലെ കത്തോലിക്കാ സഭയിലെ ജനങ്ങഠംക്കു്:

എല്ലാ വിഷയങ്ങളിലും നിങ്ങളുടെ നല്ല ക്രമീകരണങ്ങഠം ലക്ഷ്യമാക്കിക്കൊണ്ടും വളരെക്കാലമായി നിങ്ങഠംക്കു് വൈദി കാദ്ധ്യക്ഷൻെറ മേൽനോട്ടം ലഭ്യമായിരുന്നില്ല എന്നു മനസ്സി ലാക്കിക്കൊണ്ടും നിങ്ങളുടെ മെത്രാനായ അത്തനാസ്യോസിനെ നിങ്ങളുടെ പക്കലേയ്ക്കു ഞാൻ അയയ്ക്കുന്നു. തൻെറ ജീവിത വിശുദ്ധിമൂലം എല്ലാവരാലും അറിഞ്ഞാദരിക്കപ്പെടുന്ന ഒരു വ്യക്തിയാണദ്ദേഹം. നിങ്ങഠംക്ക സ്വാഭാവികമായ ആദര വോടുകൂടി അദ്ദേഹത്തെ സ്വീകരിക്കുക. നിങ്ങളുടെ പ്രാത്ഥനാ ജീവിതത്തിലെ സഹായിയായി അദ്ദേഹത്തെ അംഗീകരിക്കുക. സഭാനിയമമനുസരിച്ചു് എല്ലാ സമയത്തും സമാധാനവും ഐക മത്യവും കാത്തുസൂക്ഷിക്കാൻ പരിശ്രമിക്കുക. അതു് നിങ്ങളുടെ ബഹുമാനത്തിനും എൻെറ കൃതജ്ഞതയ്ക്കും എന്നും കാരണമായി രിക്കും. നമ്മുടെ കാലത്തെ പുരോഗതിക്ക വിരുദ്ധമായ രീതി യിൽ നമ്മുടെയിടയിൽ കലഹങ്ങളും ഭിന്നതകളും ഉണ്ടാവുക യെന്നതു് യുക്തിയ്ക്കു ചേർന്നതല്ല. അത്തരമൊരു ദൗർഭാഗ്യം നിങ്ങളിൽനിന്നു് എന്നും അകന്നിരിക്കുമെന്നു് ഞാൻ വിശ്വസി ക്കുന്നു. നാം നേരത്തെ പറഞ്ഞതുപോലെ, മെത്രാനായ അത്ത നാസ്യോസിൻെറ സഹായത്താൽ നിങ്ങഠം ഭക്തജീവിതത്തിൽ തീക്ഷ്ണതാപൂർവം നിലനിൽക്കണമെന്നു നാം ഉദ്ബോധിപ്പി ക്കുന്നു. ഏററവും പ്രിയപ്പെട്ടവരായ അലക്സാണ്ഡ്രിയാക്കാരേ, നിങ്ങളുടെ തീരുമാനം പരക്കെ അറിയപ്പെടുമ്പോഠം അതു് എല്ലാവരുടെയും പ്രാർത്ഥനയോടു ചേരുകയും അതിൻെറ ഫല മായി ഇന്നും വിഗ്രഹാരാധനയുടെതായ അജ്ഞാനത്തിനു് അടിമകളായിരിക്കുന്ന അവിശ്വാസികഠം നമ്മുടെ വിശുദ്ധ മത ത്തിൻെറ വിജ്ഞാനം തേടിയെത്താൻ ഇടയാകുകയും ചെയ്യട്ടെ.

താഴെ പറയുന്ന കാര്യങ്ങഠം ശ്രദ്ധിക്കാൻ നാം വീണ്ടും നിങ്ങളെ ഉദ്ബോധിപ്പിക്കുന്നു: ദൈവതിരുമനസ്സും എൻെറ

27. അതേ കൃതി, 55.

www.malankaralibrary.com



കല്പനയും അനുസരിച്ച് നിങ്ങൾക്കുവേണ്ടി നിയമിക്കപ്പെട്ടയാളായി നിങ്ങളുടെ മെത്രാനെ ഹൃദയപൂർവ്വം സ്വീകരിക്കുക. നിങ്ങളുടെ ആത്മാക്കളുടെ പരിപൂർണ്ണ സ്നേഹത്തോടുകൂടെ ആശ്ലേഷിക്കപ്പെടുവാൻ യോഗ്യനായി കരുതി അദ്ദേഹത്തെ ബഹുമാനിക്കുക. ഇതു നിങ്ങൾക്കു ചേരുന്നതാണ്; നമ്മുടെ മഹാമനസ്ക്കതെയ്ക്കു യോജിച്ചതുമാണ്. കലഹസ്വഭാവമുള്ള മനുഷ്യർ ഇളക്കിവിട്ടേക്കാവുന്ന ഭിന്നതകൾ അവസാനിപ്പിക്കുന്നതിനായി ആ പ്രദേശത്തുള്ള ന്യായാധിപന്മാർക്ക് വേണ്ട കല്പനകൾ ഞാൻ അയച്ചിട്ടുണ്ട്. കലഹങ്ങൾ ഉണ്ടാക്കുന്നവർക്കെതിരേ നിയമം കർക്കശമായി ഉപയോഗിക്കണമെന്ന് നാം നിർദ്ദേശിച്ചിട്ടുണ്ട്. അതിനാൽ ദൈവഹിതവും എൻെറ തീരുമാനവും നിങ്ങൾ ഓർമ്മയിൽ വയ്ക്കുക. നിങ്ങളുടെയിടയിൽ ഐക്യം നിലനിർത്തുന്ന വിഷയത്തിൽ എനിക്കുള്ള ഉത്കണ്ഠ മനസ്സിലാക്കുക. ക്രമവിരുദ്ധമായി പെരുമാറുന്നവർക്കു ലഭിക്കാവുന്ന ശിക്ഷ ഓർത്തുകൊള്ളുക. നമ്മുടെ വിശുദ്ധ മതത്തിൻെറ കല്പനകൾ അനുസരിച്ചു ജീവിക്കാൻ പ്രത്യേകം ശ്രദ്ധിക്കുക. വളരെ ആദരപൂർവ്വം നിങ്ങളുടെ മെത്രാനെ ബഹുമാനിക്കുക. അങ്ങനെ, നിങ്ങൾക്കുവേണ്ടിയും മനുഷ്യവർഗ്ഗത്തിൻെറ മുഴുവൻ ക്രമബദ്ധമായ ഭരണത്തിനുവേണ്ടിയും അദ്ദേഹത്തോടു ചേർന്ന് പ്രപഞ്ചത്തിൻെറ പിതാവായ ദൈവത്തിൻെറ സന്നിധിയിൽ പ്രാത്ഥനകൾ അർപ്പിക്കുവാൻ നിങ്ങൾക്കു സംഗതിയാകട്ടെ.

## ഗവർണ്ണർമാർക്കുള്ള കത്ത്

വിക്ടർ കോൺസ്റ്റാൻസ്യൂസ് അഗസ്റ്റസ്: നെസ്റ്റോറിയസിനും അഗസ്റ്റാംനിക്കാ, തേബായിസ്, ലിബിയാ എന്നിവിടങ്ങളിലെ ഗവർണ്ണർമാർക്കും:

അത്തനാസ്യോസ് മെത്രാനോട് കൂട്ടായ്മ പുലർത്തുന്നവർക്ക് ദോഷകരമായി എന്തെങ്കിലും നിയമനിർമ്മാണം ഇതിനുമുമ്പ് ഉണ്ടായിട്ടുണ്ടെങ്കിൽ അവയെല്ലാം പൂർണ്ണമായി റദ്ദുചെയ്യപ്പെടണമെന്നാണ് എൻെറ അഭീഷ്ടം. അദ്ദേഹത്തിൻെറ വൈദികർക്കു മുമ്പു ലഭിച്ചിരുന്ന സംരക്ഷണങ്ങളെല്ലാം മേലിലും ലഭിക്കണം. ഈ കല്പന എല്ലാവരും കർശനമായി പാലിച്ചുകൊള്ളണമെന്ന് ഞാൻ ആവശ്യപ്പെടുന്നു. അത്തനാസ്യോസിനെ അദ്ദേഹത്തിൻെറ സഭയിൽ വീണ്ടും അധികാരത്തിലാക്കിയതുകൊണ്ട് അദ്ദേഹത്തിൻെറ കീഴിലുള്ള വൈദികർക്ക് മററെല്ലാ വൈദികർക്കും ഉള്ള ആനുകൂല്യങ്ങൾ ലഭിക്കണം. അവരുടെ കാര്യങ്ങൾ സന്തോഷകരമായി ക്രമീകരിച്ചിട്ടുള്ളതുകൊണ്ട് അവരും പൊതുവായിട്ടുള്ള ക്ഷേമത്തിൽ പങ്കാളികളാകട്ടെ.

www.malankaralibrary.com



# അധ്യായം 24

## ജറൂസലെമിലെ സമ്മേളനം

മുകളിൽ പറഞ്ഞ കത്തുകളുമായി അത്തനാസ്യോസ് അലക്സാൺഡ്രിയായിലേക്കുള്ള യാത്രയിൽ സിറിയായിലൂടെ കടന്നു് പലസ്തീനായിൽ എത്തി. അദ്ദേഹം ജറൂസലെമിൽ എത്തി അവിടത്തെ മെത്രാനായ മാക്സിമൂസിനെ സന്ദർശിച്ചു. സാർദിക്കാ സമ്മേളനത്തിന്റെ തീരുമാനങ്ങളും കോൺസ്റ്റാൻ സ്യൂസ്ചക്രവർത്തി അവയെ സ്വീകരിച്ച കാര്യവും അത്തനാസ്യൂസ് മാക്സിമൂസിനെ അറിയിച്ചു. സമീപപ്രദേശങ്ങളിലുള്ള മെത്രാന്മാരുടെ ഒരു കൗൺസിൽ നടത്തിയാൽ കൊള്ളാമെന്നു് അദ്ദേഹം നിർദ്ദേശിച്ചു. മാക്സിമൂസ് വേഗം തന്നെ സിറിയാ യിലും പലസ്തീനായിലുമുള്ള കുറെ മെത്രാന്മാരെ വിവരമറിയി ക്കുകയും അവർ സിനഡു കൂടുകയും ചെയ്തു. അവർ അത്തനാ സ്യോസിനെ സഭൈക്യത്തിലേക്കും അദ്ദേഹത്തിന്റെ മുൻപദ വിയിലേക്കും സ്വീകരിച്ചു. അതിനുശേഷം ഈ വിവരങ്ങ ളെല്ലാം കത്തുകൾ വഴി അവർ അലക്സാൺഡ്രിയക്കാരെയും ഈജിപ്തിലും ലിബിയയിലുമുള്ള മെത്രാന്മാരെയും അറിയിക്കു കയും ചെയ്തു.

ഈ വിവരങ്ങൾ അറിഞ്ഞപ്പോൾ അത്തനാസ്യോസിന്റെ എതിരാളികൾ മാക്സിമൂസിനെ അത്യധികമായി പരിഹസിച്ചു. അത്തനാസ്യോസിനെ സ്ഥാനഭ്രഷ്ടനാക്കുന്നതിനു മുമ്പിൽ നിന്നു പ്രവർത്തിച്ച മാക്സിമൂസ് തന്നെ അങ്ങനെയൊന്നും ചെയ്തി ട്ടില്ലാത്ത മട്ടിൽ പെട്ടെന്നുനയം മാററുകയും അത്തനാസ്യോസിനു് അംഗീകാരവും സ്ഥാനമാനങ്ങളും ലഭിക്കുന്നതിനു് അനുകൂല മായി പ്രവർത്തിക്കുകയും ചെയ്തതാണ് അവരുടെ പരിഹാസ ത്തിനു വിഷയമായതു്.

ആര്യനിസത്തിന്റെ ഉഗ്രവക്താക്കളായ ഉർസാചിയുസും വാലെൻസും ഈ കാര്യങ്ങളൊക്കെ മനസ്സിലാക്കിക്കഴിഞ്ഞ പ്പോൾ അവർ പഴയ തീക്ഷ്ണതയെല്ലാം ഉപേക്ഷിച്ചിട്ട് റോമിൽച്ചെന്നു് തങ്ങളുടെ ''പിൻവലിക്കൽ'' ജൂലിയസ് മെത്രാനു് സമർപ്പിച്ചു. 'ഹോമോഉസിയോസ്'' പ്രബോധനം

www.malankaralibrary.com



സ്വീകരിച്ചുകൊള്ളാമെന്നു സമ്മതിച്ചു. അവർ ഭാവിയിൽ അത്തനാസ്യോസുമായി സംസർഗ്ഗം പുലർത്തിക്കൊള്ളാമെന്ന് അദ്ദേഹത്തെ എഴുതി അറിയിക്കുകയും ചെയ്തു. ഇപ്രകാരം ആ ഘട്ടത്തിൽ ഉർസാചിയൂസും വാലെൻസും അത്തനാസ്യോസിൻെറ ഭാഗ്യംകൊണ്ടു് കീഴടങ്ങുകയും സത്യവിശ്വാസം അംഗീകരിക്കുവാൻ പ്രേരിതരാകുകയും ചെയ്തു. അത്തനാസ്യോസ് അലക്സാൺഡ്രിയയിലേക്കുള്ള യാത്രയിൽ പെലൂസിയത്തുകൂടി കടന്നുപോയി. ആര്യന്മാർക്കെതിരെ ജാഗരൂകരായിരിക്കണമെന്നും ''ഹോമോഉസിയോസ്'' വിശ്വാസം പ്രഖ്യാപിച്ചവരെ മാത്രമേ സ്വീകരിക്കാവൂ എന്നും ഓരോ നഗരത്തിലെയും ജനങ്ങളെ അദ്ദേഹം ഉദ്ബോധിപ്പിച്ചു. ചില സഭകളിൽ അദ്ദേഹം പട്ടവും നൽകി. മററുള്ളവരുടെ രൂപതയിൽ പട്ടം നൽകിയതിനാൽ അതു് അദ്ദേഹത്തിനെതിരെ ആരോപണത്തിനു കാരണമായി. അത്തനാസ്യോസിനെ സംബന്ധിച്ച് അക്കാലത്തു നടന്ന സംഭവഗതികൾ ഇപ്രകാരമായിരുന്നു.

## അധ്യായം 25

# മാഗ്നെൻസ്യൂസ്, വെത്രാനിയോ എന്നീ നുഴഞ്ഞുകയററക്കാർ

ഈ സന്ദർഭത്തിൽ അസാധാരണമായ ഒരു ദുഷ്കാലം റോമാസാമ്രാജ്യത്തെ മുഴുവൻ പിടിച്ചു കലുക്കി. അതിലെ ചില പ്രധാന വിവരങ്ങൾ മാത്രം ഇവിടെ പറയാം. അതിനെപ്പററി ഒന്നും പറയാതെ കടന്നുപോകുന്നതു് ശരിയല്ലെന്നു കരുതുന്നു. കോൺസ്റ്റാൻറിനോപ്പിളിൻെറ സ്ഥാപകനായ ചക്രവർത്തിയുടെ മരണശേഷം അദ്ദേഹത്തിൻെറ മൂന്നു മക്കളും സാമ്രാജ്യത്തിൽ ഭരണാധികാരികളായിത്തീർന്ന വിവരം ഒന്നാം പുസ്തകത്തിൽ പറഞ്ഞിട്ടുണ്ടല്ലോ. ഡൽമേഷ്യസ് എന്നു പേരുള്ള അവരുടെ ഒരു ബന്ധുവും ഭരണാധികാരത്തിൽ പങ്കു ചേർന്നു. അങ്ങനെ കുറെനാൾ കഴിഞ്ഞപ്പോൾ ചില പട്ടാളക്കാർ അയാളെ വധിച്ചു. അങ്ങനെ വധിക്കാൻ കോൺസ്റ്റാൻസ്യൂസ് ആവശ്യപ്പെട്ടുമില്ല, അതു തടഞ്ഞുമില്ല. കോൺസ്റ്റൈൻെറൻ രണ്ടാമൻ തൻെറ സഹോദരൻെറ അധീനതയിലുള്ള പ്രദേശങ്ങൾ പിടിച്ചെടുക്കാൻ പോയ പോക്കിൽ പട്ടാളക്കാരാൽ

www.malankaralibrary.com



വധിക്കപ്പെട്ട കാര്യം ഇതിനുമുമ്പ് പ്രസ്താവിച്ചിട്ടുള്ളതാണല്ലോ.[28] അതിനെത്തുടർന്ന് പേർഷ്യാക്കാരുടെ ആക്രമണമുണ്ടായി. പ്രസ്തുത ആക്രമണത്തെ ചെറുക്കാനുള്ള യത്നത്തിൽ കോൺസ്റ്റാൻസ്യസിനു കാര്യമായ വിജയമുണ്ടായില്ല. രണ്ടു രാജ്യങ്ങളുടെയും അതിർത്തിയിലുള്ള ഒരു സ്ഥലത്തുവച്ചു രാത്രിയിൽ നടന്ന ഒരു യുദ്ധത്തിൽ പേർഷ്യാക്കാർക്കാണ് ചെറുതായ ജയം ഉണ്ടായത്. ഈ സംഭവം നടന്നത് അത്തനാസ്യോസിൻെറയും ഹോമോ ഉസിയോസ് വിശ്വാസത്തിൻെറയും പേരിൽ സഭകളിൽ വലിയ കലഹങ്ങൾ നടന്നുകൊണ്ടിരിക്കുന്ന സമയത്തായിരുന്നു; ക്രിസ്ത്യാനികളുടെ ഇടയിലെ പ്രശ്നങ്ങളൊന്നും ശമിച്ചിരുന്നില്ല.

ഈ അവസരത്തിൽ പാശ്ചാത്യസാമ്രാജ്യത്തിൽ മാഗ്നെൻസ്യസ് എന്നു പേരുള്ള അധികാരദുർമോഹിയായ ഒരാൾ മുന്നോട്ടു വന്നു. അയാൾ അന്ന് ഗാൾപ്രദേശത്തു നിവസിച്ചിരുന്ന കോൺസ്റ്റൻസ് ചക്രവർത്തിയെ ചതിവിൽ വധിച്ചിട്ടാണ് അധികാരം കയ്യടക്കിയത്. ഇതിനെത്തുടർന്ന് പാശ്ചാത്യസാമ്രാജ്യത്തിൽ ഭയങ്കരമായ ഒരു ആഭ്യന്തര കലഹമുണ്ടായി. കലഹത്തിൽ മാഗ്നെൻസ്യസ്പക്ഷം വിജയം നേടി. ഇററലി, ആഫ്രിക്ക, ലിബിയ എന്നീ സ്ഥലങ്ങൾ അയാൾക്കു കീഴിലായി. ഗാൾപ്രദേശവും അയാൾ കയ്യടക്കി.

എന്നാൽ ഇല്ലിറിക്കത്തിലുള്ള സിർമിയം എന്ന നഗരത്തിൽ, അവിടുത്തെ സൈന്യം വെത്രാനിയോ എന്നയാളെ അധികാരത്തിൽ അവരോധിച്ചു. ഈ സമയത്ത് റോം തന്നെ വല്ലാത്ത ഒരു കലാപത്തിൻെറ രംഗമായി. അവിടെ കോൺസ്റ്റൻറയിൻെറ അനന്തിരവനായ നെപ്പോഷ്യൻ എന്നൊരാളുണ്ടായിരുന്നു. അയാൾ ഒരു സംഘം ഖഡ്ഗയോദ്ധാക്കളുടെ പിൻതുണയോടെ അവിടെ അധികാരം കയ്യടക്കി. മാഗ്നെൻസ്യസിൻെറ ചില ഉദ്യോഗസ്ഥൻമാർ അയാളെ വധിച്ചു. മാഗ്നെൻസ്യസ് അതിനുശേഷം പടിഞ്ഞാറുള്ള പല നഗരങ്ങളും ആക്രമിക്കുകയും എങ്ങും വിനാശം വിതറുകയും ചെയ്തു.

---

28. 1:38.

www.malankaralibrary.com



## അധ്യായം 26

# പൗലോസിനും അത്തനാസ്യോസിനും വീണ്ടും ദുഷ്കാലം

ഈ ദുരന്തങ്ങളെല്ലാം ചുരുങ്ങിയ ഒരു കാലത്തിനുള്ളിലാണു സംഭവിച്ചത്. അതായത് സാർദിക്കാ സിനഡിനുശേഷമുള്ള നാലാം വർഷത്തിൽ. സേർജിയൂസ്, നിഗ്രീനിയൻ എന്നിവരായിരുന്നു അന്നത്തെ കോൺസുരാമാർ[29] ഈ വിവരങ്ങളെല്ലാം അറിവായപ്പോരാം റോമാസാമ്രാജ്യം മുഴുവൻ കോൺസ്ററാൻസ്യസിനു് അധീനമായിത്തീരുമെന്നു തോന്നി. അയാരാം കിഴക്കൻ സാമ്രാജ്യത്തിൻെറ ഏക സമ്രാട്ടായി പ്രഖ്യാപനം ചെയ്യപ്പെട്ടു. അധികാരം അനർഹമായി കയ്യടക്കിയവരുടെ നേരേ സേനാനീക്കം നടത്താനുള്ള തീവ്രമായ ഒരുക്കങ്ങളിൽ അയാരാം ഏർപ്പെട്ടു.

മാറിയ സാഹചര്യം അത്തനാസ്യോസിൻെറ ശത്രുക്കളെ ഉത്സാഹഭരിതരാക്കി. തങ്ങരാക്കു് വളരെ അനുകൂലമായൊരു സാഹചര്യം സംജാതമായിരിക്കുന്നുവെന്നു് അവർ മനസ്സിലാക്കി. അത്തനാസ്യോസിനെതിരേ ഏററവും അപമാനകരമായ പല ആരോപണങ്ങളും അദ്ദേഹം അലക്സാന്ത്രിയായിൽ വരുന്നതിനുമുമ്പു് അവർ കെട്ടിച്ചമച്ചു. അദ്ദേഹം ഈജിപ്തിലും ലിബിയയിലും പരക്കെ വിധ്വംസകപ്രവർത്തനങ്ങരാം സംഘടിപ്പിക്കുകയാണെന്നു് അവർ കോൺസ്ററാൻസ്യസ് ചക്രവർത്തിയെ ധരിപ്പിച്ചു. തൻേറതല്ലാത്ത ത്രുപതകളിൽ അത്തനാസ്യോസ് ആളുകരാക്കു വൈദികപട്ടം നല്കിയ സംഭവം ഇത്തരം റിപ്പോർട്ടുകളുടെ വിശ്വാസ്യത വർദ്ധിപ്പിച്ചു.

ഇങ്ങനെയുള്ളൊരു സാഹചര്യത്തിലാണ് അത്തനാസ്യോസ് അലക്സാൺഡ്രിയയിൽ എത്തിച്ചേരുന്നതു്. അദ്ദേഹം ഉടൻതന്നെ ഈജിപ്തിലെ മെത്രാന്മാരുടെ ഒരു സിനഡു വിളിച്ചുകൂട്ടി. സാർദിക്കാ സിനഡിലെയും മാക്സിമുസിൻെറ നേതൃത്വത്തിൽ ജറുസലേമിൽ കൂടിയ സിനഡിലെയും നിശ്ചയങ്ങ

29. ക്രി. വ. 350.

www.malankaralibrary.com



ളെല്ലാം അവർ ഏകകമതമായി വോട്ടു ചെയ്തു് അംഗീകരിച്ചു. എന്നാൽ ആര്യൻ തത്വങ്ങളിൽ വേരുറച്ചുപോയിരുന്ന കോൺസ്റ്റാൻസ്യസ് ചക്രവർത്തി, കുറച്ചുനാൾ മുമ്പ് അത്തനാസ്യോസിനു് അനുകൂലമായി ചെയ്തിരുന്ന തീരുമാനങ്ങളെല്ലാം പിൻവലിച്ച് അവയ്ക്കു വിപരീതമായി പ്രവർത്തിക്കാൻ തുടങ്ങി.

ആദ്യമായി, കോൺസ്റ്റാന്റിനോപ്പിൾ മെത്രാനായ പൗലോസിനെ അയാൾ നാടുകടത്തി. അദ്ദേഹത്തെ നാടുകടത്താൻ കൊണ്ടുപോയവർ കപ്പദോചിയായിലെ കൗക്കാസുസ് എന്ന സ്ഥലത്തുവച്ച് അദ്ദേഹത്തെ കഴുത്തു ഞെരിച്ചു കൊന്നു. അൻസീറാ മെത്രാൻ മർസെല്ലൂസിനെ നീക്കം ചെയ്തിട്ട് ആ സ്ഥാനത്തു് ബേസിലിനെ വീണ്ടും പ്രതിഷ്ഠിച്ചു. അഡ്രിയാനോപ്പിളിലെ മെത്രാനായിരുന്ന ലൂഷ്യസ് ചങ്ങലകളാൽ ബന്ധിതനായി, ജയിലിൽ കിടന്നു മരിച്ചു. അത്തനാസ്യോസിനെക്കുറിച്ചു ശത്രുക്കൾ പറഞ്ഞുണ്ടാക്കിയ വാർത്തകളാൽ കോപാന്ധനായിത്തീർന്ന ചക്രവർത്തി, അദ്ദേഹത്തെ കാണുന്നിടത്തു വച്ചു വധിക്കാൻ കല്പന പുറപ്പെടുവിച്ചു. ത്രേസ് പ്രദേശത്തെ മെത്രാന്മാരായിരുന്ന തിയോഡുളൂസ്, ഒളിമ്പിയൂസ് എന്നിവരെ സംബന്ധിച്ചും ഇതേ തരം കല്പന അയാൾ പുറപ്പെടുവിച്ചു. ചക്രവർത്തിയുടെ തീരുമാനങ്ങളെക്കുറിച്ചു രഹസ്യത്തിൽ അറിയാനിടയായ അത്തനാസ്യോസ് തിടുക്കത്തിൽ പലായനം ചെയ്തു രക്ഷപെട്ടു. ഈ ഒളിച്ചോട്ടം ഒരു കുററകൃത്യമാണെന്നു് ആര്യൻ പക്ഷക്കാർ പറഞ്ഞുപരത്തി. സിലീഷ്യയിലെ നെറോണിയാസിന്റെ മെത്രാൻ നർചീസൂസും ലവൊഡീഷ്യാ മെത്രാൻ ജോർജ്ജും അന്ത്യോക്യൻ സഭാധ്യക്ഷനായ ലെയോൺസ്യസും ഈ അവഹേളന പരിപാടിയിൽ മുന്നിട്ടു നിന്നവരത്രേ. ഈ ലെയോൺസ്യസ്, വൈദികനായിരുന്നപ്പോൾ ആ സ്ഥാനത്തു നിന്നു് ഒരിക്കൽ നീക്കം ചെയ്യപ്പെട്ടയാളാണ്. എവുസ്തോളിയും എന്നു പേരുള്ള ഒരു സ്ത്രീയുമായി അവിഹിതബന്ധത്തെക്കുറിച്ച് ആരോപണം ഉണ്ടാകാതിരിക്കുന്നതിനുവേണ്ടി അയാൾ സ്വയം ഷണ്ഡനാക്കി. അതിനുശേഷം വളരെ പരസ്യമായി അവളോടൊത്തു ജീവിച്ചു. അപ്പോൾ ആരോപണത്തിനു് അടിസ്ഥാനമുണ്ടാകയില്ലല്ലോ എന്നു കരുതി. ഇത്തരം വിരുതനായിരുന്നെങ്കിലും കോൺസ്റ്റാൻസ്യസ് ചക്രവർത്തിക്കു് അയാളുടെ പേരിൽ പ്രീതിയുണ്ടായി, പ്ലാസിററസിന്റെ പിൻഗാമിയായ സ്റ്റീഫനുശേഷം അയാളെ അന്ത്യോക്യൻ മെത്രാനാക്കി. ഇതേപ്പററി ഇത്രയും.

www.malankaralibrary.com



## അധ്യായം 27

# മാസിഡോണിയസിന്റെ ക്രൂരകൃത്യങ്ങൾ

മുകളിൽ പറഞ്ഞവിധം പൗലോസ് സ്ഥാനഭ്രഷ്ടനും കഥാവശേഷനുമായതിനുശേഷം മാസിഡോണിയസ് കോൺസ്റ്റാൻറിനോപ്പിൾ മെത്രാനായി നിയമിക്കപ്പെട്ടു. ചക്രവർത്തിയുടെ പക്കൽ അതിയായ സ്വാധീനമുണ്ടായിരുന്ന ഇയാൾ ക്രിസ്ത്യാനികളുടെയിടയിൽ നുഴഞ്ഞുകയററക്കാർ ചെയ്യുന്നതിനെക്കാൾ ഒട്ടും മോശമല്ലാത്ത രീതിയിൽ ഒരു വലിയ ലഹള ഇളക്കിവിട്ടു. താൻ ചെയ്യുന്ന ദുഷ്ടനടപടികളെയെല്ലാം ശരിവയ്ക്കുന്ന നിയമങ്ങൾ ചക്രവർത്തിയെക്കൊണ്ട് മാസിഡോണിയസ് ഉണ്ടാക്കിച്ചു. അതിനുവേണ്ടിയുള്ള ചക്രവർത്തിയുടെ വിളംബരം എല്ലാ നഗരങ്ങളിലും അറിയിക്കപ്പെട്ടു. പ്രസ്തുത കല്പനകൾ നടപ്പിൽ വരുത്താൻ പ്രത്യേകമായി ഒരു സൈന്യവിഭാഗം നിയമിതമാവുകയും ചെയ്തു. അതനുസരിച്ച്, 'ഹോമോഉസിയോസ്' വിശ്വാസം വച്ചു പുലർത്തുന്നവർ പള്ളികളിൽ നിന്നുമാത്രമല്ല, നഗരങ്ങളിൽനിന്നും പുറത്താക്കപ്പെട്ടു. ആദ്യം ബഹിഷ്കരണം കൊണ്ട് അവർ തൃപ്തിപ്പെട്ടിരുന്നു; തിന്മ വർദ്ധിച്ചപ്പോൾ ആളുകളെ ബലം പ്രയോഗിച്ച് തങ്ങളോടുള്ള സംസർഗ്ഗത്തിനു് നിർബന്ധിച്ചുതുടങ്ങി. ദേവാലയങ്ങളെ അശുദ്ധമാക്കുന്നതിനെപ്പററി അവർ ഒട്ടുംതന്നെ പരിഗണിച്ചില്ല. മുമ്പു വിഗ്രഹങ്ങളെ ആരാധിക്കാൻ ക്രിസ്ത്യാനികളെ നിർബന്ധിച്ച കൂട്ടർ നടത്തിയതിനെക്കാൾ ഒട്ടും കുറവില്ലാത്ത പീഡനമുറകൾ തന്നെയാണ് ഇക്കൂട്ടരും അവലംബിച്ചതു്. നാനാതരം ദേഹോപദ്രവങ്ങളും എല്ലാത്തരം ബന്ധനങ്ങളും സ്വത്തു പിടിച്ചെടുക്കലും എല്ലാം നടന്നു. അനേകരെ നാടുകടത്തി. അനേകരെ വധിച്ചു. നാടുകടത്തലിനിടയിൽ അനേകർ പീഡനങ്ങളേററു മരിച്ചു. പൗരസ്ത്യസാമ്രാജ്യത്തിലെ നഗരങ്ങളിൽ മുഴുവൻ ഇത്തരം ക്രൂരതകൾ നടമാടി. ഏററവും അധികം അക്രമങ്ങൾ നടന്നതു് കോൺസ്റ്റാൻറിനോപ്പിളിലാണ്. ഇപ്രകാരം, മുമ്പ് സഭയിൽ ലഘുവായ തോതിൽ നിലനിന്ന ആഭ്യന്തരകലഹം, മാസിഡോണിയസ് മെത്രാനായതിനെത്തുടർന്നു് ഭീകരമായ മാനങ്ങൾ കൈക്കൊണ്ടു. എന്നാൽ ഗ്രീസ്, ഇല്ലീറിക്കം ഭാഗങ്ങളിലെ നഗരങ്ങൾ പാശ്ചാത്യദേശത്തെ നഗരങ്ങളോടൊപ്പം സമാധാനം അനുഭവിച്ചു. അവിടത്തെ

www.malankaralibrary.com



ജനങ്ങളുടെയിടയിൽ വിശ്വാസപരമായ ഐക്യം നിലനിന്നു. നിഖ്യാസുനഹദോസ് പ്രഖ്യാപിച്ച വിശ്വാസസംഹിതകൾ തന്നെയാണ് അവരുടെയിടയിൽ പ്രാബല്യത്തിലിരുന്നത്.

## അധ്യായം 28

# ആര്യൻ ജോർജ്ജിൻെറ അക്രമങ്ങൾ

ഇതേ കാലഘട്ടത്തിൽ ജോർജ്ജ് അലക്സാൺഡ്രിയയിൽ ചെയ്തുകൂട്ടിയ അക്രമങ്ങൾ അത്തനാസ്യോസിൻെറ വിവരണങ്ങളിൽനിന്നു നമുക്കു മനസ്സിലാക്കാം. സ്വയം അനുഭവിച്ചതും നേരിട്ടു കണ്ടതുമായ കാര്യങ്ങൾ അദ്ദേഹം വിവരിക്കുന്നുണ്ട്. 'ഒളിച്ചോട്ടത്തിനുള്ള വിശദീകരണം' എന്ന തൻെറ കൃതിയിൽ അദ്ദേഹം രേഖപ്പെടുത്തുന്നു:[30]

''കൂടാതെ, എന്നെ നശിപ്പിക്കാൻ ആഗ്രഹിച്ചുകൊണ്ട് അവർ വീണ്ടും അലക്സാൺഡ്രിയയിൽ വന്നു. ഇത്തവണ അവരുടെ അതിക്രമങ്ങൾ മുമ്പത്തേതിലധികം ഹീനമായിരുന്നു. പട്ടാളം പെട്ടെന്നു വന്നു പള്ളി വളഞ്ഞു. പ്രാർത്ഥനയുടെ വിശുദ്ധ നാദത്തിനുപകരം അവിടെ യുദ്ധത്തിൻെറ ഭീകരാരവം മുഴങ്ങി. പിന്നീട്, വലിയനോമ്പുകാലത്ത് കപ്പദോചിയായിൽ നിന്നയയ്ക്കപ്പെട്ട് ജോർജ്ജ് അവിടെ വന്നെത്തി. അയാൾക്കു നൽകപ്പെട്ട നിർദ്ദേശങ്ങളെ ബഹുദൂരം പിന്നിലാക്കുന്ന അതിക്രമങ്ങളാണ് അയാൾ പ്രവർത്തിച്ചത്. ഈസ്റ്റർ വാരം കഴിഞ്ഞപ്പോൾ കന്യകകളെയെല്ലാം ജയിലിലടച്ചു. പട്ടാളക്കാർ മെത്രാന്മാരെ ചങ്ങലയ്ക്കിട്ട് നടത്തിച്ചുകൊണ്ടുപോയി. പട്ടാളക്കാർ അനാഥരുടെയും വിധവകളുടെയും അഭയഭവനങ്ങളിൽപ്പോലും അതിക്രമിച്ചുകടന്ന് ഉള്ളതെല്ലാം കൊള്ളചെയ്തു. രാത്രികാലങ്ങളിൽ ക്രിസ്ത്യാനികളെ ഗൂഢമായി വധിച്ചു. അവരുടെ വീടുകൾ പൂട്ടി മുദ്രവച്ചു. വൈദികരുടെ ബന്ധുക്കളായിരിക്കുന്നതുപോലും അപകടകരമായിരുന്നു. ഈ ക്രൂരകൃത്യങ്ങൾ ഭയജന്യമായിരുന്നു. എന്നാൽ ഇതിനെക്കാൾ ഭീകരമായ നടപടികളാണ് അടുത്ത ഘട്ടത്തിലുണ്ടായത്.

---

30 ഒളിച്ചോട്ടത്തിനുള്ള അപ്പോളജി, 6.

www.malankaralibrary.com



പെന്തിക്കൊസ്തി കഴിഞ്ഞിട്ടുള്ള ആഴ്ചയിൽ ആളുകൾ ഉപവസിച്ചതിനുശേഷം പ്രാർത്ഥിക്കുന്നതിനായി ശവക്കോട്ടയിൽ പോയി. അവർക്ക് ജോർജ്ജിനോടു ബന്ധപ്പെടാൻ താല്പര്യമില്ലായിരുന്നു. ജോർജ്ജിന്റെ പക്ഷത്തുള്ള ഏററവും ദുഷ്ടന്മാരായ ആളുകൾ ഇക്കാര്യം മനസ്സിലാക്കിക്കൊണ്ട് മനിക്കേയ വിശ്വാസിയായ സെബാസ്റ്റ്യൻ എന്ന പട്ടാള ഉദ്യോഗസ്ഥനെ വിവരമറിയിച്ചു. അതനുസരിച്ച് അയാൾ ഒരു സേനാവിഭാഗവുമായി ശവക്കോട്ടയിലെത്തി. ഊരിപ്പിടിച്ച വാളുകൾ, കുന്തങ്ങൾ, അമ്പ്, വില്ല് തുടങ്ങിയ ആയുധങ്ങൾ ധരിച്ചുകൊണ്ട് ജനങ്ങളെ ആക്രമിക്കാനായി അവർ പാഞ്ഞടുത്തു, അന്നൊരു ഞായറാഴ്ചയായിരുന്നു എന്ന കാര്യമാണ് പ്രത്യേകം ഓർക്കേണ്ടത്. അവർ വരുമ്പോൾ അവിടെ കുറെ ആളുകൾ മാത്രമേ ഉണ്ടായിരുന്നുള്ളു. നേരം വൈകിയിരുന്നതുകൊണ്ട് അധികം പേരും പ്രാർത്ഥന കഴിഞ്ഞു തിരിച്ചുപോയിരുന്നു. ക്രൂരരായ പട്ടാളക്കാരിൽനിന്നു പ്രതീക്ഷിക്കാവുന്ന പൈശാചിക കർമ്മങ്ങൾ അവിടെ നടന്നു.

സെബാസ്റ്റ്യൻ ഒരു തീക്കുണ്ഡം ഉണ്ടാക്കിച്ചു. കന്യകകളെ അതിനടുത്തു കൊണ്ടുപോയി നിറുത്തിയിട്ട് ആര്യൻ വിശ്വാസം ഏററുപറയാൻ അവരെ നിർബന്ധിച്ചു. കന്യകകൾ ധീരമായി ചെറുത്തുനിന്നു. അപ്പോൾ പട്ടാളക്കാർ അവരെ നഗ്നരാക്കുകയും അവരുടെ മുഖത്തു നിരന്തരമായി അടിക്കുകയും ചെയ്തു. അടികളേററു മുഖം ചതഞ്ഞുപോയതുകൊണ്ട് വളരെ ദിവസങ്ങൾക്കുശേഷവും അവരെ കണ്ടാൽ തിരിച്ചറിയാൻ പ്രയാസമായിരുന്നു. സെബാസ്റ്റ്യൻ അവിടെയുണ്ടായിരുന്ന നാല്പതോളം പുരുഷന്മാരെ പിടിപ്പിച്ചുകൊണ്ടുവന്നു പച്ച പനങ്കയ്യുകൾകൊണ്ട് അവരെ അടിപ്പിച്ചു. പനങ്കൈകളിലുണ്ടായിരുന്ന മുള്ളുകൾ അവരുടെ ശരീരങ്ങളിൽ തറഞ്ഞുകയറി. പീഡനത്തിന്റെ ഭീകരത മൂലം പലരും മരിച്ചു. അവശേഷിച്ചവരുടെ ദേഹങ്ങളിൽനിന്നു മുള്ളുകൾ കീറിയെടുക്കാൻ പല പ്രാവശ്യം വൈദ്യന്മാരെ സമീപിക്കേണ്ടിവന്നു. അവരെ ഒരു കന്യകയോടുകൂടി വലിയ ഓയസിസിലേക്കു നാടുകടത്തി.[31] മൃതദേഹങ്ങളൊന്നും ബന്ധുക്കൾക്കു വിട്ടുകൊടുത്തില്ല. എത്ര പേർ കൊല്ലപ്പെട്ടു എന്നതിനു തെളിവു കിട്ടാതിരിക്കത്തക്ക വിധം അന്തിമ സംസ്കാരങ്ങളൊന്നും കൂടാതെ പട്ടാളക്കാർ തോന്നിയ സ്ഥലങ്ങളിലെല്ലാം കൊണ്ടുപോയി മറവുചെയ്തു. ഭ്രാന്തുപിടിച്ചവരെപ്പോലെയാണ് അവർ ഇതെല്ലാം ചെയ്തത്. മരിച്ചവ

31 നൈൽ നദിയുടെ പടിഞ്ഞാറു ഭാഗത്തുള്ള ഒരു സ്ഥലം

www.malankaralibrary.com



രുടെ വിശ്വാസധീരതയിൽ അവരുടെ ബന്ധുക്കൾ അഭിമാനം കൊണ്ടു. ശവസംസ്കാരശുശ്രൂഷകൾ നടത്താൻ സാധിക്കാതിരുന്നതിൽ മാത്രമായിരുന്നു അവരുടെ ദുഃഖം. പട്ടാളത്തിന്റെ ഈ ഹീനകൃത്യങ്ങളെല്ലാം പുറത്തു പരക്കെ അറിയപ്പെടാൻ ഇടയായി.

അധികം താമസിയാതെ അവർ ഈജിപ്റ്റ് ലിബിയൻ പ്രദേശങ്ങളിൽനിന്ന് താഴെ പറയുന്ന മെത്രാന്മാരെ പുറത്താക്കി. അമ്മോണിയൂസ്, ത്മുയിസ്, കായൂസ്, ഫീലോ, ഹെർമെസ്, പ്ളീനി, പ്സെനോസിറിസ്, നിലമ്മോൻ, അഗാത്തോ, അനാഗാംഫസ്, മർക്കോസ്, അമ്മോണിയൂസ്, ഡ്രാകോൺസ്യൂസ്, അഡെൽഫിയൂസ്, അത്തെനോദോറൂസ്. ഹിയെറാക്സ്, ഡിസ്കോറൂസ് എന്നീ വൈദികരും നാടുകടത്തപ്പെട്ട കൂട്ടത്തിൽപ്പെടും. ഇവരോടെല്ലാമുള്ള പെരുമാററം അത്രയേറെ ക്രൂരമായിരുന്നതുകൊണ്ട് പലരും വഴിക്കു വച്ചും ബാക്കിയുള്ളവർ വിപ്രവാസത്തിൽ വച്ചും മരിച്ചു. മുപ്പതിലേറെ മെത്രാന്മാർ ഇപ്രകാരം രക്തസാക്ഷികളായി. സാധിക്കുമെങ്കിൽ സത്യത്തെ ഉന്മൂലനം ചെയ്യാനാണ് ആഹാബിനെപ്പോലെ ആര്യന്മാരും ആഗ്രഹിച്ചത്''. ജോർജ്ജ് അലക്സാൺഡ്രിയയിൽ ചെയ്ത കൊടുംപാതകങ്ങളെപ്പററി അത്തനാസ്യോസിന്റെ വചനങ്ങൾ ഇവയാണ്.

ഇതേസമയത്ത് ചക്രവർത്തി തന്റെ സൈന്യത്തെ ഇല്ലിറിക്കത്തിലേക്കു നയിച്ചു. അയാളുടെ സാന്നിദ്ധ്യം അവിടെ ആവശ്യമായിരുന്നു. പ്രത്യേകിച്ച് പട്ടാളം വെത്രാനിയോയെ ചക്രവർത്തിയായി പ്രഖ്യാപിച്ചതായിരുന്നു ഒരു പ്രധാന പ്രശ്നം. സിർമിയത്ത് എത്തിയപ്പോൾ വെത്രാനിയോയുമായി ഒരു സന്ധിസംഭാഷണം നടത്തി. വെത്രാനിയോയെ അധികാരത്തിലേററിയ സൈനികർ ഉൾപ്പെടെ എല്ലാവരും ചക്രവർത്തിയെത്തന്നെ അഗസ്റ്റസായും ഏകപരമാധികാരിയായും അഭിവാദനം ചെയ്തു. വെത്രാനിയോയെ ആരും പരിഗണിച്ചില്ല. താൻ കൈവിടപ്പെട്ടിരിക്കുന്നു എന്നു മനസ്സിലാക്കിയ വെത്രാനിയോ ഉടൻതന്നെ കോൺസ്റ്റാൻസ്യൂസിന്റെ കാൽക്കൽ വീണു. കോൺസ്റ്റാൻസ്യൂസ് അയാളുടെ കിരീടവും സ്ഥാനവസ്ത്രവും നീക്കം ചെയ്തിട്ട് ഒരു സാധാരണ പൗരനെന്ന നിലയിൽ വളരെ കാരുണ്യപൂർവ്വം അയാളോടു പെരുമാറി. ഇനിയുള്ള കാലം ഒരു പൗരനായി സമാധാനപൂർവ്വം ജീവിക്കാൻ അനുവദിക്കുകയും ചെയ്തു. വയോധികനായ തനിക്ക് നിരവധി ഉത്തരവാദിത്വങ്ങളും നിരന്തരഭീതിയും നിറഞ്ഞ ഭരണാധികാരപദവിയേക്കാൾ യോജിക്കുന്നത് ഒരു

www.malankaralibrary.com



സാധാരണ പൗരന്റെ പ്രശാന്ത ജീവിതമാണെന്നയാൾ മന സ്സിലാക്കി. രാജ്യത്തിന്റെ പൊതുഖജനാവിൽ നിന്ന് ഒരു നിശ്ചിതതുക അടുത്തുണ്ടായി അയാൾക്ക കൊടുക്കുന്നതിന് ചക്രവർത്തി ഏർപ്പാടുചെയ്തു. ബിത്തീനിയായിലെ പ്രൂസാ എന്ന സ്ഥലത്താണ് പിന്നീടു വെത്രാനിയോ വസിച്ചത്. അധികാരത്തിന്റെ ആധികളിൽ നിന്നു വിമുക്തനാക്കിയതുൾപ്പെടെ ചക്രവർത്തി തനിക്കു ചെയ്ത എല്ലാ ഉപകാരങ്ങൾക്കും നന്ദി പ്രകാശിപ്പിച്ചുകൊണ്ട് അയാൾ ഇടയ്ക്കിടെ ചക്രവർത്തിയ്ക്ക് കത്തയയ്ക്കുമായിരുന്നു. ചക്രവർത്തി വിശ്രമജീവിതത്തിന്റെ സുഖം വേണ്ടെന്നു വയ്ക്കുന്നതു ബുദ്ധിമോശമാണെന്നും അയാൾ ചിലപ്പോൾ എഴുതുമായിരുന്നു. ഇതേപ്പററി ഇത്രയും.

കോൺസ്റ്റാൻസ്യൂസ് ചക്രവർത്തി ഇതിനുശേഷം തന്റെ ബന്ധുക്കളിൽ ഒരാളായ ഗാള്ളസിന് തന്റെ പേരും സീസർ സ്ഥാനവും നൽകി സിറിയായിലെ അന്ത്യോക്യായിൽ ഭരണാധികാരിയായി നിയമിച്ചു. കിഴക്കൻപ്രദേശങ്ങളുടെ സംരക്ഷണം ഈ വിധം സുരക്ഷിതമാക്കി. ഗാള്ളസ് അന്ത്യോക്യാ നഗരത്തിൽ പ്രവേശിച്ചപ്പോൾ കർത്താവിന്റെ അടയാളം അവിടെ കാണപ്പെട്ടു. കിഴക്കേ ആകാശത്തിൽ കുരിശാകൃതിയിൽ കാണപ്പെട്ട ഒരു തൂണ് കാണികളെ ആശ്ച ര്യപരതന്ത്രരാക്കി.[32] തന്റെ സൈന്യാധിപന്മാരെ വലിയ സേനാവിഭാഗങ്ങൾ സഹിതം മഗ്നെൻസ്യൂസിനെ നേരിടുന്നതിനായി അയച്ചതിനുശേഷം സംഭവഗതികൾ നിരീക്ഷിച്ചുകൊണ്ട് കോൺസ്റ്റാൻസ്യൂസ് സിർമിയത്തിൽത്തന്നെ താമസിച്ചു.

---

32 ജെറുസലേമിലെ വി. സിറിൽ ഇപ്രകാരം ഒരു ദൃശ്യത്തെപ്പററി കോൺസ്റ്റാൻസ്യൂസ് ചക്രവർത്തിക്കുള്ള ഒരു കത്തിൽ വിവരിക്കുന്നു.

www.malankaralibrary.com



## അധ്യായം 29

## പാഷണ്ഡിയായ ഫൊതീനൂസ്

ഈ കാലഘട്ടത്തിൽ ആ പട്ടണത്തിലെ സഭാദ്ധ്യക്ഷനായിരുന്ന ഫൊതീനൂസ് താൻ രൂപീകരിച്ച ഒരു വിശ്വാസ സംഹിത പരസ്യമായി പഠിപ്പിക്കാൻ തുടങ്ങി.[33] അതിന്റെ ഫലമായി ഒരു കോലാഹലം രൂപം കൊണ്ടു. അതിനാൽ സിർമിയത്തിൽ വച്ച് മെത്രാന്മാരുടെ ഒരു സിനഡ് കൂടണമെന്ന് ചക്രവർത്തി കല്പനയായി. അതനുസരിച്ച് നടന്ന സമ്മേളനത്തിൽ താഴെപ്പറയുന്ന പൗരസ്ത്യമെത്രാന്മാർ സംബന്ധിച്ചു: അരേത്തൂസായിലെ മർക്കോസ്, അലക്സാന്ധ്രിയായിലെ ജോർജ്ജ്, (ഇയാളെ ആര്യൻ പക്ഷക്കാർ അയച്ചതാണ്. ഗ്രിഗറിയെ നീക്കിയിട്ട് ജോർജ്ജിനെ അലക്സാന്ധ്രിയയിൽ നിയമിച്ച കാര്യം മുമ്പു പറഞ്ഞിട്ടുണ്ടല്ലോ). മർസെല്ലൂസിനെ നീക്കിയശേഷം അൻസീറായിലെ മെത്രാനായിരുന്ന ബേസിൽ, പെലൂസിയത്തിലെ പൻക്രാസ്യൂസ്, ഹെരാക്ലെയായിലെ ഹിപാസ്യൻ. പടിഞ്ഞാറൻ മെത്രാന്മാരുടെ കൂട്ടത്തിൽ നിന്ന് മൂർസായിലെ വാലെൻസ്, സ്പെയിനിൽ കൊർദോവായിലെ ഹോസിയൂസ് (അന്നു വളരെ പ്രസിദ്ധനായിരുന്ന ഇദ്ദേഹം സ്വന്തം ഇഷ്ടത്തിനു വിരുദ്ധമായിട്ടാണ് സംബന്ധിച്ചത്) എന്നിവരുമുണ്ടായിരുന്നു. സേർജിയൂസ്, നിഗ്രീനിയൻ എന്നിവരുടെ കോൺസുളേററിനുശേഷം സിർമിയത്തിൽ ഇവർ സമ്മേളിച്ചു.[34] യുദ്ധഭീതി നിലനിന്നതിനാൽ കോൺസുലം ഔപചാരികമായ ഉദ്ഘാടനകർമ്മം നിർവ്വഹിക്കുക എന്ന പതിവ് ഇത്തവണ പാലിക്കപ്പെട്ടില്ല. ലിബിയാക്കാരൻ സെബെല്ലിയൂസ്സിന്റെയും സാമൊസാട്ടാക്കാരൻ പൗലോസിന്റെയും പാഷണ്ഡതകരം ഫൊതീനൂസ് പിന്തുടരുന്നു എന്നു മനസ്സിലാക്കി സിനഡ് അയാളെ സ്ഥാനഭ്രഷ്ടനാക്കി. ഈ

33 അൻസീറായിലെ മർസെല്ലൂസിന്റെ ശിഷ്യനായിരുന്നു ഫൊതീനൂസ്. ഏതാണ്ട് 344-ൽ സിർമിയം മെത്രാനായി. 381-ലെ കോൺസ്റ്റാൻറിനോപ്പിൾ കൗൺസിൽ ഫൊതീനൂസിന്റെ അനുഗാമികളെ ശപിച്ചു.

34 ക്രി. വ. 351; സൊസോമൻ സഭാചരിത്രം, 4: 6.

www.malankaralibrary.com



തീരുമാനം ആദരണീയമായി പരക്കെ അംഗീകരിക്കപ്പെട്ടു. എന്നാൽ അവിടെ സമ്മേളനം തുടർന്നവർ പിന്നീടു ചെയ്ത കാര്യങ്ങൾ എല്ലാവരുടെയും ആദരം നേടിയില്ല.

## അധ്യായം 30

## സിർമിയം വിശ്വാസപ്രമാണങ്ങൾ

വിശ്വാസത്തെ സംബന്ധിച്ച് അതിനുമുമ്പു ചെയ്ത തീരുമാനങ്ങൾ നിരാകരിക്കുന്നതിന് എന്നവിധം അവർ വിശ്വാസത്തിന്റെ വേറെ പ്രഖ്യാപനങ്ങൾ പ്രസിദ്ധപ്പെടുത്തി.[35] അവയിലൊന്ന് അരേത്തൂസായിലെ മർക്കോസ് ഗ്രീക്കുഭാഷയിൽ രചിച്ചതാണ്. മററുള്ളവ ലത്തീനിൽ രചിക്കപ്പെട്ടു. ഈ വിശ്വാസപ്രമാണങ്ങൾ ഭാഷാശൈലിയിലോ വീക്ഷണത്തിലോ പരസ്പരം പൊരുത്തപ്പെട്ടില്ല, അരേത്തൂസാ മെത്രാൻ വായിച്ചതുമായും ഒത്തുപോയില്ല. അവയിൽ മർക്കോസ് ഗ്രീക്കിലെഴുതിയതിന്റെ ലത്തീൻ വിവർത്തനം താഴെ ചേർക്കുന്നു: സിർമിയത്തു് പിന്നീട് വായിച്ച മറെറാന്ന്, റിമിനിയിലെ സംഭവങ്ങൾ വിവരിക്കുന്നിടത്തു് ഉദ്ധരിക്കുന്നതാണ്. ലത്തീനിൽ എഴുതപ്പെട്ട രണ്ടു പ്രമാണങ്ങളും പിന്നീടു ഗ്രീക്കിലേയ്ക്കു വിവർത്തനം ചെയ്യപ്പെട്ടു. മർക്കോസ് എഴുതിയതു് താഴെ ചേർക്കുന്നു.[36]

---

35. സിർമിയത്തുവച്ച് നാലു സിനഡുകൾ നടന്നു. (1) 347-ൽ ഫൊതീനുസിനെതിരെ; (2) 351-ൽ ഒന്നാം സിർമിയം ഫോർമുല: (അത്തനാസ്യോസ്, ദെ സിനൊദിസ്, 27); ഫൊതീനുസിനെതിരെ വീണ്ടും. അന്ത്യോക്യൻ സിനഡിന്റെ നാലാം വിശ്വാസപ്രമാണം തന്നെയാണിതു്. അതോടൊപ്പം 26 ശാപങ്ങളും കൂട്ടിച്ചേർത്തിട്ടുണ്ട്. (3) 357-ൽ കൂടിയ സിനഡാണ് ''സിർമിയത്തെ ദൈവദൂഷണം'' എന്നറിയപ്പെടുന്ന രണ്ടാം രേഖ രൂപീകരിച്ചതു്. (4) 359-ൽ കൂടിയ സിനഡ് ഒരു മൂന്നാം വിശ്വാസപ്രമാണം ഉണ്ടാക്കി. Dated Creed എന്ന് ഇതു് അറിയപ്പെടുന്നു.

36. അത്തനാസ്യോസ്, ദെ സിനൊദിസ്, 27.

www.malankaralibrary.com



''സർവ്വശക്തനായ പിതാവും എല്ലാ വസ്തുക്കളുടെയും സ്രഷ്ടാവും നിർമ്മാതാവുമായ ഏകദൈവത്തിൽ ഞങ്ങരം വിശ്വസിക്കുന്നു. അവനിൽനിന്നാണ് ആകാശത്തിലും ഭൂമിയിലുമുള്ള ഓരോ കുടുംബവും പേർ വിളിക്കപ്പെടുന്നത്. തന്റെ ഏകജാതനായ നമ്മുടെ കർത്താവീശോമിശിഹായിലും വിശ്വസിക്കുന്നു. അവിടുന്ന് എല്ലാ യുഗങ്ങരംക്കും മുമ്പേ പിതാവിൽനിന്നു ജനിച്ചവനും ദൈവത്തിൽനിന്നുള്ള ദൈവവും പ്രകാശത്തിൽ നിന്നുള്ള പ്രകാശവുമാകുന്നു. ആകാശത്തിലും ഭൂമിയിലുമുള്ള ദൃശ്യാദൃശ്യ വസ്തുക്കളെല്ലാം അവനിലൂടെ യാഥാർത്ഥ്യത്തിൽ എത്തിച്ചേർന്നു. അവൻ വചനവും വിജ്ഞാനവും ശക്തിയും ജീവനും സത്യപ്രകാശവുമാണ്. അവിടുന്നു നമുക്കുവേണ്ടി അവസാന നാളുകളിൽ മനുഷ്യനായി, വിശുദ്ധ കന്യകയിൽ നിന്നു ജനിച്ചു. അവൻ ക്രൂശിക്കപ്പെട്ടു, മരിച്ചു, സംസ്കരിക്കപ്പെട്ടു, മൂന്നാംദിവസം മരിച്ചവരിൽ നിന്നുയിർത്തു. സ്വർഗ്ഗത്തിലേക്കെടുക്കപ്പെട്ടു, പിതാവിന്റെ വലത്തുഭാഗത്ത് ഇരിക്കുന്നു. ജീവനുള്ളവരെയും മരിച്ചവരെയും വിധിക്കാനും ഓരോരുത്തരുടെയും പ്രവൃത്തിക്കു തക്കവണ്ണം പ്രതിഫലം നൽകാനും യുഗാന്ത്യത്തിൽ വരും. അവിടുത്തെ രാജ്യം നിത്യവും യുഗങ്ങളോളം നിലനിൽക്കുന്നതുമാണ്. കാരണം, അവിടുന്ന് ഈ യുഗത്തിൽ മാത്രമല്ല, വരാനിരിക്കുന്ന യുഗത്തിലും പിതാവിന്റെ വലത്തുഭാഗത്ത് ഉപവിഷ്ടനായിരിക്കും. ആശ്വാസപ്രദനായ പരിശുദ്ധാത്മാവിലും (വിശ്വസിക്കുന്നു). എല്ലാ കാര്യങ്ങളും പഠിപ്പിക്കാനും അനുസ്മരിപ്പിക്കാനും, കർത്താവു വാഗ്ദാനം ചെയ്തതുപോലെ, താൻ സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടശേഷം ശ്ലീഹന്മാരുടെമേൽ പരിശുദ്ധാത്മാവിനെ അയച്ചു. തന്നിൽ ആത്മാർത്ഥമായി വിശ്വസിക്കുന്ന ആത്മാക്കരം അവൻവഴി പവിത്രീകരിക്കപ്പെടുന്നു. 'പുത്രൻ ഇല്ലായ്മയിൽ നിന്നാണ്. ദൈവത്തിൽ നിന്നല്ല. മറ്റൊരു സത്തയിൽ നിന്നാണ്. അവൻ ഇല്ലാതിരുന്ന ഒരു സമയം ഉണ്ടായിരുന്നു' എന്നു പറയുന്നവരെ കത്തോലിക്കാസഭ അന്യരായി കരുതുന്നു''.[37]

---

37. ഇതുവരെയുള്ള ഭാഗം അന്ത്യോക്യയുടെ നാലാം വിശ്വാസപ്രമാണം തന്നെയാണ്; മുകളിൽ പേ. 148-ൽ ഈ വിശ്വാസപ്രമാണം കാണുക (2:18). ഇതോടുകൂടി 26 ശാപങ്ങരം കൂടി ചേർത്തിരിക്കുന്നു. ഒരുപക്ഷേ ഫൊതീനൂസും അൻസീറായിലെ ബേസിലും തമ്മിൽ നടന്ന ചർച്ചകളുടെ വെളിച്ചത്തിൽ ഉരുത്തിരിഞ്ഞതാകാം ഈ ശാപങ്ങരം. ഈ യോഗത്തിൽ പൗരസ്ത്യമെത്രാന്മാർ മാത്രമേ പങ്കെടുത്തുള്ളു: Cfr, J. N. D. Kelly, *Early Christian Creeds*, London, 1972[3], p. 281-2.

www.malankaralibrary.com



ഞങ്ങൾ വീണ്ടും പറയുന്നു: 1. പിതാവും പുത്രനും രണ്ടു ദൈവങ്ങളാണെന്നു പറയുന്നവർ ശപിക്കപ്പെടട്ടെ. 2. ക്രിസ്തു യുഗങ്ങൾക്കു മുമ്പു ദൈവവും ദൈവപുത്രനുമാണെന്നു സമ്മതിക്കുകയും എന്നാൽ എല്ലാ വസ്തുക്കളുടെയും സൃഷ്ടിയിൽ താൻ പിതാവിനെ സഹായിച്ചു എന്നു സമ്മതിക്കാതിരിക്കുകയും ചെയ്യുന്നവർ ശപിക്കപ്പെടട്ടെ. 3. ജനിക്കപ്പെടാത്തവനോ അവന്റെ ഒരു ഭാഗമോ മറിയത്തിൽനിന്നു ജനിച്ചു എന്നു പറയുവാൻ മുതിരുന്നവർ ശപിക്കപ്പെടട്ടെ. 4. പുത്രൻ മുന്നറിവനുസരിച്ചു മറിയത്തിന്റേതാണെന്നും എന്നാൽ താൻ യുഗങ്ങൾക്കെല്ലാം മുമ്പു പിതാവിൽനിന്നു ജനിക്കുകയും പിതാവിനോടുകൂടി ആയിരിക്കുകയും ചെയ്തില്ലെന്നും എല്ലാ വസ്തുക്കളും തന്നാൽ സൃഷ്ടിക്കപ്പെട്ടവയല്ലെന്നും പറയുന്നവർ ശപിക്കപ്പെടട്ടെ. 5. ദൈവത്തിന്റെ സത്തയ്ക്കു വികാസവും സങ്കോചവും സംഭവിക്കുമെന്നു പറയുന്നവൻ ശപിക്കപ്പെടട്ടെ. 6. വികാസം പ്രാപിച്ച ദൈവികസത്ത പുത്രനു ജന്മം നൽകിയെന്നോ പുത്രൻ ദൈവികസത്തയുടെ വികാസഫലമാണെന്നോ പറയുന്നവർ ശപിക്കപ്പെടട്ടെ. 7. ദൈവപുത്രനെ ആന്തരികമോ ഉച്ചരിക്കപ്പെട്ടതോ ആയ വചനമെന്നു് വിളിക്കുന്നവർ ശപിക്കപ്പെടട്ടെ. 8. മറിയത്തിൽനിന്നു ജനിച്ച പുത്രൻ മനുഷ്യൻ മാത്രമാണെന്നു പറയുന്നവർ ശപിക്കപ്പെടട്ടെ. 9. മറിയത്തിൽനിന്നു ജനിച്ചവൻ ദൈവവും മനുഷ്യനുമാണെന്നു പറയുമ്പോൾ ആ ദൈവം ജനിപ്പിക്കപ്പെടാത്ത ദൈവം തന്നെയാണെന്നു് അർത്ഥമാക്കുന്നവർ ശപിക്കപ്പെടട്ടെ. 10. വിഗ്രഹങ്ങളെയും കള്ള ദൈവങ്ങളേയും നശിപ്പിക്കുന്നതിനുവേണ്ടി പറയപ്പെട്ട 'ഞാൻ ആദിയും അന്തവുമാണ്, ഞാനല്ലാതെ മറ്റൊരു ദൈവമില്ല' എന്ന തിരുവചനത്തിനു് (ഏശാ.44:6) യഹൂദർ ചെയ്യുന്നതുപോലെ ദൈവത്തിന്റെ ഏകജാതൻ എന്ന ആശയത്തെ നിരാകരിക്കുന്ന അർത്ഥവ്യാഖ്യാനം കൊടുക്കുന്നവർ ശപിക്കപ്പെടട്ടെ. 11. 'വചനം മാംസമായി' എന്ന തിരുവചനത്തിനു് (യോഹ. 1: 14) ''വചനം'' മാംസമായി രൂപാന്തരപ്പെട്ടുവെന്നോ മനുഷ്യനായി അവതരിച്ചപ്പോൾ അവിടുത്തേയ്ക്കു് എന്തെങ്കിലും മാററം സംഭവിച്ചു എന്നോ അർത്ഥവ്യാഖ്യാനം കൊടുക്കുന്നവർ ശപിക്കപ്പെടട്ടെ. 12. 'ദൈവത്തിന്റെ ഏകജാതൻ ക്രൂശിതനായി' എന്നു കേൾക്കുമ്പോൾ, തന്റെ ദൈവത്വത്തിനു് എന്തെങ്കിലും കുറവോ വേദനയോ മാററമോ നാശമോ സംഭവിച്ചു എന്നു പറയുന്നവർ ശപിക്കപ്പെടട്ടെ. 13. 'നമുക്കു മനുഷ്യനെ സൃഷ്ടിക്കാം' എന്നതു് (ഉല്പ. 1:26) പിതാവു പുത്രനോടു പറഞ്ഞതല്ല, ദൈവം സ്വയം പറഞ്ഞതാണെന്നു് അഭിപ്രായപ്പെടുന്നവർ ശപിക്കപ്പെടട്ടെ. 14. അബ്രഹാം ദർശിച്ചതു പുത്രനായ ദൈവത്തെയല്ല, പിതാവായ ദൈവത്തെയോ അവിടുത്തെ ഒരു ഭാഗത്തെയോ

www.malankaralibrary.com



ആകുന്നു എന്നു പറയുന്നവർ ശപിക്കപ്പെടട്ടെ. 15. മനുഷ്യരൂപത്തിൽ യാക്കോബിനോടു ഗുസ്തി പിടിച്ചതു പുത്രനായ ദൈവമല്ല, പിതാവായ ദൈവമോ തന്റെ ഒരു ഭാഗമോ ആണ് എന്നു പറയുന്നവർ ശപിക്കപ്പെടട്ടെ. 16. ''കർത്താവ് കർത്താവിൽനിന്നു വർഷിച്ചു'' എന്ന വാക്കുകൾ (ഉല്പ. 19:24) പിതാവിനോടും പുത്രനോടും ബന്ധപ്പെടുത്താതെ ദൈവം തന്നിൽനിന്നുതന്നെ വർഷിച്ചു എന്ന വ്യാഖ്യാനം കൊടുക്കുന്നവർ ശപിക്കപ്പെടട്ടെ: പുത്രനായ കർത്താവ് പിതാവായ കർത്താവിൽനിന്നു വർഷിക്കുകയാണുണ്ടായതു്. 17. ''പിതാവായ കർത്താവ്, പുത്രനായ കർത്താവ്'' എന്നു കേൾക്കുമ്പോൾ പിതാവിനും പുത്രനും കർത്താവ് എന്ന അഭിധാനം നൽകുകയും 'കർത്താവ് കർത്താവിൽനിന്നു'' എന്നു പറയുമ്പോൾ രണ്ടു ദൈവമുണ്ട് എന്നുറപ്പിച്ചു പറയുകയും ചെയ്യുന്നവർ ശപിക്കപ്പെടട്ടെ. – ഞങ്ങൾ പിതാവിനെയും പുത്രനെയും ഒരേ പദവിയിലുള്ളവരായിട്ടല്ല, പുത്രൻ പിതാവിനു കീഴ്പ്പെട്ടവനാണെന്നത്രേ മനസ്സിലാക്കുന്നതു്. പുത്രൻ പിതാവിന്റെ അഭീഷ്ടമനുസരിച്ചല്ലാതെ ശരീരം സ്വീകരിക്കുകയോ പിതാവിൽനിന്നല്ലാതെ തന്നിൽനിന്നുതന്നെ വർഷിക്കുകയോ ചെയ്തിട്ടില്ല. പിതാവായ ദൈവം പരമാധികാരം കയ്യാളുന്നു. പുത്രൻ പിതാവിന്റെ വലത്തുഭാഗത്തു് ഉപവിഷ്ടനായിരിക്കുന്നതു് സ്വന്തം അധികാരത്താലല്ല, 'നീ എന്റെ വലത്തുഭാഗത്തിരിക്കുക' എന്നുള്ള പിതാവിന്റെ നിർദ്ദേശമനുസരിച്ചാകുന്നു. (സങ്കീ. 110:1). 18. പിതാവും പുത്രനും പരിശുദ്ധാത്മാവും ഒരാളാണ് എന്നു പറയുന്നവർ ശപിക്കപ്പെടട്ടെ. 19. ആശ്വാസദായകനായ പരിശുദ്ധാത്മാവിനെക്കുറിച്ചു പറയുമ്പോൾ താൻ ജനിപ്പിക്കപ്പെടാത്ത ദൈവമാകുന്നു എന്നു പറയുന്നവർ ശപിക്കപ്പെടട്ടെ. 20. ''ഞാൻ എന്റെ പിതാവിനോടു പ്രാർത്ഥിക്കുമ്പോൾ അവിടുന്ന് മറെറാരു ആശ്വാസദായകനെ നിങ്ങളുടെ പക്കലേയ്ക്കു് അയയ്ക്കും'' എന്നു് നമ്മുടെ കർത്താവു തന്നെ നമ്മോടു് അരുളിച്ചെയ്തിരിക്കുന്നു (യോഹ. 14:16-26). എന്നിരിക്കെ 'ആശ്വാസദായകൻ പുത്രനായ ദൈവത്തിൽനിന്നു ഭിന്നനല്ല എന്നു പറയുന്നവർ ശപിക്കപ്പെടട്ടെ. 21. ആത്മാവ് പിതാവിന്റെയും പുത്രന്റെയും ഭാഗമാകുന്നു എന്നു പറയുന്നവർ ശപിക്കപ്പെടട്ടെ. 22. പിതാവും പുത്രനും പരിശുദ്ധാത്മാവും മൂന്നു ദൈവങ്ങളാണെന്നു പറയുന്നവർ ശപിക്കപ്പെടട്ടെ. 23. പുത്രനായ ദൈവം മററു സൃഷ്ടികളെപ്പോലെ ദൈവഹിതത്താൽ നിർമ്മിക്കപ്പെട്ടതാണെന്നു പറയുന്നവർ ശപിക്കപ്പെടട്ടെ. 24. പിതാവിന്റെ അഭീഷ്ടമനുസരിച്ചല്ല പുത്രൻ ജാതനായതു് എന്നു പറയുന്നവർ ശപിക്കപ്പെടട്ടെ: 25. ഏതോ പ്രാകൃതികമായ ഒരാവശ്യം മൂലം പിതാവായ ദൈവം

www.malankaralibrary.com



തനിക്കു് ഇഷ്ടമില്ലാത്ത ഒരു സമയത്തു് പുത്രനു ജന്മം നൽകുകയല്ല; അവിടുന്നു തിരുമനസ്സായപ്പോഴും സമയവും വികാരവും ഇല്ലാതെ അവിടുന്നു പുത്രനു ജന്മം നൽകുകയാണു ചെയ്തതു്. പുത്രൻ ജനിപ്പിക്കപ്പെടാത്തവനും ആരംഭമില്ലാത്തവനും ആണു് എന്നു പറയുന്നവർ ആരംഭമില്ലാത്തവനും ജനിപ്പിക്കപ്പെടാത്തവനുമായ രണ്ടു ദൈവമുണ്ടെന്നു വാദിക്കുകയാണ്. അവർ ശപിക്കപ്പെടട്ടെ. എല്ലാ വസ്തുക്കളുടെയും ശിരസ്സും ആരംഭവും പുത്രനാകുന്നു. എന്നാൽ ''ക്രിസ്തുവിന്റെ ശിരസ്സു ദൈവമത്രേ'' (1 കൊറി. 11:3). ഇങ്ങനെ നാം ക്രിസ്തുവഴി അന്വേഷണം തുടർന്നു മുന്നോട്ടു പോയി, എല്ലാ വസ്തുക്കളുടെയും പ്രഭവസ്ഥാനം ആരംഭഹീനനായ ദൈവമാണെന്നു കണ്ടെത്തുന്നു. 26. അവസാനമായി, ക്രിസ്തീയ വിശ്വാസത്തിന്റെ സൂക്ഷ്മമായ ധാരണ നൽകുന്നതിനുവേണ്ടി ഞങ്ങൾ വീണ്ടും പറയുന്നു: യേശുക്രിസ്തു എല്ലാ യുഗങ്ങൾക്കുംമുമ്പു് ദൈവത്തിന്റെ പുത്രനായിരുന്നുവെന്നും എല്ലാ വസ്തുക്കളുടെയും സൃഷ്ടിയിൽ പിതാവിനെ സഹായിച്ചുവെന്നും പ്രഖ്യാപിക്കാതിരിക്കുകയും, അവിടുന്നു മറിയത്തിൽനിന്നു ജനിച്ചതിനുശേഷം മാത്രമേ പുത്രനും രക്ഷകനും എന്നു വിളക്കപ്പെട്ടുകയും തന്റെ ദൈവത്വം ആരംഭിക്കുകയും ചെയ്യുന്നുള്ളു എന്നും പറയുകയും ചെയ്യുന്നവർ സാമസോട്ടക്കാരനെപ്പോലെ ശപിക്കപ്പെടട്ടെ.

സിർമിയത്തിൽവച്ചു് ലത്തീനിൽ രചിക്കപ്പെടുകയും പിന്നീടു ഗ്രീക്കിലേയ്ക്കു ഭാഷാന്തരം ചെയ്യപ്പെടുകയും ചെയ്ത മറെറാരു വിശ്വാസപ്രമാണം.[38]

---

38. അത്തനാസ്യോസ്, ദെ സിനൊദിസ്, 28; ഹിലരി ഇതിനെ ''ദൈവദൂഷണം'' എന്നു വിളിക്കുന്നു. (ദെ സിനൊദിസ്, 10) ഇതിൽ പങ്കെടുത്ത മിക്കവരും പാശ്ചാത്യമെത്രാന്മാരായിരുന്നു. ദൈവത്തിന്റെ ഏകത്വം വളരെ തറപ്പിച്ചു് ഇതു പഠിപ്പിക്കുന്നു. പുത്രന്റെ ദൈവത്വം കൃത്യമായി വിവരിക്കുന്നതിൽ ഇതു പരാജയപ്പെട്ടു. നിഖ്യായുടെ 'ഹോമോഉസിയോസ്' എന്ന പദപ്രയോഗം തള്ളിക്കളഞ്ഞു. 'പുത്രന്റെ ദൈവത്വം കൃത്യമായി വിവരിക്കാത്തതിനാൽ ഇതു വ്യത്യസ്തങ്ങളായ വ്യാഖ്യാനങ്ങൾക്കു വഴി തെളിക്കും. ആര്യനിസത്തിന്റെ ന്യായീകരണമാകാൻ ഇടയുണ്ടു്. അതുകൊണ്ടു് ഇതു സ്വീകാര്യമല്ല' എന്നു് ഹിലരിയും അത്തനാസ്യോസും പ്രസ്താവിച്ചു. ഇതു് കത്തോലിക്കാ പ്രബോധനം അല്ലാത്തതിനാൽ തിരസ്കരിക്കപ്പെട്ടു. നേരിട്ടു് ആരിയനിസം പഠിപ്പിക്കാതെ, അതിനെയും വളരാൻ അനുവദിച്ച ഒരു ഫോർമുലയായിരുന്നു ഇതു്. നിഖ്യാവിശ്വാസപ്രമാണംതന്നെ പാഷണ്ഡതയാണു് എന്ന ചിന്താഗതി പരക്കെ വളർത്താൻ ഇതു സഹായിച്ചു.

www.malankaralibrary.com



## സിർമിയത്തിലെ ദൈവദൂഷണം

''വിശ്വാസസംബന്ധമായി ചില തർക്കങ്ങൾ നിലനില്ക്കുന്നു എന്നു് തോന്നുകയാൽ സഹമെത്രാന്മാരും വിശുദ്ധ സഹോദരന്മാരുമായ വാലെൻസ്, ഉർസാചിയുസ്, ജർമീനിയുസ് എന്നിവരുടെ സാന്നിദ്ധ്യത്തിൽ സിർമിയത്തുവച്ച് എല്ലാ പ്രശ്നങ്ങളും സൂക്ഷ്മമായി ചർച്ചചെയ്യുകയും പരിശോധനാവിഷയമാക്കുകയും ചെയ്തു.

ലോകം മുഴുവൻ വിശ്വസിക്കുന്നതുപോലെ, സർവശക്തനും പിതാവുമായ ഏക ദൈവം ഉണ്ടെന്നും തന്റെ ഏകജാതനും കർത്താവും രക്ഷകനും എന്ന യേശുക്രിസ്തു യുഗങ്ങൾക്കു മുമ്പ് തന്നിൽനിന്നു ജനിച്ചെന്നും ഉള്ള കാര്യത്തിൽ യോജിപ്പാണുള്ളതു്. എന്നാൽ 'രണ്ടു ദൈവങ്ങളുണ്ടു്'' എന്നു പറയാൻ പാടില്ല; പറയാൻ സാധിക്കുകയുമില്ല. കാരണം, 'ഞാൻ എന്റെ പിതാവിന്റെയും നിങ്ങളുടെ പിതാവിന്റെയും, എന്റെ ദൈവത്തിന്റെയും നിങ്ങളുടെ ദൈവത്തിന്റെയും പക്കലേക്കു പോകുന്നു'' എന്നു് കർത്താവുതന്നെ പറഞ്ഞിരിക്കുന്നു (യോഹ 20:17). ''അവിടുന്നു യൂദന്മാരുടെ മാത്രം ദൈവമാണോ? വിജാതീയരുടെയും ദൈവമല്ലേ? അതേ, അവിടുന്നു വിജാതീയരുടേതുമാണ്. എന്തുകൊണ്ടെന്നാൽ വിശ്വാസത്തിൽ നിന്നുള്ള പരിച്ഛേദനത്തെയും വിശ്വാസത്തിലൂടെയുള്ള പരിച്ഛേദനരാഹിത്യത്തെയും നീതീകരിക്കുന്ന ദൈവം ഏകനാണ്'' എന്നു ശ്ലീഹാ പഠിപ്പിക്കുന്നതുപോലെ (റോമ. 3: 29 _ 30) എല്ലാവരുടെയും മീതെ ദൈവം ഏകനാകുന്നു. മററു കാര്യങ്ങളിലെല്ലാം അവർക്ക് അഭിപ്രായൈക്യമുണ്ടായിരുന്നു; അഭിപ്രായ വ്യത്യാസം അവർ അനുവദിച്ചില്ല. എന്നാൽ ഗ്രീക്കിൽ ഉസീയാ (ousia) എന്നു പറയുന്ന സുബ്സ്റ്റാൻസ്യായെ (Substantia) സംബന്ധിച്ച് പലർക്കും അഥവാ അനേകർക്കും ബുദ്ധിമുട്ടുണ്ടായതിനാൽ, അതായതു്, കുറേക്കൂടി വ്യക്തമാക്കിയാൽ, 'ഹോമോഉസിയോൻ' 'ഹോമോയ്ഉസിയോൻ' എന്നീ പദങ്ങൾ,[39] ഒരു കാരണവ

---

39. homoousion = of the same substance: നിഖ്യാവിശ്വാസപ്രമാണത്തിലാണ് ഈ പദം ഉപയോഗിച്ചിരിക്കുന്നതു്. homoiousion=ofsimilar substance: 'സെമി_ആര്യൻ' വിഭാഗക്കാരായ അൻസീറായിലെ ബേസിൽ, ലവദീഷ്യായിലെ ജോർജ്, സെബസ്തെയിലെ എവുസ്റ്റാത്യോസ് എന്നിവർ ഉപയോഗിച്ച പദം; പിതാവും പുത്രനും തമ്മിൽ സാമ്യവും വ്യത്യാസവുമുണ്ടു് എന്നു് ഇവർ പഠിപ്പിച്ചു. കിഴക്കും പടിഞ്ഞാറുമുള്ള നിരവധി സഭകൾ സിർമിയത്തിലെ ഈ രണ്ടാം വിശ്വാസപ്രമാണം തള്ളിക്കളഞ്ഞു. അതിനുശേഷം നടന്ന ചർച്ചകളുടെ ഫലമായി മൂന്നാമതൊന്നു് എഴുതിയുണ്ടാക്കി (സൊസോമൻ, സഭാചരിത്രം, 4: 15); Kelly, *op.cit.*, 285.

www.malankaralibrary.com



ശാലും ഉപയോഗിക്കാൻ പാടില്ല; അവയെപ്പററി ആരും പ്രസംഗിക്കാനും പാടില്ല. നിവേശിത ഗ്രന്ഥങ്ങളിൽ അവ കാണപ്പെടുന്നില്ല എന്നതാണ് ഇതിനുള്ള കാരണവും അടിസ്ഥാനവും. ഈ വിഷയം മനുഷ്യൻെറ അറിവിനതീതമാണ്, പുത്രൻെറ ജനനം വിവരിക്കാൻ ഒരുവനും കഴിയുകയുമില്ല. ''അവൻെറ ജനനം ആര് വിവരിക്കും'' എന്ന് പുത്രനെപ്പററി എഴുതപ്പെട്ടിരിക്കുന്നു (ഏശാ. 53 : 5). പിതാവ് എങ്ങനെ പുത്രനെ ജനിപ്പിച്ചു എന്നു പിതാവിനും പിതാവിനാൽ എങ്ങനെ ജനിപ്പിക്കപ്പെട്ടു എന്ന് പുത്രനും മാത്രമേ അറിയാവൂ എന്നതു വ്യക്തമാണല്ലോ. പിതാവാണ് കൂടുതൽ ഉന്നതൻ എന്നതിൽ സംശയമില്ല. ബഹുമാനത്തിലും സ്ഥാനത്തിലും ശോഭയിലും മഹത്വത്തിലും പിതാവ് എന്ന നാമത്തിൽ തന്നെയും പിതാവാണ് കൂടുതൽ ഉന്നതൻ എന്നതിൽ ആരും സംശയിക്കേണ്ടതില്ല. 'എന്നെ അയച്ചവൻ എന്നേക്കാരം വലിയവനാകുന്നു' എന്ന് പുത്രൻ തന്നെ സാക്ഷിക്കുന്നുണ്ട് (യോഹ. 14: 28). പിതാവ്, പുത്രൻ എന്ന് രണ്ട് ആളുകരം ഉണ്ടെന്നും, പിതാവ് കൂടുതൽ ഉന്നതനാണെന്നും, പിതാവ് തനിക്കുതന്നെ കീഴ്പ്പെടുത്തിയ മററെല്ലാ വസ്തുക്കളോടുകൂടി പുത്രൻ പിതാവിന് അധീനനാണെന്നും പിതാവിന് ആരംഭമില്ലെന്നും, അവിടുന്ന് അദൃശ്യനും അമർത്ത്യനും സഹനാതീതനും ആണെന്നും, എന്നാൽ പുത്രൻ പിതാവിൽ നിന്നു ജനിച്ചവനും, ദൈവത്തിൽ നിന്നുള്ള ദൈവവും പ്രകാശത്തിൽ നിന്നുള്ള പ്രകാശവും ആണെന്നും, നേരത്തെ പറഞ്ഞതു പോലെ, ഈ പുത്രൻെറ ജനനത്തെപ്പററി അവൻെറ പിതാവല്ലാതെ മററാരും അറിയുന്നില്ലെന്നും ഉള്ളത് കത്തോലിക്കാ പ്രബോധനമാണെന്ന കാര്യത്തിൽ ആരും അജ്ഞരല്ല. നാം വായിക്കുന്നതുപോലെ ദൈവപുത്രൻ തന്നെ, നമ്മുടെ കർത്താവും ദൈവവുമായവൻ, മാലാഖാ മുന്നറിയിച്ചതുപോലെ, കന്യകാമറിയത്തിൻെറ ഉദരത്തിൽനിന്ന് ജഡം അഥവാ ശരീരം, അതായത് മനുഷ്യനെ, എടുത്തു. എല്ലാ ലിഖിതങ്ങളും, പ്രത്യേകിച്ച് പുറജാതികളുടെ പ്രബോധകനായ ശ്ളീഹാ തന്നെ പഠിപ്പിക്കുന്നതുപോലെ, അവിടുന്നു കന്യകാമറിയത്തിൽനിന്ന് മനുഷ്യത്വം സ്വീകരിക്കുകയും, അതിലൂടെ സഹനത്തിൽ പങ്കാളിയാകുകയും ചെയ്തു. ''പോയി, പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ എല്ലാ ജാതികളെയും സ്നാനപ്പെടുത്തുവിൻ'' എന്നു സുവിശേഷത്തിൽ നാം വായിക്കുന്നതുപോലെ (മത്താ. 28: 19) ത്രിത്വരഹസ്യം നാം എപ്പോഴും ഉയർത്തിപ്പിടിക്കണം. വിശ്വാസത്തിൻെറ രത്നച്ചുരുക്കം ഇതാണ്; ഇതിൽ വിശ്വാസം സുരക്ഷിതവുമാണ്. ത്രിത്വ

www.malankaralibrary.com



ത്തിൻെറ സംഖ്യ സമ്പൂർണവും അവികലവുമാകുന്നു. എന്നാൽ ആശ്വാസപ്രദനായ ആത്മാവ് പുത്രനിലൂടെയാണ്. വാഗ്ദാനമനുസരിച്ച്, ശ്ലീഹന്മാരെയും എല്ലാ വിശ്വാസികളെയും പഠിപ്പിക്കാനും പ്രബോധിപ്പിക്കാനും വിശുദ്ധീകരിക്കാനും അവിടുന്ന് അയയ്ക്കപ്പെട്ടു; അവിടുന്നു വരികയും ചെയ്തു.''

ഫൊതീനൂസിനെ സ്ഥാനഭ്രഷ്ടനാക്കിയതിനുശേഷവും ഈ വിശ്വാസസത്യങ്ങൾ അംഗീകരിച്ച് ഒപ്പിടാൻ മെത്രാന്മാർ അയാളെ പ്രേരിപ്പിച്ചു നോക്കി. തങ്ങൾ രൂപം കൊടുത്ത വിശ്വാസപ്രമാണം അംഗീകരിക്കുകയും അയാൾ കണ്ടുപിടിച്ച തത്ത്വങ്ങളെ ശപിക്കുകയും ചെയ്യുകയാണെങ്കിൽ അയാളുടെ മെത്രാൻ സിംഹാസനം തിരിച്ചു നൽകാമെന്ന് അവർ വാഗ്ദാനം ചെയ്തു. എന്നാൽ അയാൾ അവരുടെ നിർദ്ദേശം സ്വീകരിച്ചില്ല. മറിച്ച്, ഒരു വാദപ്രതിവാദത്തിനായി അവരെ വെല്ലുവിളിക്കുകയാണ് അയാൾ ചെയ്തത്. ചക്രവർത്തി ഇടപെട്ടതനുസരിച്ച് വാദപ്രതിവാദത്തിനായി ഒരു ദിവസം നിശ്ചയിക്കപ്പെട്ടു. നിശ്ചിതദിവസം, അവിടെയുണ്ടായിരുന്ന മെത്രാന്മാരും ചക്രവർത്തി നിയോഗിച്ച സെനററർമാരും തക്കം കേൾക്കാനെത്തി. അന്ന് അൻസീറായിലെ മെത്രാനായിരുന്ന ബേസിലാണ് ഫൊതീനൂസിനെ എതിർക്കാൻ നിയുക്തനായത്. ചുരുക്കെഴുത്തുകാർ അവർ രണ്ടുപേരുടെയും പ്രസംഗങ്ങൾ ചുരുക്കിയെഴുതി. രണ്ടുപക്ഷത്തെയും വാദഗതികളുടെ ഏററവുമുട്ടൽ വളരെ തീക്ഷ്ണമായിരുന്നു. തർക്കത്തിൽ തോററ ഫൊതീനൂസ് കുററവാളിയെന്നു വിധിക്കപ്പെടുകയും ജീവപര്യന്തം നാടുകടത്തലിനു ശിക്ഷിക്കപ്പെടുകയും ചെയ്തു. ആ പ്രവാസകാലത്ത് അയാൾ എല്ലാ പാഷണ്ഡതകൾക്കുമെതിരായും തൻെറ വീക്ഷണങ്ങളെ ന്യായീകരിച്ചുകൊണ്ടും ഉള്ള പ്രബന്ധങ്ങൾ ഗ്രീക്കിലും ലത്തീനിലും എഴുതി. ഫൊതീനൂസിനെപ്പററി ഇത്രയും മതി.

സിർമിയത്തിൽ സമ്മേളിച്ച മെത്രാന്മാർതന്നെ തങ്ങൾ ലത്തീനിൽ രൂപംകൊടുത്ത വിശ്വാസപ്രമാണത്തെക്കുറിച്ച് പിന്നീട് അസംതൃപ്തരായിത്തീർന്നു. പ്രസിദ്ധീകരണം കഴിഞ്ഞപ്പോൾ അതിൽ പരസ്പര വിരുദ്ധങ്ങളായ ചില പ്രസ്താവങ്ങൾ ഉണ്ട് എന്ന് അവർക്കു തോന്നി. അതിനാൽ പകർത്തിയെഴുത്തുകാരിൽനിന്നു പകപ്പുകളെല്ലാം തിരികെ വാങ്ങിക്കാൻ അവർ ശ്രമിച്ചു. പലരും പല പകർപ്പുകൾ ഒളിച്ചുവച്ചു. അങ്ങനെ ഒളിച്ചുവയ്ക്കുന്നവർക്കു കർശനശിക്ഷ നൽകുമെന്നു കാണിച്ചു ചക്രവർത്തി കൽപ്പനയിറക്കി. എന്നാൽ എല്ലാ പകർപ്പുകളും വെളിക്കുകൊണ്ടുവരാനോ നശിപ്പിക്കാനോ സാദ്ധ്യമായില്ല. ഈ കാര്യങ്ങളെപ്പററി ഇത്രയും മതി.

www.malankaralibrary.com



## അധ്യായം 31

# കൊർദോവാ മെത്രാനായ ഹോസിയസ്

സ്പെയിൻകാരനായ ഹോസിയസ് മെത്രാൻ തൻെറ ഇഷ്ടത്തിനു വിരുദ്ധമായി സിർമിയം സിനഡിൽ ഹാജരായി എന്ന് മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. അദ്ദേഹത്തെക്കുറിച്ചു ചില വിവരങ്ങൾ ഇവിടെ രേഖപ്പെടുത്തേണ്ടിയിരിക്കുന്നു. ആര്യൻ വിഭാഗക്കാരുടെ ഗൂഢതന്ത്രങ്ങൾ മൂലം കുറെ നാൾ മുമ്പ് അദ്ദേഹം നാടുകടത്തപ്പെട്ടതാണ്. എന്നാൽ സിർമിയത്തിൽ സമ്മേളിച്ചവരുടെ നിർബന്ധംമൂലം ചക്രവർത്തി അദ്ദേഹത്തെ അങ്ങോട്ടു ക്ഷണിച്ചു. തങ്ങളുടെ അഭിപ്രായങ്ങൾ പ്രേരണകൊണ്ടോ നിർബന്ധം കൊണ്ടോ എങ്ങനെയെങ്കിലും അദ്ദേഹത്തെക്കൊണ്ടു സമ്മതിപ്പിക്കണമെന്നതായിരുന്നു അവരുടെ പരിപാടി. അതു സാധിച്ചാൽ തങ്ങളുടെ പക്ഷത്തിനു് അതു വലിയൊരു വിജയമാകുമെന്നു് അവർക്കു് അറിയാമായിരുന്നു. വൈമനസ്യത്തോടുകൂടെയാണെങ്കിലും അദ്ദേഹം കൗൺസിലിൽ ഹാജരായി. അവരുടെ അഭിപ്രായങ്ങളോടു യോജിക്കുകയില്ലെന്നു കണ്ടപ്പോൾ ആ വന്ദ്യ വയോധികനെ അവർ പലതരം പീഡനങ്ങൾക്കു വിധേയനാക്കി. ഒടുവിൽ ബലപ്രയോഗംമൂലം അവരുടെ അഭിപ്രായങ്ങളെ അനുകൂലിക്കാൻ അദ്ദേഹം നിർബന്ധിതനായി. അങ്ങനെയൊക്കെയായിരുന്നു സിർമിയത്തിൽ ഉണ്ടായ നടപടികൾ. കോൺസ്റ്റാൻസ്യൂസ് ചക്രവർത്തി ഈ സംഭവങ്ങൾക്കുശേഷവും മാഗ്നെൻസ്യൂസിനെതിരെയുള്ള യുദ്ധത്തിൻെറ പരിണാമം എന്തു് എന്നു നോക്കിക്കൊണ്ടു് അവിടെത്തന്നെ വസിച്ചു.

## അധ്യായം 32

# മാഗ്നെൻസ്യൂസിൻെറ അന്ത്യം

സാമ്രാജ്യതലസ്ഥാനനഗരമായ റോം കയ്യടക്കിയ മാഗ്നെൻസ്യൂസ് സെനറ്റോറിയൽ കൗൺസിലിലെ പല അംഗങ്ങളെയും പല പൗരപ്രമുഖരെയും വധിപ്പിച്ചു. എന്നാൽ കോൺസ്റ്റാൻസ്യൂസിൻെറ സേനാനായകന്മാർ വന്നു് റോമാക്കാ

www.malankaralibrary.com



രുടെ ഒരു സൈന്യം രൂപീകരിക്കുകയും ആ സൈന്യം മാഗ്നെൻസ്യൂസിനെ നേരിടാൻ നീക്കം ആരംഭിക്കുകയും ചെയ്തപ്പോൾ അയാൾ റോം വിട്ട് ഗാൾ പ്രദേശത്തേയ്ക്കു നീങ്ങി. അവിടെ വച്ചു പല യുദ്ധങ്ങൾ നടന്നു. രണ്ടു പക്ഷത്തും വിജയവും പരാജയവും മാറി മാറി അനുഭവപ്പെട്ടുകൊണ്ടിരുന്നു. ഒടുവിൽ ഗാളിലെ ഒരു കോട്ടയായ മൂർസായിൽ വച്ചു നടന്ന യുദ്ധത്തിൽ മാഗ്നെൻസ്യൂസ് പക്ഷത്തിനു കാര്യമായ പരാജയം സംഭവിച്ചു. അവിടെ വച്ച് താഴെ പറയുന്ന ശ്രദ്ധേയമായ സംഭവം ഉണ്ടായതായി പറയപ്പെടുന്നു. അവസാനം നടന്ന യുദ്ധത്തിലെ പരാജയംമൂലം ഭഗ്നോൽസാഹരായിരുന്ന തൻെറ ഭടന്മാർക്ക് ആത്മവിശ്വാസം വളർത്തുന്നതിനുവേണ്ടി അയാൾ ഒരു ഉയർന്ന സിംഹാസനത്തിൽ ഉപവിഷ്ടനായി. ആ സമയത്ത് സൈനികർ ചക്രവർത്തിയെ സാധാരണ അഭിവാദനം ചെയ്യാറുള്ളതുപോലെ അയാളെ അഭിവാദനം ചെയ്തു. എന്നാൽ മാഗ്നെൻസ്യൂസ് എന്നതിനു പകരം കോൺസ്റ്റാൻസ്യൂസ് അഗസ്റ്റസ് എന്നാണ് അവർ വിളിച്ചുപറഞ്ഞത്. ഇതു തനിക്കു പ്രതികൂലമായിട്ടുള്ള ഒരുശകുനമാണെന്നു മനസ്സിലാക്കിയ മാഗ്നെൻസ്യൂസ് ഉടൻതന്നെ ഗാളിൻെറ ഏററവും വിദൂരമായ മേഖലയിലേയ്ക്കു പിൻവാങ്ങി. കോൺസ്റ്റാൻസ്യൂസിൻെറ സൈന്യം അയാളെ അനുധാവനം ചെയ്തു. മൗണ്ട് സെല്യൂക്കസിനടുത്തുവച്ചുണ്ടായ യുദ്ധത്തിൽ മാഗ്നെൻസ്യൂസ് തീർത്തും പരാജയപ്പെട്ടു. അയാൾ ഏകനായി ഗാളിലെ നഗരമായ ലയൺസിലേക്ക് പലായനം ചെയ്തു. മൂർസായിലെ കോട്ടയിൽനിന്ന് മൂന്നു ദിവസത്തെ വഴി അകലെയായിരുന്നു അത്. അവിടെവച്ച് തൻെറ അമ്മയെയും താൻ സീസറായി വാഴിച്ച സഹോദരനെയും വധിച്ചശേഷം അയാൾ സ്വന്തം വാളിന്മേൽ വീണ് ആത്മഹത്യ ചെയ്തു. കോൺസ്ററാൻസ്യൂസിൻെറ ആറാം കോൺസുളേററും കോൺസ്റ്റാൻസ്യൂസ് ഗാള്ളസിൻെറ രണ്ടാം കോൺസുളേററും ചേർന്ന വർഷം ആഗസ്റ്റ് 15-ാം തീയതിയാണ് ഈ സംഭവം നടന്നത്.[40] അധികം താമസിയാതെ മാഗ്നെൻസ്യൂസിൻെറ മറെറാരു സഹോദരനായ ഡെചെൻസ്യൂസ് കെട്ടിത്തൂങ്ങി തൻെറ ജീവിതം അവസാനിപ്പിച്ചു. ഇങ്ങനെയായിരുന്നു മാഗ്നെൻസ്യൂസിൻെറ ഉദ്യമങ്ങളുടെ അവസാനം. എന്നാൽ സാമ്രാജ്യത്തിലെ അസ്വസ്ഥതകൾ ഇതുകൊണ്ടവസാനിച്ചില്ല. സിൽവാനൂസ് എന്നു പേരുള്ള മറെറാരു അധികാരമോഹി ഗാൾ പ്രദേശത്തു വീണ്ടും ശല്യങ്ങളുണ്ടാക്കി. കോൺസ്റ്റാൻസ്യൂസിൻെറ സേനാനായകന്മാർ താമസിയാതെ അയാളുടെ ശല്യവും തുടച്ചു നീക്കി.

40. ക്രി. വ. 353-ൽ

www.malankaralibrary.com



## അധ്യായം 33

# ദിയോചെസറിയായിലെ യഹൂദർ

ഇതേ കാലഘട്ടത്തിൽ പൗരസ്ത്യമേഖലയിൽ മറെറാരു ആഭ്യന്തരകലാപം തലപൊക്കി. പലസ്തീനായിലെ ദിയോചെസറിയാ എന്ന സ്ഥലത്തു വസിച്ചിരുന്ന യഹൂദർ റോമാക്കാർക്കെതിരായി ആയുധം എടുക്കുകയും സമീപപ്രദേശങ്ങൾ കൊള്ളയടിക്കുകയും ചെയ്തു. എന്നാൽ, ചക്രവർത്തി സീസർ സ്ഥാനം കൊടുത്തു പൗരസ്ത്യദേശത്തേയ്ക്കയച്ചിരുന്ന കോൺസ്റ്റാൻസ്യൂസ് ഗാല്ലൂസ് അങ്ങോട്ടയച്ച സൈന്യം യഹൂദരെ പൂർണ്ണമായും പരാജിതരാക്കി. അതിനെത്തുടർന്ന് അയാളുടെ കൽപ്പനപ്രകാരം സൈന്യം ആ നഗരം നിലം പരിശാക്കുകയും ചെയ്തു.

## അധ്യായം 34

# ഗാല്ലൂസ് സീസർ

ഇത്രയുമൊക്കെയായപ്പോൾ ഗാല്ലൂസ് സീസറിന് തൻെറ വിജയങ്ങളെ മനസ്സംയമത്തോടെ നേരിടാൻ കഴിഞ്ഞില്ല. തന്നെ സീസറാക്കി അധികാരത്തിൽ ഏർപ്പെടുത്തിയ ചക്രവർത്തിയുടെ അനുമതികൂടാതെ സുപ്രധാനമായ പല കാര്യങ്ങളും അയാൾ ചെയ്തു. ചക്രവർത്തിപദംതന്നെ കൈക്കലാക്കണമെന്നതായിരുന്നു അയാളുടെ ഗൂഢലക്ഷ്യം. എന്നാൽ കോൺസ്റ്റാൻസ്യൂസ് താമസിയാതെ ഇക്കാര്യം മനസ്സിലാക്കി. അക്കാലത്ത് പൗരസ്ത്യദേശത്തെ പ്രെത്തോറിയൻ പ്രീഫെക്ടായിരുന്ന ഡൊമീഷ്യനെയും ക്വെസ്റ്ററായിരുന്ന മാഗ്നുസിനെയും ചക്രവർത്തിയുടെ അനുമതികൂടാതെ അയാൾ വധിച്ചു. ഈ നടപടികൾമൂലം അത്യന്തം കോപാകുലനായിത്തീർന്ന കോൺസ്റ്റാൻസ്യൂസ് ചക്രവർത്തി ഗാല്ലൂസിനെ തൻെറ പക്കലേയ്ക്കു വിളിപ്പിച്ചു. സംഭീതനായ ഗാല്ലൂസ് വളരെ വൈമനസ്യത്തോടുകൂടിയാണ് അങ്ങോട്ടു പോയത്. അയാൾ പാശ്ചാത്യദേശത്തെത്തി. ഫ്‌ളനോണാ എന്ന സ്ഥലത്തെത്തിയപ്പോൾ അയാ

www.malankaralibrary.com



ളെ വധിക്കാൻ ചക്രവർത്തി ആജ്ഞ നൽകി. അധികം താമസിയാതെ ചക്രവർത്തി ഗാല്ലസിൻെറ സഹോദരനായ ജൂലിയന്ന സീസർ സ്ഥാനം നല്കുകയും ഗാൾ പ്രദേശത്തെ കാട്ടുജാതിക്കാരോടു യുദ്ധം ചെയ്യാൻ അയാളെ നിയോഗിക്കുകയും ചെയ്തു. കോൺസ്റ്റാൻസ്യൂസ് ചക്രവർത്തിയുടെ ഏഴാം കോൺസുളേററ് കാലത്താണ് ഗാല്ലസ് വധിക്കപ്പെട്ടത്.[41] ഗാല്ലസ് അന്ന് മൂന്നാം തവണ കോൺസുളും ആയിരുന്നു. അതിനടുത്ത വർഷം നവംബർ ആറാം തീയതി ജൂലിയൻ സീസർ ആക്കപ്പെട്ടു.[42] അന്ന് അർബേഷൻ, ലോല്ലിയൻ എന്നിവർ കോൺസുൾമാരായിരുന്നു. അവരെപ്പററി അടുത്ത പുസ്തകത്തിൽ പ്രതിപാദിക്കാം.[43]

ഇങ്ങനെ അഭ്യന്തരകലാപങ്ങളിൽനിന്നു മോചനം ലഭിച്ചു കഴിഞ്ഞപ്പോൾ കോൺസ്റ്റാൻസ്യൂസ് വീണ്ടും സഭാകാര്യങ്ങളിൽ ശ്രദ്ധാലുവാകാൻ തുടങ്ങി. സിർമിയത്തിൽ നിന്ന് രാജകീയ നഗരമായ റോമിൽ എത്തിയിട്ട് അയാൾ വീണ്ടും മെത്രാന്മാരുടെ ഒരു സിനഡ് വിളിച്ചുകൂട്ടി. പൗരസ്ത്യദേശത്തെ കുറെ മെത്രാന്മാരെ ഇററലിയിലേയ്ക്കു ക്ഷണിച്ചു വരുത്തിയിട്ട്, പാശ്ചാത്യമെത്രാന്മാരും അവരും തമ്മിൽ സന്ധിക്കുന്നതിനവസരമുണ്ടാക്കി. ഈ ഒരുക്കങ്ങൾ നടക്കുന്ന കാലത്താണ് റോമിലെ മെത്രാനായിരുന്ന ജൂലിയസ് നിര്യാതനായത്. അദ്ദേഹം റോമാമെത്രാനായി പതിനഞ്ചു കൊല്ലക്കാലം ഭരിച്ചു. ലിബേരിയസ് അദ്ദേഹത്തിൻെറ പിൻഗാമിയായി.

---

41. ക്രി. വ. 354-ൽ

42. ക്രി. വ. 355-ൽ

43. 3:1

www.malankaralibrary.com



# അധ്യായം 35

## എവുണോമിയസിൻെറ ഗുരുവായ ഏസ്യൂസ്

സിറിയായിലെ അന്ത്യോക്യായിൽ അഥെയൂസ് എന്നു് അപരനാമമുള്ള ഏസ്യൂസ് എന്ന മറെറാരു പാഷണ്ഡതാനേതാവു് ഉയർന്നുവന്നു. ആ തത്ത്വത്തിൽ അയാൾ ആരിയൂസിനോടു യോജിച്ചു്, അതേ അഭിപ്രായങ്ങൾ പുലർത്തിയിരുന്നു. എന്നാൽ ആര്യൻ കക്ഷിയിൽനിന്നു് അയാൾ അകന്നുനിന്നു. കാരണം, അവർ ആരിയൂസിനെ സഭാസംസർഗ്ഗത്തിൽ സ്വീകരിച്ചിരുന്നു. ഞാൻ നേരത്തെ പറഞ്ഞതുപോലെ[44] ആരിയൂസ് മനസ്സിൽ ഒരഭിപ്രായം വച്ചുപുലർത്തുകയും പുറമേ മറെറാന്നു പറയുകയും ചെയ്തിരുന്നു. ഭരിക്കുന്ന ചക്രവർത്തിയെ വഞ്ചിക്കുവാനായി, നിഖ്യായിൽ രൂപപ്പെടുത്തപ്പെട്ട വിശ്വാസപ്രമാണം ആരിയൂസ് അംഗീകരിച്ചു് ഒപ്പു വയ്ക്കുന്നതായി ഭാവിച്ചിരുന്നു. ഇക്കാരണത്താൽ ഏസ്യൂസ് ആര്യന്മാരിൽനിന്നു് അകന്നുകഴിഞ്ഞു. എന്നാൽ അയാൾ നേരത്തേ ഒരു പാഷണ്ഡിയായിരുന്നു. ആര്യൻ സിദ്ധാന്തങ്ങളെക്കുറിച്ചു് അയാൾക്കു് ആവേശമായിരുന്നുതാനും. അലക്സാൺഡ്രിയായിൽനിന്നു പരിമിതമായ വിദ്യാഭ്യാസം നേടിയതിനുശേഷം അയാൾ അവിടെ നിന്നു പുറപ്പെട്ടു് തൻെറ ജന്മസ്ഥലമായ സിറിയായിലെ അന്ത്യോക്യയിൽ വന്നെത്തി. അന്നവിടെ മെത്രാനായിരുന്ന ലെയോൺസ്യൂസ് അയാളെ ഡീക്കനായി വാഴിച്ചു. അതിനെത്തുടർന്നു് സമ്പർക്കത്തിൽ വന്നവരെയെല്ലാം അയാൾ തൻെറ സംഭാഷണത്തിൻെറ വൈലക്ഷണ്യംകൊണ്ടു് അമ്പരപ്പിക്കാൻ തുടങ്ങി. അരിസ്റ്റോട്ടലിൻെറ 'കാററഗൊറീസ്'' എന്ന ഗ്രന്ഥത്തിൻെറ സഹായത്തോടെയാണു് അയാൾ ഇക്കാര്യം സാധിച്ചതു്. ആ പുസ്തകത്തിൽ പ്രതിപാദിച്ചിട്ടുള്ള കാര്യങ്ങൾ അയാൾ ശരിക്കു ഗ്രഹിക്കുകയോ അറിവുള്ളവരുമായി സംസാരിച്ചു വിശദീകരണം നേടാൻ ശ്രമിക്കുകയോ ചെയ്തില്ല. സ്വയം കബളിപ്പിക്കുന്ന അബദ്ധവാദങ്ങളാണു് താൻ ഉന്നയിക്കുന്നതെന്നു് അയാൾ മനസ്സിലാക്കിയുമില്ല. തൻെറ യുവശിഷ്യന്മാരുടെ ബുദ്ധി സാമർത്ഥ്യത്തിനു് അഭ്യസനം നല്കാനും തത്ത്വശാസ്ത്രത്തെ

---

44. 1:26

www.malankaralibrary.com



പരിഹസിച്ച സോഫിസ്റ്റുകളെ സമർത്ഥമായ വാദമുഖങ്ങളാൽ പരാജിതരാക്കാനുംവേണ്ടിയാണ് അരിസ്റ്റോട്ടിൽ പ്രസ്തുത ഗ്രന്ഥം രചിച്ചതു്. അതിനാൽ പ്ലേറ്റോയുടെയും പ്ലൊത്തീനൂസിന്റെയും തത്ത്വങ്ങൾ വിശദീകരിക്കുന്ന എഫെക്റ്റിക്ക് പണ്ഡിതന്മാർ[45] അരിസ്റ്റോട്ടിൽ ഈ കൃതിയിൽ പ്രകടിപ്പിച്ചിട്ടുള്ള അനാവശ്യസൂക്ഷ്മതയെ കുറ്റപ്പെടുത്താറുണ്ട്. പണ്ഡിതനായ ഒരു ഗുരുവിന്റെ സഹായം ഒരിക്കലും കൈവന്നിട്ടില്ലാത്ത ഏസ്യൂസ് 'കാറ്റഗൊറീസി'ലെ ചിന്താരീതിയെ എപ്പോഴും ആശ്രയിച്ചു. ആരംഭം കൂടാതെ ജനനം എങ്ങനെ സാദ്ധ്യമാകുമെന്നോ ജനിപ്പിച്ചവനോടൊപ്പം ജനിച്ചവൻ എങ്ങനെ നിത്യനായിരിക്കുന്നതെന്നോ ഒന്നും അയാൾക്കു മനസ്സിലായിട്ടില്ല. ചുരുക്കത്തിൽ ഏസ്യൂസ് ഉപരിപ്ലവമായ വിജ്ഞാനം മാത്രമുള്ള ഒരു വ്യക്തിയായിരുന്നു. വിശുദ്ധ ലിഖിതങ്ങളിൽ അല്പം പോലും പരിചയമുണ്ടായിരുന്നില്ല. വെറുതെ ആരോപണങ്ങൾ ഉന്നയിക്കാൻ നല്ല വശവുമായിരുന്നു. അതു് ഏതു വിദൂഷകനും കഴിയുന്ന കാര്യമാണല്ലോ. ക്രൈസ്തവവിശ്വാസങ്ങൾ വിശദീകരിച്ചിട്ടുള്ള പ്രാചീനഗ്രന്ഥങ്ങളൊന്നും അയാൾ പഠിച്ചില്ല. ശാസ്ത്രസാഹിത്യമണ്ഡലങ്ങളിലെല്ലാം മഹാപണ്ഡിതരായിരുന്ന ക്ലെമെന്റ്, ആഫ്രിക്കാനൂസ്, ഒരിജൻ ആദിയായവരെ അയാൾ പൂർണ്ണമായി ഉപേക്ഷിച്ചു. അയാൾ കോൺസ്റ്റാൻസ്യൂസ് ചക്രവർത്തിക്കും മറ്റു പല പ്രമുഖ വ്യക്തികൾക്കും ലേഖനങ്ങൾ എഴുതി. തന്റെ പാണ്ഡിത്യം പ്രകടിപ്പിക്കുന്ന വിധത്തിലുള്ള കനത്ത വാദമുഖങ്ങൾ അവയിലെല്ലാം സന്നിവേശിപ്പിച്ചിരുന്നു. അതുമൂലമാണ് അത്തെയൂസ് എന്ന അപരനാമം അയാൾക്കു ലഭിച്ചതു്. അയാളുടെ താത്ത്വികപ്രസ്താവങ്ങൾ ആര്യൻ വിശ്വാസികളുടേതിനോടു സമാനമായിരുന്നെങ്കിലും അയാളുടെ ഉപപാദനങ്ങൾ അത്ര ദുർഗ്രഹങ്ങളായിരുന്നതിനാൽ ആര്യൻ പക്ഷക്കാർ അയാളെ പാഷണ്ഡിയെന്നു മുദ്രകുത്തി. അങ്ങനെ അവരുടെ പള്ളിയിൽനിന്നു പുറത്താക്കപ്പെട്ട അയാൾ അവരുമായി കൂട്ടായ്മ വിച്ഛേദിച്ചതായി ഭാവിച്ചു. അയാളിൽ നിന്നു് ഏസ്യർ എന്ന പേരു സ്വീകരിച്ച ചിലർ ഇന്നുമുണ്ടു്. എന്നാൽ ഇന്നവർ അറിയപ്പെടുന്നതു എവ്വുണോമിയർ എന്നാണ്. ഏസ്യൂസിന്റെ പകർപ്പെഴുത്തുകാരനായ എവ്വുണോമിയസ് പില്ക്കാലത്തു് അക്കൂട്ടരുടെ നായകനായിത്തീർന്നതാണ് ഇതിനു

45. *Effectic*: ഒന്നിനെയും നിർവചിക്കാത്ത താത്ത്വികർ. കാര്യങ്ങൾ ഗ്രഹിക്കാൻ ഉതകാത്തവിധം തർക്കിക്കുന്ന ഒരു കൂട്ടർ. ഫലത്തിൽ, തീർത്തൊരു അഭിപ്രായവും പറയാതെ വെറുതെ തർക്കിക്കുന്നവർ.

www.malankaralibrary.com



കാരണം. എവുണോമിയസിനു് തൻെറ പാഷണ്ഡ ചിന്തകളിൽ ഏസ്യൂസ് പരിശീലനം നൽകുകയും ചെയ്തിരുന്നു. എവുണോമിയസിനെക്കുറിച്ച് പിന്നീട് വിശദമായി പ്രതിപാദിക്കുന്നതാണ്.[46]

## അധ്യായം 36

## മിലാനിലെ സിനഡ്

ഈ കാലത്തു് ഇററലിയിൽ വച്ച് മെത്രാന്മാരുടെ ഒരു സമ്മേളനം നടന്നു. കിഴക്കുനിന്നുള്ള ചുരുക്കം മെത്രാന്മാരെ ആ സമ്മേളനത്തിൽ പങ്കെടുത്തുള്ളു. പ്രായാധിക്യമോ ദൂരക്കൂടുതലോ കാരണമാണ് അധികം പേരും വന്നെത്താതിരുന്നതു്. എന്നാൽ പാശ്ചാത്യമെത്രാന്മാർ മുന്നൂറിലധികം പേർ അവിടെ വന്നുകൂടി.[47] അവരെല്ലാവരും മിലാനിൽ സമ്മേളിക്കണമെന്നായിരുന്നു ചക്രവർത്തിയുടെ കല്പന. സമ്മേളനം ആരംഭിച്ചപ്പോൾ അത്തനാസ്യോസിനെ ശപിക്കുന്ന ഒരു പ്രമേയം പാസ്സാക്കണമെന്നു് പൗരസ്ത്യരായ മെത്രാന്മാർ ആവശ്യപ്പെട്ടു. അലക്സാൺഡ്രിയയിൽ അദ്ദേഹം പ്രവേശിക്കുന്നതിനെ സ്ഥിരമായി തടയാൻ അതുമൂലം കഴിയുമല്ലോ എന്നായിരുന്നു അവരുടെ കണക്കുകൂട്ടൽ. എന്നാൽ ഗാളിൽ ത്രേവെസിലെ മെത്രാനായ പൗളിനൂസ്, ഇററലിയുടെ മെത്രാപ്പൊളീസായ മിലാനിലെ മെത്രാനായ ഡയനീഷ്യസ്,[48] ഇററലിയിൽ ലിഗൂരിയായിലെ പട്ടണമായ വെർചെല്ലിയിലെ മെത്രാൻ എവുസേബിയസ് എന്നിവർ ഈ നിർദ്ദേശത്തെ അതിശക്തിയായി എതിർത്തു. അത്തനാസ്യോസിനെ ശപിക്കുന്നതുവഴി സത്യവിശ്വാസത്തിനു തുരങ്കം വയ്ക്കാനാണ് പൗരസ്ത്യരുടെ നീക്കം എന്നു് അവർ മനസ്സിലാക്കി. അവർ ഉച്ചത്തിൽ വിളിച്ചുപറഞ്ഞു; ''ക്രൈസ്തവസത്യത്തിൻെറ

---

46. 4:7

47. സൊസോമെൻ, സഭാചരിത്രം, 4:9. എന്നാൽ മുന്നൂറ് എന്നതു് തെററാണെന്നും മുപ്പതു് എന്നു വായിക്കണം എന്നും ചിലർ കരുതുന്നു.

48. 'മിലാനിലെ' എന്നതിനുപകരം 'ആൽബായിലെ' എന്നാണ് ടെക്സ്റ്റിൽ.

www.malankaralibrary.com



തത്വങ്ങളുടെ നേരെയുള്ള പ്രച്ഛന്നമായ ഒരാക്രമണമാണ് ഈ നിർദ്ദേശം. അത്തനാസ്യോസിന്റെ പേരിലുള്ള ആരോപണങ്ങൾ അടിസ്ഥാനരഹിതങ്ങളാണ്. സത്യവിശ്വാസത്തെ തകർക്കുവാൻ അദ്ദേഹത്തിന്റെ എതിരാളികൾ കെട്ടിച്ചമച്ച കഥകൾ മാത്രമാണ് ആ ആരോപണങ്ങൾ.'' ഇങ്ങനെ ശക്തിയായി പ്രതിഷേധം രേഖപ്പെടുത്തിയിട്ട് മെത്രാന്മാർ പിരിഞ്ഞുപോയി.

## അധ്യായം 37

# റിമിനിയിലെ സിനഡ്

ചക്രവർത്തി ഈ കാര്യങ്ങൾ അറിഞ്ഞപ്പോൾ മുകളിൽ പറഞ്ഞ മൂന്നു മെത്രാന്മാരെയും നാടുകടത്തി; ഒരു സാർവത്രിക കൗൺസിൽ വിളിച്ചുകൂട്ടാൻ തീരുമാനിക്കുകയും ചെയ്തു. പൗരസ്ത്യമെത്രാന്മാരെയെല്ലാം പാശ്ചാത്യദേശത്തു കൊണ്ടുവന്നിട്ട് മെത്രാന്മാർക്കിടയിൽ ഒരഭിപ്രായ സമന്വയം ഉണ്ടാക്കണമെന്നതായിരുന്നു അയാളുടെ ലക്ഷ്യം. എന്നാൽ പൗരസ്ത്യമെത്രാന്മാർക്കുണ്ടാകാവുന്ന യാത്രാദൈർഘ്യം പരിഗണിച്ചപ്പോൾ രണ്ടു് സ്ഥലത്തായി സമ്മേളനങ്ങൾ നടത്താമെന്നു തീരുമാനിച്ചു. മിലാനിൽ ഒത്തുചേർന്നിട്ടുള്ളവർ ഇററലിയിൽത്തന്നെയുള്ള റിമിനി എന്ന സ്ഥലത്തു് സമ്മേളിക്കുക. ബിത്തീനിയായിലെ നിക്കോമേദിയായിൽ സമ്മേളിക്കാൻ പൗരസ്ത്യമെത്രാന്മാർക്കു് നിർദ്ദേശം നൽകി. പൊതുവായ ഒരു അഭിപ്രായൈക്യം ഉണ്ടാക്കുക എന്നതായിരുന്നു ചക്രവർത്തിയുടെ ലക്ഷ്യം. എന്നാൽ അദ്ദേഹത്തിന്റെ പ്രതീക്ഷയ്ക്കു് നേരെ വിപരീതമായിരുന്നു ഫലം. ഒരു അഭിപ്രായൈക്യവും ഇരു സമ്മേളനങ്ങളിലും ഉണ്ടായില്ല. മറിച്ചു് രൂക്ഷമായ അഭിപ്രായവ്യത്യാസങ്ങളും ചേരിതിരിവുകളും ഉണ്ടായി. റിമിനിയിൽ സമ്മേളിച്ചവർക്കു് പരസ്പരം യോജിക്കാൻ കഴിഞ്ഞില്ല. ഇസൗറിയായിലെ സെലൂഷ്യായിൽ സമ്മേളിച്ച പൗരസ്ത്യമെത്രാന്മാർ മറെറാരു ശീശ്മ ആരംഭിച്ചു. ഈ രണ്ടു് സമ്മേളനങ്ങളുടെയും വിശദാംശങ്ങൾ എന്തെല്ലാമെന്നു് പിന്നീടു പ്രതിപാദിക്കാം.[49] എവുഡോക്സിയുസിനെക്കുറിച്ചു് ചില കാര്യങ്ങൾ ഇവിടെ രേഖപ്പെടുത്തേണ്ടിയിരിക്കുന്നു.

49. 2:39

www.malankaralibrary.com



പാഷണ്ഡിയായ ഏസ്യൂസിനെ ഡീക്കനായി വാഴിച്ച ലെയോൺസ്യൂസ് മെത്രാൻ നിര്യാതനായി. അതറിഞ്ഞ് അപ്പോഠം റോമിലായിരുന്ന ജർമ്മനീഷ്യാ[50] മെത്രാൻ എവുഡോക്സിയൂസ്, സമയം ഒട്ടും പാഴാക്കാതെ, തൻെറ സാന്നിദ്ധ്യം ഉടൻ തൻെറ രൂപതയിൽ ആവശ്യമുണ്ടെന്നും അതിനാൽ അങ്ങോട്ട് പോകാൻ അനുവദിക്കണമെന്നും ചക്രവർത്തിയെ അറിയിച്ചു. പ്രസ്തുത അഭ്യർത്ഥനയിൽ ഗൂഢോദ്ദേശ്യങ്ങളൊന്നും കാണാൻ കഴിയാത്ത ചക്രവർത്തി ആ അഭ്യർത്ഥന ഉടൻ സ്വീകരിക്കുകയും ചെയ്തു. ചക്രവർത്തിയുടെ ശയനാഗാരത്തിലെ ചില പ്രധാന ഉദ്യോഗസ്ഥന്മാർ എവുഡോക്സിയൂസിൻെറ സഹായികളായി ഉണ്ടായിരുന്നു. അയാഠം തൻെറ രൂപത ഉപേക്ഷിച്ച് കപടതന്ത്രങ്ങളുപയോഗിച്ച് അന്ത്യോക്യയിലെ മെത്രാനായി. ഏസ്യൂസിനെ പുന:പ്രതിഷ്ഠിക്കുക എന്നതായിരുന്നു അയാളുടെ ആദ്യത്തെ ആഗ്രഹം. അയാളെ വീണ്ടും ഡീക്കൻസ്ഥാനത്ത് സ്വീകരിക്കുന്നതിനു വേണ്ടി അയാഠം മെത്രാന്മാരുടെ ഒരു സമ്മേളനം വിളിച്ചുകൂട്ടി. എന്നാൽ സമ്മേളനം നടന്നെങ്കിലും എവുഡോക്സിയൂസ് ഉദ്ദേശിച്ച കാര്യം നടന്നില്ല. ഏസ്യൂസിനെതിരായി മെത്രാന്മാക്കുള്ള വികാരം അത്ര രൂക്ഷമായിരുന്നു.

മെത്രാന്മാർ റിമിനിയിൽ സമ്മേളിച്ചപ്പോഠം തങ്ങഠം അത്തനാസ്യോസിൻെറ വിഷയത്തിൽ മൗനമവലംബിക്കാൻ തയാറാണെന്നു വ്യക്തമാക്കി. ഈ അഭിപ്രായത്തെ ഉർസാചിയൂസും വാലെൻസും ഊററമായി പിൻതാങ്ങി. അവർ ആദ്യം ആരിയൂസിൻെറ അഭിപ്രായങ്ങളെ അനുകൂലിച്ചിരുന്നുവെന്നും പിന്നീട് റോമാമെത്രാൻെറ അടുത്തുചെന്ന് പ്രസ്തുത അഭിപ്രായങ്ങളെ തള്ളിപ്പറയുകയും ''ഹോമോഉസിയൻ വിശ്വാസം'' പരസ്യമായി ഏററുപറയുകയും ചെയ്തുവെന്നും ഞാൻ രേഖപ്പെടുത്തിയിട്ടുണ്ടല്ലോ.[51] ഇവർ ജയിച്ചു നിൽക്കുന്നവരുടെ കൂട്ടത്തിൽ കൂടാൻ എപ്പോഴും താല്പര്യം കാണിച്ചിരുന്നു. ജർമീനിയൂസ്, ഔക്സെൻസ്യൂസ്, ഡെമോഫിലൂസ്, ഗായൂസ് എന്നിവരും അത്തനാസ്യോസിനെ സംബന്ധിച്ച് പ്രസ്തുത അഭിപ്രായം തന്നെ പ്രകടിപ്പിച്ചു. തുടർന്നു പലരും അവിടെ പലവിധ അഭിപ്രായങ്ങഠം പ്രകടിപ്പിച്ചപ്പോഠം നേരത്തേ രൂപീകരിച്ച വിശ്വാസപ്രമാണങ്ങളെല്ലാം തള്ളിക്കളയണമെന്നും സിർമിയത്തു വച്ചു തങ്ങഠം കൂടി അവസാനമായി രൂപപ്പെടുത്തിയ വിശ്വാസപ്രമാണം മാത്രം പ്രാമാണികമായി അംഗീകരിക്കണ

---

50. സിറിയായിലെ ഒരു നഗരം.

51. 2:24.

www.malankaralibrary.com



മെന്നും ഉർസാചിയൂസും വാലൻസും ചേർന്ന് അഭിപ്രായപ്പെട്ടു. തുടർന്ന് അവർ തങ്ങളുടെ കയ്യിലുണ്ടായിരുന്ന ഒരു ലിഖിതം അവിടെ വായിച്ചു. വിശ്വാസപ്രമാണത്തിന്റെ മറ്റൊരു രൂപമായിരുന്നു അതു്. അതു് സിർമിയത്തിൽവച്ച് എഴുതപ്പെട്ടതു തന്നെ. പക്ഷേ നേരത്തെ പറഞ്ഞതുപോലെ ഇതിനു മുമ്പ് ഒരിക്കലും പ്രസിദ്ധീകരിക്കാതെ അതു് ഒളിച്ചു വച്ചിരിക്കുകയായിരുന്നു. അതു ലത്തീനിൽനിന്നു ഗ്രീക്കിലേക്കു വിവർത്തനം ചെയ്തിരിക്കുന്നു. താഴെ പറയും പ്രകാരമാണതു്.[52]

'നമ്മുടെ നാഥനായ കോൺസ്റ്റാൻസ്യൂസിന്റെ സാന്നിദ്ധ്യത്തിൽ, സിർമിയത്തിൽ വച്ച്, ഏററവും മഹാനായ ഫ്ളാവിയൂസ് എവുസേബിയസിന്റെയും ഹിപാസ്യൂസിന്റെയും കോൺസുളേററുകാലത്തു് മേയ് ഇരുപത്തിമൂന്നാം തീയതി[53] കത്തോലിക്കാവിശ്വാസം പ്രസിദ്ധീകരിക്കപ്പെട്ടു.

'സർവ്വശക്തനായ പിതാവും എല്ലാ വസ്തുക്കളുടെയും നിർമ്മാതാവും സ്രഷ്ടാവുമായ ഏക സത്യദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു. ദൈവത്തിന്റെ ഏകജാതനായ പുത്രനിലും ഞങ്ങൾ വിശ്വസിക്കുന്നു. എല്ലാ യുഗങ്ങൾക്കും എല്ലാ ആരംഭങ്ങൾക്കും സങ്കല്പസാദ്ധ്യമായ എല്ലാ സമയത്തിനും ഗ്രഹണസാദ്ധ്യമായ എല്ലാ സത്തകൾക്കും മുമ്പ് വികാരവിമുക്തമായ രീതിയിൽ അവിടുന്നു ദൈവത്തിൽനിന്നു ജനിച്ചു. അവനിലൂടെ യുഗങ്ങൾ രൂപീകരിക്കപ്പെടുകയും എല്ലാ വസ്തുക്കളും അസ്തിത്വത്തിൽ എത്തിച്ചേരുകയും ചെയ്തു. അവിടുന്ന് ജനിച്ചവനും ഏകജാതനും പിതാവിൽനിന്നു മാത്രമുള്ള ഏകനും ദൈവത്തിൽ നിന്നുള്ള ദൈവവും തിരുലിഖിതങ്ങളനുസരിച്ച് തന്നെ ജനിപ്പിച്ച പിതാവിനു സമാനനുമാകുന്നു.[54] തന്നെ ജനിപ്പിച്ച പിതാവല്ലാതെ അവിടുത്തെ ജനനവിധം ആരും അറിയുന്നില്ല. ദൈവത്തിന്റെ ഏകജാതനായ ഈ പുത്രൻ പാപങ്ങളുടെ നിർമ്മാർജ്ജനത്തിനു വേണ്ടി പിതാവിന്റെ തിരുഹിതപ്രകാരം സ്വർഗ്ഗത്തിൽ നിന്ന് ആഗതനായി, കന്യകാമറിയത്തിൽ നിന്നു ജനിച്ചു. ശിഷ്യന്മാരെ പ്രബോധിപ്പിക്കുകയും പിതാവിന്റെ അഭീഷ്ടമനുസരിച്ച് എല്ലാ വ്യാപാരവും പൂർത്തിയാക്കുകയും ചെയ്തു. അവിടുന്നു ക്രൂശിക്കപ്പെട്ടു, മരിച്ചു. പാതാളത്തിലേക്കിറങ്ങി, അവിടെയുള്ള കാര്യങ്ങൾ ശരിപ്പെടുത്തി. അവന്റെ

52. അത്തനാസ്യോസ്, ദെ സിനൊദിസ്, 8.

53. ക്രി. വ. 359.

54. ഹൊമൊയ്ഓൻ (homoion): similar to; like.

www.malankaralibrary.com



ദർശനത്തിൽ പാതാളത്തിലെ കാവൽക്കാർ ഞെട്ടിവിറച്ചു. അവൻ മൂന്നാം ദിവസം മരിച്ചവരിൽ നിന്നുയിർത്ത് ശിഷ്യന്മാരോടുകൂടി വ്യാപരിച്ചു. നാല്പതു ദിവസങ്ങൾക്കുശേഷം സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടു. അവൻ പിതാവിന്റെ വലത്തുഭാഗത്ത് ഉപവിഷ്ടനായിരിക്കുന്നു. ഓരോരുത്തർക്കും അവരുടെ പ്രവൃത്തികളുടെ പ്രതിഫലം നൽകുന്നതിനായി പിതാവിന്റെ മഹത്വത്തിൽ ഉത്ഥാനത്തിന്റെ അവസാന ദിവസത്തിൽ അവിടുന്നു വീണ്ടും വരും.

മനുഷ്യകുലത്തിനു അയച്ചുകൊടുക്കുമെന്നു ദൈവത്തിന്റെ ഏകജാതനായ യേശുക്രിസ്തു തന്നെ വാഗ്ദാനം ചെയ്ത ആശ്വാസദായകനായ പരിശുദ്ധാത്മാവിലും (ഞങ്ങൾ വിശ്വസിക്കുന്നു). ''ഞാൻ എന്റെ പിതാവിന്റെ പക്കലേയ്ക്കു പോകുന്നു. ഞാൻ പിതാവിനോട് ആവശ്യപ്പെടുകയും സത്യത്തിന്റെ ആത്മാവായ മറെറാരു ആശ്വാസദായകനെ അവിടുന്നു നിങ്ങളുടെ പക്കലേയ്ക്ക് അയയ്ക്കുകയും ചെയ്യും. അവൻ എനിക്കുള്ളതിൽ നിന്നെടുത്ത് എല്ലാ കാര്യങ്ങളും നിങ്ങളെ പഠിപ്പിക്കുകയും ഓർമ്മിപ്പിക്കുകയും ചെയ്യും'' എന്നു എഴുതപ്പെട്ടിരിക്കുന്നു.

''സത്ത'' എന്ന പദം നമ്മുടെ പിതാക്കന്മാർ അവരുടെ ഋജുമാനസ്സതയിൽ ഉപയോഗിച്ചിട്ടുള്ളതാണ്. എന്നാൽ സാധാരണ ജനങ്ങൾക്ക് അതു മനസ്സിലാക്കാൻ കഴിവില്ലാത്തതിനാൽ അതുകൊണ്ടു വളരെ ദോഷങ്ങൾ ഉണ്ടായിട്ടുണ്ട്. വി. ലിഖിതങ്ങളിൽ ഒരിടത്തും അങ്ങനെയൊരു പ്രയോഗമില്ല. അതിനാൽ ആ പ്രയോഗം പൂർണ്ണമായും നീക്കുന്നതു് അശാസ്യമാകുന്നു. ഭാവിയിൽ ദൈവത്തെക്കുറിച്ചു പറയുന്നിടത്തു *സത്ത* എന്ന പദം ഒരിക്കലും ഉപയോഗിക്കാൻ പാടില്ല. പിതാവിന്റെയും പുത്രന്റെയും സത്തയെക്കുറിച്ചു വിശുദ്ധ ലിഖിതം ഒരിടത്തും പറയുന്നില്ല. എന്നാൽ വി. ലിഖിതങ്ങൾ പഠിപ്പിക്കുകയും പ്രസ്താവിക്കുകയും ചെയ്യുന്നതനുസരിച്ച് ''പുത്രൻ എല്ലാ കാര്യങ്ങളിലും പിതാവിനു *തുല്യനാണ്*'' എന്നു ഞങ്ങൾ പറയുന്നു. 55

---

55. ഹൊമൊയ്ഓൻ (homoion): Son is like the Father in all things. കോൺസുളേററിന്റെ കാര്യം പറഞ്ഞ് വളരെ കൃത്യമായി തീയതി കുറിച്ച് ആരംഭത്തിൽ തന്നെ പറഞ്ഞിരിക്കുന്നതിനാൽ ''തീയതികുറിച്ച വിശ്വാസപ്രമാണം''(Dated creed) എന്നാണ് ഇതു് അറിയപ്പെടുന്നതു്. അരേത്തൂസായിലെ മർക്കോസാണ് ഇതിന്റെ അവസാനരൂപം എഴുതിയുണ്ടാക്കിയതു്. ''പാതാള

www.malankaralibrary.com



ഈ ലിഖിതം വായിക്കപ്പെട്ട കഴിഞ്ഞപ്പോരം അതിൽ അസംതൃപ്തരായ ആളുകരം എഴുന്നേററു പറഞ്ഞു, ''ഒരു വിശ്വാസ പ്രമാണം ഇല്ലാത്തതുകൊണ്ടല്ല ഞങ്ങരം ഇവിടെ വന്നിട്ടുള്ളത്. ആദ്യം മുതൽ ലഭിച്ചിട്ടുള്ള വിശ്വാസം യാതൊരു മാററവും കൂടാതെ ഞങ്ങരം സൂക്ഷിക്കുന്നു. വിശ്വാസത്തിന്മേൽ എന്തെങ്കിലും നവീകരണം ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ അതു നീക്കം ചെയ്യാനാണ് ഞങ്ങരം വന്നിട്ടുള്ളത്. ഇവിടെ വായിച്ച വിശ്വാസ പ്രമാണത്തിൽ പുതുമയൊന്നുമില്ലെങ്കിൽ നിങ്ങരം ആര്യൻ പാഷണ്ഡതയെ ശപിക്കുക. സഭയുടെ പ്രാചീന കാനോനാ അനുസരിച്ച് എല്ലാ പാഷണ്ഡതകളും ദൈവദൂഷണങ്ങരം ആണല്ലോ. ആരിയൂസിൻെറ ഭക്തിരഹിതമായ തത്വങ്ങരം സഭയിൽ അസ്വാസ്ഥ്യങ്ങരം ഉളവാക്കിയെന്നും അവ ഇന്നും നിലനിൽക്കുന്നു എന്നും ലോകം മുഴുവൻ അറിയുന്നു''.

ഉർസാചിയൂസ്, വാലെൻസ്, ജർമീനിയൂസ്, ഔക്സെൻസ്യൂസ്, ഡെമോഫിലൂസ് ഗായൂസ് എന്നിവരൊന്നും ഈ നിർദ്ദേശം സ്വീകരിക്കാൻ തയാറായില്ല. അതിനാൽ സഭ തന്നെ രണ്ടായി പിളർന്നു എന്നു പറയാം. മുകളിൽ പേരു പറഞ്ഞ മെത്രാന്മാർ റിമിനി സിനഡിൽ വായിക്കപ്പെട്ട വിശ്വാസപ്രമാണത്തെ ഊററമായി അനുകൂലിച്ചു. അതേസമയം മററുള്ളവർ നിഖ്യാവിശ്വാസപ്രമാണത്തെ പിന്താങ്ങി. പുതിയ വിശ്വാസ പ്രമാണത്തിൽ ആദ്യഭാഗത്തു് എഴുതിച്ചേർത്ത കാര്യങ്ങളെ അവർ പരിഹസിക്കുകയും ചെയ്തു.

അത്തനാസ്യോസ് തൻെറ സുഹൃത്തുക്കരംക്ക് എഴുതിയ ഒരു കത്തിൽ ഇങ്ങനെ പറയുന്നു. [56] ''കത്തോലിക്കാ സഭയുടെ വിശുദ്ധിക്ക് ഏതെങ്കിലും തത്വത്തിൻെറ പോരായ്മ ഉണ്ടായിട്ടാണോ വിശ്വാസത്തെ സംബന്ധിച്ച് അവർ പുതുതായി ഒരു ഗവേഷണം നടത്തിയതും വിശ്വാസപ്രഖ്യാപനത്തിൻെറ ആമുഖമായി ഇന്നത്തെ കോൺസൽമാരുടെ കാര്യം പറഞ്ഞതും? ഉർസാചിയൂസ്, വാലെൻസ്, ജർമീനിയൂസ് എന്നിവർ

---

ത്തിലേക്കിറങ്ങി'' എന്ന പ്രയോഗം ആദ്യമായി കാണുന്നതു് ഈ വിശ്വാസപ്രമാണത്തിലാണ്. ഇതിലെ ''ഹോമോയൻ'' ഫോർമുല വിവിധ വിഭാഗക്കാരെ തൃപ്തിപ്പെടുത്തുന്നതിനുള്ള പരിശ്രമമാണ്. ''എല്ലാക്കാര്യങ്ങളിലും തുല്യൻ'' (like in all things); എന്നർത്ഥം. J. N. D. kelly, *Early Christian Creeds*, p. 288-291.

56. ദെ സിനൊദിസ്, 8.

www.malankaralibrary.com



ചെയ്തതു് ക്രിസ്ത്യാനികൾ മുമ്പു ചെയ്തിട്ടില്ലാത്തതാണെന്നു മാത്രമല്ല, അവരുടെ ഇടയിൽ കേട്ടുകേൾവിപോലും ഇല്ലാത്തതാണ്. അവർ അംഗീകരിക്കാൻ തയാറുള്ള ഒരു വിശ്വാസ പ്രമാണം ഉണ്ടാക്കിയിട്ട് അതിൻെറ ആമുഖമായി ആധുനിക കാലത്തെ കോൺസുളേററും മാസവും തീയതിയും എല്ലാം എഴുതിയിരിക്കുന്നു. അവരുടേതു് പ്രാചീനമായ സത്യവിശ്വാസമല്ല എന്നു് എല്ലാവരെയും അറിയിക്കാൻ ഇതുതന്നെ മതിയാകും. ഇപ്പോഴത്തെ ചക്രവത്തിയായ കോൺസ്റ്റാൻസ്യസിൻെറ കീഴിലുണ്ടായ വിശ്വാസസംഹിതയാണതെന്നും വ്യക്തമാകും. എല്ലാ കാര്യങ്ങളും സ്വന്തം പാഷണ്ഡതയ്ക്കനുകൂലമായിട്ടാണ് അവർ എഴുതിയിരിക്കുന്നതു്. നമ്മുടെ കർത്താവിനെക്കുറിച്ചു് എഴുതുകയാണെന്നു ഭാവിക്കുന്ന അവർ മറെറാരു ''നാഥനെ''ക്കുറിച്ചും പ്രസ്താവിക്കുന്നുണ്ടു്. അവരുടെ വിശ്വാസരാഹിത്യത്തെ പ്രോത്സാഹിപ്പിക്കുന്ന കോൺസ്റ്റാൻസ്യസിനെയാണ് അവർ നാഥനെന്നു വിളിക്കുന്നതു്. പുത്രനായ ദൈവം നിത്യനല്ലെന്നു വാദിക്കുന്നവർ അങ്ങനെ നിത്യനായ ഒരു ചക്രവർത്തിയെ സൃഷ്ടിച്ചിരിക്കുന്നു. അങ്ങനെ സ്വന്തം അധാർമ്മികതകൊണ്ടു് അവർ ക്രിസ്തുവിൻെറ ശത്രുക്കളാണെന്നു വ്യക്തമാക്കിയിരിക്കുന്നു.

ഒരുപക്ഷേ വിശുദ്ധ പ്രവാചകന്മാർ അവരുടെ പ്രവചനങ്ങളിൽ സമയം രേഖപ്പെടുത്തിയതു്, കോൺസുളേററിൻെറ പ്രസ്താവത്തിൽ അവർ മുൻപതിവായി സ്വീകരിച്ചിരിക്കാം. അങ്ങനെയൊരവകാശവാദം ഉന്നയിക്കുകയാണെങ്കിൽപ്പോലും വളരെ സ്പഷ്ടമായി തങ്ങളുടെ അജ്ഞത വ്യക്തമാക്കുകയാണ് അവർ ചെയ്യുന്നതു്. പ്രവാചനങ്ങൾ അവയുടെ കാലം രേഖപ്പെടുത്തിയിട്ടുണ്ടെന്നതു ശരിതന്നെ. ഏശയ്യായും ഹോശിയായും ജീവിച്ചിരുന്നതു് ഉസ്സിയാ, ജോത്താം, ആഹാസ്, ഹെസക്കിയാ എന്നിവരുടെ ഭരണകാലങ്ങളിലത്രേ. ജറമിയാ ജോസിയായുടെ കാലത്തു ജീവിച്ചിരുന്നു. എസക്കിയേലും ദാനിയേലും സൈറസ്, ഡേറിയസ് എന്നിവരുടെ കാലത്തും.[57] മററുപ്രവാചകന്മാർ വേറെ ചിലരുടെ ഭരണകാലത്തും. എന്നാൽ ആ പ്രവാചകന്മാരാരും അവരുടെ കാലത്തു് മതത്തിൻെറ അടിസ്ഥാനമിടുകയായിരുന്നില്ല. മതം അവക്കു മുമ്പുതന്നെയുണ്ടായിരുന്നു. ദൈവം ക്രിസ്തുവഴി നമുക്കുവേണ്ടി തയ്യാറാക്കിയ മതം സൃഷ്ടിക്കു മുമ്പുമുതൽ ഉണ്ടായിരുന്നതത്രേ. തങ്ങൾ ഒരു വിശ്വാസം ആരംഭിക്കുകയാണെന്നു പ്രവാചകന്മാരാരും അവ

57. ഏശാ. 1:2; ഹോശിയാ, 1:1; ജറമിയാ, 1:2.

www.malankaralibrary.com


കാശപ്പെട്ടില്ല. അവർ നേരത്തേതന്നെ വിശ്വാസമുള്ളവരായിരുന്നു. തങ്ങളിലൂടെ നൽകപ്പെട്ട വാഗ്ദാനങ്ങളുടെ സമയം മാത്രമാണ് അവർ കുറിച്ചത്. ആ വാഗ്ദാനങ്ങൾ കാണിച്ചതാകട്ടെ പ്രധാനമായും നമ്മുടെ രക്ഷകൻെറ ആഗമനവും ആയിരുന്നു. ഇസ്രായേൽ ജനതയ്ക്കും അന്യജനതകൾക്കും ഭാവിയിൽ ഉണ്ടാകാൻ പോകുന്നതായി പ്രസ്താവിക്കപ്പെട്ട കാര്യങ്ങൾ അതിനോടു ബന്ധപ്പെട്ടവയും കീഴ്പ്പെട്ടവയും മാത്രം. അതിനാൽ പ്രവാചകന്മാർ രേഖപ്പെടുത്തിയ സമയം അവരുടെ വിശ്വാസത്തിൻെറ ആരംഭത്തെ സൂചിപ്പിക്കുന്നില്ല. അവർ ജീവിക്കുകയും പ്രവചിക്കുകയും ചെയ്ത സമയം മാത്രമാണവർ രേഖപ്പെടുത്തിയിട്ടുള്ളത്, എന്നാൽ നമ്മുടെ കാലത്തെ ഈ 'വിശുദ്ധ'ന്മാർ ചരിത്രസംഭവങ്ങൾ രേഖപ്പെടുത്തുകയോ ഭാവിസംഭവങ്ങൾ പ്രവചിക്കുകയോ ചെയ്യുന്നില്ല. 'കത്തോലിക്കാ വിശ്വാസം പ്രസിദ്ധീകരിക്കപ്പെട്ട'എന്നെഴുതിയിട്ട് ഉടൻതന്നെ അവർ മാസവും തീയതിയും സഹിതം കോൺസുളേററ് രേഖപ്പെടുത്തുന്നു. വിശുദ്ധ പ്രവാചകന്മാർ അവരുടെ ലിഖിതങ്ങളുടെയും ശുശ്രൂഷകളുടെയും കാലം രേഖപ്പെടുത്തുന്നതുപോലെ ഇവർ അവരുടെ വിശ്വാസത്തിൻെറ കാലം രേഖപ്പെടുത്തുന്നു. അവർ അവരുടെ വിശ്വാസത്തിൻെറ കാര്യമാണു രേഖപ്പെടുത്തിയതെങ്കിൽ തരക്കേടില്ലായിരുന്നു. – അവരുടെ വിശ്വാസം ആരംഭിച്ചിട്ടേ ഉള്ളല്ലോ –. കത്തോലിക്കാവിശ്വാസത്തെക്കുറിച്ച് അവർ എഴുതിയതാണു തെററ്. ''ഇങ്ങനെ ഞങ്ങൾ വിശ്വസിക്കുന്നു'' എന്നല്ല അവർ എഴുതിയത്; ''കത്തോലിക്കാവിശ്വാസം പ്രസിദ്ധീകരിക്കപ്പെട്ട'' എന്നാണ്. അവരുടെ ഉദ്ദേശ്യത്തിലെ ധിക്കാരം അവരുടെ അജ്ഞത സുവ്യക്തമാക്കുന്നുണ്ട്. അവർ കെട്ടിച്ചമച്ച ഈ രേഖയിലുള്ള പദപ്രയോഗങ്ങളിലെ പുതുമ അവരുടെ വിശ്വാസം ആര്യൻ പാഷണ്ഡതയിൽ നിന്നു ഭിന്നമല്ലെന്നു കാണിക്കുന്നു. ഈ രീതിയിൽ എഴുതുക വഴി ഇങ്ങനെ അവർ വിശ്വസിക്കാൻ ആരംഭിച്ചതെന്നാണെന്നും ആ വിശ്വാസം പ്രസംഗിക്കപ്പെടാൻ അവർ ആഗ്രഹിച്ചതു് എന്നു മുതലാണെന്നും വ്യക്തമാക്കുകയാണ് അവർ ചെയ്തിട്ടുള്ളത്. ''എല്ലാവരും ജനസംഖ്യക്കണക്കിൽ പേരെഴുതിക്കണമെന്നു കല്പന പ്രസിദ്ധീകരിക്കപ്പെട്ടു'' എന്നു ലൂക്കാസുവിശേഷകൻ പറയുന്നു (2: 1). നേരത്തേ നിലവിലില്ലാതിരുന്ന ഒരു കല്പന ഉണ്ടായ കാര്യമാണ് അദ്ദേഹം പറയുന്നത്. ആ കല്പന ഉണ്ടാക്കിയ ആൾതന്നെ അതു പ്രസിദ്ധീകരിച്ചു എന്നും അദ്ദേഹം വ്യക്തമാക്കുന്നു. അതുപോലെ,''വിശ്വാസസംഹിത ഇപ്പോൾ പ്രസിദ്ധീകരിക്കപ്പെട്ടിരിക്കുന്നു'' എന്നു പറയുന്നവർ അവരുടെ പാഷണ്ഡതയുടെ വിശ്വാസങ്ങൾ പുതിയ കണ്ടുപിടുത്തങ്ങളാണെന്നു പ്രഖ്യാപിക്കുകയാണ്.

www.malankaralibrary.com



എന്നാൽ അതിന്ന് 'കത്തോലിക്കാ' എന്ന വിശേഷണം ചേർക്കുക വഴി കത്തഫ്രീജിയരുടെ അതിരുകടന്ന അവകാശവാദത്തെ അവർ അറിയാതെ അനുകരിച്ചിരിക്കുന്നു: ''ക്രിസ്തീയവിശ്വാസം ഞങ്ങൾക്കു വെളിപ്പെടുത്തപ്പെടുകയും ഞങ്ങളിൽനിന്ന് ആരംഭിക്കുകയും ചെയ്തു'' എന്നായിരുന്നല്ലോ അവരുടെ അവകാശവാദം. അവർ മാക്സിമില്ലായെയും മൊണ്ടാനുസിനെയും അംഗീകരിച്ചതുപോലെ ഇക്കൂട്ടർ ക്രിസ്തുവിന്നു പകരം കോൺസ്റ്റാൻസ്യസിനെ കർത്താവായി അംഗീകരിച്ചിരിക്കുന്നു. എന്നാൽ ഇവർ പറയുന്നതുപോലെ വിശ്വാസം ആരംഭിച്ചത് ഇപ്പോഴത്തെ കോൺസുളിന്റെ കാലത്താണെങ്കിൽ നമ്മുടെ സഭാപിതാക്കന്മാരും വാഴ്ത്തപ്പെട്ടവരായ രക്തസാക്ഷികളും എന്തുചെയ്യും? അവരാൽ മതതത്ത്വങ്ങൾ പഠിപ്പിക്കപ്പെടുകയും ഈ കോൺസുളേററിനു മുമ്പു മരിച്ചുപോവുകയും ചെയ്തവർക്കെല്ലാം എന്തു സംഭവിക്കും? അവരെയെല്ലാം വീണ്ടും ജീവിതത്തിലേക്കു കൊണ്ടുവരുകയും പണ്ടു പഠിപ്പിച്ച തത്ത്വങ്ങളെല്ലാം അവരുടെ മനസ്സുകളിൽ നിന്നു മായിച്ചുകളഞ്ഞിട്ട് ഇക്കൂട്ടരുടെ പുതിയ കണ്ടുപിടുത്തങ്ങൾ തത്സ്ഥാനത്തു പ്രതിഷ്ഠിക്കുകയും ചെയ്യുന്നതിനു വല്ല മാർഗ്ഗവുമുണ്ടോ? വ്യാജങ്ങൾ കെട്ടിച്ചമയ്ക്കാൻ മാത്രം കഴിവുള്ള മൂഢന്മാരാണവർ. അവരുടെ വാദങ്ങളാകട്ടെ, അനൗചിത്യവും യുക്തിഭംഗവും നിറഞ്ഞവയും സ്വന്തം പരാജയപ്പെടുത്തുന്ന ആശയങ്ങൾ ഉൾക്കൊള്ളുന്നവയുമാകുന്നു.''

അത്തനാസ്യോസ് ഈവിധമൊക്കെ തന്റെ സുഹൃത്തുക്കൾക്കെഴുതി. ആ ലേഖനം മുഴുവൻ താല്പര്യപൂർവ്വം വായിക്കുന്നവർക്ക് എത്ര ശക്തിയായി അദ്ദേഹം കാര്യങ്ങൾ പ്രതിപാദിച്ചിരിക്കുന്നു എന്നു നേരിട്ടു മനസ്സിലാക്കാൻ കഴിയും. വിസ്താരഭയത്താൽ അതിന്റെ ഒരു ഭാഗം മാത്രമേ ഇവിടെ ഉദ്ധരിച്ചിട്ടുള്ളു.

ആര്യൻ വിശ്വാസസംഹിതയെ ശപിക്കാൻ വിസമ്മതിച്ച വാലെൻസ്, ഉർസാചിയൂസ് ഔക്സെൻസ്യസ്, ജർമീനിയൂസ്, ഗായൂസ്, ഡെമോഫിലുസ് എന്നിവരെ കൗൺസിൽ സ്ഥാനഭ്രഷ്ടരാക്കി. തന്മൂലം അമർഷഭരിതരായിത്തീർന്ന അവർ ഉടൻതന്നെ ചക്രവർത്തിയുടെ പക്കലേയ്ക്കു തിടുക്കത്തിൽ പോയി. സിനഡിൽ അവർ വായിച്ച വിശ്വാസപ്രമാണവും അവർ കൂടെ കൊണ്ടുപോയിരുന്നു. കൗൺസിൽ പിതാക്കന്മാരും അവർക്കു പറയാനുള്ള കാര്യങ്ങൾ ഒരു രേഖയാക്കി പ്രതിനിധികളുടെ കയ്യിൽ കൊടുത്ത് ചക്രവർത്തിയുടെ പക്കലേയ്ക്ക് അയച്ചു.[58]

58. അത്തനാസ്യോസ്, ദെ സീനൊദിസ്, 8.

www.malankaralibrary.com



ലത്തീനിൽനിന്ന് ഗ്രീക്കിലേക്ക വിവർത്തനം ചെയ്ത ആ രേഖ താഴെ കൊടുക്കുന്നു.

## റിമിനി സിനഡ് കോൺസ്ററാൻസ്യൂസ് ചക്രവർത്തിക്കയച്ച കത്ത്

ദൈവനിശ്ചയവും ഭക്തനായ അങ്ങയുടെ ആജ്ഞയുമനുസരിച്ചാണ് ഇതിനുമുമ്പ് പ്രസിദ്ധീകൃതമായ ഡിക്രികൾ നടപ്പിലാക്കപ്പെട്ടതെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. അതനുസരിച്ച് പാശ്ചാത്യമെത്രാൻമാരായ ഞങ്ങൾ ഞങ്ങളുടെ വിവിധ ഡിസ്ട്രിക്റ്റുകളിൽനിന്ന് റിമിനിയിൽ എത്തിച്ചേർന്നു. കത്തോലിക്കാസഭയുടെ വിശ്വാസം വ്യക്തമാക്കാനും വിപരീതാഭിപ്രായങ്ങൾ വച്ചുപുലർത്തുന്നവരെ കണ്ടുപിടിക്കാനും വേണ്ടിയാണ് ഞങ്ങൾ സമ്മേളിച്ചത്. എല്ലാകാര്യങ്ങളും പരിഗണനാപൂർവ്വം വിലയിരുത്തിക്കഴിഞ്ഞപ്പോൾ പ്രാചീനമായ സത്യവിശ്വാസത്തിൽത്തന്നെ ഉറച്ചു നില്ക്കണം എന്ന തീരുമാനത്തിൽ ഞങ്ങൾ എത്തിച്ചേർന്നു. പ്രവാചകന്മാരും സുവിശേഷങ്ങളും അപ്പസ്തോലന്മാരും നമ്മുടെ കർത്താവായ യേശുക്രിസ്തുവിലൂടെ വെളിപ്പെടുത്തിയ വിശ്വാസമാണത്. ആ വിശ്വാസം അങ്ങയുടെ സാമ്രാജ്യത്തിൻെറ കാവൽക്കാരനും അങ്ങയുടെ തന്നെ സംരക്ഷകനുമാകുന്നു. ആ വിശ്വാസംതന്നെയാണ് ഞങ്ങൾ എന്നും അവലംബിച്ചിട്ടുള്ളതും. വിശിഷ്ടസ്മരണാർഹനും ഭക്താഗ്രേസരനായ അങ്ങയുടെ പിതാവുമായ കോൺസ്റ്റൻറയിൻ ചക്രവർത്തിയോടൊപ്പം നിഖ്യാസൂനഹദോസിൽ പങ്കെടുത്ത പിതാക്കന്മാർ യുക്തവും സാധുവുമായ വിധത്തിൽ അംഗീകരിച്ചു സ്ഥിരപ്പെടുത്തിയ തത്ത്വങ്ങളിൽ ഏതിനെയെങ്കിലും അംഗഭംഗപ്പെടുത്തുന്നത് അനുചിതവും വിശ്വാസവിരുദ്ധവുമായിരിക്കുമെന്നു ഞങ്ങൾ മനസ്സിലാക്കി. ആ തത്ത്വങ്ങളും അഭിപ്രായങ്ങളും ജനഹൃദയങ്ങളിൽ പ്രചരിക്കുകയും പ്രസംഗങ്ങൾവഴി അനേകരുടെ ശ്രവണങ്ങളിൽ പതിക്കുകയും ആര്യൻ പാഷണ്ഡതയ്ക്കു മാരകമായി അനുഭവപ്പെടുകയും ചെയ്തിട്ടുണ്ട്. ആര്യൻ പാഷണ്ഡത മാത്രമല്ല, മററെല്ലാ പാഷണ്ഡതകളും അതിനാൽ അമർത്തപ്പെട്ടു അതുകൊണ്ട് ആ തത്ത്വസംഹിതയിൽനിന്ന് എന്തെങ്കിലും എടുത്തുമാററുകയോ അതിനോട് എന്തെങ്കിലും കൂട്ടിച്ചേർക്കുകയോ ചെയ്യുന്നത് ആപല്ക്കരമായിരിക്കും. നാം അങ്ങനെ എന്തെങ്കിലും ചെയ്താൽ ശത്രുക്കൾ അവർക്കിഷ്ടമുള്ളതെന്തും ചെയ്യാൻ ധൈര്യപ്പെടും.

ആര്യൻ വിശ്വാസങ്ങൾ വച്ചുപുലർത്തുന്നവർ എന്നു സംശയിക്കപ്പെട്ട ഉർസാചിയുസ്, വാലെൻസ് എന്നിവർ സഭൈക്യ

www.malankaralibrary.com



ത്തിൽനിന്ന് അകററി നിർത്തപ്പെട്ടിരുന്നു. സഭൈക്യത്തിലേയ്ക്കു വീണ്ടും സ്വീകരിക്കപ്പെടാൻ ആഗ്രഹിച്ച അവർ വിശദീകരണം സമർപ്പിക്കുകയും തങ്ങളുടെ തെററുകളെപ്പററി പശ്ചാത്തപിക്കുന്നതായി രേഖപ്പെടുത്തി ത്തരികയും ചെയ്തു. അതിനാൽ അവർക്കു പൂർണ്ണമായ മാപ്പും കുററമോചനവും നൽകപ്പെട്ടു. മിലാനിൽ കൗൺസിൽ സമ്മേളിച്ചുകൊണ്ടിരുന്ന സമയത്താണ് ഇക്കാര്യങ്ങളെല്ലാം സംഭവിച്ചതു്. റോമാസഭയിലെ വൈദികരും അപ്പോൾ അവിടെ സന്നിഹിതരായിരുന്നു.

മറെറാരു കാര്യംകൂടെ ഞങ്ങളുടെ പരിഗണനയിലുണ്ടായിരുന്നു. മരണശേഷവും സാദരപരാമർശം അർഹിക്കുന്ന കോൺസ്റ്റൻറയിൻ വിശ്വാസസത്യങ്ങളെ സൂക്ഷ്മമായി വിശദീകരിക്കാൻ സഹായിച്ചു. ജ്ഞാനസ്നാനം സ്വീകരിച്ചശേഷം നിര്യാതനായ അദ്ദേഹം തനിക്കു് പ്രതിസമ്മാനമായി അർഹതയുള്ള നിത്യശാന്തിയിൽ എത്തിച്ചേർന്നുവെങ്കിലും അദ്ദേഹവും കൂടെ സഹകരിച്ചു രൂപം കൊടുത്ത ആശയങ്ങൾ മാററിമറിക്കുന്നതു് അനുചിതമാണല്ലോ. പ്രസ്തുത വിശ്വാസസംഹിതയുടെ ക്രോഡീകരണത്തിൽ അനവധി വിശ്വാസസാക്ഷികളും രക്തസാക്ഷികളും പങ്കുവഹിച്ചിട്ടുള്ളതുമാണ്. കത്തോലിക്കാസഭയുടെ പ്രാചീനമായ ആ വിശ്വാസസംഹിതയിൽ നിലനിൽക്കാൻ അവരെല്ലാവരും ആത്മാർത്ഥമായി പരിശ്രമിച്ചു. അവരുടെ വിശ്വാസത്തെ നമ്മുടെ കർത്താവായ യേശുക്രിസ്തുവഴിയായി അങ്ങയുടെ ഈ ഭരണകാലം വരെ ദൈവം നിലനിർത്തി. ആ നമ്മുടെ കർത്താവിൻെറ അനുഗ്രഹം മൂലം അങ്ങേയ്ക്കു സ്വന്തം രാജ്യസീമ വർദ്ധിപ്പിക്കാനും ലോകത്തിൻെറ ഒരു ഭാഗത്തെ സ്വന്തം അധികാരത്തിൻ കീഴിലാക്കാനും കഴിഞ്ഞു.

എങ്കിലും മതിമോഹം സംഭവിച്ച ഈ കൊള്ളരുതാത്ത മനുഷ്യർ അബദ്ധസിദ്ധാന്തങ്ങളുടെ പ്രചാരകരായി സ്വയം പ്രഖ്യാപിക്കുന്നതിനുള്ള ധാർഷ്ട്യം കാണിച്ചിരിക്കുന്നു. സഭയുടെ നിയമസംഹിതയ്ക്കു തന്നെ തുരങ്കം വയ്ക്കാൻ അവർ ശ്രമിച്ചു. ഭക്തിപൂർണ്ണനായ അങ്ങു് വിശ്വാസ വിഷയങ്ങളുടെ പരിശോധനയ്ക്കായി സമ്മേളിക്കാൻ ഞങ്ങളോടാജ്ഞാപിച്ചപ്പോൾ അവർ തങ്ങളുടെ വഞ്ചനാപരമായ ദുരുദ്ദേശ്യങ്ങൾ മറനീക്കി പ്രദർശിപ്പിച്ചു. വിശ്വാസസംഹിതയിൽ ചില മാററം മറിച്ചിലുകൾ വരുത്തിത്തീർക്കാൻ അവർ തന്ത്രപൂർവ്വം പരിശ്രമിച്ചു നോക്കി. ജർമ്മീനിയൂസും ഔക്സെൻസ്യൂസും ഗായൂസും ഇക്കാര്യത്തിൽ അവർക്കു സഹായികളായിട്ടുണ്ടായിരുന്നു. അവർ സഭയിൽ നിരന്തരം ഭിന്നതകളും സംഘർഷങ്ങളും ഉളവാക്കുന്നവരാണ്. അവരുടെ വിലക്ഷണമായ അദ്ധ്യാപനം എല്ലാ ദൈവ

www.malankaralibrary.com



ദൂഷണങ്ങളെയും അതിശയിക്കുന്നു. വിശ്വാസസത്യങ്ങളെക്കുറിച്ച് ഞങ്ങൾ അവരുടെ അഭിപ്രായങ്ങളോട് ഒട്ടും പൊരുത്തപ്പെടുന്നില്ല എന്നു കണ്ടപ്പോൾ കൗൺസിലിൽവച്ച് അവർ അടവൊന്നു മാററി. വിശ്വാസസംഹിതയുടെ പുതിയൊരു പ്രഖ്യാപനം വേണമെന്നായി അവരുടെ വാദം. അവരുടെ അഭിപ്രായങ്ങൾ തെററാണെന്നു മനസ്സിലാക്കാൻ അവർക്കു അധികസമയം വേണ്ടിവന്നില്ല.

സഭയുടെ കാര്യങ്ങൾ ഇങ്ങനെ നിരന്തരം കുഴപ്പങ്ങളിലേക്കു വലിച്ചിഴക്കപ്പെടരുതല്ലോ. കലഹങ്ങളും ഭിന്നതകളും നിരന്തരം തലപൊക്കുകയും ചിന്താക്കുഴപ്പങ്ങൾ സൃഷ്ടിക്കുകയും ചെയ്യാനും പാടില്ല. നേരത്തേതന്നെ സുനിശ്ചിതമായി അംഗീകരിച്ചിട്ടുള്ള തത്ത്വങ്ങൾ മാററം കൂടാതെ അനുവർത്തിച്ചു പോവുകയാണ് അതിനെല്ലാം ഉത്തമമാർഗ്ഗമായിട്ടുള്ളത്. മുകളിൽ പറഞ്ഞയാളുകളെ സഭൈക്യത്തിൽനിന്ന് അകററിനിർത്തുന്നതും ആവശ്യമാണെന്നു തോന്നി. ഈ കാര്യങ്ങൾക്കുവേണ്ടി കാരുണ്യവാനായ അങ്ങയുടെ സന്നിധിയിലേക്ക് ഏതാനും പ്രതിനിധികളെ ഞങ്ങൾ അയയ്ക്കുകയാണ്. കൗൺസിലിന്റെ അഭിപ്രായങ്ങൾ അവർ അങ്ങേയ്ക്കു വിശദീകരിച്ചുതരും. പ്രാചീനവും സാധുവുമായ തീരുമാനങ്ങളെ ആശ്രയിച്ചുകൊണ്ട് യഥാർത്ഥ സത്യങ്ങളെക്കുറിച്ച് അങ്ങേയ്ക്കു ബോദ്ധ്യം വരുത്തുക എന്ന ചുമതലയാണ് ഏററവും പ്രധാനമായി ഈ പ്രതിനിധികളെ ഞങ്ങൾ ഏല്പിച്ചിട്ടുള്ളത്. സത്യമായ തത്ത്വങ്ങളുടെ ചില ഭാഗങ്ങൾ മാററിമറിക്കണമെന്ന് ഉർസാചിയുസും വാലെൻസും ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്ന കാലത്തോളം സമാധാനം സ്ഥാപിതമാവുകയില്ലെന്ന് അവർ അങ്ങയെ ബോദ്ധ്യപ്പെടുത്തും. സമാധാനം നശിപ്പിക്കുന്നവർക്ക് എങ്ങനെ സമാധാനപ്പെട്ടിരിക്കാൻ കഴിയും? ഇത്തരം സാഹചര്യങ്ങൾമൂലം മററു നഗരങ്ങളിലെന്നപോലെ റോമിലും സഭയ്ക്കുള്ളിൽ കലഹങ്ങളും ഭിന്നതകളും ഉണ്ടായിക്കൊണ്ടിരിക്കും. അതിനാൽ ഞങ്ങളുടെ പ്രതിനിധികളെ ദയാപൂർവ്വം സ്വീകരിക്കണമെന്നും അവരുടെ വാക്കുകൾ അനുഭാവപൂർവ്വം ശ്രവിക്കണമെന്നും കാരുണ്യവാനായ അങ്ങയോടു ഞങ്ങൾ അഭ്യർത്ഥിക്കുന്നു. മരിച്ചുപോയ പൂർവ്വികന്മാരെ അധിക്ഷേപിക്കുന്ന വിധത്തിൽ പൂർവ്വികമായ തത്ത്വങ്ങൾ മാററിമറിക്കരുതെന്നും, അവർ നിർവ്വചിക്കുകയും നിയമമാക്കുകയും ചെയ്ത കാര്യങ്ങൾ അനുസരിച്ചു തുടർന്നും ജീവിക്കാൻ ഞങ്ങളെ അനുവദിക്കണമെന്നും ഞങ്ങൾ അപേക്ഷിക്കുന്നു. നമ്മുടെ ആ പൂർവ്വികന്മാർ സൂക്ഷ്മബുദ്ധിയോടും വിവേകത്തോടും പരിശുദ്ധാത്മാവിനോടുംകൂടി പ്രവർത്തിച്ച

www.malankaralibrary.com



വരത്രേ. പാഷണ്ഡതക്കാർ ഇന്നു നടപ്പിലാക്കാൻ ശ്രമിക്കുന്ന നവീകരണങ്ങൾ വിശ്വാസികളിൽ അവിശ്വാസവും അവിശ്വാസികളിൽ ക്രൂരതയും വളർത്തും.

ഒരു കാര്യംകൂടെ ഞങ്ങൾക്ക് അങ്ങയോട് അഭ്യർത്ഥിക്കാനുണ്ട്. പ്രായാധിക്യത്തിന്റെ അവശതകളും സാമ്പത്തികമായ പരിമിതികളും അനുഭവിക്കുന്നവരും അന്യനാടുകളിൽ പാർക്കുന്നവരുമായ മെത്രാന്മാർക്ക് വിളംബം കൂടാതെ സ്വന്തം സ്ഥലങ്ങളിൽ ചെന്നെത്താനുള്ള സഹായങ്ങൾ ചെയ്തുകൊടുക്കണം. സഭകൾ ദീർഘകാലം അവരുടെ മെത്രാന്മാരെ കൂടാതെ കഴിയാൻ ഇടവരുത്തരുതല്ലോ. മറ്റൊരു കാര്യം ഞങ്ങൾ അപേക്ഷിക്കുന്നതു്, ഭക്തനായ അങ്ങയുടെ പിതാവിന്റെ കാലംമുതൽ ഇന്നുവരെ നിലനിന്നു വരുന്ന വിശ്വാസസത്യങ്ങളിൽ കൂട്ടിച്ചേർക്കലുകളോ നീക്കിക്കളയലുകളോ ഒന്നും വരാൻ അനുവദിക്കരുതെന്നാണ്. അവ അഭംഗുരമായി തുടർന്നു നിലനിൽക്കാൻ അനുവദിക്കണം. ഞങ്ങൾ കൂടുതൽ കഷ്ടതകളും ക്ലേശങ്ങളും അനുഭവിക്കാനും ഞങ്ങളുടെ രൂപതകളിൽനിന്ന് ഇനിയും അധികം കാലം അകന്നിരിക്കാനും ഇടവരുത്തരുതു്. ഞങ്ങൾ ഞങ്ങളുടെ ജനങ്ങളോടു ചേർന്ന് ദൈവത്തിനു കൃതജ്ഞതയും പ്രാർത്ഥനകളും അർപ്പിക്കട്ടെ. അങ്ങയുടെ സുരക്ഷിതത്വത്തിനും ഭരണത്തിന്റെ തുടർച്ചയ്ക്കുംവേണ്ടി ഞങ്ങൾ പ്രാർത്ഥിക്കും. ആ അനുഗ്രഹങ്ങൾ ദൈവം അങ്ങേയ്ക്കു ദീർഘകാലം നൽകട്ടെ. ഞങ്ങളുടെ പ്രതിനിധികൾ മെത്രാന്മാരുടെ കയ്യൊപ്പുകളും അഭിവാദനങ്ങളും അങ്ങേയ്ക്കു സമർപ്പിക്കും. ഭക്തനായ അങ്ങേയ്ക്കു് വി. ലിഖിതങ്ങളിൽനിന്ന് അവർ വേണ്ട പ്രബോധനങ്ങൾ നൽകും.''

കൗൺസിൽ, തെരഞ്ഞെടുക്കപ്പെട്ട മെത്രാന്മാരെ പ്രതിനിധികളാക്കി ഈ കത്തും കൊടുത്തു് ചക്രവർത്തിയുടെ പക്കലേയ്ക്കു് അയച്ചു. എന്നാൽ ഉർസാചിയൂസിന്റെയും വാലെൻസിന്റെയും പക്ഷക്കാർ അവരെക്കാൾ മുമ്പു ചക്രവർത്തിയുടെ പക്കൽ എത്തി, കൗൺസിലിനെക്കുറിച്ച് അപവാദങ്ങൾ പറഞ്ഞു ചക്രവർത്തിയെ വിശ്വസിപ്പിക്കാൻ പരമാവധി പരിശ്രമിച്ചു. അവർ കൊണ്ടുവന്ന വിശ്വാസപ്രമാണം ചക്രവർത്തിയെ പരിചയപ്പെടുത്താനും അവർ ശ്രമിച്ചു. കോൺസ്റ്റാൻസ്യൂസ് നേരത്തെതന്നെ ആര്യൻ പക്ഷപാതി ആയിരുന്നല്ലോ. ഈ പ്രചാരണങ്ങൾ കൂടെയായപ്പോൾ അയാളുടെ മനസ്സിൽ സിനഡിനെക്കുറിച്ചു കടുത്ത അമർഷം നിറഞ്ഞു. വാലെൻസിനും ഉർസാചിയൂസിനും അവരുടെ സുഹൃത്തുക്കൾക്കും അയാളിൽനിന്നു വളരെ സ്നേഹാദരങ്ങൾ ലഭിച്ചു. കൗൺസിലിന്റെ

www.malankaralibrary.com



പ്രതിനിധികളായി വന്നവർക്ക് ചക്രവർത്തിയിൽനിന്നു് ഒരു മറുപടിയും ലഭിക്കാതെ വളരെനാരം കാത്തുകിടക്കേണ്ടി വന്നു. ഏതായാലും ഒടുവിൽ അയാരം ഇങ്ങനെയൊരു മറുപടി നല്കി.

''കോൺസ്റ്റാൻസ്യൂസ് വിക്ടറും ട്രയംഫാത്തോർ അഗസ്റ്റസും റിമിനിയിൽ സമ്മേളിച്ച മെത്രാന്മാർക്കു് എഴുതുന്നത്: ബഹുമാന്യമായ ദൈവികനിയമത്തിനു് ഞാൻ സവിശേഷമായ ബഹുമാനം നൽകാറുണ്ടെന്ന വിവരം നിങ്ങളും അറിയാത്തതല്ലല്ലോ. എങ്കിലും നിങ്ങരം പ്രതിനിധികളായി അയച്ച ഇരുപതു മെത്രാന്മാർക്കു് ഇതുവരെ ഒരു അഭിമുഖദർശനത്തിനവസരം നൽകാൻ എനിക്കു സാധിച്ചില്ല. കാട്ടുജാതിക്കാർക്കെതിരായ ഒരു പടനീക്കം വേണ്ടിവന്നതു കൊണ്ടാണു് ഇപ്രകാരം സംഭവിച്ചതു്. ഉത്ക്കണ്ഠാവിമുക്തമായ ഒരു മനസ്സുമായി വേണം ദൈവികകാര്യങ്ങളെ സമീപിക്കാൻ എന്നു് നിങ്ങളും സമ്മതിക്കുമല്ലോ. അതിനാൽ ഞാൻ അഡ്രിയാനോപ്പിളിൽ തിരിച്ചെത്തുന്നതുവരെ കാത്തിരിക്കാൻ ഞാൻ ഈ മെത്രാന്മാരോടു് ആവശ്യപ്പെട്ടിരിക്കുന്നു. രാജ്യസംബന്ധമായ പ്രശ്നങ്ങരം വേണ്ടവിധം പരിഹരിച്ചു കഴിഞ്ഞതിനുശേഷം അവർ പറയുന്ന കാര്യങ്ങരം ശ്രദ്ധിച്ചു മനസ്സിലാക്കാനും വിലയിരുത്താനും എനിക്കു കഴിയും. അവർ തിരിച്ചെത്തുന്നതുവരെ കാത്തിരിക്കുന്നതു വലിയൊരു ബുദ്ധിമുട്ടായി നിങ്ങരം കരുതരുതു്. എന്റെ തീരുമാനം എന്താണെന്നു് അവർ അറിയിച്ചുകഴിയുമ്പോരം കത്തോലിക്കാ സഭയുടെ ഭാവിനന്മയ്ക്കുവേണ്ടിയുള്ള നടപടികളിൽ ഏർപ്പെടാൻ നിങ്ങരംക്കു കഴിയുമല്ലോ.''

ചക്രവർത്തിയുടെ ഈ കത്തിനു മറുപടിയായി മെത്രാന്മാർ ഇങ്ങനെ എഴുതി.[59]

'ദൈവത്തിനു് ഏറ്റവും പ്രിയപ്പെട്ടവനും പരമാധികാരിയുമായ പ്രഭോ, അങ്ങയുടെ കത്തു ഞങ്ങരംക്കു കിട്ടി. രാഷ്ട്രത്തിന്റേതായ അടിയന്തിരാവശ്യങ്ങരം ശ്രദ്ധിക്കേണ്ടിയിരുന്നതു കൊണ്ടു് ഞങ്ങളുടെ പ്രതിനിധികളുമായി പ്രശ്നങ്ങരം ചർച്ച ചെയ്യാൻ അങ്ങേയ്ക്കു സമയം കിട്ടിയില്ലെന്നും. അവർ അങ്ങയെ കാര്യങ്ങളെല്ലാം ഗ്രഹിപ്പിച്ചതിനുശേഷം തിരിച്ചുവരുന്നതുവരെ ഞങ്ങരം പിരിഞ്ഞുപോകരുതെന്നും അതിൽ അറിയിച്ചിട്ടുണ്ടു്. എന്നാൽ ഞങ്ങരംക്കു് ഞങ്ങളുടെ ആദ്യത്തെ തീരുമാനത്തിൽ നിന്നു യാതൊരു കാരണവശാലും വ്യതിചലിക്കാൻ നിവൃത്തി

59. തിയഡൊറെറ്റ്, സഭാചരിത്രം, 2:20.

www.malankaralibrary.com



യില്ലെന്നുള്ള വിവരം ഈ കത്തുവഴി നിവേദനം ചെയ്യുകയാണ്. അതിനാൽ ഞങ്ങളുടെ ഈ കത്ത് സദയം വായിച്ചു കേറംക്കണെമെന്നും ഞങ്ങളുടെ പ്രതിനിധികളെ ഞങ്ങരം ഏല്പിച്ചു വിട്ടിട്ടുള്ളനിവേദനങ്ങരംക്കു ചെവികൊടുക്കണമെന്നും ഞങ്ങരം അഭ്യത്ഥിക്കുന്നു.

അങ്ങയുടെ ഈ അനുഗ്രഹീത കാലഘട്ടത്തിൽ അനേകം സഭകരം അവയുടെ മെത്രാന്മാരിൽനിന്ന് വേർപെട്ടു കഴിയുന്നതു മൂലം ഉളവായിട്ടുള്ള ദുഃഖവും വിഷമവും എത്ര വലുതെന്ന് ശാന്തസ്വഭാവനായ അങ്ങേയ്ക്കു മനസ്സിലാകുന്നതാണല്ലോ. അതിനാൽ ദൈവത്തിന് ഏററം പ്രിയപ്പെട്ടവനും പരമാധികാരിയായ ഭരണാധിപനും കാരുണ്യവാനുമായ അങ്ങയോട്, അങ്ങേയ്ക്കു് അഹിതമല്ലെങ്കിൽ, ഞങ്ങരംക്ക് ഞങ്ങളുടെ സഭകളിലേയ്ക്കു തിരച്ചുപോകാൻ അനുവാദം തരണമെന്നു ഞങ്ങരം അപേക്ഷിക്കുന്നു. തണുപ്പുകാലം ശക്തിപ്പെടും മുമ്പു തിരിച്ചു പോകണമെന്നാണു ഞങ്ങളുടെ ആഗ്രഹം. ഞങ്ങളുടെ ജനങ്ങളോടൊത്തു ചേന്ന് സർവ്വശക്തനായ ദൈവത്തോടും അവിടുത്തെ ഏകജാതനും നമ്മുടെ കത്താവും രക്ഷകനുമായ യേശുക്രിസ്തുവിനോടും അങ്ങയുടെ ഭരണത്തിന്റെ ക്ഷേമത്തിനുവേണ്ടി പ്രാത്ഥിക്കാൻ അപ്പോരം ഞങ്ങരംക്കു കഴിയുമല്ലോ. അങ്ങേയ്ക്കു വേണ്ടി ഞങ്ങരം എന്നും പ്രാത്ഥിച്ചിട്ടുണ്ട്. ഇപ്പോഴും പ്രാത്ഥിക്കുന്നുമുണ്ട്.''

ഈ കത്തയച്ചതിനുശേഷം കുറെക്കാലംകൂടെ മെത്രാന്മാർ കാത്തിരുന്നു. ചക്രവർത്തിയിൽ നിന്ന് മറുപടിയൊന്നും ലഭിക്കാതെ വന്നപ്പോരം അവർ അവരുടെ രൂപതകളിലേയ്ക്കു പോകുകയും ചെയ്തു. എല്ലാ സഭകളിലും ആര്യൻ വിശ്വാസം പ്രചരിപ്പിക്കുവാൻ ആഗ്രഹിച്ചിരിക്കുകയായിരുന്നു ചക്രവത്തി. അതിനു മേൽക്കോയ്മ നൽകാൻ അയാരം തത്രപ്പെട്ടു. മെത്രാന്മാർ പിരിഞ്ഞുപോയതു് തന്നോടുള്ള അവഹേളനമാണെന്ന് അയാരം വരുത്തിത്തീർത്തു. തന്റെ അനുവാദംകൂടാതെ കൗൺസിൽ പിരിച്ചുവിട്ടതു തന്നെ അനാദരിക്കലാണെന്ന് അയാരം വ്യാഖ്യാനിച്ചു. അതിനാൽ സഭകളിൽ തങ്ങരംക്ക് ഇഷ്ടമുള്ള തരത്തിൽ എന്തും പ്രവർത്തിക്കാൻ ഉർസാചിയുസിന്റെ അനുയായികരംക്ക് അയാരം അനുമതി നൽകി. റിമിനി സിനഡിൽ വായിക്കപ്പെട്ട പരിഷ്ക്കരിച്ച വിശ്വാസപ്രമാണത്തിന്റെ പകർപ്പുകരം ഇററലിയിലെ സകല പള്ളികളിലേയ്ക്കും അയച്ചു കൊടുക്കാൻ അയാരം നിർദ്ദേശം നൽകി. ആ വിശ്വാസ പ്രമാണം അംഗീകരിക്കാത്ത സകല മെത്രാന്മാരെയും സ്ഥാനഭ്രഷ്ടരാക്കാനും പകരം വേറെയാളുകളെ മെത്രാന്മാരാക്കാനും

www.malankaralibrary.com



അയാറം കല്പന നൽകി.[60] ഇപ്രകാരം ആദ്യമായി നാടുകടത്തപ്പെട്ടതു് റോമിലെ മെത്രാനായ ലിബേരിയസ് ആയിരുന്നു. ഉർസാചിയൂസ് പക്ഷക്കാർ ഫെലിക്സ് എന്നയാളിനെ ആ സ്ഥാനത്തു നിയമിച്ചു. ഫേലിക്സ് റോമൻ സഭയിലെ ഒരു ഡീക്കനായിരുന്നു. ആര്യൻ പാഷണ്ഡത സ്വീകരിച്ചതുകൊണ്ടു് അയാറം മെത്രാനായി ഉയർത്തപ്പെട്ടു. അയാറംക്കു് അങ്ങനെ ആര്യൻ മെത്രാനാകാൻ താല്പര്യമില്ലായിരുന്നുവെന്നും ആര്യൻ പക്ഷക്കാർ ബലം പ്രയോഗിച്ചു മെത്രാനാക്കിയതാണെന്നും പറയുന്നവരുണ്ടു്. ഈ സംഭവത്തെ തുടർന്നു് പാശ്ചാത്യദേശം മുഴുവൻ കലഹങ്ങളും പ്രക്ഷോഭണങ്ങളും പടർന്നു പിടിച്ചു.

ചക്രവർത്തിയുടെ കല്പന അനുസരിച്ചു് പല സ്ഥലങ്ങളിലും മെത്രാന്മാരെ നാടുകടത്തുകയും മററാളുകളെ പകരം പ്രതിഷ്ഠിക്കുകയും ചെയ്തു. ഇതേ നടപടി പൗരസ്ത്യദേശങ്ങളിലും ആവർത്തിക്കപ്പെട്ടു. വളരെ താമസിയാതെ റോമിലെ മെത്രാസനത്തിൽ ലിബേരിയസിനെ പുന:പ്രതിഷ്ഠിക്കേണ്ടി വന്നു. റോമിലെ ജനങ്ങറം സംഘടിച്ചു കലാപമുണ്ടാക്കുകയും ഫേലിക്സിനെ സഭയിൽനിന്നു ബഹിഷ്കരിക്കുകയും ചെയ്തതുകൊണ്ടു് ചക്രവർത്തി വളരെ വൈമനസ്യത്തോടെ ഈ നടപടിക്കു സന്നദ്ധനാവുകയാണുണ്ടായതു്. തുടർന്നു് ഉർസാചിയൂസിൻെറ കൂട്ടർ ഇററലി വിട്ടുപോയി. കിഴക്കൻ പ്രദേശങ്ങളിലൂടെ സഞ്ചരിച്ചു അവർ ത്രേസിലുള്ള നിക്കേയിൽ[61] എത്തി. അവിടെ കുറച്ചുനാറം താമസിക്കുകയും അവിടെവച്ചു് ഒരു സിനഡ് നടത്തുകയും ചെയ്തു. റിമിനിയിൽ വായിക്കപ്പെട്ട വിശ്വാസപ്രമാണം അവിടെ വച്ചു് ഗ്രീക്കിലേയ്ക്കു തർജ്ജമ ചെയ്തു് പുതുതായി സ്ഥിരീകരിക്കുകയും പ്രസിദ്ധീകരിക്കുകയും ചെയ്തു. ആ സൂനഹദോസിനു് അവർ പൊതുസൂനഹദോസ് എന്ന പേരു കൊടുത്തു. വാക്കുകളുടെ സാമ്യത്താൽ സാധാരണ ജനങ്ങളെ കബളിപ്പിക്കാനുള്ള ഒരു ശ്രമമായിരുന്നു അതു്. ത്രേസിലെ നിക്കേയിൽ വച്ചു് അവരുണ്ടാക്കിയ വിശ്വാസപ്രമാണം ബിത്തീനിയായിലെ നിഖ്യായിൽ വച്ചു രൂപം കൊടുത്തതാണെന്നു പ്രചരിപ്പിക്കാനുള്ള ശ്രമമായിരുന്നതു്. എന്നാൽ ഇതു് അവക്കു പ്രയോജനം ചെയ്തില്ല. ഈ തന്ത്രം ആളുകറം വേഗം മനസ്സിലാക്കുകയും പ്രയോക്താക്കറം പരിഹാസ്യരായിത്തീരുകയും ചെയ്തു.

പടിഞ്ഞാറു നടന്ന കാര്യങ്ങളെപ്പററിയാണല്ലോ ഇതുവരെ പറഞ്ഞതു്. കിഴക്കു നടന്ന കാര്യങ്ങളെപ്പററി ഇനി അല്പം വിശദമായി പ്രതിപാദിക്കാം.

---

60. അതേകൃതി, 2:16.
61. Nike; J.N.D. Kelly, *op.cit.* p.291–2.

www.malankaralibrary.com



## അധ്യായം 38

# മാസിഡോണിയസിൻെറ ക്രൂരതകൾ

ചക്രവർത്തി തങ്ങൾക്കനുകൂലമായി പുറപ്പെടുവിച്ച കല്പനകൾ മൂലം ആര്യൻ പക്ഷക്കാർ കൂടുതൽ തൻേറടത്തോടെ പ്രവർത്തിച്ചു തുടങ്ങി. അവർ ഒരു സിനഡ് സംഘടിപ്പിക്കാൻ ശ്രമിച്ചതിനെക്കുറിച്ചു ഞാൻ പിന്നീടു പ്രതിപാദിക്കുന്നതാണ്. അതിനുമുമ്പായി അവർ ചെയ്ത ചില കാര്യങ്ങൾ ഇപ്പോൾ ഇവിടെ രേഖപ്പെടുത്താം. അകാചിയൂസ്, പത്രോഫീലൂസ് എന്നിവർ ചേർന്ന് ജറുസലേം മെത്രാനായ മാക്സിമൂസിനെ സ്ഥാനത്തുനിന്നു നീക്കിയശേഷം സിറിലിനെ ആ സ്ഥാനത്ത് അവരോധിച്ചു. കോൺസ്ററാൻറിനോപ്പിളിനു സമീപമുള്ള സകല സ്ഥലങ്ങളിലെയും സഭയുടെ കാര്യങ്ങൾ മാസിഡോണിയസ് മാററി മറിച്ചു. തൻെറ ഗൂഢാലോചനകളിൽ ആത്മാർത്ഥമായി സഹകരിച്ചവരെയെല്ലാം അയാൾ സഭാധികാര സ്ഥാനങ്ങളിൽ പ്രതിഷ്ഠിച്ചു. എലെവുസിയൂസിനെ സിസിക്കൂസിലെയും മാരത്തോണിയൂസിനെ നിക്കൊമേദിയായിലെയും മെത്രാന്മാരായി വാഴിച്ചു. മാരത്തോണിയൂസ് മാസിഡോണിയസിൻെറ തന്നെ കീഴിൽ ഒരു ഡീക്കനായിരുന്നു. സ്ത്രീകൾക്കും പുരുഷന്മാർക്കും വേണ്ടി സന്യാസാശ്രമങ്ങൾ സ്ഥാപിക്കാൻ അയാൾ വളരെ ഉത്സാഹപൂർവ്വം പരിശ്രമിച്ചു.

കോൺസ്ററാൻറിനോപ്പിളിനു സമീപമുള്ള നഗരങ്ങളിലെയും പ്രോവിൻസുകളിലെയും സഭകളെ മാസിഡോണിയസ് ഏതുവിധം ദ്രോഹിച്ചു എന്ന് അടുത്തതായി നമുക്കു നോക്കാം. ഈ മനുഷ്യൻ ഞാൻ നേരത്തേ പറഞ്ഞിട്ടുള്ളതുപോലെ[62] കോൺസ്റ്റാൻറിനോപ്പിളിലെ മെത്രാൻസ്ഥാനം കൈക്കലാക്കിയതിനുശേഷം തൻെറ അഭിപ്രായങ്ങളോടു യോജിക്കാത്ത സകലരുടെയും മേൽ നാനാവിധമായ ദുരിതങ്ങൾ അടിച്ചേല്പിച്ചു. അയാളുടെ മർദ്ദനമുറകൾക്കു വിഷയമായതു് കത്തോലിക്കാ വിശ്വാസികൾ മാത്രമല്ല. നോവേഷ്യരെയും അയാൾ വെറുതേ വിട്ടില്ല. അവരും 'ഹോമോഉസിയോൻ' സിദ്ധാന്തം അംഗീ

62. 2:16

www.malankaralibrary.com



കരിച്ചിരുന്നതാണ് അതിനു കാരണം. മററുള്ളവരെപ്പോലെ അവരും ഏററം നിന്ദ്യമായ പീഡനങ്ങൾക്കു വിധേയരായെങ്കിലും അവരുടെ മെത്രാനായ അൻജേലിയൂസ് പലായനം ചെയ്തു രക്ഷപെട്ടു. ഭക്തിയും ജീവിതവിശുദ്ധിയുമുള്ള അനേകം ആളുകൾ മാസിഡോണിയസുമായി സഹകരിക്കാൻ വിസമ്മതിച്ചതിന്റെ പേരിൽ ക്രൂരപീഡനങ്ങൾക്കു വിധേയരായി. പീഡനങ്ങൾക്കുശേഷം അവരെ മാസിഡോണിയരുടെ ദിവ്യരഹസ്യങ്ങളിൽ ബലമായി പങ്കെടുപ്പിച്ചു. തടിക്കഷണങ്ങൾ കൊണ്ട് ബലമായി വായ് തുറപ്പിച്ചിട്ട് വിശുദ്ധ വസ്തുക്കൾ വായിലേയ്ക്കു തള്ളിക്കയററുകയാണ് ചെയ്തിരുന്നത്. മറെറല്ലാ പീഡനങ്ങളെക്കാളും ദുസ്സഹമായ ഒരു നടപടിയായിട്ടാണ് വിശ്വാസികൾ ഇതിനെ പരിഗണിച്ചത്. അവർ സ്ത്രീകളെയും കുഞ്ഞുങ്ങളെയും ബലമായി പിടികൂടി ജ്ഞാനസ്നാനപ്പെടുത്തുകയും ചെയ്തു. ആരെങ്കിലും ചെറുത്തു നിൽക്കുകയോ എതിർത്തു സംസാരിക്കുകയോ ചെയ്താൽ ഉടൻ ചാട്ടവാറുകൾ ചീറിയിരുന്നു. തുടർന്ന് ബന്ധനവും കാരാഗൃഹത്തിലടയ്ക്കലും മററു പീഡനങ്ങളും ഉണ്ടാകും.

മാസിഡോണിയസിന്റെയും സഹകാരികളുടെയും നൃശംസതയും ഹൃദയശൂന്യതയും വ്യക്തമാക്കുന്ന ഒന്നുരണ്ടുദാഹരണങ്ങൾ മാത്രം ഇവിടെ ഉദ്ധരിക്കാം. തങ്ങളോടു കൂട്ടായ്മ പുലർത്താൻ വിസമ്മതിച്ച സ്ത്രീകളുടെ സ്തനങ്ങൾ ഒരു പെട്ടിയിലാക്കി അമർത്തിയതിനുശേഷം അവ അറുത്തു കളഞ്ഞിരുന്നു. ചില സ്ത്രീകളുടെ സ്തനങ്ങൾ തീ പഴുപ്പിച്ച കമ്പികളും ചുട്ടെടുത്ത മുട്ടകളും വച്ചു പൊള്ളിച്ചിരുന്നു. അക്രൈസ്തവരായ മതപീഡകർക്കു പോലും അജ്ഞാതങ്ങളായിരുന്ന ഇത്തരം ക്രൂരനടപടികൾ ക്രൈസ്തവരെന്ന് അവകാശപ്പെട്ടിരുന്ന മനുഷ്യാധമന്മാർ കണ്ടുപിടിക്കുകയും നടപ്പിലാക്കുകയും ചെയ്തവയാണ്. നോവേഷ്യൻ സഭയിലെ വൈദികനായ ഔക്സാനോൻ എന്ന വന്ദ്യവയോധികൻ എന്നോടു പറഞ്ഞതാണ് ഇക്കാര്യങ്ങൾ. ഒന്നാം പുസ്തകത്തിൽ അദ്ദേഹത്തെക്കുറിച്ചു ഞാൻ പറഞ്ഞിട്ടുണ്ട്.[63] വൈദികനാകുന്നതിനുമുമ്പ് ആര്യൻമാരുടെ കയ്യിൽനിന്നു് തനിക്കു് അനുഭവിക്കേണ്ടി വന്ന പീഡനങ്ങളും ചില്ലറയല്ലെന്നു് അദ്ദേഹം എന്നോടു പറഞ്ഞു. അവർ അദ്ദേഹത്തെ തുറുങ്കിലടച്ചിട്ട് അസംഖ്യം ചാട്ടവാറടികൾ ഏല്പിച്ചു. സന്യാസജീവിതത്തിൽ തന്റെ സഹകാരിയായിരുന്ന പഫ്ലഗോണിയക്കാരൻ അലക്സാണ്ടറും ഈ വിധത്തിൽ അദ്ദേഹത്തോടൊപ്പം

63. 1:13

www.malankaralibrary.com



പീഡിപ്പിക്കപ്പെട്ടു. ഔക്സാനോൻ ഈ പീഡനങ്ങളെ അതിജീവിച്ചെങ്കിലും അലക്സാൺഡർ പീഡനങ്ങളുടെ ഫലമായി ചരമഗതി പ്രാപിച്ചു. കോൺസ്റ്റാൻറിനോപ്പിഠം തുറമുഖത്തിനു സമീപം സേറാസ് എന്ന സ്ഥലത്തു് നദീതീരത്തു് അദ്ദേഹത്തിൻെറ മൃതദേഹം സംസ്കരിക്കപ്പെട്ടു. അവിടെ പിന്നീടു് നോവേഷ്യൻമാർ അയാളുടെ പേരിൽ ഒരു ദേവാലയം സ്ഥാപിച്ചു.

ആര്യൻ പക്ഷക്കാർ മാസിഡോണിയസിൻെറ പ്രേരണയനുസരിച്ചു് വിവിധ നഗരങ്ങളിലെ അനവധി ദേവാലയങ്ങഠം തകർത്ത കൂട്ടത്തിൽ പെലാർഗ്ഗസിനടുത്തു് കോൺസ്റ്റാൻറിനോപ്പിളിലുള്ള നൊവേഷ്യരുടെ ദേവാലയവും തകർത്തു. മുകളിൽ പറഞ്ഞ വൃദ്ധനായ ഔക്സാനോൻ ആണ് ഇക്കാര്യവും വിവരിച്ചതു്. പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട അസാധാരണ സാഹചര്യങ്ങഠം നിമിത്തമാണ് ഞാൻ ഇതു പ്രത്യേകമായി എടുത്തു പറയുന്നതു്. ചക്രവർത്തിയുടെ കല്പനയും മാസിഡോണിയസിൻെറ ക്രൂരതയുംമൂലം ''ഹോമോഉസിയൻ'' വിശ്വാസികളുടെ പള്ളികളെല്ലാം തകർത്തുവരികയായിരുന്നല്ലോ. ഈ പള്ളിയും ഇതുപോലെ തകക്കാൻ തീരുമാനിക്കപ്പെട്ടു. അതു് നടപ്പിൽ വരുത്താനുള്ളവരും എത്തിക്കഴിഞ്ഞു. ഈ അവസരം നോവേഷ്യൻ വിശ്വാസികഠം പ്രകടിപ്പിച്ച തീക്ഷ്ണതയെയും ആര്യന്മാരുടെ പീഡനത്തിനു വിധേയരായെങ്കിലും ഇപ്പോഠം തങ്ങളുടെ പള്ളികഠം സമാധാനത്തിൽ കൈവശം വച്ചുകൊണ്ടിരിക്കുന്നവരുമായ ആളുകഠം അവരോടു പ്രദർശിപ്പിച്ച സഹതാപത്തേയും അഭിനന്ദിക്കാതിരിക്കാൻ സാദ്ധ്യമല്ല. പള്ളി തകർക്കാൻ ശത്രുക്കളുടെ ജോലിക്കാർ തിടുക്കംകൂട്ടിയപ്പോഠം നോവേഷ്യരും അവരോടു് അനുഭാവമുള്ളവരുമായ ആളുകളുടെ വലിയ ഒരു സമൂഹം അവിടെ തടിച്ചുകൂടി; അവർ പള്ളി പൊളിച്ചു . അതിൻെറ നിർമ്മാണത്തിനുപയോഗിച്ച ഓരോ സാധനവും നഗരത്തിൻെറ മറുവശത്തുള്ള സിക്കേ എന്ന സ്ഥലത്തേയ്ക്കു് അവർ ചുമന്നു മാററി. കോൺസ്റ്റാൻറിനോപ്പിഠം നഗരത്തിൻെറ പതിമൂന്നാം വാർഡിലായിരുന്നു സിക്കേ. ഓരോരുത്തരും അവരുടെ കയ്യിൽ കിട്ടിയ ഓടുകളും കല്ലുകളും തടികളുമായിട്ടാണ് മറേറ സ്ഥലത്തേയ്ക്കു പോയതു്. അവർ അതെല്ലാം സിക്കേയിൽ കൊണ്ടുചെന്നു് ഭദ്രമായി അടുക്കിവച്ചു. സ്ത്രീകളും കുട്ടികളുംപോലും ഈ പ്രവർത്തനത്തിൽ ഉത്സാഹപൂർവ്വം സഹകരിച്ചു. ആളുകഠം വളരെയേറെ ഉണ്ടായിരുന്നതുകൊണ്ടു് ചുരുങ്ങിയ സമയംകൊണ്ടു് ഈ ജോലി തീർന്നു. ദൈവത്തിനു പ്രതിഷ്ഠിക്കപ്പെട്ട പദാർത്ഥങ്ങഠം ശത്രുക്ക

www.malankaralibrary.com



ളുടെ കയ്യേററത്താൽ മലിനമാകാതെ നോക്കുന്നതു് തങ്ങളുടെ പാവനകർത്തവ്യമായി അവരോരോരുത്തരും കരുതി.

പിന്നീടു് വളരെക്കാലം കഴിഞ്ഞു് കോൺസ്റ്റാൻസ്യസ് ചക്രവർത്തി ചരമഗതി പ്രാപിക്കുകയും ജൂലിയൻ ചക്രവർത്തി ഭരണം ഏറെറടുക്കുകയും ചെയ്തപ്പോൾ അദ്ദേഹത്തിൻെറ നിർദ്ദേശമനുസരിച്ചു് അതേ സാധനങ്ങൾക്കുടെ ഉപയോഗിച്ചു് പെലാർഗ്ഗസ്സു് എന്ന സ്ഥലത്തുതന്നെ ആ പള്ളി വീണ്ടും പണിയപ്പെട്ടു. നേരത്തേ ഉണ്ടായിരുന്നതിലധികം മോടിയായിട്ടാണു് അതു വീണ്ടും പണിയപ്പെട്ടതു്. അതിനു് ഉചിതമായ വിധത്തിൽ തന്നെ 'അനസ്താസിയാ'[64] എന്ന പേരും നൽകപ്പെട്ടു. നാം മുകളിൽ പറഞ്ഞതുപോലെ ജൂലിയൻെറ ഭരണകാലത്തു് ഈ പള്ളി പിന്നീടു് നവീകരിക്കപ്പെട്ടു. എന്നാൽ അന്നു് കത്തോലിക്കരും നോവേഷ്യന്മാരും ഒരുപോലെ ആര്യൻ പക്ഷക്കാരുടെ അതിക്രമങ്ങൾക്കു വിധേയരായിക്കൊണ്ടിരുന്നു. ആര്യൻ പക്ഷക്കാർ സമ്മേളിച്ചിരുന്ന പള്ളികളിൽ ആരാധനയ്ക്കുണയുന്നതു് കത്തോലിക്കർ വെറുത്തിരുന്നു. കോൺസ്റ്റാൻറിനോപ്പിളിൽ മൂന്നു പള്ളികളാണു നോവേഷ്യർക്കു് ഉണ്ടായിരുന്നതു്. അവർ ആരാധനയ്ക്കു് സമ്മേളിച്ചിരുന്നതു് അവയിൽ മാത്രവുമായിരുന്നു. കത്തോലിക്കർ അവരുമായി കൂട്ടായ്മ പുലർത്തിയിരുന്നു. നോവേഷ്യർ ചില തത്ത്വങ്ങളുടെ പേരിൽ വിട്ടുനിന്നില്ലായിരുന്നുവെങ്കിൽ രണ്ടുകൂട്ടരും പൂർണ്ണമായി ഐക്യപ്പെട്ടേനെ. മററെല്ലാ കാര്യങ്ങളിലും അവർ പൂർണ്ണമായ സ്നേഹവും സൗമനസ്യവുമാണു് വച്ചുപുലർത്തിയിരുന്നതു്. ഓരോ വിഭാഗക്കാരും മററവർക്കുവേണ്ടി മരിക്കാൻ കൂടി സന്നദ്ധരായിരുന്നു. ഈ സൗഹാർദ്ദംമൂലം അവർ രണ്ടുകൂട്ടരെയും ആര്യൻ പക്ഷക്കാർ കോൺസ്റ്റാൻറിനോപ്പിളിൽ മാത്രമല്ല, മററു് പ്രോവിൻസുകളിലും നഗരങ്ങളിലും നിഷ്കരുണം പീഡിപ്പിച്ചു. സിസിക്കുസ്സു് എന്ന സ്ഥലത്തു് അവിടത്തെ മെത്രാനായ എലൈവുസിയുസ് മററു സ്ഥലങ്ങളിൽ മാസിഡോണിയസ് അവലംബിച്ച ക്രൂരരീതി കൈക്കൊണ്ടു. അവിടെയുണ്ടായിരുന്ന നോവേഷ്യരുടെ പള്ളി അയാൾ പൂർണ്ണമായും നിലംപരിശാക്കി.

മാസിഡോണിയസിൻെറ ക്രൂരത അതിൻെറ പരമകാഷ്ഠയിൽ നടമാടിയതു് താഴെ പറയുന്ന സന്ദർഭത്തിലാണു്. പാഫ്ലഗോണിയായിൽ പൊതുവേയും അതിൽത്തന്നെ മന്തിനിയും എന്ന സ്ഥലത്തു പ്രത്യേകിച്ചും നോവേഷ്യൻ വിശ്വാസ

64. 'ഉത്ഥാനം' എന്നു പദാർത്ഥം

www.malankaralibrary.com



മുള്ളവർ വളരെയുണ്ടെന്നു് അയാരം കേട്ടു. വൈദികാധികാരികരം തന്നെ വിചാരിച്ചാൽ അത്രയധികം ആളുകളെ അവരുടെ ഭവനങ്ങളിൽനിന്നു് ഓടിക്കാൻ സാദ്ധ്യമല്ലെന്നു മനസ്സിലാക്കിയ അയാരം ചക്രവർത്തിയുടെ അനുമതിയോടുകൂടി നാലു സേനാവിഭാഗങ്ങളെ അങ്ങോട്ടു നയിച്ചു. പട്ടാളക്കാരെ പേടിച്ചു് എല്ലാവരും ആര്യൻ വിശ്വാസം സ്വീകരിക്കുമെന്നായിരുന്നു അയാളുടെ പ്രതീക്ഷ. ഈ വിവരം മനസ്സിലാക്കിയ മന്ത്രീനിയും കാരാകട്ടെ, വിശ്വാസത്തിൻെറ പേരിൽ എന്തിനെയും നേരിടാൻ തയ്യാറായി സംഘടിച്ചു പുറപ്പെട്ടു. അരിവാളുകരം, കോടാലികരം, കുന്താലികരം തുടങ്ങി കയ്യിൽക്കിട്ടിയ ഗാർഹികായുധങ്ങളെല്ലാം എടുത്തുകൊണ്ടു് അവർ പട്ടാളത്തെ നേരിട്ടു. ഏററുമുട്ടലിൽ നാട്ടുകാർ വളരെപ്പേർ കൊല്ലപ്പെട്ടുവെങ്കിലും സൈന്യം മിക്കവാറും നാമാവശേഷമായി. ഒരു പഫ്ലഗോണിയൻ കർഷകനിൽനിന്നാണ് ഈ ഏററുമുട്ടലിനെക്കുറിച്ചുള്ള വിശദവിവരങ്ങരം ഞാൻ മനസ്സിലാക്കിയതു്. അയാരം ആ യുദ്ധത്തിൽ പങ്കുകൊണ്ടയാളാണത്രേ. ആ പ്രദേശത്തുള്ള വേറെയും അനേകമാളുകരം ഈ സംഭവം വിവരിച്ചു ഞാൻ കേട്ടിട്ടുണ്ടു്.

ഇത്തരത്തിലൊക്കെയുള്ളതാണ് മാസിഡോണിയസു് അയാളുടെ ക്രിസ്തീയ വിശ്വാസസംരക്ഷണത്തിനുവേണ്ടി അനുഷ്ഠിച്ച ത്യാഗങ്ങരം – കൊലപാതകങ്ങരം, യുദ്ധങ്ങരം, തടങ്കലിൽവയ്ക്കൽ തുടങ്ങിയവ. അയാളുടെ ക്രൂരതകരം അവയ്ക്കു വിഷയമായവർക്കു മാത്രമല്ല, അയാളുടെ പക്ഷക്കാർക്കുപോലും വെറുപ്പുളവാക്കി. ചക്രവർത്തിക്കും അയാളെക്കൊണ്ടു പൊറുതികെട്ടു. ചക്രവർത്തിക്കു് സവിശേഷമായ അസഹ്യതയുളവാക്കാൻ മറെറാരു സംഭവം കൂടെ കാരണമായി. അതു താഴെ പറയുന്നു.

കോൺസ്റ്റൻറയിൻ ചക്രവർത്തിയുടെ ഭൗതികാവശിഷ്ടങ്ങരം അടക്കം ചെയ്ത പേടകം സൂക്ഷിച്ചിരുന്ന പള്ളി പഴക്കംകൊണ്ടു കേടായി നിലംപതിച്ചേക്കും എന്ന അവസ്ഥയിലെത്തി. ഈ സ്ഥിതി അവിടെ ആരാധനയ്ക്കു് എത്തിയിരുന്നവർക്കു ഭീതിക്കു കാരണമായി. പേടകം അവിടെനിന്നു മാററണം എന്നു മാസിഡോണിയസു് തീരുമാനിച്ചു. പള്ളി ഇടിഞ്ഞുവീണാൽ പേടകത്തിനു കേടുപററുമല്ലോ എന്നായിരുന്നു അയാളുടെ ഭയം. ഈ നീക്കത്തെക്കുറിച്ചു കേട്ടറിഞ്ഞ ജനങ്ങരം അതു തടയാൻ ശ്രമിച്ചു. 'ചക്രവർത്തിയുടെ അസ്ഥികരംക്കു ചലനമുണ്ടാക്കരുതു്. അവ മാററി സ്ഥാപിക്കാൻ ശ്രമിക്കുന്നതു കുഴിച്ചുമാററുന്നതിനു തുല്യമാണ്'' എന്നാണ് അവർക്കു പറയാനുണ്ടായിരുന്നതു്. മാററുന്നതിൽ ദോഷമൊന്നുമില്ല എന്നഭിപ്രായമുള്ളവരും ഉണ്ടായിരുന്നു. അങ്ങനെ ഈ വിഷയം സംബന്ധിച്ചു് രണ്ടു വിരുദ്ധ കക്ഷികളു

www.malankaralibrary.com



ണ്ടായി. ഹോമോഉസിയൻ വിശ്വാസികളായ ആളുകളും അല്ലാത്തവരും ഒപ്പം മാസിഡോണിയസിന്റെ നീക്കത്തെ എതിർത്തു. അതു് ഭൗതികാവശിഷ്ടങ്ങളോടുള്ള അനാദരമായിരിക്കുമെന്നായിരുന്നു അവരുടെ ന്യായം.

മാസിഡോണിയസ് എതിരാളികളുടെ അഭിപ്രായങ്ങളൊന്നും പരിഗണിച്ചില്ല. അകാചിയുസ് എന്ന രക്തസാക്ഷിയുടെ മൃതദേഹം സ്ഥാപിച്ചിരുന്ന പള്ളിയിലേക്കു് അയാൾ പേടകം മാററി സ്ഥാപിപ്പിച്ചു. അപ്പോൾ ആ പള്ളി ആക്രമിക്കാൻ വലിയൊരു ജനക്കൂട്ടം പാഞ്ഞടുത്തു. അവരെ നേരിടാൻ മറെറാരു വൻസംഘവും പാഞ്ഞെത്തി. അതിഭീഷണമായ കോപത്തോടെ രണ്ടുകൂട്ടരും പരസ്പരം ഏററുമുട്ടി. വമ്പിച്ച ജീവനാശം അവിടെയുണ്ടായി. പള്ളിമുററം ചോരപ്പുഴയായി. രക്തമൊഴുകി സമീപമുള്ള തെരുവുവരെ എത്തി. ചക്രവർത്തി ഈ വിവരമറിഞ്ഞപ്പോൾ അയാൾക്കു മാസിഡോണിയസിനെക്കുറിച്ചു കടുത്ത അമർഷം തോന്നി. അത്രയേറെ ജനങ്ങളുടെ ജീവനാശത്തിനു കാരണമാക്കിയതും തന്റെ പിതാവിന്റെ ഭൗതികാവശിഷ്ടങ്ങൾ തന്നോടു ചോദിക്കാതെ ഇളക്കിപ്രതിഷ്ഠിക്കാൻ മുതിർന്നതും ഒരുപോലെ അയാളെ രുഷ്ടനാക്കി. അതിനാൽ സീസർ ജൂലിയനെ പാശ്ചാത്യദേശത്തെ കാര്യങ്ങൾ നോക്കാൻ ഏല്പിച്ചിട്ടു് കോൺസ്ററാൻസ്യസ് പൗരസ്ത്യദേശത്തേയ്ക്കു പുറപ്പെട്ടു. മാസിഡോണിയസ് സ്ഥാനഭ്രഷ്ടനാക്കപ്പെട്ടതും അയാൾ ചെയ്ത നികൃഷ്ടകൃത്യങ്ങൾക്കു തക്ക ഗൗരവമില്ലാത്ത ശിക്ഷ അയാൾക്കു ലഭിച്ചതുമായ കാര്യങ്ങൾ യഥാവസരം പ്രതിപാദിച്ചുകൊള്ളാം.[65]

---

65. 2:42

www.malankaralibrary.com



## അധ്യായം 39

# സെലൂഷ്യയിലെ സിനഡ്

ചക്രവർത്തിയുടെ നിർദ്ദേശമനുസരിച്ച് പൗരസ്ത്യദേശത്തു നടന്ന സിനഡിനെക്കുറിച്ചാണ് ഇനി പ്രതിപാദിക്കേണ്ടിയിരിക്കുന്നത്. റിമിനിയിൽ നടന്ന സിനഡിനു സമാന്തരമായിട്ടുള്ളതായിരുന്നു ഇത്. മെത്രാൻമാർ ബിത്തീനിയായിലെ നിക്കൊമേദിയായിൽ സമ്മേളിക്കണമെന്നാണ് ആദ്യം നിർദ്ദേശിക്കപ്പെട്ടത്. എന്നാൽ അവിടെയുണ്ടായ ഒരു വലിയ ഭൂകമ്പം നഗരത്തെ മിക്കവാറും നാമാവശേഷമാക്കിയതിനാൽ അവിടെ സമ്മേളനം നടത്താൻ കഴിഞ്ഞില്ല. താസ്യൻ, ചെരെയാലിസ് എന്നിവർ കോൺസുൾമാരായിരുന്ന വർഷം ആഗസ്റ്റ് 28 ന് ആയിരുന്നു ഭൂകമ്പം.[66] സമീപനഗരമായ നിഖ്യായിൽ വച്ചു സമ്മേളനം നടത്തിയാലോ എന്ന് ആലോചനയുണ്ടായി. അതിനേക്കാൾ സൗകര്യപ്രദമായ സ്ഥലം സിലീഷ്യായിലെ തർസോസ് ആയിരിക്കുമെന്ന ആലോചന പിന്നീടുണ്ടായി. എന്നാൽ അവിടത്തെ ക്രമീകരണങ്ങളിൽ തൃപ്തിതോന്നാത്തതിനാൽ ആസ്പെരാ എന്നുകൂടെ പേരുള്ള സെലൂഷ്യാ നഗരത്തിലാണ് സമ്മേളനം നടന്നത്. ആ നഗരം ഇസൗറിയായിലുള്ളതായിരുന്നു. എവുസേബിയസ്, ഹിപാസ്യൂസ് എന്നിവരുടെ കോൺസുളേററുകാലത്ത്, റിമിനിയിലെ സമ്മേളനം നടന്ന കൊല്ലം തന്നെയാണ് ഈ കൗൺസിലും സമ്മേളിച്ചത്.[67] സമ്മേളിച്ച മെത്രാന്മാരുടെ സംഖ്യ ഏതാണ്ട് 160.

ചക്രവർത്തിയുടെ കുടുംബത്തോടു ബന്ധപ്പെട്ടയാളും ഒരുന്നതോദ്യോഗസ്ഥനുമായ ലെയോണാസ് എന്നയാൾ ഈ കൗൺസിലിൽ സന്നിഹിതനായിരുന്നു. വിശ്വാസ സത്യങ്ങളെ സംബന്ധിച്ച ചർച്ചകൾ ഇയാളുടെ സാന്നിദ്ധ്യത്തിൽ

---

66. ക്രി. വ. 358; ഈ ഭൂകമ്പത്തിൽ നിക്കൊമേദിയൻ മെത്രാൻ ചെക്രോപിയുസ് കൊല്ലപ്പെട്ടു; അവിടത്തെ കത്തീഡ്രൽ തകർന്നു വീണു. സൊസോമൻ, സഭാചരിത്രം, 4:16.

67. ക്രി.വ. 359.

www.malankaralibrary.com



നടത്തണമെന്നു് ചക്രവർത്തിയുടെ കല്പനയുണ്ടായിരുന്നു. ഇസൗറിയായിലെ റോമൻ സൈന്യത്തിൻെറ അധിപനായ ലൗറീഷ്യസാണ് അവിടെ സന്നിഹിതനായിരുന്ന മററൊരധികാരി. അയാളും അവിടെയുണ്ടായിരിക്കണമെന്നും മെത്രാന്മാർ ആവശ്യപ്പെടുന്ന സഹായങ്ങൾ ചെയ്തുകൊടുക്കണമെന്നും ചക്രവർത്തി ആവശ്യപ്പെട്ടിരുന്നു. ഇവരുടെ സാന്നിദ്ധ്യത്തിൽ സെപ്തംബർ 27 – ാം തീയതി സമ്മേളനം ആരംഭിച്ചു. ഉടൻതന്നെ പൊതുരേഖകളെ ആധാരമാക്കി ചർച്ച തുടങ്ങി. പ്രസംഗങ്ങൾ എല്ലാം എഴുതിയെടുക്കാൻ ചുരുക്കെഴുത്തു വിദഗ്ദ്ധരെ നിയമിച്ചിരുന്നു. അവിടെ നടന്ന പ്രസംഗങ്ങളുടെ വിശദാംശങ്ങൾ മനസ്സിലാക്കാൻ താല്പര്യമുള്ളവർക്ക് സബ്ബീന്യൂസ് സമാഹരിച്ചിട്ടുള്ള പ്രസംഗങ്ങളുടെ രേഖ നോക്കാവുന്നതാണ്. കൂടുതൽ പ്രധാനപ്പെട്ട ചില കാര്യങ്ങൾ മാത്രമേ ഇവിടെ രേഖപ്പെടുത്തുന്നുള്ളു.

ഓരോരുത്തർക്കും പറയാനുള്ള കാര്യങ്ങൾ അവതരിപ്പിക്കാൻ ആദ്യദിവസം തന്നെ ലെയോണാസ് ആവശ്യപ്പെട്ടു. പ്രധാനപ്പെട്ട മെത്രാന്മാരിൽ പലരും വന്നെത്തിയിട്ടില്ലാത്തതുകൊണ്ടു് അവരുടെ അസാന്നിദ്ധ്യത്തിൽ ചർച്ചകൾ ആരംഭിച്ചിട്ടു കാര്യമില്ല എന്നു ചിലർ അഭിപ്രായപ്പെട്ടു. കോൺസ്റ്റാൻറിനോപ്പിളിലെ മാസിഡോണിയസ്, അൻസീറായിലെ ബേസിൽ തുടങ്ങിയ ചില മെത്രാന്മാർ, അവർ ചെയ്ത ദുഷ്കൃത്യങ്ങളെക്കുറിച്ചു കുററവിസ്താരമുണ്ടാകുമെന്നു ഭയപ്പെട്ടിരുന്നതിനാൽ അവിടെ വന്നെത്താൻ ഭയപ്പെട്ടു എന്നതാണു വസ്തുത, മാസിഡോണിയസ് തനിക്കു് അസുഖമാണെന്നറിയിച്ചു. പത്രോഫീലുസ് തൻെറ കണ്ണിനു നല്ല സുഖമില്ലെന്നും അതുകൊണ്ടു് സെലൂഷ്യായുടെ പ്രാന്തപ്രദേശങ്ങളിൽ തന്നെ താമസിക്കേണ്ട ആവശ്യമുണ്ടെന്നും അറിയിച്ചു. അതുപോലെ മററു ചിലരും തങ്ങളുടെ അസാന്നിദ്ധ്യത്തിനു നീതീകരണമായി ഓരോ ഒഴികഴിവു് ഉന്നയിച്ചിരുന്നു.

ഈ സാഹചര്യത്തിൽ, വരാത്തവരെ പ്രതീക്ഷിച്ചു നിൽക്കാതെ ചർച്ചകൾ ഉടൻ ആരംഭിക്കണമെന്നു് ലെയോണാസ് നിർബ്ബന്ധമായി ആവശ്യപ്പെട്ടു. അപ്പോൾ, ആരോപണവിധേയരായ ചില മെത്രാന്മാരുടെ ജീവിതത്തെയും പ്രവർത്തനങ്ങളെയും കുറിച്ചുള്ള അന്വേഷണം കഴിഞ്ഞിട്ടു് മററു നടപടികളിൽ പ്രവേശിച്ചാൽ മതി എന്നു ചില മെത്രാന്മാർ അഭിപ്രായപ്പെട്ടു. ജറുസലേമിലെ സിറിൽ, അർമേനിയായിലുള്ള സെബാസ്തയിലെ എവുസ്താത്യോസ് തുടങ്ങിയവരുടെ പേരിൽ പലതരം നടപടിദോഷങ്ങൾ നേരത്തേ ആരോപിക്ക

www.malankaralibrary.com



പ്പെട്ടിരുന്നു. ഈ അഭിപ്രായത്തിൻെറ പേരിൽ അവിടെ വലിയ ഭിന്നതയുണ്ടായി. ആ വിഷയത്തിൽ തീരുമാനമുണ്ടായിട്ട മററു നടപടി മതിയെന്ന് ഒരു കൂട്ടരും വിശ്വാസസംബന്ധമായ കാര്യങ്ങളാണ് ആദ്യം തീരുമാനിക്കേണ്ടതെന്നു മറെറാരു കൂട്ടരും വാദിച്ചു. ചക്രവർത്തിയിൽനിന്നു ലഭിച്ചുകൊണ്ടിരുന്ന കല്പനകൾ ചിന്താക്കുഴപ്പം വർദ്ധിപ്പിക്കാനേ ഉപകരിച്ചുള്ളു. കാരണം, 'ഇക്കാര്യത്തെക്കുറിച്ച് ആദ്യം ചർച്ച ചെയ്യണം' എന്നു നിർദ്ദേശിക്കുന്ന കത്തുകൾ പല വിഷയങ്ങളെക്കുറിച്ചും അയാൾ ഇടയ്ക്കിടെ കൊടുത്തയച്ചിരുന്നു.

തർക്കം മൂത്ത് കൗൺസിലിലെ മെത്രാന്മാർ രണ്ടു കക്ഷിയായി തിരിഞ്ഞു. പലസ്തീനയിലെ കൈസറിയാമെത്രാൻ അകാചിയൂസ്, അലക്സാൺഡ്രിയായിലെ ജോർജ്ജ്, ടയറിലെ യുറാനിയൂസ്, അന്ത്യോക്യയിലെ എവുഡോക്സിയൂസ് തുടങ്ങിയവരായിരുന്നു ഒരു പക്ഷത്ത്. ഈ പക്ഷത്തു മുപ്പത്തിരണ്ടു മെത്രാന്മാർ മാത്രമേ ഉണ്ടായിരുന്നുള്ളു. ഭൂരിപക്ഷം വരുന്ന ബാക്കിയുള്ളവരെല്ലാം മറുപക്ഷത്തായിരുന്നു. സിറിയായിലെ ലവൊഡിഷ്യാമെത്രാൻ ജോർജ്ജ്, പാഫ്ലഗോണിയായിലെ പോംപെയോപോലീസ്മെത്രാൻ സോഫ്രോണിയുസ്, സിസിലിയിലെ എലൈവുസ്യൂസ് എന്നിവരായിരുന്നു ആ കക്ഷിയിലെ പ്രമാണികൾ. അങ്ങനെ, 'വിശ്വാസപരമായ കാര്യങ്ങൾ ആദ്യം പരിശോധിക്കാം' എന്ന് ഭൂരിപക്ഷാഭിപ്രായപ്രകാരം തീരുമാനിക്കപ്പെട്ടു. അകാചിയൂസിൻെറ കക്ഷി നിഖ്യാവിശ്വാസപ്രമാണത്തെ സ്പഷ്ടമായി എതിർത്തു. അതിനു പകരം മറെറാന്നുണ്ടാക്കണമെന്നാവശ്യപ്പെടുകയും ചെയ്തു. ഭൂരിപക്ഷമുള്ള മറേറക്കക്ഷി നിഖ്യാ വിശ്വാസപ്രമാണത്തെ അനുകൂലിച്ചു.[68] ഹോമോഉസിയോൻ എന്ന പദപ്രയോഗത്തിൽ മാത്രമായിരുന്നു അവരുടെ എതിർപ്പ്. ആ വിഷയത്തെക്കുറിച്ചു നീണ്ട തർക്കങ്ങളുണ്ടായി. രണ്ടു പക്ഷക്കാരും വളരെ ന്യായങ്ങൾ ഉന്നയിച്ചു. വളരെ വൈകുന്നതുവരെ ചർച്ചകൾ നീണ്ടു. അപ്പോൾ താർസോസിലെ മെത്രാനായ സിൽവാനൂസ് പറഞ്ഞു, 'പുതിയൊരു വിശ്വാസപ്രമാണത്തിൻെറ ആവശ്യമൊന്നുമില്ല. അന്ത്യോക്യയിലെ പള്ളിയുടെ സമർപ്പണസന്ദർഭത്തിൽ പ്രസിദ്ധീകരിച്ച വിശ്വാസപ്രമാണം[69] നാം അംഗീകരിച്ചുറപ്പിച്ചാൽ മതി'. ഈ പ്രഖ്യാപനം കേട്ടപ്പോൾ അകാചിയൂസും കൂട്ടരും രഹസ്യമായി കൗൺസിലിൽ

---

68. അത്തനാസ്യോസ്, ദെ സിനൊദിസ്, 12.

69. 2:8.10

www.malankaralibrary.com



നിന്നു പിൻവാങ്ങി. മററുള്ളവരാകട്ടെ, അന്ത്യോക്യയിൽ വച്ചു രൂപം നൽകപ്പെട്ട വിശ്വാസപ്രമാണം വായിക്കുകയും അതിനു ശേഷം അന്നത്തേയ്ക്കു പിരിയുകയും ചെയ്തു. അടുത്ത ദിവസം അവർ സെലൂഷ്യാപള്ളിയിൽ ഒത്തുചേർന്നിട്ട് വാതിലുകൾ അടച്ചതിനുശേഷം അതേ വിശ്വാസപ്രമാണം ഒരിക്കൽക്കൂടെ വായിക്കുകയും സ്വന്തം കൈയൊപ്പുകൾകൊണ്ടു് അതിനെ സ്ഥിരീകരിക്കുകയും ചെയ്തു. സ്ഥലത്തില്ലാതിരുന്ന ചില മെത്രാന്മാർക്കു പകരം അധികാരപ്പെടുത്തപ്പെട്ട ഡീക്കന്മാരും വായനക്കാരും ഒപ്പുവച്ചു.

## അധ്യായം 40

## അകാചിയുസ് അവതരിപ്പിച്ച വിശ്വാസപ്രമാണം

അകാചിയുസും കൂട്ടരും പ്രസ്തുത നടപടിയെ വിമർശിച്ചു. പള്ളിയുടെ വാതിലുകൾ അടച്ചിട്ടുകൊണ്ടു ചർച്ച നടത്തുകയും ഒപ്പുവയ്ക്കുകയും ചെയ്തതിലാണ് അവർ കുററം കണ്ടെത്തിയതു്. 'അത്തരം രഹസ്യനടപടികൾ സംശയകരവും അതിനാൽ അസാധുവുമാകുന്നു' എന്നു് അവർ വാദിച്ചു. താൻ തന്നെ എഴുതിയുണ്ടാക്കിയ ഒരു വിശ്വാസപ്രമാണം അവതരിപ്പിച്ച് അംഗീകരിച്ചെടുക്കണമെന്നു് ആഗ്രഹമുണ്ടായിരുന്നതുകൊണ്ടാണ് അയാൾ ഇപ്രകാരം ഒരു വാദഗതി അവലംബിച്ചതു്. ആ വിശ്വാസപ്രമാണം അയാൾ നേരത്തേക്കൂട്ടി ഗവർണ്ണർമാരായ ലെയോണാസിൻെറയും ലൗറീഷ്യസ്സിൻെറയും പക്കൽ സമർപ്പിച്ചിരുന്നു താനും. ഇക്കാര്യത്തിനുവേണ്ടി അകാചിയുസും കൂട്ടരും ഉന്നയിച്ച തർക്കവിതർക്കങ്ങളുമായി രണ്ടാം ദിവസം കടന്നു പോയി. മൂന്നാം ദിവസം രണ്ടു പക്ഷക്കാരെയും അനുരഞ്ജിപ്പിക്കാൻ ലെയോണാസ് ഒരു ശ്രമം നടത്തി. ഇതിനിടെ കോൺസ്റ്റാൻറിനോപ്പിളിലെ മാസിഡോണിയസും അൻസീറായിലെ ബേസിലും വന്നെത്തിയിരുന്നു. രണ്ടു കൂട്ടരും ഒരേ നിലപാടിൽ വന്നെത്തിയിരിക്കുന്നു എന്നു കണ്ടപ്പോൾ അകാചിയൻ കക്ഷിക്കാർ അവരുമായി സന്ധിക്കാൻ വിസമ്മതിച്ചു. 'നേരത്തേ സ്ഥാനഭ്രഷ്ടരായിട്ടുള്ളവരും ഇപ്പോൾ ആരോപണങ്ങൾക്കു വിധേയരായിട്ടുള്ളവരും കൗൺസിലിൽ നിന്നു പുറത്തു

www.malankaralibrary.com



നിൽക്കണം' എന്നു് അവർ വാദിച്ചു. രണ്ടുപക്ഷത്തും വളരെ കുററാരോപണങ്ങൾ നടന്നതിനുശേഷം ഈ വാദം പൊതുവേ അംഗീകരിക്കപ്പെട്ടു. ആരോപണവിധേയരായിട്ടുള്ളവർ കൗൺസിലിൽനിന്നു പുറത്തുപോയി. അകാചിയൂസും അനുയായികളും കൗൺസിലിൽ പ്രവേശിക്കുകയും ചെയ്തു. അകാചിയൂസ് തൻെറ കയ്യിൽ ഒരു രേഖ ഏല്പിച്ചിട്ടുണ്ടെന്നും അതിലേക്ക് അവരുടെ ശ്രദ്ധ ക്ഷണിക്കാൻ ആഗ്രഹിക്കുന്നെന്നും അപ്പോൾ ലെയോണാസ് അറിയിച്ചു. അതൊരു വിശ്വാസപ്രമാണമാണെന്നു് ലെയോണാസ് വെളിപ്പെടുത്തിയില്ല. അതു് നേരത്തേ പാസ്സാക്കിയ വിശ്വാസപ്രമാണത്തിലെ ചില കാര്യങ്ങളിൽ ഒളിഞ്ഞും മററു ചില കാര്യങ്ങളിൽ തെളിഞ്ഞും എതിർക്കുന്നതായിരുന്നു. ആ 'രേഖ' വിശ്വാസപ്രമാണമാണെന്നു് ആരും അഭ്യൂഹിച്ചില്ല. അതിനാൽ എല്ലാവരും എതിർപ്പൊന്നും പ്രകടിപ്പിക്കാതെ നിശ്ശബ്ദം ആകാംക്ഷാഭരിതരായി കാത്തിരുന്നു. അപ്പോൾ, അകാചിയൂസ് തയാറാക്കിയ വിശ്വാസപ്രമാണം അതിൻെറ ആമുഖത്തോടുകൂടി ഇപ്രകാരം വായിക്കപ്പെട്ടു:

''ചക്രവർത്തിയുടെ കല്പനയനുസരിച്ചു് ഞങ്ങൾ സെപ്റ്റംബർ 27-ാം തീയതിയായ ഇന്നലെ ഇസൗറിയായിലുള്ള സെലൂഷ്യായിൽ സമ്മേളിച്ചു. വേണ്ടത്ര മനഃസംയമത്തോടുകൂടെയും എന്നാൽ ഏററവും അധികമായ താല്പര്യത്തോടുകൂടെയും, സഭയിൽ സമാധാനം നിലനിർത്തുന്നതിനും പ്രവചനങ്ങളുടെയും സുവിശേഷങ്ങളുടെയും അടിസ്ഥാനത്തിൽ തത്ത്വപരമായ കാര്യങ്ങളിൽ തീരുമാനമെടുക്കുന്നതിനും പരിശ്രമിച്ചു. സഭാത്മകമായ വിശ്വാസപ്രഖ്യാപനത്തിൽ വി. ലിഖിത പ്രസ്താവങ്ങളിൽനിന്നു വിഭിന്നമായി യാതൊന്നും ഉണ്ടായിരിക്കരുതെന്നു് ഞങ്ങൾക്കു താല്പര്യമുണ്ടു്. ദൈവത്തിനു് ഏററവും പ്രിയപ്പെട്ടവനും ഞങ്ങളുടെ ചക്രവർത്തിയുമായ കോൺസ്ററാൻസ്യൂസ് ആജ്ഞാപിച്ചിട്ടുള്ളതും അപ്രകാരം തന്നെയാണ്. എന്നാൽ സഭയിൽ സന്നിഹിതരായിരുന്ന ചില വ്യക്തികൾ വളരെ ഉപദ്രവകരമായ രീതിയിൽ ഞങ്ങളോടു പെരുമാറി. ചിലർക്കു് അവരുടെ ആശയങ്ങൾ പ്രകടിപ്പിക്കാൻ തടസ്സമുണ്ടാക്കി. ചിലരെ അവരുടെ അഭീഷ്ടത്തിനു വിരുദ്ധമായിത്തന്നെ കൗൺസിലിൽനിന്നു പുറത്താക്കി. സ്ഥാനഭ്രഷ്ടരും സഭാനിയമങ്ങൾക്കു വിരുദ്ധമായി അഭിഷിക്തരുമായ പലരെയും കൗൺസിലിൽ പങ്കുകൊള്ളാൻ അനുവദിച്ചു. ഇതിൻെറയൊക്കെ ഫലമായി സിനഡു് ക്രമരാഹിത്യത്തിൻെറയും കോലാഹലങ്ങളുടെയും രംഗമായിത്തീർന്നു. ഇക്കാര്യങ്ങൾക്കു്, അതിവിശിഷ്ടവ്യക്തിയും കോമസുമായ ലെയോണാസും പ്രവിശ്യയുടെ ഗവർണ്ണറും ഉന്നതനുമായ ലൗറീഷ്യസും ദൃക്സാക്ഷികളാ

www.malankaralibrary.com



കുന്നു; അതിനാൽ താഴെ പറയുന്ന പ്രഖ്യാപനം ചെയ്യാൻ ഞങ്ങൾ നിർബന്ധിതരായിരിക്കുന്നു.

അന്ത്യോക്യായിലെ ദേവാലയത്തിന്റെ സമർപ്പണസന്ദർഭത്തിൽ സ്ഥിരീകരിക്കപ്പെട്ട വിശ്വാസപ്രമാണത്തെ ഞങ്ങൾ തിരസ്കരിക്കുന്നില്ല. അതിനു ഞങ്ങൾ സുനിശ്ചിതമായ മുൻഗണന നൽകുന്നു. എന്തുകൊണ്ടെന്നാൽ തർക്കവിഷയമായിരുന്ന ചില വിശ്വാസകാര്യങ്ങളിൽ തീരുമാനം ചെയ്യുന്നതിന് അവിടെ സമ്മേളിച്ച പിതാക്കന്മാർ അതിന് അംഗീകാരം നൽകിയതാണ്. എന്നാൽ *ഹോമൂസിയോൻ, ഹൊമൊയ്ഉസിയോൻ* എന്നീ പദങ്ങൾ പിന്നീട് അനേകരുടെ മനസ്സുകളിൽ അസ്വാസ്ഥ്യം സൃഷ്ടിച്ചു. ഇപ്പോഴും അതു തുടരുന്നു. *അനൊമൊയ്യോൻ* എന്നൊരു പദവും അടുത്തകാലത്തു ചിലർ രൂപീകരിച്ചിരിക്കുന്നു. പുത്രന് പിതാവിനോടുള്ള *അനൊമൊയ്യോനെ* (സാമ്യമില്ലായ്മയെ) കുറിച്ചാണ് അവർ പറയുന്നത്. ആദ്യത്തെ രണ്ടു വാക്കുകളും ഞങ്ങൾ തിരസ്കരിക്കുന്നു; കാരണം അവ വി. ലിഖിതങ്ങളിൽ ഉള്ളതല്ല. അവസാനത്തേതിനെ ശപിക്കുകയും അതു ഉപയോഗിക്കുന്നയാളിനെ സഭയ്ക്ക് അന്യനായി കരുതുകയും ചെയ്യുന്നു. ''അദൃശ്യനായ ദൈവത്തിന്റെ സാദൃശ്യം'' എന്ന് അപ്പസ്തോലൻ തന്നെ പറഞ്ഞിട്ടുള്ളതനുസരിച്ച് (കൊളോ. 1:15) പുത്രന് പിതാവിനോടുള്ള സാമ്യത്തെ (ഹൊമൊയ്യോൻ) ഞങ്ങൾ സ്പഷ്ടമായി അംഗീകരിക്കുന്നു.

അതിനാൽ ഞങ്ങൾ ഇങ്ങനെ ഏററുപറയുന്നു: സർവ്വശക്തിയുള്ള പിതാവും ആകാശത്തിന്റെയും ഭൂമിയുടെയും, ദൃശ്യവും അദൃശ്യവുമായ വസ്തുക്കളുടെയും നിർമ്മാതാവുമായ ഏകദൈവത്തിൽ ഞങ്ങൾ വിശ്വസിച്ച് ഏററുപറയുന്നു. അവിടുത്തെ പുത്രനും നമ്മുടെ കർത്താവുമായ യേശുക്രിസ്തുവിലും ഞങ്ങൾ വിശ്വസിക്കുന്നു. അവിടുന്ന് യുഗങ്ങൾക്കെല്ലാം മുമ്പ് വികാരം കൂടാതെ പിതാവിൽനിന്നു ജനിച്ചു. അവിടുന്ന് ദൈവവചനവും ദൈവത്തിന്റെ ഏകജാതനും പ്രകാശവും ജീവനും സത്യവും വിജ്ഞാനവുമാകുന്നു. അവൻവഴി ആകാശത്തിലും ഭൂമിയിലുമുള്ള ദൃശ്യാദൃശ്യങ്ങളായ സകലവും നിർമ്മിക്കപ്പെട്ടു. അവിടുന്ന് പാപങ്ങളുടെ നിർമ്മാർജ്ജനത്തിനുവേണ്ടി യുഗങ്ങളുടെ അവസാനത്തിൽ പരിശുദ്ധ കന്യകാമറിയത്തിൽനിന്നു ശരീരം എടുത്തു, മനുഷ്യനായി. അവിടുന്നു നമ്മുടെ പാപങ്ങൾക്കു വേണ്ടി പീഡ സഹിച്ചു; ഉത്ഥാനം ചെയ്ത് സ്വർഗ്ഗത്തിലേയ്ക്ക് എടുക്കപ്പെട്ടു. അവിടുന്നു പിതാവിന്റെ വലത്തുഭാഗത്തിരിക്കുന്നു. അവിടെനിന്ന് ജീവിക്കുന്നവരെയും മരിച്ചവരെയും

www.malankaralibrary.com



വിധിക്കുന്നതിയായി മഹത്ത്വത്തോടുകൂടി അവൻ വീണ്ടും വരും. ഞങ്ങളുടെ രക്ഷകനായ കർത്താവ് ആശ്വാസദായകൻ എന്നു വിളിച്ചിട്ടുള്ള പരിശുദ്ധാത്മാവിലും ഞങ്ങൾ വിശ്വസിക്കുന്നു. തൻെറ വാഗ്ദാനമനുസരിച്ച് തൻെറ വേർപാടിനുശേഷം അവൻ പരിശുദ്ധാത്മാവിനെ തൻെറ ശിഷ്യരുടെ മേൽ അയച്ചു. പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ മാമോദീസാ സ്വീകരിക്കുന്ന സഭയിലെ എല്ലാ വിശ്വാസികളെയും പരിശുദ്ധാത്മാവിനാൽ അവൻ വിശുദ്ധീകരിക്കുന്നു. ഈ വിശ്വാസപ്രമാണത്തിനു് വിരുദ്ധമായ എന്തെങ്കിലും പഠിപ്പിക്കുന്നവരെ കത്തോലിക്കാസഭയ്ക്കു് അന്യരായി ഞങ്ങൾ കണക്കാക്കുന്നു''.

അകാചിയുസ് നിർദ്ദേശിച്ച വിശ്വാസപ്രഖ്യാപനം ഇതാണ്. അയാളുടെ കക്ഷിയിൽപ്പെട്ടവരെല്ലാം അതിനെ പിൻതാങ്ങുകയും ചെയ്തു. അവർ എത്രയെന്നു് മുകളിൽ പറഞ്ഞിട്ടുണ്ടല്ലോ. ഇതു വായിച്ചു കഴിഞ്ഞപ്പോൾ പാഫ്ലഗോണിയായിലുള്ള പോംപെയോപോളീസിലെ മെത്രാനായ സൊഫ്രോണിയുസ് ഇപ്രകാരം തൻെറ അഭിപ്രായം വെളിപ്പെടുത്തി: 'വിശ്വാസപ്രഖ്യാപനം എന്ന നിലയിൽ ദിവസം തോറും ഓരോരോ അഭിപ്രായങ്ങൾ മാറിമാറി പ്രകടിപ്പിച്ചുകൊണ്ടിരിക്കുകയാണെങ്കിൽ നാം ഒരിക്കലും സത്യത്തെക്കുറിച്ചുള്ള ശരിയായ ഒരു ധാരണയിൽ എത്തുകയില്ല.' ഇതാണ് സൊഫ്രോണിയുസ് പറഞ്ഞതു്.

സൊഫ്രോണിയുസ് വ്യക്തമാക്കിയ ഈ അഭിപ്രായം ഈ മെത്രാന്മാരുടെ മുൻഗാമികൾക്കും പിൻഗാമികൾക്കും ഉണ്ടായിരുന്നെങ്കിൽ നിഖ്യാവിശ്വാസപ്രമാണം സംബന്ധിച്ചുണ്ടായ വാദപ്രതിവാദങ്ങളെല്ലാം ഒഴിവാക്കാമായിരുന്നു. അക്രമാസക്തവും യുക്തിശൂന്യവുമായ കലഹങ്ങൾകൊണ്ടു് സഭ ഇളക്കപ്പെടുകയുമില്ലായിരുന്നു എന്നാണ് എൻെറ ഉറപ്പായ വിശ്വാസം. സ്ഥിതിഗതികൾ ശരിയായി ഗ്രഹിക്കാൻ കഴിവുള്ളവർ വിധി പറയട്ടെ.

തുടർന്നു് വിശ്വാസതത്ത്വങ്ങളെയും കുററാരോപണത്തിനു വിധേയരായ ആളുകളെയുംകുറിച്ച് അനുകൂലവും പ്രതികൂലവുമായ കുറെ വാദങ്ങൾ നടത്തിയശേഷം അന്നത്തെ സമ്മേളനം പിരിഞ്ഞു. നാലാം ദിവസം എല്ലാവരും അതേ സ്ഥലത്തു തന്നെ സമ്മേളിച്ചു. പഴയതുപോലെ മത്സരബുദ്ധിയോടുകൂടെ ത്തന്നെ അന്നും നടപടികൾ തുടർന്നു. പ്രസ്തുത സന്ദർഭത്തിൽ അകാചിയുസ് ഇങ്ങനെ പ്രസ്താവിച്ചു: 'നിഖ്യാവിശ്വാസ

www.malankaralibrary.com



പ്രമാണം ഒരിക്കലല്ല, അനേകം തവണ മാററി എഴുതപ്പെട്ടിട്ടുള്ളതിനാൽ ഈ സന്ദർഭത്തിൽ നമ്മരം മറെറാന്നു പ്രസിദ്ധീകരിക്കുന്നതിൽ യാതൊരു തടസ്സവുമില്ല.' അതിനു മറുപടിയായി സിസിക്കുസ് മെത്രാൻ എലെവുസിയൂസ് ഇപ്രകാരം പറഞ്ഞു, ''ഈ കൗൺസിൽ ഇപ്പോരം സമ്മേളിച്ചിട്ടുള്ളതു് നേരത്തെ നമുക്കാക്കും അറിയാൻ വയ്യാത്ത ഏതെങ്കിലും കാര്യം പഠിക്കാൻ വേണ്ടിയല്ല; നേരത്തെ ആരും സമ്മതിച്ചിട്ടില്ലാത്ത ഒരു വിശ്വാസപ്രമാണം സ്വീകരിക്കാൻ വേണ്ടിയുമല്ല; പിന്നെയോ പിതാക്കന്മാരുടെ വിശ്വാസം ഉറപ്പിച്ചു പറയാൻ വേണ്ടിയാണ്. അതിൽനിന്നു് ജീവിതത്തിലായാലും മരണത്തിലായാലും നാം പിന്മാറാൻ പാടില്ല ''

അകാചിയൂസിനെ എതിർത്തുകൊണ്ടു് 'പിതാക്കന്മാരുടെ വിശ്വാസം' എന്നു് എലെവുസിയൂസ് പറഞ്ഞതിൻെറ അർത്ഥം അന്ത്യോക്യയിൽ വച്ചു രൂപീകൃതമായ വിശ്വാസപ്രമാണം എന്നാണ്. അയാളോടു് ന്യായമായും ഇങ്ങനെ മറുപടി പറയാവുന്നതാണ്: 'അല്ലയോ എലെവുസിയൂസേ, അന്ത്യോക്യയിൽ സമ്മേളിച്ചവരെ താങ്കരം 'പിതാക്കന്മാർ' എന്നു വിളിക്കുന്നതു് എന്തു ന്യായം അനുസരിച്ചാണ്? അവരുടെയും പിതാക്കന്മാരായിരുന്നവരെ താങ്കരം അംഗീകരിക്കുന്നതായി തോന്നുന്നില്ലല്ലോ. ഹോമോഉസിയോൻ വിശ്വാസം അംഗീകരിച്ചു് നിഖ്യാ വിശ്വാസപ്രമാണത്തിനു രൂപം കൊടുത്തവർ ആണ് 'പിതാക്കന്മാർ' എന്ന സ്ഥാനത്തിനു് കൂടുതൽ അർഹതയുള്ളവർ. അവർ കാലത്തിൽ കൂടുതൽ പൂർവ്വികരായിരുന്നു; അന്ത്യോക്യയിൽ സമ്മേളിച്ചവർക്കു് വൈദികാഭിഷേകം നല്കിയതു് അവരാണു താനും. അന്ത്യോക്യയിൽ സമ്മേളിച്ചവർ അവരുടെ പിതാക്കന്മാരെ തള്ളിപ്പറയുന്നുവെങ്കിൽ അവരെ അനുഗമിക്കുന്നവർ യഥാർത്ഥത്തിൽ പിതൃഹന്താക്കളെയാണ് അനുഗമിക്കുന്നതു്. ആരുടെ വിശ്വാസം അബദ്ധവും അവിശുദ്ധവുമാണെന്നു് ഇവർ പറയുന്നുവോ അവരിൽ നിന്നു് സാധുവായ വൈദികത്വം ഇവക്കു് എങ്ങനെ ലഭിക്കും? നിഖ്യാസൂനഹദോസിൽ പങ്കെടുത്ത മെത്രാന്മാർ കൈവയ്പു വഴി പരിശുദ്ധാത്മാവിനെ സ്വീകരിച്ചവരല്ലെങ്കിൽ അവരിൽ നിന്നു കൈവയ്പു സ്വീകരിച്ച അന്ത്യോക്യാ സിനഡിലെ മെത്രാന്മാക്കു് യഥാർത്ഥ വൈദികത്വം ലഭിച്ചിട്ടുണ്ടോ? കൈമാറാൻ അധികാരമില്ലാത്തവരിൽനിന്നു് അവർക്കെങ്ങനെയാണ് അതു് കിട്ടിക്കാണുന്നതു്? ഇത്തരം ന്യായങ്ങരം എലെവുസിയൂസിൻെറ എതിർവാദങ്ങരംക്കു മറുപടിയായി ഉന്നയിക്കാവുന്നതായിരുന്നു.

www.malankaralibrary.com



കൗൺസിലംഗങ്ങാം പിന്നീട്ട മറ്റൊരു പ്രശ്നത്തിലേയ്ക്കു തിരിഞ്ഞു. അകാചിയൂസിന്റെ വിശ്വാസപ്രഖ്യാപനത്തിൽ 'പുത്രൻ പിതാവിന്നു സമാനനാണ്'' എന്നു പറഞ്ഞിരുന്നല്ലോ. ഈ സമാനത ഏതു വിഷയത്തിലാണ് എന്നതു തർക്കവിഷയമായി. സമാനത മനസ്സിന്റെ കാര്യത്തിൽ മാത്രമാണെന്നും സത്തയുടെ കാര്യത്തിലല്ലെന്നും[70] അകാചിയൻ വിഭാഗം വ്യക്തമാക്കി. എന്നാൽ മനസ്സിന്റെയും സത്തയുടെയും കാര്യത്തിൽ സമാനതയുണ്ട്"[71] എന്നതായിരുന്നു മററുള്ളവരുടെ അഭിപ്രായം. ഈ വിഷയത്തിലുള്ള തർക്കങ്ങളിൽ ആ ദിവസം മുഴവൻ കടന്നു പോയി. ''പുത്രൻ എല്ലാ കാര്യങ്ങളിലും പിതാവിന്നു തുല്യനാണ്'' എന്ന് അകാചിയൂസ് തന്നെ തന്റെ കൃതികളിൽ പറഞ്ഞിരിക്കുന്നതുപയോഗിച്ച് അവർ അയാളെ മടക്കി. അതിന്റെ അടിസ്ഥാനത്തിൽ എതിർപക്ഷക്കാർ ചോദിച്ചു: ''അങ്ങനെ പറഞ്ഞിട്ട് ഇപ്പോഠം പിതാവും പുത്രനും തമ്മിൽ സത്തയിലുള്ള സാമ്യം നിഷേധിക്കുന്നതെന്ത്?'' ഇതിന്ന് അകാചിയൂസ് മറുപടി പറഞ്ഞു: ''ഒരു ഗ്രന്ഥകർത്താവും, അയാഠം പ്രാചീനനാകട്ടെ, ആധുനികനാകട്ടെ, അയാളുടെ ലിഖിതങ്ങളുടെ പേരിൽ കുററം വിധിക്കപ്പെട്ടിട്ടില്ല.'' ഈ വിധത്തിലുള്ള തർക്കങ്ങാം വളരെ മുഷിപ്പനായി മുന്നോട്ടു നീങ്ങി. വളരെ വാക്പാരുഷ്യത്തോടുകൂടി തലനാരിഴ കീറുന്ന വിധത്തിൽ വാദപ്രതിവാദങ്ങാം നടന്നു. അഭിപ്രായൈക്യത്തിലെത്താനുള്ള താല്പര്യം ആരും കാട്ടിയില്ല. അതിനാൽ ലെയോണാസ് എഴുന്നേററ് കൗൺസിൽ പിരിച്ചു വിട്ടിരിക്കുന്നതായി പ്രഖ്യാപിച്ചു. സെലൂഷ്യൻ സിനഡിന്റെ അന്ത്യം ഇപ്രകാരമായിരുന്നു.

അടുത്ത ദിവസം സമ്മേളനം തുടരുന്നതിന്നു സഹായിക്കാൻ മെത്രാന്മാർ അഭ്യർത്ഥിച്ചിട്ട് ലെയോണാസ് വഴങ്ങിയില്ല. അയാഠം പറഞ്ഞു, ''ഐക്യബോധം നിലനില്ക്കും എന്നു പ്രതീക്ഷിക്കപ്പെട്ട ഒരു കൗൺസിലിൽ പങ്കെടുക്കാനാണ് ചക്രവത്തി എന്നെ നിയോഗിച്ചതു്. നിങ്ങാംക്കു യാതൊരു വിധത്തിലുമുള്ള പരസ്പരധാരണയിൽ എത്താൻ കഴിയാത്തതുകൊണ്ടു് എനിക്കിനി നിങ്ങളുടെ സമ്മേളനത്തിൽ സംബന്ധിക്കാൻ സാദ്ധ്യമല്ല. നിങ്ങാംക്കു വേണമെങ്കിൽ ഇനിയും ആ പള്ളിയിൽ ചെന്നിരുന്നു് അർത്ഥമില്ലാത്ത വാചകക്കസർത്തുകാം തുടർന്നുകൊള്ളുക.''

---

70. not his substance or essence.

71. likeness

www.malankaralibrary.com



ലെയോണാസിൻെറ ഈ തീരുമാനം അകാചിയൻ പക്ഷക്കാർക്ക് വളരെ ഉപകാരപ്രദമായിത്തോന്നി. സമ്മേളനത്തിൽ നിന്നു വിട്ടുനിൽക്കാൻ അവർ തീരുമാനിച്ചു. മറുപക്ഷക്കാർ പള്ളിയിൽ സമ്മേളനം തുടർന്നു. ജറുസലേം മെത്രാനായ സിറിലിൻെറ പേരിലുള്ള ആരോപണങ്ങളെക്കുറിച്ചു വിചാരണ നടത്തേണ്ട ആവശ്യമുണ്ട് എന്നു പറഞ്ഞ് അവർ അകാചിയുസിൻെറ പക്ഷക്കാരെ ക്ഷണിച്ചു. ആ മെത്രാൻെറ പേരിൽ കുററാരോപണം നേരത്തേ ഉണ്ടായതാണ്. അതിൻെറ അടിസ്ഥാനം എന്താണെന്ന് എനിക്കു നിശ്ചയമില്ല. ആരോപണം സംബന്ധിച്ച വിശദീകരണം കൊടുക്കാൻ തയാറാകാതെ അയാറം രണ്ടുകൊല്ലം ഒളിച്ചുനടന്നു. അതു കാരണമായി അയാറം സ്ഥാനഭ്രഷ്ടനാക്കപ്പെടുകയും ചെയ്തു. എന്നാലും സ്ഥാനഭ്രഷ്ടനാക്കപ്പെട്ടുകഴിഞ്ഞപ്പോറം, തന്നെ കുററംവിധിച്ചവക്ക് അയാറം ലിഖിതമായ ഒരു രേഖ അയച്ചുകൊടുത്തു. താൻ മേലധികാര സ്ഥാനത്ത് അപ്പീൽ കൊടുക്കുമെന്ന് അതിൽ പറഞ്ഞിരുന്നു. ഈ അപ്പീലിന് കോൺസ്റ്റാൻസ്യുസ് ചക്രവർത്തി അനുമതി നൽകുകയും ചെയ്തു. ഇപ്രകാരം സഭാകാര്യങ്ങളിൽ ഒരപ്പീലിനു മുതിർന്ന ആദ്യത്തെ വൈദികൻ സിറിലായിരുന്നു. അതുവരെ മററൊരാളും അങ്ങനെ ചെയ്യാൻ മുതിർന്നിട്ടുമില്ല.

വിസ്താരത്തിനു വിധേയനാകാൻ തയാറായി ഈ സിറിൽ സെലൂഷ്യായിൽ എത്തിയിരുന്നു. അതുകൊണ്ടുക്കൂടെയാണ് മററു മെത്രാന്മാർ അകാചിയൻ കക്ഷിക്കാരെ കൗൺസിലിൽ പങ്കെടുക്കാൻ പ്രത്യേകം ക്ഷണിച്ചത്. ആരോപണവിധേയരായ ആളുകളെ എല്ലാവരും ചേർന്ന് ഒരു സംഘത്തിൽ വച്ചു വിസ്തരിച്ചിട്ട് അവരുടെ പേരിൽ തീരുമാനങ്ങറം സ്വീകരിക്കുന്നതായിരിക്കുമെല്ലോ ഏററവും യുക്തം. ആരോപണവിധേയരായ മററാളുകളും കൗൺസിൽ മുമ്പാകെ ഹാജരാകാൻ ക്ഷണിക്കപ്പെട്ടു. അവരെല്ലാം തന്നെ സംരക്ഷണത്തിനുവേണ്ടി അകാചിയൻ കക്ഷിക്കാരുടെ പക്കൽ അഭയം തേടിയിരുന്നവരാണ്. പക്ഷേ, വീണ്ടും വീണ്ടും ക്ഷണിച്ചിട്ടും ഹാജരാകാൻ അവരെല്ലാം വിസമ്മതിച്ചതിനാൽ കൗൺസിൽ യോഗത്തിൽ തുടർന്നു സംബന്ധിച്ച മെത്രാന്മാർ താഴെപറയുന്നവരെ സ്ഥാനഭ്രഷ്ടരാക്കി: അകാചിയുസ്, അലക്സാൺഡ്രിയായിലെ ജോർജ്ജ്, ടയറിലെ യുറാനിയസ്, ഫ്രീജിയായിലുള്ള ചേറെതാപിയിലെ തിയോഡുളുസ്, ലിദിയായിലുള്ള ഫിലാഡെൽഫിയായിലെ തിയൊഡോഷ്യസ്, മിററിലീൻ ദ്വീപിലെ എവാഗ്രിയസ്, ലിദിയായിലുള്ള ട്രിപ്പോലിസിലെ ലെയോൺഷ്യസ്, മുമ്പ് ജർമ്മനീഷ്യയിലെ മെത്രാനായിരുന്ന എവുഡോക്സിയുസ്. ഇയാറം പിന്നീട് സിറിയായിലുള്ള അന്ത്യോക്യയിലെ മെത്രാൻ

www.malankaralibrary.com



സ്ഥാനത്തു കയറിപ്പററിയിരുന്ന ധൃഷ്ടതയുടെ പേരിൽ പത്രോഫീലൂസും സ്ഥാനഭ്രഷ്ടനാക്കപ്പെട്ടു. കാരണം ഡൊറോതേവൂസ് എന്നൊരു വൈദികൻ ഉന്നയിച്ച കുററാരോപണത്തെ സംബന്ധിച്ച വിസ്താരം നടത്താൻ കൗൺസിൽ ആവശ്യപ്പെട്ടിട്ട് അയാറം ഹാജരായില്ല. അസ്റ്റേരിയൂസ്, എവുഭസബിയസ്, അബ്ഗാത്രൂസ്, ബസിലിക്കസ്, ഫേബൂസ്, ഫിദേലിസ്, എവുത്തീക്കിയൂസ്, മാഗ്നുസ്, എവുസ്താത്തിയൂസ് എന്നിവരെയും കൗൺസിൽ സഭാഭ്രഷ്ടരാക്കി. അവരുടെ പേരിൽ ഉന്നീതമായിട്ടുള്ള കുററാരോപണങ്ങറാക്കു തൃപ്തികരമായ വിശദീകരണങ്ങറാം ഹാജരാക്കുന്നതുവരെ അവരെ സഭൈക്യത്തിലേയ്ക്കു വീണ്ടും സ്വീകരിക്കരുത് എന്നതായിരുന്നു തീരുമാനം. സ്ഥാനത്തുനിന്നു നീക്കം ചെയ്യപ്പെട്ട മെത്രാന്മാരുടെ സഭകളിലേയ്ക്കു കൗൺസിൽ വിശദീകരണക്കത്തുകറാം അയച്ചു.

നീക്കം ചെയ്യപ്പെട്ട എവുഡോക്സിയൂസിൻെറ സ്ഥാനത്തേയ്ക്കു കൗൺസിൽ മെത്രാന്മാർ അനിയാനൂസിനെ വാഴിച്ചു. എന്നാൽ അകാചിയൻ വിഭാഗക്കാർ താമസിയാതെ അദ്ദേഹത്തെ പിടികൂടി ലെയോണാസിൻെറയും ലൗറിഷ്യസിൻെറയും കയ്യിൽ ഏല്പിച്ചു; അവർ അദ്ദേഹത്തെ നാടുകടത്തുകയും ചെയ്തു. അദ്ദേഹത്തെ വാഴിച്ച മെത്രാന്മാർ ഇതുമൂലം ക്ഷുഭിതരായിത്തീർന്നു. അവർ സിനഡിൻെറ തീരുമാനങ്ങളെ പരസ്യമായി ലംഘിച്ചതിൻെറ പേരിൽ ലെയൊണാസിൻെറയും ലൗറിഷ്യസിൻെറയും പക്കൽ പരാതി കൊടുത്തു. അതുകൊണ്ടു ഒരു പ്രയോജനവും ഉണ്ടാകുന്നില്ലെന്നു കണ്ടു, വിവരങ്ങറാം ചക്രവർത്തിയെ വിശദമായി ബോദ്ധ്യപ്പെടുത്തുവാനായി അവർ കോൺസ്റ്റാൻറിനോപ്പിളിലേയ്ക്കു തിരിച്ചു.

## അധ്യായം 41

# കോൺസ്റ്റാൻറിനോപ്പിറാ സിനഡ്

ചക്രവത്തി പാശ്ചാത്യദേശത്തുനിന്നു കോൺസ്റ്റാൻറിനോപ്പിളിൽ തിരിച്ചെത്തി. കോൺസ്ററാൻറിനോപ്പിളിൽ പ്രോകോൺസുറാം എന്ന സ്ഥാനം നിർത്തൽ ചെയ്തിട്ട് ഹോണൊറാത്തുസ് എന്നയാളിനെ പ്രീഫെക്ടയി നിയമിച്ചു. അകാചിയൻ പക്ഷക്കാരായ മെത്രാന്മാർ എതിരാളികളായ മെത്രാന്മാരേക്കാറം നേരത്തേ കോൺസ്ററാൻറിനോപ്പിളിൽ

www.malankaralibrary.com



എത്തിയിരുന്നു. അവർ എതിരാളികളെക്കുറിച്ച് ചക്രവർത്തിയെ വേണ്ടത്ര തെററിദ്ധരിപ്പിച്ചു. അവരുണ്ടാക്കിയ വിശ്വാസപ്രമാണം അംഗീകരിക്കരുതെന്ന് ഉദ്ബോധിപ്പിക്കുകയും ചെയ്തു. അവരുടെ വാക്കുകൾ മുഖവിലയ്ക്കെടുത്തുകൊണ്ട് മറുപക്ഷക്കാരെ പിരിച്ചുവിടാൻ ചക്രവർത്തി തീരുമാനിച്ചു. രാജ്യത്തിലെ ഔദ്യോഗികചുമതലകൾ വഹിക്കുന്ന മെത്രാന്മാർ ഉടൻതന്നെ ചെന്ന് ആ ചുമതലകളിൽ ഏർപ്പെട്ടുകൊള്ളണമെന്ന് അയാൾ കല്പന പുറപ്പെടുവിച്ചു. മെത്രാന്മാരിൽ പലരും നഗരഭരണം സംബന്ധിച്ചുള്ളതും പ്രോവിൻസുകളിലെ പ്രസിഡൻറുമാരെയും ഗവർണ്ണർമാരെയും സഹായിക്കുന്നതുമായ ഉദ്യോഗങ്ങൾ വഹിച്ചിരുന്നു. അവരെയങ്ങനെ ഭീഷണിപ്പെടുത്തി പറഞ്ഞയച്ചുകഴിഞ്ഞപ്പോൾ അകാചിയൻ പക്ഷക്കാർ കോൺസ്റ്റാൻറിനോപ്പിളിൽ താവളമടിച്ചു മറെറാരു സിനഡു നടത്തി. അമ്പതു പേരോളം അവിടെ സമ്മേളിച്ചു. ബിതീനിയായിലെ മെത്രാന്മാരെയെല്ലാം ക്ഷണിച്ചിരുന്നു. കാൽസിഡോണിലെ മെത്രാനായ മാരിസും സംബന്ധിച്ചു. റിമിനിയിൽ വായിച്ചതും ആമുഖത്തിൽ കോൺസുൾമാരുടെ പേരു ചേർത്തിരുന്നതുമായ വിശ്വാസപ്രമാണം അവർ സ്ഥിരീകരിച്ചു.[72] ആ വിശ്വാസപ്രമാണത്തിൽ അവർ ചില മാററങ്ങളും കൂട്ടിച്ചേർക്കലുകളും നടത്തിയതുകൊണ്ട് അതു് ഇവിടെ പകർത്തേണ്ടി വന്നിരിക്കുന്നു:[73]

''സർവ്വശക്തിയുള്ള പിതാവായ ഏകദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു. സകല വസ്തുക്കളും തന്നിൽനിന്നാകുന്നു. ദൈവത്തിൻെറ ഏകജാതനായ പുത്രനിലും ഞങ്ങൾ വിശ്വസിക്കുന്നു. എല്ലാ യുഗങ്ങൾക്കും എല്ലാ ആരംഭങ്ങൾക്കും മുമ്പ് അവിടുന്നു ജനിപ്പിക്കപ്പെട്ടു. ദൃശ്യവും അദൃശ്യവുമായ സകലതും അവനിലൂടെ അസ്തിത്വത്തിലെത്തി. അവൻ ജനിച്ചവനും ഏകജാതനും പിതാവിൽനിന്നു മാത്രമുള്ള ഏകനും ദൈവത്തിൽ നിന്നുള്ള ദൈവവും തന്നെ ജനിപ്പിച്ച പിതാവിനോടു് തിരുലിഖിതപ്രകാരം സമനും ആകുന്നു. തന്നെ ജനിപ്പിച്ച പിതാവല്ലാതെ തൻെറ ജനനരീതി ആരും അറിയുന്നില്ല. ദൈവത്തിൻെറ ഈ ഏകജാതൻ പിതാവിനാൽ അയയ്ക്കപ്പെട്ടു് എഴുതപ്പെട്ടിരിക്കുന്നതുപോലെ പാപത്തിൻെറയും മരണത്തിൻെറയും നാശത്തിനുവേണ്ടി സ്വർഗ്ഗത്തിൽനിന്നിറങ്ങി എന്നു നാം അറിയുന്നു. എഴുതപ്പെട്ടിരിക്കുന്നതനുസരിച്ച് പരിശുദ്ധാത്മാവി

---

72. 2:37
73. അത്തനാസ്യോസ്, അതേകൃതി, 30; J. N. D. Kelly, *op. cit.* 293-4.

www.malankaralibrary.com



നാൽ കന്യകാമറിയത്തിൽനിന്നു ശരീരത്തിനടുത്ത വിധത്തിൽ ജനിച്ചു. അവിടുന്നു തന്റെ ശിഷ്യരോടു സംസാരിച്ചു. പിതാവിന്റെ അഭീഷ്ടമനുസരിച്ച് എല്ലാ വ്യാപാരങ്ങളും പൂർത്തിയാക്കിയശേഷം അവിടുന്നു ക്രൂശിക്കപ്പെട്ടു മരിച്ചു, സംസ്കരിക്കപ്പെട്ടു; അധോഭാഗത്തേക്കു് ഇറങ്ങി. അവിടുത്തെ സാന്നിദ്ധ്യത്തിൽ പാതാളം ഞെട്ടിവിറച്ചു. അവിടുന്നു് മൂന്നാം ദിവസം മരിച്ചവരിൽനിന്നു് ഉയിർത്തെഴുന്നേററു. ശിഷ്യരോടുകൂടെ വ്യാപരിച്ചു. നാല്പതു ദിവസങ്ങൾക്കുശേഷം സ്വർഗ്ഗത്തിലേയ്ക്കു് എടുക്കപ്പെട്ടു് പിതാവിന്റെ വലത്തുഭാഗത്തിരിക്കുന്നു. പുനരുത്ഥാനത്തിന്റേതായ അന്ത്യദിവസം എല്ലാവരെയും അവരുടെ കർമ്മങ്ങൾ അനുസരിച്ചു വിധിക്കുന്നതിനു് പിതാവിന്റെ മഹത്വത്തിൽ അവിടുന്നു വീണ്ടും വരും.

പരിശുദ്ധാത്മാവിലും ഞങ്ങൾ വിശ്വസിക്കുന്നു. ദൈവത്തിന്റെ ഏകജാതനും നമ്മുടെ കർത്താവും ദൈവവുമായ ക്രിസ്തുതന്നെ, ആശ്വാസദായകനായി മനുഷ്യവർഗ്ഗത്തിന്മേൽ അവനെ അയയ്ക്കാമെന്നു വാഗ്ദാനം ചെയ്തു. എഴുതപ്പെട്ടിരിക്കുന്നതുപോലെ അവിടുന്നു് സത്യത്തിന്റെ ആത്മാവാകുന്നു. അവൻ സ്വർഗ്ഗത്തിലേക്കു് ആരോഹണം ചെയ്തപ്പോൾ അവനെ അവർക്കയച്ചു കൊടുത്തു.

വളരെ ലളിതമായി പിതാക്കന്മാർ ഉപയോഗിച്ച 'സത്ത' എന്ന പദം ആളുകൾക്കു് സുജ്ഞാതമല്ലാതിരുന്നതിനാൽ ഇടർച്ചയ്ക്കിടയായി ആ വാക്കു് വി. ലിഖിതങ്ങളിൽ ഇല്ലാത്തതിനാൽ അതു നീക്കിക്കളയാൻ ഞങ്ങൾ തീരുമാനിക്കുന്നു. പിതാവിന്റെയും പുത്രന്റെയും സത്തയെക്കുറിച്ചു് വി. ലിഖിതങ്ങളിൽ ഒരു പരാമർശവും ഇല്ലാത്തതിനാൽ ഭാവിയിൽ അതിനെക്കുറിച്ചു് യാതൊരു പരാമർശവും ഉണ്ടാകരുതു്. പിതാവിനെയും പുത്രനെയും പരിശുദ്ധാത്മാവിനെയും കുറിക്കാൻ ഹൃപ്പൊസ്ററസിസ് എന്നും പറയാൻ പാടില്ല. എന്നാൽ വി. ലിഖിതങ്ങളിൽ കാണുന്നതനുസരിച്ചു് പുത്രൻ പിതാവിനു സമാനനാണെന്നു് ഞങ്ങൾ ഉറപ്പിച്ചു പ്രഖ്യാപിക്കുന്നു. ഇതുവരെ ശപിക്കപ്പെട്ടിട്ടുള്ളതും ഈ വിശ്വാസപ്രഖ്യാപനത്തിനു വിരുദ്ധമായി ഭാവിയിൽ ഉണ്ടാകാനിടയുള്ളതുമായ എല്ലാ പാഷണ്ഡതകളും ശപിക്കപ്പെട്ടതാകട്ടെ'' [74].

---

74: ഹോമോയൻ വിഭാഗക്കാരുടേതായിരുന്നു ഈ വിശ്വാസപ്രമാണം. അനോമയരെയും ഹോമോഉസിയരെയും (ഹോമോയ്ഉസിയരെയും) യോജിപ്പിച്ചുകൊണ്ടുപോകാനുള്ള ശ്രമമാണിവിടെ കാണുക. സിർമിയത്തെ തീയതി കുറിച്ച വിശ്വാസപ്രമാണം (dated creed) തന്നെയാണിതു്. അതുതന്നെയാണ് നിക്കെയിലെ (Nike) വിശ്വാസപ്രമാണവും. അതിലല്പസ്വല്പം വ്യത്യാസം വരുത്തി എന്നു മാത്രം.

www.malankaralibrary.com



ഈ കാര്യങ്ങൾ അന്ന് കോൺസ്റ്റാൻറിനോപ്പിളിൽവച്ച് അംഗീകരിക്കപ്പെട്ടു. പലതരം വിശ്വാസപ്രമാണങ്ങളുടെ ഊടുവഴികളിൽകൂടെ നാം ദീർഘദൂരം സഞ്ചരിച്ചുകഴിഞ്ഞല്ലോ. ഇപ്പോൾ നമുക്കവയുടെ കണക്കെടുക്കാം. ആദ്യമായി ഒന്ന് നിഖ്യായിൽവച്ചു രൂപീകൃതമായി. പിന്നീട് രണ്ടെണ്ണം അന്ത്യോക്യയിൽ വച്ച് അവിടുത്തെ ദേവാലയത്തിൻെറ സമർപ്പണസന്ദർഭത്തിൽ രൂപംകൊണ്ടു.[75] മൂന്നാമതൊന്നു ഗാൾ പ്രദേശത്തുവച്ച് കോൺസ്ററൻസ് ചക്രവർത്തിക്കു നർചീസും സഹകാരികളും ചേർന്ന് സമർപ്പിച്ചു.[76] നാലാമത്തേതു് എവുഡോക്സിയൂസ് ഇററലിയിലേക്ക് അയച്ചതാണ്.[77] സിർമിയത്തിൽ വച്ച് വിശ്വാസപ്രമാണത്തിൻെറ മൂന്നു രൂപങ്ങൾ പ്രസിദ്ധീകൃതങ്ങളായി. കോൺസുൾമാരുടെ പേരുകൾ ആമുഖത്തിൽ ചേർത്തതായ അവയിലൊന്ന് റിമിനിയിൽ വായിക്കപ്പെട്ടു.[78] അകാചിയൻകക്ഷി സെലൂഷ്യായിൽ വച്ച് എട്ടാമതൊന്നിനു രൂപം കൊടുത്തു.[79] അവസാനത്തേതു കോൺസ്റ്റാൻറിനോപ്പിളിലേതായിരുന്നു. ദൈവത്തോടു ബന്ധപ്പെടുത്തി ''സത്ത'' എന്ന വാക്കുപയോഗിക്കരുതെന്ന വിലക്ക് ഉൾക്കൊള്ളുന്നതായിരുന്നു അതു്. ഗോത്തുകളുടെ മെത്രാനായ ഉൾഫിലാസ് ആദ്യം നിഖ്യാവിശ്വാസപ്രമാണത്തിൻെറ പക്ഷത്തായിരുന്നുവെങ്കിലും പിന്നീട് ഇതിനെ അനുകൂലിച്ചു. ഉൾഫിലാസ് ഗോത്തുകളുടെ മെത്രാനായിരുന്ന തെയോഫിലസിൻെറ ശിഷ്യനായിരുന്നു. തെയോഫിലസ് നിഖ്യാസൂനഹദോസിൽ പങ്കെടുത്തു് അതിലെ തീരുമാനങ്ങളിൽ ഒപ്പുവച്ച ആളാണ്. ഈ വിഷയം സംബന്ധിച്ച് ഇത്രയുംമതി.

---

75. 2:10

76. 2:18

77. 2:19

78. 2:30.37

79. 2:41

www.malankaralibrary.com



## അധ്യായം 42

# സ്ഥാനഭ്രഷ്ടരാക്കപ്പെട്ട മെത്രാന്മാർ

അകാചിയുസിനും എവുഡോക്സിയസിനും കോൺസ്റ്റാൻറിനോപ്പിളിൽ അവരോടു സഹകരിച്ചവക്കും വലുതായ ഒരാഗ്രഹമുണ്ടായി -- എതിരാളികൾ അവരുടെ കൂട്ടത്തിലെ ചിലരെ സ്ഥാനഭ്രഷ്ടരാക്കിയതുപോലെ അവക്കും എതിരാളികളായ ചിലരെ സ്ഥാനഭ്രഷ്ടരാക്കണം. ഇവിടെ ഒരു കാര്യം നാം ശ്രദ്ധിക്കേണ്ടതുണ്ട്. സ്ഥാനഭ്രഷ്ടരാക്കാനും മററുമുള്ള ഉദ്യമങ്ങളിൽ രണ്ടുപക്ഷക്കാക്കും പ്രേരകമായിരുന്നതു് മതപരമായ വിശ്വാസങ്ങളായിരുന്നില്ല, മററു പരിഗണനകളായിരുന്നു. വിശ്വാസം സംബന്ധിച്ചു് അവർ യോജിച്ചിരുന്നില്ലെങ്കിലും പ്രബോധനത്തിലുള്ള തെററുകളല്ല പരസ്പരമുള്ള സ്ഥാനഭ്രഷ്ടിനു് അടിസ്ഥാനമായിരുന്നതു്. ചക്രവത്തിക്കു ചില ആളുകളോടുണ്ടായിരുന്ന അതൃപ്തിയിൽ നിന്നു മുതലെടുക്കാൻ അകാചിയൻ കക്ഷിക്കാർ ശ്രമിച്ചു. ചക്രവത്തിക്കു് ഏററവും അധികം അമർഷമുണ്ടായിരുന്നതു മാസിഡോണിയസിനോടാണ്. അതുകൊണ്ടു് അയാളെ ആദ്യം സ്ഥാനഭ്രഷ്ടനാക്കി. അയാൾ അനേകം കൊലപാതകങ്ങൾ ചെയ്യിച്ചിരുന്നു. വ്യഭിചാരിയായ ഒരു ഡീക്കനെ സഭൈക്യത്തിലേക്കു സ്വീകരിച്ചു എന്നതും അയാളുടെ പേരിലുള്ള കുററമായിരുന്നു. അകാചിയൻ പക്ഷക്കാർ പിന്നീടു സ്ഥാനത്തുനിന്നു നീക്കിയതു് സിസിക്കുസ് മെത്രാനായ എലെവുസിയുസിനെയാണ്. ടയറിൽ ഹെർക്കുലീസിൻെറ പുരോഹിതനായിരുന്ന ഹെറാക്ലിയസ് എന്നയാളെ സ്നാനപ്പെടുത്തുക മാത്രമല്ല, ഡീക്കൻ സ്ഥാനം നൽകുകയും ചെയ്തു എന്നതായിരുന്നു അയാളുടെ പേരിലുള്ള ആരോപണം. പ്രസ്തുത ഹെറാക്ലിയസ് മന്ത്രവാദം ചെയ്തിരുന്നയാളാണ്. മർസെല്ലുസിനുപകരം അൻസീറായിലെ മെത്രാനായി നിയോഗിക്കപ്പെട്ട ബേസിലിനെതിരായും ഇതുപോലൊരു നീക്കം ചെയ്യൽ കല്പന അവർ പുറപ്പെടുവിച്ചു. ഒരു വ്യക്തിയെ അന്യായമായി തടവിലാക്കുകയും അയാളെ ചങ്ങലകൾകൊണ്ടു ഭാരപ്പെടുത്തുകയും പീഡിപ്പിക്കുകയും ചെയ്തുവെന്നും ചില വ്യക്തികളുടെ പേരിൽ അപവാദപ്രചാരണം നടത്തിയെന്നും ഉള്ളതായിരുന്നു ബേസിലിൻെറ പേരിലുള്ള കുററങ്ങൾ. ആ മെത്രാൻ തൻെറ ലേഖനങ്ങൾവഴി ആഫ്രിക്കയിലെ സഭകൾക്കു് ഉത്പ

www.malankaralibrary.com



ണ്ടാക്കി എന്നും ആരോപിക്കപ്പെട്ടു. ഡ്രാക്കോൺസ്യൂസ് മെത്രാനും ഇതുപോലെ നീക്കം ചെയ്യപ്പെട്ടു. ഗലാത്തിയായി ലെ സഭയെ വിട്ട് പെർഗാമോസിലെ സഭയിലേക്കുപോയി എന്നതാണ് അതിനു കാരണമായി പറയപ്പെട്ട ന്യായം. ഇതു പോലെ ഓരോരോ കാരണങ്ങൾ പറഞ്ഞു്, സിനഡു നടന്ന സെലൂഷ്യായിലെ മെത്രാനായ നെയോനാസിനെയും പഫ്ലഗോണിയായിലുള്ള പോംപെയോപോലീസിലെ മെത്രാനായ സൊഫ്രോണിയൂസിനെയും സതാലായിലെ എൽപ്പീദിയൂസിനെയും ജറുസലേമിലെ സിറിലിനെയും വേറെ പലരെയും അവർ സ്ഥാനഭ്രഷ്ടരാക്കി.

## അധ്യായം 43

## സെബസ്തിയായിലെ എവുസ്താത്യോസ്

അർമേനിയായിലുള്ള സെബസ്തിയായിലെ മെത്രാനായിരുന്ന എവുസ്താത്യോസിനു തന്റെ ഭാഗം വിശദീകരിക്കാൻ ഒരു സന്ദർഭം പോലും നൽകപ്പെട്ടില്ല. കാരണം അയാളെ സ്വന്തം പിതാവായ എവുലാലിയോസ് തന്നെ നേരത്തെ സ്ഥാനഭ്രഷ്ടനാക്കിയിരുന്നതാണ്. എവുലാലിയോസ് കപ്പദോഷ്യായിലെ കൈസറിയായിൽ മെത്രാനായിരുന്നു. തന്റെ മകൻ വൈദികർക്കു ചേരാത്തവിധത്തിലുള്ള വസ്ത്രം ധരിച്ചു എന്നതിന്റെ പേരിലാണ് എവുലാലിയോസ് സ്വപുത്രനെ സ്ഥാനഭ്രഷ്ടനാക്കിയതു്. എവുസ്താത്യോസിന്റെ പിൻഗാമിയായി മെലേഷ്യസ് നിയമിക്കപ്പെട്ടു. അയാളെക്കുറിച്ചു പിന്നീടു പറയാം. പിന്നീട് പഫ്ലഗോണിയായിലെ ഗാൻഗ്രായിൽവച്ചു് എവുസ്താത്യോസിനെപ്രതി കൂടിയ ഒരു സിനഡ് അയാളെ കുററം വിധിക്കുകയും ചെയ്തു. കൈസറിയായിലെ കൗൺസിലിൽ വച്ചു് സ്ഥാനഭ്രഷ്ടനായതിനുശേഷം സഭാകാനോനാകൾക്കു ചേരാത്ത പല കാര്യങ്ങളും അയാൾ ചെയ്തതുകൊണ്ടാണ് അങ്ങനെ വേണ്ടിവന്നതു്. അയാൾ വിവാഹം 'നിഷിദ്ധ'മാക്കി. മാംസം കഴിക്കാതെ ജീവിക്കണം എന്നു പഠിപ്പിച്ചു. പലരെയും സ്വന്തം ഭാര്യമാരിൽനിന്നകററി. പള്ളികളിൽ സമ്മേളിക്കാൻ ഇഷ്ടമില്ലാത്തവരെ സ്വഭവനങ്ങളിൽ മതകർമ്മങ്ങൾ നടത്താൻ പ്രോത്സാഹിപ്പിച്ചു. ഭക്തിയുടെ പേരിൽ ദാസന്മാരെ യജമാനന്മാരിൽനിന്നകററി.

www.malankaralibrary.com



അയാരം ദാർശനികൻെറ വസ്ത്രം ധരിച്ചുനടന്നു. അനുയായികളെ വിചിത്രമായ വസ്ത്രം ധരിക്കാൻ പ്രേരിപ്പിച്ചു. സ്ത്രീകരം തലമുടി വളർത്തരുതെന്നു നിർദ്ദേശിച്ചു. നിർദ്ദിഷ്ടമായ ഉപവാസദിനങ്ങരം വേണ്ട എന്നു വയ്ക്കാനും ഞായറാഴ്ചകരം ഉപവാസദിനങ്ങളാക്കാനും അയാരം പ്രേരിപ്പിച്ചു. വിവാഹിതരുടെ വീടുകളിൽവച്ചു പ്രാർത്ഥന നടത്തുന്നതുതന്നെ നിരുത്സാഹപ്പെടുത്തി. ഭാര്യയോടൊത്തു ജീവിക്കുന്ന വൈദികൻ നൽകുന്ന ആശീർവ്വാദവും കർബാനയും സ്വീകരിക്കുന്നതു പാപകരമാണെന്നു് അയാരം പഠിപ്പിച്ചു. അവൈദികനായിരിക്കുന്ന കാലത്തു നിയമാനുസൃതം വിവാഹം ചെയ്തയാരം വൈദികനാകുമ്പോരം അതു മ്ലേച്ഛതയായി കരുതി ഭാര്യയെ ഉപേക്ഷിക്കണമെന്നതായിരുന്നു അയാളുടെ തത്വം. ഇതുപോലെ വിചിത്രമായ പല കാര്യങ്ങളും അയാരം പഠിപ്പിക്കുകയും പ്രവർത്തിക്കുകയും ചെയ്തു. അതുകൊണ്ടാണ്, നേരത്തേ പറഞ്ഞതുപോലെ, ഗാൻഗ്രായിൽ സമ്മേളിച്ച സിനഡ് അയാളെ സ്ഥാനഭ്രഷ്ടനാക്കിയതും അയാളുടെ പഠനങ്ങളെ ശപിച്ചതും. ആ സംഭവം നടന്നതു പിന്നീടാണ്[30].

മാസിഡോണിയസിനെ കോൺസ്റ്റാൻറിനോപ്പിളിലെ മെത്രാസനത്തിൽനിന്നു നീക്കിയപ്പോരം അകാചിയൻ കക്ഷിക്കാർ അന്ത്യോക്യയിലെ മെത്രാനായിരുന്ന എവുഡോക്സിയുസിനെ അങ്ങോട്ടു മാററി നിയമിച്ചു. അന്ത്യോക്യാ മെത്രാസനത്തിനു പ്രാധാന്യം പോരായ്കയാണെന്ന വിചാരമുണ്ടായിരുന്നു അയാരംക്കു്. അകാചിയൻ കക്ഷിക്കാരുടെ ഈ പ്രവൃത്തി അവരുടെ തന്നെ മുൻ നടപടികരംക്കു വിരുദ്ധമത്രേ. കാരണം, ഗലാത്യായിൽനിന്നു പെർഗാമോസിലേക്കു സ്ഥാനം മാറിയതിൻെറ പേരിൽ ഡ്രാക്കോൺസ്യുസിനെ അവർ പുറത്താക്കിയതാണ്.

ഇതിനുശേഷം അകാചിയൻ കക്ഷിക്കാർ അവരുടെ വിശ്വാസപ്രമാണത്തിൻെറ ഒരു പരിഷ്കരിച്ച പതിപ്പു തയാറാക്കി റിമിനിയിലേക്കു് അയച്ചുകൊടുത്തു. അതിൽ ഒപ്പു വയ്ക്കാൻ കൂട്ടാക്കാത്തവരെ ചക്രവർത്തിയുടെ കല്പനയനുസരിച്ചു നാടുകടത്തും എന്നു് അറിയിപ്പും കൊടുത്തു. തങ്ങളോടു് അനുകൂലാഭിപ്രായമുള്ള പൗരസ്ത്യമെത്രാന്മാരെ എല്ലാവരെയും അവർ ഇക്കാര്യങ്ങരം എഴുതി അറിയിച്ചു. ഷിത്തോപ്പൊലീസിലെ

30. ജി.ചേടിയത്തു്, ആദിമസഭാപിതാക്കൻമാർ, കോട്ടയം, 1983, പേ. 373-5.

www.malankaralibrary.com



മെത്രാനായിരുന്ന പത്രോഫീലൂസിനെ ഇക്കാര്യങ്ങളെല്ലാം പ്രത്യേകമായി അറിയിച്ചു. അയാൾ സെലൂഷ്യായിൽ നിന്നു് നേരേ തന്റെ നഗരത്തിലേക്കു പോയിരുന്നു.

എവുഡോക്സിയുസ് കോൺസ്റ്റാൻറിനോപ്പിളിലെ മെത്രാനായി നിയമിക്കപ്പെട്ടതിനടുത്തകാലത്താണ് ആ നഗരത്തിലെ സോഫിയാ എന്ന വിശ്രുതദേവാലയത്തിന്റെ കൂദാശാകർമ്മം നടന്നതു്[81]. കോൺസ്റ്റാൻസ്യൂസ് പത്താം തവണയും ജൂലിയൻ സീസർ മൂന്നാം തവണയും കോൺസൂൾമാരായിരുന്ന വർഷം ഫെബ്രുവരി 15-ാം തീയതി ആ സംഭവം നടന്നു[82]. കോൺസ്റ്റാൻറിനോപ്പിൾ മെത്രാനായി സ്ഥാനാരോഹണം ചെയ്ത സന്ദർഭത്തിലാണ് പിൽക്കാലത്തു് വളരെ പ്രസിദ്ധമായിത്തീർന്ന ആ ഒരു വാക്യം അയാൾ ഉച്ചരിച്ചതു്. അയാൾ പറഞ്ഞു, ''പിതാവായ ദൈവം ഭക്തിയില്ലാത്തവനും പുത്രനായ ദൈവം ഭക്തിയുള്ളവനുമാകുന്നു''. ഈ പ്രസ്താവന കേട്ട് പള്ളിയിൽ സമ്മേളിച്ചിരുന്നവരാകെ അമ്പരക്കുകയും അമർഷഭരിതരാവുകയും ചെയ്തു. ആളുകൾ അസ്വാസ്ഥ്യം വെളിപ്പെടുത്താൻ തുടങ്ങിയപ്പോൾ അയാൾ പറഞ്ഞു, ''ഞാൻ ഇപ്പോൾ പറഞ്ഞതിന്റെ പേരിൽ നിങ്ങൾ അസ്വസ്ഥരാകണ്ട. പിതാവു് ആരെയും ആരാധിക്കുന്നില്ല. അതുകൊണ്ടാണ് അവിടുത്തേയ്ക്കു ഭക്തിയില്ല എന്നു ഞാൻ പറഞ്ഞതു്. പുത്രൻ പിതാവിനെ ആരാധിക്കുന്നു. അതുകൊണ്ടു് അവിടുന്നു് ഭക്തിയുള്ളവനാകുന്നു''. ഇതുകേട്ടപ്പോൾ ആളുകളുടെ മനഃക്ഷോഭം മാറി. എല്ലാവരും ഒരു പൊട്ടിച്ചിരിയിൽ ഒന്നുചേർന്നു. എവുഡോക്സിയുസിന്റെ പ്രസ്തുത വാക്യം നല്ലൊരു ഫലിതമായി ഇന്നും പ്രചരിക്കുന്നുണ്ടു്. പാഷണ്ഡിപ്രവരന്മാർ ഇടയ്ക്കിടെ ഇത്തരം ഫലിതങ്ങളൊക്കെ കണ്ടുപിടിക്കുകയും സഭയെ പിളർക്കുകയും ചെയ്തുകൊണ്ടിരുന്നു. കോൺസ്റ്റാൻറിനോപ്പിൾ സിനഡ് ഇപ്രകാരം അവസാനിച്ചു.

81. ഇതു് രണ്ടാമത്തെ കൂദാശാകർമ്മമാണ്. ആദ്യത്തേതു് 326 ൽ നടന്നു (1:16; 2:6).

82. ക്രി.വ. 360-ൽ.

www.malankaralibrary.com



## അധ്യായം 44

# അന്ത്യോക്യയിലെ മെത്രാനായ മെലീഷ്യസ്

ഇനി മെലീഷ്യസ് മെത്രാനെക്കുറിച്ചു ചില കാര്യങ്ങൾ പറയേണ്ടിയിരിക്കുന്നു. അദ്ദേഹം അർമേനിയായിലെ സെബസ്റ്റിയായിൽ എവുസ്റ്റാത്യോസിനുശേഷം മെത്രാനായി നിയമിക്കപ്പെട്ടു. അവിടെനിന്നു സിറിയായിലെ ബേറോയായിലേക്കു സ്ഥലം മാററപ്പെട്ടു. സെലൂഷ്യ്യായിലെ കൗൺസിലിൽ സന്നിഹിതനായിരുന്ന മെലീഷ്യസ്, അകാപിയൂസ് ആവിഷ്കരിച്ച വിശ്വാസപ്രമാണത്തെ അനുകൂലിക്കുകയും സമ്മേളനം കഴിഞ്ഞ ഉടനെ ബേറോയായിലേക്കു തിരിച്ചുപോവുകയും ചെയ്തു. കോൺസ്റ്റാൻറിനോപ്പിൾ മെത്രാൻ പദവിയിൽ ആകൃഷ്ടനായി എവുഡോക്സിയൂസ് അങ്ങോട്ടു പോയപ്പോൾ അന്ത്യോക്യയിലെ ജനങ്ങൾ മെലീഷ്യസിനെ ക്ഷണിച്ചു തങ്ങളുടെ മെത്രാനാക്കി. അവിടെച്ചെന്നിട്ടു മെലീഷ്യസ് ആദ്യഘട്ടത്തിൽ താത്വിക ചർച്ചകളിൽനിന്നു വിട്ടുനിന്നു. സാന്മാർഗ്ഗികമായ കാര്യങ്ങൾ മാത്രം തൻെറ പ്രസംഗങ്ങളിൽ പ്രതിപാദിച്ചു. എന്നാൽ പിന്നെപ്പിന്നെ നിഖ്യാവിശ്വാസപ്രമാണത്തെ ആധാരമാക്കി പഠിപ്പിച്ചു തുടങ്ങി. *ഹോമോഉസിയോൻ* വിശ്വാസം ഉയർത്തിപ്പിടിച്ചു. ഈ വിവരം അറിഞ്ഞപ്പോൾ ചക്രവർത്തി അദ്ദേഹത്തെ നാടുകടത്തി. എവുസോയിയൂസ് എന്നയാളിനെ അന്ത്യോക്യയിൽ മെത്രാനാക്കി. ഈ എവുസോയിയൂസ് ആരിയൂസിനോടൊപ്പം സ്ഥാനഭ്രഷ്ടനായ ആളാണ്. എന്നാൽ മെലീഷ്യസിനോടു താല്പര്യമുള്ള വളരെ ജനങ്ങൾ അന്ത്യോക്യയിൽ ഉണ്ടായിരുന്നു. അവർ എവുസോയിയൂസിൻെറ കീഴിലുള്ള സഭയോടു സഹകരിക്കാതെ വേറിട്ടു പ്രാർത്ഥനാ സമ്മേളനങ്ങൾ നടത്തി. എങ്കിലും നേരത്തേ മുതൽ *ഹോമോഉസിയൻ* വിശ്വാസം പുലർത്തിയിരുന്നവർ അവരോടു സഹകരിക്കാൻ തയാറായില്ല. കാരണം, മെലീഷ്യസിനെ അഭിഷേകം ചെയ്തതു് ആര്യൻ പക്ഷക്കാരായിരുന്നു. അദ്ദേഹത്തിൻെറ അനുയായികളെ ജ്ഞാനസ്നാനപ്പെടുത്തിയതും അവർ തന്നെ. ഇങ്ങനെയാണ് അന്ത്യോക്യൻ സഭയിൽ ഒരേ വിശ്വാസമുള്ളവർപോലും ഭിന്നിച്ചുനിന്നതു്. പേർഷ്യക്കാർ റോമാസാമ്രാജ്യത്തെ ആക്രമിക്കാൻ ഒരുക്കം കൂട്ടുന്നു എന്നറിഞ്ഞു് ചക്രവർത്തി ആ ആക്രമണത്തെ നേരിടാൻ തയാറെടുത്തു് അന്ത്യോക്യയിലേക്കു പോയി.

www.malankaralibrary.com



## അധ്യായം 45

# മാസിഡോണിയസിൻെറ പാഷണ്ഡത

കോൺസ്ററാൻറിനോപ്പിളിൽനിന്നു പുറത്താക്കപ്പെട്ട മാസിഡോണിയസിനു് തൻെറ നേരെയുണ്ടായ നടപടിയിൽ വളരെ അമർഷമുണ്ടായിരുന്നു. അയാറം അകാചിയുസിൻെറ എതിരാളികളോടു സഹകരിച്ചു പ്രവർത്തിക്കാൻ തീരുമാനിച്ചു. അയാറം സൊഫ്രോണിയുസു്, എലൈവുസിയുസു് എന്നിവരുടെ പക്കലേയ്ക്കു് ഒരു ദൗത്യസംഘത്തെ അയച്ചു. ആദ്യം അന്ത്യോക്യയിൽവച്ചു രൂപംകൊള്ളുകയും പിന്നീടു സെലൂഷ്യായിൽ വച്ചു സ്ഥിരീകൃതമാവുകയും ചെയ്ത വിശ്വാസപ്രാമണത്തിൽ ഉറച്ചുനിൽക്കണമെന്നു് അയാറം അവരോടു് ആവശ്യപ്പെട്ടു. അതിനു് *ഹൊമൊയ്ഉസിയോൻ വിശ്വാസപ്രമാണം* എന്ന കൃത്രിമപ്പേരു കൊടുക്കണമെന്നു് അഭിപ്രായപ്പെടുകയും ചെയ്തു[83]. ഇത്തരം നീക്കങ്ങളുടെ ഫലമായി അയാറംക്കു ധാരാളം അനുയായികളുണ്ടായി. അവർ ഇന്നും *മാസിഡോണിയർ* എന്നറിയപ്പെടുന്നു. സെലൂഷ്യൻ സൂനഹദോസിൽ അകാചിയരോടു വിയോജിച്ചവർ *ഹൊമൊയ്ഉസിയോസ്* പദത്തെ ഉപയോഗിച്ചിരുന്നില്ലെങ്കിലും ആ ഘട്ടം മുതൽ അവർ അതു സ്പഷ്ടമായി പറയാൻ തുടങ്ങി. ഈ പദം ആദ്യമായി പ്രയോഗിച്ചതു് മാസിഡോണിയസല്ലെന്നും അതു് മാരത്തോണിയുസു് എന്നയാളിൻെറ കണ്ടുപിടുത്തമാണെന്നും ഒരു ജനസംസാരമുണ്ടു്. ഈ മാരത്തോണിയുസു് ഇതിനല്പംമുമ്പു് നിക്കൊമേദിയായിലെ മെത്രാനായി നിയമിക്കപ്പെട്ടയാളാണ്. അതുകൊണ്ടു് ഈ തത്ത്വത്തിൻെറ അനുയായികളെ *മാരത്തോണിയർ* എന്നും വിളിക്കുന്നു.

എവുസ്ഥാത്യോസ് ഈ പാർട്ടിയോടു ചേർന്നു. മുൻപറയപ്പെട്ട കാരണങ്ങളാൽ സെബസ്തിയായിലെ സഭയിൽനിന്നു ബഹിഷ്കൃതനായ ആളാണല്ലോ അയാറം. മാസിഡോണിയസു്, പരിശുദ്ധാത്മാവിൻെറ ദൈവത്വം നിഷേധിച്ചു തുടങ്ങിയപ്പോറം എവുസ്താത്യോസ് പറഞ്ഞു, ''പരിശുദ്ധാത്മാവു്

83. തിയഡൊറെററ്, സഭാചരിത്രം, 2:6.

www.malankaralibrary.com



ദൈവമാണെന്നു പറയാൻ എനിക്കു സാദ്ധ്യമല്ല. താൻ ഒരു സൃഷ്ടിയാണെന്നു ഉറപ്പിച്ചു പറയാനും നിവൃത്തിയില്ല''. ഇക്കാരണത്താൽ പുത്രന്റെ ഹോമോഔസിയൻ തത്വത്തിൽ വിശ്വസിക്കുന്നവർ ഈ പാഷണ്ഡികളെ പ്നെവുമാതോമാക്കി എന്നു വിളിക്കുന്നു.[84] ഹെല്ലസ്പോണ്ടു പ്രദേശത്തു മാസിഡോണിയരുടെ സംഖ്യ വളരെ വർദ്ധിച്ചതെങ്ങനെയാണെന്നു പിന്നീടു വ്യക്തമാക്കിക്കൊള്ളാം.

അന്ത്യോക്യയിൽ മറെറാരു സിനഡു വിളിച്ചുകൂട്ടാൻ അകാചിയന്മാർ വളരെ തല്പരരായിത്തീർന്നു. 'പിതാവും പുത്രനും തമ്മിൽ എല്ലാ കാര്യത്തിലും സാമ്യമുണ്ടു'' എന്നു അവർ നേരത്തേ ഏററുപറഞ്ഞ വിശ്വാസത്തിൽ മാററം വരുത്തണം എന്നു തോന്നിയതുകൊണ്ടാണു ഇങ്ങനെയൊരു താല്പര്യമുണ്ടായതു. അതനുസരിച്ചു അവരുടെ കൂട്ടത്തിലുള്ള ഒരു ചെറിയ സംഖ്യ മെത്രാന്മാർ തൗറുസു, ഫ്ളൊറെൻസ്യൂസു എന്നിവരുടെ കോൺസുളേററു കാലത്തു[85] സിറിയായിലെ അന്ത്യോക്യയിൽ സമ്മേളിച്ചു. ചക്രവർത്തി അപ്പോൾ അവിടെയായിരുന്നു. എവുസോയിയൂസു ആയിരുന്നു അന്നു അന്ത്യോക്യയിലെ മെത്രാൻ. അവർ നേരത്തേ തീരുമാനിച്ചിരുന്ന കാര്യങ്ങളെ കുറിച്ചു അന്നു അവിടെ വച്ചു ചർച്ചകൾ നടന്നു. റിമിനിയിലും കോൺസ്ററാൻറിനോപ്പിളിലും വച്ചു പ്രസിദ്ധീകരിക്കപ്പെട്ട വിശ്വാസപ്രമാണങ്ങളിൽനിന്നു *ഹോമൊയ്യോസ്* എന്ന പദം നീക്കം ചെയ്യണം എന്നൊരാശയം ചർച്ചകളിൽ നിന്നു ഉരുത്തിരിഞ്ഞു. 'പുത്രൻ എല്ലാ കാര്യത്തിലും പിതാവിനു തുല്യനല്ല' എന്നു അവർ പരസ്യമായി പ്രഖ്യാപിക്കാനും തുടങ്ങി. ഈ തുല്യമല്ലായ്മ സത്തയെ സംബന്ധിച്ചു മാത്രമല്ല, ഇച്ഛാശക്തിയെ സംബന്ധിച്ചും ഉള്ളതാണെന്നും അവർ പ്രഖ്യാപിച്ചു. ആരിയൂസു പറഞ്ഞിരുന്നതുപോലെ, 'പുത്രൻ ഇല്ലായ്മയിൽനിന്നു സൃഷ്ടിക്കപ്പെട്ടു' എന്നും അവർ സധൈര്യം പ്രഖ്യാപിച്ചുതുടങ്ങി. ഏത്യൂസിന്റെ പാഷണ്ഡതയെ അനുകൂലിച്ചവരായി ആ നഗരത്തിലുണ്ടായിരുന്നവർ ഈ അഭിപ്രായത്തെ അനുകൂലിച്ചു. ഇതിന്റെ ഫലമായി ആര്യന്മാർ എന്നു പൊതുവിലുള്ള വിശേഷണത്തിനുപുറമെ 'അനോമോയർ' (Anomoioi) എന്നൊരു നാമം കൂടെ ഇക്കൂട്ടർക്കു ലഭിക്കാനിടയായി[86]. അന്ത്യോക്യയിൽ വച്ചു *ഹോമോഔസിയൻ*

84. Pneumatomachi=active enemies of the Spirit.
85. ക്രി.വ. 361-ൽ.
86. പുത്രന്റെ സത്ത പിതാവിന്റേതിൽനിന്നു വ്യത്യസ്തം (anomoios-dissimilar) എന്നു അവർ പഠിപ്പിച്ചു.

www.malankaralibrary.com



വിശ്വാസം സ്വീകരിച്ചവർ ഇവരെ ഇല്ലായ്മവാദക്കാർ എന്നും വിളിച്ചു[87]. മെലിഷ്യസ് കാരണമായി *ഹോമോഉസിയൻ* വിശ്വാസികളുടെ ഇടയിൽ തന്നെ ഒരു ഭിന്നിപ്പുണ്ടായിരുന്നതിനെക്കുറിച്ചു ഞാൻ മുമ്പു പറഞ്ഞല്ലോ. മുമ്പിലത്തെ വിശ്വാസപ്രമാണത്തിൽ പുത്രനെ ദൈവത്തിൽനിന്നുള്ള ദൈവം എന്നു വിളിച്ചിട്ട് ഇപ്പോഠ, പുത്രൻ പിതാവിനു തുല്യനല്ലെന്നും ഇല്ലായ്മയിൽനിന്നു സൃഷ്ടിക്കപ്പെട്ടവനാണെന്നും പറയുന്നത് എങ്ങനെ പൊരുത്തപ്പെടും എന്ന് അവർ ഇക്കൂട്ടരോടു ചോദിച്ചു. പ്രസ്തുത ചോദ്യത്തിന്, ''എല്ലാ വസ്തുക്കളും ദൈവത്തിൽ നിന്ന്'' എന്നു പൗലോസ്ശ്ലീഹാ പറയുന്നതുപോലെ ''ദൈവത്തിൽനിന്നുള്ള ദൈവം'' എന്ന പ്രയോഗവും മനസ്സിലാക്കണം. ദൈവം സൃഷ്ടിച്ച ''എല്ലാ വസ്തുക്കളും'' എന്നതിൽ ദൈവപുത്രനും ഉഠപ്പെടും. ഇതുകൊണ്ടാണ് 'വിശുദ്ധ ലിഖിതങ്ങഠ അനുസരിച്ച്'' എന്നു വിശ്വാസപ്രമാണത്തിൽ ചേർത്തിട്ടുള്ളത് എന്നായിരുന്നു മാസിഡോണിയരുടെ മറുപടി.

ഈ വിശദീകരണത്തിന്റെ കർത്താവ് ലവദീഷ്യായിലെ മെത്രാനായ ജോർജ്ജ് ആയിരുന്നു. ഇത്തരം പ്രയോഗങ്ങളിലൊന്നും യാതൊരു വൈദഗ്ധ്യവുമില്ലാത്ത അയാഠ അപ്പസ്തോലന്റെ ഇതുപോലുള്ള സവിശേഷപ്രയോഗങ്ങഠക്ക് ഒരിജൻ നൽകിയ വ്യാഖ്യാനങ്ങളെക്കുറിച്ചെല്ലാം അജ്ഞനായിരുന്നു. കാര്യങ്ങളെക്കുറിച്ചു പര്യാപ്തമായ വിചിന്തനം നടത്തിയതിനു ശേഷമാണ് ഒരിജൻ ഓരോ പ്രയോഗത്തെക്കുറിച്ചും എഴുതിയത്.

മുകളിൽ പറഞ്ഞതരം ഉരുണ്ടുകളിക്കുന്ന ദുർവ്യാഖ്യാനങ്ങളൊക്കെ അവതരിപ്പിച്ചെങ്കിലും തങ്ങഠ വരുത്തിവച്ച ജനപരിഹാസം അവർക്കു നേരിടാനായില്ല. അതിനാൽ കോൺസ്റ്റാന്റിനോപ്പിളിൽ അവതരിപ്പിച്ച വിശ്വാസപ്രമാണംതന്നെ അവർക്ക് ഏറ്റുപറയേണ്ടിവന്നു. ഓരോരുത്തരും അവരവരുടെ സ്ഥലത്തേയ്ക്കു മടങ്ങുകയും ചെയ്തു. ജോർജ്ജ് അലക്സാൺഡ്രിയായിലേയ്ക്കു മടങ്ങി അവിടത്തെ സഭയുടെ ചുമതല ഏറ്റെടുത്തു. അത്തനാസ്യോസ് അതുവരെ തിരിച്ചെത്തിയിരുന്നില്ല. അലക്സാൺഡ്രിയായിൽ തന്റെ അഭിപ്രായങ്ങളോടു യോജിക്കാത്തവരെ ജോർജ്ജ് പീഡിപ്പിച്ചു. അതിയായ ക്രൂരകൃത്യങ്ങഠ

87. Exucontians (Ex ouk onton-Exoukontioi) ഇല്ലായ്മയിൽ നിന്ന്: 'പുത്രൻ ഇല്ലായ്മയിൽ നിന്നാണ്'' എന്ന് ആര്യൻ പാഷണ്ഡികഠ വാദിച്ചിരുന്നു. അതിൽനിന്ന് അവർക്ക് ഈ പേരുണ്ടായി.

www.malankaralibrary.com



മൂലം അയാരം ജനങ്ങളുടെ രൂക്ഷമായ വെറുപ്പിനു പാത്രമായി. ജറുസലെമിൽ സിറിലിൻെറ സ്ഥാനത്തു് അറേനിയുസ് പ്രതിഷ്ഠിക്കപ്പെട്ടു. അറേനിയുസിനുശേഷം ഹെരാക്ലിയസും പിന്നീട് ഹിലരിയും അവിടെ പ്രതിഷ്ഠിക്കപ്പെടുകയുണ്ടായി. എന്നാൽ ഒടുവിൽ സിറിൽ തന്നെ അവിടെ വന്നു് അധികാരത്തിൽ പ്രതിഷ്ഠിതനായി. ഇതേ കാലത്തു് മററൊരു പാഷണ്ഡത ഉണ്ടായതിനെക്കുറിച്ചു് ഇനി പറയാം.

## അധ്യായം 46

## അപ്പൊള്ളിനാരിയൻ പാഷണ്ഡത

സിറിയായിലെ ലവദിഷ്യായിൽ ഒരേ പേരുള്ള ഒരപ്പനും മകനും ഉണ്ടായിരുന്നു. അപ്പൊള്ളിനാരിസ് എന്നായിരുന്നു ആ പേരു്. അപ്പൻ പുരോഹിതനും മകൻ പള്ളിയിലെ വായനക്കാരനും ആയിരുന്നു. രണ്ടുപേരും ഗ്രീക്ക് പഠിപ്പിച്ചിരുന്നു- അപ്പൻ വ്യാകരണവും മകൻ പ്രഭാഷണവിദ്യയും. അപ്പൻ അലക്സാൺഡ്രിയായിൽ ജനിച്ചയാളായിരുന്നു. ആദ്യം ബെറീത്തുസ് എന്ന സ്ഥലത്തു് അദ്ധ്യാപനം നിർവഹിച്ചു. പിന്നീട് ലവദിഷ്യായിലേയ്ക്കു മാറി. അവിടെ വച്ചു് വിവാഹം ചെയ്യുകയും പുത്രൻ ജനിക്കുകയും ചെയ്തു. എപ്പിഫാനിയസ് എന്ന താർക്കികൻെറ സമകാലികരായിരുന്നു ഇവർ. അവർ ഘനിഷ്ഠ സുഹൃത്തുക്കളായിത്തീർന്നു. ലവദിഷ്യായിലെ മെത്രാനായിരുന്ന തെയൊഡോട്ടസ് ഈ സൗഹൃദം അപ്പൊള്ളിനാരിസുമാരുടെ വിശ്വാസത്തിനു് ഉടവു വരുത്തിയെങ്കിലോ എന്നു ഭയപ്പെട്ടു് ആ സൗഹൃദവും സമ്പർക്കവും വിലക്കി. ആ വിലക്കിനെ അപ്പൊള്ളിനാരിസുമാർ തരിമ്പും വകവച്ചില്ല. തെയൊഡോട്ടസിൻെറ പിൻഗാമിയായ ജോർജ്ജും ആ സമ്പർക്കം അവസാനിപ്പിക്കുവാൻ പരിശ്രമിച്ചു. പക്ഷേ അവർ ഒരു വിധത്തിലും വഴങ്ങിയില്ല. അതിനാൽ ജോർജ്ജ് അവരെ സഭാഭ്രഷ്ടരാക്കി. മകൻ അപ്പൊള്ളിനാരിസിനു് ഈ നടപടി കടുത്ത അനീതിയായി തോന്നി. തൻെറ പ്രസംഗപാടവവും തർക്കവൈദഗ്ധ്യവും ഉപയോഗപ്പെടുത്തിക്കൊണ്ടു് അയാരം പുതിയൊരു പാഷണ്ഡതയ്ക്കു രൂപം നല്കി. ഈ പാഷണ്ഡതയ്ക്കു് അതിൻെറ പ്രണേതാവിൻെറ പേരുതന്നെ നല്കപ്പെട്ടു. അതിനു് ഇന്നും

www.malankaralibrary.com



പല അനുയായികൾ ഉണ്ടു്. അപ്പൊള്ളിനാരിസുമാർ ജോർജ്ജ് മെത്രാനിൽ നിന്നകന്നതു് മുൻപറഞ്ഞ കാരണം കൊണ്ടല്ലെന്ന് അഭിപ്രായപ്പെടുന്നവരുമുണ്ടു്. വിശ്വാസ സംഹിതയെ സംബന്ധിച്ച ജോർജ്ജിൻെറ സ്ഥിരതയില്ലായ്മയാണ് കുഴപ്പത്തിനു കാരണം എന്നാണ് അവരുടെ അഭിപ്രായം. സെലൂഷ്യായിലെ സിനഡിൻെറ അഭിപ്രായം അനുസരിച്ചുകൊണ്ടു് 'പുത്രൻ പിതാവിനു തുല്യനാണെന്നു്', അയാൾ ചിലപ്പോൾ പറയും. ചിലപ്പോൾ ആര്യൻ സിദ്ധാന്തം ആവർത്തിക്കും. ഏതായാലും അയാളിൽ നിന്നകലാനുള്ള ഒരു ഹേതുവായി അവർ ഇതിനെ കണക്കാക്കി.

ഏതായാലും തങ്ങളുടെ കൂടെ കൂടാൻ അധികം പേർ ഉണ്ടാകുന്നില്ല എന്നു കണ്ടപ്പോൾ അപ്പൊള്ളിനാരിസുമാർ പുതുതായി ഒരു സിദ്ധാന്തം ആവിഷ്കരിച്ചു. അവർ പറഞ്ഞു: 'മനുഷ്യാവതാരവ്യാപാരത്തിൽ വചനമായ ദൈവം ആത്മാവില്ലാത്ത ഒരു മനുഷ്യശരീരം സ്വീകരിച്ചു.' എന്നാൽ പിന്നീടു് അവർ അഭിപ്രായഗതിയിൽ മാററം വരുത്തി. മനുഷ്യാവതാരം ചെയ്ത ദൈവം ഒരാത്മാവിനെ സ്വീകരിച്ചു എന്നവർ സമ്മതിച്ചു. എന്നാൽ അതു യുക്തിബോധമില്ലാത്ത ഒരാത്മാവായിരുന്നത്രേ. മനസ്സിൻെറ സ്ഥാനത്തു് വചനമായ ദൈവം തന്നെയാണുണ്ടായിരുന്നതെന്നും അവർ പറഞ്ഞു. ഇവരുടെ അനുയായികളായിട്ടുള്ളവർ ഇന്നു പറയുന്നതു് അവർക്കു കത്തോലിക്കരുമായിട്ടുള്ള അഭിപ്രായവ്യത്യാസം ഈ ഒരു കാര്യത്തിൽ മാത്രമാണെന്നത്രെ ത്രിത്വത്തിലെ മൂന്നാളുകളുടെയും സത്താസമാനതയിൽ അവർ വിശ്വസിക്കുന്നുണ്ടു്. രണ്ടു് അപ്പൊള്ളിനാരിസുമാരെയും കുറിച്ചു കൂടുതൽ കാര്യങ്ങൾ പിന്നീടു പറഞ്ഞുകൊള്ളാം.[88]

88. 3:16.

www.malankaralibrary.com



## അധ്യായം 47

# കോൺസ്റ്റാൻസ്യൂസിൻെറ അന്ത്യം

കോൺസ്റ്റാൻസ്യൂസ് ചക്രവർത്തി അന്ത്യോക്യയിൽ താമസം തുടരുന്ന കാലത്ത് ജൂലിയൻ സീസ്സർ ഗാറം പ്രദേശത്ത് കാട്ടുവർഗ്ഗക്കാരുടെ ഒരു വലിയ സൈന്യത്തെ എതിരിട്ടു. അവരെ പൂർണ്ണമായും പരാജയപ്പെടുത്തിക്കഴിഞ്ഞപ്പോൾ സൈനികർക്ക് അദ്ദേഹത്തെക്കുറിച്ച് വലിയ മതിപ്പായി. അവർ അദ്ദേഹത്തെ ചക്രവർത്തിയായി പ്രഖ്യാപിച്ചു. ഇക്കാര്യം അറിഞ്ഞപ്പോൾ കോൺസ്റ്റാൻസ്യൂസ് ചക്രവർത്തിക്ക സഹിക്കാൻ വയ്യാത്ത മനോവേദനയുണ്ടായി. അയാൾ ഉടനെ തന്നെ എവുസോയ്യൂസിൽ നിന്നു മാമോദീസാ സ്വീകരിച്ചതിനു ശേഷം ജൂലിയൻ സീസറിനെ നേരിടാൻ വേണ്ടി വലിയൊരു സൈന്യവുമായി പുറപ്പെട്ടു. കപ്പഡോഷ്യയുടെയും സിലീഷ്യയുടെയും അതിർത്തി പ്രദേശത്തെത്തിയപ്പോൾ ശക്തമായ വികാരോത്തേജനം മൂലം ക്ഷിപ്രസന്നിയുണ്ടായി അയാൾ മൃതിയടഞ്ഞു. മോപ്സുക്രീൻ എന്ന സ്ഥലത്തു വച്ച് നവംബർ മൂന്നിനാണ് മരണം ഉണ്ടായത്. തൗറുസ്, ഫ്ളൊറെൻസ്യൂസ് എന്നിവരായിരുന്നു അന്നത്തെ കോൺസുൾമാർ. 285-ാം ഒളിമ്പ്യാഡിൻെറ പ്രഥമ വർഷമായിരുന്നു അത്.[89] മരിക്കുമ്പോൾ കോൺസ്റ്റാൻസ്യൂസിനു നാല്പത്തഞ്ചു വയസ്സുണ്ടായിരുന്നു അന്നത്തേയ്ക്ക് അയാൾ ഭരണത്തിൻെറ മുപ്പത്തെട്ടു വർഷം പിന്നിട്ടിരുന്നു. പതിമൂന്നു വർഷം സ്വപിതാവിൻെറ കീഴിലും അദ്ദേഹത്തിൻെറ മരണത്തിനുശേഷം ഇരുപത്തഞ്ചു വർഷം സ്വതന്ത്രമായും. അയാൾ സ്വതന്ത്രമായി ഭരിച്ചിരുന്ന കാലത്തെ വിവരങ്ങളാണ് ഈ രണ്ടാം പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

---

89, ക്രി.വ. 361.

www.malankaralibrary.com

# പുസ്തകം 3

## അദ്ധ്യായം 1

## ജൂലിയൻ ചക്രവർത്തിയുടെ പൂർവ്വചരിത്രം

തൗറുസും ഫ്ളൊറെൻസ്യൂസും കോൺസുലന്മാരായിരുന്ന വർഷം നവംബർ മൂന്നാം തീയതി സിലീഷ്യായുടെ അതിർത്തി പ്രദേശത്തുവച്ച് കോൺസ്റ്റാൻസ്യൂസ് ചക്രവർത്തി മരിച്ചു. അതേ വർഷം ഡിസംബർ 11-ാം തീയതി ജൂലിയൻ സാമ്രാജ്യത്തിന്റെ പടിഞ്ഞാറൻ ഭാഗങ്ങളിൽനിന്നു് കിഴക്കൻ പ്രദേശത്തേയ്ക്കു പുറപ്പെട്ടു. കോൺസ്റ്റാന്റിനോപ്പിളിൽ എത്തിയ അയാൾ ചക്രവർത്തിയായി പ്രഖ്യാപിക്കപ്പെട്ടു[1]. ഈ ഭരണാധികാരിയുടെ പൂർവ്വചരിത്രം ഇവിടെ ചുരുക്കി പറയേണ്ടിയിരിക്കുന്നു. പക്ഷേ ഇയാൾ വളരെ പാണ്ഡിത്യമുള്ളയാളായിരുന്നതുകൊണ്ടു് ആ വ്യക്തിയുടെ ചരിത്രം എഴുതുമ്പോൾ വിഷയത്തിന്റെ ഗാംഭീര്യത്തിനു ചേരുന്ന ഒരു ഉദ്ധതശൈലി ഞാൻ അവലംബിക്കുമെന്നു വായനക്കാർ വിചാരിക്കരുതു്. എന്റെ ലക്ഷ്യം ക്രിസ്തുമതത്തിന്റെ ചരിത്രം രേഖപ്പെടുത്തുകയാണു്. അതു് സാധാരണ വായനക്കാർക്കു് മനസ്സിലാക്കാൻ എളുപ്പമുള്ള വിധത്തിൽ എഴുതണം. എന്റെ ആദ്യലക്ഷ്യം അനുസരിച്ചു്[2] ലളിതവും അനാഡംബരവുമായ ഭാഷയിൽ എഴുതുന്നതായിരിക്കുമല്ലോ അതിനു യുക്തം.

ജൂലിയന്റെ ജനനം, വിദ്യാഭ്യാസം, അയാൾ ചക്രവർത്തിയായിത്തീർന്ന സാഹചര്യങ്ങൾ, വ്യക്തിത്വം എന്നിവയെല്ലാം ഇവിടെ ചുരുക്കി വിവരിക്കാം. അതിനായി ബന്ധപ്പെട്ട ചില പൂർവ്വചരിത്രാംശങ്ങൾ കൂടെ ഇവിടെ പ്രതിപാദിക്കേണ്ടിയിരിക്കുന്നു.

ബൈസാൻസ്യത്തിനു് കോൺസ്റ്റാന്റിനോപ്പിൾ എന്നു് തന്റെ പേരു നൽകിയ കോൺസ്റ്റന്റയിൻ ചക്രവർത്തിക്കു്

---

1. ക്രി. വ. 361.
2. 1.1.

www.malankaralibrary.com



ഡൽമേഷ്യസ് എന്നും കോൺസ്റ്റാൻസ്യസ് എന്നും പേരുള്ള രണ്ടു സഹോദരന്മാരുണ്ടായിരുന്നു. അവർ അദ്ദേഹത്തിന്റെ പിതാവിനു മറ്റൊരു ഭാര്യയിലുണ്ടായ മക്കളായിരുന്നു. ഡൽമേഷ്യസിന് അതേ പേരുതന്നെയുള്ള ഒരു മകനുണ്ടായിരുന്നു, കോൺസ്റ്റാൻസ്യസിന് ഗാല്ലസ് എന്നും ജൂലിയൻ എന്നും പേരുള്ള രണ്ടു പുത്രന്മാരും ഉണ്ടായിരുന്നു. കോൺസ്റ്റന്റയിന്റെ മരണത്തെത്തുടർന്ന് പട്ടാളക്കാർ ഡൽമേഷ്യസിനെ[3] വധിച്ചു. അയാളുടെ മക്കളുടെ ജീവനും ആപത്തിന്റെ നിഴലിലായി. ഗാല്ലസ് അപ്പോൾ മാരകമായ ഒരു രോഗത്തിന്റെ പിടിയിലായിരുന്നതുകൊണ്ട് പട്ടാളക്കാർ അയാളെ കൊല്ലാതെ വിട്ടു. അന്ന് ഏഴു വയസ്സു മാത്രം പ്രായമുണ്ടായിരുന്നതുകൊണ്ട് ജൂലിയനെയും അവർ വധിച്ചില്ല.

ചക്രവർത്തിക്ക് ഈ കുട്ടികളെക്കുറിച്ചുണ്ടായിരുന്ന ഭീതിയും സംശയവും ക്രമേണ കുറഞ്ഞുവന്നു. അതിനാൽ ഗാല്ലസ് യോണിയായിലെ എഫേസൂസിലുള്ള വിദ്യാലയങ്ങളിൽ പഠനം നടത്തി. യോണിയായിൽ ആ സഹോദരന്മാർക്ക് നല്ല പിതൃസ്വത്തുണ്ടായിരുന്നു. ജൂലിയൻ പ്രായമായപ്പോൾ, കോൺസ്റ്റാന്റിനോപ്പിളിൽ പഠനം തുടങ്ങി. സാധാരണക്കാരെപ്പോലെ വസ്ത്രം ധരിച്ചുകൊണ്ടാണു കൊട്ടാരസ്കൂളിലേക്ക് നിത്യവും പോയിരുന്നത്. മർഡോണിയൂസ് എന്ന ഷണ്ഡന്റെ മേൽനോട്ടത്തിലായിരുന്നു ഇക്കാലത്തെ ജീവിതം. ലാസെഡമോണിയക്കാരൻ നിക്കോക്കിൾസ് എന്ന അദ്ധ്യാപകനിൽ നിന്നു വ്യാകരണം പഠിച്ചു. അക്കാലത്തു ക്രിസ്ത്യാനിയായിരുന്ന എസെബോലിയസ് എന്ന ഗുരുവിനു കീഴിൽ പ്രഭാഷണകല അഭ്യസിച്ചു. ജൂലിയന്റെ അദ്ധ്യാപകരാരും അക്രൈസ്തവരായിരിക്കരുതെന്നു ചക്രവർത്തി നിഷ്കർഷിച്ചിരുന്നു; അദ്ധ്യാപകരിലൂടെ അക്രൈസ്തവമായ അന്ധവിശ്വാസങ്ങൾ മനസ്സിൽ പതിയാൻ ഇടയാകരുതല്ലോ. ജൂലിയൻ ആദ്യകാലത്തു ക്രിസ്ത്യാനിയായിരുന്നു.

ജൂലിയന് സാഹിത്യത്തിലുള്ള വൈദഗ്ധ്യം പരക്കെ അറിയപ്പെട്ടു. അയാൾ റോമാസാമ്രാജ്യം ഭരിക്കാൻ യോഗ്യൻതന്നെ എന്ന് ആളുകൾ പറഞ്ഞുതുടങ്ങി. ഇത് ചക്രവർത്തിക്ക് വളരെ അസ്വസ്ഥതയുളവാക്കി. അതിനാൽ ജൂലിയൻ കോൺസ്റ്റാന്റിനോപ്പിളിൽനിന്നു നിക്കൊമേദിയായിലേക്കു മാറ്റപ്പെട്ടു. സിറിയാക്കാരനായ ലിബാനിയൂസ് എന്ന താർക്കികന്റെ

3. 'കോൺസ്റ്റാൻസ്യസ്'' എന്നു വായിക്കണം

www.malankaralibrary.com



സ്കൂളിൽ പോകരുതു് എന്നൊരു നിരോധനവും നൽകപ്പെട്ടു. കോൺസ്ററാൻറിനോപ്പിളിലെ അധ്യാപകരുടെ സംഘടിത നീക്കത്തിൻെറ ഫലമായി അവിടെനിന്നു പുറത്താക്കപ്പെട്ട ലിബാനിയൂസ് നിക്കോമേദിയായിൽ ഒരു വിദ്യാലയം ആരംഭിച്ചിരുന്നു. തന്നെ പുറത്താക്കിയവരെ പരിഹസിച്ചുകൊണ്ടു് അയാരം അവിടെവച്ചു് ഒരു പ്രബന്ധമെഴുതി. ലിബാനിയൂസ് അക്രൈസ്തവനായിരുന്നതുകൊണ്ടാണ് അയാരംക്കു ശിഷ്യപ്പെട്ടുന്നതിനു ചക്രവത്തി വിലക്കു കല്പിച്ചതു്. എന്നാൽ ജൂലിയൻ രഹസ്യത്തിൽ അയാളുടെ പ്രഭാഷണങ്ങരം സ്വായത്തമാക്കുകയും വളരെ താല്പര്യത്തോടും ശ്രദ്ധയോടുംകൂടെ പഠിക്കുകയും ചെയ്തു. ജൂലിയൻ ചുരുങ്ങിയ കാലംകൊണ്ടു് പ്രഭാഷണകലയിൽ വലിയ വിദഗ്ധനായിത്തീർന്നു. ഈ സമയത്തു് ദാർശനികനായ മാക്സിമൂസ് – ബൈസാൻസ്യംകാരനും യൂക്ലിഡിൻെറ പിതാവുമായ മാക്സിമൂസല്ല, എഫെസൂസുകാരനായ മാക്സിമൂസ്) നിക്കൊമേദിയായിൽ വന്നുചേർന്നു. ഈ മാക്സിമൂസിനെ മായാജാലക്കാരൻ എന്ന ന്യായത്തിൽ വാലെൻറീനിയൻ ചക്രവത്തി പിൽക്കാലത്തു വധിപ്പിച്ചു. ഈ ദാർശനികൻ ജൂലിയൻെറ പ്രശസ്തിയാൽ മാത്രം ആകൃഷ്ടനായിട്ടാണ് നിക്കൊമേദിയായിലെത്തിയതു്. മാക്സിമൂസിൽനിന്നു് ജൂലിയൻ ദാർശനിക തത്വങ്ങളും അയാളുടെ മതപരമായ അഭിപ്രായങ്ങളും സാമ്രാജ്യം സ്വന്തമാക്കണമെന്ന ആഗ്രഹവും സ്വന്തമാക്കി. ചക്രവർത്തി ഇക്കാര്യങ്ങരം ഗ്രഹിച്ചു കഴിഞ്ഞപ്പോരം ജൂലിയൻെറ മനസ്സു് ആശയ്ക്കും ഭീതിക്കും ഇടയിൽ ഊഞ്ഞാലാടാൻ തുടങ്ങി. ചക്രവത്തിയുടെ സംശയാശങ്കകരം ദൂരീകരിക്കുന്നതു ജീവിച്ചിരിക്കാൻ ആവശ്യമാണെന്നു വന്നു. അതുകൊണ്ടു് അയാരം പണ്ടു യഥാർത്ഥത്തിൽ എന്തായിരുന്നോ അതിൻെറ ബാഹ്യ പ്രകടനങ്ങരം ആവിഷ്കരിക്കാൻ തുടങ്ങി. ശരീരം മുഴുവൻ ക്ഷൗരം ചെയ്തു, ശരിക്കും സന്യാസജീവിതം നയിക്കുന്നതായി അഭിനയിച്ചു. രഹസ്യത്തിൽ തൻെറ തത്വശാസ്ത്രപഠനം തുടർന്നു. പരസ്യമായി ക്രിസ്ത്യാനികളുടെ വി. ലിഖിതങ്ങരം വായിച്ചു. നിക്കൊമേദിയാ പള്ളിയിലെ 'വായനക്കാരനായി' നിയമനം നേടി. ഇങ്ങനെ ചക്രവത്തിയുടെ കോപത്തിൽനിന്നു തല്ക്കാലം രക്ഷപെട്ടു. പേടികൊണ്ടു് ഇങ്ങനെയൊക്കെ ചെയ്തെങ്കിലും ചക്രവർത്തിയാകാനുള്ള ആഗ്രഹം ഒരിക്കലും ഉപേക്ഷിച്ചില്ല. തൻെറ നല്ലകാലം വളരെ വിദൂരസ്ഥമല്ലെന്നു് അയാരം ഉററസുഹൃത്തുക്കളോടു പറയുമായിരുന്നു.

ഇങ്ങനെയിരിക്കെ ജൂലിയൻെറ സഹോദരനായ ഗാല്ലൂസ്സ് സീസർ സ്ഥാനത്തേയ്ക്കു് ഉയർത്തപ്പെട്ടു. പൗരസ്ത്യദേശത്തേ

www.malankaralibrary.com



ത്തുള്ള യാത്രയ്ക്കിടയിൽ അയാരം തന്റെ സഹോദരനെ സന്ദർശിക്കാൻ നിക്കൊമേദിയായിലെത്തി. താമസിയാതെ ഗാല്ലസ്സ് വധിക്കപ്പെട്ടപ്പോരം ആ ഹീനകൃത്യത്തിനു പിന്നിൽ ജൂലിയനുണ്ടെന്നു ചക്രവർത്തി സംശയിച്ചു. തുടർന്നു് അയാരംക്കു ചുററും കാവൽ ഏർപ്പെടുത്തപ്പെട്ടു. എന്നാൽ ജൂലിയൻ കാവൽക്കാരിൽനിന്നു് ഒളിച്ചോടി, അവരുടെ പിടിയിൽപ്പെടാതെ പലയിടങ്ങളിലും സഞ്ചരിച്ചു. ഒടുവിൽ ഈ വിവരം മനസ്സിലാക്കിയ ചക്രവർത്തിനി എവുസേബിയാ അയാളെ അയാളുടെ പാട്ടിനു വിടാൻ ചക്രവർത്തിയെ പ്രേരിപ്പിച്ചു. തുടർന്നു് ആഥെൻസിൽ പോയി തന്റെ തത്ത്വശാസ്ത്രപഠനങ്ങരം തുടരാൻ ജൂലിയനു് അനുമതി ലഭിച്ചു. ആ പഠനം കഴിഞ്ഞപ്പോരം ചക്രവർത്തി അയാളെ വിളിപ്പിച്ചു സീസറാക്കി. തന്റെ സഹോദരിയായ ഹെലനെ അയാരംക്കു വിവാഹം ചെയ്തു കൊടുക്കുകയും അക്രമികളായ കാട്ടുജാതിക്കാരെ നേരിടാൻ അയാളെ നിയോഗിക്കുകയും ചെയ്തു. അധികാരം കയ്യേറിയവനായ മാഗ്നെൻസ്യൂസിനെ നേരിടാൻ കോൺസ്റ്റാൻസ്യൂസ് ചക്രവർത്തി ഏർപ്പെടുത്തിയവരായിരുന്നു ഈ കാട്ടുജാതിക്കാർ. എന്നാൽ അവർ അക്കാര്യത്തിൽ ഒട്ടും ഉപകാരപ്പെട്ടില്ലെന്നു മാത്രമല്ല, റോമൻ നഗരങ്ങരം കൊള്ളയടിച്ചു തുടങ്ങുകയും ചെയ്തു. ജൂലിയൻ ചെറുപ്പമായതുകൊണ്ടു് മററു സേനാനായകന്മാരുമായി ആലോചിക്കാതെ ഒരു നടപടിയും സ്വീകരിക്കരുതെന്ന പ്രത്യേക നിർദ്ദേശവും ചക്രവർത്തി ജൂലിയനു നൽകി.

ഈ സേനാനായകൻമാർ മഹാ മടിയൻമാരായിരുന്നതുകൊണ്ടു് കാട്ടുജാതിക്കാർ കൂടുതൽ കൂടുതൽ കരുത്താർജ്ജിച്ചു വന്നു. ഈ വസ്തുത മനസ്സിലാക്കിയ ജൂലിയൻ മററു സേനാനായകന്മാരെ അവരുടെ അലസതാവിലസിതസുഖഭോഗങ്ങരം അനുഭവിച്ചു ജീവിക്കാൻ വിടുകയും തന്റെ കീഴിലുള്ള ഭടന്മാരിൽ ധൈര്യവും ഉത്സാഹവും വർദ്ധിപ്പിക്കാൻ ആവതു പരിശ്രമിക്കുകയും ചെയ്തു. ഒരു കാട്ടുജാതിക്കാരനെ വധിക്കുന്നയാരംക്കു് ഇന്ന തുക സമ്മാനമായി നൽകും എന്നു് അയാരം അറിയിച്ചു. ഈ നിശ്ചയംമൂലം കാട്ടുജാതിക്കാർ ധാരാളമായി കൊല്ലപ്പെടുകയും സൈനികർക്കു് ജൂലിയനോടു താത്പര്യം വർദ്ധിക്കുകയും ചെയ്തു.

ഇതിനിടെ രസകരമായ ഒരു യാദൃച്ഛിക സംഭവം ഉണ്ടായതായി പറയപ്പെടുന്നു. ജൂലിയൻ ഒരു നഗരത്തിലേയ്ക്കു പ്രവേശിക്കുകയായിരുന്നു. നഗരകവാടത്തിൽ രണ്ടു തൂണുകരംക്കു നടുവിൽ ഒരു നഗരകിരീടം തൂക്കി ഇടപ്പെട്ടിരുന്നു. ജൂലിയൻ ചെല്ലുന്ന സമയത്തു് ആ കിരീടം ചരടററു താഴേയ്ക്കു പതിക്കുകയും അതു

www.malankaralibrary.com



കൃത്യം അയാളുടെ തലയിൽ വന്നിരിക്കുകയും ചെയ്തു. അതു കണ്ടുനിന്നവരിൽനിന്നു് ഉഗ്രമായ അഭിനന്ദന ഹർഷാരവമുയർന്നു. ജൂലിയൻ ഒരു നാരം ചക്രവർത്തിയായിത്തീരും എന്നാണ് കാണികരം ആ സംഭവത്തിനു് അർത്ഥം നൽകിയതു്.

ജൂലിയനെ കാട്ടുജാതിക്കാരുമായി എതിരിടാൻ കോൺസ്റ്റാൻസ്യസ് വിട്ടതു് ഏററുമുട്ടലിൽ അയാരം ഒടുങ്ങിക്കൊള്ളുമല്ലോ എന്നു കരുതിയിട്ടാണ് എന്നു പറയുന്നവരുണ്ടു്. ജൂലിയനെ കൊല്ലിക്കണം എന്നായിരുന്നു ചക്രവർത്തിയുടെ ഉദ്ദേശ്യമെങ്കിൽ അതിനു മുമ്പായി സ്വന്തം സഹോദരിയെ അയാളെക്കൊണ്ടു വിവാഹം ചെയ്യിക്കുമായിരുന്നോ എന്നു് ആലോചിക്കേണ്ടതാണ്.

മററു സേനാനായകന്മാരുടെ നിഷ്ക്രിയത്വത്തെക്കുറിച്ചു് ചക്രവർത്തിയുടെ പക്കൽ ജൂലിയൻ പരാതിപ്പെട്ടു. അതനുസരിച്ചു് അയാളെ സഹായിക്കാൻ ഒരു സഹസൈന്യാധിപൻ നിയമിക്കപ്പെട്ടു. അയാരം ജൂലിയൻെറ വീക്ഷണങ്ങളോടു് അനുഭാവമുള്ളവനായിരുന്നു. അവർ സഹകരിച്ചു് കാട്ടുജാതിക്കാരുടെമേൽ ശക്തമായ ആക്രമണം അഴിച്ചുവിട്ടു. പരാജിതരായ അവർ ജൂലിയൻെറ പക്കലേയ്ക്കു് ഒരു പ്രതിനിധിസംഘത്തെ അയച്ചു. റോമൻ പ്രദേശങ്ങരം ആക്രമിക്കാൻ ചക്രവർത്തി തങ്ങളെ അധികാരപ്പെടുത്തിയിട്ടുണ്ടെന്നു കാണിക്കുന്ന ചക്രവർത്തിയുടെ ഒരു കത്തുമായിട്ടാണ് അവർ വന്നതു്. ജൂലിയൻ ആ പ്രതിനിധിസംഘത്തെ തടവിലാക്കിയിട്ടു് ശത്രുസൈന്യത്തിൻെറമേൽ അതിശക്തമായ ആക്രമണം നടത്തി; അവരെ പരിപൂർണ്ണമായി പരാജയപ്പെടുത്തി. അവരുടെ രാജാവിനെ ജീവനോടെ പിടികൂടി അയാളെ കോൺസ്റ്റാൻസ്യസ് ചക്രവർത്തിയുടെ പക്കലേക്കയച്ചു. ഈ ഉജ്ജ്വല വിജയത്തെ തുടർന്നു് കീഴിലുള്ള സൈന്യം ജൂലിയനെ ചക്രവർത്തിയായി പ്രഖ്യാപിച്ചു. ധരിപ്പിക്കാൻ അപ്പോരം കിരീടം ഇല്ലാതിരുന്നതുകൊണ്ടു് ഭടന്മാരിലൊരാരം തൻെറ കഴുത്തിൽ കിടന്ന മാല ഊരി കിരീടത്തിനു പകരം ജൂലിയൻെറ തലയിൽ ചുററിക്കെട്ടി.

ഇങ്ങനെ ജൂലിയൻ ചക്രവർത്തിയായി. എന്നാൽ പിന്നീടുള്ള അയാളുടെ ചെയ്തികരം ഒരു ദാർശനികനു യോജിച്ചവിധമായിരുന്നോ എന്നു് വായനക്കാർ തന്നെ തീരുമാനിക്കേണ്ടിയിരിക്കുന്നു. അയാരം ഒരു പ്രതിനിധിസംഘം വഴി കോൺസ്റ്റാൻസ്യസുമായി സമ്പർക്കം പുലർത്താൻ ശ്രമിച്ചില്ല. കോൺസ്റ്റാൻസ്യസ് മുമ്പു ചെയ്ത ഉപകാരങ്ങരംക്കു് അല്പംപോലും

www.malankaralibrary.com



കൃതജ്ഞത ഭാവിച്ചുമില്ല. പ്രവിശ്യകളിലേക്ക് ഗവർണ്ണർമാരെ നിയമിച്ചുകൊണ്ട് അയാഠം ഇഷ്ടംപോലെ ഭരിച്ചുതുടങ്ങി. എന്നു മാത്രമല്ല, കോൺസ്റ്റാൻസ്യൂസിനെ പരിഹാസപാത്രമാക്കാൻ അയാഠം കഴിയുംവിധം പരിശ്രമിച്ചു. കോൺസ്റ്റാൻസ്യൂസ് കാട്ടുജാതിക്കാർക്കെഴുതിയ കത്തുകഠം അയാഠം നഗരം തോറും പരസ്യമായി വായിച്ചു. അങ്ങനെ കോൺസ്റ്റാൻസ്യൂസിനെക്കുറിച്ചു വെറുപ്പുളവാക്കിയതുകൊണ്ട് അവരെ തൻെറ പക്ഷക്കാരാക്കാൻ എളുപ്പം സാധിച്ചു.

അധികാരം കൈവന്നുകഴിഞ്ഞപ്പോഠം അയാഠം ക്രൈസ്തവ വിശ്വാസത്തിൻെറ മുഖംമൂടി അഴിച്ചുമാററി. എല്ലായിടത്തും അക്രൈസ്തവ ദേവാലയങ്ങഠം ആരംഭിച്ചു; വിഗ്രഹങ്ങഠംക്കു ബലികഠം അർപ്പിച്ചു. സ്വയം 'പരമപുരോഹിതൻ' [4] എന്നു വിശേഷിപ്പിച്ചുകൊണ്ട് എല്ലാവക്കും അവരവക്കു ബോധ്യമുള്ള അന്ധവിശ്വാസപരമായ ഉത്സവങ്ങഠം ആഘോഷിക്കാൻ അനുമതി നല്കി. ഈ വിധത്തിൽ കോൺസ്റ്റാൻസ്യൂസിനെതിരായി ഒരു ആഭ്യന്തരകലാപം അയാഠം കുത്തിപ്പൊക്കി. ഇങ്ങനെ കാര്യങ്ങഠം മുമ്പോട്ടു പോയിരുന്നെങ്കിൽ റോമാസാമ്രാജ്യം വിനാശകരമായ ഒരു ആഭ്യന്തരയുദ്ധത്തിൽ ചെന്നു പതിക്കുമായിരുന്നു. ഈ തത്ത്വജ്ഞാനിയുടെ ലക്ഷ്യം വളരെ രക്തച്ചൊരിച്ചിൽ കൂടാതെ സാധിതമാകുമായിരുന്നില്ല. എന്നാൽ ദൈവം തൻെറ പരമജ്ഞാനം കൊണ്ട് അങ്ങനെയൊരു ദയനീയാവസ്ഥയുണ്ടാകാതെ സാമ്രാജ്യത്തെ രക്ഷിച്ചു. കോൺസ്റ്റാൻസ്യൂസിൻെറ ആകസ്മികമരണമാണ് വിപത്തൊഴിവാക്കിയത്. ജൂലിയൻ ത്രേസിൽ എത്തിയപ്പോഠം കോൺസ്റ്റാൻസ്യൂസ് മൃതനായി എന്ന വാർത്തയറിഞ്ഞു. ജൂലിയൻ ഉടൻ തന്നെ തലസ്ഥാനനഗരമായ കോൺസ്റ്റാൻറിനോപ്പിളിലേക്കു പരസ്യമായ രാജകീയ പ്രവേശനം നടത്തി. ജനങ്ങഠം തന്നിൽ സംപ്രീതരാകുന്നതിനു എന്തൊക്കെയാണു വേണ്ടതെന്നു അയാഠം തന്നെ ആലോചിച്ചു തീർച്ചപ്പെടുത്തി. അതനുസരിച്ചു താഴെ പറയുന്ന നടപടികഠം സ്വീകരിച്ചു: 'ഹോമോഉസീയൻ' വിശ്വാസികളെ പള്ളികളിൽനിന്നു പുറത്താക്കുകയും അവരുടെ മെത്രാന്മാരെ നാടുകടത്തുകയും ചെയ്തതുമൂലം കോൺസ്റ്റാൻസ്യൂസ് അവരുടെ ക്രൂശവിദ്വേഷത്തിനു പാത്രമായിരുന്നു എന്നു ജൂലിയൻ മനസ്സിലാക്കി [5] തങ്ങളുടെ ബിംബദൈവങ്ങഠംക്കു ബലിയർപ്പിക്കുന്നതു തടഞ്ഞ

4. Pontifex maximus
5. 2:7.13.16.

www.malankaralibrary.com



തിന്റെ പേരിൽ അക്രൈസ്തവർക്കും കോൺസ്റ്റാൻസ്യസിനോടു വിരോധമുണ്ടായിരുന്നുവെന്ന് അയാൾക്കറിയാമായിരുന്നു. ക്ഷേത്രങ്ങൾ വീണ്ടും തുറക്കാനും വിഗ്രഹാരാധനാപരമായ കർമ്മങ്ങൾ ആരംഭിക്കാനും അവർക്കാഗ്രഹമുണ്ടായിരുന്നു. കോൺസ്റ്റാൻസ്യസിന്റെ സേവനത്തിലുണ്ടായിരുന്ന ഷണ്ഡന്മാരുടെ അതിക്രമങ്ങൾ ജനങ്ങളെ അങ്ങേയററം വെറുപ്പിച്ചിരുന്ന കാര്യവും ജൂലിയൻ മനസ്സിലാക്കി. ചക്രവർത്തിയുടെ ശയനാഗാരത്തിന്റെ മുഖ്യമേൽനോട്ടക്കാരനായ എവുസേബിയസ് എന്ന ഷണ്ഡന്റെ തോന്ന്യാസങ്ങളാണ് ജനങ്ങൾക്ക് ഏററവും വെറുപ്പുളവാക്കിയിരുന്നത്. ഈ സാഹചര്യത്തിൽ ജൂലിയൻ ചക്രവർത്തി എല്ലാ വിഭാഗക്കാരോടും വളരെ തന്ത്രപരമായി ഇടപെട്ടു. ചിലരുടെയടുത്തു കപടാഭിനയം നടത്തി. പലർക്കും സ്ഥാനമാനങ്ങളും മററും നല്കി തന്നോടു വിധേയത്വമുള്ളവരാക്കി. അക്രൈസ്തവരുടെ വിഗ്രഹാരാധനാകർമ്മങ്ങൾക്ക് ഉദാരമായ പ്രോത്സാഹനം നൽകി. കോൺസ്ററാൻസ്യസിന്റെ ക്രൂരത മുഴപ്പിച്ചു കാട്ടുംവിധത്തിൽ, അയാൾ നാടുകടത്തിയ മെത്രാന്മാരെയെല്ലാം തിരിച്ചുകൊണ്ടുവന്ന് അവരുടെ രൂപതകളിൽ പ്രതിഷ്ഠിച്ചു. അക്രൈസ്തവരുടെ അടച്ച ക്ഷേത്രങ്ങളെല്ലാം പുനരുദ്ധരിക്കാൻ ഉദ്യോഗസ്ഥന്മാരെ ചുമതലപ്പെടുത്തി. കോൺസ്റ്റാൻസ്യസിന്റെ ഷണ്ഡന്മാർ കയ്യേറിയിരുന്ന വസ്തുക്കളെല്ലാം അവയുടെ ഉടമസ്ഥന്മാർക്കു തിരിച്ചുകൊടുത്തു. കോൺസ്റ്റാൻസ്യസിന്റെ കിടപ്പറ സർവ്വാധികാരിയായിരുന്ന എവുസേബിയസിനു വധശിക്ഷ നല്കി. ഈ വധശിക്ഷക്കു കാരണം അയാൾ ചെയ്ത പരസ്യമായ അതിക്രമങ്ങൾ മാത്രമായിരുന്നില്ല; അയാളുടെ ഗൂഢാലോചനയുടെ ഫലമായിട്ടാണ് തന്റെ സഹോദരനായ ഗാല്ലസ് വധിക്കപ്പെട്ടത് എന്നുള്ള ദൃഢവിശ്വാസവും അതിനു കാരണമായിരുന്നു.

കോൺസ്റ്റാൻസ്യസിന്റെ മൃതദേഹം ചക്രവർത്തിക്കു ചേർന്ന ബഹുമതികളോടുകൂടിത്തന്നെ സംസ്കരിക്കുവാൻ ജൂലിയൻ ശ്രദ്ധിച്ചു. എന്നാൽ അയാൾ ഏർപ്പെടുത്തിയിരുന്ന ഷണ്ഡന്മാർ, ക്ഷുരകന്മാർ, പാചകക്കാർ എന്നിവരെയെല്ലാം കൊട്ടാരത്തിൽ നിന്നു പുറത്താക്കി. ജൂലിയന്റെ ഭാര്യ മരിച്ചുപോയിരുന്നു; അയാൾ വീണ്ടും വിവാഹം ചെയ്യാൻ ഉദ്ദേശിച്ചുമില്ല. അതിനാൽ ഷണ്ഡന്മാരുടെ സേവനം അയാൾക്കാവശ്യമുണ്ടായിരുന്നില്ല. വളരെ ലളിതവും മിതവുമായ ഭക്ഷണം കഴിച്ചിരുന്ന അയാൾക്കു് അധികം പാചകക്കാരെയും ആവശ്യമില്ലായിരുന്നു. ക്ഷുരകന്മാരുടെ കാര്യമാണെങ്കിൽ ഒരു ക്ഷുരകന് അനേകരുടെ ക്ഷൗരം നിർവഹിക്കാൻ കഴിയുമെന്നായിരുന്നു ജൂലിയന്റെ അഭിപ്രായം. കൊട്ടാരത്തിലെ സെക്രട്ടറിമാരിൽ

www.malankaralibrary.com



ഭ്രരിപക്ഷത്തെയും അവരുടെ പഴയ സ്ഥിതികളിലേയ്ക്കു തിരിച്ചയച്ചു. നിലനിർത്തപ്പെട്ടവക്ക് അവരുടെ ജോലിക്കു തക്കതായ ശമ്പളം നിശ്ചയിച്ചു കൊടുക്കുകയും ചെയ്തു. ഗവണ്മെൻറ് വക യാത്രകൾക്കുള്ള വാഹനങ്ങളുടെ കാര്യത്തിലും പരിഷ്കാരം വരുത്തി. കോവർ കഴുതകൾ, കാളകൾ, കഴുതകൾ എന്നിവയെയെല്ലാം ഒഴിവാക്കി കുതിരകളെ മാത്രം ഗതാഗതാവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്തി. ഈ പരിഷ്കാരങ്ങളെയെല്ലാം ചുരുക്കം ആളുകൾ പ്രശംസിച്ചു. എന്നാൽ ഭ്രരിപക്ഷം ആളുകൾക്കും അവയോട് എതിർപ്പാണുണ്ടായിരുന്നത്. ആഡംബരവും പ്രതാപവുമില്ലെങ്കിൽ സാധാരണ ജനങ്ങൾക്ക് മതിപ്പു തോന്നുകയില്ലെന്നും ഇത്തരം ചെലവുചുരുക്കലുകൾ ജനങ്ങൾക്കു ചക്രവർത്തിയോടു ബഹുമാനം ഇല്ലാതാക്കുമെന്നും അവർ വിശ്വസിക്കുകയും അഭിപ്രായപ്പെടുകയും ചെയ്തു. ആളുകൾക്കു വിചിത്രമായിത്തോന്നിയ മററൊരു കാര്യം കൂടെയുണ്ട്: ചക്രവത്തി രാത്രിയിൽ ഉണർന്നിരുന്ന് പ്രസംഗങ്ങൾ എഴുതി പഠിക്കും. അടുത്ത ദിവസം സെനററിൽ പറയാനുള്ള പ്രസംഗങ്ങളാണ്. ജൂലിയസ് സീസറിനു ശേഷം സെനററിൽ പ്രസംഗങ്ങൾ ചെയ്ത ഏക ചക്രവത്തി ഈ ജൂലിയനായിരുന്നു.

സാഹിത്യ രംഗത്തു് വിദഗ്ധരായിരുന്നവർക്കു ജൂലിയൻ ആകർഷകമായ പ്രോത്സാഹനങ്ങൾ നൽകി. ദാർശനികന്മാർക്കായിരുന്നു ഏററവും മുൻഗണന. അതിനാൽ പണ്ഡിതന്മാരെന്ന് അഭിനയിക്കുന്ന അനേകം ആളുകൾ നാനാദിക്കുകളിൽ നിന്നും കൊട്ടാരത്തിൽ വന്നുകൂടി. പണ്ഡിതന്മാരുടെ വസ്ത്രമായ പാലിയവും ധരിച്ചുകൊണ്ടാണ് അവർ വന്നത്. അവരുടെ പാണ്ഡിത്യത്തേക്കാൾ വസ്ത്രമായിരുന്നു വിശേഷം. ഈ തട്ടിപ്പുകാരെല്ലാം ചക്രവർത്തിയുടെ മനോഭാവം അംഗീകരിച്ചുകൊണ്ട് ക്രിസ്തുമതത്തിനു വിപരീതമായ നിലപാടു സ്വീകരിച്ചു. ജൂലിയൻെറ അമിതമായ അഹന്ത തൻെറ മുൻഗാമികളെയെല്ലാം പരിഹസിക്കാൻ അയാളെ പ്രേരിപ്പിച്ചു. 'സീസർമാർ' എന്ന പേരിൽ ഒരു ഗ്രന്ഥം തന്നെ അയാൾ രചിച്ചു. സീസർമാരെ പരിഹസിക്കുകയാണതിൽ. അതുപോലെ ക്രിസ്ത്യാനികളെയും പരിഹാസവിഷയങ്ങളാക്കിക്കൊണ്ട് പല പ്രബന്ധങ്ങൾ അയാൾ രചിച്ചു.[6] ക്ഷൗരക്കാരെയും പാചകക്കാരെയും പറഞ്ഞു വിട്ടതു് ഒരു ദാശനികനെ സംബന്ധിച്ച് യുക്തമായ നടപടിയാണെന്നു പറയാം. എന്നാൽ മററുള്ളവരെ പരിഹസിക്കുകയും അവരുടെ വികൃത ചിത്രങ്ങൾ വരയ്ക്കുകയും

6. 3:23

www.malankaralibrary.com



ചെയ്യുന്നതു് ഒരു ദാർശനികനാകട്ടെ, സമ്രാട്ടിനാകട്ടെ യോജിച്ച പ്രവൃത്തിയല്ലല്ലോ. അസൂയ, ഹീനഭാഷണം തുടങ്ങിയ പ്രവണതകൾക്കതീതരായിരിക്കണം ദാർശനികനും ഭരണാധികാരിയും. ആത്മസംയമനത്തിൻെറ കാര്യത്തിൽ ചക്രവർത്തി ഒരു തത്വജ്ഞാനി തന്നെ ആയിരിക്കണം. എന്നാൽ തത്വജ്ഞാനി ചക്രവർത്തിക്കു യോജിക്കുന്ന നടപടികളെല്ലാം അനുകരിക്കാൻ ശ്രമിച്ചാൽ അയാൾക്കു ചിലപ്പോൾ തൻെറ തത്വങ്ങളിൽനിന്നു വ്യതിചലിക്കേണ്ടി വരും. ഇങ്ങനെ ജൂലിയൻ ചക്രവർത്തിയുടെ ഉത്ഭവം, വിദ്യാഭ്യാസം, പ്രകൃതം എന്നിവയെപ്പററിയും എങ്ങനെ അയാൾ രാജാവായി എന്നതിനെപ്പററിയും നാം ചുരുക്കി വിവരിച്ചിരിക്കുന്നു.

## അധ്യായം 2

## അലക്സാൺഡ്രിയായിലുണ്ടായ കലാപം

ഈ ചക്രവർത്തിയുടെ കാലത്തു് സഭകളിൽ സംഭവിച്ച ചിലകാര്യങ്ങൾ ഇനി രേഖപ്പെടുത്തേണ്ടിയിരിക്കുന്നു. താഴെ പറയുന്ന സാഹചര്യംമൂലം അലക്സാൺഡ്രിയായിൽ ഒരു കലാപമുണ്ടായി. ആ നഗരത്തിൽ വളരെക്കാലമായി ഉപേക്ഷിക്കപ്പെട്ടു് വൃത്തികെട്ടു കിടന്ന ഒരു സ്ഥലമുണ്ടായിരുന്നു. അക്രൈസ്തവമതക്കാർ അവരുടെ രഹസ്യമതകർമ്മങ്ങൾ നടത്തിയിരുന്ന സ്ഥലമാണതു്. അവരുടെ കർമ്മങ്ങളുടെക്കൂട്ടത്തിൽ നരബലിയും ഉൾപ്പെട്ടിരുന്നു. മിത്രാ എന്ന ദേവനു് അവിടെ ബലികൾ അർപ്പിക്കപ്പെട്ടിരുന്നു. ഉപയോഗശൂന്യമായി കിടന്നിരുന്ന ഈ സ്ഥലം കോൺസ്റ്റാൻസ്യൂസ് ചക്രവർത്തി ക്രിസ്ത്യാനികൾക്കു വിട്ടുകൊടുത്തു. ആ സ്ഥലത്തു് ഒരു പള്ളി പണിയണം എന്നു് സ്ഥലത്തെ മെത്രാനായിരുന്ന ജോർജ്ജ് തീരുമാനിച്ചു. ആ സ്ഥലമെല്ലാം ശരിക്കു ശുചിയാക്കുവാൻ അയാൾ നിർദ്ദേശം നൽകി. സ്ഥലമെല്ലാം നിരപ്പാക്കി വന്നപ്പോൾ വളരെ ആഴമുള്ള ഒരു രഹസ്യ അറ കണ്ടെത്തി. ആ കണ്ടെത്തൽ അവിടെ നടന്നിരുന്ന രഹസ്യകർമ്മങ്ങളുടെ സ്വഭാവം വെളിപ്പെടുത്തുന്നതായിരുന്നു പല പ്രായത്തിലുമുള്ള ആളുകളുടെ അനേകം തലയോട്ടികൾ അവിടെ കണ്ടെത്തി. അവിടുത്തെ അക്രൈസ്തവപുരോഹിതന്മാർ ഗൂഢകർമ്മങ്ങൾചെയ്യുന്ന സന്ദർഭത്തിൽ കുടലുകൾ പരിശോധിച്ചു് ഭാവിഫലം പ്രവചിക്കാൻവേണ്ടി കുരുതി

www.malankaralibrary.com



കഴിച്ച മനുഷ്യജീവികളുടെ തലയോട്ടികളായിരുന്നു അവ. മിത്ര ക്ഷേത്രത്തിലെ രഹസ്യ ബലിയറയിൽനിന്ന് ഈ തലയോട്ടി ക്കുമ്പാരം കണ്ടെടുത്ത ക്രിസ്ത്യാനികൾ അവ പരസ്യമായി പ്രദ ശിപ്പിച്ച് അക്രൈസ്തവരുടെ കർമ്മങ്ങളുടെ ഗർഹണീയത വെളി പ്പെടുത്താൻ തീരുമാനിച്ചു. അവർ അനേകം പേർ ചേർന്ന് തലയോട്ടികളും പ്രദർശിപ്പിച്ചുകൊണ്ട് നഗരവീഥികളിലൂടെ ഒരു ഘോഷയാത്ര നടത്തി. വിജയോന്മാദത്തോടുകൂടിയ ഒരു പ്രകടനമായിരുന്നു അത്. അലക്സാൺഡ്രിയായിലെ അക്രൈ സ്തവർക്ക് ഈ അധിക്ഷേപം സഹിക്കാനായില്ല. കോപാന്ധ രായിത്തീർന്ന അവർ കയ്യിൽ കിട്ടിയ സകല ആയുധങ്ങളുമെടു ത്തുകൊണ്ട് ക്രിസ്ത്യാനികളുടെമേൽ ചാടിവീണു. ചിലരെ വാളു കൊണ്ടു വെട്ടിക്കൊന്നു. ചിലരെ കല്ലുകളും വടികളും കൊണ്ട് അടിച്ചും ഇടിച്ചും കൊന്നു. ചിലരെ കയറുകൊണ്ടുവരിഞ്ഞു മുറുക്കിക്കൊന്നു. ചിലരെ കുരിശിൽ തറച്ചുകൊന്നു. അവസാനം പറഞ്ഞ പരിപാടി കുരിശിനോടുള്ള സവിശേഷമായ അവജ്ഞ പ്രകടിപ്പിക്കാൻവേണ്ടിത്തന്നെ ചെയ്തതാണ്. അസംഖ്യം പേരെ മുറിവേല്പിക്കുകയുംചെയ്തു. ഇത്തരം സന്ദർഭങ്ങളിൽ സാധാരണ സംഭവിക്കാറുള്ളതുപോലെ, അക്രമികൾ സുഹൃത്തുക്ക ളെയോ ബന്ധുക്കളെയോ ഒന്നും വെറുതെ വിട്ടില്ല. അവർ ജോർജ്ജ്മെത്രാനെ പള്ളിയിൽനിന്നു വലിച്ചിഴച്ചു കൊണ്ടുവന്ന് ഒരു ഒട്ടകത്തിന്മേൽ വച്ചുകെട്ടി. പിന്നീട് അയാളെ കഷണ ങ്ങളായി പിച്ചിക്കീറിയതിനുശേഷം ആ ഒട്ടകത്തോടൊപ്പം ദഹിപ്പിച്ചു. മിത്രേവും പരിസരം വൃത്തിയാക്കുന്ന പരിപാടി ക്രിസ്ത്യാനികൾ അവസാനിപ്പിച്ചു.

## അധ്യായം 3

# അക്രമം സംബന്ധിച്ച് ചക്രവർത്തി എഴുതിയ ലേഖനം

ജോർജ്ജു മെത്രാന്റെ വധത്തെക്കുറിച്ചറിഞ്ഞപ്പോൾ ജൂലിയൻ ചക്രവർത്തിക്കു വളരെ കോപമുണ്ടായി. അവരെ അതിരൂക്ഷമായ ഭാഷയിൽ ഭർത്സിച്ചുകൊണ്ട് അയാൾ അലക്സാൺഡ്രിയായിലെ ജനങ്ങൾക്ക് ഒരു കായിതം എഴുതി. ഇതിനിടെ, അത്തനാസ്യോസിനെ ദ്രോഹിച്ചതിന്റെ പേരിൽ ജോർജ്ജിനോടു വൈരാഗ്യമുണ്ടായിരുന്നവരാണ് ജോർജ്ജിനെ

www.malankaralibrary.com



വധിക്കാൻ തയാറായതു് എന്നൊരു ജനസംസാരവും ഉണ്ടായി. പൊതുജനവിക്ഷോഭങ്ങളുടെ പിന്നിൽ ഇത്തരം സ്വകാര്യലക്ഷ്യങ്ങളുള്ളവരുടെ കറുത്ത കരങ്ങളുണ്ടാവുക സാധാരണമാണെന്നു സമ്മതിക്കണം. എന്നാൽ ചക്രവർത്തി തൻെറ കത്തിൽ പരസ്യമായി കുററപ്പെടുത്തിയിരിക്കുന്നതു പൊതുജനങ്ങളെ പൊതുവെയാണ്; ക്രിസ്ത്യാനികളിൽ ഏതെങ്കിലും വിഭാഗത്തെ അതിൽ കുററപ്പെടുത്തിയിട്ടില്ല. ജോർജ്ജ് അതിനു മുമ്പുള്ള കുറെക്കാലത്തേയ്ക്കു് എല്ലാ വിഭാഗം ജനങ്ങളുടെയും വെറുപ്പിനു പാത്രമായിരുന്നു. ജനങ്ങളെ കുററപ്പെടുത്തിക്കൊണ്ടുള്ള ചക്രവർത്തിയുടെ കത്തു് താഴെ കൊടുക്കുന്നു:

ചക്രവർത്തിയായ സീസർ ജൂലിയൻ മാക്സിമൂസ് അഗസ്റ്റസ് അലക്സാൺഡ്രിയായിലെ പൗരന്മാർക്കു് എഴുതുന്നതു്: 7

നിങ്ങളുടെ നഗരത്തിൻെറ സ്ഥാപകനായ അലക്സാൺഡറിനോടു നിങ്ങൾക്കു ബഹുമാനമില്ലായിരിക്കാം. അത്യധികമായ മാഹാത്മ്യവും പരിശുദ്ധിയുമുള്ള സെറാപ്പിസ് എന്ന മഹോന്നതനും അതിപരിശുദ്ധനുമായ ദേവനോടും നിങ്ങൾക്കു ബഹുമാനമില്ലെന്നു വരാം. എന്നാൽ മനുഷ്യത്വത്തിൻെറയും സാമൂഹികക്രമീകരണങ്ങളുടെയും അവകാശങ്ങളെ നിങ്ങൾ പരിഗണിക്കേണ്ടതല്ലേ? എല്ലാ ദേവന്മാരും ശക്തനായ സെറാപ്പിസ് പ്രത്യേകമായും ലോകസാമ്രാജ്യത്തിൻെറ ചുമതല ഏല്പിച്ചിരിക്കുന്ന നമ്മോടു് നിങ്ങൾക്കു് ഒരു ഉത്തരവാദിത്വവുമില്ലേ? പൊതുജീവിതരംഗത്തു് എന്തെങ്കിലും തെററു സംഭവിച്ചെങ്കിൽ അതു നിങ്ങൾ നമ്മുടെ ശ്രദ്ധയിൽ പെടുത്തേണ്ടതായിരുന്നില്ലേ? കോപം, അമർഷം എന്നീ വികാരങ്ങൾ മനസ്സിനെ അധീനപ്പെടുത്തിയാൽ ഏററവും ഗർഹണീയങ്ങളായ നടപടികളിലേക്കു് അതു മനുഷ്യനെ നയിച്ചെന്നു വരാം. ആ വികാരങ്ങളായിരിക്കാം നിങ്ങളെ വഴിതെററിച്ചതു്. കോപാവേശം ഒരു വിധം തണുത്തു കഴിഞ്ഞപ്പോൾ, നൈമിഷികമായ കോപാവേശംമൂലം ചെയ്തുപോയ അപരാധത്തോടു് വളരെ നികൃഷ്ടമായ മററൊരു കുററകൃത്യം കൂടെ ചേർത്തു് നിങ്ങൾ നിങ്ങളുടെ അപരാധിത്വം കൂടുതൽ ഗൗരവമുള്ളതാക്കി എന്നു തോന്നുന്നു. സാധാരണക്കാരായ നിങ്ങൾ നീതിപൂർവ്വം അയാളെ വെറുത്തിരുന്നതു് ഏതു കാര്യത്തെപ്രതിയാണോ, അതുതന്നെ ചെയ്തു കൂട്ടുവാൻ ലജ്ജിച്ചില്ല. ജോർജ്ജ് ചെയ്ത ഏതു തെററിൻെറ പേരിലാണ്

7. ജൂലിയൻ, ലേഖനം, 10

www.malankaralibrary.com



നിങ്ങൾക്ക് അയാളോട് അമർഷമുണ്ടായത് എന്നു പറയാൻ സെറാപ്പീസിൻെറ നാമത്തിൽ ഞാൻ നിങ്ങളോട് ആവശ്യപ്പെടുന്നു. ഒരുപക്ഷേ താഴെ പറയുന്ന കാര്യങ്ങൾ നിങ്ങൾ ചൂണ്ടിക്കാണിച്ചേക്കും: അനുഗൃഹീതസ്മരണാർഹനായ കോൺസ്റ്റാൻസ്യസിനെ നിങ്ങൾക്കെതിരായി അയാൾ പ്രകോപിപ്പിച്ചു; നിങ്ങളുടെ വിശുദ്ധ നഗരത്തിലേയ്ക്ക് അയാൾ ഒരു സൈന്യത്തെ ആനയിച്ചു; അയാളുടെ പ്രേരണയനുസരിച്ച് ദേവൻെറ അതിപരിശുദ്ധാലയം ഈജിപ്റ്റിലെ ഗവർണ്ണർ അശുദ്ധമാക്കി. അതിലെ വിഗ്രഹങ്ങളും സമർപ്പിതവസ്തുക്കളും അതിലുള്ള പവിത്രീകൃതമായ വിവിധ ഉപകരണങ്ങളും അയാൾ കൊള്ളയടിച്ചു. ഇപ്രകാരമുള്ള നിന്ദ്യമായ അശുദ്ധമാക്കൽ കണ്ടു നില്ക്കാൻ ആവാതെ, അശുദ്ധ കരങ്ങളിൽനിന്ന് നിങ്ങൾ ദേവനെ സംരക്ഷിക്കാൻ ശ്രമിച്ചതാകാം; അല്ലെങ്കിൽ, ദേവൻെറ സേവനത്തിനായി സമർപ്പിതമായിരിക്കുന്നത് തരിപ്പണമാക്കുന്നതു തടയാൻ ശ്രമിച്ചതാകാം. എല്ലാ നീതിക്കും നിയമത്തിനും ഭക്തിക്കും വിരുദ്ധമായി നിങ്ങൾക്കെതിരെ ആയുധധാരികളെ അയച്ചതാകാം. ജോർജ്ജിനെ കോൺസ്റ്റാൻസ്യസിനെക്കാളധികം ഭയപ്പെട്ടതുകൊണ്ടാകാം അയാൾ ഇങ്ങനെ ഒക്കെ ചെയ്തത്. എന്നാൽ ഏകാധിപത്യപ്രവണതയില്ലായിരുന്നെങ്കിൽ അയാളുടെ പെരുമാററം മറെറാരു വിധത്തിലാകുമായിരുന്നു. ആലോചനാപൂർവ്വം വേറെ വിധത്തിൽ പെരുമാറുന്നത് അയാൾക്ക് സുരക്ഷിതത്വത്തിനുപയുക്തവും ആകുമായിരുന്നു. നിങ്ങളോടുള്ള പെരുമാററത്തിൽ പണ്ടത്തേതുപോലുള്ള മിതത്വം അയാൾ പാലിക്കേണ്ടതുമായിരുന്നു.

ഇങ്ങനെ പല വിധത്തിലും ദേവന്മാരുടെ ശത്രുവായ ജോർജ്ജിനോടു നിങ്ങൾക്കു വളരെ കോപം തോന്നി എന്നതു ശരിതന്നെ. പക്ഷേ നിങ്ങൾ സ്വന്തം ചെയ്തികൾകൊണ്ട് നിങ്ങളുടെ വിശുദ്ധമായ നഗരത്തെ അശുദ്ധമാക്കുകയാണു ചെയ്തത്. ജോർജ്ജിനെ ന്യായാധിപന്മാരുടെ മുമ്പിൽ കൊണ്ടുവന്നു വിസ്താരത്തിനു വിധേയനാക്കുകയായിരുന്നു നിങ്ങൾ ചെയ്യേണ്ടത്. അങ്ങനെയായിരുന്നെങ്കിൽ കൊലപാതകമോ മറേറതെങ്കിലും നിയമവിരുദ്ധകൃത്യമോ നിങ്ങൾ ചെയ്യേണ്ടി വരികയില്ലായിരുന്നു. ജോർജ്ജിന് അയാളുടെ അക്രമകൃത്യങ്ങൾക്കു ശിക്ഷ ലഭിക്കുകയും അതേസമയം നിങ്ങൾ കുററമില്ലാത്തവരായിരിക്കുകയും ചെയ്യുമായിരുന്നു. ദേവന്മാരെ ധിക്കരിക്കുകയും ഇതുപോലുള്ള മഹത്തായ നഗരങ്ങളെയും സമൃദ്ധമായ ജനസമൂഹങ്ങളെയും അനാദരിക്കുകയും ചെയ്യുന്നവരുടെ ദുർന്നയങ്ങളെ അങ്ങനെ നിയന്ത്രിക്കാൻ കഴിയുമായിരുന്നു. ജനങ്ങളോടു കാടത്തം കാണിക്കുന്നത് അധികാര

www.malankaralibrary.com



പ്രയോഗത്തിന്റെ നാന്ദിയായി കരുതുന്നവരെ നിരുത്സാഹപ്പെടുത്തേണ്ടതു് ആവശ്യം തന്നെയാണല്ലോ. കുറെനാഠം മുമ്പു ഞാൻ നിങ്ങഠംക്കെഴുതിയ കത്തുമായി ഈ കത്തു താരതമ്യപ്പെടുത്തി നോക്കുക. എത്രയോ അധികമായ ആദരവോടു കൂടിയാണ് അന്നു ഞാൻ നിങ്ങളെ അഭിവാദനം ചെയ്തതു്. എന്നാൽ ഇന്നു് അതേപോലെ ബഹുമാനപൂർവ്വം നിങ്ങളെ അഭിവാദനം ചെയ്യണമെന്നു് എനിക്കു തോന്നുന്നുണ്ടെങ്കിലും നിങ്ങളുടെ നികൃഷ്ടകൃത്യങ്ങഠം കാരണം അങ്ങനെ ചെയ്യാൻ എനിക്കു കഴിയാതെ വന്നിരിക്കുന്നു എന്നു് അമർത്ത്യരായ ദേവന്മാരുടെ നാമത്തിൽ ഞാൻ സത്യം ചെയ്തു പറയുന്നു. പട്ടികളെയെന്നപോലെ ഒരു മനുഷ്യനെ കഷണങ്ങളായി പിച്ചിച്ചീന്തുന്ന ധാർഷ്ട്യമാണ് ജനങ്ങഠം കാണിച്ചതു്. മനുഷ്യത്വരഹിതമായ പ്രസ്തുത പ്രവൃത്തിയെക്കുറിച്ചു് അവർ പശ്ചാത്താപം പ്രകടിപ്പിക്കുകയോ ആ ദുഷ്കൃത്യത്തിന്റെ മാലിന്യത്തിൽനിന്നു സ്വന്തം കരങ്ങളെ ശുദ്ധീകരിക്കാനുള്ള സന്നദ്ധത പ്രകടിപ്പിക്കുകയോ ചെയ്തിട്ടില്ല. ശുദ്ധീകൃതമായ കരങ്ങളല്ലാതെ ദേവന്മാരുടെ നേരേ ഉയർത്താൻ സാധിക്കുമോ?

ഇത്തരത്തിലുള്ള ഒരു ശിക്ഷ ജോർജ്ജ് ശരിക്കും അർഹിച്ചിരുന്നു എന്നു നിങ്ങഠം പറയുമായിരിക്കും. അതിലും കടുത്ത ശിക്ഷ അയാഠം അർഹിച്ചിരുന്നുവെന്നു സമ്മതിക്കാൻ നാമും സന്നദ്ധരായേക്കാം. നിങ്ങളോടു ചെയ്ത ദ്രോഹങ്ങളുടെ പേരിലാണ് അയാഠം ഈ വിധത്തിൽ ശിക്ഷാർഹനായിത്തീർന്നിട്ടുള്ളതു് എന്നു പറഞ്ഞാൽ അതുപോലും സമ്മതിച്ചു തരാൻ നാം ഒരുക്കമാണ്. എന്നാൽ അതിനയാളെ ശിക്ഷിക്കാനുള്ള അധികാരം നിങ്ങഠം ഏറെറടുക്കുമ്പോഠം അതിനോടു യോജിക്കാൻ നമുക്കു നിവൃത്തിയില്ല. എന്തെന്നാൽ ഈ രാജ്യത്തു് ചില നിയമങ്ങളുണ്ട്. അവ അനുസരിക്കാൻ നിങ്ങളെല്ലാവരും ബാദ്ധ്യസ്ഥരുമാണ്. ആ നിയമങ്ങളെ രഹസ്യമായും പരസ്യമായും നിങ്ങഠം ബഹുമാനിച്ചേ പററൂ. സമൂഹത്തിന്റെ സുസ്ഥിതിക്കു വേണ്ടി ഏർപ്പെടുത്തപ്പെട്ട ആ ക്രമീകരണങ്ങളെ ഏതാനും പേർ എന്നെങ്കിലും ലംഘിച്ചിട്ടുണ്ടെങ്കിൽ അതുകൊണ്ടു് ബാക്കിയുള്ളവരും അവയെ ലംഘിക്കുന്നതു ശരിയാണെന്നു വരുമോ? അല്ലയോ അലക്സാൺഡ്രിയാക്കാരേ, നിങ്ങഠം ഇത്തരം ഒരപരാധം ചെയ്തതു് എന്റെ ഭരണകാലത്താണ് എന്നുള്ളതു നിങ്ങളുടെ ഭാഗ്യം. എനിക്കു നിങ്ങളോടു് സവിശേഷമായ ഒരു സഹോദരഭാവമുണ്ടു്. എനിക്കു ദേവന്മാരോടു് ബഹുമാനമുണ്ടു്. എന്നെ

www.malankaralibrary.com



പ്പോലെതന്നെ ജൂലിയൻ എന്നു പേരുള്ള എൻെറ പിതാമഹനും അമ്മാവനും നിങ്ങളുടെ നഗരം ഭരിച്ചിട്ടുള്ളവരുമാണ്.[8]

അനാദരിക്കപ്പെടുന്നതു സഹിക്കാനിഷ്ടമില്ലാത്ത ഒരു രാഷ്ട്രത്തിനും ഊർജ്ജസ്വലവും ആരോഗ്യപൂർണ്ണവുമായ ഘടനയുള്ള ഒരു ഭരണകൂടത്തിനും അതിൻെറ ഭരണീയരിൽ ഉണ്ടാകുന്ന കടിഞ്ഞാണില്ലാത്ത ഇത്തരം ധർമ്മഭ്രംശത്തിനു നേരേ കണ്ണടയ്ക്കുക സാദ്ധ്യമല്ല. ഇത്തരം ആപൽക്കരമായ സ്വഭാവവൈകല്യങ്ങളെ വേണ്ടത്ര ശക്തമായ പരിഹാര മാർഗ്ഗങ്ങൾ ഉപയോഗിച്ചു ദാക്ഷിണ്യമററവിധം നിർമ്മാർജ്ജനം ചെയ്യുകതന്നെയാണു വേണ്ടതു്. എന്നാൽ നിങ്ങളെ സംബന്ധിച്ചു് ഈ ഒരു സംഭവത്തിൽ മുകളിൽ വിവരിച്ചിട്ടുള്ള കാരണങ്ങളാൽ കററപ്പെടുത്തലിൻേറതും ഉദ്ബോധനത്തിൻേറതുമായ ശാലീന ഔഷധപ്രയോഗം മാത്രമേ ഞാൻ നടത്തുന്നുള്ളു. ഈ ചികിത്സാപദ്ധതി നിങ്ങൾക്കു കൂടുതൽ യുക്തവും സ്വീകാര്യവുമായിരിക്കുമെന്നു ഞാൻ പ്രതീക്ഷിക്കുന്നു. അടിസ്ഥാനപരമായി നിങ്ങൾ ഗ്രീക്കു് വംശത്തിൽപ്പെട്ടവരാണെന്നാണു ഞാൻ മനസ്സിലാക്കുന്നതു്. സ്മരണയിലും സ്വഭാവത്തിലും സ്വന്തം പൂർവ്വികരുടെ മഹത്ത്വത്തിൻെറ അംശങ്ങൾ സംരക്ഷിക്കാൻ നിങ്ങൾ ശ്രമിക്കുമല്ലോ. അലക്സാൺഡ്രിയയിലുള്ള നമ്മുടെ പൗരന്മാരുടെ പക്കൽ ഇതു പ്രസിദ്ധം ചെയ്യപ്പെടട്ടെ.'

ഇങ്ങനെയായിരുന്നു ചക്രവർത്തിയുടെ കത്തു്.

## അധ്യായം 4

# അത്തനാസ്യോസിൻെറ പ്രത്യാഗമനം

ഈ സംഭവം കഴിഞ്ഞു് അധികം താമസിയാതെ അത്തനാസ്യോസ് തിരിച്ചെത്തി. അലക്സാൺഡ്രിയയിലെ ജനങ്ങൾ അത്യധികമായ ആഹ്ലാദത്തോടെ അദ്ദേഹത്തെ സ്വീകരിച്ചു. അവർ ആര്യന്മാരെ പള്ളികളിൽനിന്നു പുറത്താക്കി. അത്തനാ

8. ഫിലൊസ്റ്റോർജിയുസ്, 7:10; സൊസൊമൻ, സഭാചരിത്രം 5:7; തിയഡൊറെററ്, സഭാചരിത്രം, 3:12-13.

www.malankaralibrary.com



സ്യോസിനു് അവയുടെ മേൽ അധികാരം നൽകി. ആ ഘട്ട ത്തിൽ ആര്യന്മാർ പ്രാധാന്യവും പ്രസിദ്ധിയും കുറഞ്ഞ കെട്ടിട ങ്ങളിൽ വച്ചു് അവരുടെ പ്രാർത്ഥനാസമ്മേളനങ്ങരം നടത്തി. ജോർജ്ജിൻെറ സ്ഥാനത്തു് മെത്രാനായി ലൂഷ്യസിനെ അവർ അവരോധിച്ചു. ആ സമയത്തു് അലക്സാൺഡ്രിയായിലെ സഭ യുടെ സ്ഥിതിഗതികരം ഇങ്ങനെയൊക്കെയായിരുന്നു.

## അധ്യായം 5

# ലൂസിഫറും എവുസേബിയസും

ഈ കാലത്തു തന്നെ ലൂസിഫർ, എവുസേബിയസ്[9] എന്നിവർ ചക്രവർത്തിയുടെ കല്പനയനുസരിച്ചു് ഉത്തര തേബായ്സിൽ നിന്നു തിരിച്ചു വിളിക്കപ്പെട്ടു. അവർ നേരത്തേ എന്നതുപോലെ യഥാക്രമം സർദീനിയായിലെ കരാളാ എന്ന നഗരത്തിലും, ഇററലിയിൽ ലിഗ്വരിയരുടെ പട്ട ണമായ വെർചെള്ളിയിലും, ഞാൻ നേരത്തെ പറഞ്ഞതു പോലെ,[10] മെത്രാന്മാരായി. ഈ രണ്ടു മെത്രാന്മാരും പരസ്പരം ആലോചിച്ചാണ കാര്യങ്ങരം നടത്തിയതു്. സഭയിലെ നിയ മങ്ങളും അച്ചടക്കസംവിധാനങ്ങളും ഭാവിയിൽ ലംഘിക്കപ്പെ ടാതിരിക്കുന്നതിനുള്ള മാർഗ്ഗങ്ങളെക്കുറിച്ചാണ് അവർ പ്രധാ നമായി കൂടിയാലോചിക്കുകയും നടപടികരം സ്വീകരിക്കുകയും ചെയ്തതു്.

9. തിയഡൊറെററ്, സഭാചരിത്രം, 3:4

www.malankaralibrary.com



## അധ്യായം 6

# ലൂസിഫറും പൗളിനൂസും

ലൂസിഫർ സിറിയയിലെ അന്ത്യോക്യയിലേയ്ക്കു പോകണമെന്നും എവുസേബിയസ് അലക്സാന്ത്രിയയിലേയ്ക്കു പോയി അത്തനാസ്യോസിനോടു സഹകരിച്ച് ഒരു സിനഡ് വിളിച്ചു കൂട്ടി സഭയുടെ തത്ത്വങ്ങൾ സ്ഥിരപ്പെടുത്തി പ്രഖ്യാപിക്കണമെന്നും തീരുമാനിക്കപ്പെട്ടു. ലൂസിഫർ തൻെറ പ്രതിനിധിയായി ഒരു ഡീക്കനെ അലക്സാന്ത്രിയായിലേക്കു് അയച്ചു. സിനഡ് തീരുമാനിക്കുന്ന കാര്യങ്ങൾക്കെല്ലാം തൻെറ നാമത്തിൽ സമ്മതം നല്കാൻ അയാളെ ചുമതലപ്പെടുത്തി. അദ്ദേഹം നേരിട്ട് അന്ത്യോക്യയിലേയ്ക്കു പോയി. അവിടെ സഭയുടെ കാര്യങ്ങളെല്ലാം വലിയ കുഴപ്പത്തിൽ കിടക്കുന്നതാണു കണ്ടതു്. ആളുകൾക്കു് അഭിപ്രായൈക്യം ഉണ്ടായിരുന്നില്ല. നാം നേരത്തേ പറഞ്ഞിട്ടുള്ളതു പോലെ [11] എവുസോയിയൂസ് അവിടെ പ്രചരിപ്പിച്ച ആര്യൻപാഷണ്ഡത സഭയെ പിളർത്തി. അതിനും പുറമേ മെലീഷ്യസിനോടു് അനുഭാവമുള്ളവർ അയാളോടുള്ള മമത നിമിത്തം, വിശ്വാസത്തിൽ ഐക്യമുണ്ടായിരുന്നവരിൽനിന്നു് ഭിന്നിച്ചുനിന്നു. ലൂസിഫർ പൗളിനൂസിനെ അവരുടെ മെത്രാനാക്കിയപ്പോൾ അയാൾ വീണ്ടും വേർപിരിഞ്ഞു.

---

10. 2:36

www.malankaralibrary.com



## അധ്യായം 7

# അലക്സാന്ത്രിയൻ സിനഡ്

എവുസേബിയസ് അലക്സാണ്ഡ്രിയയിൽ എത്തിയ ഉടൻ തന്നെ അത്തനാസ്യോസിനോടു സഹകരിച്ച് ഒരു സിനഡ് വിളിച്ചുകൂട്ടി. ഈ അവസരത്തിൽ വിവിധ നഗരങ്ങളിൽ നിന്നു വന്നുകൂടിയ മെത്രാന്മാർ ഏററവും പ്രാധാന്യമുള്ള വിഷയങ്ങൾ പരിഗണനാവിധേയമാക്കി. അവർ പരിശുദ്ധാത്മാവിൻെറ ദൈവത്വം ഉറപ്പിച്ചു പറയുകയും അവിടുത്തെ ഒരേ സത്തയുള്ള ത്രിത്വത്തിൽ ഉൾപ്പെടുത്തുകയും ചെയ്തു. വചനം മനുഷ്യനായപ്പോൾ മാംസം മാത്രമല്ല, ആത്മാവും സ്വീകരിച്ചു എന്ന് അവർ പ്രഖ്യാപിച്ചു. ആദിമകാലത്തെ സഭാവിജ്ഞാനികളുടെ അഭിപ്രായങ്ങളെ ആധാരമാക്കിയാണ് അവർ ഈ പ്രഖ്യാപനം നടത്തിയത്. സ്വന്തം ആവിഷ്ക്കാരമായ ഏതെങ്കിലും പുതിയ തത്വം അവർ സഭയിൽ ഉൾപ്പെടുത്തിയില്ല. സഭാപഠനങ്ങളുടെ പാരമ്പര്യം ആദ്യം മുതൽ അംഗീകരിച്ചു പോന്നതും വിവേകികളായ ക്രിസ്ത്യാനികൾ ബോദ്ധ്യപ്പെട്ടും വിധം പഠിപ്പിച്ചു പോന്നതുമായ കാര്യങ്ങളിൽ തങ്ങളുടെ അംഗീകാരം രേഖപ്പെടുത്തുക മാത്രമാണ് അവർ ചെയ്തത്. പൂർവ്വികരായ പിതാക്കന്മാർ തങ്ങളുടെ താർക്കിക കൃതികളിൽ എന്നും ഈ നിലപാട് അനുവർത്തിച്ചു പോന്നിട്ടുണ്ട്. ഇരനെയൂസ്, ക്ളെമെൻറ്, ഹിയെരാപ്പൊലീസിലെ അപ്പൊള്ളിനാരിസ്, അന്ത്യോക്യൻ സഭയുടെ അദ്ധ്യക്ഷനായിരുന്ന സെറാപ്പിയോൻ എന്നിവരെല്ലാം, 'ക്രിസ്തു തൻെറ അവതാരത്തിൽ ഒരു ആത്മാവോടുകൂടിയാണ വന്നത്' എന്ന കാര്യം പൊതുവിൽ അംഗീകൃതമായ ഒരഭിപ്രായമായിരുന്നു എന്ന് നമുക്ക് ഉറപ്പു തരുന്നു. അറേബ്യായിലുള്ള ഫിലാഡെൽഫിയായിലെ മെത്രാനായ ബെറീല്ലസിനെ സംബന്ധിച്ചു സമ്മേളിച്ച കൗൺസിലും ആ മെത്രാനുള്ള കത്തിൽ ഈ തത്വം അംഗീകരിച്ചിരുന്നു.[12] ഒരിജനും അദ്ദേഹത്തിൻെറതായി ഇന്നു ലഭ്യമായിട്ടുള്ള എല്ലാ രചനകളിലും 'മനുഷ്യാവതാരം ചെയ്ത ദൈവം ഒരു ആത്മാ

---

11. 2:44

12. എവുസേബിയസ്, സഭാചരിത്രം, 6:33

www.malankaralibrary.com



വിനെ സ്വീകരിച്ചു'എന്നു പ്രസ്താവിച്ചിട്ടുണ്ട്. ''ഉല്പത്തിപ്പുസ്തകത്തിനു് ഒരു വ്യാഖ്യാനം'' എന്ന ഗ്രന്ഥത്തിന്റെ ഒമ്പതാം ഭാഗത്തിൽ ഇക്കാര്യം അദ്ദേഹം സവിശേഷമായി വിശദീകരിക്കുന്നുണ്ട്. ആദവും ഹവ്വായും ക്രിസ്തുവിന്റെയും സഭയുടെയും പൂർവ്വമാതൃകകളായിരുന്നുവെന്നു്[13] അവിടെ അദ്ദേഹം പ്രസ്താവിക്കുന്നു. പാംഫീലൂസ് എന്ന വിശുദ്ധനായ മനുഷ്യനും അദ്ദേഹത്തിൽനിന്നു് ഇരട്ടപ്പേരു സ്വീകരിച്ച എവുസേബിയസും ഈ വിഷയത്തിൽ വിശ്വാസ്യരായ സാക്ഷികളത്രേ: പ്രസ്തുത സാക്ഷികൾ രണ്ടുപേരും, അവർ സംയുക്തമായി രചിച്ച ഒരിജന്റെ ജീവചരിത്രത്തിലും അദ്ദേഹത്തിനെതിരായി വാദങ്ങൾ ഉന്നയിച്ചവക്കു മറുപടിയായി വിരചിച്ച ആദരണീയമായ വിശദീകരണത്തിലും പ്രസ്തുത പ്രഖ്യാപനം ആദ്യം നടത്തിയതു് അദ്ദേഹമല്ലെന്നും അദ്ദേഹം നിർവ്വഹിച്ചതു് സഭയുടെ രഹസ്യാത്മക പാരമ്പര്യം ഉയർത്തിപ്പിടിക്കൽ മാത്രമാണെന്നും സമർത്ഥിച്ചിട്ടുണ്ട്. അലക്സാന്ത്രിയൻ കൗൺസിലിൽ സഹകരിച്ചവർ സത്ത്, അല്ലെങ്കിൽ സത്ത,[14] അസ്തിത്വം, നിലനില്പ്, അല്ലെങ്കിൽ വ്യക്തിത്വം[15] തുടങ്ങിയവയെ സംബന്ധിച്ച പ്രശ്നങ്ങളും വളരെ സൂക്ഷ്മമായി പരിശോധിച്ചു. സ്പെയിനിലുള്ള കൊർദോവായിലെ മെത്രാനായിരുന്ന, മുമ്പു പരാമൃഷ്ടനായിട്ടുള്ള ഹോസ്യസാണ് ഈ വാക്കുകളെ സംബന്ധിച്ച വാദപ്രതിവാദങ്ങൾക്കു തുടക്കം കുറിച്ചതു്. ആരിയൂസ് ഉളവാക്കിയ കുഴപ്പങ്ങൾക്കു ശമനം വരുത്താൻ വേണ്ടി കോൺസ്റ്റന്റയിൻ ചക്രവർത്തിയാൽ അയയ്ക്കപ്പെട്ട അദ്ദേഹം ലിബിയാക്കാരനായ സബെല്ലിയൂസിന്റെ വാദത്തെ നിരാകരിക്കാനുള്ള താല്പര്യം മൂലമത്രേ അങ്ങനെ ചെയ്തതു്. താമസിയാതെ നടത്തപ്പെട്ട നിഖ്യാകൗൺസിലിൽ ഈ തർക്കം വലിയ ചലനമുണ്ടാക്കിയില്ല. എന്നാൽ അതിനെ തുടർന്നുണ്ടായ വാദവിവാദങ്ങളുടെ ഫലമായി അലക്സാന്ത്രിയായിൽ ഇക്കാര്യം ധാരാളമായി ചർച്ച് ചെയ്യപ്പെട്ടു. *ഉസിയാ, ഹ്യൂപ്പോസ്റ്റാസിസ്* തുടങ്ങിയ പദങ്ങൾ ദൈവത്തെക്കുറിച്ചുള്ള പരാമർശത്തിൽ ഉപയോഗിക്കാൻ പാടില്ലെന്ന തീരുമാനമാണ് അവിടെയുണ്ടായതു്: *ഉസിയാ* എന്ന പദം വി. ലിഖിതങ്ങളിൽ ഒരിടത്തും പ്രയുക്തമായിട്ടില്ലെന്നും *ഹ്യൂപ്പോസ്റ്റാസിസ്* എന്നതു് തത്ത്വത്തിന്റെ സ്വഭാവത്തിൽനിന്നു് ഉദ്ഭൂതമായ സാഹചര്യത്തിന്റെ സമ്മർദ്ദത്താൽ അപ്പസ്തോലൻ തെററായി പ്രയോ

---

13. Types
14. Essence or Substance
15. Existence, Subsistence or Personality

www.malankaralibrary.com



ഗിച്ചു എന്നുമാണ് അവർ വാദിച്ചത്.[16] ഇങ്ങനെയാണെങ്കിലും സബെല്ലിയൻ അബദ്ധ പഠനത്തിനെതിരായ വാദങ്ങളിൽ ഈ വാക്കുകൾ ഉപയോഗിക്കാമെന്ന് അവർ സമ്മതിച്ചു. കൂടുതൽ യുക്തമായ വാക്കുകൾ ഇല്ലാത്തതുകൊണ്ടാണിത്. ത്രിമുഖമായ ഒരു പദംകൊണ്ട് ഒരു കാര്യം സൂചിപ്പിക്കാൻ ഇടയാകരുതെന്ന് അവർ ആഗ്രഹിച്ചു. ത്രിത്വത്തിൽ പേരു പറയപ്പെടുന്ന ഓരോ ആളും സ്വന്തം വ്യക്തിത്വത്തിൽ ദൈവമാണെന്നാണ് നാം വിശ്വസിക്കേണ്ടത്. ഇങ്ങനെയൊക്കെയായിരുന്നു ഈ സിനഡിൻെറ തീരുമാനങ്ങൾ. സത്തയെയും വ്യക്തിത്വത്തെയും സംബന്ധിച്ചു നമ്മുടെ സ്വന്തം അഭിപ്രായം വ്യക്തമാക്കാനാണെങ്കിൽ, ഗ്രീക്ക് ദാർശനികന്മാർ *ഉസിയായെ* സംബന്ധിച്ച് പല നിർവ്വചനങ്ങളും നൽകിയിട്ടുണ്ടെന്നും എന്നാൽ *ഹ്യൂപ്പോസ്ററസിസിനെ* അവർ ശ്രദ്ധിച്ചിട്ടേ ഇല്ല എന്നുമാണു കാണുന്നത്. വൈയാകരണനായ ഇരനെയൂസാകട്ടെ 'അററിചിസ്റ്റേസ്' എന്ന അദ്ദേഹത്തിൻെറ അക്ഷരമാലക്രമ നിഘണ്ടുവിൽ അതിനെ ഒരു കാടൻ പ്രയോഗമെന്നു വിളിച്ചിരിക്കുന്നു. ആ പദപ്രയോഗം പ്രാചീനഗ്രന്ഥകാരന്മാരുടെ കൃതികളിൽ അപൂർവ്വമായിട്ടേ കാണുന്നുള്ളു. കാണുന്നതാകട്ടെ, അതിനു് ഇന്നു നാം കൊടുക്കുന്ന അർത്ഥകല്പനയിൽനിന്നു വളരെ വ്യത്യസ്തമായ വിധത്തിലുമാണ്. സോഫോക്ലീസ് *ഫീനിക്സ്* എന്ന പേരുള്ള അദ്ദേഹത്തിൻെറ ദുരന്തനാടകത്തിൽ 'വഞ്ചന' എന്ന അർത്ഥത്തിൽ ആ പദം ഉപയോഗിച്ചിട്ടുണ്ട്. മെനാൻഡർ ആകട്ടെ *മസാലക്കൂട്ട്* എന്ന അർത്ഥത്തിലാണ് അതുപയോഗിച്ചിട്ടുള്ളത്. വീഞ്ഞു വീപ്പയുടെ അടിയിൽ അടിയുന്ന മട്ടിനെ ഒരാൾ ഹ്യൂപ്പോസ്റ്റസീസ് എന്നു വിളിക്കുന്നതുപോലെ. പഴയകാലത്തെ ദാർശനിക ഗ്രന്ഥകാരന്മാർ പ്രസ്തുത പദത്തെ മിക്കവാറും അവഗണിക്കുകയാണു ചെയ്തിട്ടുള്ളതെങ്കിലും ആധുനികർ *ഉസിയാ* എന്നതിനു പകരമായി ആ വാക്കാണ് ഉപയോഗിച്ചിട്ടുള്ളത്. പ്രസ്തുതപദം, നാം മുമ്പു നിരീക്ഷിച്ചിട്ടുള്ളതുപോലെ, പലതരത്തിൽ നിർവ്വചിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ നിർവ്വചനത്താൽ പരിമിതപ്പെടുത്താവുന്ന ഒരു കാര്യം അനവധാരണീയനായ ദൈവത്തെക്കുറിച്ചു പ്രയോഗിക്കാവുന്നതാണോ? രൂക്ഷവും അവഗണനാപരവുമായ ഭാഷ ദൈവത്തെ സംബന്ധിച്ചു പ്രയോഗിക്കുന്നതിനെതിരായി എവാഗ്രീയസ്സ് തൻെറ *മൊണാക്കിക്കൂസ്* എന്ന ഗ്രന്ഥത്തിൽ താക്കീതു ചെയ്യുന്നുണ്ട്. ദൈവത്വത്തെ നിർവ്വചിക്കാനുള്ള എല്ലാ ശ്രമത്തെയും അദ്ദേഹം നിരോധിക്കുകയാണ്. ദൈവത്വം അതിൻെറ

16. എബ്രാ. 1:3

www.malankaralibrary.com



സ്വഭാവത്തിൽ പൂർണ്ണമായും ലളിതമാണല്ലോ. അദ്ദേഹം പറയുന്നു: 'എന്തെന്നാൽ നിർവ്വചനം എന്നതു് സംയുക്തമായ വസ്തുക്കളെ മാത്രം സംബന്ധിക്കുന്നതാണ്'. അതേ ഗ്രന്ഥകാരൻ ഇങ്ങനെ തുടർന്നു പറയുന്നു: 'എല്ലാ പ്രസ്താവനകൾക്കും ആരോപിക്കുന്ന ഒരു *വർഗ്ഗം*, അല്ലെങ്കിൽ ഒരു ഉപവർഗ്ഗം, അല്ലെങ്കിൽ വ്യാവർത്തകധർമ്മം, അല്ലെങ്കിൽ പ്രത്യേകത, അല്ലെങ്കിൽ പദവികാരം, അല്ലെങ്കിൽ ഇതിന്റെയെല്ലാം സംയുക്തം ഉണ്ടു്.[17] എന്നാൽ ഇവയിൽ ഒന്നും തന്നെ പരിശുദ്ധ ത്രിത്വത്തിൽ സ്ഥിതിചെയ്യുന്നു എന്നു് കരുതാൻ വയ്യ. അതിനാൽ വിവരണാതീതമായതിനെ നിശ്ശബ്ദമായി ആരാധിക്കുക.' – ഇപ്രകാരമാണ് എവാഗ്രിയസ്സിന്റെ യുക്തിവിചാരം. അദ്ദേഹത്തെക്കുറിച്ചു് ഇനിയും പറയും.[18] ഇവിടെ വിഷയം വിട്ടു് അല്പം പറയേണ്ടി വന്നെങ്കിലും അതു പ്രതിപാദ്യത്തെ വിശദമാക്കാൻ ഉതകും.

## അധ്യായം 8

# അത്തനാസ്യോസിന്റെ 'പലായനത്തിനു നീതീകരണം'

ഈ സന്ദർഭത്തിൽ സമ്മേളിച്ചവരെ അത്തനാസ്യോസ് തന്റെ 'നീതീകരണം' വായിച്ചു കേൾപ്പിച്ചു. തന്റെ പലായനത്തെ നീതീകരിച്ചുകൊണ്ടു് കുറച്ചുകാലം മുമ്പു് അദ്ദേഹം എഴുതിയതായിരുന്നു അതു്. അതിലെ കുറച്ചു ഭാഗങ്ങൾ ഇവിടെ ചേർക്കുന്നതു് ഉപയോഗപ്രദമായിരിക്കും. ആ ഗ്രന്ഥം മുഴുവൻ പകർത്തുക എന്നതു വളരെ ക്ലേശകരമായിരിക്കും. ജിജ്ഞാസുക്കൾ ആ ഗ്രന്ഥം തന്നെ കണ്ടെത്തുകയും വായിക്കുകയും ചെയ്യട്ടെ.[19]

'ദൈവനിന്ദകരുടെ തന്റേടം നിറഞ്ഞ അധികത്തങ്ങൾ കണ്ടാലും! അത്തരമാണ് അവരുടെ നടപടികൾ. എന്നിട്ടും

---

17. "Every proposition has either a "genus", which is predicted, or a "species", or a "differentia", or a "proprium", or an "accidens" or that which is compounded of these".
18. 4:23
19. അത്തനാസ്യോസ്, ഒളിച്ചോട്ടത്തെപ്പറ്റി, 7

www.malankaralibrary.com



നമുക്കെതിരെ അവർ പണ്ടു ചെയ്ത ഗൂഢാലോചനകളെക്കുറിച്ചു ലജ്ജിക്കേണ്ടതിനു പകരം കൊല്ലാനാഗ്രഹിച്ച അവരുടെ കരങ്ങളിൽനിന്നു സ്വയം രക്ഷപെട്ട നമ്മുടെ പ്രവൃത്തിയെ അവർ അധിക്ഷേപിക്കുകയാണ്. അവരുടെ മാർഗ്ഗത്തിൽ തടസ്സമായ നമ്മെ പൂർണ്ണമായും നീക്കം ചെയ്യുന്നതിൽ സാഫല്യമുണ്ടാകാത്തതുകൊണ്ടു് അവർ പരിതാപകരമായ വിധത്തിൽ അലോസരപ്പെട്ടിരിക്കുകയാണ്. ചുരുക്കത്തിൽ, ഭീരുത്വത്തിൻെറ പേരിൽ നമ്മെ ശകാരിക്കുന്നതായി ഭാവിക്കുമ്പോഠം അവർ അവരെത്തന്നെ കുററപ്പെടുത്തുകയാണ് എന്ന വസ്തുത അവർ അവഗണിക്കുന്നു. പലായനം ചെയ്യുന്നതു് അപമാനകരമാണെങ്കിൽ അനുധാവനം ചെയ്യുന്നതു് അതിലും അപമാനകരമത്രേ. കാരണം പലായനം ചെയ്യുന്നവൻ കൊല ചെയ്യപ്പെടുന്നതിൽനിന്നു രക്ഷപെടാൻ ശ്രമിക്കുന്നതേയുള്ളു. അനുധാവകനാകട്ടെ കൊലചെയ്യാൻ ശ്രമിക്കുന്നവനാകുന്നു. വി. ലിഖിതം തന്നെ പലായനം ചെയ്യാൻ നമ്മോടു നിർദ്ദേശിക്കുന്നു (മത്താ. 10:23). മരണംവരെ പീഡിപ്പിക്കുന്നവർ നിയമം ലംഘിക്കാനുള്ള ശ്രമത്തിൽ പലായനത്തെ ആശ്രയിക്കാൻ നമ്മെ നിർബന്ധിക്കുകയാണ്. അതിനാൽ അവർ പീഡനങ്ങളിൽനിന്നു രക്ഷപെടാൻ ശ്രമിക്കുന്നവരെ പരിഹസിക്കുന്നതിനു പകരം പീഡിപ്പിക്കുന്നതിൽ ലജ്ജിതരാകുകയാണു വേണ്ടതു്. അവർ പീഡനം അവസാനിപ്പിക്കട്ടെ; അപ്പോഠം പീഡിതർ പലായനവും അവസാനിപ്പിക്കും. പീഡകന്മാർ അവരുടെ ദ്രോഹബുദ്ധിക്കു യാതൊരു പരിധിയും കല്പിക്കുന്നില്ല. നമ്മെ കുടുക്കുന്നതിന് എല്ലാ തന്ത്രവും അവർ പ്രയോഗിക്കുന്നു. പീഡിതൻെറ പലായനം പീഡകനോടുള്ള ഏററവും വലിയ എതിർപ്പായി അവർ ധരിക്കുന്നു. ശാന്തനും ഉപകാരിയുമായ ഒരാളിൽനിന്നു് ആരെങ്കിലും ഓടി രക്ഷപെടാറുണ്ടോ? കിരാതവും ക്രൂരവുമായ സ്വഭാവമുള്ളവരിൽനിന്നു മാത്രമാണ് എല്ലാവരും ഓടിയകലുന്നതു്. അതുകൊണ്ടത്രേ 'അസംതൃപ്തരും കടത്തിൽ അകപ്പെട്ടവരും ആയിട്ടുള്ളവർ' സാവൂളിൻെറ പക്കൽനിന്നു ദാവീദിൻെറ പക്കലേയ്ക്കു് ഓടി രക്ഷപെട്ടതു് (1 ശാമു. 22:2). നമ്മുടെ ഈ ശത്രുക്കഠം അതുപോലെ, സ്വയം ഒളിക്കുന്നവരെ വധിക്കാൻ ആഗ്രഹിക്കുകയാണ്, അവരുടെ ക്രൂരതയ്ക്കു് അവരെ ശിക്ഷാർഹരാക്കാൻ ഒരു തെളിവും അവശേഷിക്കരുതെന്നു് അവർ ആഗ്രഹിക്കുന്നു. എന്നാൽ ഈ വിഷയത്തിലും ആ വഴിതെററിയ മനുഷ്യർ വളരെ മൂഢമായ വിധത്തിൽ സ്വയം വഞ്ചിക്കുകയാണ്. അവയെ ഒഴിവാക്കുന്നതിനുള്ള പ്രയത്നം സ്പഷ്ടമാകുംതോറും അവർ മനഃപൂർവ്വം ചെയ്ത കൊലപാതകങ്ങളും നാടുകടത്തലുകളും കൂടുതൽ കൂടുതൽ സ്പഷ്ടമായി വരും. അവർ കൊലയാളികളുടെ ഭാഗം അഭി

www.malankaralibrary.com



നയിച്ചാൽ അവർ ചിന്തുന്ന രക്തം അവർക്കെതിരായി കൂടുതൽ ഉച്ചത്തിൽ നിലവിളിക്കും. നാടുകടത്തലാണ് അവർ ചെയ്യുന്ന തെങ്കിൽ അവരുടെ അനീതിയുടെയും അടിച്ചമർത്തലിന്റെയും സ്മാരകങ്ങൾ എല്ലായിടത്തും ഉയർത്തുകയായിരിക്കും. അവരുടെ ബുദ്ധിക്ക് തകരാർ സംഭവിച്ചിട്ടില്ലെങ്കിൽ അവരുടെ ഉപദേശങ്ങൾ അവരെത്തന്നെ അകപ്പെടുത്തിയിട്ടുള്ളത് ഏതു വിഷമസ്ഥിതിയിലാണെന്ന് അവർക്ക് മനസ്സിലാക്കാൻ കഴിഞ്ഞേനെ. എന്നാൽ അവർക്ക് സുബോധം നഷ്ടപ്പെട്ടിരിക്കുന്നു. അതിനാൽ അവർ അപ്രത്യക്ഷരാകുമ്പോൾ അവരുടെ മൗഢ്യം പ്രകടമാകുന്നു; അവർ സ്ഥിതിചെയ്യാനാഗ്രഹിക്കുമ്പോൾ സ്വന്തം ദൗഷ്ട്യം അവർ കാണുന്നുമില്ല.[20] രക്തദാഹികളായ ശത്രുക്കളിൽനിന്നു രക്ഷപെടാനുള്ള പരിശ്രമത്തിൽ വിജയിക്കുന്നവരെ പരിഹസിക്കുകയും പീഡകന്മാരിൽനിന്ന് ഓടി രക്ഷപെടുന്നവരെ ശകാരിക്കുകയും ചെയ്യുന്നവർ, യാക്കോബ് ജ്യേഷ്ഠനായ ഏശാവിന്റെ കോപത്തിൽനിന്നു രക്ഷപെടുന്നതിനു വേണ്ടി ഒളിച്ചോടിയതിനെ സംബന്ധിച്ച് (ഉല്പ. 28) എന്തു പറയും? മോശ ഫറവോനെ ഭയപ്പെട്ട് മിദിയാൻ പ്രദേശത്തേയ്ക്കു കടന്നതിനെക്കുറിച്ച് (പുറ. 2:15) എന്തു പറയും? ദാവീദ് ശൗലിൽനിന്ന് ഓടി രക്ഷപെട്ടതിനെക്കുറിച്ച് (1 ശാമു. 19:12) ഈ വിടുവായന്മാർക്ക് എന്തായിരിക്കും പറയാനുള്ളത്? അബീമെലെക്കിന്റെ[21] വഞ്ചനാപരമായ നീക്കങ്ങളിൽനിന്ന് ഭ്രാന്തഭിനയിച്ച് വിമുക്തനായതിനുശേഷം ദാവീദ് ഒരു ഗുഹയിൽ ഒളിച്ചു താമസിച്ചതിനെക്കുറിച്ച് (1 ശാമു. 21:10) അവർക്ക് എന്തായിരിക്കും പറയാനുള്ളത്. വായിൽ തോന്നുന്നതെല്ലാം വിവേചനമില്ലാതെ വിളിച്ചുപറയുന്ന ഇക്കൂട്ടർ, ദൈവത്തെ വിളിച്ചു പ്രാർത്ഥിച്ചുകൊണ്ട് മരിച്ചവനെ ജീവിതത്തിലേയ്ക്കു പ്രത്യാനയിച്ച മഹാപ്രവാചകനായ ഏലിയാ ആഹാബിനെക്കുറിച്ചുള്ള ഭയം നിമിത്തം ഒളിച്ചു താമസിക്കുകയും ജസബേലിന്റെ ഭീഷണികൾമൂലം പലായനം ചെയ്യുകയും ചെയ്ത സംഭവങ്ങൾ അനുസ്മരിപ്പിക്കപ്പെടുമ്പോൾ (1 രാജാ. 19:3) എന്തു മറുപടി പറയും? പ്രവാചകന്മാരുടെ മക്കളെ കൊല്ലുന്നതിനായി ഒബദിയ തെരഞ്ഞപ്പോൾ അവർ ഓടിപ്പോവുകയും ഗുഹകളിൽ ഒളിച്ചു താമസിക്കുകയും ചെയ്തില്ലേ (1 രാജാ. 18:4)? ഈ ഉദാഹരണങ്ങൾ പഴയതായതുകൊണ്ട് ഞങ്ങളുടെ ആക്ഷേപകർക്ക് അറിയായ്കയാണോ? യൂദന്മാരെ ഭയപ്പെട്ട് ശിഷ്യന്മാർ പിൻവാങ്ങി ഒളിച്ചു

20. അതേകൃതി, 10

21. ഗാതിലെ രാജാവായ ആഖിശിന്റെ

www.malankaralibrary.com



താമസിച്ച കാര്യം സുവിശേഷത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതു് (മത്താ. 26:56) അവർ മറന്നുപോയോ? ഡമാസ്കസിലെ ഗവർണ്ണർ പിടികൂടാനായി അന്വേഷിച്ചപ്പോൾ പൗലോസ് 'കോട്ടമതിലിൽ നിന്നു് ഒരു കൊട്ടയിലിരുത്തി താഴത്തേയ്ക്കു് ഇറക്കപ്പെടുകയും അങ്ങനെ, തന്നെ അന്വേഷിച്ചവൻെറ കരങ്ങളിൽ നിന്നു രക്ഷപ്പെടുകയും' ചെയ്തില്ലേ? (2 കൊറി. 11: 32-33). വിശുദ്ധരെ സംബന്ധിക്കുന്ന ഇക്കാര്യങ്ങൾ വി. ഗ്രന്ഥം തന്നെ രേഖപ്പെടുത്തുന്നു. ഇക്കൂട്ടർക്ക് അവരുടെ എടുത്തുചാട്ടത്തിനു് എന്തു ന്യായം കെട്ടിച്ചമയ്ക്കാൻ സാധിക്കും? അവർ നമ്മെ 'ഭീരുത്വ'ത്തിൻെറ പേരിൽ അധിക്ഷേപിക്കുകയാണെങ്കിൽ അതു് അവർ അവരെക്കുറിച്ചു തന്നെ പുറപ്പെടുവിക്കുന്ന അധിക്ഷേപത്തെക്കുറിച്ചുള്ള അജ്ഞത കൊണ്ടാണ്. മുകളിൽ പറഞ്ഞ വിശുദ്ധ വ്യക്തികൾ ദൈവഹിതത്തിനു വിരുദ്ധമായി പ്രവർത്തിച്ചു എന്നു് അവർ അധിക്ഷേപിക്കുന്നുവെങ്കിൽ വിശുദ്ധ ഗ്രന്ഥത്തെക്കുറിച്ചുള്ള സ്വന്തം അജ്ഞതയാണ് അവർ വെളിപ്പെടുത്തുന്നതു്. എന്തുകൊണ്ടെന്നാൽ 'അഭയനഗരങ്ങൾ' നിർമ്മിക്കണമെന്നു് നിയമത്തിൽ കല്പിക്കപ്പെട്ടിട്ടുണ്ടു് (സംഖ്യ. 35:11) കൊല്ലുന്നതിനായി അനുധാവനം ചെയ്യപ്പെടുന്ന മനുഷ്യർക്കു് സ്വന്തം ജീവൻ നിലനിർത്തുന്നതിനുള്ള സൗകര്യമാണ് അതുവഴി നൽകപ്പെട്ടിട്ടുള്ളതു്.

വീണ്ടും, മോശയിലൂടെ സംസാരിച്ച ദൈവത്തിൻെറ വചനം സമയത്തിൻെറ പൂർണ്ണതയിൽ ഭൂമിയിലേയ്ക്കു വന്നപ്പോൾ അവിടുന്നു് സ്പഷ്ടമായ ഈ കല്പന നൽകി: ''അവർ ഒരു നഗരത്തിൽ നിങ്ങളെ പീഡിപ്പിക്കുമ്പോൾ, മറെറാരു നഗരത്തിലേയ്ക്കു് ഓടിപ്പോവുക'' (മത്താ. 10: 23). അധികം താമസിയാതെ മറെറാരിടത്തു് ഇങ്ങനെയും പറയപ്പെട്ടിരിക്കുന്നു: ''അതിനാൽ ദാനിയേൽ പ്രവാചകൻ പറഞ്ഞ മ്ലേച്ഛത വിശുദ്ധ സ്ഥലത്തു നിൽക്കുന്നതു കാണുമ്പോൾ വായിക്കുന്നവർ ചിന്തിച്ചുകൊള്ളട്ടെ. അന്നു് യൂദയായിലുള്ളവർ മലകളിലേയ്ക്കു് ഓടിപ്പോകട്ടെ. പുരപ്പുറത്തിരിക്കുന്നവർ പുരയ്ക്കകത്തുള്ളതെടുക്കാൻ താഴേയ്ക്കു് ഇറങ്ങരുതു്. വയലിൽ നിൽക്കുന്നവൻ തൻെറ വസ്ത്രമെടുക്കാൻ തിരിച്ചുപോകരുതു്'' (മത്താ. 24:15-18). അതിനാൽ, ഇത്തരം ആശയങ്ങൾ അറിഞ്ഞിരുന്ന വിശുദ്ധർ അവരുടെ പ്രവർത്തനങ്ങൾക്കു് തദനുസൃതമായ പരിശീലനം നേടിയിരുന്നു. കർത്താവു് അന്നു നൽകിയ കല്പന മാംസത്തിലുള്ള തൻെറ ആഗമനത്തിനു മുമ്പു് തൻെറ ദാസന്മാർ വഴി അറിയിച്ചിരുന്നു. 'ദൈവം കല്പിച്ചിട്ടുള്ള കാര്യങ്ങളെല്ലാം പരിശീലിക്കുക' എന്നതു് മനുഷ്യനെ പൂർണ്ണതയിലേയ്ക്കു നയിക്കുന്ന ഒരു സാർവ്വലൗകിക നിയമമാകുന്നു.

www.malankaralibrary.com



ഇതുമൂലം, നമുക്കുവേണ്ടി മനുഷ്യനായി അവതരിച്ച വചനം തന്നെ, ശത്രുക്കൾ തന്നെ പിടികൂടാൻ ശ്രമിക്കുമ്പോൾ മറഞ്ഞുകളയുന്നതു് ആവശ്യമെന്നു കരുതി (യോഹ. 8: 59). പീഡിപ്പിക്കപ്പെടുമ്പോൾ ശത്രുക്കൾ തനിക്കെതിരേ തയ്യാറാക്കുന്ന ഗൂഢാലോചനകളിൽ നിന്നു രക്ഷപെടുന്നതിനുവേണ്ടി പിന്മാറിക്കളയാൻ അവിടുന്നു തിരുമനസ്സായി. വിശക്കുകയും ദാഹിക്കുകയും മററു യാതനകൾ സഹിക്കുകയും ചെയ്തുകൊണ്ടു് താൻ യഥാർത്ഥത്തിൽ മനുഷ്യനാണെന്നു തെളിയിക്കാൻ ഇതു് അവിടുത്തേയ്ക്കു് ഉപയുക്തമായി. ആരംഭഘട്ടത്തിൽ, താൻ മനുഷ്യനായി ജനിച്ച ഉടൻതന്നെ, അവിടുന്നു മാലാഖാ വഴി യൗസേപ്പിനു് ഈ നിർദ്ദേശം നൽകി: ''എഴുന്നേററു് ശിശുവിനേയും അമ്മയേയും കൂട്ടിക്കൊണ്ടു് ഈജിപ്തിലേയ്ക്കു് ഓടിപ്പോകുക. കാരണം, ശിശുവിനെ വധിക്കാൻ ഹേറോദേസ് ഉടൻ അന്വേഷണം ആരംഭിക്കും'' (മത്താ. 2: 13_22). ഹേറോദേസിൻെറ മരണത്തിനു ശേഷം അയാളുടെ പുത്രനായ അർക്കലാവോസിനെക്കുറിച്ചുള്ള ഭയം കാരണമാണെന്നു തോന്നുന്നു, യൗസേപ്പ് നസറത്തിൽ പോയി താമസിച്ചതു്. തുടർന്നു്, ശോഷിച്ച കൈ സുഖപ്പെടുത്തിക്കൊണ്ടു് അവിടുന്നു തൻെറ ദൈവത്വത്തിൻെറ ചോദ്യം ചെയ്യാനാവാത്ത തെളിവു നൽകി. അതു കണ്ടിട്ടു് അവിടുത്തെ നശിപ്പിക്കേണ്ടതെങ്ങനെയെന്നു യഹൂദർ ഗൂഢാലോചന നടത്തിയപ്പോൾ ഈശോ അവരുടെ ദുഷ്ടതയറിഞ്ഞു് അവിടെ നിന്നു പിൻവാങ്ങി (മത്താ, 12: 14_15). ഇനിയും, അവിടുന്നു് ലാസറിനെ മരിച്ചവരിൽനിന്നു് ഉയിർപ്പിക്കുകയും, അവിടുത്തെ നശിപ്പിക്കണമെന്ന യഹൂദരുടെ ഉദ്ദേശ്യം കൂടുതൽ തീക്ഷ്ണമായിത്തീരുകയും ചെയ്തപ്പോൾ ''അവിടുന്നു് യഹൂദരുടെയിടയിൽ പിന്നീടു പരസ്യമായി സഞ്ചരിച്ചില്ല; മരുഭൂമിയുടെ അതിർത്തിയിലുള്ള ഒരു സ്ഥലത്തേയ്ക്കു വിരമിച്ചു'' (യോഹ. 11: 53_54). മറെറാരവസരത്തിൽ നമ്മുടെ രക്ഷകൻ പറഞ്ഞു: ''അബ്രാഹം ഉണ്ടായിരുന്നതിനു മുമ്പു ഞാനുണ്ടു്.'' അപ്പോൾ യഹൂദന്മാർ അവിടുത്തെ എറിയാൻ കല്ലെടുത്തു. എന്നാൽ ഈശോ സ്വയം മറച്ചു് അവരുടെയിടയിലൂടെ ദേവാലയത്തിനു പുറത്തു വന്നു് അകലെ പോവുകയും അങ്ങനെ രക്ഷപെടുകയും ചെയ്തു (യോഹ. 8: 5_8).

അവർ ഇക്കാര്യങ്ങൾ കാണുന്നതുകൊണ്ടു് അഥവാ മനസ്സിലാക്കുന്നതുകൊണ്ടു് (എന്തെന്നാൽ അവർ കാണുകയില്ല) എഴുതപ്പെട്ടിരിക്കുന്നതുപോലെ തീകൊണ്ടു് ചുട്ടെരിക്കപ്പെടാൻ അവർ അർഹരല്ലേ? കർത്താവു പ്രവർത്തിക്കുകയും പഠിപ്പിക്കുകയും ചെയ്ത കാര്യങ്ങൾക്കെല്ലാം നേരേ വിപരീതമായിട്ടല്ലേ അവർ പറയുകയും പ്രവർത്തിക്കുകയും ചെയ്യുന്നതു്? അവസാന

www.malankaralibrary.com



മായി യോഹന്നാൻ രക്തസാക്ഷിത്വം വരിക്കുകയും ശിഷ്യന്മാർ അദ്ദേഹത്തിന്റെ ശരീരം സംസ്കരിക്കുകയും ചെയ്തു കഴിഞ്ഞപ്പോൾ, ഈശോ, സംഭവിച്ച കാര്യങ്ങൾ കേട്ടിട്ട് അവിടെ നിന്നു പിൻവാങ്ങി ഒരു കപ്പലിൽ കയറി അകലെയുള്ള ഒരു വിജനസ്ഥലത്തേയ്ക്കു പോയി (മത്താ. 14: 12-13). അപ്പോൾ കർത്താവ് ഇക്കാര്യങ്ങൾ പ്രവർത്തിക്കുകയും ഈ വിധം പഠിപ്പിക്കുകയും ചെയ്തു. ഞാൻ പരാമർശിക്കുന്ന ഈ മനുഷ്യർ നമ്മുടെ രക്ഷകനിൽത്തന്നെ ഭീരുത്വം ആരോപിക്കുന്ന ഭ്രാന്തജല്പനങ്ങൾക്കു മുതിരാതെ തങ്ങളുടെ അവിവേകം മനുഷ്യരുടെ കാര്യത്തിൽ മാത്രമായി പരിമിതപ്പെടുത്തിയിരുന്നെങ്കിൽ എന്നു ഞാൻ ആശിച്ചു പോകുന്നു. അവർ ഭ്രാന്തന്മാരായിരുന്നെങ്കിൽപ്പോലും അവരുടെ പ്രവർത്തനങ്ങൾ ക്ഷമിക്കാവുന്നതല്ല. സുവിശേഷങ്ങളിൽ അവക്കുള്ള അജ്ഞത ആർക്കും അനായാസം മനസ്സിലാകുകയും ചെയ്യും.

ഇതുപോലുള്ള സാഹചര്യങ്ങളിൽ പിൻവാങ്ങുകയും പലായനം ചെയ്യുകയും ചെയ്യാനുള്ള കാരണം യുക്തിഭദ്രവും ന്യായവുമാകുന്നു. നമ്മുടെ രക്ഷകന്റെ പെരുമാററത്തിൽനിന്നുതന്നെ സുവിശേഷകന്മാർ അതിനു മാതൃകകൾ നൽകിയിരിക്കുന്നു. വിശുദ്ധന്മാർ അതേ തത്വത്താൽ പ്രേരിതരായി എന്ന് ഇതിൽനിന്നു നമുക്കനുമാനിക്കാം. എന്തുകൊണ്ടെന്നാൽ നമ്മുടെ കർത്താവിനെക്കുറിച്ചു രേഖപ്പെടുത്തപ്പെട്ടിട്ടുള്ള കാര്യങ്ങൾ പൊതുവേ മനുഷ്യവർഗ്ഗത്തെ മുഴുവൻ സംബന്ധിച്ച് സ്വീകാര്യമത്രേ. അവിടുന്നു നമ്മുടെ സ്വഭാവം സ്വന്തമാക്കി, നമ്മുടെ ദൗർബല്യങ്ങളുടെതായ സ്വഭാവങ്ങൾ അവിടുന്നു പ്രകടമാക്കി. അക്കാര്യം യോഹന്നാൻ ഈ വിധം സൂചിപ്പിക്കുന്നു: ''അപ്പോൾ അവർ അവനെ പിടികൂടാൻ ശ്രമിച്ചു. എന്നാൽ ആരും അവന്റെ മേൽ കൈവച്ചില്ല; കാരണം, അവന്റെ സമയം സമാഗതമായിരുന്നില്ല'' (യോഹ. 7:30).

കൂടാതെ, ആ മണിക്കൂർ സമാഗതമാകുന്നതിനുമുമ്പ് അവിടുന്ന് തന്റെ അമ്മയോടു പറഞ്ഞു, ''എന്റെ സമയം ഇനിയും വന്നുചേർന്നിട്ടില്ല'' (യോഹന്നാൻ 2 : 4) തന്റെ സഹോദരങ്ങൾ എന്നു വിവരിക്കപ്പെട്ടവരോടും അവിടുന്നു പറഞ്ഞു, ''എന്റെ സമയം സമാഗതമായിട്ടില്ല''. എന്നാൽ സമയം സമാഗതമായപ്പോൾ അവിടുന്നു ശിഷ്യന്മാരോടു പറഞ്ഞു, ''നിങ്ങൾ ഇപ്പോൾ ഉറങ്ങി വിശ്രമിക്കുക. ഇതാ, സമയം അടുത്തിരിക്കുന്നു. മനുഷ്യപുത്രൻ പാപികളുടെ കരങ്ങളിൽ ഏല്പിക്കപ്പെടും'' (മത്താ. 26:45). അങ്ങനെ, സമയം ആകുന്നതിനുമുമ്പ് തന്നെ പിടികൂടാൻ അവിടുന്ന് ശത്രുക്കളെ

www.malankaralibrary.com



അനുവദിക്കുകയോ സമയം സമാഗതമായപ്പോൾ അവിടുന്ന് ഒളിച്ചിരിക്കുകയോ ചെയ്തില്ല. തനിക്കെതിരായി ഗൂഢാലോചന നടത്തിയവരുടെ കൈകളിൽ യഥാസമയം സ്വയം ഏല്പിച്ചു കൊടുക്കുകയാണ് അവിടുന്നു ചെയ്തതു്. ഇതുപോലെ തന്നെ അനുഗൃഹീതരായ രക്തസാക്ഷികളും പീഡനങ്ങളുടെ കാലത്തു സ്വയം സംരക്ഷിച്ചു. പീഡനങ്ങളിൽനിന്നു പലായനം ചെയ്യുകയും ഒളിവിൽ കഴിയുകയും ചെയ്തു. കണ്ടുപിടിക്കപ്പെട്ടപ്പോൾ രക്തസാക്ഷിത്വം വരിച്ചു.[22]

തന്റെ പലായനത്തിനു നീതീകരണമായി അത്തനാസ്യോസ് അവതരിപ്പിക്കുന്ന ന്യായവാദം ഈ വിധത്തിലുള്ളതാണ്.

## അധ്യായം 9

## അന്ത്യോക്യയിലെ സംഭവങ്ങൾ

അലക്സാൺഡ്രിയയിലെ സിനഡ് സമാപിച്ച ഉടൻതന്നെ വെർചെല്ലിയിലെ മെത്രാനായ എവുസേബിയസ് അലക്സാൺഡ്രിയയിൽനിന്ന് അന്ത്യോക്യയിലേയ്ക്കു പോയി. അവിടെ പൗളിനൂസിനെ ലൂസിഫർ മെത്രാനായി വാഴിച്ചിരുന്നു. ഇതുമൂലം ജനങ്ങളുടെയിടയിൽ ഭിന്നതയുണ്ടായിരിക്കുന്നതായി എവുസേബിയസ് കണ്ടു. മെലീഷ്യസിന്റെ പക്ഷക്കാർ അവരുടെ സമ്മേളനങ്ങൾ വേറിട്ടു നടത്തിയിരുന്നു. ഈ തെരഞ്ഞെടുപ്പിനെ തുടർന്നുണ്ടായ അനൈക്യത്തിൽ എവുസേബിയസ് വളരെ ദുഃഖിതനായി. സംഭവിച്ചതിനെ സംബന്ധിച്ച് അദ്ദേഹത്തിനു വളരെ അതൃപ്തിയും തോന്നി. എന്നാൽ ലൂസിഫറിനെ സംബന്ധിച്ച് അദ്ദേഹത്തിനുണ്ടായിരുന്ന വ്യക്തിപരമായ ബഹുമാനം, ഈ വിഷയത്തിൽ മൗനം ദീക്ഷിക്കാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചു. അവിടെനിന്നു പോയതിനു ശേഷം എല്ലാ കാര്യങ്ങളും മെത്രാന്മാരുടെ ഒരു സമ്മേളനം വഴി നേരേയാക്കാൻ അദ്ദേഹം ശ്രമിച്ചു. അതിനെത്തുടന്ന്, ഭിന്നിച്ചു നിൽക്കുന്നവരെ യോജിപ്പിക്കാൻ അദ്ദേഹം വളരെ ആത്മാർത്ഥമായ ഒരു ശ്രമം നടത്തി. പക്ഷേ ആ ശ്രമം ഫലിച്ചില്ല.

ഇതേ സമയം മെലീഷ്യസ് നാടുകടത്തലിൽനിന്നു തിരിച്ചുവന്നു. തന്റെ അനുയായികൾ മററുള്ളവരിൽനിന്നു

22. അതേകൃതി, 15; 22.

www.malankaralibrary.com



വേറിട്ട സമ്മേളനങ്ങൾ നടത്തുന്നു എന്നറിഞ്ഞ് അദ്ദേഹം അവരുടെ നേതൃത്വം ഏറ്റെടുത്തു. എന്നാൽ പള്ളികൾ ആര്യൻ പക്ഷക്കാരുടെ നേതാവായിരുന്ന എവുസോയിയൂസിൻെറ അധീനതയിലായിരുന്നു. നഗരത്തിനുള്ളിൽ ഒരു ചെറിയ പള്ളി മാത്രമാണ് പൗളീനൂസിൻെറ അധീനതയിൽ ഉണ്ടായിരുന്നത്. എവുസോയിയൂസിന് പൗളീനോസിനോടുണ്ടായിരുന്ന വ്യക്തിപരമായ ബഹുമാനം കാരണം അയാൾ അദ്ദേഹത്തെ അവിടെനിന്നു പുറത്താക്കിയിരുന്നില്ല. മെലീഷ്യസ് തൻെറ അനുയായികളെ നഗരകവാടങ്ങൾക്കു പുറത്തു സമ്മേളിപ്പിച്ചു. ഇപ്രകാരം ഒരു സാഹചര്യത്തിലാണ് എവുസേബിയസ് അന്ന് അന്ത്യോക്യ വിട്ടത്.

താൻ പൗളീനൂസിനെ വാഴിച്ചത് എവുസേബിയസ് അംഗീകരിച്ചില്ല എന്നറിഞ്ഞപ്പോൾ ലൂസിഫർ അതൊരധിക്ഷേപമായി കണക്കാക്കുകയും വളരെ കുപിതനായിത്തീരുകയും ചെയ്തു. ലൂസിഫർ എവുസേബിയസുമായി എല്ലാ കൂട്ടായ്മകളും അവസാനിപ്പിച്ചു എന്നു മാത്രമല്ല, മത്സരബുദ്ധിയിൽ സിനഡിൻെറ തീരുമാനങ്ങളെയെല്ലാം എതിർക്കാൻ തീരുമാനിക്കുകയും ചെയ്തു. വല്ലാത്ത കുഴപ്പങ്ങൾ നിറഞ്ഞ ഒരു കാലത്താണ് ഇതെല്ലാം സംഭവിച്ചത്. അതിനാൽ അനേകർ സഭയിൽ നിന്ന് അകന്നുപോകാനിടയായി. പലരും ലൂസിഫറിനോടു ബന്ധപ്പെട്ടുനിന്നു. അങ്ങനെ, ലൂസിഫേറിയന്മാർ എന്ന പേരിൽ ഒരു പ്രത്യേക വിഭാഗം തന്നെ ഉണ്ടായി. ഇങ്ങനെയാണെങ്കിലും ലൂസിഫറിന് തൻെറ കോപം പൂർണ്ണമായി പ്രാവർത്തികമാക്കാൻ കഴിഞ്ഞില്ല. സിനഡ് എടുക്കുന്ന തീരുമാനങ്ങൾ എന്തായിരുന്നാലും താൻ അവ സ്വീകരിച്ചുകൊള്ളാമെന്ന് അദ്ദേഹം തൻെറ ഡീക്കൻവഴി പ്രതിജ്ഞ ചെയ്തിരുന്നല്ലോ. അതിനാൽ ലൂസിഫർ സഭയുടെ തത്ത്വങ്ങളോടു ചേർന്നു നിൽക്കുകയും സർദീനിയായിലുള്ള തൻെറ ജനങ്ങളുടെ അടുത്തേയ്ക്കു പോവുകയും ചെയ്തു. എന്നാൽ കലഹത്തിൽ ലൂസിഫറിനോടു ചേർന്നു നിന്നവർ ഇപ്പോഴും സഭയിൽ നിന്ന് അകന്നു തന്നെ നിൽക്കുന്നു.

എന്നാൽ, എവുസേബിയസ് ഇതേ സമയം നല്ലൊരു വൈദ്യനെപ്പോലെ കിഴക്കൻ പ്രവിശ്യകളിലെല്ലാം സഞ്ചരിച്ച് വിശ്വാസത്തിൽ ദുർബ്ബലരായിരുന്നവരെ പൂർണ്ണമായും വിശ്വാസത്തിൽ സ്ഥിരീകരിച്ചു. അവരെ സഭാപരമായ തത്ത്വങ്ങൾ പഠിപ്പിക്കുകയും വിശ്വാസത്തിൽ ഉറപ്പിക്കുകയും ചെയ്തു. അതിനുശേഷം അദ്ദേഹം ഇല്ലിറിക്കത്തിലേയ്ക്കു കടന്നു; അവിടെ നിന്ന് ഇററലിയിലേയ്ക്കും. എല്ലായിടത്തും ഇതേ പ്രവർത്തന രീതി അദ്ദേഹം പിന്തുടർന്നു.

www.malankaralibrary.com



# അധ്യായം 10

## മെത്രാനായ ഹിലരി

അകചിററാനിയാ സെക്കൻഡായിലെ ഒരു നഗരമായ പചതിയേ (Poictiers) മെത്രാനായ ഹിലരി എവുസേബിയസിനെ പ്രതീക്ഷിച്ചിരിക്കയായിരുന്നു. അദ്ദേഹം ഇററലി, ഗാറം പ്രദേശങ്ങളിലെ മെത്രാന്മാരെ സത്യവിശ്വാസ തത്വങ്ങളിൽ ഉറപ്പിച്ചിരുന്നു; കാരണം, അദ്ദേഹം നാടുകടത്തലിൽ നിന്നു് നേരത്തെതന്നെ ആ പ്രദേശങ്ങളിലേയ്ക്കു തിരിച്ചു ചെന്നിരുന്നു. അവർ രണ്ടുപേരും ശ്രേഷ്ഠമായ വിധത്തിൽ, വിശ്വാസസംരക്ഷണാർത്ഥം തങ്ങളുടെ പ്രയത്നശക്തി സംയുക്തമായി വിനിയോഗിച്ചു. ഹിലരി വളരെ വശ്യവചസ്സായ ഒരു വ്യക്തിയായിരുന്നു. ലത്തീനിൽ എഴുതിയ തന്റെ ഗ്രന്ഥങ്ങളിൽ അദ്ദേഹം *ഹോമോഊസിയോൻ* പ്രബോധനത്തെ വളരെ ശക്തിയോടുകൂടി സമർത്ഥിച്ചിട്ടുണ്ടു്. പ്രസ്തുത ഗ്രന്ഥങ്ങളിൽ അദ്ദേഹം പ്രസ്തുത തത്വത്തിനു് പര്യാപ്തമായ പിൻതുണ നൽകുകയും എതിർക്കാനാവാത്തവിധം ആര്യൻ സിദ്ധാന്തങ്ങളെ ഖണ്ഡിക്കുകയും ചെയ്തു. നാടുകടത്തപ്പെട്ടവർ തിരിച്ചുവിളിക്കപ്പെട്ടതിനുശേഷം അധികം താമസിയാതെയാണ് ഇതെല്ലാം നടന്നതു്.

ഒരു കാര്യം ഇവിടെ പരാമർശിക്കേണ്ടതുണ്ടു്. മാസിഡോണിയർ എന്ന പൊതുവിൽ വിശേഷിപ്പിക്കപ്പെട്ടവരായ മാസിഡോണിയസ്, എലെവുസ്യൂസ്, എവുസ്താത്തിയൂസ്, സൊഫ്രോണിയൂസ് തുടങ്ങിയവരും അവരുടെ സുഹൃത്തുക്കളും വിവിധ സ്ഥലങ്ങളിൽ വച്ചു് ഈ കാലഘട്ടത്തിൽ നിരന്തരം സിനഡുകറം നടത്തിക്കൊണ്ടിരുന്നു. സെലൂഷ്യാപ്രദേശത്തു് തങ്ങളുടെ അഭിപ്രായങ്ങളെ അനുകൂലിച്ചിരുന്നവരെയെല്ലാം വിളിച്ചുകൂട്ടിയതിനുശേഷം മറുവിഭാഗത്തിൽ (അകാചിയൻ വിഭാഗത്തിൽ)പെട്ട മെത്രാന്മാരെ അവർ ശപിച്ചു. റിമിനിയിലെ വിശ്വാസപ്രമാണം നിരാകരിച്ചുകൊണ്ടു്, സെലൂഷ്യയിൽ വായിക്കപ്പെട്ട വിശ്വാസപ്രമാണം അവർ സ്ഥിരീകരിച്ചു. മുൻ പുസ്തകത്തിൽ ഞാൻ പ്രസ്താവിച്ചിട്ടുള്ളതുപോലെ, [23] ഈ വിശ്വാസപ്രമാണം അന്ത്യോക്യയിൽ വച്ചു്

23. 2:10. 39

www.malankaralibrary.com



അംഗീകൃതമായ വിശ്വാസപ്രമാണം തന്നെയായിരുന്നു. ''മാസിഡോണിയന്മാർ എന്ന് ഇതുവരെ അറിയപ്പെട്ടിരുന്ന നിങ്ങൾ യഥാർത്ഥത്തിൽ അകാചിയരിൽനിന്നു വ്യത്യസ്തമായ അഭിപ്രായങ്ങൾ പുലർത്തുന്നവരാണെങ്കിൽ അഭിപ്രായൈക്യമുള്ളവരെപ്പോലെ അവരുമായി ഇതുവരെ കൂട്ടായ്മ പുലർത്തിയിരുന്നതു് എന്തുകൊണ്ട്'' എന്ന് ചിലയാളുകൾ ഇക്കൂട്ടരോടു ചോദിച്ചു. അപ്പോൾ, പഫ്ലഗോണിയായിലെ ഒരു നഗരമായ പോംപെയോപോലീസിലെ മെത്രാനായ സോഫ്രോണിയൂസ് വഴി താഴെ കാണുന്ന മറുപടി അവർ നൽകി: ''പാശ്ചാത്യദേശത്തുള്ളവർ ഒരു രോഗത്താലെന്നപോലെ *ഹോമോഉസിയോൻ* വിശ്വാസത്താൽ ബാധിക്കപ്പെട്ടിരുന്നു. പൗരസ്ത്യദേശത്തുള്ള ഏസ്യൂസാകട്ടെ ''സത്തയിലുള്ള വിഭിന്നത''[24] എന്ന ആശയം കൂട്ടിച്ചേർത്ത് വിശ്വാസത്തിന്റെ പരിശുദ്ധി നഷ്ടപ്പെടുത്തി. സത്യത്തിൽ ഈ രണ്ടു തത്ത്വങ്ങളും അബദ്ധങ്ങളാകുന്നു. ആദ്യത്തെ കൂട്ടർ രണ്ടു വിഭിന്ന വ്യക്തികളായ പിതാവിനെയും പുത്രനെയും *ഹോമോഉസിയോൻ* എന്ന പദത്തിന്റെ ദുഷ്ടതയുടെ ചരടുകൊണ്ടു കൂട്ടിക്കെട്ടി മര്യാദ കെട്ടവിധം ഒന്നാക്കി. അതേസമയം ഏസ്യൂസാകട്ടെ, *അനോമൊയ്യോൻ* എന്ന പദപ്രയോഗംകൊണ്ട് പുത്രനു പിതാവിനോടുള്ള സത്താനുസൃതമായ ആ യോജിപ്പിനെ പൂർണ്ണമായി നിരാകരിച്ചു. സത്തയിലും സത്തിലും വ്യത്യസ്തരാണെന്നു സിദ്ധാന്തിക്കുകയും ചെയ്തു. ഈ രണ്ടഭിപ്രായഗതികളും അങ്ങേയററം പരസ്പര വിരുദ്ധങ്ങളത്രേ. ഒരു മദ്ധ്യമാർഗ്ഗം സത്യത്തിനും മതാത്മകജീവിതത്തിനും കൂടുതൽ യുക്തമായിരിക്കുമെന്നു ഞങ്ങൾക്കു തോന്നി. അതിനാൽ ഞങ്ങൾ ഉറപ്പിച്ചു പറയുന്നു: നിലനില്പിനെ സംബന്ധിച്ചിടത്തോളം പുത്രൻ പിതാവിനു സമാനനാകുന്നു''[25].

മാസിഡോണിയർ സോഫ്രോണിയൂസ് വഴി നൽകിയ ഈ മറുപടി സിനഡൽ നടപടികളുടെ സമാഹാരം എന്ന ഗ്രന്ഥത്തിൽ സബീനൂസ് സുനിശ്ചിതമായി രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ *അനോമൊയ്യോൻ* സിദ്ധാന്തത്തിന്റെ ഉപജ്ഞാതാവായി അകാചിയൂസിനു പകരം ഏസ്യൂസിനെ അവതരിപ്പിക്കുകവഴി മാസിഡോണിയർ കുത്സിതമായ സത്യഗോപനമാണു നടത്തുന്നതു്. ഒരു വശത്തു് ആര്യൻ സിദ്ധാന്തത്തിൽ നിന്നും മറുവശത്തു് *ഹോമോഉസിയോൻ* സിദ്ധാന്ത

---

24. dissimilitude of substance

25. "like the father as to subsistence"

www.malankaralibrary.com



ത്തിൽനിന്നും ഒരേ അകലത്തിൽ നിൽക്കുന്നു എന്നു വരുത്തി ത്തീർക്കാനുള്ള ശ്രമമാണവരുടെതു്. പുത്രമയ്ക്കുവേണ്ടിയുള്ള ആവേശംകൊണ്ടു മാത്രം അവർ രണ്ടുകൂട്ടരിലും നിന്നു് അകന്നു നിൽക്കുന്നു എന്നതിൽ അവരുടെ വാക്കുകൾ തന്നെ അവരെ കുററം വിധിക്കുന്നു.

## അധ്യായം 11

## ജൂലിയൻ ചക്രവർത്തി ക്രിസ്ത്യാനികളെ ഞെക്കിപ്പിഴിയുന്നു

ജൂലിയൻ ചക്രവത്തി തന്റെ ഭരണത്തിന്റെ ആദ്യഘട്ടത്തിൽ എല്ലാ വിഭാഗങ്ങളിലും പെട്ട ജനങ്ങളോടു വളരെ സൗമ്യമായി പെരുമാറി. എന്നാൽ മുമ്പോട്ടു പോകുന്തോറും ഈ സമഭാവനയുടെ പ്രകടനം കുറഞ്ഞുവന്നു. കോൺസ്റ്റാൻസ്യൂസിന്റെ സ്മരണയ്ക്കു് ഏതെങ്കിലും തരത്തിൽ പരിഹാസ്യത വരുത്താനുതകുന്നതാണെങ്കിൽ ക്രിസ്ത്യാനികളുടെ അത്തരം അർത്ഥനകൾ അയാൾ സഹർഷം സ്വീകരിക്കുമായിരുന്നു. എന്നാൽ അത്തരം ഒരു പ്രേരണയില്ലാത്തപ്പോൾ ക്രിസ്ത്യാനികളോടു പൊതുവേ തനിക്കുള്ള വൈരം മറച്ചുവയ്ക്കാൻ അയാൾ യാതൊരു ശ്രമവും നടത്തിയതുമില്ല. അതനുസരിച്ചു് സിസിക്കുസിൽ ഉണ്ടായിരുന്നതും എവുസോയിയുസ് പൂർണ്ണമായും തകർത്തുകളഞ്ഞതുമായ നൊവേഷ്യരുടെ പള്ളി പുനർനിർമ്മിക്കപ്പെടണമെന്നു് അയാൾ കല്പന പുറപ്പെടുവിച്ചു. ആ നഗരത്തിലെ മെത്രാനായ എലൈവുസ്യൂസ് രണ്ടുമാസത്തിനകം സ്വന്തം ചെലവിൽ ആ പണി തീർത്തുകൊടുത്തില്ലെങ്കിൽ അദ്ദേഹത്തിന്റെ മേൽ വലിയൊരുതുക പിഴചുമത്തും എന്നു ഭീഷണിപ്പെടുത്തി.

ഇതിനു പുറമേ, അക്രൈസ്തവരുടെ അന്ധവിശ്വാസങ്ങളെ അയാൾ അനുകൂലിക്കുകയും ചെയ്തു. തന്റെ അധികാരത്തിന്റെ ശക്തി മുഴുവൻ അതിനായി അയാൾ വിനിയോഗിച്ചു. നാം മുമ്പു പറഞ്ഞതുപോലെ,[26] അവിശ്വാസികളുടെ ക്ഷേത്രങ്ങ

26. 3:1

www.malankaralibrary.com



ളെല്ലാം വീണ്ടും തുറക്കപ്പെട്ടു. ചക്രവർത്തി, കോൺസ്റ്റാൻറിനോപ്പിളിലെ കത്തീഡ്രൽ ദേവാലയത്തിൽ ആ നഗരത്തിൻെറ ദേവതയായി സങ്കല്പിക്കപ്പെട്ട ഭാഗ്യദേവതയുടെ വിഗ്രഹം സ്ഥാപിക്കുകയും അയാറം തന്നെ അതിനുമുമ്പിൽ പരസ്യമായി ബലികരം അർപ്പിക്കുകയും ചെയ്തു.

## അധ്യായം 12

## മെത്രാനായ മാരിസ്.

## ജൂലിയൻെറ വിചിത്രമായ ഒരു കല്പന

ഏതാണ്ട് ഇക്കാലത്തു് ബിത്തീനിയായിലെ കാൽസിഡോണിൽ മെത്രാനായിരുന്ന മാരിസ് കൈക്കു പിടിച്ചു നയിക്കപ്പെട്ടവനായി ചക്രവർത്തിയുടെ മുമ്പിൽ ചെന്നിട്ട്– അത്യധികമായ വാർദ്ധക്യംകൊണ്ട് അദ്ദേഹത്തിൻെറ കണ്ണിൽ തിമിരം എന്ന രോഗം ബാധിച്ചിരുന്നു – ചക്രവർത്തിയുടെ ഭക്തിരാഹിത്യം, വിശ്വാസത്യാഗം, നിരീശ്വരത്വം എന്നിവയുടെ പേരിൽ അയാളെ രൂക്ഷമായി കുററപ്പെടുത്തി. ഈ കുററപ്പെടുത്തലിനു് പരിഹാസപൂർണ്ണങ്ങളായ വിശേഷണങ്ങരം കൊണ്ടാണ് അയാറം മറുപടി പറഞ്ഞതു്. 'കണ്ണുപൊട്ടൻ', 'കണ്ണുപൊട്ടനായ വിഡ്ഢിക്കിഴവൻ' എന്നെല്ലാം അയാറം അദ്ദേഹത്തെ വിളിച്ചു. തുടർന്നു് അയാറം പറഞ്ഞു, ''തൻെറ ഈ ഗലിലേയ ദൈവം തൻെറ അന്ധത ഒരിക്കലും മാററിത്തരുകയില്ല''. ക്രിസ്തുവിനെ 'ഗലിലേയൻ' എന്നും ക്രിസ്ത്യാനികളെ 'ഗലിലേയർ' എന്നും വിളിക്കുക അയാളുടെ പതിവായിരുന്നു. ചക്രവർത്തിയുടെ ആക്ഷേപത്തിനു് കൂടുതൽ ധീരതയോടുകൂടി മാരിസ് ഇങ്ങനെ മറുപടി പറഞ്ഞു, ''എൻെറ കാഴ്ചശക്തി നീക്കിക്കളഞ്ഞതിനു ഞാൻ ദൈവത്തിനു നന്ദി പറയുന്നു; ഇത്ര ദൈവഭക്തിയില്ലാത്ത ഒരാളിൻെറ മുഖം കാണാതിരിക്കാൻ എനിക്കു കഴിയുമല്ലോ''. ഈ സംഭവം കൂടുതൽ ശ്രദ്ധിക്കാത്ത വിധത്തിൽ ചക്രവർത്തി കടത്തിവിട്ടു. എന്നാൽ പിന്നീട് അയാറം അതിനു പ്രതികാരം ചെയ്തു. ഡയോക്ലീഷൻെറ കാലത്തു രക്തസാക്ഷിത്വം വരിച്ചവരെ ക്രിസ്ത്യാനികരം വളരെയധികമായി ബഹുമാനിക്കുന്നു എന്നതു് അയാറം ശ്രദ്ധിച്ചു. ക്രിസ്ത്യാനികളിൽ പലരും രക്തസാക്ഷികളാകാൻ അതിയായി ആഗ്രഹിക്കുന്നുവെന്നും അയാറം മനസ്സിലാക്കി.

www.malankaralibrary.com



അതിനാൽ ക്രിസ്ത്യാനികളോടുള്ള തൻെറ പ്രതികാരം മറെറാരു വിധത്തിൽ നടപ്പിലാക്കാൻ അയാഠം തീരുമാനിച്ചു. ഡയോക്ലീഷൻ ചെയ്തതുപോലെ ക്രിസ്ത്യാനികളോടു വല്ലതായ ക്രൂരത കാണിക്കേണ്ട എന്നു തന്നെ അയാഠം നിശ്ചയിച്ചു. എന്നാൽ പീഡനത്തിൽനിന്നു പൂർണ്ണമായി വിട്ടുനിന്നതുമില്ല. -സൈ്വരം കെടുത്തുകയോ ശല്യപ്പെടുത്തുകയോ ചെയ്യുന്ന ഏതു നടപടിയും പീഡനമാണെന്നാണു ഞാൻ കരുതുന്നത്.- അയാഠം സ്വീകരിച്ച പദ്ധതി ഇതാണ്: ക്രിസ്ത്യാനികളെ സാഹിത്യപഠനത്തിൽ നിന്ന് അകററി നിറുത്തുന്ന ഒരു നിയമം[27] അയാഠം നടപ്പിലാക്കി. അയാഠം പറഞ്ഞു, ''നാക്കിനു മൂർച്ച വർദ്ധിച്ചുകഴിഞ്ഞാൽ മററു മതക്കാരുടെ വാദമുഖങ്ങഠംക്ക് കൂടുതൽ അനായാസമായി മറുപടി നൽകാൻ അവക്കു കഴിയും.''

## അധ്യായം 13

# അക്രൈസ്തവർ നടത്തിയ അതിക്രമങ്ങഠം

ക്രിസ്തുമതം ഉപേക്ഷിക്കുകയും വിഗ്രഹങ്ങഠംക്കു ബലിയർപ്പിക്കുകയും ചെയ്യാത്തവക്ക് ഗവണ്മെൻറ് ഉദ്യോഗങ്ങഠം വഹിക്കുന്നതിനു അയാഠം വിലക്കു കല്പിച്ചു. ക്രിസ്ത്യാനികളെ പ്രവിശ്യകളുടെ ഗവർണ്ണർമാരായിരിക്കാൻ അയാഠം അനുവദിച്ചില്ല. അയാഠം പറഞ്ഞു: ''കാരണം, വധശിക്ഷയർഹിക്കുന്ന കുററവാളികഠംക്കെതിരെ ഖഡ്ഗം പ്രയോഗിക്കാൻ അവരുടെ മതനിയമം അനുവദിക്കുകയില്ല.'' വിഗ്രഹങ്ങഠംക്കു ബലിയർപ്പിക്കാൻ അയാഠം പലരെയും പ്രേരിതരാക്കി. ചിലരെയെല്ലാം മുഖസ്തുതികൊണ്ടും ചിലരെയെല്ലാം പാരിതോഷികങ്ങഠം കൊണ്ടുമാണ് വശപ്പെടുത്തിയത്. അതിൻെറ ഫലമായി ഒരു ചൂളയിൽ പരിശോധിച്ചാലെന്നപോലെ യഥാർത്ഥ ക്രിസ്ത്യാനികളെയും നാമമാത്രക്രിസ്ത്യാനികളെയും വേർതിരിച്ചറിയാറായി. ഹൃദയത്തിൻെറ പവിത്രതയിൽ നിന്നു ക്രിസ്ത്യാനികളായവർ ഉടൻ തന്നെ ഉദ്യോഗങ്ങഠം രാജി വച്ച്, ക്രിസ്തുവിനെ നിഷേധിക്കുന്നതിനെക്കാഠം എന്തു പീഡനവും സഹിക്കാൻ തയ്യാറായി നിലകൊണ്ടു. ജോവിയൻ, വലെൻറീനിയൻ, വാലെൻസ് എന്നിവരെല്ലാം ഈ വിഭാഗ

---

27. 3:16

www.malankaralibrary.com



ത്തിൽപ്പെട്ടം ഇവർ ഓരോരുത്തരും പില്ക്കാലത്തു ചക്രവർത്തി യായിത്തീരുകയും ചെയ്തു. ഉറപ്പില്ലാത്ത തത്ത്വങ്ങളോടുകൂടിയ വേറെ ചിലരാകട്ടെ, യഥാർത്ഥ സൗഭാഗ്യത്തെക്കാരം അധിക മായി ഈ ലോകത്തിൻെറ ധനങ്ങളും ബഹുമതികളും വിലമ തിച്ചുകൊണ്ടു് മനംമടുപ്പു കൂടാതെ വിഗ്രഹങ്ങൾക്കു ബലിയർ പ്പിക്കാൻ തയ്യാറായി. എസെബോലിയസ് എന്ന കോൺ സ്റ്റാൻറിനോപ്പിൾകാരനായ താർക്കികൻ ഇക്കൂട്ടത്തിൽപ്പെട്ടയാ ളാണ്. ചക്രവർത്തിമാരുടെ അഭിമതമനുസരിച്ചു് വ്യത്യസ്ത വേഷങ്ങൾ അഭിനയിക്കാൻ അയാൾ സന്നദ്ധനായിരുന്നു. കോൺസ്റ്റാൻസ്യൂസിൻെറ കാലത്തു് അയാൾ തീക്ഷ്ണതയുള്ള ഒരു ക്രിസ്ത്യാനിയായി അഭിനയിച്ചു. ജൂലിയൻെറ കാലത്തു് അതുപോലെതന്നെ തീക്ഷ്ണതയുള്ള ഒരു അക്രൈസ്തവനായും അയാൾ ഭാവിച്ചു. ജൂലിയൻെറ മരണത്തിനുശേഷം അയാൾ ക്രിസ്ത്യാനിയാണെന്നു പ്രഖ്യാപനം നടത്തി. പള്ളിയുടെ കവാടത്തിനു മുമ്പിൽ ദണ്ഡനമസ്കാരം ചെയ്തുകൊണ്ടു് അയാൾ വിളിച്ചു പറഞ്ഞു, ''എന്നെ ചവിട്ടി കടന്നുപോകുക. ഞാൻ ഉറ കെട്ടുപോയ ഉപ്പിനു തുല്യനാകുന്നു.'' ജീവിതകാലം മുഴുവൻ ഇതുപോലെ ചപലവും ചഞ്ചലവുമായ സ്വഭാവമാണ് ഈ മനു ഷ്യൻ പ്രകടിപ്പിച്ചിട്ടുള്ളത്.

ഇക്കാലത്തു് പേർഷ്യാക്കാർക്കെതിരായ ഒരു പടനീക്കം നടത്താൻ ചക്രവർത്തി തീരുമാനിച്ചു. കോൺസ്റ്റാൻസ്യൂസിൻെറ കാലത്തു് റോമാസാമ്രാജ്യത്തിൻെറ കിഴക്കൻ പ്രദേശങ്ങളിൽ അവർ ആക്രമണം നടത്തിയതിൻെറ പ്രതികാരനടപടിയായി ട്ടായിരുന്നു ഈ നീക്കം. വലിയ സന്നാഹത്തോടുകൂടിയ പട നീക്കം അയാൾ ആരംഭിച്ചു. യുദ്ധത്തോടനുബന്ധിച്ച് എന്തെല്ലാം ദുരന്തങ്ങൾ ഉണ്ടാകുമെന്നും യുദ്ധം വിജയകരമായി നടത്തി ക്കൊണ്ടുപോകുന്നതിനു് എത്ര വലുതായ വ്യയം ഉണ്ടാകുമെന്നും അറിയാമായിരുന്ന അയാൾ പണം ശേഖരിക്കാൻ തന്ത്രപര മായ ഒരു മാർഗ്ഗം ആവിഷ്കരിച്ചു. ക്രിസ്ത്യാനികളെ ഞെക്കി പ്പിഴിഞ്ഞു പണമുണ്ടാക്കുക എന്നതായിരുന്നു തന്ത്രം. വിഗ്രഹ ങ്ങൾക്കു ബലിയർപ്പിക്കാൻ വിസമ്മതിച്ചവരുടെ മേലെല്ലാം അയാൾ കനത്ത പിഴ ചുമത്തി. അതു് വളരെ കർശനമായ രീതിയിൽ പിരിച്ചെടുക്കുകയും ചെയ്തു. സമ്പാദ്യത്തിനു് ആനു പാതികമായിട്ടാണ് പിഴ ഏർപ്പെടുത്തിയതു്. അനീതിപൂർണ്ണ മായ ഈ മാർഗ്ഗത്തിലൂടെ ചക്രവർത്തി ചുരുങ്ങിയ കാലം കൊണ്ടു് വളരെ വലിയ തുക കൈക്കലാക്കി. ചക്രവർത്തി നേരിട്ടു സന്നിഹിതനായിട്ടും അല്ലാതെയും പിരിച്ചെടുക്കൽ നടത്തപ്പെട്ടു. ഈ തക്കം ഉപയോഗിച്ചു് അക്രൈസ്തവർ ക്രിസ്ത്യാനികളെ ആക്രമിക്കുകയും ചെയ്തു. 'ദാർശനികന്മാർ'

www.malankaralibrary.com



എന്നു സ്വയം വിശേഷിപ്പിച്ച ആളുകളുടെ ഒരു വലിയ സമൂഹം തന്നെ അന്നു മുന്നോട്ടുവന്നു. കുത്സിതമായ ചില രഹസ്യകർമ്മങ്ങൾ അന്നവർ നടപ്പിലാക്കി. നിഷ്കളങ്കരായ കുഞ്ഞുങ്ങളെ-ആണിനെയും പെണ്ണിനെയും-അവർ ബലിയർപ്പിച്ചു. കൊല്ലപ്പെട്ട കുഞ്ഞുങ്ങളുടെ കുടലുകൾ എടുത്ത് അവർ പരിശോധിക്കുകയും അവരുടെ മാംസം രുചിക്കുകപോലും ചെയ്തു. ഈ നൃശംസകൃത്യങ്ങൾ പല നഗരങ്ങളിലും നടന്നു. എന്നാൽ ആഥെൻസിലും അലക്സാൺഡ്രിയയിലുമാണ് കൂടുതലായി നടന്നത്. അലക്സാൺഡ്രിയയിലെ മെത്രാനായിരുന്ന അത്തനാസ്യോസിനെതിരായി അപവാദപൂർണ്ണമായ കുററാരോപണവും നടത്തപ്പെട്ടു. അലക്സാണ്ഡ്രിയാ നഗരത്തെ മാത്രമല്ല, ഈജിപ്ററിനെ മുഴുവൻ നശിപ്പിക്കാൻ അത്തനാസ്യോസ് ഉദ്യതനായിരിക്കുകയാണെന്നു ചക്രവർത്തി ഉറപ്പായി കരുതി. അദ്ദേഹത്തെ നാട്ടിൽനിന്നു ബഹിഷ്കരിക്കുകയല്ലാതെ അതിനു പരിഹാരമില്ലെന്നും അയാൾ തീരുമാനിച്ചു. അതിനാൽ അത്തനാസ്യോസിനെ ബന്ധനസ്ഥനാക്കാൻ ചക്രവർത്തി ഈജിപ്തിലെ ഗവർണ്ണർക്ക് ആജ്ഞ നല്കി.

## അധ്യായം 14

## അത്തനാസ്യോസിൻെറ പലായനം

അത്തനാസ്യോസ് വീണ്ടും പലായനം ചെയ്തു. അടുത്ത സുഹൃത്തുക്കളോട് അദ്ദേഹം പറഞ്ഞു, "സുഹൃത്തുക്കളേ, അല്പ കാലത്തേയ്ക്കു നമുക്കു പിന്മാറാം. ഇതൊരു ചെറിയ കാർമേഘമാണ്; വേഗം നീങ്ങിക്കൊള്ളും." അദ്ദേഹം ഉടൻ പുറപ്പെട്ടു. നൈൽ കടന്ന്, സാദ്ധ്യമായത്ര വേഗത്തിൽ ഈജിപ്തിനുള്ളിലേയ്ക്ക് യാത്ര ചെയ്തു. അദ്ദേഹത്തെ പിടികൂടാൻ ശ്രമിച്ചവരും പിറകെ ഉണ്ടായിരുന്നു. പിൻതുടരുന്നവർ വളരെ സമീപം എത്തിയിരിക്കുന്നു എന്നു മനസ്സിലായപ്പോൾ, മരുഭൂമിയിലേയ്ക്ക് ഓടി രക്ഷപെടാൻ, കൂടെയുള്ളവർ അദ്ദേഹത്തെ പ്രേരിപ്പിച്ചു. എന്നാൽ അത്തനാസ്യോസ് ഒരു തന്ത്രം പ്രയോഗിച്ചു രക്ഷപെടുകയാണുണ്ടായത്. കൂടെയുള്ളവർ വന്നവഴിയേ തിരികെ പോയി ശത്രുക്കളെ സന്ധിക്കാൻ അദ്ദേഹം ആവശ്യപ്പെട്ടു. അവർ ഉടൻ അതനുസരിച്ചു പ്രവർത്തിക്കുകയും ചെയ്തു. പിടിക്കാൻ വന്നവർ അവരെ കണ്ടപ്പോൾ "നിങ്ങൾ അത്തനാസ്യോസിനെ എവിടെ

www.malankaralibrary.com



വച്ചു കണ്ടു?'' എന്നു ചോദിച്ചു. അവർ മറുപടി പറഞ്ഞു, ''അധികം അകലെയല്ല. നിങ്ങൾ വേഗം പോയാൽ പിടി കൂടാം.'' ഈ വാക്കുകളാൽ കബളിപ്പിക്കപ്പെട്ടു് അനുധാവകർ കൂടുതൽ വേഗത്തിൽ മുമ്പോട്ടുപോയി. പക്ഷെ, അവരുടെ യത്നം നിഷ്ഫലമായിരുന്നു. അത്തനാസ്യോസ് വഴി തിരിഞ്ഞു തിരിച്ചുപോന്നു. രഹസ്യമായി അലക്സാൺഡ്രിയാ യിലെത്തിയിട്ടു് ആ മതപീഡനം തീരുംവരെ ഒളിവിൽ കഴിഞ്ഞു. ഇങ്ങനെയൊക്കെയുള്ളതാണ് അത്തനാസ്യോസിനെ ഒന്നിനു പിറകേ ഒന്നായി അഭിമുഖീകരിച്ചുകൊണ്ടിരുന്ന അപ കടങ്ങൾ. ഈ അവസാനം പറഞ്ഞവ അക്രൈസ്തവരിൽ നിന്നായിരുന്നെങ്കിൽ അതിനു മുമ്പുള്ളവ ക്രൈസ്തവരിൽ നിന്നാ യിരുന്നു.

ചക്രവത്തിയുടെ അന്ധവിശ്വാസങ്ങളിൽനിന്നു മുതലെടു ത്തുകൊണ്ടു് തങ്ങളുടെ അത്യാർത്തി ശമിപ്പിക്കാൻ പ്രവിശ്യ കളിലെ ഗവർണ്ണർമാർ ശ്രമിച്ചു. ചക്രവർത്തി അനുവദിച്ചതി ലധികമായ പീഡനങ്ങൾ അവർ ക്രിസ്ത്യാനികളെ ഏല്പിച്ചു. പലപ്പോഴും ചക്രവർത്തി ആവശ്യപ്പെട്ടതിലധികമായ തുക അവർ പിരിച്ചെടുത്തു. പലപ്പോഴും ശാരീരിക പീഡനങ്ങൾ ഏല്പിച്ചു. ഇക്കാര്യങ്ങളൊക്കെയറിഞ്ഞ ചക്രവത്തി അതെല്ലാം അവഗണിച്ചതേയുള്ളു. അനീതികൾക്കിരയായവർ അയാളുടെ പക്കൽ പരാതി ബോധിപ്പിച്ചപ്പോൾ അയാൾ പരിഹാസ പൂർവ്വം പറഞ്ഞു, ''ഇത്തരം പീഡനങ്ങൾ ക്ഷമയോടെ സഹി ക്കുകയാണു നിങ്ങളുടെ കടമ. അങ്ങനെയാണല്ലോ നിങ്ങളുടെ ദൈവത്തിൻെറ കല്പന''.

## അധ്യായം 15

# ഫ്രീജിയായിലെ രക്തസാക്ഷികൾ

ഫ്രീജിയായിലെ ഗവർണ്ണറായിരുന്ന അമാക്കിയൂസ് ആ പ്രവിശ്യയിലെ ഒരു നഗരമായ മേറാം എന്ന സ്ഥലത്തുള്ള ക്ഷേത്രം തുറക്കാൻ കല്പനകൊടുത്തു. വളരെ കാലം കൊണ്ടു് അവിടെ അടിഞ്ഞുകൂടിയ മാലിന്യങ്ങൾ എല്ലാം നീക്കം ചെയ്യാ നുള്ള നടപടിയുണ്ടായി. അവിടെയുണ്ടായിരുന്ന പ്രതിമക ളെല്ലാം പുതുതായി തേച്ചുമിനുക്കണമെന്നും നിർദ്ദേശിക്കപ്പെട്ടു.

www.malankaralibrary.com



ഈ നടപടികൾ ക്രിസ്ത്യാനികൾക്കു വളരെ മനോവേദനയുള വാക്കി. മാസിഡോണിയസ്, തെയോഡുലസ്, താസ്യൻ എന്നു മൂന്നു പേർക്കാണ് തങ്ങളുടെ മതത്തോടുള്ള ഈ അവ ഹേളനം ഏററം ദുസ്സഹമായി അനുഭവപ്പെട്ടതു്. പുണ്യം നേടാ നുള്ള ഉഗ്രമായ ഒരാവേശത്താൽ പ്രേരിതരായി അവർ രാത്രി യിൽ ക്ഷേത്രത്തിലേയ്ക്കു പാഞ്ഞുകയറി വിഗ്രഹങ്ങളെല്ലാം അടിച്ചു തകർത്തു. ഇതറിഞ്ഞ ഗവർണ്ണർ കോപാക്രാന്തനായി ത്തീർന്നു. ആ നഗരത്തിലെ നിരപരാധികളായ അനേകം ക്രിസ്ത്യാനികളെ അയാൾ കൊലപ്പെടുത്തിയേനെ. എന്നാൽ പ്രസ്തുതകൃത്യം നിർവ്വഹിച്ചയാളുകൾ സ്വയം ഗവർണ്ണറുടെ മുമ്പിൽ ഹാജരായി. തങ്ങൾ കാരണം മററുള്ളവർ കൊല്ലപ്പെ ടുന്നതിനെക്കാൾ സത്യത്തിനുവേണ്ടി സ്വയം മരണം വരിക്കുന്ന താണു നല്ലതെന്നു് അവർ കരുതി. ബിംബങ്ങൾക്കു ബലി യർപ്പിച്ചുകൊണ്ടു് തങ്ങൾ ചെയ്ത തെററിനു പരിഹാരം ചെയ്യാൻ ഗവർണ്ണർ അവരോടു് ആവശ്യപ്പെട്ടു. അവർ ആ നിർദ്ദേശം നിരാകരിച്ചപ്പോൾ അവരെ ശാരീരിക പീഡനങ്ങൾക്കു വിധേ യരാക്കുമെന്നു ന്യായാധിപൻ ഭീഷണിപ്പെടുത്തി. എന്നാൽ അതിധീരന്മാരായിരുന്ന ആ ക്രിസ്ത്യാനികൾ പ്രസ്തുത ഭീഷണി കളെ പുച്ഛിച്ചു തള്ളുകയാണു ചെയ്തതു്. ബലിയർപ്പണം വഴി സ്വയം മലിനപ്പെടുത്തുന്നതിനെക്കാൾ തങ്ങൾക്കിഷ്ടം എന്തു പീഡനവും സഹിക്കുകയാണെന്നു് അവർ വ്യക്തമാക്കി. ന്യായാധിപൻ അവരെ നാനാതരത്തിലുള്ള ശാരീരിക പീഡ നങ്ങൾ ഏല്പിച്ചശേഷം ഒരു ഇരുമ്പുതകിടിന്മേൽ കിടത്തി അതിനടിയിൽ തീ കത്തിച്ചു് ചുട്ടു കൊന്നു. വേദനയുടെ ആധി ക്യത്തിൽ മരണത്തെ സമീപിക്കുമ്പോഴും അവർ തങ്ങളുടെ ധീരത വെളിപ്പെടുത്തി. നിഷ്കണ്ടകനായ ഗവർണ്ണറോടു് അവർ വിളിച്ചു പറഞ്ഞു, ''താങ്കൾക്കു പൊരിച്ച മാംസം തിന്ന ണമെന്നുണ്ടെങ്കിൽ, അല്ലയോ അമാക്കിയൂസ്, ഞങ്ങളെ മറിച്ചി ടുക. പകുതി വെന്ത അവസ്ഥയിൽ ഞങ്ങളെ തിന്നാൻ ശരിക്കു രുചി കിട്ടുകയില്ല''. ഇപ്രകാരം ആ രക്തസാക്ഷികൾ ജീവിതം അവസാനിപ്പിച്ചു.

www.malankaralibrary.com



## അധ്യായം 16

# രണ്ടു് അപ്പൊള്ളിനാരിസുമാരുടെ സാഹിത്യസേവനം

ക്രിസ്ത്യാനികൾ ഗ്രീക്കു് സാഹിത്യം പഠിക്കുന്നതിനെ നിരോധിച്ചുകൊണ്ടുള്ള ചക്രവർത്തിയുടെ കല്പന,[28] നാം മുകളിൽ പരാമർശിച്ചിട്ടുള്ള രണ്ടു് അപ്പൊള്ളിനാരിസുമാരെ പണ്ടേതിലധികം പ്രശസ്തരാക്കി. രണ്ടുപേരും സാംസ്കാരിക പഠനവിഷയങ്ങളിൽ വിദഗ്ധരായിരുന്നു - പിതാവു് ഒരു വൈയാകരണൻ എന്ന നിലയിലും പുത്രൻ വാഗ്മിത്വകലയിലും. ഈ വിഷമഘട്ടത്തിൽ അവരുടെ വിഷയ വൈദഗ്ധ്യം ക്രിസ്ത്യാനികൾക്കു് ഉപയോഗപ്രദമായി. പിതാവായ അപ്പൊള്ളിനാരിസ് ഒരു വ്യാകരണ പണ്ഡിതൻ എന്ന നിലയിൽ, ക്രിസ്തുമതവിശ്വാസത്തിനനുരോധമായ ഒരു വ്യാകരണം എഴുതിയുണ്ടാക്കി. അദ്ദേഹം മോശയുടെ ഗ്രന്ഥങ്ങൾ 'ഹീറോയിക്കു്വേഴ്സ്'[29] എന്ന വൃത്തത്തിൽ തർജ്ജമചെയ്യുകയും ചെയ്തു. പഴയനിയമത്തിലെ ചരിത്രഗ്രന്ഥങ്ങളുടെയെല്ലാം ആശയം അദ്ദേഹം ചുരുക്കി അവതരിപ്പിച്ചു. കുറെഭാഗം *ഡാക്ടിലിക്*[30] പദ്യമായും കുറെ ഭാഗം *ദുരന്തനാടകങ്ങളുടെ*[31] രൂപത്തിലുമാണു് അദ്ദേഹം ആവിഷ്കരിച്ചതു്. അദ്ദേഹം എല്ലാത്തരം വൃത്തങ്ങളും ഉപയോഗിച്ചതു് സോദ്ദേശ്യമായിട്ടുതന്നെ ആയിരുന്നു. ഗ്രീക്കഭാഷയുടെ പ്രകടനവിധങ്ങളിലൊന്നും ക്രിസ്ത്യാനികൾ കാണുകയും കേൾക്കുകയും ചെയ്യാത്തതായി അവശേഷിക്കരുതു് എന്നായിരുന്നു അദ്ദേഹത്തിന്റെ ആശയം.

മകൻ അപ്പൊള്ളിനാരിസ് വാഗ്മിത്വകലയിൽ വിദഗ്ധനായിരുന്നുവെന്നു പറഞ്ഞല്ലോ. പ്ലേറ്റോ ഗ്രീക്കുകാരുടെയിടയിൽ ചെയ്തതുപോലെ അദ്ദേഹം സുവിശേഷങ്ങളിലെയും അപ്പസ്തോലപ്രബോധനങ്ങളിലെയും ആശയങ്ങൾ സംഭാഷണരൂപത്തിൽ അവതരിപ്പിച്ചു.

---

28. 2:46; സൊസോമൻ, സഭാചരിത്രം, 5:18
29. heroic verse
30. dactylic measure
31. dramatic tragedy

www.malankaralibrary.com



ഇങ്ങനെ ക്രൈസ്തവപ്രസ്ഥാനത്തിനു് ഉപകാരമുള്ളവർ എന്നു സ്വയം വെളിപ്പെടുത്തിക്കൊണ്ടു് അവർ തങ്ങളുടെ പ്രയത്നങ്ങൾ വഴി ചക്രവർത്തിയുടെ തന്ത്രത്തെ നിഷ്ഫലമാക്കി. എന്നാൽ ദൈവഹിതം അവരുടെ പ്രയത്നങ്ങളെയും ചക്രവർത്തിയുടെ ഗൂഢതന്ത്രങ്ങളെയുംകാൾ അധികം കരുത്തുള്ളതായിരുന്നു. കാരണം, നാം ഇനി വിശദീകരിക്കാൻ പോകുന്നതുപോലെ,[32] അധികം താമസിയാതെ, ചക്രവർത്തിയുടെ നിയമം പ്രവർത്തനരഹിതമായിത്തീർന്നു. അപ്പൊള്ളിനാരിസുമാരുടെ രചനകൾ അവ എഴുതപ്പെടാതിരുന്നെങ്കിൽ എന്നപോലെ പ്രയോജനശൂന്യങ്ങളായും തീർന്നു. ഞാൻ ഇതു പറയുമ്പോൾ ചിലർ ആവേശപൂർവ്വം അതിനു പ്രത്യാഖ്യാനമായി ഇങ്ങനെ പറഞ്ഞേക്കാം: ''ദൈവഹിതമനുസരിച്ചാണ് ഈ രണ്ടു കാര്യങ്ങളും നടന്നതു് എന്നു നിങ്ങൾ പറയുന്നതു് എന്തടിസ്ഥാനത്തിലാണ്? ചക്രവർത്തിയുടെ ആകസ്മിക മരണം ക്രിസ്ത്യാനികൾക്കു് വളരെ ഗുണകരമായി എന്നതു സ്പഷ്ടംതന്നെ. രണ്ടു് അപ്പൊള്ളിനാരീസുമാർ രചിച്ച ക്രിസ്തീയകൃതികൾ നിരസിക്കപ്പെട്ടതും പുറജാതികളുടെ തത്ത്വശാസ്ത്രംകൊണ്ടു് മനസ്സു നിറയ്ക്കാൻ ക്രിസ്ത്യാനികൾ വീണ്ടും തുനിഞ്ഞതും തീർച്ചയായും ക്രിസ്തുമതത്തിനു് ഗുണകരമായില്ല; കാരണം, പേഗൻ തത്ത്വശാസ്ത്രം ബഹുദേവതാവാദം പഠിപ്പിക്കുന്നു; സത്യമതത്തിന്റെ വളർച്ചയ്ക്കു് അതു് ഹാനികരവുമാണ്.''

ഈ വാദങ്ങളെ എനിക്കു യുക്തമെന്നു തോന്നുന്ന എതിർവാദങ്ങൾകൊണ്ടു ഞാൻ നേരിടാം. ഗ്രീക്കുസാഹിത്യം ദൈവികപ്രചോദനമുള്ളതാണെന്നു് ക്രിസ്തുവോ അപ്പസ്തോലന്മാരോ ഒരിക്കലും അംഗീകരിച്ചിട്ടില്ല. അതേ സമയം അവ ഉപദ്രവകരങ്ങളാണെന്നു പറഞ്ഞു് അവർ തള്ളിക്കളഞ്ഞിട്ടുമില്ല. ഒന്നും പരിഗണിക്കാതെയാണ് അവർ ഇങ്ങനെ ചെയ്തതെന്നു ഞാൻ കരുതുന്നില്ല. ഗ്രീക്കുദാർശനികന്മാരിൽ ദൈവജ്ഞാനത്തിൽനിന്നു വളരെ അകലെയല്ലാത്തവർ പലരും ഉണ്ടായിരുന്നു. അവർ യുക്തിവിചാരശാസ്ത്രത്തിൽ പരിശീലനം നേടിയിരുന്നതുകൊണ്ടു് ദൈവപരിപാലനയെ നിഷേധിച്ച എപ്പിക്കൂരിയന്മാർ തുടങ്ങിയ കുതർക്കവിഭാഗക്കാരെ അവരുടെ അജ്ഞത വെളിപ്പെടുത്തിക്കൊണ്ടു് ശക്തിയായി എതിർക്കുകയും ചെയ്തു. അതിനാൽ യഥാർത്ഥ ദൈവഭക്തിയുള്ള എല്ലാവർക്കും അവരുടെ സേവനങ്ങൾ ഉപയോഗപ്രദങ്ങളാകുന്നു. എന്നാൽ യഥാർത്ഥമതത്തിന്റെ ശിരസ്സിനെക്കുറിച്ച് അവർക്കു് അറിവുണ്ടായിരു

32. 3:21

www.malankaralibrary.com



ന്നില്ല. 'തലമുറകളിൽനിന്നും യുഗങ്ങളിൽനിന്നും' മറയ്ക്കപ്പെട്ടിരുന്ന ക്രിസ്തുരഹസ്യത്തെക്കുറിച്ച് (1 കൊളാ. 1:26) അവർ അജ്ഞരായിരുന്നു. ശ്ലീഹാ ഈ വസ്തുത റോമാക്കാർക്കുള്ള ലേഖനത്തിൽ (1:18-21) ഇപ്രകാരം പ്രഖ്യാപിക്കുന്നു: ''മനുഷ്യരുടെ എല്ലാ ദൈവവിരുദ്ധതയ്ക്കും അനീതിക്കും എതിരായി ദൈവകോപം ആകാശത്തിൽ പ്രത്യക്ഷപ്പെടുന്നു. ദൈവത്തെക്കുറിച്ച് അറിയാൻ കഴിയുന്നതൊക്കെ അവക്കു വ്യക്തമായി അറിയാം. എന്തെന്നാൽ ദൈവം അവയെല്ലാം അവക്കു വെളിപ്പെടുത്തിയിട്ടുണ്ട്. ലോകസൃഷ്ടിമുതൽ ദൈവത്തിന്റെ അദൃശ്യപ്രകൃതി, അവിടുത്തെ അനന്തശക്തിയും ദൈവത്വവും, സൃഷ്ടവസ്തുക്കളിലൂടെ സ്പഷ്ടമായി ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്. അതുകൊണ്ട് അവർക്ക് ഒഴികഴിവില്ല. അവർ ദൈവത്തെ അറിഞ്ഞിട്ടും അവിടുത്തെ ദൈവമായി മഹത്ത്വപ്പെടുത്തിയില്ല.''

ഈ വാക്കുകളിൽനിന്ന് അവർക്ക് സത്യത്തെക്കുറിച്ച് അറിവുണ്ടായിരുന്നു എന്നു വ്യക്തമാകുന്നുണ്ട്. അതു് ദൈവം അവക്കു വെളിപ്പെടുത്തിയതാണ്. എന്നാൽ ദൈവത്തെ അറിഞ്ഞിട്ടും ദൈവമായി മഹത്ത്വപ്പെടുത്തിയില്ല എന്നതിൽ അവർ കുറ്റക്കാരത്രേ. അതിനാൽ ഗ്രീക്കുകാരുടെ വിജ്ഞാനം നിറഞ്ഞ ഗ്രന്ഥങ്ങളുടെ പഠനം നിരോധിക്കാതിരുന്നതുമൂലം പഠിക്കണം എന്നാഗ്രഹിക്കുന്നവരുടെ ഔചിത്യബോധത്തിന് അതു വിടുകയാണു ചെയ്തിട്ടുള്ളത്. എന്റെ നിലപാടിനു സാധകമായി എനിക്ക് അവതരിപ്പിക്കാനുള്ള ആദ്യത്തെ വാദമുഖം ഇതാണ്.

ഇനി മറ്റൊരു ന്യായംകൂടെ മുമ്പോട്ടു വയ്ക്കാം: ദൈവികപ്രചോദിതങ്ങളായ വിശുദ്ധ ലിഖിതങ്ങൾ, അവയിൽത്തന്നെ അഭിനന്ദനീയങ്ങളും സ്വഭാവത്തിൽ സ്വർഗ്ഗീയങ്ങളുമായ തത്ത്വങ്ങൾ നമ്മിൽ ദൃഢമൂലമാക്കുന്നു എന്നതിൽ സംശയമില്ല. അവയിലെ ആശയങ്ങൾ അനുസരിച്ച ജീവിക്കുന്നവർക്കു് ഭക്തിയും ജീവിത വിശുദ്ധിയും ഉളവാകാൻ അവ ഉത്കൃഷ്ടമായ വിധത്തിൽ ഉപയോഗപ്പെടുന്നുമുണ്ട്. എന്നാൽ യുക്തിവിചാരകലയിൽ അവ പരിശീലനം നൽകുന്നില്ല. യുക്തിവാദപരിശീലനമുണ്ടെങ്കിലേ സത്യത്തെ എതിർക്കുന്നവരെ വിജയകരമായി ചെറുക്കാൻ നമുക്കു സാധിക്കുകയുള്ളു. ശത്രുക്കളുടെ ആയുധങ്ങൾ തന്നെ അവർക്കെതിരായി പ്രയോഗിക്കാൻ നമുക്കു കഴിയുമ്പോഴാണ് അവരെ ഏററവും അനായാസം പരാജിതരാക്കുവാൻ നമുക്കു കഴിയുക. അപ്പൊള്ളിനാരിസുമാരുടെ രചനകളിൽ നിന്നു് ക്രിസ്ത്യാനികൾക്കു് ഈ കഴിവു ലഭിച്ചില്ല. ക്രിസ്ത്യാനികൾ ഗ്രീക്കു സാഹിത്യം പഠിക്കുന്നതു തടയണ

www.malankaralibrary.com



മെന്നു നിയമമുണ്ടാക്കിയപ്പോൾ ജൂലിയന്റെ മനസ്സിലുണ്ടായിരുന്നതു് ഈ ആശയമത്രേ. ഗ്രീക്ക സാഹിത്യത്തിലുള്ള കെട്ടുകഥകൾ അക്രൈസ്തവമതവിശ്വാസത്തെ മുഴുവൻ പരിഹാസവിഷയമാക്കാൻ പോരുന്നവയാണെന്നു് അയാൾക്കു നന്നായി അറിയാമായിരുന്നു. അയാൾ ആ മതത്തിന്റെ സംരക്ഷകനായിരുന്നല്ലോ. യവനരുടെ ദാർശനികന്മാരിൽ ഏറ്റവും പ്രശസ്തനായിരുന്ന സോക്രട്ടീസ് പോലും പ്രസ്തുത അസംബന്ധകഥകളെ പുച്ഛിക്കുകയും അതിന്റെ ഫലമായി ശിക്ഷിക്കപ്പെടുകയും ചെയ്തല്ലോ. അവരുടെ ദേവന്മാരുടെ പരിശുദ്ധിയെ അദ്ദേഹം ചോദ്യം ചെയ്തു എന്ന മട്ടിലായിരുന്നു ശിക്ഷ. എന്നു മാത്രമല്ല, ക്രിസ്തുവും തന്റെ അപ്പസ്തോലന്മാരും 'വിവേചനശീലമുള്ള പണമിടപാടുകാരായിത്തീരാൻ' നമ്മെ ഉദ്ബോധിപ്പിക്കുന്നുണ്ടു്. എല്ലാ കാര്യങ്ങളും പരിശോധിക്കുകയും നല്ലതിനെ മുറുകെ പിടിക്കുകയും ചെയ്യുന്നതിനുവേണ്ടിയാണിതു് (1 തെസ്സ. 5: 21). തത്വചിന്തയും വ്യർത്ഥപ്രലോഭനവും വഴി ആരും നമ്മെ ദുഷിപ്പിക്കാതിരിക്കാൻ ശ്രദ്ധിക്കണമെന്നും അവർ നിർദ്ദേശിക്കുന്നുണ്ടു് (കൊലൊ. 2: 8). എന്നാൽ ശത്രുക്കളുടെ ആയുധങ്ങൾ കൈവശമില്ലെങ്കിൽ ഇക്കാര്യം നമുക്കു നിർവ്വഹിക്കാൻ സാദ്ധ്യമല്ല. ഈ ആയുധങ്ങൾ കൈവശപ്പെടുത്തുമ്പോൾ അവരുടെ വിശ്വാസങ്ങൾ സ്വായത്തമാക്കാതിരിക്കാൻ നാം ശ്രദ്ധിക്കണം. പഠിക്കുന്ന കാര്യങ്ങൾ പരിശോധിച്ചിട്ടു് ചീത്തയായിട്ടുള്ളവ തള്ളിക്കളയുകയും നല്ലതും സത്യവുമായിട്ടുള്ളതെല്ലാം സ്വീകരിക്കുകയും വേണം. കാരണം, നന്മ എവിടെ കണ്ടാലും അതു് സത്യത്തിന്റെ സമ്പത്താകുന്നു.

ഇക്കാര്യങ്ങൾ പറയുമ്പോൾ ഞാൻ വി. ഗ്രന്ഥപ്രസ്താവങ്ങളെ അവയുടെ സാധുവായ അർത്ഥത്തിൽ നിന്നു് അപനയിക്കുകയാണെന്നു് ആരെങ്കിലും സങ്കല്പിക്കുകയാണെങ്കിൽ അവർ ഒരു കാര്യം ഓർക്കട്ടെ: പൗലോസ് ശ്ലീഹാ ഗ്രീക്കു് വിജ്ഞാനത്തെ നിരോധിക്കുന്നില്ലെന്നു മാത്രമല്ല, അദ്ദേഹം തന്നെ ആ പഠനം വേണ്ടെന്നു വച്ചതായി തോന്നുന്നുമില്ല. ഗ്രീക്കുകാരുടെ ചൊല്ലുകൾ പലതും അദ്ദേഹം പഠിച്ചിട്ടുണ്ടെന്നു വ്യക്തമത്രേ. ''ക്രേത്തേയിലെ ജനങ്ങൾ നുണയരും ദുഷ്ടമൃഗങ്ങളും അലസരായ ഭോജനപ്രിയരുമാണ് (തീത്തൂ. 1: 12) എന്ന ചൊല്ലു് ക്രേത്തൻ ഇനിഷ്യേററായ എപ്പിമെനിദെസിന്റെ 'ഓറക്കിൾസ്'' എന്ന ഗ്രന്ഥത്തിൽ[33] നിന്നല്ലാതെ മറെറവിടെ നിന്നാണ് അദ്ദേഹം സ്വീകരിച്ചിട്ടുള്ളതു്? അല്ലെ

33. The Oracles of Epimenides, the Cretan Initiator

www.malankaralibrary.com



കിൽ ''നാമും അവന്റെ സന്തതിയാകുന്നു'' എന്നതു് (നടപടി 17: 28) വാനശാസ്ത്രജ്ഞനായ അറാത്തുസിന്റെ 'പ്രതിഭാസങ്ങൾ' എന്ന ഗ്രന്ഥം[34] പരിചയപ്പെട്ടിട്ടില്ലെങ്കിൽ അദ്ദേഹത്തിനു് എങ്ങനെ ലഭിക്കും? വീണ്ടും ''ചീത്ത സംഭാഷണം നല്ല സമ്പ്രദായങ്ങളെ ദുഷിപ്പിക്കുന്നു'' എന്ന വാക്യം (1 കൊറി. 15: 33) അദ്ദേഹം യൂറിപ്പിഡെസിന്റെ ദുരന്തനാടകങ്ങൾ[35] പരിചയപ്പെട്ടിരുന്നു എന്നതിനു നല്ല തെളിവാണു്. ഈ വിഷയം കൂടുതൽ വിസ്തരിച്ചു പറയേണ്ട ആവശ്യമില്ലല്ലോ. പഴയകാലങ്ങളിൽ സഭയിലെ മല്പാന്മാർ തടസ്സമില്ലാത്ത പരിശീലനം വഴി വളരെ പ്രായമാകുന്നതുവരെ, ഗ്രീക്ക വിജ്ഞാനത്തിൽ അഭ്യാസം നേടിയിരുന്നുവെന്നതു സുവിജ്ഞാതമാകുന്നു. തങ്ങളുടെ വാഗ്മിത്വം മെച്ചപ്പെടുത്തുന്നതിനും മനസ്സിനെ ശക്തവും പരിഷ്കൃതവുമാക്കുന്നതിനും അതേസമയം അക്രൈസ്തവരുടെ അബദ്ധാശയങ്ങളെ ഖണ്ഡിക്കുന്നതിനുള്ള കഴിവു സമാർജ്ജിക്കുന്നതിനും വേണ്ടിയാണു് അവർ ഇങ്ങനെ ചെയ്തിരുന്നതു്. രണ്ടു് അപ്പൊള്ളിനാരിസുമാരെക്കുറിച്ചുള്ള പരാമർശത്തോടു ബന്ധപ്പെട്ടു് ഇത്രയും പറഞ്ഞാൽ മതിയെന്നു കരുതുന്നു.

## അധ്യായം 17

# ചക്രവർത്തി അന്ത്യോക്യയിൽ

ചക്രവർത്തി ക്രിസ്ത്യാനികളെ ഞെക്കിപ്പിഴിഞ്ഞു് വളരെ പണം സമ്പാദിച്ചതിനുശേഷം പേർഷ്യാക്കാർക്കെതിരായി സൈന്യത്തെ നയിച്ചുകൊണ്ടു് സിറിയായിലെ അന്ത്യോക്യയിലെത്തിച്ചേർന്നു. താൻ പ്രതാപപ്രകടനം എത്രയധികം ഇഷ്ടപ്പെടുന്നു എന്നു് അവിടത്തെ പൗരന്മാരെ അറിയിക്കുന്നതിനുവേണ്ടി അയാൾ സാധനങ്ങളുടെ വിലയെല്ലാം കണ്ടമാനം കുറച്ചു. ആ കാലത്തു് അന്നാട്ടിലുണ്ടായിരുന്ന സാഹചര്യങ്ങളോ ഒരു പ്രദേശത്തു് സൈന്യത്തിന്റെ സാന്നിദ്ധ്യം ജനങ്ങൾക്കു് എത്രമാത്രം വൈഷമ്യങ്ങൾ സൃഷ്ടിക്കുമെന്നുള്ളതോ ഒന്നും അയാൾ കണക്കിലെടുത്തില്ല. ചക്രവർത്തിയുടെ കല്പന

34. The Phenomena of Aratus
35. The Tragedies of Euripides

www.malankaralibrary.com



യനുസരിച്ച് വിലതാഴ്ത്തി വിററാലുള്ള നഷ്ടം താങ്ങാനാവാതെ കച്ചവടക്കാർ വ്യാപാരം നിറുത്തി. അതിനാൽ സാധനങ്ങാം കിട്ടാതായി. അന്ത്യോക്യക്കാർക്ക് ഈ അപമാനം സഹിക്കാനായില്ല – അപമാനത്തോടു സ്വാഭാവികമായും അസഹിഷ്ണുതയുള്ള കൂട്ടരാണ് അന്ത്യോക്യക്കാർ – അവർ ഉടൻതന്നെ ജൂലിയനെതിരായി പരിഹാസ ശരങ്ങാം പ്രയോഗിക്കാൻ തുടങ്ങി. അയാളുടെ താടിമീശയെയും അവർ പരിഹാസവിഷയമാക്കി. അതു വളരെ നീളമുള്ളതായിരുന്നു. അതു മുറിച്ച് കയറുണ്ടാക്കണമെന്നും മററുമായിരുന്നു അവരുടെ പ്രസ്താവം. അയാളുടെ നാണയത്തിന്മേൽ മുദ്രണം ചെയ്തിരുന്ന കാള അയാാം ലോകത്തെ ചവിട്ടിമെതിച്ച് നശിപ്പിച്ചതിൻെറ പ്രതീകമാണെന്നും അവർ പറഞ്ഞു. ജൂലിയൻ ചക്രവർത്തി വലിയ അന്ധവിശ്വാസി ആയിരുന്നതുകൊണ്ട് തൻെറ വിഗ്രഹ ദേവന്മാരുടെ ബലിപീഠങ്ങളിൽ നിരന്തരമായി കാളകളെ ബലിയർപ്പിച്ചിരുന്നു. തൻെറ നാണയത്തിൽ കാളയുടെയും ബലിപീഠത്തിൻെറയും രൂപം മുദ്രണം ചെയ്യാൻ ആവശ്യപ്പെടുകയും ചെയ്തിരുന്നു.

ചക്രവർത്തി ജനങ്ങളുടെ പരിഹാസത്തിൽ രുഷ്ടനായിത്തീർന്നു. അന്ത്യോക്യാപട്ടണത്തെ ശിക്ഷിക്കുമെന്ന് അയാാം ഭീഷണിപ്പെടുത്തി. അവിടെനിന്നു വേഗം പുറപ്പെടാനുള്ള ഒരുക്കങ്ങാം നടത്താൻ കല്പന കൊടുത്തിട്ട് സിലിഷ്യായിലുള്ള തർസോസിലേയ്ക്കുപോയി. ഈ സന്ദർഭത്തിൽ ലിബാനിയൂസ് എന്ന താർക്കികൻ രണ്ടു പ്രഭാഷണങ്ങാം തയാറാക്കി. ഒരെണ്ണം അന്ത്യോക്യാക്കാരുടെ നാമത്തിൽ ചക്രവർത്തിയെ സംബോധന ചെയ്തുകൊണ്ടുള്ളതായിരുന്നു. മററൊന്ന് ചക്രവർത്തിയുടെ അസംതൃപ്തിയെ വിഷയമാക്കി അന്ത്യോക്യക്കാരെ സംബോധന ചെയ്തുകൊണ്ടുള്ളതും. ഈ രണ്ടു പ്രഭാഷണങ്ങളും എഴുതപ്പെട്ടതല്ലാതെ പരസ്യമായി വായിക്കപ്പെട്ടില്ല എന്നു നിശ്ചയമാണ്.

തന്നെ പരിഹസിച്ചവരെ ക്രൂരകൃത്യങ്ങാംക്കിരയാക്കി പ്രതികാരം ചെയ്യണമെന്ന ആശയം ജൂലിയൻ ഉപേക്ഷിച്ചു. അവരെ പകരം പരിഹസിച്ചാണ് അയാാം കോപം ശമിപ്പിച്ചതു്. അന്തിയോക്കിക്കൂസ് അഥവാ 'മിസൊപോഗോൺ' എന്ന പേരിൽ ഒരു ലഘുലേഖ അവർക്കെതിരേ അയാാം രചിച്ചു. അങ്ങനെ ആ നഗരത്തിൻെറയും അതിലെ നിവാസികളുടെയും മേൽ മായാത്ത അപമാനത്തിൻെറ ഒരു മുദ്ര അയാാം പതിപ്പിച്ചു. ഇനി നമുക്ക്, ജൂലിയൻ അന്ത്യോക്യയിലെ ക്രിസ്ത്യാനികളോടു ചെയ്ത തിന്മകാം വിവരിക്കാം.

www.malankaralibrary.com


## അധ്യായം 18

# ബാബിലാസ് രക്തസാക്ഷിയുടെ ശരീരം

അന്ത്യോക്യായിലെ അക്രൈസ്തവക്ഷേത്രങ്ങളെല്ലാം തുറക്കണമെന്ന് ചക്രവർത്തി ഉത്തരവായി. അതു സംബന്ധിച്ച് ഡഫ്നെയിലെ അപ്പൊളോയുടെ ഒരു വെളിപാടു ലഭിക്കണമെന്ന് അയാരം ആഗ്രഹിച്ചു. എന്നാൽ ആ ക്ഷേത്രത്തിൽ വസിച്ചിരുന്ന പിശാചിന് ഭയം കാരണം വെളിപാടു നൽകാനായില്ല. രക്തസാക്ഷിയായ ബാബിലാസിൻെറ മൃതദേഹം അടക്കം ചെയ്തിരുന്ന പേടകം അതിനു സമീപം തന്നെ സൂക്ഷിച്ചിരുന്നതാണു കാരണം. ചക്രവർത്തി ഈ വിവരം മനസ്സിലാക്കിയപ്പോരം പ്രസ്തുത മൃതദേഹപേടകം ഉടൻ അവിടെനിന്നു മാററണമെന്നു കല്പനയായി. ആ വിവരമറിഞ്ഞു് മൃതദേഹം ആഘോഷമായി മാററി സ്ഥാപിക്കാൻ സ്ത്രീകളും കുഞ്ഞുങ്ങളുമടക്കം വലിയൊരു ജനസഞ്ചയം തടിച്ചുകൂടി. വലിയ ആഘോഷങ്ങളോടും സങ്കീർത്തനാലാപങ്ങളോടുംകൂടി അവർ മൃതദേഹപേടകം ഡഫ്നെയിൽനിന്നു് നഗരത്തിലേയ്ക്കു് ആനയിച്ചു. ആലപിക്കപ്പെട്ട സങ്കീർത്തനങ്ങരം അക്രൈസ്തവരുടെ ദേവന്മാരെയും അവയിലും അവയുടെ വിഗ്രഹങ്ങളിലും വിശ്വാസമർപ്പിക്കുന്നവരെയും പരിഹസിക്കുന്ന വിധത്തിലുള്ളവയായിരുന്നു.

## അധ്യായം 19

# വിശ്വാസസാക്ഷിയായ തിയഡോർ

പ്രസ്തുത സംഭവം അറിഞ്ഞപ്പോരം ചക്രവർത്തിയുടെ യഥാർത്ഥ സ്വഭാവവും മനോഭാവവും ശരിക്കു വെളിപ്പെട്ടു. അവ മററുള്ളവരുടെ ശ്രദ്ധയിൽപ്പെടാതെ അയാരം കഴിയുന്നത്ര നിയന്ത്രിച്ചു പോരുകയായിരുന്നു. തൻെറ ദാർശനികത്വത്തെക്കുറിച്ചു വളരെ പൊങ്ങച്ചം പറഞ്ഞിരുന്ന അയാരംക്കു് ആത്മനിയന്ത്രണം തീരെ നഷ്ടപ്പെട്ടതുപോലെയായി. പരിഹാസദ്യോതകമായ സങ്കീർത്തനങ്ങളാൽ കോപംകൊണ്ടു് ഏതാണ്ടു ഭ്രാന്തനായി

www.malankaralibrary.com



ത്തീർന്ന അയാരം ഡയോക്ളീഷൻെറ ഏജൻറുമാർ ക്രീസ്ത്യാനി കളെ അനുഭവിപ്പിച്ചതുപോലുള്ള പീഡനങ്ങരം അവരെ അനു ഭവിപ്പിക്കാൻ തയാറായി. എന്നാൽ പേർഷ്യൻ യുദ്ധയാത്ര യെക്കുറിച്ചുള്ള വിചാരം ക്രൈസ്തവ പീഡനം നേരിട്ടു നിർവ്വ ഹിക്കുന്നതിൽനിന്നു് അയാളെ തടഞ്ഞു. സങ്കീർത്തനാലാപ ത്തിൽ മുന്നിട്ടു നിന്നവരെ പിടികൂടി മാതൃകാപരമായി ശിക്ഷി ക്കാൻ പ്രെതോറിയൻ പ്രീഫെക്ടായ സല്ലുസ്തിനു് അയാരം ആജ്ഞ കൊടുത്തു. സല്ലുസ്റ്റ് അക്രൈസ്തവനായിരുന്നെങ്കിലും തനിക്കു ലഭിച്ച ഈ പുതിയ ചുമതലയിൽ ഒട്ടും സന്തുഷ്ട നായിരുന്നില്ല. എന്നാൽ അതിനെ മറികടക്കാൻ ധൈര്യ മില്ലാതിരുന്നതുകൊണ്ടു് അയാരം ക്രിസ്ത്യാനികളിൽ പലരെയും പിടികൂടുകയും കുറെപ്പേരെ തടവിലാക്കുകയും ചെയ്തു. ഇപ്രകാരം ആനയിക്കപ്പെട്ടവരിൽ ഒരാളായ തിയഡോർ എന്ന ഒരു യുവാ വിനെ അയാരം പലതരം പീഡനങ്ങരംക്കു വിധേയനാക്കി. പീഡനങ്ങളുടെ ഫലമായി അയാളുടെ ശരീരമാകെ വ്രണപ്പെട്ടു. ഇനിയും പീഡിപ്പിച്ചാൽ അയാരം മരിച്ചുപോകും എന്നു തോന്നി യതുകൊണ്ടു മാത്രമാണ് പീഡനം അവസാനിപ്പിച്ചതു്. പ്രത്യേക ദൈവപരിപാലനമൂലം തിയഡോർ പ്രസ്തുത വിശ്വാസപ്രഖ്യാപനത്തിനുശേഷം ദീർഘകാലം ജീവിച്ചു. ലത്തീനിൽ എഴുതപ്പെട്ട തിരുസഭാചരിത്രത്തിൻെറ കർത്താവായ റൂഫീനൂസ് പിന്നീടു് വളരെക്കാലം കഴിഞ്ഞു് ഈ തിയഡോ റിനെ സന്ദർശിച്ചു സംഭാഷണം നടത്തിയ കാര്യം രേഖപ്പെടു ത്തിയിട്ടുണ്ടു്. ''ചമ്മട്ടിയടികളുടെയും മററു പീഡനങ്ങളുടെയും സമയത്തു് അതിദുസ്സഹമായ വേദന അനുഭവപ്പെട്ടില്ലേ'' എന്ന ചോദ്യത്തിനു് അദ്ദേഹത്തിൻെറ മറുപടി ഇപ്രകാരമായിരുന്നു: ''വളരെ കുറച്ചു സമയത്തേയ്ക്കു് എനിക്കു വേദന അനുഭവപ്പെട്ടു. അതു കഴിഞ്ഞപ്പോരം ഒരു യുവാവു് എൻെറ അടുത്തു വന്നുനിന്നു. ഘോരമായ വേദനാനുഭവം മൂലം എൻെറ ദേഹത്തുനിന്നു പുറ പ്പെട്ട വിയർപ്പ് തുടച്ചുകളഞ്ഞു. അതോടൊപ്പം തന്നെ എന്നെ ധൈര്യപ്പെടുത്തുകയും ചെയ്തു. അതിനാൽ പീഡനങ്ങളുടെ സമയം വേദനയുടെതായിട്ടല്ല, ആനന്ദത്തിൻെറതായിട്ടാണ് എനിക്കനുഭവപ്പെട്ടതു്.'' തിയഡോറിൻെറ ഏററവും ആശ്ചര്യ കരമായ ചരിത്രം ഇത്രയും കൊണ്ടവസാനിപ്പിക്കാം.

ഏതാണ്ടു് ഈ സമയത്തു് പേർഷ്യൻ രാജപ്രതിനിധികരം വ്യക്തമായ ചില വ്യവസ്ഥകളിൽ യുദ്ധം അവസാനിപ്പി ക്കണം എന്ന അഭ്യർത്ഥനയുമായി ചക്രവർത്തിയെ സമീപിച്ചു. ''താമസിയാതെ ഞാൻ നിങ്ങളെ നേരിട്ടു കണ്ടുകൊള്ളാം; പ്രതി പുരുഷന്മാരുടെ ആവശ്യമില്ല'' എന്നു പറഞ്ഞുകൊണ്ടു് ജൂലിയൻ അവരെ വേഗം യാത്രയാക്കി.

www.malankaralibrary.com



## അധ്യായം 20

# ജറൂസലേം ദേവാലയത്തിന്റെ പുനർനിർമ്മാണം

ക്രിസ്ത്യാനികളെ പീഡിപ്പിക്കുന്നതിനുള്ള മറെറാരുദ്യമത്തിൽ ചക്രവർത്തി തന്റെ അന്ധവിശ്വാസം വീണ്ടും വെളിപ്പെടുത്തി. ബലിയർപ്പണം അയാൾക്കു പ്രിയങ്കരമായിരുന്നു. അയാൾ ബലിമൃഗങ്ങളുടെ രക്തത്തിൽ ആഹ്ലാദിച്ചു എന്നു മാത്രമല്ല, മററുള്ളവർ അതുപോലെ ചെയ്യാതിരിക്കുന്നതു തന്നോടുള്ള അനാദരവായി കണക്കാക്കുകയും ചെയ്തു. എന്നാൽ തന്നെപ്പോലുള്ള അധികമാളുകളെ കണ്ടെത്താൻ സാധിക്കാതെ വന്നപ്പോൾ അയാൾ യഹൂദന്മാരെ ആളയച്ചു വരുത്തി. മോശയുടെ നിയമം ബലിയർപ്പണം ആവശ്യപ്പെട്ടിട്ടും അവർ എന്തുകൊണ്ടു ബലിയർപ്പിക്കുന്നില്ല എന്ന് അയാൾ അവരോടു ചോദിച്ചു. ജറൂസലേം ദേവാലയത്തിലല്ലാതെ മറെറാരിടത്തും തങ്ങൾക്കു ബലിയർപ്പിക്കാൻ പാടില്ല എന്ന് അവർ മറുപടി നൽകി. സോളമന്റെ ദേവാലയം ഉടൻ വീണ്ടും പണിയാൻ അയാൾ കല്പന പുറപ്പെടുവിച്ചു. താമസിയാതെ തന്നെ പേർഷ്യക്കാരോടു യുദ്ധം ചെയ്യാൻ പുറപ്പെടുകയും ചെയ്തു.

തങ്ങളുടെ ദേവാലയം പുതുക്കിപ്പണിയുന്നതിനനുകൂലമായ ഒരു സാഹചര്യം ഉണ്ടാകാൻ വളരെക്കാലമായി കാത്തിരിക്കുകയായിരുന്നു യഹൂദന്മാർ. ദേവാലയത്തിൽ ബലികളർപ്പിക്കാൻ അതീവ താല്പര്യമുള്ള അവർ നിർമ്മാണ പ്രവർത്തനങ്ങളിൽ വളരെ താല്പര്യപൂർവ്വം ഏർപ്പെട്ടു. ക്രിസ്ത്യാനികളോട് വളരെ അവജ്ഞാപൂർവമായിരുന്നു അവരുടെ പെരുമാററം. റോമാക്കാരിൽ നിന്നുണ്ടായതുപോലുള്ള പീഡനങ്ങൾ തങ്ങളിൽ നിന്ന് അവർക്കുണ്ടാകുമെന്ന് അവർ ഭീഷണിപ്പെടുത്തുകയും ചെയ്തു. ദേവാലയ നിർമ്മാണത്തിനു വേണ്ട ചെലവുകളെല്ലാം പൊതുഖജനാവിൽ നിന്നു നൽകണമെന്നു ചക്രവർത്തി കല്പന നൽകിയിരുന്നതിനാൽ തടി, കല്ല്, ചുടുകട്ട, കളിമണ്ണ്, കുമ്മായം തുടങ്ങിയ നിർമ്മാണസാമഗ്രികളെല്ലാം വേഗത്തിൽ നൽകപ്പെട്ടു.

ഈ സമയത്ത് ജറൂസലേം മെത്രാനായിരുന്ന സിറിൽ, ദാനിയേലിന്റെ പ്രവചനം അനുസ്മരിച്ചു. അത് ക്രിസ്തു

www.malankaralibrary.com



സുവിശേഷങ്ങളിൽ സ്ഥിരീകരിച്ചതുമാണല്ലോ. സിറിൽ അനേകം ജനങ്ങളുടെ സാന്നിദ്ധ്യത്തിൽ പ്രവചിച്ചു: ''ആ ദേവാലയത്തിൽ കല്ലിന്മേൽ കല്ലു ശേഷിക്കാതെയിരിക്കുന്ന സമയം സമാഗതമായിരിക്കുന്നു. രക്ഷകൻെറ പ്രവചനാത്മക പ്രഖ്യാപനം പൂർണ്ണമായും നിറവേറണം.'' ഇവയായിരുന്നു മെത്രാൻെറ വാക്കുകൾ. അടുത്ത രാത്രിയിൽ ശക്തമായ ഒരു ഭൂകമ്പമുണ്ടായി. അതു് ദേവാലയത്തിൻെറ അടിത്തറകൾ മുഴുവൻ ഇളക്കി. അവയോടൊപ്പം സമീപത്തുള്ള കെട്ടിടങ്ങളെല്ലാം നിലം പതിച്ചു. ആ സംഭവം യഹൂദന്മാരെയെല്ലാം സംഭീതരാക്കി. ആ വിവരം കേട്ടറിഞ്ഞു് അകലെ താമസിച്ചിരുന്നവർ പോലും അവിടെ വന്നെത്തി. വലിയൊരു ജനക്കൂട്ടം അവിടെ സമ്മേളിച്ചു കഴിഞ്ഞപ്പോൾ മറെറാരു അത്ഭുതസംഭവവും ഉണ്ടായി. സ്വർഗ്ഗത്തിൽ നിന്നു് അഗ്നിയിറങ്ങി പണിക്കാരുടെ ആയുധങ്ങളെല്ലാം ദഹിപ്പിച്ചു കളഞ്ഞു. കൊട്ടുവടി, കല്ലുമിനുക്കാനുള്ള ഇരുമ്പുപകരണങ്ങൾ, അറക്കവാളുകൾ, കോടാലികൾ തുടങ്ങി ദേവാലയത്തിൻെറ പണിക്കായി വിവിധ ജോലിക്കാർ ശേഖരിച്ചിരുന്ന സകല ഉപകരണങ്ങളിന്മേലും തീജ്വാലകൾ പടന്നു കത്തുന്നതു കാണാറായി. ഒരു ദിവസം മുഴുവൻ ഈ ഉപകരണങ്ങളിൽ തീ കത്തി ജ്വലിച്ചുകൊണ്ടിരുന്നു. യഹൂദന്മാർ ഏററവും വലുതായ ഭീതിയിലായിരുന്നു. മനസ്സില്ലാ മനസ്സോടെ ക്രിസ്തുവിനെ ദൈവം എന്നു വിളിച്ചു് അംഗീകരിച്ചു. എങ്കിലും അവർ അവിടുത്തെ ഹിതം അനുവർത്തിച്ചില്ല. മയമില്ലാത്ത മുൻവിധികളോടെ അവർ യഹൂദമതത്തിൽത്തന്നെ കടിച്ചുതൂങ്ങി. അടുത്തതായി സംഭവിച്ച മൂന്നാമത്തെ അത്ഭുതവും അവരെ സത്യവിശ്വാസത്തിലേയ്ക്കു നയിക്കുന്നതിൽ പരാജയപ്പെട്ടു. എന്തെന്നാൽ അടുത്ത രാത്രിയിൽ പ്രകാശിക്കുന്ന ഒരു കുരിശടയാളം അവരുടെ വസ്ത്രങ്ങളിൽ പതിഞ്ഞു. അതു തുടച്ചും കഴുകിയും കളയാൻ അവർ പ്രഭാതത്തിൽ വളരെ പണിപ്പെട്ടു. അങ്ങനെ, അപ്പസ്തോലൻ പറയുന്നതുപോലെ[36] അവർ അന്ധരാക്കപ്പെടുകയും കയ്യിലെത്തിയ നന്മയെ വലിച്ചെറിഞ്ഞു കളയുകയും ചെയ്തു.

ഇപ്രകാരം യഹൂദരുടെ ദേവാലയം വീണ്ടും നിർമ്മിക്കപ്പെടുന്നതിനു പകരം അന്നു് പൂർണ്ണമായി തകർക്കപ്പെട്ടു.

---

36. റോമ.11:25; 2കൊറി .3:14

www.malankaralibrary.com



## അധ്യായം 21

## ചക്രവർത്തിയുടെ പേർഷ്യൻ ആക്രമണവും മരണവും

ചക്രവർത്തി വസന്തകാലത്തിനു് അല്പം മുമ്പായി പേർഷ്യൻസാമ്രാജ്യം ആക്രമിച്ചു. പേർഷ്യയിലെ ആളുകൾ മഞ്ഞുകാലത്തു് ക്ഷീണിതരും ഊർജ്ജസ്വലതയില്ലാത്തവരും ആയിരിക്കും എന്ന അറിവിനെ ആധാരമാക്കിയാണ് അയാൾ ഈ ആക്രമണം നടത്തിയതു്. പേർഷ്യക്കാർ തണുപ്പു സഹിക്കാനുള്ള അശക്തികൊണ്ടു് മഞ്ഞുകാലത്തു് യുദ്ധം ചെയ്യുന്നതിൽ നിന്നു വിട്ടുനില്ക്കുന്നു. 'മേദ്യൻ മഞ്ഞുകാലത്തു് ഉടുപ്പിനുള്ളിൽനിന്നു് അവന്റെ കൈ പുറത്തെടുക്കുകയില്ല' എന്നൊരു ചൊല്ലുതന്നെ ഉണ്ടായിട്ടുണ്ടു്. അന്തരീക്ഷത്തിന്റെ എല്ലാ പ്രതികൂലാവസ്ഥകളെയും നേരിടുന്നതിനു് റോമാക്കാർക്കു് അനായാസമായി സാധിക്കും എന്നറിഞ്ഞുകൊണ്ടു് ജൂലിയൻ റോമൻ സൈന്യത്തെ പേർഷ്യൻ സാമ്രാജ്യത്തിന്റെ മേൽ അഴിച്ചുവിട്ടു. അനേകം ഗ്രാമങ്ങളും കോട്ടകളും എല്ലാം ഉൾപ്പെടുന്ന ഒരു ഭൂവിഭാഗം മുഴുവൻ തകർത്തുവാരിയതിന്റെ ശേഷം അവർ നഗരങ്ങളുടെ നേരേ തിരിഞ്ഞു. മഹാനഗരമായ സ്റ്റെസിഫണിനെ ഉപരോധിച്ചപ്പോൾ പേർഷ്യൻ രാജാവു് വല്ലാത്ത വിഷമസ്ഥിതിയിലായി. അയാൾ ചക്രവർത്തിയുടെ പക്കലേയ്ക്കു വീണ്ടും വീണ്ടും പ്രതിനിധി സംഘങ്ങളെ അയച്ചു. ചക്രവർത്തി യുദ്ധം അവസാനിപ്പിച്ചു തിരിച്ചു പോകുമെങ്കിൽ തന്റെ രാജ്യത്തിന്റെ ഒരു ഭാഗം വിട്ടുകൊടുക്കാമെന്നു് പേർഷ്യൻ ഭരണാധികാരി അറിയിച്ചു. എന്നാൽ ഈ വിധേയത്വപ്രകടനങ്ങളൊന്നും ജൂലിയനെ ചലിപ്പിച്ചില്ല അർത്ഥിയായ ശത്രുവിനോടു് അയാൾ അല്പവും സഹതാപം കാട്ടിയില്ല. 'ജേതാവാകുന്നതു ബഹുമാനകരമാണ്; അതിലധികമാകുന്നതു വിദ്വേഷത്തിനു കാരണമാകും' എന്ന ആപ്തവാക്യം അയാൾ അനുസ്മരിച്ചുമില്ല. അയാൾ നിരന്തരം സമ്പർക്കം പുലർത്തിയിരുന്ന മാക്സിമൂസ് എന്ന തത്ത്വജ്ഞാനിയുടെ ഭാവിപ്രവചനങ്ങളെ പൂർണ്ണമായി വിശ്വസിച്ചതുകൊണ്ടു് തന്റെ വീരകൃത്യങ്ങളും വിജയങ്ങളും മാസിഡോണിലെ അലക്സാണ്ഡറുടേതിനു സമാനമാകുമെന്നു മാത്രമല്ല, അവയെ അതിശയിക്കുമെന്നും അയാൾ വ്യാമോഹിച്ചു. അതിനാൽ പേർഷ്യൻ രാജാവിന്റെ അര്‌ത്ഥ

www.malankaralibrary.com



നകളെയെല്ലാം അയാരം പരിഹാസപൂർവ്വം നിരാകരിച്ചു. പിത്തഗോറാസിൻെറയും പ്ലേറോയുടെയും അദ്ധ്യാപനങ്ങളനുസരിച്ച് ആത്മാവിൻെറ ദേഹാന്തരപ്രാപ്തിയിൽ പോലും അയാരം വിശ്വസിച്ചു. തനിക്ക് അലക്സാണ്ഡറുടെ ആത്മാവു ലഭിച്ചിട്ടുണ്ട്, അഥവാ താൻ മററൊരു ശരീരത്തിൽ പ്രവേശിച്ച അലക്സാണ്ഡർ തന്നെയാണെന്നു് അയാരം കരുതി. പരിഹാസ്യമായ ഈ സങ്കല്പമാണ് പേഷ്യൻ രാജാവിൻെറ സന്ധിയാലോചനകളെയെല്ലാം തിരസ്കരിക്കാൻ അയാരംക്ക പ്രേരകമായതു്.

സന്ധിയാലോചനകളെല്ലാം നിഷ്ഫലമാണെന്നു നിശ്ചയം വന്നപ്പോരം പേർഷ്യൻ രാജാവ് ഏററുമുട്ടലിനു തയ്യാറാകാൻ നിർബന്ധിതനായി. അതിനാൽ അവസാനത്തെ പ്രതിനിധിസംഘം തിരസ്കരിക്കപ്പെട്ടതിൻെറ പിറേറ ദിവസം അയാരം ഉള്ള സൈന്യങ്ങളെയെല്ലാം യുദ്ധത്തിനായി അണിനിരത്തി. റോമാക്കാർ തങ്ങളുടെ ചക്രവർത്തിയെ ഉപദേശിക്കാതിരുന്നില്ല. യുദ്ധം കൂടാതെ നേട്ടങ്ങരം ഉണ്ടാക്കാൻ കഴിയുന്ന സാഹചര്യത്തിൽ യുദ്ധം ഒഴിവാക്കേണ്ടതാണെന്നു് അവർ വാദിച്ചു. അങ്ങനെയാണെങ്കിലും എതിരിടാൻ വന്ന പേഷ്യൻ സൈന്യത്തെ അവർ നേരിടുകയും തോല്പിച്ചോടിക്കുകയും ചെയ്തു. അശ്വാരൂഢനായ ചക്രവർത്തി യുദ്ധക്കളത്തിൽ നേരിട്ടു സന്നിഹിതനായിരുന്നു. അയാരം യോദ്ധാക്കളെ പ്രോത്സാഹിപ്പിച്ചുകൊണ്ടിരുന്നു. യുദ്ധവിജയത്തിലുള്ള അമിത പ്രതീക്ഷ മൂലം അയാരം പടച്ചട്ട ധരിച്ചിരുന്നില്ല. സുരക്ഷിതത്വമില്ലാത്ത ഈ അവസ്ഥയിൽ അജ്ഞാതനായ ഏതോ ഒരുവൻ അയച്ച ഒരമ്പ് അയാളുടെ കൈ തുളച്ച് പാർശ്വഭാഗത്തു കയറി വലിയ മുറിവുണ്ടായി. ആ മുറിവിൻെറ ഫലമായി അയാരം മരിച്ചു. ഒരു പേർഷ്യൻ ഭടൻ ഒരു കുന്തം എറിഞ്ഞിട്ട് ഓടിമറയുകയാണുണ്ടായതെന്നു ചിലർ പറയുന്നു. ഈ കൃത്യത്തിൻെറ കർത്താവ് ഒരു റോമൻ ഭടൻ തന്നെയായിരുന്നു എന്നു പറയുന്നവരും ഉണ്ട്. ഏററവും അധികമാളുകരം അനുകൂലിച്ചുറപ്പിക്കുന്ന അഭിപ്രായം ഇതാണ്. തൻെറ യജമാനൻെറ ചെയ്തി ഹിറോയിക് വേഴ്സ് വൃത്തങ്ങളിൽ വാഴ്ത്തിപ്പാടിയിട്ടുള്ള അംഗരക്ഷകനായ കലിസ്റ്റസ് പറയുന്നതു് ചക്രവർത്തിയുടെ മരണത്തിനു കാരണമായ മുറിവുണ്ടാക്കിയതു് ഒരു പിശാചാണെന്നത്രേ. ഇതു് കേവലം ഒരു കാവ്യഭാവനയാകാം; അല്ലെങ്കിൽ യഥാർത്ഥ വസ്തുതയാകാം. എന്തെന്നാൽ പ്രതികാരേച്ഛയുള്ള ഭൂതങ്ങരം തങ്ങളുടെ വിദ്വേഷപാത്രങ്ങളായ പലരെയും ഈ വിധം നശിപ്പിച്ചിട്ടുണ്ട്. കാരണം ഏതുമാകട്ടെ, ചക്രവർത്തിക്കു ജന്മസിദ്ധമായുണ്ടായിരുന്ന ആവേശാധിക്യം അയാളെ കരുതലി

www.malankaralibrary.com



ല്ലാത്തവനും, വിജ്ഞാനം അഹങ്കാരിയും, കാരുണ്യപ്രകടനങ്ങൾ പരിഹാസപാത്രവും ആക്കിയെന്നതാണു വാസ്തവം. ഇങ്ങനെ ജൂലിയൻ പേർഷ്യയിൽ വച്ചു തൻെറ ജീവൻ ഒടുക്കി.[37] അപ്പോൾ അയാളുടെ നാലാമത്തെ കോൺസുളേററ് ആയിരുന്നു.[38] സല്ലസ്റ്റ് ആയിരുന്നു അയാളുടെ സഹകോൺസുൾ. ഈ സംഭവം അയാളുടെ ഭരണത്തിൻെറ മൂന്നാം വർഷം ജൂൺ 26നു് ഉണ്ടായി. കോൺസ്റ്റാൻസ്യൂസ് അയാളെ സീസർ ആക്കിയിട്ടു് ഏഴാം വർഷമായിരുന്നു അതു്. മരിക്കുമ്പോൾ ജൂലിയനു് മുപ്പത്തൊന്നു വയസ്സുണ്ടായിരുന്നു.

## അധ്യായം 22

# ജോവിയൻ ചക്രവർത്തിയാകുന്നു

ഇപ്രകാരം തീർത്തും അപ്രതീക്ഷിതമായുണ്ടായ സംഭവം മൂലം റോമൻ സൈന്യം തികഞ്ഞ അമ്പരപ്പിൽ അകപ്പെട്ടു. എന്നാൽ താമസിയാതെ, അതായതു് പിറേറ ദിവസം തന്നെ അവർ ജോവിയനെ ചക്രവർത്തിയായി പ്രഖ്യാപിച്ചു. ജോവിയൻ ജന്മംകൊണ്ടും ധീരതകൊണ്ടും ഒരുപോലെ പ്രശസ്തനായിരുന്നു. അദ്ദേഹം സൈന്യത്തിലെ ട്രിബ്യൂൺ ആയിരുന്നു. അങ്ങനെയിരിക്കെയാണു് സൈനികോദ്യോഗസ്ഥന്മാർ വിഗ്രഹങ്ങൾക്കു് ബലിയർപ്പിക്കുകയോ അല്ലാത്തപക്ഷം ഉദ്യോഗം രാജിവയ്ക്കുകയോ ചെയ്യണമെന്നു ജൂലിയൻ കല്പന പുറപ്പെടുവിച്ചതു്. ദൈവവിരോധിയായ ഒരു രാജാവിൻെറ കല്പന അനുസരിക്കുന്നതിനെക്കാൾ ഉദ്യോഗം രാജി വയ്ക്കുന്നതാണു നന്നെന്നു് ജോവിയൻ തീരുമാനിച്ചു[39]. എന്നാൽ പേർഷ്യാക്കാരോടു യുദ്ധം ചെയ്യാൻ പോകേണ്ട അത്യാവശ്യം പ്രമാണിച്ചു ജൂലിയൻ അദ്ദേഹത്തെ ഉദ്യോഗത്തിൽ നിലനിർത്തി.

ചക്രവർത്തിയായി തെരഞ്ഞെടുക്കപ്പെട്ടപ്പോൾ ആ തെരഞ്ഞെടുപ്പു് ജോവിയൻ ആത്മാർത്ഥമായിത്തന്നെ നിരാകരിച്ചു.

---

37. തിയഡൊറെററ്, സഭാചരിത്രം, 3:25
38. ക്രി. വ. 363
39. 3:13

www.malankaralibrary.com



ഭടന്മാർ അദ്ദേഹത്തെ ബലമായി പിടിച്ചുകൊണ്ടുവന്നപ്പോൾ അദ്ദേഹം പ്രഖ്യാപിച്ചു: ''ഒരു ക്രിസ്ത്യാനിയായ ഞാൻ വിഗ്രഹാരാധന മതവിശ്വാസമായി അംഗീകരിച്ച ഒരു ജനതയുടെ രാജാവാകാൻ ആഗ്രഹിക്കുന്നില്ല''. അപ്പോൾ 'ഞങ്ങളും ക്രിസ്ത്യാനികളാണ്'' എന്നു് സൈനികർ ഒററ സ്വരത്തിൽ മറുപടി പറഞ്ഞു. അതനുസരിച്ചു് ജോവിയൻ ചക്രവർത്തിസ്ഥാനം സ്വീകരിച്ചു. താൻ വളരെ വിഷമകരമായ ഒരു ചുററുപാടിലാണ് അകപ്പെട്ടിരിക്കുന്നതെന്നു് അദ്ദേഹം വേഗം മനസ്സിലാക്കി. പേർഷ്യൻ ഭൂമിയിലാണ്, അവശ്യസാധനങ്ങളുടെ ദൗർലഭ്യം കാരണം സൈന്യത്തിനു വലിയ ഹാനി നേരിടാം. അതിനാൽ യുദ്ധം അവസാനിപ്പിക്കാൻ അദ്ദേഹം തീരുമാനിച്ചു. അതിനുവേണ്ടി അംഗീകരിക്കേണ്ടിവന്ന വ്യവസ്ഥകൾ റോമാസാമ്രാജ്യത്തിന്റെ മഹത്ത്വത്തിനു് അഭിമാനകരമായിരുന്നില്ല. പക്ഷെ വിഷമകരമായ ആ സാഹചര്യത്തിൽ അതൊക്കെ ആവശ്യമായി വന്നു. സിറിയായുടെ ഭരണം പൂർണ്ണമായി കയ്യൊഴിയേണ്ടിവന്നു. മെസപ്പൊട്ടാമിയായിലെ നിസിബിസ് നഗരവും വിട്ടുകൊടുക്കേണ്ടിവന്നു. അങ്ങനെ പേർഷ്യൻ സാമ്രാജ്യാതിർത്തിയിൽനിന്നു പിൻവാങ്ങി.

ഈ വസ്തുതകളുടെയെല്ലാം പ്രഖ്യാപനം ക്രിസ്ത്യാനികൾക്കു പുതിയ പ്രതീക്ഷ പ്രദാനം ചെയ്തു. അതേസമയം അക്രൈസ്തവർക്കു ജൂലിയന്റെ മരണത്തിൽ കൊടിയ ദുഃഖമുണ്ടായി. എന്നാൽ അയാളുടെ അടക്കമില്ലാത്ത കോപസ്വഭാവത്തെക്കുറിച്ചു സൈന്യത്തിനു വലുതായ അമർഷമാണുണ്ടായിരുന്നതു്. രാജ്യത്തിന്റെ കുറെ ഭാഗങ്ങൾ പേർഷ്യക്കാർക്കു വിട്ടുകൊടുക്കേണ്ടിവന്ന നാണക്കേടിന്റെ ഉത്തരവാദിത്വം, പേർഷ്യൻ പക്ഷത്തുനിന്നു് ഓടിപ്പോന്ന ഒരാളുടെ കൗശലം നിറഞ്ഞ ആഖ്യാനങ്ങൾ വിശ്വസിച്ച ജൂലിയന്റെ വിവേകശൂന്യതയിൽ അവർ ആരോപിച്ചു. എന്തുകൊണ്ടെന്നാൽ, ഒളിച്ചോടിവന്ന പ്രസ്തുത മനുഷ്യന്റെ വാക്കുകൾ വിശ്വസിച്ചു്, ജലമാർഗ്ഗം അവർക്കു് അവശ്യസാധനങ്ങൾ എത്തിച്ചിരുന്ന കപ്പലുകൾ ജൂലിയൻ അഗ്നിക്കിരയാക്കി. അതുമൂലം അവർക്കു് ഭക്ഷ്യക്ഷാമത്തിന്റെ ഭീകരതയെ നേരിടേണ്ടിവന്നു.

ലിബാനിയൂസ് ജൂലിയനെക്കുറിച്ചു് ഒരു ചരമപ്രഭാഷണം തയാറാക്കി. 'ജൂലിയാനൂസ്' അഥവാ 'എപ്പിററാഫ്'' എന്നാണ് അയാൾ അതിനു നാമകരണം ചെയ്തതു്. അതിൽ ലിബാനിയൂസ് ഉയർന്ന പ്രശംസാവചനങ്ങൾകൊണ്ടു് ജൂലിയന്റെ വിവിധ ചെയ്തികളെ വാഴ്ത്തുന്നു. എന്നാൽ ക്രിസ്ത്യാനികൾക്കെതിരായി ജൂലിയൻ രചിച്ച ഗ്രന്ഥങ്ങളെക്കുറിച്ചു പറയു

www.malankaralibrary.com



മ്പോരം ക്രിസ്ത്യാനികളുടെ വി. ഗ്രന്ഥങ്ങളുടെ പരിഹാസ്യവും ക്ഷുദ്രവുമായ സ്വഭാവത്തെ ജൂലിയൻ ശരിക്കും സ്പഷ്ടമാക്കിയിട്ടുണ്ടെന്നു് അയാരം പറയുന്നുണ്ടു്. ഈ താക്കികൻ ചക്രവർത്തിയുടെ മററു പ്രവൃത്തികളെ വാഴ്ത്തുന്നതുകൊണ്ടു തൃപ്തിപ്പെട്ടിരുന്നെങ്കിൽ, ഞാൻ എൻെറ ചരിത്രകഥനവുമായി നേരേ മുമ്പോട്ടു പോകുമായിരുന്നു. എന്നാൽ പ്രസിദ്ധനായ ഈ താർക്കികൻ ക്രൈസ്തവവിശ്വാസത്തിൻെറ അടിസ്ഥാനമായ വിശുദ്ധ ലിഖിതങ്ങളെ ഭർത്സിക്കാൻ അവസരം കണ്ടെത്തിയതുകൊണ്ടു് ഇടയ്ക്കൊന്നു നിന്നു് അയാളുടെ വാക്കുകളെ ചെറുതായി പരാമർശിക്കാമെന്നു ഞാൻ കരുതുന്നു.

## അധ്യായം 23

# ലിബാനിയൂസിനു് ഒരു പ്രത്യാഖ്യാനം

ലിബാനിയൂസ് എഴുതുകയാണു്: ''മഞ്ഞുകാലം രാത്രികളുടെ ദൈർഘ്യം വർദ്ധിപ്പിച്ചപ്പോരം പലസ്തീനയിലെ മനുഷ്യനെ ദൈവവും ദൈവപുത്രനുമാക്കിയ ആ പുസ്തകങ്ങളുടെമേൽ ചക്രവർത്തി ഒരാക്രമണം നടത്തി. ക്രിസ്ത്യാനികരം അത്രയേറെ ആദരിക്കുന്ന പ്രസ്തുത രചനകരം പരിഹാസ്യങ്ങളും അബദ്ധങ്ങളുമാണെന്നു് അനേകം യുക്തിവാദങ്ങരം കൊണ്ടു സ്ഥാപിക്കുകവഴി, താൻ, ടയർ ദേശക്കാരനായ ആ വയോധികനെക്കാരം[40] അധികം വിവേകിയും വിദഗ്ദ്ധനുമാണെന്നു് അദ്ദേഹം വ്യക്തമാക്കിയിരിക്കുന്നു. ടയർ ദേശീയനായ ആ പുണ്യപുരുഷൻ എന്നോടു കാരുണ്യമുള്ളവനായിരിക്കട്ടെ. തൻെറ മകൻ തന്നെക്കാരം സമർത്ഥനാണെന്നു മനസ്സിലാക്കിക്കൊണ്ടു് ഞാൻ പറഞ്ഞ കാര്യം ക്ഷമിക്കുകയും ചെയ്യട്ടെ''.

ഈ വിധമാണു് താക്കികനായ ലിബാനിയൂസിൻെറ ഭാഷ. അയാരം ഒന്നാംതരമൊരു വാഗ്മിയാണെന്നു ഞാൻ സമ്മതിക്കുന്നു. എന്നാൽ മതപരമായ കാര്യങ്ങളിൽ അയാരം ചക്രവർത്തിയോടു യോജിപ്പുള്ളവനല്ലായിരുന്നെങ്കിൽ ക്രിസ്ത്യാനികരം ചക്രവർത്തിയെ എതിർത്തു പറയുന്ന കാര്യങ്ങളെ അനുകൂലിക്കുക മാത്രമല്ല, ഒരു വാഗ്മിയെന്ന നിലയിൽ അക്കാര്യ

---

40. പൊർഫറി

www.malankaralibrary.com



ങ്ങളെല്ലാം പർവ്വതീകരിച്ചു കാണിക്കുകയും ചെയ്യുമായിരുന്നു എന്നു ഞാൻ കരുതുന്നു. കോൺസ്റ്റാൻസ്യസ് ജീവിച്ചിരുന്നപ്പോൾ ഈ ലിബാനിയൂസ് അയാളെ വാനോളം പുകഴ്ത്തിയിരുന്നു. എന്നാൽ അയാൾ മരിച്ചു കഴിഞ്ഞപ്പോൾ ലിബാനിയൂസ് അയാൾക്കെതിരെ ഏററവും അധിക്ഷേപപരവും അപമാനകരവുമായ ആരോപണങ്ങൾ കൊണ്ടുവന്നു. പൊർഫീരി ചക്രവർത്തിയായിരുന്നെങ്കിൽ അയാളുടെ കൃതികൾ ജൂലിയൻേറവയെക്കാൾ ശ്രേഷ്ഠങ്ങളാണെന്നു് ലിബാനിയൂസ് പറയുമായിരുന്നു. ജൂലിയൻ ഒരു വാഗ്മി മാത്രമായിരുന്നെങ്കിൽ ഒരു ശരാശരി വാഗ്മിമാത്രമാണെന്നും അയാൾ പറയുമായിരുന്നു. 'ജൂലിയൻെറ ചരമക്കുറിപ്പിൽ' എപ്പിബോളിയൂസിനെക്കുറിച്ചു് അപ്രകാരമാണല്ലോ അയാൾ പറയുന്നതു്. ഏതായാലും പ്രസ്തുത രചനയിൽ ഒരു അക്രൈസ്തവൻ, താർക്കികൻ, താൻ പ്രശംസിക്കുന്ന ജൂലിയൻെറ സുഹൃത്തു് എന്നീ നിലകളിലെല്ലാമാണല്ലോ ലിബാനിയൂസ് പ്രത്യക്ഷപ്പെടുന്നതു്. അയാളുടെ വാദമുഖങ്ങളെ കഴിവുപോലെ ഞാൻ അഭിമുഖീകരിക്കാം.

ഒന്നാമതായിത്തന്നെ, ചക്രവർത്തി നീണ്ട ഹേമന്തരാത്രികളിൽ ക്രിസ്ത്യാനികളുടെ പുസ്തകങ്ങളെ 'ആക്രമിച്ചു' എന്നാണല്ലോ അയാൾ പറയുന്നതു്. 'ആക്രമിക്കുക' എന്നു പറയുമ്പോൾ ഒരു രചനയിലെ ആശയങ്ങളെ എതിർക്കുന്നതു് ഒരു ജോലിയാക്കുകയാണ്. താർക്കികന്മാർ അവരുടെ കലയുടെ പ്രാഥമികപാഠങ്ങൾ പഠിപ്പിക്കുമ്പോൾ അങ്ങനെ ചെയ്യാറുണ്ടു്. ജൂലിയൻ ഈ ഗ്രന്ഥങ്ങൾ നേരത്തേ വായിച്ചിട്ടുള്ളതാണ്, ആക്രമിച്ചതു് ഇപ്പോൾ മാത്രമാണു താനും. എന്നാൽ അയാൾ ഏർപ്പെട്ട ആ ദീർഘമായ ഏററുമുട്ടലിൽ, ലിബാനിയൂസ് എടുത്തു പറയുന്നതുപോലെ ഉറപ്പുള്ള യുക്തിവാദങ്ങൾകൊണ്ടു് എന്തിനെയെങ്കിലും നിരാകരിക്കാൻ ശ്രമിക്കുന്നതിനു പകരം, വസ്തുതകളുടെ അഭാവത്തിൽ, അയാൾ പരിഹാസങ്ങളെയും അവജ്ഞാഗർഭിതങ്ങളായ ഫലിതങ്ങളെയുമാണ് ആശ്രയിച്ചിട്ടുള്ളതു്. അവയെ അയാൾക്കു പണ്ടേ ഇഷ്ടവുമാണ്. ആർക്കും നിഷേധിക്കാൻ വയ്യാത്തവിധം സുസ്ഥാപിതമായ തത്ത്വങ്ങളെ പരിഹാസവിഷയമാക്കാൻ അയാൾ ശ്രമിച്ചിരിക്കുന്നു. ചിലർ സാധാരണയായി മററാളുകളുമായി തർക്കത്തിലേർപ്പെടുമ്പോൾ ചിലപ്പോൾ വസ്തുതകളെ വളച്ചൊടിക്കാനും മററു ചിലപ്പോൾ സത്യത്തെ മറയ്ക്കാനും സാദ്ധ്യമായ എല്ലാ മാർഗ്ഗങ്ങളുമുപയോഗിച്ചു് എതിരാളിയുടെ നിലപാടു് അബദ്ധമാണെന്നു സ്ഥാപിക്കാൻ ശ്രമിക്കും. ചിലരാകട്ടെ എതിരാളിക്കു് അഹിതകരമായ പ്രവൃത്തികൾ ചെയ്തതുകൊണ്ടുമാത്രം തൃപ്തിപ്പെടുകയില്ല. അയാൾക്കെതിരായി

www.malankaralibrary.com



സംസാരിക്കുകയും തന്നിലുള്ള ദോഷവശങ്ങളെല്ലാം അയാൾക്കുണ്ടെന്നു കുററപ്പെടുത്തുകയും ചെയ്യും. ജൂലിയനും 'ടയർകാരൻ വയോവൃദ്ധൻ' എന്നു ലിബാനിയൂസ് വിളിക്കുന്ന പൊർഫീറിയും പരപരിഹാസത്തിൽ അഭിരമിച്ചവരാണെന്നു് അവരുടെ രചനകൾ തന്നെ തെളിയിക്കും. പൊർഫിറി 'തത്വജ്ഞാനികളുടെ ചരിത്രം' എന്ന തൻെറ ഗ്രന്ഥത്തിൽ, ദാർശനികരിൽ ഏററവും ഉന്നതനായ സോക്രട്ടീസിൻെറ ജീവിതചരിത്രം വളരെ പരിഹാസപൂർവ്വം കൈകാര്യം ചെയ്തിരിക്കുന്നു. അദ്ദേഹത്തിൻെറ മേൽ കുററാരോപണം നടത്തിയ അനീററുസോ മെലീററുസോ പോലും ചെയ്യാൻ ധൈര്യപ്പെടാത്ത വിധത്തിലുള്ള പരാമർശങ്ങളാണ് പൊർഫീറി അദ്ദേഹത്തെക്കുറിച്ചു നടത്തിയിട്ടുള്ളതു്. അതേ, വിനയത്തിൻെറയും നീതിബോധത്തിൻെറയും മററു സദ്ഗുണങ്ങളുടെയും പേരിൽ സമസ്ത യവനരുടെയും സമാദരത്തിനു പാത്രമായ സോക്രട്ടീസിനെക്കുറിച്ചു്; അവരിൽ ഏററം ശ്രേഷ്ഠനായ പ്ലേറേറായും സെനഫോണും മററു ദാശ്നികരെല്ലാവരും ദൈവത്തിനു പ്രിയപ്പെട്ടവനായി ആദരിക്കുക മാത്രമല്ല, അതിമാനുഷമായ മേധാശക്തിയാൽ അനുഗൃഹീതൻ എന്നു വിലമതിക്കുകയും ചെയ്യുന്ന സോക്രട്ടീസിനെക്കുറിച്ചു്; ജൂലിയനാകട്ടെ, തൻെറ 'പിതാവി'നെ അനുകരിച്ചുകൊണ്ടു് 'സീസർമാർ' എന്ന തൻെറ കൃതിയിൽ ഇതിനു സമാനമായ ഹീനമാനസികാവസ്ഥ പ്രകടമാക്കിയിട്ടുണ്ടു്. തൻെറ മുൻഗാമികളായ എല്ലാ റോമൻ സമ്രാട്ടുകളെയും അതിൽ അയാൾ അപഹസിച്ചിരിക്കുന്നു; ദാശ്നികനായ മാർക്കിനെപ്പോലും വെറുതെ വിട്ടിട്ടില്ല. അതിനാൽ അവർ രണ്ടുപേരുടെയും ലിഖിതങ്ങൾ, അവർ അധിക്ഷേപത്തിലും ശകാരവർഷത്തിലും സന്തോഷിക്കുന്നവരാണെന്നു വ്യക്തമാക്കുന്നു. ഈ വിഷയത്തെ സംബന്ധിച്ചു കൂടുതൽ വിശദമായി പ്രതിപാദിക്കേണ്ട കാര്യമില്ല. ഇതുവരെ പറഞ്ഞ കാര്യങ്ങൾ തന്നെ അവരുടെ സമ്പ്രദായം വെളിവാക്കാൻ പര്യാപ്തമത്രേ. അവരുടെ പ്രഭാഷണങ്ങളെത്തന്നെ അടിസ്ഥാനമാക്കിയാണ് ഇതുവരെ പറഞ്ഞതു്. ഗ്രിഗറി നസിയാൻസൻ അവിശ്വാസികൾക്കെതിരെയുള്ള രണ്ടാം പ്രഭാഷണത്തിൽ ജൂലിയനെക്കുറിച്ചു പറഞ്ഞിട്ടുള്ള ഭാഗം ഇവിടെ ഉദ്ധരിക്കാം.[41]

''സാമ്രാജ്യാധികാരപ്രാപ്തി സ്വന്തം മനോഗതിയനുസരിച്ചു പ്രവത്തിക്കാനുള്ള സ്വാതന്ത്ര്യം നൽകിക്കഴിഞ്ഞതിനുശേഷമുള്ള അയാളുടെ പ്രവർത്തനങ്ങളിൽനിന്നു് ഇക്കാര്യം മററുള്ളവർക്കു

41. പ്രഭാഷണം, 5:23

www.malankaralibrary.com



വ്യക്തമായി. എന്നാൽ ആഥൻസിൽവച്ച് അയാളെ പരിച യപ്പെട്ട കാലംമുതൽ ഇതെല്ലാം ഞാൻ മുൻകൂട്ടി കണ്ടിട്ടുള്ളതാണ്. അയാളുടെ സഹോദരൻെറ ഭാഗ്യവിപര്യയത്തിനുശേഷം ചക്ര വർത്തിയുടെ സഹായത്തോടെ അയാഠം അവിടെ വന്നു. ഈ സന്ദർശനത്തിൽ ദ്വിമുഖമായിരുന്നു അയാളുടെ ലക്ഷ്യം. ഒരു ലക്ഷ്യം ആദരണീയമായിട്ടുള്ളതുതന്നെ. ഗ്രീസ് കാണുകയും അവിടെയുള്ള വിദ്യാലയങ്ങളിൽ പഠിക്കുകയും ചെയ്യുക. എന്നാൽ മറെറാരു ലക്ഷ്യമുണ്ടായിരുന്നതു കുറെക്കൂടെ രഹസ്യ മായിട്ടുള്ളതാണ്. അതിനെക്കുറിച്ച് അധികമാക്കം അറിവു ണ്ടായിരുന്നില്ല. തൻെറ മതനിഷേധസ്വഭാവം സ്വയം വെളി പ്പെടുത്താൻ മാത്രമുള്ള തന്േറടം അന്നു് അയാഠം സമാജ്ജിച്ചിരു ന്നില്ല. തൻെറ ഭാവിയെക്കുറിച്ച് ബലിയർപ്പകരുടെയും മററു കാപട്യക്കാരുടെയും ഉപദേശം തേടുകയായിരുന്നു ആ ലക്ഷ്യം. ഈ മനുഷ്യനെ സംബന്ധിച്ച് അന്നും ഞാനൊരു മോശപ്പെട്ട ഭാവി പ്രവാചകനായിരുന്നില്ല എന്നു ഞാനോർക്കുന്നു; ഭാവി പ്രവചനത്തെ സംബന്ധിച്ചിടത്തോളം വൈദഗ്ദ്ധ്യം നേടിയ ഒരു വ്യക്തിയാണെന്നു് അവകാശപ്പെടുന്നില്ലെങ്കിലും, അയാളുടെ ഹാവഭാവങ്ങളുടെ ചഞ്ചലതയും ആ മനസ്സിൻെറ അവിശ്വസ നീയമായ അമിതത്വവും എന്നെ പ്രവചനാത്മകനാക്കി. 'സംഭവഗതികളെക്കുറിച്ചു ശരിയായ അനുമാനം സ്വീകരിക്കുന്ന വനാണല്ലോ ഉത്തമപ്രവാചകൻ'. ഒരിക്കലും നേരേ നില്ക്കാത്ത ഒരു കഴുത്തും ഇടയ്ക്കിടെയുള്ള തോഠംകുലുക്കങ്ങളും എപ്പോഴും ഇള കുകയും തുറിച്ചുനോക്കുകയും ചെയ്യുന്ന കണ്ണുകളും ഉന്മാദചേഷ്ടകഠം നിറഞ്ഞ ഭാവവും ഒരു നന്മയുടെയും ശകുനമല്ലെന്നു് എനിക്കു തോന്നി. ക്രമവും ഉറപ്പുമില്ലാത്ത നടത്തം, അവജ്ഞയും അധി ക്ഷേപവും മാത്രം നിശ്വസിക്കുന്ന നാസിക, അതേ ഭാവങ്ങഠം തന്നെ വ്യക്തമാക്കുന്ന പരിഹാസ്യമായ മുഖംകോട്ടലുകഠം, അനി യന്ത്രിതമായ അട്ടഹാസങ്ങഠം, പ്രത്യേക കാരണമൊന്നുമില്ലാതെ സമ്മതഭാവത്തിലെന്നു തോന്നിക്കുന്ന തലയിളക്കങ്ങഠം, നിഷേ ധാർത്ഥം തോന്നിക്കുന്ന തലവെട്ടിക്കലുകഠം, അറച്ചറച്ചുള്ളതും ഇടയ്ക്കിടെ ശ്വാസംകൊണ്ടു തടസപ്പെടുന്നതുമായ സംഭാഷണം, ക്രമരഹിതവും നിരർത്ഥകവുമായ ചോദ്യങ്ങഠം, അവയെക്കാഠം ഒട്ടും മെച്ചമല്ലാത്ത ഉത്തരങ്ങഠം, ഒരു നിയമവും ക്രമവുമില്ലാതെ ഇവയെല്ലാം കൂടികുഴഞ്ഞ ഒരവസ്ഥ. സൂക്ഷ്മമായ വിശദാംശ ങ്ങളിലേയ്ക്കു ഞാൻ എന്തിനു കടക്കണം? പിന്നീടു് അനുഭവ ത്തിൽനിന്നു വ്യക്തമായ വിധത്തിൽത്തന്നെ ആയിരിക്കും ഇയാഠം എന്നു് അന്നുതന്നെ ഞാൻ മനസ്സിലാക്കി. അന്നു് എൻെറ അടുത്തുണ്ടായിരിക്കുകയും ഈ ലക്ഷണങ്ങഠം കണ്ടു ഞാൻ ഉദ്ഘോഷിച്ച കാര്യങ്ങഠം കേഠംക്കുകയും ചെയ്തവരാരെങ്കിലും ഇന്നിവിടെയുണ്ടായിരുന്നെങ്കിൽ എൻെറ അന്നത്തെ ഈ വാക്കു

www.malankaralibrary.com



കരംക്ക് അവർ സാക്ഷ്യം നൽകുമായിരുന്നു: ''ഹാ! റോമാ സാമ്രാജ്യം അതിനു തന്നെ എത്ര വലിയൊരു ദുഷ്ടതയാണു വളർത്തിക്കൊണ്ടു വരുന്നത്!'' ഈ വാക്കുകൾ പറഞ്ഞുകഴിഞ്ഞപ്പോൾ ഞാൻ ഒരബദ്ധപ്രവാചകനായിത്തീരട്ടെയെന്നും ഞാൻ പ്രാർത്ഥിച്ചു. ലോകത്തിൽ ഇത്രയേറെ ദുരദൃഷ്ടങ്ങൾ നിറയുകയും ഇതിനുമുമ്പ് ആരും കണ്ടിട്ടില്ലാത്ത ഒരു ഭീകരസത്വം ഇവിടെ വിഹരിക്കുകയും ചെയ്യുന്നതിനേക്കാൾ എത്രയോ നല്ലതാണ് തെററായ ഒരനുമാനം സ്വീകരിച്ചതിൻെറ പേരിൽ ഞാൻ കുററവാളിയാകുന്നത്! അനേകം ജലപ്രളയങ്ങളും അഗ്നിപ്രളയങ്ങളും ഭൂകമ്പങ്ങളും ഭൂമിപിളർപ്പുകളും ചരിത്രത്തിൽ രേഖപ്പെട്ടിട്ടുണ്ട്. അതിക്രൂരന്മാരും മനുഷ്യത്വശൂന്യരുമായ അനേകം മനുഷ്യരുടെ വിവരണം നാം വായിച്ചിട്ടുണ്ട്. വ്യത്യസ്ത ജന്തുവർഗ്ഗങ്ങളുടെ സങ്കരമായി വല്ലാത്ത ജന്തുക്കളെ പ്രകൃതി പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ഇങ്ങനെയൊന്നുംണ്ടായിട്ടില്ല. അവൻെറ ജീവിതത്തിലെ അപസ്മാരം പോലെയായിരുന്നു അയാളുടെ അന്ത്യവും.''

ഇതാണ് ജൂലിയനെ സംബന്ധിച്ച ഗ്രിഗറി നൽകുന്ന ചിത്രം. എന്നു മാത്രമല്ല, മുൻപറഞ്ഞവർ രണ്ടും അവരുടെ സമാഹാരങ്ങളിൽ സത്യത്തോട് അതിക്രമം കാണിക്കാൻ മുതിന്നിട്ടുണ്ട്. ചിലപ്പോൾ വി. ലിഖിതങ്ങളിലെ ഭാഗങ്ങൾ ദുഷിപ്പിക്കുന്നു. ചിലപ്പോൾ ചില വാക്കുകൾ കൂട്ടിച്ചേർക്കുന്നു. ചിലപ്പോൾ അവർക്കു തോന്നിയതുപോലെ ഘടനമാററുന്നു. അവരുടെ അടിസ്ഥാനരഹിതമായ ദുരാരോപണങ്ങളെ പലരും ഖണ്ഡിച്ചിട്ടുണ്ട്; അവരുടെ മൂഢസങ്കല്പങ്ങളെ പലരും തുറന്നു കാണിച്ചിട്ടുമുണ്ട്. ജൂലിയനെക്കാൾ വളരെ മുമ്പു ജീവിച്ചിരുന്ന ഒരിജൻ, സാധാരണക്കാർക്കു ചിന്താക്കുഴപ്പമുണ്ടാക്കുമെന്നു തോന്നിയ ചില വി. ലിഖിതഭാഗങ്ങൾ ചൂണ്ടിക്കാണിക്കുകയും അവയെ വേണ്ടവിധം വിശദീകരിക്കുകയും അങ്ങനെ ചിന്താശൂന്യരായ മനുഷ്യരുടെ ജുഗുപ്സാവഹമായ ഒച്ചപ്പാടുകൾക്കുള്ള പഴുതുകൾ അടയ്ക്കുകയും ചെയ്തിട്ടുള്ളതാണ്. ജൂലിയനും പൊർഫീറിയും അദ്ദേഹത്തിൻെറ രചനകൾ ശ്രദ്ധാപൂർവ്വം ഒരു തവണ വായിച്ചിരുന്നെങ്കിൽ അവർ മററു വല്ല വിഷയങ്ങളെയും കുറിച്ച് എഴുതുകയും വി. ലിഖിതങ്ങളെക്കുറിച്ച് ദൈവദൂഷണപരമായ ഇത്തരം കുതർക്കങ്ങൾ എഴുതാതിരിക്കുകയും ചെയ്യുമായിരുന്നു. ഒരു കാര്യം വളരെ വ്യക്തമാണ്: ചക്രവർത്തി തൻെറ പ്രബന്ധങ്ങളിൽ അജ്ഞരായ ജനങ്ങളെ വഴിതെററിക്കാനാണു മനസ്സിരുത്തിയിട്ടുള്ളത്; വി. ലിഖിതങ്ങളിൽ ആവിഷ്കൃതമായിട്ടുള്ള സത്യത്തിൻെറ 'രൂപ'ത്തിൽ പരിചിതരായ ആളുകളെ അയാൾ ലക്ഷ്യപ്പെടുത്തിയിട്ടില്ല. ദൈവത്തെക്കുറിച്ച്

www.malankaralibrary.com



'വ്യാപാരപരം'[42] ആയും, അതിലധികം മാനുഷികമായ രീതിയിലും പ്രസ്താവിക്കുന്ന ഭാഗങ്ങൾ സമാഹരിച്ചതിനുശേഷം അവയെക്കുറിച്ച് അയാൾ ഇങ്ങനെ പരാമർശനം നടത്തുന്നു:[43] ''ഈ പ്രസ്താവങ്ങൾ ഓരോന്നും രഹസ്യാത്മകമോ നിഗൂഢമോ ആയ അർത്ഥം ഉൾക്കൊള്ളുന്നില്ലെങ്കിൽ അവ ദൈവദൂഷണം നിറഞ്ഞവയായിരിക്കും.'' ക്രിസ്ത്യാനികൾക്കെതിരായിട്ടുള്ള മൂന്നാം പുസ്തകത്തിൽ അയാൾ ഉപയോഗിച്ചിട്ടുള്ള കൃത്യം വാക്കുകളാണിവ. എന്നാൽ 'ദോഷൈകദർശന തത്ത്വശാസ്ത്രത്തെക്കുറിച്ച്''[44] എന്ന പ്രബന്ധത്തിൽ മതപരമായ വിഷയങ്ങളെക്കുറിച്ച് എത്രയധികം കെട്ടുകഥകൾ ചമയ്ക്കാം, എന്ന് അതിൽ വിശദമാക്കുന്നു; അത്തരം കാര്യങ്ങളിൽ സത്യം മറയ്ക്കണം എന്ന് അയാൾ പറയുന്നു. അയാളുടെ വാക്കുകൾതന്നെ ഇവിടെ ഉദ്ധരിക്കാം: ''പ്രകൃതി മറച്ചുവയ്ക്കൽ ഇഷ്ടപ്പെടുന്നു. ദേവന്മാരുടെ ഗൂഢമായ സത്ത നഗ്നമായ വാക്കുകളിൽ ദുഷിച്ച കർണ്ണങ്ങളിലേയ്ക്ക് എറിയപ്പെടുന്നതു സഹിക്കുകയില്ല.'' ചക്രവർത്തിയുടെ ഈ വാക്കുകളിൽനിന്ന് ഒരു കാര്യം വ്യക്തമാകുന്നുണ്ട്: വി. ലിഖിതങ്ങൾ ദുർഗ്രഹമായ എന്തോ ആശയങ്ങൾ ഉൾക്കൊള്ളുന്ന രഹസ്യാത്മകമായ പ്രബന്ധങ്ങളാണെന്ന് അയാൾ കരുതുന്നു. എല്ലാ ജനങ്ങളും അവയെക്കുറിച്ചു തന്റേതിനു സമാനമായ അഭിപ്രായങ്ങൾ രൂപീകരിക്കാത്തതിന്റെ പേരിൽ അയാൾക്ക് അമർഷമുണ്ട്. വി. ലിഖിത പ്രസ്താവങ്ങളെ കൂടുതൽ അക്ഷരാർത്ഥത്തിൽ മനസ്സിലാക്കുന്ന ക്രിസ്ത്യാനികളെ അയാൾ ഭർത്സിക്കുകയും ചെയ്യുന്നു. എന്നാൽ സാധാരണ ജനങ്ങളുടെ ശുദ്ധഗതിയെ അത്ര ശക്തിയായി അപലപിക്കുന്നതും അവരുടെ പേരിൽ വി. ലിഖിതങ്ങളെ അത്ര അനാദരപൂർവ്വം സമീപിക്കുന്നതും അയാളെ സംബന്ധിച്ചു യുക്തമായില്ല. വി. ലിഖിതങ്ങളെ സംബന്ധിച്ച കാര്യങ്ങൾ അയാൾ ആഗ്രഹിച്ചതിൽനിന്നു വ്യത്യസ്തമായ വിധത്തിൽ മറ്റുള്ളവർ ശരിയായി മനസ്സിലാക്കിയതുകൊണ്ട് അയാൾ അവയിൽനിന്ന് അവജ്ഞയോടുകൂടി മുഖം തിരിച്ചുകളഞ്ഞതും ശരിയായില്ല. ഈ വിഷയത്തിൽ പൊർഫീറിയെ സംബന്ധിച്ചുണ്ടായ ഒരു കാരണംതന്നെയാണ് അയാളെ സംബന്ധിച്ചും സംഭവിച്ചതു് എന്നു തോന്നുന്നു. പലസ്തീനായിലെ കൈസറിയായിൽവച്ച് ചില ക്രിസ്ത്യാനികൾ പൊർഫീറിയെ പ്രഹരിച്ചു. ആ പ്രഹാരം സഹിക്കാനാകാതെ അനിയന്ത്രിതമായ കോപംമൂലം അയാൾ ക്രിസ്തുമതത്തെ

42. dispensationally

43. സിറിൾ, ജൂലിയനെതിരെ, 3

44. Cynic Philosophy

www.malankaralibrary.com



തിരസ്കരിക്കുകയാണുണ്ടായത്. തന്നെ പ്രഹരിച്ചവരോടുള്ള വിരോധം കാരണം അയാൾ ക്രിസ്ത്യാനികളെ അധിക്ഷേപിച്ച് എഴുതാൻ തുടങ്ങി. അയാളുടെ ലിഖിതങ്ങളെയെല്ലാം ഖണ്ഡിച്ച എവുസേബിയസ് പംഫീലി പ്രസ്തുതകാര്യം സ്ഥാപിച്ചിട്ടുണ്ട്. അതുപോലെ ചക്രവർത്തി വിചാരശൂന്യമായ ഒരു ജനക്കൂട്ടത്തിന്റെ മുമ്പിൽവച്ച് ക്രിസ്ത്യാനികളെക്കുറിച്ച പരിഹാസം നിറഞ്ഞ വാക്യങ്ങൾ ഉച്ചരിച്ചതിനുശേഷം മനസ്സിന്റെ തത്തുല്യമായ രുഗ്ണാവസ്ഥയാൽ പൊർഫീറിയുടെതിനു തുല്യമായ ദൈവദൂഷണത്തിലേയ്ക്കു വഴുതിവീണു. അവർ രണ്ടുപേരും മന:പൂർവ്വം ദൈവവിരുദ്ധകാര്യങ്ങളിൽ ഉൾപ്പെട്ടതിനാൽ അവർ സ്വന്തം അപരാധത്തെക്കുറിച്ചുള്ള കുററബോധത്താൽ ശിക്ഷിക്കപ്പെടുന്നുണ്ട്.

എന്നാൽ പലസ്തീനക്കാരനായ ഒരു മനുഷ്യനെ ക്രിസ്ത്യാനികൾ ദൈവവും ദൈവപുത്രനും ആക്കുന്നുവെന്നു കുതർക്കവിദഗ്ധനായ ലിബാനിയൂസ് പറയുമ്പോൾ തന്റെ പ്രസംഗത്തിന്റെ അവസാനഭാഗത്ത് അയാൾതന്നെ ജൂലിയനെ ദൈവമാക്കുന്ന കാര്യം വിസ്മരിച്ചിരിക്കുകയാണ്. അയാൾ പറയുന്നു: ''അദ്ദേഹത്തിന്റെ മരണവാർത്ത കൊണ്ടുവന്ന ദൂതനെ, അയാൾ ദൈവത്തിനെതിരായി അസത്യം പറഞ്ഞാൽ എന്നപോലെ, അവർ ഏതാണ്ട് കൊല്ലുകതന്നെ ചെയ്തു.'' അല്പം കൂടെ കഴിഞ്ഞ് അയാൾ പറയുന്നു: ''ഓ! ദൈവങ്ങൾക്കു പ്രിയപ്പെട്ടവനേ, ദൈവങ്ങളുടെ സഹകാരിയായവനേ!'' ലിബാനിയൂസ് അർത്ഥമാക്കിയതു മറെറാരു വിധത്തിലായിരിക്കാം. എങ്കിലും ചിലപ്പോൾ തെററായ വിധത്തിൽ ഉപയോഗിക്കപ്പെടാറുള്ള ഒരു വാക്കിന്റെ അവ്യക്തത അയാൾ ഒഴിവാക്കാതിരുന്നതുകൊണ്ട് ക്രിസ്ത്യാനികൾ അവജ്ഞാപൂർവ്വം ചെയ്തകാര്യം അയാൾ പറഞ്ഞതുപോലെ തോന്നുന്നു. ചക്രവർത്തിയെ സ്തുതിക്കുകയായിരുന്നു അയാളുടെ ഉദ്ദേശ്യമെങ്കിൽ സന്ദിഗ്ദ്ധാർത്ഥമായ പദപ്രയോഗങ്ങൾ അയാൾ ഒഴിവാക്കേണ്ടതായിരുന്നു. മററു സന്ദർഭങ്ങളിൽ അയാൾ അങ്ങനെ ചെയ്തിട്ടുള്ളതാണല്ലോ. വിമർശനമുണ്ടായതിന്റെ ഫലമായി ഒരു പ്രത്യേക വാക്ക് അയാൾ തന്റെ കൃതികളിൽനിന്നു വെട്ടിക്കളഞ്ഞു. ക്രിസ്തുവിലെ മനുഷ്യൻ ദൈവത്തോടു ചേർന്നിരുന്നുവെന്നും ദൃശ്യമായ വിധത്തിൽ മനുഷ്യനായിരിക്കെത്തന്നെ അവിടുന്ന് അദൃശ്യനായ ദൈവമായിരുന്നുവെന്നും ഈ രണ്ടുകാര്യങ്ങളും ഏററവും സത്യമാകുന്നുവെന്നും ക്രിസ്ത്യാനികളുടെ ദിവ്യഗ്രന്ഥങ്ങൾ വ്യക്തമായി പഠിപ്പിക്കുന്നു. എന്നാൽ അവിശ്വാസികൾക്കു വിശ്വസിക്കുന്നതിനു മുമ്പായി മനസ്സിലാക്കാൻ സാധിക്കുകയില്ല. എന്തെന്നാൽ താഴെ കാണുംവിധം പ്രഖ്യാപിക്കുന്നത് ദൈവികമായ

www.malankaralibrary.com



ഒരു വെളിപാടാകുന്നു. ''നിങ്ങൾ വിശ്വസിക്കുന്നില്ലെങ്കിൽ തീർച്ചയായും നിങ്ങൾക്കു മനസ്സിലാവുകയില്ല'' (ഏശാ. 7:9). അതിനാൽ അവർക്കു് പല മനുഷ്യരെയും അവരുടെ ദേവന്മാരുടെ ഗണത്തിൽ പ്രതിഷ്ഠിക്കുന്നതിനു ലജ്ജയില്ല. എന്നാൽ ഹെർക്കുലീസ്, ബാക്കസ്, എസ്ക്കുലാപ്പിയുസ് തുടങ്ങി അശുദ്ധരും അനീതിമാന്മാരും മദ്യമത്തരും ഒക്കെയായ ആളുകൾക്കു പകരം നന്മയും നീതിനിഷ്ഠയും സുബോധവും ഉള്ള മനുഷ്യരെ അവർ ദേവന്മാരാക്കിയിരുന്നെങ്കിൽ നന്നായിരുന്നു. മുകളിൽ പറഞ്ഞ ഹെർക്കുലീസ് തുടങ്ങിയ ദുർഗ്ഗുണശാലികളെക്കൊണ്ടു് തൻെറ പ്രഭാഷണങ്ങളിൽ കൂടെക്കൂടെ ശപഥം ചെയ്യാൻ ലിബാനിയൂസ് ലജ്ജിക്കുന്നില്ല. മുകളിൽ പറഞ്ഞവരുടെ മനുഷ്യസ്വഭാവവിരുദ്ധമായ വഞ്ചനകളും കുപ്രസിദ്ധമായ വ്യഭിചാരങ്ങളും ഞാൻ എണ്ണിയെണ്ണി പറയാൻ തുടങ്ങിയാൽ അതു് അവസാനിക്കാത്ത ശാഖാചംക്രമണമായിത്തീരും. എന്നാൽ ഈ വിഷയത്തിൽ അറിവുനേടാനാഗ്രഹിക്കുന്നവർക്കു് അരിസ്റ്റോട്ടലിൻെറ *പെപ്ലം*, ഡയനീഷ്യസിൻെറ *കൊറോണാ*, റെഗീനൂസിൻെറ *പോളിംനെമോൺ* എന്നീ രചനകളും[45] മററനേകം കവികളുടെ കൃതികളും ഉപകാരപ്പെടും. അക്രൈസ്തവരുടെ ദൈവശാസ്ത്രം ധൂർത്തമായ അസംബന്ധങ്ങളുടെ കൂമ്പാരമാണെന്നു് അവ വെളിപ്പെടുത്തും. മനുഷ്യരെ ദൈവങ്ങളാക്കുന്ന സമ്പ്രദായം അവിശ്വാസികളുടെയിടയിൽ സർവ്വസാധാരണമായിരുന്നുവെന്നു് അനേകം ഉദാഹരണങ്ങൾകൊണ്ടു തെളിയിക്കാൻ നമുക്കു കഴിയും. ഒരു സങ്കോചവും കൂടാതെയാണു് അവർ അങ്ങനെ ചെയ്തിരുന്നതു്. ഏതാനും ഉദാഹരണങ്ങൾ മാത്രം ഇവിടെ ചേർക്കാം. റോദുകാർ[46] അവർക്കു പൊതുവായ ഒരു വിപത്തിനെക്കുറിച്ചു് ഒരു വെളിപാടിൻെറ ഉപദേശം തേടി. അററീസിനെ ആരാധിക്കാനുള്ള ഒരു നിർദ്ദേശമാണു് മറുപടിയായി അവർക്കു ലഭിച്ചതു്. ഫ്രീജിയയിൽ ഭ്രാന്തമായ കർമ്മങ്ങൾ നടത്തിയിരുന്ന ഒരു പേഗൻ പുരോഹിതനായിരുന്നു അററീസ്.[47] ആ വെളിപാടു് ഇങ്ങനെയായിരുന്നു: ''ചാരിത്ര്യവാനായ അദോണീസും ദാനങ്ങളിൽ സമൃദ്ധിയും മനോഹരമായ തലമുടിയുമുള്ള അനുഗൃഹീത ഡയനീഷ്യസും ചേർന്നു മഹാദൈവമായ അററീസിനെ പ്രസാദിപ്പിക്കുക.''

---

45. Aristotle's Peplum; Dionysius' Corona; Rheginus' Polymnemon.

46 Rhodians: റോദ് ദ്വീപുനിവാസികൾ

47. Atys

www.malankaralibrary.com



പ്രേമസംബന്ധമായ ഉന്മത്താഭിലാഷം മൂലം സ്വയം ഷണ്ഡനാക്കിയ അററീസിനെ ഇവിടെ ഈ വെളിപാട് അദോണീസും ബാക്കസും ആക്കിയിരിക്കുകയാണ്.

വീണ്ടും മാസിഡോണിയരുടെ രാജാവായ അലക്സാണ്ഡർ ഏഷ്യയിലേയ്ക്കു കടന്നപ്പോൾ ആംഫിക്ടിയൺമാർ അദ്ദേഹത്തിന്റെ അനുഭാവം ആഗ്രഹിച്ചു; പിത്തോണെസ് ഈ വെളിപാടുച്ചരിച്ചു.

''ദൈവങ്ങളിൽ പരമോന്നതനായ സേവൂസിനും, അത്തീനാത്രിതോജെനിയായ്ക്കും, മനുഷ്യരൂപത്തിൽ മറഞ്ഞിരിക്കുന്ന ദൈവികരാജാവും മനുഷ്യരുടെയിടയിൽ രക്ഷകനും നീതിദായകനും ആകുന്നതിനുവേണ്ടി സേവൂസ് ബഹുമാനത്തിൽ ജനിപ്പിച്ചവനുമായ അലക്സാണ്ഡർ രാജാവിനും ആദരം അർപ്പിക്കുക.''

ഡെൽഫിയിലെ പിശാചിന്റെ വാക്കുകളാണിവ. കരുത്തരായ ഭരണാധികാരികളെ പുകഴ്ത്തി പ്രീണിപ്പിക്കണമെന്നു തോന്നുമ്പോൾ അവർക്ക് ദൈവങ്ങളുടെയിടയിൽ സ്ഥാനം കൊടുക്കാൻ അവൻ മടിച്ചിരുന്നില്ല. ഒരുപക്ഷേ ഇവിടുത്തെ ഉദ്ദേശ്യം ശ്ലാഘിച്ചു പ്രസാദിപ്പിക്കലായിരിക്കാം. എന്നാൽ താഴെ പറയുന്ന വെളിപാടിൽ മുഷ്ടിയുദ്ധക്കാരനായ ക്ലെയോമേദെസിനെ [48] ദൈവങ്ങളുടെ ഗണത്തിൽ ഉൾപ്പെടുത്തിയതിനെക്കുറിച്ച് എന്താണു പറയാനുള്ളത്?

''വീരനായകന്മാരിൽ അവസാനത്തെയാൾ അസ്തിപ്പാലിയനായ ക്ലെയോമേദെസ് അത്രേ. അദ്ദേഹത്തെ ബലികൾ കൊണ്ടു പൂജിക്കുക. എന്തെന്നാൽ അദ്ദേഹം ഇനിമേൽ മനുഷ്യനല്ല.''

ഈ വെളിപാടു കാരണം സന്ദേഹവാദിയായ ഡയോജനസും ദാർശനികനായ ഓണോമാസും അപ്പോളോയെ രൂക്ഷമായി അധിക്ഷേപിച്ചു. സിസിക്കുസിലെ നിവാസികൾ ഹഡ്രിയാനെ പതിമൂന്നാമത്തെ ദൈവമായി പ്രഖ്യാപിച്ചു. ഹഡ്രിയാൻ താൻ സ്വവർഗ്ഗഭോഗത്തിനുപയോഗിച്ചിരുന്ന ബാലൻ അൻറീനൂസിനെ ദൈവമാക്കി. [49] ലിബാനിയൂസിനു് ഈ വെളിപാടുകളും അലക്സാണ്ഡറുടെ ജീവിതത്തെക്കുറിച്ച്

48. Cleomedes, the pugilist
49. Antinous

www.malankaralibrary.com



അഡ്രിയാസ് എഴുതിയ പുസ്തകവും പരിചിതങ്ങളായിരുന്നെങ്കിലും അയാൾ അവയെ ഒന്നും 'പരിഹാസ്യവും ഗർഹണീയവുമായ അസംബന്ധങ്ങൾ' എന്നു വിളിക്കുന്നില്ല. പാഫ്ലഗോണിയായിലെ കപട പ്രവാചകനായിരുന്ന അഡ്രിയാസ്. പൊർഫീറിയെ ഇതേ രൂപത്തിൽ മഹത്ത്വീകരിക്കാനും അയാൾ മടിക്കുന്നില്ല. ജൂലിയൻെറ കൃതികൾ അയാളുടേതിനെക്കാൾ മെച്ചമാണെന്നു പ്രസ്താവിച്ചിട്ട് അയാൾ പറയുന്നു: ''ആ സിറിയൻ എന്നിൽ പ്രസാദിക്കട്ടെ.''

പ്രസ്തുത താർക്കികൻെറ വാദമുഖങ്ങളെ കൂടുതൽ പിൻചെല്ലാതെ തന്നെ അയാളുടെ പരിഹാസോക്തികൾക്ക പ്രത്യാഖ്യാനമാകാൻ ഈ ശാഖാചംക്രമണം തന്നെ പര്യാപ്തമാകുമെന്നു കരുതുന്നു. അയാളുടെ വാദങ്ങളെയെല്ലാം പൂർണ്ണമായി ഖണ്ഡിക്കാൻ പ്രത്യേകമായി ഒരു ഗ്രന്ഥം തന്നെ വേണ്ടിവരും. അതിനാൽ ഇനി നമുക്ക് നമ്മുടെ ചരിത്രവുമായി മുന്നോട്ടു പോകാം.

## അധ്യായം 24

## മെത്രാന്മാർ ജോവിയനെ വലയം ചെയ്യുന്നു

ജോവിയൻ പേർഷ്യയിൽ നിന്നു തിരിച്ചെത്തിയപ്പോൾ സഭാപരമായ ബഹളങ്ങൾ പുനരാരംഭിച്ചു. സഭകളുടെ അധ്യക്ഷന്മാർ ഓരോരുത്തരും മറ്റുള്ളവരെ മറികടക്കാനുള്ള ശ്രമമായി. ചക്രവർത്തി തൻെറ വിശ്വാസത്തിലേയ്ക്കു വരുമെന്നായിരുന്നു ഓരോരുത്തരുടെയും പ്രതീക്ഷ. ചക്രവർത്തി ആദ്യം മുതൽ തന്നെ ഹോമോഉസിയൻ തത്ത്വത്തിൽ ഉറച്ചുനിന്നു. തൻെറ നിലപാട് അദ്ദേഹം പരസ്യമായി പ്രഖ്യാപിക്കുകയും ചെയ്തു. അലക്സാൺഡ്രിയായിലെ മെത്രാനായിരുന്ന അത്തനാസ്യോസിനു് അദ്ദേഹം കത്തുകൾ അയയ്ക്കുകയും പ്രോത്സാഹനം നൽകുകയും ചെയ്തു. ജൂലിയൻെറ മരണത്തെ തുടർന്നു് വേഗം തന്നെ അത്തനാസ്യോസ് അലക്സാൺഡ്രിയൻ സഭ സ്വാധീനത്തിലാക്കിയിരുന്നു. മുമ്പു പറഞ്ഞ കത്തുകൾ മൂലം അദ്ദേഹം ഭയരഹിതനായിത്തീരുകയും ചെയ്തിരുന്നു. കോൺസ്റ്റാൻസ്യൂസിനാൽ നാടുകടത്തപ്പെട്ടിട്ട് ജൂലിയൻെറ കാലത്തു പുനഃപ്രതിഷ്ഠിതരാകാതിരുന്ന മെത്രാന്മാരെയെല്ലാം ജോവിയൻ

www.malankaralibrary.com



തിരികെ വരുത്തി. മാത്രമല്ല, പുറജാതികളുടെ ക്ഷേത്രങ്ങളെല്ലാം വീണ്ടും അടയ്ക്കപ്പെട്ടു. അവക്ക് രഹസ്യമായി എവിടെയെങ്കിലും അവരുടെ കർമ്മങ്ങൾ നിർവഹിക്കേണ്ടി വന്നു. ദാർശനികന്മാർ അവരുടെ പാല്യങ്ങൾ ഉപേക്ഷിച്ച് സാധാരണക്കാരെപ്പോലെ വസ്ത്രങ്ങൾ ധരിച്ചു. ജൂലിയന്റെ കാലത്തു പൊതുജനങ്ങൾക്കു വെറുപ്പുളവാകത്തക്ക വിധം പൊതുസ്ഥലങ്ങൾ മലിനമാക്കിക്കൊണ്ട് ബലിമൃഗങ്ങളുടെ ചോര ഒഴുകിയിരുന്നതിനും അറുതിവന്നു.

## അധ്യായം 25

## നിഖ്യാവിശ്വാസപ്രമാണം വീണ്ടും

ഇങ്ങനെയാണെങ്കിലും സഭയുടെ അവസ്ഥ സമാധാനപൂർണ്ണമായിരുന്നില്ല. സഭയിലെ വിവിധ വിഭാഗങ്ങളുടെ തലവന്മാർ നിരന്തരമായി ചക്രവർത്തിയെ സമീപിച്ച് തങ്ങളുടെ സംരക്ഷണമെന്നാൽ തങ്ങളുടെ എതിരാളികൾക്കെതിരെയുള്ള ശക്തിയാണെന്നുൽബോധിപ്പിച്ചുകൊണ്ടിരുന്നു. ആദ്യമായി മാസിഡോണിയന്മാർ ചക്രവർത്തിയെ സമീപിച്ച് അദ്ദേഹത്തിന് ഒരു നിവേദനം നൽകി. പുത്രൻ പിതാവിനു തുല്യനല്ലെന്നു[50] പറയുന്നവരെ അവരുടെ പള്ളികളിൽനിന്നു ബഹിഷ്കരിക്കണമെന്നും ആ പള്ളികൾ തങ്ങൾക്കു നൽകണമെന്നും അതിൽ ആവശ്യപ്പെട്ടിരുന്നു. അൻസീറായിലെ മെത്രാനായ ബേസിൽ, തർസോസിലെ സിൽവാനൂസ്, പോംപെയൊപ്പോലീസിലെ സോഫ്രാണിയൂസ്, സേലേയിലെ പസിനിക്കൂസ്, കൊമാനായിലെ ലെയോൺഷ്യസ്, ക്ലൗദിയോപ്പോലീസിലെ കല്ലിക്രാട്ടസ്, കസ്താബാലായിലെ തെയോഫിലസ് എന്നിവർ ചേർന്നാണ് ഈ നിവേദനം സമർപ്പിച്ചത്. ചക്രവർത്തി നിവേദനം വായിച്ചിട്ട് താഴെ പറയുന്ന മറുപടി മാത്രം നല്കി അവരെ പറഞ്ഞുവിട്ടു: ''എനിക്കു മത്സരങ്ങൾ വെറുപ്പാണ്. ഐക്യം വർദ്ധിപ്പിക്കാൻ ശ്രമിക്കുന്നവരെ ഞാൻ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നു.'' ഈ അഭിപ്രായം പരക്കെ അറിയപ്പെട്ടപ്പോൾ അതു വാഗ്വാദങ്ങൾക്കു ശമനം വരുത്തി. ചക്രവർത്തിയുടെ നിലപാടു തക്ക

50. ''Son is to be unlike the Father''

www.malankaralibrary.com



ങ്ങൾക്കും മത്സരങ്ങൾക്കും എതിരാണെന്ന് ആളുകൾ മനസ്സിലാക്കുകയും ചെയ്തു. ഇക്കാലത്ത് അകാചിയൻ വിഭാഗത്തിന്റെ യഥാർത്ഥ സ്വഭാവവും, പരമാധികാരമുള്ളയാളുകളുടേതിനോടു തങ്ങളുടെ ആശയങ്ങൾ പൊരുത്തപ്പെടുത്താനുള്ള സന്നദ്ധതയും പണ്ടേന്നത്തേതിലും അധികമായി വെളിപ്പെട്ടു. അവർ സിറിയായിലെ അന്ത്യോക്യയിൽ സമ്മേളിച്ച്, കുറച്ചുകാലം മുമ്പുമാത്രം തങ്ങളുടെ കൂട്ടത്തിൽ നിന്നകന്നുപോയ മെലീഷ്യസുമായി ചർച്ചയിലേർപ്പെടുകയും 'ഹോമോഉസിയൻ' വിശ്വാസം അംഗീകരിക്കുകയും ചെയ്തു. അന്ന് അന്ത്യോക്യയിൽ താമസിച്ചിരുന്ന ചക്രവർത്തി മെലീഷ്യസിനെ വളരെ അധികമായി ആദരിക്കുന്നു എന്നു മനസ്സിലാക്കിയതുകൊണ്ടാണ് അവർ ഇങ്ങനെ ചെയ്തത്. പൊതുവായ സമ്മതപ്രകാരം അവർ ഒരു വിശ്വാസപ്രഖ്യാപനം എഴുതിയുണ്ടാക്കി. അതിൽ ഹോമോഉസിയൻ വിശ്വാസം ഏററുപറയുകയും നിഖ്യാവിശ്വാസപ്രമാണം അംഗീകരിക്കുകയും ചെയ്തിരുന്നു. അതു ചക്രവത്തിക്കു സമർപ്പിക്കപ്പെട്ടു. താഴെപറയും വിധമായിരുന്നു അത്:

''വിവിധ പ്രോവിൻസുകളിൽനിന്നു് അന്ത്യോക്യയിൽ സമ്മേളിച്ച മെത്രാന്മാർ, ഏററവും ഭക്തനും ദൈവത്തിനു പ്രിയപ്പെട്ടവനും ഞങ്ങളുടെ പ്രഭുവുമായ വിക്ടർ അഗസ്റ്റസിന്:

ഭക്താഗ്രേസരനായ ചക്രവത്തി, സഭയിൽ സമാധാനവും യോജിപ്പും നിലനിർത്താനാണ് മറെറന്തിലുമധികമായി അങ്ങ് ആഗ്രഹിക്കുന്നതെന്ന് ഞങ്ങൾക്കു പൂർണ്ണബോദ്ധ്യമുണ്ട്. സഭയുടെ സത്യവിശ്വാസത്തിന്റെ അംഗീകാരമാണ് ഈ ഐക്യത്തിന്റെ അടിസ്ഥാനമെന്ന് അങ്ങു ബുദ്ധിപൂർവ്വം തീരുമാനിച്ചിരിക്കുന്നു എന്നും ഞങ്ങൾക്കറിയാം. അതിനാൽ സത്യപ്രബോധനം ദൂഷിപ്പിക്കുന്നവരുടെ ഗണത്തിൽ ഞങ്ങൾ ഉൾപ്പെടുത്തപ്പെടാതിരിക്കുന്നതിനുവേണ്ടി ഭക്തനായ അങ്ങയുടെ സന്നിധിയിൽ ഞങ്ങൾ പ്രഖ്യാപിക്കുന്നു: മുമ്പു നിഖ്യായിൽ സമ്മേളിച്ച വിശുദ്ധ സൂനഹദോസിന്റെ വിശ്വാസം ഞങ്ങൾ ആശ്ലേഷിക്കുകയും മുറുകെ പിടിക്കുകയും ചെയ്യുന്നു. പ്രത്യേകിച്ചും, ഹോമോഉസിയോസ് എന്ന പദം ചിലയാളുകൾക്കു പുതിയതും അനുചിതവും എന്നു തോന്നുന്നു എങ്കിലും, പുത്രൻ പിതാവിന്റെ സത്തയാൽ ജനിപ്പിക്കപ്പെട്ടുവെന്നും സത്തയുടെ കാര്യത്തിൽ അവിടുന്നു പിതാവിനു സമാനനാകുന്നുവെന്നും പിതാക്കന്മാർ വിവേകപൂർവ്വം വിശദീകരിച്ചതു് ഞങ്ങൾ ഉറപ്പായി വിശ്വസിക്കുന്നു. അവർണ്ണനീയമായ ആ ജനിപ്പിക്കലിനോടു് ഒരു വികാരവും ബന്ധപ്പെട്ടിട്ടില്ല. സത്ത (ഉസിയാ) എന്ന വാക്കു് ഗ്രീക്കു ഭാഷയിലുള്ള അതിന്റെ സാധാരണ അർത്ഥവിവക്ഷ

www.malankaralibrary.com



അനുസരിച്ചല്ല പിതാക്കന്മാർ ഉപയോഗിച്ചിട്ടുള്ളത്. ക്രിസ്തുവിനെ സംബന്ധിച്ച് ആരിയൂസ് ദൈവദൂഷണപരമായി മുന്നോട്ടു വച്ച ഒരാശയത്തെ – അവിടുന്ന് അസ്തിത്വമില്ലാത്ത വസ്തുക്കളാൽ സൃഷ്ടിക്കപ്പെട്ടു എന്നതിനെ – നിരാകരിക്കുന്നതിനാണ് അവർ ആ പദം പ്രയോഗിച്ചത്. പ്രസ്തുത ആശയം അടുത്തകാലത്തു പുതുതായി രൂപംകൊണ്ട 'അനോമയന്മാർ' എന്ന വിഭാഗക്കാർ വളരെ ധാർഷ്ട്യപൂർവ്വം ഉയർത്തിപ്പിടിക്കുകയാണ്. അതുമൂലം സഭയിലെ ഐക്യത്തിനു സാരമായ ഹാനി സംഭവിച്ചിട്ടുണ്ട്. അതിനാൽ ഞങ്ങൾ ഞങ്ങളുടെ ഈ പ്രഖ്യാപനത്തോട്, നിഖ്യായിൽ സമ്മേളിച്ച മെത്രാന്മാരുടെ വിശ്വാസപ്രഖ്യാപനത്തിന്റെ ഒരു പകർപ്പും കൂട്ടിച്ചേർത്തിട്ടുണ്ട്. ആ വിശ്വാസപ്രമാണത്തിൽ ഞങ്ങൾ പരിപൂർണ്ണ സംതൃപ്തരാണ്. അതായത്, ''സർവ്വശക്തിയുള്ള പിതാവായ.... ഏകദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു....'' തുടങ്ങി വിശ്വാസപ്രമാണം മുഴുവൻ. ഈ പ്രസ്താവന സമർപ്പിക്കുന്ന, താഴെ ഒപ്പിട്ടിരിക്കുന്ന ഞങ്ങൾ അതിന്റെ ഉള്ളടക്കത്തോട് പരിപൂർണ്ണമായി യോജിക്കുന്നു. എന്ന്, അന്ത്യോഖ്യയിലെ മെത്രാനായ മെലീഷ്യസ്, സമോസാട്ടായിലെ എവുസേബിയസ്, സിസിലിയിലെ എവാഗ്രിയൂസ്, അപ്പമേയായിലെ യുറാനിയൂസ്, ലാറിസായിലെ സോയിലൂസ് കൈസറിയായിലെ അകാചിയൂസ്, റോസുസിലെ അന്തിപാതർ, ഉറീമിയിലെ അബ്രാമിയൂസ്, ബേലൂസ്- സെലൂഷ്യായിലെ അരിസ്തോണിക്കൂസ്, പെർഗാമുസിലെ ബർലാമേനൂസ്, മെലിത്തീനിലെ യുറാനിയൂസ്, കാൽസിഡണിലെ മാഗ്നുസ്, എലൈവുതെരോപ്പോലീസിലെ എവുതീക്കിയൂസ്, അർമേനിയാ മേജറിലെ ഇസാക്കോചിസ്, ബോസ്ട്രായിലെ ടൈററസ്, സിപ്പിയിലെ പീററർ, ലവഡിഷ്യായിലെ പെലാജിയൂസ്, ആന്ദ്രോസിലെ അറാബിയൻ, വൈദികനായ ലമിദിയോൻ വഴി അദാനായിലെ പീസോ, സോയിഗ്മായിലെ മെത്രാനായ സബീനിയൻ, ഓർഫിത്തൂസ്, ഏസ്യൂസ് എന്നീ വൈദികർ വഴി അൻസീറായിലെ അത്തനാസ്യോസ്, ഗാസായിലെ മെത്രാനായ ഇറേനിയോൻ, അഗുസ്തായിലെ പീസോ, ലമീറിയോൻ എന്ന വൈദികൻ വഴി പാൽതുസിലെ പടീഷ്യസ്, ബേറോയായിലെ മെത്രാനായ അനാതോളിയൂസ്, അറബികളുടെ മെത്രാനായ തെയോതീമൂസ്, അർക്കായിലെ ലൂഷ്യൻ.

'സിനഡൽ നടപടികളുടെ സമാഹാരം' എന്ന പേരിലുള്ള സബിനൂസിന്റെ ഗ്രന്ഥത്തിലാണ് ഈ പ്രഖ്യാപനം ഞാൻ കണ്ടത്. ഭിന്നിച്ചുനില്ക്കുന്ന കക്ഷികളെ സൗമ്യമായ ഇടപെടൽ

www.malankaralibrary.com



കൊണ്ടും അനുനയവചനങ്ങൾകൊണ്ടും രഞ്ജിപ്പിക്കുന്നതിനായിരുന്നു ചക്രവർത്തി ആഗ്രഹിച്ചതു്. 'മതപരമായ വിശ്വാസങ്ങളുടെ പേരിൽ ഞാൻ ആരെയും ശല്യം ചെയ്യുകയില്ല. എന്നാൽ ഉത്സാഹപൂർവ്വം സഭയിൽ ഐക്യം വളർത്തുന്നവരെ ഞാൻ വളരെയധികം സ്നേഹിക്കുകയും ആദരിക്കുകയും ചെയ്യും' എന്നു് അദ്ദേഹം പ്രഖ്യാപിച്ചു. അദ്ദേഹത്തിന്റെ പെരുമാററവും അതിനനുസൃതമായിരുന്നുവെന്നു് അദ്ദേഹത്തിന്റെ 'കോൺസുളേററി'നെക്കുറിച്ചുള്ള പ്രസംഗത്തിൽ ദാർശനികനായ തെമിസ്റ്റിയൂസ് സാക്ഷ്യപ്പെടുത്തുന്നു. ഓരോരുത്തരെയും സ്വന്തം മനഃസാക്ഷിയുടെ നിർദ്ദേശമനുസരിച്ചു് ദൈവത്തെ ആരാധിക്കാൻ അനുവദിക്കുകവഴി മുഖസ്തുതിക്കാരുടെ കുതന്ത്രങ്ങളെ പരാജയപ്പെടുത്തിയതിനു് പ്രസ്തുത ദാർശനികൻ ചക്രവർത്തിയെ പുകഴ്ത്തുന്നു. മുഖസ്തുതിക്കാർക്ക് ലഭിച്ച തിരിച്ചടികളെ പരാമർശിക്കുമ്പോൾ അദ്ദേഹം സരസമായി ഇപ്രകാരം പ്രസ്താവിക്കുന്നു: ''അത്തരക്കാർ ദൈവത്തെയല്ല, പട്ടുവസ്ത്രത്തെയാണ് ആരാധിക്കുന്നതെന്നു് അനുഭവം വ്യക്തമാക്കിയിട്ടുണ്ടു്. ചഞ്ചല സ്വഭാവമുള്ള യൂറിപ്പസ് കടലിടുക്കിനെയാണ് അവർ അനുസ്മരിപ്പിക്കുക. അതു് ചിലപ്പോൾ ഒരു വശത്തേയ്ക്കു തിരകൾ അടിക്കും. മററു ചിലപ്പോൾ നേരേ മറുവശത്തേയ്ക്കായിരിക്കും അടിക്കുന്നതു്.''

## അധ്യായം 26

# ജോവിയൻ ചക്രവർത്തിയുടെ മരണം

ഇപ്രകാരമായിരുന്നു അക്കാലത്തു് ചക്രവർത്തി കലഹപ്രിയരുടെ ആവേശത്തിനു് അടക്കം വരുത്തിയതു്. താമസിയാതെ തന്നെ അദ്ദേഹം അന്ത്യോക്യായിൽനിന്നു പുറപ്പെട്ടു് സിലിഷ്യായിലെ തർസോസിലെത്തി. അവിടെ അദ്ദേഹം ജൂലിയന്റെ മരണാനന്തരകർമ്മങ്ങൾ നിർവ്വഹിച്ചു. അതിനുശേഷം കോൺസുളായി പ്രഖ്യാപിക്കപ്പെടുകയും ചെയ്തു. അവിടെനിന്നു നേരേ കോൺസ്റ്റാന്റിനോപ്പിളിലേയ്ക്കുപോയി. വഴിയിൽ ദദസ്റ്റാനാ എന്ന സ്ഥലത്തു് എത്തിച്ചേർന്നു. ഗലാത്തിയായുടെയും ബിത്തീനിയായുടെയും അതിർത്തിയിൽ സ്ഥിതിചെയ്യുന്നതാണ് ഈ സ്ഥലം. അവിടെ വച്ചു ദാർശനികനായ തെമെസ്റ്റിയൂസ് സെനറേറാറിയൽ ഓർഡറിലുള്ള മററാളുകളോ

www.malankaralibrary.com



ടൊപ്പം അദ്ദേഹത്തെ സന്ദർശിക്കുകയും അദ്ദേഹത്തിന്റെ മുമ്പിൽ കോൺസുളർ പ്രഭാഷണം ഉച്ചരിക്കുകയും ചെയ്തു. ആ പ്രഭാഷണം അയാൾ പിന്നീട് കോൺസ്റ്റാൻറിനോപ്പിളിലെ ജനങ്ങളുടെ മുമ്പിലും നടത്തി. ഇത്ര ശ്രേഷ്ഠനായ ഒരു സമ്രാട്ടിനു കീഴിൽ റോമാസാമ്രാജ്യം തീർച്ചയായും വലിയ പുരോഗതി നേടുമായിരുന്നു. ഭൗതികഭരണവും സഭാഭരണവും വളരെ സന്തോഷപ്രദമായരീതിയിൽ മുന്നോട്ടു പോയേനെ. പക്ഷേ ചക്രവർത്തിയുടെ ആകസ്മിക നിര്യാണം അത്യുന്നതനായ ഒരു ഭരണാധിപന്റെ സേവനം രാഷ്ട്രത്തിനു നഷ്ടമാക്കി. മുൻപറഞ്ഞ സ്ഥലത്തുവച്ച് മഞ്ഞുകാലത്ത് എന്തോ കാരണത്താൽ അദ്ദേഹം രോഗബാധിതനായി. ഫെബ്രുവരി 17-ാം തീയതി അദ്ദേഹം മരിച്ചു. താനും തന്റെ മകൻ വറോണിയനും കോൺസുൾമാരായിരുന്ന വർഷമാണത്.[51] അദ്ദേഹത്തിന് അന്നു മുപ്പത്തിമൂന്നു വയസ്സുണ്ടായിരുന്നു. അന്നേയ്ക്ക് ഏഴുമാസമേ സാമ്രാജ്യഭരണം നടത്തിക്കഴിഞ്ഞിരുന്നുള്ളു.

രണ്ടുവർഷം അഞ്ചുമാസത്തിനിടയിൽ നടന്ന സംഭവങ്ങളാണ് ഈ പുസ്തകത്തിൽ വിവരിച്ചിട്ടുള്ളത്.

51. ക്രി. വ. 364.

www.malankaralibrary.com

# പുസ്തകം 4

## അധ്യായം 1

## വലെൻറീനിയൻ ചക്രവർത്തി

നാം മുമ്പു പറഞ്ഞതുപോലെ ജോവിയൻ ചക്രവർത്തി ദദസ്ലാനാ എന്ന സ്ഥലത്തുവച്ച് തൻെറയും തൻെറ പുത്രനായ വറോണിയൻെറയും കോൺസുളേററുകാലത്ത് ഫെബ്രുവരി 17 ന് നിര്യാതനായപ്പോൾ സൈന്യം ഗലാത്തിയായിൽ നിന്നു മാർച്ചു ചെയ്ത് ഏഴു ദിവസത്തിനുശേഷം ബിത്തീനിയായിലെ നിഖ്യായിൽ എത്തി. അവിടെവച്ച് ഫെബ്രുവരി മാസം 25 ന് ഏകാഭിപ്രായമായി വലെൻറീനിയനെ ചക്രവർത്തിയായി പ്രഖ്യാപിച്ചു. പന്നോണിയൻ വംശക്കാരനായിരുന്ന അദ്ദേഹത്തിൻെറ ജന്മസ്ഥലം ചിബാലിസ് നഗരമായിരുന്നു. ഒരു സൈന്യാധിപൻ എന്ന നിലയിൽ അദ്ദേഹം യുദ്ധതന്ത്രത്തിൽ വലിയ നൈപുണ്യം പ്രകടമാക്കി. തനിക്കു നല്ലപ്പെടുന്ന ഏതു ബഹുമതിയെയും അനിവർത്തിക്കുന്ന തരത്തിലുള്ള മാനസികമഹത്വമാണ് അദ്ദേഹത്തിനുണ്ടായിരുന്നത്. ചക്രവർത്തിയായി തെരഞ്ഞെടുക്കപ്പെട്ട ഉടനെ അദ്ദേഹം കോൺസ്റ്റാൻറിനോപ്പിളിലേക്കു പുറപ്പെട്ടു. തനിക്കു ചക്രവർത്തിപദം ലഭിച്ചു മുപ്പതു ദിവസം കഴിഞ്ഞപ്പോൾ തൻെറ സഹോദരൻ വാലെൻസിനെ ചക്രവർത്തിത്വത്തിൽ പങ്കാളിയായി അദ്ദേഹം സ്വീകരിച്ചു. അവർ രണ്ടുപേരും ക്രിസ്തുമതം ഏററുപറഞ്ഞിരുന്നു. എന്നാൽ ഒരേ ക്രൈസ്തവവിശ്വാസമായിരുന്നില്ല അവരുടെത്. വലെൻറീനിയൻ നിഖ്യാവിശ്വാസപ്രമാണം അംഗീകരിച്ചിരുന്നു. എന്നാൽ ആര്യൻ അഭിപ്രായങ്ങൾക്കനുകൂലമായ മുൻവിധികളാണു വാലെൻസിനുണ്ടായിരുന്നത്. കോൺസ്റ്റാൻറിനോപ്പിളിലെ മെത്രാനായിരുന്ന എവുഡോക്സിയസ് അയാളെ മാനസാന്തരപ്പെടുത്തി എന്നതായിരുന്നു ഈ മുൻവിധിക്കു കാരണം.

രണ്ടു സഹോദരന്മാരും സ്വന്തം കക്ഷിയുടെ അഭിപ്രായങ്ങളെ സംബന്ധിച്ച് ആവേശമുള്ളവരായിരുന്നു. ചക്രവർത്തിത്വം ലഭിച്ചു കഴിഞ്ഞപ്പോൾ അവർ വളരെ വ്യത്യസ്തമായ

www.malankaralibrary.com



പെരുമാററസമ്പ്രദായങ്ങൾ പ്രകടിപ്പിക്കാൻ തുടങ്ങി. നേരത്തേ ജൂലിയന്റെ ഭരണകാലത്തു് വലെൻറീനിയൻ ഒരു സൈനിക ട്രിബ്യൂണും വാലെൻസ് ചക്രവർത്തിയുടെ അംഗരക്ഷകസേനയുടെ ഒരു കമാൻഡറും ആയിരുന്നു. അന്നു് അവർ രണ്ടുപേരും വിശ്വാസത്തിലുള്ള തീക്ഷ്ണത തെളിയിച്ചു. ബിംബങ്ങൾക്കു ബലിയർപ്പിക്കാൻ നിർബ്ബന്ധിതരായപ്പോൾ ക്രിസ്തീയ വിശ്വാസം ഉപേക്ഷിക്കുന്നതിനെക്കാൾ പട്ടാളത്തിലെ സ്ഥാനങ്ങൾ ഉപേക്ഷിക്കാനാണ് അവർ തയ്യാറായതു്.[1] എന്നാൽ രാഷ്ട്രത്തിനു് അവരുടെ സേവനം ആവശ്യമാണെന്നു് അറിഞ്ഞിരുന്ന ജൂലിയൻ അവരെ അവരുടെ ഉദ്യോഗങ്ങളിൽ നിലനിർത്തി. ജൂലിയന്റെ പിൻഗാമിയായ ജോവിയനും അങ്ങനെ തന്നെ ചെയ്തു. പിന്നീടു് ചക്രവർത്തിപദം ലഭിച്ചു കഴിഞ്ഞപ്പോൾ ഭൗതികഭരണപരമായ കാര്യങ്ങളിൽ അവർ വളരെ യോജിപ്പിലായിരുന്നു. എന്നാൽ ക്രിസ്തുമതത്തെ സംബന്ധിച്ചു്, ഞാൻ മുകളിൽ പറഞ്ഞപോലെ അവർ വളരെ വ്യത്യസ്തമായ രീതിയിലും പെരുമാറി. വാലെൻറീനിയൻ തന്റെ അഭിപ്രായങ്ങളോടു യോജിക്കുന്നവരോടു് അനുഭാവപൂർവ്വം പെരുമാറിയെങ്കിലും ആര്യൻ പക്ഷക്കാർക്കെതിരായി യാതൊരു ബലപ്രയോഗവും നടത്തിയില്ല. എന്നാൽ വാലെൻസ് ആര്യൻ വിശ്വാസം വളർത്താനുള്ള താല്പര്യാധിക്യത്താൽ മതഭേദമുള്ളവരെയെല്ലാം പരിതാപകരമാംവിധം ശല്യപ്പെടുത്തി. നമ്മുടെ ചരിത്രത്തിൽ അക്കാര്യം വഴിയേ വ്യക്തമാകും.

ആ കാലത്തു് റോമൻസഭയുടെ അദ്ധ്യക്ഷൻ ലിബേരിയൂസ് ആയിരുന്നു. അലക്സാൺഡ്രിയായിൽ അത്തനാസ്യോസ് ഹോമോഉസിയൻ വിശ്വാസികളുടെ മെത്രാനായിരുന്നു. ആര്യന്മാർ ലൂഷ്യസിനെ ജോർജ്ജിന്റെ പിൻഗാമിയായി ഏർപ്പെടുത്തി. അന്ത്യോക്യായിൽ എവുസോയിയൂസായിരുന്നു ആര്യരുടെ തലവൻ. ഹോമോഉസിയൻ വിശ്വാസികൾ രണ്ടു കക്ഷികളായി ഭിന്നിച്ചു നിന്നിരുന്നു. അവയിലൊന്നിന്റെ നേതാവു പൗളിനൂസും മറേറതിന്റേതു് മെലീഷ്യസും ആയിരുന്നു. സിറിൽ വീണ്ടും ജറുസലേം സഭയുടെ അധികാരിയാക്കപ്പെട്ടിരുന്നു. കോൺസ്റ്റാൻറിനോപ്പിളിലെ പള്ളികൾ എവുഡോക്സിയസിന്റെ ഭരണത്തിൻ കീഴിലായിരുന്നു. അയാൾ ആര്യനിസത്തിന്റെ തത്ത്വങ്ങൾ പരസ്യമായി പഠിപ്പിച്ചിരുന്നു. ഹോമോഉസിയൻ വിശ്വാസികൾക്കു് സമ്മേളനങ്ങൾ നടത്താൻ ആ നഗരത്തിൽ ഒരു ചെറിയ കെട്ടിടം മാത്രമേ ഉണ്ടായിരു

1. 3:13.

www.malankaralibrary.com



ന്നുള്ള. സെലൂഷ്യയിൽവച്ച് അകാചിയരിൽനിന്നു തെററി മാറിയ മാസിഡോണിയൻ പാഷണ്ഡക്ക് എല്ലാ നഗരത്തിലും പള്ളികരം കൈവശമുണ്ടായിരുന്നു. ആ കാലത്ത് സഭാപര മായ കാര്യങ്ങരം ഈ വിധമൊക്കെയായിരുന്നു.

## അധ്യായം 2

# വാലെൻസിൻെറ ചെയ്തികരം

വലെൻറീനിയൻ ചക്രവത്തി താമസിയാതെ സാമ്രാജ്യ ത്തിൻെറ പടിഞ്ഞാറൻ ഭാഗത്തേക്കു പോയി. അവിടെ അത്യാ വശ്യമുള്ള ചില കാര്യങ്ങരം അദ്ദേഹത്തിൻെറ സാന്നിദ്ധ്യം ആവശ്യമാക്കിയിരുന്നു. വാലെൻസ് കോൺസ്റ്റാൻറിനോപ്പി ളിൽ താമസമാക്കി. മാസിഡോണിയൻ പാഷണ്ഡതയിൽ പ്പെട്ട മെത്രാന്മാരിൽ മിക്കവരും ചേന്ന് വിശ്വാസപ്രമാണം ശരിയാക്കുന്നതിനായി മറെറാരു സിനഡ് വിളിച്ചുകൂട്ടണ മെന്ന് അയാളോട്ട് അഭ്യത്ഥിച്ചു. മെത്രാന്മാരെല്ലാവരും എവു ഡോക്സിയസിനോടും അകാചിയൂസിനോടും വിശ്വാസവിഷയ ങ്ങളിൽ യോജിക്കുന്നവരായിരിക്കമെന്നു കരുതി കൗൺസിൽ കൂടാൻ ചക്രവത്തി അനുമതി നൽകി. മെത്രാന്മാർ ലംപ്സാ കുസ് നഗരത്തിൽ സമ്മേളനം നടത്താനുള്ള ഒരുക്കങ്ങരം ചെയ്തു.

വാലെൻസാകട്ടെ ഏററവും വേഗത്തിൽ സിറിയായിലെ അന്ത്യോക്യയിലേയ്ക്കു പുറപ്പെട്ടു. മുപ്പതു കൊല്ലക്കാലത്തേയ്ക്ക് ജോവിയൻെറ ഭരണകാലത്തുണ്ടാക്കിയതായ ഒരുടമ്പടി പേഷ്യാ ക്കാർ ലംഘിക്കുകയും റോമൻ ഭൂവിഭാഗം ആക്രമിക്കുകയും ചെയ്യുമോ എന്നായിരുന്നു അയാളുടെ പേടി. എന്നാൽ അവർ കുഴപ്പമൊന്നുമുണ്ടാക്കിയില്ല. ഇങ്ങനെ സംലബ്ധമായ സമാ ധാനകാലം ഹോമോഉസിയൻ വിശ്വാസം സ്വീകരിച്ചവരെ നാമാവശേഷമാക്കുന്നതിന് വേണ്ടി ഒരു യുദ്ധം നടത്താൻ വിനി യോഗിക്കണമെന്ന് അയാരം തീരുമാനിച്ചു. അവരുടെ മെത്രാ നായ പൗളിനൂസിനെ മാത്രം അദ്ദേഹത്തിൻെറ ഉന്നതമായ ഭക്ത ജീവിതം കാരണം ഉപദ്രവിക്കാതെ വിട്ടു. മെലിഷ്യസിനെ നാടുകടത്തി. എവുസോയിയൂസുമായി കൂട്ടായ്മയിൽ വത്തിക്കാൻ വിസമ്മതിച്ച ബാക്കി എല്ലാവരെയും അന്ത്യോക്യയിലെ സഭ കളിൽനിന്നു പുറത്താക്കുകയും പലതരം കഷ്ടനഷ്ടങ്ങരംക്കും ശിക്ഷകരംക്കും വിധേയരാക്കുകയും ചെയ്തു. ആ നഗരത്തിനടുത്തു കൂടി ഒഴുകുന്ന ഒറോന്തസ് നദിയിൽ അനേകരെ മുക്കി ക്കൊന്നു എന്നു പറയപ്പെടുന്നു.

www.malankaralibrary.com



## അധ്യായം 3

## പ്രൊക്കോപ്പിയുസും ഭൂകമ്പവും

വാലെൻസ് ഇപ്രകാരം സിറിയയിൽ പ്രവൎത്തനനിരതനായിരിക്കെ, കോൺസ്റ്റാൻറിനോപ്പിളിൽ പ്രൊക്കോപ്പിയുസ് എന്ന പേരുള്ള ഒരാൾ അധികാരക്കയ്യേററം നടത്തി. ചുരുങ്ങിയ കാലംകൊണ്ടു് വളരെയധികം സൈന്യങ്ങളെ തൻെറ പക്ഷത്തു ചേൎത്തുകൊണ്ടു് ചക്രവൎത്തിക്കെതിരായി ഒരു സേനാനീക്കത്തിനു് അയാൾ വട്ടമിട്ടു. ഈ വിവരം ചക്രവൎത്തിയുടെ മനസ്സിൽ വലിയ ഉത്കണ്ഠ ഉളവാക്കി. അഭിപ്രായവ്യത്യാസമുള്ള എല്ലാവൎക്കുമെതിരായി അഴിച്ചുവിടാൻ അയാൾ ഒരുങ്ങിയ പീഡനങ്ങൾ ഇതുമൂലം താത്കാലികമായി തടയപ്പെട്ടു. ഒരു ആഭ്യന്തര യുദ്ധത്തിൻെറതായ ദുരിതങ്ങൾ വേദനയോടെ പ്രതീക്ഷിച്ചിരിക്കെത്തന്നെ ഒരു ഭൂകമ്പം ഉണ്ടായി. അതു് അനേകം നഗരങ്ങൾക്കു് വലിയ നാശങ്ങൾ വരുത്തി. സമുദ്രവും അതിൻെറ അതിൎത്തികൾ ലംഘിച്ചു. ചില സ്ഥലങ്ങളിൽ അതു കവിഞ്ഞൊഴുകിയതിൻെറ ഫലമായി റോഡുകളുണ്ടായിരുന്നിടത്തു കപ്പലുകൾ സഞ്ചരിക്കാറായി. ചില സ്ഥലങ്ങളിൽ കടൽ പിൻവാങ്ങി ഉണങ്ങിയ കര പ്രത്യക്ഷപ്പെട്ടു. രണ്ടു ചക്രവൎത്തിമാരുടെയും ആദ്യത്തെ കോൺസുളേററിലാണു് ഈ സംഭവങ്ങളെല്ലാമുണ്ടായതു്[2].

---

2. ക്രി.വ. 365.

www.malankaralibrary.com



## അധ്യായം 4

# ലംപ്സാക്കസിലെ സിനഡ്

ഈ സംഭവങ്ങളൊക്കെ നടന്നുകൊണ്ടിരിക്കെ സഭയിലായാലും രാഷ്ട്രത്തിലായാലും സമാധാനം നിലനിൽക്കുക സാദ്ധ്യമല്ലല്ലോ. കൗൺസിൽ നടത്താൻ ചക്രവർത്തിയാൽ അധികാരപ്പെടുത്തപ്പെട്ടവർ മുൻപറഞ്ഞ കോൺസുളേററ് കാലത്തുതന്നെ ലംപ്സാക്കസ് എന്ന സ്ഥലത്തു സമ്മേളിച്ചു. സെല്യൂഷ്യായിലെ കൗൺസിൽ നടന്നിട്ട് ഏഴുവർഷത്തിനുശേഷമായിരുന്നു ഇതു്. അവർ സെല്യൂഷ്യായിൽ[3]വച്ചു് അംഗീകരിച്ച അന്ത്യോക്യൻ വിശ്വാസപ്രമാണം സ്ഥിരീകരിച്ചതിനുശേഷം പണ്ട് ആശയപരമായി അവരുടെ സഹകാരികളായിരുന്നവർ റിമിനിയിൽവച്ചു്[4] അംഗീകരിച്ച വിശ്വാസപ്രമാണത്തെ അവർ ശപിച്ചു. അതിനും പുറമേ അവർ അകാചിയുസിന്റെയും എവുഡോക്സിയസിന്റെയും കക്ഷിയെ ശപിക്കുകയും അവരെ സ്ഥാനഭ്രഷ്ടരാക്കിയതു നീതിയുക്തമാണെന്നു പ്രഖ്യാപിക്കുകയുംചെയ്തു.[5] ആഭ്യന്തരയുദ്ധം ആസന്നമായിരുന്നതുമൂലം അന്നു കോൺസ്റ്റാൻറിനോപ്പിൾ മെത്രാനായിരുന്ന എവുഡോക്സിയസിനു് ആ ഘട്ടത്തിൽ പ്രസ്തുത തീരുമാനങ്ങളെ എതിർക്കാനോ അവയ്ക്കു പ്രതികാരം ചെയ്യാനോ കഴിഞ്ഞില്ല. അതുമൂലം സിസിക്കുസിലെ മെത്രാനായിരുന്ന എലെവുസിയുസും അയാളുടെ അനുയായികളും കുറെക്കാലത്തേയ്ക്കു് ശക്തികൂടിയ കക്ഷിയായിത്തീർന്നു. അവർ മാസിഡോണിയസിന്റെ അഭിപ്രായങ്ങൾക്കു പിന്തുണ നൽകി. പ്രസ്തുത അഭിപ്രായങ്ങൾക്ക് നേരത്തേ വലിയ പ്രചാരം ലഭിച്ചിരുന്നില്ലെങ്കിലും ലംപ്സാക്കസിലെ സിനഡിനെത്തുടർന്നു് നല്ല പ്രസിദ്ധീകരണം ലഭിച്ചു. ഈ സിനഡാണു് ഹെലസ്പോണ്ടു് പ്രദേശത്തു് മാസിഡോണിയന്മാരുടെ വർദ്ധനവിനു കാരണമായിത്തീർന്നതെന്നു ഞാൻ വിചാരിക്കുന്നു. എന്തെന്നാൽ ലംപ്സാക്കസു് ഹെലസ്പോണ്ടിലെ

---

3. 2:40.

4. 2:37.

5. 2:40.

www.malankaralibrary.com



വീതികുറഞ്ഞ ഉൾക്കടലുകളിലൊന്നിന്റെ തീരത്താണ് സ്ഥിതിചെയ്യുന്നത്. ഈ കൗൺസിലിന്റെ വിവരണം ഇപ്ര കാരമാണ്.

## അധ്യായം 5

## പ്രൊക്കോപ്പിയുസിന്റെ അന്ത്യം

അടുത്തവർഷം, ഗ്രേഷ്യനും ഡാഗാലയിഫസും കോൺസുൾ മാരായിരിക്കെ[6] യുദ്ധം ആരംഭിച്ചു. അധികാരക്കയ്യേറ്റക്കാ രനായ പ്രൊക്കോപ്പിയുസ് കോൺസ്റ്റാൻറിനോപ്പിൾ വിട്ട് സൈന്യത്തെ നയിച്ചുകൊണ്ട് ചക്രവർത്തിയെ എതിരിടാൻ പുറപ്പെട്ട ഉടൻതന്നെ വാലെൻസ് അന്ത്യോക്യായിൽനിന്നു പുറപ്പെട്ടു. ഫ്രീജിയായിലെ നിക്കോളിയാ നഗരത്തിനു സമീ പത്തു വച്ച് അവർ ഏറ്റുമുട്ടി. ആദ്യഘട്ടത്തിൽ ചക്രവത്തിക്കു പരാജയമാണുണ്ടായത്. എന്നാൽ താമസിയാതെ അജിലോ, ഗോമാരിയൂസ് എന്നീ സേനാനായകന്മാരുടെ ചതിയുടെ ഫല മായി പ്രൊക്കോപ്പിയുസ് ജീവനോടെ പിടിക്കപ്പെട്ടു. ഏറ്റവും അസാധാരണമായ ശിക്ഷയാണു ചക്രവത്തി അവർക്കു നൽകി യത്. വഞ്ചകരായ സേനാനായകന്മാരെ അയാാം അറുത്തു കീറിച്ചു. അവർക്കു നേരത്തേ നൽകിയിരുന്ന വാഗ്ദാനം അവഗ ണിച്ചുകൊണ്ടാണിതു ചെയ്തത്. പ്രൊക്കോപ്പിയുസിനു നൽക പ്പെട്ട ശിക്ഷ വേറൊരുതരമായിരുന്നു. അടുത്തുനിന്ന രണ്ടുവൃക്ഷ ങ്ങളുടെ അഗ്രങ്ങൾ ബലംപ്രയോഗിച്ചു വളച്ചു താഴെ കൊണ്ടു വന്നു. കയ്യേറ്റക്കാരന്റെ ഓരോ കാലും അവയോടു ചേർത്തു കെട്ടി. പിന്നീടു രണ്ടുവൃക്ഷങ്ങളെയും അവയുടെ പാട്ടിനു വിട്ടു. കയ്യേറ്റക്കാരൻ കീറി രണ്ടു കഷണങ്ങളായി. അങ്ങനെ അയാാം മരിച്ചു.

---

6. ക്രി.വ. 366.

www.malankaralibrary.com



## അധ്യായം 6

# ആര്യൻമതം സ്വീകരിക്കാൻ വാലെൻസ് എല്ലാവരെയും നിർബന്ധിക്കുന്നു.

യുദ്ധം ഇപ്രകാരം വിജയപരിസമാപ്തിയിലെത്തിച്ചതിനു ശേഷം ചക്രവർത്തി ഉടൻതന്നെ ക്രിസ്ത്യാനികൾക്കെതിരെയുള്ള നീക്കം ആരംഭിച്ചു. എല്ലാവരെയും ആര്യൻ വിശ്വാസത്തിലേയ്ക്കു പരിവർത്തനം ചെയ്യിക്കുക എന്നതായിരുന്നു അയാളുടെ ലക്ഷ്യം. ലംപ്സാക്കസിൽ സമ്മേളിച്ച മെത്രാന്മാരോട് അയാൾക്കു പ്രത്യേകം വിരോധമുണ്ടായിരുന്നു. ആര്യൻ മെത്രാന്മാരെ അവർ സ്ഥാനഭ്രഷ്ടരായി പ്രഖ്യാപിച്ചതു മാത്രമല്ല അതിനു കാരണം; റിമിനിയിൽ പ്രഖ്യാപിച്ച വിശ്വാസപ്രമാണത്തെ അവർ ശപിക്കുകയും ചെയ്തല്ലോ. അതിനാൽ ബിത്തീനിയായിലെ നിക്കോമേദിയായിൽ എത്തിയ ഉടൻതന്നെ സിസിക്കൂസിലെ മെത്രാനായ എലെവുസിയുസിനെ അയാൾ ആളയച്ചു വരുത്തി. എലെവുസിയുസ്, ഞാൻ മുമ്പു പറഞ്ഞിട്ടുള്ളതുപോലെ[7], മാസിഡോണിയസിൻെറ അഭിപ്രായങ്ങളോടു പൂർണ്ണമായി യോജിച്ചിരുന്നയാളാണ്. ചക്രവർത്തി ആര്യൻ മെത്രാന്മാരുടെ ഒരു കൗൺസിൽ വിളിച്ചുകൂട്ടി. അവിടെവച്ച് അവരുടെ വിശ്വാസത്തോട് ആഭിമുഖ്യം പ്രഖ്യാപിക്കാൻ ചക്രവർത്തി എലെവുസിയുസിനോടാവശ്യപ്പെട്ടു. അദ്ദേഹം ആദ്യം വിസമ്മതിച്ചു. എന്നാൽ നാടുകടത്തുമെന്നും സ്വത്തുക്കൾ കണ്ടുകെട്ടുമെന്നും ചക്രവർത്തി ഭീഷണിപ്പെടുത്തിയപ്പോൾ അയാൾ ഭയന്ന് ആര്യൻ വിശ്വാസത്തോട് അനുഭാവം രേഖപ്പെടുത്തി. എന്നാൽ ഉടൻതന്നെ പശ്ചാത്തപിക്കുകയും ചെയ്തു. സിസിക്കൂസിൽ എത്തിയപ്പോൾ ജനങ്ങളുടെ മുമ്പിൽ വച്ച് വളരെ ദുഃഖത്തോടുകൂടി വസ്തുതകളെല്ലാം ഏററു പറഞ്ഞു. താൻ ആര്യൻ വിശ്വാസത്തോട് ആനുകൂല്യം പ്രഖ്യാപിച്ചതു് ബലപ്രയോഗം മൂലമാണെന്നും സ്വന്തം അഭീഷ്ടമനുസരിച്ചല്ലെന്നും വെളിപ്പെടുത്തി. താൻ സ്വന്തം വിശ്വാസം ത്യജിക്കാൻ നിർബന്ധിതനായതുമൂലം തനിക്കു പകരം മററൊരു മെത്രാനെ

---

7. 2:38.

www.malankaralibrary.com



തെരഞ്ഞെടുക്കാൻ അയാരം ജനങ്ങളോട്ട് അഭ്യർത്ഥിച്ചു. എന്നാൽ സിസിക്കുസിലെ ജനങ്ങരം എലെവുസിയുസിനെ അത്രയധികം സ്നേഹിച്ചിരുന്നതിനാൽ അദ്ദേഹത്തെ നഷ്ടപ്പെടുന്ന കാര്യം അവർക്കു് അചിന്ത്യമായിരുന്നു. അതിനാൽ വേറെ ഏതെങ്കിലും മെത്രാൻെറ കീഴിലായിരിക്കാൻ അവർ വിസമ്മതിച്ചു. സഭയിൽ നിന്നു് അയാരം വിരമിക്കുന്നതിനെയും അവർ എതിർത്തു. അതിനാൽ അയാളുടെ മേൽനോട്ടത്തിൽ ആ ജനങ്ങരം അവരുടെ സ്വന്തം പാഷണ്ഡതയിൽ ഉറച്ചു നിന്നു.

## അധ്യായം 7

# എവുണോമിയസ് മെത്രാൻ

ഈ വിവരങ്ങരം മനസ്സിലാക്കിയപ്പോരം എവുണോമിയസ് എന്നയാളിനെ കോൺസ്ററാൻറിനോപ്പിരം മെത്രാൻ സിസിക്കുസിലെ മെത്രാനാക്കി. വലിയ വാഗ്മിയായ എവുണോമിയുസിനു് തൻെറ വാഗ്വൈഭവം കൊണ്ടു് ജനസമൂഹങ്ങളെ തൻെറ ചിന്താപദ്ധതിയിലേയ്ക്കു് ആനയിക്കാൻ കഴിയുമെന്ന പ്രതീക്ഷയിലാണു് ഇങ്ങനെ ചെയ്തതു്. എവുണോമിയസ് സിസിക്കുസിൽ എത്തിയപ്പോരം എലെവുസിയുസിനെ സ്ഥാനഭ്രഷ്ടനാക്കിക്കൊണ്ടും എവുണോമിയസിനെ സിസിക്കുസിലെ മെത്രാനായി അവരോധിച്ചുകൊണ്ടും ഉള്ള സാമ്രാജകീയ വിളംബരവും പ്രസിദ്ധീകൃതമായി. കല്പന നടപ്പാക്കപ്പെട്ടു. എലെവുസിയുസിനോടു സ്നേഹമുള്ളയാളുകരം നഗരത്തിനു വെളിയിൽ ഒരു കെട്ടിടം ഉണ്ടാക്കി, അദ്ദേഹത്തിൻെറ നേതൃത്വത്തിൽ അവിടെ സമ്മേളനങ്ങരം നടത്തി. എലെവുസിയുസിനെ സംബന്ധിച്ചു വേണ്ടുവോളം കാര്യങ്ങരം പറയപ്പെട്ടു കഴിഞ്ഞല്ലോ. ഇനി എവുണോമിയസിനെക്കുറിച്ചു കുറെ വിവരങ്ങരം പറയാം. അയാരം അത്തെയുസ് എന്നു് അപരനാമമുള്ള ഏസ്യൂസിൻെറ സെക്രട്ടറിയായിരുന്നു. അയാളെക്കുറിച്ചു് ഇതിനുമുമ്പു പറഞ്ഞിട്ടുണ്ടു്.[8] അയാളുമായുള്ള സംഭാഷണത്തിൽ നിന്നു് അയാളുടെ താർക്കിക സമ്പ്രദായത്തിലുള്ള സംഭാഷണം അനുകരിക്കാൻ എവുണോമിയസ് പഠിച്ചിരുന്നു. ഭ്രാമകമായ വാദമുഖങ്ങരം കെട്ടിച്ചമയ്ക്കുമ്പോഴും ക്ഷുദ്രമായ ചില പദപ്രയോ

---

8. 2:35.

www.malankaralibrary.com



ഗങ്ങൾ നടത്തുമ്പോഴും താൻ യഥാർത്ഥത്തിൽ സ്വയം വഞ്ചിക്കുകയാണെന്ന് അയാൾ മനസ്സിലാക്കിയിരുന്നില്ല. ഈ സ്വഭാവംമൂലം അയാൾ അഹങ്കാര വിജൃംഭിതനായിത്തീർന്നു; ദൈവദൂഷണപരമായ പാഷണ്ഡ പ്രസ്താവങ്ങളിലേയ്ക്കു വഴുതിവീണു. അങ്ങനെ ആരിയൂസിന്റെ തത്ത്വങ്ങളുടെ ഒരു വക്താവായി മാറി; പലതരത്തിലും സത്യ പ്രബോധനങ്ങളുടെ ശത്രുവായും പരിണമിച്ചു.

വിശുദ്ധ ലിഖിതങ്ങളിൽ വളരെ പരിമിതമായ പരിജ്ഞാനമേ അയാൾക്കുണ്ടായിരുന്നുള്ളു; അതിന്റെ ആന്തരാർത്ഥങ്ങളിലേയ്ക്കിറങ്ങിച്ചെല്ലാൻ അയാൾ തികച്ചും അപ്രാപ്തനായിരുന്നു. എങ്കിലും അയാളുടെ വാക്കുകൾ ബഹുലങ്ങളായിരുന്നു; ഒരേ ആശയം തന്നെ വ്യത്യസ്തപദങ്ങളിൽ ആവർത്തിക്കാൻ ഒരു വിഷമവുമുണ്ടായിരുന്നില്ല. ഉദ്ദിഷ്ടാശയത്തിനു സ്പഷ്ടമായ ഒരു വിശദീകരണം കൊടുക്കാൻ ഒരിക്കലും കഴിഞ്ഞിരുന്നുമില്ല. ''പൗലോസിന്റെ റോമാക്കാർക്കുള്ള ലേഖനത്തെക്കുറിച്ചു'' അയാൾ എഴുതിയ ഏഴു ഭാഗങ്ങളുള്ള പുസ്തകം പ്രസ്താവ്യമായ ഉദാഹരണമത്രേ. അതിന്റെ രചനയ്ക്കു് അയാളുടെ വളരെ സമയത്തെ നിഷ്ഫലപ്രയത്നം വിനിയോഗിച്ചതാണ്. അർത്ഥവിശദീകരണത്തിനുള്ള പ്രയത്നത്തിൽ അസംഖ്യം വാക്കുകൾ അയാൾ പ്രയോഗിച്ചിട്ടുണ്ടെങ്കിലും ലേഖനത്തിന്റെ അർത്ഥവ്യാപ്തിയേയോ ലക്ഷ്യത്തേയോ കുറിച്ച് അല്പമെങ്കിലും അവബോധമുണ്ടാക്കുന്ന കാര്യത്തിൽ അയാൾ വിജയിച്ചിട്ടില്ല. ലഭ്യമായിട്ടുള്ള അയാളുടെ ഇതര രചനകളുടെയും സ്വഭാവം ഇതു തന്നെ. അവ ശരിയ്ക്കു പരിശോധിക്കാൻ ആരെങ്കിലും മെനക്കെടുകയാണെങ്കിൽ ശബ്ദബാഹുല്യത്തിന്റെ മദ്ധ്യത്തിൽ ആശയങ്ങളുടെ രൂക്ഷദാരിദ്ര്യം കണ്ടെത്താൻ കഴിയും. ഈ എവുണോമിയസിനെയാണ് എവുഡോക്സിയസ് സിസിക്കൂസിലെ മെത്രാനാക്കി വിട്ടതു്.[9] അയാൾ സിസിക്കൂസിൽ വന്നു് തന്റെ ശ്രോതാക്കളെ തന്റെ തർക്കവിതർക്കകലയുടെ അസാധാരണ പ്രകടനത്താൽ അമ്പരപ്പിച്ചു കളഞ്ഞു. അവിടെ അതൊരു വലിയ ചർച്ചാവിഷയവുമായി. എന്നാൽ ഒടുവിൽ അയാളുടെ അർത്ഥശൂന്യവും ഔദ്ധത്യഭരിതവുമായ പദബാഹുല്യാഘാതത്തിൽ സഹികെട്ട ജനങ്ങൾ അയാളെ നഗരത്തിൽനിന്നു പായിച്ചു. അയാൾ കോൺസ്റ്റാൻറിനോപ്പിളിൽ തിരിച്ചെത്തി എവുഡോക്സിയസിനെ അഭയം പ്രാപിച്ചു; അവിടെ ഒരു സ്ഥാനികമെത്രാനായി ജീവിച്ചു.

---

9. സൊസോമൻ, സഭാചരിത്രം, 6:8.

www.malankaralibrary.com



എവുണോമിയസിനെക്കുറിച്ച് മുകളിൽ പറഞ്ഞ കാര്യങ്ങളെല്ലാം അയാളെ 'കൊച്ചാക്കാൻ' വേണ്ടി വെറുതേ പറഞ്ഞതാണെന്നു വായനക്കാർക്ക് തോന്നാതിരിക്കാൻ വേണ്ടി അയാൾ തന്നെ എഴുതിയിട്ടുള്ള ഒരു ഭാഗം നോക്കുക. ദൈവത്തെക്കുറിച്ചു തന്നെയുള്ള താർക്കികമായ ഒരു പ്രബന്ധത്തിൽ ഇങ്ങനെ പറയാനുള്ള തന്റേടം അയാൾ കാണിച്ചിരിക്കുന്നു: ''ദൈവത്തിനു തന്റെ സത്തയെക്കുറിച്ച് നമുക്കറിയാവുന്നതിൽ കൂടുതൽ ഒന്നും അറിഞ്ഞുകൂടാ. ഇക്കാര്യം ദൈവത്തിനു കൂടുതലായിട്ടും നമുക്കു കുറവായിട്ടും അറിയാവുന്നതല്ല. എന്നാൽ ദൈവിക സത്തയെക്കുറിച്ച് നമുക്കെന്തറിയാമോ അത്രയും കാര്യങ്ങൾതന്നെ ദൈവത്തിനും അറിയാം. മറുവശത്ത് ദൈവം എന്തെല്ലാം അറിയുന്നുവോ അതെല്ലാംതന്നെ യാതൊരു വ്യത്യാസവുമില്ലാതെ നാമും അറിയുന്നു.'' ഇതും ഇതുപോലുള്ള മട്ടപ്പിക്കുന്നതും ബുദ്ധിശൂന്യവുമായ മററനേകം അബദ്ധസങ്കല്പങ്ങളും അയാൾ എഴുന്നള്ളിക്കുമായിരുന്നു. സ്വന്തം മൗഢ്യത്തെക്കുറിച്ചു തികഞ്ഞ അജ്ഞതയോടെയാണ് അയാൾ അതു ചെയ്തിരുന്നത്. അയാൾ പില്ക്കാലത്ത് ആര്യന്മാരുമായി പിണങ്ങിപ്പിരിഞ്ഞത് എന്തുകൊണ്ടാണെന്നു യഥാവസരം പറയാം.[10]

## അധ്യായം 8

# കാൽസിഡൺ നഗരഭിത്തികൾ തകർക്കപ്പെടുന്നു

ബിസാൻസ്യത്തിനെതിരെയുള്ള നഗരമായ കാൽസിഡന്റെ മതിലുകൾ തകർത്തു കളയണമെന്നൊരു കല്പന ചക്രവർത്തി പുറപ്പെടുവിച്ചു. അധികാരക്കയ്യേററക്കാരനായ പ്രൊക്കോപ്പിയൂസിനെ കീഴടക്കിയിട്ട് ഇതു ചെയ്യുമെന്ന് അയാൾ നേരത്തേ ശപഥം ചെയ്തിരുന്നതാണ്. കാരണം, കാൽസിഡൺകാർ പ്രൊക്കോപ്പിയൂസിനോട് അനുഭാവമുള്ളവരായിരുന്നു. അവർ വാലെൻസിനെക്കുറിച്ച് അധിക്ഷേപവചനങ്ങൾ പറയുകയും അയാൾ സമീപത്തുകൂടെ കടന്നു പോയപ്പോൾ നഗരവാതിലുകൾ അടച്ചിടുകയും ചെയ്തു. അതിനാൽ ചക്രവർത്തിയുടെ ആജ്ഞയനുസരിച്ച് മതിലുകൾ തകർക്കപ്പെടുകയും അവയുടെ കല്ലുകൾ കോൺസ്റ്റാന്റിനോപ്പിളിലേക്കു

10. 5:24;

www.malankaralibrary.com



സംവഹിക്കപ്പെട്ടുകയും ചെയ്തു. അവിടെ പൊതു കുളിസ്ഥലം ഉണ്ടാക്കാൻ വേണ്ടിയാണ് കല്ലുകൾ കൊണ്ടുപോയത്. ആ കുളിസ്ഥലം 'കോൺസ്റ്റാൻസ്യാനേ'[11] എന്നു വിളിക്കപ്പെടുന്നു. ആ കല്ലുകളിലൊന്നിന്മേൽ ഒരു വെളിപാട് കൊത്തപ്പെട്ടിരിക്കുന്നതു കാണുകയുണ്ടായി. ആ ശിലാലിഖിതം വളരെക്കാലം ആരും കാണാതെ മറഞ്ഞുകിടന്നു. അതിൽ താഴെ പറയുന്ന കാര്യങ്ങൾ ഉദ്ദർശനം ചെയ്യപ്പെട്ടിരുന്നു: 'നഗരത്തിൽ വേണ്ടുവോളം ജലവിതരണം ഉണ്ടാകുമ്പോൾ ഈ മതിൽ ഒരു സ്നാനഘട്ടമായി ഉപയോഗപ്പെടും. കാട്ടാള ജനതകളുടെ അനേകം സംഘങ്ങൾ റോമാസാമ്രാജ്യത്തിലെ പ്രവിശ്യകളെ ചവിട്ടിമെതിച്ചു കടന്നുപോകും. അവർ വളരെ ശല്യങ്ങൾ ചെയ്യും. ഒടുവിൽ അവർ നശിപ്പിക്കപ്പെടും! പിപഠിഷുകളുടെ സംതൃപ്തിക്കു വേണ്ടി പ്രസ്തുത വെളിപാട് ഇവിടെ ഉദ്ധരിക്കാം:

ജലദേവതകൾ അവരുടെ ജലമയ പാദങ്ങൾകൊണ്ട്
രഹസ്യാത്മക നൃത്തം ചെയ്ത്
അഭിമാനം നിറഞ്ഞ ബിസാൻസ്യത്തിന്റെ
രാജകീയ പാതകളിലൂടെ നീങ്ങുമ്പോൾ,
കോപം നഗരഭിത്തികളെ തകർത്തെറിയുമ്പോൾ,
അതിന്റെ കല്ലുകൾ ഒരു സ്നാനഘട്ടമുണ്ടാക്കാൻ പോകും.
കാട്ടാളരാജ്യങ്ങൾ പല ജനസമൂഹങ്ങളെ ഇങ്ങോട്ടയയ്ക്കും,
സ്വർണ്ണനിറമുള്ള തലമുടിയും മിന്നുന്ന ബാഹുക്കളുമാന്ന
കാട്ടാളസമൂഹങ്ങളെ.
അവർ ഇസ്റ്റേറിന്റെ രജതപ്രവാഹങ്ങൾ തരണം ചെയ്ത്
ഷിതിയൻ കേദാരങ്ങളെയും മേസിയൻ
മൈതാനങ്ങളെയും തരിശാക്കും.
എന്നാൽ വിജയത്തിൽ മതിമറന്ന് അവർ
ത്രേസിൽ പ്രവേശിക്കുമ്പോൾ
വിധി അവർക്ക് അവിടെ ശവസംസ്കാരസ്ഥലം
നിശ്ചയിക്കും

ഇപ്രകാരമായിരുന്നു പ്രവചനം. അതനുസരിച്ചു പില്ക്കാലത്തു സംഭവിക്കുകയും ചെയ്തു. വാലെൻസ് ഒരു തോടു നിർമ്മിച്ച് കോൺസ്റ്റാൻറിനോപ്പിളിനു വേണ്ടുവോളം ജലം നൽകിക്കഴിഞ്ഞപ്പോൾ അപരിഷ്കൃത സമൂഹങ്ങൾ അവിടെ പല ആക്രമണങ്ങൾ നടത്തി. അക്കാര്യം നാം പിന്നീടു കാണും. എന്നാൽ ചിലയാളുകൾ ഈ ഭാവി പ്രവചനത്തെ വേറൊരു

11. സൊസോമൻ, സഭാചരിത്രം, 8:21.

www.malankaralibrary.com



വിധത്തിലാണു വ്യാഖ്യാനിച്ചതു്. ആ തോട്ട നിർമ്മിച്ച കഴിഞ്ഞപ്പോഠം നഗരത്തിലെ പ്രീഫെക്റ്റായ ക്ലെയാർക്കസു് ഒരു പൊതു കുളിസ്ഥലം തയ്യാറാക്കി: 'സമൃദ്ധ ജലം' എന്നു് അതിനു പേരും നൽകി. 'തിയഡോഷ്യസിന്റെ ഫോറം' എന്നു് ഇന്നു വിളിക്കപ്പെടുന്ന സ്ഥലത്തായിരുന്നു അതു്. അതിന്റെ സ്ഥാപനത്തോടനുബന്ധിച്ചു് ജനങ്ങഠം വലിയ ആഹ്ലാദപ്രകടനങ്ങളോടുകൂടിയ ഒരു ഉത്സവാഘോഷം നടത്തി.

> അവരുടെ ജലമയപാദങ്ങഠംകൊണ്ടു്
> രഹസ്യാത്മക നൃത്തം ചെയ്തു്
> അഭിമാനം നിറഞ്ഞ ബിസാൻസ്യത്തിന്റെ
> രാജകീയ പാതകളിലൂടെ നീങ്ങും

എന്ന പ്രവചനം അങ്ങനെ നിറവേറി എന്നു ചിലർ പറയുന്നു. എന്നാൽ പ്രവചനത്തിന്റെ പൂർത്തീകരണം സംഭവിച്ചതു പിന്നീടാണു്.

ഭിത്തി തകർക്കൽ പുരോഗമിച്ചു കൊണ്ടിരുന്നപ്പോഠം ആ പരിപാടി നിറുത്തിവയ്ക്കണമെന്നു് കോൺസ്റ്റാൻറിനോപ്പിഠം നിവാസികഠം ചക്രവർത്തിയോടു് ആവശ്യപ്പെട്ടു. ബിത്തീനിയായിലെ നിക്കൊമേദിയാ, നിഖ്യാ എന്നീ നഗരങ്ങളിലെ നിവാസികളും പ്രതിനിധികഠം വഴി ഇതേ അഭ്യർത്ഥന നടത്തി. എന്നാൽ ചക്രവർത്തിക്കു് കാൽസിഡോണിയരോടു് അമിതമായ രോഷാവേശമുണ്ടായിരുന്നതിനാൽ ഈ അഭ്യർത്ഥനകഠം അയാളെക്കൊണ്ടു് അംഗീകരിപ്പിക്കാൻ വളരെ പാടുപെടേണ്ടി വന്നു. ശപഥം പാലിക്കാൻ വേണ്ടി ഭിത്തികഠം തകർക്കുക തന്നെ വേണമെന്നു് അയാഠം ആജ്ഞാപിച്ചു. തകർന്ന ഭാഗങ്ങഠം ചെറിയ കല്ലുകഠം കൊണ്ടു് വീണ്ടും നിർമ്മിക്കാനും അനുവദിച്ചു. അതുകൊണ്ടാണു് വളരെ വലിയ കല്ലുകഠംക്കു മുകളിൽ താഴ്ന്നകിടവസ്തുക്കഠം ഉപയോഗിച്ചു ഭിത്തി നിർമ്മിച്ചിരിക്കുന്നതായി ഇന്നു നാം കാണുന്നതു്. അങ്ങനെ നിർമ്മിച്ച പല ഭാഗങ്ങളും വളരെ അസുന്ദരങ്ങളായി ഇന്നു നിലകൊള്ളുന്നു, കാൽസിഡണിലെ മതിലുകളെക്കുറിച്ചു് ഇത്രയും മതി,

www.malankaralibrary.com



## അധ്യായം 9

# വാലെൻസ് നൊവേഷ്യരെ പീഡിപ്പിക്കുന്നു

ഹോമോഉസിയൻ വിശ്വാസം അംഗീകരിച്ചവരെ പീഡിപ്പിക്കുന്ന പരിപാടി ചക്രവർത്തി കൈവിട്ടില്ല. അയാൾ അവരെയെല്ലാം കോൺസ്റ്റാൻറിനോപ്പിളിൽ നിന്നു് ആട്ടിപ്പായിച്ചു. നൊവേഷ്യരും അതേ വിശ്വാസം പുലർത്തിയിരുന്നതുകൊണ്ടു് അവരും അതേ വിധം പെരുമാററത്തിനു വിധേയരായി. അവരുടെ പള്ളികളെല്ലാം അടപ്പിക്കാൻ അയാൾ കല്പന കൊടുത്തു. അവരുടെ മെത്രാനെ നാടുകടത്തുകയും ചെയ്തു. അജേലിയൂസ് എന്നായിരുന്നു ആ മെത്രാൻെറ പേരു്. കോൺസ്റ്റൻറയിൻെറ കാലം മുതൽ അവിടെ മെത്രാൻസ്ഥാനം വഹിച്ചിരുന്നയാളുമാണ്. അപ്പസ്തോലികമായൊരു ജീവിതമാണ് അദ്ദേഹം നയിച്ചിരുന്നതു്. സുവിശേഷ നിർദ്ദേശം അനുസരിച്ചു നഗ്നപാദനായി സഞ്ചരിക്കുകയും ഒരു വസ്ത്രം മാത്രം ധരിക്കുകയും ചെയ്തിരുന്ന ഒരാളാണ് ഈ മെത്രാൻ. ചക്രവർത്തിക്കു് ഈ വിഭാഗത്തോടുണ്ടായിരുന്ന അതൃപ്തിക്കു്, ഭക്തനും വാഗ്മിയുമായ മാർസിയൻ എന്നൊരാളുടെ പ്രയത്നം മൂലമാണു ശമനം ഉണ്ടായതു്. മാർസിയൻ നേരത്തേ ചക്രവർത്തിയുടെ കൊട്ടാരത്തിലെ സൈനികനായിരുന്നു. ആ സമയത്തു് അയാൾ നൊവേഷ്യൻ സഭയിലെ ഒരു പുരോഹിതനായിരുന്നു. ചക്രവർത്തിയുടെ പുത്രിമാരായ അനസ്താസിയായെയും കറോസായെയും വ്യാകരണം പഠിപ്പിച്ചയാളുമാണ് ഈ വ്യക്തി. വാലെൻസ് പിൽക്കാലത്തു് കോൺസ്റ്റാൻറിനോപ്പിളിൽ തീർപ്പിച്ച സ്നാനഘട്ടത്തിനു് ഈ അനസ്താസിയായുടെ പേരാണു നൽകപ്പെട്ടിട്ടുള്ളതു്. ചക്രവർത്തിക്കു് ഈ വ്യക്തിയോടുള്ള ബഹുമാനം മൂലം കുറെക്കാലമായി അടയ്ക്കപ്പെട്ടിരുന്ന നൊവേഷ്യൻ പള്ളികൾ വീണ്ടും തുറക്കപ്പെട്ടു. എന്നാൽ ഇക്കൂട്ടർ ശല്യം കൂടാതെ ജീവിക്കാൻ ആര്യൻ പക്ഷക്കാർ സമ്മതിച്ചില്ല. ഹോമോഉസിയൻ വിശ്വാസക്കാരോടു് നൊവേഷ്യന്മാർ വിശ്വാസത്തിലുള്ള സാധർമ്മ്യം മൂലം പ്രകടിപ്പിച്ചിരുന്ന അനുഭാവം അവർ ഇഷ്ടപ്പെട്ടിരുന്നില്ല. അന്നത്തെ സ്ഥിതി ഇങ്ങനെയൊക്കെയായിരുന്നു: അധികാര കൈയേററക്കാരനായ പ്രൊക്കോപ്പിയുസിനെതിരായുള്ള യുദ്ധം ശ്രേഷ്യനും ഡഗലായി

www.malankaralibrary.com



ഫസും കോൺസുരംമാരായിരുന്ന വർഷം മേയ് അവസാനത്തിൽ[12] സമാപിച്ചു എന്നും ഇവിടെ രേഖപ്പെടുത്തട്ടെ.

## അധ്യായം 10

## കൊച്ചുവലെൻറീനിയൻ

ഈ യുദ്ധത്തിൻെറ പരിസമാപ്തിക്കുശേഷം അധികം താമസിയാതെ അതേ കോൺസുളേററ്കാലത്തുതന്നെ പാശ്ചാത്യ ഭാഗത്തെ ചക്രവർത്തിയായ വലെൻറീനിയനു് ഒരു പുത്രൻ ജനിച്ചു. ആ മകനു് പിതാവിൻെറ നാമം തന്നെ നൽകപ്പെട്ടു. വലെൻറീനിയൻ, ചക്രവർത്തിയാകുന്നതിനു മുമ്പായിരുന്നു അദ്ദേഹത്തിൻെറ പുത്രനായ ഗ്രേഷ്യൻെറ ജനനം.[13]

12. ക്രി.വ. 366.

13. സൊസോമൻ, സഭാചരിത്രം, 6:10.

www.malankaralibrary.com



## അധ്യായം 11

## ആലിപ്പഴം വീഴ്ചയും ഭൂകമ്പവും

അടുത്തവർഷം ജൂൺ രണ്ടാംതീയതി, ലൂപ്പീസിൻെറയും ജോവിയൻെറയും കോൺസുളേറ്റ് കാലത്ത്[14] കോൺസ്റ്റാൻറിനോപ്പിളിൽ വലിയ ആലിപ്പഴം വീഴ്ചയുണ്ടായി. ഓരോ ആലിപ്പഴവും ഒരാളുടെ കൈനിറയാൻ പോരുന്നതായിരുന്നു. ദൈവകോപത്തിൻെറ ഫലമായിട്ടാണ് ഈ ഹിമപാതമുണ്ടായതെന്നു ചിലർ പറയുന്നു. സഭാസേവനത്തിൽ ഏർപ്പെട്ടിരുന്നവരും എവുഡോക്സിയസിനോട് കൂട്ടായ്മ പുലർത്താത്തവരുമായ അനേകം വ്യക്തികളെ ചക്രവർത്തി നാടുകടത്തിയതുകൊണ്ടാണ് ഈ ദൈവകോപമുണ്ടായതെന്നും അവർ പറയുന്നു.[15] അതേ കോൺസുളേറ്റ് കാലത്ത് ആഗസ്റ്റ് 24ന് വലെൻറീനിയൻ ചക്രവർത്തി തൻെറ പുത്രൻ ഗ്രേഷ്യനെ അഗസ്റ്റസ് ആയി പ്രഖ്യാപിച്ചു. അടുത്തവർഷം,[16] വലെൻറീനിയനും വാലെൻസും രണ്ടാംതവണ കോൺസുൾമാരായിരുന്നപ്പോൾ, ഒക്ടോബർ 11ന് ബിത്തീനിയായിൽ ഒരു ഭൂകമ്പം ഉണ്ടായി. അതു നിഖ്യാനഗരത്തെ നശിപ്പിച്ചു. ഇതുപോലുള്ള ഒരു ദുരന്തത്താൽ നിക്കൊമേദിയ നശിച്ചത് അതിനു പന്ത്രണ്ടുകൊല്ലം മുമ്പായിരുന്നു. അധികം താമസിയാതെ ഹെലെസ്പോണ്ടിലുള്ള ജെർമ്മാ എന്ന സ്ഥലത്തിൻെറ സിംഹഭാഗവും മറെറാരു ഭൂകമ്പത്തിൽ നശിച്ചു. എന്നാൽ ഈ സംഭവങ്ങൾമൂലം ആര്യൻ മെത്രാനായ എവുഡോക്സിയസിൻെറയോ വാലെൻസ് ചക്രവർത്തിയുടെയോ മനസ്സിൽ യാതൊരു ചലനവും ഉണ്ടായില്ല. മതപരമായ കാര്യങ്ങളിൽ അഭിപ്രായവ്യത്യാസമുള്ളവരെ പീഡിപ്പിക്കുന്നതിൽ നിന്ന് അവർ അല്പവും പിന്മാറിയില്ല. അതേസമയം ഭൂമിയുടെ ഈ കുലുക്കങ്ങൾ സഭയിലുണ്ടായിക്കൊണ്ടിരുന്ന ഇളക്കങ്ങളുടെ പ്രതീകങ്ങളായി കണക്കാക്കപ്പെട്ടു. മുമ്പു നാം പറഞ്ഞതുപോലെ വൈദികവൃന്ദത്തിൽ അനേകംപേർ നാടുകടത്തപ്പെട്ടു. ദൈവകാരുണ്യത്തിൻെറ ഏതോ സവിശേഷമായ പ്രവർത്തന

---

14. ക്രി.വ. 367.
15. 2:43.
16. ക്രി.വ. 368.

www.malankaralibrary.com



ത്താൽ ബേസിൽ, ഗ്രിഗറി എന്നിവർ മാത്രം അവരുടെ അസാധാരണമായ ജീവിതവിശുദ്ധിമൂലം ഈ ശിക്ഷയിൽനിന്ന് ഒഴിവാക്കപ്പെട്ടു. ഇവരിൽ ആദ്യത്തെയാൾ കപ്പദോഷ്യായിലുള്ള കൈസറിയായിലെ മെത്രാനായിരുന്നു. ഗ്രിഗറിയാകട്ടെ, കൈസറിയായുടെ സമീപമുള്ള നസിയാൻസൂസ് എന്ന ചെറു നഗരത്തിലെ സഭയുടെ അദ്ധ്യക്ഷനായിരുന്നു. നമുക്ക് നമ്മുടെ ചരിത്രത്തിൻെറ ഗതിയിൽ ബേസിലിനെയും ഗ്രിഗറിയെയും കുറിച്ചു പറയാൻ അവസരമുണ്ടാകും.[17]

## അധ്യായം 12

# മാസിഡോണിയർ റോമാമെത്രാനെ സമീപിക്കുന്നു

ഇപ്രകാരം ഹോമോഉസിയൻ വിശ്വാസികളെ കർശനമായി കൈകാര്യം ചെയ്യുകയും നാട്ടിൽനിന്ന് ഓടിക്കുകയും ചെയ്തുകഴിഞ്ഞപ്പോൾ പീഡകർ പുതുതായ വാശിയോടെ മാസിഡോണിയരുടെ നേരേ തിരിഞ്ഞു. അവർ പീഡനത്തെക്കാളധികം ഭയം കാരണമായിട്ട് നഗരങ്ങളിൽനിന്നു നഗരാന്തരങ്ങളിലേക്കു പ്രതിനിധി സംഘങ്ങളെ അയച്ചു. ചക്രവർത്തിയുടെ സഹോദരനായ വലെൻറീനിയൻെറയും റോമിലെ മെത്രാനായ ലിബേരിയൂസിൻെറയും സഹായം അഭ്യർത്ഥിക്കേണ്ട ആവശ്യത്തെക്കുറിച്ചാണ് അവർ പരസ്പരം അറിയിപ്പു നൽകിയത്. എവുഡോക്സിയസിൻെറ പക്ഷക്കാരുമായി കൂട്ടായ്മ പുലർത്തുന്നതിനെക്കാൾ എന്തുകൊണ്ടും നല്ലതു് ഹോമോഉസിയൻ വിശ്വാസം സ്വീകരിക്കുന്നതുതന്നെയാണെന്ന് അവർ അഭിപ്രായപ്പെട്ടു. പല പ്രാവശ്യം സ്ഥാനഭ്രഷ്ടനാക്കപ്പെട്ട സെബസ്റ്റെയാ മെത്രാനായ എവുസ്താത്യോസ് സിലീഷ്യായിലുള്ള തർസോസിലെ മെത്രാൻ സിൽവാനൂസ്, അതേ പ്രവിശ്യയിലുള്ള കാസ്റ്റബാലായിലെ മെത്രാനായ തെയോഫിലസ് എന്നിവരായിരുന്നു പ്രതിനിധികളായി അയയ്ക്കപ്പെട്ടതു്. വിശ്വാസ സംബന്ധമായ ഒരു കാര്യത്തിലും ലിബേരിയൂസിനോടു ഭിന്നതയുണ്ടാകരുതെന്നും റോമൻ സഭയോടു് ഐക്യത്തിൽ ഏർപ്പെടണമെന്നും ഹോമോഉസിയൻ വിശ്വാസം ഉറപ്പിച്ചു പറയണമെന്നും അവക്കു നിർദ്ദേശം നൽകിയിരുന്നു.

17. 4:26.

www.malankaralibrary.com



പ്രതിനിധികൾ റോമിൽ എത്തിച്ചേർന്നു. സെലൂഷ്യായിൽവച്ച് അകാചിയൂസിൽനിന്നു വേർപിരിഞ്ഞവരുടെ കത്തുകളും അവർ എടുത്തിരുന്നു. അവർക്ക് ചക്രവർത്തിയെ സന്ദർശിക്കാൻ കഴിഞ്ഞില്ല. അദ്ദേഹം ഗാൾപ്രദേശത്തു സർമാത്യരുമായി ഒരു യുദ്ധത്തിൽ ഏർപ്പെട്ടിരിക്കുകയായിരുന്നു. അവർ ലിബേരിയൂസിനു കത്തുകൾ സമർപ്പിച്ചു. ആദ്യം അവരെ സ്വീകരിക്കാൻ അദ്ദേഹം വിസമ്മതിച്ചു. അവർ ആരിയൻ കക്ഷിക്കാരാണെന്നും നിഖ്യാവിശ്വാസപ്രമാണം നിരസിച്ചവരെന്നനിലയിൽ അവരെ സഭൈക്യത്തിലേയ്ക്കു സ്വീകരിക്കാൻ നിവൃത്തിയില്ലെന്നുമായിരുന്നു അദ്ദേഹത്തിന്റെ അഭിപ്രായം. അതിനു് നിവേദകർ, തങ്ങൾ അഭിപ്രായം മാററി, സത്യത്തെ അംഗീകരിച്ചിരിക്കുന്നു എന്നും *അനോമോയൻ* വിശ്വാസപ്രമാണം[18] പണ്ടേ ഉപേക്ഷിച്ചിരിക്കുന്നു എന്നും പുത്രൻ എല്ലാ കാര്യത്തിലും പിതാവിനെപ്പോലെയാണെന്ന് അംഗീകരിക്കുന്നു എന്നും ഹൊമൊയ്യോസ് (homoios), ഹോമോഉസിയോസ് എന്നീ രണ്ടു വാക്കുകൾക്കും ഒരേ അർത്ഥമാണുള്ളതെന്നു തങ്ങൾ മനസ്സിലാക്കുന്നു എന്നും മറുപടി നല്കി അവർ ഈ പ്രസ്താവന ചെയ്തപ്പോൾ, തങ്ങളുടെ വിശ്വാസത്തിന്റെ ഒരു ലിഖിതപ്രഖ്യാപനം നൽകണമെന്ന് ലിബേരിയൂസ് ആവശ്യപ്പെട്ടു. അതനുസരിച്ച് അവർ ഒരു രേഖ തയാറാക്കി കൊടുക്കുകയും ചെയ്തു. അതിൽ നിഖ്യാവിശ്വാസപ്രമാണത്തിന്റെ സംഗ്രഹം ഉൾപ്പെടുത്തിയിരുന്നു. സ്മിർണാ, ഏഷ്യാ, പിസീദിയാ, ഇസൗറിയാ, പംഫീലിയാ, ലീസിയാ എന്നീ സ്ഥലങ്ങളിലെല്ലാം സിനഡുകൾ നടന്നു. അവരുടെയെല്ലാം കത്തുകൾ ദൈർഘ്യം ഭയന്നു് ഇവിടെ കൊടുക്കുന്നില്ല. എവുസ്താത്യോസിനോടൊപ്പം അയയ്ക്കപ്പെട്ട പ്രതിനിധികൾ എഴുതി ലിബേരിയൂസിനു നൽകിയ പ്രഖ്യാപനം മാത്രം ഇവിടെ ചേർക്കുന്നു.

''ഞങ്ങളുടെ നാഥനും സഹോദരനും സഹശുശ്രൂഷകനുമായ ലിബേരിയൂസിന് എവുസ്താത്യോസ്, തെയോഫിലസ്, സിൽവാനൂസ് എന്നിവർ എഴുതി സമർപ്പിക്കുന്നത്. കർത്താവിൽ അഭിവാദനങ്ങൾ.

''ബുദ്ധിഭ്രമം വന്ന പാഷണ്ഡരായ ആളുകൾ കത്തോലിക്കാ സഭകൾക്കെതിരേ നിരന്തരമായ ആക്രമണങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു. അവരുടെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നതിനാ

18. 2:35.

www.malankaralibrary.com



ഗ്രഹിക്കുന്നവരായ ഞങ്ങൾ, ലംപ്സാക്കുസ്, സ്മിർണാ തുടങ്ങിയ വിവിധ സ്ഥലങ്ങളിൽ സമ്മേളിച്ച സത്യവിശ്വാസികളായ മെത്രാന്മാരുടെ സിനഡ് അംഗീകരിച്ച തത്വങ്ങളോടുള്ള ബഹുമാനം വ്യക്തമാക്കാൻ ആഗ്രഹിക്കുന്നു. ആ സിനഡിൽ നിന്ന് ഒരു പ്രതിനിധിസംഘമായി ഞങ്ങൾ അയയ്ക്കപ്പെട്ടിരിക്കുകയാണ്. കാരുണ്യവാനായ അങ്ങയുടെയും ഇററലിയിലും പാശ്ചാത്യലോകത്തുമുള്ള മററു മെത്രാന്മാരുടെയും പക്കലേയ്ക്ക് ഞങ്ങൾ ഒരു കത്തുകൊണ്ടുവരുന്നു. അനുഗ്രഹീതസ്മരണാർഹനായ കോൺസ്റ്റൻറയിൻ ചക്രവർത്തിയുടെ ഭരണത്തിൽ നിഖ്യായിൽവച്ചു നടന്ന വിശുദ്ധ സൂനഹദോസിൽ സമർത്ഥിക്കപ്പെട്ടതായ കത്തോലിക്കാവിശ്വാസത്തെ ഞങ്ങൾ അംഗീകരിച്ചാദരിക്കുന്നുവെന്ന് ആ കത്തുവഴി ഞങ്ങൾ പ്രഖ്യാപിക്കുകയാണ്. ആ വിശ്വാസം അന്ന് മുന്നൂററിപ്പതിനെട്ടു മെത്രാന്മാർ ചേർന്ന് അംഗീകരിച്ചുറപ്പിച്ചു. അന്നുമുതൽ ഇന്നുവരെ അതു് കുറവും ഇളക്കവും കൂടാതെ നിലനിന്നുവരുന്നു. ആ സൂനഹദോസിന്റെ വിശ്വാസപ്രമാണത്തിൽ ഹോമോഉസിയോസ് എന്ന പദം, ആരിയൂസിന്റെ വിപത്കരമായ സിദ്ധാന്തത്തെ നിരാകരിക്കും വിധം വിശുദ്ധിയോടും ഭക്തിയോടും പ്രയുക്തമായിട്ടുണ്ട്. അതിനാൽ ഞങ്ങൾ, ആരെ പ്രതിനിധാനം ചെയ്യുന്നുവെന്നു മുകളിൽ പറഞ്ഞിരിക്കുന്നുവോ അവരോടൊപ്പം, പ്രഖ്യാപിക്കുന്നു: മുകളിൽപ്പറഞ്ഞ വിശ്വാസസംഹിതയെ ഞങ്ങൾ അവലംബിച്ചിട്ടുണ്ട്, അവലംബിക്കുന്നു; ഭാവിയിൽ മരണം വരെ അവലംബിക്കുകയും ചെയ്യും എന്ന് സ്വന്തം കൈപ്പടയിൽ ഒപ്പിട്ട് അറിയിക്കുന്നു. ഞങ്ങൾ ആരിയൂസിനെയും അയാളുടെ നികൃഷ്ടമായ സിദ്ധാന്തത്തെയും അയാളുടെ ശിഷ്യന്മാരെയും അയാളുടെ അഭിപ്രായങ്ങളോട് അനുഭാവമുള്ള സകലയാളുകളെയും ശപിക്കുന്നു. സബെല്ലിയൂസ്, പാത്രിപ്പാസിയർ,[19] മാർസിയോണീത്തർ,[20] ഫൊതീനിയർ,[21] മർസെല്ലിയർ,[22] സമോസാട്ടുക്കാരൻ പൗലോസ് തുടങ്ങിയവരുടെ തത്തുല്യമായ അബദ്ധവാദങ്ങളെയും ഞങ്ങൾ ശപിക്കുന്നു. ചുരുക്കത്തിൽ, നിഖ്യായിൽ സമ്മേളിച്ച വി. പിതാക്കന്മാർ കത്തോലിക്കാ

---

19. 'പിതാവും പുത്രനും ഒരാളാണ്; പിതാവുതന്നെ പുത്രന്റെ രൂപം എടുത്തു വന്നു' എന്ന് ഇക്കൂട്ടർ പഠിപ്പിച്ചു അതുകൊണ്ട് പിതൃഘാതകർ എന്ന അർത്ഥത്തിൽ ഈ പേരിൽ അവരെ മററുള്ളവർ വിളിച്ചു.

20. മാർസിയൻ എന്ന ജ്ഞാനവാദിയുടെ അനുയായികൾ.

21. 2:18. 29

22. 1:36; 2:20

www.malankaralibrary.com



ചൈതന്യത്തോടുകൂടി രൂപം കൊടുത്ത ആ വിശുദ്ധ വിശ്വാസ പ്രമാണത്തിനെതിരായിട്ടുള്ള എല്ലാ അബദ്ധപഠനങ്ങളെയും ഞങ്ങൾ ശപിക്കുന്നു. റിമിനി എന്ന സ്ഥലത്തു [23] സമ്മേളിച്ച സൂനഹദോസിൽ ഉച്ചരിക്കപ്പെട്ട ആ വിശ്വാസപ്രമാണത്തെ ഞങ്ങൾ സവിശേഷമായും ശപിക്കുന്നു. മുൻപറഞ്ഞതായ നിഖ്യാവിശ്വാസപ്രമാണത്തിനു തീർത്തും വിരുദ്ധമായിട്ടുള്ള ഒരു പ്രഖ്യാപനമാണല്ലോ അതു്. ത്രേസിലെ ഒരു പട്ടണമായ നിക്കേയിൽനിന്നു് കൊണ്ടുവന്നു എന്നതിൻെറ പേരിൽ ചതിക്കപ്പെട്ടും വഞ്ചിക്കപ്പെട്ടും കോൺസ്ററാൻറിനോപ്പിളിലെ മെത്രന്മാർ അതിൽ ഒപ്പുവയ്ക്കാനിടയായി.[24] ഞങ്ങളുടെയും ഞങ്ങളെ പ്രതിനിധികളായി അയച്ചവരുടെയും വിശ്വാസ പ്രഖ്യാപനം ഇപ്രകാരമാകുന്നു.

''സർവ്വശക്തിയുള്ള പിതാവും ദൃശ്യാദൃശ്യങ്ങളുടെ നിർമ്മാതാവുമായ ഏകദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു. ദൈവത്തിൻെറ ഏകജാതനും ദൈവത്തിൻെറ പുത്രനും പിതാവിൽനിന്നു ജനിച്ചവനും അതായതു്, പിതാവിൻെറ സത്തയിൽനിന്നുള്ളവനും ദൈവത്തിൽനിന്നുള്ള ദൈവവും പ്രകാശത്തിൽനിന്നുള്ള പ്രകാശവും ജനിച്ചവനും സൃഷ്ടിയല്ലാത്തവനും സത്തയിൽ പിതാവിനോടു് സമത്വമുള്ളവനും തന്നാൽ ആകാശത്തിലും ഭൂമിയിലുമുള്ള സകലവും നിർമ്മിക്കപ്പെട്ടവനുമായ ഏക കർത്താവീശോമിശിഹായിലും ഞങ്ങൾ വിശ്വസിക്കുന്നു. അവൻ മനുഷ്യരായ നമുക്കും നമ്മുടെ രക്ഷയ്ക്കുംവേണ്ടി താഴേക്കിറങ്ങി, ശരീരമെടുത്തു് മനുഷ്യനായി. അവൻ കഷ്ടപ്പെട്ടു മരിക്കുകയും വീണ്ടും മൂന്നാംനാൾ ഉയിർത്തെഴുന്നേൽക്കുകയും സ്വർഗ്ഗത്തിലേയ്ക്കു് കരേറുകയും ചെയ്തു. ജീവനുള്ളവരെയും മരിച്ചവരെയും വിധിക്കാൻ അവൻ വീണ്ടുംവരും. പരിശുദ്ധാത്മാവിലും ഞങ്ങൾ വിശ്വസിക്കുന്നു. 'അവൻ ഇല്ലായിരുന്ന ഒരു സമയം ഉണ്ടായിരുന്നു' എന്നോ 'ജനിക്കുന്നതിനുമുമ്പു് അവൻ ഇല്ലായിരുന്നു' എന്നോ, 'ഇല്ലാതിരുന്ന അവസ്ഥയിൽനിന്നു് അവൻ നിർമ്മിക്കപ്പെട്ടു' എന്നോ, 'ദൈവപുത്രൻ പിതാവിൽനിന്നു ഭിന്നമായ സത്തയിൽ അഥവാ സാരാംശത്തിൽനിന്നാണ്'' എന്നോ, 'അവൻ മാററത്തിനും വ്യതിയാനത്തിനും വിധേയനാണ്'' എന്നോ പറയുന്നവരെ, ദൈവത്തിൻെറ കാതോലികവും ശ്ലൈഹികവുമായ സഭ പുറംതള്ളുന്നു.[25]

---

23. 2:37

24. 2:37. 5:4 അനുസരിച്ചു് ഇവരുടെ തന്ത്രത്താൽ ലിബേരിയൂസ് വഞ്ചിക്കപ്പെടുകയാണുണ്ടായതു്.

25. 1:8: പേ. 42-43.

www.malankaralibrary.com



''സെബസ്റ്റിയാ നഗരത്തിലെ മെത്രാനായ എവുസ്റ്റാത്യോയൂസ് എന്ന ഞാൻ, ലംപ്സാക്കൂസ്, സ്മിർണാ തുടങ്ങിയ സ്ഥലങ്ങളിലെ സൂനഹദോസിന്റെ പ്രതിനിധികളായ തെയോഫിലസ്, സിൽവാനൂസ് എന്നിവരോടുചേർന്നു് സ്വന്ത ഇഷ്ടപ്രകാരം ഈ വിശ്വാസപ്രഖ്യാപനം സ്വന്തം കയ്യക്ഷരത്തിൽ എഴുതി സമർപ്പിക്കുന്നു. ഈ വിശ്വാസപ്രഖ്യാപനത്തിന്റെ പ്രസിദ്ധീകരണത്തിനുശേഷം ഞങ്ങളിൽ ആരുടെയെങ്കിലും പേരിലോ ഞങ്ങളെ അയച്ചവരുടെ പേരിലോ ആരെങ്കിലും എന്തെങ്കിലും ദോഷാരോപണം ഉന്നയിക്കുകയാണെങ്കിൽ അവർ അങ്ങയുടെ കത്തുകളുമായി വരട്ടെ. അങ്ങയുടെ പരിശുദ്ധത അംഗീകരിക്കുന്ന സുസമ്മതരും സത്യവിശ്വാസികളുമായ മെത്രാന്മാർ സമക്ഷം ഞങ്ങളോടൊത്തു കാര്യങ്ങൾ തീരുമാനിക്കട്ടെ. ഏതെങ്കിലും ആരോപണം ശരിയെന്നു തെളിഞ്ഞാൽ കുററവാളി ശിക്ഷിക്കപ്പെട്ടുകൊള്ളട്ടെ.''

ലിബേരിയൂസ് ഈ രേഖവഴി ആ പ്രതിനിധികളെ സുരക്ഷിതമായവിധം പ്രതിജ്ഞാബദ്ധരാക്കിയിട്ടു് അവരെ സഭൈക്യത്തിലേയ്ക്കു സ്വീകരിക്കുകയും താഴെ കാണുന്ന കത്തുകൊടുത്തു് അവരെ തിരിച്ചയയ്ക്കുകയും ചെയ്തു:

### *റോമിലെ മെത്രാനായ ലിബേരിയൂസ് മാസിഡോണിയൻ മെത്രാൻമാർക്ക് എഴുതിയ കത്ത്!*

''പ്രിയ സഹോദരന്മാരും സഹശുശ്രൂഷകരുമായ എവെത്തിയൂസ്, സിറിൽ, ഹിപ്പെരെക്കിയൂസ്, യുറാനിയൂസ്, ഹേറോൺ, എൽപീദിയൂസ്, മാക്സിമൂസ്, എവുസേബിയസ്, എവുകാർപിയൂസ്, ഹെയോർത്താസിയൂസ്, നെയോൺ, എവുമാത്തിയസ്, ഫൗസ്റ്റീനൂസ്, പ്രോക്ലീനൂസ്, പസിനിക്കസ്, അർസേനിയൂസ്, സെവേത്രൂസ്, ദിദീമിയോൻ, ബ്രിട്ടാനിയൂസ്, കല്ലിക്രാട്ടെസ്, ദൽമാസ്യൂസ്, എഡേസിയൂസ്, എവുസ്റ്റോക്കിയൂസ്, അംബ്രോസ്, ജെലോണിയൂസ്, പർദാലിയൂസ് മാസിഡോണിയൂസ്, പൗലോസ്, മാർസെല്ലൂസ്, ഹെരാക്ലിയസ്, അലക്സാൺഡർ, അദോളിയൂസ്, മാർസിയൻ, സ്റ്റെനെലൂസ്, ജോൺ, മാസർ, കരീസിയൂസ്, സിൽവാനൂസ്, ഫൊതീനൂസ്, അന്തോനി, അയ്ത്തൂസ്, ചെൽസൂസ്, എവുഫ്രാനോൻ, മിലേസ്യൂസ്, പട്രീഷ്യൂസ്, സെവേരിയൻ, എവുസേബിയസ്, എവുമോംപിയൂസ്, അത്തനാസിയോസ്, ദിയോഫാന്തൂസ്, മെനോദോറൂസ്, ദിയോക്ലെസ്, ക്രിസാം

www.malankaralibrary.com



ഫെലൂസ്, നെയോൺ, എവുജേനിയൂസ്, എവുസ്താത്യോസ്, കല്ലിക്രാട്ടെസ്, അർസേനിയൂസ്, എവുജേനിയൂസ്, മർതീരിയൂസ്, ഹിയെരാചിയൂസ്, ലെയോൺസ്യൂസ്, ഫിലാഗ്രിയൂസ്, ലൂഷ്യസ് എന്നിവർക്കും പൗരസ്ത്യദേശത്തുള്ള സത്യവിശ്വാസികളായ എല്ലാ മെത്രാന്മാർക്കും: ഇററലിയിലെ മെത്രാനായ ലിബേരിയൂസും പാശ്ചാത്യദേശത്തുള്ള എല്ലാ മെത്രാന്മാരും,കർത്താവിൽ അഭിവാദനം.

പ്രിയ സഹോദരരേ,വിശ്വാസത്തിൻെറ പ്രകാശംകൊണ്ടു് ഉജ്ജ്വലമായ നിങ്ങളുടെ കത്തു്, മെത്രാന്മാരായ എവുസ്താത്യോസ്, സിൽവാനൂസ്, തെയോഫിലസ് എന്നി വന്ദ്യസഹോദരന്മാർ വശം നിങ്ങൾ കൊടുത്തയച്ചതു് നമുക്കു ചിരപ്രതീക്ഷിതമായ സന്തോഷവും സമാധാനവും ആശ്വാസവും നല്കി. പ്രധാനമായും, ആ കത്തുവഴി നിങ്ങളുടെ അഭിപ്രായങ്ങളും വികാരങ്ങളും നിസ്സാരനായ നമ്മുടെയും ഇററലിയിലെയും പാശ്ചാത്യദേശത്തെയും എല്ലാ മെത്രാന്മാരുടെയും അഭിപ്രായങ്ങളും വികാരങ്ങളുമായി പൂർണ്ണമായി യോജിക്കുന്നു എന്നറിയാനിടയായതു കൊണ്ടാണിതു്. ഇതു് കാതോലികവും ശ്ലൈഹികവുമായ വിശ്വാസമാണെന്നു നാം അംഗീകരിക്കുന്നു. അതു് നിഖ്യാസൂനഹദോസിൻെറ കാലംവരെ ഇളക്കമില്ലാതെയും മായം ചേർക്കാതെയും തുടൎന്നു. ഈ വിശ്വാസം തങ്ങളുടെതാണെന്നു് നിങ്ങളുടെ പ്രതിനിധികൾ ഏററുപറഞ്ഞു. അവർ അതു് വചനത്താൽ വ്യക്തമാക്കുക മാത്രമല്ല, ലിഖിതരൂപത്തിൽ നല്കുകയും ചെയ്തു. അതുവഴി വിനാശകരമായ ഒരു ദുശ്ശങ്കയ്ക്കുള്ള സകല സാദ്ധ്യതകളും ദൂരീകൃതമായിരിക്കുന്നു. നിങ്ങളുടെ കത്തുകളോടു് അവരുടെ വിശ്വാസപ്രഖ്യാപനത്തിൻെറ ഒരു പകർപ്പുകൂടെ ചേർക്കുന്നതു് ഉചിതമായിരിക്കുമെന്നു ഞാൻ കരുതുന്നു. അതുവഴി, പാഷണ്ഡർക്കു് ഏതെങ്കിലും ഒരു പുതിയ ഗൂഢാലോചനയിൽ ഏർപ്പെടുന്നതിനുള്ള പഴുതു് അടയ്ക്കപ്പെടുകയാണ്. അവർ സ്വന്തം ദുർവ്വിചാരങ്ങളുടെ അഗ്നി ആളിക്കത്തിക്കാൻ തക്കംനോക്കി നടക്കുകയാണ്. എന്നു മാത്രമല്ല, നമ്മുടെ ഏററം ആദരണീയ സഹോദരന്മാരായ എവുസ്താത്യോസ്, സിൽവാനൂസ്, തെയോഫിലസ് എന്നിവർ ഒരു കാര്യം കൂടെ ഞങ്ങൾക്കു് ഉറപ്പുതന്നിട്ടുണ്ടു്: നിഖ്യായിൽവച്ചു് 318 സത്യവിശ്വാസികളായ മെത്രാന്മാർ അംഗീകരിച്ച വിശ്വാസപ്രമാണം അവരും സ്നേഹനിധികളായ നിങ്ങളും സ്വീകരിച്ചിരുന്നുവെന്നും സ്വീകരിക്കുന്നുവെന്നും ഭാവിയിലും മരണംവരെ സ്വീകരിക്കുമെന്നുമാണതു്. ആ വിശ്വാസപ്രമാണം അവികലമായ സത്യം ഉൾക്കൊള്ളുന്നതത്രേ. അതു് പാഷണ്ഡരുടെ സമൂഹങ്ങളെയെല്ലാം പരാജയപ്പെടുത്തുകയും നിരാകരിക്കുകയും ചെയ്യുന്നു. ആരിയൂസിൻെറ ഭ്രാന്തിനെതി

www.malankaralibrary.com



രായി അത്രയേറെ മെത്രാന്മാർ അന്ന് അവിടെ ഒത്തുചേർന്നു എന്നതു് അവരുടെ സ്വന്തം ഇഷ്ടമനുസരിച്ചല്ല; ദൈവനിശ്ചയമനുസരിച്ചാണ്. അബ്രഹാം 318 അനുയായികളെക്കൊണ്ട് അസംഖ്യം ശത്രുക്കളെ തകർത്തതിനു (ഉല്പ.14:14) തുല്യമായ ഒരു സംഭവമാണ് ഈ 318 മെത്രാന്മാരുടെ പ്രഖ്യാപനം. *ഹ്യുപ്പോസ്റ്റാസിസ്* എന്നും *ഹോമോഉസിയോസ്* എന്നുമുള്ള രണ്ടു പദങ്ങളിൽ വിശ്വാസം ഉള്ളടങ്ങിയിരിക്കുന്നു. ശക്തവും അധൃഷ്യവുമായ ഒരു കോട്ടപോലെ ആ വിശ്വാസപ്രമാണം, തലതിരിഞ്ഞ ആര്യൻ വാദത്തിന്റെ എല്ലാ ആക്രമണങ്ങളെയും തടഞ്ഞുനിറുത്തുകയും തിരിച്ചുവിടുകയും ചെയ്യുന്നു.

പാശ്ചാത്യരാജ്യങ്ങളിലെ മെത്രാന്മാർ റിമിനി എന്ന സ്ഥലത്തു സമ്മേളിക്കാനിടയായി. ആര്യൻ പക്ഷക്കാർ വളരെ തന്ത്രപൂർവ്വം അവരെ അവിടെ വിളിച്ചുകൂട്ടിയതാണ്. വഴിതെറ്റിക്കുന്ന പ്രേരണകൊണ്ടോ കുറേക്കൂടി കൃത്യമായി പറഞ്ഞാൽ ഭൗതികശക്തിയുടെ ഇടപെടൽകൊണ്ടോ തങ്ങളുടെ ഉദ്ദേശ്യം സാധിച്ചെടുക്കാം എന്നവർ കരുതി. വിശ്വാസപ്രമാണത്തിൽ വളരെ ഔചിത്യപൂർവ്വം ചേർക്കപ്പെട്ടിരുന്ന കാര്യങ്ങൾ നിരാകരിക്കുകയായിരുന്നു അവരുടെ ലക്ഷ്യം. അവിടെ സമ്മേളിച്ച മിക്കവരുംതന്നെ വിവിധ തന്ത്രങ്ങൾമൂലം വഞ്ചിതരായി തെറ്റിലേയ്ക്കു നയിക്കപ്പെട്ടു. എന്നാൽ പിന്നീട് അവരെല്ലാവരും അക്കാര്യം മനസ്സിലാക്കി ശരിയിലേയ്ക്കു തിരിച്ചു വന്നിട്ടുണ്ട്. റിമിനിയിലെ വിശ്വാസപ്രഖ്യാപനത്തെ അവർ ശപിച്ചു. നിഖ്യായിൽ രൂപീകൃതമായ കാതോലികവും ശ്ലൈഹികവുമായ വിശ്വാസം അവർ ഏറ്റുപറഞ്ഞു. അവർ നമ്മോട് കൂട്ടായ്മയിൽ പ്രവേശിച്ചു. ആരിയൂസിന്റെയും ശിഷ്യന്മാരുടെയും സിദ്ധാന്തങ്ങളെ പൂർവ്വാധികമായ രൂക്ഷതയോടെ അവർ വെറുക്കുന്നു.

സ്നേഹനിധികളായ നിങ്ങളുടെ പ്രതിനിധികൾ ഈ വസ്തുതയ്ക്കുള്ള സംശയാതീതമായ ലക്ഷ്യങ്ങൾ കണ്ടു ബോദ്ധ്യപ്പെട്ടു. അവർ തങ്ങളുടെ പ്രഖ്യാപനത്തിൽ നിങ്ങളെയും പങ്കുകാരാക്കിയിട്ടുണ്ട്. അവർ ആരിയൂസിനെയും നിഖ്യാവിശ്വാസപ്രമാണത്തിനെതിരായി റിമിനിയിൽ നിർവ്വഹിക്കപ്പെട്ട കാര്യങ്ങളെയും ശപിച്ചു. അവയെ അനുകൂലിക്കാൻ വഞ്ചനമൂലം ഒരിക്കൽ നിങ്ങളും പ്രേരിതരായല്ലോ. അതിനാൽ നിങ്ങൾക്ക് എഴുതുന്നതു് ഉചിതമായിരിക്കുമെന്നു് നാം കരുതുന്നു. നിങ്ങളുടെ ന്യായമായ അഭ്യർത്ഥന സ്വീകരിക്കേണ്ടതു് ആവശ്യമാണ്. നിങ്ങളുടെ പ്രതിനിധികളുടെ പ്രഖ്യാപനത്തിൽ നിന്നു് പൗരസ്ത്യദേശത്തെ മെത്രാന്മാർ യാഥാർത്ഥ്യബോധത്തി

www.malankaralibrary.com



ലേയ്ക്കു തിരിച്ചെത്തിയെന്നും പാശ്ചാത്യദേശത്തുള്ളവരുടെ സത്യ വിശ്വാസത്തെ അനുകൂലിക്കുന്നുവെന്നും നാം മനസ്സിലാക്കുന്നു. ഒരുകാര്യംകൂടെ നിങ്ങളുടെ ശ്രദ്ധയിൽപ്പെടുത്താൻ നാമാഗ്രഹി ക്കുന്നു. റിമിനി സിനഡ് നടന്ന കാലത്ത് വഞ്ചിതരായി പ്പോയ ആളുകൾ അതിൻെറ തീരുമാനങ്ങളെ ശപിച്ചിരിക്കുന്നു. എല്ലാവരും നിഖ്യാവിശ്വാസപ്രമാണം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ചതിപ്രയോഗമോ ബലപ്രയോഗമോ മൂലം വിശ്വാസം ദൂഷിതമാകാനിടയായിട്ടുള്ളവർ പാഷണ്ഡതയുടെ തമസ്സുവിട്ട് കത്തോലിക്കാ സ്വാതന്ത്ര്യത്തിൻെറ ദിവ്യപ്രകാശ ത്തിലേയ്ക്കു പ്രത്യാഗതരാകേണ്ടതാണെന്ന വിവരം നിങ്ങൾ തന്നെ എല്ലാവരുടെയും ശ്രദ്ധയിൽപ്പെടുത്തുന്നതുചിതമായി രിക്കും. ഇനിയും ഈ ദുഷിച്ച തത്വങ്ങളുടെ വിഷം ആരുടെയെ ങ്കിലും ഉള്ളിലുണ്ടെങ്കിൽ അവർ അതു ഛർദ്ദിച്ചു കളയേണ്ടിയിരി ക്കുന്നു. ആരിയൂസിൻെറ ദൈവദൂഷണങ്ങളെയെല്ലാം അവർ പരസ്യമായി നിരാകരിക്കുകയും ശപിക്കുകയും ചെയ്യണം. അങ്ങനെ ചെയ്യാത്ത പക്ഷം അവർ ആരിയൂസിനോടും അയാ ളുടെ ശിഷ്യന്മാരോടും സെബെല്ലിയർ, പാത്രിപാസ്സിയർ തുട ങ്ങിയ മററു സർപ്പങ്ങളോടുംകൂടി സഭയുടെ സമ്മേളനങ്ങളിൽ നിന്നും ഐക്യത്തിൽനിന്നും ബഹിഷ്കരിക്കപ്പെടും. നിയമ വിധേയരല്ലാത്ത സന്താനങ്ങളെ അംഗീകരിക്കാൻ സഭയ്ക്കു സാദ്ധ്യമല്ല. വിശ്വാസസ്ഥിരതയുള്ള പ്രിയ സഹോദരങ്ങളേ, ദൈവം നിങ്ങളെ സംരക്ഷിക്കട്ടെ.''

ഈ കത്തുകിട്ടിക്കഴിഞ്ഞപ്പോൾ എവുസ്താത്യോസിൻെറ അനു യായികൾ സിസിലിയിലേയ്ക്കു നീങ്ങി. അവർ അവിടെ സിസിലിയിലെ മെത്രാന്മാരുടെ ഒരു സിനഡ് വിളിച്ചുകൂട്ടി. അവരുടെ സാന്നിദ്ധ്യത്തിൽ ഹോമോഉസിയൻ വിശ്വാസവും നിഖ്യാവിശ്വാസപ്രമാണത്തോടുള്ള വിധേയത്വവും പ്രഖ്യാപി ക്കുകയും ചെയ്തു. മുകളിൽ കൊടുത്തിട്ടുള്ളതിനു തുല്യമായ ഒരു കത്ത് ആ മെത്രാന്മാരിൽനിന്നും വാങ്ങിയതിനുശേഷം അവർ തങ്ങളെ അയച്ചവരുടെ പക്കലേയ്ക്കു തിരിച്ചുപോയി. അവരാ കട്ടെ, ലിബേരിയൂസിൻെറ കത്തുകൾ സ്വീകരിച്ചിട്ട് പുതു തായി ഒരുദ്യമത്തിലേർപ്പെട്ടു. എല്ലാ നഗരങ്ങളിലേയ്ക്കും ദൂത ന്മാരെ അയച്ച് ഹോമോഉസിയൻ വിശ്വാസികളായ മെത്രാ ന്മാരെയെല്ലാം സിലിഷ്യായിലെ താർസോസിൽ ഒരേസമയം സമ്മേളിക്കത്തക്കവിധം വിളിച്ചുകൂട്ടാനാണ് അവർ ശ്രമിച്ചത്. അവിടെവച്ച് നിഖ്യാവിശ്വാസപ്രമാണം സ്ഥിരീകരിക്കുകയും പിന്നീടുടലെടുത്ത തർക്കങ്ങൾക്കെല്ലാം പൂർണ്ണവിരാമം ഉണ്ടാ ക്കുകയുമായിരുന്നു അവരുടെ ലക്ഷ്യം. ആര്യൻ മെത്രാനായ എവുഡോക്സിയസ് ഇടപെട്ടില്ലായിരുന്നെങ്കിൽ ഇക്കാര്യം മിക്ക

www.malankaralibrary.com



വാറും നടന്നേനെ. എന്നാൽ ചക്രവർത്തിയുടെ പക്കൽ വളരെ സ്വാധീനമുണ്ടായിരുന്ന അയാരം ഇതിനു തടസ്സം വരുത്തി. തർസോസിൽ സിനഡ് കൂടാൻ പോകുന്നു എന്നറിഞ്ഞ അയാരം സത്യവിശ്വാസികൾക്കെതിരായ പീഡനങ്ങൾ ഇരട്ടിപ്പിച്ചു.

മാസിഡോണിയർ ലിബേരിയൂസിൻെറ പക്കലേയ്ക്ക് പ്രതിനിധികളെ അയയ്ക്കുകയും നിഖ്യാവിശ്വാസപ്രമാണം ഏറ്റുപറയുകയും ലിബേരിയൂസുമായി സഭാസംസർഗ്ഗത്തിൽ എത്തിച്ചേരുകയും ചെയ്തു എന്ന വസ്തുത സബിനൂസ് തന്നെ തൻെറ സിനഡൽ നടപടികളുടെ സമാഹാരം എന്ന ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുള്ളതാണ്.

## അധ്യായം 13

# എവുണോമിയസ്, എവുഡോക്സിയസ് അത്തനാസ്യോസ്

ഈ കാലഘട്ടത്തിൽ എവുണോമിയസ് എവുഡോക്സിയസിൽ നിന്നകന്നു. അവർ സമ്മേളനങ്ങൾ നടത്തുന്നതു വെവ്വേറെയായി. തൻെറ ഗുരുവായ ഏസ്യൂസിനെ കൂട്ടായ്മയിലേയ്ക്കു സ്വീകരിക്കണമെന്ന് എവുണോമിയസ് ആവർത്തിച്ചാവർത്തിച്ചാവശ്യപ്പെട്ടിട്ടും എവുഡോക്സിയസ് അതു വകവച്ചിരുന്നതാണ് അകൽച്ചയ്ക്കു കാരണം. എവുഡോക്സിയസ് ഇങ്ങനെ ഒരു നിലപാടു സ്വീകരിച്ചതു് സ്വന്തം അഭിമതമനുസരിച്ചല്ല. കാരണം, അയാളുടെയും ഏസ്യൂസിൻെറയും അഭിപ്രായങ്ങൾ ഒന്നുതന്നെയായിരുന്നു.[26] ഏസ്യൂസ് തൻെറ അനുയായികളിൽ ഭൂരിപക്ഷത്തിനും അനഭിമതനായിരുന്നതിനാൽ എവുഡോക്സിയസ് അങ്ങനെ ചെയ്തുവെന്നു മാത്രം. ഇതുമൂലം അയാളും എവുണോമിയസും പിണക്കത്തിലായി. ഇതായിരുന്നു കോൺസ്റ്റാൻറിനോപ്പിളിലെ അവസ്ഥ.

അലക്സാൺഡ്രിയായിലെ സഭയാകട്ടെ എവുഡോക്സിയസ് വഴി പ്രെത്തോറിയൻ പ്രീഫെക്റ്റുമാർ അയച്ച ഒരു കല്പന മൂലം പ്രക്ഷുബ്ധാവസ്ഥയിലായിരുന്നു. അതിനാൽ അത്തനാ

---

26. 2:35

www.malankaralibrary.com



സ്യോസ് നാലുമാസക്കാലം ഒരു ശവകുടീരത്തിൽ ഒളിവിൽ കഴിഞ്ഞു. കുഴപ്പങ്ങൾക്കു കാരണക്കാരൻ താനാണെന്നു ജനങ്ങൾ തെററിദ്ധരിച്ച് അവർ വിവരക്കേടു കാണിച്ചേക്കുമെന്ന ഭയം കാരണമാണദ്ദേഹം ഇങ്ങനെ ചെയ്തതു്. ജനങ്ങൾ അദ്ദേഹത്തെ അത്രയേറെ സ്നേഹിച്ചിരുന്നതുമൂലം അദ്ദേഹത്തെ കാണാതെ വന്നപ്പോൾ അവർ കലാപമുണ്ടാക്കുമെന്നായി. ഇക്കാര്യം അറിഞ്ഞു് ചക്രവത്തി ഈജിപ്തിലെ അധികാരികൾക്കു കത്തുകൾ അയച്ചു. അത്തനാസ്യോസിനു പുറത്തുവണു് യാതൊരു ശല്യവും കൂടാതെ അലക്സാൺഡ്രിയൻ സഭയെ ഭരിക്കാൻ സൗകര്യമുണ്ടാക്കിക്കൊടുക്കണമെന്നാണ് അദ്ദേഹം കത്തുകൾ വഴി ആവശ്യപ്പെട്ടിരുന്നതു്. ഇതു് കാരണമായി അത്തനാസ്യോസിൻെറ മരണംവരെ അലക്സാൺഡ്രിയൻ സഭയിൽ സമാധാനം നിലനിന്നു. അതിനുശേഷം ആ സഭ ആര്യൻ സ്വാധീനത്തിലായി. അക്കാര്യത്തെക്കുറിച്ചു പിന്നീടു പ്രതിപാദിക്കും [27].

## അധ്യായം 14

## ഡെമോഫിലസും എവാഗ്രിയസും

വാലെൻസ് ചക്രവർത്തി വീണ്ടും കോൺസ്റ്റാൻറിനോപ്പിളിൽനിന്നു് അന്ത്യോക്യായിലേയ്ക്കു പുറപ്പെട്ടു. അതു കഴിഞ്ഞു് അധികം താമസിയാതെ എവുഡോക്സിയസ് നിര്യാതനായി. ആര്യൻ പക്ഷക്കാരനായ ആ മെത്രാൻ പത്തൊമ്പതു വഷമായി കോൺസ്റ്റാൻറിനോപ്പിളിലെ സഭയെ ഭരിച്ചുവരികയായിരുന്നു. അപ്പോൾ ആര്യൻ പക്ഷക്കാർ ഡെമോഫിലസിനെ അയാളുടെ പിൻഗാമിയാക്കി. *ഹോമോഉസിയൻ* വിശ്വാസക്കാരാകട്ടെ, ഈ സന്ദർഭം പാഴാക്കരുതെന്നു കരുതിക്കൊണ്ടു് എവാഗ്രിയസ് എന്നയാളിനെയും തെരഞ്ഞെടുത്തു. അന്ത്യോക്യായിലെ മെത്രാനായിരുന്ന എവുസ്താത്യോസ് അദ്ദേഹത്തെ ഔപചാരികമായി അഭിഷേകം ചെയ്തു. നാടുകടത്തപ്പെട്ട അദ്ദേഹത്തെ ജോവിയൻ തിരിച്ചുവിളിച്ചിരുന്നു. *ഹോമോഉസിയൻ* വിശ്വാസികളെ അവരുടെ വിശ്വാസത്തിൽ ഉറപ്പിക്കണമെന്ന ഉദ്ദേശ്യത്തോടെ അദ്ദേഹം രഹസ്യമായി കോൺസ്റ്റാൻറിനോപ്പിളിൽ വരികയാണു ചെയ്തതു്.

27. 4:21

www.malankaralibrary.com



## അധ്യായം 15

## ചക്രവർത്തി ഇടപെടുന്നു
## ആര്യന്മാർ സത്യവിശ്വാസികളെ പീഡിപ്പിക്കുന്നു

ഇത്രയും സംഭവിച്ചുകഴിഞ്ഞപ്പോഠം ആര്യൻ പക്ഷക്കാർ *ഹോമോഉസീയൻ* വിശ്വാസികളെ കൂടുതൽ കഷ്ടപ്പെടുത്തുവാൻ തുടങ്ങി. അന്ത്യോക്യായിലേയ്ക്കുള്ള യാത്രാമദ്ധ്യേ ബിത്തീനിയായിലെ നിക്കൊമേദിയാ നഗരത്തിൽ എത്തിച്ചേർന്നിരുന്ന ചക്രവർത്തി നടന്ന സംഗതികഠം അറിഞ്ഞു. കോൺസ്റ്റാൻറിനോപ്പിളിൽ കലാപങ്ങഠം ഉണ്ടാകാതിരിക്കാൻ വേണ്ടി അദ്ദേഹം ഉടനെ ഒരു സൈന്യവിഭാഗത്തെ അങ്ങോട്ടയച്ചു. എവുസ്താത്യോസിനെയും എവാഗ്രിയസിനെയും വ്യത്യസ്ത സ്ഥലങ്ങളിലേയ്ക്കു നാടുകടത്താനും ചക്രവർത്തി ഉത്തരവിട്ടിരുന്നു. അതനുസരിച്ച് എവുസ്താത്യോസ് ത്രേസിലെ ഒരു നഗരമായ ബിസ്യായിലേയ്ക്കു നാടുകടത്തപ്പെട്ടു. എവാഗ്രിയസ് മറേറതോ ഒരു സ്ഥലത്തേയ്ക്കും സംവഹിക്കപ്പെട്ടു.

ഇത്രയുമായപ്പോഠം ആര്യൻ പക്ഷത്തിനു കൂടുതൽ തൻേറടമായി. അവർ സത്യവിശ്വാസികളെ കൂടുതൽ കഠിനമായി പീഡിപ്പിക്കാൻ തുടങ്ങി. തല്ലുക, തടവിലാക്കുക, പിഴ ഈടാക്കുക തുടങ്ങി നിരവധി പീഡനമുറകഠം അവക്കെതിരെ പ്രയോഗിച്ചു. തങ്ങഠംക്കു രക്ഷ നൽകണമെന്നു് പീഡിതർ ചക്രവത്തിയുടെ പക്കൽ അഭ്യർത്ഥന സമർപ്പിച്ചു. എന്നാൽ യാതനകഠംക്കെല്ലാം കാരണക്കാരനായ ആ വ്യക്തിയുടെ മുമ്പിൽ ആ യാതനകളെക്കുറിച്ചു വർണ്ണിച്ചു കേഠംപ്പിച്ചിട്ടു് എന്തു ഫലമുണ്ടാകാനാണ്?

www.malankaralibrary.com



## അധ്യായം 16

## വൈദികർ ദഹിപ്പിക്കപ്പെടുന്നു

ഭക്തന്മാരായ എൺപതോളം വൈദികർ ചക്രവർത്തിയുടെ പക്കൽ നേരിട്ടു പരാതി സമർപ്പിക്കാൻ തീരുമാനിച്ചു. ഉർബാനൂസ്, തിയഡോർ, മെനെദെമൂസ് എന്നിവരായിരുന്നു അവരുടെ നേതാക്കന്മാർ. അവർ നിക്കൊമേദിയായിൽ ചെന്നു് ചക്രവർത്തിയെ സന്ദർശിച്ചു്, അഭ്യർത്ഥനാപരമായ ഒരു നിവേദനം സമർപ്പിച്ചു. തങ്ങൾ അനുഭവിക്കുന്ന പീഡനങ്ങളെക്കുറിച്ചു് അതിൽ വിശദമായി വിവരിച്ചിരുന്നു. ചക്രവർത്തി കോപം കൊണ്ടു ജ്വലിച്ചു. പക്ഷേ അയാൾ തൻെറ കോപം വെളിപ്പെടുത്തിയില്ല. പരാതിക്കാരെ പിടിച്ചു കൊന്നു കളയാനായി പ്രീഫെക്ടായ മൊദെസ്തുസിനു് ഒരു രഹസ്യ നിർദ്ദേശം കൊടുക്കുകയാണ് അയാൾ ചെയ്തതു്. അവരുടെ വധത്തിൻെറ സമ്പ്രദായം വളരെ അസാധാരണമായിരുന്നതു കൊണ്ടു് ഇവിടെ രേഖപ്പെടുത്തേണ്ടിയിരിക്കുന്നു.

അത്രയേറെ വൈദികരെ പരസ്യമായി വധിച്ചാൽ ജനങ്ങൾ ഭയങ്കരമായ കലാപമുണ്ടാക്കുമെന്നു് പ്രീഫെക്ട് ഭയപ്പെട്ടു. അതിനാൽ അവരെയെല്ലാം നാടുകടത്താൻ പോവുകയാണെന്നു് അയാൾ ഭാവിച്ചു. വൈദികർ തങ്ങളുടെ വിധി മനസ്സുറപ്പോടു കൂടിത്തന്നെ സ്വീകരിച്ചു. ഈ വൈദികരെ വിവിധ സ്ഥലങ്ങളിൽ കൊണ്ടുപോയി നാടുകടത്താൻ പോവുകയാണെന്ന ഭാവേന കപ്പലിൽ കയററി കടലിനു നടുക്കു ചെല്ലുമ്പോൾ കപ്പലിനു തീ വയ്ക്കണം എന്നു് പ്രീഫെക്ട് ജോലിക്കാർക്കു് രഹസ്യനിർദ്ദേശം നൽകി. വൈദികർക്കു് ആചാരപരമായ ശവസംസ്കാരം പോലും കിട്ടാതിരിക്കാനും ഈ നടപടി ഉതകുമല്ലോ.

നിർദ്ദേശമനുസരിച്ചു തന്നെ കപ്പൽ ജോലിക്കാർ പ്രവർത്തിച്ചു. കപ്പൽ അസ്റ്റാസീയൻ ഉൾക്കടലിൻെറ മദ്ധ്യഭാഗത്തു് എത്തിയപ്പോൾ അവർ തങ്ങളെ പിന്തുടർന്നിരുന്ന ഒരു ബാർക്കിൽ കയറിക്കൂടിയിട്ടു് കപ്പലിനു തീ കൊളുത്തി. അല്പം കഴിഞ്ഞപ്പോൾ കിഴക്കു നിന്നു് ശക്തിയായൊരു കാററു വീശി. കപ്പൽ കാററിൽപ്പെട്ടു് ഡാസിഡിസുസ് എന്ന തുറമുഖത്തിനു

www.malankaralibrary.com



സമീപം ചെന്നെത്തി. അവിടെ കടലിൽ വച്ച് ആ കപ്പൽ അതിൽ അടയ്ക്കപ്പെട്ടിരുന്ന വൈദികരോടൊപ്പം കത്തിയെരിഞ്ഞു് വെള്ളത്തിൽ താഴ്ന്നു.

ഈ ഹീനകൃത്യത്തിന്ന് തക്കതായ ശിക്ഷയും ഉണ്ടായി എന്നു് പലരും പറയുന്നു. അതിനെത്തുടർന്നു് ഫ്രീജിയാ പ്രദേശം മുഴുവൻ ഭയങ്കരമായ ക്ഷാമം ബാധിച്ചു. ജനങ്ങളിൽ ഭൂരിഭാഗത്തിനും കുറെക്കാലത്തേയ്ക്കു നാടുവിട്ടു പോകേണ്ടിവന്നു. ചിലർ കോൺസ്റ്റാൻറിനോപ്പിളിലേയ്ക്കും ചിലർ മററു സ്ഥലങ്ങളിലേയ്ക്കും പോയി. കോൺസ്ററാൻറിനോപ്പിളിലെത്തിയവർക്കു വലിയ വിഷമമുണ്ടായില്ല. കടൽ വഴി വന്നു ചേരുന്ന വിവിധ വിഭവങ്ങളുടെ സമൃദ്ധി അവിടെയുണ്ടു്. അതിനടുത്തു കിടക്കുന്ന എവുക്സീൻ പ്രദേശം കോതമ്പു വിളവിനു പ്രസിദ്ധവുമാണ്.

## അധ്യായം 17

# വാലെൻസ് ചക്രവർത്തി പീഡനം തുടരുന്നു

ക്ഷാമം മൂലമുള്ള കെടുതികളിലൊന്നും ചക്രവർത്തിക്കു കുലുക്കമുണ്ടായില്ല. അയാരം സിറിയായിലെ അന്ത്യോക്യയിലേക്കു പോയി. അവിടെ താമസിക്കുന്ന കാലത്തു് ആര്യൻ സിദ്ധാന്തങ്ങരം സ്വീകരിക്കാത്തവരെയെല്ലാം കഠിനമായി പീഡിപ്പിച്ചു. *ഹോമോഉസിയോൻ* സിദ്ധാന്തത്തിൽ വിശ്വസിച്ചിരുന്നവരെയെല്ലാം പൗരസ്ത്യദേശത്തെ പള്ളികളിൽ നിന്നു് അയാരം ബഹിഷ്കരിച്ചു. അവരെ പലതരത്തിൽ പീഡിപ്പിക്കുകയും ചെയ്തു. പണ്ടത്തേതിലും കൂടുതൽ ആളുകളെ വധിപ്പിച്ചു. പലതരം വധസമ്പ്രദായങ്ങളിൽ, നദിയിൽ മുക്കിക്കൊല്ലുന്നതായിരുന്നു പ്രധാനം.

www.malankaralibrary.com



## അധ്യായം 18

## എഡേസ്സായിലെ സംഭവങ്ങൾ: ഭക്തസ്ത്രീയുടെ ധൈര്യം

മെസോപ്പൊട്ടേമിയായിലെ എഡേസ്സായിൽ നടന്ന ചില സംഭവങ്ങൾ ഇവിടെ പരാമർശിക്കേണ്ടിയിരിക്കുന്നു. ആ നഗരത്തിൽ അതിമനോഹരമായ ഒരു പള്ളിയുണ്ട്. അത് മാർ തോമാശ്ലീഹായ്ക്കു സമർപ്പിച്ചിട്ടുള്ളതത്രേ. സ്ഥലത്തിന്റെ വിശുദ്ധി കാരണം അവിടെ മതപരമായ കൂട്ടങ്ങൾ നിരന്തരം നടന്നുകൊണ്ടിരിക്കും. ആ പള്ളി സന്ദർശിക്കാനും പരിശോധിക്കാനും ചക്രവർത്തി തീരുമാനിച്ചു. അവിടെ സമ്മേളിക്കുന്നവർ തനിക്കഭിമതമായ പാഷണ്ഡതയെ എതിർക്കുന്നവരാണെന്ന് അയാൾ കേട്ടു. ആ ദേവാലയത്തിൽനിന്ന് അനാര്യ വിശ്വാസികളെയെല്ലാം ബഹിഷ്കരിക്കാത്തതിന്റെ പേരിൽ അയാൾ ആ സ്ഥലത്തെ പ്രീഫെക്റ്റിനെ സ്വന്തം കൈകൊണ്ട് അടിച്ചു എന്നു പറയപ്പെടുന്നു. ഏതായാലും അതിനുശേഷം പ്രീഫെക്റ്റ് വലുതായ വൈമനസ്യത്തോടെയാണെങ്കിലും ചക്രവർത്തിയുടെ ഇംഗിതത്തിനു വഴങ്ങാൻ തീരുമാനിച്ചു. വളരെയധികമാളുകൾ കൊല്ലപ്പെടുന്ന ഒരു സാഹചര്യം അയാൾ ആഗ്രഹിച്ചില്ല. അതിനാൽ സത്യവിശ്വാസികളാരും തല്ക്കാലം പള്ളിയിൽ വരരുതെന്ന് ഒരു രഹസ്യനിർദ്ദേശം അയാൾ അവർക്കു നൽകി. എന്നാൽ പ്രീഫെക്റ്റിന്റെ നിർദ്ദേശം ആരും ഗൗനിച്ചില്ല. അടുത്ത ദിവസം എല്ലാവരും പള്ളിയിൽ ഒരുമിച്ചുകൂടി ചക്രവർത്തിയുടെ കോപപ്രേരിതമായ നിർദ്ദേശമനുസരിച്ച് പ്രീഫെക്റ്റ് വലിയ ഒരു സൈന്യത്തോടുകൂടി പള്ളിയിലേയ്ക്കു പുറപ്പെട്ടു. ആ സമയത്ത് ഒരു പാവപ്പെട്ട സ്ത്രീ അവളുടെ കുഞ്ഞിനെയും കൈയ്ക്കു പിടിച്ചുകൊണ്ട് സൈന്യനിരയുടെ ഇടയ്ക്കു കയറി തിടുക്കത്തിൽ പോകുന്നതു കണ്ടു. അതുകണ്ട് പ്രീഫെക്ടിനു് അരിശം വന്നു. അദ്ദേഹം ആ സ്ത്രീയോടു ചോദിച്ചു: ''മര്യാദകെട്ടവളേ, ഇത്ര വകതിരിവില്ലാത്ത രീതിയിൽ നീ എങ്ങോട്ടാണോടുന്നത്?'' അവൾ മറുപടി പറഞ്ഞു, ''എല്ലാവരും തിടുക്കപ്പെട്ടു പോകുന്നിടത്തേക്കു തന്നെ.'' പ്രീഫെക്റ്റ് വീണ്ടും ചോദിച്ചു: ''പള്ളിയിൽ കാണുന്നവരെയെല്ലാം കൊല്ലാൻ പ്രീഫെക്റ്റ് തീരുമാനിച്ചിരിക്കുന്ന കാര്യം നീ അറിഞ്ഞില്ലേ?'' ആ സ്ത്രീ പറഞ്ഞു, ''അവരുടെകൂടെ മരിക്കാനുള്ള സന്ദർഭം നഷ്ടപ്പെടരുതെന്നു വിചാരിച്ചാണ് ഞാൻ

www.malankaralibrary.com



ഓടിപ്പോകുന്നത്." "നീ ഈ കുഞ്ഞിനെ വലിച്ചുകൊണ്ടു പോകുന്നതെന്തിനാണ്?" എന്നു പ്രീഫെക്റ്റ് ചോദിച്ചു. സ്ത്രീ മറുപടി പറഞ്ഞു, "രക്തസാക്ഷിയാകാനുള്ള സൗഭാഗ്യം അവനും ലഭിക്കണം."

ഈ മറുപടി കേട്ടപ്പോൾ പള്ളിയിൽ സമ്മേളിച്ചിട്ടുള്ളവരെല്ലാം ഇതുപോലെ രക്തസാക്ഷിത്വം വരിക്കാനുള്ള ദൃഢ നിശ്ചയത്തോടുകൂടി വന്നവരായിരിക്കുമെന്ന് പ്രീഫെക്റ്റ്, അനുമാനിച്ചു അദ്ദേഹം ഉടൻതന്നെ ചക്രവർത്തിയുടെ പക്കലേക്കു തിരിച്ചുപോയി, എല്ലാവരും അവരുടെ വിശ്വാസത്തിനുവേണ്ടി മരിക്കാൻ തയാറായിരിക്കുകയാണെന്നറിയിച്ചു; അത്രയധികം ആളുകളെ ഒരേസമയത്തു കൊന്നൊടുക്കുന്നത് പരിഹാസ്യമായിപ്പോകും എന്ന് ചക്രവർത്തിയെ ഉപദേശിക്കുകയും ചെയ്തു. അങ്ങനെ ചക്രവർത്തിയെ സ്വന്തം കോപം നിയന്ത്രിക്കാൻ അദ്ദേഹം പ്രാപ്തനാക്കി. ഇപ്രകാരമാണ് എഡേസ്സായിലെ വിശ്വാസികൾ ചക്രവർത്തിയുടെ കല്പനയനുസരിച്ചു കൂട്ടക്കൊല ചെയ്യപ്പെടുന്നതിൽനിന്നു രക്ഷപെട്ടത്.

## അധ്യായം 19

## ചക്രവർത്തിയുടെ ഒരു മൂഢകൃത്യം

ഈ സന്ദർഭത്തിൽ ചക്രവർത്തിയുടെ ക്രൂരസ്വഭാവത്തെ പിശാച് ഒരു വല്ലാത്ത സമ്പ്രദായത്തിൽ ഉപയോഗപ്പെടുത്തി. വിചിത്രസ്വഭാവമുള്ള ചിലയാളുകൾ ചേർന്ന് വാലെൻസ് ചക്രവർത്തിയുടെ പിൻഗാമി ആരായിരിക്കും എന്നതിനെ സംബന്ധിച്ച് മന്ത്രവാദികളെക്കൊണ്ടു പ്രശ്നം വയ്പിച്ചു. അവരുടെ മന്ത്രവാദപരമായ പ്രശ്നങ്ങൾക്കു പിശാചു നൽകിയ മറുപടികൾ അവ്യക്തവും ചിന്താക്കുഴപ്പമുണ്ടാക്കുന്നതുമായിരുന്നു. "തെയൊഡ്'" (Theod) [28] കൊണ്ടാരംഭിക്കുന്ന പേരുള്ള ഒരാളായിരിക്കും പിൻഗാമി എന്ന് പിശാച് വെളിപ്പെടുത്തി. നാമം ഒരു സമാസശബ്ദമായിരിക്കുമെന്നും അവൻ വ്യക്തമാക്കി.

---

28. TH-E-O-D- എന്നീ അക്ഷരങ്ങൾ കൊണ്ട് ആരംഭിക്കുന്ന പേരുള്ള ഒരാൾ

www.malankaralibrary.com



ഈ പ്രശ്നഫലത്തെക്കുറിച്ചു കേട്ടപ്പോൾ ഭാവികാര്യങ്ങൾ നിശ്ചയിക്കുന്ന ഏകാ അധികാരിയായ ദൈവത്തെ ആശ്രയിക്കാനല്ല ചക്രവർത്തി ഒരുങ്ങിയതു്. താൻ വിശ്വസിക്കയും അംഗീകരിക്കുകയും ചെയ്യുമെന്നു് പ്രഖ്യാപിച്ചിട്ടുള്ള ക്രൈസ്തവതത്വങ്ങൾക്കെല്ലാം വിരുദ്ധമായ രീതിയിൽ ചക്രവർത്തിപദം ആഗ്രഹിക്കുന്നുവെന്നു തനിക്കു സംശയം തോന്നിയ സകലരെയും കൊന്നുകളയാൻ അയാൾ കല്പനയായി. തെയൊഡോർ, തെയൊഡോട്ടസ്, തെയൊഡോഷ്യസ്, തെയൊഡുളസ് തുടങ്ങിയ പേരുകളുള്ളവർക്കെല്ലാം ഇപ്രകാരം ചക്രവർത്തിയുടെ മൂഢഭീതിക്കിരയായി ജീവൻ വെടിയേണ്ടി വന്നു. തെയൊഡോസ്യോളസ് എന്നു പേരുള്ള അതിധീരനായ ഒരു മനുഷ്യനും ഈ വിധത്തിൽ ദുരന്തഗ്രസ്തനായി. അയാൾ ഒരു സ്പാനിഷ് പ്രഭുകുടുംബത്തിലെ സന്താനമായിരുന്നു. ഈ വല്ലാത്ത വിപത്തിൽ നിന്നു രക്ഷപെടാൻ വേണ്ടി പലയാളുകളും അവരുടെ പേരുകൾ മാററി. കുഞ്ഞുന്നാളിൽ കാരണവന്മാർ വാത്സല്യപൂർവ്വം നൽകിയ പേരുകൾ അങ്ങനെ പലർക്കും ഉപേക്ഷിക്കേണ്ടി വന്നു.

## അധ്യായം 20

# അത്തനാസ്യോസിൻെറ നിര്യാണം

അലക്സാൺഡ്രിയായിലെ മെത്രാനായിരുന്ന അത്തനാസ്യോസ് ജീവിച്ചിരുന്ന കാലത്തോളം ചക്രവർത്തി ദൈവപരിപാലനയാൽ ഈജിപ്തിനെയും അലക്സാൺഡ്രിയയെയും ശല്യപ്പെടുത്താതെ വിട്ടു നിന്നു എന്നു പറയേണ്ടിയിരിക്കുന്നു. അത്തനാസ്യോസിനോടു് അഗാധമായ സ്നേഹാദരങ്ങളുള്ള ജനങ്ങളുടെ സംഖ്യ വളരെയധികമാണെന്നു ചക്രവർത്തിക്കറിയാമായിരുന്നു. അലക്സാൺഡ്രിയക്കാർ വേഗം കോപാധീനരാവുകയും വേണ്ടിവന്നാൽ കലാപത്തിനു മുതിരുകയും ചെയ്യുന്ന കൂട്ടരാണെന്നും അയാൾ മനസ്സിലാക്കിയിരുന്നു. അതിനാൽ അത്തനാസ്യോസിനു് അനിഷ്ടം വരുത്തി ഭരണത്തിനു കുഴപ്പം ക്ഷണിച്ചു വരുത്താതിരിക്കാൻ ചക്രവത്തി ശ്രദ്ധിച്ചു. സഭയ്ക്കു വേണ്ടി നിരന്തരമായും തീക്ഷ്ണമായും ദീർഘകാലം പോരാടിയതിനുശേഷം ഗ്രേഷ്യൻെറയും പ്രോബൂസിൻെറയും രണ്ടാമത്തെ കോൺസുളേററിൻെറ കാലത്തു് അത്തനാസ്യോസ് ദിവംഗത

www.malankaralibrary.com



നായി. ഏററവും വലിയ അപകടങ്ങളുടെ മദ്ധ്യത്തിലൂടെ അദ്ദേഹം സഭയെ നാല്പത്താറുവർഷം നയിച്ചു. ഭക്തനും വാഗ്മിയുമായ പീററിനെയാണ് അദ്ദേഹം തന്റെ പിൻഗാമിയാക്കിയത്.

## അധ്യായം 21

# അലക്സാൺഡ്രിയ ആര്യൻ അധീനതയിൽ

ചക്രവർത്തിയുടെ മതപരമായ അനുഭാവം ഏതു വഴിക്കാണെന്ന് ഇതിനിടെ സംശയാതീതമാംവിധം സ്പഷ്ടമായിക്കഴിഞ്ഞിരുന്നു. അതിനാൽ ആര്യൻ പക്ഷക്കാരുടെ തന്റേടം വർദ്ധിച്ചു. അപ്പോഠം അന്ത്യോക്യായിൽ നിവസിക്കുകയായിരുന്ന ചക്രവർത്തിയെ അവർ അലക്സാന്ത്രിയായിലെ സ്ഥിതിഗതികഠം ധരിപ്പിച്ചു. അന്ത്യോക്യായിലെ ആര്യൻ സഭാനേതാവായിരുന്ന എവുസോയിയുസ് ഈ സന്ദർഭം ശരിക്കും ഉപയോഗിക്കണമെന്നു തീരുമാനിച്ചു. അലക്സാൺഡ്രിയായിൽ ചെന്ന് ആര്യൻ പക്ഷക്കാരനായ ലൂഷ്യസിനെ അവിടത്തെ സഭയുടെ അധിപനാക്കാൻ, തന്നെ അനുവദിക്കണമെന്ന് അയാഠം ചക്രവത്തിയോട് അപേക്ഷിച്ചു. ചക്രവത്തി അഭ്യത്ഥന സ്വീകരിച്ചു. ചക്രവർത്തിയുടെ ഒരു സേനാവിഭാഗത്തോടൊപ്പം എവുസോയിയുസ് അലക്സാൺഡ്രിയായിലേയ്ക്കു പുറപ്പെട്ടു. ചക്രവർത്തിയുടെ കോശാദ്ധ്യക്ഷനായ മാഗ്നുസും അയാളോടൊപ്പം ഉണ്ടായിരുന്നു. ഇവർക്ക് വേണ്ട സൈനികപിന്തുണ നൽകണമെന്ന് ഈജിപ്തിലെ ഗവർണ്ണറായ പല്ലാഡിയസിനോട് ആവശ്യപ്പെടുന്ന ഒരു കല്പനയും ചക്രവത്തി നല്കിയിരുന്നു. എവുസോയിയുസും കൂട്ടരും പീററിനെ പിടിച്ചു തടവിലാക്കുകയും ലൂഷ്യസിനെ അലക്സാന്ത്രിയായിലെ മെത്രാസനത്തിൽ അവരോധിക്കുകയും ചെയ്തു.

www.malankaralibrary.com



## അധ്യായം 22

# ഈജിപ്തിലെ ദുരന്തസംഭവങ്ങൾ

ലൂഷ്യസിൻെറ അവരോധത്തിനു ശേഷം ആര്യൻ പക്ഷക്കാർ വിശ്വാസികളോടു ചെയ്ത കൊടും ക്രൂരതകളെക്കുറിച്ച് സബീനൂസ് തികഞ്ഞ മൗനം പാലിക്കുകയാണ്. ഭാഗികമായി ആര്യൻ പക്ഷപാതിയായ ആ ചരിത്രകാരൻ തൻെറ പക്ഷക്കാരുടെ അതിക്രമങ്ങൾ മനഃപൂർവ്വം മറച്ചുവച്ചു എന്നതാണു വസ്തുത. എന്നാൽ മെത്രാനായ പീററർ ജയിലിൽനിന്നു രക്ഷപെട്ടതിനുശേഷം പലർക്കും എഴുതിയ നിരവധി കത്തുകളിൽ ഈ വിവരം വിശദമായി വിവരിച്ചിട്ടുണ്ട്.

പീററർ മെത്രാൻ എങ്ങനെയോ തടവിൽനിന്നു രക്ഷപെട്ട് റോമിലെ മെത്രാനായ ദമാസൂസിൻെറ പക്കൽ എത്തിച്ചേർന്നു. ആര്യന്മാർ അലക്സാണ്ഡ്രിയൻ പ്രദേശത്ത് സംഖ്യയിൽ അധികമില്ലായിരുന്നെങ്കിലും രാജകീയ പിന്തുണയോടുകൂടി ആ പ്രദേശത്തെ പള്ളികളെല്ലാം കൈവശപ്പെടുത്തി. തുടർന്ന്, ഹോമോഉസിയൻ വിശ്വാസികളെയും ലൂഷ്യസിന് അനിഷ്ടം തോന്നുന്ന സകലരെയും ഈജിപ്ററിൽനിന്നു ബഹിഷ്കരിക്കാൻ ഈജിപ്ററിലെ ഗവർണ്ണറോടാവശ്യപ്പെടുന്ന ഒരു കല്പന ചക്രവർത്തിയിൽനിന്നു സമ്പാദിക്കുകയും ചെയ്തു. അതിനെത്തുടർന്ന് മരുഭൂമിയിലെ സന്യാസസ്ഥാപനങ്ങളെ ആര്യൻ പക്ഷക്കാർ കണ്ടമാനം ദ്രോഹിച്ചു. ആയുധധാരികളായ പട്ടാളക്കാർ നിരായുധരും നിസ്സഹായരുമായ സന്യാസികളുടെമേൽ ചാടിവീണു. എതിർക്കുന്നതിനായി ഒരു ചെറുവിരൽപോലും അനക്കുകയില്ലാത്ത ആ സാത്വികരെ വർണ്ണനാതീതമായ കിരാതക്രൗര്യത്തോടെ അവർ കൂട്ടക്കൊല ചെയ്തു.

www.malankaralibrary.com



## അധ്യായം 23

# ഏകാന്തവാസികളായ ചില സന്യാസിമാർ

ഈജിപ്റ്റിലെ സന്യാസാശ്രമങ്ങളെക്കുറിച്ച് ഇതിനുമുമ്പൊരിടത്തു ഞാൻ പറഞ്ഞല്ലോ. അതിനാൽ അവയെക്കുറിച്ച് ചുരുക്കമായി ഇവിടെ പ്രതിപാദിക്കുന്നതു് ഉചിതമായിരിക്കും. അവ വളരെ നേരത്തേതന്നെ സ്ഥാപിതമായിരിക്കണം. എന്നാൽ ആ പ്രസ്ഥാനത്തിനു വലുതായ പ്രോത്സാഹനവും വികാസവും നൽകിയതു ആമോൻ എന്നു പേരുള്ള ഭക്തനായ ഒരു വ്യക്തിയാണ്. ചെറുപ്പത്തിൽത്തന്നെ അദ്ദേഹത്തിനു വിവാഹജീവിതത്തോട് അനാസക്തിയായിരുന്നു. എന്നാൽ ചില ബന്ധുക്കളുടെയും സുഹൃത്തുക്കളുടെയും നിർബന്ധത്തിനു വഴങ്ങി വിവാഹം ചെയ്തു. എന്നാൽ വിവാഹദിവസം ആഘോഷങ്ങളും സത്കാരങ്ങളുമെല്ലാം കഴിഞ്ഞു് കന്യകയായ വധുവുമൊത്തു് മണിയറയിൽ പ്രവേശിച്ചു കഴിഞ്ഞപ്പോൾ പൗലോസ് ശ്ലീഹാ കൊറിന്ത്യക്കാർക്കെഴുതിയ ലേഖനം എടുത്തു് അതിലെ ഒരു ഭാഗം വധുവിനെ വായിച്ചു കേൾപ്പിക്കുകയാണ് അദ്ദേഹം ചെയ്തതു്. ശ്ലീഹാ വിവാഹിതർക്കു നൽകുന്ന ശാസനങ്ങളടങ്ങിയ ഭാഗമായിരുന്നു അതു്. ബാഹ്യമായ അനേകം അസൗകര്യങ്ങൾ എടുത്തുകാട്ടിയതിനുശേഷം ദാമ്പത്യബന്ധത്തിൽ നിന്നുളവാകുന്ന അനേകം അസൗകര്യങ്ങളെയും ബുദ്ധിമുട്ടുകളെയും കുറിച്ച് അദ്ദേഹം വിവരിച്ചു. ഗർഭധാരണക്ലേശം, പ്രസവവേദന, കുഞ്ഞുങ്ങളെ വളർത്തുന്നതിന്റെ കഷ്ടപ്പാടുകൾ എല്ലാം വർണ്ണിച്ചു. അവയോടു തട്ടിച്ചു നോക്കുമ്പോൾ ബ്രഹ്മചര്യത്തിന്റെ മാഹാത്മ്യവും കുടുംബ ബന്ധമില്ലായ്മയുടെ സ്വാതന്ത്ര്യവും എത്ര ആശാസ്യമാണെന്ന് എടുത്തുകാട്ടി. കന്യാത്വം മനുഷ്യവ്യക്തികളെ ദൈവത്തോട് ഏററവും അടുപ്പിക്കുന്നു എന്നും ചൂണ്ടിക്കാട്ടി. അതിനാൽ ശാരീരിക ബന്ധത്തിൽ ഏർപ്പെടാതെ ബ്രഹ്മചര്യജീവിതം നയിക്കാൻ അദ്ദേഹം വധുവിനെ സമ്മതിപ്പിച്ചു. ഇങ്ങനെ ഒരു തീരുമാനത്തിൽ എത്തിയതിനുശേഷം അവർ നിത്രിയൻ മലയിലേക്കു പുറപ്പെട്ടു. അവിടെ, തങ്ങൾ സ്ത്രീപുരുഷന്മാരാണെന്ന ചിന്ത വെടിഞ്ഞു് 'ക്രിസ്തുവിൽ ഒന്നായി' ഒരു കുടിലിൽ അവർ

www.malankaralibrary.com



സന്ന്യാസജീവിതം നയിച്ചു.[29] എന്നാൽ ഏതാനും നാരം കഴിഞ്ഞപ്പോൾ വധു അദ്ദേഹത്തോടു പറഞ്ഞു: 'ബ്രഹ്മചര്യം പാലിക്കുന്ന സ്ത്രീപുരുഷന്മാരായ നമ്മൾ ഒരു കുടിലിൽ ഒരുമിച്ചു താമസിക്കുന്നതു് ഉചിതമല്ല. അതിനാൽ നമുക്കു് വെവ്വേറെ സ്ഥലങ്ങളിൽ പാർത്തുകൊണ്ടു് സന്ന്യാസജീവിതം തുടരാം.'

ഈ അഭിപ്രായമനുസരിച്ചു് അവർ വെവ്വേറെ താമസിക്കാൻ തുടങ്ങി. പിന്നെ മരണംവരെ അങ്ങനെ തന്നെയാണവർ ജീവിച്ചതു്. അവർ വീഞ്ഞോ എണ്ണയോ ഉപയോഗിച്ചിരുന്നില്ല. ഉണങ്ങിയ അപ്പം മാത്രം ഭക്ഷിച്ചു. ചിലപ്പോൾ ഒരു ദിവസംമുഴുവൻ, ചിലപ്പോൾ രണ്ടു ദിവസം, ചിലപ്പോൾ അതിലുമധികം തുടർച്ചയായി ഉപവാസം അനുഷ്ഠിച്ചു.

അത്തനാസ്യോസ് 'അന്തോണിയുടെ ജീവചരിത്ര'ത്തിൽ അന്തോണിയുടെ സമകാലികനായിരുന്ന ആമോൻ എന്നു രേഖപ്പെടുത്തിയിട്ടുണ്ടു്.[30] ആമോൻ ദിവംഗതനായപ്പോൾ അദ്ദേഹത്തിന്റെ ആത്മാവിനെ മാലാഖാമാർ സ്വർഗ്ഗത്തിലേയ്ക്കു സംവഹിക്കുന്നതായി അന്തോണി കണ്ടു എന്നും അത്തനാസ്യോസ് രേഖപ്പെടുത്തുന്നു.

വളരെയധികം ആളുകൾ ആമോന്റെ ജീവിതരീതി അനുകരിക്കാൻ തുടങ്ങി. താമസിയാതെ നിത്രിയായിലെയും ഷേതിലെയും മലമ്പ്രദേശങ്ങൾ മുഴുവൻ സന്ന്യാസിമാരെക്കൊണ്ടു നിറഞ്ഞു. അവരുടെ ചരിത്രങ്ങൾ വിവരിക്കാൻ പ്രത്യേകം ഒരു പുസ്തകം തന്നെ വേണ്ടിവരും.

വ്യക്തിമഹത്ത്വവും പുണ്യപൂർണ്ണതയുമുള്ള അനേകം വ്യക്തികൾ അവരുടെയിടയിൽ ഉണ്ടായിരുന്നു. കർശനമായ ആത്മനിയന്ത്രണത്തോടും അപ്പസ്തോലികമായ വിശ്വാസതീക്ഷ്ണതയോടും കൂടെയാണു് അവർ ജീവിച്ചിരുന്നതു്. രേഖപ്പെടുത്താൻ യോഗ്യമായ അനേകം കാര്യങ്ങൾ അവർ പറയുകയും പ്രവർത്തിക്കുകയും ചെയ്തിട്ടുണ്ടു്. അതിനാൽ അവയിൽ ചില കാര്യങ്ങൾ വായനക്കാരുടെ അറിവിനായി രേഖപ്പെടുത്തുന്നതു് ഉപയോഗപ്രദമായിരിക്കുമെന്നു ഞാൻ കരുതുന്നു.

---

29. ഗലാ. 3:28: തിയഡൊറെററ് (സഭാചരിത്രം, 4:12) ഈ സംഭവം പെലാജിയസുമായി ബന്ധപ്പെടുത്തിയാണു പറയുന്നതു്.

30. 60: ജി. ചേടിയത്തു്, സന്ന്യാസത്തിന്റെ അന്തർധാര, പേ. 70–72.

www.malankaralibrary.com



ആമോൻ ഒരിക്കലും നഗ്നനായിരുന്നിട്ടില്ല എന്നാണു പറയപ്പെടുന്നത്. 'ഒരു സന്യാസി സ്വന്തം നഗ്നശരീരംപോലും കാണുന്നതു് ഉചിതമല്ല' എന്നു് അദ്ദേഹം പറയുമായിരുന്നു. ഒരിക്കൽ അദ്ദേഹത്തിനു് ഒരു നദി കടക്കേണ്ടിവന്നു. വസ്ത്രങ്ങൾ അഴിക്കാൻ അദ്ദേഹത്തിനു് സമ്മതമല്ലായിരുന്നു. തൻെറ വ്രതം ലംഘിക്കാതെ നദി കടക്കാൻ സഹായിക്കണമേ എന്നു് അദ്ദേഹം ദൈവത്തോടു പ്രാർത്ഥിച്ചു. ഉടനെതന്നെ ഒരു മാലാഖാ വന്നു് അദ്ദേഹത്തെ എടുത്തു് ആറിൻെറ മറുകരയിൽ എത്തിച്ചു.

ദിദിമൂസ് എന്നു പേരുള്ള മററൊരു സന്യാസി തികഞ്ഞ ഏകാന്തതയിൽത്തന്നെ തൊണ്ണൂറു വയസ്സുവരെ ജീവിച്ചു മരിച്ചു[31]. അർസേനിയസ് എന്ന മററൊരു സന്യാസി ചെറുപ്പക്കാരായ കററക്കാരെ സഭാസമൂഹത്തിൽനിന്നു് അകററാൻ സമ്മതിക്കുമായിരുന്നില്ല. പ്രായമായവരെ അകററാൻ സമ്മതവുമായിരുന്നു. അദ്ദേഹം പറയുമായിരുന്നു: ''ഒരു ചെറുപ്പക്കാരനെ സമൂഹത്തിൽനിന്നു ബഹിഷ്കരിച്ചാൽ അവൻെറ മനസ്സു കടുക്കും. എന്നാൽ സമൂഹബഹിഷ്കരണം പ്രായമായ ആളിൻെറ മനസ്സിനെ സ്പർശിക്കും.'' പിയോർ എന്ന സന്യാസി, നടക്കുന്ന വഴിക്കു ഭക്ഷിക്കുക പതിവായിരുന്നു. 'എന്താണിങ്ങനെ ചെയ്യുന്നതു'' എന്നു് ഒരാൾ ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു, ''ഭക്ഷണം വളരെ പ്രധാനപ്പെട്ട ഒരു കാര്യമല്ല, വഴിക്കു ചെയ്യാവുന്നതാണ് എന്നു് ആളുകളെ മനസ്സിലാക്കാൻ വേണ്ടിയാണിതു്.'' അതേ ചോദ്യം മററൊരാൾ ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു, ''ഭക്ഷണത്തിൻെറ ശാരീരികസുഖാനുഭവം ഒരിക്കലും മനസ്സിൽ പതിയാതിരിക്കാൻ വേണ്ടി.''

'കഴിഞ്ഞ നാല്പതു വർഷമായി വിചാരം കൊണ്ടുപോലും ഞാൻ ഒരു പാപം ചെയ്തിട്ടില്ല. കോപത്തിനും കാമത്തിനും ഞാൻ ഒരിക്കലും വഴങ്ങിയിട്ടില്ല' എന്നു് ഇസിദോർ എന്ന സന്യാസി അവകാശപ്പെട്ടു. പംബോസ് എന്ന സന്യാസി ഒരു നിരക്ഷരനായിരുന്നു. ഒരു സങ്കീർത്തനം പഠിപ്പിച്ചുതരണം എന്ന അഭ്യർത്ഥനയുമായി അദ്ദേഹം ഒരാളെ സമീപിച്ചു. 39-ാം സങ്കീർത്തനത്തിൻെറ ആദ്യവരികൾ കേട്ടപ്പോഴേ അദ്ദേഹം അവിടെനിന്നു മടങ്ങി. ''ഇതുമതി. ഇതനുസരിച്ചു ജീവിച്ചാൽ ധാരാളം മതി'' എന്നു് അദ്ദേഹം പറഞ്ഞു, ''ഞാൻ പറഞ്ഞു, നാവുകൊണ്ടു പാപം ചെയ്യാതിരിക്കാൻ എൻെറ വഴികൾ ഞാൻ ശ്രദ്ധിക്കും'' എന്നതായിരുന്നു ആ സങ്കീർത്തനഭാഗം. ആ സങ്കീ

31. 4:25 കാണുക.

www.malankaralibrary.com



ത്തനഭാഗം പഠിപ്പിച്ചയാൾ ആറുമാസം കഴിഞ്ഞപ്പോൾ അദ്ദേഹത്തെ വീണ്ടും കണ്ടുമുട്ടി. വീണ്ടും തന്നെക്കാണാൻ വരാത്തതിൽ അയാൾ അദ്ദേഹത്തെ കുറ്റപ്പെടുത്തി. താൻ പഠിച്ചഭാഗം ശരിക്കു പ്രയോഗത്തിലാക്കിക്കഴിഞ്ഞില്ല എന്നായിരുന്നു അദ്ദേഹത്തിന്റെ ഉത്തരം. കുറെക്കാലങ്ങൾക്കുശേഷം ആ ഭാഗം ശരിക്കു സ്വാധീനമാക്കിയോ എന്ന് ഒരു സുഹൃത്ത് അദ്ദേഹത്തോടു ചോദിച്ചു. മറുപടി ഇങ്ങനെയായിരുന്നു: ''കഴിഞ്ഞ പത്തൊമ്പതു വർഷത്തെ പ്രയത്നംകൊണ്ട് ആ വിഷയത്തിൽ അപൂർണ്ണ സാഫല്യമേ ലഭിച്ചിട്ടുള്ളു.''

ഒരാൾ പാവങ്ങൾക്കു വിതരണം ചെയ്യാൻ വേണ്ടി കുറെ സ്വർണ്ണനാണയങ്ങൾ അദ്ദേഹത്തെ ഏല്പിച്ചിട്ട് എണ്ണിനോക്കാൻ ആവശ്യപ്പെട്ടു. അദ്ദേഹം പറഞ്ഞു, ''എണ്ണി നോക്കേണ്ട ആവശ്യമൊന്നുമില്ല; മനസ്സിൽ സത്യസന്ധത ഉണ്ടായാൽ മതി.'' ഈ പംബോസ് തന്നെ ഒരിക്കൽ മെത്രാനായ അത്തനാസ്യോസ് ആവശ്യപ്പെട്ടതനുസരിച്ച് മരുഭൂമിയിൽ നിന്ന് അലക്സാൺഡ്രിയയിൽ വന്നു. അവിടെവച്ച് ഒരു നർത്തകിയെ കണ്ടപ്പോൾ അദ്ദേഹം കരഞ്ഞു. കരയാൻ കാരണമെന്തെന്ന് കാണികൾ കൗതുകപൂർവ്വം ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: ''രണ്ടു കാരണങ്ങളുണ്ട്. ഒന്ന്– ആ സ്ത്രീ നശിച്ചുപോകുന്നല്ലോ എന്ന ചിന്ത. രണ്ട്– ചീത്ത മനുഷ്യരെ സന്തോഷിപ്പിക്കാൻ അവൾ സഹിക്കുന്നിടത്തോളം ക്ലേശം എന്റെ ദൈവത്തെ പ്രസാദിപ്പിക്കാൻ ഞാൻ സഹിക്കുന്നില്ലല്ലോ എന്ന ദുഃഖം.''

മറ്റൊരു സന്യാസി പറഞ്ഞു, ''ജോലി ചെയ്യാത്ത സന്യാസി അത്യാഗ്രഹിയായ ഒരു മനുഷ്യനു തുല്യനാണ്.'' പിത്തേത്രുസ് എന്ന സന്യാസി ഭൗതികശാസ്ത്രത്തിന്റെ വിവിധ ശാഖകളിൽ നല്ല അവഗാഹം നേടിയിരുന്നയാളാണ്. വിവിധ വിഷയങ്ങളെ സംബന്ധിച്ച വിശദീകരണ പ്രഭാഷണങ്ങൾ അദ്ദേഹം നടത്തിയിരുന്നു. പക്ഷേ ഏതു പ്രഭാഷണവും ആരംഭിക്കും മുമ്പ് അദ്ദേഹം പ്രാർത്ഥിച്ചിരുന്നു.

അക്കാലത്തെ സന്യാസിമാരുടെ കൂട്ടത്തിൽ മക്കാരിയൂസ് എന്നു പേരുള്ള രണ്ടാളുകൾ ഉണ്ടായിരുന്നു. രണ്ടുപേരും ഒരുപോലെ സുകൃതികളായിരുന്നു. ഒരാൾ ദക്ഷിണ ഈജിപ്റ്റുകാരനും അപരൻ അലക്സാന്ധ്രിയക്കാരനും ആയിരുന്നു. ജീവിതവിശുദ്ധിയിലും ഉപദേശങ്ങളുടെ മാഹാത്മ്യത്തിലും ചെയ്തിരുന്ന അത്ഭുതങ്ങളുടെ ബാഹുല്യത്തിലും രണ്ടുപേരും ഒരുപോലെ പ്രഖ്യാതരായിരുന്നു. ദക്ഷിണഈജിപ്റ്റുകാരനായ മക്കാരി

www.malankaralibrary.com



യൂസിൻെറ അത്ഭുതകൃത്യങ്ങൾ വിവരിക്കാൻ തുടങ്ങിയാൽ അതു തന്നെയുണ്ട് ഒരു ഗ്രന്ഥത്തിനു വിഷയം. തന്നെ സമീപിച്ചിരുന്നവരോടെല്ലാം വളരെ ഗൗരവഭാവത്തിലാണ് അദ്ദേഹം പെരുമാറിയിരുന്നതു്. അതുകൊണ്ടു് ആളുകൾക്കു് വളരെ ബഹുമാനം തോന്നി. അലക്സാന്ത്രിയക്കാരൻ മക്കാരിയൂസും അത്ഭുതപ്രവർത്തകനായിരുന്നെങ്കിലും വളരെ സൗഹാർദ്ദപരമായിട്ടാണ് ആളുകളോടു പെരുമാറിയിരുന്നതു്. അതിൻെറ ഫലമായി അനേകം യുവാക്കൾ സന്യാസജീവിതത്തിലേയ്ക്കു് ആകൃഷ്ടരായി. എവാഗ്രിയസ് എന്നയാൾ ഇവർ രണ്ടുപേരുടെയും ശിഷ്യത്വം സമ്പാദിച്ചു. അതിനുമുമ്പ് വാക്കുകളുടെ തത്ത്വശാസ്ത്രത്തിൽ മാത്രം നിഷ്ണാതനായിരുന്ന അദ്ദേഹം ഈ ശിഷ്യത്വംവഴി പ്രവൃത്തികളുടെ തത്ത്വശാസ്ത്രവും സ്വാധീനമാക്കി. ഗ്രിഗറി നസ്യാൻസൻ കോൺസ്റ്റാൻറിനോപ്പിളിൽ വച്ച് ഇദ്ദേഹത്തെ ഡീക്കനായി അഭിഷേകം ചെയ്തു. അതിനുശേഷം അദ്ദേഹത്തിൻെറകൂടെ ഈജിപ്റ്റിൽ വന്നു. അവിടെ വച്ച് മക്കാരിയൂസുമാരുടെ ശിഷ്യനായിത്തീരുകയും അവരെപ്പോലെതന്നെയുള്ള അത്ഭുതപ്രവർത്തകനാവുകയും ചെയ്തു. വളരെ വിലപ്പെട്ട പല ഗ്രന്ഥങ്ങളും അദ്ദേഹം രചിച്ചു. അവയിലൊന്നാണ് *സന്യാസി* അഥവാ പ്രവർത്തനനിരതമായ സുകൃതം. മറെറാന്നു് *ഗ്നോസ്റ്റിക്കാ* അഥവാ 'ജ്ഞാനത്തിനു് അർഹനായവനുവേണ്ടി'. ഈ ഗ്രന്ഥം അൻപതു് അദ്ധ്യായങ്ങളിൽ വിഭക്തമായിരിക്കുന്നു. മൂന്നാമത്തെ ഗ്രന്ഥം 'ആൻറിറെട്ടിക്കോസ്'' ആകുന്നു. പ്രലോഭകരായ ആത്മാക്കൾക്കെതിരായിട്ടുള്ള വേദപുസ്തകഭാഗങ്ങളുടെ ഒരു സങ്കലനമാണതു്. അതിനു് വിഷയങ്ങളുടെ വിഭജനമനുസരിച്ച് എട്ടു ഭാഗങ്ങളുണ്ടു്. *പ്രൊബ്ലേമാ ഗ്നോസ്റ്റിക്കാ* അഥവാ 'അറുനൂറു ഗ്നോസ്റ്റിക് പ്രശ്നങ്ങൾ' എന്ന പുസ്തകവും അദ്ദേഹം എഴുതി. പദ്യത്തിലുള്ള രണ്ടു കൃതികളും അദ്ദേഹം രചിച്ചിട്ടുണ്ടു്. അവയിലൊന്നു് 'സമൂഹമായി ജീവിക്കുന്ന സന്യാസിമാ'രെ സംബോധന ചെയ്തുകൊണ്ടുള്ളതാകുന്നു. മറേറതു് 'കന്യകയോടു'' എന്നതും. പ്രസ്തുത കൃതികൾ വായിക്കുന്ന ആർക്കും അവയുടെ മഹത്ത്വം അനായാസം ബോദ്ധ്യമാകും. സന്യാസിമാരെക്കുറിച്ച് എവാഗ്രിയസ് എഴുതിയിട്ടുള്ള ചില കാര്യങ്ങൾ ഇവിടെ എടുത്തുചേർക്കുന്നതു് അസ്ഥാനത്താവുകയില്ലെന്നു കരുതുന്നു.

അദ്ദേഹം എഴുതുകയാണ്:

നമുക്കു മുമ്പു ജീവിച്ചിരുന്ന സന്യാസിമാരുടെ രീതികളെക്കുറിച്ചു നാം മനസ്സിലാക്കിയിരിക്കുന്നതു നല്ലതാണല്ലോ. അവ

www.malankaralibrary.com



ങ്ങടെ മാതൃകകരം മനസ്സിലാക്കി നമ്മുടെ ജീവിതത്തിൽ വേണ്ട തിരുത്തലുകരം വരുത്താം. അവർ വളരെ നല്ല കാര്യങ്ങരം പറയുകയും ചെയ്യുകയും ചെയ്തു എന്നതു തീർച്ചയാണ്. അവരി ലൊരാരം പറയുന്നു: 'ശുഷ്കവും ക്രമമുള്ളതുമായ ഭക്ഷണവും സ്നേഹവും ചേർന്നു് ഒരു സന്യാസിയെ ശാന്തിയുടെ സ്വർഗ്ഗത്തി ലേയ്ക്കു നയിക്കുന്നു. ഇതു പറഞ്ഞ അതേ സന്യാസി തൻെറ സഹോദരസന്യാസിമാരിൽ ഒരാളെ രാത്രിയിലുണ്ടാകാറുള്ള പൈശാചിക ദർശനങ്ങളിൽനിന്നു രക്ഷിച്ചു. ഉപവസിച്ചു കൊണ്ടു് രോഗികളെ ശുശ്രൂഷിക്കുക എന്നതാണ് അതിനായി അദ്ദേഹം നിർദ്ദേശിച്ച രക്ഷാമാർഗ്ഗം. ഇങ്ങനെയൊരു ചികിത്സാ നിർദ്ദേശം നൽകിയതെന്തിനാണ് എന്നു് ഒരാരം ചോദിച്ച പ്പോരം അദ്ദേഹം മറുപടി പറഞ്ഞു: ''സഹതാപത്തിൻെറ പ്രവ ർത്തനം കൊണ്ടാണ് ഇത്തരം അരൂപികളെ തളർത്താൻ കഴി യുന്നതു്.''

നീതിമാനായ അന്തോണി എന്ന സന്യാസിയുടെ അടുത്തു വന്നു് അക്കാലത്തെ ഒരു ദാർശനികൻ ചോദിച്ചു: ''പിതാവേ, ഗ്രന്ഥപാരായണത്തിൻെറ ആനന്ദം വേണ്ടെന്നു വയ്ക്കാൻ അങ്ങേയ്ക്കു് എങ്ങനെയാണു കഴിയുന്നതു്?'' അന്തോണി മറു പടി പറഞ്ഞു, ''അല്ലയോ ദർശനികാ, ദൈവം സൃഷ്ടിച്ച വിവിധ വസ്തുക്കരം നിറഞ്ഞ ഈ ലോകം തന്നെയാണ് എൻെറ പുസ്തകം. ദൈവത്തിൻെറ വചനങ്ങരം വായിക്കാൻ ഞാൻ ആഗ്രഹിക്കുമ്പോഴെല്ലാം ആ പുസ്തകം എൻെറ കൺമുമ്പിലുണ്ടു്.''

ഈജിപ്തിലെ മക്കാരിയൂസ് എന്ന ആ 'തെരഞ്ഞെടുക്ക പ്പെട്ട പാത്രം' ഒരിക്കൽ എന്നോടു ചോദിച്ചു: ''മനുഷ്യർ നമ്മോടു ചെയ്യുന്ന ഉപദ്രവങ്ങളെക്കുറിച്ചു് ഓർക്കുമ്പോരം നമ്മുടെ ഓർമ്മ ശക്തി ദുർബലമാകുന്നു. എന്നാൽ പിശാചുക്കരം ചെയ്യുന്ന ഉപദ്രവങ്ങളെക്കുറിച്ചു് ഓർക്കുമ്പോരം അങ്ങനെ സംഭവിക്കു ന്നില്ല. എന്തുകൊണ്ടാണിതു്?'' ഈ ചോദ്യത്തിനു് ഒരുത്തരം കണ്ടുപിടിക്കാനാകാതെ ഞാൻ പകച്ചുനിന്നു. വിവരം പറഞ്ഞു തരണമെന്നു് ഞാൻ അദ്ദേഹത്തോടു് അഭ്യർത്ഥിക്കുകയും ചെയ്തു. അദ്ദേഹം പറഞ്ഞു, ''ആദ്യത്തേതു് പ്രകൃതിയുടെ സംവിധാന ത്തിനു വിരുദ്ധമാണ്; രണ്ടാമത്തേതു് അനുകൂലവും.''

ഒരിക്കൽ നട്ടുച്ചസമയത്തു് അദ്ദേഹത്തിൻെറ പക്കൽ ഞാൻ ചെന്നെത്തി. ചൂടും ദാഹവും കൊണ്ടു വലഞ്ഞ ഞാൻ കുടിക്കാൻ അല്പം വെള്ളം തരണമെന്നു് അദ്ദേഹത്തോടു് അർത്ഥിച്ചു. അദ്ദേഹം പറഞ്ഞു, ''ഈ തണൽകൊണ്ടു തൃപ്തിപ്പെടുക. എന്തു കൊണ്ടെന്നാൽ ഈ സമയത്തു് വെളിംപ്രദേശങ്ങളിലും കപ്പലു

www.malankaralibrary.com



കളിലും സഞ്ചരിക്കുന്ന എത്രയോപേർ ഈ തണൽപോലും കിട്ടാതെ വലയുന്നു?'' ഒരിക്കൽ ഞാൻ അദ്ദേഹവുമായി ഇന്ദ്രിയ നിഗ്രഹത്തെക്കുറിച്ച് സംസാരിക്കുകയായിരുന്നു. അദ്ദേഹം പറഞ്ഞു: *മകനേ, ധൈര്യമായിരിക്കുക. ഇരുപതു വർഷമായി ഞാൻ ഒരിക്കലെങ്കിലും തൃപ്തിയാകു വോളം ഭക്ഷിക്കുകയോ പാനം ചെയ്യുകയോ ഉറങ്ങു കയോ ചെയ്തിട്ടില്ല. ഭക്ഷണം എപ്പോഴും തൂക്കിയും വെള്ളം എപ്പോഴും അളന്നുമാണു കഴിച്ചിട്ടുള്ളത്. ഉറക്കമാകട്ടെ, ഒരു മതിലിൽ ചാരിയിരുന്നു മാത്രമേ നടത്തിയിട്ടുള്ളു.*

ഒരു സന്യാസിയോട് അദ്ദേഹത്തിന്റെ പിതാവു മരിച്ച വിവരം ആരോ പറഞ്ഞു. അദ്ദേഹത്തിന്റെ പ്രതികരണം ഇപ്രകാരമായിരുന്നു: ''ദൈവദൂഷണം പറയരുത്. എന്റെ പിതാവ് മരണമില്ലാത്തവനാകുന്നു.'' മററൊരു സന്യാസി തന്റെ ഏക സമ്പാദ്യമായിരുന്ന സുവിശേഷഗ്രന്ഥം വിററ് അതിനു വിലയായി കിട്ടിയ പണത്തിനു ഭക്ഷണം വാങ്ങി പാവങ്ങൾക്കു വിതരണം ചെയ്തു. അദ്ദേഹം പറഞ്ഞു, ''നിന ക്കുള്ളതു വിററു പാവങ്ങൾക്കു ദാനം ചെയ്യുക എന്നാവശ്യപ്പെടുന്ന പുസ്തകം ഞാൻ വിററു.''

അലക്സാൺഡ്രിയാ നഗരത്തിനു വടക്ക് മരിയാ ജലാശയ ത്തിനും അപ്പുറം ഒരു ദ്വീപുണ്ട്. പെരാംബോറം ഗ്രാമക്കാര നായ ഒരു സന്യാസി അവിടെ താമസിക്കുന്നു. ഗ്നോസ്റ്റിക്കുക ളുടെയിടയ്ക്ക് അദ്ദേഹത്തെക്കുറിച്ചു വളരെ ബഹുമാനമാണ്. അദ്ദേഹം പറയാറുണ്ട്: 'സന്യാസികൾ ചെയ്യുന്ന കാര്യങ്ങൾ ക്കെല്ലാം പ്രേരകമായിട്ടുള്ളത് താഴെ പറയുന്ന അഞ്ചു കാര്യങ്ങ ളിൽ ഒന്നായിരിക്കും – ദൈവം, പ്രകൃതി, ആചാരം, ആവശ്യം, കായികാദ്ധ്വാനം. പ്രകൃതിയിൽ ഒരു ഗുണം മാത്രമേ ഉള്ളു വെന്നും അത് ആത്മാവിന്റെ സ്വഭാവമനുസരിച്ചു പല സ്വഭാ വങ്ങൾ കൈക്കൊള്ളുകയാണെന്നും അദ്ദേഹം പറയാറുണ്ട് – സൂര്യപ്രകാശത്തിനു പ്രത്യേക രൂപമൊന്നുമില്ലെങ്കിലും അത് ഏതു വസ്തുവിൽ പതിക്കുന്നുവോ അതിന്റെ രൂപം കൈക്കൊള്ളു ന്നതുപോലെ.'

മററൊരു സന്യാസി പറഞ്ഞു, ''കോപത്തിനുള്ള സന്ദർഭ ങ്ങൾ ഒഴിവാക്കാൻ വേണ്ടിയാണ് ഞാൻ സുഖങ്ങളിൽനിന്ന് അകന്നു നിൽക്കുന്നത്. സുഖതൃഷ്ണ മനസ്സിന്റെ ശാന്തതയെ ഭഞ്ജിക്കും; അത് വിജ്ഞാനസമ്പാദനത്തെ തടസ്സപ്പെടുത്തുകയും ചെയ്യും.'' വൃദ്ധനായ മററൊരു സന്യാസി പറഞ്ഞു, ''പണ

www.malankaralibrary.com



മായിട്ടായാലും പദാർത്ഥങ്ങളായിട്ടായാലും സമ്പാദ്യങ്ങരം ശേഖരിച്ചു വയ്ക്കാൻ സ്നേഹത്തിനു് അറിഞ്ഞുകൂടാ.'' അദ്ദേഹം തന്നെയാണ് ഇങ്ങനെയും പറഞ്ഞതു്: ഒരേ വിഷയത്തിൽ പിശാചു് എന്നെ രണ്ടു പ്രാവശ്യം കബളിപ്പിച്ചതായി ഞാൻ ഓർക്കുന്നില്ല.''

പ്രാക്തിക്കോസ് എന്ന ഗ്രന്ഥത്തിൽ എവാഗ്രീയസ് രേഖപ്പെടുത്തിയ ചില കാര്യങ്ങളാണ് മുകളിൽ ഉദ്ധരിച്ചതു്.[32] ''*ഗ്നോസ്റ്റിക്കോസ്* എന്ന ഗ്രന്ഥത്തിൽ അദ്ദേഹം എഴുതിയിട്ടുള്ള കാര്യങ്ങരം അടുത്തതായി ഉദ്ധരിക്കാം. അദ്ദേഹം പറയുന്നു: ''നീതിമാനായ ഗ്രിഗറി നമ്മെ പഠിപ്പിക്കുന്നു: വ്യതിരിക്തമായ സ്വഭാവസവിശേഷതകളുള്ള നാലു ഗുണങ്ങരം ഉണ്ടു്– ഔചിത്യബോധം, സഹനശക്തി, ആത്മനിയന്ത്രണം, നീതിബോധം എന്നിവ. വിശുദ്ധവും ബുദ്ധിയുക്തവുമായ ശക്തികളെക്കുറിച്ചു് പ്രകടനവിമുക്തമായ രീതിയിൽ വിചിന്തനം ചെയ്യുക ഔചിത്യബോധത്തിൻെറ മണ്ഡലമാണ്. എന്തെന്നാൽ അക്കാര്യങ്ങരം വിവേകം കൊണ്ടാണു വെളിപ്പെടുക. എല്ലാ എതിർപ്പുകളെയും അവഗണിച്ചുകൊണ്ടു് സത്യത്തിൻെറ പക്ഷത്തു നിൽക്കാൻ സഹനശക്തി സഹായിക്കുന്നു. യഥാർത്ഥ കൃഷിക്കാരനിൽനിന്നു യഥാർത്ഥ വിത്തു സ്വീകരിക്കുകയും കള്ളൻ വിതയ്ക്കുന്ന അയഥാർത്ഥ വിത്തു തിരസ്കരിക്കുകയും ചെയ്യാൻ നമ്മെ പ്രാപ്തരാക്കുന്നതു് ആത്മനിയന്ത്രണമാകുന്നു. ഓരോരുത്തർക്കും യോജിച്ചവിധം സംഭാഷണം ക്രമീകരിക്കാൻ നമ്മെ പ്രാപ്തരാക്കുന്ന ഗുണവിശേഷമത്രേ നീതിബോധം. ചിലരോടു് അവ്യക്തമായി പറയണം. ചിലരോടു ചില കാര്യങ്ങരം ലാക്ഷണികരീതിയിൽ പറയണം. ബുദ്ധി കുറഞ്ഞ ആളുകളോടു് ചില കാര്യങ്ങരം വിശദമായും വളച്ചുകെട്ടാതെയും പറയണം''.

'സത്യത്തിൻെറ നെടുംതൂണ്' എന്നു പ്രഖ്യാതനായ കപ്പദോക്ക്യായിലെ ബസേലിയോസ് ഇങ്ങനെ പറയുമായിരുന്നു: 'മനുഷ്യർ പഠിപ്പിക്കുന്ന വിജ്ഞാനം നിരന്തരമായ പഠനവും പരിശീലനവും കൊണ്ടാണ് പരിപൂർണ്ണമാകുന്നതു്. എന്നാൽ ദൈവത്തിൻെറ കാരുണ്യം കൊണ്ടു ലബ്ധമാകുന്ന വിജ്ഞാനം നീതിയും ക്ഷമയും കാരുണ്യവും പരിശീലിക്കുന്നതുവഴി പൂർണ്ണത നേടുന്നു. വികാരങ്ങരംക്കു് അധീനരായിരിക്കുന്ന മനുഷ്യർക്കും

32. പ്രാക്തിക്കോസിൻെറ മലയാളം വിവർത്തനത്തിനു് ജി. ചേടിയത്തു്, സഭാപിതാക്കൻമാർ, II. 1988, പേ. 66-92.

www.malankaralibrary.com



ആദ്യം പറഞ്ഞതരം ജ്ഞാനം സ്വായത്തമാക്കാം. എന്നാൽ രണ്ടാമത്തെതാകട്ടെ, വികാരങ്ങളുടെ സ്വാധീനത്തിൽനിന്നു വിമുക്തരായിട്ടുള്ളവർക്കേ സ്വായത്തമാക്കാനാവൂ.'

'ഈജിപ്തിന്റെ പ്രകാശമായിരുന്ന വിശുദ്ധ അത്തനാസ്യോസ് പറയുന്നു: 'മേശ വലത്തുവശത്തു സ്ഥാപിക്കാൻ ദൈവം മോശയോടു കല്പിച്ചു (പുറ. 26:35). അതിനാൽ ഏതു കാററാണു തങ്ങൾക്കെതിരായിട്ടുള്ളതെന്നു ജ്ഞാനാന്വേഷകർ മനസ്സിലാക്കിയിരിക്കട്ടെ. എല്ലാ പ്രലോഭനങ്ങളെയും അവർ ശ്രേഷ്ഠമനസ്സോടെ നേരിടണം. തങ്ങളെ സമീപിക്കുന്ന എല്ലാവർക്കും സന്തോഷത്തോടെ പോഷണം നൽകണം.' തമ്മുയിസിലെ സഭയുടെ മാലാഖാ എന്നറിയപ്പെടുന്ന സെറാപ്പിയോൻ ഇങ്ങനെ പ്രഖ്യാപിച്ചു: അദ്ധ്യാത്മജ്ഞാനം പാനം ചെയ്യുമ്പോൾ മനസ്സു പൂർണമായി പരിശുദ്ധമായിത്തീരുന്നു.' 'ആത്മാവിനു നീക്കേട്ടലുണ്ടാക്കുന്ന എല്ലാ പ്രവണതകളെയും ഉപവി പരിഹരിക്കുന്നു.' 'ആത്മനിയന്ത്രണം മനസ്സിന്റെ നികൃഷ്ട കാമനകളെ അടക്കി നിർത്തുന്നു.' മഹാനും പ്രകാശിതനുമായ ദിദീമൂസ് എന്ന അദ്ധ്യാപകൻ ഇപ്രകാരം പറഞ്ഞു: ദൈവപരിപാലനയെയും ദൈവവിധിയേയും പററി നിരന്തരം ധ്യാനനിമഗ്നനാകുക; ഈ വിഷയങ്ങളെ സംബന്ധിച്ച് നീ കേട്ടിട്ടുള്ള പ്രസംഗങ്ങളിലെ കാര്യങ്ങൾ ഓർമ്മയിൽ വയ്ക്കാൻ ശ്രമിക്കുക; കാരണം, മിക്കവാറും എല്ലാവരും തന്നെ ഇതിൽ പരാജിതരാകുന്നു. സൃഷ്ടരൂപങ്ങളുടെ വ്യത്യാസത്തിലും പ്രപഞ്ചത്തിന്റെ ഘടനയിലും ന്യായവിധിയെപ്പററിയുള്ള ന്യായവാദം നിനക്കു കാണാൻ കഴിയും: അജ്ഞതയിൽനിന്നും തിന്മയിൽനിന്നും ജ്ഞാനത്തിലേക്കും സുകൃതത്തിലേക്കും നമ്മെ നയിക്കുന്നതിനുതകുന്ന ദൈവപരിപാലനയെപ്പററിയുള്ള പ്രസംഗങ്ങൾ എന്നു സാരം.

എവാഗ്രിയസിൽ നിന്നുള്ള ഈ ചെറിയ ഭാഗങ്ങൾ ഇവിടെ ചേർത്തതു് ഉചിതമാണല്ലോ. മറെറാരു ശ്രേഷ്ഠസന്യാസിയായിരുന്ന അമ്മോണിയസ്. ഭൗതികകാര്യങ്ങളിലൊന്നും അദ്ദേഹത്തിനു യാതൊരു താൽപ്പര്യവും ഉണ്ടായിരുന്നില്ല. അദ്ദേഹം ഒരിക്കൽ അത്തനാസ്യോസിനോടൊപ്പം റോമിൽ പ്പോയി. അവിടെ പത്രോസിന്റെയും പൗലോസിന്റെയും നാമത്തിലുള്ള ഭദ്രാസനപ്പള്ളിയല്ലാതെ റോമിലെ മനോഹര കലാസൃഷ്ടികളൊന്നും അദ്ദേഹം സന്ദർശിച്ചില്ല. മെത്രാനാകാൻ നിർബ്ബന്ധിക്കപ്പെട്ടപ്പോൾ അദ്ദേഹം സ്വന്തം വലത്തുചെവി ഛേദിച്ചുകളഞ്ഞു. അംഗഭംഗമുള്ള ഒരാളെ മെത്രാനാകാൻ ആരും നിർബ്ബന്ധിക്കുകയില്ലല്ലോ എന്നാണ് അദ്ദേഹം കരുതി

www.malankaralibrary.com



യതു്. പിൽക്കാലത്തു് അലക്സാൺഡ്രിയായിലെ മെത്രാനായിരുന്ന തെയോഫിലസ് എവാഗ്രിയസിനെ മെത്രാനാക്കാൻ ആഗ്രഹിച്ചു. അതറിഞ്ഞു് എവാഗ്രിയസ് ഒളിച്ചോടി. അദ്ദേഹം പിൽക്കാലത്തു് അമ്മോണിയസിനെ സന്ദർശിക്കാനിടയായി. അപ്പോരം, ചെവി ഛേദിച്ചു കളഞ്ഞതു് ദൈവദൃഷ്ടിയിൽ കുററകരമായ ഒരു പ്രവൃത്തിയായിപ്പോയി എന്നു എവാഗ്രിയസ് ഫലിതരസത്തിൽ പറഞ്ഞു. അതിനു് അമ്മോണിയസ് ഇങ്ങനെ മറുപടി പറഞ്ഞു: ''എവാഗ്രിയസേ,താങ്കളെ ദൈവം ശിക്ഷിക്കുകയില്ലെന്നു കരുതുന്നുണ്ടോ? താങ്കരംക്കു ദൈവം തന്ന വചനത്തിന്റെ അനുഗ്രഹം നഷ്ടപ്പെടത്തക്കവിധം താങ്കരം സ്വന്തം നാവുതന്നെ ഛേദിച്ചു കളഞ്ഞില്ലേ?''

ആ കാലത്തു് സന്യാസാശ്രമങ്ങളിൽ ഇതുപോലുള്ള അനവധി പുണ്യചരിതന്മാർ ഉണ്ടായിരുന്നു. അവരെക്കുറിച്ചെല്ലാം എഴുതാൻ തുടങ്ങിയാൽ വിഷമിച്ചുപോകും. അവരിൽ ഓരോരുത്തരുടെയും ജീവചരിത്രവും തങ്ങളുടെ വിശുദ്ധികൊണ്ടു് അവർ ചെയ്തിട്ടുള്ള അത്ഭുതങ്ങളും വിവരിച്ചാൽ നമ്മുടെ മുമ്പിലുള്ള ലക്ഷ്യത്തിൽനിന്നു നാം വളരെ അകന്നു പോകേണ്ടിവരും. അവരുടെ പ്രവൃത്തികളും അനുഭവങ്ങളും, ശ്രോതാക്കളുടെ സന്മാത്രകയ്ക്കായി അവർ നൽകിയ പ്രഭാഷണങ്ങളും, വന്യമൃഗങ്ങരം അവർക്കു് എപ്രകാരം വിധേയരായിരുന്നു എന്ന കാര്യവും ഉരംപ്പെട്ട അവരുടെ ചരിത്രം അറിയാൻ ആഗ്രഹിക്കുന്നവരുണ്ടെങ്കിൽ എവാഗ്രിയസിന്റെ ശിഷ്യനായ പല്ലാഡിയസ് അവരെക്കുറിച്ചു് എഴുതിയ ഗ്രന്ഥം വായിക്കട്ടെ.[33] അതിൽ വളരെ വിശദമായി വിവരിച്ചിട്ടുണ്ടു്. സുകൃതിനികളായ അനേകം സന്യാസിനിമാരെക്കുറിച്ചും ആഗ്രന്ഥത്തിൽ അദ്ദേഹം രേഖപ്പെടുത്തിയിട്ടുണ്ടു്. എവാഗ്രിയസും പല്ലാഡിയസും വാലെൻസ് ചക്രവർത്തിയുടെ കാലത്തിനുശേഷവും ജീവിച്ചിരുന്നവരാണ്. നാം വഴിവിട്ടിടത്തേക്കു് പിൻതിരിയാം.

---

33. ജി. ചേടിയത്തു്, പ്രാചീനസന്യാസചരിത്രം, കോട്ടയം, 1983, (പല്ലാഡിയസിന്റെ ലൗസിയാക് ചരിത്രത്തിന്റെ വിവർത്തനം).

www.malankaralibrary.com



## അധ്യായം 24

## ചക്രവർത്തി സന്യാസിമാരെ പീഡിപ്പിക്കുന്നു

അലക്സാണ്ഡ്രിയായിലും ഈജിപ്തിലുമുള്ള സത്യവിശ്വാസികളെ പീഡിപ്പിക്കാൻ ചക്രവർത്തി കല്പന പുറപ്പെടുവിച്ചു തുടർന്ന് ആ പ്രദേശങ്ങളിൽ മാററിപ്പാർപ്പിക്കലും വലുതായ കഴപ്പങ്ങളുമുണ്ടായി. അനേകരെ കോടതി കയററി; അനേകർ കാരാഗൃഹസ്ഥരായി. മററനേകർ നാനാതരം കഠിന പീഡനങ്ങൾക്ക വിധേയരായി. ശാന്തമായും സമാധാനമായും ജീവിച്ചിരുന്ന ആളുകൾ പലതരത്തിലുള്ള ആക്രമണങ്ങൾക്ക വിധേയരായി. ലൂഷ്യസിനു തോന്നിയതുപോലുള്ള അതിക്രമങ്ങളെല്ലാം അലക്സാണ്ഡ്രിയൻ പ്രദേശത്തു നടന്നു. എവുസോയിയൂസ് അന്ത്യോക്യയിലേക്കു തിരിച്ചുപോയി. ആര്യൻ വിശ്വാസിയായ ലൂഷ്യൻ സൈന്യാധിപൻെറ നേതൃത്വത്തിൽ വലിയൊരു സൈന്യത്തോടൊപ്പം ഈജിപ്തിൽ സന്യാസിമാർ നിവസിക്കുന്ന പ്രദേശത്തേക്കു നീങ്ങി. സൈന്യാധിപൻ അസാധാരണ ദ്രോഹബുദ്ധിയോടു കൂടിയാണ് സന്യാസിമാരെ പീഡിപ്പിച്ചത്. സൈന്യം ചെന്നെത്തുന്ന സമയത്ത് സന്യാസിമാർ പ്രാർത്ഥിക്കുക, ഉപവസിക്കുക, രോഗങ്ങൾ സുഖപ്പെടുത്തുക, പിശാചുക്കളെ പുറത്താക്കുക തുടങ്ങിയ അവരുടെ പതിവു കൃത്യങ്ങളിൽ ഏർപ്പെട്ടു ജീവിക്കുകയായിരുന്നു. എന്നാൽ അസാധാരണമായ ദിവ്യശക്തിയുടെ ഈ പ്രത്യക്ഷീകരണങ്ങൾ അവഗണിച്ചുകൊണ്ട് പട്ടാളക്കാർ സന്യാസിമാരെ അവരുടെ സങ്കേതങ്ങളിൽ നിന്നും ബലം പ്രയോഗിച്ചു പുറത്താക്കി. ഞാൻ ഈ അതിക്രമങ്ങളുടെ ദൃക്സാക്ഷി മാത്രമല്ല, അനുഭവസാക്ഷികൂടെയാണ് എന്നു റൂഫീനസ് രേഖപ്പെടുത്തുന്നു. അങ്ങനെ അപ്പസ്തോലൻ രേഖപ്പെടുത്തിയ കാര്യങ്ങൾ അവരിൽ വീണ്ടും നവീകൃതമായി. വി. ശ്ലീഹാ എഴുതുന്നു: ''ചിലർ പരിഹാസവും ചമ്മട്ടിയടിയും സഹിച്ചു. ചിലർ നഗ്നരാക്കപ്പെട്ടു; ചിലർ ബന്ധനസ്ഥരാക്കപ്പെട്ടു. ചിലർ കല്ലെറിയപ്പെട്ടു. ചിലർ വാളിനിരയായി. ചിലർ കുഞ്ഞാടുകളുടെയും കോലാടുകളുടെയും തോൽ ധരിച്ച് അനാഥരും പീഡിതരുമായി മരുഭൂമിയിൽ അലഞ്ഞു തിരിഞ്ഞു. ഈ ലോകത്തിൽ യോഗ്യരല്ലാത്ത അവർ മരുഭൂമികളിലും മലകളിലും ഭൂമിയുടെ

www.malankaralibrary.com



വില്ലുകളിലും ഗുഹകളിലും പാർത്തു.''[34] തങ്ങളുടെ വിശ്വാസത്തിനും പ്രവർത്തനങ്ങൾക്കും തങ്ങളുടെ കരങ്ങളിലൂടെ മിശിഹാ നൽകിയ സൗഖ്യത്തിനും ഈ കാര്യങ്ങളിലെല്ലാം അവർ 'ഒരു നല്ല സാക്ഷ്യം സമ്പാദിച്ചു'. എന്നാൽ കുറെക്കൂടെ ശ്രേഷ്ഠമായ ചില കാര്യങ്ങൾ അവർക്കു വേണ്ടി കരുതിവച്ചു കൊണ്ടു് ഇവയെല്ലാം സഹിക്കാനുള്ള കരുത്തു് ദൈവികപരിപാലന അവർക്കു പ്രദാനം ചെയ്തു. അവരുടെ സഹനങ്ങൾ വഴി മററുള്ളവർക്കു രക്ഷ കൈവരണമെന്നായിരുന്നിരിക്കാം ദൈവനിശ്ചയം. പിൽക്കാല സംഭവങ്ങൾ അതാണു തെളിയിക്കുന്നതു്.

ഈ ക്രൂരപീഡനങ്ങളൊന്നും സന്യാസിമാരെ വിചലിപ്പിക്കുന്നില്ല എന്നു വ്യക്തമായപ്പോൾ ലൂഷ്യസ്സ് നിരാശനായി സന്യാസിമാരുടെ ആദ്ധ്യാത്മിക പിതാക്കളെ നാടുകടത്താൻ സൈന്യാധിപനു നിർദ്ദേശം നൽകി. ഈജിപ്തിലെയും അലക്സാണ്ഡ്രിയായിലെയും മക്കാരിയൂസുമാരായിരുന്നു ഈ പിതാക്കന്മാർ. അതിനാൽ, ക്രിസ്തീയ വിശ്വാസികളില്ലാത്ത ഒരു ദ്വീപിലേയ്ക്കു് അവർ നാടുകടത്തപ്പെട്ടു. ഈ ദ്വീപിൽ വിഗ്രഹാരാധകരുടെ ഒരു ക്ഷേത്രമുണ്ടായിരുന്നു. അവിടത്തെ പുരോഹിതനെ ജനങ്ങൾ ദൈവമായി ആരാധിച്ചിരുന്നു. വിശുദ്ധരായ സന്യാസിമാർ ആ ദ്വീപിൽ എത്തിച്ചേർന്നപ്പോൾ അവിടത്തെ പിശാചുക്കൾ ഭയവും വിറയലും നിറഞ്ഞവരായി. പെട്ടെന്നു് അവിടത്തെ പുരോഹിതന്റെ പുത്രി പിശാചുബാധിതയായി. അവൾ തീരെ ലക്കില്ലാത്ത വിധം കോപാന്ധയായി പ്രവർത്തിക്കാൻ തുടങ്ങി. കണ്ണിൽ കണ്ടതെല്ലാം അവൾ തട്ടിമറിച്ചു. എത്ര വലിയ ബലപ്രയോഗത്തിനും അവളെ അടക്കാൻ കഴിയുമായിരുന്നില്ല. വിശുദ്ധരായ മക്കാരിയൂസുമാരോടു് അവൾ ഇങ്ങനെ വിളിച്ചു പറഞ്ഞു: ''ഈ സങ്കേതത്തിൽ നിന്നു ഞങ്ങളെ പുറംതള്ളാൻ വേണ്ടി നിങ്ങൾ എന്തിനിവിടെ വന്നു?'' ആ വിശുദ്ധചരിതർ ദൈവം തങ്ങൾക്കു നൽകിയ പ്രത്യേകാനുഗ്രഹം അവിടെ പ്രകടമാക്കി. അവർ ആ യുവതിയിൽ നിന്നു് പിശാചിനെ പുറത്താക്കി. അവളെ പിതാവിന്റെ കൈയിൽ ഏല്പിച്ചു. അവർ ആ പിതാവിനെയും ആ ദ്വീപിലുള്ള എല്ലാവരെയും ക്രിസ്തുമതാവലംബികളാക്കി. അവർ അവരുടെ ആരാധനാവിഗ്രഹങ്ങളെല്ലാം തകർത്തു തരിപ്പണമാക്കി. അവരുടെ ക്ഷേത്രത്തിന്റെ ആകൃതി മാററി അതു് ഒരു പള്ളിയാക്കി. ക്രിസ്തുമതത്തിന്റെ

---

34. എബ്രാ. 11: 36-38.

www.malankaralibrary.com



തത്ത്വങ്ങളെല്ലാം അവർ താല്പര്യപൂർവ്വം പഠിച്ച് മാമോദീസാ സ്വീകരിച്ചു. ഇപ്രകാരം മഹാത്മാക്കളായ ആ മക്കാരിയൂസുമാർ ഹോമോഉസിയൻ വിശ്വാസത്തെ പ്രതി വളരെ പീഡനങ്ങൾ സഹിച്ച ശേഷം പൂർവ്വാധികം ആദരിക്കപ്പെടുകയും സത്യത്തെ ദൃഢീകരിക്കുകയും മററുള്ളവരുടെ രക്ഷയ്ക്കു മാർഗ്ഗമായിത്തീരുകയും ചെയ്തു.

## അധ്യായം 25

## അന്ധനായ ദിദിമൂസ[35]

ഈ കാലഘട്ടത്തിൽ വിശ്വാസപൂർണ്ണനായ മറെറാരു മനുഷ്യനെ ദൈവം ജനങ്ങളുടെ ശ്രദ്ധയിലേയ്ക്കു കൊണ്ടുവന്നു. അദ്ദേഹം വഴി വിശ്വാസത്തിനു സാക്ഷ്യമുണ്ടാകണം എന്നായിരുന്നു ദൈവതിരുമനസ്സ്. ഏററവും ആദരണീയനും വാഗ്മിയുമായ ആ വ്യക്തിയുടെ പേരു് ദിദിമൂസ് എന്നായിരുന്നു. വളരെ ചെറിയ പ്രായത്തിൽ, കാര്യമായ വിദ്യാഭ്യാസം നേടാൻ സാധിക്കുന്നതിനു മുമ്പുതന്നെ, കണ്ണുകൾക്ക് ഏതോ രോഗം ബാധിച്ച് അദ്ദേഹത്തിൻെറ കാഴ്ചശക്തി പൂർണ്ണമായി നഷ്ടപ്പെട്ടു. എന്നാൽ ശാരീരികമായ കാഴ്ചശക്തിയുടെ നഷ്ടത്തിനു പരിഹാരമാകത്തക്കവിധം ബുദ്ധിപരമായ ധാരണാശക്തി അധികമായി ദൈവം അദ്ദേഹത്തിനു നല്കി. കണ്ടു മനസ്സിലാക്കാൻ സാധിക്കാത്ത കാര്യങ്ങൾ അനായാസമായി കേട്ടു ഗ്രഹിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞിരുന്നു. വിദ്യാർജ്ജനവിഷയത്തിൽ കാഴ്ചശക്തിയുള്ള സഹപാഠികളെയെല്ലാം അദ്ദേഹം ബഹുദൂരം പിൻതള്ളി. വ്യാകരണം, തർക്കശാസ്ത്രം, തത്ത്വശാസ്ത്രം, ഗണിതം, സംഗീതം തുടങ്ങി പഠനത്തിനുദ്യമിച്ച വിഷയങ്ങളിലെല്ലാം അദ്ദേഹം അസാധാരണമായ അവഗാഹം നേടി. ഗ്രന്ഥപാരായണത്തിലൂടെ ഉപരിവിജ്ഞാനം നേടിയ ഏതു വ്യക്തികളോടും മുൻപറഞ്ഞ വിഷയങ്ങളിൽ ചർച്ചകളിലോ വാദപ്രതിവാദത്തിലോ ഏർപ്പെടാൻ അദ്ദേഹത്തിനു യാതൊരു വിഷമവുമുണ്ടായിരുന്നില്ല. പുതിയനിയമത്തിലും പഴയനിയമത്തിലുമുള്ള ദൈവവചനങ്ങളെല്ലാം അദ്ദേഹത്തിനു സ്വായത്ത

35. സൊസൊമൻ, സഭാചരിത്രം, 3: 15; തിയഡൊറൈറ്, സഭാചരിത്രം, 4: 26; പല്ലാഡിയൂസ്, ലൗസിയാക് ചരിത്രം, 4.

www.malankaralibrary.com



മായിരുന്നു. അവയെക്കുറിച്ചു നിരവധി ഗ്രന്ഥങ്ങളും രചിച്ചു. ത്രിത്വത്തെക്കുറിച്ചു മൂന്നു പുസ്തകങ്ങളും എഴുതി. ഒരിജന്റെ 'ആദ്യതത്ത്വങ്ങൾ' എന്ന പുസ്തകത്തിനു[36] ഒരു വ്യാഖ്യാനവും അദ്ദേഹം രചിച്ചു. ഒരിജൻ ആവിഷ്കരിച്ചിട്ടുള്ള തത്ത്വങ്ങൾ വളരെ വിശിഷ്ടങ്ങളാണെന്ന് അദ്ദേഹം അഭിപ്രായപ്പെടുന്നുണ്ട്. ഒരിജനെ അധിക്ഷേപിക്കുന്ന എഴുത്തുകാരുടെ വാദങ്ങളെ മർമ്മവേധിയായ യുക്തിവാദങ്ങൾകൊണ്ട് അദ്ദേഹം ഖണ്ഡിക്കുന്നു. 'ഉൾക്കാഴ്ചയുടെ കാര്യത്തിൽ പരമദരിദ്രരായ ആ എതിരാളികൾക്ക് ഒരിജന്റെ ഗംഭീരമായ ആശയങ്ങൾ ഗ്രഹിക്കാൻ പ്രാപ്തിയില്ല' എന്ന് അദ്ദേഹം പ്രസ്താവിക്കുന്നു. ദിദിമൂസിന്റെ ആഴവും പരപ്പുമാർന്ന പാണ്ഡിത്യവും ബുദ്ധിയുടെ തീക്ഷ്ണതയും ഗ്രഹിക്കണമെന്നു താല്പര്യമുള്ളവർ അദ്ദേഹത്തിന്റെ വിശിഷ്ടങ്ങളായ രചനകൾ വായിക്കുകതന്നെ വേണം.

താപസ്സനായ അന്തോണി കുറെ സമയം അദ്ദേഹത്തോടു സംസാരിച്ചു കഴിഞ്ഞപ്പോൾ ഇങ്ങനെ പറഞ്ഞു, ''ദിദിമൂസ്, ശാരീരിക നേത്രങ്ങളുടെ ശക്തി നഷ്ടപ്പെട്ടതിൽ അങ്ങ് അല്പവും കുണ്ഠിതപ്പെടേണ്ട. നരിച്ചീറുകൾക്കും ഈച്ചകൾക്കും ഉള്ള ഒരു കഴിവുമാത്രമാണ് അങ്ങേയ്ക്കു നഷ്ടപ്പെട്ടിട്ടുള്ളതു്. എന്നാൽ മാലാഖമാരുടെ ദർശനശക്തി അങ്ങേയ്ക്കുണ്ട്. അതുകൊണ്ട് അങ്ങേയ്ക്കു ദൈവത്തെ കാണാം. തന്റെ പ്രകാശം ആസ്വദിക്കാം.''

ആര്യന്മാരെ നേരിടുന്നതിനുവേണ്ടി മരുഭൂമിയിൽനിന്ന് അലക്സാൺഡ്രിയായിലേയ്ക്കു വന്ന സന്ദർഭത്തിലാണു് അന്തോണി ദിദിമൂസിനെ കാണുകയും ഇങ്ങനെ അഭിപ്രായപ്രകടനം നടത്തുകയും ചെയ്തതു്. വാലെൻസ് ചക്രവർത്തിയുടെ ഭരണം ആരംഭിക്കുന്നതിനു മുമ്പാണീ സംഭവം. സത്യവിശ്വാസത്തിന്റെ കരുത്തനായ ഒരു സംരക്ഷകനായി ദിദിമൂസ് ആദരിക്കപ്പെട്ടിരുന്നു. ആര്യൻ പാഷണ്ഡരുടെ വിതണ്ഡാവാദങ്ങളെയും വഞ്ചനനിറഞ്ഞ തന്ത്രങ്ങളെയും അദ്ദേഹം വൈദഗ്ധ്യപൂർവ്വം എതിർത്തു തോല്പിച്ചു.

36. പെരി ആർക്കോൻ (ദെ പ്രിൻചിപ്പിയിസ്).

www.malankaralibrary.com



## അദ്ധ്യായം 26

## കൈസറിയായിലെ ബേസിലും ഗ്രിഗറിനസ്യാൻസനും

അലക്സാൺഡ്രിയായിൽ ആര്യൻ പാഷണ്ഡികളെ നേരിടാൻ ദൈവം ദിദീമൂസിനെ നിയോഗിച്ചു. മററു നഗരങ്ങളിൽ അവരെ നേരിടാൻ കൈസറിയായിലെ ബേസിലിനെയും നസിയാൻസൂസിലെ ഗ്രിഗറിയെയുമാണ് ദൈവം ഉയർത്തിയത്. അവരെക്കുറിച്ചും ചെറുതായ ഒരു വിവരണം ഇവിടെ നൽകുന്നതു് ഉചിതമായിരിക്കുമെന്നു കരുതുന്നു. അവർ ഇന്നും ലോകം മുഴുവൻ അനുസ്മരിക്കപ്പെടുന്നുവെന്നതു് അവർക്കു ലഭിച്ചിരുന്ന പ്രശസ്തിയുടെ സൂചകമാണ്. അവരുടെ ജ്ഞാനത്തിൻെറ വൈപുല്യം അവരുടെ രചനകളിൽ ദൃശ്യവുമാകുന്നു. അവരുടെ കഴിവുകളുടെ പ്രയോഗം സഭയ്ക്കു വലിയ സേവനം നൽകി. കത്തോലിക്കാ വിശ്വാസത്തിൻെറ സംരക്ഷണത്തിൽ അതു വലുതായ ഒരു പങ്കു വഹിച്ചു. അതിനാൽ എൻെറ ചരിത്രത്തിൻെറ സ്വഭാവം അനുസരിച്ചുതന്നെ ഈ രണ്ടു വ്യക്തികളെക്കുറിച്ചും സവിശേഷമായി പ്രതിപാദിക്കേണ്ടതുണ്ടു്. ജീവിതരീതി, സന്മാർഗ്ഗനിഷ്ഠ, വ്യക്തിപരമായ സുകൃതങ്ങൾ തുടങ്ങിയവ അടിസ്ഥാനമാക്കി വിലയിരുത്തിയാൽ ഇവരിലാർക്കാണ് ഒന്നാം സ്ഥാനം കൊടുക്കേണ്ടതു് എന്നു നിശ്ചയിക്കാൻ വിഷമമായിരിക്കും. ഗ്രീക്കു സാഹിത്യത്തിലും വിശുദ്ധ ലിഖിതങ്ങളിലും അവർക്കുള്ള അവഗാഹം തുല്യമായിരുന്നു. അവർ രണ്ടുപേരും ചെറുപ്പത്തിൽ ആഥെൻസിൽപ്പോയി അക്കാലത്തെ ഏററവും പ്രസിദ്ധ പണ്ഡിതന്മാരായിരുന്ന ഹിമെറിയൂസിനും പ്രൊഹെരെസിയൂസിനും ശിഷ്യപ്പെട്ടു വിദ്യാഭ്യാസം ചെയ്തു. അതിനുശേഷം ഇവർ സിറിയായിലെ അന്ത്യോക്യായിൽ വന്നു് അവിടത്തെ വിശ്രുത അദ്ധ്യാപകനായ ലിബാനിയൂസിൻെറ വിദ്യാലയത്തിൽ അഭ്യസനം നടത്തി. പ്രഭാഷണകലയിൽ അന്നു ലഭ്യമായതിൽ ഏററവും ഉന്നതമായ പരിശീലനം അവർ നേടി. ആ വിഷയത്തിൽ അത്ര പ്രശസ്തമായ സാഫല്യം അവർ സ്വായത്തമാക്കിയതുകൊണ്ടു് പ്രഭാഷണകല പഠിപ്പിക്കുന്ന അദ്ധ്യാപകരാകാൻ പല സുഹൃത്തുക്കളും അവരെ നിർബ്ബന്ധിച്ചു. അഭിഭാഷകവൃത്തിയിൽ ഏർപ്പെടാനാണ് വേറെ ചില സുഹൃത്തുക്കൾ പ്രേരിപ്പിച്ചതു്. എന്നാൽ ഇവരാകട്ടെ, ഈ ഉപദേശങ്ങളെയെല്ലാം

www.malankaralibrary.com



അവഗണിച്ചുകൊണ്ടു് സന്യാസജീവിതത്തിൽ പ്രവേശിക്കുകയാണു ചെയ്തതു്. അന്ത്യോക്യായിലെ പഠനകാലത്തു് തത്വശാസ്ത്രത്തിൽ അഭിരുചി ജനിച്ച അവർ അന്നത്തെ കാലത്തു് ലോകം മുഴുവൻ ദാർശനികൻ എന്ന നിലയിൽ ഏററവും അധികമായി വിലമതിക്കപ്പെട്ടിരുന്ന ഒരിജന്റെ കൃതികളെല്ലാം സ്വായത്തമാക്കി. വിശുദ്ധ ലിഖിതങ്ങളുടെ ശരിയായ വ്യാഖ്യാനം അവക്കു് ആ കൃതികളിൽനിന്നു ലഭിച്ചു. തുടർന്നു് ആര്യൻ പാഷണ്ഡരെ എതിർക്കാൻ തുടങ്ങിയപ്പോഴം ഒരിജന്റെ കൃതികളുടെ പഠനം വളരെ ഉപകാരപ്രദമായി അവർക്കനുഭവപ്പെട്ടു. ആര്യൻ പക്ഷക്കാർ ഒരിജന്റെ പ്രസ്താവങ്ങൾ ധാരാളമായി ഉദ്ധരിച്ചിരുന്നു. അദ്ദേഹത്തിന്റെ ആശയങ്ങൾ തങ്ങളുടെ വാദങ്ങൾക്കുപോദ്ബലകമാണെന്നായിരുന്നു അവരുടെ ധാരണ. ബേസിലും ഗ്രിഗറിയും അതേ പ്രസ്താവങ്ങളെ ആര്യനിസ ഖണ്ഡനത്തിനായി ഉപയോഗപ്പെടുത്തി. ആര്യൻ പക്ഷക്കാർക്കു് ഒരിജന്റെ ആശയങ്ങൾ ശരിക്കു പിടികിട്ടിയിട്ടില്ലെന്നു് അവർ തെളിയിച്ചു കൊടുത്തു. ആര്യൻ പക്ഷക്കാരായ എവുണോമിയസ് തുടങ്ങിയവർ ഉജ്ജ്വല വാഗ്മികളായിട്ടാണു് പരിഗണിക്കപ്പെട്ടിരുന്നതു്. എങ്കിലും ബേസിലിനോടും ഗ്രിഗറിയോടും ഏററുമുട്ടിയ സന്ദർഭങ്ങളിൽ അവർ അജ്ഞരും അവിദഗ്ദ്ധരുമായി കാണപ്പെട്ടു. ഡീക്കനായി അഭിഷിക്തനായ ബേസിലിനെ അന്ത്യോക്യായിലെ മെത്രാനായ മെലീഷ്യസ് മെത്രാനായി അഭിഷേചിച്ചു് കപ്പദോഷ്യായിലെ കൈസറിയായിൽ പ്രതിഷ്ഠിച്ചു. ബേസിലിന്റെ സ്വന്തം ദേശമായിരുന്നു കപ്പദോഷ്യാ. മെത്രാനായി നിയമിക്കപ്പെട്ട ഉടനെ ബേസിൽ കൈസറിയായിലേയ്ക്കു യാത്രയായി. പോന്തുസു് പ്രദേശങ്ങളിൽ ആര്യൻ തത്വങ്ങൾ പടർന്നുപിടിച്ചിരിക്കും എന്നു് അദ്ദേഹത്തിനു് ആശങ്കയുണ്ടായിരുന്നു. ആര്യൻ സിദ്ധാന്തത്തെ എതിർക്കുന്നതിനുവേണ്ടി അദ്ദേഹം പല സന്യാസ ഭവനങ്ങൾ സ്ഥാപിച്ചു. തന്റെ അധീനതയിലുള്ള പ്രദേശങ്ങളിലെ ജനങ്ങളെയെല്ലാം സത്യവിശ്വാസത്തിന്റെ തത്വങ്ങൾ അദ്ദേഹം ശ്രദ്ധാപൂർവ്വം പഠിപ്പിച്ചു. ചഞ്ചലമനസ്കരായവരെ അദ്ദേഹം വിശ്വാസത്തിൽ ഉറപ്പിച്ചു നിർത്തി.

ഗ്രിഗറി കപ്പദോഷ്യായിലെ ഒരു ചെറിയ നഗരമായ നസിയാൻസൂസിലെ മെത്രാനായി നിയമിതനായി. അദ്ദേഹത്തിന്റെ പിതാവു് മുമ്പു് ആ നഗരത്തിന്റെ ഭരണാധികാരിയായിരുന്നു. ബേസിലിന്റേതിനു സമാനമായ ഒരു കർമ്മപദ്ധതിയാണു് ഗ്രിഗറിയും അവലംബിച്ചതു്. അദ്ദേഹവും വിവിധ സ്ഥലങ്ങളിൽ ചുററി സഞ്ചരിച്ചു് ജനങ്ങളെ സത്യവിശ്വാസത്തിൽ ഉറപ്പിച്ചു. അദ്ദേഹം പലപ്പോഴും കോൺ

www.malankaralibrary.com



സ്റ്റാൻറിനോപ്പിൾ സന്ദർശിക്കുകയും അവിടെയുള്ള യഥാർത്ഥ വിശ്വാസികൾക്ക് ആശ്വാസവും ഉറപ്പും നല്കുകയും ചെയ്തിരുന്നു. അതിനാൽ പല മെത്രാന്മാരുടെയും അഭിപ്രായപ്രകാരം അദ്ദേഹം കോൺസ്റ്റാൻറിനോപ്പിളിലെ മെത്രാനായി തെരഞ്ഞെടുക്കപ്പെട്ടു.

ഈ രണ്ടു തീക്ഷ്ണമതികളുടെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള വാർത്ത വാലെൻസ് ചക്രവർത്തിയുടെ ചെവിയിലെത്തി. ബേസിലിനെ ഉടൻതന്നെ കൈസറിയായിൽനിന്ന് അന്ത്യോക്യയിലേയ്ക്കു കൊണ്ടുവരാൻ അയാൾ കല്പന പുറപ്പെടുവിച്ചു. അവിടെ പ്രീഫെക്ടിൻെറ ട്രൈബ്യൂണൽ അദ്ദേഹത്തെ വിചാരണ ചെയ്തു. ചക്രവർത്തിയുടെ വിശ്വാസം ബേസിൽ സ്വീകരിക്കാത്തതെന്ത് എന്ന് ആ ഉദ്യോഗസ്ഥൻ ചോദിച്ചു. ബേസിലാകട്ടെ ചക്രവർത്തി അംഗീകരിച്ചിരിക്കുന്ന വിശ്വാസസംഹിതയുടെ അബദ്ധവശങ്ങൾ ധൈര്യപൂർവ്വം വിശദീകരിച്ചു. ഹോമോഉസിയൻ വിശ്വാസത്തെ നീതീകരിക്കുകയും ചെയ്തു. പ്രീഫെക്ട് വധഭീഷണി മുഴക്കിയപ്പോൾ അദ്ദേഹം പറഞ്ഞു, ''സത്യത്തിനുവേണ്ടി ശരീരമാകുന്ന കാരാഗൃഹത്തിൽ നിന്നു രക്ഷപെടുന്ന വിഷയത്തിൽ എനിക്കു സന്തോഷമേ ഉള്ളൂ.'' ഈ വിഷയം കുറുതൽ ഗൗരവപൂർവ്വം ഒന്നുകൂടെ പരിഗണിക്കണമെന്നു പ്രീഫെക്ട് ആവശ്യപ്പെട്ടപ്പോൾ അദ്ദേഹത്തിൻെറ മറുപടി ഇതായിരുന്നു: ''ഞാൻ ഇന്നലത്തെയാൾ തന്നെയാണിന്നും. അങ്ങേയ്ക്കു മാററമുണ്ടാകാതെയിരുന്നെങ്കിൽ എന്നു ഞാനാശിച്ചു പോവുകയാണ്.''

അന്നു മുഴവൻ ബേസിൽ തടവിൽ കഴിഞ്ഞു. അന്നുതന്നെ ചക്രവർത്തിയുടെ പുത്രനും ശിശുവുമായ ഗലാതസ് ഭയങ്കരമായ ഒരു രോഗത്തിനധീനനായി. വൈദ്യന്മാരുടെ പ്രയത്നങ്ങളെല്ലാം വിഫലമായി. താൻ ഭയങ്കരങ്ങളായ ചില ദർശനങ്ങൾ കണ്ടെന്നും മെത്രാനെ വിഷമിപ്പിക്കുന്നതിനുള്ള ദൈവശിക്ഷയായിരിക്കും കുഞ്ഞിൻെറ രോഗം എന്ന് തനിക്കു തോന്നുന്നെന്നും കുഞ്ഞിൻെറ അമ്മ ദൊമിനിക്കാ, ചക്രവർത്തിയെ അറിയിച്ചു. അല്പനേരത്തെ ആലോചനയ്ക്കുശേഷം ചക്രവർത്തി ബേസിലിനെ തൻെറ അടുത്തു വരുത്തിയിട്ടു പറഞ്ഞു, ''അങ്ങു വിശ്വസിക്കുന്ന കാര്യങ്ങൾ സത്യമാണെങ്കിൽ എൻെറ കുഞ്ഞു മരിക്കാതിരിക്കാൻ വേണ്ടി പ്രാർത്ഥിക്കുക.'' ബേസിൽ മറുപടി പറഞ്ഞു, ''അങ്ങ് എൻെറ വിശ്വാസം സ്വീകരിക്കുകയും സഭ ഒന്നാവുകയും ചെയ്യുകയാണെങ്കിൽ അങ്ങയുടെ കുഞ്ഞു ജീവിക്കും.'' ഈ വ്യവസ്ഥ ചക്രവർത്തിക്കു സ്വീകാര്യമായില്ല. അപ്പോൾ ബേസിൽ പറഞ്ഞു, ''എങ്കിൽ കുഞ്ഞിനെ സംബന്ധിച്ച ദൈവഹിതം നിറവേറട്ടെ.'' ബേസിൽ ഇതു പറഞ്ഞ

www.malankaralibrary.com



പ്പോഠം ചക്രവത്തി അദ്ദേഹത്തെ പുറത്താക്കി. താമസിയാതെ ശീഘ്രം മരിക്കുകയും ചെയ്തു.

മുകളിൽ പറഞ്ഞ ഈ മഹനീയവ്യക്തികഠം രണ്ടുപേരും പല ഗ്രന്ഥങ്ങളും രചിച്ചിട്ടുണ്ട്. അവയിൽ ചിലതു് താൻ ലത്തീനിലേയ്ക്കു പരിഭാഷപ്പെടുത്തിയിട്ടുണ്ടെന്നു് ഗ്രന്ഥകാരനായ റൂഫീനൂസ് പ്രസ്താവിക്കുന്നു. ബേസിലിനു് പീററർ എന്നും ഗ്രിഗറി എന്നും പേരുള്ള രണ്ടു സഹോദരന്മാരുണ്ടായിരുന്നു. പീററർ ബേസിലിനെപ്പോലെതന്നെ സന്യാസജീവിതം സ്വീകരിച്ചു. ഗ്രിഗറി അദ്ധ്യാപകനായി. ബേസിൽ മരിച്ചപ്പോഠം അപൂർണ്ണമായി അവശേഷിച്ച *ആറുദിവസസൃഷ്ടി*യെപ്പററിയുള്ള കൃതി ഗ്രിഗറിയാണു പൂർത്തിയാക്കിയതു്. അന്ത്യോക്യൻ മെത്രാൻ മെലീഷ്യസ് കോൺസ്റ്റാൻറിനോപ്പിളിൽവച്ചു മരിച്ചപ്പോഠം അദ്ദേഹത്തിൻെറ ചരമ പ്രഭാഷണം നിർവ്വഹിച്ചതും ഗ്രിഗറി തന്നെ. അദ്ദേഹത്തിൻെറ പ്രശസ്തങ്ങളായ പല പ്രഭാഷണങ്ങഠം ഇന്നും നിലനില്ക്കുന്നുണ്ടു്.

## അധ്യായം 27

# അത്ഭുതപ്രവർത്തകനായ ഗ്രിഗോറിയോസ്

പേരിൻെറ സാമ്യംകൊണ്ടും എഴുതിയ പുസ്തകങ്ങളുടെ പേരിലെ സാമ്യംകൊണ്ടും ഈ ഗ്രിഗറിയെയും പോന്തുസിലെ ഗ്രിഗറിയെയും തമ്മിൽ പിശകിമനസ്സിലാക്കാൻ പലർക്കും ഇടയായേക്കാം. അത്ഭുതപ്രവത്തകനായ ഗ്രിഗറി നെയോ ചെസ്സാറിയായിൽ ജനിച്ചയാളാണു്. പോന്തുസിലെ ഗ്രിഗറിയെക്കാഠം പ്രാചീനനായിരുന്ന അദ്ദേഹം ഒരിജൻെറ ശിഷ്യന്മാരിൽ ഒരാളായിരുന്നു. ഈ ഗ്രിഗറിയുടെ പ്രശസ്തി ആഥെൻസ്സു്, ബെറിത്തുസു്, പോന്തുസ് ക്രുപത മുഴുവൻ, എന്നിവിടങ്ങളിൽ സവിശേഷമായും ക്രൈസ്തവലോകം മുഴുവൻ സാമാന്യമായും വ്യാപിച്ചിരുന്നു. ആഥെൻസിലെ വിദ്യാലയങ്ങളിലുള്ള പഠനം കഴിഞ്ഞിട്ടു് സിവിൽ നിയമം പഠിക്കാൻ അദ്ദേഹം ബെറിത്തുസിലെത്തി. ഒരിജൻ കൈസറിയായിൽ വേദപുസ്തകവ്യാഖ്യാനങ്ങഠം പഠിപ്പിക്കുന്നു എന്ന വിവരം അവിടെ വച്ചാണു് അദ്ദേഹം അറിഞ്ഞതു്. ഉടനെ അങ്ങോട്ടു പുറപ്പെട്ടു. അവിടെ വച്ചു് വി. ലിഖിതത്തിൻെറ വൈശിഷ്ട്യം അദ്ദേഹത്തിനു

www.malankaralibrary.com



ബോദ്ധ്യപ്പെട്ടു. റോമൻ നിയമപഠനം അതോടെ ഉപേക്ഷിച്ചു. ഒരിജന്റെ വേർപിരിയാത്ത അനുഗാമിയായിത്തീർന്നു. അദ്ദേഹത്തിൽനിന്നു് യഥാർത്ഥമായ തത്വജ്ഞാനം ശരിക്കു പഠിച്ചു. ഏതാനും നാളുകൾക്കുശേഷം മാതാപിതാക്കൾ ആവശ്യപ്പെട്ടതനുസരിച്ചു സ്വദേശത്തേയ്ക്കു പോയി. അവിടെ ഒരു അൽമായനായി ജീവിക്കുന്ന കാലത്തുതന്നെ അദ്ദേഹം അനേകം അത്ഭുതങ്ങൾ പ്രവർത്തിച്ചു. രോഗികളെ സുഖപ്പെടുത്തുക, പിശാചുക്കളെ പുറത്താക്കുക തുടങ്ങിയവയായിരുന്നു അത്ഭുതങ്ങൾ. അദ്ദേഹത്തിന്റെ കല്പനകൾമൂലം പോലും അത്ഭുതങ്ങൾ നടന്നു. അന്യമതക്കാരെ ക്രൈസ്തവവിശ്വാസത്തിലേയ്ക്കാനയിക്കാൻ അദ്ദേഹത്തിന്റെ പ്രഭാഷണങ്ങളെക്കാളധികം ഉതകിയതു് ഈ അത്ഭുതകൃത്യങ്ങളായിരുന്നു. ഒരിജനെ അനുകൂലിച്ചുകൊണ്ടു് രക്തസാക്ഷിയായ പംഫീലൂസു് എഴുതിയ ഗ്രന്ഥങ്ങളിൽ ഈ ഗ്രിഗറിയെക്കുറിച്ചു പ്രസ്താവിക്കുന്നുണ്ടു്. ഒരിജനെ പിരിഞ്ഞു പോകേണ്ടിവന്ന സന്ദർഭത്തിൽ അദ്ദേഹത്തെ ശ്ലാഘിച്ചുകൊണ്ടു് ഗ്രിഗറി ചെയ്ത ഒരു പ്രസംഗം ആ പുസ്തകത്തിൽ ചേർത്തിട്ടുണ്ടു്. പ്രഖ്യാതരായ അനേകം ഗ്രിഗറിമാരുണ്ടായിരുന്നുവെന്നു ചുരുക്കം. ഏററവും പ്രാചീനനായ ആദ്യത്തെയാൾ ഒരിജന്റെ ശിഷ്യൻ. രണ്ടാമത്തെയാൾ നസിയാൻസ്സുസിലെ മെത്രാൻ. മൂന്നാമൻ ബേസിലിന്റെ സഹോദരൻ. വേറെ ഒരു ഗ്രിഗറി കൂടെ ഉണ്ടായിരുന്നു. അത്തനാസ്യോസിന്റെ നാടുകടത്തൽ കാലത്തു് ആര്യന്മാരാൽ മെത്രാനാക്കപ്പെട്ട വ്യക്തിയാണതു്. ഗ്രിഗറിമാരെക്കുറിച്ചു് ഇത്രയും പറഞ്ഞു് തല്ക്കാലം നിറുത്താം.

## അധ്യായം 28

# നൊവാത്തുസും നൊവേഷ്യരും

ഏതാണ്ടു് ഈ സമയത്തു് ഫ്രിജിയാ നിവാസികളായ നോവേഷ്യർ, ഉയിർപ്പു തിരുനാൾ ആഘോഷിക്കുന്ന ദിവസം മാററി. അതു സംഭവിച്ചതെങ്ങനെ എന്നു് ഞാൻ പറയാം. അതിനു മുമ്പായി ഫ്രിജിയ, പഫ്ലഗോണിയാ എന്നീ പ്രവിശ്യകളിൽ ഇപ്പോഴും അവരുടെ സഭകളിൽ കർശനമായ അച്ചടക്കം നിലനിൽക്കുന്നതിന്റെ കാരണം വ്യക്തമാക്കാം.

www.malankaralibrary.com



നൊവാത്തുസ്[37] റോമൻ സഭയിലെ ഒരു പുരോഹിതനായിരുന്നു. പിന്നീട് അതിൽനിന്നു വേർപെട്ടു. ഡേഷ്യസ് ചക്രവർത്തിയുടെ മതപീഡനകാലത്ത് ബിംബങ്ങൾക്കു ബലിയർപ്പിച്ചവരെ കൊർണേലിയൂസ് മെത്രാൻ സഭൈക്യത്തിലേയ്ക്കു സ്വീകരിച്ചതുകൊണ്ടാണ് അയാൾ ഭിന്നിക്കാനിടയായത്. അങ്ങനെ വേർപെട്ടതിനെത്തുടർന്ന് അതേ മനോഭാവം ഉണ്ടായിരുന്ന ചില മെത്രാൻമാർ ചേർന്ന് അയാളെ മെത്രാൻ സ്ഥാനത്തേയ്ക്കുയർത്തി. അതിനെ തുടർന്ന്, ബിംബങ്ങൾക്ക് ബലിയർപ്പിച്ചവരെ കൂദാശകളിൽ പങ്കെടുക്കാനനുവദിക്കരുതെന്നാവശ്യപ്പെട്ടുകൊണ്ട് അയാൾ എല്ലാ സഭകൾക്കും എഴുതി. കുററം ചെയ്തവർ പശ്ചാത്തപിക്കണമെന്നും എല്ലാ പാപങ്ങളും പൊറുക്കാൻ കഴിവുള്ള ദൈവത്തിന് അവരുടെ പാപമോചനം വിട്ടുകൊടുക്കണമെന്നും ആവശ്യപ്പെടുകയും ചെയ്തിരുന്നു. നൊവാത്തുസിൻെറ കത്തുകൾക്ക് വിഭിന്നപ്രതികരണങ്ങളാണു സഭകളിൽ ഉളവായത്. ജ്ഞാനസ്നാനത്തിനുശേഷം മരണകരമായ പാപം ചെയ്ത[38] എല്ലാവർക്കും കൂദാശകൾ നിഷേധിക്കുന്നത് ക്രൂരവും നിഷ്ഠുരണവുമായ നടപടിയായി ചിലർക്കു തോന്നി. എന്നാൽ അങ്ങനെയൊരു നിലപാടു നീതിയുക്തമാണെന്നും മെച്ചപ്പെട്ട ഭക്തജീവിതത്തിനും അച്ചടക്കത്തിനും അത്യാവശ്യമാണെന്നും ഉള്ള അഭിപ്രായമാണു വേറെ ചിലർക്കുണ്ടായത്. ഈ ബഹളത്തിനിടയിൽ, കുററവാളികൾക്കെല്ലാം പാപമോചനം വാഗ്ദാനം ചെയ്തുകൊണ്ടുള്ള കൊർണേലിയൂസിൻെറ കത്ത് എല്ലാവർക്കും ലഭിച്ചു.

അങ്ങനെ, ഈ രണ്ടു വ്യക്തികളും പരസ്പര വിരുദ്ധങ്ങളായ കത്തുകളാണ് എഴുതിയത്. സാധാരണ പതിവുള്ളതുപോലെ രണ്ടുപേരും തങ്ങളുടെ വാദഗതികൾക്കനുകൂലമായ ഉദ്ധരണങ്ങൾ വിശുദ്ധ ഗ്രന്ഥത്തിൽനിന്ന് എടുത്തു നിരത്തി. സഭാംഗങ്ങളാകട്ടെ, തങ്ങളുടെ പൂർവ്വവിശ്വാസങ്ങൾക്കും ജീവിതസമ്പ്രദായങ്ങൾക്കും അനുയോജ്യമായ വിധത്തിൽ ഓരോ പക്ഷം ചേർന്നു. പാപകൃത്യങ്ങളിൽ ഏർപ്പെടുന്നതിൽ ആഹ്ലാദം കണ്ടെത്തിയിരുന്നവർ കൊർണേലിയൂസിൻെറ നിലപാടു വളരെ സൗകര്യപ്രദമായി കണക്കാക്കി കുററകൃത്യങ്ങളിൽ മുഴുകി.

ഫ്രീജിയാ ദേശത്തുള്ളവർ പരമ്പരയാ ഇതരദേശീയരെക്കാൾ ആത്മസംയമനം ഉള്ളവരാണ്. ആണയിടുന്ന സമ്പ്ര

37. നൊവേഷ്യൻ എന്നാണ് പേര്. ഗ്രീക്കുകാരായ എഴുത്തുകാർ നൊവാത്തുസ് എന്നു പറഞ്ഞുകാണുന്നു.
38. 1 യോഹ. 5: 16.

www.malankaralibrary.com



ദായം അവർക്കു് അപൂർവ്വവും ആകുന്നു. അതേസമയം ഷിത്യരും ത്രേഷ്യരും പെട്ടെന്നു ശുണ്ഠി പിടിക്കുന്ന പ്രകൃതക്കാരത്രേ. പൗരസ്ത്യദേശത്തുള്ളവരാകട്ടെ, വൈഷയികസുഖങ്ങളിൽ അധികം ആസക്തിയുള്ളവരും ആണ്, എന്നാൽ പഫ്ലഗോണിയായിലും ഫ്രീജിയായിലും ഉള്ളവർക്കു് ഈ ദൗർബ്ബല്യങ്ങളില്ല. സർക്കസ്സ്, നാടകപ്രദർശനം തുടങ്ങിയ പരിപാടികൾക്കു് അവരുടെയിടയിൽ പണ്ടും ഇന്നും വലിയ പ്രചാരമില്ല. അതിനാൽ അവരും അവരോടു സ്വഭാവസാധർമ്മ്യമുള്ളവരും നൊവാത്തുസിന്റെ കത്തിലെ ആശയങ്ങളെ വളരെ താല്പര്യപൂർവ്വം സ്വാഗതം ചെയ്തു. വ്യഭിചാരവും അവിഹിതവേഴ്ചയും മഹാപരാധങ്ങളായിട്ടാണ് അവർ പരിഗണിക്കുന്നതു്. ഈ വിഷയത്തിൽ ഫ്രീജിയായിലും പഫ്ലഗോണിയായിലും ഉള്ളവരെക്കാളധികമായി സ്വന്തം വികാരങ്ങളെ നിയന്ത്രിക്കുന്നവർ ഈ ഭൂമുഖത്തുതന്നെ വേറെയില്ലെന്നു ലോകപ്രസിദ്ധമാണ്. പടിഞ്ഞാറൻ പ്രദേശങ്ങളിൽ വസിച്ചിരുന്നവർ നൊവാത്തുസിനെ അനുകൂലിച്ചതിനും കാരണം ഇതുതന്നെ എന്നാണ് എനിക്കു തോന്നുന്നതു്.

അച്ചടക്കത്തിന്റെ പേരിൽ നൊവാത്തുസ് കൊർണേലിയുസ് പക്ഷക്കാരിൽനിന്നു് അകന്നുപോയെങ്കിലും ഉയിർപ്പുതിരുനാൾ ആചരണത്തിന്റെ കാലത്തിൽ അദ്ദേഹം മാററമൊന്നും വരുത്തിയില്ല. പാശ്ചാത്യസഭകളിൽ നിലനിന്നുവന്ന സമ്പ്രദായം അദ്ദേഹവും മാററമില്ലാതെ പിന്തുടർന്നു. മഹാവിഷുവത്തിനുശേഷമാണ്[39] പാശ്ചാത്യർ ഈ തിരുനാൾ ആഘോഷിക്കുന്നതു്. അവർ ക്രിസ്തുമതത്തിൽ ചേർന്നകാലം മുതൽ നിലനിന്നുവന്ന പതിവാണതു്. വലേരിയന്റെ കാലത്തു് നടന്ന മതപീഡനത്തിൽ നൊവാത്തുസ് രക്തസാക്ഷിത്വം വരിച്ചു. ഫ്രീജിയായിലുള്ള നൊവാത്തുസിന്റെ അനുയായികൾ ആയ നൊവേഷ്യർ ഏതാണ്ടു് ഇതേ ഘട്ടത്തിൽ, ഉയിർപ്പുതിരുനാൾ ആഘോഷിക്കുന്ന ദിവസം മാററി. അഭിപ്രായഭേദമുള്ള മററു ക്രിസ്ത്യാനികളിൽ നിന്നു് അകന്നു നില്ക്കാൻവേണ്ടിയാണ് ഇങ്ങനെ ചെയ്തതു്. അവരുടെ വിഭാഗത്തിലുള്ള അപ്രസിദ്ധരായ ഏതാനും മെത്രാന്മാർ ചേർന്നു് ഇതു പ്രയോഗത്തിൽ വരുത്തി. പാസും എന്ന ഗ്രാമത്തിൽ അവർ ഒരു സിനഡു് കൂടി. സംഗാരിയുസ് നദിയുടെ ഉദ്ഭവസ്ഥാനത്തിനു സമീപമുള്ളതാണ് ആ ഗ്രാമം. യൂദന്മാർ പുളിപ്പില്ലാത്ത അപ്പത്തിന്റെ തിരുനാൾ ആഘോഷിക്കുന്ന ദിവസം തന്നെ

39. മാർച്ച് 22 (Vernal equinox)-നു ശേഷം.

www.malankaralibrary.com



ഉയിർപ്പുതിരുനാരം ആഘോഷിക്കണമെന്നു് ആ സിനഡിൽ വച്ചു് അവർ ഒരു നിയമമുണ്ടാക്കി. ഈ വിഷയം സംബന്ധിച്ചു് വേണ്ട വിവരങ്ങരം എനിക്കു പറഞ്ഞുതന്നതു് ചെറുപ്പത്തിൽ ആ സിനഡിൽ സംബന്ധിച്ച ഒരു വ്യക്തിയാണു്. ഇപ്പോരം വൃദ്ധനായ അദ്ദേഹം തന്റെ പിതാവായ ഒരു വൈദികനോടൊപ്പമാണു് സിനഡിൽ സംബന്ധിച്ചതു്. നൊവേഷ്യൻ വിഭാഗത്തിന്റെ ആദ്ധ്യാത്മികകാര്യങ്ങളുടെ നിയന്ത്രണം കോൺസ്റ്റാൻറിനോപ്പിളിലെ അവരുടെ മെത്രാനായ അജേലിയൂസ്, നിഖ്യാമെത്രാനായ മാക്സിമൂസു്, നിക്കൊമേദിയായിലെയും കൊത്തിയെവുമിലെയും മെത്രാന്മാർ എന്നിവരുടെ കൈകളിലായിരുന്നെങ്കിലും അവരാരും കൗൺസിലിൽ സംബന്ധിച്ചില്ല. ഈ കൗൺസിലിന്റെ ഫലമായി നൊവേഷ്യരുടെ സഭ രണ്ടായി പിളന്നതിന്റെ ചരിത്രം പിന്നീടു് ഉചിതമായ സ്ഥാനത്തു പറഞ്ഞുകൊള്ളാം.[40] ഈ സന്ദർഭത്തിൽ പാശ്ചാത്യലോകത്തു സംഭവിച്ച കാര്യങ്ങരം ഇപ്പോരം പരിഗണിക്കാം.

## അധ്യായം 29

## ദമാസൂസും ഉർസീനൂസും

വലെൻറീനിയൻ ചക്രവത്തി സഭാപരമായ തക്കങ്ങളിൽ ഒരു പക്ഷത്തും ചേരാതെ സമാധാനപരമായി രാജ്യഭരണം നടത്തി. റോമിലെ മെത്രാനായിരുന്ന ലിബേരിയൂസിന്റെ കാലശേഷം ദമാസൂസു് എന്നയാരം ആ സ്ഥാനത്തു പ്രതിഷ്ഠിതനായി. ആ സ്ഥാനത്തിനു നോട്ടമിട്ടിരുന്ന മറെറാരാളുണ്ടായിരുന്നു. ഉർസീനൂസ് എന്ന ഒരു ഡീക്കനായിരുന്നു അതു്. ദമാസൂസു് അധികാരമേററപ്പോരം ഉർസീനൂസ്, തന്നെ അനുകൂലിക്കുന്ന ആളുകളെ രഹസ്യമായി സംഘടിപ്പിച്ചു. പ്രമുഖരല്ലാത്ത ഏതാനും മെത്രാന്മാർ ചേന്നു് അയാളെ മെത്രാനായി വാഴിക്കുക പോലും ചെയ്തു. ആ അഭിഷേകകർമ്മം നടത്തിയതു് ഏതെങ്കിലും ഒരു പള്ളിയിൽ വച്ചല്ല. "സിചീനേയുടെ കൊട്ടാരം"[41] എന്ന സ്ഥലത്തുവച്ചു് വളരെ രഹസ്യമായിട്ടാണു്. അതേത്തുടന്നു് ജനങ്ങരംക്കിടയിൽ പിളർപ്പുണ്ടായി. ഏതെങ്കിലും

40. 5: 21.

41. Palace of Sicine.

www.malankaralibrary.com



വിശ്വാസവിഷയത്തെക്കുറിച്ചായിരുന്നില്ല തക്കം. പിന്നെയോ മെത്രാനായിരിക്കേണ്ടതു് ആരാണെന്ന വിഷയത്തെക്കുറിച്ചായിരുന്നു. തുടർന്നുണ്ടായ കലഹങ്ങളിൽ പലരും കൊല്ലപ്പെട്ടു. അതിനെ അടിസ്ഥാനമാക്കി നഗരത്തിലെ പ്രീഫെക്ട് മാക്സിമിൻ, വൈദികരും അത്മായരുമായ പലരെയും പിടിച്ചു ശിക്ഷിച്ചു. ഒടുവിൽ ഉർസീനൂസിനു് തന്റെ അവകാശവാദങ്ങൾ ഉപേക്ഷിക്കുകയും അയാളുടെ അനുയായികൾക്കു മര്യാദയ്ക്കു നടക്കുകയും ചെയ്യേണ്ടി വന്നു.

## അധ്യായം 30

## ഗവർണ്ണർ മെത്രാനാകുന്നു

ഈ കാലത്തു് മിലാനിലുണ്ടായ ഒരു സംഭവം പ്രത്യേകം എടുത്തുപറയേണ്ടതുണ്ടു്. അവിടെ മെത്രാനായിരുന്ന ആര്യൻ പക്ഷത്തിൽപ്പെട്ട ഔക്സെൻസ്യൂസ് മരിച്ചപ്പോൾ അദ്ദേഹത്തിന്റെ അനുഗാമിയെ തെരഞ്ഞെടുക്കുന്ന വിഷയത്തിൽ ആളുകൾ തമ്മിൽ വിവാദമായി. വ്യത്യസ്ത ആശയഗതിക്കാർ തമ്മിലുള്ള മത്സരം സ്ഫോടനാത്മകമായ ഒരന്തരീക്ഷം സൃഷ്ടിച്ചു. അന്നു് അവിടുത്തെ ഗവർണ്ണർ അംബ്രോസ് എന്നു പേരുള്ള ഒരാളായിരുന്നു. അദ്ദേഹത്തിനു് കോൺസുൾ സ്ഥാനവുമുണ്ടായിരുന്നു. ആളുകളുടെ അഭിപ്രായ ഭിന്നതമൂലം കലഹമുണ്ടാകരുതെന്നു കരുതി നിശ്ചിത ദിവസം അദ്ദേഹം പള്ളിയിലെത്തി. അദ്ദേഹത്തിന്റെ ആഗമനത്തിൽത്തന്നെ എല്ലാവരും നിശ്ശബ്ദരായി. സുദീർഘവും പ്രൗഢസുന്ദരവുമായ ഒരു പ്രസംഗം കൊണ്ടു് അദ്ദേഹം ജനങ്ങളെ തീർത്തും ശാന്തരാക്കി. അദ്ദേഹത്തിന്റെ വാദഗതികൾ എല്ലാവർക്കും സ്വീകാര്യമായി. എന്നു മാത്രമല്ല, 'മെത്രാൻ സ്ഥാനത്തിനു് അംബ്രോസ് യോഗ്യനാണു്' എന്നു് ഏകയോഗമായി വിളിച്ചുപറഞ്ഞുകൊണ്ടു് അദ്ദേഹത്തിനു പട്ടം കൊടുക്കണമെന്നു് ജനക്കൂട്ടം ആവശ്യപ്പെട്ടു. അങ്ങനെ ചെയ്യുകിൽ മാത്രമേ നഗരത്തിൽ സമാധാനവും സഭയിൽ ഐക്യവും കൈവരുകയുള്ളു എന്നു് ജനങ്ങൾ ഉദ്ഘോഷിച്ചു. ജനങ്ങൾക്കു സ്വാഭാവികമായുണ്ടായ ഈ വികാരം ദൈവപ്രേരണയാലുണ്ടായതാണെന്നു് അവിടെ സമ്മേളിച്ചിരുന്ന മെത്രാന്മാർക്കെല്ലാം ബോദ്ധ്യമാവുകയും ചെയ്തു. അന്നു് ഒരു ജ്ഞാനസ്നാനാർത്ഥി മാത്രമായിരുന്ന അംബ്രോസിനെ അവർ ഉടൻതന്നെ ജ്ഞാനസ്നാനപ്പെടുത്തി. സ്വമേധയാ സ്നാനം

www.malankaralibrary.com



സ്വീകരിച്ചെങ്കിലും മെത്രാനാക്കാൻ തുടങ്ങിയപ്പോൾ അംബ്രോസ് ആ നീക്കത്തെ ശക്തിയായി എതിർത്തു. അപ്പോൾ മെത്രാന്മാർ ഈ വസ്തുത വലെൻറീനിയൻ ചക്രവർത്തിയുടെ ശ്രദ്ധയിൽപ്പെടുത്തി. അത്രയേറെ ജനങ്ങൾ ഒരുമിച്ച് സ്വാഭാവികമായി പുറപ്പെടുവിച്ച അഭിപ്രായം ദൈവനിശ്ചയം തന്നെയായിരിക്കുമെന്നു ചക്രവർത്തിക്കും തോന്നി. അതിനാൽ അംബ്രോസിനെ മെത്രാനായി അഭിഷേകം ചെയ്തു് ദൈവേഷ്ടം നിറവേററാൻ അദ്ദേഹം മെത്രാന്മാർക്കു നിർദ്ദേശം നൽകി. 'മനുഷ്യരുടെ വോട്ടുകളേക്കാൾ ദൈവശബ്ദത്താലാണ് അദ്ദേഹത്തിൻെറ തെരഞ്ഞെടുപ്പ്' എന്നു് വിളംബരം ചെയ്തു. അതനുസരിച്ച് അഭിഷേകം നടന്നു. അങ്ങനെ മതഭേദങ്ങൾ മൂലം വിഭക്തമായിരുന്ന മിലാനിലെ സഭയിൽ ഐക്യം പുനസ്ഥാപിതമായി.

## അധ്യായം 31

# വലെൻറീനിയൻെറ മരണവും അനന്തര സംഭവങ്ങളും

ഇതിനെ തുടർന്നുള്ള കാലഘട്ടത്തിൽ സർമാത്യർ എന്ന അപരിഷ്കൃതവർഗ്ഗം റോമാസാമ്രാജ്യത്തിൽ കടന്നു് ആക്രമണം നടത്തി. ചക്രവർത്തി വലിയൊരു സൈന്യത്തോടുകൂടി അവരെ അടിച്ചമർത്താൻ പുറപ്പെട്ടു. സൈന്യത്തിൻെറ വലിപ്പം മൂലം ആക്രമണകാരികൾ സംഭീതരായി. അവർ ചില വ്യവസ്ഥകളിൽ സമാധാനത്തിനപേക്ഷിച്ചുകൊണ്ടു് ചക്രവർത്തിയുടെ പക്കലേയ്ക്കു് ഒരു പ്രതിനിധിസംഘത്തെ അയച്ചു. അവർ ചക്രവർത്തിയുടെ സന്നിധിയിൽ എത്തിയപ്പോൾ അവർ വളരെ പ്രാകൃതരാണെന്നു് അദ്ദേഹത്തിനു തോന്നി. സർമാത്യരെല്ലാം ഇത്തരക്കാരാണോ എന്നു് അദ്ദേഹം അന്വേഷിച്ചു. അവരുടെയിടയിലെ ശ്രേഷ്ഠരായ ആളുകളെല്ലാം ആ സംഘത്തിലുണ്ടു് എന്നു് അവർ പ്രതിവചിച്ചപ്പോൾ ചക്രവർത്തി കോപപരവശനായിത്തീർന്നു. അദ്ദേഹം ഇങ്ങനെ അലറി: ''ഞാൻ ഭരിച്ചുകൊണ്ടിരിക്കുന്ന കാലത്തു് ഇത്ര നിന്ദ്യരായ ഒരുകൂട്ടം കാട്ടാളന്മാർ അവരുടെ പരിധികളിൽ സുരക്ഷിതരായി ജീവിക്കുന്നതിനു് അനുവദിക്കപ്പെട്ടിരിക്കുന്നു എന്നതിൽ സംതൃപ്തരാകാതെ മഹത്തായ റോമാസാമ്രാജ്യത്തിനെതിരായി ആയുധമെടുക്കാനും യുദ്ധം ചെയ്വാനും ധൈര്യപ്പെടുന്നു എന്നതു് കഷ്ടാൽ കഷ്ടതരം തന്നെ.'' ഇതു പറഞ്ഞ സമയത്തു് വികാരാധിക്യം മൂലം

www.malankaralibrary.com



അദ്ദേഹത്തിന്റെ രക്തധമനികളെല്ലാം പൊട്ടി രക്തമൊഴുകി അദ്ദേഹം മരിച്ചുവീണു. ഗ്രേഷ്യന്റെയും എക്വീസ്യൂസിന്റെയും മൂന്നാമത്തെ കോൺസുളേററിന്റെ കാലത്തു്[42] നവംബർ 17-ാം തീയതി ബെർഗീസ്സ്യൺ കൊട്ടാരത്തിൽ വച്ചാണു് ഈ സംഭവം നടന്നതു്. അന്നു് അദ്ദേഹത്തിനു് അൻപത്തിനാലു വയസ്സും ഭരണത്തിന്റെ പതിമൂന്നാം വർഷവും ആയിരുന്നു.

ഈ സംഭവം കഴിഞ്ഞു് ഏഴാം ദിവസം, ഇററലിയിലുണ്ടായിരുന്ന റോമൻ സൈന്യം ചക്രവർത്തിയുടെ മകനായ ആറു വയസ്സുള്ള വലെൻറീനിയൻ എന്ന കുമാരനെ അടുത്ത ചക്രവർത്തിയായി പ്രഖ്യാപിച്ചു. ഇററലിയിലെ അചിൻകം[43] എന്ന നഗരത്തിൽ വച്ചാണു പ്രഖ്യാപനം നടന്നതു്. മററു രണ്ടു ചക്രവർത്തിമാരും ഈ സംഭവം അറിഞ്ഞപ്പോഠം അസംതൃപ്തരായി. തങ്ങളിൽ ഒരാളുടെ സഹോദരനും മറെറാരാളുടെ അനന്തരവനുമായ കുമാരനെ ചക്രവർത്തിയാക്കിയതിലല്ല, തങ്ങളോടു് ആലോചിക്കാതെ സൈന്യം അങ്ങനെയൊരു നടപടി സ്വീകരിച്ചതിലായിരുന്നു അവരുടെ അതൃപ്തി. എങ്കിലും അധികാരപ്രഖ്യാപനം അവർ ശരിവച്ചു. അങ്ങനെ കൊച്ചു വലെൻറീനിയൻ പിതാവിന്റെ സിംഹാസനത്തിൽ ഉപവിഷ്ടനായി.

വലെൻറീനിയൻ ചക്രവർത്തിക്കു് ജൂസ്റ്റീനാ എന്ന ഭാര്യയിൽ ജനിച്ച പുത്രനായിരുന്നു കൊച്ചു വലെൻറീനിയൻ. സെവേരാ എന്ന ആദ്യഭാര്യ ജീവിച്ചിരിക്കുമ്പോഠംതന്നെ ജൂസ്തീനായെ ചക്രവർത്തി വിവാഹം ചെയ്തതാണു്. ആ വിവാഹം നടന്നതു് താഴെപ്പറയുന്ന സാഹചര്യത്തിലായിരുന്നു. ജൂസ്തീനായുടെ പിതാവായ ജൂസ്തൂസ്, കോൺസ്റ്റാൻസ്യൂസ് ചക്രവർത്തിയുടെ കാലത്തു് പിചേനും എന്ന സ്ഥലത്തെ ഗവർണ്ണറായിരുന്നു. ചക്രവർത്തിയുടെ അധികാരവസ്ത്രം തന്റെ വലത്തുവശത്തു നിന്നു പുറപ്പെട്ടു വരുന്നതായി അയാഠം ഒരിക്കൽ ഒരു സ്വപ്നം കണ്ടു. ഈ സ്വപ്നത്തെക്കുറിച്ചു് അയാഠം പലരോടും പറഞ്ഞു. ആ വാർത്ത കോൺസ്റ്റാൻസ്യൂസ് ചക്രവർത്തിയും അറിഞ്ഞു. ഇതിന്റെ സൂചന ജൂസ്തൂസിന്റെ പിൻമുറക്കാരാരെങ്കിലും റോമൻ ചക്രവർത്തിപദം കൈയടക്കുമെന്നാണല്ലോ എന്നു കരുതി കോൺസ്ററാൻസ്യൂസ് ചക്രവർത്തി അയാളെ വധിപ്പിച്ചു.

---

42. ക്രി. വ. 375-ൽ.

43. പന്നോണിയായിൽ വച്ചു്.

www.malankaralibrary.com



ഇങ്ങനെ പിതൃവിയുക്തയായിത്തീർന്ന ജൂസ്റ്റീനാ കന്യക യായിത്തന്നെ ജീവിച്ചു വന്നു. കുറെക്കാലം കഴിഞ്ഞപ്പോൾ, വലെൻറീനിയൻ ചക്രവർത്തിയുടെ ഭാര്യ സെവേരാ അവളെ കുറിച്ചു കേട്ടറിയാനിടയായി. അവർ തമ്മിൽ ചങ്ങാതിക ളായി. അവർ ഒരുമിച്ചു സ്നാനം ചെയ്യുന്ന കൂട്ടുകാരികൾ വരെ ആയിത്തീർന്നു. കുളിക്കുന്ന സന്ദർഭത്തിൽ ജൂസ്ത്തീനായുടെ നഗ്നശരീരം കണ്ടു സെവേരാ അവളുടെ സൗന്ദര്യത്തിൽ അത്യന്തം സന്തുഷ്ടയായി. അവൾ ഭർത്താവിനോട് ഈ വിവരം പറഞ്ഞു. ഒരു സ്ത്രീയായ താൻ പോലും അവളുടെ സൗന്ദര്യ ത്തിൽ ആകൃഷ്ടയായിപ്പോയി എന്നു് അവൾ വെളിപ്പെടുത്തി. ഈ വർണ്ണന കേട്ട ചക്രവർത്തി മതിമറന്നു. തൻെറ പ്രിയഭാര്യയും ഗ്രേഷ്യൻ എന്ന പ്രിയപുത്രൻെറ മാതാവുമായ സെവേരായെ ഉപേക്ഷിക്കാതെ തന്നെ ആ സുന്ദരിയെ സ്വന്തമാക്കാൻ മാർഗ്ഗ മെന്തെന്നായി ചക്രവർത്തിയുടെ ആലോചന. ഗ്രേഷ്യനെ ഏതാനും നാൾ മുമ്പു് അദ്ദേഹം അഗസ്ററസ് സ്ഥാനത്തേയ്ക്കു് ഉയർത്തിയിരുന്നു. ചക്രവർത്തി പുതുതായി ഒരു നിയമം ഉണ്ടാക്കി സാമ്രാജ്യമെങ്ങും വിളംബരം ചെയ്തു. ഏതു മനുഷ്യനും രണ്ടു സ്ത്രീകളെ ഭാര്യമാരാക്കാം എന്നതായിരുന്നു പുതിയ നിയമം. ആ നിയമത്തിൻെറ മറവിൽ ചക്രവർത്തി ജൂസ്റ്റീനാ യെ വിവാഹം ചെയ്തു. ആ ദാമ്പത്യത്തിൽ കൊച്ചു വലെൻറീ നിയനും, ജൂസ്താ, ഗ്രാതാ, ഗാല്ലാ എന്നു മൂന്നു പുത്രിമാരും ജനിച്ചു. പുത്രിമാരിൽ ആദ്യത്തെ രണ്ടുപേർ കന്യകകളായി ത്തന്നെ ജീവിച്ചു. മൂന്നാമത്തവളായ ഗാല്ലായെ പിന്നീടു് മഹാ നായ തിയഡോഷ്യസ് ചക്രവർത്തി വിവാഹം ചെയ്തു. അതിൽ പ്ലാചിദിയാ എന്നൊരു മകളുണ്ടായി. തിയഡോഷ്യസ് ചക്രവ ർത്തിക്കു് ആദ്യഭാര്യയായ ഫ്ളാച്ചില്ലായിൽ അക്കേഡിയസ്, ഹൊണോറിയസ് എന്നു രണ്ടു പുത്രന്മാരുണ്ടായിരുന്നു. തിയ ഡോഷ്യസിനെയും പുത്രന്മാരെയും കുറിച്ചുള്ള വിവരങ്ങൾ പിന്നീടു പറയാം.[44]

---

44. 5; 2; 6:1

www.malankaralibrary.com



## അധ്യായം 32

# വാലെൻസിൻെറ പീഡനത്തിനു ശമനം

അന്ത്യോക്യയിൽ വസിച്ചുകൊണ്ടു ഭരണം നടത്തിയ വലെൻസ് ചക്രവർത്തിക്ക് ബാഹ്യമായ ആക്രമണ ഭീഷണിയൊന്നും നേരിടേണ്ടി വന്നില്ല. ചുററുപാടുമുണ്ടായിരുന്ന അപരിഷ്കൃതവർഗ്ഗക്കാർ അവരവരുടെ അതിരുകളിൽ ഒതുങ്ങി ക്കഴിഞ്ഞു. എന്നാൽ *ഹോമോഉസിയൻ* വിശ്വാസികളുടെ മേൽ അയാഠം ക്രൂരമായ പീഡനം നടത്തി. ഓരോ ദിവസവും ഭീകര ദണ്ഡനങ്ങൾ അവരുടെമേൽ നടത്തി. അങ്ങനെയിരിക്കെ തെമിസ്തിയുസ് എന്ന ദാർശനികൻ അദ്ദേഹത്തിൻെറ 'അഭ്യർത്ഥനാപരമായ പ്രഭാഷണം' മൂലം പീഡനത്തിൻെറ തീക്ഷ്ണതയ്ക്കു ശമനം വരുത്തി. ആ പ്രസംഗത്തിൽ അദ്ദേഹം ചക്രവർത്തിയെ ഉദ്ബോധിപ്പിച്ചു: ''ക്രിസ്ത്യാനികളുടെയിടയിൽ വിശ്വാസസംബന്ധമായ കാര്യങ്ങളിൽ നിലവിലിരിക്കുന്ന മതഭേദങ്ങളിൻ അങ്ങ് ആശ്ചര്യപ്പെടരുത്. അന്യമതക്കാരുടെയിടയിൽ മത തത്ത്വങ്ങളെ സംബന്ധിച്ചു നിലനിൽക്കുന്ന അഭിപ്രായഭിന്നതകളോടു തുലനം ചെയ്യുമ്പോൾ ക്രിസ്ത്യാനികളുടെ ഇടയിലെ ആശയഭിന്നതകൾ എത്രയോ അഗണ്യമാണ്. പ്രസ്തുത ഭിന്നാഭിപ്രായങ്ങളാണെങ്കിൽ മുന്നൂറോളം വരും. കക്ഷിഭേദം എന്നുള്ളതു് ഇത്തരം ഭിന്നാഭിപ്രായങ്ങളുടെ അവശ്യപരിണാമമത്രേ. എന്നാൽ ഇതുകൊണ്ടു ദോഷമൊന്നുമില്ല. ദൈവസ്വഭാവത്തെക്കുറിച്ചു സൂക്ഷ്മമായ ജ്ഞാനം സമ്പാദിക്കുന്നതു് അനായാസമല്ല എന്നതുകൊണ്ടു് വിഭിന്നങ്ങളായ വിശ്വാസങ്ങൾ മൂലം അവിടുന്ന് കൂടുതൽ മഹത്ത്വപ്പെടുകയും അവിടുത്തെ ഔന്നത്യം കൂടുതൽ ആദരിക്കപ്പെടുകയും ചെയ്യുകയേ ഉള്ളൂ.'

ഇത്തരം പല ആശയങ്ങളും ആ തത്ത്വജ്ഞാനി ചക്രവർത്തിയുടെ സമക്ഷം അവതരിപ്പിച്ചു. അതിനാൽ *ഹോമോഉസിയൻ* വിശ്വാസികളോടുള്ള അയാളുടെ കോപം ലഘുവായി; പക്ഷേ തീരെ ശമിച്ചില്ല. വൈദികരെ വധിക്കുന്നതു് അവസാനിപ്പിച്ചെങ്കിലും അവരെ നാടുകടത്തുന്നതു നിർത്തിയില്ല. എന്നാൽ താഴെ പറയുന്ന സംഭവം മൂലം പിന്നീട് അതും അവസാനിച്ചു.

www.malankaralibrary.com



## അധ്യായം 33

# ഗോത്യരുടെ മാനസാന്തരം

ഡാന്യൂബ് നദിക്കു വടക്ക് നിവസിച്ചിരുന്ന ഒരു കിരാത വർഗ്ഗമാണ് ഗോത്യർ. അവർ തമ്മിൽ ആഭ്യന്തരകലഹമുണ്ടായി. അവർ രണ്ടു കക്ഷികളായി തിരിഞ്ഞു. ഒരു കക്ഷിയുടെ നേതാവു ഫ്രിതിജെർനെസും മറേറ കക്ഷിയുടെ നേതാവ് അത്തനാറിക്കും ആയിരുന്നു. യുദ്ധത്തിൽ അത്തനാറിക്കിന്റെ കക്ഷിക്കു ജയ മുണ്ടായപ്പോൾ ഫ്രിതിജെർനെസ് എതിരാളിയെ നേരിടാൻ റോമിന്റെ സഹായം അപേക്ഷിച്ചു. ത്രേസിൽ ഉണ്ടായിരുന്ന റോമൻ സൈന്യത്തെ ഫ്രിതിജെർനെസിനെ സഹായിക്കാൻ വലെൻസ് ചക്രവർത്തി നിയോഗിച്ചു. ഈ സൈന്യത്തിന്റെ സഹായത്തോടുകൂടി ഫ്രിതിജെർനെസ് പക്ഷക്കാർ എതിരാളി കളായ അത്തനാറിക്കിന്റെ മേൽ ഡാന്യൂബിന്റെ മറുകരയിൽ നിർണ്ണായക വിജയം നേടി. റോമാചക്രവർത്തി ചെയ്ത മഹത്തായ ഈ ഉപകാരത്തിന്റെ പേരിലുള്ള കടപ്പാടു വ്യക്ത മാക്കാൻ ഫ്രിതിജെർനെസ് ആ ചക്രവർത്തിയുടെ മതമായ ക്രിസ്തുമതം സ്വീകരിക്കുകയും അതുപോലെ ചെയ്യാൻ തന്റെ അനുയായികളെ പ്രേരിപ്പിക്കുകയും ചെയ്തു. അങ്ങനെ ഗോത്യരിൽ നല്ലൊരു പങ്കു ക്രിസ്ത്യാനികളായിത്തീർന്നു. അവരിൽ അധികം പേരും ഇന്നും ആര്യൻ അബദ്ധ വിശ്വാസ ത്തിനടിമകളാണ്. കാരണം, ഉപകർത്താവായ വലെൻസ് ചക്രവർത്തിയുടെ വിശ്വാസങ്ങളാണ് അവർ സ്വീകരിച്ചതു്.

അവരുടെ മെത്രാനായിരുന്ന ഉൾഫിലാസ് ഗോത്തിക്ക് അക്ഷരമാല രൂപപ്പെടുത്തുകയും വിശുദ്ധ ഗ്രന്ഥം ഗോത്തിക്ക് ഭാഷയിലേയ്ക്കു തർജ്ജമ ചെയ്യുകയും ചെയ്തു. വേദപുസ്തക ത്തിലെ ആശയങ്ങൾ തന്റെ ജനങ്ങളെ പഠിപ്പിക്കാൻ അദ്ദേഹം ഉത്സാഹിച്ചു. ഉൾഫിലാസ് തന്റെ ആദ്ധ്യാത്മികോദ്ബോ ധന പ്രവർത്തനങ്ങൾ ഫ്രിതിജെർനെസ് പക്ഷക്കാരിൽ മാത്ര മായി ഒതുക്കി നിർത്തിയില്ല. അത്തനാറിക്ക് പക്ഷക്കാരിൽ അനേകം പേരെ അദ്ദേഹം ക്രിസ്തുമതത്തിലേയ്ക്കു് ആനയിച്ചു. അത്തനാറിക്കാകട്ടെ, ഈ മാനസാന്തരങ്ങളെ തന്റെ പൂർവ്വിക രുടെ വിശ്വാസത്തോടുള്ള അവഹേളനമായി കണക്കാക്കി.

www.malankaralibrary.com



അതിനാൽ ക്രിസ്തുമതം അവലംബിച്ചവർക്ക് അയാഠം കഠിന ശിക്ഷകഠം നല്കി. അങ്ങനെ, ആര്യൻ ഗോത്രുകളിൽ അനേകം പേർ രക്തസാക്ഷികളായി.

ആരിയൂസാകട്ടെ, ലിബിയാക്കാരനായ സെബെല്ലിയൂസിൻെറ ആശയങ്ങഠം തെററാണെന്നു തെളിയിക്കാനാകാതെ, സത്യവിശ്വാസത്തിൽ നിന്നകന്നു്, പുത്രനായ ദൈവം 'ഒരു പുതിയ ദൈവം' ആണെന്നു പഠിപ്പിക്കാൻ തുടങ്ങി. ക്രിസ്തുമതത്തിൽ ചേർന്ന അപരിഷ്കൃത വർഗ്ഗക്കാർ അവരുടെ മനസ്സിൻെറ ആർജ്ജവംമൂലം ക്രിസ്തീയ വിശ്വാസത്തിനുവേണ്ടി ഈലോകജീവിതത്തെ തൃണവത്ഗണിച്ചു. ക്രിസ്തുമതം അവലംബിച്ച ഗോത്യരെക്കുറിച്ചുള്ള വിവരണം നമുക്കു തത്കാലം ഇവിടെ അവസാനിപ്പിക്കാം.

## അധ്യായം 34

# ഗോത്യർ റോമാസാമ്രാജ്യത്തിൽ. സാമ്രാജ്യത്തിൻെറ തകർച്ച

അധികം താമസിയാതെ ഗോത്രു വർഗ്ഗക്കാർ തങ്ങളുടെ ആഭ്യന്തരഭിന്നതകഠം കൈവെടിഞ്ഞു് പരസ്പരൈക്യത്തിലായി. എന്നാൽ ഈ ഘട്ടത്തിൽ ഹൂണന്മാർ എന്ന മറെറാരു കിരാത വർഗ്ഗം അവരെ ആക്രമിച്ചു തോല്പിക്കുകയും സ്വന്തം നാട്ടിൽ നിന്നു് അവരെ തുരത്തുകയും ചെയ്തു. അപ്പോഠം അവർ റോമാസാമ്രാജ്യത്തിൽ അഭയം തേടി. ചക്രവർത്തിയുടെ പ്രജകളായിരുന്നുകൊള്ളാമെന്നും അദ്ദേഹം നൽകുന്ന ഏതാജ്ഞകളും അനുവർത്തിച്ചുകൊള്ളാമെന്നും അവർ വാഗ്ദാനം ചെയ്തു. ഈ വാഗ്ദാനം വാലെൻസ് ചക്രവർത്തിക്കു് വളരെ ആകർഷകമായിത്തോന്നി. അഭയാർത്ഥികളെ വളരെ ദയാപൂർവ്വം സ്വീകരിക്കാൻ അയാഠം നിർദ്ദേശം നല്കി. ഈ ഒററ സന്ദർഭത്തിൽ മാത്രമേ വാലെൻസ് ചക്രവർത്തി മനുഷ്യരോടു സഹതാപം കാട്ടിയിട്ടുള്ളു. ഗോത്യർക്കു താമസിക്കാൻ ത്രേസിൻെറ ചില ഭാഗങ്ങഠം വേർതിരിച്ചു കൊടുത്തു. ഈ സംവിധാനം തനിക്കു വളരെ സൗഭാഗ്യകരമായിരിക്കുമെന്നു് അയാഠം കരുതി. ആക്രമണകാരികഠംക്കെതിരെ അനായാസം അണിനിരത്താൻ കഴിയുന്ന ധീരസൈനികരുടെ ഒരു ഗണം ഇപ്രകാരം തനിക്കു കരഗതമായിരിക്കുന്നു എന്നായി

www.malankaralibrary.com



രുന്ന ചക്രവർത്തിയുടെ കണക്കുകൂട്ടൽ. കിരാതവർഗ്ഗക്കാർ രാജ്യാതിർത്തികളുടെ സംരക്ഷണത്തിൽ റോമൻ സൈന്യത്തെക്കാറം കരുത്തുററ സേവനം ചെയ്യുമെന്നു് അയാറം പ്രതീക്ഷിച്ചു; അതിനാൽ, പിന്നീടു് റോമൻ സൈന്യത്തിലേയ്ക്കു് പുതുതായി ആളെടുക്കുന്ന കാര്യത്തിൽ ഉത്സാഹിച്ചില്ല. മുൻ സമരങ്ങളിൽ ധീരമായി പോരാടി ചക്രവർത്തിക്കുവേണ്ടി അരാതികളെ അമർച്ച ചെയ്ത ധീരകേസരികളായ റോമൻ യോദ്ധാക്കളെ അവഗണിച്ചു. ഓരോ പട്ടാളക്കാരനും വേണ്ടി എൺപതു സ്വർണ നാണയങ്ങരം പ്രോവിൻസുകളിലെ ഗ്രാമങ്ങളിൽനിന്നു് കരം പിരിവുകാർ പിരിച്ചിരുന്നു. ചക്രവർത്തി സൈന്യത്തിൻെറ വില നാണയത്തിൽ കണക്കാക്കി. അയാറം മുമ്പൊരിക്കലും പൊതുജനങ്ങളുടെ ഭാരം കുറച്ചിട്ടില്ല. ഈ മാററമാണു് പിന്നീടു് റോമൻ സാമ്രാജ്യത്തിനുണ്ടായ നിരവധി കെടുതികളുടെ ആരംഭം.

## അധ്യായം 35

## മതപീഡനത്തിനു ശമനം

ചക്രവത്തി ത്രേസ്പ്രദേശം മുഴുവൻ കാട്ടാളജാതിക്കാരായ ഗോത്യർക്കു കൊടുത്തല്ലോ. അവിടെ സുരക്ഷിതമായി സുഖ സമൃദ്ധിയിൽ കഴിഞ്ഞ അവർക്കു് മര്യാദയ്ക്കു് ജീവിക്കാൻ തോന്നിയില്ല. ഉപകത്താക്കളായ പരിഷ്കൃതജനങ്ങളെ അവർ പലവിധത്തിൽ ആക്രമിക്കാനും ഉപദ്രവിക്കാനും തുടങ്ങി. ത്രേസ്പ്രദേശത്തു മാത്രമല്ല, സമീപപ്രദേശങ്ങളിലും അവർ പലവിധ നാശനഷ്ടങ്ങരം വരുത്തി. വാലെൻസ്സു് ചക്രവത്തി ഈ വിവരങ്ങരം അറിഞ്ഞപ്പോറം, *ഹോമോഉസിയൻ* വിശ്വാസികളെ നാടുകടത്തുന്ന ഏർപ്പാടു് അവസാനിപ്പിച്ചു. വലിയ ഭീതിയോടുകൂടെ അന്ത്യോക്യാവിട്ടു കോൺസ്റ്റാൻറിനോപ്പിളിലെത്തി. അവിടെയും സത്യവിശ്വാസികളെ പീഡിപ്പിക്കുന്നതു് അവസാനിപ്പിച്ചു. ഈ ഘട്ടത്തിൽ അന്ത്യോക്യയിലെ ആര്യൻമെത്രാനായ എവുസോയിയൂസ് നിര്യാതനായി. ഇതു സംഭവിച്ചതു് വാലെൻസിൻെറ അഞ്ചാം കോൺസുളേററിൻെറയും കൊച്ചുവലെൻറീനിയൻെറ ഒന്നാം കോൺസുളേററിൻെറയും കാലത്താണു്.[45] എവുസോയിയൂസിൻെറ പിൻഗാമിയായി ഡൊറോത്തെവൂസ് നിയമിതനായി.

45. ക്രി. വ. 376-ൽ.

www.malankaralibrary.com



## അധ്യായം 36

## സാരസന്മാരുടെ മാനസാന്തരം

ചക്രവർത്തി അന്ത്യോക്യായിൽ നിന്നു പോയിട്ട് അധിക മാകും മുമ്പുതന്നെ, അതുവരെ റോമാക്കാരുമായി സഖ്യത്തിൽ കഴിഞ്ഞിരുന്ന സാരസന്മാർ റോമാക്കാർക്കെതിരായി കലാപം തുടങ്ങി. അവർക്കു നേതൃത്വം നല്കിയതു് അവരുടെ രാജ്ഞിയും വിധവയുമായ മാവിയാ എന്ന സ്ത്രീയായിരുന്നു. സാരസന്മാ രുടെ ആക്രമണത്തിൽ പൗരസ്ത്യദേശങ്ങളിൽ മുഴുവൻ വലിയ നാശനഷ്ടങ്ങരം ഉണ്ടായി. എന്നാൽ ദൈവപരിപാലന താഴെ പറയുന്ന സവിശേഷമായ രീതിയിൽ കൂടുതൽ നാശനഷ്ടങ്ങരം ഒഴിവാക്കി.

മോശ എന്നൊരു സന്യാസി ഇക്കാലത്തു മരുഭൂമിയിൽ ജീവിച്ചിരുന്നു. ജനനം കൊണ്ടു സാരസനായ അദ്ദേഹം ജീവിത വിശുദ്ധിയും വിശ്വാസതീക്ഷ്ണതയും അത്ഭുതപ്രവർത്തന ങ്ങളുംകൊണ്ടു വളരെ പ്രഖ്യാതനായിത്തീർന്നു. തന്റെ രാജ്യ ത്തെ മെത്രാനായി അദ്ദേഹത്തെ വാഴിച്ചു കിട്ടണമെന്നു് മാവിയാരാജ്ഞി ആഗ്രഹിച്ചു. ഈ ആഗ്രഹം സാധിച്ചു തന്നാൽ യുദ്ധനടപടികളെല്ലാം അവസാനിപ്പിക്കാമെന്നു് അവർ റോമൻ അധികാരികരംക്കു വാക്കുകൊടുത്തു. റോമൻ ജനറൽമാർ കൂടിയാലോചിച്ച്, അപ്രകാരമുള്ള ഒരു യുദ്ധ വിരാമം ഏറ്റവും അഭിലഷണീയമായിരിക്കുമെന്ന തീരുമാന ത്തിലെത്തി. അവർ മോശയെ മെത്രാനായി വാഴിക്കുന്നതിനു സത്വര നടപടികരം സ്വീകരിച്ചു.

ഈ തീരുമാനമനുസരിച്ച് റോമൻ ഭടന്മാർ മോശയെ മരു ഭൂമിയിൽ നിന്നു് അലക്സാൺഡ്രിയായിലേയ്ക്കു് ആനയിച്ചു. അലക്സാൺഡ്രിയായിൽ മെത്രാനായിരുന്ന ലൂഷ്യസ് അദ്ദേ ഹത്തെ മെത്രാനായി അഭിഷേചിക്കണമെന്നാണ് ജനറൽമാർ തീരുമാനിച്ചിരുന്നതു്. അതനുസരിച്ച് മോശയെ ലൂഷ്യസിന്റെ മുമ്പിൽ ഹാജരാക്കിയപ്പോരം മോശ പറഞ്ഞു, ''പരിശുദ്ധമായ മെത്രാൻസ്ഥാനത്തിനു ഞാൻ യോഗ്യനാണെന്നു് എനിക്കു തോന്നുന്നില്ല. എന്നാൽ രാജ്യനന്മയ്ക്കു് അത്യാവശ്യമാണെന്നു

www.malankaralibrary.com



ണ്ടെങ്കിൽ ആ ഭാരം ഞാൻ സ്വീകരിക്കാം. എന്നാൽ ലൂഷ്യസിന്റെ കൈവയ്പു വഴി മെത്രാൻ സ്ഥാനം സ്വീകരിക്കാൻ ഞാൻ ഒരുക്കമല്ല; കാരണം അദ്ദേഹത്തിന്റെ കരങ്ങൾ രക്തം പുരണ്ടവയാണ്.'' ഇതു കേട്ട ലൂഷ്യസ് പറഞ്ഞു, ''എന്റെ പക്കൽ നിന്നു മതതത്ത്വങ്ങൾ പഠിക്കുകയാണു നിങ്ങളുടെ കടമ. എന്നെ ഭർത്സിക്കുകയല്ല.'' ഈ വാക്കുകൾക്കു മോശയുടെ മറുപടി ഇപ്രകാരമായിരുന്നു: ''വിശ്വാസസംബന്ധമായ പ്രശ്നങ്ങൾ ഇവിടെ തർക്കവിഷയമാകുന്നില്ല. ക്രൈസ്തവ സഹോദരങ്ങൾക്കെതിരേ നിങ്ങൾ ചെയ്തിട്ടുള്ള കുപ്രസിദ്ധമായ പ്രവൃത്തികൾ നിങ്ങളുടെ തത്ത്വങ്ങൾ ക്രൈസ്തവമല്ല എന്നു തെളിയിക്കുന്നു. ഒരു ക്രിസ്ത്യാനി ആഘാതമേല്പിക്കുകയോ സുഖഭോഗങ്ങളിൽ മുഴുകുകയോ യുദ്ധം ചെയ്യുകയോ ചെയ്യുകയില്ല. യുദ്ധം ചെയ്യുന്നതു ദൈവത്തിന്റെ ദാസനു യുക്തമല്ല. നിങ്ങളുടെ കൃത്യങ്ങൾ നിങ്ങൾക്കെതിരായി നിലവിളിക്കുന്നു. അനേകരെ നിങ്ങൾ നാടുകടത്തി, അനേകരെ കാട്ടുമൃഗങ്ങൾക്കിരയാക്കി; അനേകരെ തീയിലെരിച്ചു. ഞങ്ങൾ സ്വന്തം കണ്ണുകൊണ്ടു നേരിട്ടു കണ്ട കാര്യങ്ങൾക്കു മററുള്ളവർ പറഞ്ഞുകേട്ടവയെക്കാൾ വിശ്വാസ്യതയേറും.''

മോശ ഇങ്ങനെ പല കാര്യങ്ങൾ പറഞ്ഞപ്പോൾ സുഹൃത്തുക്കൾ അദ്ദേഹത്തെ പർവ്വത പ്രദേശത്തേയ്ക്കു കൊണ്ടുപോയി. നാടുകടത്തപ്പെട്ടവരായി അവിടെ വസിക്കുന്ന മെത്രാന്മാരാൽ അദ്ദേഹം അഭിഷിക്തനായി. മോശ ഇങ്ങനെ മെത്രാനായിത്തീർന്നപ്പോൾ സാരസന്മാർ യുദ്ധം നിറുത്തി. മാവിയാ രാജ്ഞി റോമൻ അധികാരികളോടു ചെയ്ത വാഗ്ദാനം ഏററവും ജാഗ്രതയോടെ നിറവേററി. റോമൻ സൈന്യത്തിന്റെ പ്രധാന കമാൻഡർ ആയ വിക്ടറിനു അവർ തന്റെ മകളെ വിവാഹം ചെയ്തുകൊടുത്തു.

## അധ്യായം 37

## ലൂഷസ് ബഹിഷ്കൃതനാകുന്നു

വാലെൻസ് ചക്രവർത്തി അന്ത്യോക്യായിൽനിന്നു തിരികെപോയപ്പോൾ പൗരസ്ത്യ പ്രദേശങ്ങളിൽ പീഡിതരായി കഴിഞ്ഞിരുന്ന *ഹോമോഉസിയൻ* വിശ്വാസികൾക്കു കൂടുതൽ ധൈര്യമായി. കൂടുതൽ ധൈര്യം പ്രകടിപ്പിച്ചതു് അലക്സാൺ

www.malankaralibrary.com



ഡ്രിയാ പ്രദേശത്തുള്ളവരായിരുന്നു. പീററർമെത്രാൻ റോമാ മെത്രാൻെറ കത്തുമായി റോമിൽനിന്നു തിരിച്ചെത്തി. അതിൽ, റോമാമെത്രാൻ ഹോമോഉസിയൻ വിശ്വാസത്തെ ഉറപ്പിച്ചു പറയുകയും പീറററിൻെറ മെത്രാൻസ്ഥാനത്തെ അംഗീകരിക്കുകയും ചെയ്തിരുന്നു. ഈ സാഹചര്യത്തിൽ ജനങ്ങൾ കൂടുതൽ ധൈര്യം പ്രകടിപ്പിക്കുകയും ലൂഷ്യസിനെ സ്ഥാനഭ്രഷ്ടനാക്കുകയും ചെയ്തു. അയാൾ ഉടൻതന്നെ കോൺസ്ററാൻറിനോപ്പിളിലേയ്ക്കു കപ്പൽ കയറി. എന്നാൽ അലക്സാന്ത്രിയായിലെ മെത്രാൻപദത്തിൽ പുനഃപ്രതിഷ്ഠിതനായ പീററർ പിന്നെ അധികകാലം ജീവിച്ചില്ല. മരണസമയത്ത് തൻെറ സഹോദരനായ തിമോത്തിയെ അദ്ദേഹം തൻെറ പിൻഗാമിയായി നിയമിച്ചു.

## അധ്യായം 38

## വാലെൻസിൻെറ അന്ത്യം

വാലെൻസ് ചക്രവർത്തി തൻെറ കോൺസുളേററിൻെറ ആറാം വർഷം മേയ് 30 ന് കോൺസ്റ്റാൻറിനോപ്പിളിൽ എത്തിച്ചേർന്നു. അവിടത്തെ ജനങ്ങൾ വളരെ അസംതൃപ്തരായിരുന്നു. എന്തുകൊണ്ടെന്നാൽ ഗോത്യർ ത്രേസ് മുഴുവൻ നശിപ്പിച്ചിട്ട് കോൺസ്റ്റാൻറിനോപ്പിളിനു സമീപംവരെ വന്നു ദ്രോഹകൃത്യങ്ങൾ തുടങ്ങിയിരുന്നു. അവരെ നേരിടാൻ പര്യാപ്തമായ ഒരു സൈന്യം അന്നവിടെ ഉണ്ടായിരുന്നില്ല. ശത്രുക്കൾ വളരെ അടുത്തു വന്നപ്പോൾ നഗരവാസികൾ അത്യധികം പരിഭ്രാന്തരും രോഷാകുലരുമായി; അവർ ചക്രവർത്തിക്കെതിരായി പിറുപിറുക്കാൻ തുടങ്ങി. കിരാതരായ ശത്രുക്കളെ നാട്ടിലേയ്ക്കു വിളിച്ചു വരുത്തിയതു ചക്രവർത്തിയാണെന്നായിരുന്നു ആളുകളുടെ ആരോപണം. അവർ ഉപദ്രവം തുടങ്ങിയപ്പോൾ അടിച്ചമർത്താൻ ഉടൻ പട്ടാളത്തെ നിയോഗിക്കാതിരുന്നതിലും ജനങ്ങൾക്ക് അമർഷമുണ്ടായിരുന്നു.

ഹിപ്പോഡ്രോം എന്ന സ്ഥലത്തു കായികമത്സരങ്ങൾ നടന്നപ്പോൾ, ചക്രവത്തി ഭരണകാര്യങ്ങളിൽ കാണിക്കുന്ന അലംഭാവത്തെ അപലപിച്ച് ജനങ്ങൾ പരസ്യമായിത്തന്നെ ബഹളം കൂട്ടി. 'ഞങ്ങൾക്ക് ആയുധം തരുക. ഞങ്ങൾ യുദ്ധം ചെയ്യാം' എന്ന് അവർ വിളിച്ചു പറഞ്ഞു. രാജഭക്തിശൂന്യമായ ഈ

www.malankaralibrary.com



ബഹളങ്ങൾ കേട്ട കോപാകുലനായ ചക്രവർത്തി ജൂൺ 11 ന് ഗോത്യരോട് യുദ്ധത്തിനായി പുറപ്പെട്ടു. താൻ തിരിച്ചുവരുകയാണെങ്കിൽ അനുസരണമില്ലാത്ത ജനങ്ങളെ തക്കവിധത്തിൽ ശിക്ഷിക്കും എന്ന ശപഥത്തോടുകൂടിയാണ് അയാൾ പുറപ്പെട്ടത്. അവർ തനിക്കെതിരെ അമർഷവചനങ്ങൾ ചൊരിഞ്ഞതു മാത്രമല്ല അതിനു കാരണം. തനിക്കെതിരെ അധികാരം കൈവശപ്പെടുത്താൻ ശ്രമിച്ച പ്രൊക്കോപ്പിയസ് എന്നയാളിന് അവർ പിന്തുണ നൽകുകയും ചെയ്തിരുന്നു. ആ നഗരം നശിപ്പിച്ച് അവിടം ഉഴുതുമറിക്കുമെന്നും അയാൾ ഭീഷണിപ്പെടുത്തി.

ചക്രവർത്തി തികഞ്ഞ വാശിയോടെയാണ് ഗോത്യരെ നേരിട്ടത്. പിടിയിൽ കിട്ടിയവരെയെല്ലാം കൊന്നു. തോറോടിയവരെ മാസിഡോണിയായുടെ അതിർത്തിയിലുള്ള ത്രേസിലെ ഒരു നഗരമായിരുന്ന അഡ്രിയാനോപ്പിൾ വരെ പിന്തുടർന്നു. അവിടെവച്ച് ശത്രുക്കൾ അണിനിരന്നു ചക്രവർത്തിയുമായി ഏറ്റുമുട്ടി. അവിടെവച്ച് ആഗസ്റ്റ് 9-ാം തിയതി ചക്രവർത്തി വധിക്കപ്പെട്ടു. 299-ാം ഒളിമ്പ്യാഡിന്റെ നാലാം വത്സരത്തിലാണ് ഈ സംഭവം നടന്നത്. ചക്രവർത്തി ഒരു ഗ്രാമത്തിൽ വിശ്രമിക്കുമ്പോൾ ഗോത്യർ ആ സ്ഥലം ആക്രമിച്ച് അയാളെ ചുട്ടുകൊല്ലുകയായിരുന്നുവെന്നു ചിലർ പറയുന്നു. ചക്രവർത്തി തന്റെ സ്ഥാനവസ്ത്രങ്ങൾ ഉപേക്ഷിച്ച് സാധാരണ ഭടന്റെ വേഷം ധരിച്ച് സൈന്യത്തിൽച്ചേർന്നു യുദ്ധം ചെയ്യുകയും അതിനിടയിൽ വധിക്കപ്പെടുകയും ചെയ്തുവെന്നാണ് ചിലരുടെ അഭിപ്രായം. അശ്വസൈന്യം യുദ്ധം ചെയ്യാൻ വിസമ്മതിക്കുകയും അപ്പോൾ ശത്രുക്കൾ കാലാൾപ്പടയെ നാലുപാടും വളഞ്ഞു് സമ്പൂർണ്ണനാശം ചെയ്യുകയാണുണ്ടായതത്രേ. അക്കൂട്ടത്തിൽ ചക്രവർത്തിയും കൊല്ലപ്പെട്ടു. രാജകീയവേഷം ഇല്ലാതിരുന്നതിനാൽ ചക്രവർത്തിയെ തിരിച്ചറിയാൻ സാധിച്ചില്ല. വാലെൻസ് ചക്രവർത്തി തന്റെ അമ്പതാം വയസ്സിൽ ചരമഗതി പ്രാപിച്ചു. തന്റെ സഹോദരനോടൊപ്പം പതിമൂന്നു കൊല്ലവും സഹോദരന്റെ മരണശേഷം മൂന്നു കൊല്ലവും അയാൾ ഭരിച്ചു. അതിനാൽ ഈ പുസ്തകം പതിനാറു കൊല്ലക്കാലത്തെ സംഭവങ്ങൾ രേഖപ്പെടുത്തുന്നു.

www.malankaralibrary.com

# പുസ്തകം 5

## ആമുഖം

ഈ ചരിത്രത്തിന്റെ അഞ്ചാം പുസ്തകം ആരംഭിക്കും മുമ്പ് വായനക്കാരോട് ഒരു കാര്യം വ്യക്തമാക്കിക്കൊള്ളട്ടെ. സഭയുടെ ചരിത്രമെഴുതാൻ പുറപ്പെട്ടിട്ട് അതിനിടയ്ക്കു നടന്ന യുദ്ധങ്ങളെക്കുറിച്ച് ഞാൻ വിവരിക്കുന്നതിൽ അവർ അമർഷപ്പെടരുത്. ഞാൻ അങ്ങനെ ചെയ്യുന്നതിനു പല കാരണങ്ങളുണ്ട്. വസ്തുതകളെല്ലാം കൃത്യമായി വായനക്കാരുടെ മുമ്പിൽ അവതരിപ്പിക്കാനുള്ള ആഗ്രഹമാണ് അവയിലൊന്ന്. മെത്രാന്മാരുടെ വാദങ്ങളും തർക്കങ്ങളും അവർ പരസ്പരം പ്രയോഗിച്ച വഞ്ചനകളും മാത്രം വിവരിച്ചുകൊണ്ടിരുന്നാൽ വായനക്കാർക്കു മടുപ്പു തോന്നാനിടയുണ്ടെന്നതാണു മറ്റൊന്ന്. എന്നാൽ ഏററവും ഉപരിയായിട്ടുള്ള ലക്ഷ്യം മറ്റൊന്നാണ്: രാഷ്ട്രത്തിൽ എന്തെങ്കിലും ഇളക്കം ഉണ്ടായാൽ അത് സഭയെയും ബാധിച്ചിരുന്നു എന്ന് വായനക്കാരെ ബോദ്ധ്യപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നു. രാഷ്ട്രത്തിലും സഭയിലും അനുഭവപ്പെട്ടിരുന്ന അസ്വസ്ഥതകൾ അവിഭാജ്യമാം വിധം പരസ്പരം ബന്ധപ്പെട്ടിരുന്നുവെന്ന് സൂക്ഷ്മമായി ചരിത്രം നിരീക്ഷിക്കുന്ന ഏതൊരുവനും ബോദ്ധ്യപ്പെടും. രണ്ടു രംഗത്തെയും അസ്വസ്ഥതകൾ ഒന്നുകിൽ ഒരുമിച്ചു മുളയെടുത്തിരുന്നു; അല്ലെങ്കിൽ ഒന്ന് അവിളംബം മറ്റൊന്നിനെ അനുഗമിച്ചിരുന്നു. ചിലപ്പോൾ ശല്യം ആദ്യമുണ്ടാകുന്നതു സഭയിലാണെങ്കിൽ ചിലപ്പോൾ രാഷ്ട്രത്തിലാണെന്ന വ്യത്യാസമേയുള്ളു. എങ്ങനെയായാലും മനുഷ്യസ്വഭാവത്തിന്റെ ദുഷ്ടതയാണ് ഇതിനൊക്കെ കാരണമെന്ന് എനിക്കു ദൃഢബോദ്ധ്യമുണ്ട്. നാം അർഹിക്കുന്ന ശിക്ഷകളായിട്ടു തന്നെയത്രേ ഈ തിന്മകളെല്ലാം വന്നുകൂടുന്നത്. വി. പൗലോസ് ശ്ലീഹാ യഥാർത്ഥമായും ഇങ്ങനെ പറയുന്നുണ്ടല്ലോ: ''ചിലരുടെ പാപങ്ങൾ വളരെ സ്പഷ്ടമാണ്. അവ അവർക്കു മുമ്പേ ന്യായവിധിയിലേക്കു നീങ്ങുന്നു. എന്നാൽ മററു ചിലരുടെ പാപങ്ങൾ പിന്നീടു മാത്രമേ വെളിപ്പെടുകയുള്ളു'' (2 തിമോ. 5:24).

ഇക്കാരണം കൊണ്ട് സഭയുടെ ചരിത്രത്തിനിടയിൽ രാഷ്ട്രീയ ചരിത്രത്തിന്റെ പല അംശങ്ങളും ഞാൻ കലർത്തി

www.malankaralibrary.com



യിട്ടുണ്ട്. കോൺസ്റ്ററൻറയിൻ നടത്തിയ യുദ്ധങ്ങളെ ഞാൻ വിവരിക്കുന്നില്ല. അവ പണ്ടു സംഭവിച്ചവയാകയാൽ അവയെ സംബന്ധിച്ച വിശ്വാസ്യവിവരങ്ങൾ എനിക്കു ലഭിച്ചിട്ടില്ല. അതിനുശേഷമുള്ള സംഭവങ്ങൾ ദൃക്സാക്ഷികളിൽനിന്നു നേരിട്ടു ഗ്രഹിക്കാൻ കഴിഞ്ഞിട്ടുണ്ട്. അതിനാൽ അവയെ കുറിച്ചു ചുരുക്കി വിവരിക്കും. ചരിത്രകഥനത്തിൽ ചക്രവർത്തിമാരുടെ കാര്യങ്ങൾ നിരന്തരമായി വന്നുകൊണ്ടിരിക്കും. എന്തെന്നാൽ അവർ ക്രൈസ്തവവിശ്വാസം അംഗീകരിച്ച കാലം മുതൽ സഭയുടെ കാര്യങ്ങൾ അവരെ ആശ്രയിച്ചാണു നീങ്ങിയിട്ടുള്ളത്. വലിയ സൂനഹദോസുകളെല്ലാം അവരാണു വിളിച്ചുകൂട്ടിയത്. ആ പാരമ്പര്യം ഇന്നും നിലനിൽക്കുന്നു. ആര്യൻ പാഷണ്ഡതയുടെ ചരിത്രം വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. അതു് സഭയിൽ വലിയ കുഴപ്പങ്ങൾ ഉണ്ടാക്കിയെന്നതാണു കാരണം. ആമുഖമായി ഇത്രയും കാര്യങ്ങൾ പ്രസ്താവിച്ചുകൊണ്ട് നമുക്കു ചരിത്രത്തിലേയ്ക്കു കടക്കാം.

## അധ്യായം 1

## വീണ്ടും ഗോത്യരുടെ ആക്രമണം

മുൻ വിവരിച്ചവിധം വാലെൻസ് ചക്രവർത്തി കൊല്ലപ്പെട്ടതിനുശേഷം – മരണത്തിൻെറ സാഹചര്യങ്ങൾ സൂക്ഷ്മമായ വിധത്തിൽ ഇതുവരെ അറിയപ്പെട്ടിട്ടില്ല. – കിരാതരായ ഗോത്യർ വീണ്ടും ആക്രമണം നടത്തി. കോൺസ്റ്റാൻറിനോപ്പിളിൻെറ നഗരപ്രാന്തങ്ങളിലെല്ലാം അവർ വിനാശം വിതച്ചു. ജനങ്ങൾ സഹികെട്ടു സംഘടിച്ച് കയ്യിൽക്കിട്ടിയ ആയുധങ്ങളുമായി അവരെ നേരിട്ടു. ആ നടപടിയിൽ ഏർപ്പെട്ടവർക്കെല്ലാം പട്ടാളക്കാർക്കു കൊടുക്കുന്നതിനു തുല്യമായ വേതനം സർക്കാർ ഖജനാവിൽനിന്നു നൽകാൻ ചക്രവർത്തിനിയായ ഡൊമിനിക്കാ വേണ്ട ഏർപ്പാടുകൾ ചെയ്തു. നേരത്തെ സൂചിപ്പിച്ച മാവിയാ രാജ്ഞിയാൽ[1] അയയ്ക്കപ്പെട്ട സാരസന്മാരുടെ ഒരു ഗണവും ഈ യത്നത്തിൽ കോൺസ്റ്ററാൻറിനോപ്പിൾകാരെ തുണച്ചു. ഈ സംഘടിത ശ്രമത്തിൻെറ ഫലമായി ഗോത്യർ പരാജിതരായി നഗരത്തിൽനിന്നു വളരെ അകലേയ്ക്കു പിന്മാറി.

---

1. 4:36.

www.malankaralibrary.com



## അധ്യായം 2

## ഗ്രേഷ്യനും തിയഡോഷ്യസും

ഗ്രേഷ്യൻ ചക്രവർത്തിയും കൊച്ചുവലൻറീനിയനും ചേർന്നു സാമ്രാജ്യത്തിൻെറ അധിപതികളായിത്തീർന്നു. സത്യ വിശ്വാസികളുടെ നേർക്കു വാലെൻസ് ചക്രവർത്തി അനു വർത്തിച്ച നയം അവർ നിരാകരിച്ചു. വാലെൻസ് നാടുകട ത്തിയ ആളുകളെയെല്ലാം അവർ തിരികെ വരുത്തി. എല്ലാ വിഭാഗത്തിൽപ്പെട്ട ആളുകൾക്കും സുരക്ഷിതമായി പള്ളികളിൽ ഒത്തുചേരാൻ അവകാശമുണ്ട് എന്ന നിയമം പാസ്സാക്കപ്പെട്ടു. എന്നാൽ എവുണോമിയർ,[2] ഫൊതീനിയർ[3], മനിക്കേയർ[4] എന്നിവരെ പള്ളിക്കു പുറത്തുനിറുത്തണം എന്നും അനുശാസിച്ചി രുന്നു.

റോമാസാമ്രാജ്യത്തിനു സംഭവിച്ചുകൊണ്ടിരിക്കുന്ന തക ച്ചയെക്കുറിച്ചും കിരാതവർഗ്ഗക്കാരുടെ വർദ്ധമാനമായിക്കൊണ്ടിരി ക്കുന്ന ശക്തിയെക്കുറിച്ചും ഗ്രേഷ്യൻ ചക്രവർത്തി തികച്ചും ബോധ വാനായിരുന്നു. ധീരനും വിവേകിയുമായ ഒരു സഹായി തനിക്കു് അത്യാവശ്യമാണെന്നു് അദ്ദേഹം മനസ്സിലാക്കി. അതനുസരിച്ചു് ചക്രവർത്തി പദത്തിൽ തൻെറ സഹകാരി യായി തിയഡോഷ്യസ് എന്ന ധീരനെ അദ്ദേഹം സ്വീകരിച്ചു. ഈ തിയഡോഷ്യസ് സ്പെയിനിലെ ഒരു പ്രഭുകുടുംബത്തിലെ അംഗമായിരുന്നു. യുദ്ധരംഗങ്ങളിൽ പ്രദർശിപ്പിച്ച അസാമാന്യ ധീരതയുടെ പേരിൽ അദ്ദേഹം അസൂയാവഹമായ വിഖ്യാതി നേടിയിരുന്നു. ഏററവും ഉന്നതമായ സ്ഥാനത്തിനു് അദ്ദേഹം അർഹനാണെന്നു സർവ്വസമ്മതമായിരുന്നു. ഇല്ലിറിക്കുമിലുള്ള സിർമിയം എന്ന നഗരത്തിൽ വച്ചു് ഔസോണിയൂസിൻെറയും ഒളിബ്രിയൂസിൻെറയും കോൺസുളേററുകാലത്തു്[5] ജനുവരി 16-ാം തീയതി തിയഡോഷ്യസിനെ ചക്രവർത്തിയായി പ്രഖ്യാപിച്ചിട്ടു് ഗ്രേഷ്യൻ കിരാതവർഗ്ഗങ്ങളുമായുള്ള യുദ്ധ ത്തിൻെറ ചുമതലകളിൽ അദ്ദേഹത്തെ പങ്കാളിയാക്കി.

2. 4:7
3. 2:18
4. 1:22
5. ക്രി. വ. 379-ൽ

www.malankaralibrary.com



## അധ്യായം 3

# അക്കാലത്തെ പ്രമുഖ മെത്രാന്മാർ

ലിബേരിയൂസിന്റെ പിൻഗാമിയായ ദമാസൂസായിരുന്നു ഇക്കാലത്തു റോമിലെ മെത്രാൻ. ജറുസലേമിൽ സിറിൽ. അന്ത്യോക്യൻസഭ മൂന്നായി വിഭജിക്കപ്പെട്ടിരുന്നു. ആര്യൻ വിഭാഗക്കാർ അവരുടെ മെത്രാനായിരുന്ന എവുസോയിയൂസിന്റെ പിൻഗാമിയായി ഡൊറോത്തെവൂസിനെ തെരഞ്ഞെടുത്തിരുന്നു. വേറൊരു വിഭാഗം പൗളീനൂസിന്റെ ഭരണത്തിനു കീഴിലായിരുന്നു. മറ്റൊരു വിഭാഗമാകട്ടെ, നാടുകടത്തലിൽ നിന്നു തിരിച്ചു വിളിക്കപ്പെട്ട മെലീഷ്യസിന്റെ നേതൃത്വം അംഗീകരിച്ചു. ലൂഷ്യസ് അലക്സാണ്ഡ്രിയാ വിട്ടുപോകാൻ നിർബ്ബന്ധിതനായെങ്കിലും ആ നഗരത്തിലെ ആര്യൻ വിശ്വാസികളുടെമേൽ വൈദികാധികാരം പുലർത്തിയിരുന്നു. അവിടെയുള്ള *ഹോമോഉസിയൻ* വിശ്വാസികളുടെ മെത്രാൻ, പീറ്ററിന്റെ പിൻഗാമിയായ തിമോത്തിയായിരുന്നു. കോൺസ്റ്റാൻറിനോപ്പിളിൽ എവുഡോക്സിയസിന്റെ പിൻഗാമിയായ ഡെമോഫിലുസ് ആര്യൻ വിഭാഗത്തിന്റെ നിയന്താവായിരുന്നു. പള്ളികൾ അയാളുടെ അധീനതയിലായിരുന്നു. ആര്യൻ വിശ്വാസത്തോടു സഹകരിക്കാൻ കൂട്ടാക്കാത്തവർ അവരുടെ സമ്മേളനങ്ങൾ വേറെ നടത്തിവന്നു.

## അധ്യായം 4

# മാസിഡോണിയർ

ലിബേരിയൂസിന്റെ പക്കൽ നിവേദനം സമർപ്പിച്ചതിന്റെ ഫലമായി മാസിഡോണിയർ എല്ലാ നഗരങ്ങളിലും സഭൈക്യത്തിലേയ്ക്കു വീണ്ടും സ്വീകരിക്കപ്പെട്ട കാര്യം മുകളിൽ പറഞ്ഞല്ലോ.[6] ആദ്യം മുതൽതന്നെ നിഖ്യാവിശ്വാസപ്രമാണം

6. 4:1.

www.malankaralibrary.com



സ്വീകരിച്ചിരുന്നവരോട് അവർ എല്ലായിടത്തും ഒരു വിവേചനവും കൂടാതെ കൂടിക്കലർന്നു. എന്നാൽ മതപരമായ ആചരണത്തിനായി വിവിധ വിഭാഗങ്ങളിൽ പെട്ടവർക്ക് തടസ്സമൊന്നും കൂടാതെ ഒന്നിച്ചു ചേരാമെന്നുള്ള ഗ്രേഷ്യൻ ചക്രവർത്തിയുടെ നിയമമുണ്ടായപ്പോൾ അവർ വേറിട്ടു നിൽക്കാൻ തീരുമാനിച്ചു. സിറിയായിലെ അന്ത്യോക്യായിൽ സമ്മേളിച്ച അവർ *ഹോമോഉസിയോസ്* എന്ന പദം വീണ്ടും തിരസ്കരിക്കാനും നിഖ്യാവിശ്വാസപ്രമാണം അംഗീകരിക്കുന്നവരുമായി യാതൊരുവിധ സമ്പർക്കവും പുലർത്താതിരിക്കാനും തീരുമാനമെടുത്തു. എന്നാൽ ഈ തീരുമാനങ്ങൾകൊണ്ടു കാര്യമായ പ്രയോജനം ഉണ്ടായില്ല. കാരണം, അവരുടെ കൂട്ടത്തിൽപ്പെട്ടവർ തന്നെ, നേതാക്കൻമാരുടെ തീരുമാനങ്ങളുടെ ചഞ്ചലസ്വഭാവം കണ്ടു വെറുപ്പായിട്ട് അവരുടെ നേതൃത്വം ഉപേക്ഷിക്കുകയും *ഹോമോഉസിയൻ* വിശ്വാസത്തിൻെറ ഉറച്ച അനുയായികളായിത്തീരുകയും ചെയ്തു.[7]

## അധ്യായം 5

## പൗളിനൂസും മെലിഷ്യസും

ഈ കാലഘട്ടത്തിൽ സിറിയയിലെ അന്ത്യോക്യയിൽ ഒരു വലിയ മത്സരമുണ്ടായി. അന്ത്യോക്യയിലെ മെത്രാനായിരുന്ന പൗളിനൂസ് അദ്ദേഹത്തിൻെറ അസാധാരണമായ ജീവിതവിശുദ്ധിയും ഭക്തിയും കാരണം നാടുകടത്തപ്പെടാതിരുന്നു എന്ന കാര്യം ഇതിനുമുമ്പു പ്രസ്താവിച്ചിട്ടുള്ളതാണ്.[8] മെലീഷ്യസിനെ ജൂലിയൻ പുനഃപ്രതിഷ്ഠിച്ചെങ്കിലും വാലെൻസ് വീണ്ടും നാടുകടത്തി. ഗ്രേഷ്യൻെറ ഭരണകാലത്തു വീണ്ടും തിരിച്ചു വിളിക്കപ്പെട്ടു. അദ്ദേഹം തിരിച്ചു വന്നപ്പോൾ പൗളിനൂസ് പ്രായാധിക്യം മൂലം വളരെ അവശനായിരുന്നു. അതിനാൽ മെലീഷ്യസിനോടു താല്പര്യമുള്ളവർ അദ്ദേഹത്തെ മെത്രാൻ സ്ഥാനത്തിൻെറ കാര്യത്തിൽ പൗളിനോസിനോടു സഹകരിപ്പിക്കാൻ തങ്ങളാലാവുന്ന പ്രയത്നമെല്ലാം ചെയ്തു.

7. 4:12.

8. 3;9; 4;2.

www.malankaralibrary.com



'ആര്യൻ വിശ്വാസികളാൽ അഭിഷിക്തനായ ഒരുത്തനെ സഹായമെത്രാനായി നിയമിക്കുന്നതു് കാനോനാകൾക്കു് എതിരാണു്' എന്നു പറഞ്ഞുകൊണ്ടു് പൗളിനൂസ് ഈ നീക്കത്തെ ശക്തിയായിഎതിർത്തു. ജനങ്ങൾ സംഘടിച്ചു ബലപ്രയോഗത്തിനു മുതിരുകയും നഗരത്തിനു വെളിയിലുള്ള ഒരു പള്ളിയിൽവച്ചു മെലിഷ്യസിനെ വീണ്ടും അഭിഷേചിക്കുകയും ചെയ്തു. ഇതിനെ തുടന്നു് ഒരു വലിയ സംഘർഷാവസ്ഥയുണ്ടായി. എന്നാൽ താമസിയാതെ താഴെപറയുന്ന സാഹചര്യംമൂലം സമാധാനാന്തരീക്ഷം കൈവന്നു. മെത്രാനാകാൻ യോഗ്യതയുണ്ടെന്നു തോന്നിയ വൈദികരെയെല്ലാം ഒരു പള്ളിയിൽ സമ്മേളിപ്പിച്ചിട്ടു് അവരിൽ നിന്നു് ഏറ്റവും യോഗ്യരായ ആറുപേരെ അവർ തെരഞ്ഞെടുത്തു. ഫ്ളാവിയൻ അവരിലൊരാളായിരുന്നു. പൗളിനൂസ്, മെലിഷ്യസ് എന്ന രണ്ടു മെത്രാന്മാരിൽ ആരെങ്കിലും ഒരാൾ മരിക്കുമ്പോൾ ആ ആറുപേരിൽ ഒരാളും മെത്രാൻസ്ഥാനം കിട്ടാൻ വേണ്ടി പ്രയത്നിക്കുകയോ മത്സരിക്കുകയോ ചെയ്കയില്ലെന്നു് ഇവരെയെല്ലാവരെയും കൊണ്ടു് ജനങ്ങൾ ഒരു പ്രതിജ്ഞ ചെയ്യിച്ചു. അവശേഷിക്കുന്നയാൾക്കു ശാന്തമായ അന്തരീക്ഷത്തിൽ സഭാഭരണം നിർവ്വഹിക്കാൻ ഇതുമൂലം സാധിക്കും. ഇങ്ങനെ ഒരു സംവിധാനമുണ്ടായതിനാൽ ജനങ്ങളുടെ കലഹമെല്ലാം അവസാനിച്ചു.[9] എങ്കിലും ലൂസിഫേറിയന്മാർ[10] എന്ന കൂട്ടർ മാത്രം പൊരുത്തപ്പെടാതെ എതിർത്തു നിന്നു. ആര്യന്മാർ അഭിഷേചിച്ചയാളിനെ മെത്രാൻസ്ഥാനത്തേയ്ക്കു സ്വീകരിച്ചതിലായിരുന്നു അവരുടെ എതിർപ്പു്. ഈ സാഹചര്യം അന്ത്യോക്യാ വിട്ടു കോൺസ്റ്റാൻറിനോപ്പിളിലേയ്ക്കു പോകാൻ മെലിഷ്യസിനു പ്രേരകമായി.

## അധ്യായം 6

## തിയഡോഷ്യസിൻെറ മാമോദീസാ

അനേകം മെത്രാന്മാരുടെ അഭിപ്രായമനുസരിച്ചു് നസ്യാൻസൂസിലെ മെത്രാനായ ഗ്രിഗറി കോൺസ്റ്റാൻറിനോപ്പിളിലേയ്ക്കു നിയമിക്കപ്പെട്ടു. മുകളിൽ വിവരിച്ച രീതിയിലാണു്

9. വ്യത്യസ്തവിവരണത്തിനു് തിയഡൊറെററ്, സഭാചരിത്രം, 5:3
10. 3: 9; സൊസൊമെൻ, 3:15, 5:12.

www.malankaralibrary.com



ഇതു നടന്നതു്.[11] ഇതിനടുത്ത കാലഘട്ടത്തിൽ തിയഡോഷ്യസ്, ഗ്രേഷ്യൻ എന്നീ രണ്ടു ചക്രവർത്തിമാരും കിരാതവർഗ്ഗക്കാരുടെ മേൽ ഓരോ സുപ്രധാന വിജയം നേടി. അതിനു ശേഷം ഉടൻതന്നെ ഗ്രേഷ്യൻ, ഗാറപ്രദേശം ആക്രമിച്ചു നാശനഷ്ടങ്ങൾ വരുത്തുന്ന അലമാനി വർഗ്ഗക്കാരെ നേരിടാൻ വേണ്ടി പുറപ്പെട്ടു. തിയഡോഷ്യസാകട്ടെ, ഒരു വിജയസ്മാരകം പടുത്തുയർത്തിയശേഷം കോൺസ്റ്റാൻറിനോപ്പിളിലേയ്ക്കു പുറപ്പെട്ടു. യാത്രാമദ്ധ്യേ തെസ്സലോനിക്കയിൽ എത്തി. അവിടെ വച്ച് അദ്ദേഹത്തിനു് വളരെ അപകടകരമായ രോഗബാധയുണ്ടായി. ക്രിസ്തീയ ജ്ഞാനസ്നാനം സ്വീകരിക്കാനുള്ള ആഗ്രഹം അദ്ദേഹം പ്രകടിപ്പിച്ചു. അദ്ദേഹത്തിൻെറ പൂർവ്വികർ തന്നെ അദ്ദേഹത്തെ ക്രിസ്തീയതത്ത്വങ്ങൾ പഠിപ്പിക്കുകയും അദ്ദേഹം ഹോമോഉസിയൻ വിശ്വാസം ഏറ്ററുപറയുകയും ചെയ്തിട്ടുള്ളതാണ്. അതിനാൽ അസുഖം വർദ്ധിച്ചപ്പോൾ അദ്ദേഹം മാമോദീസാ സ്വീകരിക്കുന്നതിൽ അധികമധികം ഉത്കണ്ഠിതനായിത്തീർന്നു. തെസ്സലോനിക്കയിലെ മെത്രാനെ അദ്ദേഹം ആളയച്ചു വരുത്തി. അദ്ദേഹത്തിൻെറ വിശ്വാസപരമായ അഭിപ്രായങ്ങൾ ഏതുവയാണെന്നാണ് ചക്രവർത്തി ആദ്യം ചോദിച്ചതു്. മെത്രാൻ ഇങ്ങനെ മറുപടി പറഞ്ഞു: ''ആരിയൂസിൻെറ വാദങ്ങൾ ഇല്ലിറിക്കം പ്രദേശങ്ങളെ ഇനിയും ആക്രമിച്ചിട്ടില്ല. ആ പുത്തമകൾ ആ പ്രദേശങ്ങളിലെ സഭകളെ നശിപ്പിച്ചിട്ടുമില്ല. അപ്പസ്തോലന്മാർ പ്രദാനം ചെയ്തതും നിഖ്യാസുനഹദോസ് ഉറപ്പിച്ചതുമായ ആ മൗലികവിശ്വാസം തന്നെയാണ് ആ പ്രദേശങ്ങളിലെ ജനങ്ങൾ പിന്തുടരുന്നതു്.'' തുടന്നു് അസ്കോളിയൂസ് എന്ന പേരുള്ള ആ മെത്രാനിൽ നിന്നു ചക്രവർത്തി വളരെ സന്തോഷപൂർവ്വം മാമോദീസാ സ്വീകരിച്ചു. താമസിയാതെ രോഗവിമുക്തനാവുകയും ചെയ്തു. തുടർന്നു് നവംബർ 24-ാം തീയതി അദ്ദേഹം കോൺസ്റ്റാൻറിനോപ്പിളിൽ എത്തിച്ചേർന്നു. അതു് അദ്ദേഹത്തിൻെറ ഒന്നാം കോൺസുളേററിൻെറയും ഗ്രേഷ്യൻെറ അഞ്ചാം കോൺസുളേററിൻെറയും കാലമായിരുന്നു.[12]

---

11. 4:26.

12. ക്രി. വ. 380.

www.malankaralibrary.com



## അധ്യായം 7

# ഗ്രിഗറി, ഡെമോഫിലുസ്

കോൺസ്റ്റാൻറിനോപ്പിളിലേയ്ക്കു മാററി നിയമിക്കപ്പെട്ട ഗ്രിഗറി നസ്യാൻസൻ സഭാസമ്മേളനങ്ങരം നടത്തിയിരുന്നതു് നഗരത്തിലെ ഒരു ചെറിയ പള്ളിയിലാണ്. അതിനു സമീപമായി ചക്രവർത്തിമാർ പിൽക്കാലത്തു് ഗംഭീരമായ ഒരു ദേവാലയം പണി ചെയ്യിച്ചു; അതിനു് *അനസ്താസിയാ* എന്നു പേരും നല്കി. ഗ്രിഗറി ജീവിതവിശുദ്ധിയിലും പ്രസംഗപാടവത്തിലും തൻെറ കാലത്തെ മററെല്ലാ വ്യക്തികളെയും പശ്ചാത്കരിച്ചിരുന്നു. എന്നാൽ പുറത്തുനിന്നു് ഒരാളെ കൊണ്ടുവന്നു് കോൺസ്ററാൻറിനോപ്പിളിൽ മെത്രാനാക്കിയതിനെക്കുറിച്ചു് നഗരത്തിൽ ചിലർക്കെല്ലാം മുറുമുറുപ്പുണ്ടെന്നു് അദ്ദേഹം അറിഞ്ഞു. അതിനാൽ ചക്രവർത്തി നഗരത്തിൽ എത്തിച്ചേർന്നപ്പോരം ഗ്രിഗറി തൻെറ സന്തോഷം രേഖപ്പെടുത്തിയതിനുശേഷം കോൺസ്റ്റാൻറിനോപ്പിരം മെത്രാൻസ്ഥാനം രാജിവച്ചു.

നഗരത്തിലെ സഭയുടെ അവസ്ഥ മനസ്സിലാക്കിയ ചക്രവർത്തി അതിനുള്ള പരിഹാര മാർഗ്ഗങ്ങളെക്കുറിച്ചു ചിന്തിച്ചു. ഐക്യവും സമാധാനവും പുനഃസ്ഥാപിക്കുകയും പള്ളികരം വലുതാക്കുകയും ചെയ്യാനായിരുന്നു അദ്ദേഹത്തിൻെറ ആഗ്രഹം. ആര്യൻ വിഭാഗത്തിൻെറ അധിപനായിരുന്ന ഡെമോഫിലുസുമായി അദ്ദേഹം സമ്പർക്കം പുലർത്തി. നിഖ്യാവിശ്വാസപ്രമാണം സ്വീകരിച്ചു് ജനങ്ങളെ ഒന്നിപ്പിച്ചു് സമാധാനം സ്ഥാപിക്കാൻ ഡെമോഫിലുസു് തയാറാണോ എന്നു ചക്രവർത്തി അന്വേഷിച്ചു. അയാരം അതിനു തയാറല്ല എന്നു വ്യക്തമാക്കിയപ്പോരം ചക്രവർത്തി പറഞ്ഞു, ''സമാധാന നിർദ്ദേശങ്ങരം സ്വീകരിക്കാൻ തയാറല്ലാത്ത താങ്കരം പള്ളികരം വിടുക.'' വേണ്ടവണ്ണം ആലോചിച്ചശേഷം, കരുത്തനായ ചക്രവർത്തിയെ എതിരിടുന്നതു ബുദ്ധിയല്ല എന്നു് ഡെമോഫിലുസ് തീരുമാനിച്ചു. അയാരം തൻെറ അനുയായികളെ വിളിച്ചുകൂട്ടിയിട്ടു് അവരോടു് ഇങ്ങനെ പറഞ്ഞു, ''സഹോദരങ്ങളേ, ഒരു നഗരത്തിൽ പീഡിപ്പിക്കപ്പെടുന്നെങ്കിൽ നിങ്ങരം അടുത്ത നഗരത്തിലേയ്ക്കു് ഓടിപ്പോകുക എന്നു് സുവിശേഷത്തിൽ എഴു

www.malankaralibrary.com



തപ്പെട്ടിട്ടുണ്ടല്ലോ (മത്താ. 10:23). ഇവിടെ നഗരത്തിലുള്ള പള്ളികരം ചക്രവത്തിക്കു ആവശ്യമുള്ളതിനാൽ നമുക്കു നമ്മുടെ സഭാസമ്മേളനങ്ങരം നഗരത്തിനു പുറത്തുനടത്താം.''

ഇങ്ങനെ പറഞ്ഞിട്ടു അയാരം പുറത്തുപോയി. സുവിശേഷത്തിലെ പ്രസ്താവം അയാരം തെററായിട്ടാണു ധരിച്ചതെന്നു പറയണം. ശരിയായ അത്ഥം ഇങ്ങനെയാകുന്നു: 'ഈ ലോകത്തിലെ സമ്പ്രദായങ്ങരം ഒഴിവാക്കുന്നവർ സ്വഗ്ഗീയ ജറുസലെം അന്വേഷിക്കണം'. ഡെമോഫിലൂസ് പിന്നീടു സഭാസമ്മേളനങ്ങരം നടത്തിയതു നഗരത്തിനു വെളിയിൽത്തന്നെയായിരുന്നു. മുകളിൽ പറഞ്ഞിട്ടുള്ളതു പോലെ[13] അലക്സാൺഡ്രിയായിൽ നിന്നു ബഹിഷ്കൃതനായ ലൂഷ്യസും ഇവിടെ വന്നു ഡെമോഫിലൂസിനോടു ചേർന്നു. ഇങ്ങനെ ആര്യൻ പക്ഷക്കാർ നാല്പതു വഷക്കാലം പള്ളികരം സ്വാധീനത്തിൽ വച്ചശേഷം, തിയഡോഷ്യസ് ചക്രവർത്തിയുടെ സമാധാന നിർദ്ദേശങ്ങരം നിരാകരിച്ചതിനാൽ നഗരത്തിൽനിന്നു ബഹിഷ്കൃതരായി. ഗ്രേഷ്യൻെറ അഞ്ചാം കോൺസുളേററും തിയഡോഷ്യസ് അഗസ്റ്റസിൻെറ ഒന്നാം കോൺസുളേററും ചേർന്ന കാലത്തു നവംബർ 26 നു ആയിരുന്നു ഈ സ്വയം ബഹിഷ്കരണം നടന്നതു.[14] ഇപ്രകാരം പള്ളികളെല്ലാം ഹോമോഉസിയൻ വിശ്വാസികളുടെ അധീനതയിലായി.

## അധ്യായം 8

# കോൺസ്റ്റാൻറിനോപ്പിൾ സിനഡ്

ഒട്ടും താമസിയാതെ തന്നെ ചക്രവർത്തി കോൺസ്റ്റാൻറിനോപ്പിളിൽ ഒരു സിനഡ് വിളിച്ചുകൂട്ടി.[15] നിഖ്യാവിശ്വാസപ്രമാണം സുപ്രതിഷ്ഠിതമാക്കുക, കോൺസ്റ്റാൻറിനോപ്പിളിൽ ഒരു പുതിയ മെത്രാനെ നിയമിക്കുക എന്നിവയായിരുന്നു അതിൽ അദ്ദേഹത്തിൻെറ പ്രധാന ലക്ഷ്യങ്ങരം. *ഹോമോഉസിയൻ* വിശ്വാസമുള്ള എല്ലാ മെത്രാൻമാരെയും സിനഡി

13. 4:37.
14. ക്രി. വ. 380.
15. സൊസൊമെൻ, 7:7-9.

www.malankaralibrary.com



ലേയ്ക്കു ക്ഷണിച്ചു. മാസിഡോണിയരുടെ മാനസാന്തരത്തെ സംബന്ധിച്ച് നേരിയ പ്രതീക്ഷയുണ്ടായിരുന്നതിനാൽ അവരെയും ക്ഷണിച്ചു. *ഹോമോഉസിയൻ* വിശ്വാസികളുടെ പ്രധാന മെത്രാന്മാർ താഴെ പറയുന്നവരായിരുന്നു: അലക്സാൺഡ്രിയായിലെ തിമോത്തി, ജറുസലെമിലെ സിറിൽ–അദ്ദേഹം നേരത്തേയുള്ള അഭിപ്രായങ്ങൾ ഉപേക്ഷിച്ച് *ഹോമോഉസിയൻ* വിശ്വാസം അംഗീകരിച്ചിരുന്നു–[16]; അന്ത്യോക്യയിലെ മെലിഷ്യസ്– ഗ്രിഗറിയുടെ സ്ഥാനാരോഹണത്തിൽ പങ്കുകൊള്ളാൻ കോൺസ്റ്റാൻറിനോപ്പിളിൽ എത്തിയിരുന്നതാണ് അദ്ദേഹം; തെസലോനിക്കയിലെ അസ്കോളിയൂസ്. ഈ വിഭാഗത്തിൽപ്പെട്ട മെത്രാന്മാർ നൂററമ്പതു പേരുണ്ടായിരുന്നു. മാസിഡോണിയൻ മെത്രാന്മാരുടെ നേതാക്കൾ സിസിക്കുസിലെ എലൈവുസിയൂസ്, ലംപ്സാക്കുസിലെ മാർസ്യൻ എന്നിവരായിരുന്നു. പ്രധാനമായും ഹെലസ്പോണ്ടിലെ നഗരങ്ങളിൽ നിന്നു വന്ന അവർ മുപ്പത്തിയാറു പേരുണ്ടായിരുന്നു.

മേയ്മാസത്തിൽ, എവുക്കാറിയൂസിൻെറയും എവാഗ്രിയസിൻെറയും കോൺസുളേററിനു കീഴിൽ [17] സിനഡ് സമ്മേളിച്ചു. ചക്രവർത്തി, സമാനചിന്താഗതിയുള്ള മെത്രാന്മാരുടെ സഹായത്തോടുകൂടി, എലൈവുസിയൂസിനെയും അനുയായികളെയും തൻെറ വിശ്വാസത്തിലേയ്ക്ക് ആനയിക്കാൻ പരമാവധി പരിശ്രമം നടത്തി. താഴെ പറയുന്ന കാര്യങ്ങൾ അദ്ദേഹം മാസിഡോണിയൻ വിഭാഗക്കാരെ അനുസ്മരിപ്പിച്ചു: എവുസ്താത്യോസ് വഴി റോമിലെ മെത്രാനായിരുന്ന ലിബേരിയൂസിനു് അവർ സമർപ്പിച്ച നിവേദനം; സത്യവിശ്വാസികളുമായി കുറെനാൾമുമ്പ് സ്വന്തം ഇഷ്ടമനുസരിച്ച് അവർ നടത്തിയ ക്രമരഹിതമായ സംസർഗ്ഗം; കത്തോലിക്കരുമായി യോജിപ്പാണെന്നു പറഞ്ഞു് പണ്ട് അംഗീകരിച്ചാദരിച്ചിരുന്ന തത്ത്വങ്ങൾക്കു വിരുദ്ധമായി ഇപ്പോൾ പ്രവർത്തിക്കുന്നതിലെ ചപലത. എന്നാൽ ഈ വാദങ്ങളെയും അനുനയങ്ങളെയുമെല്ലാം അവഗണിച്ചുകൊണ്ട് ഹോമോഉസിയൻ തത്ത്വം അംഗീകരിക്കാതെ ആര്യൻ വിശ്വാസത്തിൽത്തന്നെ ഉറച്ചുനിൽക്കാനാണ് മാസിഡോണിയർ തീരുമാനിച്ചതു്. അക്കാര്യം പ്രഖ്യാപിച്ചിട്ട് അവർ കോൺസ്ററാൻറിനോപ്പിളിൽനിന്നു നിർഗമിച്ചു. യാതൊരു സാഹചര്യത്തിലും നിഖ്യാവിശ്വാസപ്രമാണം അംഗീകരിക്കരുതെന്ന് എല്ലാ നഗരങ്ങളിലുമുള്ള സഹവിശ്വാസികളെ അവർ എഴുതി അറിയിക്കുകയും ചെയ്തു.

16. *Ibid*. 7:7.
17. 381-ൽ

www.malankaralibrary.com



ഇതിനെത്തുടർന്ന് മറേറ വിഭാഗത്തിലെ മെത്രാന്മാർ കോൺസ്റ്റാൻറിനോപ്പിളിൽ തന്നെ താമസിച്ചുകൊണ്ടു് മെത്രാനെ തെരഞ്ഞെടുക്കുന്നതിനുവേണ്ടിയുള്ള ആലോചനയിൽ ഏർപ്പെട്ടു. കാരണം, അവിടെ മെത്രാനായിരുന്ന ഗ്രിഗറി, മുമ്പു പ്രസ്താവിച്ചിട്ടുള്ളതുപോലെ, അവിടത്തെ മെത്രാൻസ്ഥാനം രാജിവച്ചിട്ടു നസിയാൻസുസിലേയ്ക്കു പോകാനുള്ള ഒരുക്കത്തിലായിരുന്നു. നെക്ടാരിയൂസ് എന്നൊരാളാണ് പ്രസ്തുത സ്ഥാനത്തേയ്ക്കു തെരഞ്ഞെടുക്കപ്പെട്ടതു്. അദ്ദേഹം ഒരു സെനററർ കുടുംബത്തിലെ അംഗവും ശാന്തപ്രകൃതക്കാരനുമായിരുന്നു. അപ്പോഴും ആ സമയത്തു് പ്രേത്തറുടെ ഉദ്യോഗം വഹിച്ചിരുന്ന അദ്ദേഹം ജീവിതകാലം മുഴുവൻ ആദരണീയമായ വിധത്തിൽത്തന്നെ പെരുമാറിയിട്ടുള്ളയാളായിരുന്നു. ജനങ്ങൾ അദ്ദേഹത്തെ ബലമായിത്തന്നെ പിടിച്ചുകൊണ്ടുവന്നു. സമ്മേളിച്ചിരുന്ന നൂററമ്പതു മെത്രാന്മാരും ചേർന്നു് അദ്ദേഹത്തെ അഭിഷേചിച്ചു.

ആ മെത്രാന്മാർ കൂടിയാലോചിച്ച് മററു ചില കാര്യങ്ങൾ കൂടെ ചെയ്തു. സാർവ്വത്രികസഭയിൽ റോമാമെത്രാൻ കഴിഞ്ഞാൽ അടുത്ത ബഹുമാനസ്ഥാനം കോൺസ്റ്റാൻറിനോപ്പിൾ മെത്രാനു് ആയിരിക്കണമെന്നും അവർ തീരുമാനം ചെയ്തു;[18] ആ നഗരം പുതിയ റോമാ ആണല്ലോ. നിഖ്യാവിശ്വാസപ്രമാണം അവർ വീണ്ടും സ്ഥിരീകരിച്ചു. അവർ പാത്രിയാർക്കേററുകൾ രൂപീകരിച്ച് പ്രോവിൻസുകളും വേർതിരിച്ചുകൊടുത്തു. തൻെറ രൂപതയിലല്ലാതെ മറെറാരിടത്തും ഒരു മെത്രാനും അധികാരം പ്രയോഗിക്കാതിരിക്കാനാണിങ്ങനെ ചെയ്തതു്. മതപീഡനങ്ങളുടെ കാലത്തു് അത്തരം പ്രവർത്തനങ്ങൾ പലപ്പോഴും നടന്നിട്ടുണ്ടു്.[19]

വിഭജന നിശ്ചയമനുസരിച്ച് നെക്ടാരിയൂസിനു് മഹാനഗരവും[20] ത്രേസും ലഭിച്ചു. കപ്പദോഷ്യായിലെ കൈസറിയാ മെത്രാനായ ബേസിലിൻെറ പിൻഗാമിയായ ഹെല്ലാഡിയസിനു്, ബേസിലിൻെറ സഹോദരനും കപ്പദോഷ്യായിൽ നീസ്സാമെത്രാനുമായ ഗ്രിഗറിയോടും അർമേനിയായിൽ മെലി

18. മൂന്നാം കാനൻ

19. 381-ലെ സിനഡിനെക്കുറിച്ചുള്ള വിശദപഠനത്തിനു്. ജീ. ചേടിയത്തു്, സഭാപിതാക്കന്മാർ, 1. കോട്ടയം, 1987, പേ. 106-121: കാനോനാകളിൽ, 'പാത്രിയർക്കീസ്', 'പാത്രിയാർക്കേററ്' എന്നീ പദങ്ങൾ ഉപയോഗിച്ചിട്ടില്ല.

20. കോൺസ്റ്റാൻറിനോപ്പിൾ

www.malankaralibrary.com



ത്തീൻ മെത്രാനായ ഒത്രെയ്യൂസിനോടും ഒപ്പം പോന്തൂസ് രൂപതയിലെ പാത്രിയർക്കേറ്റ് ലഭിച്ചു. ഏഷ്യയിലെ രൂപതകളുടെ മേലധികാരം ഇക്കോണിയത്തിലെ ആംഫിലോക്കിയസിനും പിസീദിയായിലെ അന്ത്യോക്യാ മെത്രാൻ ഒപ്തീമുസിനും വിഭജിച്ചു നല്കപ്പെട്ടു. ഈജിപ്തിലെ സഭകളുടെ മുഴുവൻ മേലധികാരം അലക്സാൺഡ്രിയായിലെ തിമോത്തിക്ക് നൽകപ്പെട്ടു. ലവഡിഷ്യായിലെ പെലാജിയസിനും, തർസോസിലെ ദിയദോറിനും പൗരസ്ത്യദേശത്തെ സഭകളുടെ ചുമതല നല്കപ്പെട്ടു. എന്നാൽ അന്ത്യോക്യൻ സഭയ്ക്കും അപ്പോൾ സന്നിഹിതനായിരുന്ന മെലീഷ്യസിനും ഉള്ള ബഹുമാനസ്ഥാനങ്ങൾക്കു കോട്ടംവരാത്ത രീതിയിൽ ആയിരിക്കണം അത് എന്നും നിശ്ചയിച്ചു. ആവശ്യമുണ്ടാവുകയാണെങ്കിൽ ഓരോ പ്രവിശ്യയിലെയും സഭാപരമായ കാര്യങ്ങൾ അവിടത്തെ ഒരു സിനഡ് നിർവ്വഹിക്കണം എന്നും തീരുമാനിക്കപ്പെട്ടു. ഈ തീരുമാനങ്ങളെല്ലാം ചക്രവർത്തി അംഗീകരിക്കുകയും ചെയ്തു. സിനഡിൻെറ ഫലങ്ങൾ ഇവയായിരുന്നു.

## അധ്യായം 9

## പൗലോസിൻെറ ഭൗതികാവശിഷ്ടം മെലീഷ്യസിൻെറ മരണം

മെത്രാനായ പൗലോസിൻെറ കാര്യം ഞാൻ ഇതിനു മുമ്പു പറഞ്ഞിട്ടുള്ളതാണല്ലോ.[21] മാസിഡോണിയസിൻെറ പ്രേരണയാൽ പ്രെത്തോറിയൻ പ്രീഫെക്ടായിരുന്ന ഫിലിപ്പ് അദ്ദേഹത്തെ നാടുകടത്തുകയും അർമേനിയയിലെ ഒരു പട്ടണമായ കൗക്കാസസിൽ വച്ച് കഴുത്തു ഞെരിച്ചു വധിപ്പിക്കുകയും ചെയ്തു. അദ്ദേഹത്തിൻെറ മൃതദേഹം അൻസീറാ എന്ന നഗരത്തിലാണു സംസ്കരിക്കപ്പെട്ടിരുന്നത്. ചക്രവർത്തി അദ്ദേഹത്തിൻെറ ഭൗതികാവശിഷ്ടങ്ങൾ വളരെ ആദരപൂർവ്വം കൊണ്ടുവന്ന് ഇന്ന് അദ്ദേഹത്തിൻെറ പേരിൽ അറിയപ്പെടുന്ന പള്ളിയിൽ സ്ഥാപിച്ചു. ആ പള്ളി പണ്ട് മാസിഡോണിയൻ കക്ഷിക്കാരുടെ കൈവശത്തിലായിരുന്നു. അവർ ആര്യൻ കക്ഷിക്കാരിൽ നിന്ന് അകന്നുനിന്ന കാലത്തായിരുന്നു അത്.

21. 2:26

www.malankaralibrary.com



എന്നാൽ ഈ പറയുന്ന കാലത്തു്, തന്റെ അഭിപ്രായങ്ങൾ സ്വീകരിക്കാൻ വിസമ്മതിച്ചതുമൂലം ചക്രവർത്തി അവരെ ബഹിഷ്കരിച്ചിരുന്നു.

ഈ കാലഘട്ടത്തിൽ അന്ത്യോക്യായിലെ മെത്രാനായിരുന്ന മെലീഷ്യസ് രോഗബാധിതനാവുകയും ചരമം പ്രാപിക്കുകയും ചെയ്തു. ബേസിലിന്റെ സഹോദരനായ ഗ്രീഗറി അദ്ദേഹത്തെക്കുറിച്ച് ഒരു ചരമപ്രഭാഷണം നടത്തി. ആ മെത്രാന്റെ മൃതദേഹം അദ്ദേഹത്തിന്റെ സുഹൃത്തുക്കൾ അന്ത്യോക്യയിൽ കൊണ്ടുവന്നു. അവിടെ അദ്ദേഹത്തിന്റെ ആശയങ്ങൾ സ്വീകരിച്ചിരുന്നവർ പൗളീനൂസിനെ അനുസരിക്കാൻ വിസമ്മതിച്ചു. മെലീഷ്യസിന്റെ പിൻഗാമിയായി അവർ ഫ്ളാവിയനെ അവരോധിച്ചു. തുടർന്നു് ആളുകൾ തമ്മിൽ വീണ്ടും കലഹമായി. ഈ കലഹം ഏതെങ്കിലും വിശ്വാസത്തെ അടിസ്ഥാനമാക്കിയുള്ളതല്ല, ആളുകൾക്കു് മെത്രാന്മാരോടുള്ള ഇഷ്ടാനിഷ്ടങ്ങൾ മാത്രം അടിസ്ഥാനമാക്കി ഉണ്ടായതാണ്.

## അധ്യായം 10

## ചക്രവർത്തി ചെയ്ത മററു ചില കാര്യങ്ങൾ

ആര്യന്മാർ പള്ളികളിൽനിന്നു ബഹിഷ്കൃതരായതുമൂലം മററു നഗരങ്ങളിലും വലിയ അസ്വസ്ഥതകൾ ഉണ്ടായി. ഈ സംഭവവികാസത്തിൽ ചക്രവർത്തി പ്രദർശിപ്പിച്ച പ്രായോഗിക ബുദ്ധിയെ പര്യാപ്തമായവിധം അഭിനന്ദിക്കാൻ എനിക്കു സാദ്ധ്യമല്ല. നഗരങ്ങളെ അസ്വസ്ഥതകൾകൊണ്ടു നിറയ്ക്കാൻ അദ്ദേഹം ഇഷ്ടപ്പെട്ടില്ല. ഈ വിഷയത്തിൽ തനിക്കാവുന്നതെല്ലാം ചെയ്യാൻ അദ്ദേഹം ശ്രമിച്ചു. അതിനാൽ അധികം താമസിയാതെ തന്നെ വിവിധ വിഭാഗങ്ങളിൽ പെട്ടവരുടെ ഒരു പൊതുസമ്മേളനം അദ്ദേഹം വിളിച്ചുകൂട്ടി. മെത്രാന്മാരുടെ പരസ്പരചർച്ചമൂലം അഭിപ്രായ വ്യത്യാസങ്ങൾ പരിഹരിക്കാനായെങ്കിലോ എന്ന പ്രതീക്ഷയായിരുന്നു അതിനു പ്രേരകം. ഈ അനുരഞ്ജനമനോഭാവമായിരുന്നു ചക്രവർത്തിയുടെ എല്ലാ ഉദ്യമങ്ങളും അഭിവൃദ്ധികരമായി കലാശിക്കാൻ കാരണം എന്നു ഞാൻ കരുതുന്നു. പ്രത്യേകമായ ഒരു ദൈവ

www.malankaralibrary.com



പരിപാലനകൊണ്ടു് കിരാതവർഗ്ഗങ്ങളെല്ലാം അദ്ദേഹത്തിന്റെ കാലത്തു് പരിപൂർണ്ണ നിയന്ത്രണത്തിലായി. ഗോത്യരുടെ രാജാവായ അത്തനാറിക്കു് സ്വപ്രജകളോടൊപ്പം സ്വേച്ഛയാ അദ്ദേഹത്തിനു കീഴടങ്ങി. അധികം താമസിയാതെ കോൺസ്റ്റാൻറിനോപ്പിളിൽ വച്ചുതന്നെ അയാറം മരിക്കുകയും ചെയ്തു.[22] ഈ ഘട്ടത്തിൽ ചക്രവർത്തി തന്റെ പുത്രനായ അക്കേഡിയസിനെ അഗസ്റ്റസായി വാഴിച്ചു. മെറോബൗദെസിന്റെയും സത്തുർണീലൂസിന്റെയും രണ്ടാം കോൺസുലേററു് കാലത്തു് ജനവരി 16-ാം തീയതിയായിരുന്നു അതു്.[23]

അതേ വർഷം ജൂൺമാസത്തിൽ മുൻപറഞ്ഞ സമ്മേളനത്തിനായി വിവിധ വിഭാഗങ്ങളിൽപ്പെട്ട മെത്രാന്മാർ എത്തിച്ചേർന്നു. അപ്പോറം ചക്രവർത്തി സ്ഥലത്തെ മെത്രാനായ നെക്'താരിയൂസിനെ വരുത്തി ക്രിസ്തുമതത്തെ ഭിന്നതകളിൽ നിന്നു വിമുക്'തമാക്കി ഐക്യപ്പെടുത്താനുള്ള ഉത്തമമാർഗ്ഗം ഏതെന്നു് അദ്ദേഹവുമായി ആലോചിച്ചു. നെക്'താരിയൂസിനോടു് അദ്ദേഹം പറഞ്ഞു: ''അഭിപ്രായഭിന്നതകറംക്കുള്ള കാരണങ്ങറം വിശദമായി ചർച്ചചെയ്യണം. കാരണങ്ങറം കണ്ടുപിടിച്ചു് നീക്കം ചെയ്യണം. അങ്ങനെ സാർവ്വത്രികമായ ഐക്യം നടപ്പിൽ വരണം.'' ഈ നിർദ്ദേശം കേട്ടപ്പോറം നെക്'താരിയൂസു് അസ്വസ്'ഥനായിത്തീരുകയാണുണ്ടായതു്. നെവേഷ്യൻ മെത്രാനായ അജേലിയൂസുമായി അദ്ദേഹം സമ്പർക്കത്തിൽ ഏർപ്പെട്ടു. വിശ്വാസകാര്യങ്ങളിൽ അവർ രണ്ടുപേരും സമാനമായ അഭിപ്രായങ്ങളാണു പുലർത്തിയിരുന്നതു്. ഇദ്ദേഹം വളരെ ഭക്'തനും പുണ്യചരിതനുമായിരുന്നെങ്കിലും തത്ത്വവാദങ്ങളിൽ വളരെ വിരുതനായിരുന്നില്ല. അതിനാൽ യോഗംനിയന്ത്രിക്കാൻ തന്റെ റീഡറായ സിസിന്നിയൂസിനെ[24] അദ്ദേഹം നിയോഗിച്ചു. സിസിന്നിയൂസാകട്ടെ പാണ്ഡിത്യം മാത്രമല്ല, അനുഭവസമ്പത്തും ഉള്ളയാളായിരുന്നു. വേദപുസ്തകവാക്യങ്ങളും ദാർശനികതത്ത്വങ്ങളും അദ്ദേഹത്തിനു് ഒരുപോലെ സ്വാധീനമായിരുന്നു. തർക്കവാദങ്ങറം ഉണ്ടാകുന്തോറും,ഭിന്നതകറം അവസാനിക്കുന്നതിനു പകരം, കൂടുതൽ ദൃഢമൂലമായ പുതിയ പാഷണ്ഡതകറം രൂപമെടുക്കുകയേ ഉള്ളു എന്നു് അദ്ദേഹത്തിനു ബോദ്ധ്യമുണ്ടായിരുന്നു. ദൈവപുത്രന്റെ അസ്'തിത്വത്തിനു് ആരംഭമുള്ളതായി പൂർവികർ ഒരിടത്തും പ്രസ്താവിച്ചി

22. 382-ൽ

23. 383-ൽ

24. 6:22 കാണുക

www.malankaralibrary.com



ട്ടില്ല എന്നും പിതാവിനോടൊപ്പം പുത്രൻ നിത്യനാണെന്നു് അവർ മനസ്സിലാക്കിയിരുന്നു എന്നും അദ്ദേഹം ഗ്രഹിച്ചിരുന്നു, അതിനാൽ മെത്രാന്മാർ തമ്മിലുള്ള തർക്കവാദങ്ങൾ ഒഴിവാക്കണം എന്നും വിശ്വാസസത്യങ്ങൾക്കാധാരമായി പൂർവികരുടെ സാക്ഷ്യങ്ങൾ മുമ്പോട്ടു കൊണ്ടുവരണം എന്നും കരുതി അദ്ദേഹം നെക്താരിയൂസിനു് താഴെപറയുന്ന ഉപദേശം നൽകി: ''സഭയിൽ അഭിപ്രായ ഭിന്നതകൾ ഉണ്ടാകുന്നതിനു മുമ്പു ജീവിച്ചിരുന്ന പിതാക്കന്മാരോടു് അവർക്കു ബഹുമാനമുണ്ടോ എന്നു് ഓരോ വിഭാഗത്തിൻെറയും നേതാക്കളായ മെത്രാന്മാരോടു് ചക്രവർത്തി ചോദിക്കട്ടെ. അതോ ക്രിസ്തീയവിശ്വാസത്തിൽ നിന്നു് അകന്നവരായി അവരെ തള്ളിപ്പറയുമോ? അവരുടെ ആധികാരികത നിഷേധിച്ചാൽ, അവർ അവരെ ശപിക്കട്ടെ. അവർ അങ്ങനെ ചെയ്താൽ ജനങ്ങൾ അവരെ പുറന്തള്ളിക്കൊള്ളും. അങ്ങനെ സത്യത്തിനു വിജയം ലഭിക്കുകയും ചെയ്യും. പൂർവപിതാക്കന്മാരെ തള്ളിപ്പറയാൻ അവർ തയ്യാറാകുന്നില്ലെങ്കിൽ പിതാക്കന്മാരുടെ ലിഖിതങ്ങളെ ആധാരമാക്കി നമ്മുടെ നിലപാടു ശരിയെന്നു തെളിയിക്കാൻ നമുക്കു നിഷ്പ്രയാസം കഴിയും.''

സിസിന്നിയൂസിൻെറ ഈ ഉപദേശം സ്വീകരിച്ചുകൊണ്ടു് നെക്താരിയൂസ് അതിവേഗം ചക്രവർത്തിയുടെ പക്കലെത്തി. ആ ഉപദേശത്തിൻെറ ഔചിത്യവും യുക്തിഭദ്രതയും ചക്രവർത്തിക്കു് പെട്ടെന്നു് ബോദ്ധ്യമായി. അദേഹം ശരിയായ കരുതലോടും പ്രായോഗിക ബുദ്ധിയോടും കൂടെ അതനുസരിച്ചു കരുനീക്കങ്ങൾ നടത്തുകയും ചെയ്തു. തൻെറ ലക്ഷ്യമെന്തെന്നു വെളിപ്പെടുത്തിയില്ല. സഭയിൽ കലഹങ്ങൾ ഉണ്ടാകുന്നതിനു മുമ്പു ജീവിച്ചിരുന്ന പ്രബോധകരായ പിതാക്കന്മാരെ ബഹുമാനിക്കുകയും അവരുടെ പ്രബോധനങ്ങൾ അംഗീകരിക്കുകയും ചെയ്യുന്നുണ്ടോ എന്നു് അദ്ദേഹം നേതാക്കളായ മെത്രാന്മാരോടു് ചോദിച്ചു. മെത്രാന്മാർ പിതാക്കന്മാരെ തള്ളിപ്പറഞ്ഞില്ല എന്നു മാത്രമല്ല, തങ്ങളുടെ ഗുരുക്കന്മാരായി അവരെ വളരെയധികം ബഹുമാനിക്കുന്നു എന്നും പറഞ്ഞു. അവരെ ക്രൈസ്തവ വിശ്വാസസംഹിതയുടെ പ്രാമാണിക സാക്ഷികളായി നിങ്ങൾ അംഗീകരിക്കുന്നുണ്ടോ എന്നു് അടുത്തതായി ചക്രവർത്തി അവരോടു് ചോദിച്ചു. ഈ ചോദ്യത്തിനു മുമ്പിൽ വിവിധ വിഭാഗങ്ങളുടെ നേതാക്കളും അവരുടെകൂടെയുള്ള യുക്തിവാദപടുക്കളും വിഷണ്ണരായി. അവരിൽ പലരും സങ്കീർണ്ണമായ തർക്കവാദങ്ങൾക്കു തയാറെടുത്തു വന്നവരായിരുന്നു. ചക്രവർത്തിയുടെ ചോദ്യം വളരെ ന്യായയുക്തമാണെന്നു് അവരിൽ പലരും അഭിപ്രായപ്പെട്ടു. പലരും അതിൽ നിന്നു് ഒഴിഞ്ഞുമാറാൻ നോക്കി.

www.malankaralibrary.com



ഇതു് അവരുടെ നിലപാടിനു് ഒരുവിധത്തിലും ഉപോദ്ബലകമായ നീക്കമല്ലെന്നു് അവക്കു തോന്നി. അങ്ങനെ അവരുടെയിടയിൽ ഭിന്നതയായി. പൂർവികന്മാരുടെ ലിഖിതങ്ങളെക്കുറിച്ചു് അവരിൽ പലരുടെയും പ്രതികരണങ്ങൾ വ്യത്യസ്തങ്ങളായിരുന്നു. ഒരേ വിഭാഗത്തിൽപ്പെട്ടവർ തമ്മിൽത്തന്നെ ഈ വിഷയത്തിൽ മതഭേദമുണ്ടായി. അങ്ങനെ അവരുടെ അധരങ്ങൾ പണ്ടത്തെ മല്ലന്മാരുടേതുപോലെ (ഉല്പ. 11:8) പരാജിതമാകുകയും അവരുടെ അഹങ്കാരത്തിന്റെ ഗോപുരം തകർന്നു വീഴുകയും ചെയ്തു. അവരുടെ ചിന്താക്കുഴപ്പം കണ്ടപ്പോൾ സൂക്ഷ്മമായ തർക്കവാദങ്ങളിലൂടെ എങ്ങനെയും വിജയം നേടാമെന്നുള്ളതായിരുന്നു അവരുടെ ഉദ്ദേശ്യമെന്നും പ്രാചീനരായ ആചാര്യന്മാരെ അവർ യഥാർത്ഥമായി ആദരിച്ചിരുന്നില്ലെന്നും ചക്രവർത്തിക്കു ബോദ്ധ്യമായി. അനന്തരം മറെറാരു നയമാണു് അദ്ദേഹം അവലംബിച്ചതു്.

ഓരോ വിഭാഗക്കാരോടും തങ്ങളുടെ പ്രധാനപ്പെട്ട വിശ്വാസതത്ത്വങ്ങൾ എഴുതിത്തരാൻ അദ്ദേഹം ആവശ്യപ്പെട്ടു. അതനുസരിച്ചു് ഓരോ കൂട്ടരും ലേഖനവിദ്യയിൽ ഏററവും സമർത്ഥരായവരെക്കൊണ്ടു് അവരവരുടെ വിശ്വാസതത്ത്വങ്ങൾ എഴുതിച്ചു. ഏററവും കരുതലോടു കൂടിയ പദപ്രയോഗങ്ങളാണു് ഓരോ കൂട്ടരും അവലംബിച്ചതു്.

എഴുതപ്പെട്ട വിശ്വാസസംഹിതകളുമായി ഓരോ വിഭാഗത്തിന്റെയും നേതാക്കൾ നിശ്ചിതദിവസം ചക്രവർത്തിയുടെ സന്നിധിയിൽ ഹാജരായി. ഹോമോഉസിയൻ വിശ്വാസികളുടെ നേതാക്കളായി പ്രത്യക്ഷപ്പെട്ടതു് നെക്'താരിയൂസും അജേലിയൂസുമായിരുന്നു. ഡെമോഫിലുസ് ആര്യൻ തത്ത്വസംഹിതയെ പിൻതാങ്ങി. എവുണോമിയൻ വാദം എവുണോമിയസ് തന്നെ അവതരിപ്പിച്ചു. സിസിക്കൂസിലെ മെത്രാനായ എലൈവ്യൂസ്യൂസ് മാസിഡോണിയൻ വിഭാഗക്കാരെ പ്രതിനിധാനം ചെയ്തു. ചക്രവർത്തി എല്ലാവരെയും ആദരപൂർവ്വം സ്വീകരിച്ചു. എല്ലാവരും രേഖപ്പെടുത്തികൊണ്ടു വന്ന വിശ്വാസസംഹിതകൾ അവരിൽനിന്നു കൈപ്പററി. അവരെ യാത്രയാക്കിയിട്ടു് ചക്രവത്തി ആ ലിഖിതങ്ങളുമായി ഒരു മുറിയിൽ കയറി വാതിലടച്ചു് സത്യം കണ്ടെത്താൻ തന്നെ സഹായിക്കണേ എന്നു് ഏകാന്തതയിൽ ദൈവത്തോടു തീക്ഷ്ണമായി പ്രാത്ഥിച്ചു. അതിനുശേഷം ഓരോരുത്തരും എഴുതിക്കൊടുത്തിരുന്ന വിശ്വാസസംഹിതകൾ അദ്ദേഹം ശ്രദ്ധാപൂർവ്വം വായിച്ചു. ത്രിത്വപ്രബോധനം അവികലമായി അംഗീകരിക്കാത്ത ലിഖിതങ്ങളെല്ലാം അദ്ദേഹം തള്ളിക്കളഞ്ഞു. *ഹോമോഉസിയൻ*

www.malankaralibrary.com



വിശ്വാസികളുടെ വിശ്വാസസംഹിത മാത്രമാണ് സ്വീകാര്യമായി അദ്ദേഹം കണ്ടത്.

ഈ തീരുമാനം നൊവേഷ്യയ്ക്ക് വീണ്ടും വളരാൻ കാരണമായി. അവക്ക് നഗരത്തിനുള്ളിൽ അവരുടെ സമ്മേളനങ്ങൾ നടത്താൻ കഴിഞ്ഞു. തന്റെ വിശ്വാസവും അവരുടെ വിശ്വാസവും സംവദിക്കുന്നു എന്നു കണ്ടതിൽ സന്തുഷ്ടനായ ചക്രവർത്തി, അവരുടെ പള്ളികൾ യാതൊരു വിധമായ അലട്ടും കൂടാതെ അവക്ക് കൈവശം വയ്ക്കാൻ സഹായിക്കുന്ന നിയമം നടപ്പാക്കി. മററു വിഭാഗങ്ങളുടെ മെത്രാന്മാരാകട്ടെ, അവരുടെയിടയിൽ തന്നെയുണ്ടായ ആശയഭിന്നതകൾ മൂലം സ്വന്തം അനുയായികളാൽത്തന്നെ അധിക്ഷിപ്തരായി. തങ്ങളുടെ അണികൾക്ക് ആശ്വാസലേഖനങ്ങൾ എഴുതിയിട്ട് ആകെ ചിന്താകുലരായി അവർ തിരിച്ചുപോയി. പലരും തങ്ങളുടെ കൂട്ടത്തിൽനിന്നു വേർപെട്ടു മറുപക്ഷം ചേർന്നതിൽ കുണ്ഠിതപ്പെടരുതെന്ന് അവർ അനുയായികളെ ഉപദേശിച്ചു. എന്തെന്നാൽ ''വിളിക്കപ്പെട്ടവർ വളരെ; തെരഞ്ഞെടുക്കപ്പെട്ടവരോ ചുരുക്കം'' (മത്താ. 20:16). രാജകീയ പിന്തുണമൂലമുള്ള ശക്തിയുണ്ടായിരുന്നതുമൂലം ഭൂരിപക്ഷം തങ്ങളോടുകൂടിയായിരുന്ന കാലത്ത് ഈ വേദപുസ്തകവാക്യം അവർ ഒരിക്കലും ഉദ്ധരിച്ചിരുന്നില്ല.

ഇങ്ങനെയാണെങ്കിലും സത്യവിശ്വാസം പുലർത്തിയിരുന്ന കൂട്ടർക്കും ശരിയായ മനഃസമാധാനത്തിനു സാഹചര്യമുണ്ടായിരുന്നില്ല. സിനഡിനായി സമ്മേളിച്ചിരുന്നവക്ക് അന്ത്യോക്യൻ സഭയിലെ കാര്യങ്ങൾ അസ്വസ്ഥതയുളവാക്കി. ഈജിപ്റ്റ്, അറേബ്യാ, സൈപ്രസ് എന്നിവിടങ്ങളിലെ മെത്രാന്മാർ ഫ്ളാവിയനെതിരായ നിലപാടെടുത്തു. അദ്ദേഹത്തെ അന്ത്യോക്യയിൽ നിന്നു പുറത്താക്കണമെന്ന് അവർ ആവശ്യപ്പെട്ടു. എന്നാൽ പലസ്തീനാ, ഫിനീഷ്യ, സിറിയ എന്നിവിടങ്ങളിലെ മെത്രാന്മാർ തുല്യാവേശത്തോടെ അദ്ദേഹത്തിനനുകൂലമായും വാദിച്ചു. ഇതിന്റെ ഫലമെന്തായിരുന്നുവെന്ന് യഥാവസരം പിന്നീടു പറഞ്ഞുകൊള്ളാം.[25]

25. 5;15

www.malankaralibrary.com



## അധ്യായം 11

# ഗ്രേഷ്യൻെറ വധം

കോൺസ്റ്റാൻറിനോപ്പിളിൽ സിനഡും അനുബന്ധസംഭവങ്ങളും നടക്കുന്ന സമയത്ത് റോമാസാമ്രാജ്യത്തിൻെറ പശ്ചിമ ഖണ്ഡത്തിൽ നടന്ന ചില സംഭവങ്ങളെക്കുറിച്ച് ഇവിടെ പറയാം. ബ്രിട്ടീഷ് ദ്വീപുകാരനായ മാക്സിമൂസ് എന്നയാൾ റോമൻ സാമ്രാജ്യത്തിനെതിരായി കലാപമുണ്ടാക്കി. അലെമാനിയുമായുള്ള യുദ്ധം മൂലം ക്ഷീണിതനായിരുന്ന ഗ്രേഷ്യൻ ചക്രവത്തിയെ അയാൾ ആക്രമിച്ചു. ഇററലിയിലുള്ള വലെൻറീനിയൻ അന്നും ഒരു കുട്ടിയായിരുന്നു. കോൺസുളർ പദവിയുള്ള പ്രോബുസ് എന്നയാളാണ് രാജ്യകാര്യങ്ങളുടെ ചുമതല വഹിച്ചിരുന്നത്. പ്രോബുസ് അന്ന് പ്രെത്തോറിയൻ പ്രീഫെക്ടും ആയിരുന്നു. രാജകുമാരൻെറ അമ്മയായ ജുസ്റ്റീനാ ആര്യൻ ആശയങ്ങൾ വച്ചു പുലത്തിയിരുന്നു. എന്നാൽ തൻെറ ഭത്താവു ജീവിച്ചിരുന്നിടത്തോളം കാലം ഹോമോഉസിയൻ വിശ്വാസികൾക്ക വലിയ ഉപദ്രവം ചെയ്യാൻ അവൾക്ക കഴിഞ്ഞില്ല. എങ്കിലും തൻെറ മകൻ വളരെ ചെറുപ്പമായിരിക്കുമ്പോൾ ഒരിക്കൽ മിലാനിൽ പോയപ്പോൾ അവിടത്തെ മെത്രാനായ അംബ്രോസിനോട് അവൾ വലിയ വൈരം പ്രകടിപ്പിക്കുകയും അദ്ദേഹത്തെ നാടുകടത്താൻ കല്പന പുറപ്പെടുവിക്കുകയും ചെയ്തു.[26] എന്നാൽ അദ്ദേഹത്തെ പിടിക്കാൻ ചെന്ന ഉദ്യോഗസ്ഥന്മാരെ ജനങ്ങൾ ബലമായി തടഞ്ഞു. അംബ്രോസ് മെത്രാനോടവക്കുണ്ടായിരുന്ന അത്യധികമായ സ്നേഹമാണ് അങ്ങനെ ചെയ്യാൻ അവരെ പ്രേരിപ്പിച്ചത്.

ഈ സന്ദർഭത്തിൽ, അധികാരമോഹിയായ മാക്സിമൂസിൻെറ ചതിമൂലം ഗ്രേഷ്യൻ ചക്രവർത്തി വധിക്കപ്പെട്ടു എന്ന വാർത്ത വന്നെത്തി. യഥാത്ഥത്തിൽ വധം നടത്തിയത് മാക്സിമൂസിൻെറ കീഴിലുള്ള അൻഡ്രഗാത്തിയൂസ് എന്ന സേനാനായകനായിരുന്നു. ഒരു പല്ലക്കിൽ ഒളിച്ചിരുന്നാണ് അയാൾ ചക്രവർത്തിയുടെ സമീപം എത്തിച്ചേന്നത്. അയാൾ തൻെറ

26. 4:30

www.malankaralibrary.com



കീഴിലുള്ള ചില പട്ടാളക്കാർ വഴി, ചക്രവർത്തിയുടെ ഭാര്യ ചക്രവർത്തിയെ കാണാൻ ഒരു പല്ലക്കിൽ വരുന്നുണ്ട് എന്നു ഒരു വാർത്ത പരത്തി. പല്ലക്ക ചുമട്ടുകാർ ഫ്രാൻസിലെ ലയൺസ് നഗരത്തിനു സമീപമുള്ള ഒരു സ്ഥലത്തുവച്ച് ചക്രവർത്തി നദി കടന്ന ഉടനെയാണ് അദ്ദേഹത്തെ സമീപിച്ചതു്. പല്ലക്കിലുള്ളതു ഭാര്യയാണെന്നും വിചാരിച്ച് മുൻകരുതലൊന്നും കൂടാതെ ഗ്രേഷ്യൻ പല്ലക്കിനെ സമീപിച്ചു. ഘാതകൻ അയാളെ നിഷ്പ്രയാസം വധിക്കുകയും ചെയ്തു. അന്ധൻ കുഴിയിൽ വീഴുന്നതുപോലെ വളരെ എളുപ്പത്തിൽ ചക്രവർത്തി ചതിയിൽപ്പെട്ടു. മെറോഗൗഡെസും സത്തുർണീനൂസും കോൺസുൾമാരായിരിക്കുന്ന കാലത്താണ് ഈ സംഭവം. അന്നു ഗ്രേഷ്യൻെറ 24-ാം വയസ്സും 15-ാം ഭരണവർഷവുമായിരുന്നു.[27]

ഈ വാർത്തയറിഞ്ഞപ്പോൾ ജൂസ്റ്റീനാ, അംബ്രോസ് മെത്രാനോടുള്ള കോപം അമർത്തി. കൊച്ചുവലെൻറീനിയൻ തികഞ്ഞ വൈമനസ്യത്തോടെയാണെങ്കിലും ഗത്യന്തരമില്ലാതെ മാക്സിമൂസിനെ ചക്രവർത്തിപദത്തിൽ തൻെറ പങ്കാളിയായി അംഗീകരിച്ചു. പ്രോബൂസ് മാക്സിമൂസിനെ ഭയന്നു കിഴക്കൻ പ്രദേശത്തേയ്ക്കു പലായനം ചെയ്തു. ഇററലിവിട്ടു് ഇല്ലീറിക്കമിലേക്കു കടന്നു. മാസിഡോണിയായിലെ തെസ്സലോനിക്കാ നഗരത്തിൽ അയാൾ വാസമുറപ്പിച്ചു.

## അധ്യായം 12

# തിയഡോഷ്യസ് മാക്സിമൂസിനെതിരെ

സ്വാമിദ്രോഹിയായ മാക്സിമൂസ്, കൊച്ചുവലെൻറീനിയനെയും വധിക്കാനുദ്യമിക്കുമെന്നു് തിയഡോഷ്യസ് ചക്രവർത്തി ഭയപ്പെട്ടു. അതിനാൽ അയാളെ നേരിടുന്നതിനുവേണ്ടി അദ്ദേഹം ശക്തമായൊരു സൈന്യം സജ്ജീകരിച്ചു. ഈ സന്ദർഭത്തിൽ ചക്രവർത്തിയിൽ നിന്നു സമാധാനം അഭ്യർത്ഥിച്ചുകൊണ്ടു് പേർഷ്യയിൽ നിന്നു് ഒരു പ്രതിനിധിസംഘം വന്നു ചേർന്നു. ഇതേ കാലത്തു് തിയഡോഷ്യസിൻെറ ഭാര്യ ഫ്ളാച്ചില്ല ഒരു പുത്രനു ജന്മം നല്കുകയും ചെയ്തു. ആ പുത്രനു് ഹൊണോറിയൂസ്

27. 384-ൽ

www.malankaralibrary.com



എന്നു പേരു നൽകപ്പെട്ടു. റിക്കോമേലിയൂസിൻെറയും ക്ലെയാർക്കൂസിൻെറയും കോൺസുളേററു കാലത്തു് സെപ്ററംബർ 9-ാം തീയതിയായിരുന്നു കുമാരജനനം.[28]

അതിനു് അല്പം മുമ്പായി നൊവേഷ്യരുടെ മെത്രാനായ അജേലിയൂസ് നിര്യാതനായി.[29] അതിൻെറ അടുത്ത വർഷം അർക്കേഡിയസു് അഗസ്ററസ്, ഈദോനമായി ചേർന്നുള്ള ഒന്നാം കോൺസുളേററു കാലത്തു്,[30] അലക്സാണ്ഡ്രിയായിലെ മെത്രാനായിരുന്ന തിമോത്തി നിര്യാതനായി. തെയോഫിലസ് അദ്ദേഹത്തിൻെറ പിൻഗാമിയായി വാഴിക്കപ്പെട്ടു. അതിൻെറ അടുത്ത കൊല്ലം ആര്യൻ മെത്രാനായ ഡെമോഫിലൂസ് പരലോക പ്രാപ്തനായി. അപ്പോൾ ആര്യൻ വിശ്വാസികൾ ത്രേസിൻ നിന്നു് അവരുടെ നേതാക്കളിൽ ഒരാളായ മരിന്യൂസിനെ വരുത്തി ഡെമോഫിലുസിൻെറ പിൻഗാമിയായി വാഴിച്ചു. എന്നാൽ മരിന്യൂസിനു് അധികകാലം ആ സ്ഥാനത്തിരിക്കാൻ കഴിഞ്ഞില്ല. അയാൾക്കു കീഴിൽ ആര്യന്മാർ രണ്ടു കക്ഷികളായി തിരിഞ്ഞു. അവരെക്കുറിച്ചു് പിന്നീടു വിവരിക്കുന്നതാണ്.[31] അവർ സിറിയായിലെ അന്ത്യോക്യയിൽ നിന്നു് ഡൊറോത്തേവൂസിനെ വരുത്തി അയാളെ തങ്ങളുടെ മെത്രാനാക്കി.

തിയഡോഷ്യസ് ചക്രവർത്തി മാക്സിമൂസിനോടു യുദ്ധം ചെയ്യാനായി മുന്നോട്ടു തന്നെ പോയി. തൻെറ പുത്രനായ അർക്കേഡിയസിനെ ചക്രവർത്തിയുടെ അധികാരങ്ങളോടുകൂടെ അദ്ദേഹം കോൺസ്റ്റാൻറിനോപ്പിളിൽ ഏർപ്പെടുത്തിയിരുന്നു. അദ്ദേഹം തെസ്സലോനിക്കയിൽ എത്തിയപ്പോൾ ആകുലതയിൽ കഴിഞ്ഞിരുന്ന വലെൻറീനിയനെയും കൂട്ടരെയും കണ്ടുമുട്ടി. അക്രമിയായ മാക്സിമൂസ് ഭീഷണി മൂലം അവരെക്കൊണ്ടു് തന്നെ ചക്രവർത്തിയായി അംഗീകരിപ്പിച്ചിരുന്നു. തിയഡോഷ്യസ് തൻെറ വികാരങ്ങളൊന്നും പരസ്യമാക്കിയില്ല. മാക്സിമൂസ് അയച്ച പ്രതിനിധികളെ അദ്ദേഹം സ്വീകരിക്കുകയോ തിരസ്കരിക്കുകയോ ചെയ്തില്ല. വേഗത്തിൽ തൻെറ സൈന്യത്തെ സംഘടിപ്പിച്ചുകൊണ്ടു് അദ്ദേഹം മിലാൻ നഗരത്തിലേയ്ക്കു[32] നീങ്ങി; മാക്സിമൂസ് അങ്ങോട്ടാണു പോയിരുന്നതു്.

28. 384-ൽ
29. നാല്പതുവർഷം മെത്രാനായിരുന്നു: 5:21.
30. 385-ൽ
31. 5:23
32. 'അക്വിലെയാ നഗരത്തിലേയ്ക്കു' എന്നു് മററുചിലർ പറയുന്നു.

www.malankaralibrary.com



## അധ്യായം 13

# കോൺസ്റ്റാൻറിനോപ്പിളിലെ ആര്യൻ കലാപം

ചക്രവർത്തി ഇങ്ങനെ സേനാനീക്കം നടത്തുന്ന സന്ദർഭത്തിൽ ആര്യൻ പക്ഷക്കാർ കോൺസ്ററാൻറിനോപ്പിളിൽ അസ്വാസ്ഥ്യം സൃഷ്ടിക്കാനുള്ള പരിശ്രമം നടത്തി. അതിങ്ങനെയാണ്: അവരവർക്കു യാതൊരു നിശ്ചയവുമില്ലാത്ത കാര്യങ്ങളെക്കുറിച്ചു കഥകൾ കെട്ടിച്ചമയ്ക്കുന്ന സ്വഭാവം മനുഷ്യർക്കുണ്ട്. തങ്ങൾ ഇഷ്ടപ്പെടുന്ന കാര്യങ്ങളെക്കുറിച്ച് ഏതെങ്കിലും കേട്ടുകേൾവി കൈയിൽ കിട്ടിയാൽ അതിനെ ഒന്നിനു പത്തായി പെരുക്കി പ്രചരിപ്പിക്കുന്നതും സ്വഭാവികം. പ്രസ്തുത സന്ദർഭത്തിൽ ഈ പ്രവണതകളെല്ലാം കോൺസ്ററാൻറിനോപ്പിളിൽ വൻതോതിൽ അരങ്ങേറി. ദൂരെ നടക്കുന്ന യുദ്ധത്തെക്കുറിച്ച് ഓരോരുത്തരും കഥകൾ മെനഞ്ഞെടുത്തു. ഏററവും ഭയാനക ദുരന്തങ്ങൾ സംഭവിക്കുന്നതായിട്ടാണ് ഓരോരുത്തരും ഭാവന ചെയ്തത്. യഥാർത്ഥത്തിൽ യുദ്ധം തുടങ്ങുന്നതിനു മുമ്പു തന്നെ പല ഏററുമുട്ടലുകളും നടന്നതായി അവർ വാർത്ത പരത്തി. വെറും ഭാവനാജന്യമായ സങ്കല്പങ്ങൾ തങ്ങൾ സത്യമായി നേരിട്ടു കണ്ട സംഭവങ്ങൾ എന്നപോലെ അവർ അവതരിപ്പിച്ചു. 'മാക്സിമൂസ്, തിയഡോഷ്യസ് ചക്രവർത്തിയെ പരാജയപ്പെടുത്തി' എന്നായിരുന്നു ചിലർ പറഞ്ഞ കഥ. രണ്ടു പക്ഷത്തും മരിച്ച ഭടന്മാരുടെ കൃത്യമായ സംഖ്യപോലും അവർ സൂക്ഷ്മമായി 'റിപ്പോർട്ടു' ചെയ്തു. ചക്രവർത്തി മാക്സിമൂസിൻെറ കൈയിൽ നേരിട്ട് അകപ്പെട്ടുവെന്നായിരുന്നു വേറെ ചിലർ പറഞ്ഞ കഥ. പണ്ട് തങ്ങൾ കയ്യാളിയിരുന്ന പള്ളികളെല്ലാം അന്നു തങ്ങളുടെ പീഡനമേററു കഴിഞ്ഞിരുന്നവരുടെ കൈവശം ആണല്ലോ ഇന്നിരിക്കുന്നത് എന്നോർത്ത് അമർഷം കടിച്ചൊതുക്കി കഴിയുകയായിരുന്നല്ലോ ആര്യൻ പക്ഷക്കാർ. അവർ ഇത്തരം കള്ളക്കഥകളെല്ലാം പർവതീകരിച്ചു പ്രചരിപ്പിച്ചു. പറഞ്ഞു പറഞ്ഞ്, ആവർത്തനങ്ങളാൽ ദൃഢീകൃതമായ കഥകളിൽ അവ കെട്ടിച്ചമച്ചവർ തന്നെ വിശ്വസിക്കാൻ തുടങ്ങി. ഒരേ കഥ തന്നെ പലരും പറയുന്നതു കേൾക്കുമ്പോൾ ഒന്നുമറിയാത്ത ശുദ്ധാത്മാക്കൾ വിശ്വസിച്ചുപോകുന്നതിൽ അത്ഭുതവുമില്ലല്ലോ. തങ്ങളുടെ ശത്രുവായ തിയഡോഷ്യസ് കുഴപ്പത്തിലായിരിക്കുന്നു എന്നു ധരിച്ച ആര്യൻ പക്ഷക്കാർക്കു ധിക്കാരം

www.malankaralibrary.com



വർദ്ധിച്ചു. അവർ പല അക്രമങ്ങളും പ്രവർത്തിക്കാൻ തുടങ്ങി. നെക്ടാരിയുസ് മെത്രാന്റെ ഭവനത്തിനു തീ വയ്ക്കാൻപോലും അവർ ധൈര്യപ്പെട്ടു. തിയഡോഷ്യസ് അഗസ്റ്റസിന്റെയും സിനേജിയുസിന്റെയും രണ്ടാം കോൺസുളേറ്റ് കാലത്താണ് ഇപ്രകാരം സംഭവിച്ചത്.[33]

## അധ്യായം 14

## ചതിയനായ മാക്സിമൂസിന്റെ അന്ത്യം

ചക്രവർത്തി തന്റെ എതിരാളിക്കെതിരെ നീങ്ങിക്കൊണ്ടിരുന്നപ്പോൾ അദ്ദേഹത്തിന്റെ അധൃഷ്യമായ പടയൊരുക്കത്തെക്കുറിച്ചു കേട്ടറിഞ്ഞ മാക്സിമൂസിന്റെ സൈനികർ പരിഭ്രാന്തരായി. അവർ മാക്സിമൂസിനുവേണ്ടി യുദ്ധം ചെയ്യാൻ തയ്യാറാകാതെ അയാളെ പിടിച്ചുകെട്ടി ചക്രവർത്തിയുടെ മുമ്പിൽ സമർപ്പിച്ചു. അദ്ദേഹം അയാളെ വധിപ്പിക്കുകയും ചെയ്തു. അതേ കോൺസുളേറ്റുകാലത്ത് ആഗസ്റ്റസ് 27-ാം തീയതിയാണ് അയാൾ വധിക്കപ്പെട്ടത്. ഗ്രേഷ്യൻ ചക്രവർത്തിയെ സ്വന്തം കൈകൊണ്ടു കൊലപ്പെടുത്തിയ അൻഡ്രഗാത്തിയുസ്, മാക്സിമൂസിനുണ്ടായ അനുഭവം കേട്ടു പരിഭ്രാന്തനായി അടുത്തുള്ള നദിയിൽ ചാടി മുങ്ങിമരിച്ചു.

വിജയികളായ ചക്രവർത്തിമാർ റോമിൽ പരസ്യമായ നഗരപ്രവേശനം നടത്തി. തിയഡോഷ്യസിന്റെ പുത്രനായ ഹൊണോറിയുസും അവരോടൊപ്പമുണ്ടായിരുന്നു. മാക്സിമൂസ് വധിക്കപ്പെട്ട ഉടനെതന്നെ കോൺസ്റ്റാന്റിനോപ്പിളിലേയ്ക്ക് ആളയച്ച് ബാലനായ ഹൊണോറിയുസിനെ തിയഡോഷ്യസ് റോമിലേയ്ക്കു വിളിപ്പിച്ചിരുന്നു. അവർ വിജയോത്സവം ആഘോഷിച്ചുകൊണ്ട് കുറെക്കാലം റോമിൽ തങ്ങി. അതിനിടെ തിയഡോഷ്യസ് പ്രസ്താവ്യമായ ഒരു കാരുണ്യപ്രകടനം നടത്തി. കോൺസുളർ പദവി വഹിച്ചിട്ടുള്ള സിമ്മാക്കുസ് എന്നയാളോടാണ് കാരുണ്യം കാണിച്ചത്. അയാൾ റോമിലെ സെനററിന്റെ തലവനമായിരുന്നു. ഈ സിമ്മാക്കുസ് പ്രസിദ്ധനായ ഒരു വാഗ്മിയായിരുന്നു. അയാൾ ലത്തീൻ ഭാഷ

---

33. 388-ൽ

www.malankaralibrary.com



യിൽ എഴുതിയ പ്രഭാഷണങ്ങൾ പലതും ഇപ്പോഴും സൂക്ഷിക്കപ്പെടുന്നു. അയാൾ മാക്സിമൂസിനെ പുകഴ്ത്തിക്കൊണ്ടു് ഒരു പ്രഭാഷണം രചിക്കുകയും മാക്സിമൂസിൻെറ സാന്നിദ്ധ്യത്തിൽ അതു പരസ്യമായി ഉദീരണം ചെയ്യുകയും ചെയ്തു. ഈ പ്രവൃത്തിയുടെ പേരിൽ ഇയാൾ പിൽക്കാലത്തു് രാജദ്രോഹക്കുററത്തിനു വിചാരണ ചെയ്യപ്പെട്ടു. വധശിക്ഷയിൽനിന്നു രക്ഷപെടാൻ വേണ്ടി അയാൾ ഒരു പള്ളിയിൽ അഭയം തേടി. ചക്രവർത്തി വളരെ മതഭക്തിയുള്ള ഒരാളായിരുന്നല്ലോ. അദ്ദേഹം സ്വന്തം സമൂഹത്തിലെ മെത്രാന്മാരെ മാത്രമല്ല, *ഹോമോഊസിയൻ* വിശ്വാസം അംഗീകരിച്ച നൊവേഷ്യൻ വിഭാഗത്തിലെ മെത്രാന്മാരെയും ആദരിച്ചിരുന്നു. അതിനാൽ റോമിലെ നൊവേഷ്യൻ സഭയുടെ മെത്രാനായ ലെയോൺഷ്യസിൻെറ ശിപാർശയെ ആദരിച്ചു് ചക്രവർത്തി ഈ സിമ്മാക്കൂസിനു മാപ്പുകൊടുത്തു. ഇങ്ങനെ ജീവൻ രക്ഷിക്കപ്പെട്ടപ്പോൾ അയാൾ ചക്രവർത്തിക്കു് ഒരു ക്ഷമാപണക്കത്തെഴുതി. ഇങ്ങനെ, വളരെ വിനാശകരമായേക്കുമെന്നു് ആശങ്കിക്കപ്പെട്ട ഒരു യുദ്ധം വളരെ ലഘുവായും അനായാസമായും അവസാനിച്ചു.

## അധ്യായം 15

# അന്ത്യോക്യൻ മെത്രാൻ ഫ്ളാവിയൻ

ഇതേ കാലഘട്ടത്തിൽ സിറിയായിലെ അന്ത്യോക്യായിൽ താഴെ പറയുന്ന സംഭവങ്ങൾ നടന്നു. പൗളിനൂസിൻെറ മരണത്തിനുശേഷവും അദ്ദേഹത്തിൻെറ മേൽനോട്ടത്തിലുണ്ടായിരുന്ന വിശ്വാസികൾ ഫ്ളാവിയൻെറ അധികാരം അംഗീകരിക്കാൻ വിസമ്മതിച്ചു. അവർ എവാഗ്രിയസിനെ തങ്ങളുടെ മെത്രാനായി വാഴിച്ചു. എവാഗ്രിയസ് താമസിയാതെ ദിവംഗതനായെങ്കിലും പകരം വേറൊരാൾ മെത്രാനായി വാഴിക്കപ്പെടാതിരിക്കാനുള്ള ചരടുവലികൾ ഫ്ളാവിയൻ നടത്തി. എങ്കിലും ഫ്ളാവിയൻ സത്യപ്രതിജ്ഞ ലംഘിച്ചയാളാണ്എന്നതിൻെറ പേരിൽ അയാളോടു് എതിർപ്പുണ്ടായിരുന്നവർ അവരുടെ സമ്മേളനങ്ങൾ പ്രത്യേകമായിത്തന്നെ നടത്തി. അവരെയും തൻെറ വരുതിയിൽ കൊണ്ടുവരാൻ ഫ്ളാവിയൻ സകല അടവുകളും പയററി. ഒടുവിൽ ആ പ്രയത്നങ്ങൾ ഫലപ്രാപ്തിയിലെത്തുകയും ചെയ്തു. ഫ്ളാവിയൻ അനുനയങ്ങൾകൊണ്ടു് അലക്സാൺഡ്രിയയിലെ മെത്രാനായ തെയോഫിലസിൻെറ

www.malankaralibrary.com



കോപം ശമിപ്പിച്ചു. അദ്ദേഹത്തിന്റെ മാദ്ധ്യസ്ഥ്യം വഴി റോമാമെത്രാനായ ദമാസ്സൂസിനെയും അനുനയിച്ചു. പ്രസ്തുത മെത്രാന്മാർ രണ്ടുപേരും ഫ്ളാവിയനോടു കടുത്ത അമർഷമുണ്ടായിരുന്നവരാണ്. അയാൾ കള്ളസത്യം ചെയ്യുകയും ഐക്യത്തിൽ കഴിഞ്ഞ സഭയിൽ ഭിന്നിപ്പുണ്ടാക്കുകയും ചെയ്തു എന്നതാണു കാരണം. ഏതായാലും സഭയിലെ ഐക്യത്തെക്കരുതി തെയോഫിലസ് ഫ്ളാവിയനോടു ക്ഷമിച്ചു. ഇസിദോർ എന്ന വൈദികനെ റോമിലേയ്ക്കയച്ച് ദമാസ്സൂസിനെ അനുനയിക്കുകയും ചെയ്തു. ഫ്ളാവിയൻ തെറ്റു ചെയ്തവനാണെങ്കിലും സഭയിൽ ഭിന്നതയുണ്ടാകാതിരിക്കുന്നതിനുവേണ്ടി അയാളോടു ക്ഷമിക്കുന്നതുചിതമായിരിക്കുമെന്നായിരുന്നു തെയോഫിലസിന്റെ നിലപാട്. അങ്ങനെ അന്ത്യോക്യയിലുള്ള എല്ലാ സത്യവിശ്വാസികളും ഒരു വിധത്തിൽ ഫ്ളാവിയനെ അംഗീകരിച്ചു. ഈ സമയത്തു, നഗരത്തിൽനിന്നു ബഹിഷ്കൃതരായ ആര്യൻ വിഭാഗക്കാർ നഗരത്തിനു പുറത്തു തങ്ങളുടെ സമ്മേളനങ്ങൾ നടത്തിവന്നു. ഇക്കാലത്ത് ജറൂസലെമിലെ മെത്രാനായിരുന്ന സിറിൽ നിര്യാതനാവുകയും[34] യോഹന്നാൻ അദ്ദേഹത്തിന്റെ പിൻഗാമിയായി നിയമിക്കപ്പെടുകയും ചെയ്തു.

## അധ്യായം 16

# അലക്സാന്ത്രിയായിലെ ക്ഷേത്രധ്വംസനം

ഇക്കാലത്ത് അലക്സാന്ത്രിയായിൽ നടന്ന ചില സംഭവങ്ങളെക്കുറിച്ച് ഇനി പറയാം. അവിടുത്തെ മെത്രാനായിരുന്ന തെയോഫിലസിന്റെ പ്രേരണയനുസരിച്ച് ആ നഗരത്തിലെ അക്രൈസ്തവദേവാലയങ്ങൾ എല്ലാം നശിപ്പിക്കാൻ ചക്രവർത്തി കല്പന പുറപ്പെടുവിച്ചു. നശീകരണം തെയോഫിലസിന്റെ നേതൃത്വത്തിൽ നടത്തണമെന്നു ചക്രവർത്തി പ്രത്യേകം നിർദ്ദേശിച്ചിരുന്നു. ഈ തക്കം ഉപയോഗപ്പെടുത്തിക്കൊണ്ടു് അക്രൈസ്തവരുടെ മതകർമ്മങ്ങളെയും ആചാരങ്ങളെയും ഏററവും പരിഹാസ്യമായി ചിത്രീകരിക്കാൻ തെയോഫിലസ് പരമാവധി ശ്രമിച്ചു. ആദ്യമായി, *മിത്രേയം* എന്ന

---

34. 386-ൽ

www.malankaralibrary.com



സ്ഥാപനം തകർക്കാനാണ് അദ്ദേഹം ശ്രമിച്ചത്.[35] അവിടെ നടക്കുന്ന രക്തപങ്കിലമായ കർമ്മങ്ങളുടെ സാക്ഷ്യങ്ങളെല്ലാം കൊണ്ടുവന്നു പരസ്യമായി പ്രദർശിപ്പിച്ചു. അതിനുശേഷം *സെറാപ്പിയം* നശിപ്പിച്ചു. മിത്രേയത്തിൽ നടക്കുന്ന കർമ്മങ്ങളുടെ പരിഹാസാനുകരണങ്ങൾ പരസ്യമായി അവതരിപ്പിച്ചു. സെറാപ്പിയത്തിൽ അന്ധവിശ്വാസപൂർണ്ണമായ അനേകം കർമ്മങ്ങൾ നടക്കുന്നതായി വെളിപ്പെടുത്തി. പ്രിയപ്പസ് ദേവവിഗ്രഹത്തിന്റെ ലിംഗം നഗരമദ്ധ്യത്തിലൂടെ വഹിപ്പിച്ചു. അലക്സാൺഡ്രിയായിലെ അക്രൈസ്തവർക്ക്, പ്രത്യേകിച്ചും അവരുടെ മതഗുരുക്കന്മാർക്ക് ഈ പരസ്യാവഹേളനങ്ങൾ സഹിക്കാനായില്ല. അതിനു മുമ്പുണ്ടായതിനെക്കാൾ ഭീകരമായ ഒരു പ്രതികാരക്കൊടുങ്കാറ്റ് അവർ അഴിച്ചുവിട്ടു. പൂർവ നിശ്ചിതമായ ഒരു സമയത്ത്, ക്രിസ്ത്യാനികൾ ഒട്ടും പ്രതീക്ഷിക്കാത്ത സന്ദർഭത്തിൽ അവർ ഒരുമിച്ച് ആക്രമണം ആരംഭിക്കുകയും കയ്യിൽ കിട്ടിയ സകല ക്രിസ്ത്യാനികളെയും കൊന്നൊടുക്കുകയും ചെയ്തു. ക്രിസ്ത്യാനികളും തിരിച്ചടിക്കാനുള്ള ശ്രമം നടത്തിയതുകൊണ്ട് രണ്ടു പക്ഷത്തും ചോരപ്പുഴയൊഴുകി. രണ്ടുകൂട്ടരും മടുക്കുന്നതുവരെ പാതകങ്ങൾ അരങ്ങേറി. കലാപങ്ങൾക്കു ശമനം വന്നപ്പോഴാണു മനസ്സിലായത്, വളരെയധികം ക്രൈസ്തവരും വളരെ കുറച്ചുമാത്രം അക്രൈസ്തവരും വധിക്കപ്പെട്ടിരിക്കുന്നുവെന്ന്. രണ്ടുപക്ഷത്തും മുറിവേററവർ അസംഖ്യവുമായിരുന്നു.

വീണ്ടുവിചാരമുണ്ടായപ്പോൾ അക്രൈസ്തവർ സംഭ്രാന്തരായി. വിവരമറിയുമ്പോൾ കരുത്തനായ തിയഡോഷ്യസ് ചക്രവർത്തി സ്വീകരിക്കാനിടയുള്ള പ്രതികാര നടപടികളെക്കുറിച്ചുള്ള ചിന്ത അവരെ നടുക്കി. ഭയാക്രാന്തരായ അവർ അലക്സാൺഡ്രിയാ വിട്ടു നാലുപാടും പലായനം ചെയ്തു. വിവിധങ്ങളായ അന്യനഗരങ്ങളിൽ അവർ ചെന്നെത്തി. ഇങ്ങനെ രക്ഷപെട്ടവരുടെ കൂട്ടത്തിൽ വ്യാകരണപണ്ഡിതന്മാരായ ഹെല്ലാഡിയുസും അമ്മോണിയുസും ഉണ്ടായിരുന്നു. അവർ കോൺസ്റ്റാൻറിനോപ്പിളിൽ എന്റെ അദ്ധ്യാപകരായിരുന്നു. ഹെല്ലാഡിയുസ്, ജൂപ്പിററർ ദേവന്റെ പുരോഹിതനായിരുന്നു എന്നു പറയപ്പെടുന്നു. അമ്മോണിയുസ് സിമിയുസ് ദേവന്റെയും.

ഇങ്ങനെ കലാപം അവസാനിച്ചുകഴിഞ്ഞപ്പോൾ അലക്സാൺഡ്രിയായിലെ ഗവർണ്ണറും ഈജിപ്തിലെ റോമൻ സൈന്യാ

35. 3;2

www.malankaralibrary.com



ധിപനും സൈന്യങ്ങളോടുകൂടി അക്രൈസ്തവദേവാലയങ്ങൾ തച്ചുടയ്ക്കുന്നതിൽ തെയോഫിലസിനു സഹകരണം നൽകി. അവയെല്ലാം നിലംപരിചായി. അവയിലെ വിഗ്രഹങ്ങളെല്ലാം ഉരുക്കി പാത്രങ്ങളും വീട്ടുപകരണങ്ങളും ഉണ്ടാക്കി അലക്സാൺഡ്രിയൻ സഭയുടെ ഉപയോഗത്തിനായി വിതരണം ചെയ്തു. ക്ഷേത്രമുതലുകൾ പാവങ്ങൾക്കു വിതരണം ചെയ്യണമെന്നു് ചക്രവർത്തി നിർദ്ദേശിച്ചിരുന്നു.

വിഗ്രഹങ്ങളുടെ കൂട്ടത്തിൽ മുൻപറഞ്ഞ ഒരു ദേവൻെറ ഒരു വിഗ്രഹം മാത്രം നശിപ്പിക്കാതെ അവശേഷിപ്പിച്ചു. തെയോഫിലസിൻെറ നിർദ്ദേശപ്രകാരം അതു് ഒരു പൊതുസ്ഥലത്തു സ്ഥാപിക്കപ്പെട്ടു. അദ്ദേഹം പറഞ്ഞു, ''ഇത്തരം ദൈവങ്ങളെ ഞങ്ങൾ ഒരിക്കലും ആരാധിച്ചിട്ടില്ല എന്നു് അക്രൈസ്തവർ ഒരുകാലത്തു വാദിക്കാൻ ഇടയാകരുതു്.''

ഈ കൃത്യം വൈയാകരണനായ അമ്മോണിയുസിനു് വലുതായ നീരസം ഉളവാക്കി. അയാൾ ഇങ്ങനെ പറയുകപതിവായിരുന്നു എന്നു ഞാൻ കേട്ടിട്ടുണ്ടു്: ''ആ ഒരു വിഗ്രഹം മാത്രം ഉരുക്കാതെ അവശേഷിപ്പിച്ചതു് നമ്മുടെ മതത്തോടു ചെയ്ത കടുത്ത അധിക്ഷേപമാണു്. നമ്മുടെ മതത്തെ പരിഹാസ്യമാക്കുകയാണല്ലോ അതിൻെറ ഫലം.'' അന്നത്തെ ആ കലാപത്തിൽ ഒൻപതു ക്രിസ്ത്യാനികളെ താൻ തൻെറ കൈകൊണ്ടു തന്നെ കൊന്നൊടുക്കി എന്നു് ഹെല്ലാഡിയുസ് അയാളുടെ സുഹൃത്തുക്കൾ സമക്ഷം വീമ്പിളക്കമായിരുന്നു. ഇങ്ങനെയൊക്കെയാണ് അന്നു് അലക്സാൺഡ്രിയായിൽ നടന്ന സംഭവങ്ങൾ.

## അധ്യായം 17

# സെറാപ്പിസ് ക്ഷേത്രത്തിലെ ലിഖിതങ്ങൾ

സെറാപ്പിസിൻെറ ക്ഷേത്രം തകർക്കപ്പെട്ടപ്പോൾ അതിലെ ചില കല്ലുകളിൽ പ്രാചീനരീതിയിലുള്ള ചില അക്ഷരങ്ങൾ ആലേഖനം ചെയ്യപ്പെട്ടിരിക്കുന്നതായി കണ്ടുകിട്ടി. പ്രസ്തുത അക്ഷരങ്ങൾ *ഹിയെരോഗ്ലീഫിക്സ്* എന്നാണു വിളിക്കപ്പെടുന്നതു്. പ്രസ്തുത അക്ഷരങ്ങളിൽ ചിലതിനു് കുരിശിൻെറ ആകൃതിയായിരുന്നു. ആ അക്ഷരങ്ങൾ കണ്ടപ്പോൾ ക്രൈസ്ത

www.malankaralibrary.com



വരും അക്രൈസ്തവരും ഒരുപോലെ അവ തങ്ങളുടെ മതത്തിന്റെ അർത്ഥസൂചനകരം ഉൾക്കൊള്ളുന്നവയാണെന്നു് അവകാശപ്പെടാൻ തുടങ്ങി. ക്രിസ്തുവിന്റെ രക്ഷാദായകമായ പീഡാനുഭവത്തിന്റെ അടയാളമാണല്ലോ കുരിശു്. അതുകൊണ്ടു് പ്രസ്തുത അക്ഷരങ്ങൾ തങ്ങൾക്കു സാർത്ഥകമാണെന്നു ക്രിസ്ത്യാനികൾ. എന്നാൽ അവ ക്രിസ്തുവിനെയും സെറാപ്പിസിനെയും ഒരുപോലെ സൂചിപ്പിക്കുന്നവയാണെന്നായിരുന്നു അക്രൈസ്തവരുടെ വാദം. പ്രസ്തുത അക്ഷരങ്ങൾക്കു് ക്രിസ്ത്യാനികളെ സംബന്ധിച്ചു് ഒരർത്ഥവും അല്ലാത്തവരെ സംബന്ധിച്ച മറ്റൊരർത്ഥവുമാണുള്ളതെന്നു് അവർ വാദിച്ചു.

ഇങ്ങനെ ഈ വാദപ്രതിവാദങ്ങൾ നടക്കുന്നതിനിടയ്ക്കു് അക്രൈസ്തവരിൽ നിന്നു ക്രിസ്തുമതം സ്വീകരിച്ചവരും ഹിയെരോഗ്ളിഫിക്കു എഴുത്തുകളെക്കുറിച്ചു പരിജ്ഞാനമുള്ളവരുമായ ചിലർ ആ കുരിശാകൃതിയക്ഷരങ്ങളിൽ ഒന്നിന്റെ അർത്ഥം 'വരാനിരിക്കുന്ന ജീവൻ' എന്നാണെന്നു് അഭിപ്രായപ്പെട്ടു. ഈ അർത്ഥവ്യാഖ്യാനം ക്രിസ്ത്യാനികൾ വളരെ ആവേശപൂർവം സ്വീകരിച്ചു. മറ്റു ചിലർ മറ്റു ചില അക്ഷരങ്ങളുടെയും അർത്ഥവിശദീകരണം കണ്ടെത്തി. ഒന്നിന്റെ അർത്ഥം ഒരു ഭാവി പ്രവചനമായിരുന്നു: 'കുരിശു് (വരാനിരിക്കുന്ന ജീവൻ) പ്രത്യക്ഷപ്പെടുമ്പോൾ സെറാപ്പിസിന്റെ ക്ഷേത്രം തകർക്കപ്പെടും' എന്നു്. ഇതറിഞ്ഞപ്പോൾ അനേകം പേർ മാനസാന്തരപ്പെടുകയും അനുതാപപൂർവം പാപങ്ങൾ ഏറ്റുപറഞ്ഞു് മാമോദീസാ സ്വീകരിച്ചു ക്രിസ്ത്യാനികളാകുകയും ചെയ്തു. കുരിശാകൃതിയിലുള്ള ഈ അടയാളത്തിന്റെ കണ്ടുപിടുത്തം സംബന്ധിച്ചുള്ള ഈ വിവരങ്ങളൊക്കെ ഞാൻ കേട്ടറിഞ്ഞതാണു്. എന്നാൽ കുരിശിന്റെ ആകൃതി കൊത്തിച്ചപ്പോൾ ക്രിസ്തുവിനെ സംബന്ധിച്ച കാര്യങ്ങളെല്ലാം ഈജിപ്ഷ്യൻ പുരോഹിതന്മാർ മുൻകൂട്ടി അറിഞ്ഞു എന്നു വിശ്വസിക്കാൻ എനിക്കു വിഷമമുണ്ടു്. കാരണം, 'നമ്മുടെ രക്ഷകന്റെ ഈ ലോകത്തിലേയ്ക്കുള്ള ആഗമനം യുഗങ്ങളിലും തലമുറകളിലും നിന്നു മറയ്ക്കപ്പെട്ടിരുന്ന ഒരു രഹസ്യമാകുന്നു' എന്നു് വിശുദ്ധ ശ്ളീഹാ പ്രഖ്യാപിക്കുന്നു.[36] തിന്മയുടെ രാജാവായ പിശാചു് അതിനെക്കുറിച്ചു് ഒന്നും അറിഞ്ഞിരുന്നില്ല. എങ്കിൽ അവന്റെ ദാസന്മാരായ ഈജിപ്ഷ്യൻ പുരോഹിതന്മാർ അതിനെക്കുറിച്ചു് മുൻകൂട്ടി അറിഞ്ഞിരിക്കാൻ ഒരു ന്യായവുമില്ല. എന്നാൽ ഇതിനു മുമ്പു് പൗലോസിന്റെ പ്രസംഗത്തിൽ

36. 1 കൊറി. 2:7-8; എഫേ. 3;5-6; കൊളോ. 1:26

www.malankaralibrary.com



സംഭവിച്ചതിനു തുല്യമായ ഒന്നു് ഈ അക്ഷരങ്ങളുടെ അർത്ഥത്തെ സംബന്ധിച്ച അന്വേഷണത്തിൽ സംഭവിക്കാൻ ദൈവം തിരുമനസ്സായി എന്നു വരാവുന്നതാണ്. അദ്ദേഹം ദൈവാത്മാവിന്റെ ജ്ഞാനത്താൽ നയിക്കപ്പെട്ടു് അഥീനിയരുടെ കാര്യത്തിൽ ഇങ്ങനെയൊരു രീതി പ്രയോഗിക്കുകയും അനേകരെ വിശ്വാസത്തിലേയ്ക്കു് ആനയിക്കുകയും ചെയ്തു. അവിടെ ഒരു ക്ഷേത്രത്തിലെ ബലിപീഠത്തിൽ കണ്ട ഒരു ലിഖിതം തന്റെ പ്രസംഗത്തിൽ യുക്തമായ രീതിയിൽ പ്രയോഗിക്കുകയാണ് അദ്ദേഹം ചെയ്തതു് (നടപടി 17: 23). ബാലാം, കയ്യാഫാസ് എന്നിവരിലെന്നപോലെ ഈജിപ്തിലെ പുരോഹിതൻമാരിലും ദൈവത്തിന്റെ വചനം അവരുടെ ബോധ മനസ്സിനെതിരായിത്തന്നെ പ്രവർത്തിച്ചിരിക്കാം. ബാലാമും കയ്യാഫാസും[37] അവരറിയാതെ സത്യത്തിന്റെ പ്രവചനങ്ങൾ നടത്തി. ഈ വിഷയത്തെ സംബന്ധിച്ച് തല്ക്കാലം ഇത്രയും പറഞ്ഞാൽ മതി.

## അധ്യായം 18

# തിയഡോഷ്യസ് ചക്രവർത്തിയുടെ രണ്ടു സത്കൃത്യങ്ങൾ

തിയഡോഷ്യസ് ചക്രവർത്തി കുറഞ്ഞൊരു കാലമേ ഇററലിയിൽ തങ്ങിയുള്ളൂ എങ്കിലും അക്കാലംകൊണ്ടു റോമാ നഗരത്തിനു വളരെയേറെ നന്മകൾ ചെയ്തു. സാമ്പത്തികമായ അനുദാനങ്ങൾ, ചില തിന്മകളുടെ ദൂരീകരണം എന്നു രണ്ടു വിധത്തിലായിരുന്നു ഈ നന്മകൾ. അദ്ദേഹത്തിന്റെ ദാനങ്ങൾ അത്യുദാരങ്ങളായിരുന്നു. നഗരത്തിൽ നിലവിലിരുന്ന കുപ്രസിദ്ധങ്ങളായ രണ്ടു കുത്സിതസമ്പ്രദായങ്ങൾക്കു് അദ്ദേഹം അറുതി വരുത്തുകയും ചെയ്തു.

അവയിൽ ഒന്നു് ഇപ്രകാരമാണ്: റോമിൽ വളരെ വലിപ്പമുള്ള ചില കെട്ടിടങ്ങളുണ്ടായിരുന്നു. ജനങ്ങൾക്കു് റൊട്ടി ഉണ്ടാക്കിക്കൊടുക്കുന്നതിനു വേണ്ടി നിർമ്മിച്ചവയാണവ. നാം

37. സംഖ്യ. 24; യോഹ. 11;51.

www.malankaralibrary.com



പറയുന്ന കാലത്ത് ഈ കെട്ടിടങ്ങളുടെ ചുമതല വഹിച്ചിരുന്നത് ലത്തീൻ ഭാഷയിൽ മാൻചിപ്പെസ് എന്നു പറയുന്ന രണ്ടുദ്യോഗസ്ഥന്മാരായിരുന്നു. അവർ ഈ കെട്ടിടങ്ങളെ തസ്കരൻമാരുടെ താവളങ്ങളാക്കി മാററി. ഈ കെട്ടിടങ്ങളിലെ റൊട്ടി ഉണ്ടാക്കുന്ന സ്ഥലങ്ങൾ താഴെയുള്ള നിലയിലായിരുന്നു. അതിൻെറ വശങ്ങളിൽ മദ്യശാലകൾ ക്രമീകരിച്ച് അവയിൽ വേശ്യകളെയും പാർപ്പിച്ചിരുന്നു. മദ്യപാനത്തിനോ വേശ്യാഗമനത്തിനോ വേണ്ടി ആ മുറികളിൽ പ്രവേശിക്കുന്നവരെ സവിശേഷമായ ഒരു യന്ത്രസംവിധാനം വഴി താഴെയുള്ള അറകളിൽ അകപ്പെടുത്തും. അകലെ നിന്നു വരുന്ന അപരിചിതരെയാണ് സാധാരണഗതിയിൽ ഇപ്രകാരം അകപ്പെടുത്തുക. അവിടെ അടിമകളെപ്പോലെ പണിയെടുത്ത് ആജീവനാന്തം കഴിയേണ്ടിവരും. അവിടെ നിന്നു രക്ഷപെടാൻ സാധിക്കുകയില്ല. അവർ മരിച്ചുപോയതാകാം എന്ന് അവരുടെ സ്നേഹിതന്മാർ കരുതിയിരുന്നു. ഒരിക്കൽ തീയഡോഷ്യസ് ചക്രവർത്തിയുടെ ഭടന്മാരിലൊരാൾ ഈ വിധത്തിൽ അകപ്പെടാനിടയായി. തടവിലകപ്പെട്ട അയാൾ തൻെറ കൈയിലുണ്ടായിരുന്ന കഠാരകൊണ്ട് കാവൽ നിന്നവരെ വധിച്ചു. ബാക്കിയുള്ളവർ സംഭീതരായി അയാളെ രക്ഷപെടാൻ അനുവദിച്ചു. അയാൾ ഈ അധോലോക സംവിധാനത്തെക്കുറിച്ചു ചക്രവർത്തിയെ അറിയിച്ചു. അദ്ദേഹം മാൻചിപ്പെസിനെ ശിക്ഷിക്കുകയും ദുഷ്ടസൗധങ്ങൾ പൊളിച്ചു കളയാൻ കല്പിക്കുകയും ചെയ്തു.

രണ്ടാമത്തെ കാര്യം ഇനി പറയാം. ഒരു സ്ത്രീ വ്യഭിചാരത്തിൽ പിടിക്കപ്പെട്ടാൽ അവളെ തെററു തിരുത്താൻ പ്രേരകമായ വിധത്തിലല്ല, തെററിൽ നിന്നു മോചനം നേടാനാകാത്ത വിധത്തിലാണ് അവർ ശിക്ഷിച്ചിരുന്നത്. അവർ അവളെ ഒരു ഇടുങ്ങിയ മുറിയിൽ അടച്ച് നിർബന്ധിച്ച് വേശ്യാവൃത്തി ചെയ്യിച്ചിരുന്നു. വ്യഭിചാരം നടക്കുന്ന സമയത്ത് ഒരു ചെറിയ മണി അടിച്ചുകൊണ്ടിരിക്കും. വഴിയേ പോകുന്നവർക്ക് അകത്തു നടക്കുന്ന സംഭവമെന്താണെന്നു മനസ്സിലാകും. പൊതുജനദൃഷ്ടിയിൽ ഏററം ഹീനകൃത്യമായി ഇതിനെ കരുതാൻ വേണ്ടിയാണ് ഇപ്രകാരം ചെയ്തിരുന്നത് എന്നതിനു സംശയമില്ല. ഈ നാണംകെട്ട ഏർപ്പാടിനെക്കുറിച്ചു കേട്ടപ്പോൾ ചക്രവർത്തി ആശ്ചര്യചകിതനായിപ്പോയി. ശിസ്ത്രാ എന്നറിയപ്പെട്ടിരുന്ന ഇത്തരം സ്ഥാപനങ്ങൾ അദ്ദേഹം നിലംപരിചാക്കി. വേശ്യകളെ ശിക്ഷിക്കുന്നതിനു മററു നിയമങ്ങൾ ഏർപ്പെടുത്തുകയും ചെയ്തു.

www.malankaralibrary.com



ഇങ്ങനെ രണ്ടു വലിയ തിന്മകളിൽ നിന്നു റോമാ നഗരത്തെ വിമുക്തമാക്കുകയും മററു കാര്യങ്ങളെല്ലാം തൃപ്തികരമായ വിധത്തിൽ ക്രമീകരിക്കുകയും ചെയ്തിട്ടു വലെൻറീയനോടു യാത്ര പറഞ്ഞു് സ്വന്തം പുത്രൻ ഹൊണോറിയസിനോടൊപ്പം തീയഡോഷ്യസ് കോൺസ്റ്റാൻറിനോപ്പിളിലേയ്ക്കു പുറപ്പെട്ടു. താസ്യൻെറയും സിമ്മാക്കുസിൻെറയും കോൺസുളേററു കാലത്തു് നവംബർ 10-ാം തീയതി കോൺസ്റ്റാൻറിനോപ്പിളിൽ എത്തിച്ചേർന്നു.[38]

## അധ്യായം 19

## പരസ്യകുമ്പസാരം നിർത്തലാക്കുന്നു

ഇക്കാലത്തു് "പ്രായശ്ചിത്തപുരോഹിതൻമാരുടെ"[39] ഉദ്യോഗം നിർത്തലാക്കേണ്ടതു് ആവശ്യമാണെന്നു വന്നുകൂടി. താഴെ പറയുന്ന വിധത്തിലാണതു സംഭവിച്ചതു്. ഡേഷ്യസിൻെറ മതപീഡന കാലത്തു് വിശ്വാസം ഉപേക്ഷിച്ചിട്ടു പിന്നെ തിരിച്ചു വന്നവരുമായി സഹകരിക്കുകയില്ല എന്നു പറഞ്ഞു് നൊവേഷ്യർ സഭയിൽനിന്നു പിരിഞ്ഞുപോയല്ലോ. അതിനെ തുടർന്നു് മെത്രാന്മാർ കൂടിയാലോചിച്ചു് ഓരോ പള്ളിയിലും ഓരോ പ്രായശ്ചിത്തപുരോഹിതനെ കൂടെ നിയമിക്കണം എന്നു തീരുമാനിച്ചു. മാമോദീസായ്ക്കു ശേഷം പാപം ചെയ്തവരെല്ലാം ആ പുരോഹിതൻെറ സന്നിധിയിൽ പാപങ്ങൾ ഏററുപറയണം എന്നായിരുന്നു തീരുമാനം. ഈ രീതിയിലുള്ള നടപടി പാഷണ്ഡരായ മററു വിഭാഗങ്ങൾ ഇന്നും തുടർന്നു വരുന്നുണ്ടു്. ഹോമോഉസിയൻ വിശ്വാസികളും വിശ്വാസതത്ത്വങ്ങളിൽ അവരോടു യോജിക്കുന്ന നൊവേഷ്യരും അതു് ഉപേക്ഷിച്ചു കളഞ്ഞിരിക്കുന്നു. നൊവേഷ്യർ അങ്ങനെയൊന്നു് ഉണ്ടായിരുന്നതായിത്തന്നെ സമ്മതിക്കുകയില്ല. ഹോമോഉസിയൻ വിശ്വാസികൾ അതുപേക്ഷിച്ചതു് നെക്താറിയസിൻെറ ഭരണകാലത്താണു്. കോൺസ്റ്റാൻറിനോപ്പിളിലെ ഒരു പള്ളിയിൽ നടന്ന, താഴെ പറയുന്ന സംഭവമാണു് അതിനു കാരണം.

---

38. 391-ൽ

39. Presbyter of penance

www.malankaralibrary.com



കുലീന കുടുംബത്തിൽപ്പെട്ട ഒരു സ്ത്രീ അവിടെ പ്രായശ്ചിത്തപുരോഹിതന്റെ സാന്നിദ്ധ്യത്തിൽ പള്ളിയിൽവച്ച് തന്റെ പാപങ്ങൾ പരസ്യമായി ഏററു പറഞ്ഞു. പുരോഹിതൻ നിരന്തരമായ ഉപവാസവും പ്രാർത്ഥനയും അവൾക്ക പ്രായശ്ചിത്തമായി നിശ്ചയിച്ചു. പാപം ഏററു പറയുന്നതോടൊപ്പം പശ്ചാത്താപോചിതമായ പ്രവർത്തനങ്ങളും അവൾ കൈക്കൊള്ളണമല്ലോ. ഏതാനും നാൾ കഴിഞ്ഞു് ആ സ്ത്രീ തന്നെ പരസ്യമായി പാപം ഏററുപറയാൻ വന്നു. പ്രസ്തുത പള്ളിയിലെ ഒരു ഡീക്കനെമൊത്തു താൻ വ്യഭിചാരം ചെയ്തു എന്നാണ് ഇത്തവണ അവൾ ഏററുപറഞ്ഞതു്. അന്വേഷണത്തിൽ ഇക്കാര്യം സത്യമാണെന്നു തെളിഞ്ഞപ്പോൾ ആ ഡീക്കനെ സഭയിൽനിന്നു പുറത്താക്കി. ഈ സംഭവമറിഞ്ഞു് ആളുകൾ അമർഷഭരിതരായിത്തീർന്നു. അതു് സഭയ്ക്കാകെ അപമാനം വരുത്തിവച്ചല്ലോ. പിന്നെ പുരോഹിതന്മാരിൽ ആരെ കണ്ടാലും ആളുകൾ പരിഹസിക്കാനും ഭീഷണിപ്പെടുത്താനും തുടങ്ങി. അപ്പോൾ, ജന്മംകൊണ്ടു് അലക്സാൺഡ്രിയക്കാരനായ എവുദേമോൻ എന്ന വൈദികൻ പ്രായശ്ചിത്തപുരോഹിതന്റെ സ്ഥാനവും പരസ്യകുമ്പസാരവും നിർത്തൽ ചെയ്യാൻ നെക്ടാരിയസ് മെത്രാനെ ഉപദേശിച്ചു. ദിവ്യരഹസ്യങ്ങളിൽ പങ്കുകൊള്ളാനുള്ള അർഹത ഓരോരുത്തരും സ്വന്തം മനഃസാക്ഷിയനുസരിച്ചു തീരുമാനിക്കട്ടെയെന്നാണ് അദ്ദേഹം അഭിപ്രായപ്പെട്ടതു്. അങ്ങനെ മാത്രമേ സഭയെ പരിഹാസത്തിൽ നിന്നു രക്ഷിക്കാൻ സാദ്ധ്യമാകൂ. എവുദേമോൻ തന്നെ നേരിട്ടു പറഞ്ഞു കേട്ടതനുസരിച്ചാണ് ഈ സംഭവം ഞാനിവിടെ രേഖപ്പെടുത്തുന്നതു്.

ഞാൻ പലപ്പോഴും പറഞ്ഞിട്ടുള്ളതുപോലെ[40] ഈ ചരിത്രത്തിൽ രേഖപ്പെടുത്തുന്ന ഓരോ കാര്യവും കഴിയുന്നത്ര പ്രാമാണികമാക്കാൻ ഞാൻ ആവതു ശ്രമിച്ചിട്ടുണ്ടു്. സംഭവങ്ങളോടു ബന്ധപ്പെട്ട വ്യക്തികളെ നേരിട്ടു കണ്ടു വിവരങ്ങൾ ശേഖരിക്കാനും കിട്ടുന്ന വിവരങ്ങൾ യുക്തിയുടെ വെളിച്ചത്തിൽ പരിശോധിക്കാനും ഞാൻ മനസ്സിരുത്തിയിട്ടുണ്ടു്. ആരെങ്കിലും പറയുന്നതിനെ മാത്രമാശ്രയിച്ചാൽ ചിലപ്പോൾ അസത്യം രേഖപ്പെടുത്താനിടയാകും. എവുദേമോൻ ഈ സംഭവം വിവരിച്ചു കഴിഞ്ഞപ്പോൾ ഞാൻ അദ്ദേഹത്തോടു പറഞ്ഞു, ''അല്ലയോ വൈദികാ, അങ്ങയുടെ ഉപദേശം സഭയ്ക്കു് ഉപകാരമാണോ ഉപദ്രവമാണോ ചെയ്തിട്ടുള്ളതെന്നു ദൈവത്തിനുമാത്രം

---

40. 1;1;2:1

www.malankaralibrary.com



അറിയാം. പരസ്പരം പരിഹസിക്കാനുള്ള ഒരവസരം ഇതുമൂലം ഇല്ലാതായി എന്നുറപ്പിച്ചു പറയാം. പക്ഷേ പരസ്പരം തെററു തിരുത്താനുള്ള അവസരം ഇതുകൊണ്ടു നഷ്ടപ്പെടുകയാണ്. "നിഷ്ഫലങ്ങളായ അന്ധകാരപ്രവൃത്തികളിൽ നിങ്ങൾ പങ്കുചേരരുത്. മറിച്ച് അവയെ കുററപ്പെടുത്തുവിൻ" എന്നുള്ള അപ്പസ്തോലവചനം (എഫേ.5:11) അനുസരിക്കാനും പററുകയില്ല." ഇതേപ്പററി ഇത്രയും മതി.

## അധ്യായം 20

## പാഷണ്ഡികളുടെയിടയിലെ ഭിന്നതകൾ

ആര്യന്മാർ, നൊവേഷ്യർ, മാസിഡോണിയർ, എവുണോമിയർ തുടങ്ങിയ ഇതര വിശ്വാസവിഭാഗങ്ങളുടെ ചരിത്രങ്ങളും പറഞ്ഞുപോകേണ്ടതു് ആവശ്യമാണെന്നു് എനിക്കു തോന്നുന്നു. സഭയിൽനിന്നു ഭിന്നിച്ചുപോയവർ നിസ്സാരകാരണങ്ങളെ ചൊല്ലി വീണ്ടും വീണ്ടും ഭിന്നിച്ചുകൊണ്ടിരുന്നു. ഈ ഭിന്നതകളുടെയെല്ലാം വിശദാംശങ്ങൾ യഥാസ്ഥാനം വ്യക്തമാക്കിക്കൊള്ളാം. എന്നാൽ എവുണോമിയസ് ഒഴികെ അക്കൂട്ടരിലാരെയും തിയഡോഷ്യസ് ചക്രവർത്തി ഒരു തരത്തിലും പീഡിപ്പിച്ചില്ല എന്നു് ഇവിടെ രേഖപ്പെടുത്തിക്കൊള്ളട്ടെ. എവുണോമിയസ് കോൺസ്റ്റാൻറിനോപ്പിളിലെ സ്വകാര്യഭവനങ്ങളിൽ വച്ചു് തൻെറ രചനകൾ വായിച്ചുകേൾപ്പിക്കുകയും വിശദീകരിക്കുകയും അങ്ങനെ അനേകരെ വഴി തെററിക്കാൻ ശ്രമിക്കുകയും ചെയ്തതായറിഞ്ഞു് ചക്രവർത്തി അയാളെ നാടുകടത്താൻ ഉത്തരവിട്ടു. മററു പാഷണ്ഡരുടെ ആരുടെയും കാര്യത്തിൽ അദ്ദേഹം ഇടപെട്ടില്ല. തൻെറ വിശ്വാസത്തോടു സഹകരിക്കാൻ ആരെയും നിർബന്ധിച്ചുമില്ല. അവരവരുടെ സങ്കേതങ്ങളിൽ ഒത്തുചേരാനും ക്രിസ്തീയവിശ്വാസം സംബന്ധിച്ച് സ്വന്തം വിശ്വാസങ്ങൾ വച്ചു പുലർത്താനും അദ്ദേഹം എല്ലാവരെയും അനുവദിച്ചു. നഗരങ്ങൾക്കു പുറത്തു് സ്വന്തം പള്ളി പണിയാൻ എല്ലാവരെയും അനുവദിച്ചു. ഞാൻ നേരത്തെ പറഞ്ഞതുപോലെ[41] നൊവേഷ്യർ വിശ്വാസത്തിൽ തന്നോടു യോജിക്കുന്നതുകൊണ്ടു് നഗരങ്ങൾക്കുള്ളിൽ ഉള്ള അവരുടെ പള്ളിക

41. 5:10

www.malankaralibrary.com



ളിൽ തുടർന്നും സമ്മേളിക്കാൻ അദ്ദേഹം അനുമതി നൽകിയിരുന്നു. ഈ നൊവേഷ്യരെക്കുറിച്ച് ഏതാനും കാര്യങ്ങൾ കൂടുതലായി ഇവിടെ രേഖപ്പെടുത്തേണ്ടതു് ആവശ്യമാണെന്നു തോന്നുന്നു. അതിന് ചരിത്രത്തിൽ ഏതാനും ചുവടുകൾ പിറകോട്ടുപോകേണ്ടതായിട്ടും ഉണ്ട്.

## അധ്യായം 21

## നൊവേഷ്യരുടെയിടയിലെ ഒരു ശീശ്മ

കോൺസ്റ്റാൻറിനോപ്പിളിലെ നൊവേഷ്യൻ സഭയെ അജേലിയൂസ് മെത്രാൻ നാല്പതു വർഷക്കാലം നയിച്ചു. ഞാൻ എവിടെയോ നേരത്തേ പറഞ്ഞതുപോലെ[42] കോൺസ്റ്റൻറൈൻറെ കാലംമുതൽ തിയഡോഷ്യസ് ചക്രവർത്തിയുടെ ഭരണത്തിൻറെ ആറാംവത്സരം വരെ ആ നേതൃത്വം നിലനിന്നു. ഒടുവിൽ തൻെറ ജീവിതാന്ത്യം സമാഗതമായിരിക്കുന്നു എന്ന് അജേലിയൂസിനു മനസ്സിലായി. സിസിന്നിയൂസ് എന്നയാളെ തൻെറ പിൻഗാമിയായി അദ്ദേഹം അഭിഷേകം ചെയ്തു. ഈ സിസിന്നിയൂസ്, അജേലിയൂസ് അധ്യക്ഷനായിരുന്ന സഭയിലെ ഒരു പ്രെസ്ബിറ്ററും വലിയ വാഗ്മിയും മാക്സിമൂസ് എന്ന പണ്ഡിതനിൽനിന്ന് ജൂലിയൻ ചക്രവർത്തിയോടൊപ്പം തത്ത്വജ്ഞാനത്തിൽ ശിക്ഷണം നേടിയ ആളുമായിരുന്നു. ഈ തെരഞ്ഞെടുപ്പിൽ ആ സഭയിലെ അൽമായർ അസംതൃപ്തരായി മാർസ്യൻ എന്ന വ്യക്തി മെത്രാനാകണമെന്നതായിരുന്നു അവരുടെ അഭിലാഷം. അയാൾ വളരെ ഭക്തിയും ജീവിതവിശുദ്ധിയുമുള്ളയാളായിരുന്നു. അയാളുടെ സ്വാധീനം കാരണമാണ് വാലെൻസ് ചക്രവർത്തിയുടെ ഭരണകാലത്തു് അവരുടെ സഭാവിഭാഗം പീഡനത്തിൽനിന്നു വിമുക്തമായിരുന്നതു്. ജനാഭിപ്രായം ആദരിച്ച് അജേലിയൂസ് മാർസ്യനെയും മെത്രാനായി വാഴിച്ചു.

രോഗത്തിൽനിന്നു താല്ക്കാലികമായി ഒരു മോചനം ലഭിച്ചപ്പോൾ അജേലിയൂസ് പള്ളിയിൽ ചെല്ലുകയും അവിടെ സമ്മേളിച്ചിരുന്ന സഭാസമൂഹത്തെ അഭിസംബോധന ചെയ്ത്

42. 4:9; 5:12

www.malankaralibrary.com



ഇങ്ങനെ പ്രസ്താവിക്കുകയും ചെയ്തു: ''എന്റെ കാലശേഷം മാർസ്യൻ നിങ്ങളുടെ മെത്രാനായിരിക്കും. അതിനുശേഷം സിസിന്നിയൂസും.''

അധികം താമസിയാതെ അജേലിയൂസ് നിര്യാതനായി. മാർസ്യൻ മെത്രാൻസ്ഥാനത്ത് അവരോധിതനാവുകയും ചെയ്തു. ഈ സാഹചര്യം ഒരു ഭിന്നതയ്ക്കു പശ്ചാത്തലമാണല്ലോ. ഭിന്നതയെ സഹായിക്കുന്ന മറെറാരു സംഭവംകൂടെ ഉണ്ടായി. സബ്ബാത്തിയൂസ് എന്നു പേരുള്ള ഒരു യഹൂദ ക്രൈസ്തവനെ മാർസ്യൻ പുരോഹിതസ്ഥാനത്തേയ്ക്കുയർത്തി. അയാൾക്ക് യൂദന്മാരുടെ മുൻവിധികൾ പലതും ഉണ്ടായിരുന്നു. മെത്രാനാകണമെന്ന ഒരത്യാഗ്രഹവും അയാളുടെ മനസ്സിലുണ്ടായിരുന്നു. തന്റെ ഉള്ളിലിരുപ്പുകൾ അറിയാവുന്ന രണ്ടു വൈദികരെ അയാൾ തന്റെ സഹകാരികളായി കൂട്ടി. തെയോക്ടിസ്റ്റസ് എന്നും മക്കാരിയൂസ് എന്നും ആയിരുന്നു അവരുടെ പേരുകൾ.

വാലെൻസ് ചക്രവർത്തിയുടെ കാലത്ത് ഫ്രീജിയായിലെ 'പാസും' എന്ന ഗ്രാമത്തിൽവച്ച് നൊവേഷ്യന്മാർ ഉയിർപ്പുതിരുനാളിനെ സംബന്ധിച്ച് സ്വീകരിച്ചിരുന്ന ഒരു തീരുമാനം നടപ്പിലാക്കാൻ സബ്ബാത്തിയൂസ് തീരുമാനിച്ചു. പ്രസ്തുത തീരുമാനത്തെക്കുറിച്ച് ഞാൻ മുമ്പു പറഞ്ഞിട്ടുണ്ട്.[43] കൂടുതൽ കർശനമായ താപസജീവിതം നയിക്കാനെന്ന വ്യാജേന അയാൾ തത്കാലം തന്റെ സമൂഹത്തിൽനിന്നു് അകന്നുനിന്നു. 'കൂദാശകളിൽ പങ്കെടുക്കാൻ അർഹതയില്ലാത്ത ചില വ്യക്തികളുടെ സാന്നിദ്ധ്യം എന്നെ അസ്വസ്ഥനാക്കുന്നു' എന്നൊരു ന്യായമാണ് അയാൾ പുറമേ പറഞ്ഞത്. എന്നാൽ വ്യതിരിക്തസമ്മേളനങ്ങൾ സംഘടിപ്പിക്കുകയായിരുന്നു അയാളുടെ ലക്ഷ്യം എന്നു പിന്നീടു വെളിപ്പെട്ടു.

മാർസ്യൻ മെത്രാന് ഇക്കാര്യമെല്ലാം മനസ്സിലായപ്പോൾ ഇത്രയും അഹന്ത നിറഞ്ഞ ഒരാളെ വൈദികനാക്കിയതിൽ അദ്ദേഹം വളരെ കുണ്ഠിതപ്പെട്ടു. ''എന്റെ കൈകൾ സബാത്തിയൂസിന്റെ തലയിൽ വയ്ക്കാതെ വല്ല മുള്ളിന്മേലും വച്ചിരുന്നെങ്കിൽ നന്നായിരുന്നു'' എന്ന് അദ്ദേഹം പറഞ്ഞു. സബ്ബാത്തിയൂസിന്റെ വഴിതെററിയ നടപടികൾ നിയന്ത്രിക്കുവാൻവേണ്ടി അദ്ദേഹം ബിത്തീനിയായിലെ ഹെലേനോപ്പോലീസിനടുത്തുള്ള 'അംഗാരും' എന്ന സ്ഥലത്ത് നൊവേ

43. 4:28

www.malankaralibrary.com



ഷ്യൻ മെത്രാന്മാരുടെ ഒരു സിനഡ് വിളിച്ചുകൂട്ടി. സമ്മേളിച്ച മെത്രാന്മാർ സബ്ബാത്തിയൂസിനെ വിളിച്ചു വരുത്തി. അയാളുടെ അസംതൃപ്തിയുടെ കാരണം വിശദീകരിക്കാൻ മെത്രാന്മാർ സബ്ബാത്തിയൂസിനോടാവശ്യപ്പെട്ടു. ഉയിർപ്പു തിരുനാൾ സംബന്ധിച്ച് വിശ്വാസികളുടെ ആചരണത്തിൽ നിലനിൽക്കുന്ന ഭിന്നതയാണ് തന്നെ അസ്വസ്ഥനാക്കുന്നതെന്ന് അയാൾ പറഞ്ഞു. യഹൂദാചാരപ്രകാരം അതു് ആചരിക്കപ്പെടണം എന്നു് അയാൾ ആവശ്യപ്പെട്ടു. പാസ്സുമിൽക്കൂടിയ സിനഡിന്റെ തീരുമാനവും അതുതന്നെയാണെന്നു് അയാൾ ചൂണ്ടിക്കാട്ടി.

ഉയിർപ്പുതിരുനാളിനെ സംബന്ധിച്ചു് ഉന്നയിക്കുന്ന വാദങ്ങൾ മെത്രാനാകാനുള്ള തന്റെ അത്യാഗ്രഹം മറച്ചുപിടിക്കാനുള്ള ഒരു കൗശലം മാത്രമാണെന്നു മെത്രാന്മാർക്കു മനസ്സിലായി. താൻ ഒരിക്കലും മെത്രാൻസ്ഥാനം സ്വീകരിക്കുകയില്ല എന്നു് അവർ അയാളെക്കൊണ്ടു പ്രതിജ്ഞ ചെയ്യിച്ചു. അതുകഴിഞ്ഞപ്പോൾ മെത്രാന്മാർ ഉയിർപ്പുതിരുനാൾ സംബന്ധിച്ച ഒരു നിയമം പാസ്സാക്കി. അതിനു് 'നിഷ്പക്ഷനിയമം' എന്നാണവർ നാമകരണം ചെയ്തതു്. അതിൽ അവർ പറഞ്ഞു, ''ഇത്തരം ഒരു കാര്യത്തിലുള്ള മതഭേദം സഭയിൽനിന്നു വേർപെട്ടു നില്ക്കാനുള്ള ഒരു കാരണമാകാൻ പാടില്ല. സഭയുടെ പൊതുവായ നിലപാടിനു വിരുദ്ധമായ ഒരു തീരുമാനവും പാസ്സുമിലെ സിനഡ് കൈക്കൊണ്ടിട്ടില്ല. ഉയിർപ്പുതിരുനാൾ ആചരണത്തിന്റെ കാര്യത്തിൽ, അപ്പസ്തോലന്മാരോട്ട് ഏററവും അടുത്ത കാലത്തു ജീവിച്ചിരുന്ന ആളുകൾപോലും വ്യത്യസ്ത ആചരണങ്ങളാണ് അവലംബിച്ചിരുന്നതു്. എന്നാൽ അതു് അവരുടെ പരസ്പരൈക്യത്തിനു് ഒരുവിധത്തിലും വിഘാതമായില്ല. എന്നുമാത്രമല്ല, സാമ്രാജ്യതലസ്ഥാനമായ റോമിലെ നൊവേഷ്യന്മാർ ഈ വിഷയത്തിൽ യഹൂദരുടെ വഴക്കം ഒരിക്കലും അനുവർത്തിച്ചിട്ടുമില്ല. അവർഎന്നും മഹാവിഷുവത്തിനു ശേഷമാണ് ഉയിർപ്പുതിരുനാൾ ആഘോഷിച്ചിരുന്നതു്. എങ്കിലും വേറെ ദിവസങ്ങളിൽ ഉയിർപ്പുതിരുനാൾ ആഘോഷിക്കുന്ന സഹവിശ്വാസികളിൽനിന്നു് അവർ അകന്നു നിന്നിട്ടുമില്ല.'' ഇങ്ങനെയുള്ള പല ന്യായങ്ങളും പരിഗണിച്ച ശേഷം ഓരോരുത്തർക്കും അവരവരുടെ അഭിമതമനുസരിച്ച് ഏതു ദിവസമെങ്കിലും ഉയിർപ്പുതിരുനാൾ ആഘോഷിക്കാമെന്നു് സിനഡ് തീരുമാനം ചെയ്തു. ആ വിഷയത്തിലുള്ള വ്യത്യാസം സഭയിലുള്ള കൂട്ടായ്മയ്ക്കു് ഒരിക്കലും തടസ്സമാകരുതു് എന്നും വ്യത്യസ്തമായി ആചരിച്ചാലും സഭയിൽ അവർ ഐക്യപ്പെട്ടിരിക്കണം എന്നും പ്രത്യേകം നിഷ്കർഷിക്കുകയും ചെയ്തു. ഇങ്ങനെ ഈ നിയമം നടപ്പാക്കിക്കഴിഞ്ഞപ്പോൾ, പ്രതിജ്ഞയിൽ ബന്ധിതനായ

www.malankaralibrary.com



സബ്ബാത്തിയൂസ് പെസഹാതിരുനാളാഘോഷം സംബന്ധിച്ച് എന്തെങ്കിലും വ്യത്യാസം ഉണ്ടായാൽ രഹസ്യത്തിൽ ആചരിച്ചു കൊണ്ട് നേരത്തെ ഉപവസിച്ചിരുന്നു; രാത്രിമുഴവൻ ജാഗരണം നടത്തിയിട്ട് പെസഹായുടെ ശാബത് ആചരിച്ചു. അടുത്ത ദിവസം അയാരം പള്ളിയിൽപോവുകയും സമൂഹത്തോടൊപ്പം കൂദാശകളിൽ പങ്കുകൊള്ളുകയും ചെയ്തിരുന്നു. ഇങ്ങനെ പല വർഷം തുടർന്നു. അതു് ജനങ്ങളിൽനിന്നു മറച്ചുവയ്ക്കാൻ കഴിഞ്ഞില്ല. അതിനാൽ അറിവുകുറഞ്ഞ ചിലയാളുകൾ, പ്രധാനമായും ഫ്രീജിയായിലും ഗലാത്യയിലുമുള്ളവർ ആ രീതി അനുകരിക്കാൻ തുടങ്ങി. ഈ സബ്ബാത്തിയൂസ് പിന്നീട് സിനഡിൽ താൻ ചെയ്ത പ്രതിജ്ഞയെ അവഗണിച്ച് വിഘടനപരമായ സമ്മേളനങ്ങൾ നടത്തുകയും തൻെറ അനുയായികൾ ഉൾപ്പെടുന്ന ഒരു ശീശ്മസംഘത്തിൻെറ മെത്രാനായി അവരോധിക്കപ്പെടുകയും ചെയ്തു. അക്കാര്യത്തെക്കുറിച്ചു പിന്നീടു വിശദമായി പറയുന്നതാണ്.[44]

## അധ്യായം 22

# സഭാസംബന്ധമായ ചില വിഷയങ്ങളെക്കുറിച്ച് ഗ്രന്ഥകാരൻെറ നിരീക്ഷണങ്ങൾ

ഉയിർപ്പു തിരുനാളിനെക്കുറിച്ച് ഇത്രയും പറഞ്ഞനിലയ്ക്ക് ആ വിഷയം സംബന്ധിച്ച് എനിക്കുള്ള ചില അഭിപ്രായങ്ങൾ ഇവിടെ പ്രകടിപ്പിക്കുന്നതു് അസമീചീനമാകുകയില്ല എന്നു കരുതുന്നു. യഹൂദരെ അനുകരിക്കാൻ തത്രപ്പെടുന്നവർ പ്രാചീനരായാലും അർവാചീനരായാലും അവരുടെ നിർബ്ബന്ധബുദ്ധിക്ക് യുക്തിയുടെ എന്തെങ്കിലും അടിസ്ഥാനമുണ്ട് എന്ന് എനിക്കു തോന്നുന്നില്ല. യഹൂദമതം ക്രിസ്തുമതത്തിലേയ്ക്കു പരിവർത്തിതമായപ്പോൾ മോശയുടെ നിയമങ്ങളും അതിനോടനുബന്ധിച്ചുള്ള ആചാരങ്ങളും അനുസരിക്കുന്നതിനുള്ള ബാദ്ധ്യത അവസാനിച്ചു എന്ന വസ്തുത അവർ പരിഗണിക്കുന്നില്ല. ഇക്കാര്യത്തിലുള്ള തെളിവു സ്പഷ്ടമാണ്. ക്രിസ്തുവിൻെറ ഒരു നിയമവും യൂദന്മാരെ അനുകരിക്കാൻ അനുവദിക്കുന്നില്ല. നേരേ

44. 7;5.12

www.malankaralibrary.com



മറിച്ച്, പൗലോസ് ശ്ലീഹാ അതിനെ വ്യക്തമായി എതിർക്കുന്നുമുണ്ട്. അദ്ദേഹം ചെയ്തിട്ടുള്ളത് ഛേദനാചാരത്തെ മാത്രമല്ല, യഹൂദ തിരുനാളുകളോടുള്ള താല്പര്യത്തെയും എതിർത്തിട്ടുണ്ട്. ഗലാത്യർക്കുള്ള ലേഖനത്തിൽ (4:21) അദ്ദേഹം എഴുതുന്നു: 'നിയമത്തിനു വിധേയരായിരിക്കാൻ ആഗ്രഹിക്കുന്നവരേ, പറയുവിൻ. ആ നിയമം പറയുന്നതു നിങ്ങൾ കേൾക്കുന്നില്ലേ?' ആ വാദഗതി തുടർന്നുകൊണ്ട് യഹൂദന്മാർ ദാസോചിതമായ ബന്ധനത്തിലായിരുന്നുവെന്നും ക്രിസ്തുവിലേയ്ക്കു വന്നവർ 'പുത്രന്മാരുടെതായ സ്വാതന്ത്ര്യത്തിലേയ്ക്കു വിളിക്കപ്പെട്ടിരിക്കുന്നുവെന്നും' (5:13) അദ്ദേഹം പ്രസ്താവിക്കുന്നു. 'ദിവസങ്ങളും മാസങ്ങളും കാലങ്ങളും ആണ്ടുകളും' ആചരിക്കരുതെന്ന് അദ്ദേഹം അവരെ ഉദ്ബോധിപ്പിക്കുന്നു (4 : 10). വീണ്ടും കൊളോസ്യർക്കുള്ള ലേഖനത്തിൽ (2:16-17) അത്തരം ആചരണങ്ങൾ വെറും നിഴലുകളാണെന്ന് അദ്ദേഹം സ്പഷ്ടമായി പ്രസ്താവിക്കുന്നു. അദ്ദേഹം എഴുതുന്നു: ''അതിനാൽ ഭക്ഷണപാനീയങ്ങളുടെയോ തിരുനാളുകളുടെയോ മാസാരംഭങ്ങളുടെയോ ശാബത്തുകളുടെയോ പേരിൽ ആരും നിങ്ങളെ അസ്വസ്ഥരാക്കാതിരിക്കട്ടെ. വരാനിരിക്കുന്നവയുടെ നിഴലുകളാണവ.'' ഹെബ്രായക്കുള്ള ലേഖനത്തിലും (7:12) ഇതേ വസ്തുതകൾ അദ്ദേഹം സ്വീകരിക്കുന്നുണ്ട്: ''ആചാര്യത്വത്തിൽ മാററമുണ്ടായതുപോലെ തന്നെ നിയമത്തിലും മാററമുണ്ടായി.'' സത്യത്തെ ആശ്ലേഷിച്ചവരുടെ മേൽ സുവിശേഷങ്ങളാകട്ടെ, ശ്ലീഹന്മാരുടെ ലേഖനങ്ങളാകട്ടെ 'അടിമത്തത്തിന്റെ നുകം' (ഗലാ 5:1) അടിച്ചേല്പിക്കുന്നില്ല എന്നു വ്യക്തം. വരപ്രസാദം സ്വീകരിച്ചവർ ഉയിർപ്പും മററു തിരുനാളുകളും അവരുടെ ഇഷ്ടമനുസരിച്ച് ആദരിക്കട്ടെ എന്നു വിട്ടിരിക്കുകയാണ്.

ആളുകൾ ഉത്സവാചരണങ്ങൾ ഇഷ്ടപ്പെടുന്നു എന്നതു സത്യം. അവകൊണ്ട് വിശ്രമവും ഉല്ലാസവും ലഭിക്കുമല്ലോ. അതിനാൽ എല്ലാ സ്ഥലങ്ങളിലുമുള്ള എല്ലാവരും അവരവരുടെ ഇഷ്ടമനുസരിച്ച്, പ്രചാരത്തിലുള്ള സമ്പ്രദായങ്ങൾക്കനുസൃതമായി, രക്ഷാകരമായ പീഡാസഹനത്തിന്റെ അനുസ്മരണം കൊണ്ടാടി വരുന്നു. രക്ഷകനോ അവിടുത്തെ അപ്പസ്തോലന്മാരോ ഏതെങ്കിലും നിയമം വഴി, ഈ തിരുനാൾ ആഘോഷിക്കാൻ ആജ്ഞാപിച്ചിട്ടില്ല. സുവിശേഷങ്ങളോ ശ്ലീഹന്മാരോ മോശയുടെ നിയമം ചെയ്യുന്നതുപോലെ, അത് ആചരിക്കാതിരിക്കുന്നതിന് ഏതെങ്കിലും ശിക്ഷയോ ശാപമോ പ്രഖ്യാപിച്ചിട്ടുമില്ല. ചരിത്രപരമായ സൂക്ഷ്മതയ്ക്കുവേണ്ടിയും യഹൂദരെ കുററപ്പെടുത്തുന്നതിനുവേണ്ടിയും മാത്രമാണ് നമ്മുടെ രക്ഷകൻ 'പുളിപ്പില്ലാത്ത അപ്പങ്ങളുടെ' ദിനങ്ങളിൽ പീഡ

www.malankaralibrary.com



അനുഭവിച്ചു എന്നു് സുവിശേഷകന്മാർ രേഖപ്പെടുത്തിയിട്ടുള്ളതു്.[45] യഹൂദന്മാർ തിരുനാളുകളിൽ രക്തം കൊണ്ടു് അവരെ ത്തന്നെ പങ്കിലരാക്കി. തിരുനാളുകളുടെ ദിവസങ്ങൾ നിശ്ചയിക്കുക എന്നതു് ശ്ലീഹന്മാരുടെ ലക്ഷ്യമായിരുന്നില്ല. ശരിയും ഭക്തിപൂർണ്ണവുമായ ജീവിതം പഠിപ്പിക്കുകയായിരുന്നു അവരുടെ ലക്ഷ്യം. പാരമ്പര്യവും പഴക്കവും അനുസരിച്ചു് ഓരോ സ്ഥലത്തും ഓരോ തരം ആചാരങ്ങൾ രൂപം കൊള്ളുന്നു. അതു പോലെ ഉയിർപ്പുതിരുനാൾ ആഘോഷത്തിന്റെ രീതികളും ഓരോ സ്ഥലത്തെയും പ്രത്യേകതകൾ അനുസരിച്ച് വ്യത്യസ്തമായി വിവിധ പ്രദേശങ്ങളിൽ രൂപം കൊണ്ടു. ശ്ലീഹന്മാർ ആ വിഷയത്തിൽ യാതൊരു നിയമനിർമ്മാണവും നടത്തിയിട്ടില്ല. നിയമം വഴിയല്ല, ഒരാചാരമായിട്ടാണ് ഇതാചരിക്കാൻ തുടങ്ങിയതു് എന്നു് വസ്തുതകൾ തന്നെ ചൂണ്ടിക്കാട്ടുന്നു.

ഏഷ്യാമൈനറിൽ മിക്കവരും ചന്ദ്രമാസത്തിലെ 14-ാം ദിവസമാണ് ഉയിർപ്പ് ആഘോഷിച്ചിരുന്നതു്. അവർ ശാബതു് പരിഗണിച്ചിരുന്നില്ല. എന്നാൽ വ്യത്യസ്ത രീതിയിൽ ഉയിർപ്പു തിരുനാൾ ആചരിച്ചരുന്നവരിൽ നിന്നു് അവർ ഒരിക്കലും അകന്നിരുന്നുമില്ല. റോമാമെത്രാനായ വിക്ടർ ആവശ്യത്തിലധികമായ അഭിനിവേശം കാണിച്ചുകൊണ്ടു്, ഏഷ്യയിലെ *പതിനാലാം ദിവസാചരണക്കാർക്കെതിരായി*[46] ബഹിഷ്ക്കരണം പ്രയോഗിച്ചു. ഈ അമിതാവേശത്തെ ഭർത്സിച്ചുകൊണ്ടു് ലയൺസിലെ മെത്രാനായ ഇരനേയൂസ് അദ്ദേഹത്തിനു നിശിതമായ ഭാഷയിൽ ഒരു കത്തയയ്ക്കുകയും ചെയ്തു.[47] പ്രാചീനർ ഉയിർപ്പു തിരുനാൾ ആചരണത്തിൽ വ്യത്യസ്ത രീതികൾ അവലംബിച്ചിരുന്നുവെന്നും അതു് അവരുടെ പരസ്പര സഹകരണത്തിനു് ഒരിക്കലും തടസ്സമായില്ല എന്നും അദ്ദേഹം ചൂണ്ടിക്കാണിച്ചു. പിന്നീടു് ഗോർഡിയന്റെ കീഴിൽ രക്തസാക്ഷിത്വം കൈവരിച്ച, സ്മീർണാ മെത്രാനായിരുന്ന പൊളിക്കാർപ്പ് തന്റെ സ്വന്തം സ്ഥലമായ സ്മീർണായിലെ രീതിയനുസരിച്ചു് ചന്ദ്രമാസത്തിലെ 14-ാം തീയതി[48] ഉയിർപ്പുതിരുനാൾ ആഘോഷിച്ചിരുന്നു എങ്കിലും റോമിലെ മെത്രാനായിരുന്ന അനിസെററസുമായി സമ്പർക്കം പുലർത്തി

---

45. മത്താ. 26:1; മർക്കോ. 14:1; ലൂക്കാ. 22:1

46. Quartodecimans

47. ഇരനെയൂസ്, പാഷണ്ഡതകൾക്കെതിരെ, 3. 3. 4

48. യഹൂദർ പെസഹാ ആചരിച്ചിരുന്ന നീസാൻ മാസം 14-ാം തീയതിയാണ് വിവക്ഷ.

www.malankaralibrary.com


യിരുന്നു. എവുസേബിയസ് തൻെറ തിരുസഭാചരിത്രം അഞ്ചാം പുസ്തകത്തിൽ (24) ഇക്കാര്യം എടുത്തു പറയുന്നുണ്ട്.

മുകളിൽ പറഞ്ഞതുപോലെ ഏഷ്യാമൈനറിലുള്ളവർ ഉയിർപ്പുതിരുനാൾ ആഘോഷിച്ചിരുന്നെങ്കിൽ, പൗരസ്ത്യ ദേശത്തുള്ള വേറെ ചിലർ അതു് ശാബതുദിവസം ആഘോഷിച്ചിരുന്നു. മാസത്തിൻെറ കാര്യത്തിൽ വ്യത്യാസവുമുണ്ടായിരുന്നു. യഹൂദരെ അനുകരിക്കേണ്ടതാവശ്യമാണെന്നു് ഒരുകൂട്ടർ കരുതി. എന്നാലതു ശരിയായ രീതിയല്ല. വേറൊരു കൂട്ടർ അതു് അനാവശ്യമെന്നു കരുതി മഹാവിഷുവത്തിനുശേഷം[49] ആഘോഷിച്ചു. അവർ പറഞ്ഞു: ''സൂര്യൻ ആരിയെസിൽ ആയിരിക്കുമ്പോൾ, അന്ത്യോക്യക്കാർ *ക്സാന്തിക്കൂസ്* എന്നും റോമാക്കാർ ഏപ്രിൽ എന്നും പറയുന്ന മാസത്തിലാണ് ഉയിർപ്പുതിരുനാൾ ആഘോഷിക്കേണ്ടതു്. മിക്കവാറും എല്ലാ കാര്യത്തിലും തെററുതന്നെ ആചരിക്കുന്ന ആധുനിക യഹൂദരെയല്ല, പ്രാചീനയഹൂദരെയും ജൊസേഫൂസിനെയുമാണ് അവർ അനുസരിക്കുന്നതു്. യഹൂദപാരമ്പര്യങ്ങൾ[50] എന്ന ഗ്രന്ഥത്തിൻെറ മൂന്നാം ഭാഗത്തു് (10) അദ്ദേഹം ഇതിനെക്കുറിച്ചു് എഴുതിയിട്ടുണ്ടു്. ഈ കാര്യത്തിൽ അവർ തമ്മിൽ അഭിപ്രായൈക്യമില്ലായിരുന്നു.

പാശ്ചാത്യമണ്ഡലത്തിലുള്ള മററു ക്രിസ്ത്യാനികളെല്ലാവരും പടിഞ്ഞാറു മഹാസമുദ്രംവരെയുള്ളവർ, മഹാവിഷുവം കഴിഞ്ഞു് ഉയിർപ്പു് ആഘോഷിക്കുന്നതായി കണ്ടുവരുന്നു. ഇതു വളരെ പ്രാചീനമായ ഒരാചാരത്തിൽനിന്നു രൂപം പൂണ്ട സമ്പ്രദായമത്രേ. ഈ രീതിയിൽ പ്രവർത്തിക്കുന്നവർ ഒരിക്കലും ഈ വിഷയം സംബന്ധിച്ചു് അഭിപ്രായവ്യത്യാസം പുലർത്തിയിട്ടില്ല. കോൺസ്റ്റൻൈറൻെറ കീഴിൽ സമ്മേളിച്ച സിനഡ് ഈ വിഷയത്തിൽ മാററങ്ങൾ വരുത്തി എന്നു ചിലർ പറയുന്നതു സത്യമല്ല.[51] കോൺസ്റ്റൻൈറൻ തന്നെ ഈ വിഷയത്തിൽ എഴുതിയിട്ടുള്ള ഒരു കത്തു നമുക്കു ലഭിച്ചിട്ടുണ്ടു്. ഈ വിഷയത്തിൽ വ്യത്യസ്തത പുലർത്തിയിരുന്ന ആളുകളോടു് ഭൂരിപക്ഷവുമായി യോജിച്ചുപോകാൻകൃപ ാശ് ചെയ്യുകയാണ് പ്രസ്തുത കത്തിൽ അദ്ദേഹം ചെയ്യുന്നതു്. എവുസേബിയസ്

49. മാർച്ചു് 21നു ശേഷം

50. Jewish Antiquities

51. *Audiani* എന്ന പാഷണ്ഡർ ഇപ്രകാരം തെററായി ആരോപിച്ചിരുന്നു.

www.malankaralibrary.com



എഴുതിയ 'കോൺസ്റ്റൻൈൻറെ ജീവചരിത്രം' എന്ന ഗ്രന്ഥം മൂന്നാം പുസ്തകത്തിൽ (19) ആ കത്തിൻെറ പൂർണ്ണരൂപം കാണാം. അതിലെ പ്രസക്തഭാഗം മാത്രം ഇവിടെ ഉദ്ധരിക്കാം:

''ലോകത്തിൻെറ പശ്ചിമ, ദക്ഷിണ, ഉത്തരഭാഗങ്ങളിലും പൂർവ്വദേശത്തിൻെറ ചില ഭാഗങ്ങളിലും നിലനിൽക്കുന്ന ആ രീതി വളരെ യുക്തമായിട്ടുള്ളതാണ്. അതിനാൽ റോമിലും ഇററലി മുഴുവനിലും ആഫ്രിക്കയിലും ഈജിപ്റ്റ് മുഴുവനിലും സ്പെയിൻ, ഫ്രാൻസ്, ബ്രിട്ടൻ, ലിബിയാ, ഗ്രീസ് മുഴുവൻ, ആസിയാരൂപത മുഴുവൻ, പോന്തൂസ്, സിലിഷ്യ എന്നിവിടങ്ങളിലെല്ലാം നിലവിലിരിക്കുന്ന രീതി നിങ്ങളും അവലംബിക്കണമെന്നാണ് ഈ സന്ദർഭത്തിൽ എല്ലാവരും അഭിപ്രായപ്പെടുന്നതും ഞാൻ ആഗ്രഹിക്കുന്നതും. മുൻപറഞ്ഞ സ്ഥലങ്ങളിലെ സഭകളുടെ സംഖ്യ വളരെ വലുതാണല്ലോ. ഏററവും ന്യായമായിട്ടുള്ള ഒരു സംഗതിയിൽ എല്ലാവരും യോജിച്ചിരിക്കുന്നതു വളരെ ആശാസ്യവുമാകുന്നു. വഞ്ചകരായ യഹൂദരോട് ഒരു കാര്യത്തിലും യോജിച്ചുപോകാതിരിക്കുന്നതാണു നമുക്കു നല്ലതു്.''

ഇതാണു ചക്രവർത്തിയുടെ കത്തിൻെറ സ്വഭാവം. എന്നു മാത്രമല്ല, *പതിന്നാലാം ദിവസക്കാർ*[52] ആ സമ്പ്രദായം യോഹന്നാൻശ്ലീഹാ തങ്ങൾക്കു പ്രദാനം ചെയ്തതാണെന്നു് ഉറപ്പിച്ചു പറയുന്നുമുണ്ടു്. അതേസമയം റോമിലും മററു പാശ്ചാത്യദേശങ്ങളിലുമുള്ളവർ അവരുടെ രീതി പത്രോസ് പൗലോസ് ശ്ലീഹന്മാരിൽനിന്നു് ആരംഭിച്ചതാണെന്നും തറപ്പിച്ചു പറയുന്നു. ഈ രണ്ടു കൂട്ടർക്കും തങ്ങളുടെ അവകാശവാദങ്ങൾക്കുപോദ്ബലകമായി ഏതെങ്കിലും ലിഖിതപ്രമാണം ഹാജരാക്കാനില്ലതാനും. ഇതിൽനിന്നു് ഒരു കാര്യം ഞാൻ അനുമാനിക്കുന്നു: 'വിവിധ സ്ഥലങ്ങളിൽ ഉയിർപ്പുതിരുനാറം ആചരിക്കുന്ന രീതികൾ അതതുസ്ഥലത്തെ പതിവുകളിൽ നിന്നു രൂപം കൊണ്ടതാണ്. വിശ്വാസത്തിൻെറ കാര്യങ്ങളിൽ യോജിക്കുന്നവരും ആചരണങ്ങളുടെ വിശദാംശങ്ങളിൽ വൈവിദ്ധ്യം പുലത്തുന്നു.'

സഭയിലെ ആചരണങ്ങളുടെ വൈവിദ്ധ്യം ശ്രദ്ധിക്കുന്നതു് ഇവിടെ അസ്ഥാന സ്ഥിതമായിരിക്കുകയില്ല. വിവിധ ജനതകൾ ഉയിർപ്പിനുമുമ്പ് അനുഷ്ഠിക്കുന്ന നോമ്പുകൾക്ക് എന്തു

52. നമ്പർ 46 കാണുക.

www.malankaralibrary.com



വൈവിധ്യമാണ്! റോമിലുള്ളവർ ഈസ്റ്ററിനുമുമ്പ് മൂന്നാഴ്ച തുടർച്ചയായി നോമ്പ് അനുഷ്ഠിക്കുന്നു; ശനി, ഞായർ ദിവസങ്ങൾ മാത്രം ഒഴിവാക്കുന്നു. ഇല്ലീറിക്കം, ഗ്രീസ്, അലക്സാൺഡ്രിയാ എന്നിവിടങ്ങളിൽ നോമ്പ് ആറാഴ്ചയത്രേ. അവർ അതിനെ *നാൽപ്പതുദിവസനോമ്പ്* എന്നു വിളിക്കുന്നു.[53] വേറെ ചിലർ ഉയിർപ്പിനു് ഏഴാഴ്ച മുമ്പുമുതൽ നോമ്പ് ആരംഭിക്കുന്നു; മൂന്ന് 'അഞ്ചു ദിവസങ്ങളേ' നോമ്പ് അനുഷ്ഠിക്കുന്നുള്ളു, അതും ഇടവിട്ടിടവിട്ട്. എങ്കിലും അവർ അതിനെ നാല്പതുദിവസനോമ്പ് എന്നാണു വിളിക്കുക. ദിവസങ്ങളുടെ കാര്യത്തിൽ ഇത്രയും വ്യത്യാസമുണ്ടായിരിക്കെ, അവരെല്ലാവരും അതിനു് ഒരേ പേരു കൊടുക്കുന്നതു് എനിക്കു വാസ്തവത്തിൽ ആശ്ചര്യകരമായി തോന്നുന്നു. ഓരോരുത്തരും അതിനു് അവരുടെ ഭാവനയ്ക്കു ചേരുന്ന ഓരോ ന്യായങ്ങളാണു പറയുന്നതു്. ദിവസങ്ങളുടെ കാര്യത്തിൽ മാത്രമല്ല, ഭക്ഷണവർജ്ജനയുടെ കാര്യത്തിലുമുണ്ടു വ്യത്യാസം. ചിലർ മാംസം പൂർണ്ണമായി വർജ്ജിക്കുന്നു. ചിലർ മത്സ്യം മാത്രം കഴിക്കുന്നു. ചിലർ മത്സ്യത്തോടൊപ്പം പക്ഷിമാംസങ്ങളും കഴിക്കുന്നു. പക്ഷികളെയും മത്സ്യങ്ങളോടൊപ്പം ജലത്തിൽ നിന്നു സൃഷ്ടിച്ചു എന്നു മോശ പറഞ്ഞിരിക്കുന്നു (ഉല്പ.1:20) എന്നതാണ് അവരുടെ ന്യായം. ചിലർ അണ്ഡവർഗ്ഗങ്ങളും പഴങ്ങളും പൂർണ്ണമായി ഉപേക്ഷിക്കുന്നു. ചിലർ ഉണങ്ങിയ അപ്പം മാത്രമാണു ഭക്ഷിക്കുക. ചിലർ ഒമ്പതാം മണിക്കൂർവരെ ഉപവസിച്ചിട്ട് അതിനുശേഷം എല്ലാത്തരം ഭക്ഷണസാധനങ്ങളും കഴിക്കുന്നു. ഇങ്ങനെ വിവിധജനവിഭാഗങ്ങൾ ഈ വിഷയത്തിൽ അനുവർത്തിക്കുന്ന വൈവിധ്യം ആശ്ചര്യജനകം തന്നെയാണ്. അതിനെല്ലാം ഓരോ കാരണം അവക്കു പറയാനുമുണ്ടു്. ഏതായാലും ഈ വിഷയത്തിൽ ലിഖിതപ്രമാണങ്ങളൊന്നും ഹാജരാക്കാൻ ആർക്കുമില്ലാത്തതുകൊണ്ടു് ഓരോരുത്തരും തങ്ങളുടെ അഭിരുചിയും സൗകര്യവുംപോലെ അതു ചെയ്തുകൊള്ളട്ടെയെന്നു് ശ്ലീഹന്മാർ തീരുമാനിച്ചിരുന്നു എന്നാണ് അനുമാനിക്കേണ്ടതു്. ഉപവാസവിഷയത്തിൽ സഭകളിലുള്ള വൈവിധ്യം ഇപ്രകാരമാണ്.

മതപരമായ സമ്മേളനങ്ങളുടെ കാര്യത്തിലും വ്യത്യാസം കുറവല്ല. ലോകത്തിലെ മിക്കസഭകളിലും ദിവ്യ രഹസ്യങ്ങളുടെ ആഘോഷം നടക്കുന്നതു് ഓരോ ആഴ്ചയിലെയും ശാബതുദിവസമാണ്. എന്നാൽ അലക്സാൺഡ്രിയായിലും റോമിലുമുള്ള ക്രിസ്ത്യാനികൾ ഏതോ പ്രാചീന പാരമ്പര്യം കാരണം

53. Tessarakoste (Quadragesima)

www.malankaralibrary.com



ഇങ്ങനെ ചെയ്യുന്നതു് അവസാനിപ്പിച്ചിരിക്കുന്നു. അലക്സാണ്ഡ്രിയായുടെ സമീപമുള്ള ഈജിപ്തുകാരും തേബായ്സിലെ നിവാസികളും അവരുടെ മതസമ്മേളനങ്ങൾ ശാബതിലാണു നടത്തുക. എന്നാൽ അവർ ദിവ്യരഹസ്യങ്ങളിൽ പങ്കുചേരുന്നതു് ക്രിസ്ത്യാനികൾ പൊതുവേ ചെയ്യുന്ന വിധത്തിലല്ല. അവർ എല്ലാത്തരം ഭക്ഷണസാധനങ്ങളും കഴിച്ചു് സംതൃപ്തരായതിനുശേഷം വൈകുന്നേരം കാഴ്ചയർപ്പണങ്ങൾ നടത്തിക്കൊണ്ടു് രഹസ്യങ്ങളിൽ പങ്കുചേരുന്നു. വീണ്ടും അലക്സാണ്ഡ്രിയായിൽ വലിയ ആഴ്ചയിലെ ബുധനാഴ്ചയും വെള്ളിയാഴ്ചയും വി. ലിഖിതങ്ങൾ വായിക്കപ്പെടുന്നു; മല്പാന്മാർ അവ വിശദീകരിക്കുന്നു. ദിവ്യരഹസ്യങ്ങളുടെ ആചരണം ഒഴികെയുള്ള മറ്റെല്ലാ ശുശ്രൂഷകളും അവരുടെ സമ്മേളനങ്ങളിൽ നിർവ്വഹിക്കപ്പെടുന്നു. അലക്സാണ്ഡ്രിയായിലെ ഈ സമ്പ്രദായം വളരെ പഴക്കമുള്ളതാണ്. ഒരിജൻ ഈ ദിവസങ്ങളിൽ പള്ളികളിൽ പഠിപ്പിച്ചിരുന്നതായിട്ടാണു കാണപ്പെടുന്നതു്. അദ്ദേഹം വി. ലിഖിതങ്ങളിൽ വലിയ അവഗാഹമുള്ള ഒരദ്ധ്യാപകനായിരുന്നു. മോശയുടെ നിയമത്തിന്റെ ശക്തിഹീനത അക്ഷരാർത്ഥത്തിലുള്ള വ്യാഖ്യാനംവഴി കൂടുതൽ ദുർബ്ബലമാക്കപ്പെടുന്നുവെന്നു് അദ്ദേഹം മനസ്സിലാക്കി. അതിനാൽ അദ്ദേഹം അതിനു് ആദ്ധ്യാത്മികമായ ഒരു വ്യാഖ്യാനം നൽകി. യഥാർത്ഥത്തിൽ ഒരു സത്യപെസഹാമാത്രമേ ഉണ്ടായിട്ടുള്ളു എന്നു് അദ്ദേഹം പ്രഖ്യാപിച്ചു. രക്ഷകൻ കുരിശിൽ തൂങ്ങിയപ്പോൾ അദ്ദേഹം ആചരിച്ചതാണതു്. അതിനായി അവിടുന്നു് ആ സമയത്തു് വിപരീത ശക്തികളെ പരാജയപ്പെടുത്തി. പിശാചിനെതിരെ ഒരു വിജയസ്മാരകമായി ഇതിനെ ഉയർത്തുകയും ചെയ്തു എന്നും അദ്ദേഹം വ്യക്തമാക്കി.

അതേ അലക്സാണ്ഡ്രിയാ നഗരത്തിൽത്തന്നെ വായനക്കാരെയും ഗായകരെയും വിശ്വാസികളുടെയും സ്നാനാർത്ഥികളുടെയും കൂട്ടത്തിൽനിന്നു് യാതൊരു വിവേചനവുമില്ലാതെ തെരഞ്ഞെടുക്കുന്നു. എന്നാൽ മറ്റെല്ലാ സഭകളിലും ഈ സേവനങ്ങളിലേയ്ക്കു് ഉയർത്തപ്പെടുന്നതു വിശ്വാസികൾ മാത്രമത്രേ.

തെസ്സാലിയിലുള്ള മറ്റൊരാചാരം എനിക്കു നേരിട്ടറിയാം. അവിടെയുള്ള വൈദികർ പട്ടമേററതിനു ശേഷം, നേരത്തേ നിയമാനുസൃതം വിവാഹം ചെയ്ത ഭാര്യയോടൊത്തു ശയിക്കുകയാണെങ്കിൽ, അയാൾ തരം താഴ്ത്തപ്പെടും. പൗരസ്ത്യദേശത്താകട്ടെ, എല്ലാ വൈദികരും, മെത്രാന്മാർ പോലും ഭാര്യമാരോടുള്ള ബന്ധത്തിൽനിന്നു വിരമിച്ചു ജീവിക്കുന്നു. ഇതു് അവർ സ്വേച്ഛയാ ചെയ്യുന്നതാണ്, ഏതെങ്കിലും നിയമം

www.malankaralibrary.com



ആവശ്യപ്പെടുന്നതുകൊണ്ടല്ല. എന്തെന്നാൽ മെത്രാൻ പദവിയിലിരിക്കുന്ന കാലത്തുതന്നെ സ്വന്തം നിയമാനുസൃത ഭാര്യയിൽ മക്കളുണ്ടായ പല മെത്രാന്മാരും അവരുടെയിടയിലുണ്ട്. തെസ്സാലിയിൽ നിലനില്ക്കുന്ന ഈ സമ്പ്രദായത്തിന്റെ ആവിഷ്ടത്താവ് ആ രാജ്യത്തെ ട്രിക്കാ എന്ന സ്ഥലത്തെ മെത്രാനായിരുന്ന ഹെലിയൊഡോറസ് ആണെന്നു പറയപ്പെടുന്നു. ഇദ്ദേഹത്തിന്റെ പേരിലുള്ള 'എത്തിയോപ്പിക്കാ' പ്രേമഗ്രന്ഥങ്ങൾ ഇന്നും നിലനിൽക്കുന്നുണ്ട്. അവ അദ്ദേഹം യൗവനകാലത്തു രചിച്ചതാണ്. ഇതേ ആചാരങ്ങൾ തെസ്സലോനിക്കാ, മാസിഡോണിയാ, ഗ്രീസ് എന്നിവിടങ്ങളിലും നിലനിൽക്കുന്നു. തെസ്സാലിയിൽ മറ്റൊരു സവിശേഷതയുള്ളതായി ഞാൻ അറിഞ്ഞിട്ടുണ്ട്. അതിതാണ്: അവിടെ ഉയിർപ്പുദിനങ്ങളിൽ മാത്രമേ ജ്ഞാനസ്നാനം നൽകാറുള്ളു. അതിന്റെ ഫലമായി ആ സ്ഥലത്ത് അനേകമാളുകൾ ജ്ഞാനസ്നാനം സ്വീകരിക്കാതെ മരിക്കുന്നു. സിറിയായിലെ അന്ത്യോക്യയിൽ പള്ളിയുടെ ദർശനം നേരേ തിരിച്ചാണ്; അതുകൊണ്ട് ബലിപീഠം കിഴക്കിനഭിമുഖമായിട്ടല്ല, പടിഞ്ഞാറിനഭിമുഖമായിട്ടാണ്. ഗ്രീസിലും ജറുസലെത്തും തെസ്സാലിയിലും മെഴുകുതിരികൾ കത്തിച്ചു ഉടൻതന്നെ അവർ പ്രാർത്ഥിക്കാൻ പോകുന്നു. കോൺസ്റ്റാൻറിനോപ്പിളിലെ നൊവേഷ്യരും അങ്ങനെ തന്നെയാണു ചെയ്യുന്നതു്. അതുപോലെതന്നെ കൈസറിയാ, കപ്പഡോഷ്യാ, സൈപ്രസ്സ് എന്നിവിടങ്ങളിൽ സായാഹ്നങ്ങളിൽ വൈദികരും മെത്രാൻമാരും മെഴുകുതിരികൾ തെളിയിച്ചു കഴിഞ്ഞ് വി. ലിഖിതങ്ങൾ വ്യാഖ്യാനിക്കുന്നു. ഹെലെസ്പോണ്ടിലെ നൊവേഷ്യർ കോൺസ്റ്റാൻറിനോപ്പിളിൽ ഉള്ളവരെപ്പോലെയല്ല അവരുടെ പ്രാർത്ഥന നിർവ്വഹിക്കുന്നതു്. എന്നാൽ മിക്കവാറും കാര്യങ്ങളിൽ അവരുടെ രീതികൾ മററു സഭകളിലേതിനോടു യോജിച്ചു പോകുന്നുണ്ടു താനും. ചുരുക്കത്തിൽ എല്ലാ വിഭാഗങ്ങളും പരിശോധിച്ചു നോക്കിയാൽ മതകർമ്മങ്ങളുടെ കാര്യത്തിൽ എല്ലാ ആചരണങ്ങളിലും യോജിച്ചു പോകുന്ന രണ്ടു സഭകൾ വിവിധ വിഭാഗക്കാരുടെ ഇടയിൽ കണ്ടെത്തുക അസാദ്ധ്യമത്രേ.

അലക്സാണ്ഡ്രിയായിൽ ജനങ്ങളെ സംബോധന ചെയ്തു പ്രസംഗിക്കാൻ വൈദികരെ അനുവദിക്കുന്നില്ല. ആരിയൂസ് സഭയിൽ ശല്യമുണ്ടാക്കിയതിനെ തുടർന്ന് ഏർപ്പെടുത്തപ്പെട്ട നിയമമാണിതു്. റോമിൽ എല്ലാ ശനിയാഴ്ചയും വിശ്വാസികൾ ഉപവസിക്കുന്നു. നൊവേഷ്യർ ചെയ്യുന്നതുപോലെ കപ്പഡോഷ്യായിലെ കൈസറിയായിൽ ജ്ഞാനസ്നാനം സ്വീകരിച്ചതിനുശേഷം പാപം ചെയ്ത എല്ലാവരെയും സഭാസമൂഹത്തിൽ

www.malankaralibrary.com



നിന്നു് പുറത്തുനിറുത്തുന്നു. ഹെലെസ്പോണ്ടിലെ മാസിഡോണിയരും ആസ്യായിലെ *പതിന്നാലാം ദിനക്കാരും*[54] ഇതേ ക്രമീകരണം അനുവർത്തിക്കുന്നു. ഫ്രീജിയയിലെ നൊവേഷ്യർ രണ്ടു തവണ വിവാഹം ചെയ്തവരെ സ്വീകരിക്കുകയില്ല. കോൺസ്റ്റാൻറിനോപ്പിളിലുള്ളവരാകട്ടെ അവരെ പരസ്യമായി സ്വീകരിക്കുകയോ തിരസ്കരിക്കുകയോ ചെയ്യുന്നില്ല. പാശ്ചാത്യപ്രദേശങ്ങളിൽ അവർ പരസ്യമായി സ്വീകരിക്കപ്പെടുന്നുമുണ്ടു്. ഈ വൈവിധ്യം വിവിധ സ്ഥലങ്ങളിൽ സഭകളെ ഭരിച്ചിരുന്ന മെത്രാന്മാർ മൂലം ഉണ്ടായതാണെന്നാണ് എനിക്കു തോന്നുന്നതു്. ഇങ്ങനെ വൈവിധ്യമാർന്ന രീതികളും ആചാരങ്ങളും സ്വീകരിച്ചവർ അവയെ നിയമങ്ങൾ എന്ന നിലയിൽ പിൻമുറക്കാർക്കു കൈമാറി. എങ്ങനെയാണെങ്കിലും എല്ലാ രാജ്യങ്ങളിലും എല്ലാ നഗരങ്ങളിലും നിലനിൽക്കുന്ന വ്യത്യസ്തങ്ങളായ ആചാരങ്ങളുടെയും കർമ്മക്രമങ്ങളുടെയും പൂർണ്ണമായ ഒരു പട്ടികയുണ്ടാക്കുക എന്നതു് ക്ലേശകരമെന്നല്ല, അസാദ്ധ്യംതന്നെയാണു്. എന്നാൽ നാം എടുത്തു പറഞ്ഞിട്ടുള്ള ഉദാഹരണങ്ങളിൽനിന്നു് ഒരു കാര്യം വ്യക്തമാകുന്നുണ്ടു്. ഉയിർപ്പുതിരുനാൾ മാത്രം ഏതോ വിദൂരമായ പൂർവ്വമാതൃക പിൻതുടർന്നു് ഓരോ സ്ഥലത്തും വ്യത്യസ്തമായ രീതിയിലാണെങ്കിലും എല്ലായിടത്തും ആഘോഷിക്കപ്പെട്ടിരുന്നു. അതിനാൽ നിഖ്യാസൂനഹദോസിൽ വച്ചു് ഉയിർപ്പുതിരുനാൾ ആഘോഷത്തിൻെറ സമയം മാററപ്പെട്ടു എന്നു പറയുന്നതു് അശ്രദ്ധമായ ഒരു പ്രസ്താവമാണ്. എന്തെന്നാൽ അവിടെ സമ്മേളിച്ച മെത്രാന്മാർ, ആദ്യം വിഘടിച്ചുനിന്ന ന്യൂനപക്ഷത്തെ, നടപടികളെ സംബന്ധിച്ചേടത്തോളം മററുള്ളവരുമായി ഐക്യരൂപ്യത്തിലാക്കാൻ ആത്മാർത്ഥമായി ശ്രമിച്ചു. ഇത്തരം കാര്യങ്ങൾ മൂലം അപ്പസ്തോലിക കാലത്തുതന്നെ പല അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടായിരുന്നുവെന്നതു് അപ്പസ്തോലൻമാർക്കുതന്നെ അറിവുണ്ടായിരുന്നുവെന്നു് *അപ്പസ്തോലപ്രവർത്തനങ്ങൾ* സാക്ഷ്യപ്പെടുത്തുന്നു. പുറജാതിക്കാരുടെയിടയിലുണ്ടായ ഭിന്നത ഹേതുവായി വിശ്വാസികളിൽ കലക്കമുണ്ടായി എന്നു മനസ്സിലായപ്പോൾ അവരെല്ലാവരും ഒരുമിച്ചുകൂടി ദൈവികമായ ഒരു നിയമം രൂപീകരിക്കുകയും അതിനു് ഒരു കത്തിൻെറ രൂപം നൽകുകയും ചെയ്തു. ഈ അനുമതിമൂലം ആചരണപരമായ സമ്പ്രദായങ്ങളുടെ അടിമത്തത്തിൽനിന്നും ഇത്തരം കാര്യങ്ങളെ സംബന്ധിച്ചുള്ള വ്യർത്ഥമായ തർക്കങ്ങളിൽനിന്നും അവർ ക്രിസ്ത്യാനികളെ വിമുക്തരാക്കി. യഥാർത്ഥമായ ഭക്തജീവിതത്തിനാവശ്യ

54. നമ്പർ 46 കാണുക.

www.malankaralibrary.com



മായ കാര്യങ്ങരം മാത്രം അവർക്ക ചൂണ്ടിക്കാണിച്ച കൊടുത്തു കൊണ്ടു് അതിനുള്ള മാർഗ്ഗം അവരെ പഠിപ്പിക്കുകയും ചെയ്തു. ആ ലേഖനംതന്നെ അതുപടി ഞാൻ ഇവിടെ പകർത്താം. അതു് 'അപ്പസ്തോലപ്രവർത്തനങ്ങളിൽ' രേഖപ്പെടുത്തിയിട്ടുള്ള താണ് (15:23-39).

''അപ്പസ്തോലന്മാരും മൂപ്പന്മാരും സഹോദരന്മാരുമായ ഞങ്ങരം അന്ത്യോക്യയിലും സിറിയായിലും സിലിഷ്യായിലുമുള്ള വിജാതീയരിൽ നിന്നുള്ള സഹോദരന്മാർക്ക വന്ദനം പറയുന്നു. ഞങ്ങളുടെയിടയിൽ നിന്നുവന്ന ചിലർ, വാക്കുകരംകൊണ്ടു നിങ്ങളുടെ മനസ്സിനു ചാഞ്ചല്യം വരുത്തിയെന്നു ഞങ്ങരം അറിയുന്നു. 'നിങ്ങരം പരിച്ഛേദനം സ്വീകരിക്കയും 'നിയമം' അനുസരിക്കുകയും വേണം' എന്നു് അവർ പറഞ്ഞതായി ഞങ്ങരം അറിയുന്നു. അവക്കു് ഞങ്ങനെയുള്ള യാതൊരു നിർദ്ദേശവും ഞങ്ങരം നൽകിയിട്ടില്ല. അതിനാൽ ഏകമനസ്സോടെ സമ്മേളിച്ച ഞങ്ങരംക്കു്, തെരഞ്ഞെടുക്കപ്പെട്ട ഏതാനും ആളുകളോടൊപ്പം, ഞങ്ങരംക്കു പ്രിയപ്പെട്ടവരായ പൗലോസിനെയും ബർണബാസിനെയും നിങ്ങളോടൊപ്പം അയയ്ക്കുന്നതു യുക്തമായിരിക്കുമെന്നു തോന്നി. നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിനുവേണ്ടി സ്വന്തം ജീവൻ അപകടപ്പെടുത്തിയവരാണു് പൗലോസും ബർണബായും. അതിനാൽ ഞങ്ങരം യൂദായെയും ശീലായെയും അയച്ചിരിക്കുന്നു. അവരും ഇതേ കാര്യം നിങ്ങളോടു നേരിട്ടു പറയും. എന്തെന്നാൽ ആവശ്യമുള്ള ഇക്കാര്യങ്ങരംക്ക പുറമേ കൂടുതലായ ഭാരമൊന്നും നിങ്ങളുടെമേൽ ചുമത്തേണ്ടതില്ലെന്നു പരിശുദ്ധാത്മാവിനും ഞങ്ങരംക്കും തോന്നിയിരിക്കുന്നു: 'വിഗ്രഹങ്ങരംക്ക സമർപ്പിച്ച ഭക്ഷണസാധനങ്ങരം, രക്തം, ശ്വാസം മുട്ടിച്ചുകൊന്നവ, വ്യഭിചാരം എന്നിവയിൽ നിന്നു് നിങ്ങരം അകന്നു നിൽക്കുക. അതു നിങ്ങരംക്ക നന്നായിരിക്കും. നിങ്ങരംക്ക നന്മ വരട്ടെ.'

ഇക്കാര്യങ്ങരം യഥാർത്ഥത്തിൽ ദൈവത്തിനിഷ്ടമായി. എന്തെന്നാൽ പ്രസ്തുത കത്തു് സ്പഷ്ടമായി പറയുന്നു: 'ആവശ്യമുള്ള ഈ കാര്യങ്ങരംക്ക പുറമേ കൂടുതലായ ഭാരമൊന്നും നിങ്ങളുടെ മേൽ ചുമത്താതിരിക്കുന്നതു നന്നാണെന്നു പരിശുദ്ധാത്മാവിനു തോന്നി.' എന്നാൽ ചിലയാളുകളുണ്ടു്, അവർ ഈ കല്പനകളെ അവഗണിച്ചുകൊണ്ടു് വ്യഭിചാരത്തെ നിസ്സാരമായി കരുതുന്നു. വിശുദ്ധ ദിവസങ്ങളെക്കുറിച്ചു് അവരുടെ ജീവൻ അപകടത്തിലാണു് എന്ന വിധം തർക്കിക്കുന്നു. അങ്ങനെ അവർ ദൈവകല്പനകളെ മറികടക്കുകയും സ്വേച്ഛാനുസാരം നിയമങ്ങരം ഉണ്ടാക്കുകയും അപ്പസ്തോലന്മാരുടെ കല്പനകളെ

www.malankaralibrary.com



നിഷ്ഫലമാക്കുകയും ചെയ്യുകയാണ്. ദൈവം അംഗീകരിച്ച കാര്യങ്ങൾക്കു നേരേ വിപരീതമായിട്ടാണ് തങ്ങൾ പ്രവർത്തിക്കുന്നതെന്ന കാര്യം അവർ മനസ്സിലാക്കുന്നുമില്ല.

ഉയിർപ്പിനെ സംബന്ധിച്ച ഈ വിശദീകരണം വളരെ നീട്ടിക്കൊണ്ടു പോകാൻ കഴിയും. പെസഹാ ആചരണത്തെ സംബന്ധിച്ചെടത്തോളം യഹൂദർ കാലത്തിലോ സമ്പ്രദായത്തിലോ കൃത്യമായ നിയമമൊന്നും അവലംബിക്കുന്നില്ലെന്നു സ്ഥാപിക്കാനും സാധിക്കും. ശമരിയാക്കാർ യഹൂദരുടെ ഒരു ശാഖയാണല്ലോ. അവർ ഈ തിരുനാൾ എന്നും മഹാവിഷുവത്തിനു ശേഷമാണ് ആഘോഷിക്കുന്നത്. ഈ വിഷയം പ്രതിപാദിക്കാൻ വ്യതിരിക്തവും വിപുലവുമായ ഒരു പ്രബന്ധം ആവശ്യമുണ്ട്. അതിനാൽ ഞാനിവിടെ ഇത്രയും കൂടെ പറയാം: യഹൂദരെ അത്രയധികം അനുകരിക്കുന്നതായി ഭാവിക്കുകയും ആചാരക്രമങ്ങളുടെ മാതൃകകൾ അനുവർത്തിക്കുന്നതിൽ വളരെ ഉത്കണ്ഠപ്പെടുകയും ചെയ്യുന്നവർ ഒരു വിശദാംശത്തിലും അവരിൽ നിന്ന് അകന്നു നിൽക്കരുത്. ആ വിഷയത്തിൽ അത്ര കണിശമായിരിക്കാൻ അവർ തീരുമാനിച്ചിട്ടുണ്ടെങ്കിൽ അവർ ദിവസങ്ങളും മാസങ്ങളും മാത്രമല്ല, എല്ലാകാര്യങ്ങളും ആചരിക്കണം. 'നിയമത്തിനു വിധേയനാക്കപ്പെട്ടവനായ' ക്രിസ്തു യഹൂദൻ എന്ന രീതിയിൽ ചെയ്ത എല്ലാ കാര്യങ്ങളും അവരും അനുവർത്തിക്കണമല്ലോ. അവിടുന്ന് യഹൂദരിൽ നിന്ന് അന്യായമായി അനുഭവിച്ച പീഡനങ്ങളും എല്ലാ മനുഷ്യരുടെയും നന്മയ്ക്കുവേണ്ടി അവിടുന്നു പ്രവർത്തിച്ച കാര്യങ്ങളും അവർ അനുകരിക്കണം. അവിടുന്ന് ഒരു കപ്പലിൽ കയറിയിരുന്നു പഠിപ്പിച്ചു. രണ്ടാം നിലയിലുള്ള ഒരു മുറിയിൽ പെസഹാ ഒരുക്കുവാൻ അവിടുന്ന് ആജ്ഞാപിച്ചു. കെട്ടിനിർത്തിയിരുന്ന ഒരു കഴുതയെ അഴിച്ചുകൊണ്ടുവരാൻ അവിടുന്നു ആവശ്യപ്പെട്ടു. പെസഹാ ഒരുക്കം ത്വരിതപ്പെടുത്തുന്നതിനുള്ള അടയാളമായി ഒരു പാത്രത്തിൽ വെള്ളം കൊണ്ടുവരുന്നയാളിനെ അവിടുന്നു നിർദ്ദേശിച്ചു. അവിടുന്ന് ഇതുപോലുള്ള അനേകം കാര്യങ്ങൾ ചെയ്തതായി സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എങ്കിലും ഈ തിരുനാൾ ആഘോഷിക്കുന്നതിൽ നീതീകരിക്കപ്പെട്ടവരായി സ്വയം പരിഗണിക്കുന്ന കൂട്ടർ മുൻപറഞ്ഞ കാര്യങ്ങളിലേതെങ്കിലുമൊന്ന് ശാരീരികമായി അനുവർത്തിക്കുന്നത് അസംബന്ധമായിട്ടേ കരുതുകയുള്ളൂ. ഒരു മല്പാനും ഒരു കപ്പലിൽ നിന്നു പ്രസംഗിക്കുന്നതിനെക്കുറിച്ചു സങ്കല്പിക്കുക പോലും ചെയ്യാറില്ല. പെസഹാ ആചരിക്കുന്നതിന് രണ്ടാം നിലയിലുള്ള ഒരു മുറിയിൽ പോകേണ്ടത് അത്യാവശ്യമാണെന്ന് ആരും കരുതാറില്ല. അവരാരും ഒരു കഴുതയെ കെട്ടിയിട്ട് അഴിച്ചു

www.malankaralibrary.com



കൊണ്ടു വരാറില്ല. പെസഹായുടെ പ്രതീകങ്ങളെല്ലാം പൂർത്തിയാകണമെന്നു വച്ചിട്ട് ഒരു കുടത്തിൽ വെള്ളവും എടുത്തുകൊണ്ടു വരാൻ അവർ ആരോടും ആവശ്യപ്പെടാറില്ല. അവ യഹൂദ സമ്പ്രദായത്തിൻെറ ചുവയുള്ള കാര്യങ്ങളാണെന്ന് അവർ ശരിയായിത്തന്നെ തീരുമാനിച്ചിരിക്കുന്നു. ഹൃദയം കൊണ്ടുള്ള അനുസരണത്തെക്കാൾ ബാഹ്യമായ പ്രകടനങ്ങളിലാണു യഹൂദർക്കു താല്പര്യം. അതുകൊണ്ട് അവർ ശാപത്തിനധീനരായിരിക്കുന്നു. മോശയുടെ നിയമങ്ങളുടെ ആദ്ധ്യാത്മികമായ പൊരുളുകൾ അവർ കാണുന്നില്ല. അതിൻെറ പ്രതിരൂപങ്ങളും നിഴലുകളും കൊണ്ട് അവർ തൃപ്തരാകുന്നു. യഹൂദരെ അനുകൂലിക്കുന്നവർ ഇക്കാര്യങ്ങളുടെ ലാക്ഷണികമായ അർത്ഥപ്രസക്തി അംഗീകരിക്കുന്നു. എങ്കിലും മാസങ്ങളുടെയും ദിവസങ്ങളുടെയും ആചരണത്തിൻെറ കാര്യത്തിൽ അവർ മരിച്ചു പോരാടുകയാണ്. അക്കാര്യത്തിലും ഒരു ലാക്ഷണിക മാനം കൊടുക്കാൻ അവർ തയാറാകുന്നില്ല. അങ്ങനെ അവർ യഹൂദരോടൊപ്പം പൊതുവായ ഒരു ശിക്ഷാവിധിയിൽ അനിവാര്യമായും ചെന്നുപെടുന്നു.

ഇക്കാര്യങ്ങളെക്കുറിച്ച് ഇപ്പോൾ വേണ്ടുവോളം പറഞ്ഞു കഴിഞ്ഞിരിക്കുന്നു എന്നു ഞാൻ വിചാരിക്കുന്നു. നേരത്തേ കൈകാര്യം ചെയ്തിരുന്ന വിഷയത്തിലേയ്ക്ക് ഇപ്പോൾ തിരിച്ചു പോകാം. സഭയിലെ വിഭജനങ്ങളാണു വിഷയം. സഭ ഒരിക്കൽ വിഭക്തമായാൽ ആ വിഭജനം കൊണ്ട് കാര്യം അവസാനിക്കുന്നില്ല. ഭിന്നിച്ചു പോയവർ അവരുടെയിടയിൽ വീണ്ടും വീണ്ടും ഭിന്നിക്കുന്നു. ഭിന്നിക്കാൻ ഏററവും നിസ്സാരമായ കാരണം മതി. ഞാൻ മുമ്പു പറഞ്ഞതുപോലെ, നൊവേഷ്യർ ഉയിർപ്പു തിരുനാളിനെ സംബന്ധിച്ചു ഭിന്നതയുള്ളവരായി. അഭിപ്രായ വ്യത്യാസം ഒരു പോയിൻറിൽ ഒതുങ്ങി നിന്നില്ല. വിഭിന്ന പ്രവിശ്യകളിൽ ഒരു കൂട്ടർ ഒരു പക്ഷം പിടിക്കും, മററുള്ളവർ വേറൊരു പക്ഷം. മാസത്തെക്കുറിച്ചു മാത്രമല്ല, ആഴ്ചയിലെ ദിവസങ്ങളെക്കുറിച്ചും തർക്കമുണ്ടായി. അപ്രധാനമായ മററു കാര്യങ്ങളെക്കുറിച്ചും മതഭേദമുണ്ടായി. ഇതു കാരണമായി ചില സ്ഥലങ്ങളിൽ അവർ വെവ്വേറെ സമ്മേളനങ്ങൾ നടത്തുന്നു. ചില സ്ഥലത്ത് പരസ്പരം യോജിപ്പോടുകൂടി ഒരുമിച്ചു സമ്മേളിക്കുന്നു.

www.malankaralibrary.com



# അധ്യായം 23

## ആര്യപക്ഷത്തെ ഭിന്നത

ഈ വിഷയം സംബന്ധിച്ച് ആര്യന്മാരുടെയിടയിലും മതഭേദങ്ങൾ ഉയർന്നു. ദിവസവും അവരുടെ മനസ്സുകളെ ആകുലമാക്കിയ തർക്കപ്രശ്നങ്ങൾ ഏററവും അസംബന്ധമായ വാദഗതികളിലേയ്ക്കു് അവരെ നയിച്ചു. വചനമായ പുത്രന്റെ പിതാവാണ് ദൈവം എന്നു് സഭയിൽ എന്നും വിശ്വസിക്കപ്പെട്ടു വന്നിട്ടുണ്ടല്ലോ. പുത്രനു് അസ്തിത്വം ഉണ്ടാകുന്നതിനു മുമ്പ് ദൈവത്തെ പിതാവ് എന്നു വിളിക്കാമോ എന്ന ചോദ്യം ഉണ്ടായി. അങ്ങനെ 'ദൈവവചനം ദൈവത്താൽ ജനിപ്പിക്കപ്പെടുകയല്ല, ഇല്ലായ്മയിൽ നിന്നു സൃഷ്ടിക്കപ്പെടുകയാണു ചെയ്തതു്' എന്നു വാദിച്ചതുമൂലം അവർ പ്രമുഖവും പ്രധാനവുമായ ഒരു കേന്ദ്രാശയത്തെ സംബന്ധിച്ച് തെററിൽ വീഴുകയും അവർക്കു് അർഹമായ രീതിയിൽത്തന്നെ, കേവലം ഒരു പേരിനെച്ചൊല്ലി അർത്ഥശൂന്യമായ പരസ്പരനിന്ദനത്തിൽ ചെന്നുപെടുകയും ചെയ്തു. അതിനാൽ അന്ത്യോക്യയിൽനിന്നു് അവർക്കുവേണ്ടി അയയ്ക്കപ്പെട്ട ഡെറോത്തേവൂസ്, 'പുത്രന്റെ അസ്തിത്വത്തിനുമുമ്പ് ദൈവം പിതാവായിരുന്നില്ല' എന്നും 'അങ്ങനെ വിളിക്കാൻ പാടില്ല' എന്നും അഭിപ്രായപ്പെട്ടു. എന്നാൽ മരീനൂസ് എന്നൊരാളെ ഡൊറോത്തേവൂസിനു മുമ്പായി അവർ ത്രേസിൽനിന്നു വിളിച്ചു വരുത്തിയിരുന്നു. തന്റെ എതിരാളിയായ ഡൊറോത്തേവൂസിനു് തന്നെക്കാൾ കൂടുതലായ ബഹുമാനം നൽകപ്പെടുന്നതു കണ്ടു് അമർഷം പൂണ്ട അയാൾ നേരേ വിപരീതമായ അഭിപ്രായം ഉയർത്തിപ്പിടിച്ചു. ഇവയുടെയൊക്കെ ഫലമായി അവരുടെയിടയിൽ വലിയ ഭിന്നതയുണ്ടായി. അങ്ങനെ, 'പിതാവ്' എന്ന ഒരു വാക്കിനെ കുറിച്ചുണ്ടായ അഭിപ്രായഭേദങ്ങളുടെ ഫലമായിട്ടു് അവർ ഓരോ കക്ഷിയും വേവ്വേറെ സമ്മേളനങ്ങൾ നടത്തിത്തുടങ്ങി. ഡൊറോത്തേവൂസിന്റെ കീഴിലുള്ളവർ നേരത്തേയുള്ള ആരാധനസ്ഥലങ്ങൾ കൈവശം വച്ചു. മരീനൂസിനു കീഴിലുള്ളവർക്കു് വേറെ പ്രാർത്ഥനാലയങ്ങൾ നിർമ്മിക്കേണ്ടി വന്നു. 'പിതാവ്' എന്നും, പുത്രൻ ഇല്ലാതിരുന്നപ്പോഴും, പിതാവുതന്നെയായിരുന്നു' എന്നു അവർ ഉറപ്പിച്ചു പറഞ്ഞു. ആര്യന്മാരിലെ ഈ വിഭാഗ

www.malankaralibrary.com



ത്തിന് പ്സത്തീറിയന്മാർ'[55] എന്ന പേരു ലഭിച്ചു. ആ അഭിപ്രായത്തെ ഏററവും ആവേശപൂർവ്വം അനുകൂലിച്ചതു് ജനനത്താൽ സിറിയാക്കാരനായ തെയോക്ടിസ്റ്റസ് എന്ന അപ്പക്കച്ചവടക്കാരൻ (പ്സത്തീറോപോളാ) ആയിരുന്നതാണ് അതിനു കാരണം. ഗോത്യരുടെ മെത്രാനായ സെലേനാസ് ഈ കക്ഷിയുടെ അഭിപ്രായങ്ങൾ അംഗീകരിച്ചു.[56] സെലേനാസ് രണ്ടു വർഗ്ഗങ്ങളുടെ സങ്കരജാതനായിരുന്നു. അയാളുടെ പിതാവ് ഗോത്തു് വംശജനും മാതാവ് ഫ്രീജിയൻ വംശക്കാരിയും ആയിരുന്നു. അതിനാൽ പ്രസ്തുത രണ്ടു ഭാഷകളിലും വളരെ അനായാസമായി അയാൾ പള്ളികളിൽ അദ്ധ്യാപനം നടത്തിയിരുന്നു. എന്നാൽ ഈ കക്ഷിയിൽ താമസിയാതെ ആഭ്യന്തര ഭിന്നതയുണ്ടായി. എഫേസൂസിലെ മെത്രാൻ സ്ഥാനത്തേയ്ക്കു് താൻതന്നെ അനുകൂലിച്ച അഗാപ്പിയസുമായി മരീനൂസ് അഭിപ്രായഭിന്നതയിലായി. അവരുടെ അഭിപ്രായവ്യത്യാസം മതപരമായ ഏതെങ്കിലും ആശയത്തെ കുറിച്ചായിരുന്നില്ല. മുൻഗണനയെ സംബന്ധിച്ച സങ്കുചിതമനസ്ഥിതിയോടു കൂടിയ തർക്കമായിരുന്നു അവരുടെതു്. ഇതിൽ ഗോത്യർ അഗാപ്പിയുസിന്റെ പക്ഷം ചേർന്നു. അതിനാൽ ആ രണ്ടുപേരുടെയും അധികാരസീമയിൽപ്പെട്ട അനേകം വൈദികർ, അവർ തമ്മിലുള്ള പൊങ്ങച്ചം നിറഞ്ഞ മത്സരം കാരണമായി, അവരെ രണ്ടുപേരെയും വിട്ടു് ഹോമോഊസിയൻ വിശ്വാസത്തിന്റെ അനുകൂലികളായി. ആര്യൻ പക്ഷക്കാർ ഇപ്രകാരം പരസ്പരം ഭിന്നിച്ചവരായി മുപ്പത്തഞ്ചു വർഷം കഴിഞ്ഞു. പിന്നീടു് ഇളയ തിയഡോഷ്യസിന്റെ ഭരണകാലത്തു് അവർ ഐക്യപ്പെട്ടു. അന്നു് സർവ്വസൈന്യാധിപനായിരുന്ന പ്ലിന്താ ആയിരുന്നു കോൺസൂൾ.[57] അയാൾ പ്സത്തീറിയൻ കക്ഷിയിലെ ഒരംഗമായിരുന്നു. മത്സരത്തിൽ നിന്നു വിട്ടുമാറാൻ അയാൾ അവരെ പ്രേരിപ്പിച്ചു. അവർ പിന്നീടു് ഒരു പ്രമേയം പാസ്സാക്കി. അതിനു് നിയമത്തിന്റേതായ എല്ലാ ബലവും നല്കി, അവരുടെ വേർപാടിനു കാരണമായ തർക്കപ്രശ്നങ്ങളൊന്നും ഇനിയും കുത്തിപ്പൊക്കിക്കൊണ്ടു വരരുതു് എന്നായിരുന്നു പ്രമേയം. എന്നാൽ ഈ അനുരഞ്ജനം കോൺസ്റ്റാൻറിനോപ്പിളിനപ്പുറം കടന്നില്ല. ഈ രണ്ടു കക്ഷികളിലും മററു നഗരങ്ങളിലുള്ളവർ അവരുടെ ഭിന്നതയിൽത്തന്നെ നിലനിന്നു. ആര്യൻമാരുടെയിടയിലെ ഭിന്നതയെക്കുറിച്ചു് ഇത്രയും.

55. Psathyrians
56. സൊസൊമെൻ, 17:17; ഉൾഫിലാസിന്റെ സെക്രട്ടറി
57. 419-ൽ

www.malankaralibrary.com



## അധ്യായം 24

# എവുണോമിയരുടെ ചേരിതിരിവുകൾ

എവുണോമിയസിന്റെ അനുയായികളും ഭിന്നത കൂടാതെ കഴിഞ്ഞില്ല. സിസിക്കൂസിലെ മെത്രാനായി തന്നെ അഭിഷേകം ചെയ്ത എവുഡോക്സ്യസിൽനിന്ന് എവുണോമിയസ് തന്നെ പണ്ടേ തെററിപ്പിരിഞ്ഞിരുന്നു. ബഹിഷ്കൃതനായ തന്റെ ഗുരു ഏറ്റ്യസിനെ സഭൈക്യത്തിലേക്കു സ്വീകരിക്കാൻ എവുഡോക്സ്യസ് വിസമ്മതിച്ചതാണ് ഈ പിണങ്ങിപ്പിരിയലിനു കാരണമായി അയാൾ എടുത്തത്. എന്നാൽ അയാളിൽ നിന്നു തങ്ങളുടെ കക്ഷിക്കു പേരു സ്വീകരിച്ചവർ പിന്നീടു പല വിഭാഗങ്ങളായി പ്രിരിഞ്ഞു. ആദ്യം പിരിഞ്ഞുപോയതു് തെയോഫ്രോണിയൂസ് എന്നു പേരുള്ള ഒരു കപ്പഡോഷ്യക്കാരനാണ്. എവുണോമിയസാണ് അയാളെ വാദപ്രതിവാദകല അഭ്യസിപ്പിച്ചതു്. അരിസ്റ്റോട്ടിലിന്റെ *കാററഗറീസ്*, *ഇൻറർപ്രറേഷൻസ്* എന്നീ ഗ്രന്ഥങ്ങളിലും അയാൾ അല്പസ്വല്പമായ അറിവു നേടി. തുടർന്നു് ചില പ്രബന്ധങ്ങൾ എഴുതി. അവയ്ക്കു് *മനസ്സിന്റെ അഭ്യാസത്തെക്കുറിച്ച്* എന്നു പേരും കൊടുത്തു. ഏതായാലും അയാൾ സ്വന്തം വിഭാഗക്കാരുടെ വെറുപ്പിനു വിഷയമായിത്തീരുകയും വിശ്വാസത്യാഗി എന്ന നിലയിൽ ബഹിഷ്കൃതനാവുകയും ചെയ്തു. അയാൾ പിന്നീട് അവരിൽനിന്നു വേറിട്ടു സമ്മേളനങ്ങൾ നടത്തി; അയാളുടെ പേരിലുള്ള ഒരു പാഷണ്ഡത വിട്ടിട്ടു പോകുകയും ചെയ്തു. ഇതിനുപുറമേ കോൺസ്ററാൻറിനോപ്പിളിൽ എവുത്തിക്കിയൂസ് എന്നയാൾ ഏതോ അർത്ഥശൂന്യമായ വിവാദത്തിന്റെ അടിസ്ഥാനത്തിൽ എവുണോമിയരിൽനിന്നകന്നു; അയാളും കൂട്ടരും ഇപ്പോഴും വേറിട്ടു സമ്മേളനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു. തെയോഫ്രോണിയസിന്റെ അനുയായികൾ *എവുനോമിയോ തെയോഫ്രോണിയർ* എന്നും എവുത്തിക്കിയൂസിന്റെ അനുയായികൾ *എവുനോമി എവുത്തിക്കിയർ* എന്നും വിളിക്കപ്പെടുന്നു. എന്തു് അസംബന്ധപദങ്ങളെച്ചൊല്ലിയാണ് അവർ തമ്മിൽ തർക്കമുണ്ടായതു് എന്നതിനെക്കുറിച്ച് ഇവിടെ പറയേണ്ട ആവശ്യം തന്നെ ഉണ്ടെന്നു തോന്നുന്നില്ല. അങ്ങനെ ചെയ്താൽ എന്റെ ലക്ഷ്യത്തിൽനിന്നു വിഭിന്നമായ വസ്തുതകളിലേക്കു കടക്കുകയായി

www.malankaralibrary.com



രിക്കം. അവർ ജ്ഞാനസ്നാനത്തെ ദുഷിപ്പിച്ചു എന്ന കാര്യം മാത്രം ഇവിടെ എടുത്തു പറയാം. അവർ ജ്ഞാനസ്നാനം നൽകുന്നതു് ത്രിത്വത്തിൻെറ നാമത്തിലല്ല, ക്രിസ്തുവിൻെറ മരണത്തിലേയ്ക്കാണ്.

മാസിഡോണിയരുടെയിടയിലും കുറെക്കാലത്തേയ്ക്കു് ഭിന്നതയുണ്ടായിരുന്നു. അവിടെ എവുത്രോപ്പിയുസ് എന്ന പുരോഹിതൻ വേറിട്ടു് സമ്മേളനങ്ങൾ നടത്തി; കത്തേരിയുസ് എന്നയാൾ അയാളോടു വിയോജിച്ചുനിന്നു. ഇവയിൽനിന്നു ഉത്ഭവിച്ച കക്ഷികൾ മററു നഗരങ്ങളിലും ഉണ്ടായിക്കാണാം. എന്നാൽ കോൺസ്റ്റാൻറിനോപ്പിളിൽ ജനിക്കുകയും വിദ്യാഭ്യാസം ചെയ്യുകയും ചെയ്തയാൾ എന്ന നിലയ്ക്കു് ആ നഗരത്തിൽ സംഭവിച്ച കാര്യങ്ങളാണ് ഞാൻ സവിശേഷമായി വിവരിക്കുന്നതു്. അതിനു രണ്ടു കാരണങ്ങളുണ്ടു്. ഒന്നു്: അക്കാര്യങ്ങളിൽ പലതിനും ഞാൻ നേരിട്ടു സാക്ഷിയാണ്. രണ്ടു്: അവിടെ നടന്ന കാര്യങ്ങൾ അധികം പ്രാധാന്യമുള്ളവയും അതിനാൽ അനുസ്മരിക്കപ്പെടാൻ കൂടുതൽ അർഹതയുള്ളവയും ആണ്. എന്നാൽ ഒരു കാര്യം വായനക്കാർ ധരിച്ചിരിക്കേണ്ടതുണ്ടു്: ഞാൻ ഇവിടെ രേഖപ്പെടുത്തിയ കാര്യങ്ങൾ ഒരേ സമയത്തുണ്ടായവയല്ല, പലപ്പോഴായി സംഭവിച്ചിട്ടുള്ളവയാണ്. വിവിധ വിഭാഗങ്ങളുടെ പേരുകൾ വിശദമായി മനസ്സിലാക്കണമെന്നു് ആർക്കെങ്കിലും ആഗ്രഹമുണ്ടെങ്കിൽ '*അൻകൊറാത്തൂസ്*' എന്ന പുസ്തകം വായിച്ചാൽ അയാളുടെ ആഗ്രഹം അനായാസം പൂർത്തീകരിക്കാവുന്നതാണ്. സൈപ്രസ്സിലെ മെത്രാനായ എപ്പിഫാനിയസ് രചിച്ചതാണ് ആ പുസ്തകം. ഞാൻ ഇവിടെ പറഞ്ഞിടത്തോളം കാര്യങ്ങൾ കൊണ്ടു് തൃപ്തിപ്പെടാൻ വിചാരിക്കുകയാണ്. ഞാൻ ഇനി പറയാൻ പോകുന്ന കാര്യങ്ങൾ കൊണ്ടു് രാഷ്ട്രത്തിൻെറ കാര്യങ്ങൾ വീണ്ടും കുഴപ്പത്തിലായി.

## അധ്യായം 25

## എവുജേനിയുസും തിയഡോഷ്യസും

സാമ്രാജ്യത്തിൻെറ പടിഞ്ഞാറൻ ഭാഗത്തു് എവുജേനിയുസ് എന്നു പേരുള്ള ഒരു വൈയാകരണൻ ഉണ്ടായിരുന്നു. കുറെക്കാലം ലത്തീൻഭാഷ പഠിപ്പിച്ചതിനുശേഷം അയാൾ വിദ്യാലയം വിടുകയും ചക്രവർത്തിയുടെ ചീഫ് സെക്രട്ടറി

www.malankaralibrary.com



യായി കൊട്ടാരത്തിൽ നിയമിക്കപ്പെടുകയും ചെയ്തു. അയാറം നല്ലൊരു വാഗ്മിയായിരുന്നതിനാൽ മററാളുകളെക്കാറം അധികമായി ബഹുമാനിക്കപ്പെട്ടിരുന്നു. ഈ നല്ല ഭാഗ്യം സംയമത്തോടുകൂടി അഭിമുഖീകരിക്കാൻ അയാറംക്കു കഴിഞ്ഞില്ല. ഗലാത്യാമൈനർ സ്വദേശിയും സൈന്യത്തിലെ ഒരു വിഭാഗത്തിൻെറ നായകനും ക്രൂരനും രക്തദാഹിയുമായ അബ്രൊഗാസ്റ്റസ് എന്നയാളുമായി സഹകരിച്ചുകൊണ്ടു് ചക്രവത്തി പദം തട്ടിയെടുക്കാൻ അയാറം തീരുമാനിച്ചു. ചക്രവർത്തിയുടെ ശയനാഗാരത്തിലെ ഷണ്ഡന്മാരെ വശത്താക്കിയിട്ടു് വലെൻറീനിയൻ ചക്രവർത്തിയെ വകവരുത്തുകയായിരുന്നു അവരുടെ പരിപാടി. സ്ഥാനക്കയററത്തിനുള്ള പ്രലോഭനകരമായ വാഗ്ദാനങ്ങറം നൽകപ്പെട്ട അവർ ചക്രവത്തിയെ ഉറക്കത്തിൽ ശ്വാസം മുട്ടിച്ചുകൊന്നു. എവ്യുജേനിയുസ് ഉടൻതന്നെ പാശ്ചാത്യ സാമ്രാജ്യത്തിൻെറ പരമാധികാരം കൈക്കലാക്കി. നുഴഞ്ഞു കയററക്കാരനായ ഒരാളിൽനിന്നു പ്രതീക്ഷിക്കാവുന്ന വിധത്തിൽത്തന്നെ അയാറം പെരുമാറിത്തുടങ്ങി.

ഈ സംഭവവികാസങ്ങളെക്കുറിച്ചു് വിവരം ലഭിച്ചപ്പോറം തിയഡോഷ്യസ് ചക്രവർത്തി അത്യന്തം അസ്വസ്ഥനായിത്തീർന്നു. താൻ മാക്സിമൂസിനെ പരാജയപ്പെടുത്തിയതു് പുതിയ കുഴപ്പങ്ങറംക്കു് വഴി തുറന്നതേയുള്ളു. അതിനാൽ അദ്ദേഹം തൻെറ സൈന്യങ്ങളെ വിളിച്ചുകൂട്ടി. അബുൻദാൻസ്യൂസിനോടൊപ്പം താൻ മൂന്നാം തവണ കോൺസുളായിരുന്ന വർഷം ജനുവരി 10 നു് തൻെറ പുത്രനായ ഹൊണോറിയുസിനെ അഗസ്റ്റസായി പ്രഖ്യാപിച്ചു.[58] അതിനുശേഷം വളരെ തിടുക്കത്തിൽ അദ്ദേഹം പടിഞ്ഞാറൻ ഭാഗത്തേയ്ക്കു പുറപ്പെട്ടു. തൻെറ രണ്ടു പുത്രന്മാരെയും സാമ്രാജ്യാധികാരത്തിൽ ഏർപ്പെടുത്തി കോൺസ്റ്റാൻറിനോപ്പിളിൽ ആക്കിയിട്ടാണു് അദ്ദേഹം പോയതു്.

എവ്യുജേനിയുസിനെ നേരിടാനായി അദ്ദേഹം മുന്നോട്ടു നീങ്ങിയപ്പോറം ഡാന്യൂബിനപ്പുറമുള്ള കാട്ടുജാതിക്കാരിൽ വളരെപ്പേർ അവരുടെ സേവനങ്ങറം വാഗ്ദാനം ചെയ്തുകൊണ്ടു് അദ്ദേഹത്തോടു ചേർന്നു, വലിയൊരു സൈന്യത്തോടുകൂടി വേഗം യാത്ര ചെയ്തു് അദ്ദേഹം ഗാറം പ്രദേശത്തെത്തി. എവ്യുജേനിയുസ് അവിടെ അദ്ദേഹത്തെ നേരിടാൻ കാത്തു നിൽക്കുകയായിരുന്നു. വളരെ വലിയൊരു സൈന്യമാണു്

58. 393-ൽ

www.malankaralibrary.com



അയാളുടെ പക്ഷത്തുണ്ടായിരുന്നത്. ഫ്രിജിഡ്ഡസ് നദീതീരത്തുള്ള ഒരു സ്ഥലത്തു വച്ച് സൈന്യങ്ങൾ ഏറ്റുമുട്ടി. ഈ സ്ഥലം അക്വിലേയിയായിൽ നിന്നു് ഏതാണ്ട് മുപ്പത്താറു മൈൽ അകലെയാണ്. റോമാക്കാരും റോമാക്കാരും തമ്മിൽ ഏറ്റുമുട്ടിയ ഭാഗത്തു് യുദ്ധത്തിൻെറ ഗതി സംശയാസ്പദമായിരുന്നു. എന്നാൽ തിയഡോഷ്യസിൻെറ സഹായികളായ കാട്ടുജാതിക്കാർ യുദ്ധത്തിൽ ഏർപ്പെട്ടിരുന്ന ഭാഗത്തു് എവുജേനിയുസിൻെറ സൈന്യം വിജയം നേടിക്കൊണ്ടിരുന്നു. ഇതു കണ്ടു് ചക്രവർത്തി വലിയ മനോവേദനയോടെ നിലത്തു കവിഴ്ന്നു വീണു് ഈ വിഷമഘട്ടത്തിൽ തന്നെ സഹായിക്കണേ എന്നു് ദൈവത്തോടപേക്ഷിച്ചു. ആ പ്രാർത്ഥന ദൈവം അവഗണിച്ചില്ല. ചക്രവർത്തിയുടെ പ്രധാന ഓഫീസറായ ബാക്കുറിയുസ് പെട്ടെന്നു് അസാധാരണമായ ഒരാവേശത്താൽ പ്രേരിതനായി തൻെറ കൂടെയുള്ള മുന്നണിപ്പടയാളികളോടൊത്തു് മുന്നോട്ടു നീങ്ങി. കാട്ടുജാതിക്കാർ പരാജയം നേരിട്ടുകൊണ്ടിരുന്ന സ്ഥലത്തു ചെന്നു് ശത്രുക്കളുടെ മദ്ധ്യത്തിലേയ്ക്കു തള്ളിക്കയറി. അല്പസമയം മുമ്പ് എതിരാളികളെ പിറകോട്ടു തള്ളിക്കൊണ്ടു മുന്നേറിയിരുന്ന ശത്രുക്കൾ പിന്തിരിഞ്ഞോടി. ആശ്ചര്യകരമായ മറെറാരു സാഹചര്യവും ഇതോടൊപ്പം ഉണ്ടായി. പെട്ടെന്നു് അതിശക്തമായ ഒരു കൊടുങ്കാററടിച്ചു. ആ കാററിൻെറ ശക്തികൊണ്ടു് എവുജേനിയുസ് പക്ഷക്കാരായ യോദ്ധാക്കൾ എയ്തു വിട്ട അമ്പുകൾ തിരിച്ചുവന്നു് അവരെത്തന്നെ മുറിപ്പെടുത്തി. അതേസമയം ചക്രവർത്തിയുടെ പക്ഷത്തുള്ള ഭടന്മാർ അയച്ച അമ്പുകൾ കാററിൻെറ സഹായത്താൽ കൂടുതൽ ശക്തിയാർജ്ജിച്ചു് മറുപക്ഷക്കാരുടെ മേൽ ആഘാതം ഏല്പിക്കുകയും ചെയ്തു. യുദ്ധഗതിയിൽ ഇങ്ങനെ ഒരു തിരിവുണ്ടായപ്പോൾ അധികാരക്കൈയേററക്കാർ ചക്രവർത്തിയുടെ പാദത്തിങ്കൽ ചെന്നുവീണു് തൻെറ ജീവൻ രക്ഷിക്കണേ എന്നു് അപേക്ഷിച്ചു. അയാൾ ആ കിടന്നകിടപ്പിൽത്തന്നെ ഭടന്മാർ അയാളുടെ തല വെട്ടി. അർക്കേഡിയസ് മൂന്നാം തവണയും ഹൊണോറിയുസ് രണ്ടാം തവണയും കോൺസുൾമാരായിരുന്ന വർഷം സെപ്ററംബർ 6 നു് ആയിരുന്നു ഈ സംഭവം.[59] ഈ ഉപദ്രവങ്ങളുടെയെല്ലാം പ്രധാന കാരണമായിരുന്ന അബ്രോഗാസ്ററസ് പ്രാണരക്ഷാർത്ഥം പലായനം ചെയ്തു. യുദ്ധാനന്തരം രണ്ടു ദിവസം തുടർച്ചയായി പലായനം ചെയ്തിട്ടും രക്ഷപെടാനുള്ള യാതൊരു സാദ്ധ്യതയും കാണായ്കയാൽ അയാൾ സ്വന്തം വാൾ കൊണ്ടു ജീവൻ ഒടുക്കി.

---

59. 394-ൽ

www.malankaralibrary.com



## അധ്യായം 26

## തിയഡോഷ്യസിൻെറ മരണം

ഈ യുദ്ധത്തോടു ബന്ധപ്പെട്ട ഉൽക്കണ്ഠയും ക്ഷീണങ്ങളും കാരണം തിയഡോഷ്യസിന് ശാരീരികമായ അസുഖം പിടിപെട്ടു. അസുഖം മരണകരമായിരിക്കുമെന്ന് അദ്ദേഹത്തിനു തോന്നി. അദ്ദേഹം സ്വന്തം ജീവനെക്കുറിച്ച് എന്നതിലധികം സാമ്രാജ്യത്തിൻെറ കാര്യങ്ങളെക്കുറിച്ച് ആകുലനായി. ഭരണാധികാരികൾ പെട്ടെന്നു മരിച്ചുകഴിയുമ്പോൾ രാജ്യങ്ങളിൽ എത്ര വലിയ കുഴപ്പങ്ങളാണു സംഭവിക്കാറുള്ളത് എന്നോർത്താണ് അദ്ദേഹം ആകുലനായത്. അതിനാൽ അദ്ദേഹം തിടുക്കത്തിൽ കോൺസ്റ്റാൻറിനോപ്പിളിൽ നിന്ന് തൻെറ മകൻ ഹൊണോറിയുസിനെ വരുത്തി. സാമ്രാജ്യത്തിൻെറ പടിഞ്ഞാറുഭാഗങ്ങളിലുള്ള കാര്യങ്ങളെല്ലാം ഒന്നു ക്രമീകരിക്കണമെന്നുള്ളതായിരുന്നു ഇങ്ങനെ ചെയ്തതിൻെറ പ്രധാന ലക്ഷ്യം. മകൻ മിലാനിൽ എത്തിച്ചേർന്നുകഴിഞ്ഞപ്പോൾ ചക്രവർത്തിക്ക് അല്പം ആശ്വാസം ലഭിച്ചതുപോലെ തോന്നി. തൻെറ വിജയം ആഘോഷിക്കുന്നതിനുവേണ്ടി കുതിരത്താവളത്തിലെ മത്സരക്കളികൾ നടത്തുന്നതിനുള്ള നിർദ്ദേശവും നല്കി. ഉച്ചഭക്ഷണസമയം വരെ അദ്ദേഹത്തിനു നല്ല സുഖമുണ്ടായിരുന്നു. മത്സരക്കളികൾ കണ്ടുകൊണ്ടിരിക്കുകയും ചെയ്തു. എന്നാൽ ഉച്ചഭക്ഷണം കഴിഞ്ഞപ്പോൾ പെട്ടെന്ന് അസുഖം വർദ്ധിച്ചു: വീണ്ടും കളികൾ കാണാൻ പോകാൻ വയ്യെന്നായി. തനിക്കു പകരം കളികളുടെ മേൽനോട്ടം വഹിക്കാൻ മകനെ ഏർപ്പെടുത്തിവിട്ടു. രാത്രിയായപ്പോൾ അദ്ദേഹം മരിച്ചു. ഒളിബ്രിയുസും പ്രോബുസും കോൺസുൾമാരായിരുന്ന കൊല്ലം ജനുവരി 17-ാം തീയതിയായിരുന്നു അത്.[60] അതു് ഇരുനൂററിതൊണ്ണൂററി നാലാം ഒളിമ്പ്യാഡിൻെറ ഒന്നാം വർഷമായിരുന്നു. തിയഡോഷ്യസ് ചക്രവർത്തി അറുപതു കൊല്ലം ജീവിച്ചു;[61] പതിനാറുകൊല്ലം ഭരിക്കുകയും ചെയ്തു. അതിനാൽ ഈ പുസ്തകം പതിനാറു കൊല്ലവും എട്ടുമാസവും നടന്ന സംഭവങ്ങൾ ഉൾക്കൊള്ളുന്നു.

---

60. 395-ൽ

61. തിയഡോഷ്യസ് 50 വയസ്സുവരയേ ജീവിച്ചുള്ളൂ എന്നു പറയുന്ന ചരിത്രകാരന്മാരും ഉണ്ട്.

www.malankaralibrary.com

# പുസ്തകം 6

## ആമുഖം

അല്ലയോ ദൈവത്തിന്റെ വിശുദ്ധ മനുഷ്യനായ തിയഡോർ, അങ്ങ് എന്നെ ഏല്പിച്ച ചുമതല ഇതിനുമുമ്പുള്ള അഞ്ചു പുസ്തകങ്ങളിലും ഞാൻ നിർവ്വഹിച്ചു കഴിഞ്ഞിരിക്കുന്നു. അവയിൽ, കോൺസ്റ്റന്റൈന്റെ കാലംമുതലുള്ള സഭയുടെ ചരിത്രം ഞാൻ കഴിവിനൊത്തവിധം പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ ഭാഷാശൈലിയുടെ കാര്യത്തിൽ ഞാൻ വലിയ താല്പര്യം കാണിച്ചിട്ടില്ലെന്നു ശ്രദ്ധിക്കുക. ഭാഷാപ്രയോഗങ്ങളുടെ ചാരുതയിൽ അതിയായ നിഷ്കർഷ പുലർത്തുകയാണെങ്കിൽ അതു് ലക്ഷ്യത്തെ പരാജയപ്പെടുത്തുന്ന നയമായിരിക്കും എന്നും എനിക്കു തോന്നി. ഇനി, ലക്ഷ്യം സാധിക്കാൻ കഴിയുമെന്നു വച്ചാൽത്തന്നെ പഴയ ചരിത്രകാരന്മാർ അത്രയധികം ഉപയോഗപ്പെടുത്തിയതായി തോന്നുന്ന ആ വിവേചനാധികാരത്തിന്റെ പ്രയോഗത്തിൽനിന്നു് ഞാൻ പൂർണ്ണമായും തടയപ്പെട്ടിരുന്നു. വസ്തുതകളെ വിപുലീകരിച്ചു കാണിക്കാനോ വെട്ടിച്ചുരുക്കാനോ തങ്ങൾക്കു് അധികാരമുണ്ടെന്നു് ചരിത്രകാരന്മാർ സങ്കല്പിച്ചിരുന്നു. മാത്രമല്ല, പരിഷ്കാരോജ്ജ്വലമായ രചനാസമ്പ്രദായം സാധാരണ ജനങ്ങൾക്കും അക്ഷരാഭ്യാസമില്ലാത്തവർക്കും ഒരു തരത്തിലും ഉദ്ബുദ്ധത നൽകുന്നതല്ല. അവക്കു വസ്തുതകൾ ഗ്രഹിക്കണമെന്നേ താല്പര്യമുള്ളു. രചനയുടെ മനോജ്ഞതയെ ആദരിക്കാൻ അവർ ഒരുക്കമല്ല. ഒരു വശത്തു പണ്ഡിതന്മാക്കും മറുവശത്തു പാമരന്മാക്കും ഉപയോഗശൂന്യമായിത്തീരാതിരിക്കത്തക്ക ഒരു രചനാപദ്ധതിയാണു ഞാൻ അവലംബിച്ചതു്. ഭാഷ എത്ര സങ്കീർണ്ണമാക്കിയാലും പണ്ഡിതന്മാരെ അതു തൃപ്തിപ്പെടുത്തുകയില്ല; പ്രാചീന ലേഖകരുടെ ശബ്ദപ്രൗഢിക്കു തുല്യമായി അവർ അതിനെ അംഗീകരിക്കുകയുമില്ല. പാമരന്മാരുടെ കാര്യമാണെങ്കിൽ, വാക്കുകളുടെ പടയണികൊണ്ടു് ആവരണം ചെയ്യുകയാണെങ്കിൽ അവർക്കു വസ്തുതകൾ ഗ്രഹിക്കാൻ സാധിക്കുകയില്ല. അതുകൊണ്ടാണു് ഉദാത്തതയുടെ എല്ലാ ഭാവപ്രകടനങ്ങളും ഉപേക്ഷിച്ചതും സ്പഷ്ടവും പ്രസന്നവുമായ ഒരു രചനാശൈലി മന:പൂർവ്വം സ്വീകരിച്ചതും.

www.malankaralibrary.com



ഏതായാലും ഈ ആറാം പുസ്തകം ആരംഭിക്കുമ്പോൾ ഒരു കാര്യം ആമുഖമായി പറയാനുണ്ട്: നമ്മുടെ കാലത്തെ കാര്യങ്ങൾ തന്നെയാണ് ഇവിടെ വിശദമായി പറയാൻ പോകുന്നത്. അതിൽ പലർക്കും രുചിക്കാത്ത പല കാര്യങ്ങളും പറയേണ്ടതായി വരും. ആ രുചിക്കായ്ക ചിലപ്പോൾ 'സത്യം കയ്പുള്ളതാണ്' എന്ന ആപ്തവാക്യം അനുസരിച്ചുള്ളതാകാം. ചിലക്ക് ഇഷ്ടപ്പെട്ട ചില പേരുകൾ ചിലപ്പോൾ സ്തുതിവചനങ്ങളോടുകൂടി പറഞ്ഞില്ലെന്നു വരാം. അവരുടെ പ്രവർത്തനങ്ങളെ ബൃഹത്കരിച്ചു കാണിച്ചില്ലെന്നു വരാം. നമ്മുടെ സഭകളിലെ ചില തീക്ഷ്ണമതികൾ അവരുടെ മെത്രാന്മാരെ 'ദൈവത്തിനു ഏററം പ്രിയപ്പെട്ട', 'ഏററം വിശുദ്ധനായ' എന്നിത്യാദി വിശേഷണങ്ങൾ ചേർത്തു വിളിക്കാത്തതിനു എന്നെ കുററപ്പെടുത്തി എന്നു വരാം. 'ഏററവും ദിവ്യനായ', 'പ്രഭുവായ' തുടങ്ങിയ വിശേഷണങ്ങൾ അഥവാ അതുപോലുള്ള മററു വിശേഷണങ്ങൾ ചക്രവത്തിമാരെക്കുറിച്ചു പറയുമ്പോൾ പ്രയോഗിക്കാത്തതിൻെറ പേരിൽ ചിലർക്കു എതിർപ്പുണ്ടായെന്നു വരാം. എന്നാൽ പ്രാചീനഗ്രന്ഥകാരന്മാരുടെ സാക്ഷ്യത്തിൽനിന്നു ഭൃത്യന്മാർ യജമാനന്മാരെ കേവലം പേരുവിളിച്ചു സംബോധന ചെയ്തിരുന്നുവെന്നു അനായാസമായി തെളിയിക്കാൻ എനിക്കു കഴിയും. അയാളുടെ ഉന്നതസ്ഥാനത്തിൻെറയോ ബഹുമതികളുടെയോ പരാമർശമൊന്നും അവിടെ കാണുകയില്ല. അതു കാര്യസാദ്ധ്യത്തിൻെറ സമ്മർദ്ദം കൊണ്ടായിരിക്കാം. അതുപോലെ ഞാനും ചരിത്രത്തിൻെറ നിയമങ്ങൾ അനുവത്തിക്കും. ഏതെങ്കിലും തരത്തിലുള്ള മൂടുപടത്തിൻെറ മറവില്ലാത്ത ലളിതവും വിശ്വസ്തവുമായ ആഖ്യാനമാണ് അതു ആവശ്യപ്പെടുന്നതു്. ഞാൻ നേരിട്ടു കണ്ടിട്ടുള്ളതോ നേരിട്ടു കണ്ടവരിൽനിന്നു നിശ്ചിതമായി അറിയാൻ കഴിഞ്ഞതോ ആയ കാര്യങ്ങൾ സൂക്ഷ്മമായി രേഖപ്പെടുത്താനാണു ഞാൻ ഉദ്ദേശിക്കുന്നതു്. കേട്ടറിഞ്ഞ കാര്യങ്ങൾ ഒരേ കാര്യത്തെക്കുറിച്ചു പറഞ്ഞ പല സാക്ഷികളുടെ അഭിപ്രായൈക്യത്തിൽനിന്നു കാര്യങ്ങളുടെ സത്യാവസ്ഥ ഉറപ്പാക്കിയിട്ടാണു രേഖപ്പെടുത്തിയിട്ടുള്ളതു്. സത്യാവസ്ഥ ഗ്രഹിക്കാൻ എൻെറ സ്വാധീനത്തിലുള്ള എല്ലാ മാർഗ്ഗങ്ങളും ഞാൻ ഉപയോഗപ്പെടുത്തിയിട്ടുണ്ട്. സത്യം ഉറപ്പു വരുത്തുക എന്ന പ്രക്രിയ വളരെ ക്ലേശകരമായിരുന്നു. ഒരേ സംഭവത്തിൻെറ ദൃക്സാക്ഷികളെന്നു അവകാശപ്പെടുന്ന വിഭിന്നവ്യക്തികൾ വ്യത്യസ്തമായ കഥകളാണു ചിലപ്പോൾ പറയുക. ഈ സംഭവത്തോടു മററാരെക്കാളും കൂടുതലായ അടുപ്പം തനിക്കുണ്ട് എന്നായിരിക്കും ചിലരുടെ അവകാശവാദം.

www.malankaralibrary.com



## അധ്യായം 1

# തിയഡോഷ്യസിന്റെ ചരമത്തിനുശേഷം

തിയഡോഷ്യസിന്റെ മരണശേഷം, ഒളിബ്രിയുസും പ്രൊബിനൂസും കോൺസുലന്മാരായിരിക്കെ ജനുവരി പതിനേഴിനു്, അദ്ദേഹത്തിന്റെ രണ്ടു പുത്രന്മാർ റോമാസാമ്രാജ്യത്തിന്റെ ഭരണച്ചുമതല ഏറെറടുത്തു. അർക്കേഡിയസ്സ് കിഴക്കു ഭാഗത്തിന്റെയും ഹൊണോറിയൂസ്സ് പടിഞ്ഞാറു ഭാഗത്തിന്റെയും ഭരണാധിപന്മാരായി. ആ സമയത്തു് ദമാസ്സൂസ്സ് ആയിരുന്നു രാജകീയ നഗരമായ റോമിലെ മെത്രാൻ. അലക്സാൺഡ്രിയായിൽ തെയോഫിലസും ജറുസലെമിൽ യോഹന്നാനും അന്ത്യോക്യയിൽ ഫ്ളാവിയനും മെത്രാന്മാരായിരുന്നു. പുതിയ റോമയായ കോൺസ്റ്റാൻറിനോപ്പിളിലെ സഭാദ്ധ്യക്ഷപീഠം അലങ്കരിച്ചിരുന്നതു് മുൻ പുസ്തകത്തിൽ നാം പറഞ്ഞിട്ടുള്ളതു പോലെ [1] നെക്ടാറിയൂസായിരുന്നു. തിയഡോഷ്യസ്സ് ചക്രവർത്തിയുടെ മൃതദേഹം അതേ കോൺസുളേററിൽ നവംബർ 8നു് കോൺസ്റ്റാൻറിനോപ്പിളിലേയ്ക്കു സംവഹിക്കപ്പെട്ടു. അദ്ദേഹത്തിന്റെ പുത്രനായ അർക്കേഡിയസ്സ് വേണ്ടവിധത്തിലുള്ള ആഘോഷങ്ങളോടുകൂടി അതു സംസ്ക്കരിച്ചു. അധികം താമസിയാതെ അതേ മാസം 28-ാം തിയതി അധികാരക്കയ്യേററക്കാരനെതിരേ തിയഡോഷ്യസ്സ് ചക്രവർത്തിക്കു കീഴിൽ സമരം ചെയ്ത സൈന്യവും വന്നുചേർന്നു. അർക്കേഡിയസ്സ് ചക്രവർത്തി ആചാരമനുസരിച്ചു് നഗരകവാടത്തിൽച്ചെന്നു് സൈന്യത്തെ എതിരേററു. പ്രെത്തോറിയൻ പ്രീഫെക്ടായിരുന്ന റുഫീനൂസിനെ അവിടെവച്ചു് സൈനികർ വധിച്ചു. അയാറം ചക്രവർത്തിപദം കയ്യടക്കാൻ ഗൂഢശ്രമം നടത്തി എന്നു സംശയിക്കപ്പെട്ടിരുന്നു. ഹൂണന്മാരെ റോമാസാമ്രാജ്യത്തിലേയ്ക്കു് ക്ഷണിച്ചു വരുത്തിയതു് അയാളാണെന്നു പ്രസിദ്ധവുമായിരുന്നു. അർമേനിയാ മുഴവൻ തകർത്തതിനുശേഷം സാമ്രാജ്യത്തിന്റെ പൗരസ്ത്യപ്രവിശ്യകളിൽ കടന്നുകയറി കൊള്ള നടത്തിയിരുന്ന കാട്ടുവർഗ്ഗക്കാരായിരുന്നു ഹൂണന്മാർ. റുഫീനൂസ് വധിക്കപ്പെട്ട ആ ദിവസംതന്നെ നൊവേഷ്യരുടെ

1. 5:8

www.malankaralibrary.com



മെത്രാനായ മാർസ്യനം നിര്യാതനായി. സിസിന്നിയുസ് എന്നയാളാണ് മാർസ്യൻെറ പിൻഗാമിയായത്. അയാളെ കുറിച്ച് ഇതിനുമുമ്പ് പരാമർശം ഉണ്ടായിട്ടുണ്ട്.[2]

## അധ്യായം 2

## നെക്താരിയുസിൻെറ മരണവും ജോണിൻെറ അഭിഷേകവും

അധികം താമസിയാതെ കോൺസ്റ്റാൻറിനോപ്പിളിലെ മെത്രാനായ നെക്താരിയുസ് ദിവംഗതനായി. ചെസാരിയുസിൻെറയും അററിക്കുസിൻെറയും കോൺസുളേററ് കാലത്ത് സെപ്ററംബർ 27-ന് ആയിരുന്നു അത്. നെക്താരിയുസിൻെറ അനന്തരഗാമി ആരായിരിക്കണം എന്നതിനെ സംബന്ധിച്ച് വലിയ തർക്കമുണ്ടായി. ചിലർ ഒരാളെ നിർദ്ദേശിക്കും; വേറെ ചിലർ മറെറാരാളെ. ഒടുവിൽ അന്ത്യോക്യയിലെ ഒരു വൈദികനായിരുന്ന ജോണിനെ വരുത്താം എന്ന തീരുമാനമുണ്ടായി. അദ്ദേഹം വലിയ പണ്ഡിതനും അതേ സമയം നല്ല വാഗ്മിയുമാണ് എന്ന് അറിയപ്പെട്ടിരുന്നു. അതിനാൽ വൈദികരുടെയും അൽമായരുടെയും പൊതുവായ സമ്മതമനുസരിച്ച് അർക്കേഡിയസ് ചക്രവർത്തി വളരെ വേഗംതന്നെ അദ്ദേഹത്തെ കോൺസ്ററാൻറിനോപ്പിളിൽ വരുത്തി. മെത്രാഭിഷേകം കൂടുതൽ പ്രാമാണികവും ഗംഭീരവുമാക്കുന്നതിന് തദവസരത്തിൽ സന്നിഹിതരാകാൻ അനേകം വൈദികാദ്ധ്യക്ഷൻമാർ ക്ഷണിക്കപ്പെട്ടു. അക്കൂട്ടത്തിൽ അലക്സാണ്ഡ്രിയായിലെ മെത്രാനായ തെയോഫിലസും ഉണ്ടായിരുന്നു. ജോണിൻെറ പ്രശസ്തി ലഘൂകരിക്കുന്നതിന് ഈ മെത്രാൻ കഴിയുന്നതെല്ലാം ചെയ്തു. തൻെറ സഭയിൽത്തന്നെയുള്ള ഒരു വൈദികനായ ഇസിദോറിനെ കോൺസ്റ്റാൻറിനോപ്പിളിലെ മെത്രാനാക്കണമെന്നതായിരുന്നു അദ്ദേഹത്തിൻെറ ആഗ്രഹം. ഇസിദോറിനോട് അയാൾക്കു വലിയ താല്പര്യമുണ്ടായിരുന്നു. തൻെറ താല്പര്യം സംരക്ഷിക്കുന്നതിനു വേണ്ടി വളരെ സൂക്ഷിച്ചു കൈകാര്യം ചെയ്യേണ്ട അപകടകര

2. 5:10.21

www.malankaralibrary.com



മായ ഒരു ദൗത്യത്തിൽ ഇസിദോർ ഏർപ്പെട്ടതുകൊണ്ടാണ് ഈ താല്പര്യമുണ്ടായതു്. ആ കാര്യം എന്തായിരുന്നുവെന്നു് ഞാൻ ഇവിടെ വെളിപ്പെടുത്താം. അധികാരക്കയ്യേററക്കാരനായ മാക്സി മൂസിനെ നേരിടാൻ തിയഡോഷ്യസ്സ് ചക്രവർത്തി തയാറെടു ക്കുന്ന കാലത്തു് ഈ തെയോഫിലസ്സ് ഇസിദോറിനെ റോമി ലേയ്ക്കയച്ചു. രണ്ടുപേർക്കുമുള്ള രണ്ടു കത്തുകളും സമ്മാനങ്ങളു മായിട്ടാണ് അയച്ചതു്. ഏററമുട്ടലിൽ ജയിക്കുന്നയാളിനു് സമ്മാനങ്ങളും അയാൾക്കുള്ള കത്തും കൊടുക്കണമെന്നതായി രുന്നു നിർദ്ദേശം. ഇസിദോർ റോമിലെത്തി യുദ്ധത്തിൻെറ പരിണാമം പ്രതീക്ഷിച്ചു താമസമായി. എന്നാൽ ഇക്കാര്യം അധികകാലം രഹസ്യമായിരുന്നില്ല. അയാളുടെ കൂടെയുണ്ടാ യിരുന്ന ഒരു വായനക്കാരൻ രഹസ്യത്തിൽ ഈ കത്തുകൾ കൈ ക്കലാക്കി. പരിഭ്രാന്തനായ ഇസിദോർ വേഗം അലക്സാന്ത്രിയായിലേയ്ക്കു രക്ഷപെട്ടു. ഇതായിരുന്നു തെയോഫിലസ്സ് അത്ര താല്പര്യപൂർവ്വം ഇസിദോറിനെ അനുകൂലിക്കാൻ കാരണം. ഏതായാലും ചക്രവർത്തി ജോണിനെയാണ് അനുകൂലിച്ചതു്. തെയോഫിലസിനെക്കുറിച്ചുള്ള ആരോപണങ്ങൾ പലതും പുതു തായി രംഗത്തുകൊണ്ടുവന്നു. അതു സംബന്ധിച്ചു് അവിടെ സന്നിഹിതരായിട്ടുള്ള മെത്രാന്മാർക്കു കൊടുക്കുന്നതിനു വേണ്ടി പലതും നിവേദനങ്ങൾ തയാറാക്കുകവരെ ചെയ്തു. ചക്രവത്തി യുടെ ശയനാഗാരത്തിലെ മുഖ്യ ഉദ്യോഗസ്ഥനായ എവുത്രോപ്പി യൂസ്സ് ഈ രേഖകളെല്ലാം സമാഹരിക്കുകയും അവ തെയോഫില സിനെ കാണിക്കുകയും ചെയ്തു. 'ഒന്നുകിൽ ജോണിനെ അഭി ഷേകം ചെയ്യുക. അല്ലെങ്കിൽ ഈ ആരോപണങ്ങളുടെ അടി സ്ഥാനത്തിലുള്ള ഒരു വിചാരണ നേരിടാൻ തയാറായിക്കൊ ള്ളുക' എന്നു് അറിയിക്കുകയും ചെയ്തു. പരിഭ്രാന്തനായ തെയോഫിലസ്സ് ജോണിനെ അഭിഷേകം ചെയ്യാൻ സമ്മ തിച്ചു. അതിനെത്തുടർന്നു് അടുത്ത കോൺസുളേററ് കാലത്തു് ഫെബ്രുവരി 26 നു് ജോണിൻെറ മെത്രാഭിഷേകം നടന്നു.[3] ഇതു് ഹൊണോറിയൂസ്സ് ചക്രവർത്തി പൊതുവായ മത്സരക്കളി കൾ കൊണ്ടു റോമിലും അന്നു് പ്രെത്തോറിയൻ പ്രീഫെക്ടായി രുന്ന എവുത്തിക്കിയൻ കോൺസ്റ്റാൻറിനോപ്പിളിലും ആഘോ ഷിച്ചു.

ജോൺ എന്ന ഈ വ്യക്തി അദ്ദേഹത്തിൻെറ രചനകൾ മൂലവും ജീവിതത്തിൽ അനുഭവിക്കേണ്ടി വന്ന അനേകം കഷ്ട പ്പാടുകൾ മൂലവും വളരെ പ്രസിദ്ധനായതുകൊണ്ടു് അദ്ദേഹത്തെ

3. 398-ൽ

www.malankaralibrary.com



കുറിച്ചു നിശ്ശബ്ദത പാലിച്ചു കടന്നു പോകുന്നതു ശരിയായിരിക്കയില്ല. അദ്ദേഹത്തിൻെറ മുൻകാലചരിത്രത്തെക്കുറിച്ചും കുടുംബപശ്ചാത്തലത്തെക്കുറിച്ചും എല്ലാം രേഖപ്പെടുത്തേണ്ടിയിരിക്കുന്നു. അദ്ദേഹത്തെ മെത്രാനാക്കിയതു സംബന്ധിച്ച വിശദാംശങ്ങളും പിന്നീട് അദ്ദേഹത്തെ തരംതാഴ്ത്താനുപയോഗിച്ച മാർഗ്ഗങ്ങളും അവസാനമായി ജീവിതകാലത്തെക്കാൾ അധികമായി മരണാനന്തരം അദ്ദേഹം ആദരിക്കപ്പെട്ട വസ്തുതയും എല്ലാം രേഖപ്പെടുത്തേണ്ടതാണ്.

## അധ്യായം 3

# ജോണിൻെറ ജനനവും വിദ്യാഭ്യാസവും

ചേളേ – സിറിയായിലുള്ള അന്ത്യോക്യായിലാണ് ജോൺ ജനിച്ചത്. ആ നാട്ടിലെ ഒരു കുലീനകുടുംബത്തിലെ അംഗമായിരുന്ന അദ്ദേഹത്തിൻെറ മാതാപിതാക്കൾ സെക്കൻഡുസ്, അൻതൂസാ എന്നിവരായിരുന്നു. താർക്കികനായ ലിബാനിയൂസിനു കീഴിൽ പ്രഭാഷണകലയും അൻഡ്രഗാത്തിയൂസ് എന്ന ദാർശനികൻെറ കീഴിൽ തത്ത്വശാസ്ത്രവും പഠിച്ചു. സിവിൽ നിയമവ്യവഹാരത്തിലേയ്ക്കു പ്രവേശിക്കാൻ തയാറെടുക്കുന്ന കാലത്താണ് കോടതി നിയമ വ്യവഹാരങ്ങളിൽ ഏർപ്പെട്ടു ജീവിക്കുന്നവരുടെ പ്രവർത്തനം എത്ര വിശ്രമരഹിതവും നീതിവിരുദ്ധവുമാണെന്ന വിഷയത്തിലേയ്ക്ക് അദ്ദേഹത്തിൻെറ ചിന്ത കടന്നത്. അതിനാൽ കൂടുതൽ പ്രശാന്തമായ ഒരു ജീവിതമാർഗ്ഗത്തിലേയ്ക്കു് അദ്ദേഹം തിരിഞ്ഞു. എവാഗ്രിയസിൻെറ മാതൃക അവലംബമാക്കിയാണ് ഈ മാർഗ്ഗത്തിലേയ്ക്കു് അദ്ദേഹം തിരിഞ്ഞത്. എവാഗ്രിയസും മുൻപറഞ്ഞ അദ്ധ്യാപകൻ്റെ കീഴിൽ പരിശീലനം നേടിയ ആളായിരുന്നു. കുറെക്കാലം മുമ്പ് അദ്ദേഹം ഏകാന്തമായ ഒരു ജീവിതരീതി അവലംബിച്ചിരുന്നു. അങ്ങനെ, ജോൺ അഭിഭാഷകൻെറ സമ്പ്രദായങ്ങളെല്ലാം ഉപേക്ഷിച്ച് മനസ്സിനെ വി. ലിഖിതങ്ങളുടെ പാരായണത്തിൽ ഏർപ്പെടുത്തി. വലിയ തീക്ഷ്ണതയോടെ സഭാസമ്മേളനങ്ങളിൽ പങ്കെടുത്തു തുടങ്ങി. താർക്കികനായ ലിബാനിയൂസിനു കീഴിൽ തൻെറ സഹപാഠികളായിരുന്ന തിയഡോർ, മാക്സിമൂസ് എന്നിവരെയും, സാമ്പത്തികനേട്ടം പ്രാഥമികലക്ഷ്യമായിട്ടുള്ള ആ തൊഴിൽ ഉപേക്ഷിക്കാനും കൂട

www.malankaralibrary.com



തൽ ലളിതമായ ഒരു ജീവിതം അവലംബിക്കാനും അദ്ദേഹം പ്രേരിപ്പിക്കുകയും ചെയ്തു. ആ രണ്ടു സുഹൃത്തുക്കളിൽ ഒരാളായ തിയഡോർ പിൽക്കാലത്തു് സിലിഷ്യായിലുള്ള മൊപ്സു വെസ്ത്യായിലെയും മാക്സിമൂസ് ഇസൗരിയായിലുള്ള സെലൂഷ്യായിലെയും മെത്രാന്മാരായിത്തീർന്നു. ആ സമയത്തു് പൂർണ്ണത നേടണമെന്നുള്ള അതിയായ താല്പര്യം മൂലം അവർ സന്യാസ ജീവിതത്തിൽ പ്രവേശിച്ചു. അന്നു് ഒരു സന്യാസസ്ഥാപനത്തിന്റെ അധിപന്മാരായിരുന്ന ദിയദോർ, കർതേരിയൂസ് എന്നിവരുടെ നിയന്ത്രണത്തിലായിരുന്നു സന്യാസജീവിത പരിശീലനം. അവരിൽ ആദ്യത്തെയാൾ താമസിയാതെ തർസോസിലെ മെത്രാനായി ഉയർത്തപ്പെട്ടു. അദ്ദേഹം പല പ്രബന്ധങ്ങളും എഴുതിയിട്ടുണ്ടു്. അവയിൽ അദ്ദേഹം വിശുദ്ധ ലിഖിതത്തിന്റെ അക്ഷരാർത്ഥങ്ങളിൽത്തന്നെ ശ്രദ്ധ പരിമിതപ്പെടുത്തിയിരിക്കുന്നു; രഹസ്യാത്മകമായ അർത്ഥങ്ങളെയെല്ലാം[4] ഒഴിവാക്കിയിരിക്കയാണു്. ഈയാളുകളെക്കുറിച്ചു് ഇത്രയും മതി.

ബേസിലുമായി ജോൺ വളരെ അടുപ്പത്തിലായിരുന്നു. ബേസിലിനെ മെലീഷ്യസ് ഡീക്കനാക്കി. പിന്നീടു് അദ്ദേഹം കപ്പദോഷ്യായിലെ കൈസറിയാ മെത്രാനായിത്തീർന്നു.[5] മെത്രാനായ സേനോ ജറൂസലെത്തുനിന്നു തിരിച്ചെത്തിയപ്പോൾ ജോണിനെ അന്ത്യോക്യയിലുള്ള പള്ളിയിൽ വായനക്കാരനായി നിയമിച്ചു. വായനക്കാരൻ എന്ന നിലയിൽ തുടരവേ 'യൂദന്മാക്കെതിരെ' എന്ന പുസ്തകം അദ്ദേഹം രചിച്ചു. താമസിയാതെ മെലീഷ്യസ് അദ്ദേഹത്തിനു ഡീക്കൻസ്ഥാനം നൽകി. തുടന്നു് അദ്ദേഹം താഴെ പറയുന്ന ഗ്രന്ഥങ്ങൾ രചിച്ചു: 'പൗരോഹിത്യത്തെക്കുറിച്ചു്', 'സ്തജീറിയൂസിനെതിരെ', 'ദൈവസ്വഭാവത്തിന്റെ അഗ്രാഹ്യസ്വഭാവത്തെക്കുറിച്ചു്', 'വൈദിക സ്ഥാനികളോടൊത്തു ജീവിച്ച സ്ത്രീകളെക്കുറിച്ചു്'.

പിന്നീടു് കോൺസ്റ്റാൻറിനോപ്പിളിൽ വച്ചു് മെലീഷ്യസ് മരിച്ചതിനു ശേഷം – ഗ്രിഗറി നസ്യാൻസന്റെ അഭിഷേകത്തിനു വേണ്ടിയാണു് അദ്ദേഹം അവിടെ പോയതു് – ജോൺ

---

4. Theorias (Speculations)

5. സൊക്രാട്ടസിന്റെ ഈ പ്രസ്താവന ശരിയല്ല. ജോണിന്റെ സ്നേഹിതനായിരുന്നതു് സിറിയായിൽ അന്ത്യോക്യക്കടുത്തുള്ള റഫാനെയായിലെ ബേസിലായിരുന്നു. 318 ലെ സിനഡിൽ ഈ ബേസിൽ സംബന്ധിച്ചു. കൈസറിയായിലെ മഹാനായ ബേസിൽ 379-ൽ മരിച്ചു.

www.malankaralibrary.com



മെലീഷ്യരിൽ നിന്നകന്നു. പൗളീനൂസുമായി സമ്പർക്കത്തിൽ ഏർപ്പെട്ടതുമില്ല. മൂന്നുകൊല്ലം മുഴവൻ മിക്കവാറും വിശ്രമാവസ്ഥയിൽ കഴിഞ്ഞു. പിന്നീട് പൗളീനൂസിന്റെ മരണശേഷം പൗളീനൂസിന്റെ പിൻഗാമിയായ എവാഗ്രിയസ് ജോണിനെ വൈദികനായി അഭിഷേചിച്ചു. മെത്രാൻ സ്ഥാനത്തേയ്ക്കു വിളിക്കപ്പെടുന്നതിനു മുമ്പുള്ള ജോണിന്റെ ജീവിതത്തിന്റെ ഒരു രേഖാരൂപം ഇതാണ്. ആത്മനിയന്ത്രണത്തിലുള്ള ആവേശം കാരണം അദ്ദേഹം അതികർശനക്കാരനായിരുന്നുവെന്നു പറയപ്പെടുന്നു. അദ്ദേഹത്തിന്റെ ആദ്യകാലസുഹൃത്തുക്കളിൽ ഒരാൾ പറഞ്ഞിട്ടുണ്ട്: 'യൗവനകാലത്തു് അയാൾ ഖിന്നയത്തെക്കാളധികം ശുണ്ഠിയെടുക്കുന്നതിനുള്ള പ്രവണതയാണു പ്രകടിപ്പിച്ചിട്ടുള്ളതു്.' ജീവിതത്തിലെ ആർജ്ജവം കാരണം അദ്ദേഹത്തിനു ഭാവിയെക്കുറിച്ചു് ഒട്ടും ആശങ്കയില്ലായിരുന്നു. സ്വഭാവത്തിലെ ലാളിത്യം അദ്ദേഹത്തെ തുറന്ന മനസ്ഥിതിക്കാരനും നിഷ്കളങ്കനുമാക്കി. ഇങ്ങനെയാണെങ്കിലും സംഭാഷണത്തിൽ അദ്ദേഹം അവലംബിച്ച സ്വാതന്ത്ര്യം പലരെയും പിണക്കി. പരസ്യമായ അദ്ധ്യാപനത്തിൽ ശ്രോതാക്കളുടെ സാന്മാർഗ്ഗിക ജീവിതം പരിഷ്കരിക്കുന്നതിൽ അദ്ദേഹം കരുത്തനായിരുന്നു. എന്നാൽ സ്വകാര്യസംഭാഷണത്തിൽ അദ്ദേഹം ധിക്കാരിയും അഹങ്കാരിയുമാണെന്നു് അദ്ദേഹത്തെ ശരിക്കറിയാൻ പാടില്ലാത്തവർക്കു പലപ്പോഴും തോന്നിയിട്ടുണ്ടു്.

## അധ്യായം 4

# ജോൺ വൈദികരുടെ വെറുപ്പു സമ്പാദിക്കുന്നു

സ്വഭാവവും പെരുമാററ സമ്പ്രദായങ്ങളും ഇങ്ങനെയായിരിക്കുകയും മെത്രാൻസ്ഥാനത്തേയ്ക്കു് ഉയർത്തപ്പെടുകയും ചെയ്തതിനാൽ ജോൺ തന്റെ കീഴിലുള്ള വൈദികരോടു് അനുചിതമായ വിധം നിന്ദാഭാവത്തിൽ പെരുമാറാൻ തുടങ്ങി. തന്റെ കീഴിലുള്ള വൈദികരുടെ സാന്മാർഗ്ഗികജീവിതം അതുവഴി നേരെയാക്കാനാണ് അദ്ദേഹം ശ്രമിച്ചതു്. അങ്ങനെ ക്ഷോഭിപ്പിച്ചതുമൂലം അവർ അദ്ദേഹത്തെ വെറുക്കാൻ തുടങ്ങി. വികാരാധീനനായ മനുഷ്യൻ എന്ന നിലയിൽ പലരും വളരെ അകന്നു നിന്നു. ചിലർ കടുത്ത ശത്രുക്കളായി മാറി. അദ്ദേഹത്തിന്റെ അനുചരവൃന്ദത്തിൽപ്പെട്ട സെറാപ്പിയോൻ എന്ന ഡീക്കൻ വൈദികരുടെ മനസ്സുകളെ അദ്ദേഹത്തിൽ നിന്നു

www.malankaralibrary.com



പിന്നെയും അകററുന്നതിന്ന കാരണമായി. ഒരിക്കൽ വൈദി കരെല്ലാം സമ്മേളിച്ചിരിക്കുന്ന സന്ദർഭത്തിൽ അയാാം ഉയന്ന സ്വരത്തിൽ മെത്രാനോട്ട വിളിച്ചുപറഞ്ഞു, ''പ്രഭോ, വടി കൊണ്ടു തെളിച്ചില്ലെങ്കിൽ ഈ മനുഷ്യരെ നിയന്ത്രിക്കാൻ അങ്ങേയ്ക്കു കഴിയുകയില്ല.'' ഈ ഭാഷണം മെത്രാനെക്കുറിച്ചു വൈദികരുടെയിടയിൽ വലിയ വിദ്വേഷഭാവം വളർത്തി. മെത്രാനാകട്ടെ, അധികം താമസിയാതെ ഓരോ കാരണങ്ങാം ക്കായി പല വൈദികരെയും സഭയിൽ നിന്നു പുറത്താക്കുകയും ചെയ്തു. അധികാരത്തിലിരിക്കുന്നവർ അത്തരം കടുത്ത നട പടികാം അവലംബിക്കുമ്പോാം സാധാരണ്യ സംഭവിക്കാറുള്ളതു പോലെ, അങ്ങനെ പുറത്താക്കപ്പെട്ടവർ സംഘടിച്ച് ജന ങ്ങളോട്ട് മെത്രാനെ കുററപ്പെടുത്തി രൂക്ഷമായി സംസാരി ക്കാൻ തുടങ്ങി. ജോൺമെത്രാൻ വേറെ ആരുടെയും കൂടെ യിരുന്നു ഭക്ഷണം കഴിക്കുകയില്ലെന്ന നിർബന്ധം പിടിച്ചി രുന്നതുകൊണ്ട് വൈദികർ പറയുന്ന പരാതികളെല്ലാം ജന ങ്ങാംക്കു വിശ്വാസ്യമായിത്തോന്നി. സദ്യയ്ക്കുള്ള ക്ഷണങ്ങളൊ ന്നും അദ്ദേഹം ഒരിക്കലും സ്വീകരിച്ചിരുന്നില്ല. അതിനാൽ അദ്ദേ ഹത്തിനെതിരായിട്ടുള്ള ഗൂഢാലോചന വളരെ വ്യാപകമായി ത്തീർന്നു. അദ്ദേഹം മററുള്ളവരോടൊപ്പം ഭക്ഷണം കഴിക്കാൻ വിസമ്മതിച്ചതിന്റെ ശരിയായ കാരണം ആക്കും ഉറപ്പായി അറിയാൻ പാടില്ലായിരുന്നു. ചിലയാളുകാം അദ്ദേഹത്തിന്റെ പെരുമാററത്തെ നീതീകരിച്ചുകൊണ്ടു പറഞ്ഞു, അദ്ദേഹത്തിന്റെ വയറിന്നു നല്ല ആരോഗ്യമില്ല, ദഹനശക്തി കുറവാണ്, ഭക്ഷണകാര്യങ്ങളിൽ വളരെ സൂക്ഷിക്കേണ്ടതുണ്ട്, അതു കൊണ്ടാണ് തനിച്ചു ഭക്ഷണം കഴിക്കുന്നതെന്ന്. നിരന്തരവും തീക്ഷ്ണവുമായ ആശയടക്കം കൊണ്ടാണ് അങ്ങനെ ചെയ്യു ന്നതെന്ന് വേറെ ചിലർ പറഞ്ഞു. യഥാർത്ഥ കാരണം എന്താ യാലും ഈ ഒരു സാഹചര്യം അദ്ദേഹത്തിന്റെ എതിരാളിക ളുടെ അപവാദപ്രചാരണത്തിന് ഒട്ടൊന്നുമല്ല സഹായകമായി ത്തീർന്നത്. ഇങ്ങനെയാണെങ്കിലും ജനങ്ങാം വലിയ സ്നേഹാ ദരങ്ങളോടുകൂടിത്തന്നെ അദ്ദേഹത്തെ വീക്ഷിച്ചുപോന്നു. പള്ളി യിൽ അദ്ദേഹം ചെയ്തുപോന്ന വിശിഷ്ടമായ പ്രസംഗങ്ങളാ യിരുന്നു അതിനു കാരണം. അതിനാൽ എതിരാളികാം അദ്ദേ ഹത്തെ അപകീർത്തിപ്പെടുത്താൻ ചെയ്ത ശ്രമങ്ങളെല്ലാം അവക്ക തന്നെ അപമാനത്തിന്ന കാരണമായി പരിണമിക്കുകയാണു ണ്ടായത്. അദ്ദേഹത്തിന്റെ പ്രസംഗങ്ങാം വളരെയേറെ വാഗ്മിതാപൂർണ്ണവും വിശ്വാസ സന്ദായകവും നന്മയ്ക്കു പ്രേരണ നൽകുന്നതുമായിരുന്നു. അദ്ദേഹം തന്നെ എഴുതി പ്രസിദ്ധീ കരിച്ച പ്രസംഗങ്ങളും ചുരുക്കെഴുത്തുകാർ കുറിച്ചെടുത്തു പ്രസി ദ്ധീകരിച്ച പ്രസംഗങ്ങളും ഇക്കാര്യം വെളിപ്പെടുത്തും എന്ന

www.malankaralibrary.com



വസ്തുത പ്രഖ്യാപിക്കാൻ നാം അമാന്തിക്കേണ്ടതില്ല. ആ പ്രസംഗങ്ങളെക്കുറിച്ചു ശരിയായ ഒരു ബോധം രൂപീകരിക്കാൻ ആഗ്രഹമുള്ളവർ അവ നേരിട്ടു വായിക്കുക തന്നെ വേണം. അവക്ക് അതുകൊണ്ടു് ആഹ്ലാദവും പ്രയോജനവും ലഭിക്കും.

## അധ്യായം 5

# ജോൺ പ്രമാണികളുടെ അപ്രീതി നേടുന്നു

ജോൺ വൈദികരുടെ മാത്രം അപ്രീതിക്കു പാത്രമായിരുന്ന കാലത്തു് അദ്ദേഹത്തിനെതിരായുള്ള ഉപജാപങ്ങളെല്ലാം നിഷ്ഫലങ്ങളായിരുന്നു. എന്നാൽ പിന്നീടു് ഉന്നത ഉദ്യോഗങ്ങളിലിരിക്കുന്ന ആളുകളെയും അതുപോലെതന്നെ അനിയന്ത്രിതമായ ആവേശത്തോടെ അദ്ദേഹം ഭർത്സിക്കാൻ തുടങ്ങിയപ്പോഠം സ്ഥിതി മാറി. അദ്ദേഹത്തിനെതിരായി ജനവിദ്വേഷത്തിൻെറ വേലിയേററം വളരെ ശക്തമായിത്തീർന്നു. അദ്ദേഹത്തെ ആക്ഷേപിക്കുന്ന കഥകഠം ധാരാളമായി പ്രചരിച്ചു തുടങ്ങി. കഥകഠംക്കു താല്പര്യവും വിശ്വാസവുമുള്ള ശ്രോതാക്കളുമുണ്ടായി. ഈ വിദ്വേഷവികാരം വളരെയധികമായി വളരുന്നതിനു് ഒരു പ്രത്യേക സംഭവം കാരണമാകുകയും ചെയ്തു. എവുത്രോപ്പിയൂസ് എന്നയാളിനെതിരായി അദ്ദേഹം ചെയ്ത ഒരു പ്രസംഗമായിരുന്നു ആ സംഭവം. എവുത്രോപ്പിയൂസ് ചക്രവർത്തിയുടെ ശയനാഗാരത്തിലെ പ്രധാന ഉദ്യോഗസ്ഥനായ ഷണ്ഡനായിരുന്നു. കോൺസുഠം പദവി എററവും ആദ്യമായി നൽകപ്പെട്ട ഷണ്ഡനും അയാളായിരുന്നു. പള്ളികളിൽ അഭയം പ്രാപിച്ച തൻെറ ചില വിരോധികളോടുള്ള വൈരാഗ്യം തീർക്കുന്നതിനു വേണ്ടി, കുററവാളികഠംക്കു പള്ളികളിൽ അഭയം തേടാനുള്ള അവകാശം നിഷേധിക്കുന്ന ഒരു നിയമം അയാഠം ചക്രവർത്തിമാരെക്കൊണ്ടു നടപ്പാക്കിച്ചു. ദേവാലയങ്ങളിൽ അഭയം തേടുന്നവരെയും പിടികൂടാൻ അതുമൂലം ഉദ്യോഗസ്ഥന്മാർക്കു് അധികാരം ലഭിച്ചു. എന്നാൽ എവുത്രോപ്പിയൂസിനു് ഇതിനുള്ള ശിക്ഷ താമസിയാതെ തന്നെ കിട്ടി. പ്രസ്തുത നിയമം നടപ്പായിട്ടു് അധികം കഴിയും മുമ്പു തന്നെ എവുത്രോപ്പിയൂസ് ചക്രവർത്തിയുടെ അപ്രീതിക്കു പാത്രമായി, അയാഠം രക്ഷയ്ക്കായി പള്ളിയിൽ അഭയം തേടി. അയാഠം ഭയന്നുവിറച്ചുകൊണ്ടു് ബലിപീഠമേശയുടെ കീഴിൽ കിടന്ന

www.malankaralibrary.com



പ്പോൾ ജോൺ മെത്രാൻ പ്രസംഗപീഠത്തിൽ കയറി. ജനങ്ങൾക്ക തന്റെ വാക്കുകൾ നന്നായി ശ്രവിക്കുന്നതിനുള്ള സൗകര്യത്തിനുവേണ്ടി അദ്ദേഹം പ്രസംഗപീഠത്തിൽ നിന്നായിരുന്നു പ്രസംഗിക്കുക പതിവ്. അവിടെ നിന്നുകൊണ്ട് അദ്ദേഹം എവുത്രോപ്പിയുസിനെതിരേ ശകാരശരങ്ങൾ ചൊരിഞ്ഞു. ഈ നടപടി പലരിലും ശക്തിയായ വെറുപ്പാണുളവാക്കിയത്. നിർഭാഗ്യവാനായ ഒരു മനുഷ്യനോട് അദ്ദേഹം കാരുണ്യം കാട്ടിയില്ലെന്നു മാത്രമല്ല, ക്രൂരതയോട് അധിക്ഷേപം കൂട്ടിച്ചേർക്കുകയും ചെയ്തു എന്ന് അവർ കരുതി.

ഏതായാലും എവുത്രോപ്പിയുസ് ചെയ്ത ചില കുററകൃത്യങ്ങൾ കാരണമായി, ചക്രവർത്തിയുടെ കല്പനയനുസരിച്ച് അയാൾ പിടിക്കപ്പെടുകയും കോൺസുൾ പദവി ഉണ്ടായിരുന്നിട്ടും വധിക്കപ്പെടുകയും ചെയ്തു. കോൺസുൾമാരുടെ പട്ടികയിൽ നിന്നു് അയാളുടെ പേരു മായിക്കപ്പെട്ടു. അയാളുടെ കൂട്ടത്തിലുണ്ടായിരുന്ന തിയഡോർ മാത്രം അക്കൊല്ലം ബാക്കി കാലത്തേയ്ക്ക് കോൺസുളായി നിലനിന്നു.

ജോൺ ഇതേ രീതിയിലുള്ള അതിസ്വാതന്ത്ര്യം അന്നത്തെ സർവസൈന്യാധിപനായിരുന്ന ഗയ്നാസിനെതിരെയും പ്രയോഗിച്ചു എന്നാണു പറയപ്പെടുന്നത്. തനിക്കു പതിവുള്ള പരുക്കൻ സമ്പ്രദായത്തിൽത്തന്നെ അയാളെക്കുറിച്ചും പ്രസംഗിച്ചു. അയാൾ ആര്യൻ പക്ഷപാതമുള്ള ആളായിരുന്നതുകൊണ്ട്, നഗരത്തിലെ ഒരു പള്ളി ആര്യൻ വിശ്വാസികൾക്കു കൊടുക്കാൻ അയാൾ ചക്രവർത്തിയെ പ്രേരിപ്പിച്ചു എന്നതായിരുന്നു ആക്രമണത്തിനു കാരണം. വളരെ ഉയർന്ന ഉദ്യോഗങ്ങളിലിരുന്ന വേറെ പലയാളുകളും ഇതുപോലെ ഓരോരോ കാരണങ്ങളാൽ അദ്ദേഹത്തിന്റെ മയവും നിയന്ത്രണവുമില്ലാത്ത ശകാരത്തിനു വിഷയങ്ങളായി. ഇങ്ങനെ കരുത്തരായ അനേകം ശത്രുക്കളെ അദ്ദേഹം സൃഷ്ടിച്ചു.

ജോൺ മെത്രാനായി വാഴിക്കപ്പെട്ടപ്പോൾത്തന്നെ അദ്ദേഹത്തെ സ്ഥാനഭ്രഷ്ടനാക്കുന്നതിനുള്ള ഗൂഢാലോചന ആരംഭിച്ചിരുന്നു. അലക്സാൺഡ്രിയൻ മെത്രാനായ തെയോഫിലസ് അതിനുവേണ്ടി തീവ്രയത്നങ്ങൾ നടത്തി. അടുത്തുള്ള സഹകാരികളെ നേരിട്ടും അകലെയുള്ളവരെ കത്തുവഴിയും സഹകരിപ്പിച്ചുകൊണ്ടായിരുന്നു ഈ യത്നം. തനിക്കിഷ്ടപ്പെടാത്ത എന്തിനെയും മയമില്ലാതെ അധിക്ഷേപിക്കുന്ന ജോണിന്റെ ധീരത മാത്രമായിരുന്നില്ല തെയോഫിലസിന്റെ നീക്കങ്ങൾക്കു പ്രേരകം. തന്റെ പ്രിയപ്പെട്ട വൈദികനായിരുന്ന ഇസി

www.malankaralibrary.com



ദോറിനെ കോൺസ്റ്റാൻറിനോപ്പിളിലെ മെത്രാനാക്കാൻ കഴിയാഞ്ഞതിലുള്ള ഇച്ഛാഭംഗവും അതിനു പിന്നിലുണ്ടായിരുന്നു. ജോൺ മെത്രാനെ സംബന്ധിച്ച കാര്യങ്ങൾ അന്നു് ഇങ്ങനെയൊരവസ്ഥയിലായിരുന്നു. മെത്രാൻ ഭരണത്തിൻെറ ആദ്യഘട്ടത്തിൽത്തന്നെ ഇപ്രകാരം അതിനു ഭീഷണികൾ ഉയന്നു. അക്കാര്യങ്ങളെക്കുറിച്ചു വിശദമായി പിന്നീടു പറയാം.

## അധ്യായം 6

## ഗയ്നാസിൻെറ കുത്സിതവൃത്തികളും അന്ത്യവും

ഈ കാലഘട്ടത്തിലുണ്ടായ സ്മരണീയമായ ചില സംഭവങ്ങൾ ഇനി വിവരിക്കാം. റോമാനഗരവും സാമ്രാജ്യവും വലുതായ നാശത്തിൽപ്പെടാതെ ദൈവപരിപാലന അസാധാരണമായ വിധത്തിൽ സംരക്ഷിച്ചതെങ്ങനെയെന്നു് അതിൽനിന്നു വെളിവാകുകയും ചെയ്യും. ഗയ്നാസ് എന്നയാൾ ജനനം കൊണ്ടു് ഒരു കാട്ടുവർഗ്ഗക്കാരനായിരുന്നു. അയാൾ റോമൻ പൗരത്വം സ്വീകരിച്ചു് റോമൻ പട്ടാളത്തിൽ ചേർന്നു. നിരന്തരമായി സ്ഥാനക്കയററങ്ങൾ നേടി ഒടുവിൽ അയാൾ റോമൻ കാലാൾപ്പടയുടെയും കുതിരപ്പടയുടെയും സർവ്വസൈന്യാധിപനായിത്തീർന്നു. ഈ ഉന്നതസ്ഥാനം ലഭിച്ചു കഴിഞ്ഞപ്പോൾ അയാൾ പഴയകഥകളൊക്കെ മറന്നു. തൻെറ സ്ഥാനവും ബന്ധങ്ങളും വിസ്മരിച്ചു. അയാൾക്കു സ്വയം നിയന്ത്രിക്കാൻ കഴിഞ്ഞില്ല. റോമൻ ഭരണം കൈക്കലാക്കാനുള്ള ശ്രമത്തിൽ പഴയ ശൈലിയനുസരിച്ചു പറഞ്ഞാൽ, അയാൾ 'ഒരു കല്ലും ഇളക്കാതെ വിട്ടില്ല'. ഈ ലക്ഷ്യപ്രാപ്തിക്കുവേണ്ടി അയാൾ തൻെറ ജാതിക്കാരായ ഗോത്യരെ അവരുടെ നാട്ടിൽനിന്നു വിളിച്ചുവരുത്തി. സൈന്യത്തിലെ വലിയ ഉദ്യോഗങ്ങളെല്ലാം തൻെറ ബന്ധുക്കൾക്കു നൽകി. ഇക്കൂട്ടത്തിൽപ്പെട്ട ഒരാളും ഫ്രീജിയായിലെ റോമൻ സൈന്യത്തിൻെറ നായകനുമായിരുന്ന ത്രിബിജിൽദുസു് അയാളുടെ നിർദ്ദേശമനുസരിച്ചു് പരസ്യമായ കലാപം ആരംഭിച്ചു. അതു് ഫ്രീജിയായിലെ ജനങ്ങളുടെ മനസ്സിൽ ചിന്താക്കുഴപ്പവും അമ്പരപ്പും വളർത്തി. അവിടത്തെ കാര്യങ്ങൾ നേരേയാക്കുന്ന ചുമതല തന്നെത്തന്നെ ഏല്പിക്കാൻ ചക്രവർത്തിയെ പ്രേരിപ്പിക്കുന്ന വിഷയത്തിലും അയാൾ വിജയിച്ചു. ഇതുമൂലം ഏന്തെങ്കിലും കുഴപ്പമുണ്ടാകുമെന്ന ഒരു സംശയം പോലും അർക്കേഡിയസ് ചക്രവർത്തിക്കു്

www.malankaralibrary.com



ഉണ്ടായില്ല. കാട്ടുജാതിക്കാരായ ഗോത്യരുടെ ഒരു വലിയ സൈന്യവുമായി ഗയ്നാസ് ഫ്രീജിയായിലേയ്ക്കു പുറപ്പെട്ടു. ഈ യാത്ര ത്രിബിജിൽദസിനെ ഒതുക്കാൻവേണ്ടിയുള്ളതാണെന്നു പുറമേ തോന്നി. എന്നാൽ നീതിവിരുദ്ധമായ തൻെറ ആധിപത്യം അവിടെ ഉറപ്പിക്കുകയായിരുന്നു അയാളുടെ ഗൂഢലക്ഷ്യം. ഫ്രീജിയായിൽ എത്തിയ അയാരം എല്ലാ കാര്യങ്ങളും അട്ടിമറിക്കാൻ തുടങ്ങി. അതിൻെറ ഫലമായി റോമാക്കാരായ എല്ലാവരുടെയും അവസ്ഥ വല്ലാത്ത് കുഴപ്പത്തിലായി. ഗയ്നാസിൻെറ ചൊൽപ്പടിയിൽ കാട്ടുജാതിക്കാരുടെ ഒരു വൻപട ഉണ്ടായിരുന്നു എന്നതു മാത്രമല്ല വിഷമങ്ങൾക്കു കാരണം; കിഴക്കൻ പ്രദേശത്തെ ഏററവും ഫലപുഷ്ടവും സമ്പന്നവുമായ പ്രദേശങ്ങൾ മുഴുവൻ സർവ്വനാശത്തിൻെറ ഭീഷണിയിലുമായി. ചക്രവർത്തി വിവരമറിഞ്ഞപ്പോൾ വളരെ വിവേകപൂർവ്വമായി, സൗമ്യമായ ഇടപെടൽകൊണ്ടു് ആ കാട്ടുജാതിക്കാരൻെറ മുന്നേററം തടയാനാണു തീരുമാനിച്ചതു്. അതനുസരിച്ചു് അദ്ദേഹം അയാളുടെ പക്കലേയ്ക്കു് ഒരു പ്രതിനിധിസംഘത്തെ അയച്ചു. തല്ക്കാലം എന്തു വിട്ടുവീഴ്ച ചെയ്തും അയാളെ പ്രീണിപ്പിക്കാനുള്ള നിർദ്ദേശമാണ് അവർക്കു നൽകിയിരുന്നതു്. സത്തുർണീനൂസു്, ഔറേലിയൻ എന്നീ രണ്ടു പ്രമുഖവ്യക്തികളെ തനിക്കു വിട്ടുതരണമെന്നതായിരുന്നു ഗയ്നാസ് ആവശ്യപ്പെട്ടതു്. അവർ സെനററർ സമൂഹത്തിലെ പ്രമുഖന്മാരും കോൺസുളർ പദവി ഉള്ളവരും ആയിരുന്നു. തൻെറ തോന്ന്യാസങ്ങൾക്കു് അവർ അരുനിൽക്കുകയില്ലെന്നു് ഗയ്നാസിനു് അറിയാമായിരുന്നു. ആ വിഷമഘട്ടത്തിൻെറ ഗൗരവം കരുതി വലിയ വൈമനസ്യത്തോടെയാണെങ്കിലും ചക്രവർത്തി ആ വ്യവസ്ഥ അംഗീകരിച്ചു. ആ രണ്ടു വ്യക്തികൾ പൊതുനന്മയ്ക്കുവേണ്ടി മരിക്കാൻ തയാററായിക്കൊണ്ടു് ചക്രവർത്തിയുടെ ഇംഗിതത്തിനു് ശ്രേഷ്ഠമനസ്സോടെ സ്വയം ഏല്പിച്ചുകൊടുത്തു. അതനുസരിച്ചു് ആ കാട്ടാളൻെറ പക്കലേയ്ക്കു് അവർ പുറപ്പെട്ടു. കാൽസിഡണിൽനിന്നു കുറെയകലെ കുതിരയോട്ടം നടക്കുന്നിടത്തുവച്ചായിരുന്നു സന്ദർശനം നിശ്ചയിക്കപ്പെട്ടതു്. കാട്ടാളൻ തീരുമാനിക്കുന്ന എന്തും സഹിക്കാൻ തയാററായിട്ടായിരുന്നു അവരുടെ യാത്ര. ഏതായാലും അവക്കു പീഡനമൊന്നും സഹിക്കേണ്ടി വന്നില്ല. അധികാരക്കയ്യേററക്കാരൻ അസംതൃപ്തി ഭാവിച്ചുകൊണ്ടു് കാൽസിഡണിലേയ്ക്കു നീങ്ങി. അയാളെ സന്ദർശിക്കാനായി അക്കേഡിയസു് ചക്രവത്തിയും അവിടെയെത്തി. രക്തസാക്ഷിണിയായ എവുഫേമിയായുടെ മൃതദേഹം സംസ്കരിച്ചിരുന്ന പള്ളിയിൽ രണ്ടു പേരും പ്രവേശിച്ചു. അവിടെവച്ചു്, ഒരാൾ മറെറാരാൾക്കെതിരായി യാതൊരു ഗൂഢാലോചനയിലും ഏർപ്പെടുകയില്ലെന്നു രണ്ടുപേരും സത്യ

www.malankaralibrary.com



പ്രതിജ്ഞ ചെയ്തു. ചക്രവർത്തി, സത്യപ്രതിജ്ഞയെ സംബന്ധിച്ച് മതപരമായ ആദരവുള്ളവനും അതുവഴി ദൈവത്തിനു പ്രിയപ്പെട്ടവനും ആയിരുന്നതുകൊണ്ട് ഈ വാഗ്ദാനം പാലിച്ചു. എന്നാൽ ഗയ്നാസ് താമസിയാതെ അതു ലംഘിച്ചു. നേരത്തേയുള്ള ദുഷ്ടലക്ഷ്യത്തിൽനിന്ന് അയാൾ പിന്മാറിയില്ല. ഏതെങ്കിലും വിധത്തിൽ നടപ്പാക്കാൻ കഴിയുമെന്നുണ്ടെങ്കിൽ കോൺസ്റ്റാൻറിനോപ്പിളിനെതിരെ മാത്രമല്ല, റോമാസാമ്രാജ്യത്തിൻെറ മുഴുവൻ വിസ്തൃതിക്കും എതിരെ കൊലയും കൊള്ളയും കൊള്ളിവയ്പും നടത്തണമെന്നുള്ളതായിരുന്നു അയാളുടെ ആഗ്രഹം. അതനുസരിച്ച് ആ നഗരത്തിൽ കാട്ടുവർഗ്ഗക്കാർ ഒരു പ്രളയം പോലെ ഇരച്ചുകയറി. നഗരനിവാസികൾ തടവുകാരുടെതിൽനിന്ന് ഒട്ടും മെച്ചമല്ലാത്ത ഒരവസ്ഥയിലായി. നഗരം അകപ്പെട്ട വിപത്തിൻെറ ഭീകരതമൂലം ഒരു വലിയ വാൽനക്ഷത്രവും പ്രത്യക്ഷപ്പെട്ടു. ആകാശത്തുനിന്നു ഭൂമിയിൽ വന്നുമുട്ടാൻ മാത്രമുണ്ടായിരുന്നു അതിൻെറ വലിപ്പം. അതിനുമുമ്പ് ഒരിക്കലും കാണപ്പെട്ടിട്ടില്ലാത്ത വിധത്തിലുള്ള ആ ധൂമകേതു ആപത്തിൻെറ മുന്നറിയിപ്പു നല്കി.

ഗയ്നാസ് ആദ്യമായി വളരെ നാണംകെട്ട ഒരുദ്യമം നടത്തി. കടകളിൽ വില്പനയ്ക്കായി പ്രദർശിപ്പിച്ചിരിക്കുന്ന വെള്ളി മുഴുവൻ പിടിച്ചെടുക്കുക എന്നതായിരുന്നു അയാളുടെ ഉദ്ദേശ്യം. ഈ വിവരം എങ്ങനെയോ കടയുടമസ്ഥന്മാർക്കു മുൻകൂട്ടി മനസ്സിലായി. അതിനാൽ അവർ സാധനങ്ങളൊന്നും പ്രദർശനത്തിനു വച്ചില്ല. അപ്പോൾ അയാളുടെ ചിന്ത മറെറാരു വഴിക്കായി. തൻെറ വർഗ്ഗത്തിൽപ്പെട്ട വലിയൊരു സംഘം ആളുകളെ രാത്രിയിൽ വിട്ട് കൊട്ടാരം അഗ്നിക്കിരയാക്കുക. ദൈവത്തിന് ആ നഗരത്തിന്മേൽ കാരുണ്യപൂർവ്വമായ പരിപാലനയുണ്ടെന്ന് അപ്പോഴാണു വ്യക്തമായത്. കൊള്ളിവയ്ക്കാൻ വന്ന കാട്ടാളപ്പട്ടാളത്തിനു മുമ്പിൽ വളരെ വലിപ്പമുള്ള ആയുധധാരികളായ പട്ടാളക്കാരുടെ രൂപത്തിൽ വലിയൊരു സംഘം മാലാഖമാർ പ്രത്യക്ഷപ്പെട്ടു. ധീരന്മാരായ പോരാളികളടങ്ങുന്ന ഒരു വലിയ സൈന്യമാണത് എന്നു കരുതി സംഭീതരായി ആക്രമണകാരികൾ പിന്തിരിഞ്ഞു. ഇക്കാര്യം കേട്ടപ്പോൾ അതു തീർത്തും അവിശ്വസനീയമായിട്ടാണു ഗയ്നാസ് കരുതിയത്. കാരണം റോമൻ സൈന്യത്തിൻെറ വലിയപങ്ക് വളരെ അകലെയാണ് എന്ന് അയാൾക്കറിയാമായിരുന്നു. കിഴക്കൻ നഗരങ്ങളെ രക്ഷിക്കുന്നതിനുള്ള കാവൽസൈന്യമായി അവ നിയോഗിക്കപ്പെട്ടിരിക്കുകയാണ്. ഗയ്നാസ് അടുത്ത രാത്രിയിൽ വേറെ ആളുകളെ അയച്ചു; അതിനടുത്ത രാത്രികളിലും. എല്ലായ്പോഴും മുൻപറഞ്ഞ അനു

www.malankaralibrary.com



ഭേകഥനത്തോടെ അവർ തിരിച്ചുവരുകയാണുണ്ടായത്. ദൈവദൂതന്മാർ മുൻപറഞ്ഞ രീതിയിൽത്തന്നെ വീണ്ടും പ്രത്യക്ഷപ്പെട്ടിരുന്നു എന്നതുതന്നെ കാരണം. ഒടുവിൽ വളരെയധികം ആളുകളോടുകൂടെ അയാൾ തന്നെ വന്നു് പ്രസ്തുത അത്ഭുതദർശനം നേരിട്ടു കണ്ടു. താൻ കണ്ടതു് ഒരു യഥാർത്ഥ സേനാവ്യൂഹം തന്നെയായിരിക്കുമെന്നു് അയാൾ കരുതി. അവർ പകൽ എവിടെയെങ്കിലും മറഞ്ഞിരിക്കുകയും രാത്രി തൻെറ ദുർന്നയത്തെ ചെറുക്കാൻ വന്നെത്തുകയും ചെയ്യുകയാണെന്നു് അയാൾ വിശ്വസിച്ചു. അതിനാൽ കൊട്ടാരം തകർക്കാനുള്ള ഉദ്യമത്തിൽ നിന്നു് അയാൾ പിന്മാറി.

റോമാക്കാർക്കു് ഉപദ്രവകരമാകുമെന്നു കരുതിയ മറെറാരു പരിപാടിയിലേയ്ക്കാണു് പിന്നെ അയാൾ കടന്നതു്. എന്നാൽ അതു് അവർക്കു് വളരെ സഹായകമായി പരിണമിച്ചു. പിശാചുബാധ അഭിനയിച്ചുകൊണ്ടു് നഗരത്തിൽനിന്നു് ഏഴുമൈൽ അകലെയുള്ള യോഹന്നാൻശ്ലീഹായുടെ പള്ളിയിലേയ്ക്കു് പ്രാർത്ഥിക്കാനെന്ന ഭാവത്തിൽ അയാൾ പോയി. ആയുധങ്ങളേന്തിയ കാട്ടുവർഗ്ഗക്കാർ അയാളെ അനുഗമിച്ചിരുന്നു. എന്നാൽ ആയുധങ്ങളെല്ലാം അവർ മറച്ചാണു വച്ചിരുന്നതു്. നഗരകവാടത്തിൽ കാവൽനിന്ന സൈനികർക്കു് ഇതു മനസ്സിലായി. അതിനാൽ അവർ ആഗതരെ അകത്തേയ്ക്കു വിട്ടില്ല. ആ കാട്ടുവർഗ്ഗക്കാർ വാളുകൾ ഊരി കാവൽക്കാരെ കൊലപ്പെടുത്തി. തുടർന്നു് പട്ടണത്തിൽ ഭയങ്കരമായ ലഹളയുണ്ടായി. എല്ലാവരും കൊല്ലപ്പെടുമോ എന്നു് സംശയിക്കേണ്ട സ്ഥിതിയായി. എങ്കിലും നഗരകവാടങ്ങൾ എല്ലായിടത്തും ശരിയായി സംരക്ഷിക്കപ്പെട്ടിരുന്നതുകൊണ്ടു് നഗരം തല്ക്കാലം സുരക്ഷിതമായിരുന്നു. ചക്രവർത്തി സന്ദർഭോചിതമായ വിവേകത്തോടുകൂടി ഗയ്നാസിനെ ദേശീയ ശത്രുവായി പ്രഖ്യാപിക്കുകയും നഗരത്തിനുള്ളിൽ അകപ്പെട്ടിട്ടുള്ള കാട്ടുവർഗ്ഗക്കാരെയെല്ലാം വധിക്കാൻ കല്പന കൊടുക്കുകയും ചെയ്തു. അങ്ങനെ നഗരകവാടത്തിലെ കാവൽക്കാർ കൊല്ലപ്പെട്ടതിൻെറ പിറേറദിവസം റോമാക്കാർ നഗരത്തിലുള്ള കാട്ടുവർഗ്ഗക്കാരെ ആക്രമിച്ചു. ഗോത്യരുടെ പള്ളിക്കു സമീപം വച്ചാണു് ഏററുമുട്ടൽ ഉണ്ടായതു് – നഗരത്തിലുള്ള ഗോത്യരെല്ലാം അവിടെ വന്നുചേർന്നിരുന്നു. – റോമാക്കാർ ഗോത്യരെയെല്ലാം വധിച്ചശേഷം ആ പള്ളി കത്തിച്ചു ചാമ്പലാക്കുകയും ചെയ്തു. നഗരത്തിൽ അകപ്പെട്ട തൻെറ പക്ഷക്കാരെല്ലാം കൊല്ലപ്പെട്ടു എന്നും തൻെറ സകല തന്ത്രങ്ങളും വിഫലമായിരിക്കുന്നുവെന്നും മനസ്സിലാക്കിയ ഗയ്നാസ് വി. യോഹന്നാൻെറ ദേവാലയം വിടുകയും വേഗത്തിൽ ത്രേസിലേയ്ക്കു നീങ്ങുകയും ചെയ്തു. അയാൾ

www.malankaralibrary.com



ചെർസോണെസ് നദീതീരത്തെത്തി. അവിടെനിന്നു ലംപ്സാക്കുസിലേയ്ക്കു കടക്കണമെന്നായിരുന്നു ഉദ്ദേശ്യം അവിടം കേന്ദ്രമാക്കിക്കൊണ്ട് പൗരസ്ത്യഭാഗങ്ങൾ മുഴുവൻ അധീനമാക്കാമെന്ന് അയാൾ കരുതി. അയാളെ അനുധാവനം ചെയ്യാൻ ചക്രവർത്തി കരമാർഗ്ഗമായും ജലമാർഗ്ഗമായും സൈന്യങ്ങളെ അയച്ചിരുന്നു. ഈ സന്ദർഭത്തിൽ ദൈവപരിപാലനയുടെ അത്ഭുതകരമായ മറെറാരിടപെടൽ സംഭവിച്ചു. കാട്ടുവർഗ്ഗക്കാർക്ക് കപ്പലുകളില്ലാതിരുന്നതുകൊണ്ട് താല്ക്കാലിക ചങ്ങാടങ്ങൾ ഉണ്ടാക്കി നദി തരണം ചെയ്യാൻ അവർ ശ്രമിക്കുകയായിരുന്നു. പെട്ടെന്നാണ് റോമൻ കപ്പൽപ്പട പ്രത്യക്ഷപ്പെട്ടത്. പടിഞ്ഞാറുനിന്ന് അതിശക്തിയായി കാററടിക്കാനും തുടങ്ങി. റോമൻ സൈന്യത്തിന് അതുമൂലം ആക്രമണം വളരെ അനായാസമായി. കാട്ടുവർഗ്ഗക്കാർ അവരുടെ കുതിരകളുമായി കയറിക്കൂടിയ ചങ്ങാടങ്ങൾ ശക്തിയായ കാററത്ത് ആടിയുലയുകയും മിക്കവയും ഒടുവിൽ മുങ്ങിപ്പോവുകയും ചെയ്തു. റോമൻ സൈനികർ വളരെപ്പേരെ വകവരുത്തി. ഇങ്ങനെ കാട്ടുവർഗ്ഗക്കാരിൽ നല്ലൊരു പങ്കു നശിച്ചു. എന്നാൽ ഗയ്നാസ് ഒരു വിധത്തിൽ രക്ഷപെട്ട് ത്രേസിലേയ്ക്കു പലായനം ചെയ്തു. അവിടെ വലിയൊരു റോമൻസൈന്യം അയാളുമായി ഏററുമുട്ടി. ഏററുമുട്ടലിൽ അയാളും അയാളോടൊപ്പമുണ്ടായിരുന്ന കാട്ടുവർഗ്ഗക്കാരിൽ നല്ലൊരു പങ്കും വധിക്കപ്പെട്ടു. ഗയ്നാസിനെക്കുറിച്ചുള്ള അപൂർണ്ണവിവരണം ഇവിടെ അവസാനിപ്പിക്കാം.

ആ യുദ്ധത്തിന്റെ വിശദവിവരങ്ങൾ അറിയണമെന്നാഗ്രഹിക്കുന്നവർ എവുസേബിയസ് സ്കൊളാസ്റ്റിക്കസ് എഴുതിയ *ഗെയ്നെയാ* എന്ന പുസ്തകം വായിക്കണം. എവുസേബിയസ് അക്കാലത്ത് താക്കിനായ ട്രോയിലുസിന്റെ ശിഷ്യനായിരുന്നു. അദ്ദേഹം ആ യുദ്ധം നേരിട്ടു കണ്ടയാളാണ്. ''ഹീറോയിക് വൃത്തത്തിൽ'' നാലു ഭാഗങ്ങളിലായി അതിനെ വർണ്ണിക്കുന്ന ഒരു കവിതയും അദ്ദേഹം എഴുതി. കവിത അക്കാലത്തുതന്നെ സംഭവിച്ച കാര്യത്തെക്കുറിച്ചാകയാൽ അദ്ദേഹത്തിന് അതിന്റെ പേരിൽ നല്ല പ്രസിദ്ധിയും ലഭിച്ചു. ആ യുദ്ധത്തെക്കുറിച്ചുതന്നെ കവിയായ അമ്മോണിയുസ് പിന്നീട് ഒരു കവിത രചിച്ചു. അത് അദ്ദേഹം ചക്രവർത്തിയുടെ സന്നിധിയിൽ വായിച്ചു കേൾപ്പിച്ചു. ഇളയ തിയഡോഷ്യസിന്റെ പതിനാറാം കോൺസുളേററ് കാലത്തായിരുന്നു അത്.[6] അന്ന് ഇതരകോൺസുൾ ഫൗസ്റ്റുസ് എന്നയാളായിരുന്നു.

6. 438-ൽ

www.malankaralibrary.com



മുകളിൽ പറഞ്ഞ യുദ്ധം നടന്നതു് സ്റ്റിലിക്കോ, ഔറേലിയൻ എന്നിവർ കോൺസുലന്മാരായിരുന്ന കാലത്താണ്[7] അടുത്തവർഷം കോൺസുളേററു് നിർവ്വഹിച്ചതു് ഫ്രാവിത്തുസു് ആയിരുന്നു. അയാളും ജന്മനാ ഗോത്ത്വർഗ്ഗക്കാരനായിരുന്നെങ്കിലും റോമാക്കാരുടെ സ്നേഹാദരങ്ങൾ നേടി. അയാൾ അവരോടു വലുതായ സ്നേഹവും വിശ്വസ്തതയും പുലർത്തി. മേൽപറഞ്ഞ യുദ്ധത്തിൽത്തന്നെ അയാൾ റോമൻ പക്ഷത്തുനിന്നു് വിശിഷ്ട സേവനം നിർവ്വഹിച്ചു. അതിൻെറയൊക്കെ ഫലമായി അയാൾക്കു കോൺസുൾ പദവി നൽകപ്പെടുകയും ചെയ്തു. ആ വർഷം ഏപ്രിൽ പത്താം തീയതി അർക്കേഡിയസു് ചക്രവർത്തിക്കു് ഒരു മകൻ ജനിച്ചു, നല്ലവനായ തിയഡോഷ്യസു്.

രാഷ്ട്രത്തിൻെറ കാര്യങ്ങൾ ഇപ്രകാരം കുഴപ്പം പിടിച്ചതായിരുന്ന സന്ദർഭത്തിൽ സഭയുടെ അധികാരികൾ അവരുടെ നാണംകെട്ട പരസ്പര കലഹങ്ങളിലും ഗൂഢാലോചനകളിലും നിന്നു് ഒട്ടും പിൻമാറിയിരുന്നില്ല. ഇതു് ക്രിസ്തുമതത്തിനു തന്നെ അപമാനകരമായിത്തീർന്നു. ഇക്കാലത്തു് വൈദികാധികാരികൾ ഒരാൾ മറെറാരാൾക്കെതിരായി കലഹങ്ങൾ ഇളക്കിവിട്ടു. ഈ കുഴപ്പങ്ങളുടെ ആരംഭം താഴെ പറയുംവിധം ഈജിപ്ററിലാണുണ്ടായതു്.

## അധ്യായം 7

## തെയോഫിലസ് മെത്രാനും മരുഭൂമിയിലെ സന്യാസിമാരും

ദൈവത്തിനു ശാരീരികമായ അസ്തിത്വമുണ്ടോ, മനുഷ്യൻെറ രൂപമുണ്ടോ, അതോ മനുഷ്യൻെറയോ മറേറതെങ്കിലും ജീവിയുടെയോ രൂപമില്ലാത്ത ശരീരരഹിത അസ്തിത്വമാണോ ദൈവത്തിനുള്ളതു് എന്ന തർക്കം അല്പംമുമ്പു് ആരംഭിച്ചതായിരുന്നു. ഇപ്രശ്നത്തിൽനിന്നു് വളരെയധികം ആളുകളുടെയിടയ്ക്കു് തർക്കങ്ങളും മത്സരങ്ങളും ഉണ്ടായി. ചിലർ ഒരഭിപ്രായത്തെ അനുകൂലിച്ചു; വേറെചിലർ മറുഭാഗത്തു പക്ഷംചേർന്നു. സാധാ

7. 400-ൽ

www.malankaralibrary.com



രണക്കാരായ സന്യാസിമാരിൽ അധികംപേരും ദൈവത്തിനു ശരീരമുണ്ടെന്നും അതു് മനുഷ്യരൂപത്തിലുള്ളതാണെന്നും വാദിച്ചു. എന്നാൽ മററുള്ളവരധികവും ഈ അഭിപ്രായത്തെ ഖണ്ഡിച്ചു. ദൈവത്തിനു ശരീരമില്ലെന്നും യാതൊരു രൂപവുമില്ലെന്നും അവർ വാദിച്ചു. അലക്സാൺഡ്രിയായിലെ മെത്രാനായ തെയോഫിലസു് ഈ രണ്ടാമത്തെ വാദഗതിയെയാണ് അനുകൂലിച്ചതു്. ദൈവത്തിനു മനുഷ്യരൂപമുണ്ടെന്നു പറഞ്ഞവരെ അയാറം പള്ളിയിൽവച്ചു് അതിരൂക്ഷമായി നിന്ദിച്ചു; ദൈവം അശരീരിയാണെന്നു സ്പഷ്ടമായി പഠിപ്പിച്ചു. ഈജിപ്ററിലെ സന്യാസിമാർ ഇതറിഞ്ഞപ്പോരം അവർ സ്വന്തം ആശ്രമങ്ങരം വിട്ടു് അലക്സാണ്ഡ്രിയായിലെത്തി. അവിടെ അവർ മെത്രാനെതിരായി ഒരു ലഹള ഇളക്കിവിട്ടു. അയാറം ദൈവഭക്തിയില്ലാത്തവനാണെന്നു കുററപ്പെടുത്തുകയും കൊന്നുകളയുമെന്നു ഭീഷണിപ്പെടുത്തുകയും ചെയ്തു. ഈ അപകടസാദ്ധ്യത പരിഗണിച്ചു് കുറെ ആലോചിച്ചതിനുശേഷം മരണത്തിൻെറ ഭീഷണിയിൽ നിന്നു രക്ഷപെടുവാൻ താഴെ പറയുന്ന ഉപായം അവലംബിച്ചു. സന്യാസിമാരുടെ പക്കൽച്ചെന്നു് അനുനയസ്വരത്തിൽ അയാറം പറഞ്ഞു: ''ഞാൻ നിങ്ങളിൽ ദൈവത്തിൻെറ മുഖം കാണുന്നു.'' ഈ വാക്യം സന്യാസിമാരുടെ കോപം ഒട്ടൊന്നു ശമിപ്പിച്ചു. അവർ ഇങ്ങനെ മറുപടി പറഞ്ഞു: ''ദൈവത്തിൻെറ മുഖം യഥാർത്ഥത്തിൽ ഞങ്ങളുടെതുപോലെയാണെന്നു താങ്കരം യഥാർത്ഥത്തിൽ സമ്മതിക്കുന്നുണ്ടെങ്കിൽ ഒരിജൻെറ പുസ്തകങ്ങളെ ശപിക്കുക. എന്തുകൊണ്ടെന്നാൽ ചിലർ അവയിൽനിന്നു് ആശയങ്ങരം സ്വീകരിച്ചുകൊണ്ടു് ഞങ്ങളുടെ അഭിപ്രായത്തെ എതിർക്കുന്നു. ഇങ്ങനെ ചെയ്യുകയില്ലെങ്കിൽ ഞങ്ങരം താങ്കളെ ഭക്തിയില്ലാത്തവനും ദൈവത്തിൻെറ ശത്രുവുമായി കണക്കാക്കുമെന്നു മനസ്സിലാക്കിക്കൊള്ളുക.''

ഇതുകേട്ടു് തെയോഫിലസു് പറഞ്ഞു, ''എൻെറ കാര്യം പറഞ്ഞാൽ, നിങ്ങളുടെ ആവശ്യം ഞാൻ സന്തോഷപൂർവ്വം അംഗീകരിക്കാം. ഞാൻ ഒരിജൻെറ കൃതികളോടു പണ്ടേ എതിരാണ്. അവയെ അനുകൂലിക്കുന്നവരെ കുററപ്പെടുത്തേണ്ടതാണെന്നും എനിക്കു് ആഗ്രഹമുണ്ടു്. അതിനാൽ നിങ്ങരം എന്നോടു കോപിക്കരുതു്.'' ഇപ്രകാരം പറഞ്ഞു് ആ സന്യാസിമാരുടെ കോപം അടക്കി അവരെ തത്കാലം പറഞ്ഞയക്കുന്നതിൽ അയാറം വിജയിച്ചു. ഉടൻതന്നെ മറെറാരു സംഭവം ഉണ്ടായിരുന്നില്ലെങ്കിൽ ഈ തർക്കവും ബഹളവും അവിടംകൊണ്ടു തീർന്നേനെ.

www.malankaralibrary.com



ഈജിപ്തിലെ സന്യാസാശ്രമങ്ങളുടെ മേൽനോട്ടക്കാരായി വളരെ ഭക്തന്മാരായ നാലാളുകളുണ്ടായിരുന്നു. ദിയസ്കോറോസ്, അമ്മോണിയൂസ്, എവുസേബിയസ്, എവുത്തീമിയസ് എന്നിവരായിരുന്നു അവർ. ഇവർ നാലും സഹോദരന്മാരും ''പൊക്കമുള്ള സന്യാസിമാർ''[8] എന്ന വിശേഷണത്താൽ അറിയപ്പെട്ടിരുന്നവരുമാണ്. അവരുടെ അസാധാരണമായ പൊക്കം കാരണമാണ് അങ്ങനെ വിളിക്കപ്പെട്ടിരുന്നത്. ജീവിതവിശുദ്ധിയുടെ കാര്യത്തിലും വിജ്ഞാനത്തിന്റെ കാര്യത്തിലും അവർ വളരെ പ്രശസ്തരും ആയിരുന്നു. ഈ കാരണങ്ങളാൽ അലക്സാൺഡ്രിയായിൽ അവരെക്കുറിച്ച് വളരെ ഉന്നതമായ ബഹുമാനമുണ്ടായിരുന്നു. ആ നഗരത്തിലെ മെത്രാനായ തെയോഫിലോസ് പ്രത്യേകമായും അവരെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്തിരുന്നു. അവരിൽ ഒരാളായ ദിയസ്കോറോസിനെ അയാൾ ഹെർമോപൊലീസിലെ മെത്രാനാക്കുകപോലും ചെയ്തിരുന്നു. അദ്ദേഹത്തിന്റെ വാസസ്ഥലത്തുനിന്നു ബലമായി പിടിച്ചുകൊണ്ടുവന്നു നിർബന്ധിച്ചു മെത്രാനാക്കുകയാണു ചെയ്തത്. മറ്റു രണ്ടു സഹോദരന്മാരെയും തന്റെ കൂടെയായിരിക്കാൻ അയാൾ നിർബന്ധിച്ചു; വളരെ ക്ലേശിച്ച് അക്കാര്യം അവരെക്കൊണ്ടു സമ്മതിപ്പിക്കുകയും ചെയ്തു. മെത്രാനെന്നനിലയിലുള്ള തന്റെ അധികാരം ഉപയോഗിച്ചാണ് ഇക്കാര്യം നേടിയെടുത്തത്. വൈദികസ്ഥാനങ്ങളിൽ അവരെ നിയമിച്ചു കഴിഞ്ഞപ്പോൾ ആദ്ധ്യാത്മികമായ കാര്യങ്ങളെല്ലാം അവരുടെ ചുമതലയിൽ ഏല്പിച്ചുകൊടുത്തു. ഇങ്ങനെ വിജയകരമായി തങ്ങളുടെമേൽ കെട്ടിയേല്പിക്കപ്പെട്ട ചുമതലകളെല്ലാം ഗത്യന്തരമില്ലാതെ അവർ നിർവ്വഹിച്ചുവന്നു. എങ്കിലും തങ്ങളുടെ ദാർശനികപഠനങ്ങളും സന്യാസോചിത പരിശീലനങ്ങളും തുടരാൻ നിവൃത്തിയില്ലാതെ വന്നതുകൊണ്ട് അവർക്കു വളരെ അസംതൃപ്തിയുണ്ടായിരുന്നു. കാലം കഴിയുംതോറും ഈ അതൃപ്തി വർദ്ധിച്ചുവന്നു. മെത്രാൻ ഭൗതികനേട്ടങ്ങളിൽ മാത്രം ശ്രദ്ധാലുവാണെന്ന വസ്തുത കൂടുതൽ കൂടുതൽ വ്യക്തമായി വരുന്തോറും തങ്ങൾക്ക് ആദ്ധ്യാത്മികമായ നഷ്ടം അധികമധികം സംഭവിക്കുകയാണെന്ന് അവർക്കു തോന്നി. മെത്രാൻ അത്യാഗ്രഹപൂർവ്വം ധനം സമ്പാദിക്കുകയായിരുന്നു; നേട്ടങ്ങൾക്കുവേണ്ടി, നാടൻ ചൊല്ലിൽ പറയുന്നതുപോലെ, ഒരു കല്ലും വിടാതെ ഇളക്കിനോക്കുകയായിരുന്നു. അതിനാൽ തുടർന്ന് അയാളോടൊപ്പം കഴിയാൻ അവർ തീർത്തും വിസമ്മതിച്ചു. തങ്ങൾ ഏകാന്തതയാണിഷ്ടപ്പെടുന്നതെന്നും നഗര

---

8. The Tall Monks or the long brothers.

www.malankaralibrary.com



ജീവിതത്തെക്കാൾ അധികമായി ഏകാന്തജീവിതത്തെ വില മതിക്കുന്നുവെന്നും അവർ വ്യക്തമാക്കി. പിരിഞ്ഞുപോകാനുള്ള അവരുടെ ആഗ്രഹത്തിന്റെ യഥാർത്ഥ കാരണം അറിയാതിരുന്നിടത്തോളം കാലം തന്നോടൊത്തു തുടരാൻ അയാൾ അവരെ ആത്മാർത്ഥമായി നിർബന്ധിച്ചുകൊണ്ടിരുന്നു. എന്നാൽ തന്റെ പെരുമാററത്തെക്കുറിച്ചുള്ള അവരുടെ അസംതൃപ്തിയാണു യഥാർത്ഥ കാരണമെന്നു മനസ്സിലാക്കിക്കഴിഞ്ഞപ്പോൾ അയാൾ അത്യന്തം രുഷ്ടനായി; അവരെ എല്ലാ വിധത്തിലും ദ്രോഹിക്കുമെന്നു ഭീഷണിപ്പെടുത്തി. എന്നാൽ ആ ഭീഷണികളെ തൃണവത്ഗണിച്ചുകൊണ്ട് അവർ മരുഭൂമിയിലേയ്ക്കു പോകുക തന്നെ ചെയ്തു. അവിവേകിയും ദുഷ്ടമാനസ്സനുമായ തെയോഫിലസ് അതിനെത്തുടർന്നു് ഉണ്ടാക്കിയ ബഹളം കുറച്ചൊന്നുമല്ല. തന്നാലാവുന്ന എല്ലാ തന്ത്രങ്ങളും ഉപയോഗിച്ച് അവരെ ദ്രോഹിക്കാൻ അയാൾ ശ്രമിച്ചു. അവരുടെ സഹോദരനും ഹെർമോപൊലീസിലെ മെത്രാനുമായ ദിയസ്കോറോസിനോടും അയാൾക്കു വിരോധമായി. സന്യാസിമാർ ദിയസ്കോറോസിനോടു കാണിച്ച അത്യധികമായ ബഹുമാനാദരങ്ങൾ അയാളെ വളരെയധികം അലോസരപ്പെടുത്തി. സന്യാസിമാരുടെ മനസ്സിൽ അവരെക്കുറിച്ചു വെറുപ്പുളവാക്കാതെ അവർക്ക് ഒരുപദ്രവവും ചെയ്യാൻ സാദ്ധ്യമല്ലെന്നു മനസ്സിലാക്കിയ അയാൾ അതിനായി താഴെ പറയുന്ന തന്ത്രം പ്രയോഗിച്ചു.

പ്രസ്തുത സന്യാസിമാരുമായി പലപ്പോഴും നടത്തിയിട്ടുള്ള സംഭാഷണത്തിൽനിന്നു് ദൈവത്തെക്കുറിച്ച് അവർക്കുള്ള അഭിപ്രായം അയാൾ മനസ്സിലാക്കിയിരുന്നു. 'ദൈവത്തിനു ശരീരമില്ല; യാതൊരു വിധത്തിലുമുള്ള മനുഷ്യാകൃതിയില്ല; എന്തെന്നാൽ അങ്ങനെ വരുമ്പോൾ മാനുഷികമായ വികാരങ്ങളും ഉണ്ടായിരിക്കേണ്ടിവരും. ഇക്കാര്യങ്ങൾ പ്രാചീന ഗ്രന്ഥകാരന്മാരും, പ്രത്യേകിച്ച് ഒരിജനും വ്യക്തമാക്കിയിട്ടുള്ളതാണ്.' ഇങ്ങനെയൊക്കെയായിരുന്നു അവരുടെ അഭിപ്രായം. ദൈവത്തിന്റെ സ്വഭാവത്തെക്കുറിച്ച് തെയോഫിലസിനും ഇതേ അഭിപ്രായങ്ങൾ തന്നെയാണുണ്ടായിരുന്നതു്. എങ്കിലും തന്റെ പ്രതികാരപരമായ വികാരങ്ങൾക്കു സംതൃപ്തിയുണ്ടാകുന്നതിനുവേണ്ടി അവരും താനും ശരിയായി പഠിപ്പിച്ച തത്ത്വങ്ങൾ വളച്ചൊടിക്കാൻ അയാൾ മടിച്ചില്ല. സന്യാസിമാരുടെ മേൽ തെററായ ആശയങ്ങൾ അടിച്ചേല്പിക്കാൻ തന്നെ അയാൾ തീരുമാനിച്ചു. അവരിൽ ഭൂരിപക്ഷംപേരും ആത്മാർത്ഥതയുള്ളവരും എന്നാൽ മയമില്ലാതെ സംസാരിക്കുന്നവരുമായിരുന്നു. അവരിൽ ഭൂരിപക്ഷംപേരും തീർത്തും നിരക്ഷരകുക്ഷികളും

www.malankaralibrary.com



ആയിരുന്നു. മരുഭൂമിയിലെ സന്യാസാശ്രമങ്ങളിലേയ്ക്കു് കത്തുകൾ അയച്ചുകൊണ്ടു്, ദിയസ്ക്കോറോസോ അയാളുടെ സഹോദരന്മാരോ ദൈവത്തിനു ശരീരമില്ലെന്നു വാദിച്ചുകൊണ്ടു് പറയുന്ന കാര്യങ്ങൾക്കു് ചെവി കൊടുക്കരുതെന്നു് തെയോഫിലസു് സന്യാസിമാരെ ഉപദേശിച്ചു. അയാൾ തുടർന്നു: 'വിശുദ്ധ ലിഖിതങ്ങൾ അനുസരിച്ചു് ദൈവത്തിനു് മനുഷ്യരായ നമ്മെപ്പോലെ കണ്ണുകളും കാതുകളും കൈകളും കാലുകളുമുണ്ടു്. എന്നാൽ ഒരിജന്റെ അനുയായികളായ ദിയസ്ക്കോറോസും പക്ഷക്കാരും ദൈവത്തിനു് കണ്ണുകളോ, കാതുകളോ, കൈകളോ കാലുകളോ ഇല്ലെന്ന ദൈവദൂഷണപരമായ തത്ത്വം പഠിപ്പിക്കുകയാണു്.'

ഈ വാദഗതി വഴി ആ സന്യാസിമാരുടെ ശ്രദ്ധഗതിയെ അയാൾ മുതലെടുക്കുകയായിരുന്നു. അതിന്റെ ഫലമായി അവരുടെയിടയിൽ വളരെ ചൂടുപിടിച്ച വാദപ്രതിവാദം ഉടലെടുത്തു. നല്ല മനസംസ്കാരമുള്ളവർ മാത്രമേ ഈ തട്ടിപ്പുകൊണ്ടു കബളിപ്പിക്കപ്പെടാതിരുന്നുള്ളു. അവർ ഇപ്പോഴും ദിയസ്ക്കോറോസിനെയും ഒരിജനെയും അനുകൂലിക്കുന്നു. എന്നാൽ അജ്ഞന്മാരുടെ സംഖ്യ വിജ്ഞന്മാരുടെതിനെക്കാൾ കൂടുതലാണല്ലോ. അജ്ഞരായ കൂട്ടർ അറിവുകെട്ട ആവേശത്താൽ ഉജ്ജ്വലിക്കുന്നവരായി ഉടൻ തന്നെ അവരുടെ സഹോദരന്മാർക്കെതിരായി വലിയ ബഹളമുണ്ടാക്കി. ഇങ്ങനെ ഭിന്നത ഉടലെടുത്തു. രണ്ടു കൂട്ടരും എതിർപക്ഷത്തുള്ളവരെ അഭക്തർ എന്നു വിളിച്ചു. ചിലർ തെയോഫിലസിന്റെ ഉപദേശമനുസരിച്ചു് സഹോദരന്മാരെ'*ഒരിജനിസ്റ്റുകൾ*'എന്നും അഭക്തർ എന്നും വിളിച്ചു. തെയോഫിലസു് പറഞ്ഞതു വിശ്വസിച്ചവരെ മറുപക്ഷത്തുള്ളവർ 'മനുഷ്യാകൃതി വാദികൾ' [9] എന്നും വിളിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ ഭയങ്കരമായ തർക്കവിതർക്കങ്ങളുണ്ടായി. സന്യാസിമാരുടെയിടയിൽ ശമിപ്പിക്കാൻ വയ്യാത്ത ഒരു സമരം തന്നെയുണ്ടായി. താൻ പ്രയോഗിച്ച തന്ത്രം ഇങ്ങനെ വിജയിക്കുന്നതായിട്ടുള്ള വിവരം കിട്ടിയപ്പോൾ തെയോഫിലസു് ധാരാളം സന്യാസാശ്രമങ്ങളുള്ള നിത്രിയാ എന്ന സ്ഥലത്തെത്തി. അയാളുടെ കൂടെ കുറെയധികം ആളുകളും ഉണ്ടായിരുന്നു. അയാൾ ദിയസ്ക്കോറോസിനും സഹോദരന്മാർക്കുമെതിരായി സന്യാസിമാരെ സായുധരാക്കി. ജീവൻ അപകടത്തിലായിരിക്കുന്നു എന്നു മനസ്സിലാക്കിയ അവർ വളരെ പ്രയാസപ്പെട്ടു് ഒരു വിധത്തിൽ ഓടി രക്ഷപെട്ടു.

---

9. anthropomorphists

www.malankaralibrary.com



ഈജിപ്റ്റിൽ ഈ സംഭവവികാസങ്ങളെല്ലാം നടക്കുമ്പോരം കോൺസ്റ്റാൻറിനോപ്പിരം മെത്രാനായ ജോൺ അക്കാര്യമൊന്നു മറിയാതെ തൻെറ പ്രസംഗങ്ങളിൽ പുരോഗമിക്കുകയായിരുന്നു. തൻെറ പ്രസംഗങ്ങളുടെ പേരിൽ അദ്ദേഹം അധികമധികം പ്രസിദ്ധനായി വന്നു. രാത്രിജപങ്ങളിലെ പ്രാർത്ഥനകരം അദ്ദേഹം വിപുലപ്പെടുത്തി. അതിൻെറ കാരണം ഞാൻ വിശദീകരിക്കാം.

## അധ്യായം 8

# ആര്യന്മാരും ഹോമോഉസിയൻ വിശ്വാസികളും തമ്മിൽ ഒരേററുമുട്ടൽ

ആര്യൻ പക്ഷക്കാർ, നാം നേരത്തേ പറഞ്ഞതുപോലെ നഗരത്തിനു വെളിയിൽ സമ്മേളനം നടത്തിവന്നു. ഓരോ ആഴ്ചയിലെയും ആഘോഷദിവസങ്ങളിൽ – അതായതു ശനിയാഴ്ചയും ഞായറാഴ്ചയും – പള്ളികളിൽ വിശ്വാസികരം സമ്മേളിക്കാറുണ്ടല്ലോ. ആ ദിവസങ്ങളിൽ ആര്യന്മാർ നഗരകവാടത്തിനുള്ളിൽ പൊതുചത്വരങ്ങളിൽ സമ്മേളിച്ച് ആര്യൻ പാഷണ്ഡതയ്ക്കു അനുയോജ്യമായ പ്രത്യുത്തര സ്തോത്രഗാനങ്ങരം പാടിയിരുന്നു. രാത്രിയിൽ അധികസമയവും അവർ ഇങ്ങനെ പാടുമായിരുന്നു. പ്രഭാതത്തിൽ അതേ ഗാനങ്ങരം ആലപിച്ചുകൊണ്ടു നഗരമദ്ധ്യത്തിലൂടെ പ്രകടനം നടത്തുകയും നഗരകവാടങ്ങളിലൂടെ സമ്മേളനസ്ഥലങ്ങളിലേയ്ക്കു പോകുകയും ചെയ്തിരുന്നു. ഇതിനിടയിൽ ഹോമോഉസിയൻ വിശ്വാസികളെ അധിക്ഷേപിക്കുന്ന വിധത്തിലുള്ള വാക്യങ്ങരം കൂട്ടിച്ചേർത്തു പാടാനും അവർ മടിച്ചിരുന്നില്ല. ഉദാ: ''മൂന്നു പദാർത്ഥങ്ങരം ഒററ ശക്തിയാണ് എന്നു പറയുന്നവർ എവിടെ''?

ഇത്തരം ഗാനങ്ങരം കേട്ടിട്ട് അറിവില്ലാത്തവരായ സാധാരണക്കാർ വഴിതെററിപ്പോകുമോ എന്നു ജോൺ മെത്രാനു സംശയമായി. അതിനെതിരായി തൻെറ അനുയായികളിൽ കുറെപ്പേരെ അദ്ദേഹം രംഗത്തിറക്കി. അവരും രാത്രിയിൽ സ്തോത്രഗീതങ്ങരം പാടുകയും അതുവഴി ആര്യൻ കക്ഷിയുടെ പ്രവർത്തനങ്ങളുടെ സ്വാധീനം കുറയ്ക്കുകയും തൻെറ പക്ഷത്തുള്ള

www.malankaralibrary.com



വർ സ്വന്തം വിശ്വാസത്തിൽ ഉറച്ചുനിൽക്കാനിടയാവുകയും ചെയ്യണമെന്നതായിരുന്നു അദ്ദേഹത്തിൻെറ ലക്ഷ്യം. ജോണിൻെറ പരിപാടി നല്ലതായി തോന്നി; പക്ഷേ അതിൻെറ ഫലമായി കലാപങ്ങളും അപകടങ്ങളുമുണ്ടായി. ഹോമോഉസിയൻ വിശ്വാസികൾ വളരെ പ്രദർശനപരമായ രീതിയിലാണു തങ്ങളുടെ രാത്രിഗാനപരിപാടികൾ നിർവഹിച്ചതു്. ജോൺ അതിനുവേണ്ടി വെള്ളിക്കുരിശുകൾ ഉണ്ടാക്കിച്ചു. അവയിൽ കത്തിച്ച മെഴുകുതിരികൾ പതിപ്പിച്ചിരുന്നു. ചക്രവർത്തിനി എവുഡോക്സ്യായാണ് ഇതിനുവേണ്ട ചെലവുകൾ വഹിച്ചതു്.

അസംഖ്യമായിട്ടുണ്ടായിരുന്ന ആര്യന്മാർ ഈ പ്രകടനങ്ങൾ കണ്ടു മത്സരബുദ്ധിയാൽ ജ്വലിച്ചു് അതിശക്തവും കലാപപൂർണ്ണവുമായ ഒരാക്രമണം കൊണ്ടു് എതിരാളികളോടു പ്രതികാരം ചെയ്യാൻ തീരുമാനിച്ചു. കുറച്ചുനാൾ മുമ്പു് അവർക്കവിടെ ആധിപത്യം ഉണ്ടായിരുന്ന കാര്യം അവർ അനുസ്മരിച്ചു. എതിരാളികളെക്കുറിച്ചു കടുത്ത അവജ്ഞയും അവരെ അനായാസം പരാജയപ്പെടുത്താമെന്ന ഉറച്ച ആത്മവിശ്വാസവും അവർക്കുണ്ടായിരുന്നു. അതിനാൽ താമസിയാതെ ഒരു രാത്രി അവർ എതിരാളികളുടെമേൽ ആക്രമണം നടത്തി. ചക്രവർത്തിനിയുടെ ഷണ്ഡന്മാരിൽ ഒരാളായിരുന്ന ബ്രീസോ ആയിരുന്നു അന്നത്തെ സ്തോത്രഗായക സംഘത്തിനു നേതൃത്വം നൽകിയിരുന്നതു്. അയാളുടെ നെററിയിൽ കല്ലേറുകൊണ്ടു മുറിവുണ്ടായി. ഏററുമുട്ടലിൽ രണ്ടുപക്ഷത്തും ഏതാനും പേർ കൊല്ലപ്പെട്ടു. ഇതിൽ കുപിതനായ ചക്രവർത്തി, ആര്യന്മാർ മേലാൽ പൊതുസ്ഥലങ്ങളിൽ വച്ചു് ഗാനാലാപനം നടത്തരുതെന്നു വിലക്കി. ആ സന്ദർഭത്തിലെ സംഭവങ്ങൾ ഇപ്രകാരമായിരുന്നു.

ഈ പ്രത്യുത്തരഗാനാലാപന പരിപാടി സഭയിൽ ആരംഭിച്ചതിനെക്കുറിച്ചു് ഇവിടെ പരാമർശിക്കേണ്ടിയിരിക്കുന്നു. സിറിയായിലുള്ള അന്ത്യോക്യയിലെ മെത്രാനായിരുന്ന ഇഗ്നേഷ്യസാണ് ഈ പ്രസ്ഥാനം ആവിഷ്കരിച്ചതു്. അപ്പസ്തോലനായ പത്രോസിനു ശേഷം അന്ത്യോക്യയിലെ മൂന്നാമത്തെ മെത്രാനായിരുന്ന അദ്ദേഹം അപ്പസ്തോലന്മാരുമായിത്തന്നെ നേരിട്ടു സമ്പർക്കം പുലർത്തിയിട്ടുള്ളയാളാണ്. അദ്ദേഹത്തിനു് ഒരിക്കൽ ഒരു ദർശനമുണ്ടായി. മാലാഖാമാർ മാറി മാറി സ്തോത്രഗീതങ്ങൾ പാടി പരിശുദ്ധത്രിത്വത്തെ ആരാധിക്കുന്നതായിട്ടായിരുന്നു ദർശനം. അങ്ങനെ മാലാഖമാർ പാടിയിരുന്ന രീതിയിൽത്തന്നെയുള്ള ഗാനസമ്പ്രദായം അദ്ദേഹം അന്ത്യോക്യൻ സഭയിൽ ഏർപ്പെടുത്തി. അവിടെ നിന്നു് അതു

www.malankaralibrary.com



പാരമ്പര്യമായി മററു സഭകളിലേയ്ക്കും വ്യാപിച്ചു. ഇപ്രകാര മാണ് ഈ പ്രത്യുത്തര സ്തോത്രഗീതസമ്പ്രദായത്തിൻെറ ആവിർ ഭാവത്തെക്കുറിച്ച് എനിക്കു ലഭിച്ചിട്ടുള്ള വിവരം.

## അധ്യായം 9

## ഇസിദോർ തെയോഫിലസിനെതിരേ

ഇതിനുശേഷം അധികം താമസിയാതെ മരുഭൂമിയിലെ സന്യാസിമാരിൽ കുറെപ്പേർ ദിയസ്കോറോസിനോടൊപ്പം കോൺസ്ററാൻറിനോപ്പിളിലെത്തി. അവരോടൊപ്പം പണ്ട് തെയോഫിലസിൻെറ ഏററവും ഉററചങ്ങാതിയും എന്നാൽ ഇപ്പോഠം ഏററവും കടുത്ത ശത്രുവും ആയിത്തീന്ന ഇസിദോറും ഉണ്ടായിരുന്നു. ശത്രുതയ്ക്കു വഴിയൊരുക്കിയ സാഹചര്യം താഴെ വിവരിക്കുന്നു.

ആ സമയത്ത് പീററർ എന്നൊരാളായിരുന്നു അലക്സാൺ ഡ്രിയൻ സഭയിലെ വൈദികപ്രമുഖൻ[10] തെയോഫിലസിനു് ഈ ആളോട് വിരോധമായി; അയാളെ സഭയിൽനിന്നു പുറ ത്താക്കാൻ തീരുമാനിച്ചു. ബഹിഷ്കരണത്തിനുള്ള അടിസ്ഥാന മായി, മനിക്കേയൻ പാഷണ്ഡതയിൽ ഉഠംപ്പെട്ടിരുന്ന ഒരു സ്ത്രീയെ മനിക്കേയൻ പാഷണ്ഡത ഉപേക്ഷിക്കുന്നു എന്നു് ഏററുപറച്ചിൽ നടത്തിക്കാതെ ദിവ്യരഹസ്യങ്ങളിൽ പങ്കു കൊള്ളാൻ പീററർ അനുവദിച്ചു എന്ന ആരോപണം തെയോ ഫിലസ് കൊണ്ടുവന്നു. ആ സ്ത്രീയുടെ തെററുകഠം നേരത്തേ ക്ഷമിക്കപ്പെട്ടതാണെന്നും അവളെ കുർബാനയിൽ പങ്കെടുക്കാൻ തെയോഫിലസ്തന്നെ അനുവദിച്ചതാണെന്നും പീററർ തൻെറ നിരപരാധിത്വത്തിനു വിശദീകരണം നൽകി. ഇതു കേട്ട പ്പോഠം തന്നെ നീചമായി അപകീർത്തിപ്പെടുത്തി എന്ന മട്ടിൽ തെയോഫിലസ് രുഷ്ടനായി. അങ്ങനെയൊരു സംഭവത്തെ ക്കുറിച്ച് തനിക്കു യാതൊരു വിവരവുമില്ല എന്നു് അയാഠം പ്രസ്താവിച്ചു. മെത്രാനു് ആ വിഷയത്തിൽ അറിവുണ്ടായി രുന്നു എന്നതിനു തെളിവായി ഇസിദോറിൻെറ സാക്ഷ്യം നല്കാം എന്നു് പീററർ അറിയിച്ചു.

---

10. Archpresbyter

www.malankaralibrary.com



ആ സമയത്തു് ഇസിദോർ റോമിൽ പോയിരിക്കുകയായിരുന്നു. തെയോഫിലസിന്റെ ഒരാവശ്യത്തിനുവേണ്ടി റോമിലെ മെത്രാനായ ദമാസൂസിനെ സന്ദർശിക്കാനിയിരുന്നു പോയതു്. അന്ത്യോക്യയിലെ മെത്രാനായ ഫ്ളാവിയനും തെയോഫിലസും തമ്മിൽ അനുരഞ്ജനം സാദ്ധ്യമാകുന്നതിനു് ദമാസൂസിന്റെ സഹായം തേടുകയായിരുന്നു ദൗത്യം. നാം നേരത്തേ പറഞ്ഞിട്ടുള്ളതുപോലെ ഫ്ളാവിയന്റെ അസത്യവാദത്തിലുള്ള വെറുപ്പുമൂലം മെലീഷ്യസിന്റെ അനുയായികൾ ഫ്ളാവിയനിൽനിന്നു് അകന്നിരുന്നു. ഇസിദോർ റോമിൽ നിന്നു തിരിച്ചെത്തിയപ്പോൾ പീററർ അയാളെ സാക്ഷിയായി കൊണ്ടു വന്നു. പ്രസ്തുത സ്ത്രീയെ സഭയിലേയ്ക്കു സ്വീകരിച്ചതു് മെത്രാന്റെ അനുമതിയോടുകൂടിയാണെന്നും താൻ തന്നെ അവൾക്കു കൂദാശ പരികർമ്മം ചെയ്തതാണെന്നും ഇസിദോർ വെളിപ്പെടുത്തി. ഇതിൽ കോപാന്ധനായിത്തീന്ന തെയോഫിലസ് ഇസിദോറിനെയും പീററിനെയും പുറത്താക്കി. ദിയസ്കോറസിനോടും സഹോദരന്മാരോടുമൊപ്പം കോൺസ്റ്റാൻറിനോപ്പിളിലെത്താൻ ഇസിദോറിനു പ്രേരകമായ സാഹചര്യം ഇതാണു്. തെയോഫിലസ് എത്ര അനീതിയായ വിധത്തിൽ തങ്ങളോടു പെരുമാറി എന്ന വസ്തുത ചക്രവർത്തിയുടെയും ജോൺ മെത്രാന്റെയും ശ്രദ്ധയിൽപെടുത്തുക എന്നതായിരുന്നു അവരുടെ ലക്ഷ്യം. മുകളിൽ പറഞ്ഞ വസ്തുതകൾ അറിഞ്ഞപ്പോൾ ജോൺ അവരെ ബഹുമാനപൂർവ്വം സ്വീകരിച്ചു. പ്രാർത്ഥനാസമൂഹത്തിൽ ചേരാൻ അവരെ അനുവദിക്കുകയും ചെയ്തു. അവരുടെ പ്രശ്നം ശരിയായി പരിശോധിച്ചതിനു ശേഷം അവരെ ദിവ്യരഹസ്യങ്ങളിൽ പങ്കുകൊള്ളാൻ അനുവദിക്കാം എന്നു നിശ്ചയിക്കുകയും ചെയ്തു. കാര്യങ്ങൾ ഈ സ്ഥിതിയിലായിരിക്കെ, ജോൺ അവരെ ദിവ്യരഹസ്യങ്ങളിൽ പങ്കെടുപ്പിക്കുകയും അവരെ എല്ലാ വിധത്തിലും സഹായിക്കാമെന്നു വാഗ്ദാനം ചെയ്യുകയും ചെയ്തു എന്നു് തെയോഫിലസിനു് റിപ്പോർട്ടു കിട്ടി. അതിനാൽ ഇസിദോറിനോടും ദിയസ്കോറോസിനോടും പ്രതികാരം ചെയ്യണമെന്നു മാത്രമല്ല, സാധിക്കുമെങ്കിൽ ജോണിനെ മെത്രാൻ കസേരയിൽനിന്നു തെറിപ്പിക്കണമെന്നും അയാൾ നിശ്ചയിച്ചു. ഈ പരിപാടി മനസ്സിൽവച്ചുകൊണ്ടു് അയാൾ വിവിധനഗരങ്ങളിലെ മെത്രാന്മാർക്കെഴുതി. തന്റെ യഥാർത്ഥ ഉദ്ദേശ്യം മറച്ചു വച്ചുകൊണ്ടു് അയാൾ പുറമേ ഒരിജന്റെ കൃതികളെ വിമർശിക്കുക മാത്രമേ ചെയ്തുള്ളു. ആ കൃതികളെ അയാളുടെ മുൻഗാമിയായ അത്തനാസ്യോസ് തന്റെ വിശ്വാസം സമർത്ഥിക്കുന്നതിനു് ധാരാളമായി ആശ്രയിച്ചിരുന്നതാണു്. ആര്യന്മാർക്കെതിരായുള്ള

www.malankaralibrary.com



തൻെറ പ്രസംഗങ്ങളിൽ ഒരിജൻെറ സാക്ഷ്യത്തെയും പ്രാമാണികതത്തെയും അദ്ദേഹം നിരന്തരം ഉപയോഗപ്പെടുത്തിയിരുന്നു.

## അധ്യായം 10

# എപ്പിഫാനിയസും ജോണും

തെയോഫിലസ് ഇതിനുപുറമേ സൈപ്രസ്സിലുള്ള കോൺസ്റ്റാൻസ്യായിലെ മെത്രാനായ എപ്പിഫാനിയസിനോടുള്ള കൂട്ടുകെട്ടു പുതുക്കുകയും ചെയ്തു. തെയോഫിലസ് നേരത്തേ അദ്ദേഹത്തോട് അഭിപ്രായവ്യത്യാസമുള്ളയാളായിരുന്നു. ദൈവത്തിനു മനുഷ്യരൂപമാണുള്ളതെന്നു സങ്കല്പിക്കുകവഴി ദൈവത്തെക്കുറിച്ചു നീചമായ വിചാരങ്ങളാണ് എപ്പിഫാനിയസ് പുലർത്തുന്നതെന്ന് പണ്ടു തെയോഫിലസ് കുററപ്പെടുത്തിയിട്ടുള്ളതാണ്. ദൈവത്തിൻെറ ആകൃതിയെക്കുറിച്ച് തെയോഫിലസിൻെറ അഭിപ്രായത്തിൽ ഇപ്പോഴും മാററമൊന്നും ഉണ്ടായിരുന്നില്ലെങ്കിലും, ദൈവത്തിനു മനുഷ്യാകൃതിയുണ്ടെന്നു പറയുന്നവരെ അയാൾ ഇപ്പോഴും മനസ്സുകൊണ്ട് എതിർത്തിരുന്നുവെങ്കിലും, മററുള്ളവരോടുള്ള വിദ്വേഷം കാരണം അയാൾ സ്വന്തം വിശ്വാസങ്ങളെ പരസ്യമായി നിഷേധിച്ചു. ഇപ്പോൾ തനിക്കു മനഃപരിവർത്തനം സംഭവിക്കുകയും ദൈവത്തെക്കുറിച്ചുള്ള തൻെറ വീക്ഷണത്തിൽ എപ്പിഫാനിയസിനോടു പൂർണ്ണമായി യോജിക്കുകയും ചെയ്തുവെന്നപോലെ അയാൾ എപ്പിഫാനിയസിനോട് വളരെ സൗഹൃദമുള്ളതായി അഭിനയിച്ചു. ഒരിജൻെറ ലിഖിതങ്ങളെ ശപിക്കാൻ സാധിക്കത്തക്കവിധത്തിൽ അദ്ദേഹത്തെക്കൊണ്ട് എഴുത്തുവഴി സൈപ്രസ്സിലെ മെത്രാന്മാരുടെ ഒരു സിനഡ് വിളിച്ചുകൂട്ടിക്കാൻ അയാൾക്കു സാധിച്ചു. എപ്പിഫാനിയസ് അദ്ദേഹത്തിൻെറ അസാധാരണമായ ഭക്തിയും പുണ്യജീവിതവും കാരണം വളരെ ശുദ്ധഹൃദയവും സമ്പ്രദായങ്ങളുമുള്ള ആളായിരുന്നു. അതിനാൽ തെയോഫിലസിൻെറ കത്തുകളാൽ അദ്ദേഹം എളുപ്പം സ്വാധീനിക്കപ്പെട്ടു. അദ്ദേഹം സൈപ്രസ്സ് ദ്വീപിലെ മെത്രാന്മാരുടെ കൗൺസിൽ വിളിച്ചുകൂട്ടി. ഒരിജൻെറ കൃതികൾ വായിക്കുന്നതിന്മേൽ നിരോധനം ഏർപ്പെടുത്തുന്ന തീരുമാനംഅവിടെവച്ചുണ്ടായി.തെയോഫിലസ് ജോൺ മെത്രാനും കത്തയച്ചു. ഒരിജൻെറ പുസ്തകങ്ങൾ വായിക്കുന്നതിൽനിന്ന് അദ്ദേഹം വിരമിക്കണമെന്നും താൻ ചെയ്തു

www.malankaralibrary.com



പോലെയുള്ള നിർദ്ദേശം നൽകുന്നതിനുവേണ്ടി ഒരു സിനഡ് വിളിച്ചുകൂട്ടണമെന്നും അതിൽ ആവശ്യപ്പെട്ടിരുന്നു.

ക്ഷേതിജീവിതത്തിനു വളരെ പ്രസിദ്ധനായ എപ്പിഫാനിയസിനെ ഇപ്രകാരം കബളിപ്പിച്ചു കഴിഞ്ഞപ്പോൾ തന്റെ പദ്ധതി താൻ വിചാരിച്ചതുപോലെ തന്നെ പുരോഗമിക്കുന്നുവെന്നു് തെയോഫിലസ് മനസ്സിലാക്കി. കൂടുതൽ ആത്മവിശ്വാസത്തോടുകൂടി അയാൾ നേരിട്ടു തന്നെ വളരെ മെത്രാന്മാരെ വിളിച്ചുകൂട്ടി. എപ്പിഫാനിയസിന്റെ രീതിതന്നെ അയാൾ അതിൽ അവലംബിച്ചു. ഒരിജന്റെ ലിഖിതങ്ങളെ തിരസ്കരിക്കുന്ന ഒരു പ്രഖ്യാപനം ആ സിനഡിലും ഉണ്ടായി. അന്നേയ്ക്കു് ഒരിജൻ ദിവംഗതനായിട്ടു് ഏകദേശം ഇരുന്നൂറു വർഷം കഴിഞ്ഞിരുന്നു.

എന്നാൽ തെയോഫിലസിന്റെ പ്രഥമ ലക്ഷ്യം ഇതായിരുന്നില്ലല്ലോ. ദിയസ്കോറോസിനോടും സഹോദരന്മാരോടും പക വീട്ടുകയെന്നതായിരുന്നു അതു്. എപ്പിഫാനിയസും തെയോഫിലസും അയച്ച കത്തുകൾക്കു് ജോൺമെത്രാൻ കാര്യമായ പരിഗണനയൊന്നും നല്കിയില്ല. സഭകൾക്കു് ബോധനം നല്കുന്ന പ്രവൃത്തിയിൽ അദ്ദേഹം താല്പര്യപൂർവ്വം ഏർപ്പെട്ടിരുന്നു. മതപ്രസംഗകൻ എന്ന നിലയിൽ അദ്ദേഹം നിരന്തരം പുരോഗമിച്ചു വന്നു. തനിക്കെതിരായി നടക്കുന്ന ഗൂഢാലോചനയെ അദ്ദേഹം കണക്കിലെടുത്തതേയില്ല. എന്നാൽ ജോണിനെ മെത്രാൻസ്ഥാനത്തുനിന്നു പുറത്താക്കാൻ ചിലർ പരിശ്രമിക്കുകയാണെന്ന വിവരം അറിവായപ്പോൾ ജോണിനോടു വിരോധമുണ്ടായിരുന്ന എല്ലാ ആളുകളും അദ്ദേഹത്തിനെതിരായിട്ടുള്ള ദുഷ്പ്രചാരണത്തിൽ ഒത്തുചേർന്നു. അങ്ങനെ വൈദികരിലും ഉദ്യോഗസ്ഥന്മാരിലും കൊട്ടാരത്തിൽ വളരെ സ്വാധീനമുള്ളവരിലും പെട്ട അനേകർ, ജോണിനോടു പ്രതികാരം ചെയ്യാനുള്ള ഉചിതസന്ദർഭം സമാഗതമായിരിക്കുന്നു എന്നു മനസ്സിലാക്കിക്കൊണ്ടു് കോൺസ്റ്റാന്റിനോപ്പിളിൽ ഒരു വലിയ സിനഡു് വിളിച്ചുകൂട്ടാനുള്ള യത്നത്തിൽ ഏർപ്പെട്ടു. അതിനായി അവർ പല സ്ഥലത്തേയ്ക്കും കത്തുകൾ അയയ്ക്കുകയും പല സ്ഥലത്തേയ്ക്കും പ്രത്യേക ദൂതന്മാരെ നിയോഗിക്കുകയും ചെയ്തു.

www.malankaralibrary.com



## അധ്യായം 11

# സെവേരിയനും അന്തിയോക്കസും

ജോൺ ക്രിസസ്തോമിനെതിരായ രോഷം താഴെ പറയാൻ പോകുന്ന സംഭവം മൂലം വളരെ വർദ്ധിക്കാനിടയായി: അക്കാലത്തു് രണ്ടു മെത്രാന്മാരുണ്ടായിരുന്നു. സെവേരിയൻ എന്നും അന്തിയോക്കസ് എന്നും പേരുള്ള അവർ രണ്ടും ജന്മനാ സിറിയാക്കാരായിരുന്നു. സെവേരിയൻ സിറിയയിലെ ഒരു നഗരമായ ഗാബാലായിലെയും അന്തിയോക്കസ് ഫിനീഷ്യായിലുള്ള തൊളെമായിസിലെയും സഭകളുടെ അദ്ധ്യക്ഷന്മാരായിരുന്നു. അവർ രണ്ടുപേരും വാഗ്മിത്വത്തിന്റെ കാര്യത്തിൽ പേരുകേട്ടവരായിരുന്നു. എന്നാൽ സെവേരിയൻ വളരെ അറിവുള്ള ഒരാളായിരുന്നെങ്കിലും ഗ്രീക്കുഭാഷ കുററമററവിധം ഉപയോഗിക്കുന്നതിൽ അദ്ദേഹം വിജയിച്ചില്ല. അതിനാൽ ഗ്രീക്കു് സംസാരിക്കുമ്പോഠം അദ്ദേഹം സിറിയാക്കാരനാണെന്ന കാര്യം വെളിപ്പെട്ടിരുന്നു. അന്തിയോക്കസ് ആദ്യം കോൺസ്ററാൻറിനോപ്പിളിൽ എത്തി. വളരെ ആവേശത്തോടും പ്രാപ്തിയോടുംകൂടെ അവിടെ പള്ളികളിൽ കുറെക്കാലം പ്രസംഗിച്ചു. അതുവഴി വളരെ പണം സമ്പാദിച്ചു. അതിനുശേഷം സ്വന്തം സഭയിലേയ്ക്കു തിരിച്ചുപോയി. അന്തിയോക്കസ് തന്റെ കോൺസ്ററാൻറിനോപ്പിഠം സന്ദർശനം വഴി വളരെ വലിയ സമ്പത്തുണ്ടാക്കി എന്നു കേട്ടറിഞ്ഞ സെവേരിയനും അങ്ങനെതന്നെ ചെയ്യാൻ തീരുമാനിച്ചു. അതിനായി അദ്ദേഹം കുറെ പ്രയത്നം ചെയ്തു. കുറെ പ്രസംഗങ്ങളെല്ലാം തയാറാക്കിക്കൊണ്ടു കോൺസ്റ്റാൻറിനോപ്പിളിലേയ്ക്കു പുറപ്പെട്ടു. ജോൺ അദ്ദേഹത്തെ വളരെ കാരുണ്യപൂർവ്വം സ്വീകരിച്ചു. ഒരു പരിധിവരെ അദ്ദേഹം ആ മനുഷ്യനെ ആശ്വസിപ്പിക്കുകയും പ്രശംസിക്കുകയും ചെയ്തു. അതിനു പകരമായി അദ്ദേഹം ഒട്ടും കുറവില്ലാത്തവിധത്തിൽ സ്നേഹിക്കപ്പെടുകയും ബഹുമാനിക്കപ്പെടുകയും ചെയ്യുകയുമുണ്ടായി. അതേസമയം അദ്ദേഹത്തിന്റെ പ്രസംഗങ്ങഠം അദ്ദേഹത്തിനു വളരെ പ്രശസ്തി നേടിക്കൊടുത്തു. ഉയർന്ന നിലയിലുള്ള പലരുടെയും ശ്രദ്ധ അദ്ദേഹം ആകർഷിച്ചു. ചക്രവർത്തിപോലും അദ്ദേഹത്തെ ശ്രദ്ധിച്ചു.

www.malankaralibrary.com



ആ സമയത്താണ് എഫേസോസിലെ മെത്രാൻ നിര്യാതനായത്. അദ്ദേഹത്തിനു് ഒരു പിൻഗാമിയെ വാഴിക്കുന്നതിനു വേണ്ടി ജോണിനു് എഫേസോസിലേയ്ക്കു പോകേണ്ടിവന്നു. അദ്ദേഹം എഫേസോസിൽ എത്തിയപ്പോഠം മെത്രാൻ തെരഞ്ഞെടുപ്പു സംബന്ധിച്ചു് ആളുകഠംക്കു മതഭേദമുണ്ടെന്നു മനസ്സിലായി. ചിലയാളുകഠം ഒരാളിനെ നിർദ്ദേശിക്കും; മററുചിലർ വേറൊരാളിനെ. രണ്ടുകൂട്ടരും ഒരു മത്സരഭാവത്തിലാണെന്നു ജോൺ മനസ്സിലാക്കി. തന്റെ ഉപദേശം കേഠംക്കാൻ അവർ സന്നദ്ധരല്ല എന്നും അദ്ദേഹത്തിനു തോന്നി. വലിയ ബഹളമൊന്നും കൂടാതെ ആ തക്കം അവസാനിപ്പിക്കുവാൻ അദ്ദേഹം തീരുമാനിച്ചു. പാരമ്പര്യവഴിക്കു് ഒരു സൈപ്രസ്സുകാരനും തന്റെ ഡീക്കന്മാരിൽ ഒരാളുമായ ഹെരാക്ളീദസിനെ മെത്രാൻ സ്ഥാനത്തേയ്ക്കു് അദ്ദേഹം നിർദ്ദേശിച്ചു. ആ നിർദ്ദേശം മൂലം രണ്ടു പക്ഷക്കാരും മത്സരത്തിൽനിന്നു പിൻവാങ്ങുകയും സമാധാനം സംജാതമാകുകയും ചെയ്തു. ഇതു സംബന്ധിച്ചു് ജോണിന്റെ എഫേസൂസു് വാസം കുറെ നീണ്ടുപോയി. അക്കാലമത്രയും സെവേരിയൻ കോൺസ്റ്റാൻറിനോപ്പിളിൽ പ്രസംഗം തുടർന്നു; അനുദിനം ശ്രോതാക്കളുടെ പ്രീതിയിൽ വളർന്നുവരുകയും ചെയ്തു. ജോൺ ഇതിനെക്കുറിച്ചു് അജ്ഞനായിരുന്നില്ല. എന്തെന്നാൽ നാം ഇതിനുമുമ്പു പരാമർശിച്ചിട്ടുള്ള സെറാപ്പിയോൻ എല്ലാ കാര്യങ്ങളും അപ്പപ്പോഠം ജോണിനെ അറിയിച്ചുകൊണ്ടാണിരുന്നതു്. സെറാപ്പിയോൻ വിവരങ്ങഠം അറിയിക്കുകയും സെവേരിയൻ കാരണം സഭയിൽ കലഹമുണ്ടാകുന്നുവെന്നു് അനുസ്മരിപ്പിക്കുകയും ചെയ്തു. അതുമൂലം മെത്രാൻ ഈർഷ്യാലുവായിത്തീർന്നു. അതിനാൽ മററു പലതും ചെയ്ത കൂട്ടത്തിൽ നൊവേഷ്യക്കും 14-ാംതീയതിക്കാക്കും അവരുടെ പള്ളികഠം നഷ്ടമാക്കിയിട്ടു് അദ്ദേഹം കോൺസ്റ്റാൻറിനോപ്പിളിലേയ്ക്കു മടങ്ങി.[11] ഇവിടെ അദ്ദേഹം തന്റെ പ്രത്യേകമായ അധികാരപരിധിയിൽപ്പെട്ട പള്ളികളുടെ സംരക്ഷണം ഏറെറടുക്കുകയും ചെയ്തു.

എന്നാൽ സെറാപ്പിയോന്റെ ധാർഷ്ട്യം ആർക്കും സഹിക്കാൻ വയ്യാത്ത വിധത്തിൽ ആയിത്തീർന്നു. എന്തെന്നാൽ ജോണിന്റെ അപരിമിതമായ വിശ്വാസവും ആദരവും സമ്പാദിച്ചതിനുശേഷം അയാഠം അതുമൂലം അത്യന്തം ഉദ്ധതനായിത്തീർന്നു് എല്ലാവരോടും തികഞ്ഞ അവജ്ഞയോടെ പെരു

11. ഈ അദ്ധ്യായത്തിലെ തുടർന്നുള്ള ഭാഗത്തിനു് വ്യത്യസ്തമായ ഒരു പാഠഭേദം കൂടിയുണ്ടു്.

www.malankaralibrary.com



മാറാൻ തുടങ്ങി. ഈ കാരണംകൊണ്ടും ആളുകൾക്ക് മെത്രാനോടുള്ള വിദ്വേഷം ആളിക്കത്തി. ഒരു സന്ദർഭത്തിൽ സെവേരിയൻ അരികെ കൂടെ കടന്നുപോയപ്പോൾ അദ്ദേഹത്തിന് ഒരു മെത്രാന്റെ യോഗ്യമായ ബഹുമാനം നൽകാൻ സെറാപ്പിയോൻ തയ്യാറായില്ല. അയാൾ എഴുന്നേററ് ആദരം പ്രകടിപ്പിക്കാതെ ഇരുന്നിടത്തു തന്നെ ഇരുന്നു. ആ മെത്രാന്റെ സാന്നിദ്ധ്യത്തെ എത്ര നിസ്സാരമായിട്ടാണ് താൻ കരുതുന്നത് എന്ന് അയാൾ അങ്ങനെ വെളിവാക്കി. പരുഷവും അവജ്ഞാപൂർണ്ണവും എന്നു തനിക്കു തോന്നിയ ഈ പെരുമാററം ക്ഷമയോടെ സഹിക്കാൻ സെവേരിയനു കഴിഞ്ഞില്ല. അവിടെ ഉണ്ടായിരുന്നവരെല്ലാം കേൾക്കെ അദ്ദേഹം ഉച്ചത്തിൽ വിളിച്ചു പറഞ്ഞു: ''സെറാപ്പിയോൻ ക്രിസ്ത്യാനിയായി മരിക്കുകയാണെങ്കിൽ ക്രിസ്തു മനുഷ്യനായി അവതരിച്ചിട്ടില്ല.'' സെറാപ്പിയോൻ ഈ പ്രസ്താവത്തിൽ നിന്നു മുതലെടുത്തുകൊണ്ടു സെവേരിയനെതിരായി ക്രിസസ്തോമിനെ പരസ്യമായി പ്രകോപിപ്പിച്ചു. പ്രസ്തുത വാക്യത്തിലെ 'സെറാപ്പിയോൻ ക്രിസ്ത്യാനിയായി മരിക്കുകയാണെങ്കിൽ' എന്ന ഭാഗം നിഗീരണം ചെയ്തുകൊണ്ടു 'ക്രിസ്തു മനുഷ്യനായി അവതരിച്ചിട്ടില്ല' എന്ന ഭാഗം അയാൾ ബലപ്പെടുത്തിപ്പറഞ്ഞു. സെവേരിയൻ അങ്ങനെ പ്രസ്താവിച്ചു എന്നു സാക്ഷിപറയാൻ അയാൾ തന്റെ പക്ഷത്തുള്ള പലയാളുകളെയും സംഘടിപ്പിച്ചു. എന്നാൽ ഈ വിഷയത്തെക്കുറിച്ച് അറിവു ലഭിച്ചപ്പോൾ എവുഡോക്സിയാ ചക്രവർത്തിനി ജോണിനെ കഠിനമായി കുററപ്പെടുത്തി. സെവേരിയൻ ബിത്തീനിയായിലെ കാൽസിഡണിൽ നിന്ന് ഉടൻ തിരിച്ചു വിളിക്കപ്പെടണമെന്നു കല്പനയാകുകയും ചെയ്തു. സെവേരിയൻ അതനുസരിച്ച് ഉടൻ തന്നെ തിരിച്ചുപോന്നു. എന്നാൽ അദ്ദേഹവുമായി ഏതെങ്കിലും വിധത്തിൽ സമ്പക്കം പുലർത്താൻ ജോൺ വിസമ്മതിച്ചു. സമ്പർക്കം പുലത്താൻ അപേക്ഷിക്കുന്നവരിൽ ആരുടെയും വാക്കുകൾ അദ്ദേഹം കേട്ടുമില്ല. അവസാനം ഈ വിഷയത്തിൽ എവുഡോക്സ്യാ ചക്രവർത്തിനി തന്നെ ഇടപെട്ടു. 'ശ്ലീഹന്മാർ' എന്നു വിളിക്കപ്പെട്ടുന്ന പള്ളിയിൽ വച്ച്,മുട്ടുകുത്തി പ്രാത്ഥിച്ചിരുന്ന ജോണിന്റെ മുമ്പിൽ അവർ തന്റെ മകനായ തിയഡോഷ്യസിനെ കൊണ്ടുവന്നു കിടത്തി. ഇന്നു ഭാഗ്യമോടെ സാമ്രാജ്യഭരണം നടത്തുന്ന ആ മകൻ അന്നു കേവലം ശിശുവായിരുന്നു. ആ കുഞ്ഞിന്റെ നാമത്തിൽ ആവർത്തിച്ചാവത്തിച്ച് നിർബന്ധപൂർവം ആവശ്യപ്പെട്ടതിന്റെ ഫലമായി സെവേരിയനുമായി അനുരഞ്ജനപ്പെടാൻ ജോൺ വഴങ്ങി. ഈ വിധത്തിൽ ഈ രണ്ടാളുകളും അന്ന് ബാഹ്യമായി അനുരഞ്ജിതരായി. എന്നാൽ അവർ രണ്ടുപേരും തുടർന്നും മനസ്സിൽ വിദ്വേഷമനോഭാവം വച്ചു

www.malankaralibrary.com



പുലർത്തിയിരുന്നു, ഇപ്രകാരമായിരുന്നു ജോണിനു് സെവേരിയനോടുള്ള വിരോധത്തിൻെറ ആരംഭം.

## അധ്യായം 12

# എപ്പിഫാനിയസിൻെറ അനധികൃതകൃത്യങ്ങൾ

ഈ സംഭവത്തിനു ശേഷം അധികം താമസിയാതെ തെയോഫിലസിൻെറ പ്രേരണയനുസരിച്ചു് എപ്പിഫാനിയസ് മെത്രാൻ സൈപ്രസ്സിൽ നിന്നു കോൺസ്റ്റാൻറിനോപ്പിളിൽ വന്നെത്തി. അയാാം *സിനഡിക്കൽ ഡിക്രിയുടെ* ഒരു പകർപ്പും കൊണ്ടുവന്നിരുന്നു. ആ ഡിക്രിയിൽ ഒരിജനെ സഭയിൽ നിന്നു ബഹിഷ്കരിച്ചിരുന്നില്ലെങ്കിലും അദ്ദേഹത്തിൻെറ പുസ്തകങ്ങളെ ശപിച്ചിരുന്നു. എപ്പിഫാനിയസ് നഗരത്തിൽ നിന്നു് ഏഴു മൈൽ അകലെയുള്ള *വി. യോഹന്നാൻെറ പള്ളിക്കു* സമീപം കപ്പലിറങ്ങുകയും അവിടെ ഒരു ശുശ്രൂഷ ആചരിക്കുകയും ചെയ്തു. പിന്നീടു് ഒരു ഡീക്കനെ വാഴിച്ചതിനുശേഷം നഗരത്തിൽ പ്രവേശിച്ചു. തെയോഫിലസിൻെറ താല്പര്യമനുസരിച്ചു് അയാാം ജോണിൻെറ ഉപചാരങ്ങാം തിരസ്കരിക്കുകയും ഒരു സ്വകാര്യ ഭവനത്തിൽ താമസമാക്കുകയും ചെയ്തു. അതിനുശേഷം അയാാം അന്നു നഗരത്തിലുണ്ടായിരുന്ന മെത്രാന്മാരെയെല്ലാം വിളിച്ചുകൂട്ടി. ഒരിജൻെറ കൃതികളെ ശപിക്കുന്ന സിനഡിക്കൽ ഡിക്രിയുടെ പകർപ്പു് എടുത്തിട്ടു് അതു് അവരെ വായിച്ചു കോംപ്പിച്ചു. അങ്ങനെയൊരു തിരസ്കാരത്തിനു കാരണമായ ന്യായങ്ങളൊന്നും പറയാൻ അയാാംക്കുണ്ടായിരുന്നില്ല. അയാാംക്കും തെയോഫിലസിനും അവയോടു് അതൃപ്തി തോന്നി എന്നു മാത്രം. ചിലയാളുകാം എപ്പിഫാനിയസിനോടുള്ള സാദര ബഹുമാനം കൊണ്ടു് ആ ഡിക്രിയെ അനുകൂലിച്ചു. എന്നാൽ പലരും അങ്ങനെ ചെയ്വാൻ വിസമ്മതിച്ചു. ഷിതിയായിലെ മെത്രാനായിരുന്ന തെയോതീമുസ് അക്കൂട്ടത്തിൽ ഒരാളായിരുന്നു. അദ്ദേഹം എപ്പിഫാനിയസിനോടു പറഞ്ഞു: ''അല്ലയോ എപ്പിഫാനിയസേ, വളരെ വിശുദ്ധിയോടു കൂടെ ജീവിച്ചു് വളരെ പണ്ടേ ദിവംഗതനായ ഒരാളുടെ സ്മരണയെ അധിക്ഷേപിക്കുന്നതിനു ഞാൻ സന്നദ്ധനല്ല. നമ്മുടെ പൂർവികന്മാർ തിരസ്കരിക്കാത്ത ഒന്നിനെ ശപിക്കുകയെന്ന നിന്ദ്യകൃത്യം ചെയ്വാനും ഞാൻ ഒരുക്കമല്ല; ഒരിജൻെറ കൃതികളിൽ ദോഷക

www.malankaralibrary.com



രമായ എന്തെങ്കിലും തത്വമുള്ളതായി കാണുന്നില്ലാത്തതുകൊണ്ടു പ്രത്യേകിച്ചും.'' ഇപ്രകാരം പറഞ്ഞതിനു ശേഷം അദ്ദേഹം പ്രസ്തുത ഗ്രന്ഥകാരൻെറ ഒരു പുസ്തകം കയ്യിലെടുത്ത് അതിൽ നിന്നു ചില ഭാഗങ്ങൾ വായിച്ചു കേൾപ്പിക്കുകയും ചെയ്തു. അതിലെ ആശയങ്ങൾ സത്യവിശ്വാസത്തോടു പൂർണ്ണമായി യോജിച്ചു പോകുന്നതാണെന്ന് അങ്ങനെ വെളിപ്പെടുത്തുകയും ചെയ്തു. അദ്ദേഹം തുടർന്നു: ''ഈ ലിഖിതങ്ങളെക്കുറിച്ചു തിന്മ പറയുന്നവർ, ഏതു വിശുദ്ധ ഗ്രന്ഥത്തിൽ നിന്നാണോ അവ യിലെ ആശയങ്ങൾ സ്വീകൃതങ്ങളായിട്ടുള്ളത്, അതിനെ അബോധപൂർവ്വമായി നിന്ദിക്കുകയാണ് ചെയ്യുന്നത്.'' ഇങ്ങനെയായിരുന്നു ഭക്തിക്കും ജീവിത വിശുദ്ധിക്കും പ്രഖ്യാത നായ തെയോതിമൂസ് മെത്രാൻ എപ്പിഫാനിയസിനു നൽകിയ മറുപടി.

## അധ്യായം 13

# ഒരിജനെ ന്യായീകരിക്കൽ

നിന്ദിക്കുന്നവരായ അപവാദകന്മാർ പലയാളുകളുടെ മേലും സ്വാധീനം ചെലുത്തുകയും ഒരിജൻെറ കൃതികൾ വായി ക്കുന്നതിൽനിന്ന് അവരെ തടയുകയും ചെയ്തിട്ടുണ്ട്. അദ്ദേഹം ദൈവദൂഷണം എഴുതിയ ആളാണെന്നു തോന്നുംവിധമാണ് അവരുടെ പ്രവൃത്തി. അതിനാൽ അദ്ദേഹത്തെ സംബന്ധിച്ച് ഏതാനും നിരീക്ഷണങ്ങൾ ഇവിടെ അവതരിപ്പിക്കുന്നത് അവസരോചിതമായിരിക്കുമെന്നു കരുതുന്നു.

അയോഗ്യരും ഏതെങ്കിലും രംഗത്ത് ഔന്നത്യം നേടാൻ സ്വയം കഴിവില്ലാത്തവരുമായ വ്യക്തികൾ തങ്ങളെക്കാൾ മാഹാത്മ്യമുള്ളവരെ അധിക്ഷേപിച്ച് ശ്രദ്ധേയരായിത്തീരാൻ ശ്രമിക്കാറുണ്ട്. ലീസിയായിലെ ഒരു നഗരമായിരുന്ന ഒളിമ്പു സിലെ മെത്രാനായിരുന്ന മെത്തോഡിയസ് ആദ്യം ഈ വികലതയ്ക്ക് അധീനനായി. പിന്നീട് കുറെക്കാലത്തേയ്ക്ക് അന്ത്യോക്യൻ സഭയുടെ അദ്ധ്യക്ഷനായിരുന്ന എവുസ്താത്യോസ് അതിനുശേഷം അപ്പൊള്ളിനാരിസ്; ഏററവും ഒടുവിലായി തെയോഫിലസ്. ഈ നാലു നിന്ദകരും ഒരിജനെ അപവദി ച്ചിട്ടുണ്ട്. എന്നാൽ എല്ലാവരുടെയും നിന്ദനത്തിൻെറ അടി സ്ഥാനം ഒന്നല്ല. ഒരാൾ അദ്ദേഹത്തിൻെറ പേരിൽ ഉന്നയി

www.malankaralibrary.com



ക്കുന്ന കുററാരോപണം ഒന്നാണെങ്കിൽ മററൊരാളുന്നയിക്കുന്നതു മററൊന്നായിരിക്കും. അങ്ങനെ അവർ ഓരോരുത്തരും തങ്ങൾ എതിർക്കാത്ത കാര്യങ്ങളെ അനുകൂലിക്കുന്നു എന്നു വ്യക്തമാക്കിയിട്ടുണ്ട്. ഒരാൾ ഒരു പോയിന്റിനെ സവിശേഷമായി ആക്രമിക്കുന്നു; മററൊരാൾ മററൊന്നിനെ. അതിനാൽ താൻ ആക്രമിക്കാത്ത കാര്യങ്ങളെ സത്യമായി അംഗീകരിക്കുന്നു എന്ന് അവരിൽ ഓരോരുത്തനും വ്യക്തമാക്കിയിരിക്കുകയാണ്. അങ്ങനെ അവർ തങ്ങൾ ആക്രമിക്കാത്ത കാര്യങ്ങൾക്ക് നിശ്ശബ്ദമായ അംഗീകാരം നൽകുന്നു. മെത്തോഡിയസ് തന്നെ പല സ്ഥലത്തുവച്ചും ഒരിജനെ അധിക്ഷേപിച്ചു. പിന്നീട്, താൻ ആദ്യം പറഞ്ഞതെല്ലാം പിൻവലിക്കുന്ന വിധത്തിൽ അദ്ദേഹത്തെ സംബന്ധിച്ചു അഭിനന്ദനം രേഖപ്പെടുത്തി. 'ക്സേനോൻ' എന്നു പേരു കൊടുത്ത ഒരു സംഭാഷണത്തിലാണ് ഇപ്രകാരം ചെയ്തിട്ടുള്ളതു്. എന്നാൽ ഈ ആളുകളുടെ വിപരീതാഭിപ്രായങ്ങളിൽനിന്ന് ഒരിജനു് യഥാർത്ഥത്തിൽ അഭിനന്ദനമാണു വന്നുകൂടിയിട്ടുള്ളതു് എന്നു ഞാൻ ഉറപ്പിച്ചു പറയും. കുററപ്പെടുത്തേണ്ടതായി അദ്ദേഹത്തിന്റെ കൃതികളിൽ പലതും തപ്പിയെടുത്ത കൂട്ടർ തന്നെ അദ്ദേഹം പരിശുദ്ധ ത്രിത്വത്തെ സംബന്ധിച്ച് വികലമായ അഭിപ്രായങ്ങൾ എന്തെങ്കിലും പുറപ്പെടുവിച്ചിട്ടുള്ളതായി ആരോപിക്കുന്നില്ല. അങ്ങനെ അദ്ദേഹം സത്യവിശ്വാസത്തിൽ ഉറച്ചുനിൽക്കുന്നു എന്ന് അവർ സ്പഷ്ടമായി വ്യക്തമാക്കുകയാണ്. ഈ വിഷയത്തിൽ കുററപ്പെടുത്താതിരിക്കുന്നതുവഴി അവർ സ്വന്തം സാക്ഷ്യത്താൽ അദ്ദേഹത്തെ അനുകൂലിക്കുന്നു. ഏകസത്താതത്ത്വത്തിന്റെ[12] വക്താവായിരുന്ന അത്തനാസ്യോസ് ആര്യർക്കെതിരായുള്ള പ്രബന്ധം' എന്ന തന്റെ കൃതിയിൽ തന്റെ വിശ്വാസത്തിന്റെ സാക്ഷ്യം എന്ന നിലയിൽ ഈ ഗ്രന്ഥകാരന്റെ വാക്കുകൾ നിരന്തരം ഉദ്ധരിക്കുന്നുണ്ട്. അദ്ദേഹത്തിന്റെയും തന്റെയും വാക്കുകൾ കൂട്ടിക്കലർത്തുകയാണ് അത്തനാസ്യോസ് പലപ്പോഴും ചെയ്യുന്നതു്. അദ്ദേഹം പറയുന്നു: ''ഏററവും ആദരണീയനും സഭാവധാനിയുമായ ഒരിജൻ, ദൈവപുത്രനെ സംബന്ധിച്ചു നമ്മുടെ തത്ത്വം തന്റെ സ്വന്തം സാക്ഷ്യം കൊണ്ടു് ഉറപ്പിക്കുന്നു; പുത്രൻ പിതാവിനോടൊപ്പം നിത്യനാണെന്നു് അദ്ദേഹം ഉറപ്പിച്ചു പറയുന്നു''.

ഇങ്ങനെ നോക്കുമ്പോൾ, ഒരിജന്റെ മേൽ അധിക്ഷേപം ചൊരിയുന്നവർ തങ്ങളുടെ നിന്ദാവചനങ്ങൾ ഒരിജനെ പ്രശം

12. The doctrine of Consubstantiality

www.malankaralibrary.com



സിച്ച അത്തനാസ്യോസിന്റെ മേലും ചെന്നു വീഴുന്നു എന്ന വസ്തുത അവഗണിച്ചു കളയുന്നു. ഒരിജന്റെ ന്യായീകരണമായി ഇത്രയും മതി. ഇനി നമുക്കു നമ്മുടെ ചരിത്രത്തിന്റെ ഗതിയിലേയ്ക്കു മടങ്ങാം.

## അധ്യായം 14

# എപ്പിഫാനിയസ് കോൺസ്റ്റാന്റിനോപ്പിൾ വിടുന്നു

സഭാനിയമങ്ങൾക്കു വിരുദ്ധമായി എപ്പിഫാനിയസ് തന്റെ സഭയിൽ ഒരു പട്ടം കൊടുക്കൽ നടത്തിയതിൽ ജോൺ പരിഭവം പ്രകടിപ്പിച്ചില്ല. തന്റെ അരമനയിൽ വന്നു് തന്നോടൊത്തു വസിക്കാൻ അയാളെ ക്ഷണിക്കുകയാണു ചെയ്തതു്. ദിയസ്കോറോസിനെയും സഹോദരന്മാരെയും സഭയിൽനിന്നു പുറത്താക്കുകയും ഒരിജന്റെ പുസ്തകങ്ങളെ ശപിക്കുന്നതായി സ്വന്തം കയ്പടയിൽ എഴുതിക്കൊടുക്കുകയും ചെയ്യാൻ ജോൺ തയാറായെങ്കിലല്ലാതെ താൻ ജോണിനോടൊത്തു വസിക്കുകയോ പ്രാർത്ഥിക്കുകയോ ചെയ്യുകയില്ലെന്നു എപ്പിഫാനിയസ് മറുപടി കൊടുത്തു. പ്രസ്തുത കാര്യങ്ങൾ ഉടൻ നിർവ്വഹിക്കാൻ ജോൺ തയാറായില്ല. ഒരു പൊതു കൗൺസിലിന്റെ അന്വേഷണത്തിനുശേഷമല്ലാതെ അത്തരം കാര്യങ്ങളൊന്നും തിടുക്കത്തിൽ ചെയ്യാൻ പാടില്ല എന്നു് അദ്ദേഹം പറഞ്ഞു. അതിനാൽ മറെറാരു മാർഗ്ഗം അവലംബിക്കാൻ ജോണിന്റെ എതിരാളികൾ എപ്പിഫാനിയസിനെ പ്രേരിപ്പിച്ചു. അവർ ശ്ലീഹന്മാരുടെ നാമത്തിലുള്ള പള്ളിയിൽ ഒരു സമ്മേളനം സംഘടിപ്പിച്ചു. എപ്പിഫാനിയസ് അവിടെ വന്നു് ജനങ്ങളുടെ സമക്ഷം ഒരിജന്റെ പുസ്തകങ്ങളെ ശപിക്കുകയും ദിയസ്കോറോസിനെയും അനുയായികളെയും സഭയിൽനിന്നു ബഹിഷ്കരിക്കുകയും അവരെ അനുകൂലിക്കുന്നതിന്റെ പേരിൽ ജോണിനെ കുററപ്പെടുത്തുകയും ചെയ്തു. ഈ കാര്യങ്ങളെക്കുറിച്ചു് ജോണിനു് അറിവുകിട്ടി. അതനുസരിച്ചു്, അടുത്തദിവസം എപ്പിഫാനിയസ് പള്ളിയിൽ പ്രവേശിച്ച സമയത്തു് അയാൾക്കു കിട്ടത്തക്കവിധം താഴെ പറയുന്ന സന്ദേശം ജോൺ അയാൾക്കു് അയച്ചുകൊടുത്തു:

''എപ്പിഫാനിയസ്, സഭാനിയമങ്ങൾക്കു വിരുദ്ധമായി പല കാര്യങ്ങളും താങ്കൾ ചെയ്യുന്നു. ഒന്നാമതായി, എന്റെ

www.malankaralibrary.com



അധികാരപരിധിയിൽപ്പെട്ട പള്ളികളിൽ താങ്കൾ പട്ടം കൊടുക്കൽ നടത്തി. പിന്നെ, എന്റെ അനുവാദം കൂടാതെ അത്തരം ചടങ്ങുകളിൽ ചുമതല വഹിച്ചു. അതിനു പുറമേ, ഇതുവരെ ഞാൻ ക്ഷണിച്ച അവസരത്തിലെല്ലാം ഇവിടെ വരാൻ താങ്കൾ വിസമ്മതിച്ചു. ഇപ്പോൾ താങ്കൾ സ്വയം ആ സ്വാതന്ത്ര്യം പ്രയോഗിക്കുന്നു. അതിനാൽ കരുതിയിരുന്നുകൊള്ളുക, ഇതിന്റെയൊക്കെ പേരിൽ ജനങ്ങളുടെയിടയിൽ ഒരു കലാപമുണ്ടായാൽ അതിൽ താങ്കൾക്കും അപകടം പറ്റാം.''

ഈ കുറ്റപ്പെടുത്തൽ കേട്ടു പരിഭ്രാന്തനായി എപ്പിഫാനിയസ് പള്ളി വിട്ടുപോയി. പല കാര്യത്തിനും ജോണിനെ കുറ്റപ്പെടുത്തിയിട്ട് അയാൾ സൈപ്രസ്സിലേക്കു പുറപ്പെട്ടു. യാത്ര പുറപ്പെടുംമുമ്പ് അയാൾ ജോണിനോട് ഇങ്ങനെ പറഞ്ഞു എന്നു ചിലർ പറയുന്നു: ''താങ്കൾ ഒരു മെത്രാനായി മരിക്കുകയില്ലെന്നു ഞാൻ കരുതുന്നു.'' അതിന് ജോൺ ഇങ്ങനെ മറുപടി നൽകിയെന്നും പറയപ്പെടുന്നുണ്ട്: ''താങ്കൾ സ്വന്തം നാട്ടിൽ എത്തിച്ചേരുമെന്നു പ്രതീക്ഷിക്കണ്ട.'' ഇക്കാര്യങ്ങൾ എന്നോടു പറഞ്ഞവർ നേരാണു പറഞ്ഞതെന്ന് എനിക്കുറപ്പില്ല. എങ്കിലും രണ്ടു പേരുടെയും കാര്യത്തിൽ സംഭവിച്ചതു് പ്രസ്തുത പ്രവചനങ്ങളിൽ പറഞ്ഞിട്ടുള്ളതുപോലെയാണ്. എന്തെന്നാൽ എപ്പിഫാനിയസ് സൈപ്രസ്സിൽ എത്തിച്ചേർന്നില്ല. യാത്രക്കിടയിൽ കപ്പലിൽവച്ചു തന്നെ അയാൾ മരിച്ചു. ജോൺ താമസിയാതെ മെത്രാൻ സ്ഥാനത്തുനിന്നു ബഹിഷ്കൃതനാവുകയും ചെയ്തു. അക്കാര്യം നാം കാണാൻ പോകുന്നു.

## അധ്യായം 15

# ജോൺ ബഹിഷ്കൃതനാകുന്നു

എപ്പിഫാനിയസ് പോയിക്കഴിഞ്ഞപ്പോൾ, എവുഡോക്സ്യാ ചക്രവർത്തിനിയാണ് അയാളെ ജോണിനെതിരായി ഇളക്കിവിട്ടതെന്ന് ആരോ ജോണിനെ അറിയിച്ചു. ജോൺ ചൂടൻ സമ്പ്രദായവും മനസ്സിൽ തോന്നുന്നതെല്ലാം വെട്ടിവിളിച്ചു പറയുന്ന സ്വഭാവവുമുള്ള ആളായതുകൊണ്ട് താമസിയാതെ സ്ത്രീകളെ പരസ്യമായി അധിക്ഷേപിച്ചുകൊണ്ടുള്ള ഒരു പ്രസംഗം നടത്തി. ഇതു് പരോക്ഷമായി ചക്രവർത്തിനിക്കു് എതിരായിട്ടുള്ള പ്രസംഗമാണെന്നു ജനങ്ങൾ മനസ്സിലാക്കി.

www.malankaralibrary.com



ജോണിനോട്ട വിരോധമുണ്ടായിരുന്നവർ അതിനെ ഒരു കരുവാക്കി. അവർ വിവരം അധികാരികളെ ധരിപ്പിച്ചു. ഒടുവിൽ കാര്യം ചക്രവർത്തിനി അറിഞ്ഞു. അവർ ഉടൻതന്നെ ഭർത്താവിൻെറ പക്കൽ പരാതിപ്പെട്ടു. തന്നെ അധിക്ഷേപിക്കുന്നതു തൻെറ ഭർത്താവിനെ അധിക്ഷേപിക്കുന്നതിനു തുല്യമാണെന്നും അവർ പറഞ്ഞു. അതിനാൽ വേഗംതന്നെ ജോണിനെതിരായി ഒരു സിനഡ് വിളിച്ചുകൂട്ടാൻ തെയോഫിലസിനെ ചക്രവർത്തി അധികാരപ്പെടുത്തി. ഇക്കാര്യം മുമ്പോട്ടു കൊണ്ടുപോകാൻ സെവേരിയനും സഹകരിച്ചു. എന്തെന്നാൽ ക്രിസസ്തോമിനെതിരായ വിദ്വേഷം അപ്പോഴും അയാളുടെ മനസ്സിലുണ്ടായിരുന്നു. ഇതനുസരിച്ച് താമസിയാതെ തെയോഫിലസും വന്നെത്തി. വിവിധ നഗരങ്ങളിൽ നിന്നായി പല മെത്രാന്മാരെയും തന്നോടൊത്തുവരാൻ അയാരം പ്രേരിപ്പിച്ചിരുന്നു. അവരെല്ലാം ചക്രവർത്തിയുടെ കല്പനയനുസരിച്ച ക്ഷണിക്കപ്പെട്ടിരുന്നവരുമാണ്. എഫേസോസിൽ ചെന്നു് ഹെരാക്ലിദെസിനെ അഭിഷേകം ചെയ്ത അവസരത്തിൽ ജോൺ ഏഷ്യായിലെ പല മെത്രാന്മാരെയും സ്ഥാനഭ്രഷ്ടരാക്കിയിരുന്നു. ഇവരെല്ലാവരും കൂടെ പൂർവ്വനിശ്ചയമനുസരിച്ച് ബിത്തീനിയായിലെ കാൽസിഡണിൽ സമ്മേളിച്ചു. സിറീനസ് ആയിരുന്നു അന്നു് കാൽസിഡണിലെ മെത്രാൻ. ജന്മംകൊണ്ടു് ഈജിപ്തുകാരനായ ആ മെത്രാൻ ജോണിനെ കുററപ്പെടുത്തിക്കൊണ്ടു് പല കാര്യങ്ങളും മെത്രാന്മാരോടു പറഞ്ഞു. 'ഭക്തിയില്ലാത്തവൻ' 'ധൃഷ്ടൻ', 'കഠിനഹൃദയൻ' എന്നെല്ലാമാണ് അയാരം ജോണിനെ വിശേഷിപ്പിച്ചതു്. ഈ അധിക്ഷേപ വചനങ്ങളെല്ലാം ആ മെത്രാന്മാൎക്ക വളരെ സന്തോഷജനകമായിരുന്നു.

മെസപ്പൊട്ടേമിയായിലെ മെത്രാനായ മാരൂഥാ അറിയാതെ സിറീനസിൻെറ കാലിൽ ചവിട്ടുകയും അതിൻെറ ഫലമായി സിറീനസിൻെറ കാലിൽ സാരമായ പരുക്ക് ഏൽക്കുകയും ചെയ്തതുകൊണ്ടു് അയാരംക്ക് മററു മെത്രാന്മാരുടെ കൂട്ടത്തിൽ കോൺസ്റ്റാൻറിനോപ്പിളിലേയ്ക്കു പോകാൻ കഴിഞ്ഞില്ല; കാൽസിഡണിൽത്തന്നെ താമസിക്കേണ്ടി വന്നു. ബാക്കിയുള്ളവർ കോൺസ്റ്റാൻറിനോപ്പിളിലേയ്ക്കു പോയി.

ജോണിനോടു് തെയോഫിലസ് പരസ്യമായി ശത്രുത പ്രഖ്യാപിച്ചിരുന്നതുകൊണ്ടു് കോൺസ്ററാൻറിനോപ്പിളിലെ വൈദികരാരും അയാളെ സ്വീകരിക്കാൻ ചെന്നില്ല; അയാളോടു് അല്പംപോലും ബഹുമാനം കാണിച്ചുമില്ല. എന്നാൽ അന്നു് അവിടെയുണ്ടായിരുന്ന അലക്സാൺഡ്രിയക്കാരായ കുറെ നാവികർ – ധാന്യങ്ങരം കൊണ്ടുവരുന്ന കുറെ അലക്സാൺഡ്രി

www.malankaralibrary.com



യൻ കപ്പലുകരം അന്നു് അവിടെയുണ്ടായിരുന്നു – സന്തോഷഭരിതമായ അഭിവാദനങ്ങളോടെ തെയോഫിലസിനെ സ്വാഗതം ചെയ്തു. തെയോഫിലസ് പള്ളിയിൽ പ്രവേശിക്കുന്നതിൽ നിന്നു് ഒഴികഴിവു പറഞ്ഞുനിന്നു. 'പ്ലാസിഡിയൻ' എന്ന പേരുള്ളതും ചക്രവർത്തിയുടെ വകയുമായ ഒരു സൗധത്തിൽ വാസം ഉറപ്പിച്ചു. അതിൻെറ അടിസ്ഥാനത്തിൽ ജോണിനെതിരായി ആരോപണങ്ങളുടെ ഒരു മഹാപ്രവാഹം തന്നെയുണ്ടായി. ഒരിജനെക്കുറിച്ചു് ആരും ഒന്നും ഈ സന്ദർഭത്തിൽ പറഞ്ഞില്ല. എല്ലാവരും ജോണിനെക്കുറിച്ചു് വൈവിധ്യം നിറഞ്ഞ ആരോപണങ്ങരം ഉന്നയിക്കുന്നതിൽ ദത്തശ്രദ്ധരായിരുന്നു. ആരോപണങ്ങളിൽ പലതും തീർത്തും പരിഹാസ്യങ്ങളുമായിരുന്നു.

ഇങ്ങനെ പ്രാഥമികകാര്യങ്ങളെല്ലാം ശരിയായിക്കഴിഞ്ഞപ്പോരം മെത്രാന്മാർ കാൽസിഡണിൻെറ ഒരു ഉപനഗരത്തിലുള്ള 'ഓക്കു്' എന്ന സ്ഥലത്തേയ്ക്കു ക്ഷണിക്കപ്പെട്ടു. ജോണിനെതിരായുള്ള ആരോപണങ്ങരംക്കു മറുപടി പറയാൻ ഉടൻതന്നെ അദ്ദേഹം വിളിക്കപ്പെട്ടു. ഡീക്കനായ സെറാപ്പിയോൻ, ഷണ്ഡപുരോഹിതനായ ടൈഗ്രീസു്, വായനക്കാരൻ പൗലോസ് എന്നിവരും അദ്ദേഹത്തോടൊപ്പം ഹാജരാകാൻ ക്ഷണിക്കപ്പെട്ടു; അവരും ജോൺ ചെയ്ത കുററകൃത്യങ്ങളിൽ സഹകാരികരം എന്ന നിലയ്ക്കു് വിസ്തരിക്കാൻ ക്ഷണിക്കപ്പെട്ടവരാണ്. എന്നാൽ തന്നെ വിളിച്ചവർ തൻെറ എതിരാളികളാണ് എന്ന ന്യായത്തിൽ ജോൺ ഹാജരാകാൻ വിസമ്മതിച്ചു. ഒരു പൊതു കൗൺസിൽ കൂടണമെന്നു് അദ്ദേഹം ആവശ്യപ്പെട്ടു. മെത്രാന്മാർ താമസം കൂടാതെ നാലു പ്രാവശ്യം ജോണിനെ വിളിപ്പിച്ചു. എന്നാൽ അദ്ദേഹം മുൻപറഞ്ഞ മറുപടിതന്നെ നൽകുകയും വിധിയാളന്മാരായി അവരെ സ്വീകരിക്കുന്നതിനുള്ള എതിർപ്പു പ്രകടമാക്കുകയും ചെയ്തു. അതിനാൽ അവർ അദ്ദേഹത്തെ കുററം വിധിക്കുകയും സ്ഥാനഭ്രഷ്ടനാക്കുകയും ചെയ്തു. സ്ഥാനഭ്രഷ്ടനാക്കുന്നതിനു് തങ്ങളുടെ വിളിപ്പിക്കലിനെ അനാദരിച്ചതല്ലാതെ മററു കാരണങ്ങളൊന്നും അവർ പറഞ്ഞില്ല. വൈകുന്നേരത്തോടുകൂടി ഈ തീരുമാനം പ്രഖ്യാപിക്കപ്പെട്ടപ്പോരം ജനങ്ങരം ക്ഷോഭിച്ചിളകി പ്രക്ഷോഭണത്തിനു തയാറായി. അവർ രാത്രി മുഴുവൻ ഉറക്കമിളച്ചു കാത്തിരുന്നു. പള്ളിയിൽ നിന്നു് ജോണിനെ പുറത്തു കൊണ്ടുപോകാൻ അവർ ഒരുതരത്തിലും സമ്മതിച്ചില്ല. കുറെക്കൂടെ വലിയ ഒരു സമ്മേളനത്തിൽവച്ചു് അദ്ദേഹത്തിൻെറ കാര്യം തീരുമാനിക്കണം എന്നു് അവർ ഉറക്കെ വിളിച്ചു പറഞ്ഞുകൊണ്ടിരുന്നു. എന്നാൽ അദ്ദേഹത്തെ ഉടൻതന്നെ സ്ഥാനഭ്രഷ്ടനാക്കുകയും നാടു കടത്തുകയും ചെയ്യണം

www.malankaralibrary.com



എന്നാവശ്യപ്പെട്ടുന്ന ചക്രവർത്തിയുടെ കല്പന പുറപ്പെട്ടു. ഈ വിവരം അറിയിച്ചപ്പോൾത്തന്നെ ജോൺ കല്പനയ്ക്കു കീഴടങ്ങി. മെത്രാന്മാരുടെ തീരുമാനമുണ്ടായതിൻെറ മൂന്നാം ദിവസം ഉച്ചയ്ക്ക് ജനങ്ങൾ അറിയാതെ അദ്ദേഹം പുറത്തുപോയി. താൻ കാരണം ജനങ്ങളുടെ ഭാഗത്തു്നിന്നു് എന്തെങ്കിലും കലാപമുണ്ടാകുന്നതിനെ അദ്ദേഹം ഭയപ്പെട്ടിരുന്നു. ഉദ്യോഗസ്ഥന്മാർ അദ്ദേഹത്തെ അകലേയ്ക്കു് ആനയിക്കുകയും ചെയ്തു.

## അധ്യായം 16

# ജോൺ ക്രിസസ്റ്റോം തിരിച്ചുവിളിക്കപ്പെടുന്നു

ജനങ്ങൾ ഈ വിവരം അറിഞ്ഞപ്പോൾ അദമ്യമായ പ്രക്ഷോഭണം ഉയർത്തി. ഇത്തരം സന്ദർഭങ്ങളിൽ സാധാരണ സംഭവിക്കുന്നതുപോലെ, നേരത്തേ ജോണിനോടു വിരോധമുണ്ടായിരുന്നവരിൽ പലരും വിരോധം വിട്ടു സഹതാപമുള്ളവരായിത്തീർന്നു. അദ്ദേഹത്തെ സ്ഥാനഭ്രഷ്ടനായി കാണാൻ ആഗ്രഹിച്ചിരുന്നവർതന്നെ അദ്ദേഹം അന്യായമായി അപവദിക്കപ്പെട്ടു എന്നു പറഞ്ഞു തുടങ്ങി. അങ്ങനെ, മെത്രാന്മാരുടെ സമ്മേളനത്തിനും ചക്രവർത്തിക്കുമെതിരായി ഒച്ചപ്പാടുണ്ടാക്കുന്നവരുടെ സംഖ്യ വളരെയധികമായി. ഈ ഗൂഢാലോചന പ്രത്യേകമായും ആരംഭിച്ചതു് തെയോഫിലസിൽ നിന്നാണെന്നു് അവർ പറഞ്ഞു. അയാളുടെ വഞ്ചന നിറഞ്ഞ പ്രവർത്തനങ്ങൾ പിന്നെയും ഒളിച്ചുവയ്ക്കുക അസാദ്ധ്യമായിരുന്നു. മററു പല സൂചനകൾകൊണ്ടും അതു വെളിപ്പെട്ടു. ആ വിഷയത്തിലുണ്ടായ ഏററവും സവിശേഷമായ വസ്തുത ദിയസ്കോറോസും 'പൊക്കമുള്ള സന്യാസിമാർ' എന്നു വിളിക്കപ്പെടുന്നവരുമായി ജോണിൻെറ സ്ഥാനഭ്രംശനത്തിനു തൊട്ടു പിന്നാലെ അയാൾ സമ്പർക്കം പുലർത്തിയതാണ്.

സെവേരിയൻ പള്ളിയിൽ പ്രസംഗിക്കുന്നതിനിടയ്ക്കു്, ജോണിനെതിരായി പ്രഭാഷണം നടത്താൻ അതു് ഉചിത സന്ദർഭമാണെന്നു കരുതി ഇങ്ങനെ പറഞ്ഞു, ''ജോൺ ശിക്ഷിക്കപ്പെട്ടതു മറെറാന്നിനുമായിട്ടല്ലെങ്കിൽ, അദ്ദേഹത്തിൻെറ പെരുമാററത്തിലുള്ള ധാർഷ്ട്യംതന്നെ നാടുകടത്തലിനു പര്യാപ്തമായ കാരണമത്രേ. മനുഷ്യരുടെ മറെറല്ലാ പാപങ്ങളും ദൈവം ക്ഷമിക്കും. 'എന്നാൽ ദൈവം അഹങ്കാരികളെ ചെറുക്കുന്നു' എന്നാണല്ലോ ദിവ്യലിഖിതം നമ്മെ പഠിപ്പിക്കുന്നതു്.''

www.malankaralibrary.com



(1 പത്രോ. 5:2; യാക്കോ. 4:6). ഈ അപലപങ്ങൾ കൂടുതൽ ശക്തിയായി പ്രക്ഷോഭണം കൂട്ടാൻ ആളുകളെ പ്രേരിപ്പിക്കുകയാണു ചെയ്തതു്. അതിൻെറ ഫലമായി ജോണിനെ ഉടൻ തിരിച്ചു വിളിപ്പിക്കാൻ ചക്രവർത്തി കല്പന പുറപ്പെടുവിച്ചു. അതനുസരിച്ചു് ചക്രവത്തിനിയുടെ സേവനത്തിലുള്ള ബ്രീസോ എന്ന ഷണ്ഡൻ അദ്ദേഹത്തിൻെറ പിന്നാലെ അയയ്ക്കപ്പെട്ടു. പ്രെനേററം[13] എന്ന സ്ഥലത്തുവച്ചു് അയാൾ അദ്ദേഹത്തെ കണ്ടുമുട്ടി – നിക്കൊമേദിയായുടെ സമീപമുള്ള ഒരു വ്യാപാര നഗരമാണിതു് – ബ്രീസോ അദ്ദേഹത്തെ തിരികെ കൊണ്ടുവന്നു. തിരിച്ചു വിളിക്കപ്പെട്ട സാഹചര്യത്തിൽ, കുറെക്കൂടെ ഉന്നതമായ ഒരു സമിതി തൻെറ നിരപരാധിത്വം സമ്മതിച്ചതിനു ശേഷമേ താൻ നഗരത്തിൽ പ്രവേശിക്കുകയുള്ളു എന്നു നിർബ്ബന്ധം പിടിച്ചു. ഇങ്ങനെ പറഞ്ഞുകൊണ്ടു് 'മരിയാനേ' എന്ന ഉപനഗരപ്രദേശത്തു് അദ്ദേഹം തങ്ങി. ഇങ്ങനെ അദ്ദേഹം താമസിച്ചപ്പോൾ നഗരത്തിലെ കോലാഹലങ്ങൾ വദ്ധിച്ചു. ജനങ്ങൾ ഭരണാധികാരികൾക്കെതിരേ വളരെ കോപാകുലവും അധിക്ഷേപപൂർണ്ണവുമായ വാക്കുകൾ പ്രയോഗിക്കാൻ തുടങ്ങി. അതിനാൽ അവരുടെ കോപം ശമിപ്പിക്കാൻ വേണ്ടി ജോൺ മുമ്പോട്ടു പോകാൻ നിർബ്ബന്ധിതനായി. അദ്ദേഹം വരുന്ന വഴിക്കു് സ്നേഹാദരങ്ങൾ നിറഞ്ഞ ജനക്കൂട്ടം തിങ്ങിക്കൂടിയിട്ടു് ഉടൻതന്നെ അദ്ദേഹത്തെ പള്ളിയിലേയ്ക്കു് ആനയിച്ചു. അവിടെ മെത്രാസനത്തിലിരുന്നുകൊണ്ടു് പതിവുള്ള വാഴ്‌വു് നല്കാൻ അവർ ആവശ്യപ്പെട്ടു. 'വിധികർത്താക്കന്മാരുടെ കല്പനയനുസരിച്ചു വേണം അങ്ങനെ ചെയ്യാൻ, അതിനായി, തന്നെ കുററം വിധിച്ചവർ ആദ്യമായി ആ വിധി നീക്കം ചെയ്യണം' എന്നു് അദ്ദേഹം ഒഴികഴിവു പറഞ്ഞപ്പോൾ അദ്ദേഹം മെത്രാസനത്തിൽ ഇരിക്കുന്നതു കാണാനും തങ്ങളോടു പ്രസംഗിക്കുന്നതു കേൾക്കാനുമുള്ള അവരുടെ ആഗ്രഹം കൂടുതൽ ശക്തിയായി ഉജ്ജ്വലിച്ചു. ഒടുവിൽ ജനങ്ങളുടെ നിർബ്ബന്ധം വിജയിച്ചു. അദ്ദേഹം സിംഹാസനസ്ഥനാകുകയും പതിവുപോലെ അവരുടെമേൽ സമാധാനത്തിനുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു. തുടന്നു് ജനങ്ങളുടെ നിർബ്ബന്ധത്തിനു വഴങ്ങിത്തന്നെ അദ്ദേഹം അവരോടു പ്രസംഗിച്ചു. ജോൺ ഇപ്രകാരം ജനാഭിലാഷത്തിനു വഴങ്ങിക്കൊടുത്തതു് അദ്ദേഹത്തിൻെറ എതിരാളികൾക്കു വീണ്ടും കുററം പറയാൻ അവസരമുണ്ടാക്കിക്കൊടുത്തു. എന്നാൽ അതിൻെറ അടിസ്ഥാനത്തിൽ അവർ ആ സമയത്തു് നടപടികൾ ഒന്നും സ്വീകരിച്ചില്ല.

---

13. Praenetum

www.malankaralibrary.com



## അധ്യായം 17

## കോൺസ്റ്റാൻറിനോപ്പിൾകാരും അലക്സാൺഡ്രിയക്കാരും തമ്മിൽ മത്സരം

പിന്നീട് തെയോഫിലസ് ആദ്യമായി ചെയ്തത് ഹെറാക്ലിഡെസിൻെറ അഭിഷേകത്തെസംബന്ധിച്ച് ഒരു അന്വേഷണം നടത്താൻ ശ്രമിക്കുക എന്നുള്ളതാണ്. അതുവഴി ജോണിനെ വീണ്ടും സ്ഥാനഭ്രഷ്ടനാക്കാൻ എന്തെങ്കിലും മാർഗ്ഗം കണ്ടുപിടിക്കാനാവുമോ എന്നതായിരുന്നു അയാളുടെ നോട്ടം. ഈ പരിശോധനയിൽ ഹെറാക്ളിഡെസ് സന്നിഹിതനായിരുന്നില്ല. എങ്കിലും ആളിൻെറ അസാന്നിദ്ധ്യത്തിൽ അദ്ദേഹം കുററം വിധിക്കപ്പെട്ടു. ചിലയാളുകളെ അന്യായമായി അടിപ്പിക്കുകയും അതിനുശേഷം അവരെ ചങ്ങലകൾകൊണ്ടു ബന്ധിച്ച് എഫേസോസ് നഗരത്തിൻെറ മദ്ധ്യത്തിലൂടെ വലിപ്പിക്കുകയും ചെയ്തു എന്നുള്ളതായിരുന്നു ആരോപിതമായ കുററം. അസന്നിഹിതനായ ഒരു വ്യക്തിയുടെ മേൽ കുററം വിധിക്കുന്നതിലെ അനീതിയെക്കുറിച്ച് ജോണും അനുയായികളും പ്രതിഷേധിച്ചപ്പോൾ ഹെറാക്ലിഡെസിൻെറ മേൽ കുററാരോപണം നടത്തിയവരെ തങ്ങൾക്കു കേൾക്കണമെന്ന് അലക്സാൺഡ്രിയക്കാർ വാദിച്ചു. ഇതു സംബന്ധിച്ച് അലക്സാൺഡ്രിയക്കാരും കോൺസ്ററാൻറിനോപ്പിൾകാരും തമ്മിൽ കടുത്ത മത്സരമുണ്ടായി. തുടർന്ന് ഒരു കലാപം ഉടലെടുക്കുകയും അതിൽ അനേകം പേർക്കു പരുക്കു പററുകയും കുറെപ്പേർ മരിക്കുകയും ചെയ്തു. ഇതൊക്കെ കണ്ടു് തെയോഫിലസ് ഒട്ടും മടിക്കാതെ അലക്സാൺഡ്രിയായിലേയ്ക്കു പലായനം ചെയ്തു. ജോണിനെ അനുകൂലിച്ച ഏതാനും പേരൊഴികെയുള്ള മററു മെത്രാന്മാരും അങ്ങനെ തന്നെ ചെയ്തു. അവരെല്ലാം അവരവരുടെ രൂപതകളിലെത്തി. ഈ സംഭവങ്ങളെല്ലാം കഴിഞ്ഞപ്പോൾ തെയോഫിലസ് എല്ലാവരുടെയും വിലമതിപ്പിൽ വളരെ താഴ്ന്നുപോയി. എന്നാൽ അയാളുടെ പേരിൽ ആളുകൾക്കുള്ള വെറുപ്പ് ഏററവും അധികമായതു് ഒരിജൻെറ കൃതികൾ അയാൾ വായിച്ച നാണം കെട്ട രീതി മൂലമാണ്. പരസ്യമായി കുററം പറഞ്ഞ ഒരു കാര്യത്തെ ഇങ്ങനെ ആദരിക്കുന്നതെന്തുകൊണ്ടു് എന്നു് ആളുകൾ ചോദിച്ചപ്പോൾ അയാൾ പറഞ്ഞു: ''ഒരിജൻെറ കൃതികൾ എല്ലാത്തരം പൂക്കളും

www.malankaralibrary.com



നിരന്ന നിൽക്കുന്ന ഒരുദ്യാനം പോലെയാണ്. അവയിൽ സുന്ദരമായ ഒന്നു കണ്ടാൽ അതു ഞാൻ ഇറുത്തെടുക്കും. എന്നാൽ കുത്തിക്കൊള്ളുന്ന ഒരു മുള്ളു കണ്ടാൽ ഞാൻ അതിൽ ചവിട്ടാതെ കടന്നുപോകും.''

ജ്ഞാനിയായ സോളമന്റെ വാക്കുകളെക്കുറിച്ചു ചിന്തിക്കാതെയാണ് തെയോഫിലസ് ഈ മറുപടി പറഞ്ഞത്. സോളമൻ പറയുന്നു: 'ജ്ഞാനിയുടെ വാക്കുകൾ ഇടയന്റെ വടി പോലെയാണ്.' അവയിലുള്ള മുള്ളുകൾ ആരുടെയെങ്കിലും ദേഹത്തുകൊണ്ടാൽ അവർ അവയെ തൊഴിക്കരുത്.

ഇക്കാരണങ്ങളാൽ എല്ലാവരും തെയോഫിലസിനെ വളരെ അവജ്ഞയോടെ വീക്ഷിച്ചു. 'പൊക്കമുള്ള സന്യാസിമാർ' എന്നറിയപ്പെട്ടിരുന്നവരിൽ ഒരാളും ഹെർമോപ്പൊലീസിലെ മെത്രാനുമായ ദിയസ്സോറോസ് തെയോഫിലസിന്റെ പലായനത്തിനുശേഷം അധികം താമസിയാതെ മരിച്ചു. അത്യുജ്ജ്വലമായ ഒരു ശവസംസ്കാരത്താൽ അദ്ദേഹം ബഹുമാനിക്കപ്പെട്ടു. 'ഓക്ക്'' എന്ന സ്ഥലത്തെ പള്ളിയിലാണ് അദ്ദേഹം സംസ്കരിക്കപ്പെട്ടത്. ജോണിനെ സംബന്ധിച്ച് സിനഡ് നടന്നത് ആ പള്ളിയിൽ വച്ചായിരുന്നു. ജോൺ ഇതേ സമയം ഉത്സാഹപൂർവം പ്രസംഗങ്ങളിൽ ഏർപ്പെട്ടിരിക്കുകയായിരുന്നു. ആരു കാരണമായിട്ടാണോ അദ്ദേഹത്തോട് അനേകർക്ക് വെറുപ്പുണ്ടായത്, ആ സെറാപ്പിയോനെ അദ്ദേഹം ത്രേസിലെ ഹെരാക്ലിയായുടെ മെത്രാനായി അഭിഷേചിച്ചു. അധികം താമസിയാതെ താഴെപറയുന്ന സംഭവങ്ങളുണ്ടായി.

## അധ്യായം 18

## എവുഡോക്സ്യായുടെ രജതപ്രതിമ

ഈ സമയത്ത് എവുഡോക്സ്യാ രാജ്ഞിയുടെ ഒരു രജതപ്രതിമ സ്ഥാപിക്കപ്പെട്ടു.[14] ദീർഘമായ ഒരു മേലങ്കിയോടു കൂടിയ ആ പ്രതിമ ഉയർന്ന ഒരു വേദിയിൽ വിശേഷപ്പെട്ട പൊർഫീരിശിലകൊണ്ടുള്ള ഒരു സ്തംഭത്തിനു മുകളിലാണു

14. 403 ലാണ് ഇതു നടന്നത്.

www.malankaralibrary.com



സ്ഥാപിക്കപ്പെട്ടത്. ഇത് *സോഫിയാ*പള്ളിയുടെ സമീപം രാജപാതയുടെ മദ്ധ്യത്തിലായിട്ടാണ സ്ഥാപിക്കപ്പെട്ടത്. പള്ളിക്കും പ്രതിമയ്ക്കും തമ്മിലുള്ള അകലം പാതയുടെ പകുതി ഭാഗം. ഈ പ്രതിമയുടെ സമീപം കായികമത്സരങ്ങൾ നടന്നു വന്നു. അത് പള്ളിയോടുള്ള അവഹേളനമായി ജോൺ കണക്കാക്കി. തന്റെ സ്വതസിദ്ധമായ സ്വാതന്ത്ര്യബോധവും നാവിന്റെ മൂർച്ചയും ഉപയോഗിച്ച് അദ്ദേഹം അതിനോടു പ്രതികരിച്ചു. പ്രസ്തുത കായിക വിനോദങ്ങളോടു സഹിഷ്ണത പുലർത്തിയ ആളുകളെ അദ്ദേഹം ഭർത്സിച്ചു. അവിടെ കായികമത്സരങ്ങൾ നടത്തരുതെന്നു കാണിച്ച് അധികാരികളുടെ പക്കൽ ഒരു നിവേദനം നടത്തിയാൽ പ്രശ്നത്തിനു പരിഹാരമുണ്ടാകുമായിരുന്നു. എന്നാൽ ജോൺ അതു ചെയ്തില്ല. അവിടെ മത്സരം നടത്താൻ അനുവദിച്ച സകലരെയും രൂക്ഷമായ ഭാഷയിൽ അപവദിക്കുകയാണ് അദ്ദേഹം ചെയ്തത്: ജോണിന്റെ വചനങ്ങൾ തനിക്കെതിരേയുള്ളവയാണെന്ന് ചക്രവർത്തിനി ഇത്തവണയും ധരിച്ചു. തന്നെക്കുറിച്ചുള്ള വ്യക്തിപരമായ അവജ്ഞയാണ് ആ വാക്കുകൾക്കു പിന്നിലുള്ളതെന്ന് അവർ മനസ്സിലാക്കി. അതിനാൽ ജോണിനെതിരായി മറ്റൊരു കൗൺസിൽ വിളിച്ചുകൂട്ടാൻ അവർ ഉത്സാഹിച്ചു. ഇക്കാര്യം അറിവായപ്പോൾ ജോൺ പള്ളിയിൽ താഴെപറയുന്ന വാക്കുകളിൽ ആരംഭിക്കുന്ന പ്രസിദ്ധമായ പ്രസംഗം ചെയ്തു: ''വീണ്ടും ഹേറോദിയാസ്സ് കിറുക്കിളകിയിരിക്കുന്നു. അവൾ വീണ്ടും അസ്വസ്ഥയാണ്. അവൾ വീണ്ടും നൃത്തം ചെയ്യുന്നു. യോഹന്നാന്റെ തല താലത്തിലാക്കി കിട്ടണമെന്ന് അവൾ വീണ്ടും ആഗ്രഹിക്കുന്നു.''

ഈ പ്രസംഗം ചക്രവർത്തിനിയെ രോഷാകുലയാക്കി എന്നു പറയേണ്ടതില്ലല്ലോ. അധികം താമസിയാതെ കൗൺസിലിനായി താഴെ പറയുന്ന മെത്രാന്മാർ വന്നു ചേർന്നു. ഏഷ്യയിലുള്ള അൻസീറായിലെ മെത്രാൻ ലെയോൺഷ്യസ്, പിസീദിയായിലുള്ള ലവോഡീഷ്യായിലെ മെത്രാൻ അമ്മോണിയൂസ്, ത്രേസിലുള്ള ഫിലിപ്പിയിലെ മെത്രാൻ ബ്രീസോ, സിറിയായിലുള്ള ബേറോയായിലെ അകാചിയൂസ് എന്നിവരും വേറെ ചിലരും. ജോൺ നിർഭയനായി അവരുടെ മുമ്പിൽ ഹാജരായി. തനിക്കെതിരേ ഉന്നയിക്കപ്പെട്ടിട്ടുള്ള ആരോപണങ്ങളെക്കുറിച്ചു ശരിയായ അന്വേഷണം നടത്തണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു.

നമ്മുടെ രക്ഷകന്റെ ജനനത്തിന്റെ വാർഷികം സമാഗതമായിരുന്നു. പതിവനുസരിച്ചു പള്ളിയിൽ വരാൻ ചക്ര

www.malankaralibrary.com



വർത്തി തയാറായില്ല. ജോണിൻെറ പേരിൽ ഉന്നയിക്കപ്പെട്ടിട്ടുള്ള ആരോപണങ്ങളിൽ നിന്നു് അദ്ദേഹം മുക്തനാകാതെ തന്നോടൊത്തു് ദിവ്യകാരുണ്യത്തിൽ പങ്കെടുക്കരുതെന്നു് അറിയിക്കുന്ന ഒരു സന്ദേശം ചക്രവർത്തി ജോണിനു കൊടുത്തയച്ചു. ജോൺ ധീരവും അചഞ്ചലവുമായ നിലപാടു സ്വീകരിക്കുകയും കുററാരോപകർ അധീരരായിത്തീരുകയും ചെയ്തപ്പോഠം, സമ്മേളിച്ച മെത്രാന്മാർ ഒരു കാര്യം ചെയ്തു. മററു കാര്യങ്ങളെല്ലാം മാററിവച്ചിട്ടു് ജോണിനെ സംബന്ധിച്ച ഒരു പ്രശ്നം മാത്രം അവർ പരിഗണനയ്ക്കെടുത്തു. നാടുകടത്തലിനുശേഷം മെത്രാൻ സംഘത്തിൻെറ അനുമതി കൂടാതെ അദ്ദേഹം മെത്രാസനത്തിൽ ഉപവിഷ്ടനായതിനുള്ള വിശദീകരണം അവർ ആവശ്യപ്പെട്ടു. തന്നോടു് അനുഭാവമുള്ള അറുപത്തഞ്ചു മെത്രാന്മാർ ചേന്നാണ് തന്നെ പുനരവരോധിച്ചതു് എന്നു് ജോൺ മറുപടി നൽകി. അതിനെതിരായി ലെയോൺഷ്യസും കൂട്ടരും ഇങ്ങനെ പറഞ്ഞു, ''സിനഡിൽ അതിലധികം മെത്രാന്മാർ താങ്കഠംക്കെതിരായി വോട്ടു ചെയ്തല്ലോ.'' അതു് ആര്യൻ വിഭാഗത്തെ സംബന്ധിക്കുന്ന ഒരു നിയമമാണെന്നും കത്തോലിക്കരെ സംബന്ധിച്ചു് അതു ബാധകമല്ലെന്നും അതിനാൽ തനിക്കു് അതു വകവയ്ക്കേണ്ട കാര്യമില്ലെന്നും. ജോൺ വാദിച്ചു; അത്തനാസ്യോസിനെതിരെ അന്ത്യോക്യയിൽ സമ്മേളിച്ച സിനഡിൽ ഉണ്ടാക്കിയ നിയമമാണതു്. ഹോമോഉസിയൻ തത്ത്വത്തെ നിരാകരിക്കാൻ വേണ്ടി വിളിച്ചുകൂട്ടപ്പെട്ട സമ്മേളനമായിരുന്നു അതു്.[15]

എന്നാൽ ജോണിൻെറ ഈ ന്യായങ്ങളൊന്നും മെത്രാന്മാർ സ്വീകരിച്ചില്ല. അവർ അദ്ദേഹത്തെ കുററക്കാരനെന്നു വിധിച്ചു. പ്രസ്തുത നിയമം അംഗീകരിച്ചതുവഴി അത്തനാസ്യോസിൻെറ സ്ഥാനഭ്രംശനത്തെ അംഗീകരിക്കുകയാണു തങ്ങഠം ചെയ്യുന്നതെന്നു് അവർ പരിഗണിച്ചില്ല. ഈ തീരുമാനം ഉയിർപ്പുതിരുനാളിനു് അല്പം മുമ്പായിട്ടാണു പ്രഖ്യാപിക്കപ്പെട്ടതു്. ജോൺ പള്ളിയിൽ പ്രവേശിക്കാൻ പാടില്ല എന്നറിയിക്കാൻ ചക്രവർത്തി ആളെ പറഞ്ഞുവിട്ടു. രണ്ടു സൂനഹദോസുകഠം അദ്ദേഹത്തിനെതിരായി വിധി പ്രഖ്യാപിച്ചു എന്നതാണ് ചക്രവർത്തി ചൂണ്ടിക്കാണിച്ച കാരണം.

ഇങ്ങനെ ജോൺ നിശ്ശബ്ദനാക്കപ്പെട്ടു. അദ്ദേഹം പിന്നെ ആ പള്ളിയിൽ പോയതുമില്ല. അദ്ദേഹത്തിൻെറ അനുയായികഠം *കോൺസ്ററാൻസ്യാനേ* എന്നു പേരുള്ള പൊതുസ്നാന

15. 2:8.

www.malankaralibrary.com



സ്ഥലത്തുവച്ച് ഉയിർപ്പുതിരുനാരം ആചരണം നടത്തി. അവർ പള്ളിയിൽ നിന്നു് അകന്നു നിൽക്കുകയും ചെയ്തു. അവരുടെ കൂട്ടത്തിൽ അനേകം മെത്രാന്മാരും വൈദികരും വൈദിക ശ്രേണിയിലുള്ള മററു് ആളുകളും ഉണ്ടായിരുന്നു. അവർ അന്നു മുതൽ വിവിധ സ്ഥലങ്ങളിൽ വേറിട്ട സമ്മേളനങ്ങരം നടത്തി വന്നു. ജോണിൽ നിന്നു് അവക്കു് ജോഹാനീത്തർ[16] എന്ന പേരും ലഭിച്ചു. രണ്ടുമാസക്കാലത്തോളം ജോൺ പൊതുരംഗങ്ങളിൽ പ്രത്യക്ഷപ്പെടാതെ കഴിഞ്ഞു. അതു കഴിഞ്ഞപ്പോരം ചക്രവർത്തിയുടെ ഒരു കല്പന അദ്ദേഹത്തെ നാടുകടത്തി. അദ്ദേഹത്തെ ബലമായിത്തന്നെ നാടുകടത്തപ്പെടുകയാണുണ്ടായതു്. ആ ദിവസം തന്നെ അദ്ദേഹത്തിന്റെ അനുയായികളിൽ ചിലർ പള്ളിക്കു തീവച്ചു. ശക്തിയായി വീശിയ ഒരു കിഴക്കൻ കാററുമൂലം അഗ്നി സെനററുമന്ദിരത്തിലേയ്ക്കു പടന്നു പിടിച്ചു. ഹൊണോറിയസ് ആറാം തവണ കോൺസുളായിരുന്ന വർഷം ജൂൺ 20നു് ആണു് ഈ വലിയ അഗ്നിപ്രളയം ഉണ്ടായതു്.[17] അന്നത്തെ ഇതര കോൺസുരം അരിസ്റ്റേനെററുസ് ആയിരുന്നു. അന്നു് കോൺസ്റ്റാൻറിനോപ്പിളിലെ പ്രീഫെക്ടായിരുന്നതു് ക്രിസ്തുമത വിദ്വേഷിയായ ഒപ്റ്റാത്തുസ് എന്ന അക്രൈസ്തവനായിരുന്നു. അയാരം ഈ തീ വയ്പിന്റെ പേരിൽ ജോണിന്റെ അനുയായികളുടെ മേൽ നടത്തിയ ക്രൂര പീഡനങ്ങളെയും അനേകരെ കൊന്നതിനെയും കുറിച്ചുള്ള വിവരങ്ങരം ഇവിടെ രേഖപ്പെടുത്താതെ വിടുകയാണു്.[18]

## അധ്യായം 19

# അർസാചിയുസും സിറീന്യുസും

ഏതാനും ദിവസങ്ങരംക്കുശേഷം അർസാചിയുസ് കോൺസ്റ്റാൻറിനോപ്പിരം മെത്രാനായി അഭിഷിക്തനായി. പ്രസ്തുത രൂപതയെ ജോണിനുമുമ്പു് വളരെ പ്രശസ്തമായ വിധത്തിൽ ഭരിച്ചിരുന്ന നെക്താരിയുസിന്റെ സഹോദരനായിരുന്നു അർസാചിയുസ്. പക്ഷേ അന്നേയ്ക്കു് എൺപതുവയസ്സിലധികം

16. Johannites.
17. 404-ൽ
18. സൊസൊമെൻ, 8: 23-24.

www.malankaralibrary.com



പ്രായമുണ്ടായിരുന്ന അദ്ദേഹത്തിന് വാർദ്ധക്യത്തിന്റെ ക്ഷീണം വളരെയുണ്ടായിരുന്നു. അദ്ദേഹം വളരെ ശാന്തവും മയമുള്ളതുമായ രീതിയിലാണ് ശുശ്രൂഷാഭരണം നിർവഹിച്ചത്.

ഇതേസമയം കാൽസിഡണിലെ മെത്രാനായ സിറീനൂസ് വല്ലാതെ രോഗാതുരനായിത്തീർന്നിരുന്നു. മെസപ്പൊട്ടോമിയായിലെ മെത്രാനായ മാറുഥാ ഇദ്ദേഹത്തിന്റെ കാലിൽ അറിയാതെ ചവിട്ടി; ചവിട്ടേറ്റഭാഗം വല്ലാതെ പഴുക്കുകയും ആ കാലു മുറിച്ചുകളയേണ്ടി വരുകയും ചെയ്തു. മുറിച്ചുകളയൽ പ്രക്രിയ വീണ്ടും ആവർത്തിക്കേണ്ടിയും വന്നു. പഴുപ്പിന്റെ ദോഷം ശരീരം മുഴുവൻ വ്യാപിച്ചതുകൊണ്ട് കുറെക്കഴിഞ്ഞപ്പോൾ മറ്റേ കാലും മുറിച്ചു നീക്കേണ്ടിവന്നു. ഇക്കാര്യം ഞാൻ ഇവിടെ ഇങ്ങനെ വിസ്തരിച്ചു രേഖപ്പെടുത്തുന്നതിനു കാരണമുണ്ട്. സിറീനൂസിനുണ്ടായ ഈ ദുരനുഭവങ്ങൾ ജോൺ മെത്രാനെ കുറിച്ച് ഇദ്ദേഹം നടത്തിയ അപവാദപ്രചാരണങ്ങളുടെ ശിക്ഷയായി ദൈവം കൊടുത്തതാണെന്നു പലരും പറയുന്നുണ്ട്. ഞാൻ നേരത്തെ പറഞ്ഞിട്ടുള്ളതുപോലെ[19] ജോണിനെ ധൃഷ്ടനെന്നും നിഷ്കണ്ടകനെന്നും സിറീനൂസ് നിരന്തരം കുറ്റപ്പെടുത്തിയിരുന്നു. മുകളിൽ പറഞ്ഞ കോൺസുളേറ്റിലെ സെപ്തംബർ മാസം 30-ാം തീയതി കോൺസ്റ്റാൻറിനോപ്പിളിലും സമീപപ്രദേശങ്ങളിലും ഭയങ്കരമായ ആലിപ്പഴം വീഴ്ചയുണ്ടായി.[20] അസാധാരണ വലിപ്പമുള്ള ആലിപ്പഴങ്ങളാണ് വീണത്. ജോൺ ക്രിസസ്റ്റോമിനെ അന്യായമായ രീതിയിൽ നാടുകടത്തിയതുമൂലമുളവായ ദൈവകോപത്തിന്റെ പ്രകാശനമായി ഇതും കണക്കാക്കപ്പെട്ടു. ഈ അഭിപ്രായങ്ങൾക്കു കൂടുതൽ വിശ്വാസ്യത നൽകുംവിധം നാലു ദിവസം കഴിഞ്ഞപ്പോൾ ചക്രവർത്തിനിയുടെ മരണവും സംഭവിച്ചു.

എന്നാൽ ജോണിന്റെ നാടുകടത്തൽ, അർഹിക്കുന്ന ശിക്ഷയാണെന്നു അഭിപ്രായപ്പെട്ടവരുമുണ്ട്. ഏഷ്യയിലും ലീദിയായിലുമുള്ള നോവേഷ്യരെയും പതിന്നാലാംദിവസക്കാരെയും[21] അദ്ദേഹം അവരുടെ പള്ളികളിൽനിന്നു പുറത്താക്കിയിരുന്നു. ഹെരാക്ളിദെസിനെ അഭിഷേകം ചെയ്യാൻ എഫേസോസിൽ പോയ സന്ദർഭത്തിലാണ് അദ്ദേഹം അങ്ങനെ ചെയ്തത്. ജോണിന്റെ എതിരാളികൾ പറയുന്നതുപോലെ

19. 6;15.

20. 404-ൽ.

21. Quartodecimans.

www.malankaralibrary.com



അദ്ദേഹത്തിന്റെ നാടുകടത്തൽ ന്യായയുക്തമായിരുന്നോ, അദ്ദേഹത്തെ ആക്ഷേപിച്ചതിന്റെ ശിക്ഷയായിട്ടാണോ സിറിന്യൂസിനു ദുഃഖാനുഭവങ്ങൾ ഉണ്ടായതു്, ആലിപ്പഴം വീഴ്ചയും ചക്രവർത്തിനിയുടെ മരണവും സംഭവിച്ചതു് ജോൺ കാരണമായിട്ടാണോ അതോ ഇക്കാര്യങ്ങളെല്ലാം മററു കാര്യങ്ങൾമൂലം സംഭവിച്ചതാണോ അതോ ഇക്കാര്യങ്ങളും മററു കാര്യങ്ങളും ചേർന്നിട്ടാണോ ഇവയെല്ലാം കാരണമായതു് എന്നിവയെല്ലാം ദൈവത്തിനു മാത്രമേ അറിയാവൂ. അവിടുന്നാണല്ലോ എല്ലാ രഹസ്യങ്ങളും അറിയുന്നവനും സത്യത്തിന്റെ യഥാർത്ഥ വിധിയാളനും. അന്നു പ്രചരിച്ചിരുന്ന ജനാഭിപ്രായങ്ങൾ രേഖപ്പെടുത്തുക മാത്രമാണു ഞാൻ ചെയ്തതു്.

## അധ്യായം 20

## അർസാചിയൂസിന്റെ ചരമം
## അററിക്കൂസിന്റെ അഭിഷേകം

അർസാചിയൂസ് അദ്ദേഹത്തിന്റെ മെത്രാൻ സ്ഥാനാരോഹണത്തിനുശേഷം അധികകാലം ജീവിച്ചിരുന്നില്ല. അടുത്ത വർഷം നവംബർ 11 നു് അദ്ദേഹം മരിച്ചു. അന്നു് സ്റ്റിലിക്കോ രണ്ടാം വർഷവും അന്തേമിയൂസ് ഒന്നാം വർഷവും കോൺസൂൾമാരായിരുന്നു.[22] ആ മെത്രാൻസ്ഥാനം വളരെ അഭികാമ്യമായ ഒന്നായിത്തീർന്നിരുന്നു. അതിനാൽ അതിനു് ആഗ്രഹിച്ചവർ പലരുണ്ടായിരുന്നു. തന്മൂലം അർസാചിയൂസിന്റെ പിൻഗാമിയെ നിശ്ചയിക്കാൻ വളരെ കാലതാമസമുണ്ടായി. ഒടുവിൽ അടുത്തവർഷം, അക്കേഡിയസ് അഞ്ചാം തവണയും പ്രോബൂസ് ഒന്നാം തവണയും കോൺസൂൾമാരായിരിക്കുമ്പോൾ അററിക്കൂസ് എന്നു പേരുള്ള ഭക്തനായ ഒരു മനുഷ്യൻ ആ മെത്രാൻസ്ഥാനത്തേയ്ക്കു് ഉയർത്തപ്പെട്ടു. അദ്ദേഹം അർമേനിയായിലെ സെബാസ്റ്റെയാ എന്ന സ്ഥലത്തു ജനിച്ചയാളായിരുന്നു. ചെറുപ്പം മുതൽ സന്യാസോചിതമായ ജീവിതം നയിച്ചവനു. പരിമിതമായ പാണ്ഡിത്യത്തിനു പുറമേ വലിയൊരളവിൽ ജന്മസിദ്ധമായ ഔചിത്യബോധവും അദ്ദേഹത്തിനുണ്ടായിരുന്നു. ഇദ്ദേഹത്തെക്കുറിച്ചു കൂടുതൽ വിശദമായി അല്പം കഴിഞ്ഞു പറയുന്നതാണു്.[23]

22. 405-ൽ
23. 7:2.

www.malankaralibrary.com



# അധ്യായം 21

## ജോണിൻെറ ചരമം

നാട്ടുകടത്തപ്പെട്ട ജോൺ എവുക്സീൻ നദീതീരത്തുള്ള കൊമാനാ എന്ന സ്ഥലത്തു വച്ച് അടുത്ത വർഷം സെപ്ററംബർ 14ന് ദിവംഗതനായി. അന്ന് ഹൊണോറിയസ് ഏഴാം തവണയും തിയഡോഷ്യസ് രണ്ടാം തവണയും കോൺസുൽമാരായിരുന്നു.[24] അദ്ദേഹം, നാം മുമ്പു നിരീക്ഷിച്ചതു പോലെ, ആത്മനിയന്ത്രണത്തിൽ വളരെ ശ്രദ്ധാന്തിയുള്ളവനായിരുന്നു; എന്നാൽ ക്ഷമയെക്കാളധികം കോപത്തിനുള്ള ഒരു പ്രവണതയാണ് അദ്ദേഹത്തിനുണ്ടായിരുന്നത്. അദ്ദേഹത്തിൻെറ സ്വഭാവത്തിലെ വ്യക്തിപരമായ വിശുദ്ധി സംഭാഷണത്തിലെ നിയന്ത്രണരാഹിത്യത്തിലേയ്ക്കാണ് അദ്ദേഹത്തെ നയിച്ചതു്. അതു മററുള്ളവർക്കു ദുസ്സഹമായി. ആത്മനിയന്ത്രണത്തിൻെറയും കളങ്കമററ ജീവിതത്തിൻെറയും കാര്യത്തിൽ ഇത്ര ആവേശമുള്ള ഒരു വ്യക്തി തൻെറ പ്രസംഗങ്ങളിൽ സംയമത്തെ സംബന്ധിച്ച് ഇത്ര അയഞ്ഞ ഒരു വീക്ഷണം പുലർത്താനിടയായതു് എങ്ങനെ എന്ന കാര്യം തീരെ വിശദീകരിക്കാനാവാത്തതായി എനിക്കു തോന്നുന്നു. ജ്ഞാനസ്നാനത്തിനുശേഷം പാപം ചെയ്തവരുടെ പശ്ചാത്താപം ഒരിക്കൽ മാത്രമേ സ്വീകരിക്കപ്പെടുകയുള്ളുഎന്നു്മെത്രാന്മാരുടെ സിനഡ് തീരുമാനിച്ചു. എന്നാൽ ജോൺ ഇങ്ങനെ പ്രഖ്യാപിക്കുവാൻ ഒട്ടും മടിച്ചില്ല: ''ആയിരം തവണ പശ്ചാത്തപിച്ചവരാണെങ്കിലും നിങ്ങ‌ൾ ഉള്ളിൽക്കൊള്ളുക.'' ഈ തത്വത്തിൻെറ പേരിൽ അദ്ദേഹത്തിൻെറ സുഹൃത്തുക്കളിൽ പോലും പലരും അദ്ദേഹത്തെ കുററപ്പെടുത്തി. നൊവേഷ്യരുടെ മെത്രാനായിരുന്ന സീസിന്നിയുസാണ് ഈ വിഷയത്തിൽ അദ്ദേഹത്തെ ഏററവും അധികം കുററപ്പെടുത്തിയതു്. ക്രീസസ്തോമിൻെറ ഉപര്യുദ്ധ്യതമായ ഉക്തിയെ ഖണ്ഡിച്ചുകൊണ്ടും അതിന് അദ്ദേഹത്തെ രൂക്ഷമായി കുററപ്പെടുത്തിക്കൊണ്ടും സീസിന്നിയുസ് ഒരു ഗ്രന്ഥം തന്നെ രചിച്ചു. ഇതു വളരെ നേരത്തെ നടന്ന കാര്യമാണ്.

---

24. 407-ൽ

www.malankaralibrary.com



## അധ്യായം 22

## സിസിന്നിയൂസ് മെത്രാന്റെ ഉടനുത്തരചാതുര്യം

സിസിന്നിയൂസിനെക്കുറിച്ചു ചില കാര്യങ്ങൾ ഇവിടെ രേഖപ്പെടുത്തുന്നതു് അനുചിതമാകുകയില്ലെന്നു കരുതുന്നു. ഞാൻ പലപ്പോഴും പറഞ്ഞിട്ടുള്ളതുപോലെ[25] നല്ല വാചാലതയുള്ള ഒരു വ്യക്തിയായിരുന്നു അദ്ദേഹം. തത്ത്വശാസ്ത്രത്തിൽ ഉറച്ച അറിവും ഉണ്ടായിരുന്നു. എന്നാൽ സവിശേഷമായ പരിശീലനം നേടിയിരുന്നതു ന്യായശാസ്ത്രത്തിലത്രേ. വി. ലിഖിതങ്ങളുടെ വിശദീകരണത്തിൽ അദ്ദേഹം അഗാധമായ വൈദഗ്ധ്യം നേടുകയും ചെയ്തിരുന്നു. ഇദ്ദേഹത്തിന്റെ അസാധാരണമായ ബുദ്ധിചാതുര്യത്തിനു മുന്നിൽ പാഷണ്ഡിയായ എവുണോമിയസ് പലപ്പോഴും ചൂളിപ്പോയിരുന്നു. ഭക്ഷണത്തിന്റെ കാര്യത്തിൽ അയാൾ വലിയ ലാളിത്യം പാലിച്ചിരുന്നില്ല. ഭക്ഷണകാര്യത്തിൽ മിതത്വം പാലിച്ചിരുന്നെങ്കിലും അദ്ദേഹത്തിന്റെ ഭക്ഷണമേശ വിഭവസമൃദ്ധമായിരുന്നു. വെളുത്ത വസ്ത്രങ്ങൾ കൊണ്ടു സ്വയം അലങ്കരിക്കുന്ന കാര്യത്തിൽ വളരെ താല്പര്യമായിരുന്നു അദ്ദേഹത്തിനു്. പൊതുസ്നാനസ്ഥലത്തു് ദിവസം രണ്ടുനേരം വീതം കുളിക്കുക പതിവായിരുന്നു. ''ഒരു മെത്രാനായ അങ്ങു് ദിവസം രണ്ടു വട്ടം കുളിക്കുന്നതു് എന്തുകൊണ്ടു്?'' എന്നൊരാൾ ചോദിച്ചപ്പോൾ അദ്ദേഹം കൊടുത്ത മറുപടി ''മൂന്നു തവണ കുളിക്കുന്നതു് അസൗകര്യമായതുകൊണ്ടു്'' എന്നായിരുന്നു.

ഒരു ദിവസം അദ്ദേഹം അർസാചിയൂസ് മെത്രാനെ സന്ദർശിക്കാൻ പോയി. അപ്പോൾ ആ മെത്രാന്റെ സുഹൃത്തുക്കളിൽ ഒരാൾ ചോദിച്ചു: ''മെത്രാനു് തീരെ യുക്തമല്ലാത്ത വെള്ളവസ്ത്രം അങ്ങു ധരിക്കുന്നതു് എന്തുകൊണ്ടു്? ഒരു സഭാധികാരി വെള്ള വസ്ത്രം ധരിക്കണമെന്നു് എവിടെയാണു് എഴുതിയിട്ടുള്ളതു?'' സിസിന്നിയൂസ് പറഞ്ഞു: ''മെത്രാൻ കറുത്ത വസ്ത്രം ധരിക്കണമെന്നു് എവിടെയാണെഴുതിയിട്ടുള്ളതെന്നു് താങ്കൾ ആദ്യം എന്നോടു പറയുക.'' ഈ മറുചോദ്യത്തിനു് എന്തു മറുപടി പറ

---

25. 5:10.21.

www.malankaralibrary.com



യണമെന്നറിയാതെ ചോദ്യകർത്താവു വിഷമിച്ചു. അപ്പോഠം സിസിന്നിയൂസ് പറഞ്ഞു, ''വൈദികൻ കറുത്ത വസ്ത്രം ധരിച്ചു കൊള്ളണമെന്നു് എഴുതപ്പെട്ടിരിക്കുന്നതു കാണിക്കാൻ താങ്കഠംക്കു സാധിക്കയില്ല. എന്നാൽ സോളമൻെറ വചനം എനിക്കു പ്രമാണമായിട്ടുണ്ടു്. അദ്ദേഹം പറയുന്നു: ''നിൻെറ വസ്ത്രങ്ങഠം വെണ്മയുള്ളതായിരിക്കട്ടെ.'' സുവിശേഷങ്ങളിലാണെങ്കിൽ നമ്മുടെ കർത്താവു് വെള്ളവസ്ത്രം ധരിച്ചവനായിട്ടാണു പ്രത്യക്ഷപ്പെട്ടന്നതു്. എന്നു മാത്രമല്ല, മോശയെയും ഏലിയായെയും അവിടുന്നു ശിഷ്യന്മാർക്കു കാണിച്ചു കൊടുത്തതു് വെള്ളവസ്ത്രം ധരിച്ചവരായിട്ടത്രേ.''[26]

പ്രസ്തുത ചോദ്യത്തിനും അതുപോലുള്ള മററു ചോദ്യങ്ങഠംക്കും സിസിന്നിയൂസ് നല്കിയ സമർത്ഥവും സത്വരവുമായ മറുപടികഠം സന്നിഹിതരായിരുന്നവരുടെയെല്ലാം അഭിനന്ദനങ്ങഠം ആർജ്ജിച്ചു.

ഗലാത്യാമൈനറിലുള്ള അൻസീറായിലെ മെത്രാനായിരുന്ന ലെയോൺഷ്യസ് ഒരിക്കൽ കോൺസ്റ്റാൻറിനോപ്പിഠം സന്ദർശിക്കാൻ വന്നു. അദ്ദേഹം നൊവേഷ്യരുടെ ഒരു പള്ളി കൈവശപ്പെടുത്തിയിരുന്നു. സിസിന്നിയൂസ് പ്രസ്തുത മെത്രാനെ സന്ദർശിക്കാൻ ചെന്നു. കൈവശപ്പെടുത്തിയ പള്ളി തിരിച്ചുതരണമെന്നഭ്യർത്ഥിച്ചു. ലെയോൺഷ്യസ് തീരെ ഉപചാരമില്ലാത്ത മട്ടിലാണ് സിസിന്നിയൂസിനെ സ്വീകരിച്ചതു്. ലെയോൺഷ്യസ് പറഞ്ഞു, ''നിങ്ങഠം നൊവേഷ്യർക്കു പള്ളികഠം ഉണ്ടാകാൻ പാടില്ല. നിങ്ങഠം പശ്ചാത്താപം എടുത്തുകളയുകയും ദൈവകൃപയ്ക്കെതിരെ വാതിലടയ്ക്കുകയും ചെയ്യുന്നു.'' ഇതും, നൊവേഷ്യരെ അധിക്ഷേപിക്കുന്ന മററു പല കാര്യങ്ങളും ലെയോൺഷ്യസ് പറഞ്ഞു കഴിഞ്ഞപ്പോഠം സിസിന്നിയൂസ് മറുപടി പറഞ്ഞു, ''എന്നെക്കാഠം ആത്മാർത്ഥമായി പശ്ചാത്തപിക്കുന്നവർ ആരുമില്ല.'' ലെയോൺഷ്യസ് ചോദിച്ചു: ''എന്തുകൊണ്ടു നിങ്ങഠം പശ്ചാത്തപിക്കുന്നു.'' സിസിന്നിയൂസ് പറഞ്ഞു, ''ഞാൻ താങ്കളെ കാണാൻ വന്നതുകൊണ്ടു്.''

ഒരു സന്ദർഭത്തിൽ ജോൺ മെത്രാനും സിസിന്നിയൂസും തമ്മിൽ ഒരു തർക്കമുണ്ടായി. ജോൺ പറഞ്ഞു, ''ഈ നഗരത്തിനു രണ്ടു മെത്രാന്മാരുണ്ടായിരിക്കാൻ സാദ്ധ്യമല്ല.'' ''രണ്ടു

---

26. മത്താ. 17:2; മർക്കോ. 9:3; ലൂക്കാ. 9:29.

www.malankaralibrary.com



മെത്രാന്മാരില്ലല്ലോ'' എന്നായിരുന്നു സിസിന്നിയുസിൻെറ പ്രത്യുക്തി. അതിൽ ക്ഷുഭിതനായി ജോൺ പറഞ്ഞു, ''താങ്കൾ മാത്രമാണു മെത്രാനെന്നു താങ്കൾ ഭാവിക്കുകയാണ്.'' സിസിന്നിയുസ് അതിനു് ഇങ്ങനെ മറുപടി കൊടുത്തു: ''അങ്ങനെ ഞാൻ പറയുന്നില്ല. താങ്കളുടെ നോട്ടത്തിൽ മാത്രം ഞാൻ മെത്രാനല്ലെന്നു പറയുകയായിരുന്നു. മററുള്ളവരുടെ വീക്ഷണത്തിൽ മെത്രാനാണുതാനും.'' ഈ മറുപടിയിൽ കൂടുതൽ രുഷ്ടനായി ജോൺ പറഞ്ഞു, ''താങ്കൾ ഒരു പാഷണ്ഡിയാണ്; താങ്കളുടെ പ്രസംഗങ്ങൾ ഞാൻ അവസാനിപ്പിക്കും.'' ഇതുകേട്ടു ചിരിച്ചുകൊണ്ടു സിസിന്നിയുസ് പറഞ്ഞു, ''വളരെ ക്ലേശകരമായ ആ ജോലിയിൽനിന്നു് താങ്കൾ എന്നെ മോചിപ്പിക്കുകയാണെങ്കിൽ ഞാൻ താങ്കൾക്കു് ഒരു പാരിതോഷികം തരാം.'' ഈ മറുപടി കേട്ടു് ജോൺ ഒട്ടൊന്നു തണുത്തു. അദ്ദേഹം പറഞ്ഞു, ''പ്രസംഗം അത്ര ക്ലേശകരമാണെങ്കിൽ ഞാൻ അതു് തടയുന്നില്ല.''

ഇത്ര സരസനും ഉത്തരം പറയുന്നതിൽ സമർത്ഥനുമായിരുന്നു സിസിന്നിയുസ്. എന്നാൽ ആ വിരുതൻെറ സരസോക്തികളെക്കുറിച്ചു് ഇനിയും ദീർഘമായി പ്രതിപാദിച്ചുകൊണ്ടിരുന്നാൽ അതു വൈരസ്യജനകമാകും. അതുകൊണ്ടാണ് ഏതാനും ഉദാഹരണങ്ങൾ മാത്രം ഉദ്ധരിച്ചു് അദ്ദേഹം ഏതു വിധമുള്ള ഒരു വ്യക്തിയാണെന്നു കാണിക്കാൻ ഞാൻ ശ്രമിച്ചതു്. ഇത്രയും കൊണ്ടു മതിയാകുമെന്നു കരുതുന്നു. ഒരു കാര്യം കൂടെ പറയാനുണ്ടു്. പാണ്ഡിത്യത്തിൻെറ പേരിലും അദ്ദേഹം പ്രശസ്തനായിരുന്നു. അതിൻെറ പേരിൽ അനുഗാമികളായ മെത്രാന്മാരെല്ലാം അദ്ദേഹത്തെ ആദരിക്കുകയും വിലമതിക്കുകയും ചെയ്തിരുന്നു. പല ഗ്രന്ഥങ്ങളുടെ കർത്താവാണു സിസിന്നിയുസ്. എന്നാൽ ആ ഗ്രന്ഥങ്ങളെല്ലാം ഭാഷാപ്രയോഗപരമായ ആഡംബരപ്രകടനങ്ങൾ നിറഞ്ഞതാണ്. കാവ്യാത്മകമായ പ്രയോഗങ്ങൾ കണ്ടമാനം അവയിൽ കലർത്തിയിട്ടുമുണ്ടു്. ഭാഷാരീതിയുടെ ഈ സവിശേഷതകൾ കാരണം എഴുത്തുകാരനെന്നതിലധികം പ്രസംഗകനെന്ന നിലയിലാണ് അദ്ദേഹം ആദരിക്കപ്പെട്ടതു്. അദ്ദേഹത്തിൻെറ മുഖഭാവത്തിലും ശബ്ദത്തിലും ഒരു ഗാംഭീര്യമുണ്ടായിരുന്നു; ആകൃതിയും പെരുമാററവും അന്തസ്സുള്ളതായിരുന്നു. ഓരോ ചലനവും ചാരുതപം നിറഞ്ഞതായിരുന്നു. ഈ സവിശേഷതകൾ കാരണം എല്ലാ വിഭാഗങ്ങളിലും പെട്ട ആളുകൾ അദ്ദേഹത്തെ സ്നേഹിച്ചിരുന്നു. അററിക്കുസ് മെത്രാനു് അദ്ദേഹത്തോടു് സവിശേഷമായ താല്പര്യം ഉണ്ടായിരുന്നു. സിസിന്നിയുസിനെക്കുറിച്ചുള്ള വിവരണം ഇവിടെ അവസാനിപ്പിക്കുകയാണ്.

www.malankaralibrary.com



## അധ്യായം 23

# അർക്കേഡിയസ് ചക്രവർത്തിയുടെ മരണം

ജോണിൻെറ ചരമത്തിനുശേഷം അധികം താമസിയാതെ അർക്കേഡിയസ് ചക്രവർത്തിയും മരിച്ചു. ഈ ചക്രവർത്തി ശാന്തശീലനും കാരുണ്യവാനുമായിരുന്നു. ജീവിതത്തിൻെറ അവസാനഘട്ടത്തിൽ ദൈവത്തിൻെറ സവിശേഷമായ സ്നേഹത്തിനു പാത്രമായ വ്യക്തി എന്ന നിലയിൽ ആളുകൾ അദ്ദേഹത്തെ ആദരിച്ചു. അങ്ങനെ ആളുകൾ കരുതാൻ താഴെ പറയുന്ന സാഹചര്യം കാരണമായി. കോൺസ്റ്റാൻറിനോപ്പിളിൽ കാറിയാ എന്നു പേരുള്ള ഒരു വലിയ കെട്ടിടമുണ്ടായിരുന്നു. അതിൻെറ മുററത്ത് ഒരു വലിയ വാൽനട്ട്‌വൃക്ഷം ഉണ്ട്. അതിൽ തൂക്കപ്പെട്ടാണ് അകാചിയുസ് രക്തസാക്ഷിത്വം വരിച്ചത് എന്നു പറയപ്പെടുന്നു. അതു കാരണമായി അതിനു സമീപം ഒരു ചാപ്പൽ പണിയപ്പെട്ടു. ഒരു ദിവസം അർക്കേഡിയസ് ചക്രവർത്തി ആ ചാപ്പൽ സന്ദർശിച്ചു. അവിടെ പ്രാർത്ഥിച്ചതിനുശേഷം പുറത്തേയ്ക്കു പോവുകയും ചെയ്തു. ആ ചാപ്പലിനു സമീപം വസിച്ചിരുന്ന മനുഷ്യരെല്ലാം ചക്രവർത്തിയെ കാണാനായി അവിടെ ഓടിക്കൂടി. മുൻപറഞ്ഞ കെട്ടിടത്തിൽ ഉണ്ടായിരുന്നവരിൽ കുറെപേർ ചക്രവർത്തിയെ നന്നായി കാണുന്നതിനുവേണ്ടി വീഥിയുടെ വശങ്ങളിൽ ചെന്നുനിന്നു. വേറെ കുറേപേർ അദ്ദേഹത്തെ അനുഗമിച്ചിരുന്ന ആളുകളുടെ പിറകേക്കൂടി. ചുരുക്കത്തിൽ ആ കെട്ടിടത്തിൽ വസിച്ചിരുന്നവർ സ്ത്രീകളും കുട്ടികളുമടക്കം എല്ലാവരും അതിൽനിന്നു പുറത്തുപോയി. അല്പസമയം കഴിഞ്ഞപ്പോൾ ആ കെട്ടിടം മുഴുവനേ തകർന്നുവീണു. ആ വീഴ്ച കണ്ട് ആദ്യം ആളുകൾ ഭയപ്പെട്ടു നിലവിളിച്ചു. അടുത്ത നിമിഷത്തിൽ അഭിനന്ദനപൂർവ്വകമായ ഒരു ആർപ്പുവിളി ഉയർന്നു. ചക്രവർത്തിയുടെ പ്രാർത്ഥനയുടെ ഫലമായിട്ടാണ് അത്രയധികം ആളുകൾ നാശത്തിൽനിന്നു രക്ഷിക്കപ്പെട്ടത് എന്ന് ജനങ്ങൾ വിശ്വസിച്ചു. അങ്ങനെ ഈ സംഭവം നടന്നു. മേയ് ഒന്നാം തീയതി അർക്കേഡിയസ് മരിച്ചു. അപ്പോൾ അദ്ദേഹത്തിൻെറ മകൻ തിയഡോഷ്യസിന് എട്ടു വയസ്സു മാത്രമേ പ്രായമുണ്ടായിരുന്നുള്ളു. ബാസുസും ഫിലിപ്പുമായി

www.malankaralibrary.com



രുന്നു അന്നത്തെ കോൽസുരംമാർ. അതു് 297-ാം ഒളിമ്പ്യാഡിന്റെ രണ്ടാം വർഷവുമായിരുന്നു.[27] അക്കേഡിയസ് തന്റെ പിതാവായ തീയഡോഷ്യസിനോടൊപ്പം പതിമൂന്നു കൊല്ലം ഭരിച്ചു. പിതാവിന്റെ മരണശേഷം പതിന്നാലു കൊല്ലവും ഭരണം നടത്തി. അന്നു് അദ്ദേഹത്തിനു് മുപ്പത്തൊന്നാം വയസ്സായിരുന്നു.

പന്ത്രണ്ടര വർഷക്കാലത്തിനിടയിൽ സംഭവിച്ച കാര്യങ്ങളാണ് ഈ പുസ്തകത്തിൽ പ്രതിപാദിച്ചിട്ടുള്ളതു്.

27. 408-ൽ

www.malankaralibrary.com

# പുസ്തകം 7

## അധ്യായം 1

## അന്തേമിയൂസിന്റെ ഭരണം

ബാസുസും ഫിലിപ്പും കോൺസുരംമാരായിരുന്ന വർഷം മേയ്മാസം ഒന്നാംതീയതി അക്കേഡിയസ് മരിച്ചു. അയാളുടെ സഹോദരനായ ഹൊണോറിയുസ് അപ്പോഴും സാമ്രാജ്യത്തിന്റെ പശ്ചിമഭാഗങ്ങരം ഭരിച്ചുകൊണ്ടിരുന്നു. കിഴക്കൻ പ്രദേശങ്ങളുടെ ഭരണം അക്കേഡിയസിന്റെ മകനായ കൊച്ചു തിയഡോഷ്യസിന്റെ ചുമലിൽ വന്നുവീണു. ആ കുമാരനു് അന്നു് എട്ടു വയസ്സേ പ്രായമുണ്ടായിരുന്നുള്ളു. അതിനാൽ പ്രെട്ടോറിയൻ പ്രീഫെക്ടായിരുന്ന അന്തേമിയൂസിനു് ഭരണകാര്യങ്ങളുടെ നിർവഹണം ഏല്പിക്കപ്പെട്ടു. കോൺസ്റ്റാൻസ്യൂസിന്റെ ഭരണകാലത്തു് കോൺസ്റ്റാന്റിനോപ്പിളിലെ ഭദ്രാസനത്തിൽനിന്നു് പൗലോസിനെ നിഷ്കാസനം ചെയ്യുകയും ആ സ്ഥാനത്തു് മാസിഡോണിയസിനെ പ്രതിഷ്ഠിക്കുകയും ചെയ്ത ഫിലിപ്പിന്റെ പൗത്രനായിരുന്നു ഈ അന്തേമിയൂസ്. ഇയാളുടെ നിർദ്ദേശാനുസരണം കോൺസ്റ്റാന്റിനോപ്പിളിനു ചുററും, ഉയർന്ന മതിലുകരം കെട്ടപ്പെട്ടു. അയാരം തന്റെ കാലത്തെ ഏററം വിവേകിയായ മനുഷ്യനെന്നു് ആദരിക്കപ്പെട്ടു. അതു് വാസ്തവം തന്നെയാണുതാനും. നിരുപദിഷ്ടമായി ഒരു കാര്യവും അയാരം ചെയ്തില്ല. പ്രായോഗികമായ എല്ലാ കാര്യങ്ങളിലും വിവേകശാലികളായ തന്റെ സുഹൃത്തുക്കളുടെ ഉപദേശം അയാരം തേടിയിരുന്നു. ജ്ഞാനിയായ ട്രോയിലുസിന്റെ ഉപദേശമാണ് അയാരം ഏററവും അധികമായി ആദരിച്ചിരുന്നതു്. രാജ്യതന്ത്രജ്ഞതയിൽ അന്തേമിയൂസിനു തുല്യനായിരുന്ന ട്രോയിലുസ് ദാർശനിക വിജ്ഞാനത്തിൽ അയാളെ ബഹുദൂരം അതിവർത്തിക്കുകയും ചെയ്തിരുന്നു. ഇതുമൂലം അന്തേമിയൂസ് എല്ലാ കാര്യങ്ങളും ട്രോയിലുസിന്റെ സമ്മതത്തോടുകൂടിയേ ചെയ്തിരുന്നുള്ളു.

www.malankaralibrary.com



## അധ്യായം 2

# കോൺസ്ററാൻറിനോപ്പിൽ മെത്രാൻ അററിക്കുസ്

തിയഡോഷ്യസ് ചക്രവർത്തിക്ക് എട്ടു വയസ്സു പ്രായമുണ്ടായിരുന്ന കാലത്തു് അററിക്കുസ് കോൺസ്റ്റാൻറിനോപ്പിളിലെ സഭയുടെ അദ്ധ്യക്ഷനെന്നനിലയിൽ മൂന്നാം വർഷം സേവനം അനുഷ്ഠിക്കുകയായിരുന്നു. അദ്ദേഹം അറിവിലും ഭക്തിയിലും വിവേകത്തിലും അതുല്യനായിരുന്നുവെന്നു് നേരത്തേ പറഞ്ഞിട്ടുള്ളതാണല്ലോ. അദ്ദേഹത്തിൻെറ അദ്ധ്യക്ഷതയിൽ സഭകരം ഉന്നതമായ സ്ഥിതിയിൽ എത്തിച്ചേർന്നു. അദ്ദേഹം 'വിശ്വാസികളുടെ കുടുംബത്തിലുള്ളവരെയെല്ലാം യോജിപ്പിച്ചു നിറുത്തുക മാത്രമല്ല ചെയ്തതു്. തൻെറ ഔചിത്യബോധം കാരണമായി പാഷണ്ഡികളുടെയും സമാദരം അദ്ദേഹം പിടിച്ചുപററി. പാഷണ്ഡരെ ശല്യപ്പെടുത്താൻ അദ്ദേഹം ആഗ്രഹിച്ചില്ല. ചിലപ്പോഠം തന്നെക്കുറിച്ചുള്ള ഭയം അവരിലുളവാക്കാൻ അദ്ദേഹം ശ്രമിച്ചെങ്കിൽ താമസിയാതെ തന്നെ അവരോടു സൗമ്യതയും കാരുണ്യവും പ്രകടിപ്പിച്ചിരുന്നു. അദ്ദേഹം ഒരിക്കലും അധ്യയനത്തിൽ അലസത കാട്ടിയില്ല. പൂർവികരുടെ ലിഖിതങ്ങഠം പരിശീലിക്കുന്ന വിഷയത്തിൽ തീക്ഷ്ണതയോടെ പ്രയത്നിച്ചിരുന്നു. പലപ്പോഴും പ്രസ്തുത പ്രയത്നത്തിൽ രാത്രി മുഴവൻ ചെലവഴിച്ചിരുന്നു. അതിനാൽ ദാർശനികരുടെ ന്യായവാദങ്ങളോ താക്കികരുടെ ചാതുര്യപൂർണ്ണമായ കുതക്ക്ങ്ങളോ അദ്ദേഹത്തിനു ചിന്താക്കുഴപ്പം ഉളവാക്കിയില്ല. ഇതിനുപുറമേ,സരസമായും പ്രീതിജനകമായും സംസാരിക്കാൻ അദ്ദേഹത്തിനു നല്ല ചാതുര്യമുണ്ടായിരുന്നു. വേദനയനുഭവിക്കുന്നവരോടു സഹതപിക്കാൻ എപ്പോഴും സന്നദ്ധനായിരുന്നു. ചുരുക്കത്തിൽ, അദ്ദേഹത്തിൻെറ വൈശിഷ്ട്യങ്ങഠം വി. അപ്പസ്തോലൻെറ വാക്കുകളിൽ ഇങ്ങനെ സംഗ്രഹിക്കാം. ''അദ്ദേഹം എല്ലാവക്കും എല്ലാമായി.''

മുമ്പ്, വൈദികനായിരുന്ന കാലത്തു് പ്രസംഗങ്ങഠം എഴുതി മനഃപാഠം പഠിച്ചതിൻശേഷമാണ് അദ്ദേഹം അവ പള്ളികളിൽ പറഞ്ഞിരുന്നതു്. എന്നാൻ കാലക്രമത്തിൽ നിരന്തര പരിശീലനംകൊണ്ടു് മുൻകൂർ തയ്യാറെടുപ്പൊന്നും കൂടാതെ നന്നായി വാചാലതയോടെ പ്രസംഗിക്കാൻ കഴിയുമെന്നുള്ള

www.malankaralibrary.com


ആത്മവിശ്വാസം നേടി. എന്നാൽ അദ്ദേഹത്തിൻെറ പ്രസംഗങ്ങൾ ശ്രോതാക്കൾ വലിയ ഹർഷാരവങ്ങളോടെ സ്വീകരിക്കുന്ന തരത്തിലുള്ളവയായിരുന്നില്ല; എഴുതി സംരക്ഷിക്കാൻ അർഹങ്ങളാണെന്നും പറയാനില്ല.

അററിക്കുസിൻെറ കഴിവുകൾ, പാണ്ഡിത്യം, സമ്പ്രദായങ്ങൾ എന്നിവയെക്കുറിച്ചെല്ലാം ഇത്രയും പറഞ്ഞാൽമതി. അദ്ദേഹത്തിൻെറ കാലത്തു നടന്നവയും രേഖപ്പെടുത്താൻ യോഗ്യതയുള്ളവയുമായ ചില കാര്യങ്ങൾ ഇനി രേഖപ്പെടുത്താം.

## അധ്യായം 3

# സിന്നാദായിലെ മെത്രാന്മാരായ തിയഡോഷ്യസും അഗാപ്പീററസും

ഫ്രീജിയാ പക്കാത്തായിലെ സിന്നാദായിൽ തിയഡോഷ്യസ് എന്നു പേരുള്ള ഒരു മെത്രാനുണ്ടായിരുന്നു. ആ പ്രദേശത്തെ പാഷണ്ഡരെ അയാൾ ഭയങ്കരമായി പീഡിപ്പിച്ചു – അവർ ധാരാളമുണ്ടായിരുന്നു താനും– മാസിഡോണിയൻ വിഭാഗത്തിലുള്ളവരെയാണ് ഏററവുമധികം പീഡിപ്പിച്ചത്. അയാൾ ഈ രീതി അനുവർത്തിച്ചത് സത്യസഭയിൽ അത്തരം മുൻനടപടികൾ ഉള്ളതുകൊണ്ടോ സത്യവിശ്വാസം പ്രചരിപ്പിക്കണമെന്ന് അയാൾക്ക് ആഗ്രഹമുണ്ടായിരുന്നതുകൊണ്ടോ അല്ല. ഹീനമായ ധനമോഹമായിരുന്നു അയാൾക്കു പ്രേരകം. പണം കുന്നുകൂട്ടാനുള്ള അത്യാർത്തിയായിരുന്നു അയാൾക്ക്; പാഷണ്ഡരെ ഞെക്കിപ്പിഴിഞ്ഞു പണം സമ്പാദിക്കുകയായിരുന്നു ലക്ഷ്യം. ഇതിനുവേണ്ടി തൻെറ വൈദികരുടെ കൈകളിൽ ആയുധങ്ങൾ നൽകിക്കൊണ്ട് മാസിഡോണിയരെ സകല വിധത്തിലും പീഡിപ്പിച്ചു. അവർക്കെതിരായി അനവധി കപടതന്ത്രങ്ങളും അയാൾ പ്രയോഗിച്ചു. അവരെ ഭൗതികാധികാരികളുടെ കരങ്ങളിൽ ഏല്പിച്ചുകൊടുക്കാനും അയാൾ മടിച്ചില്ല. അവരുടെ മെത്രാനായ അഗാപ്പീററസിനെ അയാൾ പ്രത്യേകമായി ശല്യം ചെയ്തു.

താൻ ആഗ്രഹിക്കുന്ന തരത്തിൽ രൂക്ഷമായി പാഷണ്ഡികളെ ശിക്ഷിക്കാൻ പ്രവിശ്യകളിലെ ഗവർണർമാർക്ക് അധികാരമില്ല എന്നു മനസ്സിലാക്കിക്കൊണ്ട് അയാൾ കോൺസ്റ്റാൻറിനോപ്പിളിൽ എത്തി. പാഷണ്ഡർക്കു കൂടുതൽ രൂക്ഷ

www.malankaralibrary.com



മായ ശിക്ഷകരം നൽകാനുതകുന്ന കല്പനകരം പുറപ്പെടുവിക്കണമെന്നു് അയാരം പ്രെട്ടോറിയൻ പ്രീഫെക്ടിനോടു് അപേക്ഷിച്ചു.

തിയഡോഷ്യസ് ഈ വിധത്തിൽ കുറെക്കാലം സ്ഥലത്തില്ലാതിരുന്ന അവസരം മാസിഡോണിയരുടെ മെത്രാനായിരുന്ന അഗാപ്പിററസ് വളരെ ബുദ്ധിപൂർവകമായ ഒരു തന്ത്രപ്രയോഗം നടത്തി. തൻെറ കീഴിലുള്ള വൈദികരുമായി ആലോചിച്ചതിനുശേഷം അയാരം തൻെറ കീഴിലുള്ള ജനങ്ങളെയെല്ലാം വിളിച്ചുകൂട്ടി; അവരെയെല്ലാം *ഹോമോഉസിയൻ* വിശ്വാസം സ്വീകരിക്കാൻ പ്രേരിപ്പിച്ചു. എല്ലാവരും അതനുസരിച്ചു. തുടർന്നു് തൻെറ അനുയായികളാലും മററല്ലാ ജനങ്ങളാലും അനുഗതനായി അയാരം പള്ളിയിലേയ്ക്കു നീങ്ങി. അവിടെ പ്രാർത്ഥനയ്ക്കു ശേഷം തിയഡോഷ്യസിൻെറ ഭദ്രാസനത്തിൽ അയാരം ഉപവിഷ്ടനായി. അവിടെയിരുന്നുകൊണ്ടു് *ഹോമോഉസിയൻ* വിശ്വാസത്തെക്കുറിച്ചു പ്രസംഗിച്ചു. അങ്ങനെ ജനങ്ങളെ ഏകീകരിക്കുകയും സിന്നാദാ രൂപതയിലെ പള്ളികളെല്ലാം തൻെറ അധീനത്തിലാക്കുകയും ചെയ്തു.

അധികം താമസിയാതെ തിയഡോഷ്യസ് സിന്നാദായിൽ തിരിച്ചെത്തി. പ്രീഫെക്ടിൽ നിന്നു് അയാരം കൂടുതലായ അധികാരങ്ങരം കൈക്കലാക്കിയിരുന്നു. സിന്നാദായിൽ നടന്ന സംഭവവികാസങ്ങളെക്കുറിച്ചു് ഒന്നുമറിയാതെ അയാരം പള്ളിയിലേയ്ക്കു നീങ്ങി. സകല ജനങ്ങളും ചേർന്നു് ഏകമനസ്സോടെ അയാളെ തടയുകയും പള്ളിക്കു പുറത്താക്കുകയും ചെയ്തു. അയാരം വീണ്ടും കോൺസ്റ്റാൻറിനോപ്പിളിലെത്തി. തനിക്കുണ്ടായ ദുരനുഭവങ്ങളെക്കുറിച്ചും താൻ മെത്രാൻ സ്ഥാനത്തുനിന്നു ബഹിഷ്കൃതനായ വിധത്തെക്കുറിച്ചും അയാരം അററിക്കൂസ് മെത്രാൻെറ പക്കൽ പരാതിപ്പെട്ടു. പ്രസ്തുത സംഭവവികാസം ആകെക്കൂടെ സഭയ്ക്കു ഗുണകരമായി എന്നു മനസ്സിലാക്കിയ അററിക്കൂസ് മെത്രാൻ തിയഡോഷ്യസിനെ ആവുംവിധം ആശ്വസിപ്പിച്ചു; സംതൃപ്തമനസ്സോടെ വിശ്രമജീവിതം അവലംബിക്കാൻ തിയഡോഷ്യസിനെ ഉപദേശിക്കുകയും ചെയ്തു. പൊതുനന്മയ്ക്കുവേണ്ടി സ്വാർത്ഥതാല്പര്യങ്ങളെ ബലികഴിക്കാനും അദ്ദേഹം അയാളെ ഉപദേശിച്ചു. തുടർന്നു് അഗാപ്പിററസിനു് തൻെറ മെത്രാൻസ്ഥാനം നിലനിർത്താൻ അധികാരം നൽകിക്കൊണ്ടു് അദ്ദേഹം എഴുതി. തിയഡോഷ്യസിൻെറ പരാതിയുടെ പേരിൽ തൻെറ ഭാഗത്തുനിന്നു് യാതൊരു ശല്യവുമുണ്ടാവുകയില്ലെന്നു് അയാരംക്കു് ഉറപ്പു നൽകുകയും ചെയ്തു.

www.malankaralibrary.com



## അധ്യായം 4

# അററിക്കൂസ് തളർവാതക്കാരനായ യഹൂദനെ സുഖപ്പെടുത്തുന്നു

അററിക്കൂസിൻെറ ഭരണകാലത്തു് സഭയുടെ ചുററുപാടിലുണ്ടായ പ്രധാനപ്പെട്ട ഒരു പുരോഗതിയായിരുന്നു ഇതു്. അത്ഭുതങ്ങളുടെയും രോഗശാന്തികളുടെയും സാക്ഷ്യങ്ങളും അക്കാലത്തുണ്ടാകാതിരുന്നില്ല. തളർവാതം മൂലം പലവർഷങ്ങളായി ശയ്യാവലംബിയായിരുന്ന ഒരു യഹൂദനുണ്ടായിരുന്നു. പല ചികിത്സകളും ചെയ്തു. അയാളുടെ യഹൂദസഹോദരന്മാർ അയാൾക്കുവേണ്ടി നിരന്തരം പ്രാർത്ഥിച്ചു. യാതൊരു പ്രയോജനവും അതുകൊണ്ടൊന്നുമുണ്ടായില്ല. ഒടുവിൽ അയാൾ ക്രൈസ്തവജ്ഞാനസ്നാനത്തെ ആശ്രയിക്കാൻ തീരുമാനിച്ചു. പ്രയോഗിക്കാവുന്ന ഉറപ്പുള്ള ഏക പരിഹാരമാർഗ്ഗം അതാണെന്നു് അയാൾ വിശ്വസിച്ചു. അററിക്കൂസിനു് ഈ വിവരം അറിവായപ്പോൾ അദ്ദേഹം ആദ്യമായി ക്രൈസ്തവവിശ്വാസത്തിൻെറ പ്രാഥമിക തത്ത്വങ്ങൾ അയാളെ പഠിപ്പിച്ചു. ക്രിസ്തുവിൽ പ്രതീക്ഷയർപ്പിക്കാൻ അയാളെ ഉപദേശിച്ചു. അതിനുശേഷം അയാളെ കിടക്കയോടെ മാമോദീസാത്തൊട്ടിയുടെ അടുത്തേക്കു കൊണ്ടുവരാൻ നിർദ്ദേശിച്ചു. തളർവാതക്കാരനായ യൂദൻ ആത്മാർത്ഥമായ വിശ്വാസത്തോടെ ജ്ഞാനസ്നാനം സ്വീകരിച്ചു. മാമോദീസാത്തൊട്ടിയിൽ നിന്നു പുറത്തെടുക്കപ്പെട്ടപ്പോൾ അയാൾ തളർവാതത്തിൽ നിന്നു പരിപൂർണ മോചനം നേടിയിരുന്നു. അതിനുശേഷവും നല്ല ആരോഗ്യവാനായി തുടരുകയും ചെയ്തു. നമ്മുടെ കാലത്തും ഇങ്ങനെയൊരത്ഭുതം നടക്കാൻ ക്രിസ്തു അനുവദിച്ചു. അതിൻെറ പ്രശസ്തി മൂലം അനേകം അന്യജാതിക്കാർ വിശ്വസിക്കാനും ജ്ഞാനസ്നാനം സ്വീകരിക്കാനും ഇടയായി. യഹൂദന്മാരാകട്ടെ, അടയാളങ്ങൾ അന്വേഷിച്ചു നടക്കുന്നവരാണെങ്കിലും യഥാർത്ഥത്തിൽ സംഭവിച്ച ഈ അടയാളവും വിശ്വാസത്തെ ആശ്ലേഷിക്കാൻ അവർക്കു പ്രേരകമായില്ല. ഇപ്രകാരമുള്ള അനുഗ്രഹങ്ങൾ യേശുക്രിസ്തു മനുഷ്യരുടെമേൽ വർഷിച്ചു.

www.malankaralibrary.com



# അധ്യായം 5

## വൈദികനായ സബ്ബാത്തിയൂസ്

എന്നാൽ പലയാളുകളും ഈ സംഭവങ്ങളെ അവഗണിച്ചു കൊണ്ടു് അവരുടെ അധ:പതിച്ച മനോഭാവങ്ങളിൽത്തന്നെ നിലനിന്നു. ഈ അത്ഭുതത്തിനു ശേഷവും യൂദന്മാർ അവരുടെ അവിശ്വാസത്തിൽ നിലകൊണ്ടു എന്നു മാത്രമല്ല, അവരുടെ വീക്ഷണങ്ങളെ അനുകരിക്കാൻ തയാറായി മററുള്ള പലരും മുന്നോട്ടു വന്നു. അക്കൂട്ടത്തിലൊരാളായിരുന്നു സബ്ബാത്തിയൂസ്. അയാളെക്കുറിച്ചു് ഇതിനുമുമ്പു പറഞ്ഞിട്ടുണ്ടു്[1]. അയാൾ തനിക്കു ലഭിച്ച വൈദികസ്ഥാനം കൊണ്ടു സംതൃപ്തനായില്ല. മെത്രാനാകണമെന്ന ആഗ്രഹം ആദ്യം മുതലേ ഉണ്ടായിരുന്ന അയാൾ യഹൂദരുടെ രീതിയിൽ പെസഹാ ആഘോഷിക്കേണ്ടതാണെന്ന ഒരു കാരണം പറഞ്ഞു് തൻെറ സഭയായിരുന്ന നൊവേഷ്യൻ സഭയിൽ നിന്നുമാറി. തൻെറ മെത്രാനായ സിസിന്നിയൂസിൽ നിന്നകന്നു് അയാൾ വേറെ സമ്മേളനങ്ങൾ നടത്താൻ തുടങ്ങി. ക്സേറോലോപ്പസ് എന്ന സ്ഥലത്താണു് അയാൾ സമ്മേളനങ്ങൾ നടത്തിയിരുന്നതു്. ആ സ്ഥലത്തു് ഇന്നു് അക്കേഡിയസിൻെറ ഫോറം സ്ഥിതിചെയ്യുന്നു. ഏററവും കഠിനമായ ശിക്ഷയർഹിക്കുന്ന ഒരു പ്രവൃത്തി അയാൾ ചെയ്തു. പ്രസ്തുതസമ്മേളനങ്ങളിലൊന്നിൽവച്ചു് സുവിശേഷം വായിക്കുന്ന സന്ദർഭത്തിൽ ''അന്നു് പെസഹാ എന്ന യഹൂദരുടെ പെരുന്നാളായിരുന്നു'' എന്നതിനോടു ചേർത്തു്, എഴുതപ്പെട്ടിട്ടില്ലാത്തതും അതിനുമുമ്പു് ആരും കേട്ടിട്ടില്ലാത്തതുമായ ഈ വാക്കുകളും അയാൾ വായിച്ചു: ''പുളിപ്പില്ലാത്ത അപ്പത്തിൻെറ ദിവസങ്ങളിലല്ലാതെ ഈ തിരുനാൾ ആചരിക്കുന്നവൻ ശപിക്കപ്പെട്ടവനാകട്ടെ.'' ഈ വാക്കുകളെക്കുറിച്ചുള്ള വിവരം പുറത്തറിഞ്ഞപ്പോൾ നൊവേഷ്യൻ വിശ്വാസികളിൽ ശുദ്ധഗതിക്കാരായിട്ടുള്ളവരെല്ലാം ഈ തന്ത്രത്താൽ വഞ്ചിതരായി അയാൾക്കു ചുററും കൂടി. എന്നാൽ വഞ്ചനാപരമായ ഈ കെട്ടിച്ചമയ്ക്കൽ കൊണ്ടു് ഒരുപകാരവുമുണ്ടായില്ല. വളരെ വിനാശകരമായ പ്രത്യാഘാതങ്ങളാണു് അതിൽ നിന്നുളവായതു്. അധികം

1. 5:21.

www.malankaralibrary.com



താമസിയാതെ അയാറം ക്രിസ്തീയ ഉയിർപ്പു തിരുനാളിനു മുമ്പായി ഈ തിരുനാറം ആചരിച്ചു. പലരും അവരുടെ പതിവനുസരിച്ച് അയാളുടെയടുത്തു തടിച്ചുകൂടി. അവർ പതിവനുസരിച്ചുള്ള ജാഗരണത്തിൽ രാത്രികഴിച്ചുകൂട്ടുകയായിരുന്നു. ആ സമയത്തു് പിശാചുമൂലം ഉണ്ടായതെന്നു കരുതാവുന്ന ഒരു വലിയ സംഭ്രാന്തി അവരെ ഗ്രസിച്ചു. അവരുടെ മെത്രാനായ സിസിന്നിയൂസ് വലിയ ഒരു ആറംക്കൂട്ടത്തോടൊപ്പം അവരെ ആക്രമിക്കാൻ വരുന്നതായി അവക്കു തോന്നി. അത്തരം ഒരു സന്ദർഭത്തിൽ സ്വാഭാവികമായ വിക്ഷോഭം മൂലവും രാത്രിയിൽ വളരെ ഇടുങ്ങിയ ഒരു സ്ഥലത്തു് അവർ ഞെരുങ്ങിക്കഴിയുകയായിരുന്നു എന്നതുകൊണ്ടും അവർ പരസ്പരം ചവിട്ടിമെതിച്ചതിനാൽ ആ ബഹളത്തിൽ എഴുപതിലധികം ആളുകറം കൊല്ലപ്പെട്ടു. ഈ സംഭവം കാരണമായി അനേകർ സബ്ബാത്തിയൂസിനെ വിട്ടുപോയി. എന്നാൽ കുറെപ്പേർ അയാളുടെ അജ്ഞതാവിലസിതമായ മുൻവിധികളെ മുറുകെ പിടിച്ചുകൊണ്ടു് അയളോടൊത്തുതന്നെ നിന്നു. സബ്ബാത്തിയൂസ് അയാളുടെ പ്രതിജ്ഞ ലംഘിച്ചുകൊണ്ടു് എപ്രകാരം പില്ക്കാലത്തു മെത്രാനായിത്തീരുന്നതിനുള്ള ചരടുവലികറംനടത്തി എന്നതു് പിന്നീടു വിവരിക്കും[2].

## അധ്യായം 6

# ഇക്കാലത്തെ ആര്യൻനേതാക്കൾ

ഡൊറൊത്തേവൂസ് ആര്യൻ വിഭാഗത്തിൻെറ മെത്രാനായിരുന്നു. ആര്യന്മാർ അദ്ദേഹത്തെ അന്ത്യോക്യായിൽനിന്നു് കോൺസ്റ്റാൻറിനോപ്പിളിലേക്കു മാററി സ്ഥാപിച്ച കാര്യം നാം ഇതിനുമുമ്പു പറഞ്ഞിട്ടുണ്ടു്[3]. ഈ ഡൊറൊത്തേവൂസ് നൂററിപ്പത്തൊമ്പതാം വയസ്സിൽ നിര്യാതനായി. ഹൊണോറിയൂസ് ഏഴാം തവണയും തിയഡോഷ്യസ് അഗസ്റ്റസ് രണ്ടാംതവണയും കോൺസുറംമാരായിരുന്ന വർഷം നവംബർ ആറാം തീയതി അദ്ദേഹം മരിച്ചു[4]. അതിനുശേഷം ബാർബസ് ആര്യൻ വിഭാ

---

2. 7:12.
3. 5:3. 12.23.
4. 407-ൽ

www.malankaralibrary.com



ഗത്തിന്റെ അദ്ധ്യക്ഷനായി. അക്കാലത്തു് ആര്യൻ വിഭാഗം രണ്ടു വലിയ വാഗ്മികളാൽ അനുഗൃഹീതമായി. രണ്ടുപേരും വൈദികരായിരുന്നു. ഒരാളുടെ പേരു് തിമോത്തിയെന്നും മറ്റെയാളിന്റേതു് ജോർജ്ജ് എന്നുമായിരുന്നു. ജോർജ്ജ് ഗ്രീക്കു് സാഹിത്യത്തിൽ വളരെ പാണ്ഡിത്യമുള്ളയാളായിരുന്നു. തിമോത്തിയ്ക്കാകട്ടെ, വി.ലിഖിതങ്ങളിലായിരുന്നു അവഗാഹം. ജോർജ്ജിന്റെ കയ്യിൽ അരിസ്റ്റോട്ടലിന്റെയും പ്ലേറ്റോയുടെയും ലിഖിതങ്ങൾ എപ്പോഴും ഉണ്ടായിരിക്കും. തിമോത്തി പ്രേരണ കൈവരിച്ചിരുന്നതു് ഒരിജനിൽനിന്നാണ്. അദ്ദേഹം വി. ലിഖിതങ്ങളെക്കുറിച്ചുള്ള തന്റെ പ്രസംഗങ്ങളിൽ ഹീബ്രൂ ഭാഷയിലുള്ള തന്റെ സാമാന്യാധികമായ അവഗാഹവും വെളിപ്പെടുത്തിയിരുന്നു. തിമോത്തി നേരത്തേ പ്സത്തീറിയന്മാരുടെ പക്ഷത്തായിരുന്നു.[5] ജോർജ്ജിനെ അഭിഷേകം ചെയ്തതു് ബാർബാസ് ആണ്.

ഞാൻ തിമോത്തിയുമായി നേരിട്ടു സംസാരിച്ചിട്ടുണ്ടു്. എത്ര കഠിനമായ ചോദ്യങ്ങൾക്കും അനായാസം ഉത്തരം പറയാനും വി.ലിഖിതങ്ങളിലെ ഏറ്റവും വിഷമം പിടിച്ച ഭാഗങ്ങളും വിശദീകരിക്കാനും ഉള്ള അദ്ദേഹത്തിന്റെ കഴിവു് എന്നെ അത്ഭുതപ്പെടുത്തിയിട്ടുണ്ടു്. തന്റെ അഭിപ്രായങ്ങൾ ഉറപ്പിക്കുന്നതിനുള്ള പ്രമാണമായി അദ്ദേഹം ഒരിജനെ എപ്പോഴും ഉദ്ധരിക്കുമായിരുന്നു. ഈ തിമോത്തിയും ജോർജ്ജും ആര്യൻ പാഷണ്ഡതയിൽ നിലനിന്നു എന്നതു് എന്നെ ആശ്ചര്യപ്പെടുത്തിയ കാര്യമത്രേ. ഒരാൾക്കു പ്ലേറ്റോയുടെ ആശയങ്ങൾ സുപരിചിതങ്ങളായിരുന്നു. മറേറയാളിന്റെ അധരങ്ങളിൽ ഒരിജന്റെ വചനങ്ങൾ എപ്പോഴും തത്തിക്കളിച്ചിരുന്നു. രണ്ടാമത്തെയും മൂന്നാമത്തെയും കാരണങ്ങളെന്നു് അദ്ദേഹം സാധാരണ വിളിക്കുന്ന പ്രതിഭാസങ്ങളുടെ അസ്തിത്വത്തിനു് ആരംഭമുണ്ടായിരുന്നുവെന്നു് പ്ലേറ്റോ ഒരിക്കലും പറയുന്നില്ല. ഒരിജനാണെങ്കിൽ പുത്രൻ എന്നും പിതാവിനോടൊപ്പം ഉണ്ടായിരുന്നുവെന്നു് എല്ലായിടത്തും പറയുന്നുമുണ്ടു്.

ഏതായാലും ജോർജ്ജും തിമോത്തിയും അവരുടെ സഭയോടു ബന്ധപ്പെട്ടുതന്നെയാണ് എന്നും കഴിഞ്ഞതെങ്കിലും അവർ അബോധപൂർവ്വമായി ആര്യൻ വിഭാഗത്തിൽ ആശാസ്യമായ പരിവർത്തനങ്ങൾ വരുത്തി. തങ്ങളുടെ അദ്ധ്യാപനംകൊണ്ടു് ആര്യന്മാരുടെയിടയിലെ ദൈവദൂഷണങ്ങൾ പലതും അവർ

5. Psatyrians: 5:23.

www.malankaralibrary.com



നീക്കംചെയ്തു. ഈ വ്യക്തികളെക്കുറിച്ച് ഇത്രയും പറഞ്ഞു മതിയാക്കാം. മുൻ പറഞ്ഞ കോൺസുളേററിൽത്തന്നെ നൊവേഷ്യരുടെ മെത്രാനായ സിസിന്നിയൂസ് മരിച്ചു. തത്സ്ഥാനത്ത് ക്രീസാന്തുസ് അഭിഷിക്തനായി. പ്രസ്തുത വ്യക്തിയെക്കുറിച്ച് ഇനി പറയേണ്ടി വരും.

## അധ്യായം 7

## തെയോഫിലസിൻെറ പിൻഗാമി സിറിൽ

അധികം താമസിയാതെ അലക്സാൺഡ്രിയായിലെ മെത്രാനായ തെയോഫിലസ് ഏതാണ്ടും നാശം അബോധാവസ്ഥയിൽ കിടന്നിട്ട് നിര്യാതനായി. ഹൊണോറിയൂസ് ഒമ്പതാം തവണയും തിയഡോഷ്യസ് അഞ്ചാം തവണയും കോൺസുലന്മാരായിരുന്ന വർഷം ഒക്ടോബർ 15-ാം തീയതിയായിരുന്നു ഈ സംഭവം.[6] പിൻഗാമിയെ നിശ്ചയിക്കുന്ന വിഷയത്തിൽ ഉടൻതന്നെ വലിയ തർക്കം ഉത്ഭവിച്ചു. ആർച്ച്ഡീക്കനായ തിമോത്തിയെ മെത്രാനാക്കണമെന്നാണു ചിലർ ആഗ്രഹിച്ചത്. തെയോഫിലസിൻെറ അനന്തിരവനായ സിറിലിനെ മെത്രാനാക്കണമെന്ന് വേറെ ചിലർ ആഗ്രഹിച്ചു. ജനങ്ങളുടെയിടയിൽ ഇതു സംബന്ധിച്ച് വലിയ സംഘർഷമായി. ഈജിപ്റ്റിലെ സൈന്യാധിപനായ അബുൻഡാൻസ്യൂസ് തിമോത്തിയെ അനുകൂലിച്ചു. (എന്നാൽ സിറിലിൻെറ പക്ഷക്കാർക്കാണു വിജയം കൈവന്നത്.)[7] അങ്ങനെ, തെയോഫിലസിൻെറ മരണശേഷം മൂന്നാം ദിവസം സിറിൽ മെത്രാൻസ്ഥാനം കൈവശപ്പെടുത്തി. തെയോഫിലസിനു് ഉണ്ടായിരുന്നതിലധികമായ അധികാരം സിറിൽ പ്രയോഗിച്ചു. അന്നുമുതൽ അലക്സാൺഡ്രിയായിലെ മെത്രാസനം ആദ്ധ്യാത്മികാധികാരത്തിൻെറ പരിധിക്കപ്പുറത്തേയ്ക്കു കടന്ന്, ഭൗതിക കാര്യങ്ങളുടെ ഭരണവും നിർവഹിക്കാൻ തുടങ്ങി. ഉടൻതന്നെ സിറിൽ അലക്സാൺഡ്രിയായിലുണ്ടായിരുന്ന നൊവേഷ്യരുടെ പള്ളികളെല്ലാം അടപ്പിച്ചു. അവരുടെ വിശുദ്ധ പാത്രങ്ങളും ആഭരണങ്ങളും എല്ലാം കൈവശപ്പെടുത്തി. അവരുടെ മെത്രാനായ തെയോപെംപ്തുസിൻെറ സകല സമ്പത്തുകളും അപഹരിക്കുകയും ചെയ്തു.

6. 412-ൽ.
7. ഗ്രീക്കമൂലത്തിലില്ല.

www.malankaralibrary.com



## അധ്യായം 8

# പേർഷ്യയിലെ ക്രിസ്തുമതപ്രചാരം

ഈ കാലഘട്ടത്തിൽത്തന്നെയാണ് താഴെ പറയുന്ന കാരണങ്ങൾ കൊണ്ട് പേർഷ്യയിൽ ക്രിസ്തുമതം* പ്രചരിച്ചത്. പേർഷ്യയിലെയും റോമായിലെയും ചക്രവത്തിമാർ നിരന്തരം പ്രതിനിധികളെ കൈമാറിക്കൊണ്ടിരുന്നു. അതിനു നിരന്തരമായി ഓരോ കാരണങ്ങളും സംഭവിച്ചുകൊണ്ടിരുന്നു. ഇതിനു മുമ്പു നാം പരാമർശിച്ചിട്ടുള്ള മെസപ്പൊട്ടാമിയായിലെ മെത്രാനായ മാരുഥായെ ഒരു ദൗത്യവുമായി പേർഷ്യൻ ചക്രവർത്തിയുടെ പക്കലേയ്ക്ക് അയയ്ക്കേണ്ടതു് ആവശ്യമാണെന്നു് റോമൻ ചക്രവർത്തിക്കു കരുതേണ്ട സാഹചര്യമുണ്ടായി. മാരുഥാ വലിയ ദൈവഭക്തനാണെന്നു മനസ്സിലാക്കിയ പേർഷ്യൻ ചക്രവർത്തി വളരെ ബഹുമാനപൂർവം അദ്ദേഹത്തോടു പെരുമാറി. ദൈവത്തിൻെറ യഥാർത്ഥ സ്നേഹഭാജനമാണെന്ന വിധത്തിൽ അദ്ദേഹത്തിൻെറ വചനങ്ങൾ ശ്രദ്ധിച്ചു. ഇതുമൂലം അവിടത്തെ പുരോഹിതന്മാർ അസൂയാകലുഷിതരായിത്തീർന്നു. പേർഷ്യൻ ഭരണാധിപൻെറ മേൽ ഗണ്യമായ സ്വാധീനമാണ് അവർക്കുണ്ടായിരുന്നതു്. ചക്രവർത്തിയെ മാരുഥാ ക്രിസ്തുമതത്തിലേയ്ക്കു് ആനയിക്കുമെന്നു് അവർ ഭയപ്പെട്ടു. ചക്രവത്തി വളരെ നാളായി അതിശക്തമായ തലവേദന അനുഭവിച്ചുവരുകയായിരുന്നു. അതിനു ശമനമുണ്ടാക്കാൻ പേഷ്യയിലെ പുരോഹിതന്മാർ ശ്രമിച്ചിട്ട് ഒരു ഫലവുമുണ്ടായില്ല. മാരുഥാ തൻെറ പ്രാർത്ഥനകൊണ്ട് ഈ തലവേദന നീക്കി. അപ്പോൾ ആ മാന്ത്രിക പുരോഹിതന്മാർ മാരുഥായെ തോല്പിക്കാൻ വേണ്ടി ഒരു വഞ്ചന പ്രയോഗിച്ചു. പേർഷ്യക്കാർ അഗ്ന്യാരാധകരായിരുന്നല്ലോ. ഒരു പ്രത്യേക കെട്ടിടത്തിൽ നിരന്തരമായി ജ്വലിപ്പിച്ചിരുന്ന അഗ്നിയുടെ സമീപത്തു ചെന്നു് അതിനെ ആരാധിക്കുന്ന പതിവുണ്ടായിരുന്നു പേർഷ്യൻ ചക്രവർത്തിക്കു്. ആ അഗ്നി ജ്വലിക്കുന്ന വേദിക്കു താഴെ പുരോഹിതന്മാർ ഒരു മനുഷ്യനെ ഒളിപ്പിച്ചു നിറുത്തി. ചക്രവത്തി ആരാധനയ്ക്കു വരുന്ന സമയത്തു് താഴെ പറയുംവിധം വിളിച്ചുപറയാൻ അവർ അയാൾക്കു നിർദ്ദേശം നൽകിയിരുന്നു: "ഈശ്വരനിന്ദകനായ രാജാവിനെ നിഷ്കാസനം ചെയ്യണം. ഒരു ക്രൈസ്തവ പുരോഹിതൻ ദൈവത്തിൻെറ പ്രീതിഭാജനമാണെന്നു് അയാൾ

www.malankaralibrary.com



കരുതിയിരിക്കുന്നു.'' ചക്രവർത്തിയായ യസ്ദഗീർദിന് മാറൂഥായോട് വളരെ ബഹുമാനമുണ്ടായിരുന്നെങ്കിലും ഈ വാക്കുകൾ കേട്ടപ്പോൾ അദ്ദേഹത്തെ വേഗം പറഞ്ഞുവിടാൻ തീരുമാനിച്ചു. എന്നാൽ മാറൂഥാ യഥാർത്ഥ ദൈവസ്നേഹമുള്ള മനുഷ്യനായിരുന്നതിനാൽ തന്റെ പ്രാർത്ഥനയുടെ ശക്തി കൊണ്ട് പുരോഹിതന്മാരുടെ ഈ ചതിപ്പണി മനസ്സിലാക്കി. അതിനാൽ അദ്ദേഹം ചക്രവർത്തിയുടെ അടുത്തുചെന്ന് ഇങ്ങനെ പറഞ്ഞു: ''അല്ലയോ രാജാവേ, അങ്ങ് വഞ്ചിതനാകരുത്. അങ്ങ് ഇനിയും ആരാധനസ്ഥലത്തു പോവുകയും മുമ്പത്തെതു പോലെയുള്ള ശബ്ദം കേൾക്കുകയും ചെയ്യുമ്പോൾ അഗ്നി വേദിക്കു താഴെയുള്ള സ്ഥലം പരിശോധിക്കുക. അപ്പോൾ വഞ്ചന വെളിപ്പെടും. എന്തെന്നാൽ അവിടെ സംസാരിക്കുന്നതു് അഗ്നിയല്ല. പിന്നെയോ മനുഷ്യരുടെ ചില തന്ത്ര പ്രയോഗങ്ങളാണ് അവിടെ നടക്കുന്നതു്.''

രാജാവു് മാറൂഥായുടെ നിർദ്ദേശം സ്വീകരിച്ചുകൊണ്ട്, നിരന്തരം ജ്വലിക്കുന്ന അഗ്നിയുടെ ഗൃഹത്തിൽ ആരാധിക്കാൻ പോയി. മുൻപറഞ്ഞ സ്വരം വീണ്ടും കേട്ടപ്പോൾ അഗ്നിവേദി യുടെ താഴെയുള്ള സ്ഥലം പൊളിച്ചുനോക്കാൻ കല്പനയായി. ദൈവത്തിന്റെ പേരിൽ അരുളപ്പാടുനടത്താൻ പുരോഹിത ന്മാർ ഏർപ്പെടുത്തി നിറുത്തിയിരുന്നയാളിനെ അവിടെ കണ്ടെത്തി. ഈ വഞ്ചനയിൽ ചക്രവർത്തി രോഷാകുലനായി. പുരോഹിതരിൽ പലരെയും വധിക്കാൻ അദ്ദേഹം കല്പന കൊടുത്തു. ഇതിനെ തുടർന്ന് മാറൂഥാക്കു് വേണ്ടിടത്തെല്ലാം പള്ളികൾ പണിയാൻ അദ്ദേഹം അനുമതിയും നൽകി. അന്നു മുതൽ പേർഷ്യാക്കാരുടെയിടയിൽ ക്രിസ്തുമതം പ്രചരിച്ചു തുടങ്ങി.

തിരിച്ചുവിളിക്കപ്പെട്ടതുകൊണ്ട് മാറൂഥാ കോൺസ്റ്റാൻറി നോപ്പിളിലേയ്ക്കു മടങ്ങി. അധികകാലം കഴിയുന്നതിനു മുമ്പ് വീണ്ടും രാജപ്രതിനിധിയായി പേർഷ്യൻ രാജധാനിയിലേയ്ക്കു് അയയ്ക്കപ്പെട്ടു. ചക്രവർത്തി അദ്ദേഹത്തിനു സന്ദർശനം അനു വദിക്കാതിരിക്കുന്നതിനുവേണ്ട ചതിപ്രയോഗങ്ങളെല്ലാം പേർ ഷ്യൻ പുരോഹിതന്മാർ ചെയ്തുനോക്കി. അവർ ചെയ്ത ചതി പ്രയോഗങ്ങളിലൊന്ന്, രാജാവു് പതിവായി പോകാറുള്ള ഒരു സ്ഥലത്തു വല്ലാത്ത ദുർഗ്ഗന്ധം പരത്തുകയും അതിന്റെ കാരണ ക്കാർ ക്രിസ്ത്യാനികളാണെന്നു പ്രചരിപ്പിക്കുകയുമായിരുന്നു. എന്നാൽ ചക്രവർത്തിക്ക് പേർഷ്യൻ പുരോഹിതന്മാരെ സംശ യിക്കാൻ തക്ക കാരണം നേരത്തെ ഉണ്ടായിരുന്നതിനാൽ അദ്ദേഹം വളരെ ശ്രദ്ധാപൂർവം സൂക്ഷ്മാന്വേഷണം നടത്തുകയും

www.malankaralibrary.com



കുററവാളികളെ കണ്ടെത്തുകയും ചെയ്തു. അവരിൽ പലരെയും അദ്ദേഹം വേണ്ടവിധം ശിക്ഷിച്ചു. മാർഋഥായെ കൂട്ടതലായി ബഹുമാനിക്കുകയും ചെയ്തു. റോമാക്കാരോട് ഒരു ജനത എന്ന നിലയിൽത്തന്നെ അദ്ദേഹത്തിനു വളരെ ബഹുമാനമായിരുന്നു. അവരുടെ സൗമനസ്യത്തെ അദ്ദേഹം വളരെ വിലമതിക്കുകയും ചെയ്തു. മാർഋഥായും പേർഷ്യയിലെ മെത്രാനായ അബ്ബാസും ചേർന്നു് ക്രിസ്തീയ വിശ്വാസത്തിൻെറ ശക്തി ഒരിക്കൽക്കൂടെ പരീക്ഷണം വഴി തെളിയിച്ചതുകൊണ്ടു് ചക്രവർത്തി ക്രൈസ്തവ വിശ്വാസം സ്വീകരിക്കാൻ തീരുമാനിക്കുകതന്നെ ചെയ്തതാണ്. ആ മെത്രാന്മാർ രണ്ടുപേരും ചേർന്നു് ദീർഘമായ പ്രാർത്ഥനകളും ഉപവാസവും നടത്തിയതിൻെറ ഫലമായി ചക്രവർത്തിയുടെ പുത്രനെ ആവേശിച്ചിരുന്ന ഒരു പിശാചു് അവനെ വിട്ടുപോയി. എന്നാൽ യസ്ദഗീർദ് ചക്രവർത്തി പെട്ടെന്നു മരിച്ചുപോയതുകൊണ്ടു് അദ്ദേഹത്തിൻെറ പരസ്യമായ വിശ്വാസസ്വീകരണം നടന്നില്ല. അദ്ദേഹത്തിനുശേഷം പുത്രൻ വറാഹ്റൻ ചക്രവർത്തിയായി. അയാളുടെ കാലത്തു്, റോമാക്കാരും പേർഷ്യാക്കാരും തമ്മിൽ നേരത്തേ ഉണ്ടാക്കിയിരുന്ന, ഉടമ്പടി ലംഘിക്കപ്പെട്ടു. അല്പംകൂടെ മുന്നോട്ടുപോകുമ്പോൾ ആ സംഭവങ്ങളെല്ലാം നമുക്കു് ആഖ്യാനം ചെയ്യേണ്ടതായി വരും.[8]

## അധ്യായം 9

# അന്ത്യോക്യയിലെയും റോമായിലെയും മെത്രാന്മാർ

ഇക്കാലഘട്ടത്തിനിടയ്ക്കു് ഫ്ളാവിയൻ ദിവംഗതനാകുകയും അന്ത്യോക്യയിലെ മെത്രാൻസ്ഥാനം പൊർഫീരി എന്നയാളിനു ലഭിക്കുകയും ചെയ്തു. അദ്ദേഹത്തിൻെറ പിൻഗാമിയായി വന്നതു് അലക്സാണ്ടർ എന്നയാളാണ്. റോമിൽ ദമാസൂസ് പതിനെട്ടു വർഷം മെത്രാനായിരുന്നു. സിറീചിയുസ് ആയിരുന്നു അദ്ദേഹത്തിൻെറ പിൻഗാമി. സിറീചിയുസ് പതിനഞ്ചുകൊല്ലം ഭരണം നടത്തി. അതിനെത്തുടർന്നു് അനസ്താസിയൂസ് മൂന്നുകൊല്ലം സഭാഭരണം നടത്തി. അനസ്താസിയൂസിനുശേഷം ഇന്നസെൻറ് ആ സ്ഥാനത്തേയ്ക്കു് ഉയർത്തപ്പെട്ടു. റോമിൽ ആദ്യമായി നൊവേഷ്യരെ പീഡിപ്പിച്ചതു് ഇദ്ദേഹമാണ്. അവരുടെ പല പള്ളികളും അദ്ദേഹം കൈവശപ്പെടുത്തി.

---

8. 7:18.

www.malankaralibrary.com



## അധ്യായം 10

# അലാറിക്കിൻെറ റോമാ ആക്രമണം

ഇക്കാലത്താണ് കാട്ടുജാതിക്കാർ റോം ആക്രമിച്ചത്. അലാറിക്ക് എന്ന കാട്ടുജാതിക്കാരൻ റോമാക്കാരുടെ സഹായി ആയിരുന്നു. തിയഡോഷ്യസ് ചക്രവർത്തിയുടെ കീഴിൽ സേവനം അനുഷ്ഠിച്ചുകൊണ്ട്, കയ്യേററക്കാരനായ എവുജീനിയൂസിനെതിരായിട്ടുള്ള യുദ്ധത്തിൽ അയാൾ പങ്കെടുത്തു. അതിൻെറ പേരിൽ അയാൾക്ക റോമൻ പദവികൾ നൽകപ്പെടുകയും ചെയ്തു. തൻെറ നല്ല ഭാഗ്യം മനസ്സംയമനത്തോടെ വഹിക്കാൻ അയാൾക്ക കഴിഞ്ഞില്ല. എന്നാൽ ചക്രവർത്തി പദം കൈവശപ്പെടുത്താനല്ല അയാൾ ശ്രമിച്ചത്. കോൺസ്റ്റാൻറിനോപ്പിളിൽനിന്ന് അയാൾ സാമ്രാജ്യത്തിൻെറ പടിഞ്ഞാറൻ ഭാഗങ്ങളിലേയ്ക്കു പുറപ്പെട്ടു. ഇല്ലിറിക്കത്തിലെത്തിയ അയാൾ ആ പ്രദേശം മുഴുവൻ താറുമാറാക്കി. അയാൾ മുമ്പോട്ടു പോയപ്പോൾ തെസ്സാലിയന്മാർ അയാളെ എതിരിട്ടു. പെനിയൂസ് നദീമുഖത്തിനു സമീപം വച്ചാണ് ഏററുമുട്ടലുണ്ടായത്. അവിടെനിന്ന് പിൻഡുസ് മലയിലൂടെ എപ്പീരൂസിലെ നിക്കോപ്പൊലീസിലേയ്ക്ക് ഒരു പാതയുണ്ട്. തെസ്സാലിയർ ആ ഏററുമുട്ടലിൽ അലാറിക്കിൻെറ ആളുകളിൽ മൂവായിരം പേരെ വധിച്ചു. ഇതിനുശേഷം കാട്ടാളവർഗ്ഗം റോമിനെ ലക്ഷ്യമാക്കി പുറപ്പെട്ടു. വഴിയിൽ കണ്ടതെല്ലാം നശിപ്പിച്ചുകൊണ്ടാണ് അവർ മുന്നോട്ടു പോയത്. റോമിലെത്തിയ അവർ ആ നഗരം മുഴുവൻ കൊള്ളയടിച്ചു. അവിടെയുള്ള മിക്കവാറും എല്ലാ മനോഹര സൗധങ്ങളും അവയിലുള്ള മനോഹര കലാശില്പങ്ങളും അവർ അഗ്നിക്കിരയാക്കി. കൊള്ളയിൽ കിട്ടിയ പണവും വിലയേറിയ പദാർത്ഥങ്ങളും അവർ പങ്കിട്ടെടുത്തു. സെനററർമാരിൽ പ്രധാനികളെയെല്ലാം ഏതെങ്കിലും കാരണം പറഞ്ഞ് അവർ വധിച്ചു. ചക്രവർത്തിയുടെ പ്രതാപത്തെ പരിഹസിക്കാൻവേണ്ടി അത്താലുസ് എന്നയാളെ അലാറിക്ക് ചക്രവർത്തിയായി പ്രഖ്യാപിച്ചു. ഒരു ദിവസത്തേയ്ക്ക് ചക്രവർത്തിയുടെ സകല പ്രതാപത്തോടുംകൂടെ അയാളെ ബഹുമാനിക്കാൻ അലാറിക്ക് അനുയായികൾക്ക കല്പന നൽകി. അടുത്ത ദിവസം ഒരു അടിമയുടെ വേഷത്തിൽ അയാളെ പ്രദർശിപ്പിച്ചു. ഈ നേട്ടങ്ങൾക്കശേഷം അയാൾ തിടുക്കത്തിൽ നഗരത്തിൽ

www.malankaralibrary.com



നിന്നു പിൻവാങ്ങി. അയാൾക്കെതിരെ യുദ്ധം ചെയ്യാൻ വേണ്ടി തിയഡോഷ്യസ് ചക്രവത്തി ഒരു സൈന്യത്തെ അയച്ചിരിക്കുന്നു എന്നു കേട്ടിട്ടാണ് അയാൾ പിൻവാങ്ങിയതു്. ആ വാർത്ത അയഥാർത്ഥമായിരുന്നില്ലതാനും. ചക്രവത്തിയുടെ സൈന്യം അതിവേഗം റോമിനെ സമീപിക്കുകയായിരുന്നു. അലാറിക്കാകട്ടെ സൈന്യം വരാൻ കാത്തുനിൽക്കാതെ തന്റെ കീഴിലുള്ള സൈന്യത്തെ പിരിച്ചുവിട്ടിട്ട് പലായനം ചെയ്തു.

അയാൾ റോമിലേയ്ക്കു നീങ്ങിക്കൊണ്ടിരുന്ന സന്ദർഭത്തിൽ അയാൾ അത്തരം ക്രൂരകൃത്യങ്ങളിൽ അഭിരമിക്കരുതെന്ന് ഭക്തനായ ഒരു സന്യാസി അയാളെ ഉപദേശിച്ചുവെന്നും ചോരചിന്തലിലും കൊലയിലും സന്തോഷിക്കരുതെന്ന് ഉദ്ബോധിപ്പിച്ചുവെന്നും പറയപ്പെടുന്നു. അപ്പോൾ അലാറിക്ക് ഇങ്ങനെ മറുപടി പറഞ്ഞത്രേ: ''ഞാൻ എന്റെ സ്വന്ത ഇഷ്ടപ്രകാരമല്ല ഇങ്ങനെയൊക്കെ പ്രവർത്തിക്കുന്നതു്. എല്ലാ ദിവസവും ഏതോ ഒരു ശക്തി ഇങ്ങനെ പറഞ്ഞുകൊണ്ടു് എതിർക്കാൻ പാടില്ലാത്ത വിധത്തിൽ എന്നെ മുന്നോട്ടു നയിക്കുകയാണ്: റോമിലേയ്ക്കു പോകുക. ആ നഗരം നശിപ്പിക്കുക.'' ഇങ്ങനെയായിരുന്നു അയാളുടെ പ്രവർത്തനങ്ങൾ.

## അധ്യായം 11

# റോമിലെ മെത്രാന്മാർ

ഇന്നസെൻറിനുശേഷം സോസിമൂസ് രണ്ടു കൊല്ലം റോമൻ സഭയെ ഭരിച്ചു. അതിനുശേഷം മൂന്നുകൊല്ലം ബോനിഫസ്. അദ്ദേഹത്തിനുശേഷം ഭരണം നടത്തിയതു് സെലസ്റ്റിൻ. ഈ സെലസ്റ്റിൻ റോമിലുള്ള നൊവേഷ്യരുടെ പള്ളികൾ കൈവശപ്പെടുത്തി. അവരുടെ മെത്രാനായ റുസ്റ്റിക്കുളായെ അവരുടെ വീടുകളിൽ വച്ച് രഹസ്യമായി സമ്മേളനങ്ങൾ നടത്താൻ അദ്ദേഹം നിർബന്ധിതനാക്കി. ഇക്കാലംവരെ റോമിൽ നൊവേഷ്യർ തഴച്ചുവളരുകയായിരുന്നു. അവർക്ക് അവിടെ പല പള്ളികളുണ്ടായിരുന്നു. അവയിൽ വളരെയേറെയാളുകൾ സമ്മേളിക്കുകയും ചെയ്തിരുന്നു. എന്നാൽ റോമൻ മെത്രാസനം അലക്സാൺഡ്രിയായിലേതുപോലെ ആദ്ധ്യാത്മികമായ അധികാരപരിധികൾക്കപ്പുറം കടന്നു പ്രവർത്തിക്കാൻ തുടങ്ങിയപ്പോൾ, ഇന്നത്തെ രീതിയിലുള്ള അതിന്റെ ഭൗതികഭരണാധി

www.malankaralibrary.com



കാരം തുടങ്ങിയപ്പോഠം, അസൂയ അവരെയും ആക്രമിച്ചു. അപ്പോഠം മുതൽ മെത്രാന്മാർ വിശ്വാസവിഷയങ്ങളിൽ തങ്ങളോടു യോജിക്കുന്നവരെപ്പോലും സമാധാനത്തിൽ സമ്മേളനങ്ങഠം നടത്തുന്നതിനുള്ള അവകാശം അനുവദിച്ചുകൊടുക്കുകയില്ലെന്നായി. അവരുടെ സ്വത്തുക്കളെല്ലാം പിടിച്ചെടുത്തു. വിശ്വാസത്തിൽ യോജിപ്പുള്ള കാര്യങ്ങളുടെ പേരിൽ അവരെ പുകഴ്ത്തുകമാത്രം ചെയ്തു. ഞാൻ നേരത്തെ പറഞ്ഞതുപോലെ[9] കോൺസ്റ്റാൻറിനോപ്പിളിലെ മെത്രാന്മാർ ഇത്തരം പെരുമാററത്തിൽനിന്ന് വിട്ടുനിന്നു. അവരോടു സഹിഷ്ണത പുലർത്തുകയും നഗരാതിർത്തിക്കുള്ളിൽ സമ്മേളനം നടത്താൻ അവരെ അനുവദിക്കുകയും ചെയ്തതിനു പുറമേ, അവർ അവരോട് ക്രൈസ്തവപരിഗണനയുടെ എല്ലാ അടയാളങ്ങളോടും കൂടെ പെരുമാറുകയും ചെയ്തു.

## അധ്യായം 12

## നൊവേഷ്യൻമെത്രാൻ ക്രിസാന്തൂസ്

സിസിന്നിയുസിൻെറ മരണശേഷം മെത്രാൻസ്ഥാനം ഏറെറടുക്കാൻ ക്രിസാന്തുസ് നിർബന്ധിതനായി. സിസിന്നിയുസിൻെറ മുൻഗാമിയായ മാർസിയൻെറ പുത്രനായിരുന്നു ക്രിസാന്തുസ്. ചെറുപ്പത്തിൽത്തന്നെ കൊട്ടാരത്തിലെ ഒരു സൈനിക ഉദ്യോഗത്തിൽ പ്രവേശിച്ച അദ്ദേഹം പിന്നീട് മഹാനായ തിയഡോഷ്യസിൻെറ കീഴിൽ ഇററലിയിലെ ഗവർണറായി നിയമിക്കപ്പെട്ടു. അതിനുശേഷം ബ്രിട്ടീഷ് ദ്വീപുകളിലെ ലോഡ്ലെഫ്ററനൻറായി.[10] പ്രസ്തുത ഉദ്യോഗങ്ങഠം രണ്ടിലും അദ്ദേഹം അപൂർവമായ പൊതുജനാദരം പിടിച്ചുപററി. പ്രായമായപ്പോഠം കോൺസ്ററാൻറിനോപ്പിളിൽ തിരിച്ചെത്തി. കോൺസ്റ്റാൻറിനോപ്പിഠം നഗരത്തിൻെറ പ്രീഫെക്ടായി നിയമിക്കപ്പെടണമെന്ന് അദ്ദേഹം ആത്മാർത്ഥമായി ആഗ്രഹിച്ചിരുന്നു. എന്നാൽ തൻെറ ആഗ്രഹത്തിനു വിരുദ്ധമായി നൊവേഷ്യരുടെ മെത്രാനായി നിയമിക്കപ്പെടുകയാണുണ്ടായത്. അതിനൊരു കാരണമുണ്ട്. മരണാസന്ന

9. 5:10.

10. Bikarios (Vikarios, Vicarius).

www.malankaralibrary.com



നായ സിസിന്നിയൂസ്, തനിക്കുശേഷം മെത്രാനാകാൻ ഏററവും യോഗ്യനായ വ്യക്തി ക്രീസാന്തുസ് ആണെന്നു സൂചിപ്പിച്ചു. ആ പ്രസ്താവത്തെ ഒരു കല്പനയായിത്തന്നെ കരുതിയ ജനങ്ങൾ ഉടൻതന്നെ അദ്ദേഹത്തെ മെത്രാനായി അഭിഷേചിക്കാൻ തിടുക്കംകൂട്ടി. തൻെറ മേൽ ഈ ബഹുമതി അടിച്ചേല്പിക്കപ്പെടാതിരിക്കാൻ ക്രീസാന്തുസ് ആവതും പരിശ്രമിച്ചു. അതു മൂലം പള്ളികളുടെ അധിപനാകാൻ തനിക്ക് ഉചിതമായ ഒരവസരം കൈവന്നിരിക്കുന്നു എന്നു ധരിച്ച സബ്ബാത്തിയൂസ്, കുറെ അപ്രധാന മെത്രാന്മാരെക്കൊണ്ട് തൻെറ മെത്രാഭിഷേകം നിർവഹിപ്പിച്ചു. താൻ മെത്രാനാകാൻ ശ്രമിക്കുകയില്ലെന്നു നേരത്തേ ചെയ്തിരുന്ന പ്രതിജ്ഞ അയാൾ കാററിൽ പറത്തി. അയാളെ അഭിഷേകം ചെയ്യാൻ കൂടിയ മെത്രാന്മാരിൽ ഒരാൾ ദൈവദൂഷണപരമായ ലിഖിതങ്ങളുടെ പേരിൽ സബ്ബാത്തിയൂസിനാൽത്തന്നെ മുമ്പ് ശപിക്കപ്പെട്ട് സഭാബഹിഷ്കൃതനായ ഹെർമോജനസ് ആയിരുന്നു.

എന്നാൽ സബ്ബാത്തിയൂസിൻെറ അസത്യസന്ധമായ ഈ പ്രവൃത്തികൊണ്ട് അയാൾക്ക് ഒരുപകാരവും ഉണ്ടായില്ല. അയാളുടെ തോന്ന്യാസമുള്ള പ്രവർത്തനങ്ങൾ മൂലം ആളുകൾക്കു വെറുപ്പായിരുന്നു. അതിനാൽ അവർ വളരെ കഷ്ടപ്പെട്ട്, ക്രീസാന്തുസ് ഒളിച്ചിരുന്ന സ്ഥലം കണ്ടുപിടിച്ചു. ബിത്തീനിയായിലെ ഒളിസങ്കേതത്തിൽനിന്ന് അവർ അദ്ദേഹത്തെ ബലമായി പിടിച്ചുകൊണ്ടുവന്ന് മെത്രാൻ സ്ഥാനം ഏല്പിച്ചു.

ക്രീസാന്തുസ് അനന്യസാധാരണമായ വിനയവും വിവേകവുമുള്ള ഒരു മനുഷ്യനായിരുന്നു. അവയുടെ ബലത്തിൽ അദ്ദേഹം കോൺസ്ററാൻറിനോപ്പിളിലുള്ള നൊവേഷ്യരുടെ പള്ളികളെ സുപ്രതിഷ്ഠിതമാക്കുകയും വിപുലീകരിക്കുകയും ചെയ്തു. സ്വന്തം സമ്പത്തിൽനിന്ന് പാവങ്ങളുടെയിടയിൽ സ്വർണ്ണം വിതരണം ചെയ്ത ആദ്യത്തെ മെത്രാനാണ് അദ്ദേഹം. എല്ലാ ഞായറാഴ്ചയും പള്ളികളിൽനിന്ന് പവിത്രീകരിക്കപ്പെട്ട രണ്ടപ്പങ്ങൾ വീതം മാത്രമല്ലാതെ മെത്രാനെന്നനിലയിൽ യാതൊന്നും സ്വീകരിച്ചിരുന്നുമില്ല. തൻെറ സഭയുടെ ക്ഷേമം വളർത്തുന്നതിൽ അദ്ദേഹം അതീവ തല്പരനായിരുന്നു. അതിനാൽ അക്കാലത്തെ ഏററവും വിഖ്യാതവാഗ്മിയായിരുന്ന അബ്ലാബിയൂസിനെ ട്രോയിലുസിൻെറ വിദ്യാലയത്തിൽനിന്നു വിളിച്ചുകൊണ്ടുവരുകയും വൈദികനായി അഭിഷേചിക്കുകയും ചെയ്തു. അദ്ദേഹത്തിൻെറ പ്രസംഗങ്ങൾ ഇന്നും പ്രചാരത്തിലുണ്ട്. അവ ആശയഗാംഭീര്യത്തിലും ആവിഷ്കരണചാരുതയിലും മുന്തിയവയാണ്. അബ്ലാബിയൂസ് പിൽക്കാലത്ത്

www.malankaralibrary.com



നീഖ്യായിലെ നൊവേഷ്യരുടെ മെത്രാനായി. മെത്രാൻ സ്ഥാനം വഹിക്കുന്നതോടൊപ്പം അദ്ദേഹം അവിടെ പ്രഭാഷണ കല പഠിപ്പിക്കുകയും ചെയ്തു.

## അധ്യായം 13

# അലക്സാൺഡ്രിയായിലെ ക്രൈസ്തവയഹൂദമത്സരം

ഏതാണ്ട് ഇക്കാലത്ത് സിറിൽമെത്രാൻ അലക്സാൺഡ്രിയായിലെ യഹൂദരെയെല്ലാം അവിടെനിന്ന് ഓടിച്ചുവിട്ട സംഭവമുണ്ടായി. അതിനുള്ള കാരണം താഴെ പറയുന്നു. അലക്സാൺഡ്രിയായിലെ ജനങ്ങൾ വേറെ എവിടെയുള്ളവരെയും കാൾ അധികമായി കോലാഹലങ്ങളിൽ ആറ്റാടിക്കുന്ന കൂട്ടരാണ്. അവർ മിക്കപ്പോഴും എന്തെങ്കിലും ഒരു കാരണമുണ്ടാക്കി അനിയന്ത്രിതമായ അക്രമപ്രവർത്തനങ്ങളിലേയ്ക്കു തിരിയുകയും ചെയ്യും. അവരുടെ കോലാഹലങ്ങൾ രക്തച്ചൊരിച്ചിലിൽ എത്താതെ അവസാനിക്കാറുമില്ല.

ഈ പ്രത്യേക സന്ദർഭത്തിൽ സംഘർഷാവസ്ഥയുണ്ടായത് എന്തെങ്കിലും വളരെ ഗൗരവമുള്ള കാര്യത്തിൽനിന്നല്ല. മിക്കവാറും എല്ലാ നഗരങ്ങളിലും വളരെ വ്യാപകമായിത്തീർന്നിട്ടുള്ള ഒരു തിന്മയിൽ നിന്നാണ്, അതായത് – നൃത്തപ്രദർശനങ്ങളോടുള്ള താല്പര്യം. യഹൂദർ ശാബതുദിവസം എല്ലാത്തരം തൊഴിലുകളിലും നിന്ന് വിരമിച്ചിരിക്കുമല്ലോ. എന്നാൽ അലക്സാൺഡ്രിയയിൽ അവർ ആ സമയം വിനിയോഗിച്ചിരുന്നത് 'നിയമം' കേൾക്കുന്നതിനല്ല, അഭിനയപരമായ കലകൾ കണ്ടു രസിക്കുന്നതിനാണ്. ആ ദിവസം നൃത്തക്കാർക്കു ചുററും വളരെയാളുകൾ തടിച്ചുകൂടും. തുടർന്ന് എപ്പോഴും നിയമലംഘനവും ഉണ്ടാകും. അലക്സാൺഡ്രിയയിലെ ഗവർണ്ണർ ഈ കലാപങ്ങളെ കുറെയൊക്കെ നിയന്ത്രിക്കുമായിരുന്നു. എങ്കിലും യഹൂദർ ആ നിയന്ത്രണങ്ങളെ നിരന്തരം എതിർത്തുകൊണ്ടുമിരുന്നു. യഹൂദർ എപ്പോഴും ക്രിസ്ത്യാനികളോട് എതിരായിരുന്നു. ഈ നൃത്തങ്ങളുടെ പേരിൽ എതിർപ്പു കൂടുതൽ രൂക്ഷമാകുകയും ചെയ്തു. അതിനാൽ നഗരത്തിലെ പ്രീഫെക്ടായ ഒറെസ്റ്റെസ് തീയേററിൽ വച്ച് ഒരു കല്പന - ഗവണ്മെൻറിൻെറ അറിയിപ്പുകളെ അങ്ങനെയാണ് അവർ വിളിച്ചിരുന്നത് – വിളംബരം ചെയ്തു

www.malankaralibrary.com



കൊണ്ടിരുന്ന സമയത്തു് സിറിൽമെത്രാൻെറ പക്ഷക്കാരായ കുറെ ആളുകളും കല്പനകളുടെ സ്വഭാവം എന്തു് എന്നു മനസ്സിലാക്കുന്നതിനു് അവിടെ സന്നിഹിതരായിരുന്നു. തീയേററിലെ പ്രകടനങ്ങളെ ക്രമീകരിക്കുന്നതു സംബന്ധിച്ചായിരുന്നു കല്പന. സിറിൽ പക്ഷക്കാരുടെ കൂട്ടത്തിൽ ഹിയെറാക്സു് എന്നൊരാളുണ്ടായിരുന്നു. സാഹിത്യത്തിൻെറ പ്രാഥമിക വിഭാഗങ്ങളെക്കുറിച്ചു പഠിപ്പിക്കുന്ന ഒരദ്ധ്യാപകനായിരുന്നു അയാഠം. അയാഠം സിറിൽമെത്രാൻെറ പ്രസംഗങ്ങഠം വളരെ ആവേശത്തോടെ ശ്രവിച്ചിരുന്ന വ്യക്തിയാണ്. വിളംബരം കേട്ടു് അതിനെ അനുകൂലിച്ചു കൈയടിച്ചവരിൽ അയാഠം സുസ്പഷ്ടമാംവിധം മുമ്പനായിരുന്നു. യഹൂദർ ഇക്കാര്യം ശ്രദ്ധിച്ചു. അപ്പോഠം, അയാഠം അവിടെ വന്നിരിക്കുന്നതു് ജനങ്ങളുടെയിടയിൽ കലാപമുണ്ടാക്കാൻ തന്നെയാണെന്നു് യഹൂദർ വിളിച്ചുകൂവി.

പ്രീഫെക്ടായ ഒറെസ്റ്റസ്, മെത്രാന്മാരുടെ വർദ്ധിച്ചുവരുന്ന അധികാരത്തെ അസൂയയോടെ വീക്ഷിച്ചുവരികയായിരുന്നു. ചക്രവർത്തി നിയമിച്ച അധികാരികളുടെ അധികാരപരിധിയിൽ മെത്രാന്മാർ കൈയേററം നടത്തിയിരുന്നു എന്നതാണ് അസൂയയ്ക്കു കാരണം. ഒറെസ്റ്റസിൻെറ പ്രവത്തനങ്ങഠം നിരീക്ഷിക്കാൻ സിറിൽ ചാരന്മാരെ ഏർപ്പെടുത്തിയിരുന്നതു് അയാളുടെ സവിശേഷമായ അമർഷത്തിനു കാരണമായിരുന്നു. അതിനാൽ അയാഠം ഹിയെറാക്സിനെ പിടിപ്പിക്കുകയും തീയേററിൽവച്ചു് അയാളെ പരസ്യപീഡനത്തിനു വിധേയനാക്കുകയും ചെയ്തു. സിറിൽ ഈ വിവരം അറിഞ്ഞപ്പോഠം യഹൂദപ്രമാണികളെ വിളിച്ചുവരുത്തുകയും ഭീഷണിപ്പെടുത്തുകയും ചെയ്തു. ക്രിസ്ത്യാനികളെ ശല്യപ്പെടുത്തുന്നതു് അവസാനിപ്പിച്ചില്ലെങ്കിൽ ഏററവും കഠിനമായ പീഡനത്തിനു് അവരെ വിധേയരാക്കും എന്നായിരുന്നു ഭീഷണിപ്പെടുത്തിയതു്. യഹൂദർ ഈ ഭീഷണികഠം കേട്ടപ്പോഠം തങ്ങളുടെ അക്രമപ്രവണത നിയന്ത്രിക്കുന്നതിനുപകരം കൂടുതൽ കോപാകുലരായിത്തീരുകയാണു ചെയ്തതു്. ക്രിസ്ത്യാനികളെ നശിപ്പിക്കുന്നതിനുള്ള ഗൂഢാലോചനകളിലേയ്ക്കു് അവർ നീങ്ങി. ഈ ഗൂഢാലോചനകളിലൊന്നു് വളരെ ദുരുപദിഷ്ടമായിരുന്നതിനാൽ അവർ മുഴുവൻ ആ നഗരത്തിൽനിന്നു പുറത്താക്കപ്പെടുന്നതിനു കാരണമായി.

അവരുടെ പരിപാടി എന്തായിരുന്നുവെന്നു് ഇനി വിവരിക്കാം. യഹൂദരിൽ ഓരോരുത്തരും പനംകൈയുടെ തൊലികൊണ്ടുള്ള ഒരു മോതിരം കൈയിൽ ധരിക്കണം എന്ന ഒരു രഹസ്യധാരണ അവരുണ്ടാക്കി. യഹൂദരെ തിരിച്ചറിയാനാ

www.malankaralibrary.com



ണിതു്. രാത്രിയിൽ ക്രിസ്ത്യാനികളെ ആക്രമിക്കാൻ അവർ പ്ലാനിട്ടു. രാത്രിയിൽ അലക്സാണ്ഡറുടെ നാമത്തിലുള്ള പള്ളിക്കു് തീ പിടിച്ചു എന്നു് ഉറക്കെ വിളിച്ചുപറയാൻ അവർ കുറെ ആളുകളെ ഏർപ്പെടുത്തി. അങ്ങനെ വിളിച്ചു പറയുന്നതുകേട്ടു് അനേകം ക്രിസ്ത്യാനികൾ വഴിയിലേയ്ക്കു് ഓടിയിറങ്ങി. പള്ളി രക്ഷിക്കണമെന്ന ആവേശമായിരുന്നു അവർക്കു്. യഹൂദർ ഉടൻ അവരുടെമേൽ ചാടിവീണു് അവരെ വധിച്ചു. യഹൂദർക്കു് കൈയിലണിഞ്ഞിരുന്ന മോതിരങ്ങൾ കൊണ്ടു് പരസ്പരം തിരിച്ചറിയാൻ കഴിയുമായിരുന്നല്ലോ. നേരം വെളുത്തപ്പോൾ ഈ ഭീകരകൃത്യത്തിൻെറ പ്രായോജകർ ആരായിരുന്നുവെന്നു വെളിപ്പെട്ടു. സിറിൽ വലുതായൊരു ജനക്കൂട്ടത്തോടൊപ്പം അവരുടെ സിനഗോഗുകളിലേയ്ക്കു — യഹൂദരുടെ പ്രാർത്ഥനാലയങ്ങളിലേയ്ക്കു് — ചെന്നു. അവർ സിനഗോഗുകൾ കൈവശപ്പെടുത്തി. യഹൂദരെ മുഴുവൻ നഗരത്തിൽനിന്നു് ഓടിച്ചു. അവരുടെ സമ്പത്തു് മുഴുവൻ കൊള്ള ചെയ്യാൻ സിറിൽ ജനക്കൂട്ടത്തെ അനുവദിച്ചു. ഇങ്ങനെ, മാസിഡോണിയാക്കാരനായ അലക്സാണ്ഡറുടെ കാലം മുതൽ അലക്സാൺഡ്രിയയിൽ താമസിച്ചിരുന്നവരായ യഹൂദജനം മുഴുവനും നഗരത്തിൽനിന്നു ബഹിഷ്കൃതരായി. അവരുടെ സകല സമ്പാദ്യങ്ങളും അപഹരിക്കപ്പെട്ടു. ഓരോരുത്തരും അവർക്കു സാധിച്ച വഴിക്കു് ഓടി രക്ഷപെട്ടു. അവരുടെ കൂട്ടത്തിൽ അദമാൻസ്യൂസ് എന്നു പേരുള്ള ഒരു വൈദ്യനുണ്ടായിരുന്നു. അയാൾ പലായനം ചെയ്തു് കോൺസ്റ്ററാൻറിനോപ്പിൾ മെത്രാനായ അററിക്കുസിൻെറ പക്കൽ അഭയംതേടി. അവിടെവച്ചു ക്രിസ്തുമതത്തിൽ ചേർന്നതിനുശേഷം കുറേക്കാലം കഴിഞ്ഞു് അലക്സാൺഡ്രിയായിൽ വന്നു വാസമുറപ്പിച്ചു. നടന്ന സംഭവങ്ങളെക്കുറിച്ചു് അലക്സാൺഡ്രിയായിലെ ഗവർണ്ണറായ ഒറെസ്റ്റെസ് ക്ഷുഭിതനായി. ആ വൻനഗരത്തിൽനിന്നു് ജനസംഖ്യയുടെ അത്രയും വലിയ ഒരു ഭാഗം ഒഴിഞ്ഞുപോവുക എന്ന ദുരന്തം സംഭവിച്ചതു് അദ്ദേഹത്തെ വളരെ ദുഃഖിപ്പിച്ചു. അതിനാൽ അദ്ദേഹം സംഭവങ്ങളെല്ലാം ഉടൻതന്നെ ചക്രവർത്തിയെ അറിയിച്ചു. യഹൂദരുടെ നിഷ്ഠൂരമായ നടപടികൾ വർണ്ണിച്ചുകൊണ്ടു് സിറിലും ചക്രവർത്തിക്കു് എഴുതി. അതേ സമയം ഒരു അനുരഞ്ജനത്തിനു മാദ്ധ്യസ്ഥ്യം വഹിക്കാൻവേണ്ടി അദ്ദേഹം ഏതാനും ആളുകളെ ഓറെസ്റ്റെസിൻെറ പക്കലേയ്ക്കും അയച്ചു. അങ്ങനെ ചെയ്യാൻ ജനങ്ങൾ അദ്ദേഹത്തോടു് ആവശ്യപ്പെട്ടിരുന്നു. സൗഹാർദ്ദപരമായ സമീപനങ്ങൾ അംഗീകരിക്കാൻ ഓറെസ്റ്റെസ് വിസമ്മതിച്ചപ്പോൾ സിറിൽ അയാൾക്കു് സുവിശേഷങ്ങൾ കൊടുത്തയച്ചു. മതത്തോടുള്ള ബഹുമാനം അമർഷം മാററാൻ അയാൾക്കു പ്രേരകമാകുമെന്ന വിശ്വാസംകൊണ്ടാണ് അങ്ങനെ ചെയ്തതു്.

www.malankaralibrary.com



എന്നാൽ പ്രീഫെക്ടിനെ സമാധാനപ്പെടുത്തുവാൻ ആ നടപടിയും പര്യാപ്തമായില്ല. മെത്രാനോടുള്ള ഒടുങ്ങാത്ത വിദ്വേഷത്തിൽ തന്നെ അയാൾ ഉറച്ചുനിന്നു. അതിൻെറ ഫലമായി താഴെ പറയുന്ന സംഭവവികാസങ്ങൾ ഉണ്ടായി.

## അധ്യായം 14

# സന്യാസിമാർ പ്രീഫെക്ടിനെതിരെ

നിത്രിയായിലെ പർവതപ്രദേശങ്ങളിൽ വസിച്ചിരുന്ന സന്യാസിമാരിൽ വളരെ കോപശീലരായ ചിലർ ഉണ്ടായിരുന്നു. അവരെയാണ് മുമ്പ് തെയോഫിലസ് അന്യായമായ വിധത്തിൽ ദിയസ്കോറസിനും സഹോദരന്മാർക്കും എതിരേ ആയുധം ധരിപ്പിച്ചുവിട്ടത്. അക്കൂട്ടർ വീണ്ടും വലിയൊരാവേശത്താൽ പ്രേരിതരായി സിറിലിനുവേണ്ടി സമരം ചെയ്യാൻ പുറപ്പെട്ടു. അവരിൽ ഏതാണ്ട് അഞ്ഞൂറോളം പേർ അവരുടെ സന്യാസഭവനങ്ങളിൽനിന്നു പുറപ്പെട്ട് നഗരത്തിലെത്തി. ഒരു രഥത്തിൽ സഞ്ചരിച്ചുകൊണ്ടിരുന്ന പ്രീഫെക്ടിനെ അവർ കണ്ടുമുട്ടി. 'അവിശ്വാസിയായ വിഗ്രഹാരാധകൻ' എന്നു തുടങ്ങി പല പരിഹാസപ്പേരുകളും അവർ അയാളെ വിളിച്ചു. ഇതു തനിക്കെതിരായി സിറിൽ ഒരുക്കിയ ഒരു കെണിയാണെന്നു വിചാരിച്ച അയാൾ താനൊരു ക്രിസ്ത്യാനിയാണെന്നും കോൺസ്റ്റാൻറിനോപ്പിളിലെ മെത്രാനായ അററിക്കുസാണ് തന്നെ ജ്ഞാനസ്നാനപ്പെടുത്തിയതെന്നും വിളിച്ചു പറഞ്ഞു.

സന്യാസിമാർ ഈ വിശദീകരണങ്ങൾകൊണ്ടൊന്നും ചെവി കൊടുത്തില്ല. അവരിലൊരാളായ അമ്മോണിയൂസ് ഒറെസ്റ്റെസിനു നേരേ ഒരു കല്ലെടുത്തെറിഞ്ഞു. അതു് അയാളുടെ തലയിൽത്തന്നെ ചെന്നു കൊണ്ടു. മുറിവിൽനിന്നൊഴുകിയ രക്തം ശരീരം മുഴവൻ വീണു. അയാളുടെ അംഗരക്ഷകരിൽ ചുരുക്കം പേരൊഴികെ എല്ലാവരും ഓടി രക്ഷപെട്ടു. അവർ കല്ലെറിഞ്ഞു കൊല്ലപ്പെടുമെന്നുള്ള ഭയം കൊണ്ടു് ആൾക്കൂട്ടത്തിനിടയിൽ കടന്നു് നാലുപാടും ഓടി. ഇതേ സമയം അലക്സാൺഡ്രിയായിലെ ജനങ്ങൾ ഗവർണറുടെ രക്ഷക്കായി ഓടിക്കൂടി. അവർ അമ്മോണിയൂസിനെ പിടികൂടുകയും ബാക്കിയുള്ള

www.malankaralibrary.com



സന്യാസിമാരെയെല്ലാം ഓടിക്കുകയും ചെയ്തു. അമ്മോണിയുസിനെ ജനങ്ങൾ പ്രീഫെക്ടിന്റെ കയ്യിൽ ഏല്പിച്ചു. അമ്മോണിയുസിനെ പ്രീഫെക്ട് പരസ്യമായി പീഡിപ്പിക്കാൻ കല്പന കൊടുത്തു. പീഡനങ്ങളുടെ ഫലമായി അയാൾ മരിച്ചു പോവുകയും ചെയ്തു. പ്രീഫെക്റ്റ് താമസിയാതെ സംഭവിച്ച കാര്യങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ചക്രവർത്തിമാരെ അറിയിച്ചു.

സിറിലും ഇതേ കാര്യങ്ങളെക്കുറിച്ചു തന്റെ വിവരണങ്ങൾ ചക്രവർത്തിമാരെ അറിയിച്ചു. അമ്മോണിയുസിന്റെ മൃതദേഹം ഒരു പള്ളിയിൽ അടക്കം ചെയ്യിച്ചു. അയാൾക്കു തൗമാസ്യോസ്[11] എന്ന പുതിയ നാമം നൽകുകയും ആ നാമം രക്തസാക്ഷികളുടെ പട്ടികയിൽ ചേർക്കാൻ കല്പനയാകുകയും ചെയ്തു. വിശ്വാസസംരക്ഷണത്തിനായി ജീവൻ ത്യജിച്ച ഒരാളുടെതെന്നപോലെ സഭയിൽ അയാളുടെ മഹത്ത്വത്തെ വാഴ്ത്തിപ്പുകഴ്ത്തുകയും ചെയ്തു. എന്നാൽ ക്രിസ്ത്യാനികളിൽ തന്നെ കൂടുതൽ വിവേകശാലികളായ ആളുകൾ അമ്മോണിയുസിനെക്കുറിച്ചുള്ള സിറിലിന്റെ പക്ഷപാതപരമായ വിലയിരുത്തൽ അംഗീകരിച്ചില്ല. അമ്മോണിയുസ് മരിച്ചതു് അയാളുടെ അവിവേകത്തിന്റെ ഫലമായിട്ടാണെന്നും ക്രിസ്തുവിനെ ഏററു പറഞ്ഞതിന്റെ പേരിൽ അനുഭവിക്കേണ്ടിവന്ന പീഡനങ്ങൾമൂലമല്ലെന്നും അവർക്കറിയാമായിരുന്നു. ഈ വസ്തുത സിറിലിനും ബോദ്ധ്യമുണ്ടായിരുന്നു. അതിനാൽ ഈ സാഹചര്യങ്ങളെക്കുറിച്ചുള്ള ഓർമ്മ നിശ്ശബ്ദതയിൽ ക്രമേണ മാഞ്ഞുപോകാൻ അദ്ദേഹം അനുവദിച്ചു. എന്നാൽ സിറിലും ഒറെസ്റ്റെസും തമ്മിലുള്ള ശത്രുതയ്ക്കു് ഒരു ശമനവുമുണ്ടായില്ല. മുകളിൽ പറഞ്ഞതുപോലുള്ള മറെറാരു സംഭവംകൂടെ ഉണ്ടായതുമൂലം അതു വർദ്ധിക്കുകയാണു ചെയ്തതു്.

---

11. Wonderful, admirable.

www.malankaralibrary.com



## അധ്യായം 15

## ദാർശനികയായ ഹിപാസ്യ

അലക്സാണ്ഡ്രിയായിൽ ഹിപാസ്യ എന്ന പേരുള്ള ഒരു സ്ത്രീയുണ്ടായിരുന്നു. തെയോൻ എന്ന തത്ത്വശാസ്ത്രപണ്ഡിതൻെറ പുത്രിയായിരുന്നു അവരം. തൻെറ കാലത്തെ സകല ദാർശനികരെയും അതിവർത്തിക്കത്തക്കവിധത്തിൽ സാഹിത്യത്തിലും വിവിധ വിജ്ഞാനശാഖകളിലും അവരം നേട്ടങ്ങരം കൈവരിച്ചു. പ്ലേറേറായുടെയും പ്ലൊത്തീനൂസിൻെറയും ആശയധാരകളെ പിൻതുടർന്നുകൊണ്ട് തത്ത്വശാസ്ത്രത്തിലെ ആശയങ്ങളെ അവരം കേരംവിക്കാർക്കു വിശദീകരിച്ചു കൊടുത്തു. അവളിൽനിന്ന് ബോധനം സ്വീകരിക്കുന്നതിനായി വളരെ അകലെ നിന്നുപോലും ആളുകരം വന്നിരുന്നു. മനസ്സിൻെറ പരിഷ്കരണം മൂലം അവരംക്ക് നല്ല ആത്മവിശ്വാസവും അനായാസമായ പെരുമാററവും സ്വായത്തമായിരുന്നു. ന്യായാധിപന്മാരോടൊപ്പം പലപ്പോഴും അവരം പൊതു രംഗങ്ങളിൽ പ്രത്യക്ഷപ്പെട്ടിരുന്നു. പുരുഷൻമാരുടെ സമ്മേളനങ്ങളിൽ പ്രത്യക്ഷപ്പെടാനും അവരംക്കു സങ്കോചമുണ്ടായിരുന്നില്ല. അവളുടെ പെരുമാററത്തിലെ അസാധാരണമായ അന്തസ്സും സ്വഭാവഗുണങ്ങളുംമൂലം പുരുഷന്മാർ അവളെ വളരെ അധികമായി ആദരിച്ചിരുന്നു. എങ്കിലും അക്കാലത്തു നിലനിന്നിരുന്ന രാഷ്ട്രീയ വിദ്വേഷത്തിനു് അവളും ഇരയായി.

അവരം പലപ്പോഴും ഒറെസ്റ്റേസിനെ സന്ദർശിച്ചിരുന്നു. അതിനാൽ ഒറെസ്തെസ് സിറിലുമായി രമ്യപ്പെടാത്തതിനു കാരണം അവളാണെന്ന അപവാദം ക്രിസ്ത്യാനികളുടെയിടയിൽ പ്രചരിച്ചു. തന്മൂലം അവരിൽ കുറെപ്പേർ അന്ധമായ ആവേശത്താൽ പ്രേരിതരായി പ്രതികാരം ചെയ്യാൻ പുറപ്പെട്ടു. പീററർ എന്നൊരാളായിരുന്നു ആ അക്രമിസംഘത്തിൻെറ നേതാവു്. ആ വനിത വീട്ടിലേയ്ക്കു തിരിച്ചുപോകും വഴിക്ക് അവർ അവളെ ആക്രമിച്ചു. വാഹനത്തിൽനിന്നു വലിച്ചു താഴെയിട്ടു. *കൈസറിയം* എന്ന പള്ളിയിലേയ്ക്കു കൊണ്ടുപോയി. അവിടെ വച്ച് പരിപൂർണ്ണ നഗ്നയാക്കിയിട്ട് കക്കാത്തോടുകരംകൊണ്ട് മാന്തിക്കീറി കൊന്നുകളഞ്ഞു. അനന്തരം ആ ശരീരം പല കഷണങ്ങളാക്കിയിട്ട് സിനാറോൻ എന്ന സ്ഥലത്തുകൊണ്ടു

www.malankaralibrary.com



പോയി ദഹിപ്പിച്ചു. ഈ സംഭവം സിറിലിനും അലക്സാണ്ഡ്രിയൻ സഭയ്ക്കും ഒട്ടൊന്നുമല്ല അപമാനം വരുത്തിവച്ചതു്. കൊലപാതകങ്ങളും, യുദ്ധങ്ങളും തുടങ്ങിയ കാര്യങ്ങൾക്കു പ്രോത്സാഹനം കൊടുക്കുന്നതിലധികമായി ക്രൈസ്തവാദർശങ്ങളിൽ നിന്നു കുന്നതായി ഒന്നുമില്ല. സിറിലിന്റെ മെത്രാൻവാഴ്ചയുടെ നാലാം കൊല്ലം മാർച്ചു മാസത്തിൽ, നോമ്പുകാലത്താണ് ഈ സംഭവം നടന്നതു്. അന്നു് ഹൊണോറിയുസു് പത്താം തവണയും തിയഡോഷ്യസു് ആറാം തവണയും കോൺസുൾമാരായിരുന്നു.[12]

## അധ്യായം 16

# യൂദന്മാർ ചെയ്ത മറെറാരതിക്രമം

അധികം താമസിയാതെ യൂദന്മാർ ക്രിസ്ത്യാനികൾക്കെതിരെ അവരുടെ വിദ്വേഷപൂർണ്ണവും ഭക്തിവിരുദ്ധവുമായ നടപടികൾ ശക്തിപ്പെടുത്തി. അതിനെ തുടർന്നു് അവർക്കു് അർഹമായ ശിക്ഷ കിട്ടുകയും ചെയ്തു. സിറിയായിൽ കാൽചിസിനും അന്ത്യോക്യയ്ക്കും ഇടയ്ക്കുള്ള ഇൻമെസ്താർ എന്ന സ്ഥലത്തു് യഹൂദർ അവരുടെ പതിവനുസരിച്ചു് വിവിധ വിനോദങ്ങളിൽ ഏർപ്പെട്ടു രസിക്കുകയായിരുന്നു. നേരംപോക്കിനായി അവർ പല അസംബന്ധങ്ങളും പ്രവർത്തിച്ചു. ഒടുവിൽ മദ്യലഹരിയിൽ ലക്കുകെട്ടവരായി അവർ ക്രിസ്ത്യാനികളെയും ക്രിസ്തുവിനെത്തന്നെയും പരിഹസിക്കാൻ തുടങ്ങി. കുരിശിനെയും ക്രൂശിതനെയും ബഹുമാനിക്കുന്നവരെ പരിഹസിക്കാൻ വേണ്ടി അവർ ഒരു ക്രിസ്തീയബാലനെ പിടിച്ചുകൂടി കുരിശിനോടു ബന്ധിച്ചിട്ടു് അവനെ പരിഹസിക്കാൻ തുടങ്ങി. കുറെ കഴിഞ്ഞപ്പോൾ കോപംകൊണ്ടു മതിമറന്നു് അവർ ആ ബാലനെ പ്രഹരിച്ചു. അതിന്റെ ഫലമായി അവൻ മരിച്ചു. ഇതിനെത്തുടർന്നു് ക്രിസ്ത്യാനികളും യഹൂദരും തമ്മിൽ കഠിനസംഘർഷമുണ്ടായി. ഇതിനെക്കുറിച്ചറിഞ്ഞ ചക്രവർത്തിമാർ കുററവാളികളെ കണ്ടുപിടിച്ചു ശിക്ഷിക്കാൻ ആ പ്രവിശ്യയിലെ ഗവർണ്ണർക്കു് കല്പന കൊടുത്തു. അങ്ങനെ അവിടത്തെ യഹൂദർ അവരുടെ നീചകർമ്മത്തിനു ശരിയായ ശിക്ഷ അനുഭവിച്ചു.

12. 415-ൽ.

www.malankaralibrary.com



## അധ്യായം 17

## ഒരു ജ്ഞാനസ്നാനത്തട്ടിപ്പുകാരൻ

ഏതാണ്ട് ഇക്കാലത്ത് നൊവേഷ്യരുടെ മെത്രാനായ ക്രിസാന്തൂസ് നിര്യാതനായി. തന്റെ സഭാവിഭാഗത്തെ ഏഴു കൊല്ലം അദ്ദേഹം ഭരിച്ചു. മൊണാക്സിയൂസും പ്ലിന്തായും കോൺസൂൾമാരായിരുന്ന വർഷം ആഗസ്റ്റ് 26 ന് ആയിരുന്നു അദ്ദേഹത്തിന്റെ മരണം[13]. അദ്ദേഹത്തിന്റെ പിൻഗാമിയുടെ പേരു് പൗലോസ് എന്നായിരുന്നു. ഈ പൗലോസ് ആദ്യകാലത്ത് ലത്തീൻ ഭാഷാദ്ധ്യാപകനായിരുന്നു. പിന്നീട് ലത്തീൻ ഭാഷയെല്ലാം മാററിവച്ചിട്ട് സന്യാസജീവിതം അവലംബിച്ചു. സന്യാസികൾക്ക വേണ്ടി ഒരാശ്രമം സ്ഥാപിച്ച അദ്ദേഹം മരുഭൂമിയിലെ സന്യാസിമാരുടെതിൽ നിന്നു വളരെ വ്യത്യസ്തമല്ലാത്ത ഒരു ജീവിതരീതി അവലംബിച്ചു. മരുഭൂമിയിൽ ജീവിക്കുന്ന സന്യാസിമാർ എങ്ങനെയുള്ളവരായിരിക്കണമെന്നാണോ എവാഗ്രിയസ് രേഖപ്പെടുത്തിയിട്ടുള്ളതു് ആ രീതിയിൽ ജീവിക്കുന്ന ഒരു വ്യക്തിയായിട്ടാണ് ഞാൻ അദ്ദേഹത്തെ നേരിട്ടു കണ്ടതു്. നിരന്തരമായ ഉപവാസം, മിണ്ടടക്കം, മാംസഭക്ഷണത്തിൽനിന്നുള്ള നിവൃത്തി, എണ്ണയും വീഞ്ഞും മിക്കവാറും ഉപയോഗിക്കാതിരിക്കൽ തുടങ്ങിയ കാര്യങ്ങളിലെല്ലാം അദ്ദേഹം അവരെ അനുകരിച്ചിരുന്നു. ഇതുമാത്രമല്ല, പാവപ്പെട്ടവരുടെ ആവശ്യങ്ങളെക്കുറിച്ചുള്ള പരിഗണനയിൽ അദ്ദേഹം ആരെക്കാളും മുമ്പിലായിരുന്നു. കാരാഗൃഹങ്ങളിലായിരുന്നവരെ അദ്ദേഹം നിരന്തരം സന്ദർശിച്ചിരുന്നു. പല കുററവാളികൾക്കുംവേണ്ടി ന്യായാധിപന്മാരുടെ പക്കൽ ഇടപെട്ടിരുന്നു. അദ്ദേഹത്തിന്റെ ഉന്നതമായ പുണ്യജീവിതത്തെക്കുറിച്ചുള്ള ആദരംകൊണ്ടു് ന്യായാധിപന്മാർ പലപ്പോഴും അദ്ദേഹത്തിന്റെ അർത്ഥനകൾക്ക വഴങ്ങുകയും ചെയ്തിരുന്നു. അദ്ദേഹത്തെക്കുറിച്ചുള്ള വിവരണം ഞാൻ എന്തിനു് അധികം ദീർഘമാക്കണം? അദ്ദേഹം ചെയ്തതും രേഖപ്പെടുത്താൻ ശരിക്കു് അർഹവുമായ ഒരു പ്രവൃത്തി ഇവിടെ രേഖപ്പെടുത്താൻ പോവുകയാണ്.

---

13. 419-ൽ.

www.malankaralibrary.com



തട്ടിപ്പുകാരനായ ഒരു യൂദനുണ്ടായിരുന്നു. ക്രിസ്തുമതത്തിലേയ്ക്കു മാനസാന്തരപ്പെട്ടു എന്നഭിനയിച്ചുകൊണ്ടു് മാമോദീസാ സ്വീകരിക്കുകയായിരുന്നു അയാളുടെ പരിപാടി. ആവകയിൽ വളരെ പണവും തട്ടി. ആര്യർ, മാസിഡോണിയർ തുടങ്ങിയ പല വിഭാഗക്കാരിൽ നിന്നും ജ്ഞാനസ്നാനം സ്വീകരിച്ചതിനു ശേഷം ഇത്തരത്തിൽ കബളിപ്പിക്കാൻ വേറെയാരും അവശേഷിച്ചിട്ടില്ലെന്നു കണ്ടു് അയാൾ നൊവേഷ്യരുടെ മെത്രാനായ പൗലോസിനെ സമീപിച്ചു. താൻ ജ്ഞാനസ്നാനം സ്വീകരിക്കാൻ ആത്മാർത്ഥമായി ആഗ്രഹിക്കുന്നുവെന്നു് അദ്ദേഹത്തെ അറിയിച്ചു. അദ്ദേഹത്തിൻെറ കൈകൊണ്ടുതന്നെ ജ്ഞാനസ്നാനം സ്വീകരിക്കുവാനുള്ള ആഗ്രഹവും പ്രകടിപ്പിച്ചു. പൗലോസ് ആ യൂദൻെറ നല്ല നിശ്ചയത്തെ ശ്ലാഘിച്ചു. എന്നാൽ അയാൾ ക്രിസ്തുമതത്തിൻെറ അടിസ്ഥാനതത്ത്വങ്ങൾ ശരിയായി പഠിക്കുകയും പല ദിവസങ്ങൾ ഉപവാസത്തിലും പ്രാർത്ഥനയിലും കഴിച്ചുകൂട്ടുകയും ചെയ്തതിനുശേഷമല്ലാതെ അയാളെ സ്നാനപ്പെടുത്താൻ തനിക്കു നിവൃത്തിയില്ലെന്നു് അദ്ദേഹം അറിയിച്ചു. തൻെറ ഇച്ഛയ്ക്കെതിരായി ഉപവസിക്കാൻ നിർബന്ധിതനായ യൂദൻ കഴിവതും വേഗം തന്നെ ജ്ഞാനസ്നാനപ്പെടുത്തണമെന്നു് പൗലോസിനെ നിർബന്ധിക്കുവാൻ തുടങ്ങി. അയാൾക്കു് അത്രയേറെ ആഗ്രഹമുള്ള നിലയ്ക്കു് ജ്ഞാനസ്നാനം അധികം താമസിപ്പിക്കേണ്ട എന്നു് പൗലോസും കരുതി. ജ്ഞാനസ്നാനത്തിനുവേണ്ട ഒരുക്കങ്ങൾ ചെയ്യപ്പെട്ടു. അയാൾക്കുവേണ്ടി വെളുത്ത വസ്ത്രങ്ങൾ വാങ്ങി. മാമോദീസാത്തൊട്ടിയിൽ വെള്ളം നിറയ്ക്കാൻ അദ്ദേഹം കല്പന കൊടുത്തു. വെള്ളം നിറച്ചു കഴിഞ്ഞപ്പോൾ ആ യൂദനെ സ്നാനപ്പെടുത്തുവാൻ അതിൻെറ സമീപത്തേയ്ക്കു് ആനയിച്ചു. എന്നാൽ ദൈവത്തിൻെറ അദൃശ്യമായ ഒരു ശക്തിമൂലം തൊട്ടിയിലെ വെള്ളം പെട്ടെന്നു് അപ്രത്യക്ഷമായി. അതിൻെറ കാരണത്തെക്കുറിച്ചു മെത്രാനോ അവിടെ സന്നിഹിതരായിരുന്ന മററാളുകൾക്കോ യാതൊരു സംശയവും തോന്നിയില്ല. തൊട്ടിയുടെ അടിയിലുള്ള ദ്വാരത്തിൽക്കൂടെ വെള്ളം നഷ്ടപ്പെട്ടിരിക്കുമെന്നാണു് അവർ കരുതിയതു്. ജ്ഞാനസ്നാനത്തിനുശേഷം അതിൽക്കൂടെ വെള്ളം ഒഴുക്കിക്കളയുകയാണു പതിവു്. അതിനാൽ പ്രസ്തുത ദ്വാരം വളരെ ശ്രദ്ധാപൂർവ്വം അടച്ചതിനുശേഷം വീണ്ടും തൊട്ടിയിൽ വെള്ളം നിറച്ചു. എന്നാൽ ആ യൂദനെ ജ്ഞാനസ്നാനപ്പെടുത്താൻവേണ്ടി തൊട്ടിയുടെ സമീപത്തേയ്ക്കു് ആനയിച്ചപ്പോൾ അതിലെ വെള്ളം വീണ്ടും അപ്രത്യക്ഷമായി. അപ്പോൾ പൗലോസ് യഹൂദനോടു പറഞ്ഞു, ''ഒന്നുകിൽ നീ പാപിയും ദുഷ്ടനുമായ ഒരു മനുഷ്യനാണു്. അല്ലെങ്കിൽ ഇതിനുമുമ്പുതന്നെ ജ്ഞാനസ്നാനം സ്വീകരിച്ച അജ്ഞനായ വ്യക്തിയാണു്.''

www.malankaralibrary.com



ഈ അത്ഭുതം കാണാൻ ധാരാളം ആളുകൾ അവിടെ തടിച്ചുകൂടിയിരുന്നു. അവരിലൊരാൾ ആ യഹൂദനെ തിരിച്ചറിഞ്ഞു. ഏതാനും നാൾമുമ്പ് അററിക്കുസ് മെത്രാൻ അയാളെ ജ്ഞാനസ്നാനപ്പെടുത്തിയതാണെന്നും അയാൾ വെളിപ്പെടുത്തി. ഇപ്രകാരമാണ് നൊവേഷ്യരുടെ മെത്രാനായ പൗലോസ് വഴി നടന്ന അത്ഭുതം.

## അധ്യായം 18

# റോമൻ – പേർഷ്യൻ യുദ്ധം

ക്രിസ്ത്യാനികൾക്ക യാതൊരു വിധമായ ഉപദ്രവത്തിനും കാരണമാകാത്ത യസ്ദഗീർദ് രാജാവിൻെറ മരണശേഷം അദ്ദേഹത്തിൻെറ പുത്രനായ വറാഹ്രൻ പേർഷ്യൻ ചക്രവത്തിയായി. അവിടത്തെ പുരോഹിതന്മാരുടെ സ്വാധീനത്തിനധീനനായിരുന്ന അയാൾ ക്രിസ്ത്യാനികളെ കഠിനമായി പീഡിപ്പിച്ചു. പേർഷ്യൻ സമ്പ്രദായത്തിലുള്ള അനേകം ശിക്ഷകളും പീഡനങ്ങളും അയാൾ ക്രിസ്ത്യാനികൾക്ക നൽകി. അതിനാൽ പേർഷ്യയിലെ ക്രിസ്ത്യാനികൾ അവരുടെ നാടുവിട്ട് റോമൻ പ്രദേശങ്ങളിൽ അഭയം പ്രാപിക്കാൻ നിർബന്ധരായി. തങ്ങളെ സമ്പൂർണ്ണവിനാശത്തിൽ നിന്നു രക്ഷിക്കണെമെന്നായിരുന്നു അഭയാർത്ഥികളുടെ അർത്ഥന. അററിക്കുസ് മെത്രാൻ ഈ അർത്ഥികളെ കാരുണ്യപൂർവ്വം സ്വീകരിച്ച് തനിക്കാവുംവിധം അവരെ സഹായിച്ചു. അദ്ദേഹം തിയഡോഷ്യസ് ചക്രവർത്തിയെ വിവരങ്ങളെല്ലാം അറിയിച്ചു.

റോമാക്കാർക്ക പേർഷ്യാക്കാരുടെ പേരിലുള്ള മറെറാരു പരാതിയും അന്നു പുറത്തുവന്നു. റോമാക്കാരിൽനിന്നു് സ്വർണ്ണഖനി തൊഴിലാളികളായി കൊണ്ടുപോയിരുന്ന ആളുകളെ തിരികെ വിടുവാൻ പേർഷ്യാക്കാർ വിസമ്മതിച്ചു. അവർ റോമൻ കച്ചവടക്കാരെ കൊള്ളയടിക്കുകയും ചെയ്തു. ഈ വക കാരണങ്ങളാൽ റോമാക്കാർക്ക പേർഷ്യാക്കാരോടു തോന്നിയിരുന്ന അമർഷം പേർഷ്യൻ ക്രിസ്ത്യാനികൾ അഭയാത്ഥികളായി റോമൻ പ്രദേശത്തേയ്ക്കു പ്രവഹിച്ചതോടെ വർദ്ധമാനമായി. അഭയാർത്ഥികളെ ഉടൻ തിരിച്ചയയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ടു് ഒരു പ്രതിനിധി സംഘത്തെ അയച്ചു. എന്നാൽ റോമാക്കാർ അവരെ വിട്ടുകൊടുക്കാൻ ഒരു വിധത്തിലും ഒരു

www.malankaralibrary.com



ക്കമായിരുന്നില്ല. അഭയാർത്ഥികളെ രക്ഷിക്കാനുള്ള താല്പര്യം മാത്രമായിരുന്നില്ല അതിനു കാരണം. ക്രിസ്തുമതത്തെ സംരക്ഷിക്കുന്നതിനുവേണ്ടി എന്തു ത്യാഗം സഹിക്കാനും അവർ തയാറായിരുന്നു. ക്രിസ്ത്യാനികൾ ദയനീയമായ രീതിയിൽ നശിപ്പിക്കപ്പെടുന്നതു് അനുവദിക്കുന്നതിനെക്കാൾ സ്വീകാര്യമായിട്ടുള്ളതു് പേർഷ്യക്കാരുമായി വീണ്ടും യുദ്ധം ചെയ്യുകയാണെന്നു് അവർ തീരുമാനിച്ചു. അതിനാൽ പേർഷ്യയുമായുള്ള സമാധാന ഉടമ്പടി തകർക്കപ്പെട്ടു. തുടർന്ന് ഭീകരമായ യുദ്ധമുണ്ടായി. ആ യുദ്ധത്തെക്കുറിച്ച് ചുരുങ്ങിയ ഒരു വിവരണം നൽകുന്നതു് അനുചിതമായിരിക്കുകയില്ല എന്നു കരുതുന്നു.

ആദ്യമായി അർദബൂറിയൂസ് എന്ന സേനാനായകന്റെ കീഴിൽ റോമാചക്രവർത്തി ഒരു സേനാവിഭാഗത്തെ പേർഷ്യക്കെതിരായി അയച്ചു. ആ സൈന്യം അർമേനിയൻ പ്രദേശത്തുകൂടെ പേർഷ്യൻ സാമ്രാജ്യത്തിലേയ്ക്കു് കടന്നു കയറി അസാസീൻ എന്ന പ്രവിശ്യയിൽ സർവ്വനാശം വരുത്തി. നർസൈ എന്ന പേർഷ്യൻ സൈന്യാധിപൻ തന്റെ സൈന്യവിഭാഗവുമായി റോമൻ സൈന്യത്തെ നേരിട്ടു. പക്ഷേ ഏറ്റുമുട്ടലിൽ അയാളുടെ സൈന്യത്തിനു തോറ്റോടേണ്ടി വന്നു. അതിനെത്തുടർന്നു് മെസപ്പൊട്ടേമിയായിലൂടെ റോമൻ പ്രദേശത്തു് അവിചാരിതമായ ഒരാക്രമണം നടത്താമെന്നു് നർസൈ നിശ്ചയിച്ചു. അങ്ങനെ റോമാക്കാരോടു പകരം വീട്ടാമെന്നായിരുന്നു അയാളുടെ പ്ലാൻ. ഈ ഗൂഢലക്ഷ്യം റോമൻ സൈന്യാധിപന്റെ നിരീക്ഷണത്തിൽ നിന്നു മുക്തമായില്ല. അതിനാൽ അർദബൂറിയൂസ് അസാസീൻ പ്രദേശം കൊള്ളയടിച്ചതിനുശേഷം സൈന്യവുമായി അതിവേഗത്തിൽ മെസപ്പൊട്ടേമിയൻ പ്രദേശത്തേയ്ക്കു നീങ്ങി. അതിനാൽ നർസൈയ്ക്കു് തന്റെ കീഴിൽ വലിയൊരു സൈന്യമുണ്ടായിരുന്നെങ്കിലും റോമൻ പ്രവിശ്യകൾ ആക്രമിക്കാൻ കഴിഞ്ഞില്ല. അയാൾ നിസിബിസിലെത്തി. ആ നഗരം പേർഷ്യൻ അധീനത്തിലുള്ളതും രണ്ടു സാമ്രാജ്യങ്ങളുടെയും അതിർത്തിയിൽ സ്ഥിതി ചെയ്യുന്നതുമായിരുന്നു. അയാൾ അവിടെ നിന്നു് അർദബൂറിയൂസിനു് ഒരു കത്തയച്ചു. യുദ്ധം സംബന്ധിച്ച് രണ്ടു കൂട്ടരും തമ്മിൽ ഒരു പരസ്പരധാരണയുണ്ടാക്കണമെന്നും ഏറ്റുമുട്ടലിനു് ഒരു സ്ഥലവും സമയവും നിശ്ചയിക്കണമെന്നുമായിരുന്നു അതിൽ പറഞ്ഞിരുന്നതു്. അർദബൂറിയൂസ് ദൂതന്മാരോടു് ഇങ്ങനെ പറഞ്ഞുവിട്ടു. ''റോമൻ ചക്രവർത്തിമാർ യുദ്ധം ചെയ്യുന്നതു് നർസൈയുടെ സൗകര്യമനുസരിച്ചല്ല എന്നു് അയാളോടു പറഞ്ഞേക്കു്.''

www.malankaralibrary.com



പേർഷ്യൻ സൈന്യാധിപൻ തൻെറ സൈന്യത്തെ വിപുലപ്പെടുത്തുകയാണ് എന്നു റോമൻ ചക്രവത്തിക്കു മനസ്സിലായി. അതുകൊണ്ട് അദ്ദേഹം തൻെറ സൈന്യം വിപുലീകരിക്കുകയും വിജയത്തിനു വേണ്ടി ദൈവത്തിൽ പൂർണ്ണമായി ആശ്രയിക്കുകയും ചെയ്തു. ചക്രവത്തിയുടെ ഈ ഭക്തിപൂർണ്ണമായ വിശ്വാസം വിഫലമായില്ലെന്നു് താഴെ പറയുന്ന സാഹചര്യങ്ങരം വ്യക്തമാക്കുന്നു. കോൺസ്റ്റാൻറിനോപ്പിറംകാർ വല്ലാത്ത അങ്കലാപ്പിലായിരുന്നു. യുദ്ധത്തിൻെറ പരിണാമത്തെക്കുറിച്ച് അവക്കു വല്ലാത്ത ഭീതിയും ഉണ്ടായിരുന്നു. ആ ഘട്ടത്തിൽ ദൈവസന്നിധിയിൽ നിന്നു വന്ന ചില മാലാഖമാർ ബിത്തിനിയായിലുള്ള ചിലക്കു പ്രത്യക്ഷപ്പെട്ടു. ആ മനുഷ്യർ അവരുടെ സ്വന്തം കാര്യങ്ങരംക്കായി കോൺസ്റ്റാൻറിനോപ്പിളിലേയ്ക്കു വരുകയായിരുന്നു. ഭയപ്പെടേണ്ട ആവശ്യമില്ലെന്നും ദൈവത്തോടു പ്രാർത്ഥിക്കണമെന്നും റോമാക്കാർ ജയിക്കുമെന്നുറപ്പിച്ചു വിശ്വസിക്കണമെന്നും ജനങ്ങളോടു പറയാൻ മാലാഖമാർ ആ യാത്രക്കാരോട് ആവശ്യപ്പെട്ടു. റോമൻ ജനതയെ സംരക്ഷിക്കാൻ ദൈവം തന്നെ തങ്ങളെ നിയോഗിച്ചിരിക്കുകയാണെന്നു് മാലാഖമാർ പറഞ്ഞു. ഈ സന്ദേശം എങ്ങും അറിവായപ്പോരം അതു് നഗരവാസികരംക്ക് ആശ്വാസകാരണമായി എന്നു മാത്രമല്ല, ടേന്മാക്കു ധൈര്യം പകരുകയും ചെയ്തു. യുദ്ധരംഗം അർമേനിയായിൽ നിന്നു് മെസപ്പൊട്ടേമിയായിലേയ്ക്കു മാററപ്പെട്ടുവെന്നു് നാം മുകളിൽ പറഞ്ഞല്ലോ. റോമാക്കാർ പേർഷ്യാക്കാരുടെ നിസിബിസ് പട്ടണം ഉപരോധിച്ചു. അവിടെയുള്ള പേഷ്യാക്കാർ തടങ്കലിൽ കുടുങ്ങിയ മട്ടിലായി. റോമാക്കാർ തടി കൊണ്ടുള്ള ഗോപുരങ്ങളുണ്ടാക്കി അവ യന്ത്രസഹായത്തോടെ നിസിബിസിലെ കോട്ടമതിലുകളുടെ സമീപം എത്തിച്ച് നഗരസംരക്ഷണത്തിലേർപ്പെട്ടിരുന്ന അനേകം പേരെ വധിച്ചു. അവരെ സഹായിക്കാൻ വന്നവരെയും ധാരാളമായി കൊന്നൊടുക്കി. ഒരുവശത്തു് തൻെറ അസാസിൻ പ്രദേശം നശിപ്പിക്കപ്പെട്ടുവെന്നും മറുവശത്തു് നിസിബിസിൽ തൻെറ സൈന്യം വലയം ചെയ്യപ്പെട്ടിരിക്കുന്നുവെന്നും മനസ്സിലാക്കിയ പേഷ്യൻ ചക്രവർത്തി വറാഹ്രൻ തൻെറ സകല സൈന്യങ്ങളോടുമൊപ്പം റോമൻ സൈന്യത്തിനെതിരേ പടനീക്കം നടത്താൻ തീരുമാനിച്ചു. എന്നാൽ റോമാക്കാരുടെ ധീരതയെ ഭയപ്പെട്ടിരുന്നതുകൊണ്ട് അയാരം സാരസന്മാരുടെ സഹായം അഭ്യർത്ഥിച്ചു. വലിയ യുദ്ധവീരനായ അലമുൻദാരുസ് എന്നയാളായിരുന്നു അക്കാലത്തു് അവരുടെ നേതാവു്. അയാരം സാരസന്മാരുടെ ഒരു വലിയ സൈന്യവുമായി വന്നുചേർന്നു. യാതൊന്നും ഭയപ്പെടേണ്ടതില്ലെന്നു് അയാരം പേർഷ്യൻ ചക്രവത്തിയെ ധൈര്യപ്പെടുത്തി. റോമാക്കാരെ താൻ ഉടൻ തക

www.malankaralibrary.com



ക്കുമെന്നും സിറിയായിലുള്ള അന്ത്യോക്യാ പേഷ്യൻ ചക്രവത്തിയുടെ കയ്യിൽ ഏല്പിച്ചു കൊടുക്കുമെന്നും അയാരം വാഗ്ദാനം ചെയ്തു. എന്നാൽ ഈ വാഗ്ദാനങ്ങരം നടപ്പിലാകത്തക്കവിധമല്ല സംഭവവികാസങ്ങരം ഉണ്ടായതു്. ദൈവം സാരസന്മാരുടെ മനസ്സിൽ ഉത്കടമായ ഒരു സംഭ്രാന്തി വളത്തി. റോമൻ സൈന്യം തങ്ങളുടെമേൽ ചാടിവീഴുകയാണെന്നു സങ്കല്പിച്ചു കൊണ്ടും രക്ഷപെടാൻ മറെറാരു വഴിയും കാണാതെ വന്നതുകൊണ്ടും അവർ പടക്കോപ്പുകരം അണിഞ്ഞ നിലയിൽ കൂട്ടത്തോടെ യൂഫ്രട്ടീസ് നദിയിലേയ്ക്കു് എടുത്തു ചാടി. ആ തെരക്കിൽ ഒരു ലക്ഷം പേരോളം മുങ്ങി മരിച്ചു, അത്ര വല്ലാത്തതായിരുന്നു അവരുടെ ഭീതി.

നിസിബിസ് നഗരം ഉപരോധിച്ച റോമൻ സൈന്യം പേർഷ്യൻ ചക്രവത്തി വളരെയധികം ആനകളുമായി തങ്ങളെ ആക്രമിക്കാൻ വരികയാണെന്നു കേട്ട് അവരുടെ മുറയ്ക്കു് സംഭീതരായി. ഉപരോധത്തിനു് ഉപയോഗിച്ചിരുന്ന യന്ത്രങ്ങളെല്ലാം കത്തിച്ചു കളഞ്ഞിട്ട് അവർ പിന്തിരിഞ്ഞു. പിന്നീട് എവിടെയെല്ലാം വച്ചു യുദ്ധങ്ങളുണ്ടായി, അരൊബിൻദുസ് എന്ന മറെറാരു റോമൻ സൈന്യാധിപൻ തനിച്ചുള്ള യുദ്ധത്തിൽ ഏററവും ധീരരായ പേർഷ്യൻ സൈനികരെ എങ്ങനെ വധിച്ചു, അർദബൂറിയൂസ് എപ്രകാരം ഏഴു പേഷ്യൻ സേനാനായകന്മാരെ ഒളിപ്പോരിൽ വധിച്ചു, അവശേഷിച്ച സാരസൻ സൈന്യത്തെ വിത്തിയൻ എന്ന മറെറാരു റോമൻ സൈന്യത്തലവൻ എപ്രകാരം പരാജയപ്പെടുത്തി എന്നീ കാര്യങ്ങളെല്ലാം വിവരിക്കാൻ തുടങ്ങിയാൽ അതു് എൻെറ വിഷയത്തിൽ നിന്നുള്ള കാടുകയററം ആയിപ്പോകും എന്നു ഞാൻ കരുതുന്നു.

## അധ്യായം 19

## സന്ദേശവാഹകനായ പല്ലാഡിയസ്

യുദ്ധരംഗത്തു നടന്ന സംഗതികളെല്ലാം വളരെ അവിശ്വസനീയമായ വേഗത്തിൽ തിയഡോഷ്യസ് ചക്രവർത്തി എങ്ങനെ അറിഞ്ഞു, സാമ്രാജ്യത്തിൻെറ വിവിധ ഭാഗങ്ങളിൽ സംഭവിക്കുന്ന കാര്യങ്ങരം അദ്ദേഹം എപ്രകാരം അതിവേഗം അറിഞ്ഞുകൊണ്ടിരുന്നു എന്നു വിവരിക്കാൻ ഞാനിവിടെ

www.malankaralibrary.com



ശ്രമിക്കാം. തൻെറ പ്രജകളുടെ കൂട്ടത്തിൽ പല്ലാഡിയസ് എന്നൊരാളുണ്ടായിരുന്നു എന്ന സൗഭാഗ്യം അദ്ദേഹത്തിനുണ്ടായി. പല്ലാഡിയസിൻെറ ശരീരവും മനസ്സും അസാധാരണമാംവിധം ഊർജ്ജസ്വലമായിരുന്നു. വളരെ ഉശിരോടെ സവാരി ചെയ്തിരുന്ന അദ്ദേഹം റോമൻ-പേർഷ്യൻ സാമ്രാജ്യത്തിൻെറ അതിരുകളിൽ മൂന്നു ദിവസം കൊണ്ടു് എത്തിച്ചേരുകയും അത്രയും തന്നെ ദിവസങ്ങൾ കൊണ്ടു് കോൺസ്റ്റാൻറിനോപ്പിളിൽ തിരിച്ചെത്തുകയും ചെയ്യുമായിരുന്നു. ഇതേതരത്തിലുള്ള വേഗാധിക്യത്തോടെ പ്രസ്തുത വ്യക്തി ചക്രവർത്തിയിൽ നിന്നുള്ള വിവിധ ദൗത്യങ്ങളുമായി ലോകത്തിൻെറ മററു ഭാഗങ്ങളിലും യാത്ര ചെയ്തിട്ടുണ്ടു്. വാഗ്മിയായ ഒരു മനുഷ്യൻ അദ്ദേഹത്തെക്കുറിച്ചു് ഇങ്ങനെ പറഞ്ഞതു് ഒട്ടും അയുക്തമല്ല: ''ഈ മനുഷ്യൻ തൻെറ വേഗതയുടെ ആധിക്യം കൊണ്ടു് റോമാ സാമ്രാജ്യത്തിൻെറ അതിവിപുലമായ വിസ്തൃതി വളരെ ചെറുതാണെന്നു സ്ഥാപിക്കുന്നു.'' ഈ സന്ദേശവാഹകൻെറ വേഗതയുടെ അത്ഭുത കഥകളെക്കുറിച്ചു പറഞ്ഞറിഞ്ഞ വിവരങ്ങൾ വച്ചു് പേർഷ്യൻ ചക്രവർത്തിയും അത്ഭുതാധീനനായി. പ്രസ്തുത വ്യക്തിയെക്കുറിച്ചു് ഇത്രയും പറഞ്ഞു് നമുക്കു തൃപ്തിപ്പെടേണ്ടിയിരിക്കുന്നു.

## അധ്യായം 20

## വീണ്ടും പേർഷ്യൻ പരാജയം

കോൺസ്റ്റാൻറിനോപ്പിളിൽ വസിക്കുന്ന റോമൻ ചക്രവർത്തിക്കു്, തനിക്കു വിജയം നൽകിയതു ദൈവമാണു് എന്നു നല്ല ബോദ്ധ്യമുണ്ടായിരുന്നു. അതിനാൽ തൻെറ കീഴിലുള്ളവരെല്ലാം യുദ്ധങ്ങളിൽ വിജയിച്ചെങ്കിലും സമാധാനം സ്ഥാപിക്കാൻ അദ്ദേഹം തല്പരനായിരുന്നു. അതിനാൽ അദ്ദേഹം തൻെറ ഉത്തമവിശ്വാസത്തിനു പാത്രമായ ഹേലിയോൻ എന്നയാളിനെ പേർഷ്യക്കാരുമായി ഒരു സമാധാനക്കരാറുണ്ടാക്കാൻ ചുമതലപ്പെടുത്തിവിട്ടു. ഹേലിയോൻ മെസപ്പൊട്ടേമിയായിലെത്തി. അവിടെ ഒരു സ്ഥലത്തു് റോമാക്കാർ അവരുടെ സുരക്ഷിതത്വത്തിനുവേണ്ടി ഒരു കിടങ്ങു കുഴിച്ചിട്ടുണ്ടായിരുന്നു.

ഹേലിയോൻ തൻെറ മുന്നോടിയായി മാക്സിമിൻ എന്നയാളിനെ ശത്രുക്കളുടെ പക്കലേയ്ക്കയച്ചു. മാക്സിമിൻ നല്ല

www.malankaralibrary.com



വാഗ്മിയും സർവസൈന്യാധിപനായ അർബ്യൂറിയുസിന്റെ സഹപ്രവർത്തകനുമായിരുന്നു. സമാധാനക്കരാറിന്റെ വ്യവസ്ഥകൾ സംബന്ധിച്ചുള്ള പ്രാഥമിക ക്രമീകരണങ്ങൾ നടത്താൻ വേണ്ടിയാണ് അയാളെ അയച്ചത്. മാക്സിമിൻ, പേർഷ്യൻ ചക്രവർത്തിയുടെ അടുത്തുചെന്നു പറഞ്ഞത്, തന്നെ അയച്ചത് റോമൻ ചക്രവർത്തിയല്ല, സൈന്യാധിപന്മാരാണെന്നും ഈ യുദ്ധത്തിന്റെ കാര്യമൊന്നും ചക്രവർത്തി അറിഞ്ഞിട്ടില്ലെന്നും അറിഞ്ഞാൽത്തന്നെ അതിനെ നിസ്സാരമായി കരുതുകയേ ഉള്ളൂ എന്നുമാണ്. പേർഷ്യൻ ചക്രവർത്തി റോമൻ പ്രതിനിധികളെ സ്വീകരിക്കാൻ സന്തോഷപൂർവം തീരുമാനിച്ചു- അയാളുടെ സൈന്യങ്ങൾ വേണ്ടത്ര ഭക്ഷണവും മറ്റും കിട്ടാതെ വിഷമിക്കുകയായിരുന്നു – ആ സമയത്ത്, 'അമർത്ത്യർ' എന്ന പേരുള്ള പ്രശസ്തമായ സൈന്യവിഭാഗം[14] അവിടെയെത്തി. പതിനായിരത്തോളം അതിധീരരായ യോദ്ധാക്കളടങ്ങുന്ന ഒരു പേഷ്യൻ സേനാവിഭാഗമായിരുന്നു ഇത്. സമാധാനത്തിനുവേണ്ടിയുള്ള യാതൊരു നീക്കവും പരിഗണിക്കരുതെന്ന് അവർ അവരുടെ ചക്രവർത്തിയെ ഉപദേശിച്ചു. റോമാക്കാർ ഇപ്പോൾ തീരെ കരുതലില്ലാതെ കഴിയുകയാണെന്നും അതിനാൽ തങ്ങൾ ഉടൻ അവരെ ആക്രമിക്കാമെന്നും അവർ അറിയിച്ചു. ചക്രവർത്തി അവരുടെ ഉപദേശം സ്വീകരിച്ചു. റോമൻ പ്രതിനിധിയെ തടവിലാക്കി. ആളുകളെ കാവൽ നിർത്താൻ അയാൾ കല്പന കൊടുത്തു. 'അമർത്ത്യ' സൈന്യത്തെ അവരുടെ പ്ലാൻ അനുസരിച്ചു പ്രവർത്തിക്കാൻ അനുവദിക്കുകയും ചെയ്തു.

അവർ ഒരു നിശ്ചിത സ്ഥലത്ത് എത്തിയിട്ട് രണ്ടു വിഭാഗങ്ങളായി പിരിഞ്ഞു. റോമൻ സൈന്യത്തിന്റെ ഒരു വിഭാഗത്തെ വലയം ചെയ്യുകയായിരുന്നു അവരുടെ ലക്ഷ്യം. പേഷ്യൻ സേനയുടെ രണ്ടു ഭാഗങ്ങളിൽ ഒന്നുമാത്രം തങ്ങളുടെ നേരേ വരുന്നതാണ് റോമൻ സൈന്യത്തിന്റെ കണ്ണിൽ പെട്ടത്. അതിനെ നേരിടാൻ അവർ തിടുക്കത്തിൽ തയാറായി. പെട്ടെന്നു യുദ്ധത്തിൽ ഏർപ്പെട്ടതുകൊണ്ട് ശത്രുക്കളുടെ മറ്റേ വിഭാഗം തങ്ങളുടെ പിന്നിൽ അടുത്തുവരുന്നത് അവരുടെ ശ്രദ്ധയിൽ പെട്ടുമില്ല. എന്നാൽ യുദ്ധം തുടങ്ങുന്ന സന്ദർഭത്തിൽ ദൈവപരിപാലനയുടെ പ്രത്യേക നിയോഗത്താൽ റോമൻ സൈന്യത്തിന്റെ മറ്റൊരു വിഭാഗം അവിടെ വന്നെത്തി. പ്രോക്കോപ്പിയുസ് എന്ന സൈന്യാധിപന്റെ കീഴിലുള്ള ആ സേനാവിഭാഗം ഒരു കുന്നിന്റെ മറവിൽനിന്നു പെട്ടെന്നു

14. Athanatoi – Immortals

www.malankaralibrary.com



രംഗത്തുവരുകയും തങ്ങളുടെ സഖാക്കരം അപകടത്തിൽപ്പെട്ടിരി ക്കുന്നു എന്നു മനസ്സിലാക്കി പേർഷ്യൻ പടയെ പിന്നിൽനിന്ന് ആക്രമിക്കുകയും ചെയ്തു. ഇപ്രകാരം, അല്പംമുമ്പ് റോമാക്കാരെ വലയം ചെയ്തു നിന്ന പേർഷ്യൻ സൈന്യം ഇപ്പോരം റോമാക്കാരാൽ വലയം ചെയ്യപ്പെട്ടു. റോമൻ സൈന്യം എതി രാളികളെ ചുരുങ്ങിയ സമയംകൊണ്ടു നാമാവശേഷമാക്കി. പതിയിരുപ്പിൽനിന്നു പുറത്തുവന്ന ബാക്കിയുള്ള പേർഷ്യൻ സൈനികരെയും അവർ ആയുധങ്ങരം കൊണ്ടു വകവരുത്തി. ഇപ്രകാരം പേർഷ്യക്കാരാൽ 'അമർത്ത്യർ' എന്നു് വിശേഷിപ്പി ക്കപ്പെട്ട അവർ എല്ലാവരും മർത്ത്യരാണെന്നു തെളിയിക്കപ്പെട്ടു. തന്റെ ഭക്തന്മാരായ ആരാധകരിൽ അനേകം പേരുടെ രക്തം ചിന്തിയ പേർഷ്യാക്കാരോടു് ഇപ്രകാരം ക്രിസ്തുതന്നെ പ്രതി കാരം ചെയ്തു എന്നു പറയാം.

ഈ മഹാ ദുരന്തത്തിന്റെ വിവരമറിഞ്ഞ പേർഷ്യൻ ചക്രവർത്തി സംഭവിച്ച കാര്യങ്ങളൊന്നും അറിഞ്ഞിട്ടില്ലെന്നു നടിച്ചുകൊണ്ടു് റോമൻ പ്രതിനിധിയെ സ്വീകരിച്ചു. അയാരം പറഞ്ഞു: ''ഞാൻ സമാധാനത്തിനു സമ്മതിക്കുന്നു. റോമാ ക്കാർക്കു മുമ്പിൽ കീഴടങ്ങുന്നതായിട്ടല്ല, താങ്കളെ സന്തോഷിപ്പി ക്കുവാൻ മാത്രം. റോമാക്കാരിൽ ഏറ്റവും വിവേകശാലി യാണു താങ്കരം എന്നു ഞാൻ മനസ്സിലാക്കുന്നു.'' ഇപ്രകാര മായിരുന്നു പേർഷ്യയിലെ പീഡിതരായ ക്രിസ്ത്യാനികളുടെ പേരിൽ ആരംഭിച്ച യുദ്ധത്തിന്റെ അവസാനം. രണ്ടു് അഗസ്റ്റ സുമാർ കോൺസുരംമാരായിരുന്ന വർഷമായിരുന്നു അതു്. ഹൊണോറിയുസിന്റെ പതിമൂന്നാമത്തെയും തിയഡോഷ്യ സിന്റെ പത്താമത്തെയും കോൺസുളേറ്റു്. അതു് മുന്നൂറാം ഒളിമ്പ്യാഡിന്റെ നാലാം വർഷവുമായിരുന്നു.[15] ഈ യുദ്ധ ത്തോടുകൂടി പേർഷ്യയിൽ ക്രിസ്ത്യാനികരംക്കെതിരെ ഉയർന്ന പീഡനം അവസാനിക്കുകയും ചെയ്തു.

15. 422-ൽ

www.malankaralibrary.com



# അദ്ധ്യായം 21

## തടവുകാരോടു കാരുണ്യം

അമീദിലെ മെത്രാനായ അകാചിയൂസിന്റെ ശ്രേഷ്ഠമായ ഒരു പ്രവൃത്തി അക്കാലത്തു് എല്ലാ ജനങ്ങളുടെയും ഇടയിൽ അദ്ദേഹത്തെക്കുറിച്ചുള്ള മതിപ്പു വർദ്ധിപ്പിച്ചു. യുദ്ധത്തിൽ ഏതാണ്ടു് ഏഴായിരം പേർഷ്യൻ ഭടന്മാരെ റോമൻ സൈന്യം തടവുകാരായി പിടിച്ചിരുന്നു. അവരെ മോചിപ്പിക്കാൻ റോമൻ സൈന്യം ഒരു തരത്തിലും തയാറായില്ല. നശിച്ച അസാസീൻ പ്രദേശത്തു് ആ തടവുകാർ വളരെ കഷ്ടപ്പെട്ടു കഴിയുകയായിരുന്നു. ഇതു പേർഷ്യയിലെ രാജാവിനു് വളരെ ദുഃഖത്തിനു കാരണമായി. ഇതു് അവഗണിച്ചു കളയാൻ പാടില്ലാത്ത ഒരു കാര്യമാണെന്നു് അകാചിയൂസ് കരുതി. അതിനാൽ അദ്ദേഹം തന്റെ കീഴിലുള്ള വൈദികരെയെല്ലാം വിളിച്ചുകൂട്ടി ഇങ്ങനെ പറഞ്ഞു: ''എന്റെ സഹോദരന്മാരേ, നമ്മുടെ ദൈവത്തിനു് തളികകളോ ചഷകങ്ങളോ ആവശ്യമില്ല. അവിടുന്നു് തിന്നുകയോ കുടിക്കുകയോ ചെയ്യുന്നില്ല. അവിടുത്തേയ്ക്കു് യാതൊരു പദാർത്ഥവും ആവശ്യമില്ല. നമ്മുടെ സഭയ്ക്കാകട്ടെ, അതിന്റെ വിശ്വസ്തരായ അംഗങ്ങളുടെ ഔദാര്യം കാരണം സ്വർണ്ണവും വെള്ളിയും കൊണ്ടുള്ള പാത്രങ്ങൾ ധാരാളമുണ്ടു്. അതിനാൽ ഇപ്പോൾ നാം ആ പാത്രങ്ങൾ വിൽക്കുകയും അതുവഴി കിട്ടുന്ന പണംകൊണ്ടു് തടവുകാരെ മോചിപ്പിക്കുകയും അവർക്കു ഭക്ഷണം കൊടുക്കുകയും ചെയ്യുക യുക്തമാണു്.'' ഇതും മററു പല കാര്യങ്ങളും പറഞ്ഞതിനുശേഷം പാത്രങ്ങളെല്ലാം ഉരുക്കാൻ അദ്ദേഹം ആജ്ഞ നൽകി. അങ്ങനെ കിട്ടിയ പണം കൊണ്ടു് പേർഷ്യൻ തടവുകാരുടെ മോചനദ്രവ്യം റോമൻ പടയാളികൾക്കു കൊടുക്കുകയും മോചിതരായവർക്കു ഭക്ഷണം കൊടുക്കുകയും ചെയ്തു. ഏതാനും നാൾകഴിഞ്ഞു് യാത്രയ്ക്കു വേണ്ട വസ്തുക്കൾ കൊടുത്തിട്ടു് അവരെ അവരുടെ രാജാവിന്റെ പക്കലേയ്ക്കു യാത്രയാക്കി.

ശ്രേഷ്ഠനായ അകാചിയൂസിന്റെ ഭാഗത്തുനിന്നുണ്ടായ ഈ ഔദാര്യം പേർഷ്യാക്കാരുടെ രാജാവിനെ ആശ്ചര്യപ്പെടുത്തി. റോമാക്കാർക്കു് അവരുടെ ശത്രുക്കളെ സമാധാനകാലത്തു് ഔദാര്യംകൊണ്ടും യുദ്ധകാലത്തു യുദ്ധവീരതകൊണ്ടും തോൽപ്പി

www.malankaralibrary.com



ക്കാൻ കഴിയുമെന്നു് അയാൾ മനസ്സിലാക്കി. ഇത്ര മഹാനായ ഒരു മനുഷ്യനെ നേരിട്ടു കാണാൻ സാധിക്കുന്നതിനുവേണ്ടി, അകാചിയുസ് തന്റെ അടുത്തുവരണമെന്നു് പേഷ്യൻ രാജാവു് ആഗ്രഹിച്ചെന്നും പ്രസ്തുത ആഗ്രഹം തിയഡോഷ്യസ് ചക്രവർത്തിയുടെ അനുമതിയോടെ താമസിയാതെ സാധിച്ചുവെന്നും പറയപ്പെടുന്നു.

ദൈവകാരുണ്യംകൊണ്ടു് റോമാക്കാർക്കു് ഇത്ര നിർണ്ണായകമായ ഒരു വിജയം സിദ്ധിച്ചപ്പോൾ വാഗ്വൈഭവത്തിൽ പ്രസിദ്ധരായ പലരും ചക്രവർത്തിയെ പ്രകീർത്തിക്കുന്ന സ്തുതിഗാനങ്ങൾ എഴുതുകയും ജനസമ്മേളനങ്ങളിൽ അവ വായിച്ചു കേൾപ്പിക്കുകയും ചെയ്തു. ചക്രവർത്തിനി തന്നെ *ഹീറോയിക്ക് വേഴ്സ്* വൃത്തത്തിൽ ഒരു പദ്യം രചിച്ചു. ആ വനിതയ്ക്കു് നല്ല സാഹിത്യവാസനയുണ്ടായിരുന്നു. അഥീനിയൻ താർക്കികനായ ലെയോൺഷ്യസിന്റെ മകളായ അവൾക്കു് എല്ലാത്തരം വിജ്ഞാനങ്ങളിലും സ്വപിതാവിൽ നിന്നുതന്നെ അഭ്യസനം ലഭിച്ചിരുന്നു. ചക്രവർത്തിയുമായുള്ള വിവാഹത്തിനു് അല്പകാലം മാത്രം മുമ്പാണു് അററിക്കസ് മെത്രാൻ അവളെ ജ്ഞാനസ്നാനപ്പെടുത്തിയതു്. ആ സന്ദർഭത്തിൽ *അതേനായിസ്* എന്നുള്ള പഴയ പേരു മാററി എവുഡോക്യാ എന്ന പുതിയ ക്രൈസ്തവനാമം അവർക്കു നൽകപ്പെട്ടു. ഈ സന്ദർഭത്തിലും പലയാളുകളും പ്രശംസാഗാനങ്ങൾ രചിച്ചു. പലരുടെയും ലക്ഷ്യം ചക്രവർത്തിയുടെ ശ്രദ്ധാവിഷയമാകണമെന്നതായിരുന്നു. വേറെ ചിലർക്കാകട്ടെ, തങ്ങളുടെ കഴിവുകൾ പൊതുജനങ്ങളുടെ മുമ്പിൽ വെളിപ്പെടുത്തണമെന്നായിരുന്നു ഉദ്ദേശ്യം. കഠിനപ്രയത്നംകൊണ്ടു് തങ്ങൾ നേടിയ കഴിവുകൾ ആരാലും അറിയപ്പെടാതെ മറഞ്ഞു കിടക്കുന്നതു് ആരാണു് ഇഷ്ടപ്പെടുക?

## അധ്യായം 22

# ഇളയ തിയഡോഷ്യസ് ചക്രവർത്തിയുടെ ഗുണഗണങ്ങൾ

എനിക്കു് ചക്രവർത്തിയുടെ ശ്രദ്ധയിൽപ്പെടണമെന്നു് ആഗ്രഹമില്ല; എന്റെ ഭാഷാപരമായ സിദ്ധികൾ പ്രദർശിപ്പിക്കണമെന്നു് താല്പര്യവുമില്ല. എന്നാൽ ചക്രവർത്തിക്കു ലഭിച്ചിട്ടുള്ള അനന്യസാധാരണങ്ങളായ ഗുണവിശേഷങ്ങൾ

www.malankaralibrary.com



രേഖപ്പെടുത്തേണ്ടതു് എൻെറ ചുമതലയാണെന്നു ഞാൻ കരുതുന്നു. കാരണം, അത്ര വിശിഷ്ടങ്ങളായ ആ സ്വഭാവഗുണങ്ങളെക്കുറിച്ചു് മൗനം പുലർത്തുന്നതു് അനന്തര തലമുറകളോടു ചെയ്യുന്ന ഒരനീതിയായിരിക്കുമെന്നു് എനിക്കു തോന്നുന്നു.

ഒന്നാമതായിത്തന്നെ, ചക്രവർത്തിയാകാൻ ജനിക്കുകയും വളർത്തപ്പെടുകയും ചെയ്തെങ്കിലും ജനനത്തിൻെറയും പരിശീലനത്തിൻെറയും ഫലമായി വിവരം കെട്ടവനോ ചുണകെട്ടവനോ ആയിത്തീർന്നില്ല. അദ്ദേഹം സംഭാഷണത്തിൽ അത്രയേറെ വിവേകം പ്രകടമാക്കിയതുകൊണ്ടു് താൻ ജ്ഞാനമെല്ലാം നേടിയതു് അനുഭവത്തിൽ നിന്നാണെന്നു ശ്രോതാക്കൾക്കു തോന്നിയിരുന്നു. കഷ്ടതകളെ നേരിടുന്നതിൽ അപാര ധീരതയാണ് അദ്ദേഹത്തിനുണ്ടായിരുന്നതു്. ചൂടായാലും തണുപ്പായാലും സഹിക്കാൻ അദ്ദേഹത്തിനു മടിയുണ്ടായിരുന്നില്ല. അദ്ദേഹം അടുക്കലടുക്കൽ ഉപവസിച്ചിരുന്നു; പ്രത്യേകിച്ചും ബുധൻ, വെള്ളി ദിവസങ്ങളിൽ. ക്രിസ്തുമതത്തിൻെറ നിർദ്ദിഷ്ട ആചരണങ്ങളെല്ലാം സൂക്ഷ്മമായി അനുസരിക്കുന്നതിനുള്ള ആത്മാർത്ഥമായ പരിശ്രമം കൊണ്ടാണ് അദ്ദേഹം ഇപ്രകാരം ചെയ്തതു്. അദ്ദേഹം തൻെറ കൊട്ടാരം ഒരു സന്യാസാശ്രമത്തിൽ നിന്നു് വളരെ വ്യത്യാസമില്ലാത്തതാക്കി. അദ്ദേഹവും സഹോദരിമാരും വെളുപ്പിനേ ഉണർന്നെഴുന്നേററിരുന്നു. അതിനുശേഷം അവർ ദൈവസ്തുതിഗാനങ്ങൾ ആലപിച്ചിരുന്നു. ഈ പരിശീലനം മൂലം വി. ലിഖിതങ്ങൾ അദ്ദേഹം ഹൃദിസ്ഥമാക്കി. വി. ലിഖിതസംബന്ധമായ കാര്യങ്ങളെക്കുറിച്ചു് അദ്ദേഹം പലപ്പോഴും മെത്രാന്മാരുമായി ചർച്ചകൾ നടത്തിയിരുന്നു. അത്തരം സന്ദർഭങ്ങളിൽ അദ്ദേഹം ദീർഘകാലത്തെ സേവനപരിചയമുള്ള ഒരു അഭിഷിക്ത പുരോഹിതനാണെന്നു തോന്നും. വി. ലിഖിതങ്ങളും അവയുടെ വ്യാഖ്യാനമടങ്ങിയ ഗ്രന്ഥങ്ങളും ശേഖരിക്കുന്നതിൽ അദ്ദേഹം കാണിച്ച തളരാത്ത ഉത്സാഹം അതിനുമുമ്പു് ടോളമി ഫിലാഡെൽഫസ് പ്രകടിപ്പിച്ചതിലും അധികമായിരുന്നു. കാരുണ്യത്തിലും മനുഷ്യത്വത്തിലും അദ്ദേഹം മററെല്ലാവരേയും പശ്ചാത്കരിച്ചു. ജൂലിയൻ ചക്രവർത്തി, താനൊരു തത്ത്വജ്ഞാനിയാണെന്നു് അഭിമാനിച്ചിരുന്നെങ്കിലും തന്നെ പരിഹസിച്ച അന്ത്യോക്യക്കാരോടുള്ള കോപം നിയന്ത്രിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല; തിയദോറിനെ ഏററവും വേദനാകരമായ പീഡനങ്ങൾക്കു് വിധേയനാക്കുകയും ചെയ്തു. നേരേമറിച്ചു് തിയഡോഷ്യസാകട്ടെ അരിസ്റ്റോട്ടലിൻെറ ന്യായവാദങ്ങളോടു വിടപറഞ്ഞുകൊണ്ടു് തത്ത്വജ്ഞാനം പ്രവർത്തനങ്ങളിൽ പ്രയോ

www.malankaralibrary.com



ഗിച്ചു; കോപം, ദുഃഖം, സുഖതൃഷ്ണ എന്നിവയുടെമേൽ അദ്ദേഹം വിജയം നേടി. തനിക്കു് ഉപദ്രവം ചെയ്ത ആരോടും അദ്ദേഹം പ്രതികാരം ചെയ്തില്ല. അദ്ദേഹം അലോസരപ്പെട്ടിരിക്കുന്നതു് ആരും കണ്ടിട്ടുമില്ല. ഒരിക്കൽ അദ്ദേഹത്തിൻെറ ഏററവും അടുത്ത ഒരു സുഹൃത്തു് അദ്ദേഹത്തോടു ചോദിച്ചു: 'അങ്ങു കുററവാളികാംക്കു വധശിക്ഷ നൽകാത്തതെന്താണ്?' അദ്ദേഹം മറുപടി പറഞ്ഞു, 'മരിച്ചവർക്കു ജീവൻ തിരിച്ചുകൊടുക്കാൻ കഴിയുമെങ്കിൽ കൊല്ലാമായിരുന്നു.' അതേ അന്വേഷണം നടത്തിയ മറെറാരു വ്യക്തിയോടു് അദ്ദേഹം പറഞ്ഞു, 'ഒരു മനുഷ്യൻ കൊല്ലപ്പെടുക എന്നുള്ളതു് മാഹാത്മ്യമോ പ്രയാസമോ ഉള്ള ഒരു കാര്യമല്ല. എന്നാൽ ഒരിക്കൽ മരിച്ച ഒരാളെ പശ്ചാത്താപംകൊണ്ടു പുനരുജ്ജീവിപ്പിക്കാൻ ദൈവത്തിനു മാത്രമേ കഴിയൂ.''

അദ്ദേഹം എപ്പോഴും കാരുണ്യം കാണിച്ചിരുന്നു. ഒരു കുററവാളിക്കു് വധശിക്ഷ വിധിക്കപ്പെട്ടു കഴിഞ്ഞു് അയാളെ വധസ്ഥലത്തേയ്ക്കു നയിക്കുകയാണെങ്കിൽ അയാം നഗരകവാടം കടന്നുപോകാൻ മിക്കവാറും ഇടയാകുമായിരുന്നില്ല. അതിനു മുമ്പ് അയാംക്കു മാപ്പു ലഭിക്കുകയും അയാളെ തിരിച്ചുകൊണ്ടുപോവുകയും ചെയ്യുമായിരുന്നു. ഒരിക്കൽ അദ്ദേഹം കോൺസ്റ്റാൻറിനോപ്പിളിലെ ആംഫിതീയേററിൽ കാട്ടുമൃഗങ്ങളെ വേട്ടയാടുന്നതായി ഒരു പ്രകടനം നടത്തി. അപ്പോാം ആളുകാം വിളിച്ചു പറഞ്ഞു, ''കോപിച്ച മൃഗത്തെ നേരിടാൻ ഏററവും ധീരനായ ഒരു മൃഗയോദ്ധാവിനെ അനുവദിക്കൂ.'' എന്നാൽ അദ്ദേഹം അവരോടു പറഞ്ഞു. ''ഞാൻ ഇത്തരം ദൃശ്യങ്ങാം ഒരു മാനുഷിക പരിഗണനയോടുകൂടി മാത്രമേ വീക്ഷിക്കുകയുള്ളു എന്നു നിങ്ങാംക്കറിഞ്ഞുകൂടെ? ''ഭാവിയിൽ കുറെക്കൂടെ ക്രൂരത കുറഞ്ഞ കാഴ്ചകാംകൊണ്ടു് തൃപ്തിപ്പെടണം എന്നാണ് പ്രസ്തുത വാക്കുകാംകൊണ്ടു് ചക്രവർത്തി ജനങ്ങളെ ഉദ്ബോധിപ്പിച്ചതു്.

അദ്ദേഹം വലിയ ഭക്തനായിരുന്നു. ദൈവശുശ്രൂഷയ്ക്കായി പവിത്രീകരിക്കപ്പെട്ട എല്ലാവരോടും അദ്ദേഹത്തിനു വലിയ സാദരപരിഗണനയാണുണ്ടായിരുന്നതു്. ജീവിത വിശുദ്ധിയിൽ ഉയർന്നു നിൽക്കുന്നു എന്നു ബോദ്ധ്യമുള്ളവരോടു വളരെ സവിശേഷമായ ബഹുമാനം അദ്ദേഹം പ്രകടിപ്പിച്ചിരുന്നു. ചെബ്രോണിലെ മെത്രാൻ കോൺസ്റ്റാൻറിനോപ്പിളിൽ വച്ചു മരിച്ചു. രോമച്ചാക്കുകൊണ്ടുള്ള ഒരു നീലയങ്കി അദ്ദേഹത്തിനുണ്ടായിരുന്നു. അതു തനിക്കു കിട്ടണമെന്നു ആഗ്രഹം ചക്രവർത്തി പ്രകടിപ്പിച്ചു. അതു കിട്ടിയപ്പോാം അതു വളരെ അഴ

www.malankaralibrary.com



കളുളതായിരുന്നുവെങ്കിലും അദ്ദേഹം അതു ധരിച്ചുകൊണ്ടു നടന്നു എന്നു പറയപ്പെടുന്നു. മരിച്ച മെത്രാൻെറ വിശുദ്ധിയിൽ അങ്ങനെ തനിക്കും ഒരു പങ്കു കിട്ടട്ടെ എന്ന വിചാരം കൊണ്ടായിരുന്നു അതു്.

കാലാവസ്ഥ വളരെ പ്രതികൂലമായിരുന്ന ഒരു സന്ദർഭത്തിൽ, ജനങ്ങളുടെ താല്പര്യാധിക്യം മൂലം ഹിപ്പോഡ്രോമിൽ നടക്കുന്ന പതിവുള്ള മത്സരക്കളികൾ നടത്തിക്കാൻ അദ്ദേഹം നിർബ്ബന്ധിതനായി. കളിസ്ഥലത്തു കാണികൾ വന്നുനിറഞ്ഞു കഴിഞ്ഞപ്പോൾ കാററിൻെറ ഭീകരത വദ്ധിച്ചു. ഭയങ്കരമായ മഞ്ഞു പെയ്ത്തും തുടങ്ങി. തൻെറ മനസ്സ് ദൈവത്തെ എത്രയധികം ആശ്രയിക്കുന്നുണ്ടു് എന്നു് ആ സന്ദർഭത്തിൽ ചക്രവർത്തി വെളിപ്പെടുത്തി. താഴെ പറയുന്നവിധത്തിൽ ഒരു പ്രഖ്യാപനം നടത്താൻ അദ്ദേഹം വിളംബരക്കാരനോടു് ആവശ്യപ്പെട്ടു. ''നാം ഇപ്പോൾ മത്സരക്കളിയിൽ നിന്നു പിന്മാറുകയും ദൈവത്തോടുള്ള പ്രാത്ഥനയിൽ ഒന്നിക്കുകയും ചെയ്യുകയായിരിക്കും ഏററവും മെച്ചം. ആസന്നമായ കൊടുങ്കാററിൽ നിന്നു് നമ്മെ രക്ഷിക്കണമെന്നു നമുക്കു പ്രാത്ഥിക്കാം''. ഈ വിളംബരം പ്രഖ്യാപിച്ചു കഴിഞ്ഞപ്പൊഴേ എല്ലാ ജനങ്ങളും ഏററവും അധികമായ സന്തോഷത്തോടെ പ്രാർത്ഥനാനിരതരായി. അവർ ഒന്നുചേന്നു പ്രാർത്ഥിക്കാനും ദൈവസ്തുതി ഗാനങ്ങൾ ആലപിക്കാനും തുടങ്ങി. ആ നഗരം മുഴുവൻ ഒരു വലിയ പ്രാത്ഥനാസമൂഹമായി മാറി. ചക്രവത്തിയും ഔദ്യോഗികവസ്ത്രങ്ങൾ വെടിഞ്ഞു് ജനസമൂഹത്തിൻെറ മദ്ധ്യത്തിലേയ്ക്കു ചെന്നു് സ്തോത്രഗീതങ്ങൾ ആരംഭിച്ചു. ചക്രവത്തിയുടെ പ്രതീക്ഷ നിഷ്ഫലമായതുമില്ല. അന്തരീക്ഷം പഴയ പ്രശാന്തഭാവം പ്രാപിച്ചു തുടങ്ങി. ദൈവാനുഗ്രഹത്താൽ, അക്കൊല്ലം എല്ലാവരും വിചാരിച്ചിരുന്നതിനു വിപരീതമായി സമൃദ്ധമായ വിളവു് എല്ലാവർക്കും ലഭിക്കുകയും ചെയ്തു.

എപ്പോഴെങ്കിലും യുദ്ധം വേണ്ടിവരുകയാണെങ്കിൽ അദ്ദേഹം ദാവീദിനെപ്പോലെ ദൈവത്തെ ആശ്രയിച്ചിരുന്നു. യുദ്ധങ്ങളുടെ പരിണാമം നിശ്ചയിക്കുന്നതു ദൈവമാണെന്നു് അദ്ദേഹത്തിനറിയാമായിരുന്നു. അദ്ദേഹം പ്രാത്ഥനകൾ വഴി യുദ്ധങ്ങളെല്ലാം അനുകൂലമായ വിധത്തിൽ കലാശിപ്പിച്ചിരുന്നു. കയ്യേററക്കാരനായ ജോണിനെ അദ്ദേഹം പരാജയപ്പെടുത്തിയതെങ്ങനെയെന്നും ഇവിടെ രേഖപ്പെടുത്താം. പേർഷ്യക്കാരുമായുള്ള യുദ്ധത്തിനുശേഷമായിരുന്നു ആ സംഭവം. അസ്ക്ലെപ്പിയോഡോട്ടസും മാരിയനും കോൺസുൾമാരായിരുന്ന വഷം ആഗസ്റ്റ്

www.malankaralibrary.com



15 ന് ഹൊണോരിയുസ് നിര്യാതനായി.[16] അതിനെത്തുടർന്നായിരുന്നു ജോണിൻെറ അധികാരക്കയ്യേററം. അന്നു സംഭവിച്ച കാര്യം രേഖപ്പെടുത്തേണ്ടതു തന്നെയാണെന്നു് എനിക്കു തോന്നുന്നു. അന്നു് ആ സ്വേച്ഛാധിപതിക്കെതിരെ അയയ്ക്കപ്പെട്ട റോമൻ സൈന്യാധിപന്മാർക്കുണ്ടായ അനുഭവം മോശയുടെ നേതൃത്വത്തിൽ ഇസ്രായേൽക്കാർ ചെങ്കടൽ കടന്നപ്പോൾ ഉണ്ടായതിനു സമാനമത്രേ. പ്രസ്തുത കാര്യങ്ങൾ വളരെ ചുരുക്കമായി ഇവിടെ പ്രതിപാദിക്കാം അതിൻെറ വിശദാംശങ്ങൾ ഒരു പ്രബന്ധം രചിക്കാൻ മാത്രമുണ്ടു്. അതു് ഞാൻ മററുള്ളവർക്കായി വിടുന്നു.

## അധ്യായം 23

## കയ്യേററക്കാരൻ ജോൺ

ഹൊണോറിയുസ് ചക്രവർത്തി മരിച്ചപ്പോൾ തിയഡോഷ്യസ് സാമ്രാജ്യത്തിലെ ഏക അധികാരിയായി. ഹൊണോറിയുസിൻെറ മരണവാർത്ത ലഭിച്ചപ്പോൾ കഴിയുന്നത്രകാലം അദ്ദേഹം അതു മറച്ചു വച്ചു. ആളുകളെ തെററിദ്ധരിപ്പിക്കുന്നതിനു് ഓരോ സന്ദർഭത്തിൽ ഓരോ വാർത്ത പരത്തിക്കൊണ്ടിരുന്നു. പക്ഷേ അദ്ദേഹം രഹസ്യമായി ഒരു സേനാവിഭാഗത്തെ ഡൽമേഷ്യായിലുള്ള സലോണേ എന്ന നഗരത്തിലേയ്ക്കയച്ചു. പാശ്ചാത്യഭാഗത്തു് എന്തെങ്കിലും വിപ്ലവശ്രമമുണ്ടാകുകയാണെങ്കിൽ അതിനെ നിയന്ത്രിക്കാനുള്ള സന്നാഹം വേണമല്ലോ എന്നു കരുതിയിട്ടാണ് അങ്ങനെ ചെയ്തതു്. ഇങ്ങനെ താല്ക്കാലിക ക്രമീകരണങ്ങളെല്ലാം ചെയ്തതിനുശേഷം ഒടുവിൽ തൻെറ പിതൃവ്യൻെറ മരണം അദ്ദേഹം പരസ്യമായി പ്രഖ്യാപിച്ചു.

ഇതേ സമയം ചക്രവർത്തിയുടെ സെക്രട്ടറിമാരുടെ മേലധികാരിയായിരുന്ന ജോൺ, തനിക്കു കൈവന്നിരുന്ന സ്ഥാനം കൊണ്ടു തൃപ്തനാകാതെ ചക്രവർത്തിയുടെ അധികാരം കയ്യേറി. സാമ്രാജ്യാധികാരത്തിൽ തന്നെ പങ്കാളിയായി അംഗീകരിക്കണമെന്നു് തിയഡോഷ്യസിനോടു് ആവശ്യപ്പെട്ടുകൊണ്ടു് പ്രതിനിധിസംഘത്തെ അയച്ചു. തിയഡോഷ്യസ് ആദ്യമായി

16. 423-ൽ

www.malankaralibrary.com



ജോണിൻെറ പ്രതിനിധികളെ തടവിലാക്കി. അതിനുശേഷം അർദബൂറിയുസിൻെറ നേതൃത്വത്തിൽ ഒരു സൈന്യത്തെ അങ്ങോട്ടയച്ചു. പേർഷ്യൻ യുദ്ധത്തിൽ പ്രശസ്ത വിജയങ്ങൾ നേടിയ ആളായിരുന്നല്ലോ അർദബൂറിയസ്. അദ്ദേഹം സലോണേയിൽ എത്തിച്ചേർന്നിട്ട് അക്വിലേയായിലേയ്ക്കു കപ്പൽ മാർഗ്ഗം പുറപ്പെട്ടു. അദ്ദേഹത്തിനു ഭാഗ്യമുണ്ടെന്നു് ആദ്യം കരുതപ്പെട്ടിരുന്നു. എന്നാൽ ഭാഗ്യം അദ്ദേഹത്തിനെതിരാണെന്നാണ് പിന്നീടു വെളിപ്പെട്ടതു്. എതിരായി വീശിയ ഒരു കാററു് അദ്ദേഹത്തെ ശത്രുവിൻെറ കൈകളിൽ ഏല്പിച്ചു. അദ്ദേഹത്തെ കയ്യിൽ കിട്ടിക്കഴിഞ്ഞപ്പോൾ ശത്രു കൂടുതൽ പ്രതീക്ഷാനിർഭരനായി. സർവ്വസൈന്യാധിപൻെറ ജീവൻ രക്ഷിക്കുന്നതിനുവേണ്ടി തന്നെ ചക്രവർത്തിയായി അംഗീകരിച്ചു പ്രഖ്യാപിക്കാൻ ചക്രവർത്തി നിർബ്ബന്ധിതനാകുമെന്നു് ജോൺ പ്രതീക്ഷിച്ചു.

വിവരമറിഞ്ഞപ്പോൾ ചക്രവത്തി യഥാത്ഥത്തിൽ ദുഃഖാവിഷ്ടനായി. അർദബൂറിയുസിനു കീഴിലുണ്ടായിരുന്ന സൈന്യവും ദുഃഖനിമഗ്നമായി. സേനാനായകനോടു് ജോൺ എന്തെങ്കിലും അതിക്രമം കാണിച്ചെങ്കിലോ എന്നായിരുന്നു എല്ലാവരുടെയും ഭയം. അർദബൂറിയുസിൻെറ മകനായ അസ്പാറും വളരെ പരിഭ്രമത്തിലായി. തൻെറ പിതാവു് കയ്യേററക്കാരൻെറ കയ്യിൽ അകപ്പെട്ടിരിക്കെ, അയാളുടെ പക്ഷം വളരെയധികമായ കാട്ടുജാതി സേനാവിഭാഗങ്ങളുടെ സംയോഗം കൊണ്ടു കൂടുതൽ ശക്തമായിത്തീന്നിരിക്കുന്നു എന്നറിഞ്ഞപ്പോൾ എന്തു ചെയ്യണമെന്നറിയാതെ അയാൾ വിഷമിച്ചു.

ഈ സന്ദർഭത്തിൽ ചക്രവത്തിയുടെ പ്രാത്ഥന വീണ്ടും വിജയം വരിച്ചു. ദൈവത്തിൻെറ ഒരു മാലാഖ ഒരു ആട്ടിടയൻെറ രൂപത്തിൽ പ്രത്യക്ഷപ്പെട്ടു് അസ്പാറിനെയും അയാളുടെ കീഴിലുള്ള സേനാവിഭാഗത്തെയും വഴി കാട്ടി നയിച്ചു. റാവെന്നായ്ക്കു സമീപമുള്ള തടാകത്തിലൂടെയാണ് അയാൾ അവരെ നടത്തികൊണ്ടു പോയതു്. റാവെന്നായിലായിരുന്നു ജോണിൻെറ വാസം. ആ തടാകത്തിലൂടെ ആരും അതിനുമുമ്പു നടന്നു കയറിയതായി കേട്ടിട്ടില്ല. എന്നാൽ അന്നുവരെ തരണം ചെയ്യാൻ അസാദ്ധ്യമായിരുന്ന തടാകത്തെ അന്നു ദൈവം തരണീയമാക്കിത്തീർത്തു. ഉണങ്ങിയ മണ്ണിലൂടെ എന്നവിധം ആ തടാകം തരണം ചെയ്തു ആ സേനാവിഭാഗം നഗരകവാടങ്ങൾ തുറന്നുകിടക്കുന്നതായി കാണുകയും നഗരത്തിൽ പ്രവേശിച്ചു് കയ്യേററക്കാരനെ കീഴ്പ്പെടുത്തുകയും ചെയ്തു.

www.malankaralibrary.com



ഈ സംഭവം, ഏററവും മതതീക്ഷ്ണതയുള്ള ആ ചക്രവർത്തിക്ക് തൻെറ ദൈവഭക്തി പ്രകടിപ്പിക്കുന്നതിനുള്ള പുതുതായ ഒരവസരം പ്രദാനം ചെയ്തു. കയ്യേററക്കാരൻ വധിക്കപ്പെട്ടു എന്നുള്ള വാർത്ത ഹിപ്പോഡ്രോമിൽ മത്സരക്കളികൾ നടത്തിക്കൊണ്ടിരിക്കുന്ന സന്ദർഭത്തിലാണ് ചക്രവർത്തിയുടെ പക്കലെത്തിയത്. അദ്ദേഹം ഉടൻ തന്നെ ജനങ്ങളോടു പറഞ്ഞു: ''ജനങ്ങളേ, ദയവായി നിങ്ങൾ വരുക. നമുക്ക് ഈ വിനോദങ്ങൾ അവസാനിപ്പിക്കാം. പള്ളിയിൽ പോയി ദൈവത്തിനു നന്ദി പറയാം. കയ്യേററക്കാരനെ തുരത്തെറിഞ്ഞത് അവിടുത്തെ കരമാണല്ലോ.'' ഇങ്ങനെയാണ് അദ്ദേഹം ജനങ്ങളോടു പറഞ്ഞത്. മത്സരക്കളികൾ ആ നിമിഷം നിർത്തിവയ്ക്കപ്പെട്ടു. ജനങ്ങൾ ദൈവസ്തുതി ഗീതങ്ങൾ ആലപിച്ചുകൊണ്ട് ചക്രവർത്തിയോടൊപ്പം പള്ളിയിലേയ്ക്കു നീങ്ങി. ഒരൊററ ഹൃദയവും ഒരൊററ നാദവുമായിട്ടായിരുന്നു അവരുടെ ഗാനം. പള്ളിയിലെത്തിച്ചേർന്നപ്പോൾ ആ നഗരം മുഴുവൻ വീണ്ടും ഒരു ആരാധനാസമൂഹമായിത്തീർന്നു. ആ ദിവസം മുഴുവൻ അവർ ആരാധനാപരിപാടികളിൽത്തന്നെ ചെലവഴിച്ചു.

## അധ്യായം 24

## വലെൻറീനിയൻ ചക്രവർത്തി

കയ്യേററക്കാരൻെറ മരണത്തിനുശേഷം പാശ്ചാത്യദേശത്തിൻെറ ചക്രവർത്തിയായി ആരെ പ്രഖ്യാപിക്കണം എന്ന വിഷയത്തിൽ തിയഡോഷ്യസിന് വലിയ ഉത്കണ്ഠയായി. അദ്ദേഹത്തിന് വലെൻറീനിയൻ എന്നു പേരുള്ള ഒരു കസിൻ ഉണ്ടായിരുന്നു. അന്നു വളരെ ചെറുപ്പമായിരുന്ന വലെൻറീനിയൻ, തിയഡോഷ്യസിൻെറ അമ്മായി ആയ പ്ലാചീദിയായുടെ മകനായിരുന്നു. മഹാനായ തിയഡോഷ്യസിൻെറ മകളായിരുന്നു ഈ പ്ലാചീദിയാ. അർക്കേഡിയസ്, ഹൊണോറിയുസ് എന്നീ അഗസ്റ്റസുമാരുടെയും, ചക്രവർത്തിയായി ഹൊണോറിയുസ് പ്രഖ്യാപിച്ച കോൺസ്റ്റാൻസ്യൂസിൻെറയും സഹോദരിയായിരുന്നു അവൾ. ഹൊണോറിയുസിനോടൊപ്പം കുറച്ചു കാലം മാത്രം ഭരിച്ചതിനുശേഷം ആ കോൺസ്റ്റാൻസ്യൂസ് ദിവംഗതനായിരുന്നു. ഈ വലെൻറീനിയനെ അദ്ദേഹം സീസറാക്കുകയും പടിഞ്ഞാറൻ പ്രദേശത്തേയ്ക്ക് അയയ്ക്കുകയും ചെയ്തു. ഭരണകാര്യങ്ങൾ തത്ക്കാലം നിർവഹിക്കുന്ന ചുമതല അമ്മയായ

www.malankaralibrary.com



പ്ലാചീദിയായെ ഏല്പിച്ചു. തിയഡോഷ്യസ് ചക്രവർത്തി തന്നെ തിടുക്കത്തിൽ ഇററലിയിലേയ്ക്കു പുറപ്പെട്ടു. തനിക്കു തന്നെ നേരിട്ട് തൻെറ കസിനെ ചക്രവർത്തിയായി പ്രഖ്യാപിക്കണമെന്നും അവിടത്തെ ജനങ്ങളെ നേരിട്ടുകണ്ടു്, അധികാരക്കയ്യേററക്കാർക്കു് അനായാസം വഴങ്ങിക്കൊടുക്കരുതെന്ന് അവരെ ഉപദേശിക്കണം എന്നും ആയിരുന്നു അദ്ദേഹത്തിൻെറ ഉദ്ദേശ്യം. എന്നാൽ തെസലോനിക്കയിൽ എത്തിയപ്പോൾ കൂടുതൽ മുന്നോട്ടു പോകുന്നതിൽനിന്നു് അസുഖം മൂലം അദ്ദേഹം തടയപ്പെട്ടു. അതിനാൽ പടീഷ്യനായ ഹേലിയോൻ വശം തൻെറ കസിനുള്ള ചക്രവർത്തികിരീടം കൊടുത്തയച്ചിട്ട് അദ്ദേഹം കോൺസ്റ്റാൻറിനോപ്പിളിലേയ്ക്കു മടങ്ങി. ഇക്കാര്യങ്ങളെക്കുറിച്ചു് ഇവിടെ പറഞ്ഞ കാര്യങ്ങൾ വേണ്ടുവോളമായി എന്നു ഞാൻ കരുതുന്നു.

## അധ്യായം 25

# അററിക്കൂസ് മെത്രാൻെറ വിശിഷ്ടഗുണങ്ങൾ

ഇതേസമയം മെത്രാനായ അററിക്കൂസ് കോൺസ്റ്റാൻറിനോപ്പിളിലെ സഭയുടെ കാര്യങ്ങൾ ഉത്തരോത്തരം ക്ഷേമപൂർണ്ണമാക്കി. എല്ലാകാര്യങ്ങളും വലിയ വിവേകത്തോടുകൂടെയാണ് അദ്ദേഹം നിർവ്വഹിച്ചതു്. തൻെറ ഉദ്ബോധനങ്ങൾവഴി ജനങ്ങൾക്കു് സുകൃതങ്ങളിൽ വ്യാപരിക്കാൻ അദ്ദേഹം പ്രേരണ നൽകി. *ജോഹാന്നൈററുകൾ* വേറേ സമ്മേളനങ്ങൾ നടത്തുന്ന സാഹചര്യം സഭയിൽ പിളർപ്പിനു കാരണമാകും എന്നു കണ്ടപ്പോൾ പ്രാർത്ഥനകളിൽ ജോണിൻെറ പേരു് എടുത്തു പറയണം എന്നു് അദ്ദേഹം കല്പന നൽകി. മരിച്ചുപോയ മെത്രാന്മാരുടെ പേരു് പ്രാർത്ഥനകളിൽ എടുത്തുപറയുക എന്നതു് അന്നു സാധാരണമായിരുന്നു. അങ്ങനെ ചെയ്താൽ സഭയിലേയ്ക്കു തിരിച്ചു വരാൻ പലരും പ്രേരിതരാകും എന്നു് അദ്ദേഹം വിശ്വസിച്ചു. വളരെ വിശാലഹൃദയനായിരുന്ന അദ്ദേഹം തൻെറ കീഴിലുള്ള ഇടവകകളിലെ പാവപ്പെട്ടവർക്കു മാത്രമല്ല സഹായങ്ങൾ നല്കിയിരുന്നതു്. സമീപ നഗരങ്ങളിൽ വസിക്കുന്ന പാവങ്ങളുടെ ആവശ്യങ്ങൾ നിർവഹിക്കാനും സൗകര്യങ്ങൾ വർദ്ധിപ്പിക്കാനും ഉതകുന്ന സംഭാവനകളും അദ്ദേഹം നല്കിയിരുന്നു. ഒരിക്കൽ നിഖ്യായിലെ സഭയിലുള്ള കല്പിയോപി

www.malankaralibrary.com



യൂസ് എന്ന വൈദികന് മുന്നൂറു സ്വർണ്ണ നാണയങ്ങൾ അദ്ദേഹം അയച്ചുകൊടുത്തു. അക്കൂട്ടത്തിൽ താഴെ കാണുന്ന കത്തും കൊടുത്തയച്ചു.

കല്ലിയോപ്പിയൂസിന് അററിക്കുസ് — കർത്താവിൽ അഭിവാദനങ്ങൾ.

നിങ്ങളുടെ നഗരത്തിൽ ആവശ്യക്കാരായ പതിനായിരം ആളുകളുണ്ടെന്നും അവരുടെ സ്ഥിതി ദൈവഭക്തിയുള്ള ജനങ്ങളുടെ സഹതാപം അർഹിക്കുന്നതാണെന്നും ഞാൻ മനസ്സിലാക്കുന്നു. പതിനായിരം എന്നു ഞാൻ പറയുമ്പോൾ കൃത്യമായ ഒരു സംഖ്യ പറയുകയല്ല, അവർ വളരെയധികം ഉണ്ടെന്നു സൂചിപ്പിക്കുകയാണ്. ഉദാരമായ കരം കൊണ്ട് വിശ്വസ്തഭൃത്യന്മാർക്ക് ദാനം ചെയ്യുക പതിവാക്കിയിട്ടുള്ളവൻെറ പക്കൽ നിന്ന് എനിക്ക് ഒരു തുക കിട്ടിയിട്ടുണ്ട്. ചിലയാളുകൾ ഇല്ലായ്മയാൽ വിഷമിക്കുന്നുണ്ട്. ഉള്ളവർ അവരുടെ ആവശ്യങ്ങൾ പരിഗണിക്കുന്നില്ല. അതിനാൽ സുഹൃത്തേ, താങ്കൾ ഈ മുന്നൂറു സ്വർണ്ണനാണയങ്ങൾ സ്വീകരിക്കുകയും ഉചിതമെന്നു തോന്നുന്നവിധത്തിൽ അതു വിനിയോഗിക്കുകയും ചെയ്യുക. താങ്കൾ ഈ തുക വിതരണം ചെയ്യുന്നതു് ആവശ്യമുണ്ടെങ്കിലും യാചിക്കാൻ ലജ്ജിക്കുന്നവർക്കായിരിക്കുമെന്നും ജീവിതം മുഴുവൻ മററുള്ളവരുടെ ചെലവിൽ കഴിഞ്ഞുകൂടാൻ ശ്രമിക്കുന്നവർക്കായിരിക്കുകയില്ലെന്നും ഞാൻ ദൃഢമായി വിശ്വസിക്കുന്നു. ഈ സഹായം നല്കുമ്പോൾ മതപരമായ അടിസ്ഥാനത്തിലുള്ള യാതൊരു വിവേചനവും ഉണ്ടാകരുതു്. വിശക്കുന്നവർക്കു ഭക്ഷണം കൊടുക്കുക. മതവികാരത്തിൽ അവർ നമ്മോടു പൊരുത്തപ്പെടുന്നുണ്ടോ എന്നു നോക്കരുതു്.

അകലെയുണ്ടായിരുന്ന പാവപ്പെട്ടവരെയും അററിക്കുസ് പരിഗണിച്ചിരുന്നതു് ഇപ്രകാരമാണ്. ചിലയാളുകൾക്കുണ്ടായിരുന്ന അന്ധവിശ്വാസങ്ങൾ നീക്കം ചെയ്യാനും അദ്ദേഹം പരിശ്രമിച്ചു. നൊവേഷ്യരിൽനിന്നു വേർപെട്ടുപോയവർ — യഹൂദ പെസഹായെ സംബന്ധിച്ചുള്ള മതഭേദം മൂലമാണ് അവർ വിട്ടുപോയതു് — റോദസ് ദ്വീപിൽനിന്ന് സബ്ബാത്തിയൂസിൻെറ മൃതദേഹം കൊണ്ടുവന്ന് (നാടുകടത്തപ്പെട്ട സബ്ബാത്തിയൂസ് പ്രസ്തുത ദ്വീപിൽവച്ചാണ് ചരമഗതി പ്രാപിച്ചതു്) അതു് ഒരിടത്തു സംസ്കരിച്ചിട്ട് ആ ശവകുടീരത്തിൽ പ്രാർത്ഥിക്കുക പതിവാക്കിയിരിക്കുന്നു എന്ന് അദ്ദേഹം മനസ്സിലാക്കി. അദ്ദേഹം പ്രസ്തുത ശരീരാവശിഷ്ടം രാത്രിയിൽ അവിടെനിന്നു മാററിച്ച് രഹസ്യമായി മറെറാരു ശവകുടീരത്തിൽ നിക്ഷേ

www.malankaralibrary.com



പിപ്പിച്ചു. ശവകുടീരത്തിൽ ആരാധന നടത്തുക പതിവാക്കിയിരുന്ന ജനങ്ങൾ അതു തുറക്കപ്പെട്ടിരിക്കുന്നതായി കണ്ടു് ആ പരിപാടി നിർത്തി.

സ്ഥലങ്ങൾക്കു പേരുകൾ കൊടുക്കുന്നതിൽ വലിയ അഭിരുചിയാണ് അദ്ദേഹം പ്രദർശിപ്പിച്ചിരുന്നതു്. എവുക്സീൻ കടലിന്റെ മുഖത്തുള്ള ഒരു തുറമുഖത്തിനു് നേരത്തേയുണ്ടായിരുന്ന പേരു് *ഫർമാക്കെയാ*[17] എന്നാണ്. അദ്ദേഹം അതിനു് *തെറാപ്പേയിയാ*[18] എന്ന പേരു കൊടുത്തു. മതപരമായ സമ്മേളനങ്ങൾ നടക്കുന്ന ഒരു സ്ഥലത്തിനു് അമംഗളകരമായ ഒരു പേരുണ്ടായിരിക്കുന്നു എന്നതു് അദ്ദേഹത്തിനു് അഭിമതമല്ലായിരുന്നു. കോൺസ്റ്റാന്റിനോപ്പിളിന്റെ സമീപമുള്ള മറ്റൊരു സ്ഥലത്തിനു് അദ്ദേഹം ഇതേ കാരണം കൊണ്ടു് *ആർഗിരോപ്പൊളീസ്*[19] എന്നു പേരു കൊടുത്തു. ക്രിസോപ്പൊളീസ്[20] ബോസ്ഫറസിന്റെ തലയ്ക്കലുള്ള ഒരു പ്രാചീന തുറമുഖമാണ്. പല പ്രാചീന ഗ്രന്ഥകാരന്മാരും അതിനെ പരാമർശിക്കുന്നുണ്ടു്; പ്രത്യേകിച്ചും സ്ട്രാബോ, നിക്കൊളാവുസ് ഡമഷേനസ്, പ്രസിദ്ധനായ സെനോഫോൺ[21] എന്നിവർ. സെനോഫോൺ, *അനാബാസിസ് ഓഫ് സൈറസ്*[22] ആറാം പുസ്തകത്തിലും *ഹെല്ലനിക്കാ*യുടെ ഒന്നാം പുസ്തകത്തിലും ഈ തുറമുഖത്തെക്കുറിച്ചു പറയുന്നു: ''അൽസിബിയാദെസ് അതിനു ചുറ്റും മതിൽ കെട്ടിയതിനുശേഷം അതിൽ ടോൾ ഏർപ്പെടുത്തി. പോന്തുസിൽനിന്നു് പുറത്തേയ്ക്കു കപ്പലിൽ പോയിരുന്നവരെല്ലാം അവിടെ ദശാംശം കൊടുക്കുമായിരുന്നു.''[23] ഈ സ്ഥലം ക്രിസോപ്പൊളീസിനു് നേരേ എതിർവശത്തു വളരെ മനോഹരമായി സ്ഥിതി ചെയ്യുന്നു എന്നു കണ്ട അററിക്കുസ് അതു് *ആർഗിരോപ്പൊളീസ്* എന്നു വിളിക്കപ്പെടുന്നതു് ഏററവും യുക്തമായിരിക്കുമെന്നു പ്രഖ്യാപിച്ചു. അതു പറഞ്ഞു തീർന്നപ്പോഴേ ആ സ്ഥലത്തിനു് ആ പേരു സുപ്രതിഷ്ഠിതമായി. നൊവേഷ്യരെ നഗരങ്ങൾക്കുള്ളിൽ സമ്മേളനങ്ങൾ നടത്താൻ അനുവദിക്കരുതെന്നു് ആരോ അദ്ദേഹത്തോടു പറഞ്ഞു. അവ

---

17. തടവുകാരൻ എന്നർത്ഥം
18. healing, service, worship എന്നൊക്കെയാണർത്ഥം.
19. silver city.
20. golden city
21. Xenophon
22. Anabasis of Cyrus
23. ബി. സി. 411 ലാണ് ഇതിൽ പറഞ്ഞിരിക്കുന്നവ നടന്നതു്.

www.malankaralibrary.com



രോട്ട് അദ്ദേഹം ചോദിച്ചു: ''കോൺസ്റ്റാൻസ്യസിൻെറയും വാലെൻസിൻെറയും കാലത്ത് നമ്മോടൊപ്പം വിശ്വാസത്തെ പ്രതി പീഡനങ്ങൾ സഹിച്ചവരാണ് അവർ എന്ന കാര്യം നിങ്ങൾ മറന്നുപോയോ?'' അദ്ദേഹം തുടർന്നു: ''മാത്രമല്ല, അവർ നമ്മുടെ വിശ്വാസത്തിനു സാക്ഷികളാണ്. അവർ സഭയിൽനിന്നു വളരെ മുമ്പേ പിരിഞ്ഞു പോയവരാണെങ്കിലും അവർ വിശ്വാസത്തെ സംബന്ധിച്ച് യാതൊരു നവീകരണവും സ്വീകരിച്ചിട്ടില്ല.

ഒരു മെത്രാൻെറ അഭിഷേകം സംബന്ധിച്ച് അദ്ദേഹം ഒരിക്കൽ നിഖ്യായിൽ പോയി. അവിടെ വച്ച് നൊവേഷ്യരുടെ മെത്രാനായ അസ്ക്ലെപ്പിയാദെസിനെ കണ്ടു. വയോവൃദ്ധനായ ആ മെത്രാനോട് അററിക്കുസ് ചോദിച്ചു: ''എത്ര വർഷം അങ്ങു മെത്രാനായിരുന്നിട്ടുണ്ട്?'' അമ്പതുവർഷം എന്നു മറുപടി ലഭിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: ''ഇത്രയും നല്ല ഒരു ജോലി ഇത്രയും ദീർഘകാലം ചെയ്ത അങ്ങ് ഭാഗ്യവാൻ തന്നെ.'' അതേ അസ്ക്ലെപ്പിയാദെസിനോട് അദ്ദേഹം പറഞ്ഞു, ''ഞാൻ നൊവാത്തുസിനെ[24] ബഹുമാനിക്കുന്നു. എന്നാൽ നൊവേഷ്യരെ ഒരു തരത്തിലും അംഗീകരിക്കാൻ സാധിക്കുകയില്ല.'' ഈ വിചിത്രമായ അഭിപ്രായ പ്രകടനത്തിൽ ആശ്ചര്യപ്പെട്ട് അസ്ക്ലെപ്പിയാദെസ് ചോദിച്ചു: ''അങ്ങയുടെ ഈ അഭിപ്രായ പ്രകടനത്തിൻെറ അർത്ഥമെന്താണ്?'' തൻെറ വിവേചനത്തിന് അററിക്കുസ് ഇങ്ങനെ വിശദീകരണം നൽകി: ''വിഗ്രഹങ്ങൾക്കു ബലിയർപ്പിച്ചവരോടു സഹകരിക്കാൻ നൊവാത്തുസ് വിസമ്മതിച്ചു. ഞാനും അങ്ങനെതന്നെ ചെയ്യുമായിരുന്നു. എന്നാൽ നൊവേഷ്യർ വളരെ നിസ്സാരമായ കുററങ്ങളുടെ പേരിൽ അൽമായരെ പുറത്താക്കുന്നു. ഇക്കാര്യം എനിക്ക് അനുകൂലിക്കാൻ നിവൃത്തിയില്ല.'' അസ്ക്ലെപ്പിയാദെസ് മറുപടി പറഞ്ഞു, ''വിശുദ്ധ ലിഖിതങ്ങൾ പറയുന്നതുപോലെ 'മാരകമായ പാപങ്ങൾ' വേറെയും പലതുമുണ്ട്; വിഗ്രഹങ്ങൾക്കുള്ള ബലി മാത്രമല്ല വലിയ പാപം. അത്തരം കുററങ്ങളുടെ പേരിൽ വൈദികരെ മാത്രം നിങ്ങളും ബഹിഷ്കരിക്കുന്നു. ഞങ്ങളാകട്ടെ അൽമായരെയും ബഹിഷ്കരിക്കുന്നു. അവർക്കു മാപ്പു കൊടുക്കാനധികാരം ദൈവത്തിനു മാത്രമുള്ളതാണെന്നു ഞങ്ങൾ കരുതുന്നു.''

അററിക്കുസിന് തൻെറ മരണത്തെക്കുറിച്ച് മുന്നറിവുണ്ടായിരുന്നു. നിഖ്യായിൽനിന്നു തിരിച്ചുപോരുന്ന സന്ദർഭത്തിൽ

24. നൊവേഷ്യനെ

www.malankaralibrary.com



അവിടുത്തെ വൈദികനായ കല്ലിയോപ്പിയുസിനോട്ട് അദ്ദേഹം പറഞ്ഞു, ''താങ്കൾ എന്നെ വീണ്ടും ജീവനോടെ കാണണമെന്നുണ്ടെങ്കിൽ ഇലപൊഴിയും കാലത്തിനുമുമ്പ് കോൺസ്റ്റാൻറിനോപ്പിളിൽ വരുക. കാരണം, അതിലും താമസിച്ചാൽ ജീവിച്ചിരിക്കുന്ന എന്നെ കാണാൻ സാധിക്കുകയില്ല.'' ഈ മുന്നറിയിപ്പിൽ അദ്ദേഹത്തിനു പിശകു പററിയതുമില്ല. അടുത്ത ഒക്ടോബർ 10-ന് അദ്ദേഹം മരിച്ചു. അത് അദ്ദേഹത്തിൻെറ മെത്രാൻ വാഴ്ചയുടെ ഇരുപത്തി ഒന്നാം വർഷമായിരുന്നു. അന്ന് തിയഡോഷ്യസ് പതിനൊന്നാം തവണയും വലെൻറീനിയൻ സീസർ ഒന്നാം തവണയും കോൺസുൾമാരായിരുന്നു.[25] അദ്ദേഹത്തിൻെറ ശവസംസ്കാരത്തിൽ സംബന്ധിക്കത്തക്കവിധം കോൺസ്റ്റാൻറിനോപ്പിളിൽ എത്തിച്ചേരാൻ തിയഡോഷ്യസ് ചക്രവർത്തിക്കു കഴിഞ്ഞില്ല. അദ്ദേഹം തെസലോനിക്കയിൽനിന്നുള്ള യാത്രയിലായിരുന്നു. അററിക്കുസിൻെറ ശവസംസ്കാരം നടന്നതിൻെറ പിറേറദിവസം ചക്രവർത്തി കോൺസ്റ്റാൻറിനോപ്പിളിൽ എത്തി. അതിനുശേഷം അധികം താമസിയാതെ, അതേ മാസം 23 ന് കൊച്ചു വലൻറീനിയൻ[26] അഗസ്റ്റസ് ആയി പ്രഖ്യാപിക്കപ്പെട്ടു.

## അധ്യായം 26

# അററിക്കുസിൻെറ പിൻഗാമി സിസിന്നിയുസ്

അററിക്കുസിൻെറ മരണത്തെ തുടർന്ന് അദ്ദേഹത്തിൻെറ പിൻഗാമിയെ തെരഞ്ഞെടുക്കുന്നതു സംബന്ധിച്ച് വലിയ തർക്കമുണ്ടായി. ഒരു കൂട്ടർ ഒരാളെ നിർദ്ദേശിക്കും വേറൊരു കൂട്ടർ വേറൊരാളെ. ഫിലിപ്പ് എന്നു പേരുള്ള ഒരു വൈദികനെ ഒരുകൂട്ടർ വളരെ ആവേശപൂർവ്വം പിൻതാങ്ങിയിരുന്നു എന്ന് ആളുകൾ പറയുന്നു. മറെറാരു വൈദികനായ പ്രോക്ലുസിനെ മെത്രാനാക്കാൻ വേറൊരുകൂട്ടർ ആഗ്രഹിച്ചു. എന്നാൽ മെത്രാൻ സ്ഥാനം സിസിന്നിയുസിനു നൽകപ്പെടണം എന്നതായിരുന്നു ജനങ്ങൾക്കു പൊതുവായുണ്ടായിരുന്ന അഭിപ്രായം. ഈ സിസിന്നിയുസും ഒരു വൈദികനായിരുന്നു. പക്ഷേ അദ്ദേ

---

25. 425-ൽ

26. വലെൻറീനിയൻ മൂന്നാമൻ: 7:24.

www.malankaralibrary.com



ഹത്തിൻെറ സേവനരംഗം കോൺസ്റ്റാൻറിനോപ്പിൾ നഗരാതിർത്തിക്കുള്ളിലായിരുന്നില്ല. ആ നഗരത്തിനു സമീപസ്ഥമായ *എലേയാ* എന്ന ഗ്രാമത്തിലാണ് അദ്ദേഹം ദൈവജനസേവനത്തിനു നിയമിക്കപ്പെട്ടിരുന്നത്. പ്രസ്തുത ഗ്രാമം നഗരത്തിലെ തുറമുഖത്തിൻെറ മറുകരയിലായിരുന്നു. അവിടത്തെ മുഴുവൻ ജനങ്ങളും കൊല്ലംതോറും നമ്മുടെ കർത്താവിൻെറ സ്വർഗ്ഗാരോഹണം ആഘോഷിക്കാൻ ഒത്തുചേരുക എന്നൊരു പതിവുണ്ടായിരുന്നു. ആ ജനങ്ങളെല്ലാവരും സീസിന്നിയുസിനെ വളരെയധികം സ്നേഹിച്ചിരുന്നു. അദ്ദേഹത്തിൻെറ പുണ്യജീവിതവും പാവങ്ങളോടുള്ള കാരുണ്യവുമായിരുന്നു അതിനു കാരണം. സാധുജനസേവനത്തിൽ തൻെറ കഴിവിനപ്പുറമായ താല്പര്യമാണ് അദ്ദേഹം പ്രകടിപ്പിച്ചിരുന്നത്. അതുകൊണ്ടു് ജനങ്ങളുടെ താല്പര്യം ഈ സന്ദർഭത്തിൽ വിജയം വരിച്ചു. അടുത്ത കോൺസുളേററിൽ ഫെബ്രുവരി ഇരുപത്തിയെട്ടാം തീയതി സീസിന്നിയുസിൻെറ മെത്രാഭിഷേകം നടന്നു. അന്നു തിയഡോഷ്യസ് പന്ത്രണ്ടാം തവണയും വലെൻറീനിയൻ രണ്ടാം തവണയും കോൺസുൾമാർ ആയിരുന്നു.[27] മറെറാരാൾക്കു് തന്നേക്കാളധികമായ ജനപിന്തുണകിട്ടിയതിൽ വൈദികനായ ഫിലിപ്പ് വളരെ രുഷ്ടനായി. 'തൻെറ ക്രിസ്തീയ ചരിത്രം' എന്ന പുസ്തകത്തിൽ അയാൾ അക്കാര്യം ഒരു പ്രതിപാദ്യവിഷയമാക്കുകപോലും ചെയ്തു.[28] അവിടെ അയാൾ അഭിഷിക്തനെയും അഭിഷേകം ചെയ്തവരെയും ഒരുപോലെ പുലഭ്യം പറഞ്ഞിട്ടുണ്ടു്. ജനങ്ങളെയാണ് ഏററവും രൂക്ഷമായി അധിക്ഷേപിച്ചിട്ടുള്ളതു്. എനിക്കു് ഒരുവിധത്തിലും രേഖപ്പെടുത്താൻ സാദ്ധ്യമല്ലാത്ത കാര്യങ്ങളെല്ലാം അയാൾ എഴുതിയിരിക്കുന്നു. അക്കാര്യങ്ങളെല്ലാം ലിഖിതമാക്കിയ അയാളുടെ ദുരുപദിഷ്ടയത്നത്തെ ഒരുവിധത്തിലും അംഗീകരിക്കാൻ എനിക്കു സാധിക്കാത്തതുകൊണ്ടു് അയാളെക്കുറിച്ചും അയാളുടെ കൃതികളെക്കുറിച്ചും ചില കാര്യങ്ങൾ ഇവിടെ രേഖപ്പെടുത്തുന്നതു് അനുചിതമാകയില്ല എന്നു ഞാൻ കരുതുന്നു.

---

27. 426-ൽ
28. സീദിലെ ഫിലിപ്പ്: ക്രിസ്തീയചരിത്രം (ക്രിസ്ത്യാനിക്കേ ഹിസ്റ്റോറിയാ) 36 പുസ്തകങ്ങളിലായിഎഴുതി. ലോകസൃഷ്ടി മുതൽ ക്രി. വ. 426 വരെയുള്ള ചരിത്രം ഇതിൽ ഉണ്ടായിരുന്നു: ജി. ചേടിയത്ത്, ആദിമസഭാപിതാക്കന്മാർ, പേ. 355–7.

www.malankaralibrary.com



## അധ്യായം 27

# ഫിലിപ്പിൻെറ വൃഥാസ്ഥൂലരചനകൾ

ഫിലിപ്പ് ജനിച്ചതു് സീദ് എന്ന സ്ഥലത്താണ്. പംഫീലിയായിലുള്ള ഒരു നഗരമാണത്. താർക്കികനായ ട്രോയിലുസും ഇവിടത്തുകാരൻ തന്നെ. താൻ ട്രോയിലുസിൻെറ അടുത്ത ബന്ധുവാണെന്നു് ഫിലിപ്പ് അവകാശപ്പെട്ടിരുന്നു. ഫിലിപ്പ് ഒരു ഡീക്കനായിരുന്നതുകൊണ്ടു് ജോൺ ക്രിസോസ്റ്റോം മെത്രാനുമായി അടുത്ത സമ്പർക്കം പുലർത്താൻ ധാരാളം അവസരങ്ങൾ ലഭിച്ചിരുന്നു. സാഹിത്യത്തിൽ അയാൾ കഠിന പരിശ്രമം ചെയ്തു് ഗണനീയമായ നേട്ടങ്ങൾ കൈവരിച്ചതിനു പുറമേ വിവിധ വിജ്ഞാനവിഷയമായി വിശാലമായൊരു ഗ്രന്ഥശേഖരവും അയാൾക്കുണ്ടായിരുന്നു. ഏഷ്യാററിക് ശൈലി അനുസരിച്ച് അനേകം പ്രബന്ധങ്ങൾ അയാൾ വിരചിച്ചു. ജൂലിയൻ ചക്രവർത്തി ക്രിസ്ത്യാനികൾക്കെതിരായി രചിച്ച പ്രബന്ധത്തിൻെറ ഒരു ഖണ്ഡനവും അവയിൽപ്പെടും. ഒരു *ക്രിസ്തീയചരിത്രം* അയാൾ സമാഹരിച്ചു. അതിനെ മുപ്പത്താറു പുസ്തകങ്ങളായിട്ടാണു് അയാൾ വിഭജിച്ചിട്ടുള്ളതു്. ഓരോ പുസ്തകത്തിനും അനേകം വാല്യങ്ങളുണ്ടു്. ആകെക്കൂടി ആയിരത്തോളം വാല്യങ്ങൾ. ഓരോ വാല്യത്തിലെയും വിഷയ വിവരണംതന്നെ വാല്യത്തോടൊപ്പം ദീർഘമാണ്. ഈ രചനയ്ക്കു് അയാൾ കൊടുത്തിട്ടുള്ള നാമം സഭാചരിത്രമെന്നല്ല, ക്രിസ്തീയചരിത്രം എന്നത്രേ. അതിൽ വിവിധവിഷയങ്ങളെ ക്കുറിച്ചുള്ള അനവധി വിവരങ്ങൾ കുത്തിനിറച്ചിരിക്കുന്നു. താൻ ദാർശനികമോ വൈജ്ഞാനികമോ ആയ ഒരു പഠനവിഷയത്തിലും അജ്ഞനല്ല എന്നു കാണിക്കുകയാണ് ഇതിൻെറ ലക്ഷ്യം. ആ ഗ്രന്ഥത്തിലുള്ളതു് ജ്യോമെട്രിക്കൽ തിയറങ്ങളുടെയും വാനശാസ്ത്രപരമായ ഗണനങ്ങളുടെയും സംഗീതശാസ്ത്ര തത്ത്വങ്ങളുടെയും ദ്വീപുകൾ, പർവ്വതങ്ങൾ, വനങ്ങൾ തുടങ്ങിയവയുടെ ഭൂമിശാസ്ത്രപരമായ വിവരണങ്ങളുടെയും നിരുപയോഗമായ മററനവധി കാര്യങ്ങളുടെയും ഒരു മിശ്രണമാണ്. ഇപ്രകാരം അപ്രസക്തമായ കാര്യങ്ങളെല്ലാം തൻെറ വിഷയത്തോടു ബലമായി ചേർത്തു പ്രതിപാദിക്കുകവഴി അയാൾ തൻെറ കൃതിയെ ഒരു ശിഥില നിർമ്മിതിയാക്കിയിരിക്കുന്നു. അതു പണ്ഡിതന്മാർക്കും പാമരന്മാർക്കും ഒരുപോലെ നിരുപയോഗ

www.malankaralibrary.com



മാണെന്നാണ് എൻെറ അഭിപ്രായം. അപണ്ഡിതന്മാർക്ക് അയാളുടെ ഭാഷയുടെ പ്രൗഢി ആസ്വദിക്കാൻ പ്രാപ്തിയില്ല. ശരിയായ ഒരു വിലയിരുത്തൽ നടത്താൻ പ്രാപ്തിയുള്ളവർക്കാകട്ടെ അതിലെ ആശയാവർത്തനങ്ങൾ ദുസ്സഹങ്ങളായിരിക്കും. ഓരോരുത്തരും അവരുടെ അഭിരുചിയനുസരിച്ച് ഈ പുസ്തകങ്ങളെക്കുറിച്ച് സ്വന്തം അഭിപ്രായം രൂപീകരിച്ചുകൊള്ളട്ടെ. എനിക്ക് ഇത്രയുംകൂടെ മാത്രമേ പറയാനുള്ളു: അയാൾ പ്രതിപാദിക്കുന്ന കാര്യങ്ങളുടെ കാലപൗർവ്വാപര്യം ആകെ തെററിച്ചിരിക്കുന്നു. തിയഡോഷ്യസ് ചക്രവർത്തിയുടെ ഭരണകാലത്തു സംഭവിച്ച കാര്യങ്ങൾ വിവരിച്ചതിനുശേഷം അയാൾ അത്തനാസ്യോസ് മെത്രാൻെറ കാലത്തേയ്ക്കു പിറകോട്ടു പോകും. ഈ രീതി അയാൾക്കു സാധാരണമാണ്. ഏതായാലും ഫിലിപ്പിനെക്കുറിച്ച് ആവശ്യത്തിനു പറഞ്ഞു കഴിഞ്ഞു. സിസിന്നിയുസിൻെറ ഭരണത്തിനു കീഴിൽ നടന്ന കാര്യങ്ങൾ ഇനി പ്രതിപാദിക്കാം.

## അധ്യായം 28

## സിസിക്കൂസിലെ മെത്രാന്മാർ

സിസിക്കൂസിലെ മെത്രാൻ ദിവംഗതനായപ്പോൾ സിസിന്നിയുസ് ആ നഗരത്തിലെ മെത്രാനായി പ്രോക്കുസിനെ അഭിഷേകം ചെയ്തു. എന്നാൽ അദ്ദേഹം അങ്ങോട്ടു പുറപ്പെടുന്നതിനുമുമ്പ് അവിടത്തെ ജനങ്ങൾ അദ്ദേഹത്തെ മറികടന്നുകൊണ്ട് ഡൽമേഷ്യസ് എന്നു പേരുള്ള ഒരു സന്യാസിയെ മെത്രാനായി തെരഞ്ഞെടുത്തു. അവരുടെ ഈ പ്രവൃത്തി നിലവിലിരുന്ന ഒരു നിയമത്തിനു വിരുദ്ധമായിരുന്നു. കോൺസ്റ്റാൻറിനോപ്പിളിലെ മെത്രാൻെറ അനുമതി കൂടാതെ അവർ മെത്രാനെ വാഴിക്കാൻ പാടില്ല എന്നതായിരുന്നു നിയമം. അററിക്കുസിനുമാത്രം വ്യക്തിപരമായി നല്കപ്പെട്ട ഒരു പ്രത്യേക ആനുകൂല്യമാണെന്ന് അവർ ഭാവിച്ചു. അതിനാൽ പ്രോക്കുസിന് തൻെറ സഭയുടെമേൽ അധികാരം പ്രയോഗിക്കാൻ സാധിക്കാതെ കഴിയേണ്ടിവന്നു. എന്നാൽ കോൺസ്റ്റാൻറിനോപ്പിളിലെ പള്ളികളിൽ നടത്തിയ പ്രസംഗങ്ങൾ വഴി അദ്ദേഹം പ്രശസ്തനായി. ഏതായാലും അദ്ദേഹത്തെക്കുറിച്ച് യുക്തമായ ഒരു സന്ദർഭത്തിൽ കൂടുതൽ കാര്യങ്ങൾ ഞാൻ പറഞ്ഞുകൊള്ളാം. സിസിന്നിയുസ് മെത്രാൻസ്ഥാനത്തു് ആരോഹണം

www.malankaralibrary.com



ചെയ്തിട്ട് ഏതാണ്ട് രണ്ടു വഷമേ ജീവിച്ചിരുന്നുള്ളു. ഹിയേരിയൂസും അർദബൂറിയൂസും കോൺസൂരംമാരായിരുന്ന വർഷം ഡിസംബർ മാസം 24 ന് അദ്ദേഹത്തെ മരണം ഈ ലോകരംഗത്തുനിന്നു മാററി. ക്ഷമ, ജീവിതവിശുദ്ധി, പാവങ്ങളോടുള്ള കാരുണ്യം എന്നിവയിൽ അദ്ദേഹം വളരെ ഉന്നതനായിരുന്നു. എന്നുമാത്രമല്ല, അദ്ദേഹം പെരുമാററത്തിൽ അസാധാരണമാംവിധം വിനയശീലനും നിഷ്കളങ്കനുമായിരുന്നു. പ്രവർത്തനങ്ങളോടു പൊതുവേ വൈമുഖ്യമായിരുന്നു. അതിനാൽ ഉശിരന്മാർ അദ്ദേഹത്തെ അലസനായി ഗണിച്ചു.

## അധ്യായം 29

# കോൺസ്റ്റാൻറിനോപ്പിളിലെ മെത്രാനായ നെസ്തോറിയൂസ്

സീസീന്നിയൂസിൻെറ മരണത്തിനുശേഷം കോൺസ്റ്റാൻറിനോപ്പിളിലെ വൈദികർ സ്ഥാനമോഹംമൂലം പ്രകടിപ്പിച്ച മത്സരബുദ്ധി കാരണം ആ വൈദികരിലാർക്കും മെത്രാൻ സ്ഥാനം നൽകേണ്ട എന്നു ചക്രവർത്തിമാർ തീരുമാനിച്ചു. പലയാളുകളും ഫിലിപ്പിനെ മെത്രാനാക്കാൻ ആഗ്രഹിച്ചിരുന്നു. പ്രോക്ലുസിനു് ആ സ്ഥാനം നൽകണമെന്നു് ആഗ്രഹിച്ചവരും കുറവായിരുന്നില്ല. ഏതായാലും ചക്രവത്തിമാർ അന്ത്യോക്യായിൽനിന്നു് നെസ്തോറിയൂസ് എന്നൊരാളെ ക്ഷണിച്ചുവരുത്തി. നെസ്തോറിയൂസ് ജർമ്മനീഷ്യാക്കാരനായിരുന്നു. വിശേഷപ്പെട്ട കണ്ഠനാദത്തിൻെറയും ഭാഷണചാതുര്യത്തിൻെറയും പേരിൽ അയാാൾ പ്രസിദ്ധി നേടിയിരുന്നു. ജനങ്ങരാംക്ക പ്രബോധനം നല്കാൻ പ്രസ്തുത സിദ്ധികരം വളരെ പ്രധാനപ്പെട്ടവയാണെന്നു് അവർ കരുതി. സീസീന്നിയൂസിൻെറ മരണത്തിനുശേഷം മൂന്നുമാസം കഴിഞ്ഞിട്ടാണ് നെസ്തോറിയൂസ് കോൺസ്റ്റാൻറിനോപ്പിളിൽ എത്തിച്ചേർന്നതു്. ആത്മസംയമനത്തിൻെറ പേരിൽ പലരും അദ്ദേഹത്തെ പ്രശംസിച്ചിരുന്നു. എന്നാൽ മററു കാര്യങ്ങളിൽ അയാളുടെ സമ്പ്രദായം എന്തായിരുന്നുവെന്നു് അയാളുടെ ആദ്യത്തെ ദേവാലയപ്രസംഗത്തിൽ നിന്നുതന്നെ മനസ്സിലാക്കാൻ അല്പമെങ്കിലും ഗ്രഹണശക്തിയുള്ളവർക്കെല്ലാം കഴിഞ്ഞു. ഫേലിക്സും തൗറുസും കോൺസൂരംമാരായിരുന്ന

www.malankaralibrary.com



വർഷം.[29] ഏപ്രിൽ പത്താം തീയതിയായിരുന്നു മെത്രാഭിഷേകം. അഭിഷേകം കഴിഞ്ഞ ഉടൻ തന്നെ, എല്ലാ ജനങ്ങളുടെയും സാന്നിദ്ധ്യത്തിൽ ചക്രവർത്തിയെ അഭിസംബോധന ചെയ്തുകൊണ്ട് പ്രസിദ്ധമായ ഈ വാക്കുകൾ ഉദീരണം ചെയ്തു: ''രാജാവേ, ഈ ഭൂമി പാഷണ്ഡികളിൽനിന്നു ശുദ്ധമാക്കി എനിക്കു നൽകുക. അതിനു പ്രതിഫലമായി ഞാൻ അങ്ങേയ്ക്കു സ്വർഗ്ഗം തരാം. പാഷണ്ഡികളെ നശിപ്പിക്കാൻ അങ്ങ് എന്നെ സഹായിക്കുക. പേർഷ്യക്കാരെ പരാജയപ്പെടുത്താൻ ഞാൻ അങ്ങയെ സഹായിക്കാം.'' ഈ വാക്കുകൾ അവിടെ സന്നിഹിതരായിരുന്ന ചിലർക്ക് സന്തോഷജനകമായി തോന്നി. പാഷണ്ഡികളോട് കടുത്ത വിദ്വേഷമുള്ള കൂട്ടരായിരുന്നു അവർ. എങ്കിലും, ഞാൻ മുമ്പു പറഞ്ഞതുപോലെ, ഒരു മനുഷ്യന്റെ വാക്കുകളിൽനിന്ന് അയാളുടെ സ്വഭാവം അനുമാനിക്കാൻ കഴിവുള്ളയാളുകൾ അയാളുടെ മനസ്സിന്റെ ചാപല്യം ഗ്രഹിക്കാതിരുന്നില്ല. അടക്കമില്ലാത്തതും അഹങ്കാരപൂർണ്ണവുമാണ് അയാളുടെ സ്വഭാവമെന്നും അവർ മനസ്സിലാക്കി. ഏറ്റവും ചുരുങ്ങിയ സമയത്തേയ്ക്കുപോലും സ്വന്തം മനസ്സിനെ അടക്കി നിർത്താൻ കഴിയാതെ അത്ര വമ്പുനിറഞ്ഞ ഒരു പ്രസ്താവം അയാളിൽ നിന്നു പൊട്ടിപ്പുറപ്പെട്ടത് അന്തസ്സാരശൂന്യതതന്നെ. പഴഞ്ചൊല്ലിലെ ശൈലി ഉപയോഗിച്ചു പറഞ്ഞാൽ 'നഗരത്തിലെ ജലത്തിന്റെ രുചി എന്തെന്നറിയുന്നതിനുമുമ്പ്'' അയാൾ അങ്ങനെ പാഷണ്ഡികളുടെ ഭീകരപീഡകനായി സ്വയം പ്രഖ്യാപിച്ചു.

ആര്യന്മാർ രഹസ്യമായി ആരാധന നടത്തിയിരുന്ന ഒരു ചാപ്പൽ തന്റെ സ്ഥാനാരോഹണത്തിന്റെ അഞ്ചാം ദിവസം തകർക്കാൻ തീരുമാനിക്കുകവഴി അയാൾ അക്കൂട്ടരെ കോപനൈരാശ്യത്തിലേയ്ക്കു നയിച്ചു. തങ്ങളുടെ ചാപ്പൽ തകർക്കപ്പെടുന്ന കാഴ്ചകണ്ട് അവർ അതിലേയ്ക്കു തീയെറിഞ്ഞു. ആ തീ നാലു ഭാഗത്തേയ്ക്കും വ്യാപിച്ച് സമീപത്തുള്ള പല കെട്ടിടങ്ങളെയും ചാമ്പലാക്കി. ഇതിനെത്തുടർന്നു നഗരം മുഴുവൻ കലാപമുണ്ടായി. പ്രതികാരജ്വാലയിൽ ജ്വലിച്ച ആര്യന്മാർ ചില കടുംകൈകൾക്കു വട്ടംകൂട്ടി. എന്നാൽ ആ നഗരത്തിന്റെ സംരക്ഷകനായ ദൈവം അതൊന്നും മുഴുവനായി സംഭവിക്കാൻ അനുവദിച്ചില്ല.

ഏതായാലും അന്നുമുതൽ അവർ നെസ്തോറിയുസിനു 'കൊള്ളിവയ്പുകാരൻ'എന്ന ഇരട്ടപ്പേരു കൊടുത്തു. പാഷണ്ഡി

---

29. 428-ൽ

www.malankaralibrary.com



കരം മാത്രമല്ല, സ്വന്തം വിശ്വാസത്തിൽ പെട്ടവരും അയാളെ അങ്ങനെ വിളിച്ചു. കാരണം, അയാൾക്ക വിശ്രമമുണ്ടായിരുന്നില്ല. മതപരമായ കാര്യങ്ങളിൽ തന്റെ അഭിപ്രായങ്ങളോട്ട യോജിക്കാത്തവരെയെല്ലാം സ്വൈരം കെടുത്തുന്നതിനായി അയാൾ പൊതുജന ജീവിതത്തിൽ നിരന്തരമായ സ്വൈരക്കേടുണ്ടാക്കി. നൊവേഷ്യരെയും അയാൾ ശല്യപ്പെടുത്തി. അവരുടെ മെത്രാനായ പൗലോസ് തന്റെ സുകൃതജീവിതം മൂലം എല്ലാവരാലും ബഹുമാനിക്കപ്പെട്ടിരുന്നതിനാൽ നെസ്തോറിയുസ് അസൂയാകലുഷിതനായിത്തീർന്നു. ചക്രവർത്തി തന്റെ ഉപദേശങ്ങളും ഗുണദോഷിക്കലുകളും കൊണ്ട് അയാളുടെ കോപത്തെ നിയന്ത്രിച്ചു നിർത്തിയിരുന്നു. ഏഷ്യയിലാകമാനവും ലിഡിയാ, കാറിയാ എന്നീ സ്ഥലങ്ങളിലും *പതിനാലാം ദിവസക്കാർക്ക്*[30] അയാൾ എന്തുമാത്രം നാശം വരുത്തിവച്ചു; മിലേത്തുസ്, സാർദീസ് എന്നീ സ്ഥലങ്ങളിൽ അയാൾ കാരണമുണ്ടായ ബഹുജനകലാപങ്ങളിൽ എത്രമാത്രം മരിച്ചു എന്നീ കാര്യങ്ങളെല്ലാം ഇവിടെ പറയാതെ വിടുകയാണുചിതം എന്നു ഞാൻ കരുതുന്നു. ഇപ്പറഞ്ഞ എല്ലാ അതിക്രമങ്ങൾക്കും നാവുകൊണ്ടുള്ള യാതൊരു നിയന്ത്രണവുമില്ലാത്ത പ്രയോഗങ്ങൾക്കും ദൈവം അയാൾക്ക് എന്തു ശിക്ഷ കൊടുത്തു എന്ന് കുറെ കഴിഞ്ഞു ഞാൻ പറയാം.[31]

## അധ്യായം 30

# ബുർഗുൺഡിയിൽ ക്രിസ്തുമതപ്രചാരം

ഏതാണ്ട് ഇക്കാലത്തുണ്ടായതും രേഖപ്പെടുത്താൻ ഏറ്റവും യോഗ്യവുമായ ഒരു സംഭവം ഞാൻ ഇവിടെ പ്രസ്താവിക്കാം. റൈൻ നദിക്കപ്പുറം നിവസിക്കുന്ന ഒരു അപരിഷ്കൃതവർഗ്ഗമുണ്ട്. ബുർഗുണ്ഡിയന്മാർ എന്നാണ് അവരുടെ പേര്. അവർ പ്രശാന്തമായ ഒരു ജീവിതം നയിക്കുന്നു. എല്ലാവരും തന്നെ കൈത്തൊഴിൽകാരായിട്ടുള്ള ആ ജനവിഭാഗം അവരുടെ കരവേലകൾ കൊണ്ട് ജീവിതയാപനം നിർവഹിക്കുന്നു. ഹൂണന്മാർ എന്ന ജനവിഭാഗം ഇവരുടെമേൽ നിരന്തരമായ

---

30. Quartodecimans.

31. 7:36.

www.malankaralibrary.com



കടന്നാക്രമണങ്ങൾ നടത്തി അവരുടെ ദേശത്തു സർവനാശം ചെയ്യുകയും പലപ്പോഴും വലിയ സംഖ്യ ജനങ്ങളെ കൊന്നൊടുക്കുകയും ചെയ്തുവന്നു. ഈ വിഷമസന്ധിയിൽ ബുർഗുണ്ഡിയന്മാർ തീരുമാനിച്ചതു് ഏതെങ്കിലും മനുഷ്യവ്യക്തിയെ ആശ്രയിക്കാനല്ല; ഏതെങ്കിലും ദൈവത്തെ തങ്ങളുടെ സംരക്ഷണഭാരം ഏല്പിക്കാനാണ്. തന്നെ ഭയപ്പെടുന്നവരെ റോമാക്കാരുടെ ദൈവം ശക്തിയായി കാത്തു രക്ഷിക്കുന്നു എന്ന വസ്തുത ഗൗരവപൂർവം പരിഗണിച്ചതിനുശേഷം അവരെല്ലാവരും കൂടെ പൊതുതീരുമാനം അനുസരിച്ചു് ക്രൈസ്തവവിശ്വാസം സ്വീകരിച്ചു. അതനുസരിച്ചു് അവർ ഗാൾപ്രദേശത്തെ നഗരങ്ങളിലൊന്നിൽ ചെന്നു് തങ്ങൾക്കു ക്രൈസ്തവ ജ്ഞാനസ്നാനം നൽകണമെന്നു് അവിടുത്തെ മെത്രാനോടു് അപേക്ഷിച്ചു. ആ മെത്രാനാകട്ടെ ഏഴു ദിവസം ഉപവാസം അനുഷ്ഠിക്കാൻ അവരോടു് ആവശ്യപ്പെടുകയും ആ ദിവസങ്ങളിൽ ക്രൈസ്തവ വിശ്വാസത്തിന്റെ പ്രാഥമികതത്ത്വങ്ങൾ അവരെ പഠിപ്പിക്കുകയും ചെയ്തു. എട്ടാം ദിവസം ജ്ഞാനസ്നാനം നൽകി അവരെ പറഞ്ഞയച്ചു.

ഇതോടുകൂടി ബുർഗുണ്ഡിയക്കു് ആത്മവിശ്വാസം വർദ്ധിച്ചു. അവർ ആക്രമണകാരികൾക്കെതിരെ മുന്നേററം നടത്തി. അവരുടെ വിശ്വാസത്തിൽ അവക്കു ഭഗ്നാശരാകേണ്ടിവന്നുമില്ല. എന്തെന്നാൽ *ഉപ്താർ*[32] എന്നു പേരുള്ള ഹൂണരാജാവു് അമിതഭോജനത്തിന്റെ ഫലമായി അന്നു രാത്രി മരിച്ചു. അതിനാൽ അപ്പോൾ നേതാവില്ലാതായിത്തീർന്ന ഹൂണസംഘത്തെയാണ് അവർ ആക്രമിച്ചതു്. തത്ഫലമായി ബുർഗുണ്ഡിയക്കു്, സംഖ്യയിൽ തങ്ങളെക്കാൾ വളരെയധികമുള്ള ഹൂണന്മാരെ പൂർണ്ണമായി പരാജയപ്പെടുത്താൻ കഴിഞ്ഞു. ബുർഗുണ്ഡിയർ ആകെ മൂവായിരം പേരേ ഉണ്ടായിരുന്നുള്ളു. അവർ പതിനായിരത്തിലധികം ശത്രുക്കളെ കൊന്നൊടുക്കി. അന്നുമുതൽ ആ ജനത ആവേശപൂർവം ക്രൈസ്തവമതത്തോടു ചേർന്നുനിൽക്കുന്നു.

ഇക്കാലത്തു തന്നെ ആര്യന്മാരുടെ മെത്രാനായ ബർബാസ്സു് മരിച്ചു. തിയഡോഷ്യസ് പതിമൂന്നാമത്തും വലെൻറീനിയൻ മൂന്നാമത്തും കോൺസുൾമാരായിരുന്ന കൊല്ലം ജൂൺമാസം 24-ാംതീയതിയായിരുന്നു മരണം.[33] സബ്ബാത്തിയൂസ് അയാളുടെ പിൻഗാമിയായി നിയമിക്കപ്പെട്ടു. ഇക്കാര്യങ്ങളെക്കുറിച്ചു് ഇത്രയും പറഞ്ഞാൽ മതിയല്ലോ.

32. Uptar (Octar): uncle of Attila.
33. 430-ൽ

www.malankaralibrary.com



## അധ്യായം 31

# നെസ്തോറിയസ് മാസിഡോണിയർക്കെതിരെ

നെസ്തോറിയസ് യഥാർത്ഥത്തിൽ സഭയ്ക്കിലെ വഴക്കങ്ങൾക്കെതിരായിട്ടാണു പ്രവർത്തിച്ചതു്. ആളുകൾ അയാളെ വെറുക്കുന്നതിനു് മററു തരത്തിലും അയാൾ കാരണമുണ്ടാക്കി. അയാളുടെ ഭരണകാലത്തുണ്ടായ സംഭവങ്ങൾ ഇക്കാര്യം വെളിപ്പെടുത്തും. ഹെലെസ്പോണ്ടിലെ ജെമ്മാ പട്ടണത്തിലെ മെത്രാനായ അന്തോണിയെ പാഷണ്ഡരോടുള്ള അസഹിഷ്ണതയിൽ നെസ്തോറിയസ് ഉത്തേജിപ്പിച്ചു. അന്തോണി മാസിഡോണിയരെ പീഡിപ്പിക്കാൻ തുടങ്ങി. പാത്രിയർക്കീസിൻെറ അഭിലാഷം നടപ്പിൽ വരുത്തുന്ന എന്ന ഭാവത്തിലായിരുന്നു അയാളുടെ പ്രവർത്തനം. മാസിഡോണിയർ അയാളുടെ ശല്യം കുറെക്കാലം സഹിച്ചു. പക്ഷേ അയാളുടെ നടപടികൾ കൂടുതൽ കഠിനമായിത്തീർന്നപ്പോൾ അതു സഹിക്കാൻ പാടില്ലാതെ വന്നിട്ടു് അവർ ഗത്യന്തരമില്ലാതെ ഒരു കടുംകൈ പ്രവർത്തിച്ചു. ന്യായാന്യായങ്ങളെക്കാൾ പണത്തിനു പ്രാധാന്യം കല്പിക്കുന്ന രണ്ടാളുകളെ വാടകയ്ക്കെടുത്തു് അവർ അന്തോണിയെ വധിപ്പിച്ചു. മാസിഡോണിയർ ഈ അതിക്രമം ചെയ്തു കഴിഞ്ഞപ്പോൾ അവർക്കെതിരേ കൂടുതൽ അക്രമങ്ങൾ പ്രവർത്തിക്കുന്നതിനുള്ള ഒരു കാരണമായി നെസ്തോറിയസ് അതിനെ ഉപയോഗിച്ചു. അവരുടെ പള്ളികൾ അവരിൽ നിന്നെടുക്കാൻ ചക്രവർത്തിയെ പ്രേരിപ്പിച്ചു. അതിൻെറ ഫലമായി മാസിഡോണിയക്കു് കോൺസ്റ്റാൻറിനോപ്പിളിൽ പഴയമതിലിനു മുമ്പിൽ നേരത്തേ ഉണ്ടായിരുന്ന പള്ളികൾക്കു പുറമേ സിസിക്കുസിലും ഹെലെസ്പോണ്ടിൻെറ ഗ്രാമീണജില്ലകളിലും ഉണ്ടായിരുന്ന പള്ളികളും നഷ്ടപ്പെട്ടു. അതിനാൽ അക്കാലത്തു് അവയിൽ പലതും കത്തോലിക്കാ സഭയ്ക്കു ലഭിച്ചു. ആ പള്ളികൾ *ഹോമോഉസിയൻ* വിശ്വാസം അംഗീകരിച്ചു. എന്നാൽ ''കടിയന്മാർക്കു് വീണ്ടും മത്സരബുദ്ധികൾക്കു വഴക്കും ആവശ്യമില്ല'' എന്ന സൂക്തമുണ്ടല്ലോ. അതു നെസ്തോറിയസിൻെറ കാര്യത്തിൽ സത്യമായി. അയാൾ മററു പലരെയും സഭയിൽ നിന്നു പുറത്താക്കാൻ ശ്രമിച്ചിട്ടു് ഒടുവിൽ താഴെപറയുന്ന കാരണത്താൽ സ്വയം സഭയിൽ നിന്നു ബഹിഷ്കൃതനായി.

www.malankaralibrary.com



## അധ്യായം 32

# വൈദികനായ അനസ്താസിയൂസ്

നെസ്തോറിയൂസിനു് അന്ത്യോക്യയിൽ നിന്നു കൊണ്ടുവന്ന അനസ്താസിയൂസ് എന്നു പേരുള്ള ഒരു വൈദികസഹായി ഉണ്ടായിരുന്നു. ഇയാളെക്കുറിച്ചു് ഏററവും ഉന്നതമായ മതിപ്പാണ് നെസ്തോറിയൂസിനുണ്ടായിരുന്നതു്. പ്രധാനപ്പെട്ട എല്ലാ കാര്യങ്ങളുടെയും നിർവ്വഹണത്തിൽ അയാളുടെ ഉപദേശങ്ങൾ സ്വീകരിച്ചിരുന്നു. ഈ അനസ്താസിയൂസ് ഒരു ദിവസം പള്ളിയിൽ പ്രസംഗിച്ചുകൊണ്ടിരിക്കുന്നതിനിടയിൽ ഇങ്ങനെ പറഞ്ഞു: ''മറിയത്തെ ആരും ദൈവമാതാവു്''[34] എന്നു വിളിക്കരുതു്. എന്തെന്നാൽ മറിയം കേവലം ഒരു മനുഷ്യസ്ത്രീയാണ്. ദൈവം സ്ത്രീയിൽ നിന്നു ജനിക്കുക എന്നതു് അസാധ്യ കാര്യമാണ്.'' ഈ വാക്കുകൾ വലിയ കോളിളക്കമുണ്ടാക്കി. വൈദികരുടെയും അൽമായരുടെയും ഇടയിൽ അതു വലിയ കലക്കമുണ്ടാക്കി. ക്രിസ്തുവിനെ ദൈവമായി അംഗീകരിക്കാനാണല്ലോ അന്നുവരെ അവർ പഠിപ്പിക്കപ്പെട്ടിട്ടുള്ളതു്. മനുഷ്യാവതാരവ്യാപാരം നിമിത്തം ക്രിസ്തുവിന്റെ ദൈവത്വം മനുഷ്യത്വത്തിൽ നിന്നു വേർപിരിക്കാൻ പാടില്ലാത്തതാണെന്നും അവർ വിശ്വസിച്ചിരുന്നു. വി. ശ്ലീഹായുടെ ഈ വാക്കുകൾ അവർക്കു് അതിനു് പ്രേരകമായിരുന്നു: ''മിശിഹായെ മാനുഷികമായി നമ്മൾ അറിഞ്ഞിരുന്നുവെങ്കിലും ഇനിമുതൽ അവിടുത്തെ അറിയുന്നതു് അങ്ങനെയല്ല'' (2 കൊറി. 5:10). വീണ്ടും ''മിശിഹായുടെ പ്രാരംഭവചനങ്ങൾ വിട്ടു് നമുക്കു പരിപൂർണ്ണതയിലേയ്ക്കു നീങ്ങാം'' (എബ്രാ. 6:1).

അനസ്താസിയൂസിന്റെ വാക്കുകൾ പള്ളിയിൽ വലിയ രോഷത്തിനു കാരണമായി. അയാളുടെ അഭിപ്രായം വാദിച്ചു സ്ഥാപിക്കാനാണ് നെസ്തോറിയൂസ് ശ്രമിച്ചതു്. തന്റെ ബഹുമാനത്തിനു പാത്രമായ വ്യക്തി ദൈവദൂഷണം പറഞ്ഞു എന്നു വരുന്നതു് അയാൾക്കു് ഇഷ്ടമായിരുന്നില്ല. അതിനാൽ ആ വിഷയം സംബന്ധിച്ചു് അയാൾ അനവധി പരസ്യപ്രസം

34. തെയൊതോക്കോസ്

www.malankaralibrary.com



ങ്ങളും നടത്തി. അതിൽ വളരെ വിവാദപരമായ ഒരു നില പാടാണ് അയാൾ സ്വീകരിച്ചതു്. *ദൈവമാതാവ്* എന്ന വിശേഷണം അയാൾ പൂർണ്ണമായി തിരസ്കരിച്ചു. ഈ തർക്കത്തെ ചിലർ ഒരു വിധത്തിൽ സ്വീകരിച്ചു. മററു ചിലർ അതിനു നേരേ വിപരീതമായ വിധത്തിലും. അതു സഭയിൽ വലിയ ഭിന്നത സൃഷ്ടിക്കുകയും എതിരാളികൾ ഇരുട്ടത്തു പരസ്പരം യുദ്ധം ചെയ്യുന്നതുപോലെ ഒരവസ്ഥ സംജാതമാകുകയും ചെയ്തു. എല്ലാവരും പറഞ്ഞതു് ഏററവും ചിന്താക്കുഴപ്പം നിറഞ്ഞതും പരസ്പര വിരുദ്ധവുമായ കാര്യങ്ങളാണ്. അതിനാൽ നമ്മുടെ കർത്താവു് ഒരു കേവല മനുഷ്യനാണെന്ന ദൈവദൂഷണപരമായ അഭിപ്രായം പ്രചരിപ്പിക്കുന്നവനും സാമൊസാട്ടക്കാരൻ പൗലോസിന്റെയും ഫൊതീനൂസിന്റെയും തത്വങ്ങൾ വഞ്ചനാപരമായി സഭയുടെ മേൽ അടിച്ചേല്പിക്കുന്നവനും എന്നുള്ള ദുഷ്കീർത്തി നെസ്റ്റോറിയുസിനു് ജനങ്ങളുടെയിടയിൽ ഉളവായി. ഇതു സംബന്ധിച്ചുള്ള ഒച്ചപ്പാടു് വളരെ ഉഗ്രമായിത്തീർന്നതിനാൽ ഈ തർക്കവിഷയം പരിഗണിക്കുന്നതിനു് ഒരു സാർവ്വത്രിക സൂനഹദോസ് തന്നെ വിളിച്ചു കൂട്ടേണ്ടതു് ആവശ്യമാണെന്നു വന്നു.

നെസ്തോറിയുസിന്റെ ലിഖിതങ്ങൾ ഞാൻ നേരിട്ടു വായിച്ചു നോക്കിയിട്ടുണ്ടു്. അയാൾ വേണ്ടത്ര പഠനമില്ലാത്ത ഒരാളാണെന്നാണു് എനിക്കു തോന്നിയിട്ടുള്ളതു്. അയാളെക്കുറിച്ചു് എനിക്കു തോന്നിയ ബോദ്ധ്യം ആത്മാർത്ഥമായി ഞാൻ ഇവിടെ രേഖപ്പെടുത്താം. വ്യക്തിപരമായ വിദ്വേഷമൊന്നും കൂടാതെ അയാളുടെ കുറവുകൾ ഇതിനുമുമ്പു ഞാൻ ചൂണ്ടിക്കാട്ടിയിട്ടുണ്ടു്. അതുപോലെതന്നെ ഇപ്പോൾ എതിരാളികളുടെ ദോഷാരോപണങ്ങളാൽ നയിക്കപ്പെട്ടു് അയാളുടെ യോഗ്യതകൾ കുറച്ചു പറയാതിരിക്കാനും ഞാൻ ശ്രമിക്കാം. അതിനാൽ അയാൾ സമോസാട്ടക്കാരൻ പൗലോസിന്റെയോ ഫൊതീനൂസിന്റെയോ അനുയായി ആയിരുന്നുവെന്നു സമ്മതിക്കാൻ എനിക്കു സാധിക്കുന്നില്ല. അയാൾ ക്രിസ്തുവിന്റെ ദൈവത്വം നിഷേധിച്ചു എന്നും പറയാൻ സാധ്യമല്ല. എന്നാൽ *ദൈവമാതാവ്* എന്ന പദപ്രയോഗത്തെ ഏതോ ഭീകരദുർഭൂതത്തെ എന്നപോലെ അയാൾ ഭയപ്പെട്ടിരുന്നുവെന്നു തോന്നുന്നു. ഈ വിഷയത്തിൽ അയാൾ പ്രകടിപ്പിച്ച അടിസ്ഥാനരഹിതമായ പരിഭ്രമം അയാളുടെ പരമമായ അജ്ഞത വെളിപ്പെടുത്തി എന്നതാണു വസ്തുത. ഭാഷാ പ്രയോഗത്തിൽ നല്ല ഒഴുക്കുള്ള ഒരാളായിരുന്നതു മൂലം അയാൾ നല്ല പഠനമുള്ള വ്യക്തിയാണെന്നു തെററിദ്ധരിക്കപ്പെട്ടു. പക്ഷേ യഥാർത്ഥത്തിൽ അയാൾ ലജ്ജാകരമാംവിധം അജ്ഞനായിരുന്നു. വാസ്തവത്തിൽ

www.malankaralibrary.com



പ്രാചീനവ്യാഖ്യാതാക്കളുടെ കൃതികൾ സൂക്ഷ്മപഠനത്തിനു വിഷയമാക്കുന്നതിലെ ക്ലേശത്തെ അയാൾ വെറുത്തിരുന്നു. ഭാഷ പ്രയോഗിക്കുന്നതിലുള്ള ലാഘവംമൂലം അഹങ്കരിച്ചിട്ട്, പ്രാചീനഗ്രന്ഥങ്ങൾ ഒന്നും പഠിക്കാൻ മെനക്കെടാതെ താനാണ് ഏറ്റവും വലിയ ആൾ എന്ന് അയാൾ അഹങ്കരിച്ചു. യോഹന്നാന്റെ ഒന്നാം സാർവ്വത്രിക ലേഖനത്തിൽ (4:2 - 3) അതിന്റെ പഴയ പകർപ്പുകളിൽ ഇങ്ങനെ എഴുതപ്പെട്ടിട്ടുണ്ട് എന്ന വസ്തുത അയാൾക്കജ്ഞാതമായിരുന്നു എന്നു വ്യക്തമത്രേ: ''ഈശോയെ വേർതിരിക്കുന്നവൻ ദൈവത്തിൽ നിന്നുള്ളവനല്ല''. ഈ വാക്യത്തിനു മാറ്റങ്ങൾ വരുത്തിയവർ ഈശോയുടെ ദൈവികസ്വഭാവത്തെ മാനുഷികവ്യാപാരത്തിൽനിന്ന് അകറ്റിനിർത്താൻ ആഗ്രഹിച്ചവരാണ് എന്നു കരുതാം. അഥവാ, ആദ്യകാല വ്യാഖ്യാതാക്കളുടെതന്നെ ഭാഷ ഉപയോഗിച്ചാൽ, ക്രിസ്തുവിന്റെ മനുഷ്യത്വത്തെ അവിടുത്തെ ദൈവത്വത്തിൽനിന്ന് 'അകറ്റാൻ' ആഗ്രഹിച്ച ചിലർ ഈ ലേഖനഭാഗത്തെ ദുഷിപ്പിച്ചു. എന്നാൽ രക്ഷകനിൽ മനുഷ്യത്വം ദൈവത്വത്തോടു ചേർന്നിരിക്കുകയാണ്, അതിനാൽ രണ്ടു വ്യക്തികളില്ല, ഒരു വ്യക്തിയേ ഉള്ളൂ. അതുകൊണ്ടാണ് പ്രാചീനർ, പ്രസ്തുത സാക്ഷ്യത്താൽ ധൈര്യം നേടി മറിയത്തെ *ദൈവമാതാവ്* എന്നു വിളിക്കാൻ ധൈര്യപ്പെട്ടത്. എവുസേബിയസ് പംഫിലി രചിച്ച *കോൺസ്റ്റന്റൈന്റെ ജീവചരിത്രത്തിന്റെ* മൂന്നാം പുസ്തകത്തിൽ ഇങ്ങനെ എഴുതുന്നു: ''വാസ്തവത്തിൽ ''നമ്മോടുകൂടെയുള്ള ദൈവം'' നമുക്കുവേണ്ടി ജനിക്കാൻ തയ്യാറായി. അദ്ദേഹത്തിന്റെ ജന്മസ്ഥലത്തെ എബ്രായക്കാർ 'ബേത്‌ലഹെം' എന്നു വിളിക്കുന്നു. അതിനാൽ ഭക്തയായ ഹെലേനാ ചക്രവർത്തിനി ദൈവമാതാവായ കന്യക പ്രസവിച്ച സ്ഥലത്തെ ഏറ്റവും മനോഹരമായ സ്മാരകങ്ങൾകൊണ്ട് അലങ്കരിച്ചു; ഏറ്റവും വിലകൂടിയ ആഭരണങ്ങൾ ആ വിശുദ്ധസ്ഥലത്തെ അണിയിച്ചു[35].''

ഒരിജനും, അപ്പസ്തോലൻ റോമാക്കാർക്കെഴുതിയ ലേഖനത്തിന്റെ വ്യാഖ്യാനങ്ങളുടെ ഒന്നാം വാല്യത്തിൽ, *ദൈവമാതാവ്* എന്ന വാക്ക് ഏതർത്ഥത്തിലാണ് പ്രയുക്തമായിട്ടുള്ളത് എന്നതു സംബന്ധിച്ച് പര്യാപ്തമായ വിശദീകരണം നൽകുന്നുണ്ട്[36]. അതിനാൽ പ്രാചീനർ എഴുതിയ പ്രബന്ധങ്ങളോടു നെസ്തോറിയുസിനു കാര്യമായ പരിചയമുണ്ടായിരു

35. എവുസേബിയസ്, കോൺസ്റ്റന്റൈന്റെ ജീവചരിത്രം, 3.43

36. റോമാലേഖനഭാഷ്യം, 1.1.5.

www.malankaralibrary.com



ന്നില്ല എന്നതു വളരെ സ്പഷ്ടം. അതിനാൽ, ഞാൻ മുമ്പു ചൂണ്ടി ക്കാണിച്ചതുപോലെ, ആ പദപ്രയോഗത്തെ മാത്രമാണ് അയാറം എതിർത്തതു് അതുകൊണ്ടു് സാമസോട്ടക്കാരൻ പൗലോസും ഫൊത്തീനൂസും പറഞ്ഞതുപോലെ ക്രിസ്തു വെറും മനുഷ്യനാണെന്നു് അയാറം വാദിച്ചു എന്നു വരുന്നില്ല. ഇക്കാര്യം അയാളുടെ പ്രസിദ്ധീകൃതങ്ങളായ മതപ്രസംഗങ്ങറം വളരെ വ്യക്തമാക്കുന്നുണ്ടു്. പ്രസിദ്ധീകൃതപ്രസംഗങ്ങളിൽ ഒന്നിലും നെസ്തോറിയൂസ് ഒരിടത്തും ദൈവവചനത്തിൻെറ സ്വന്തമായ വ്യക്തിത്വം[37] നിക്ഷേധിക്കുന്നില്ല. നേരേമറിച്ചു്, അവിടു ത്തേയ്ക്കു് സത്താപരവും വ്യത്യസ്തവുമായ ഒരു വ്യക്തിത്വ മുണ്ടെന്നു് എപ്പോഴും സ്പഷ്ടമായി പറയുകയാണ് അയാറം ചെയ്തിട്ടുള്ളതു്. ഫൊത്തീനൂസും സമോസാട്ടക്കാരനും ചെയ്തതു പോലെയും മനിക്കേയരും മൊണ്ടാനൂസിൻെറ അനുയായികളും ധൈര്യപ്പെട്ടതുപോലെയും അവിടുത്തെ യഥാർത്ഥമായ അസ്തി ത്വത്തെ[38] ഒരു കാലത്തും അയാറം നിഷേധിച്ചിട്ടുമില്ല. നെസ്തോറിയൂസിൻെറ രചനകറം സ്വയം വായിച്ചതിൽനിന്നും അയാളുടെ ആരാധകർ ഉറപ്പിച്ചു പറഞ്ഞ അഭിപ്രായങ്ങളിൽ നിന്നും എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞതു് ഇങ്ങനെയാണ്. എന്നാൽ അയാറം അശ്രദ്ധമായി പുറപ്പെടുവിച്ച, മുകളിൽ പറഞ്ഞ, അഭിപ്രായം മതലോകത്തുളവാക്കിയ കോലാഹല ങ്ങറം കുറച്ചൊന്നുമല്ല.

## അധ്യായം 33

## ഒളിച്ചോടിയ അടിമകളുടെ അതിക്രമം

കാര്യങ്ങളുടെ അവസ്ഥ ഇതായിരിക്കെ, പള്ളിയിൽ ഒരു അതിക്രമം നടന്നു. ശ്രേഷ്ഠനായ ഒരു മനുഷ്യൻെറ വീട്ടിലെ അടിമകളായ കുറെ വിദേശികറം യജമാനനിൽനിന്നു ക്രൂരമായ പെരുമാററം സഹിക്കേണ്ടിവന്നപ്പോറം അവിടെനിന്നു രക്ഷ പെട്ടോടി പള്ളിയിലെത്തി. ഊരിയ വാളുമായി അവർ ഓടി ബലിപീഠം വരെയെത്തി. അവിടെനിന്നു പിന്മാറാനുള്ള അഭ്യ ർത്ഥനകളൊന്നും വിലപ്പോയില്ല. വിശുദ്ധ ശുശ്രൂഷകളെല്ലാം

37. ഹ്യപ്പോസ്റ്റസിസ്
38. Subsistence

www.malankaralibrary.com



അവർ മൂലം തടയപ്പെട്ടു. അവർ അവിടത്തെ നിലപാട്ട് ധൈര്യപൂർവം പല ദിവസം തുടർന്നു. അവരെ സമീപിക്കാൻ ശ്രമിച്ച എല്ലാവരെയും വാളിളക്കിക്കൊണ്ടാണ് അവർ നേരിട്ടത്. പുരോഹിതന്മാരിൽ ഒരാളെ അവർ വധിക്കുകയും വേറൊരാളെ മുറിവേല്പിക്കുകയും ചെയ്തു. അവസാനം സ്വയം വധിക്കാൻ അവർതന്നെ നിർബന്ധിതരായി. ബലിപീഠത്തിന്റെ ഈ അവിശുദ്ധീകരണത്തിന്റെ സന്ദർഭത്തിൽ സന്നിഹിതനായിരുന്ന ഒരാൾ ഇതു് വരാനിരിക്കുന്ന ഏതോ വിപത്തിന്റെ മുൻകൂർ സൂചനയാണെന്നു് അഭിപ്രായപ്പെട്ടു. ആ വിഷയത്തിലുള്ള അയാളുടെ അഭിപ്രായത്തിനു് ഉപോദ്ബലകമായി ഒരു പ്രാചീന കവിയുടെ രചനയിൽ നിന്നു് *യാംബിക്ക്* വൃത്തത്തിലുള്ള ഈ വരികൾ അയാൾ ഉദ്ധരിക്കുകയും ചെയ്തു:

''ദേവാലയങ്ങൾ അതിക്രമങ്ങൾകൊണ്ടു് മലിനീകൃതമാകുമ്പോൾ അതു് ദുഃസംഭവങ്ങളുടെ ശകുനമാകുന്നു.''

ഈ ഭാവിപ്രവചനം ചെയ്തയാളിനു് അയാളുടെ ശകുനസൂചനയിൽ നിരാശപ്പെടേണ്ടി വന്നതുമില്ല. ജനങ്ങളുടെയിടയിൽ സംഭവിക്കാനിരിക്കുന്ന ഭിന്നതയെയും അതിനു കാരണക്കാരനായ വ്യക്തിയുടെ സ്ഥാനഭ്രംശത്തെയും അതു സൂചിപ്പിച്ചു എന്നു പറയാം.

## അധ്യായം 34

# എഫേസോസ് സൂനഹദോസ്– നെസ്തോറിയുസിന്റെ പതനം

അധികം താമസിയാതെ, എല്ലാ സ്ഥലങ്ങളിലെയും മെത്രാന്മാർ എഫേസോസിൽ സമ്മേളിക്കണമെന്നു് ചക്രവർത്തി കല്പനയായി. അതനുസരിച്ചു് ഉയിർപ്പുതിരുനാൾ കഴിഞ്ഞയുടനെ, നെസ്തോറിയുസ് തന്റെ അനുയായികളുടെ ഒരു വലിയ സംഘത്തോടുകൂടി എഫേസോസിൽ എത്തിച്ചേർന്നു. ധാരാളം മെത്രാന്മാർ അവിടെ സമ്മേളിച്ചിരിക്കുന്നതായി കണ്ടെത്തുകയും ചെയ്തു. അലക്സാൺഡ്രിയായിലെ മെത്രാനായ സിറിൽ വന്നെത്താൻ താമസിച്ചു. പെന്തിക്കൊസ്തി സമീപിച്ചേ അദ്ദേഹം വന്നെത്തിയുള്ളൂ. പെന്തിക്കൊസ്തി കഴിഞ്ഞു് അഞ്ചു ദിവസത്തിനുശേഷം ജറുസലെം

www.malankaralibrary.com



മെത്രാനായ യുവെനൽ വന്നുചേന്നു. അന്ത്യോക്യയിലെ ജോൺ അപ്പോഴും വന്നെത്തിയില്ല, അതിനാൽ സന്നിഹിതരായിരുന്നവർ പ്രശ്നത്തെക്കുറിച്ചു വിചിന്തനം തുടങ്ങി. അലക്സാൺഡ്രിയായിലെ സിറിൽ വാക്കുകൾ കൊണ്ടു് കഠിനമായ ഏററുമുട്ടൽ ആരംഭിച്ചു. നെസ്തോറിയുസിനെ ഭയപ്പെടുത്തണം എന്ന ഉദ്ദേശ്യത്തോടെ ആയിരുന്നു അതു്. അദ്ദേഹത്തിനു് നെസ്തോറിയുസിനോടു് ശക്തിയായ വിരോധമുണ്ടായിരുന്നു. ക്രിസ്തു ദൈവമാണെന്നു് പലരും പ്രഖ്യാപിച്ചപ്പോഴ് നെസ്തോറിയുസ് പറഞ്ഞു, ''രണ്ടോ മൂന്നോ മാസം മാത്രം പ്രായമുള്ള ആളെ ദൈവമെന്നു വിളിക്കാൻ എനിക്കു സാധ്യമല്ല. അതിനാൽ നിങ്ങളുടെ രക്തത്തിൽ എനിക്കു പങ്കില്ല; മേലിൽ നിങ്ങളുടെ ഇടയിൽ ഞാൻ വരികയുമില്ല.'' ഇങ്ങനെ പറഞ്ഞിട്ടു് അയാൾ ആ സമ്മേളനത്തിൽ നിന്നു പുറത്തുപോയി. അതിനുശേഷം തന്നോടു് അഭിപ്രായ സാധർമ്മ്യമുള്ള മെത്രാന്മാരോടു ചേർന്നു് സമ്മേളനങ്ങൾ നടത്തി. അങ്ങനെ, നഗരത്തിലെത്തിയിരുന്ന മെത്രാന്മാർ രണ്ടു വിഭാഗമായിത്തിരിഞ്ഞു. സിറിലിനെ അനുകൂലിച്ചിരുന്ന വിഭാഗം ഒരു സിനഡുകൂടി നെസ്തോറിയുസിനെ വിളിപ്പിച്ചു. നെസ്തോറിയുസ് ചെല്ലാൻ വിസമ്മതിച്ചു. അന്ത്യോക്യയിലെ ജോണിൻെറ ആഗമനം വരെ അവരെ തിരസ്കരിച്ചു. അതിനാൽ സിറിലിൻെറ പക്ഷക്കാർ, നെസ്തോറിയുസ് തർക്കവിഷയസംബന്ധമായി ചെയ്തിട്ടുള്ള പരസ്യപ്രസംഗങ്ങളുടെ പരിശോധന ആരംഭിച്ചു. അവ വീണ്ടും വീണ്ടും പരിശോധിച്ചു കഴിഞ്ഞതിനുശേഷം ആ പ്രസംഗങ്ങളിൽ ദൈവപുത്രനെതിരായ സ്പഷ്ടമായ ദൈവദൂഷണമുണ്ടു് എന്നു് അവർ തീരുമാനിക്കുകയും നെസ്തോറിയുസിനെ സ്ഥാനഭ്രഷ്ടനാക്കുകയും ചെയ്തു.

അവർ ഇങ്ങനെ ചെയ്തു കഴിഞ്ഞപ്പോൾ നെസ്തോറിയുസിൻെറ പക്ഷക്കാർ മറെറാരു സിനഡുകൂടി. അവർ സിറിലിനെയും എഫേസോസ് മെത്രാൻ മെമ്നോനെയും സ്ഥാനഭ്രഷ്ടരാക്കി. ഇത്രയും കഴിഞ്ഞു് അധികം താമസിയാതെ അന്ത്യോക്യായിലെ മെത്രാനായ ജോൺ സ്ഥലത്തെത്തി. സംഭവിച്ച കാര്യങ്ങളെല്ലാം മനസ്സിലായിക്കഴിഞ്ഞപ്പോൾ അയാൾ സിറിലിനെ കലവറയില്ലാതെ കുററപ്പെടുത്തി. കുഴപ്പങ്ങൾക്കെല്ലാം കാരണക്കാരൻ സിറിലാണെന്നു് ആരോപിച്ചു. നെസ്തോറിയുസിനെ അത്ര തിടുക്കത്തിൽ സ്ഥാനഭ്രഷ്ടനാക്കിയതിലായിരുന്നു കുററം.

ഉടനെ യുവെനാലിനോടു ചേർന്നു് ജോണിനോടു പ്രതികാരം ചെയ്യാൻ തീരുമാനിച്ചു. അവർ ജോണിനെയും സ്ഥാന

www.malankaralibrary.com



ഭ്രഷ്ടനാക്കി. കാര്യങ്ങൾ ഇങ്ങനെ മഹാകുഴപ്പത്തിൽ എത്തിച്ചേർന്നപ്പോൾ താനുളവാക്കിയ തർക്കം സഭയുടെ ഐക്യത്തെ തകർക്കുന്നു എന്നു നെസ്തോറിയുസ് കണ്ടു. വലിയ ഖേദത്തോടെ അയാൾ മറിയത്തെ *ദൈവമാതാവെന്നു* വിളിച്ചു. അയാൾ വിളിച്ചു പറഞ്ഞു, ''നിങ്ങൾക്കു വേണമെങ്കിൽ മറിയത്തെ ദൈവമാതാവെന്നു വിളിച്ചുകൊള്ളുക; തർക്കങ്ങളെല്ലാം അവസാനിക്കട്ടെ.'' നെസ്തോറിയുസ് ഇപ്രകാരം തന്റെ അഭിപ്രായം പിൻവലിച്ചെങ്കിലും അതാരും ശ്രദ്ധിച്ചില്ല. അയാളുടെ സ്ഥാനഭ്രംശനം പിൻവലിക്കപ്പെട്ടില്ല. 'മരുപ്പച്ച'യിലേക്കു[39] നാടുകടത്തപ്പെട്ട അയാൾ ഇപ്പോഴും അവിടെത്തന്നെ വസിക്കുന്നു. ഇങ്ങനെയായിരുന്നു ഈ സിനഡിന്റെ പര്യവസാനം. ബാസ്സുസും അന്തിയോക്കസും കോൺസുൾമാരായിരുന്ന വർഷം ജൂൺ 28-നു് ആയിരുന്നു ഇക്കാര്യങ്ങൾ നടന്നതു്.[40] ജോൺ തന്റെ രൂപതാ ആസ്ഥാനത്തു തിരിച്ചെത്തിയപ്പോൾ കുറെ മെത്രാന്മാരെ വിളിച്ചുകൂട്ടിയതിനുശേഷം സിറിലിനെ സ്ഥാനഭ്രഷ്ടനാക്കി. സിറിലും തന്റെ ആസ്ഥാനത്തേയ്ക്കു തിരിച്ചു പോയിരുന്നു. എന്നാൽ താമസിയാതെ സിറിലും ജോണും അവരുടെ ശത്രുതയെല്ലാം അവസാനിപ്പിക്കുകയും പരസ്പരം സുഹൃത്തുക്കളായി സ്വീകരിക്കുകയും ചെയ്തു.[41] അവർ രണ്ടു പേരും ഇതരനെ അയാളുടെ ഭദ്രാസനത്തിൽ പുനഃപ്രതിഷ്ഠിച്ചു.

നെസ്തോറിയുസിന്റെ സ്ഥാനഭ്രംശനത്തെ തുടർന്നു് കോൺസ്റ്റാൻറിനോപ്പിളിലെ പള്ളികളിലെല്ലാം വലിയ വിക്ഷോഭമുണ്ടായി. അയാളുടെ നിർഭാഗ്യകരങ്ങളായ ഉദീരണങ്ങൾ എന്നു നാം മുമ്പു പറഞ്ഞ കാര്യങ്ങളെക്കുറിച്ചു ആളുകൾക്കിടയിൽ ശക്തിയായ അഭിപ്രായ വ്യത്യാസങ്ങളുണ്ടായി. വൈദികർ ഏകകണ്ഠമായി നെസ്തോറിയുസിനെ ശപിച്ചു. ദൈവദൂഷണപരമായ ഏതെങ്കിലും ആശയങ്ങൾ മുമ്പോട്ടു കൊണ്ടുവരുന്ന ആളുകൾക്കെതിരെ ക്രിസ്ത്യാനികളായ നാം പുറപ്പെടുവിക്കാറുള്ള ശിക്ഷാവിധിക്കു് *ശപിക്കൽ* എന്നാണു പറയാറു്. ഒരു തൂണിൽ കെട്ടി നിർത്തി പരസ്യമായി അധിക്ഷേപിക്കുന്നതു പോലെ അതു വഴി അവരുടെ ഭക്തി വിരുദ്ധത പരസ്യ അധിക്ഷേപത്തിനായി നാം മാററി വയ്ക്കുന്നു.

---

39. ഈജിപ്തിലെ മണലാരണ്യത്തിലുള്ള ഒരാശ്രമത്തിലേക്കു്. അലഞ്ഞുനടക്കുന്നവരുടെ ആക്രമണത്തിനു് നിരന്തരമായി വിധേയമായിരുന്നു ഈ ആശ്രമം.

40. 431-ൽ

41. 433-ൽ

www.malankaralibrary.com



## അധ്യായം 35

## മാക്സിമിയൻ കോൺസ്റ്റാൻറിനോപ്പിൾ മെത്രാൻ

ഇതിനുശേഷം കോൺസ്റ്റാൻറിനോപ്പിളിലെ മെത്രാനെ തെരഞ്ഞെടുക്കുന്നതു സംബന്ധിച്ച് വലിയ തർക്കമുണ്ടായി. പലരും ഫിലിപ്പിനെ അനുകൂലിച്ചു. ഫിലിപ്പിൻെറ കാര്യം നാം ഇതിനു മുമ്പു പറഞ്ഞിട്ടുള്ളതാണല്ലോ. അതിലും അധികം ആളുകൾ പ്രോക്ലുസിൻെറ അവകാശങ്ങൾക്കുവേണ്ടി വാദിച്ചു. പ്രോക്ലുസിൻെറ സ്ഥാനാർത്ഥിത്വം ഏതാണ്ട് ഉറപ്പാകുമായിരുന്നു. എന്നാൽ ഏററവും അധികം സ്വാധീനമുള്ള ചിലയാളുകൾ വിപരീതമായി ഇടപെട്ടതുകൊണ്ടാണ് അതു നടക്കാതെ വന്നതു്. ഒരു രൂപതയുടെ മെത്രാനായി നിയോഗിക്കപ്പെട്ടയാൾ വേറൊരു രൂപതയിലേയ്ക്കു മാററി സ്ഥാപിക്കപ്പെടരുതെന്നു സഭാനിയമമുണ്ടെന്നു് അവർ പറഞ്ഞു. ഇതു വിശ്വസിച്ച് ആളുകൾ അടങ്ങി. അങ്ങനെ, നെസ്റ്റോറിയുസിനെ സ്ഥാനഭ്രഷ്ടനാക്കിയതിനുശേഷം നാലുമാസം കഴിഞ്ഞു് മാക്സിമിയൻ എന്നയാൾ മെത്രാൻ സ്ഥാനത്തേയ്ക്കു് ഉയർത്തപ്പെട്ടു. അദ്ദേഹം താപസോചിതജീവിതം നയിച്ചിരുന്നവനും ജീവിതവിശുദ്ധിയുടെ പേരിൽ വളരെ ജനസമ്മതി നേടിയവനും ആയ ഒരു വൈദികനായിരുന്നു. അദ്ദേഹം ഭക്തജീവിതം നയിച്ചിരുന്നവരുടെ മൃതദേഹങ്ങൾ സംസ്കരിക്കുന്നതിനായി സ്വന്തം ചെലവിൽ കുറെ കല്ലറകൾ ഉണ്ടാക്കിയിരുന്നു. എന്നാൽ അദ്ദേഹം പരുഷഭാഷിയും ഒതുങ്ങിയ ജീവിതം നയിക്കാൻ ആഗ്രഹിച്ചയാളുമായിരുന്നു.

## അധ്യായം 36

## മെത്രാന്മാരുടെ സ്ഥലം മാററത്തെക്കുറിച്ച്

പ്രോക്ലുസിനെ കോൺസ്റ്റാൻറിനോപ്പിൾ മെത്രാനായി തെരഞ്ഞെടുക്കുന്നതിനെ ചിലർ തടഞ്ഞല്ലോ. സീസിക്കുസിലെ മെത്രാനായി മുമ്പു നിയമിക്കപ്പെട്ടയാളാണ് അദ്ദേഹം എന്നതുകൊണ്ട് മെത്രാന്മാരുടെ സ്ഥലം മാററത്തെ നിരോധിക്കുന്ന ഒരു

www.malankaralibrary.com



സഭാനിയമത്തിന്റെ പേരിലാണ് അവർ അങ്ങനെ ചെയ്തത്. അതിനാൽ ഈ വിഷയത്തെക്കുറിച്ച് ചില അഭിപ്രായങ്ങൾ രേഖപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നു. പ്രോക്ലുസിനെ പുറത്തു നിർത്താൻ അങ്ങനെ ഒരു ന്യായം കൊണ്ടുവന്നവർ പറഞ്ഞതു സത്യമാണെന്ന് എനിക്കു തോന്നുന്നില്ല. ഒന്നുകിൽ അവർ പ്രോക്ലുസിനെതിരായ മുൻവിധിയുള്ളവരായിരുന്നു. അല്ലെങ്കിൽ അവർ സഭാനിയമങ്ങളെക്കുറിച്ചും സഭകളിൽ ധാരാളമായി നിലവിലിരുന്നതും സഭകൾക്ക് ഏററവും പ്രയോജനപ്രദവും സ്ഥിരപ്രതിഷ്ഠലഭിച്ചതുമായ മുൻനടപടികളെക്കുറിച്ചും അജ്ഞരായിരുന്നു. എവുസേബിയസ് പംഫീലി അദ്ദേഹത്തിന്റെ തിരുസഭാചരിത്രത്തിന്റെ ആറാം പുസ്തകത്തിൽ ഒരു അലക്സാണ്ടർ മെത്രാന്റെ കാര്യം രേഖപ്പെടുത്തുന്നുണ്ട്. അദ്ദേഹം കപ്പദോക്യായിലെ ഒരു നഗരത്തിന്റെ മെത്രാനായിരുന്നു. ആരാധനാപരമായ കാര്യങ്ങൾക്ക് അദ്ദേഹം ജറുസലെമിലെത്തി. നഗരവാസികൾ നിർബ്ബന്ധിച്ച് അദ്ദേഹത്തെ അവിടെ താമസിപ്പിച്ചു. പിന്നീട് നർചീസൂസിന്റെ പിൻഗാമിയായി അദ്ദേഹത്തെ അവിടത്തെ മെത്രാനാക്കി. തന്റെ ശിഷ്ടജീവിതകാലം അദ്ദേഹം അവിടുത്തെ പള്ളികൾ ഭരിച്ചു. ആവശ്യമെന്നു തോന്നുമ്പോൾ ഒരു മെത്രാനെ ഒരു നഗരത്തിൽ നിന്നു വേറൊരു നഗരത്തിലേക്കു മാററുക എന്നതു് നമ്മുടെ പൂർവ്വികരുടെ നോട്ടത്തിൽ വളരെ നിസ്സാരമായ ഒരു കാര്യമായിരുന്നു. എന്നാൽ പ്രോക്ലുസിന്റെ വാഴ്ച തടഞ്ഞവർ ഉന്നയിച്ച വാദങ്ങളുടെ അയഥാർത്ഥത സംശയാതീതമായി സ്പഷ്ടമാക്കേണ്ട ആവശ്യമുണ്ടെങ്കിൽ ഈ വിഷയം സംബന്ധിച്ച സഭാനിയമം ഞാൻ ഇവിടെ ഉദ്ധരിക്കാം. അതിപ്രകാരമാണ്:[42]

''മെത്രാനായി വാഴിക്കപ്പെട്ടതിനുശേഷം ആരെങ്കിലും താൻ നിയമിതനായിട്ടുള്ള സഭയിലേയ്ക്കു പോയില്ലെങ്കിൽ, അതു് അയാളുടെ [illegible]ം കൊണ്ടല്ലെങ്കിൽ-ജനങ്ങൾക്ക് അയാളെ മായ തെരു[illegible]ഷ്ടമില്ലാതിരിക്കുകയോ അനിവാര്യമായ കുറെ [illegible]ണം ഉണ്ടായിരിക്കുകയോ ചെയ്താൽ- അയാ[illegible]ർസ്ഥാനത്തിന്റെയും ചുമതലകളുടെയും ഭാഗഭാക്ക് ആയിരുന്നുകൊള്ളട്ടെ. അയാൾ എവിടെ താമസിക്കുന്നുവോ ആ സ്ഥലത്തെ സഭയുടെ പ്രവർത്തനങ്ങളിൽ അയാൾ ഇടപെട്ട് ശല്യമുണ്ടാക്കരുതു്. സ്ഥലത്തെ സിനഡ് സാഹചര്യങ്ങൾ മനസ്സിലാക്കി തീരുമാനിക്കുന്ന കാര്യങ്ങൾ അനുസരിക്കുക അയാളുടെ ചുമതലയാകുന്നു.''

42. അന്ത്യോക്യൻ സിനഡിന്റെ 18-ാം കാനൻ.

www.malankaralibrary.com



ഇതാണു സഭാനിയമത്തിൻെറ ഭാഷ. ഓരോ സാഹചര്യത്തിൻെറയും പ്രത്യേക സ്വഭാവമനുസരിച്ച് പല മെത്രാന്മാരും ഒരു നഗരത്തിൽനിന്നു് മറെറാന്നിലേയ്ക്കു മാററപ്പെട്ടിട്ടുണ്ടു് എന്നതിനു് തെളിവായി അങ്ങനെ മാററപ്പെട്ടവരുടെ പേരുകൾ ഇവിടെ എടുത്തു പറയാം. പത്രേയുടെ മെത്രാനായി അഭിഷിക്തനായതാണു് പെരിജേനെസ്. എന്നാൽ ആ നഗരത്തിലെ ജനങ്ങൾ അദ്ദേഹത്തെ സ്വീകരിക്കാൻ വിസമ്മതിച്ചു. അപ്പോൾ അദ്ദേഹത്തെ കോറിന്തിലെ മെത്രാപ്പോലീത്താസ്ഥാനത്തേയ്ക്കു മാററി സ്ഥാപിക്കാൻ റോമിലെ മെത്രാൻ നിർദ്ദേശിച്ചു. നേരത്തേയുള്ള മെത്രാൻെറ മരണം മൂലം അവിടുത്തെ മെത്രാസനം ഒഴിവായിരുന്നു. ഇവിടെ തൻെറ ജീവിതശിഷ്ടം മുഴുവൻ അദ്ദേഹം ഭരണം നടത്തി. ഗ്രിഗറി ആദ്യം സാസിമായിലെ മെത്രാനായിട്ടാണു നിയമിക്കപ്പെട്ടതു്. അതു് കപ്പഡോഷ്യയിലെ നഗരങ്ങളിലൊന്നത്രേ. എന്നാൽ പിന്നീടു് അദ്ദേഹം നസിയാൻസുസിലേയ്ക്കു മാററപ്പെട്ടു. മെലീഷ്യസ് സെബസ്റ്റേയിലെ സഭയെ ഭരിച്ചശേഷം തുടർന്നു് അന്ത്യോക്യയിലെ സഭയെ ഭരിച്ചു. അന്ത്യോക്യയിലെ മെത്രാനായിരുന്ന അലക്സാണ്ടർ സെലൂഷ്യയിലെ മെത്രാനായിരുന്ന ദോസിത്തെവൂസിനെ സിലീഷ്യയിലെ തർസോസിലേയ്ക്കു മാററി. റൈവെറാൻസ്യസ് ഫിനീഷ്യയിലെ അക്രായിൽനിന്നു് ടയറിലേയ്ക്കു മാററപ്പെട്ടു. ലിഡിയായിലെ ഒരു നഗരമായ ഗോർഡുമിൽ നിന്നു് പ്രോക്കൊന്നേസൂസിലേയ്ക്കു ജോൺ മാററപ്പെട്ടു; തുടന്നു് അയാൾ അവിടെ ഭരണം നടത്തി. പല്ലാഡിയൂസ് ഹെലേനോപ്പോലീസിൽനിന്നു് അസ്പൂനായിലേയ്ക്കു മാററപ്പെട്ടു; അലക്സാണ്ടർ അതേ നഗരത്തിൽനിന്നു് അഡ്രിയാനിയിലേയ്ക്കു്. തെയോഫിലസ് ഏഷ്യയിലെ അപമെയായിൽനിന്നു് സലാംബ്രിയാ എന്നു് പണ്ടു വിളിക്കപ്പെട്ടിരുന്ന എവുഡോക്സ്യോപ്പോലീസിലേയ്ക്കു മാററപ്പെട്ടു. പോളിക്കാർപ്പ് മീസിയായിലെ ഒരു നഗരമായ സെക്കുന്താ പ്രിസ്റ്റായിൽനിന്നു് ത്രേസിലെ നിക്കോപ്പോലീസിലേയ്ക്കു മാററപ്പെട്ടു. ഹിയെരോഫീലുസ് ഫ്രീജിയായിലെ ട്രാപ്പെസോപ്പോലീസിൽനിന്നു് ത്രേസിലെ പ്ലൊത്തീനോപ്പൊലീസിലേയ്ക്കു്. ഓപ്തീമുസ് ഫ്രീജിയായിലെ അഗ്ദാമിയായിൽനിന്നു് പിസീദിയായിലെ അന്ത്യോക്യയിലേയ്ക്കു്. സിൽവാനൂസ് ത്രേസിലെ ഫിലിപ്പോപൊലീസിൽ നിന്നു് ത്രോവാസിലേയ്ക്കു്. –ഒരു രൂപതയിൽനിന്നു മറെറാരു രൂപതയിലേയ്ക്കു മാറിയ ഈ മെത്രാന്മാരുടെ പട്ടിക തല്ക്കാലം മതിയാകുമെന്നു കരുതുന്നു. ത്രേസിലെ ഫിലിപ്പോപൊലീസിൽനിന്നു് ത്രോവാസിലേയ്ക്കു മാററപ്പെട്ട സിൽവാനൂസിനെ കുറിച്ചു് ഒരു ചുരുങ്ങിയ വിവരണം ഇവിടെ നൽകുന്നതു് ആശാസ്യമായിരിക്കുമെന്നു ഞാൻ കരുതുന്നു.

www.malankaralibrary.com



## അധ്യായം 37

# സിൽവാന്തസ് പ്രവർത്തിച്ച അത്ഭുതം

സിൽവാന്തസ് ആദ്യം ഒരു പ്രഭാഷണകലാവിദഗ്ധനായിരുന്നു. താർക്കികനായ ട്രോയിലുസിന്റെ വിദ്യാലയത്തിലാണ് അയാൾ പരിശീലനം നേടിയത്. എന്നാൽ പിന്നീട് ക്രൈസ്തവപഠനങ്ങളിൽ പൂർണ്ണത നേടുന്നതിനുവേണ്ടി അദ്ദേഹം സന്യാസജീവിതം സ്വീകരിച്ചു. പ്രഭാഷണവിദഗ്ധന്റെ സ്ഥാനവസ്ത്രം മാററിവയ്ക്കുകയും ചെയ്തു. അദ്ദേഹത്തെ ശ്രദ്ധിക്കാനിടയായ കോൺസ്റ്റാൻറിനോപ്പിൾ മെത്രാൻ അററിക്കൂസ് പിന്നീട് അദ്ദേഹത്തെ ഫിലിപ്പോപൊലീസിലെ മെത്രാനായി അഭിഷേചിച്ചു. ഇങ്ങനെ അദ്ദേഹം മൂന്നുകൊല്ലം ത്രേസിൽ വസിച്ചു. എന്നാൽ ആ പ്രദേശത്തെ ശൈത്യം അദ്ദേഹത്തിനു ദുസ്സഹമായിരുന്നതിനാൽ – അദ്ദേഹത്തിന്റെ ശരീരസ്ഥിതി ദുർബ്ബലവും രുഗ്ണവുമായിരുന്നു – തന്റെ സ്ഥാനത്തു വേറൊരാളെ നിയമിക്കാൻ അദ്ദേഹം അററിക്കൂസിനോടപേക്ഷിച്ചു. താൻ ത്രേസിലെ നിവാസം ഉപേക്ഷിക്കുന്നതു് ശൈത്യമല്ലാതെ മറെറാരു കാരണവും കൊണ്ടല്ല എന്നു് അദ്ദേഹം വ്യക്തമാക്കി. ഇങ്ങനെ ചെയ്തതിനുശേഷം സിൽവാന്തസ് കോൺസ്റ്റാൻറിനോപ്പിളിൽ താമസമാക്കി. അവിടെ വച്ചു് അദ്ദേഹം അതികഠിനമായ തപശ്ചര്യകൾ അനുഷ്ഠിച്ചു. ആ കാലഘട്ടത്തിന്റെ ആഡംബരപൂർണ്ണമായ പരിഷ്കാരങ്ങളെല്ലാം ഉപേക്ഷിച്ചു്, വയ്ക്കോലുകൊണ്ടുള്ള പാദരക്ഷ ധരിച്ചുകൊണ്ടു്, കോൺസ്റ്റാൻറിനോപ്പിൾ നഗരത്തിന്റെ ജനബഹുലമായ തെരുവുകളിൽ അദ്ദേഹം പ്രത്യക്ഷപ്പെട്ടിരുന്നു. അങ്ങനെ കുറെ കഴിഞ്ഞപ്പോൾ ത്രോവാസിലെ മെത്രാൻ നിര്യാതനായി. അതിനെത്തുടർന്നു് അവിടത്തെ ജനങ്ങൾ മറെറാരു മെത്രാനെ നിയമിച്ചുകിട്ടുന്നതിനു വേണ്ടി അററിക്കൂസിനെ സമീപിച്ചു. ആരെയാണു വാഴിക്കേണ്ടതു് എന്നു് അദ്ദേഹം ആലോചിച്ചുകൊണ്ടിരുന്ന സമയത്തു് സിൽവാന്തസ് അദ്ദേഹത്തെ സന്ദർശിക്കാൻ ചെന്നു. അപ്പോൾ അററിക്കൂസ് തന്റെ ഉത്കണ്ഠയിൽ നിന്നു മുക്തനായി. സിൽവാന്തസിനെ സംബോധന ചെയ്തു് അദ്ദേഹം പറഞ്ഞു, ''ഇനി ഒരു സഭയുടെ അജപാലകച്ചുമതല ഒഴിവാക്കുന്നതിനു് അങ്ങേയ്ക്കു നീതീകരണം ഒന്നുമില്ല. കാരണം, ത്രോവാസ് തണുപ്പുള്ള സ്ഥലമല്ല. ദൈവം

www.malankaralibrary.com



അങ്ങയുടെ ശരീരാസ്വാസ്ഥ്യം പരിഗണിച്ച് അങ്ങേയ്ക്ക് യുക്തമായ ഒരു വാസസ്ഥലം നിശ്ചയിച്ചു തന്നിരിക്കുന്നു. അതിനാൽ താമസിയാതെ അങ്ങോട്ടു പോവുക.'' അതനുസരിച്ചു സിൽവാന്യൂസ് ആ നഗരത്തിലേയ്ക്കു പോയി.

ഇവിടെ അദ്ദേഹം വഴിയായി സംഭവിച്ച ഒരത്ഭുതം ഞാനിപ്പോൾ വിവരിക്കാം. 'ഫ്ളോട്ട്''[43] എന്നു വിളിക്കപ്പെടുന്ന, ജാതി ഒരു വലിയ ചരക്കുകപ്പൽ ത്രോവാസിന്റെ തീരത്തു നിർമ്മിക്കപ്പെട്ടു. വളരെ വലിയ തൂണുകൾ കൊണ്ടുപോകുന്നതിനുവേണ്ടിയാണ് അതു നിർമ്മിച്ചത്. ഈ കപ്പൽ കടലിലിറക്കേണ്ടതുണ്ടായിരുന്നു. അനേകം വലിയ കയറുകൾ കെട്ടി അസംഖ്യം ആളുകൾ അവയിൽ പിടിച്ചു വലിച്ചെങ്കിലും ആ കപ്പൽ ഇരുപ്പിൽ നിന്ന് അല്പവും ഇളകിയില്ല. ഇതേ പ്രയത്നം അനേകദിവസം ഇതുപോലെ നിഷ്ഫലമായി ആവർത്തിക്കപ്പെട്ടു. ഏതോ ഒരു പിശാചു് കപ്പലിനെ തടയുകയാണെന്ന് ആളുകൾ വിശ്വസിച്ചു. അതിനാൽ അവർ സിൽവാന്യൂസ് മെത്രാന്റെ അടുത്തെത്തി. അദ്ദേഹം ആ സ്ഥലത്തെത്തി ഒരു പ്രാർത്ഥന നടത്തണമെന്ന് അവർ ആവശ്യപ്പെട്ടു. എങ്കിൽ മാത്രമേ കപ്പൽ ഇളകൂ എന്ന് അവർ കരുതി. സിൽവാന്യൂസ് തന്റെ സ്വാഭാവികമായ എളിമയോടെ പറഞ്ഞു, ''ഞാൻ ഒരു പാപിയാണ്. ഇക്കാര്യം നീതിമാനായ ഒരാളാണു നിർവ്വഹിക്കേണ്ടതു്; ഞാനല്ല.'' എന്നാൽ, ജനങ്ങളുടെ നിരന്തരമായ അഭ്യർത്ഥനകൾക്ക് അദ്ദേഹം വഴങ്ങി. തീരത്തെത്തി പ്രാർത്ഥിച്ചതിനുശേഷം അദ്ദേഹം കയറുകളിൽ ഒന്നിൽ സ്പർശിച്ചു. ശക്തിയായി വലിക്കാൻ ആളുകളോട് ആവശ്യപ്പെട്ടു. ആദ്യത്തെ ഒററവലിക്കു തന്നെ കപ്പൽ ഇളകി. അതു് അതിവേഗം കടലിലേയ്ക്ക് ഒഴുകി. സിൽവാന്യൂസിന്റെ കരങ്ങളിലൂടെ സംഭവിച്ച ഈ അത്ഭുതം ആ പ്രവിശ്യയിലെ ജനങ്ങളെ മുഴുവൻ ഭക്തിമാർഗ്ഗത്തിലേയ്ക്കു തിരിച്ചു.

സിൽവാന്യൂസിന്റെ അസാധാരണ യോഗ്യത വേറെയും പലവിധത്തിൽ വ്യക്തമായി. നിയമപരമായ കേസുകളിലും മത്സരങ്ങളിലും ഏർപ്പെട്ടിരിക്കുന്നവരുടെ ഇടപാടുകൾ വൈദികർ ഒരു വരുമാനമാർഗ്ഗമാക്കുന്നുവെന്ന് അദ്ദേഹം മനസ്സിലാക്കി. അതിനാൽ അത്തരം കേസുകളിൽ വൈദികരെ വിധിയാളന്മാരായി നിയമിക്കുന്ന ഏർപ്പാട് അദ്ദേഹം നിർത്തലാക്കി. പരാതിക്കാരുടെരേഖകളെല്ലാം തനിക്കു നേരിട്ടു നൽകാൻ അദ്ദേഹം

---

43. platēn (plōten): a sort of raft

www.malankaralibrary.com



ആവശ്യപ്പെട്ടു. അതിനുശേഷം. സ്വഭാവശുദ്ധിയുടെ കാര്യത്തിൽ തനിക്കു് ഉത്തമ ബോദ്ധ്യമുള്ള ചില അൽമായരെ വിളിച്ചുവരുത്തി അവരെ കേസുകളുടെ വിധിനിർണ്ണയം ഏൽപിച്ചു. ഇപ്രകാരം കേസുകളെല്ലാം നീതിയുക്തമായി തീരുമാനിക്കപ്പെട്ടു. ഈ നടപടിമൂലം സിൽവാനൂസിനു് എല്ലാ വിഭാഗം ജനങ്ങളുടെയിടയിലും മതിപ്പു വർദ്ധിച്ചു.

സിൽവാനൂസിനെക്കുറിച്ചുള്ള ഈ വിവരണം മൂലം നാം നമ്മുടെ ചരിത്രത്തിന്റെ ഗതിയിൽനിന്നു് അകന്നുപോയി. എങ്കിലും അതു തീരെ പ്രയോജനരഹിതമല്ലെന്നു ഞാൻ കരുതുന്നു. ഇനി നാം വിട്ടുപോന്ന ഭാഗത്തേയ്ക്കു തിരികെ ചെല്ലാം. ബാസ്സൂസിന്റെയും അന്തിയോക്കസിന്റെയും കോൺസുളേററു കാലത്തു് ഒക്ടോബർ 25-ാം തീയതി മാക്സിമിയൻ അഭിഷിക്തനായി.[44] അദ്ദേഹത്തിനു കീഴിൽ സഭയുടെ കാര്യങ്ങൾ കൂടുതൽ ക്രമീകൃതവും സമാധാനപൂർണ്ണവുമായി.

## അധ്യായം 38

## ക്രീററിലെ യഹൂദർ

ഏതാണ്ടു് ഇക്കാലത്തു് ക്രീററിൽ വസിച്ചിരുന്ന കുറെയധികം യഹൂദർ ക്രിസ്തുമതത്തിലേയ്ക്കു പരിവർത്തനം ചെയ്യപ്പെട്ടു. താഴെ പറയുന്ന വിനാശകരമായ സാഹചര്യത്തിന്റെ ഫലമായിട്ടാണ് അങ്ങനെ സംഭവിച്ചതു്. താൻ മോശയാണ് എന്നവകാശപ്പെട്ടുകൊണ്ടു് തട്ടിപ്പുകാരനായ ഒരു യഹൂദൻ പ്രത്യക്ഷപ്പെട്ടു. ആ ദ്വീപിൽ വസിക്കുന്ന യഹൂദരെ അവിടെനിന്നു സമുദ്രത്തിലൂടെ സ്വാതന്ത്ര്യത്തിലേയ്ക്കു നയിക്കുവാൻ സ്വർഗ്ഗത്തിൽ നിന്നു് അയയ്ക്കപ്പെട്ടയാളാണു താൻ എന്നു് അയാൾ യഹൂദ ജനങ്ങളോടു പറഞ്ഞു. പണ്ടു് ഇസ്രായേൽക്കാരെ ചെങ്കടലിലൂടെ സ്വാതന്ത്ര്യത്തിലേയ്ക്കു നയിച്ച അതേ വ്യക്തിയാണു താനെന്നു് അയാൾ അവകാശപ്പെട്ടു. ഒരു വർഷക്കാലം മുഴുവൻ അയാൾ ക്രീററിലെ വിവിധ നഗരങ്ങളിൽ ചുററി സഞ്ചരിക്കുകയും തന്റെ വാഗ്ദാനങ്ങളിൽ വിശ്വസിക്കുവാൻ യഹൂദ ജനങ്ങളെ പ്രേരിപ്പിക്കുകയും ചെയ്തു. പണവും മററു സ്വത്തു

44. 431-ൽ.

www.malankaralibrary.com



ക്കളും ഉപേക്ഷിക്കുവാനും അയാാം അവരെ പ്രേരിപ്പിച്ചു. വരണ്ട സമുദ്രഭാഗത്തുകൂടെ അവരെ വാഗ്ദത്ത ഭൂമിയിലേയ്ക്കു താൻ നയിക്കുമെന്നു് അയാാം അവക്കു് ഉറപ്പുകൊടുത്തു. ഇത്തരം വാഗ്ദാനങ്ങളിൽ മതിമയങ്ങി അവർ എല്ലാ തൊഴിലുകളും ഉപേക്ഷിച്ചു; തങ്ങളുടെ സമ്പാദ്യങ്ങളെയെല്ലാം അവഗണിച്ചു; തങ്ങളുടെ സമ്പത്തു് ഇഷ്ടമുള്ളവരെല്ലാം കൈവശപ്പെടുത്താൻ അനുവദിക്കുകയും ചെയ്തു.

പ്രസ്തുത വഞ്ചകൻ നിശ്ചയിച്ചിരുന്ന പുറപ്പാടിനുള്ള സമയം സമാഗതമായപ്പോാം അയാാം തന്നെ വന്നു് അവരെ നയിച്ചുകൊണ്ടുപോയി. എല്ലാവരും അവരുടെ ഭാര്യമാരും മക്കളും സഹിതം അയാളെ അനുഗമിച്ചു. സമുദ്രത്തിലേയ്ക്കു് തള്ളിനിൽക്കുന്ന ഒരുയർന്ന മുനമ്പിലേയ്ക്കു് അയാാം അവരെ നയിച്ചു. അവിടെനിന്നു് ഓരോരുത്തരായി സമുദ്രത്തിലേയ്ക്കു ചാടാൻ അയാാം അവരോടു് ആജ്ഞാപിച്ചു. ഏററവും മുമ്പിൽ നിന്നിരുന്നവർ ആ ആജ്ഞ അനുസരിക്കുകയും അതവരുടെ നാശത്തിനു കാരണമായിത്തീരുകയും ചെയ്തു. ചിലർ പാറ യിൽ വീണു ചിന്നിച്ചിതറി. ചിലർ വെള്ളത്തിൽ മുങ്ങി മരിച്ചു. എന്നാൽ മുക്കുവന്മാരും കച്ചവടക്കാരുമായ കുറെ ക്രിസ്ത്യാനികാം വള്ളങ്ങളിൽ അവിടെ എത്തിപ്പെട്ടതുകൊണ്ടു് കുറെപേർ രക്ഷപെട്ടു. അങ്ങനെ ദൈവപരിപാലന അവിടെ ഇടപെട്ടു. മുങ്ങിമരിച്ചുകൊണ്ടിരുന്ന കുറെയാളുകളെ ഇക്കൂട്ടർ രക്ഷപെടുത്തി. അങ്ങനെ രക്ഷപെട്ടവർ തങ്ങളുടെ പ്രവൃത്തി എത്ര വലിയ ഭ്രാന്തായിപ്പോയി എന്നു മനസ്സിലാക്കി. അതി നാൽ അവർ ഓടിവന്നു്, ആദ്യം ചാടിയവക്കു സംഭവിച്ച നാശം പറഞ്ഞു ബോദ്ധ്യപ്പെടുത്തി ബാക്കിയുള്ളവരും താഴത്തേയ്ക്കു ചാടുന്നതിൽനിന്നു് അവരെ തടഞ്ഞു. തങ്ങാം എത്ര ഭീകര മായ രീതിയിൽ വഞ്ചിക്കപ്പെട്ടിരിക്കുന്നു എന്നു മനസ്സിലാ ക്കിയ യഹൂദർ ആദ്യമായി തങ്ങളുടെ വിവേകശൂന്യമായ ശുദ്ധ ഗതിയെ പഴിച്ചു. പിന്നെ, തങ്ങളെ വഞ്ചിക്കാൻ ശ്രമിച്ച കപടമോശയെ പിടിച്ചുകൊല്ലാൻ തീരുമാനിച്ചു. പക്ഷേ അതിനായി അന്വേഷിച്ചപ്പോാം അയാളെ അവിടെയെങ്ങും കാണാനുണ്ടായിരുന്നില്ല. അതിനാൽ ക്രീററിലെ യഹൂദവർഗ്ഗ ത്തെ മുഴുവൻ നശിപ്പിക്കാൻ മനുഷ്യരൂപമെടുത്തു വന്ന ഒരു പിശാചായിരിക്കും അയാാം എന്ന ഒരു വിശ്വാസം അവരുടെ യിടയിൽ പരന്നു. ഈ സംഭവത്തിൻെറ ഫലമായി അന്നു ക്രീററിലുണ്ടായിരുന്ന യഹൂദരിൽ അനേകം പേർ യഹൂദമതം ഉപേക്ഷിച്ചു് ക്രിസ്തുമതം സ്വീകരിച്ചു.

www.malankaralibrary.com



## അധ്യായം 39

## നൊവേഷ്യരുടെ പള്ളി

ഇതിനടുത്തകാലത്ത് നൊവേഷ്യരുടെ മെത്രാനായ പൗലോസ് അതിനു മുമ്പെന്നതിലധികമായി ദൈവത്തിനു പ്രിയപ്പെട്ടവൻ എന്ന നിലയിൽ പ്രസിദ്ധി നേടി. കോൺസ്റ്റാൻറിനോപ്പിളിൽ അതിഭയങ്കരമായ ഒരു അഗ്നിബാധയുണ്ടായി. അതുപോലെയൊന്ന് അതിനുമുമ്പ് ഉണ്ടായിട്ടില്ല. നഗരത്തിലെ ഭൂരിപക്ഷം സ്ഥലങ്ങളും അതു നശിപ്പിച്ചു. ഏറ്റവും വലിയ പൊതു ധാന്യശേഖരണസ്ഥലം, അക്കില്ലേയൻ സ്നാനഘട്ടം, എന്നു തുടങ്ങി അതിൻെറ ഗതിയിൽ അകപ്പെട്ട സകലതിനെയും അഗ്നി ഭസ്മസാത്കരിച്ചു. ഒടുവിൽ പെലാർഗ്ഗസിനു സമീപമുള്ള നൊവേഷ്യൻ പള്ളിയെ അതു സമീപിച്ചു. പള്ളി ഇങ്ങനെ അപകടസ്ഥിതിയിലായിരിക്കുന്നതു കണ്ട പോൾ മെത്രാൻ അൾത്താരയിലേയ്ക്ക് ഓടിച്ചെന്നിട്ട് പള്ളിയെയും അതിലുള്ള സകല വസ്തുക്കളെയും അഗ്നിയിൽനിന്നു രക്ഷിക്കണമെന്ന് ദൈവത്തോടു തീക്ഷ്ണമായി പ്രാർത്ഥിച്ചു. പള്ളിക്കുവേണ്ടി മാത്രമല്ല, നഗരത്തിനുവേണ്ടിയും അദ്ദേഹം പ്രാർത്ഥിച്ചു. ദൈവം അദ്ദേഹത്തിൻെറ പ്രാർത്ഥന ചെവിക്കൊണ്ടു വെന്ന് തുടർന്നുള്ള സംഭവങ്ങൾ വ്യക്തമാക്കി. തീ എല്ലാ വാതിലിലും ജനലിലും കൂടെ അകത്തേയ്ക്കു കടന്നെങ്കിലും അതിന് ഒരു കേടും വരുത്തിയില്ല. അടുത്തുള്ള പല എടുപ്പുകളും അഗ്നിക്കിരയായി നിലംപതിച്ചെങ്കിലും ആ അഗ്നിപ്രളയത്തിൻെറ നടുവിൽ പള്ളി മാത്രം യാതൊരു കേടും സംഭവിക്കാതെ നിലനിന്നു. ഈ നില രണ്ടു പകലും രണ്ടു രാത്രിയും തുടർന്നു. അതിനുശേഷം പട്ടണത്തിൻെറ നല്ലൊരു ഭാഗം തകർത്തുകൊണ്ട് അതു കെട്ടടങ്ങി. പള്ളി മാത്രം യാതൊരു കേടും കൂടാതെ നിലനിന്നു. പള്ളിയുടെ ഭിത്തിയിലോ മര ഉരുപ്പടികളിലോ പുകയുടെ ലാഞ്ഛനപോലും ഉണ്ടായിരുന്നില്ല എന്നുള്ളതാണ് ഏറെ ആശ്ചര്യകരം. മാക്സിമൂസിനോടൊപ്പം തിയഡോഷ്യസ് വഹിച്ചതും അദ്ദേഹത്തിൻെറ പതിനാലാമത്തേതുമായ കോൺസുളേററിൽ ആഗസ്റ്റ് 17 ന് ആണ് ഇതു സംഭവിച്ചത്.[45] അന്നുമുതൽ എല്ലാ വർഷവും നൊവേഷ്യർ

45. 433-ൽ

www.malankaralibrary.com



ആഗസ്റ്റ് 17 തങ്ങളുടെ പള്ളിയുടെ സംരക്ഷണ ദിനമായി ദൈവത്തിനു പ്രത്യേകമായ നന്ദി പ്രകടനങ്ങളോടെ ആഘോഷിക്കുന്നു. ക്രിസ്ത്യാനികളും അക്രൈസ്തവരിൽത്തന്നെ ഭൂരിപക്ഷം വരുന്ന മററു ജനങ്ങളും അന്നുമുതൽ ആ ദേവാലയത്തെ സവിശേഷമാംവിധം പവിത്രമായ ഒരു സ്ഥലമായി കരുതി ആദരിച്ചുപോരുന്നു. അതു സംരക്ഷിക്കുന്നതിനുവേണ്ടി ദൈവം പ്രവർത്തിച്ച അത്ഭുതമാണ് ആ ആദരത്തിനു കാരണം. ഇക്കാര്യങ്ങളെക്കുറിച്ച് ഇത്രമാത്രം.

## അധ്യായം 40

## പ്രോക്ലുസ് കോൺസ്റ്റാൻറിനോപ്പിൾ മെത്രാൻ

മാക്സിമിയൻ വളരെ പ്രശാന്തമായ രീതിയിൽ രണ്ടു കൊല്ലവും അഞ്ചുമാസവും സഭയെ ഭരിച്ചു. അരെയോബിന്ദുസും അസ്പാറും കോൺസുൽമാരായിരുന്ന വർഷം ഏപ്രിൽ 12 ന് അദ്ദേഹം നിര്യാതനായി.[46] ഉയിർപ്പുതിരുനാളിനു തൊട്ടു മുമ്പുള്ള ഉപവാസവാരത്തിലെ അഞ്ചാം ദിവസമാണിതു സംഭവിച്ചതു്. വ്യാഴാഴ്ചയായിരുന്നു ആ ദിവസം. സാധാരണയായി മെത്രാൻ തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് സഭയിലുണ്ടാകുന്ന ബഹളങ്ങൾ ഈ ആഴ്ചയിൽ ഒഴിവാക്കണമെന്നു് തിയഡോഷ്യസ് ചക്രവർത്തി ആഗ്രഹിച്ചു. അദ്ദേഹം ഈ വിഷയത്തിൽ വിവേകപൂർണ്ണമായ ഒരു നടപടി സ്വീകരിച്ചു. മെത്രാൻ തെരഞ്ഞെടുപ്പു സംബന്ധിച്ച് വീണ്ടും തർക്കവും ബഹളവും ഉണ്ടാകാതിരിക്കുന്നതിനു വേണ്ടി, ഒട്ടും താമസം വരുത്താതെ, മാക്സിമിയൻെറ മൃതദേഹം സംസ്കരിക്കുന്നതിനു മുമ്പ്, പ്രോക്ലുസിനെ മെത്രാസനത്തിൽ ഉപവിഷ്ടനാക്കാൻ നഗരത്തിലുണ്ടായിരുന്ന മെത്രാന്മാരോടു് അദ്ദേഹം ആവശ്യപ്പെട്ടു. ഈ തെരഞ്ഞെടുപ്പിനെ അംഗീകരിച്ചുകൊണ്ടു് റോമാമെത്രാനായ സെലെസ്റ്റിനിൽ നിന്നുള്ള കത്തു് അദ്ദേഹം നേരത്തേ സമ്പാദിച്ചിരുന്നു. അതു് ആദ്ദേഹം അലക്സാൺഡ്രിയായിലെ സിറിൽ, അന്ത്യോക്യായിലെ ജോൺ, തെസലോനിക്കയിലെ റൂഫസ് എന്നിവർക്കു് അയച്ചുകൊടുത്തിരുന്നു. ഒരു സഭയുടെ മെത്രാനായി നിയമിക്കപ്പെടുകയും യഥാർത്ഥ

46. 434-ൽ

www.malankaralibrary.com



ത്തിൽ അങ്ങനെ ആയിരിക്കുകയും ചെയ്തിട്ടുള്ള ഒരാനം മറെറാരു രൂപതയിലേയ്ക്കു മാററി നിയമിക്കപ്പെടുന്നതിനു് യാതൊരു തടസ്സവുമില്ലെന്നു് അതിൽ അദ്ദേഹം ഉറപ്പു കൊടുത്തിരുന്നു. ഇപ്രകാരം മെത്രാൻ സ്ഥാനത്തു് നിയമിതനായ പ്രോക്ലുസ്, മാക്സിമിയൻെറ ശവസംസ്കാരകർമ്മങ്ങൾ നിർവ്വഹിച്ചു. പ്രോക്ലുസിനെക്കുറിച്ചു ചെറിയൊരു വിവരണം നൽകേണ്ട സന്ദർഭം ഇതാണു്.

## അധ്യായം 41

# പ്രോക്ലുസിൻെറ വിശിഷ്ട ഗുണങ്ങൾ

പ്രോക്ലുസ് വളരെ ചെറുപ്രായത്തിൽ തന്നെ ഒരു വായനക്കാരനായിരുന്നു. വളരെ നിഷ്ഠയോടു കൂടി വിദ്യാലയങ്ങളിൽ പഠിച്ചു് പ്രഭാഷണകലയിൽ വളരെ തല്പരനായിത്തീർന്നു. പ്രായമായപ്പോൾ അററിക്കുസ് മെത്രാൻെറ സെക്രട്ടറിയായി നിയമിക്കപ്പെടുകയും അദ്ദേഹത്തോടുള്ള നിരന്തര സമ്പർക്കത്തിൽ ജീവിക്കുകയും ചെയ്തു. വളരെ പുരോഗതി നേടിക്കഴിഞ്ഞപ്പോൾ രക്ഷാധികാരി അദ്ദേഹത്തിനു ഡീക്കൻ പദവി നൽകി. പിന്നീടു വൈദികനായി ഉയർത്തപ്പെട്ടു. അതിനുശേഷം നാം ഇതിനു മുമ്പു പറഞ്ഞിട്ടുള്ളതുപോലെ [47] സിസിന്നിയുസ് അദ്ദേഹത്തെ സിസിക്കുസിൻെറ മെത്രാനായി അഭിഷേകം ചെയ്തു. ഇക്കാര്യങ്ങളെല്ലാം വളരെ മുമ്പു നടന്നതാണു്. ഈ സമയത്തു് അദ്ദേഹത്തിനു് കോൺസ്റ്റാൻറിനോപ്പിളിലെ വൈദികാദ്ധ്യക്ഷൻെറ സ്ഥാനമാണു നൽകപ്പെട്ടതു്. അദ്ദേഹം ആരെക്കാളും കുറവില്ലാത്ത ധാർമ്മിക വൈശിഷ്ട്യമുള്ളയാളായിരുന്നു. അററിക്കുസിനു കീഴിൽ പരിശീലനം നേടിയതുകൊണ്ടു് അദ്ദേഹം പ്രസ്തുത മെത്രാൻെറ എല്ലാ സദ്ഗുണങ്ങളുടെയും തീക്ഷ്ണതയുള്ള അനുകർത്താവായിരുന്നു. എന്നാൽ ക്ഷമ എന്ന സദ്ഗുണം തൻെറ ഗുരുവിനെക്കാൾ അധികമായി അദ്ദേഹം പരിശീലിച്ചു. അററിക്കുസ് ചിലപ്പോൾ പാഷണ്ഡരോടു് കഠിനമായി പെരുമാറുമായിരുന്നു. പ്രോക്ലുസ് ആകട്ടെ എല്ലാവരോടും ശാന്തമായിത്തന്നെ വർത്തിച്ചു. സത്യത്തിൻെറ പക്ഷം മുന്നോട്ടു കൊണ്ടുപോകുന്നതിനു് ബലപ്രയോഗത്തെ

---

47. 7;28; 427-ൽ

www.malankaralibrary.com



ക്കാരം ഉപയുക്തമായിട്ടുള്ളതു കാരുണ്യമാണെന്നു് അദ്ദേഹത്തിനു ബോദ്ധ്യമുണ്ടായിരുന്നു. പാഷണ്ഡത ഏതായാലും പാഷണ്ഡക്കു് ശല്യമുണ്ടാക്കിക്കൊണ്ടു് ഇടപെടുകയില്ല എന്നു് അദ്ദേഹം തീരുമാനിച്ചു. അതിനു മുമ്പു പലപ്പോഴും സഭയിൽ പരിതാപകരമാം വിധം ലംഘിക്കപ്പെട്ട ശാന്തവും ഉദാരവുമായ സ്വഭാവ ഔന്നത്യം അദ്ദേഹത്തിന്റെ സ്വഭാവത്തിലൂടെ സഭയിൽ പുന: പ്രതിഷ്ഠിക്കപ്പെട്ടു. ഈ വിഷയത്തിൽ അദ്ദേഹം അനുകരിച്ചതു് തിയഡോഷ്യസ് ചക്രവർത്തിയുടെ മാതൃകയാണു്. തന്റെ ചക്രവർത്തിപരമായ അധികാരം കുററവാളികളുടെ മേൽ പ്രയോഗിക്കുകയില്ലെന്നു ചക്രവർത്തി തീരുമാനിച്ചു. അതുപോലെ ആദ്ധ്യാത്മിക കാര്യങ്ങളിൽ തന്നിൽ നിന്നു വ്യത്യസ്തമായ അഭിപ്രായങ്ങൾ വച്ചു പുലർത്തുന്നവരെ ദ്രോഹിക്കുകയില്ലെന്നു് പ്രോക്ലുസും തീരുമാനിച്ചു.

## അധ്യായം 42

## ഇളയ തിയോഡോഷ്യസ്സ് ചക്രവർത്തി[48]

ഇക്കാരണങ്ങളാൽ ചക്രവർത്തിക്കു് പ്രോക്ലുസിനെക്കുറിച്ചു് ഏററവും വലിയ മതിപ്പാണുണ്ടായിരുന്നതു്. വാസ്തവത്തിൽ അദ്ദേഹം എല്ലാ വൈദികർക്കും ഒരു ഉത്തമ മാതൃകതന്നെ ആയിരുന്നു. മററുള്ളവരെ പീഡിപ്പിക്കാൻ ശ്രമിച്ച ആരെയും അദ്ദേഹം അനുകൂലിച്ചില്ല. വിശ്വസ്തതാപൂർവ്വം വൈദിക സ്ഥാനത്തിന്റെ ചുമതലകൾ വഹിച്ച ആരും ശാന്തതയുടെ കാര്യത്തിൽ അദ്ദേഹത്തെ പിന്നിലാക്കിയിട്ടില്ല എന്നു പറയാൻതന്നെ ഞാൻ ധൈര്യപ്പെടുന്നു. മോശയെക്കുറിച്ചു സംഖ്യാപുസ്തകത്തിൽ (12:3) രേഖപ്പെടുത്തിയിരിക്കുന്നതു് –'മോശ എന്ന മനുഷ്യൻ വളരെ ശാന്തനായിരുന്നു. ഭൂമുഖത്തുള്ള സകല മനുഷ്യരെക്കാളും അയാൾ ശാന്തനായിരുന്നു'– എന്നതു് ഏററവും ന്യായയുക്തമായ വിധത്തിൽ ഇന്നും പറയാം. കാരണം തിയഡോഷ്യസ് ചക്രവർത്തി 'ഭൂമുഖത്തുള്ള സകല മനുഷ്യരെയുംകാൾ ശാന്തനാണു്'. ഈ ശാന്തസ്വഭാവം കാരണമായിട്ടാണു് ദൈവം അദ്ദേഹത്തിന്റെ എതിരാളികളെ സൈനികമായ ഏററുമുട്ടലുകൾ കൂടാതെ അദ്ദേഹത്തിനു കീഴ്പ്പെടുത്തിക്കൊടു

48. 7:22.

www.malankaralibrary.com



ത്തു്. കയ്യേററക്കാരനായ ജോണിനെ പിടികൂടിയതും അതിനെത്തുടർന്നു് ആക്രമണകാരികളായ കാട്ടുവർഗ്ഗക്കാർക്കുണ്ടായ നാശവും ഇക്കാര്യം സ്പഷ്ടമായി വെളിപ്പെടുത്തുന്നു. പ്രപഞ്ചത്തിൻെറ നാഥനായ ദൈവം ഏററവും ഭക്തനായ ഈ ചക്രവർത്തിക്കു്, പഴയകാലത്തു് നീതിമാന്മാർക്കു നല്കിയിരുന്നതുപോലുള്ള പ്രകൃത്യാതീതമായ സഹായങ്ങൾ നൽകി. ഈ കാര്യങ്ങളൊന്നും പുകഴ്ത്താൻ വേണ്ടി ഞാൻ പറയുകയല്ല, എല്ലാവർക്കും കണ്ടു ബോദ്ധ്യപ്പെടാവുന്ന കാര്യങ്ങൾ സത്യസന്ധമായി രേഖപ്പെടുത്തുക മാത്രമാണു്.

## അധ്യായം 43

## കിരാതവർഗ്ഗക്കാർക്കു നേരിട്ട വിപത്തുകൾ

കയ്യേററക്കാരനായ ജോണിൻെറ മരണത്തിനുശേഷം, റോമാക്കാർക്കെതിരെ തന്നെ സഹായിക്കാൻ അയാൾ വിളിച്ചുവരുത്തിയവരായ കിരാതവർഗ്ഗക്കാർ റോമൻപ്രവിശ്യകൾ ആക്രമിക്കാൻ ഒരുക്കങ്ങൾ ചെയ്തു. ചക്രവർത്തി ഈ വിവരം അറിഞ്ഞ ഉടൻതന്നെ അദ്ദേഹത്തിൻെറ പതിവനുസരിച്ചു്, അക്കാര്യങ്ങളുടെയെല്ലാം മേൽനോട്ടം ദൈവത്തെത്തന്നെ ഏല്പിച്ചു. ആത്മാർത്ഥമായ പ്രാർത്ഥനയിൽ നിരന്തരമായി ഏർപ്പെട്ടിട്ടു് ആവശ്യമായ കാര്യങ്ങൾ വേഗംതന്നെ കൈവരിച്ചു. ആ കാട്ടുവർഗ്ഗക്കാർക്കു് വന്നു ഭവിച്ച ഗ്രഹപ്പിഴകൾ ശ്രദ്ധിക്കുന്നതു് ഉപയോഗപ്രദമാണു്. അവരുടെ തലവനായ റൂഗാസ് ഇടിമിന്നലേററു മരിച്ചു. അതിനെത്തുടർന്നു പടർന്നുപിടിച്ച ഒരു പകർച്ചവ്യാധി അയാളുടെ കീഴിലുണ്ടായിരുന്ന മിക്കവരെയും കൊന്നൊടുക്കി. ഇതൊന്നും പോരാഞ്ഞിട്ടെന്നപോലെ, സ്വർഗ്ഗത്തിൽനിന്നു് തീയിറങ്ങിവന്നു് അവശേഷിച്ചവരിൽ അനേകംപേരെ ദഹിപ്പിച്ചു. ഇതെല്ലാം ചേർന്നു് കാട്ടുജാതിക്കാരെ സംഭ്രാന്തരാക്കി. റോമാക്കാരെപ്പോലെ ധീരരായ ഒരു ജനത്തിനെതിരെ ആയുധമെടുത്തു എന്നതിലായിരുന്നില്ല, ആ റോമാക്കാരെ സഹായിക്കാൻ ശക്തനായ ഒരു ദൈവമുണ്ടു് എന്നതിലായിരുന്നു അവരുടെ ഭയം. ഈ സന്ദർഭത്തിൽ പ്രോക്ലുസ് മെത്രാൻ പള്ളിയിൽ ഒരു പ്രസംഗം നടത്തി. അതിൽ അദ്ദേഹം എസക്കിയേലിൻെറ പ്രവചനത്തിൽനിന്നു്[49] ഒരു ഭാഗം ഉദ്ധരിച്ചു.

49. എസ.38:2; 22.23.

www.malankaralibrary.com



പ്രസ്തുത സന്ദർഭത്തിൽ ദൈവം തങ്ങൾക്ക നൽകിയ രക്ഷയെ പരാമർശിക്കുന്നതായിരുന്ന ആ പ്രവചനഭാഗം. അതുകൊണ്ട് ആ ഉദ്ധരണം വളരെ ആദരിക്കപ്പെട്ടുകയും ചെയ്തു. ആ പ്രവചനത്തിൻെറ ഭാഗം ഇതാണ്:

''മനുഷ്യപുത്രാ, റോസ്, മോസോക്ക് തോബേൽ എന്നിവിടങ്ങളിലെ രാജാവായ ഗോഗിനെതിരേ പ്രവചിക്കുക. മരണവും രക്തച്ചൊരിച്ചിലും കോരിച്ചൊരിയുന്ന മഴയും കന്മഴയും കൊണ്ട് അവനെ ഞാൻ വിധിക്കും. തീയും ഗന്ധകവും അവൻെറ മേലും അവൻെറ സർവകൂട്ടത്തിന്മേലും അവനോടുകൂടിയുള്ള നിരവധി രാജ്യങ്ങളുടെ മേലും ഞാൻ വർഷിക്കും. അങ്ങനെ അനേകം ജനതകളുടെ മുമ്പിൽ ഞാൻ എന്നെത്തന്നെ വെളിപ്പെടുത്തുകയും എൻെറ മഹത്ത്വം ഞാൻ അവർക്ക കാണിച്ചുകൊടുക്കുകയും ചെയ്യും. ഞാനാണു കർത്താവ് എന്ന് അപ്പോൾ അവർ അറിയും''.

ഈ പ്രവചനോദ്ധരണം വലിയ ഹർഷാരവത്തോടെയാണ് ആളുകൾ സ്വീകരിച്ചത്. പ്രോക്കുസിനെക്കുറിച്ച് ആളുകൾക്കുണ്ടായിരുന്ന മതിപ്പ വീണ്ടും വർദ്ധിക്കാൻ അതു കാരണമായി. ചക്രവർത്തിയുടെ ശാന്തസ്വഭാവത്തെ ദൈവപരിപാലന വേറെയും പല രീതികളിൽ അനുഗ്രഹിച്ചു. അവയിൽ ഒന്നു താഴെ പറയുന്നു.

## അധ്യായം 44

## വലെൻറീനിയൻ-എവുഡോക്സ്യാ വിവാഹം

ഇളയ തിയഡോഷ്യസ് ചക്രവർത്തിക്ക് തൻെറ ഭാര്യയായ എവുഡോസ്യായിൽ ജനിച്ച എവുഡോക്സ്യാ എന്നൊരു മകളുണ്ടായിരുന്നു. ചക്രവർത്തിയുടെ കസിനും അദ്ദേഹത്താൽ പാശ്ചാത്യസാമ്രാജ്യത്തിൻെറ അധിപനായി നിയമിതനുമായ വലെൻറീനിയൻ ആ മകളെ തനിക്ക വിവാഹം ചെയ്തു തരണമെന്നാവശ്യപ്പെട്ടു. തിയഡോഷ്യസ് ഈ ആലോചന അംഗീകരിച്ചു. രണ്ടു സാമ്രാജ്യങ്ങളുടെയും അതിർത്തിയിലുള്ള ഏതു സ്ഥലത്തുവച്ചാണ് വിവാഹം നടത്തേണ്ടത് എന്ന് അവർ ആലോചിച്ചു. രണ്ടു കൂട്ടരും അതിനായി തെസലോനിക്കയിൽ എത്തണമെന്ന നിർദ്ദേശമുണ്ടായി– ആ സ്ഥലം ഏകദേശം മദ്ധ്യഭാഗത്താണ് – എന്നാൽ താൻ തിയഡോഷ്യസിനെ

www.malankaralibrary.com



അത്രയും ബുദ്ധിമുട്ടിക്കുകയില്ലെന്നും താൻ തന്നെ കോൺസ്ററാൻറിനോപ്പിളിൽ വരാമെന്നും അറിയിച്ചുകൊണ്ടു് വലെൻറീനിയൻ ദൂതന്മാരെ അയച്ചു. അതനുസരിച്ചു പടിഞ്ഞാറൻ ഭാഗത്തുവേണ്ട സുരക്ഷാ ഏർപ്പാടുകൾ ചെയ്തിട്ടു് വിവാഹത്തിനായി അദ്ദേഹം കോൺസ്റ്റാൻറിനോപ്പിളിലേക്കു പുറപ്പെട്ടു. ഇസിദോറും സിനാത്തോറും കോൺസുൾമാരായിരുന്ന വർഷം വിവാഹം നടന്നു.[50] അതിനുശേഷം അദ്ദേഹം ഭാര്യാസമേതം പശ്ചിമദേശത്തേക്കുപോയി.

## അധ്യായം 45

## ക്രിസസ്തോമിൻെറ ശരീരം കോൺസ്ററാൻറിനോപ്പിളിലേയ്ക്കു്

അധികം താമസിയാതെ പ്രോക്ലുസ് മെത്രാൻ, ജോൺ മെത്രാൻെറ നാടുകടത്തൽ കാരണമായി സഭയിൽനിന്നകന്നു നിന്നവരെ സഭയിലേക്കു പ്രത്യാനയിച്ചു. വളരെ വിവേകപൂർണ്ണമായ ഒരു നടപടിയിലൂടെ അവരുടെ വികാരങ്ങൾക്കു് ആശ്വാസം നൽകിയിട്ടാണു് അദ്ദേഹം ഇതു സാധിച്ചതു്. ആ നടപടി എന്തായിരുന്നുവെന്നു് ഇവിടെ പറയാം. ജോൺ മെത്രാൻെറ മൃതദേഹം സംസ്കരിച്ചിരുന്നതു് കൊമാനാ എന്ന സ്ഥലത്തായിരുന്നല്ലോ. പ്രോക്ലുസ് മെത്രാൻ ചക്രവർത്തിയുടെ അനുമതി വാങ്ങിയതിനുശേഷം അതു് കോൺസ്റ്റാൻറിനോപ്പിളിലേക്കു കൊണ്ടുവന്നു. ജോണിൻെറ നാടുകടത്തലിനുശേഷം മുപ്പത്തഞ്ചാം വർഷത്തിലാണു് ഇതു നടന്നതു്. ഉജ്ജ്വലമായ ഘോഷയാത്രയോടുകൂടി നഗരത്തിലൂടെ കൊണ്ടുവന്നിട്ടു് ശ്ലീഹന്മാരുടെ നാമത്തിലുള്ള പള്ളിയിൽ വളരെ ബഹുമാനപൂർവം അതു് അടക്കം ചെയ്തു. ഈ നടപടിമൂലം ജോൺ മെത്രാൻെറ അനുയായികൾ അനുരഞ്ജിതരായി. അവർ വീണ്ടും സഭയോടു് ഐക്യത്തിൽ ജീവിക്കാനും തുടങ്ങി. തിയഡോഷ്യസ് ചക്രവർത്തിയുടെ പതിനാറാം കോൺസുളേററിൽ ജനുവരി 27 നു് ആണു് ഈ സംഭവം നടന്നതു്.[51]

50. 436-ൽ

51. 438-ൽ

www.malankaralibrary.com



ഒരിജൻെറ മരണത്തിനുശേഷം എന്നും അദ്ദേഹത്തിനെതിരായി ജ്വലിച്ചുനിന്ന അസൂയ ജോണിനെ ഒഴിവാക്കിയതിലാണ് എനിക്കത്ഭുതം. ഒരിജൻ തൻെറ മരണശേഷം ഏകദേശം ഇരുന്നൂറുകൊല്ലം കഴിഞ്ഞു് തെയോഫിലസിനാൽ സഭാബഹിഷ്കൃതനായി. അതേസമയം ജോൺ തൻെറ മരണത്തിനുശേഷം മുപ്പത്തഞ്ചാം വർഷം പ്രോക്ലുസിനാൽ സഭൈക്യത്തിലേയ്ക്കു വീണ്ടും സ്വീകൃതനായി. പ്രോക്ലുസിനു് തെയോഫിലസിൽനിന്നു് അത്രയ്ക്കു വ്യത്യാസമുണ്ടു്. ഇത്തരം കാര്യങ്ങൾ ചെയ്യപ്പെട്ടിട്ടുള്ളതും ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്നതും എങ്ങനെയാണ് എന്നതു ശ്രദ്ധിക്കാതിരിക്കാൻ ബുദ്ധിയും നിരീക്ഷണശക്തിയുമുള്ളവൎക്കു സാദ്ധ്യമല്ല.

## അധ്യായം 46

## നൊവേഷ്യൻമെത്രാൻ മാർസിയൻ

ജോണിൻെറ ശരീരാവശിഷ്ടം മാററി സ്ഥാപിച്ചിട്ടു് അധികം കഴിയുംമുമ്പ് നൊവേഷ്യരുടെ മെത്രാനായ പൗലോസ് നിര്യാതനായി. അതേ കോൺസുളേററിൽ ജൂലൈ 21 നു് ആയിരുന്നു ആ സംഭവം. അദ്ദേഹം ഒരു പ്രത്യേകാൎത്ഥത്തിൽ, തൻെറ ശവസംസ്കാരത്തിൽ സഭയിലെ എല്ലാ വിഭാഗങ്ങളെയും യോജിപ്പിച്ചു എന്നു പറയാം. എല്ലാ വിഭാഗക്കാരും അദ്ദേഹത്തിൻെറ മൃതദേഹത്തെ കല്ലറയിങ്കലേയ്ക്കു് അനുഗമിച്ചു. ഒരുമിച്ചു സങ്കീർത്തനങ്ങൾ ആലപിച്ചുകൊണ്ടാണ് അവർ പോയതു്. തൻെറ ജീവിതകാലത്തു് സ്വന്തം ജീവിതവിശുദ്ധികൊണ്ടു് അദ്ദേഹം എല്ലാവരുടെയും ആദരം സമാവർജ്ജിച്ചിരുന്നല്ലോ.

പൗലോസ് തൻെറ മരണത്തിനു മുമ്പായി വളരെ സ്മരണീയമായ ഒരു കൃത്യം ചെയ്തു. അതു് ഈ ചരിത്രത്തിൽ ചേൎക്കുന്നതു് വളരെ പ്രയോജനപ്രദമായിരിക്കുമെന്നു ഞാൻ കരുതുന്നു. അതു മനസ്സിലാക്കിയിരിക്കുന്നതു് ഈ ചരിത്രത്തിൻെറ അനുവാചകൎക്കു് രസപ്രദമായിരിക്കും. അപ്രധാനമായ സാഹചര്യവിവരങ്ങൾ ഞാൻ വർണ്ണിക്കാൻ തുടങ്ങിയാൽ ആ കൃത്യത്തിൻെറ മഹത്വം മങ്ങിപ്പോയേക്കും. അതിനാൽ അദ്ദേഹം എത്ര കർശനമായി തൻെറ സന്യാസജീവിതം നയിച്ചിരുന്നു എന്ന വിവരമൊന്നും ഞാനിവിടെ വർണ്ണിക്കുന്നില്ല.

www.malankaralibrary.com



രോഗാതുരനായിരുന്ന കാലത്തും ഭക്ഷണകാര്യത്തിലുള്ള നിയന്ത്രണങ്ങളൊന്നും അദ്ദേഹം കുറച്ചില്ല. ഭക്ഷണനിയന്ത്രണത്തിൽ താൻ അനുവർത്തിച്ചിരുന്ന നിഷ്ഠകളെല്ലാം അദ്ദേഹം അന്നും പാലിച്ചിരുന്നു. പതിവുള്ള മററു ഭക്തകൃത്യങ്ങളിലും യാതൊരു കുറവും വരുത്തിയിരുന്നില്ല.

അദ്ദേഹം ചെയ്ത കൃത്യം എന്താണെന്നല്ലേ? തൻെറ അന്ത്യം ആസന്നമായിരിക്കുന്നു എന്നു മനസ്സിലാക്കിക്കൊണ്ട് തൻെറ സംരക്ഷണത്തിലുള്ള എല്ലാ പള്ളികളിലെയും വൈദികരെ അദ്ദേഹം അടുത്തുവരുത്തി. അവരോട് ആദ്ദേഹം പറഞ്ഞു, ''ഞാൻ ജീവിച്ചിരിക്കുമ്പോഠം തന്നെ, എനിക്കുശേഷം നിങ്ങളെ നയിക്കാനുള്ള മെത്രാനെ നിങ്ങഠം തെരഞ്ഞെടുക്കണം. അങ്ങനെയാണെങ്കിൽ എനിക്കുശേഷം നിങ്ങളുടെ സഭയിലെ സമാധാനത്തിനു ഭംഗം ഉണ്ടാകാതെയിരിക്കും.'' വൈദികർ പറഞ്ഞു, ''ഈ ചുമതല ഞങ്ങളെ ഏല്പിക്കാതിരിക്കുകയാണു നല്ലത്. ഈ വിഷയത്തിൽ ഞങ്ങളിൽ കുറെ പേർക്ക് ഒരഭിപ്രായവും വേറെ ചിലർക്ക് വേറെ അഭിപ്രായവുമായിരിക്കും. അങ്ങനെ, ഞങ്ങഠം നിർദ്ദേശിക്കുന്നതു ഒരിക്കലും ഒരാളായിരിക്കുകയില്ല. അതിനാൽ പിൻഗാമിയാകാൻ അങ്ങ് ആഗ്രഹിക്കുന്നയാളെ അങ്ങുതന്നെ നിർദ്ദേശിക്കണം.''

അപ്പോഠം പൗലോസ് പറഞ്ഞു: ''എങ്കിൽ ഞാൻ നിശ്ചയിക്കുന്നയാളിനെ മെത്രാനാക്കും എന്നു നിങ്ങഠം എഴുതി തരണം.'' അവർ അങ്ങനെ എഴുതി ഒപ്പിട്ടു കഴിഞ്ഞപ്പോഠം അദ്ദേഹം രോഗശയ്യയിൽ എഴുന്നേററിരുന്ന് 'മാർസിയൻ' എന്ന പേരു് ഒരു കടലാസ്സിൽ എഴുതി. പക്ഷേ താൻ എഴുതിയതു് എന്താണെന്നു് അവിടെയുള്ള ആരെയും അറിയിച്ചില്ല. ഈ മാർസിയനെ അദ്ദേഹം തന്നെ വൈദികനാക്കുകയും സന്യാസ ജീവിതത്തിൽ പരിശീലിപ്പിക്കുകയും ചെയ്തതാണ്. പക്ഷേ ആ സമയത്തു് അദ്ദേഹം ദൂരെ ഒരിടത്തായിരുന്നു. എഴുതിയ കടലാസ് മടക്കി മുദ്രവച്ചതിനുശേഷം അദ്ദേഹം പ്രധാന വൈദികരെക്കൊണ്ടും അതു മുദ്ര വയ്പിച്ചു. അതിനുശേഷം അദ്ദേഹം അതു് ഷിതിയായിലെ നൊവേഷ്യൻ മെത്രാനായ മാർക്കൂസിൻെറ കയ്യിൽ ഏല്പിച്ചു. അദ്ദേഹം അന്നു് കോൺസ്റ്റാൻറിനോപ്പിളിൽ ഉണ്ടായിരുന്നു. മാർക്കൂസിനോടു പൗലോസ് പറഞ്ഞു: ''ഇതു് സുരക്ഷിതമായി സൂക്ഷിക്കാൻ അങ്ങയെ ഏല്പിക്കുകയാണ്. ഞാൻ കുറെക്കാലം കൂടെ ലോകത്തിൽ ജീവിച്ചിരിക്കണമെന്നാണു ദൈവം തിരുമനസ്സാകുന്നതെങ്കിൽ ഇതു് എനിക്കു തിരിച്ചുതരണം. എന്നാൽ എന്നെ വേഗം തൻെറ പക്കലേയ്ക്കു വിളിക്കാനാണു ദൈവം തിരുമനസ്സാ

www.malankaralibrary.com



കുന്നതെങ്കിൽ മെത്രാൻ സ്ഥാനത്ത് എന്റെ പിൻഗാമി ആകാനുള്ളയാളിന്റെ പേരു് ഇതിനുള്ളിൽ അങ്ങേയ്ക്കു കാണാം.''

താമസിയാതെതന്നെ പൗലോസ് മെത്രാൻ മരിച്ചു. മരണത്തിനുശേഷം മൂന്നാം ദിവസം അനേകം ആളുകളുടെ സാന്നിദ്ധ്യത്തിൽ കടലാസ് തുറന്നു നോക്കിയപ്പോൾ അതിൽ മാർസിയന്റെ പേരു കണ്ടു. മാർസിയൻ ആ ബഹുമതിക്ക് അർഹനാണെന്ന് എല്ലാവരും ഉറക്കെ വിളിച്ചു പറഞ്ഞു. ഉടൻതന്നെ മാർസിയനെ കോൺസ്റ്റാൻറിനോപ്പിളിലേയ്ക്കു കൊണ്ടുവരാനായി ദൂതന്മാരെ അയച്ചു. അവർ ഫ്രീജിയ്യായിലെ തിബേരിയോപ്പോലീസിൽ വസിച്ചിരുന്ന മാർസിയനെ കണ്ടെത്തുകയും നിർദോഷമായ ഒരു തന്ത്രമുപയോഗിച്ച് അദ്ദേഹത്തെ കൂട്ടിക്കൊണ്ടു വരുകയും ചെയ്തു. തുടർന്ന് അതേ മാസം 21 ന് അദ്ദേഹത്തെ അഭിഷേചിക്കുകയും വൈദികാദ്ധ്യക്ഷസിംഹാസനത്തിൽ ഉപവിഷ്ടനാക്കുകയും ചെയ്തു.

## അധ്യായം 47

## എവുഡോസ്യാ ചക്രവർത്തിനി ജറുസലേമിൽ

തിയഡോഷ്യസ് ചക്രവർത്തി, ദൈവം തനിക്കു നല്കിയ അനുഗ്രഹങ്ങൾക്കു കൃതജ്ഞതാപ്രകാശനങ്ങൾ നടത്തി. വളരെ സവിശേഷമായ ബഹുമാനങ്ങൾകൊണ്ട് മിശിഹായെ ആദരിക്കുകയും ചെയ്തു. അദ്ദേഹം തന്റെ പത്നിയായ എവുഡോസ്യായെ ജറുസലെമിലേയ്ക്കു് അയച്ചു. അവർ ഒരു നേർച്ച മൂലം അവിടെ പോകാൻ ബാദ്ധ്യസ്ഥയായിരുന്നു. തന്റെ ജീവിതകാലത്ത് മകളുടെ വിവാഹം നടന്നാൽ ജറുസലെം സന്ദർശിച്ചുകൊള്ളാമെന്നായിരുന്നു നേർച്ച. ആ വിശുദ്ധ നഗരം സന്ദർശിച്ച അവസരത്തിൽ ചക്രവർത്തിനി അവിടുത്തെ ദേവാലയങ്ങൾ ഏററവും വിലപിടിച്ച സമ്മാനങ്ങൾ കൊണ്ടലങ്കരിച്ചു. അപ്പോഴും, തിരിച്ചു വന്നതിനുശേഷവും പൗരസ്ത്യദേശത്തെ മററു നഗരങ്ങളിലെ പള്ളികളും പല തരത്തിലുള്ള ആഭരണങ്ങൾ കൊണ്ടലങ്കരിച്ചു.

www.malankaralibrary.com



## അധ്യായം 48

# തലാസ്സിയൂസ് കൈസറിയാമെത്രാൻ

ഏതാണ്ട് ഇതേ കാലത്ത് തിയഡോഷ്യസിൻെറ പതിനേഴാമത്തെ കോൺസുലേററിൽ,[52] പ്രാചീനരാരും ചെയ്തിട്ടില്ലാത്ത ഒരു പ്രവൃത്തി പ്രോക്ലുസ് മെത്രാൻ ചെയ്തു. കപ്പഡോഷ്യായിലെ കൈസറിയായിൽ മെത്രാനായിരുന്ന ഫിർമൂസ് മരിച്ചു. ആ സ്ഥലത്തെ ജനങ്ങൾ അടുത്ത മെത്രാൻെറ നിയമനം സംബന്ധിച്ചു പ്രോക്ലുസുമായി ആലോചിക്കാൻ കോൺസ്റ്റാൻറിനോപ്പിളിലെത്തി. ആ സ്ഥാനത്തേയ്ക്കു് ആരെയാണു നിർദ്ദേശിക്കേണ്ടതെന്നു് പ്രോക്ലുസ് ആലോചിച്ചുകൊണ്ടിരിക്കുമ്പോൾ അവിടത്തെ സെനററർമാരെല്ലാവരുംകൂടെ ശാബത്തു ദിവസം അദ്ദേഹത്തെ സന്ദർശിക്കാൻ പള്ളിയിൽ വന്നു. ആ സെനററർമാരുടെ കൂട്ടത്തിൽ തലാസ്സിയൂസ് എന്നയാളും ഉണ്ടായിരുന്നു. അദ്ദേഹം ഇല്ലിറിക്കത്തിലെ പല ദേശങ്ങളിലും നഗരങ്ങളിലും ഭരണം നടത്തിയിട്ടുള്ളയാളായിരുന്നു. കിഴക്കൻ പ്രദേശങ്ങളുടെ ഭരണം അദ്ദേഹത്തെ ഏല്പിക്കാൻ ചക്രവർത്തി ആലോചിക്കുന്നു എന്നൊരു ജനസംസാരവുമുണ്ടായിരുന്നു. അദ്ദേഹത്തെ പ്രെട്ടോറിയൻ പ്രീഫെക്ട് ആക്കുന്നതിനു പകരം പ്രോക്ലുസ് അദ്ദേഹത്തിൻെറ തലയിൽ കൈവച്ചു് കൈസറിയായിലെ മെത്രാനായി അഭിഷേകം ചെയ്തു.

ഇത്ര ക്ഷേമപൂർണ്ണമായ ഒരവസ്ഥയിലായിരുന്നു സഭയുടെ കാര്യങ്ങൾ ഇക്കാലത്തു്. നമുക്കു നമ്മുടെ ചരിത്രം ഇവിടെ അവസാനിപ്പിക്കാം. എല്ലാ സ്ഥലത്തെയും സഭകൾ നഗരങ്ങളോടും ദേശങ്ങളോടും ഒപ്പം സമാധാനത്തിൽ കഴിയട്ടെ എന്നു നമുക്കു പ്രാർത്ഥിക്കാം. സമാധാനം നിലനിൽക്കുന്ന കാലത്തോളം ചരിത്രമെഴുതാനാഗ്രഹിക്കുന്ന ആളുകൾക്കു് തങ്ങൾക്കു പറ്റിയ വിഷയങ്ങൾ കണ്ടെത്താൻ വിഷമമായിരിക്കും. ദൈവത്തിൻെറ വിശുദ്ധ മനുഷ്യനായ അല്ലയോ തിയഡോർ, കലഹപ്രിയരായ മനുഷ്യർ അടങ്ങിയിരിക്കുകയായിരുന്നെ

52. 439-ൽ

www.malankaralibrary.com



ങ്കിൽ, അങ്ങ് ആവശ്യപ്പെട്ടതനുസരിച്ച് ഏഴു പുസ്തകങ്ങളായി ഈ ചരിത്രം എഴുതിത്തീർക്കാൻ എനിക്കും കഴിയുമായിരുന്നില്ല.

ഈ അവസാനത്തെ പുസ്തകം മുപ്പത്തിരണ്ടു വർഷക്കാലത്തെ സംഭവങ്ങളാണ് ഉൾക്കൊള്ളുന്നത്. ഏഴു പുസ്തകങ്ങളിലുംകൂടെ ഉൾക്കൊള്ളുന്ന ചരിത്രം 140 വർഷക്കാലത്തെതാണ്. അതു് 271-ാം ഒളിമ്പ്യാഡിന്റെ ഒന്നാംവർഷം ആരംഭിക്കുകയും 305-ാം ഒളിമ്പ്യാഡിന്റെ രണ്ടാംവർഷം അവസാനിക്കുകയും ചെയ്യുന്നു. ചരിത്രം ആരംഭിക്കുന്ന കാലത്തു് കോൺസ്റ്റന്റൈൻ, ചക്രവർത്തിയായി പ്രഖ്യാപിക്കപ്പെട്ടിരുന്നു. അവസാനിക്കുമ്പൊഴാകട്ടെ തിയഡോഷ്യസ് ചക്രവർത്തി തന്റെ പതിനേഴാം കോൺസുളേററ് വഹിക്കുന്നു.[53]

53. ക്രി. വ. 305-439.